# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനി റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

| വാല്യം 13 |
|---|

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

| വാല്യം 14 |
|---|

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

| വാല്യം 15 |
|---|

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

| വാല്യം 16 |
|---|

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

| വാല്യം 17 |
|---|

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

| വാല്യം 18 |
|---|

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

| വാല്യം 19 |
|---|

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

| വാല്യം 20 |
|---|

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

| വാല്യം 21 |
|---|

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

| വാല്യം 22 |
|---|

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

| വാല്യം 23 |
|---|

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

| വാല്യം 24 |
|---|

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

| വാല്യം 25 |
|---|

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

| വാല്യം 26 |
|---|

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

| വാല്യം 27 |
|---|

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

**കാഞ്ഞിരപ്പള്ളി ബ്ലോക്ക്**

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

**അടിമാലി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

**ദേവികുളം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

**നെടുംകണ്ടം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

**ഇളംദേശം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

**ഇടുക്കി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

**കട്ടപ്പന ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

**തൊടുപുഴ ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

**അഴുത ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

**പറവൂർ ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

**ആലങ്ങാട് ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

**അങ്കമാലി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

**കൂവപ്പടി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

**വാഴക്കുളം ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

**ഇടപ്പള്ളി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

8

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്ലശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. [illegible]

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

| വാല്യം 153 |
|---|

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

| വാല്യം 154 |
|---|

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

| വാല്യം 155 |
|---|

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

| വാല്യം 156 |
|---|

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

| വാല്യം 157 |
|---|

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

| വാല്യം 158 |
|---|

## ഇടുക്കി ജില്ല

1. തൊടുപുഴ

| വാല്യം 159 |
|---|

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

| വാല്യം 160 |
|---|

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

| വാല്യം 161 |
|---|

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

| വാല്യം 162 |
|---|

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

| വാല്യം 163 |
|---|

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

| വാല്യം 164 |
|---|

## വയനാട് ജില്ല

1. കൽപ്പറ്റ

| വാല്യം 165 |
|---|

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

| വാല്യം 166 |
|---|

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# 9-ാം പദ്ധതി
# ജനകീയ പദ്ധതി




## വികസന റിപ്പോർട്ട്

## ഇലഞ്ഞി ഗ്രാമ പഞ്ചായത്ത്
### എറണാകുളം ജില്ല




“ ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് ”

17

## ഉള്ളടക്കം


I. ആമുഖം

II. സാമൂഹിക ചരിത്ര പശ്ചാത്തലം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വിവിധ വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
3. ഊർജ്ജം
4. വ്യവസായം
5. ഗതാഗതം
6. വിദ്യാഭ്യാസം
7. കുടിവെള്ളവും, പൊതുജനാരോഗ്യവും
8. പാർപ്പിടം, സാമൂഹ്യക്ഷേമം
9. വനിത
10. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
11. സഹകരണമേഖല
12. വിഭവസമാഹരണം

# ഇലഞ്ഞി ഗ്രാമ പഞ്ചായത്ത്

പൊതുറോഡുകൾ, പൊതുസ്ഥാപനങ്ങൾ, വാർഡുകൾ




## സ്ഥാപനങ്ങൾ

**വാർഡ് - I**

1. ബാലവാടി
2. വാട്ടർടാങ്ക്
3. പള്ളി
4. റേഷൻകട
5. പോസ്റ്റോഫീസ്
6. R.P.S.
7. മൃഗാശുപത്രി
8. കോൺവെൻറ്
9. സെൻറ്.പോൾസ് L.P.S.
10. St. Paul's G.H.S.
11. ക്ഷേത്രം
12. സ്റ്റേററ് ബാങ്ക്
13. റേഷൻകട
14. ഗുരുദേവ മണ്ഡപം
15. സഹകരണ സംഘം

**വാർഡ് - II**

1. വായനശാല
2. സെൻറ്.ജോർജ്ജ് L.P.S.
3. പള്ളി
4. കോൺവെൻറ്
5. പമ്പ് ഹൗസ്

**വാർഡ് - III**

1. C.S.I. പള്ളി
2. പാട്ടുപുര
3. വായനശാല
4. ക്ഷേത്രം
5. പമ്പുഹൗസ്
6. ക്ഷേത്രം
7. V.M.U.P.S.
8. കന്നിക്കാവ്
9. ബാലവാടി

**വാർഡ് - IV**

1. പമ്പുഹൗസ്
2. ഗവ. L.P.S.
3. റേഷൻകട
4. വായനശാല
5. ക്ഷേത്രം
6. കോൺവെൻറ്

8. പൊതുശ്മശാനം
9. പമ്പുഹൗസ്
10. R.P.S.

**വാർഡ് - V**

1. R.P.S.
2. M.V.I.P. ഓഫീസ്
3. ഇംഗ്ലീഷ് മീഡിയം L.P.S.
4. ഗവ. L.P.S.
5. St. Peter's H.S.
6. പോസ്റ്റോഫീസ്
7. ഫെഡറൽ ബാങ്ക്
8. യൂണിയൻ ബാങ്ക്
9. വനിത സൊസൈററി
10. മിൽക്ക് സൊസൈററി
11. കോൺവെൻറ്
12. പ്രാഥമിക ആരോഗ്യ-കേന്ദ്രം
13. ക്ഷേത്രം

**വാർഡ് - VI**

1. പള്ളി
2. St. Xavier's U.P.S.
3. കോൺവെൻറ്
4. കൃഷിഭവൻ
5. ക്ഷേത്രം
6. വാട്ടർ ടാങ്ക്

**വാർഡ് - VII**

1. വായനശാല
2. ഗുരുദേവമണ്ഡപം
3. പള്ളി
4. വായനശാല
5. പള്ളി
6. മഹിളാസമാജം
7. സഹകരണ ബാങ്ക്

**വാർഡ് - VIII**

1. പള്ളി
2. St. Peter's L.P.S.
3. Govt. T.H.S.
4. വില്ലേജ് ഓഫീസ്
5. മാർക്കററ്
6. റേഷൻകട
7. ടെലിഫോൺ എക്സ്ചേഞ്ച്
8. പഞ്ചായത്ത് ഓഫീസ്
9. സാംസ്കാരിക നിലയം
10. പമ്പ് ഹൗസ്
11. കോൺവെൻറ്
12. പള്ളി
13. V.E.O. ഓഫീസ്
14. സഹകരണ ബാങ്ക്
15. ക്ഷേത്രം.
16. റേഷൻകട

**വാർഡ് - IX**

1. പള്ളി
2. R.P.S.
3. കുടുംബക്ഷേമകേന്ദ്രം
4. കൈത്തറി സൊസൈററി
5. പോസ്റ്റോഫീസ്
6. റേഷൻകട
7. ക്ഷേത്രം
8. സർപ്പക്കാവ്
9. C.M.S. ചർച്ച്
10. C.S.I. ചർച്ച്
11. മിൽമ സൊസൈററി
12. ക്ഷേത്രം
13. വായനശാല
14. ക്ഷേത്രം

# ഇലഞ്ഞി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

**ആമുഖം.**

9–ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടുകൂടി പൂർത്തീകരിക്കുവാൻ കേരള സർക്കാരും പ്ലാനിംഗ് ബോർഡും തീരുമാനിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് നിവാസികളും തങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ജനകീയാസൂത്രണ പരിപാടികളുടെ ഒന്നാംഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചു. ഒന്നാംഘട്ടത്തിന്റെ മുന്നോടിയായി പഞ്ചായത്തുതല പരിശീലന സെമിനാർ 12–9–96 ൽ നടത്തുന്നു. സെമിനാറിലെ തീരുമാനപ്രകാരം സെപ്തംബർ 22 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ 9 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. 75 മുതൽ 175 വരെ അംഗങ്ങൾ പങ്കെടുത്ത ഗ്രാമസഭകളിൽ സ്ത്രീ പങ്കാളിത്തവും പട്ടികജാതി പട്ടികവർഗ പങ്കാളിത്തവും ഉണ്ടായി രുന്നു. തങ്ങളുടെ പ്രാദേശിക ആവശ്യങ്ങളെ മുൻനിർത്തി വികസനപ്രവർത്തനങ്ങളോട് അനുബ ന്ധിച്ച് വിശദമായ ചർച്ചകൾ ഓരോ ഗ്രാമസഭയിലും നടന്നു. വിലയേറിയ പല നിർദ്ദേശങ്ങളും ചർച്ചകളി ലൂടെ ഉരുത്തിരിയുകയുണ്ടായി.

2-11-96 ൽ രണ്ടാംഘട്ട പ്രവർത്തനത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പഞ്ചായത്തുതല പരിശീലനങ്ങൾ നടന്നു. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടിയുള്ള ഈ സെമിനാറിൽ 121 പേർ പങ്കെടുത്തു. തുടർന്ന് സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വിവിധ കമ്മിറ്റികൾ വി. ജെ. പീറ്റർ, എം. ജെ. ജോർജ്, കെ. ജി. നാരായണൻ, കെ. ജെ. സെബാസ്റ്റ്യൻ, എൻ. വി. കുര്യൻ എന്നീ ഡി.ആർ.പിമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തുതല പരിശീലനം ലഭിച്ച നിസ്വാർത്ഥ സേവകരുടെ ആത്മാർത്ഥമായ സഹകരണം ഈ റിപ്പോർട്ടിന്റെ പൂർത്തീകരണത്തിന് പിന്നിൽ ഉണ്ടായിരുന്നുവെന്നുള്ളത് തൃപ്തികരം തന്നെ.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | – ഇലഞ്ഞി |
| ഉൾപ്പെടുന്ന വില്ലേജ് | – ഇലഞ്ഞിവില്ലേജ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | – പിറവം |
| ബ്ലോക് ബഞ്ചായത്ത് | – പാമ്പാക്കുട |
| ജില്ല | – എറണാകുളം |
| താലൂക്ക് | – മൂവാറ്റുപുഴ |
| പാർലിമെന്റ് മണ്ഡലം | – മൂവാറ്റുപുഴ |
| അസംബ്ലി മണ്ഡലം | – മൂവാറ്റുപുഴ |
| അതിരുകൾ | – പാമ്പാക്കുട, തിരുമാറാടി, കൂത്താട്ടുകുളം, വെളിയന്നൂർ, ഉഴവൂർ, നീഴൂർ മുളക്കുളം, പിറവം എന്നീ ഗ്രാമപഞ്ചായത്തുകൾ |
| വിസ്തീർണ്ണം | – 29.48 ച: കി.മീ. |
| ജനസംഖ്യ | – 16576 (1991) |
| ജനസാന്ദ്രത | – 562 |
| വാർഡുകൾ | – 9 |
| പ്രസിഡന്റ് | – കുട്ടിയമ്മപോൾ |
| വൈസ് പ്രസിഡന്റ് | – ജോയ് ജോസഫ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | – എം.ജി. ശശിധരൻനായർ |
| പഞ്ചായത്ത് സമിതി അംഗങ്ങൾ | – വി. വി. ജോസഫ് |
| | – എ. ജെ. ജോണി |
| | – വി. വി. സെബാസ്റ്റ്യൻ |
| | – സുരേഷ് നാണുക്കുട്ടൻ |
| | – ഡെയ്സി മാത്യു |
| | – ലളിത വിശ്വനാഥൻ |
| സെക്രട്ടറി | – രാജു വർഗ്ഗീസ് |
| സ്റ്റാഫ് | – ഹെഡ് ക്ലർക്ക് – 1 |
| | – യു. ഡി. ക്ലർക്ക് – 1 |
| | – എൽ. ഡി. ക്ലർക്ക് – 2 |
| | – പ്യൂൺ – 1 |
| | – സ്വീപ്പർ – 1 |
| | – പി. റ്റി. ലൈബ്രേറിയൻ – 1 |

1953–ൽ തിരഞ്ഞെടുപ്പിലൂടെ ആദ്യത്തെ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു. എട്ടു വാർഡുകൾ ആയിരുന്നു അന്ന്. ഉലഹന്നാൻ പുരവത്ത് വല്ലുകണ്ടത്തിൽ പ്രസിഡന്റും ദേവസ്യ, ജോസഫ് പൊന്നാച്ചിയിൽ, മാത്തൻ തോമസ് കൊറ്റനാട്ട്, മത്തായി പൈലി അരഞ്ഞാണിയിൽ, ഇത്താപ്പിരി മാണി പെരുംമ്പിള്ളിൽ, ഉലഹന്നാൻ ജോർജ്ജ് വെളിയത്ത് മാര്യൻ, ഗോപാലൻ നായർ പത്മവിലാസം, ഐപ്പ് സ്കറിയ, ശീമാൻ കുന്നേൽ എന്നിവർ അംഗങ്ങളായിരുന്നു. പത്തുവർഷം ഈ സമിതി നിലനിന്നു. 53–54 ലെപഞ്ചായത്തിന്റെ വാർഷികവരവ് 1220 രൂപ 6 പൈസായും ചെലവ് 325 രൂപ 14 അണയും ആയിരുന്നു എന്ന് പഞ്ചായത്ത് രേഖകളിൽ കാണുന്നു. കേവലം 18 രൂപ വാർഷിക വാടകയുണ്ടായിരുന്നു. കെട്ടിടത്തിലായിരുന്നു ദീർഘകാലം പഞ്ചായത്തിന്റെ ആദ്യകാല പ്രവർത്തനം നടന്നിരുന്നത്.

28–12–1961–ലെ പഞ്ചായത്ത് ആക്ട് നിലവിൽ വന്നപ്പോൾ ജനസംഖ്യാനുപാതികമായി വാർഡ് പുനർവിഭജനത്തോടെ വാർഡുകളുടെ എണ്ണം എട്ടിൽനിന്നു ഏഴായി.

1962–ലെ തിരഞ്ഞെടുപ്പിൽ വി. വി. ജോസഫിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽവന്നു. ഈ സമിതി 1979 വരെ തുടർന്നു.

1979–ൽ നടന്ന തിരഞ്ഞെടുപ്പിൽ വാർഡുകളുടെ എണ്ണം ഒൻപതായി വർദ്ധിക്കുകയും വനിതാ സംവരണവും ഹരിജൻസംവരണവും നിലവിൽ വരികയും ചെയ്തു. ആദ്യ വനിതാ പ്രതിനിധിയായി ത്രേസ്യാമ്മ ആന്റണി കളപ്പുരയിലും, ഹരിജൻ

പ്രതിനിധിയായി അയ്യപ്പൻ കുട്ടപ്പൻ പെരുമൂഴിക്കലും തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണ സമിതിയിലും വി.വി. ജോസഫ് തന്നെയായിരുന്നു പ്രസിഡൻറ്.

പിന്നീട് 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ റ്റി.സി. ചാക്കോ പ്രസിഡൻറായി. ഒമ്പതംഗ ഭരണ സമിതി നിലവിൽ വന്നു. ഗ്രാമപഞ്ചായത്ത് ആക്ട് പ്രകാരം 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ വനിതാ സംവരണത്തിൽ അധികാരത്തിൽ വന്ന കുട്ടിയമ്മ പോളിൻെറ നേതൃത്വത്തിൽ ഉള്ള ഒമ്പതംഗ ഭരണ സമിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

വിവിധ പഞ്ചായത്ത് സമിതികളുടെ കഴിഞ്ഞ നാൽപ്പതിലേറെ വർഷത്തെ പ്രവർത്തനങ്ങളിലൂടെ അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ പരിപാടി എറണാകുളം ജില്ലയിൽ നടപ്പിലാക്കിയപ്പോൾ ഈ പഞ്ചായത്തിനും ആ പദ്ധതി ജനപങ്കാളിത്തത്തോടുകൂടി സമ്പൂർണ്ണതയിൽ എത്തിക്കാൻ കഴിഞ്ഞു എന്നത് ഇവിടെ എടുത്തുപറയട്ടെ. പഞ്ചായത്തിൻെറ ആരംഭം മുതൽ ഇന്നുവരെയും അതിർത്തികൾക്ക് യാതൊരുമാറ്റവും സംഭവിച്ചിട്ടില്ല. വില്ലേജിൻെറ അതിരുകളും ഇതുതന്നെ.

## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

സ്വതന്ത്രഭാരതം ഉടലെടുക്കുന്ന കാലത്ത് മാർത്താണ്ഡവർമ്മ മഹാരാജാവ് സ്ഥാപിച്ച തിരുവതാംകൂറിൻെറ വടക്കുഭാഗത്ത് കൊച്ചിയോട് ചേർന്നുള്ള ഒരു ഗ്രാമമായിരുന്നു ഇലഞ്ഞി. ഈ കാലഘട്ടത്തിനുമുമ്പ് ഇവിടം വടക്കുംകൂർ രാജവംശത്തിൻെറ അധീനതയിലായിരുന്നു. ഈ മേഖലയുടെ ഭരണപരമായ ചുമതലകൾ പനച്ചിയേൽ യജമാൻമാർ എന്നറിയപ്പെട്ടിരുന്ന നാടുവാഴികൾ തലമുറകളായി നിർവഹിച്ചുപോന്നിരുന്നു. എലവഞ്ചിയൂർ എന്നായിരുന്നു ഈ ഗ്രാമം അറിയപ്പെട്ടിരുന്നത്. കാലാന്തരത്തിൽ എലവഞ്ചിയൂർ എലഞ്ഞിയായും പിന്നീട് ഇലഞ്ഞിയായും പരിണമിച്ചു.

ഇലഞ്ഞിയെന്ന സസ്യനാമത്തിൽ നിന്നും ഇലഞ്ഞി എന്ന പേര് ഉണ്ടായതായും അറിയുന്നു.

അഞ്ചുനൂറ്റാണ്ടുകളിലേറെ പഴക്കമുള്ള മുത്തോലപുരം മുട്ടേവർ ക്ഷേത്രം, ആലപുരം ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, ഇലഞ്ഞി മഹാദേവർ ക്ഷേത്രം, ഇലഞ്ഞി ഫെറോന പള്ളി എന്നീ ആരാധനാലയങ്ങൾ ഈ ഗ്രാമത്തിലെ സാംസ്കാരിക മതസൗഹൃദത്തിൻെറ പൗരാണിക പ്രതീകങ്ങളായി നിലകൊള്ളുന്നു.

ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ ഈ നാട്ടിലെ തൊണ്ണൂറ് ശതമാനം ആളുകളും കൃഷിക്കാരായിരുന്നു. നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, മരച്ചീനി, വാഴ, ഇഞ്ചിപ്പുല്ല്, ചേമ്പ്, ചേന, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കാച്ചിൽ എന്നിവയായിരുന്നു ഈ ഗ്രാമത്തിലെ പ്രധാനകൃഷികൾ. ഭൂമിയുടെ മുക്കാൽ ഭാഗവും ജന്മിമാരുടെയും ദേവസ്വത്തിൻെറയും അധീനതയിലായിരുന്നു. പാട്ടം, മിച്ചവാരം എന്നിവ കുടിയാൻമാർ ഉത്പന്നമായി തന്നെയാണ് നൽകിയിരുന്നത്. കർഷക തൊഴിലാളികൾക്കും ഉത്പന്നമായിട്ടായിരുന്നു കൂലി നൽകിയിരുന്നത്. ഇന്നത്തെപ്പോലെ ബാങ്കിംഗ് സൗകര്യം ഒന്നുമില്ലാതിരുന്ന അക്കാലത്ത് ഒറ്റി ആധാരം, ചൂണ്ടിപണയം, മുതലായവയുടെ ഈടിൻമേൽ സമ്പന്നൻമാരുടെ പക്കൽ നിന്നും പണം വാങ്ങി സാധാരണക്കാർ തങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുപോന്നു. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതോടെ കൃഷിഭൂമിയുടെ ഉടമാവകാശം കൃഷിക്കാരിലേക്കെത്തി. ഈ മാറ്റം കാർഷിക മേഖലയിൽ പുതിയൊരുണർവ് ഉണ്ടാക്കി. കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് ഈ പഞ്ചായത്തതിർത്തിയിലുള്ള ചക്കാലപ്പാറ, മുത്തോലപുരം കവല, ഇലഞ്ഞി, പൊൻകുറ്റി, അന്ത്യാൽ എന്നീ സ്ഥലങ്ങളിലെ അന്നുണ്ടായിരുന്ന ചന്തകൾ കാർഷിക മേഖലയുടെ അക്കാലത്തെ പുരോഗതിയെ സൂചിപ്പിക്കുന്നു. ഈ ശതകത്തിൻെറ തുടക്കത്തിൽ ഇലഞ്ഞി ഗ്രാമം പിറവം പകുതിയിൽ ഉൾപ്പെട്ടിരുന്നു. ഇന്നത്തെ എറണാകുളം ജില്ല നിലവിൽ വരുന്നതിന് മുമ്പായി ഇലഞ്ഞി കോട്ടയം ജില്ലയിലായിരുന്നു. അസംബ്ലി നിയോജക മണ്ഡലം നിലവിൽ വന്നപ്പോൾ ഈ പഞ്ചായത്ത് ആദ്യം മൂവാറ്റുപുഴ മണ്ഡലത്തിലും പിന്നീട് കടുത്തുരുത്തി മണ്ഡലത്തിലും തുടർന്ന് തൊടുപുഴ മണ്ഡലത്തിലുമായിരുന്നു. ഇപ്പോൾ മൂവാറ്റുപുഴ മണ്ഡലത്തിലുമാണ്.

രണ്ടുതവണ പഞ്ചായത്തു പ്രസിഡൻറായും ഇപ്പോൾ വാർഡ് കൺവീനറായും സേവനമനുഷ്ഠിക്കുന്ന ശ്രീ. വി.വി. ജോസഫ് മുമ്പ് രണ്ടുതവണ നിയമസഭയിൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുള്ള വ്യക്തിയാണെന്നുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം ഈ പ്രദേശത്തെ ജനങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ കൊടിക്കീഴിൽ അണിനിരന്ന് തങ്ങളുടേതായ പങ്കുവഹിച്ചിട്ടുണ്ട്. ജോൺ ജോർജ് തോട്ടത്തിൻെറ ധീരമായ പോരാട്ടത്തെ മാനിച്ച് ഭാരതസർക്കാർ താമ്രപത്രം നല്കി ആദരിച്ചു. ഇ.സി. ജോസഫും മറ്റൊരു സ്വാതന്ത്ര്യ സമരപോരാളിയാണ്.

ശ്രീചിത്തിര തിരുനാളിൻെറ ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന ഉച്ചനീചത്വങ്ങൾക്ക് അറുതിവന്നു. സവർണ്ണരുടെയും അവർണ്ണരുടെയുമിടയിൽ നിലവിലുണ്ടായിരുന്ന വർണ്ണവ്യത്യാസം ഇതോടുകൂടി ഗണ്യമായി പരിഹരിക്കപ്പെട്ടു. അവർണ്ണർക്കും മറ്റുള്ളവരോടൊപ്പം വിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ചു.

ഈ ഗ്രാമത്തിൽ വിദ്യാലയങ്ങളാരംഭിക്കുന്നതിനുമുമ്പ് ജനങ്ങൾ വിദ്യാസമ്പാദനത്തിന് കുടിപ്പള്ളിക്കൂടങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഇവയിലേറെയും ആരാധനാലയങ്ങളോടനുബന്ധിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. സാധാരണക്കാരൻെറ വിദ്യാഭ്യാസം അവിടം കൊണ്ട് അവസാനിക്കുകയായിരുന്നു പതിവ്. സമ്പന്നരായ രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ കുറവിലങ്ങാട്, വടകര, പിറവം തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ അയച്ചു പഠിപ്പിച്ചിരുന്നു. കുടിപ്പള്ളിക്കൂടം ആശാൻമാരിൽ കല്ലാമാത്തിൽ ആശാൻമാർ, അല്പക്കുഴ ആശാൻമാർ തുടങ്ങിയവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമത്രെ!

ഇന്നീ പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളിൽ ഏറ്റവും പഴക്കമവകാശപ്പെടാവുന്നത് ഇലഞ്ഞി ഗവ: എൽ.പി. സ്കൂൾ ആണ്. ഈസ്കൂൾ 1915 ൽ ഇലഞ്ഞി പള്ളിയിൽ നിന്ന് സ്ഥലം വാങ്ങി കെട്ടിടം പണിത് കുറെക്കാലം മാനേജ്മെൻറിൽ പ്രവർത്തിച്ച് സർക്കാരിലേ ഏൽപ്പിക്കുകയാണുണ്ടായത്. ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യമില്ലാതിരുന്ന ഈ മേഖലയിൽ 1925 ൽ ഇലഞ്ഞി പള്ളിയുടെ മാനേജ്മെൻറിൽ സെൻറ് പീറ്റേഴ്സ് ഇംഗ്ലീഷ്മിഡിൽ സ്കൂൾ ആരംഭിച്ചു. 10 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് തുടങ്ങിയ ഈ സരസ്വതീക്ഷേത്രത്തിൻെറ ആദ്യത്തെ അദ്ധ്യാപകനും ഹെഡ്മാസ്റ്ററും യശശരീരനായ ചിറപ്പുറത്ത് സി.എം. പത്രോസ് സാർ ആയിരുന്നു. ഈ വിദ്യാലയമാണ് പിന്നീടു വളർന്നു പന്തലിച്ച ഇന്നു കാണുന്ന സെൻറ് പീറ്റേഴ്സ് ഹൈസ്കൂൾ.

ഈ കാലഘട്ടത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ

സൗകര്യാർത്ഥം ഈ ഗ്രാമത്തിൻെറ വിവിധ മേഖലകളിൽ എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും ഹൈസ്കൂളുകളും സ്ഥാപിതമായിട്ടുണ്ട്. ഈ പ്രദേശത്തെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണിന്നുമുള്ളത്.

ഈ ഗ്രാമത്തിലെ ആദ്യത്തെ റോഡ് കൂത്താട്ടുകുളം, തലയോലപ്പറമ്പ് റോഡാണ്. കാളവണ്ടിയായിരുന്നു അക്കാലത്തെ പ്രധാന വാഹനം. കൂത്താട്ടുകുളം, തലയോലപ്പറമ്പ് ചന്തകളിലെ ചരക്കുകൾ കയറ്റി ഈ റോഡിലൂടെ കടന്നുപോയിരുന്ന നൂറുകണക്കിന് കാളവണ്ടികളുടെ നിര അക്കാലത്തെ കൗതുകകരമായ ഒരു കാഴ്ചയായിരുന്നു. രോഗികളെ ദൂരെ ആശുപത്രിയിൽ എത്തിക്കുന്നതിനും കാളവണ്ടിയാണ് ഉപയോഗിച്ചിരുന്നത്. സവാരിക്ക് വില്ലുവണ്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന അലങ്കരിച്ച കാളവണ്ടികളാണ് ഉപയോഗിച്ചിരുന്നത്. വൈക്കം, തൊടുപുഴ റൂട്ടിൽ ഏതാണ്ട് 70 വർഷം മുമ്പായിരുന്നു അമ്മാവൻ എന്നറിയപ്പെട്ടിരുന്ന ആദ്യത്തെ ബസ് ഓടിയിരുന്നത്. ഇന്നുകാണുന്ന ബസ്സുകൾക്കുള്ളതുപോലെ ഇതിന് വശങ്ങളിൽ അടച്ചുകെട്ടില്ലായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് പെട്രോളിയം ക്ഷാമം അനുഭവപ്പെട്ടപ്പോൾ ഈ റൂട്ടിൽ ഓടിക്കൊണ്ടിരുന്ന രണ്ടു ബസ്സുകൾ കരി ഇന്ധനമായി ഉപയോഗിച്ചുകൊണ്ടാണ് ഓടിച്ചിരുന്നത്. ഈ പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഇപ്പോഴും ബസ് യാത്ര സൗകര്യം ഇല്ലാത്തത് പരിതാപകരം തന്നെ.

1956-ൽ ഇലഞ്ഞി ഗവ. ഡിസ്പെൻസറി ആരംഭിച്ചു. അതിനുമുമ്പ് രോഗചികിത്സയ്ക്ക് നാട്ടുവൈദ്യൻമാരെ ജനങ്ങൾ ആശ്രയിച്ചിരുന്നു. ആയുർവ്വേദം, മർമ്മാണി, വിഷചികിത്സ, മൃഗചികിത്സ എന്നീ വിഭാഗങ്ങളിൽ പ്രശസ്തരായ പല വൈദ്യൻമാരും ഇവിടെ ഉണ്ടായിരുന്നു. സ്ത്രീകളുടെ പ്രസവം തൽസംബന്ധമായ പരിചരണം എന്നിവയ്ക്ക് വയറ്റാട്ടികളുടെ സേവനം മാത്രമേ അക്കാലത്ത് ലഭിച്ചിരുന്നുള്ളു. അലോപ്പതി ചികിത്സയ്ക്ക് പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളായിരുന്നു ആശ്രയം.

പാർപ്പിട പ്രശ്നം ഈ പ്രദേശത്തെ അലട്ടുന്ന ഒരു മുഖ്യ വിഷയമാണ്. റോഡുപുറമ്പോക്കിൽ കുടിയേറുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു കിടപ്പാടമുണ്ടായിട്ടുപോലും വീടില്ലാത്തവർ ധാരാളമാണ്. കുടിവെള്ളപ്രശ്നവും, പഞ്ചായത്തിൻെറ വിവിധ മേഖലയിൽ രൂക്ഷമത്രേ.

വിവിധ ജാതിമതസ്ഥരായ ആളുകൾ ഇടകലർന്ന് വസിക്കുന്ന ഒര ഗ്രാമമാണ് ഇലഞ്ഞി. എന്നാൽ മുസ്ലിം സമുദായത്തിൽപെട്ടവർ ആരുമില്ല. നൂറ്റാണ്ടുകളോളം പഴക്കമുള്ള ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും പെരുന്നാളുകളും ഈ നാടിൻെറ സാംസ്കാരിക പൈതൃകത്തിന് മുതൽക്കൂട്ടാണ്. ഈ ആഘോഷങ്ങളിൽ ജാതിമത ചിന്തകൾ വെടിഞ്ഞ് ആളുകൾ സഹകരിക്കുന്നു. ഇത് ഈ നാട്ടിലെ മത സൗഹാർദ്ദതയ്ക്ക് നിദർശനമായി കണക്കാക്കാം. നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് എൻ.എസ്.എസ്. കരയോഗങ്ങളും നാല് എസ്. എൻ. ഡി.പി. ശാഖായോഗങ്ങളും ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു. മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സമുദായനേതാക്കൾ സമുദായ പരിഷ്കരണത്തിനും, മത സൗഹാർദ്ദത്തിനും ഏറെ സംഭാവനകൾ ചെയ്തിട്ടുണ്ട്.

കലാസാഹിത്യ രംഗത്ത് ഇലഞ്ഞിക്ക് തനതായ ഒരു വ്യക്തിത്വം അവകാശപ്പെടാനുണ്ട്. മലയാളത്തിലെ ഏക മഹാകവയിത്രി യശഃശരീരയായ സിസ്റ്റർ മേരി ബനീഞ്ഞ (മേരിജോൺ തോട്ടം) സാഹിത്യരംഗത്ത് ഇന്നും പ്രശോഭിക്കുന്നു. മലയാളസാഹിത്യത്തിന് ഇരുപതോളം കൃതികൾ അവർ സംഭാവന ചെയ്തിട്ടുണ്ട്. മലയാള കവിതാ രംഗത്ത് കോളിളക്കം സൃഷ്ടിച്ച ഗ്രന്ഥകർത്രിയുടെ "കവിതാരാമം" പ്രത്യേകം പ്രസ്താവ്യമത്രേ. "സിസ്റ്റർ മേരി ബനീഞ്ഞ അനുസ്മരണ സമിതി" എന്ന സാംസ്കാരിക സംഘടന ഇപ്പോൾ ഇലഞ്ഞിയിൽ പ്രവർത്തിച്ചുവരുന്നു എന്നുള്ളത് ഇവിടെ എടുത്തു പറയട്ടെ.

മണ്ണാർകാട്ട് മാടമ്പി, ശങ്കരഗിരി തുടങ്ങിയ ചരിത്ര നോവലുകളുടെ കർത്താവ് ജോൺപീറ്റർ തോട്ടവും ഈ നാട്ടുകാരൻ തന്നെ. അഞ്ചു ചരിത്ര കൃതികളുടെ കർത്താവായ ഫാദർ ജോർജ് കുഴിവേലിത്തടം നാടകകൃത്തും, ബാലസാഹിത്യകാരനുമായ ജെ. ഇലഞ്ഞി, ഗാനരചയിതാവായിരുന്ന പെരുമ്പടവം പി.കെ. നായർ തുടങ്ങിയവർ ഈരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച് കടന്നുപോയവരത്രേ!

മലയാള സാഹിത്യരംഗത്ത് ദേശാന്തര പ്രശസ്തനായ പെരുമ്പടവം ശ്രീധരൻ ഈ നാടിൻെറ അഭിമാന ഭാജനമാണ്. ഇതിനോടകം സാഹിത്യ രംഗത്തെ അനവധി പുരസ്കാരങ്ങൾ നേടിയെടുക്കാൻ ഈ പ്രതിഭാശാലിക്കു കഴിഞ്ഞു. "ഒരു സങ്കീർത്തനം പോലെ" എന്ന തൻെറ നോവലിന് ചുരുങ്ങിയ കാലയളവിൽ വയലാർ അവാർഡുംപ്പെടെ ഏഴ് അവാർഡുകൾ നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് മലയാള സാഹിത്യ ലോകത്തെ ഒരു റിക്കാർഡാണ്.

കേരളത്തിൻെറ തനതു കലയായ കഥകളി രംഗത്തെ ആചാര്യസ്ഥാനീയനും ഇന്നാട്ടുകാരനുമായ കലാമണ്ഡലം സി. ആർ. രാമൻ നമ്പൂതിരി ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്. വാദ്യോപകരണരംഗത്ത് ആലപുരം ബ്രദേഴ്സ്, നാദസ്വരക്കച്ചേരികൾ നടത്തി സംഗീതാസ്വാദക ലോകത്തിൽ തങ്ങളുടേതായ കലാവിരുത് സ്തുത്യർഹ്യം നിർവ്വഹിച്ചിരുന്ന കാര്യവും ഇവിടെ എടുത്തു പറയട്ടെ.

ഇലഞ്ഞിയുടെ ഭൂതകാല ചിത്രം മാറ്റിനിർത്തിയാൽ ഇന്നിൻെറ പ്രധാന പ്രശ്നങ്ങൾ ഗൗരവമായ ചർച്ചയ്ക്കും പരിഹാരത്തിനും താഴെ ചേർക്കുന്നു.

1. കാർഷിക മേഖലയിലെ ഉത്പാദനക്ഷമതക്കുറവും, ഉത്പന്നങ്ങളുടെ വിലക്കുറവും.

2. കർഷകത്തൊഴിലാളികളുടെ അഭാവം

3. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ

4. പാർപ്പിടപ്രശ്നം


5. കുടിവെള്ളം, ആരോഗ്യം

6. ബസ്സ്റ്റാൻറ്, ഗതാഗതസൗകര്യം എന്നിവയുടെ അഭാവം

7. സാമൂഹ്യരംഗത്ത് സ്ത്രീ പങ്കാളിത്തത്തിൻെറ കുറവ്

# ഇലഞ്ഞി ഗ്രാമ പഞ്ചായത്ത്

ഉയർന്ന പ്രദേശങ്ങൾ, തോടുകൾ,
കുളങ്ങൾ, സസ്യപ്രകൃതി



# സംസ്കാരം

ജാതിമത ചിന്തകൾക്കതീതമായി സമ്പന്നമായ ഒരു സാസ്കാരിക പൈതൃകം നമ്മുടെ പഞ്ചായത്തിനുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്ന് വസിക്കുന്ന ഇവിടെ മതസൗഹാർദ്ദം ഏറ്റവും ഉന്നതമായ നിലയിൽത്തന്നെ നിലനില്ക്കുന്നുണ്ട്.

പഞ്ചായത്തിലുള്ള പ്രധാന ക്ഷേത്രങ്ങളും, പള്ളികളും:-

മുത്തലപുരം മുദ്ദേവർക്ഷേത്രം ആലപുരം, ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ഇലഞ്ഞി മഹാദേവ ക്ഷേത്രം, ഇലഞ്ഞിക്കാവ് അന്നപൂർണ്ണേശ്വരി ക്ഷേത്രം, കൂര് ശാസ്താക്ഷേത്രം, പെരുമ്പടവം ഭഗവതിക്ഷേത്രം, പെരുമ്പടവം സുബ്രമണ്യസ്വാമി ക്ഷേത്രം, മുത്തലപുരം പാട്ടുപുരയ്ക്കൽ ക്ഷേത്രം, കാക്കാട്ടുതൃക്കശിവക്ഷേത്രം എന്നിവ പ്രധാനപ്പെട്ട ക്ഷേത്രങ്ങളാണ്. ഇത് കൂടാതെ മറ്റ് കാവുകളും ചെറിയ ക്ഷേത്രങ്ങളും വേറെയുണ്ട്. ഇലഞ്ഞി സെൻറ് പീറ്റേഴ്സ് ആൻറ് പോൾസ് പള്ളി, കൂര് സെൻറ് സേവ്യേഴ്സ് പള്ളി, മുത്തലപുരം സെൻറ് സെബാസ്റ്റ്യൻസ് പള്ളി, ജോസ് ഗിരി സെൻറ് ജോസഫ്സ് പള്ളി, എരപ്പാങ്കുഴി സെൻറ് ജോസഫ്സ് പള്ളി, പെരുമ്പടവം സെൻറ് ജോർജ്ജ് പള്ളി, വാഴയ്ക്കാമകം ബഥനിപ്പള്ളി; കൂടാതെ മറ്റുചെറിയ പള്ളികളും പഞ്ചായത്തിലുണ്ട്. ഇവയിൽ നടത്തപ്പെടുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും എല്ലാ ജാതി മതസ്ഥരായ ആളുകളും പങ്കെടുക്കുന്നുണ്ട്. കേരളത്തിലെ പ്രബല സമുദായങ്ങളിൽ ഒന്നായ ഇസ്ലാം മതത്തിൽപ്പെട്ട ആരും ഈ പഞ്ചായത്തിൽ സ്ഥിര താമസമില്ല. ജാതിപരമായ ഉച്ചനീചത്വങ്ങൾ അതിൻെറ സ്ഥൂലാംശത്തിൽ തീരെ കുറവാണ് എന്നുതന്നെ പറയാം. പേരുകൊണ്ടും വേഷം കൊണ്ടും ജാതിയോ, മതമോ തിരിച്ചറിയാൻ കഴിയാതായിട്ടുണ്ട്.

സാസ്കാരികരംഗത്ത് ഒരു മുന്നേറ്റത്തിന് വഴിയൊരുക്കിയ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും ഒരു പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമ. നമ്പ. | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | അഫിലിയേഷൻ |
|---|---|---|---|---|---|---|---|---|
| 1. | റിപബ്ലിക് ലൈബ്രറി പെരുമ്പടവം | 1963 | – | 4372 | 458 | – | 618 | ഗ്രന്ഥശാലാസംഘം |
| 2. | ജയ്ഹിന്ദ് ലൈബ്രറി ആലപുരം | 1953 | – | 5868 | 450 | – | 675 | " |
| 3. | ഗ്രാമീണ വായനശാല നെല്ലുരുപാറ | 1979 | – | – | 600 | – | 200 | " |
| 4. | ഗ്രാമീണവായനശാല മുത്തോലപുരം | 1955 | – | – | 960 | 1 | 331 | " |
| 5. | വിജ്ഞാനപോഷിണി ലൈബ്രറി പെരിയപ്പുറം | 1953 | – | – | 600 | – | 950 | " |
| 6. | പഞ്ചായത്ത് പബ്ലിക് ലൈബ്രറി ഇലഞ്ഞി | 1956 | C | 5000 | 900 | 7 | 225 | " |

ഇതിൽ മൂന്നു ലൈബ്രറികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതോ ജീർണ്ണാവസ്ഥയിലുള്ളതോ ആണ്. അഞ്ച് ലൈബ്രറികൾക്കും ആവശ്യത്തിനു സ്ഥലസൗകര്യമൊരുക്കുന്നതിനുള്ള സൗകര്യങ്ങളോ, ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തുന്നതിനുള്ള സാമ്പത്തിക ശേഷിയോ ഇല്ല. പുസ്തകങ്ങളുടെ വില വർദ്ധനകാരണം പുതിയ പുസ്തകങ്ങൾ വാങ്ങാൻ കിട്ടുന്ന ഗ്രാൻറ് അപര്യാപ്തമാണ്. നാമമാത്രമായ അനുബന്ധ പ്രവർത്തനങ്ങളേ നടത്തുന്നുള്ളൂ. ഗ്രന്ഥശാലകളു മായി ബന്ധപ്പെടുന്നവരിൽ അധികവും സാധാരണ ക്കാരോ അതിൽ താഴെയുള്ളവരോ ആണ്. വായിക്കുന്നവരുടെ എണ്ണം സമീപകാലത്തായി കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. വനിത അംഗങ്ങളുടെ എണ്ണവും അവരുടെ വായനയും പൊതുവെ പരിമിതമാണ്.

ദിനപത്രങ്ങളുടെ പ്രചരണം വർദ്ധിക്കുന്നുണ്ട്. പ്രധാനമായും മലയാളമനോരമ, മാതൃഭൂമി, ദീപിക, ദേശാഭിമാനി, കേരളകൗമുദി, മംഗളം മുതലായവയാണ്. ഇവിടെ കൂടുതൽ പ്രചാരമുള്ള ദിനപത്രങ്ങൾ, ആഴ്ച പതിപ്പുകൾ, മാസികകൾ ദ്വൈവാരികകൾ തുടങ്ങിയവയുടെ പ്രചരണം കുറഞ്ഞുവരികയാണ്. കുട്ടികളുടെ ഇടയിൽ വായനാശീലം കുറയുന്നതോടൊപ്പം ഉള്ളതുതന്നെ ചിത്രകഥകളിലും, ബാലമാസികകളിലും മാത്രമായി ഒതുങ്ങുന്നു. വായനാശീലം കുറയുന്നതിന് ദൃശ്യമാദ്ധ്യമങ്ങളുടെ പ്രചരണം ഒരു കാരണമാണ്.

24

പൊതുജനാംഗീകാരം നേടിയ കലാഗ്രൂപ്പുകളും കലാകാരൻമാരും ഇവിടെയുണ്ട്. ആലപുരം ബ്രദേഴ്സിൻെറ നാദസ്വരസംഘം, സുപ്രഭ നൃത്തകലാസമിതി, രണ്ടു ബാൻറുസംഘങ്ങൾ എന്നിവ കലാസംഘങ്ങളാണ്. കഥകളി ആചാര്യനായ സി.ആർ രാമൻനമ്പൂതിരി കഥകളിനടൻമാരായ കലാനിലയം പരമേശ്വരൻ, കലാനിലയം മഹീന്ദ്രൻ, വാദ്യകലാരംഗത്തു പ്രവർത്തിക്കുന്ന കലാനിലയം ബാബു, സാഹിത്യരംഗത്ത് നമ്മുടെ ഗ്രാമത്തിൻെറ അഭിമാനങ്ങളാണ്. യശ്ശഃശരീരയായ സിസ്റ്റർ മേരി ബെനീഞ്ഞ, ഈയിടെ അന്തരിച്ച ജെ. ഇലഞ്ഞി എന്നിവരും എടുത്തുപറയേണ്ട പേരുകളാണ്. മറ്റു രംഗങ്ങളിലെന്നതുപോലെ കലാരംഗത്തും വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഏകദേശം പത്തു ശതമാനം വീടുകളിൽ ടി.വി. സ്വന്തമായുണ്ട്. എന്നാൽ കേബിൾ ടി.വി. ഈ പഞ്ചായത്തിൽ രംഗപ്രവേശം ചെയ്തിട്ടില്ല. ഇന്ന് സാധാരണ ജനങ്ങളെ വളരെ സ്വാധീനിക്കുന്ന ടി.വി. പരിപാടികൾ സാംസ്കാരിക വളർച്ചയ്ക്ക് ഉതകുന്നതാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് കേന്ദ്രത്തിന് അടുത്തുതന്നെ ഒരു സിനിമാശാലയും പ്രവർത്തിക്കുന്നുണ്ട്.

ഇലഞ്ഞി കവലയ്ക്ക് സമീപം നടത്തിയിരുന്ന ജിംനേഷ്യം ഇപ്പോൾ പ്രവർത്തനരഹിതമാണ്. മുത്തലപുരത്ത് ഒരു കരാട്ടെ സ്കൂൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൻെറ തനതു ആയോധന കലയായ തെക്കുവടക്കൻ കളരിപ്പയറ്റുകൾ പഠിപ്പിക്കുന്ന രാജുഫിലിപ്പ് ഗുരുക്കളുടെ കളരിസംഘം പ്രത്യേകം എടുത്തുപറയേണ്ട ഒരു സ്ഥാപനമാണ്. പഞ്ചായത്തടിസ്ഥാനത്തിൽ പൊതുവായ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നു തന്നെ പറയാം.

സർവ്വശ്രീ. ടി.സി.കെ. പെരുമ്പടവം, പെരുമ്പടവം തോമാസ്, മുത്തലപുരം മോഹൻദാസ്, ശ്രീ. മാത്യൂ ഇലഞ്ഞി, കുമാരി അന്നമ്മ ആൻഡ്രൂസ് തുടങ്ങിയ സാഹിത്യകാരും ഏലിയാമ്മജോസഫ്, മുത്തലപുരം പ്രഭ തുടങ്ങിയ ഗായികമാരും, മുല്ലൂർ സതീശൻ, കെ. ജെ. ചാക്കോ, മുത്തലപുരം തങ്കപ്പൻ തുടങ്ങിയ തബലവിദഗ്ദ്ധരും ഇവിടെയുണ്ട്. ശ്രീകാന്ത് മഠത്തിൽ മുത്തലപുരം കമലം തുടങ്ങിയവർ അഭിനയരംഗത്തും, ശ്രീ. ആർട്ടിസ്റ്റ് മണി, ശ്രീ. എം.വി.കുര്യൻ, ഷാജി നാരായണൻ തുടങ്ങിയവർ ചിത്രരചനാരംഗത്തും, പള്ളിപ്പുറം മഹിളാമണി കഥാപ്രസംഗരംഗത്തും, കേളാംകുളം കറുമ്പൻ തുടികൊട്ടിലും പുല്ലാക്കുഴ കുഞ്ഞേർക്കൻ കോൽക്കളി രംഗത്തും, പൈലി പത്തായക്കല്ല്, കൊച്ചുമല ഔസേഫ് തുടങ്ങിയവർ പരിചമുട്ട് കളി രംഗത്തും ശ്രീധരൻ ഒലിപ്രക്കാട്ട് അമ്മൻകുടം രംഗത്തും, പുല്ലാക്കുഴ ശാന്തമ്മ തിരുവാതിര കളി രംഗത്തും, നാരായണൻ കുന്നുംപുറത്തു ചമയരംഗത്തും, തമ്പി ഇലഞ്ഞി, ബാബു തോണമല തുടങ്ങിയവർ ശില്പകലാരംഗത്തും പാറയിൽ നാരായണൻ ചന്ദ്രശേഖരൻ മുത്തലപുരം തുടങ്ങിയവർ അക്ഷരശ്ലോക മത്സരരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

നമ്മുടെ സാംസ്കാരിക രംഗത്തെ ജീർണ്ണതയുടെ തെളിവായി വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിയും, പണം വച്ചുള്ള ചീട്ടുകളിയും കാണേണ്ടതുണ്ട്. യുവജനങ്ങളുടെ ഇടയിൽ സന്നദ്ധ സംഘടനാ പ്രവർത്തനത്തിനുള്ള വിമുഖതയും വിരൽ ചൂണ്ടുന്നത് ഇതിലേക്കാണ്.

വായനശാലകൾക്കു പുറമേ ഏതാണ്ട് ഒരു ഡസനോളം ക്ലബ്ബുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബ്ബുകളിൽ പലതും കലാകായിക മത്സരങ്ങളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെയും ഉയർന്ന ഗുണനിലവാരം പുലർത്തുന്നവയാണ്. കലാസാംസ്കാരിക മേഖലയിൽ ഈ ക്ലബ്ബുകൾ നൽകുന്ന സംഭാവനകൾ പ്രശംസനീയമാണ്. ഇവരുടെ പ്രവർത്തനമേഖല ഇനിയും വിപുലീകരിക്കേണ്ടതുണ്ട്.

സാംസ്കാരികരംഗത്ത് വിശകലനം ചെയ്യുമ്പോൾ രണ്ടുവർഷക്കാലമായി ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഗ്രാമസ്വരാജ് പ്രൊജക്ട് പ്രത്യേകം പരാമർശയോഗ്യമാണ്. മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട്സ് ആൻഡ് ഡവലപ്മെൻഡ് സ്റ്റഡീസിൻെറ കീഴിൽ വികസനം ജനപങ്കാളിത്തത്തിലൂടെ എന്ന മുദ്രാവാക്യവുമായി രംഗത്തുവന്ന ഗ്രാമസ്വരാജ് പ്രവർത്തകർ പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനത്തിൽ പങ്കുകൊള്ളുന്നുണ്ട്.

വികസന പ്രക്രിയയിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തവും മാർഗ്ഗദർശനവും നൽകുന്നതിനായി സംഘടിപ്പിച്ചിട്ടുള്ള ഭാരതമാതാ മഹിളാസമാജം, രശ്മി മഹിളാസമാജം, ചൈതന്യ മഹിളാസമാജം, ജ്യോതിസ് മഹിളാസമാജം ഐശ്വര്യ മഹിളാസമാജം എന്നിവ സജീവമായി പ്രവർത്തിക്കുന്നു. ഇങ്ങനെ ഗ്രാമസ്വരാജ് പ്രോജക്ട് വിപുലമായ ഒരു സാമ്പത്തിക സാംസ്കാരികപ്രവർത്തനം ഇലഞ്ഞിപഞ്ചായത്തിൽ നടത്തുന്നുണ്ട്. അടുത്ത ഒരു വർഷം കൊണ്ട് അവസാനിക്കുന്ന പ്രവർത്തനഘട്ടം കഴിയുമ്പോൾ സ്വന്തം കാലിൽ നിന്നുകൊണ്ട് പഞ്ചായത്തിൽ പ്രവർത്തിക്കാൻ ശേഷിയുള്ള ഒരു പ്രവർത്തനനിര ഇതിൽ നിന്ന് ഉരുത്തിരിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. അങ്ങനെയായാൽ അത് ഇലഞ്ഞി പഞ്ചായത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

**ഈ മേഖലയിലെ പൊതുവായ ചില പ്രശ്നങ്ങൾ:**

1. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അനഭിലഷണീയമായ അതിപ്രസരം.
2. കുറഞ്ഞുവരുന്ന വായനാശീലം.
3. ലൈംഗീക സിനിമകളും, ക്രൈം ത്രില്ലറുകളും, അശ്ലീലപോസ്റ്ററുകളും വരുത്തുന്ന മൂല്യച്യുതി.
4. വർദ്ധിച്ചുവരുന്ന ആർഭാടനിർഭരമായ ചടങ്ങു കളും, ആഘോഷങ്ങളും.
5. കലാകായിക രംഗത്തെ കൂട്ടായ പ്രവർത്തനമില്ലായ്മ.
6. സ്ത്രീകളോടുള്ള സമീപനത്തിലെ സാംസ്കാരിക അധഃപതനം.

**സാദ്ധ്യതകൾ:**

1. ലൈബ്രറികളുടെ പ്രവർത്തനം വിപുലീകരിക്കുക.
2. കായിക കലാ, സാംസ്കാരി പ്രവർത്തനങ്ങളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക. മത്സരങ്ങൾ സംഘടിപ്പിക്കുക.
3. ചിൽഡ്രൻസ് ഫിലിം സൊസൈറ്റികൾ രൂപീകരിക്കുകയും വീഡിയോ ക്ലബ്ബ് തുടങ്ങുകയും ചെയ്യുക.
4. നാടൻ കലകൾക്ക് പ്രത്യേകം പ്രോത്സാഹനം കൊടുക്കുക
5. പഞ്ചായത്തു സമിതികളുടെ അനുമതിയില്ലാതെ പോസ്റ്റർ പ്രദർശനം നടത്തുന്നത് തടയുക.

**ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ:**

1. പ്രാദേശികമായി കൂടുതൽ സാംസ്കാരിക നിലയങ്ങളും കളിസ്ഥലങ്ങളും ഉണ്ടാവുക
2. പഞ്ചായത്ത് കേന്ദ്രമായി ഓഡിറ്റോറിയവും

കളിസ്ഥലവും നിർമ്മിക്കുക.

3. നാടൻ കലാരൂപങ്ങളും പ്രാചീന കലാരൂപങ്ങളും സംരക്ഷിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുക.
4. കലാരൂപങ്ങളുടെ പഞ്ചായത്തുതല സംയോജനത്തിനുള്ള വേദി ഒരുക്കുക.
5. കലാരൂപങ്ങൾ അഭ്യസിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
6. അവശകലാകാരൻമാർക്കുള്ള സഹായം വർദ്ധിപ്പിക്കുക.
7. നിലവിലുള്ള വായനശാലകൾ പുനരുദ്ധരിക്കുക. ആവശ്യമായ ടി.വി. റേഡിയോ മുതലായവ നൽകുകയും, ഗ്രാൻറ് വർദ്ധിപ്പിക്കുകയും ചെയ്യുക.
8. യൂത്ത് ക്ലബ്ബുകൾ ഉണ്ടാക്കുക.
9. ചേലയ്ക്കൽ ഭാഗത്ത് ഒരു തപാൽപ്പെട്ടി സ്ഥാപിക്കുക
10. വ്യാജമദ്യവിൽപ്പന, പണംവച്ചുള്ള ചീട്ടുകളി എന്നിവ തടയുന്നതിന് ശക്തമായ പൊലീസ് പട്രോളിംഗ് ഏർപ്പെടുത്തുക.
11. പഞ്ചായത്ത് ഉപഭോക്തൃ സമിതി രൂപീകരിക്കുക.
12. ഗ്രന്ഥശാലാ മെംബർമാരുടെ സമിതിയുണ്ടാക്കി പുസ്തകം വാങ്ങുന്നതിനുള്ള ചുമതല അവരെ ഏൽപ്പിക്കുക.
13. സി. മേരി ബനീഞ്ഞാ അനുസ്മരണം പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക
14. പഞ്ചായത്ത തലത്തിൽ വിദ്യാലയങ്ങളുമായി ബന്ധപ്പെടുത്തി ദേശീയ ഉത്സവങ്ങളും സേവന വാരവും ആചരിക്കുക.
15. മഹിളാ സമാജങ്ങളെയും ബാലവാടികളെയും ശക്തിപ്പെടുത്തുക
16. ആരോഗ്യകരമായ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
17. കലാ, കായിക, സാംസ്കാരിക ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക.

# ഭൂപ്രകൃതിയും വിഭവങ്ങളും

ഇലഞ്ഞിപഞ്ചായത്ത് കേരളത്തിലെ കാർഷിക കാലാവസ്ഥ മേഖലകളിൽ മദ്ധ്യ ഇടനാട് മേഖലയുടെ തെക്കേ അറ്റത്താണ്. ഈ പഞ്ചായത്തിൽ പൊതുവെ കിഴക്കുനിന്നും പടിഞ്ഞാറോട്ട് വെള്ളം ഒഴുകുന്നതും കിഴക്കു പടിഞ്ഞാറു നീളത്തിൽ കിടക്കുന്ന നാലുനിര ക്കുന്നുകളും ഇടഭാഗങ്ങളിൽ ഇടുങ്ങിയ താഴ്വരകളും താഴ്വരകളുടെ മധ്യഭാഗങ്ങളിൽ വീതികുറഞ്ഞ നെൽപാടങ്ങളും കാണുന്നു. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താണിത്.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് ഇലഞ്ഞിയെ പ്രധാനമായും നാലുഭാഗമായി തിരിക്കാം.

1. **ഉയർന്ന സമതലം:** മൊത്തം ഭൂമിയുടെ 2%മേ ഈ ഭാഗം വരൂ. ചമ്പമല, നരിപ്പാറ, മുതലായ സ്ഥലങ്ങളാണിവ. തോണമണ്ണുകലർന്ന ചളിനിറഞ്ഞ ചരൽ മണ്ണ് ആണ് ഇവിടെയുള്ളത്. ഫലപുഷ്ടിക്കുറവും ജലസംഭരണശേഷിക്കുറവും ഈ മണ്ണിൻെറ പ്രത്യേകതയാണ്. ഇവിടത്തെ പ്രധാന വിള റബ്ബറാണ്.
2. **ഉയർന്ന കുന്നുകളും ചരിവും:** മൊത്തം ഭൂമിയുടെ 67% വും ഈ മേഖലയാണ്. കുത്തനെ ചരിവുള്ളതും ചരിവുകുറഞ്ഞതുമായ രണ്ട് തരം മേഖലകൾ ഇതിലുണ്ട്.

ഇലഞ്ഞിപഞ്ചായത്തിൻെറ ഭൂപ്രകൃതി വിഭാഗങ്ങൾ

കുത്തനെ ചരിവുള്ള കുന്നുകൾ

1. കൂരുമല 2. ചമ്പമല 3. മോളേത്തട്ട് 4. നിരവത്തുകുന്ന് 5. മുത്തംകുന്ന് 6. പള്ളിക്കുന്ന് 7. ചേന്ദംകുളം മല 8. കോക്കോട്ടിമല 9. എഴുകാമല 10. പുഞ്ചാക്കുഴിമല 11. തോണപ്പാറ 12. തോണമല 13. നെല്ലൂരുപാറ 14. നരിപ്പാറ 15. വട്ടപ്പാറമല

| | | | |
|---|---|---|---|
| 1 | ഉയർന്ന സമതലം | 60 ഹെക് | 2% |
| 2. | ഉയർന്ന കുന്നുംചരിവുകളും | 1988 ഹെക് | 67.47% |
| 3. | താഴ്വരകൾ | 600 ഹെക് | 20.35% |
| 4. | പാടം (നിലം) | 300 ഹെക് | 10.18% |

അവലംബം : ദ്വിതീയ സ്ഥിവിവരക്കണക്ക്.

ഈ പ്രദേശത്ത് മണ്ണൊലിപ്പ് തീവ്രമാണ്. വെട്ടുകല്ലും ചെറുപാറക്കഷണങ്ങളും ചരൽകൂടിയ ലാറ്ററൈറ്റും ഇവിടെ കാണുന്നു. കരിങ്കൽപാറ പ്രധാനമായും ചമ്പമല, തോണപ്പാറ പെരുമ്പടവം തെക്ക് കൂരുമല എന്നിവിടങ്ങളിൽ കാണപ്പെടുന്നു. വലിയ പാറക്കൂട്ടങ്ങൾ കൂരുമലയുടെ മാത്രം പ്രത്യേകതയാണ്. ഈ മേഖലയിൽ 90% സ്ഥലത്തും റബ്ബർ കൃഷിയാണ്. മഴക്കാലങ്ങളിൽ കുറഞ്ഞതോതിൽ പച്ചക്കറി, വാഴ മുതലായവയും കൃഷിചെയ്യുന്നു. ഭൂമിക്ക് മഴവെള്ള സംഭരണശേഷി കുറവാണ്. ഈ മണ്ണിന് ഫലഭൂയിഷ്ടി തീർത്തും കുറവാണ്. ഇവിടെ ജൈവവളത്തിൻെറ ഉപയോഗവും കുറവുതന്നെ. ജനസാന്ദ്രത ഒട്ടും കുറവല്ലാത്ത മേഖലയിൽ കുടിവെള്ള ലഭ്യത വളരെകുറവാണ്. ഗതാഗതസൗകര്യക്കുറവ് ഈ ഭാഗത്തിൻെറ പ്രത്യേകതയാണ്.

### 3. താഴ്വരകൾ

20% ഭൂവിസ്തൃതിയാണ് ഈ മേഖലയിലുള്ളത്. ചെളി കലർന്ന മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. 20 വർഷങ്ങൾക്കുമുമ്പുവരെ ഇവിടെ പ്രധാനമായും ഒരുപ്പൂ നെൽകൃഷി ചെയ്തിരുന്നു. പിന്നീട് തെങ്ങ്, കൊക്കോ, ഇടവിളകൾ എന്നിവിടങ്ങളിലേക്ക് മാറി. എന്നാൽ ഇന്ന് അതും റബ്ബർകൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഇഞ്ചി, മഞ്ഞൾ, കച്ചോലം മുതലായ സുഗന്ധ വ്യഞ്ജനങ്ങളും എള്ള്, മുതിര, മരച്ചീനി, വാഴ മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയും വൻതോതിൽ ഉത്പാദിപ്പിച്ചു വരുന്നു. ഇന്നും കുറഞ്ഞ അളവിലാണെങ്കിലും ഈ മേഖലയിൽ സുഗന്ധവ്യഞ്ജനവിളകളും, തെങ്ങ്, കവുങ്ങ്, മറ്റു ഇടവിളകൾ മുതലായവയും ഉണ്ട്. ജലസേചന സൗകര്യം കുറഞ്ഞ അളവിലാണെങ്കിലും ഉള്ളത് ഈ മേഖലയിൽതന്നെയാണ്.

### 4. പാടം

മൊത്തം ഭൂമിയുടെ 10% മാത്രമേ ഈ വിഭാഗത്തിൽ പെടുന്നുള്ളൂ. 1980 കളിൽ 420 ഹെ. നിലം ഉണ്ടായിരുന്നത് കഴിഞ്ഞ 15 വർഷം കൊണ്ട് 300 ഹെ. അളവു നിലമായി കുറഞ്ഞിരിക്കുന്നു. വിളക്രമത്തിൽ വന്ന മാറ്റമാണ് ഇതിനിടയാക്കിയത്. ഒന്നും രണ്ടുംവിളകൾ നെല്ലുത്പാദിപ്പിക്കുന്ന പാടങ്ങളുണ്ട്. മുമ്പ് രണ്ട് വിളകൾ എടുത്തിരുന്ന ഇവയിൽ കുറെയേറെയും ഒരു വിളമാത്രമായി മാറിയിട്ടുണ്ട്. ജലദൗർല്ലഭ്യം ആണ് ഇതിന് പ്രധാന കാരണം. നാമമാത്രമായെങ്കിലും പാടങ്ങൾ കൃഷിചെയ്യാതെയും കിടക്കുന്നുണ്ട്. പൈനാപ്പിൾ, വാഴ, കവുങ്ങ് എന്നീ കൃഷികളും പുതിയ പ്രവണതയായി കാണുന്നു. 300 ൽ 50 ഹെ. ഭൂമി ഇന്ന് കരിമ്പു കൃഷി നടത്തുന്നു. നെൽകൃഷയിലുള്ള ചെലവു വർദ്ധനയും കർഷകതൊഴിലാളിയുടെ അഭാവവും ജലദൗർല്ലഭ്യവും ഇതിന് കാരണങ്ങളാണ്. ഈ മേഖലയിൽ ചെളികലർന്ന പശിമരാശി മണ്ണാണുള്ളത് ഫലഭൂയിഷ്ഠി മറ്റുമേഖലകളെ അപേക്ഷിച്ച് അല്പം ഭേദമുള്ളതും എന്നാൽ അമ്ലാംശം കൂടിയതുമാണ്.

## ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ ഭൂവിനിയോഗത്തിൻെറ പട്ടിക ചുവടെ ചേർക്കുന്നു.

അവലംബം : ദ്വിതീയ സ്ഥിതിവിവരക്കണക്ക്

| നമ്പർ | ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടർ | ശതമാനം |
|---|---|---|---|
| 1. | റബ്ബർ | 2200 | 74.63 |
| 2. | നിലം-നെല്ല് | 250 | 8.48 |
| 3. | കരിമ്പ് | 50 | 1.74. |
| 4. | തെങ്ങ്, കുരുമുളക്, ഇടവിള തന്നാണ്ടുകൃഷി | 223 | 7.56 |
| 5. | പുറമ്പോക്ക്, റോഡ്, കുളം തരിശ് | 225 | 7.63 |
| 6. | ആകെ | 2948 | 100 |

## ഭൂപ്രകൃതിപഠനപര്യടന വിവരങ്ങൾ : ഗ്രൂപ്പ്

| ജനവാസം | റോഡ് | ജലലഭ്യത | പരിസ്ഥിതി | സസ്യാവരണം | മൺതരം | ഭൂപ്രകൃതി |
|---|---|---|---|---|---|---|
| ശരാശരി | ഇല്ല | ഭാഗികം<br>6 മാസം | ജല ആഗിരണ<br>ശേഷിക്കുറവ്<br>മണ്ണൊലിപ്പ് തീവ്രം<br>റബ്ബറിനു കേട് | കപ്പ, റബ്ബർ<br>തേക്ക്<br>ഫലവൃക്ഷങ്ങൾ | തോണമണ്ണു<br>ജൈവാംശം<br>കൂടുതൽ ഉരുളൻ<br>വലിപ്പം കൂടിയവ | കുത്തനെ ചരിവ് |
| കുറവ് | ഇല്ല | ദരിദ്രം | ജൈവസമ്പത്ത്<br>ദുർബ്ബലം<br>വരാംച്ച ബാധിതം | റബ്ബർ | കറുത്തമണ്ണ്<br>വലിയ പാറ<br>ക്കെട്ടുകൾ | ഉയർന്ന കുന്നിൻമണ്ട |
| ശരാശരി | ഇല്ല | ദരിദ്രം<br>ഭാഗികം | മണ്ണൊലിപ്പ്<br>കൂടുതൽ<br>രോഗാതുരത<br>കൂടുതൽ | റബ്ബർ, തേക്ക്<br>പ്ലാവ് | തോണമണ്ണ്<br>ജല ആഗിരണം<br>കുറവ് | കുത്തനെ ചരിവ് |
| സാന്ദ്രത<br>കൂടുതൽ | ഉണ്ട്<br>മോശം | മിതം | വിളമാറ്റം<br>കനാൽപണി<br>മണ്ണും - നീർക്കെട്ടും | നെല്ല്, വാഴ<br>കപ്പ, പൈനാപ്പിൾ<br>തെങ്ങ് | ചെളികലർന്ന<br>ചരൽകൂടിയ | താഴ്വാരം<br>പാടം<br>മണ്ണ് |
| സാന്ദ്രത<br>കുടുതൽ | ഉണ്ട്<br>ഉപയോഗ<br>യോഗ്യമല്ല | ദരിദ്രം<br>ഭാഗികം | മണ്ണൊലിപ്പ്<br>ജലശേഖരി<br>യ്ക്കൽ കുറവ് | റബ്ബർ, തെങ്ങ്<br>ഇടവിളകൾ | ചരൽ കൂടിയ<br>ലാറ്ററൈറ്റ്<br>ജൈവാംശം കുറവ് | ഉയർന്ന കുന്നുകൾ |
| സാന്ദ്രത<br>വളരെ<br>കൂടുതൽ | ടാർ റോഡ് | ഭാഗികം<br>മിതം | വിള മാറ്റം<br>മണ്ണു നികത്തിയ<br>പാടം | റബ്ബർ, തെങ്ങ്<br>കുരുമുളക്<br>ഇടവിള | ചരൽ കൂടിയ<br>വെട്ടുകല്ല് | താഴ്വാരം |



പതിനഞ്ചുവർഷംമുമ്പുള്ള ഭൂവിനിയോഗവും ഇപ്പോഴത്തെ ഭൂവിനിയോഗവും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | വിള | വർഷം | |
|---|---|---|---|
| | | 1981 | 1996 |
| 1. | നെല്ല് | 418 ഹെ. | 250 ഹെ. |
| 2. | റബ്ബർ | 800 ഹെ. | 2200 ഹെ. |
| 3. | വെള്ളാരൻ | 300 ഹെ. | ഇല്ല |

ഭൂമിയിലെ വിളക്രമം കഴിഞ്ഞ ഇരുപതുവർഷം കൊണ്ട് വളരെയധികം മാറിയിട്ടുണ്ട്. തന്നാണ്ടു കൃഷികളുടെ ലാഭമില്ലായ്മയും തൊഴിലാളികളുടെ കുറവും വിപണിയുടെ ചൂഷണവും നാണ്യവിളകൾക്ക് ലഭിച്ച പ്രചാരണവും പ്രോത്സാഹനവും ഇതിന് കാരണമായിട്ടുണ്ട്. 1981ൽ 418 ഹെക്ടർ നിലം ഉണ്ടായിരുന്നത് 1996ൽ 250 ഹെക്ടറായി ചുരുങ്ങി. വെള്ളാരൻ കൃഷി പൂർണ്ണമായി ഇല്ലാതായി.

മുൻകാലങ്ങളിൽ കരഭൂമികളിൽ മുഖ്യമായും മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ഇഞ്ചിപ്പുല്ല്, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, വെള്ളാരൻ, വരക്, പഞ്ഞപ്പുല്ല് എന്നിവ തന്നാണ്ടുകൃഷിയായി തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നിവ ദീർഘകാലവിളയായും കൃഷിചെയ്തിരുന്നു.

കൃഷിരീതിയിലെ മാറ്റം ഭൂമിയുടെ പരിസ്ഥിതിയിൽ വളരെ ദോഷഫലങ്ങൾ ഉണ്ടാക്കിയതായി മനസിലാക്കാം.

**1. ജലദൗർലഭ്യം:**

90% കുന്നിൻചരിവുകളും ബാക്കി സമതലങ്ങളും ഉള്ള ജനപ്രദേശത്ത് കിട്ടുന്ന മഴവെള്ളത്തിൻെറ വലിയൊരളവ് ഭൂമിയിൽ താഴുമായിരുന്ന അവസ്ഥ തന്നാണ്ടുകൃഷിമൂലം സാധിച്ചിരുന്നു. എന്നാൽ റബ്ബർ കൃഷിയുടെ ആദ്യ ഒരുവർഷം മാത്രമാണ് ഭൂമി ഇളക്കുകയോ, കുഴിക്കുകയോ ചെയ്യുന്നത്. ശേഷിക്കുന്ന 20 മുതൽ 30 വർഷം വരെ ഭൂമിയിൽ തറഞ്ഞു കിടക്കുന്ന അവസ്ഥയാണുള്ളത്. ഇത് മഴവെള്ളം ഭൂമിയിൽ താഴുന്നത് തടസ്സമുണ്ടാക്കുന്നു. മേൽമണ്ണ് ആഗിരണം ചെയ്യുന്ന വെള്ളം മാത്രമാണ് മണ്ണിന് മൊത്തം ലഭിക്കുന്നത്. ഇത് ഇവിടത്തെ കിണറുകളുടെയും, കുളങ്ങളുടെയും, തോടുകളുടെയും നീരുറവ ഇല്ലാതാക്കുന്നു. ഈ ജല നഷ്ടം സാധാരണ ശ്രദ്ധയിൽ പെടില്ല എന്നതും ഒരു പ്രത്യേകതയാണ്. റബ്ബർ കൃഷിയിടങ്ങളെ മൺ തട്ടുകൾ, ചരിഞ്ഞുകടക്കുകയാണ്. മൊത്തമായി എല്ലാ സ്ഥലത്തുകൂടിയും മഴവെള്ളം മഴസമയത്തു തന്നെ ഒഴുകിപ്പോകുന്നു. തന്നാണ്ട് കൃഷിയിടങ്ങളിലാണെങ്കിൽ ആണ്ടുതോറും കയ്യാലകളുടെ മുകളറമണ്ണ് വലിച്ചു സംരക്ഷിച്ചിരുന്നതിനാൽ വെള്ളം കെട്ടി നിന്ന് മണ്ണിലിറങ്ങുകയും അധികമുള്ള വെള്ളം പ്രത്യേക നിർഗമനമാർഗ്ഗങ്ങളിലൂടെ (തൂമ്പുകൾ) പുറത്തേക്ക് ഒഴുകുന്നതിന് ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

റബ്ബർ മരങ്ങൾ വളരെയേറെ ജലം ബാഷ്പീകരണത്തിലൂടെ നഷ്ടപ്പെടുത്തുന്നു. ഇത് ഭൂമിയിലെ ജലത്തിൻെറ അളവിനെ കുറയ്ക്കുകയും ജല ദൗർലഭ്യ പ്രശ്നഹേതുവും ആകുന്നു. സൂര്യപ്രകാശം മണ്ണിലടിക്കാത്തതും മണ്ണിൻെറ ആർദ്രത കൂടുന്നതിനും കുമിൾ നിമാവിര രോഗസാധ്യത വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഈ പരിസ്ഥിതി പ്രശ്നങ്ങളെ കൃഷിക്കാർ ആസൂത്രിതമായും കൂട്ടായും പരിഹരിച്ച് ജലസംഭരണ സാധ്യത വർദ്ധിപ്പിക്കാനുള്ള സാധ്യത ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**ജലവിഭവം**

കാർഷിക പ്രാധാന്യമുള്ള ഇലഞ്ഞി പഞ്ചായത്തിൽ പ്രധാനമായും മഴയെ ആശ്രയിച്ചുള്ള ജലസാധ്യതയാണുള്ളത്. ആശ്രയിക്കാൻ സാധ്യതയുള്ള മറ്റു സ്രോതസുകൾ പ്രധാനമായ താഴെ ചേർക്കുന്നു.

1. തോടുകൾ
2. കുളങ്ങൾ
   (a) പൊതുകുളം,
   (b) സ്വകാര്യകുളം
3. കിണറുകൾ
4. ഭൂഗർഭജലം
5. കനാൽ
6. ലിഫ്റ്റ് ഇറിഗേഷൻ

(എ) സംസ്ഥാന ശരാശരിയേക്കാൾ കൂടിയ മഴ ലഭിക്കുന്നുണ്ട്.

(ബി) ഒന്നാം വിളയ്ക്ക്(നെല്ല്) മഴ കൂടിയ തോതിലോ (ജൂൺ-ആഗസ്റ്റ്) രണ്ടാം വിളയ്ക്ക് മഴ കുറഞ്ഞതോതിലാണ് കിട്ടുന്നത്. അതിനാൽ ഇക്കാലത്ത് ജലത്തിന് മറ്റു സ്രോതസുകളെ ആശ്രയിക്കേണ്ടിവരുന്നു.

(സി) മൊത്തം ലഭിക്കുന്ന മഴവെള്ളത്തിൻെറ 15% മാത്രമേ പ്രയോജന പെടുത്തുന്നുള്ളു.

(ഡി) ഒന്നാം വിള സമയത്ത് തോടുകളുടെ സംരക്ഷണക്കുറവുമൂലം കൃഷിനാശത്തിന് മഴവെള്ളം ഇടയാക്കുന്നു.

1 മഴ:- നമുക്കു ലഭിക്കുന്ന മഴയുടെ അളവ്

93-94 മില്ലി. മീ.

| മാസം | ജനു. | ഫെ. | മാർ. | ഏ | മേ | ജൂൺ | ജൂ | ആ | സെ | ഒ | ന | ഡി | ആകെ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഇലഞ്ഞി | 15 | 17 | 41 | 134 | 318 | 740 | 721 | 451 | 388 | 312 | 172 | 45 | 3254 |
| സംസ്ഥാന ശരാശരി | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3063 |

# കുളങ്ങൾ:

## പഞ്ചായത്തുവക പൊതുകുളങ്ങൾ

| | വാർഡ് | കുളത്തിന്റെ വിസ്തീർണ്ണം (സെന്റ്) | ആയക്കെട്ട്(ഏക്കർ) |
|---|---|---|---|
| 1. മൂലച്ചിറക്കുളം | മൂന്ന് | 18 | 9 |
| 2. ചിറ്റാനിക്കാട്ട് ചിറേക്കുളം | എട്ട് | 13 | 20.87 |
| 3. എണ്ണയ്ക്കപ്പള്ളിക്കുളം | ഏഴ് | 16 | 10 |
| 4. കുമരങ്കാവുങ്കൽ കുളം | ഏഴ് | 21 | 21 |
| 5. നെടുമാക്കാൽ ചിറക്കുളം | നാല് | 60 | 40 |
| 6. തകിടിയേൽകുളം | ഏഴ് | 12 | 20 |
| 7. പുത്തൻകുളം | മൂന്ന് | 12 | 32 |
| 8. പുതിയറകുളം | എട്ട് | 15 | 20.25 |
| 9. മേനോനിക്കൽ കുളം | ആറ് | 4 | 25 |
| 10. കാവിൻകുളം | ആറ് | 8 | 35 |
| 11. പേണ്ടാനത്തുകുളം | നാല് | 6 | 10 |
| 12. കൊല്ലംകുളം | എട്ട്, ഒമ്പത് | 20 | 12 |

മേൽപ്പറഞ്ഞ പൊതുക്കുളങ്ങളിൽ പലതിലും പൂർണ്ണജലസംഭരണശേഷി വിനിയോഗിക്കപ്പെടുന്നില്ല. ഇവയുടെ പുനരുദ്ധാരണം വഴി മേൽപ്പടി ആയക്കെട്ട് പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള കുളങ്ങളും ജലസാദ്ധ്യതയുള്ള പുതിയ കുളങ്ങളും പ്രയോജനപ്പെടുത്തുന്നതിലേക്ക് ഗ്രാമസഭാ നിർദ്ദേശങ്ങൾ താഴെചേർക്കുന്നു.

തോടുകൾ:

പ്രധാനമായും രണ്ട് തോടുകളും അതിന്റെ കൈവഴികളുമാണ് ഉള്ളത്. വില്ലേജ് രേഖകൾ അനുസരിച്ച് മൊത്തം 108 ഏക്കർ 82 സെൻറ് വിസ്തൃതിയാണ് ഉള്ളത്.

(1) കൂരുപാടം തോടും കൈവഴികളും

(2) മുത്തോലപുരം -ഇലഞ്ഞി-പെരുമ്പടവം തോടും കൈവഴികളും.

തോടുകളുടെ ആയക്കെട്ട് ഈ പഞ്ചായത്തിലെ മൊത്തം പാടശേഖരങ്ങളാണ്. അതായത് 300 ഹെക്ടർ. തോടുകളുടെ ജലലഭ്യത, മഴ, നീരുറവ എന്നീ രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ മഴയിൽ നിന്ന് വളരെയധികം ജലം ലഭിക്കുന്നു. എന്നാൽ തോടുകൾക്ക് വീതി കുറവായതുകൊണ്ട് ഈ കാലങ്ങളിൽ തോടുവരമ്പുകൾ പൊട്ടി കൃഷി നാശം സംഭവിക്കുക സാധാരണമാണ്. ഈ വെള്ളം ശാസ്ത്രീയമായി സംരക്ഷിക്കപ്പെടാത്തതിനാൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ആറു മാസക്കാലമേ കാർഷികാവശ്യത്തിന് വെള്ളം ഈ തോടുകളിൽ നിന്ന് ലഭിക്കുന്നുള്ളൂ. തോടുകളുടെ ജലലഭ്യത ആർജിത കേന്ദ്രങ്ങളുടെ സംരക്ഷണ തകരാറുകളും വിളമാറ്റവും മൂലം തോടുകൾക്കുള്ള നീരുറവ ഇല്ലാതായി. ഈ പ്രശ്നങ്ങളെ ശാസ്ത്രീയതയും സാങ്കേതിക വൈദഗ്ദ്ധ്യ വിനിയോഗ സാദ്ധ്യതയും മനസ്സിലാക്കി സമീപിക്കേണ്ടത ആവശ്യമാണ്.

**<u>നിലവിലുള്ള ജലസംരക്ഷണ സംവിധാനങ്ങൾ</u>**

നിലവിലുള്ള ക്രോസ്ബാറുകൾ

| | |
|---|---|
| 1) പാലത്തിനാലടി | ക്രോസ്ബാർ |
| 2) വെട്ടിയോടി | " |
| 3) തഴമറ്റം | " |
| 4) ചായിക്കൽ | " |
| 5) ചെന്ദനം കാല | " |
| 6) കാർനിലം | " |
| 7) താഴത്തുരുത്തിൽ | " |
| 8) വെളിയത്തുമാരിൽ | " |
| 9) ഇലഞ്ഞിവേലിച്ചിറ | " |
| 10) പെരുവേലിത്തോട് | " |
| 11) ആര്യവേലിച്ചിറ | " |
| 12) പുത്തൻവേലിച്ചിറ | " |
| 13) പാലത്തിനാലടി ബണ്ട് | " |
| 14) കരുവേലിച്ചിറ | " |
| 15) പരവുമ്മേൽത്താഴം | " |
| 16) കാഞ്ഞിരത്താടി | " |
| 17) കൊറ്റനാട്ടുതാഴം | " |

ക്രോസ് ബാറുകളും ബണ്ടുകളുമായി 17 എണ്ണം ഉണ്ടെങ്കിൽ പോലും ഇവയിൽ പലതും ജലസേചന സൗകര്യത്തിന് ഉപയുക്തമാകാത്ത വിധത്തിൽ ജീർണാവസ്ഥയിലുള്ളവയാണ്. നിലവിലുള്ളവ നന്നാക്കുകയും, കൂടുതൽ ക്രോസ്ബാറുകൾ നിർമ്മിച്ച് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

**സ്വകാര്യകുളങ്ങൾ:**

ഇലഞ്ഞിയുടെ നെൽപ്പാടപ്രദേശത്ത് ഏകദേശം നൂറോളം കുളങ്ങൾ ജലസേചനസൗകര്യങ്ങളുള്ളതുണ്ട്. എന്നാൽ ഇതിൽ 40% ത്തോളം കുളങ്ങളിൽ മാത്രമേ പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തുന്നുള്ളൂ. ബാക്കി കുളങ്ങൾ ദീർഘകാല സാമ്പത്തിക വായ്പയും സഹായധനവും ലഭിച്ചാൽ, ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്.

**കിണറുകൾ:**

താഴ്‌വരപ്രദേശത്ത് കുടിവെള്ളത്തിന് സുലഭമായും ജലസേചനത്തിന് ഭാഗികമായും പ്രയോജനപ്പെടുത്താവുന്ന ഏകദേശം 500 കിണറുകളുണ്ട്. ഈ കിണറുകൾ ഹ്രസ്വകാലവിളയുടെ ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

**ഭൂഗർഭജലം:**

ജലസേചനത്തിന് ഉപയുക്തമാക്കുവാനുള്ള അളവുജലം കുറവാണെന്നാണ് ഇതേസംബന്ധിച്ച് നടന്നിട്ടുള്ള പ്രാഥമിക സർവ്വേയിൽ നിന്നും വ്യക്തമാക്കുന്നത്. എന്നാൽ കുടിവെള്ളത്തിന് വേണ്ടി ഭൂഗർഭജലം പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. മൂന്നു കുഴൽക്കിണറുകളുള്ളതിൽ രണ്ടെണ്ണത്തിലെ വെള്ളം കുടിവെള്ളത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ മേഖലയിൽ കുറെക്കൂടി വിശദമായ പഠനം നടത്തിയാൽ മാത്രമേ ഇതിനുള്ള സാധ്യത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഹാൻറ് പമ്പുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 11 കുഴൽക്കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. അതിൻെറ വാർഡുതിരിച്ചുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | പമ്പുകളുടെ എണ്ണം |
|---|---|
| I | Nil |
| II | 2 |
| III | 3 |
| IV | Nil |
| V | 1 |
| VI | 2 |
| VII | 1 |
| VIII | 1 |
| IX | 1 |

**കനാലുകൾ:**

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൻെറ പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. മലങ്കര ഡാമിൽ നിന്നുള്ള ഇടതുകര കനാൽ കൂത്താട്ടുകുളം പഞ്ചായത്തിൽ നിന്നും കിഴക്കൊമ്പ് തുരങ്കം വഴി കാച്ചിറത്താഴത്തേക്ക് വന്നിട്ടുണ്ട്. അവിടെ നിന്നും വാർഡ് I, II എന്നിവ കടന്ന് പടിഞ്ഞാറോട്ട് ആറ്, ഏഴ് വാർഡുകൾ കടന്ന് പിറവം, കക്കാട് ഡിസ്ട്രിബ്യൂട്ടറുകളായി പിരിഞ്ഞ് പിറവം പഞ്ചായത്ത് അതിർത്തിയിലേക്ക് കടക്കുന്നു. തുരങ്കത്തിൽ നിന്ന് പ്രധാന കനാൽ മുത്തലപുരം ഭാഗത്തുകൂടി ഒന്നാം വാർഡു കടന്ന് കോട്ടയം ജില്ലയിലേക്കു പോകുന്നു. പ്രസ്തുത പ്രധാന കനാലിൽ നിന്നും നാലാം വാർഡിലൂടെ സബ് കനാൽ മരങ്ങോലി ഭാഗത്തേക്കു പോകുന്നു.

നിലവിൽ പ്രധാന കനാലിൻെറയും സബ് കനാലുകളുടെയും പണി ഭാഗികമായി നടന്നുവരുന്നു. ഈ കനാൽപണി ലക്ഷ്യത്തിനനുസരിച്ച് പൂർത്തിയാക്കുകയും ജലവിതരണം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തിൻെറ ഏറ്റവും വലിയ പ്രശ്നമായ ജലദൗർലഭ്യം പരിഹരിക്കപ്പെടും. വൻകിടപദ്ധതികൾ ദീർഘകാലപദ്ധതികൾ ആയിക്കൊണ്ടിരിക്കുന്നതിനാൽ ലക്ഷ്യപ്രാപ്തിയിൽ വിദൂരമാണ്. ഈ പദ്ധതി ചില പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്.

1) കനാൽ കുഴിക്കുന്ന മണ്ണ് നിലം നികത്തുന്നതിന് വേണ്ടി വ്യാപകമായി ഉപയോഗിക്കുന്നു.

2) ഈ പ്രവണത ചുരുക്കം ചില പ്രദേശങ്ങളിൽ നീർക്കെട്ടുണ്ടാക്കുന്നതിന് കാരണമാകുന്നു.

3) പണിപൂർത്തിയാക്കാത്ത കനാലുകളിൽ കെട്ടിനിൽക്കുന്ന ജലം പൊട്ടിയൊഴുകി കൃഷിനാശത്തിനും കാരണമാകുന്നു.

# ജനപ്രകൃതി (മനുഷ്യവിഭവം)

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 16576 ജനങ്ങളാണ് ഉള്ളത്. അതിൽ പുരുഷൻമാർ 8226 ഉം സ്ത്രീകൾ 8350 ഉം ആകുന്നു. ജനസാന്ദ്രത 562 ആണ്. സംസ്ഥാന ജനസാന്ദ്രതയായ 749 നേക്കാൾ കുറവാണിത്. ആൺപെൺ അനുപാതം ആയിരം പുരുഷൻമാർക്ക് 1015 സ്ത്രീകളാണ് (സംസ്ഥാനാനുപാതം 1000 പുരുഷൻമാർക്ക് 1036 സ്ത്രീകളാണ്. എന്നാൽ 6 വയസ്സിൽ താഴെയുള്ള ആൺ-പെൺ വ്യത്യാസം തിരിച്ചാണ്. 874 ആൺകുട്ടികളും 854 പെൺകുട്ടികളും ആണ് ഉള്ളത്.

വാർഡ് തിരിച്ചുള്ള ജനസംഖ്യയുടെ പട്ടിക താഴെ കൊടുക്കുന്നു.

അവലംബം : 1991 ലെ കാനേഷുമാരി

| | | | | | പട്ടികജാതി | | സാക്ഷരത | |
|---|---|---|---|---|---|---|---|---|
| വാർഡ് | വീടുകളുടെ എണ്ണം | മൊത്തം ജനസംഖ്യ | പുരു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| I | 354 | 1866 | 889 | 977 | 33 | 34 | 757 | 813 |
| II | 400 | 2029 | 1028 | 1001 | 10 | 17 | 868 | 820 |
| III | 340 | 1745 | 843 | 902 | 73 | 82 | 733 | 736 |
| IV | 350 | 1814 | 929 | 885 | 67 | 53 | 807 | 750 |
| V | 360 | 1867 | 926 | 941 | 22 | 21 | 801 | 781 |
| VI | 286 | 1615 | 817 | 798 | 34 | 27 | 693 | 658 |
| VII | 364 | 1801 | 881 | 920 | 51 | 66 | 759 | 763 |
| VIII | 378 | 1864 | 932 | 932 | 41 | 30 | 802 | 765 |
| IX | 377 | 1975 | 981 | 994 | 49 | 52 | 816 | 791 |
| Total | 3209 | 16576 | 8226 | 8350 | 385 | 382 | 7036 | 6977 |

### ജനസംഖ്യാ വർദ്ധനവ്:

കാനേഷുമാരി കണക്കനുസരിച്ച് 10 വർഷം കൊണ്ടുണ്ടായ വർദ്ധനവ് സംസ്ഥാന ശരാശരിയേക്കാൾ തുലോം കുറവാണ്. ഇത് കൂടുതൽ വിശകലനത്തിന് വിധേയമാക്കിയാൽ ഒരു വർഷത്തെ ജനനനിരക്ക് കഴിഞ്ഞ മൂന്നുവർഷത്തിന് ശരാശരി 200. ഒരു വർഷത്തെ മരണ നിരക്ക് ശരാശരി 100.

ജനസംഖ്യാ വർദ്ധനവ് 100.

10 വർഷത്തെ വർദ്ധനവ് 1000. കാനേഷുമാരി കണക്കിലെ വർദ്ധനവ് 614.

400 പേരോളം പഞ്ചായത്തിൽ 10 വർഷത്തിനിടയ്ക്ക് വിവിധ കാരണങ്ങളാൽ താമസം മാറി പോയതായി കണക്കാക്കാം.

പുരുഷൻമാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 54.74% ഉള്ളപ്പോൾ കാനേഷുമാരി കണക്കനുസരിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 12.6% മാത്രമാണ്. സ്ത്രീകളുടെ ഗാർഹിക തൊഴിലിനേയും കുടുംബവുമായി ബന്ധപ്പെട്ട പല ഉത്പാദന തൊഴിലുകളേയും കാനേഷുമാരി കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതൊരു കേവലം നിർവചനത്തിന് പ്രശ്നമായിമാത്രം തള്ളിക്കളയുവാനാവില്ല. ഉത്പാദനപരവും; വരുമാനദായകവുമായ തൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെടുന്നത് തുലോം കുറവാണെന്നുള്ളത് അതിന്റെ ഗൗരവത്തിൽ തന്നെ പരിഗണിക്കപ്പെടേണ്ടതാണ്. നമ്മുടെ തൊഴിൽ മേഖലകൾ പ്രധാനമായും കൃഷിയാണ്.

| വർഷം | ജനനം | മരണം |
|---|---|---|
| 93.94 | 201 | 97 |
| 94-95 | 203 | 101 |
| 95-96 | 208 | 95 |

അവലംബം: ദ്വിതീയ സ്ഥിതിവിവരക്കണക്ക് ആരോഗ്യവകുപ്പ്.

### വിദ്യാഭ്യാസ നിലവാരം:

ആറുവയസു കഴിഞ്ഞുള്ളവരുടെ കണക്കു നോക്കുമ്പോൾ 316 പുരുഷൻമാരും 719 സ്ത്രീകളും നിരക്ഷരരായി ഉണ്ട്. ഇത് യഥാക്രമം 95.70 % വും 90.53% വും ആണ്. പഞ്ചായത്തിലെ ആകെ സാക്ഷരതാ നിരക്ക് 93.11 % ആണ്.

### തൊഴിൽ മേഖല:

16,576 പേരിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 5731 പേരും ഭാഗികമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 332 പേരും ഉൾപ്പെടെ മൊത്തം തൊഴിലെടുക്കുന്നവരുടെ എണ്ണം 5563 ആണ്. ഇത് ആകെ ജനസംഖ്യയിൽ 31.56% വരും. സ്ത്രീകൾ തൊഴിലിൽ ഏർപ്പെടുന്നവർ യഥാക്രമം 916 ഉം 144 ഉം കൂടി ആകെ 1060 ആണ്. ഇത് മൊത്തം സ്ത്രീജനസംഖ്യയുടെ 12.6 % ആണ്. പുരുഷൻമാരിൽ തൊഴിൽ ചെയ്യുന്നവരുടെ ശതമാനം 54.74 ആണ്.

തൊഴിലെടുക്കുന്നവരുടെ വാർഡ് തിരിച്ചുള്ള പട്ടിക

അവലംബം: 1991 ലെ കാനേഷുമാരി

| വാർഡ് | മുഖ്യതൊഴിൽ | | ഭാഗികതൊഴിൽ | |
|---|---|---|---|---|
| | M | F | M | F |
| I | 388 | 145 | 61 | 22 |
| II | 583 | 121 | 1 | 2 |
| III | 433 | 88 | 30 | 56 |
| IV | 498 | 53 | 48 | 40 |
| V | 509 | 92 | - | - |
| VI | 387 | 93 | 39 | - |
| VII | 462 | 120 | 6 | 1 |
| VIII | 493 | 91 | 3 | 21 |
| IX | 562 | 113 | - | 2 |
| Total | 4315 | 916 | 188 | 144 |

# കൃഷി

**കാർഷികചരിത്രം:**

ഇലഞ്ഞി ഈനൂറ്റാണ്ടിൻെറ ആരംഭം മുതലേ കാർഷിക മേഖലയായിരുന്നു. ജനങ്ങൾ ഏതാണ്ട് പൂർണ്ണമായും കാർഷിക വൃത്തിയിലും അനുബന്ധ തൊഴിലുകളിലും ആയിരുന്നു ഏർപ്പെട്ടിരുന്നത്. റവന്യൂ സെറ്റിൽമെൻറ് രേഖകളനുസരിച്ച് ഇരുപതു ശതമാനത്തോളം സ്ഥലമേ കൃഷിക്ക് ഫലവത്തായി ഉപയോഗിച്ചിരുന്നുള്ളൂ. ഇതിൽ ഭക്ഷ്യവിളകൾമാത്ര മായിരുന്നു പ്രധാനം. നെല്ല്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ നാണ്യവിളകളായി പ്രധാനമായും കുരുമുളകും, തെങ്ങുമായിരുന്നു കൃഷിചെയ്തിരുന്നത്. പിന്നീട് പുൽത്തൈല കൃഷിയും കവുങ്ങും കൃഷിചെയ്തിരുന്നു.

ഇലഞ്ഞിയുടെ കാർഷിക ചരിത്രം പരിശോധിക്കുമ്പോൾ ഭൂപരിഷ്കരണത്തിന് മുമ്പും പിമ്പും ഉടമസ്ഥത പ്രധാനമായും ജൻമികളിലും ബാക്കി പണ്ടാരവകയിലും നിക്ഷിപ്തമായിരുന്നു. അന്നു കൃഷിക്കാരൻ പാട്ടം നെല്ലായി നൽകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. കൃഷിക്കാരൻെറ പണികൾ കൈവശഭൂമിയിൽ കർഷകത്തൊഴിലാളികളേയും പാർപ്പിച്ചു കൈവശം വച്ചുവന്നു. അവർക്ക് നെല്ലു് കൂലിയായി നല്കിക്കൊണ്ട്, തനിക്കു മാത്രം പണിയെടുപ്പിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. കൃഷി വിവിധ പ്രകൃതി സാഹചര്യങ്ങൾക്കനുസരിച്ച് ലാഭനഷ്ട വിധേയമായിരുന്നു. അതിനാൽ തന്നെ തൃപ്തികരമായ കൂലി നല്കാൻ തയ്യാറാകാത്ത സ്ഥിതിയുമുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ കർഷകത്തൊഴിലാളിയുടെ കുടുംബം മുഴുവൻ ഭക്ഷണത്തിനുവേണ്ടി മാത്രം തൻെറ മേലാളനു കീഴ്പ്പെട്ട് പണിയെടുക്കേണ്ടിവന്നത് അവരുടെ വിദ്യാഭ്യാസ മേഖലകളിലേക്കുള്ള പ്രവേശനത്തിനു തടസ്സമായിരുന്നു. ഇതവൻെറ സാമൂഹ്യ പദവി താഴ്ന്നതായി കാണുവാൻ ഇടയാക്കി.

എന്നാൽ ഭൂപരിഷ്കരണം ഈ അവസ്ഥയ്ക്കുള്ള മാറ്റത്തിനു നിദാനമായി കുടിയാന് ജൻമിയുടെ പണ്ടാരവക ഭൂമിയിൽ സ്വന്തം ഉടമസ്ഥതയിലേക്കു മാറിയതോടൊപ്പം കർഷകത്തൊഴിലാളികളായ കുടികിടപ്പുകാർക്കും സ്വന്തം കുടി സ്വന്തമായി ലഭിച്ചു. ഈ മാറ്റം കർഷക കുടിയാന് കൃഷി കൂടുതൽ ലാഭകരമായി നടത്താവുന്ന മേഖലകളിലേക്ക് വ്യാപിപ്പിക്കാനും നാണ്യവിള കൃഷിക്കും ഹരിത വിപ്ലവ സാധ്യതകളായ അത്യുത്പാദന ശേഷിയുള്ള വിത്ത് രാസവള പ്രയോഗത്തിനും സാധിച്ചത് കൃഷിയിൽ വളർച്ചയ്ക്കിടയാക്കി. ഇതുമൂലം മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കാനും സാധിച്ചു.

കർഷകത്തോഴിലാളി മേഖലയിൽ ഉണ്ടായ സ്വാതന്ത്ര്യം സ്വന്തം മുതലാളിക്കു മാത്രം പണിയെടുക്കുക എന്നതിൽനിന്നും കൂലി കൂടുതൽ ലഭിക്കുന്ന പണിയെടുക്കുക എന്ന സാധ്യതയിലേക്ക് മാറുവാൻ സാധിച്ചു. അധികകൂലി തൻെറ കുടുംബത്തിൻെറ വിദ്യാഭാസപരവും സാമ്പത്തികവും, സാമൂഹ്യവുമായ മേഖലകളിലേക്കുള്ള വളർച്ചയിലേക്കു് നയിക്കുവാനും ഇടയാക്കി.

വിളമാറ്റത്തിനും ഭൂപരിഷ്കരണം സ്വാധീനം ചെലുത്തിയിരുന്നു. വാരം എന്ന പാട്ടവ്യവസ്ഥയിലാണം കുടിയാൻമാർക്ക് ഭൂമി നല്കിയിരുന്നത്. ഈ വ്യവസ്ഥപ്രകാരം തെങ്ങ്, കുരുമുളക് തുടങ്ങിയ സ്ഥിര വിളകളുടെ കൃഷി ഇല്ലാതാകുകയും പണ്ടാരവക ഭൂമിയിൽ കുറെയൊക്കെ സ്ഥിരവിളകളുണ്ടാവുകയും ചെയ്തു.

അമ്പതുകളുടെ അവസാനത്തോടെ നിലവിൽ വന്ന കുടിയായ്മ നിയമം പാട്ടക്കുടിയാൻമാർക്ക് സംരക്ഷണം നൽകിയതോടെ പുരയിടങ്ങളിൽ തെങ്ങുനടാൻ തുടങ്ങി. 1971 ലെ ഭൂപരിഷ്കരണ നിയമം ഇതിനാക്കം കൂട്ടി. തേങ്ങയ്ക്കും കുരുമുളകിനും താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയിരുന്നതിനാൽ തെങ്ങു കൃഷിയെ നെൽകൃഷിയേക്കാൾ ലാഭകരമായി തീർന്നത് ഈ പ്രക്രിയയ്ക്ക് പ്രോത്സാഹ ജനകമായി.

കാർഷിക മേഖലയിൽ ഭക്ഷ്യവിളകളിൽനിന്ന് ദീർഘകാല നാണ്യ വിളകളിലേക്കുള്ള ഈ മാറ്റം ആദ്യകാലത്ത് തെങ്ങ്, കുരുമുളക്, കവുങ്ങ്, ഇടവിളകൾ എന്ന ക്രമം പിന്നീട് റബ്ബർ കൃഷിയിലേക്കുമാറി. ഈ മാറ്റം അനഭിലഷണീയമായ പല പ്രവണതകൾക്കും ഇടയാക്കിയിട്ടുണ്ട്. കൂടുതൽ സമയവും ശ്രദ്ധയും പരിചരണവും കായികാദ്ധ്വാനവും ആവശ്യമായിരുന്ന ഹ്രസ്വകാലഭക്ഷ്യവിളകൾ കർഷകനും, കർഷക തൊഴിലളിക്കും വർഷം മുഴുവൻ തൊഴിൽ നൽകിയിരുന്നു. അദ്ധ്വാന ലഭ്യത കുറഞ്ഞ ഘട്ടങ്ങളിൽ കുടിപ്പണി എന്ന സഹകരണാടിസ്ഥാനത്തിലുള്ള അദ്ധ്വാനവും ചെയ്തിരുന്നു. എന്നാൽ ഭക്ഷ്യവിളകളിൽ നിന്നും റബ്ബർ കൃഷിയിലേക്കു മാറിയപ്പോൾ നടീൽ വർഷം കഴിഞ്ഞാൽ അദ്ധ്വാനം നാമമാത്രമായി. ഇത് കർഷകൻെറ കായികാദ്ധ്വാനം ആവശ്യമില്ലാതാക്കുകയും കർഷക തൊഴിലാളിയെ കാർഷിക മേഖലയിൽ നിന്നും കാർഷികേതര മേഖലകളിലേക്ക് തിരിയാനിടവരുത്തുകയും ചെയ്തു. റബ്ബർ കൃഷിയിൽ ടാപ്പിംഗ് രംഗത്ത് ഹെക്ടറിന് ഒരാളുടെ സേവനത്തിലേക്ക് ഒതുങ്ങി. ഈ മേഖലയിലാണെങ്കിലും ചെറുകിട പരിമിത നാമമാത്ര കർഷകർവരെ സ്വന്തം അദ്ധ്വാനം വിനിയോഗിക്കാതെ തൊഴിലാളികളെ വയ്ക്കുകയും കർഷകൻ കാർഷികാദ്ധ്വനത്തിൽ അന്യവത്ക്കരിക്കപ്പെടുകയും ചെയ്തു. തൊഴിലിനോട് ആഭിമുഖ്യം പുലർത്തിയിരുന്ന നാം ആ തൊഴിൽ സംസ്കാരത്തിൽ നിന്നും ഒഴിവായത് പല സാംസ്കാരിക ജീർണ്ണതകൾക്കും ഉപഭോഗ സംസ്കാരവളർചയ്ക്കും കാരണമായി. ഈ അദ്ധ്വന സമയലാഭം മറ്റുത്പാദനമേഖലകളിലേക്ക് തിരിച്ചുവിടാനുള്ള സാധ്യത നാടിൻെറ സാമ്പത്തിക സുസ്ഥിരതയ്ക്ക് ആവശ്യമാണ്. കാർഷിക മേഖലയിലെ മേൽപ്പറഞ്ഞ മാറ്റം തൊഴിലവസരങ്ങൾ കുറാനിടയാക്കി. അതൊടെ കർഷക തൊഴിലാളികൾ കാർഷികേതര മേഖലയിലേക്ക് തിരിയുകയും സംഘടിത ശേഷിയിലൂടെ വർദ്ധിച്ച കൂലിയും മറ്റവകാശങ്ങളും നേടിയെടുക്കുകയും ചെയ്തു. ഇത് കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറയുന്നതിനും, കൂലി വർദ്ധനയ്ക്കും ഇടയാക്കി.വർദ്ധിച്ച കൂലിച്ചെലവും, മറ്റുത്പാദനോപാധികളുടെ ചെലവിൽ വന്ന വർദ്ധനവും ഭക്ഷ്യവിള ഉത്പാദനം ലാഭകരമല്ലാതാക്കി. ഉത്പന്നത്തിൻെറ അളവിനനുസരിച്ച് ഉത്പന്നം തന്നെ പ്രതിഫലം കൊടുത്തിരുന്ന സ്ഥാനത്ത് കൂലി കൊടുത്ത് ചെയ്യിക്കേണ്ട സ്ഥിതി വിശേഷമുണ്ട്. ഈ സാഹചര്യം നെൽപാടം തരിശിടുന്നതിനും കരിമ്പ്, തെങ്ങ്, കൊക്കോ, കവുങ്ങ്, റബ്ബർ, എണ്ണപ്പന മുതലായ കൃഷിയിനങ്ങളിലേക്ക് മാറേണ്ട സ്ഥിതിയും ഉണ്ടാക്കി. ഈ വ്യതിയാനം ഭക്ഷ്യക്ഷാമത്തിനും കാരണമായിക്കൊണ്ടിരിക്കുകയാണ്.

ജനസാന്ദ്രതാവളർച്ചയും ഗൃഹസാന്ദ്രതാവളർച്ചയും, കൃഷിയും സാരമായ വളർച്ചയ്ക്ക് ഇടയാക്കിയി

ട്ടുണ്ട്. ഇത് തുണ്ടുവത്കരണത്തിനും, കൃഷി ലാഭകരമല്ലാത്ത അവസ്ഥയ്ക്കും ഇടയാക്കി. ഇത് മറ്റുമേഖലകളിലേക്ക് കർഷകർ തിരിയുന്നതിനും കൃഷിയോടുള്ള താത്പര്യം കുറയുന്നതിനും കാരണമായി.

**കൈവശഭൂമി വിവരങ്ങൾ**

| ഭൂവിസ്തൃതി | ഉടമസ്ഥരുടെ എണ്ണം |
|---|---|
| 1 - 10 സെൻറ് | 1260 |
| 10 - 25 സെൻറ് | 1250 |
| 25 - 50 സെൻറ് | 1000 |
| 50 - 100 സെൻറ് | 1552 |
| 100 - 200 സെൻറ് | 1428 |
| 200 - 500 സെൻറ് | 645 |
| 500 സെൻറിനു മുകളിൽ | 220 |
| ആകെ | 7405 |

ഉടമകളുണ്ടെങ്കിലും കുടുംബങ്ങൾ 3209 മാത്രമാണ്.

**കാർഷികമേഖലയിലെ പങ്കാളിത്തം.**

| | പു | സ്ത്രീ | ആകെ |
|---|---|---|---|
| 1. കൃഷിക്കാരുടെ എണ്ണം | 1580 | 31 | 1611 |
| 2. കർഷകത്തൊഴിലാളികളുടെ എണ്ണം | 1025 | 474 | 1499 |
| 3. തോട്ടം തൊഴിൽ മൃഗസംരക്ഷണം മുതലായ രംഗങ്ങളിലുള്ള അനുബന്ധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർ | 606 | 35 | 641 |
| ആകെ | 3211 | 540 | 3751 |

കാർഷിക മേഖലയിലെ തൊഴിൽ പങ്കാളിത്തം കാനേഷുമാരി കണക്കനുസരിച്ച് കൃഷിക്കാർ 1611ഉം കർഷകത്തൊഴിലാളികൾ 1499 ഉം മൃഗസംരക്ഷണം, തോട്ടംതൊഴിൽ മേഖലയിൽ 641 ഉം ആണ് . അതായത് മൊത്തം ജനസംഖ്യയുടെ 22.6%. ഇതിൽ നമ്മുടെ നാട്ടിലെ കർഷകരുടെ തൊഴിൽ ദിനങ്ങൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാവുന്നത് പൂർണ്ണമായ തൊഴിലിൽ ഏർപ്പെടുവാനും വിളക്രമം അവസരമൊരുക്കുന്നില്ല എന്നാണ്. റബ്ബർ ടാപ്പിംഗിൽ ഏർപ്പെടുന്ന കർഷകരൊഴികെയുള്ളവർക്ക് പൂർണ്ണമായും കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല. ഇവരുടെ തൊഴിൽ രഹിത ദിനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തിയാൽ അതും ഹ്രസ്വകാല ഭക്ഷ്യവിളക്കൃഷിക്ക് മുതൽക്കൂട്ടായിരിക്കും.

50% കർഷകരുടെ കാർഷിക വരുമാനം വളരെ തുച്ഛമാണ്. ഇവരുടെ വരുമാനത്തിന്റെ പകുതിയിലും താഴെ മാത്രമാണ് കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്നത്. കൃഷി മുഖ്യവരുമാനം അല്ലാത്തതിനാൽ കാർഷികോത്പാദന വർദ്ധനയിൽ ഇവർക്കു വലിയ താത്പര്യമില്ല.

50 % കർഷകരുടെയും വരുമാനം കൃഷിയിൽ നിന്നാണ്. എന്നാൽ അവരുടെ വരുമാനത്തിന്റെ ഗണ്യ ഭാഗവും റബ്ബർ കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാലിവരുടെ കൈവശത്തിലാണ് മിക്കവാറും എല്ലാ നെൽപ്പാടങ്ങളും താഴ്വരകളിലെ തെങ്ങ്, കുരുമുളക്, ഇടവിളക്കൃഷിയിടങ്ങളും. ഇവയിൽ കൃഷിചെയ്യുന്നതിന് കൂടുതൽ കായികാദ്ധ്വാനവും തൊഴിൽ ദിനങ്ങളും ചെലവഴിക്കപ്പെടേണ്ടതിനാലും കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്തതിനാലും, ഉള്ളവരുടെ വർദ്ധച്ച കൂലിയും മറ്റു കൃഷി പരിചരണ ചെലവുകൾ കൂടിയതിനാലും ഹ്രസ്വകാല ഭക്ഷ്യ വിളകളോ പച്ചക്കറിയോ കൃഷിചെയ്യുന്നതിന് ഈ വിഭാഗം കർഷകരിൽ താത്പര്യമില്ല.

ഈ പഞ്ചായത്തിൽ തന്നെ പെരുമ്പടവം, ആലപുരം തുടങ്ങിയ നെൽപ്പാടങ്ങളിൽ രണ്ടാംകൃഷി വിളവെടുപ്പുകഴിഞ്ഞാൽ കെ.എച്ച്.ഡി.പി. സഹായത്തോടെ പച്ചക്കറിക്കൃഷിക്ക് ഉപയുക്തമാക്കി നല്ല വിളവ് എടുക്കുന്ന ചെറുകിട ഇടത്തരം കർഷകരുണ്ട്. എന്നാൽ വേനൽക്കാല പച്ചക്കറികൾക്ക് വിപണന മേഖലയിലെ പ്രതിസന്ധി ഈ മേഖലയുടെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള കൃഷി കൂടുതലും പാട്ടവ്യവസ്ഥയിലാണ് നടത്തപ്പെടുന്നത്. പാട്ടനിരക്ക് കൂടിയ അളവിൽ ആയിക്കൊണ്ടിരിക്കുന്നതും ഇതിന്റെ വർദ്ധനവിനെ തടയുന്നു. ജലസേചന സൗകര്യംനൽകുകയാണെങ്കിൽ മറ്റുനെൽപ്പാടങ്ങളിൽ ഈ കൃഷി വ്യാപകമാക്കാവുന്നതാണ്.

**(എ) നിലവിലുള്ളജലസേചന സൗകര്യങ്ങൾ:**

**പമ്പ്സെറ്റുകൾ**

| | | |
|---|---|---|
| (i) | ഇലക്ട്രിക് | 130 എണ്ണം |
| | ഡീസൽ | 15 |
| (ii) | ആകെ | 145 എണ്ണം |

**സി.എസ്.എസിൽ സഹായം ലഭിച്ച പമ്പുസെറ്റുകൾ**

| | | | |
|---|---|---|---|
| (i) | ഇലക്ട്രിക് | 3 H.P | 130 എണ്ണം |
| | | 1.5 H.P | 112 " |
| | | | 118 |
| (ii) | ഡീസൽ | 3. H.P - | 3 |
| | | 2. H.P - | 5 |
| ആകെ | | | 126 എണ്ണം |

നിലവിലുള്ള കാർഷികോപകരണങ്ങൾ

| | |
|---|---|
| ട്രാക്ടർ | 1 എണ്ണം |
| ടില്ലർ | 8 എണ്ണം |
| മരുന്നുതളി ഉപകരണങ്ങൾ | |
| റോക്കർ സ്പ്രേയർ | 100 എണ്ണം |
| നാപ്സ്റ്റാക്ക് | 300 എണ്ണം |
| മറ്റുള്ളവ | 200 എണ്ണം |
| മെതിയന്ത്രം | 1 എണ്ണം |

(അവലംബം : ഇലഞ്ഞികൃഷിഭവൻ റിപ്പോർട്ട്)

**ഉത്പാദന ക്ഷമത**

നമ്മുടെ ഉത്പാദനക്ഷമത പരിശോധിച്ചാൽ ഒരു മുഖ്യവിളയായ തെങ്ങ് വളരെ ശോചനീയാവസ്ഥയിലാണെന്ന് കാണാവുന്നതാണ്. ഒരു തെങ്ങിന് സംസ്ഥാന ശരാശരി ഉത്പാദനം 38 തേങ്ങയുള്ളപ്പോൾ 20 തേങ്ങ മാത്രമാണ് ഇവിടെ ശരാശരി ഉത്പാദനം. ഈ ഉത്പാദന തകർച്ചയ്ക്ക് വിവിധ കാരണങ്ങളുള്ളതിൽ പ്രധാനമായും കാറ്റുവീഴ്ചയും അതിൽ നിന്നും ഈ മേഖലയിലെ കർഷകനുണ്ടായ മാനസിക നൈരാശ്യവുമാണ് ഉയർന്ന ഉത്പാദനക്ഷമതയുണ്ടായിരുന്നവയിൽ ഈ രോഗം മൂലം വളരെ ഏറെ തെങ്ങുകൾ നശിച്ചുപോവുകയും കർഷകന്റെ വരുമാനം

| വിള വിസ്തീർണ്ണവും ഉത്പാദനവും ഉത്പാദനക്ഷമതയും. | | | | | | |
|---|---|---|---|---|---|---|
| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉത്പാദനം | ഉല്പാദന ക്ഷമത | സംസ്ഥാന ശരാശരി | ആളോഹരി ഉത്പാദനം | |
| | | | | | പഞ്ചായത്ത് | സംസ്ഥാനം |
| നെല്ല് 1 ാം വിള | 250 ടൺ | 750 ടൺ | 1500 Kg./H | 1750 Kg./H | 45 Kg. | |
| നെല്ല് 2 ാം വിള | 150 | | | | | |
| പയർ | 75 | 37.5 " | 500 Kg/H | | 2.262 Kg. | |
| എള്ള് | 30 | 6.6 " | 220 Kg/H | | 1.32 Kg | |
| പച്ചക്കറികൾ | 250 | - | - | | - | |
| വാഴ | 55 | 412.5 " | 7.5 ടൺ | | 24.80 Kg | |
| തെങ്ങ് | 400 | 1600000 എണ്ണം | 400 എണ്ണം | 7600 എണ്ണം | 96 എണ്ണം | |
| മരച്ചീനി | 60 | 1110 ടൺ | 18.5 എണ്ണം | | 67 Kg | |
| കുരുമുളക് | 30 | 7.5 ടൺ | 0.25 | | 452. grm | |

തീർത്തും കുറയുകയും ചെയ്തപ്പോൾ തെങ്ങിനിടയിൽ റബ്ബർ വയ്ക്കുകയും അവശേഷിച്ച തെങ്ങുകളെ പരിചരണം നൽകാതെ അവഗണിക്കുകയും ചെയ്തു. ജലസേചനം നടത്തിവന്നിരുന്ന തെങ്ങുകൾ ജലസേചനം നടത്താതെയും, കൂമ്പുചീയൽ, മണ്ടപ്പുഴു എന്നിവയുടെ നിവാരണം നടത്താതെയും ശാസ്ത്രീയ വളപ്രയോഗങ്ങൾ ഉപേക്ഷിച്ചും കിട്ടുന്ന ആദായം എടുത്ത് തൃപ്തിപ്പെടുന്ന അവസ്ഥയിലേക്കുമാറി. തേങ്ങയിടുവാൻ തെങ്ങുകയറ്റത്തൊഴിലാളികളെ കിട്ടാനില്ലാത്തപ്പോൾ മണ്ടവെടിപ്പാക്കി കേടു നിവാരണനടപടികൾ സാദ്ധ്യമല്ലാത്ത അവസ്ഥയാണുണ്ടായത്. റബ്ബറിനിടയിലുള്ള തെങ്ങുകൾ സൂര്യപ്രകാശം ലഭിക്കാതെയും പരിചരണമില്ലാതെയും ഉത്പാദനക്ഷമത കുറയുവാൻ കാരണമാകുന്നു.

കവുങ്ങു കൃഷി ഇന്നിവിടെ പാടം നികത്തി ചെയ്യുന്ന ഒരു വിളയായി മാറിയിരിക്കുകയാണ്. അടയ്ക്കായുടെ വിലവർദ്ധനവുതന്നെ ഇതിൻെറ പ്രധാന കാരണം. പുരയിടകൃഷിയിൽ ഉണ്ടായിരുന്ന കവുങ്ങുകളും റബ്ബർകൃഷിക്ക് വഴി മാറിക്കൊടുത്തു.

നെല്ലിൻെറ ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ഹെക്ടറിന് 1500 കി.ഗ്രാം (സംസ്ഥാന ശരാശരി 1750 കി.ഗ്രാം) നെൽകൃഷിയിടങ്ങളിൽ ഭൂരിഭാഗവും വൻകിട ചെറുകിട കർഷകരുടെ ഉടമസ്ഥതയിലാണം. ഇവർക്ക് റബ്ബർ കൃഷിയിൽ നിന്നും സാമാന്യം തൃപ്തികരമായി വരുമാനം ലഭിക്കുന്നതിനാൽ പ്രായോഗിക വൈഷമ്യങ്ങൾ കൂടിയിരിക്കുന്നതിനാലും, തൊഴിലാളികളെ കിട്ടാനില്ലാത്തതിനാലും, കൂലിച്ചെലവുകൾ വർദ്ധിച്ചതിനാലും പാടങ്ങൾ തരിശിടുന്നതിനിടയാക്കുന്നു. കൃഷിയിറക്കുനനതിന് കൂലിക്കാരുടെ ലഭ്യതക്കുറവുമൂലം കൃഷിപ്പണികളുടെ സമയത്തിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നത് കീടരോഗബാധകൾ വർദ്ധിക്കുന്നതിനും, ഉത്പാദനക്കുറവിനും ഇടയാക്കുന്നു. നെൽക്കൃഷിയിടങ്ങളിൽ ജൈവവള ഉപയോഗമില്ലായ്മയും അമ്ലാവസ്ഥ കൂടിയിരിക്കുന്ന വയലുകളിൽ കുമ്മായത്തിൻെറ ഉപയോഗക്കുറവും പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങളാണ്. വയലുകൾ കാനതീർത്ത് പൈനാപ്പിൾ, വാഴ, കപ്പകൃഷികൾക്ക് ഉപയോഗിക്കുന്നതും നെൽകൃഷി പ്രായേണ ലാഭകരമല്ലാത്തതിനാലാണ്. ഈ മേഖലയുടെ സ്ഥായിയായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന പദ്ധതികൾ ആവശ്യമാണ്.

പച്ചക്കറി, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ മുൻകാലങ്ങളിൽ മുഖ്യകൃഷിയായിരുന്ന പുരയിടങ്ങൾ മുഴുവൻതന്നെ ഇന്ന് റബ്ബർ കൃഷിയായി ഉപയോഗിക്കുകയാണ് ചെയ്യുന്നത് തെങ്ങിൻെറ ഇടവിളയായും നെൽകൃഷിക്കുശേഷമുള്ള സമയങ്ങളിൽ ജലലഭ്യതയുള്ള വയലുകളിലുമാണ് ഇന്ന് പ്രധാനമായും ഇവ കൃഷിചെയ്യപ്പെടുന്നത്. ഈ കൃഷിക്കും കായികാദ്ധ്വാനവും, മുഴുവൻ ശ്രദ്ധയും വിദഗ്ദ്ധ പരിചരണവും ആവശ്യമായതിനാൽ ഉയർന്ന വരുമാനമുള്ള ഭൂവുടമകൾ ഈ കൃഷിയിൽ ഏർപ്പെടുവാൻ വൈമുഖ്യം കാണിക്കുന്നു. ഈ കൃഷിയിൽ ഏർപ്പെടുന്നവർക്ക് എലിശല്യം ഗണ്യമായ നഷ്ടമുണ്ടാക്കുന്നതും മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗകൃഷി വ്യാപനത്തിന് തടസമാകുന്നു. കീട, രോഗബാധ വളരെ കൂടിയിരിക്കുന്നതും പച്ചക്കറികൃഷിയുടെയും പ്രശ്നമാണ്. താഴ്ന്ന വരുമാനക്കാരായ കൃഷുക്കാർക്കാവശ്യമായ കാർഷികോപകരണങ്ങളുടെ ലഭ്യതയില്ലായ്മയും ഉ്ണ്ട്.

റബ്ബർ തൈകളുടെ ലഭ്യതയ്ക്ക് ഈ പഞ്ചായത്തിൽ അഞ്ചോളം സ്വകാര്യ നഴ്സറികളുള്ളപ്പോൾ തെങ്ങ്, കവുങ്ങ് മുതലായ ഫലവൃക്ഷതൈകളോ പച്ചക്കറി വിത്തുകളോ ലഭിക്കാൻ യാതൊരു സാഹചര്യവും ഇല്ലായെന്നുള്ളതും ശ്രദ്ധേയമാണ്. കൃഷിവിഭവങ്ങൾ വഴി വരുന്ന നടീൽ വസ്തുക്കളുടെ വിതരണവും, മതിയായ പ്രചാരണത്തിൻെറ അഭാവം മൂലം ഫലവത്തായി നടക്കുന്നില്ല. വേണ്ട സമയത്ത് വിത്തുകൾ വിതരണം ചെയ്യുന്നില്ലെന്നുള്ളതും ഒരു കുറവാണ്.

നാണ്യവിള കൃഷിയിടങ്ങളും കാർഷകേതര ഭൂവിനിയോഗവും കുടിയിരിക്കുന്നതിനാൽ ഭക്ഷ്യവിള കൃഷിയിടത്തിൻെറ വിസ്തൃതിയും പരിമിതപ്പെടുന്നു.

| കാർഷികേതര ഭൂവിനിയോഗം | ഹെക്ടർ |
|---|---|
| (i) റോഡുകൾ: | |
| P.W.D റോഡുകൾ | 35 |
| പഞ്ചായത്തുറോഡുകൾ | 43 |
| പൊതു ഉപയോഗത്തിലുള്ളതും പഞ്ചായത്ത് ഏറ്റെടുക്കുന്നതുമായ വഴികൾ | 14 |
| (ii) തോടുകൾ: | 41 |
| (iii) കൃഷിയോഗ്യമല്ലാത്ത തരിശ് കുളം etc. | 2 |
| (iv) കെട്ടിടങ്ങൾ (4613 എണ്ണം, മൈതാനങ്ങൾ) | 90 |
| ആകെ | 225 |

ഭൂവിനിയോഗത്തിൻെറ അടിസ്ഥാനത്തിൽ നമുക്ക് ഈ നിഗമനത്തിലെത്താം.

1. ഭക്ഷ്യവിളകളുടെ ഉത്പാദനത്തിനും പരമാവധി ഉപയോഗിക്കാവുന്ന ഭൂമി മൊത്തം ഭൂമിയുടെ 17.74% മാത്രമാണ്.
2. ഭക്ഷ്യവിള ഉത്പാദനത്തിൽ ബോധപൂർവ്വമായ സമീപനവും അവയ്ക്കാവശ്യമായ പ്രായോഗിക നടപടികളും
3. പാടങ്ങൾ നികത്തുന്നതും ഭക്ഷ്യവിളയെ അവഗണിച്ചുള്ള നാണ്യവിള വ്യാപനവും ഉളവാക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

പഞ്ചായത്തിൽ സഹകരണമേഖലയിൽ നാലു രാസവള വിൽപ്പന കേന്ദ്രങ്ങളും സ്വകാര്യമേഖലയിൽ രണ്ടു കേന്ദ്രങ്ങളുമുണ്ട്. എന്നാൽ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗവും, അമ്ലനിവാരണനടപടികളും നടത്തുന്നില്ല. ജൈവവള ഉപയോഗം ആവശ്യമുള്ളതിൻെറ മൂന്നിലൊന്നും.

### രാസവളകീടനാശിനി ഉപയോഗത്തിൻെറ കണക്ക്

| ക്ര.നം. സ്ഥാപനത്തിൻെറ പേര് | 199394 | | | 199495 | | | 199596 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി ഖരം കി | ദ്രാവകം ലി. | രാസവളം Kg. | കീടനാശിനി ഖരം കി. | ദ്രാവകം ലി | രാസവളം Kg | കീടനാശിനി ഖരം കി. | ദ്രാവകം ലി. |
| 1. ടി. ജോസഫ് മാനുവർ ഡീലർ ഇലഞ്ഞി | 174710 | 3001 | 2659 | 295474 | 1350/60 | 1601 | 268225 | 97540/60 | 2965 |
| 2. ക്യാപ്റ്റൻ വി.എ. പോൾ, ഫാക്ട് ഡിലർ ആലപുരം | 112600 | 295.00 | 160.00 | 151340 | 310.00 | 280.00 | 137625 | 140.00 | 160.00 |
| 3. മുത്തലപുരം സർവീസ് സഹകരണ ഡിലർ ആലപുരംബാങ്ക് 140 (നാല് ഡിപ്പോകൾ) | 535650 | 1575 | 8.00 | 558145 | 2156.00 | 43500 | 487865 | 3551 | 41 |

വിദഗ്ദ്ധ കർഷകത്തൊഴിലാളികളുടെ അഭാവം റബ്ബർ ടാപ്പിംഗ് രംഗത്ത് തെങ്ങുകയറ്റം മേഖലയിലും ഉണ്ട്. എങ്കിലും ഇതിനുള്ള നൂതനസാങ്കേതിക പരിശീലനമോ, ഉപകരണങ്ങളോ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

കാർഷിക തൊഴിലാളികളുടെ വേതന നിലവാരം ഇപ്രകാരമാണ്. ഭക്ഷണമില്ലാതെ പുരുഷൻമാർക്ക് 90 ഉം 100 ഉം രൂപയും ഭക്ഷണത്തോടുകൂടി 75 – 80 രൂപയും, സ്ത്രീകൾക്ക് 70 – 80 രൂപയും, 55 – 60 രൂപവീതം യഥാക്രമവും ദിവസക്കൂലിയായി ലഭിക്കുന്നുണ്ട്.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും.

നിലവിൽ കാർഷികോത്പന്നങ്ങളുടെ വിപണന രംഗത്ത് സഹകരണസ്ഥാപനങ്ങൾ നടത്തുന്ന സേവനം പ്രധാനമായും റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും (മോനിപ്പിള്ളി) റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളും മാത്രമാണുള്ളത്. റബ്ബർ ഷീറ്റ് വിപണനത്തിന് മോനിപ്പിള്ളി സൊസൈറ്റിയുടെ ഒരു ഡിപ്പോയും, ആർ. പി. എസിൻെറ റബ്ബർപാൽ സംഭരണ കേന്ദ്രങ്ങളുമാണുള്ളത്.

ഇവയുടെ പ്രവർത്തനം മൊത്തം മേഖലയുടെ 10% ത്തിലേക്ക് പോലും വ്യാപിച്ചിട്ടില്ല. കച്ചവടചൂഷണത്തിന് വിധേയമായി മാത്രമാണ് മറ്റെല്ലാ വിളകളുടെയും വിപണനം നടക്കുന്നത്.

**കാർഷിക മേഖലയിൽ-മുടക്കുന്ന മൂലധനം-വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും**

**95-96**

| | | | | |
|---|---|---|---|---|
| 47% | ദേശസാൽകൃത ബാങ്കുകൾ | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | A/Cs 357 | 4441474 |
| 33% | | യൂണിയൻ ബാങ്ക് | 148 | 5446000 |
| 62% | ഷെഡ്യൂൾഡ് ബാങ്കുകൾ | ഫെഡറൽ ബാങ്ക് | 181<br>28<br>6 | 4069000 |
| | | | | 13926474 |

C.S.S. സ്കീം - ബ്ലോക്ക് Rs. 177529 ജലസേചന ഉപാധികൾക്കായി നൽകിയ സബ്സിഡി മാത്രം

ആകെ നമ്പർ - 126

| | |
|---|---|
| ജൈവവളം നിലവിൽ ലഭിക്കുന്നത് | 3500 Ton |
| ഹെക്ടർ ഒന്നിന് ലഭിക്കുന്നത് | 1300 Kg. |

ആവശ്യമുള്ള ജൈവവളത്തിന്റെ 30. 35% മാത്രമേ ലഭിയ്ക്കുന്നുള്ളു.

ഇന്ന് രാസവളവില വർദ്ധനമൂലം ചുരുക്കം കൃഷിക്കാരെങ്കിലും അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴികാഷ്ടം കിലോക്ക് 1.50 രൂപ മുതൽ 2 രൂപ വരെ നൽകി കൃഷിക്കുപയോഗിക്കുന്നുണ്ട്. പുറത്ത് നിന്ന് കൊണ്ടുവരുന്ന കോഴിവളർത്തിന്റെ ഗുണനില വാരം പലപ്പോഴും വളരെ മോശമാണ്. തൂക്കത്തിലും വളരെയേറെ കബളിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കുറഞ്ഞ മുതൽ മുടക്ക് പാഴായിപ്പോകുന്നു. ജൈവസസ്യവസ്തുക്കളും ചാണകവും മൂത്രവും ശേഖരിച്ച് കംബോസ്റ്റ് തയ്യാറാക്കുന്നതുവഴി കൃഷിക്കാവശ്യമായ ജൈവവളം ലഭ്യത രണ്ടുമടങ്ങ് വർദ്ധിപ്പിക്കാവുന്നതാണ്. അല്പം അദ്ധ്വാനവും കുറെ ശ്രദ്ധയും മാത്രമാണ് ഇതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നുള്ളു.

കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൻ വസ്തുക്കൾ

| | തെങ്ങ് | കുരുമുളക് | കവുങ്ങ് | കശുമാവ് |
|---|---|---|---|---|
| 1993-94 | 300 | 3000 | ഇല്ല | ഇല്ല |
| 94- 95 | 458 | 10000 | ഇല്ല | ഇല്ല |
| 95-96 | 531 | 3500 | 60 | ഇല്ല |
| | 1389 | 16500 | 60 | ഇല്ല |

### മണ്ണ് - ജലസംരക്ഷണം

ഭൂമിയുടെ ചരിവും ജലനിർഗ്ഗമന സ്വഭാവവും കണക്കിലെടുത്ത് പ്രാദേശിക സ്വഭാവമുള്ള ജലസംരക്ഷണ പരിപാലന മുറകളിലൂടെ മഴവെള്ളത്തിന്റെ കുത്തിയൊഴുക്ക് തടഞ്ഞുതട്ടുകളായി ജലസംരക്ഷണവും മണ്ണിലേക്കുള്ള നിർഗ്ഗമനവും ഉറപ്പുവരുത്തി മണ്ണ് സംരക്ഷണവും ജലവിനിയോഗവും സാധ്യമാക്കുന്നു. വിളവിന്യാസ പരിപാലന മുറകൾ പാലിക്കേണ്ടതത്യാവശ്യമാണ്. ഇതിനായുള്ള നീർമറി അടിസ്ഥാനമാക്കിയുള്ള കാർഷിക പദ്ധതി നടപ്പിലാക്കേണ്ടതാണ്.

1. ചരിവായ പ്രദേശങ്ങളിൽ ഭൂജലസംരക്ഷണവും
2. വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ ജലനീർഗ്ഗമനവും
3. ജലസാധ്യത കുറഞ്ഞസ്ഥലങ്ങളിൽ ജലസേചന സൗകര്യവും
4. ഫലപുഷ്ടി കുറഞ്ഞയിടങ്ങളുൽ ജൈവാംശം കൂട്ടുവാനും
5. ജലനിർഗ്ഗമന പാതയിലുടനീളം മണ്ണ് സംരക്ഷണവും ജലപരിപാലനവും വഴി മണ്ണൊലിപ്പിന്റെ ആക്കം കുറയ്ക്കാവുന്നതാണ്. ഇത് വഴി അധിക ജലവിഭവം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള വിള സംവിധാനവും പരിപാലനവും നടത്താവുന്നതാണ്. വേണ്ട നടപടികളാണാവശ്യം

### നെൽകൃഷിവികസനം

ഉത്പാദനക്ഷമതയിൽ കൃത്യമായ വർദ്ധനവ് കൈവരിക്കുന്നതിന് സാധ്യതയുള്ളതും ജലസേചന സൗകര്യമുള്ളതും നെൽകൃഷിക്കനുകൂലമായ സാഹചര്യമുള്ള മേഖലകളിൽ കൂട്ടായ്മയിലൂടെ കൃഷിചെലവ് കുറച്ചുകൊണ്ടുവരുന്നതിനും ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ വഴി നെൽകൃഷി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ആ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്നതാണ്.

1. അത്യുൽപാദനശേഷിയുള്ള വിത്തുകൾ പ്രാദേശികമായി ഉത്പാദിപ്പിച്ച് കലർപ്പില്ലാത്ത വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള സൗകര്യം.
2. കീടനിരീക്ഷണത്തിലും അതിന്റെ അടിസ്ഥാനത്തിലുള്ള സസ്യസംരക്ഷണത്തിനും സംവിധാനങ്ങൾ
3. യന്ത്രവൽക്കരണം വഴി കൂട്ടായ കർഷകപ്രവർത്തനത്തിലൂടെ കൂലിക്കാരുടെ അപര്യാപ്തത പരിഹരിക്കുവാനുള്ള സാധ്യത.
4. ജലസേചനസൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ ഫലവത്തായ നിയന്ത്രണവും സാധിക്കാനുള്ള സാദ്ധ്യത
5. ഒരുപ്പുനിലം ഇരുപ്പുവാക്കുന്നതിനും ഇരുപ്പു നിലങ്ങളിൽ മൂന്നാം വിളയായി പയറ്, പച്ചക്കറി, പച്ചില വളങ്ങൾ തുടങ്ങിയവയുടെ കൃഷി ഫലവത്തായി നടത്തുന്നതിനുള്ള സാദ്ധ്യത
6. അനുബന്ധ കൃഷിയായി ക്ഷീരോല്പാദനം, കോഴിവളർത്തൽ, മത്സ്യകൃഷി എന്നിവ സംയോജിപ്പിക്കാനുള്ള സാദ്ധ്യത
7. കൃഷിയോട് താല്പര്യം ഇല്ലാത്തവരുടെ ഭൂമിയും പൂർണ്ണമായും പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യത യുണ്ടാക്കാം.

### വിള സാന്ദ്രത വർദ്ധിപ്പിക്കൽ:

തെങ്ങ്, കമുങ്ങ്, കുരുമുളക് തുടങ്ങി വിളയുടെ കാര്യത്തിൽ വേണ്ടത്ര സാന്ദ്രത ഇല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ തൈകൾ വച്ച് പിടിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനവും പ്രചാരവും നല്കുക. അനുയോജ്യമായ ഇടവിള കൃഷിയിലൂടെ ഭൂമി കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണ്.

ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാം.

### വൃക്ഷവിളകളുടെ പുനരുദ്ധാരണം:

ഈ പഞ്ചായത്തിൽ രോഗംബാധിച്ച് ഉപത്പാദനക്ഷമത നശിച്ച തെങ്ങുകളേറെയുണ്ട്. ഉത്പാദനക്ഷമത കുറഞ്ഞവൃക്ഷങ്ങളുടെ പുനരധിവാസം ബാക്കിയുള്ളവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതാണ്. ജൈവസാങ്കേതങ്ങളിലധിഷ്ഠിതമായ ഭൂജലസംരക്ഷണം, സംയോജിത വളപ്രയോഗം, സസ്യ

സംരക്ഷണം എന്നിവയും ഗുണമേന്മയുള്ള ജനുസ്സ് വിത്തുകളുടെ ലഭ്യതയ്ക്ക് വേണ്ട നടപടികളും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

### പച്ചക്കറികൃഷി

കാർഷികമേഖല പഞ്ചായത്തായ ഇലഞ്ഞിയിൽ പോലും പുറം സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി, ലോറികളിൽ എത്തിച്ചു ഉപയോഗിക്കുന്ന അവസ്ഥ യിലേക്ക് നാം മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിന് വളരെയേറെ സാധ്യതകളും നമുക്കു ണ്ട്. നമ്മുടെ മൊത്തം ഭൂമിയുടെ പത്തുശതമാനത്തോളം പാടങ്ങൾ നമുക്കുള്ളതിൽ ഒന്നാം വിളമാത്രം ചെയ്യു ന്നതും, രണ്ടാം വിള ചെയ്യുന്നതുമായവയുണ്ട്. ഇവയിൽ ജലസാദ്ധ്യതയ്ക്കനുസൃതമായ ഹ്രസ്വകാല പച്ചക്കറി കളും, പയർ, മുതിര, എള്ള് ഹ്രസ്വകാല കിഴങ്ങ് വർഗ്ഗങ്ങളായ ചീനക്കിഴങ്ങ് മുതലായ കൃഷിവ്യാപ നവും പ്രയോജനകരമായി ചെയ്യാവുന്നതാണ്. തെങ്ങ്, കവുങ്ങ് എന്നിവയുടെ ഇടവിളയായി വാഴ, ചേന മുതലായവയും ഇവയുടെ കൂടെ ചീര, കാലിപ്പുല്ല് എന്നീ കൃഷിയും നടത്തി ത്രിതല കൃഷി സമ്പ്രദായവും വളരെ പ്രയോജനപ്പെടുത്താവുന്നതാണ്.

### നൂതനകൃഷി സംരംഭങ്ങൾ

കൂൺ കൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പൂകൃഷി മുതലായവ നമ്മുടെ വിവിധ വിളകളുടെ അനുബന്ധമായും ഇടവിളയായും ചെയ്ത് കുറഞ്ഞസ്ഥലം കൂടുതൽ പ്രയോജനകരമാക്കുവാനു ള്ള സാധ്യതയുള്ളവയുമാണ്.

നമ്മുടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിൽ ഇവിടെ പണ്ടുകാലം മുതൽ നിലനിന്നിരുന്ന കാവു കൾ ഒരു മുഖ്യ ഘടകമായിരുന്നു. നിരവധി സസ്യജ ന്തുവർഗ്ഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നു കാവുകൾ. ജീവിവർഗ്ഗങ്ങളിലെ സന്തുലിതാവസ്ഥ നിലനിർത്തു ന്നതിന് ഇവ പ്രയോജനകാരികളായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇവിടുന്നായിരുന്നു മുള്ളൻ പന്നി, കുരൻ, കുരങ്ങ്, മലമ്പാമ്പ്, പെരുംപാമ്പ്, കൃഷ്ണസർപ്പം തുടങ്ങിയവ ഇന്ന് അന്യം നിന്നുപോയിരിക്കുന്നു. അതുപോലെ ഉടുമ്പ്, വെരുക്, കുറുക്കൻ, കാട്ടുപൂച്ച, മരപ്പട്ടി, കാട്ടുകോഴി, പറയോന്ത്, മലമ്പുള്ള് തുടങ്ങിയവയും ഏതാണ്ട് നാശത്തിൻെറ വക്കിലാണ്. വളരെ സുലഭമായുണ്ടായിരുന്ന പല ഔഷധസസ്യ ങ്ങളും ഇന്നില്ലാതാകുകയോ, അപൂർവ്വമാകുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഔഷധകൃഷി പേരിനെങ്കിലും തുടങ്ങിയിരിക്കുന്നത് ഇതിനൊരു പരിഹാരമാണ്.

**K.H.D.P.** ( Kerala Horticulture Development Programme)

ഇലഞ്ഞിപഞ്ചായത്തിൽ 1996 ജൂൺ ഒന്നാം തിയതി യുടെ നേതൃത്വത്തിൽ ഒരു സംഘം രൂപി കരിച്ചു. ഈ സംഘം ഏഴു കർഷക ഗ്രൂപ്പുകളായാണ് പ്രവർത്തിക്കുന്നത്. ഓരോ ഗ്രൂപ്പിലും ഏഴംഗങ്ങളുള്ള ഭരണസമിതിയും മറ്റംഗങ്ങളും ഉൾപ്പെടുന്നു. ആകെ 192 അംഗങ്ങളാണുള്ളത്.

വിവിധ ഗ്രൂപ്പുകളുടെ ആസ്ഥാനങ്ങൾ

| | | |
|---|---|---|
| 2 ഗ്രൂപ്പ് | - | റേഷൻകടപ്പടി |
| 1 ഗ്രൂപ്പ് | - | പള്ളിപ്പടി |
| 1 ഗ്രൂപ്പ് | - | ചീപ്പുംപടി |
| 1 ഗ്രൂപ്പ് | - | മില്ലുംപടി |
| 1 ഗ്രൂപ്പ് | - | പെരുമ്പടവം |

ആകെ 65 പച്ചക്കറികൃഷിക്കാർക്ക് കാർഷിക വായ്പ ലഭ്യമാക്കുകയുണ്ടായി. സ്വന്തമായി 5 സെൻറ് സ്ഥലവും 50 സെൻറ് സ്ഥലത്ത് പച്ചക്കറികൃഷിയു മുള്ള കൃഷിക്കാർക്ക് 25000 രൂപ വരെ വായ്പ ലഭ്യമാക്കി. ചീപ്പുംപടിയിൽ ഒരുകീടനാശിനി വിപണന കേന്ദ്രം തുടങ്ങി. ഈ കേന്ദ്രത്തിൽ നിന്നും കൃഷിക്കാ ർക്ക് 5% വിലക്കുറവിന് കീടനാശിനികൾ ലഭ്യമാണ്. കൃഷിക്കാവശ്യമായ സ്പ്രെയറുകൾ വാടക്ക്ക്കു നൽകൽ, മാതൃകാ പ്രദർശന തോട്ടം, അനുഭവപഠന ക്ലാസ്, സെമിനാർ, നല്ലയിനം വിത്തു വിതരണം, കാർഷികോ ത്പന്ന വിപണനത്തിന് സഹായം ഇവയെല്ലാമാണ് മറ്റുപ്രധാന പ്രവർത്തനങ്ങൾ.

### പുഷ്പകൃഷി

കാർഷിക മേഖലയിൽ വളരെയേറെ സാധ്യതകളുള്ള ഒരു മേഖലയാണ് പുഷ്പകൃഷി. ആന്തൂറിയം, ഓർക്കിഡ്, മുല്ല എന്നീ പൂച്ചെടികൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുവാനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ചെയതുകൊടുത്താൽ തൊഴിലില്ലായ്മ പരിഹരിക്കു ന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വളരെ പ്രയോജനപ്രദമായിരിക്കും.

### ഔഷധസസ്യകൃഷി

ആയുർവേദ വൈദ്യശാസ്ത്രത്തിലെ ഏറ്റവും പ്രധാന ഘടകമാണ് ഔഷധസസ്യങ്ങൾ. ഇന്ന് ഭൂരിഭാഗം ജനങ്ങളും ആവശ്യമായ ഔഷധസസ്യങ്ങ ങ്ങൾ വിലയ്ക്ക് വാങ്ങുകയാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പുരാതന വൈദ്യൻമാരുടെ വീടു വിപുലമായ ഔഷധസസ്യശേഖരങ്ങളുണ്ട്. അത് തിരിച്ചറിഞ്ഞ് നടീൽ വസ്തുക്കൾ വികസിപ്പിച്ച്, നമുക്ക് എല്ലാ വീടുകളിലേക്കും ഇത് വ്യാപിപ്പിക്കാവുന്നതാണ്. വിപുലമായ തോതിൽ ഔഷധകൃഷി ആരംഭിച്ചാൽ അത് ഒരു തൊഴിലും വരുമാനമാർഗ്ഗവുമായി.

### കൂൺകൃഷി

വളരെ പ്രചാരത്തിലുള്ളതും എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഒട്ടും തന്നെ പ്രചാരം ലഭിക്കാത്തതുമായ ഒരു തൊഴിലാണ് കൂൺ കൃഷി. ഏറ്റവും ചുരുങ്ങിയ സ്ഥലലഭ്യത മതി എന്നതാണ് ഇതിൻെറ പ്രത്യേകത. സാങ്കേതികവിദ്യയും, വിത്തും, വിപണനത്തിനാവശ്യമായ മാർക്കറ്റും ലഭ്യമാക്കിയാൽ കൂൺകൃഷിക്ക് സാദ്ധ്യതകൾ ഏറെയാണ്.

### കാർഷികമേഖല നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ

പ്രകൃതിക്ഷോഭത്തിന് പലപ്പോഴും ഈ പഞ്ചായത്ത് വിധേയമാകാറുണ്ട്. കൊടുങ്കാറ്റും, വെള്ളപ്പൊക്കവും, വരൾച്ചയും മുഖ്യമായും ബാധിക്കു ന്നത് വൃക്ഷവിളകളെയാണ്. പുതിയ ഇനം ബഡ് റബ്ബറുകൾ വളരെയെളുപ്പത്തിൽ ഒടിയുവാനും, കടപുഴകുവാനും, കമ്പ് ഉരിയുവാനും കാറ്റ് ഇടയാ ക്കുന്നു. ഈ കൃഷിയുടെ നാശം ദീർഘകാലത്തേക്ക് വരുത്തുന്ന നഷ്ടം പരിഹാരമാർഗ്ഗങ്ങളില്ലാത്ത താണെന്നുള്ള പ്രത്യേകതയും ഉണ്ട്. തെങ്ങ്, കമുക് മുതലായവയ്ക്ക് പ്രകൃതിക്ഷോഭക്കെടുതികൾ മൂലമുണ്ടാകുന്ന നഷ്ടം താരതമ്യേന കുറവാണ്. എന്നാൽ ഹ്രസ്വകാല വിളകളായ വാഴ, നെല്ല് എന്നിവയെ ഇത് വളരെ ദോഷകരമായി ബാധിക്കുന്നു. വരൾച്ച എല്ലാ വിളകളെയും ഒരു പോലെ ബാധിക്കുന്നു. വിള ഇൻഷുറൻസ് പരിപാടികളിൽ പൊതുവെ കൃഷിക്കാർ ഇപ്പോഴും പങ്കാളികളാകുന്നില്ല. നാശനഷ്ടങ്ങൾക്ക് സർക്കാർ സഹായം ഒരു പരിഹാരമേ ആകുന്നില്ല. കഴിഞ്ഞ മൂന്നു വർഷങ്ങളി ലുണ്ടായ പ്രകൃതിക്ഷോഭങ്ങൾ കനത്ത നാശനഷ്ടമു ണ്ടാക്കിയിരുന്നു. ആയതിന് വിതരണം ചെയ്യപ്പെട്ട ദുരിതാശ്വാസ തുക സംബന്ധിച്ച പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

| വർഷം | വെള്ളപ്പൊക്കം | വരാംച്ച | കൊടുങ്കാറ്റ് | ഉരുംപൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993-94 | Yes | Yes | Yes | ഇല്ല | ഇല്ല | ഇല്ല |
| 1994-95 | Yes | ഇല്ല | Yes | ഇല്ല | 170 | 17269 |
| 1995-96 | Yes | ഇല്ല | Yes | ഇല്ല | 94 | 23750 |

മേൽപട്ടിക പരിശോധിച്ചാൽ പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങാംക്ക് അനുവദിച്ചു കിട്ടുന്ന തുക തീരെ അപര്യാപ്തമാണെന്നുകാണാം

കാർഷികമേഖലയുടെ പ്രധാനപ്രശ്നങ്ങളയി ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങാം.

1. വളപ്രയോഗം നടത്തുന്നതിനുമുമ്പ് മണ്ണുപരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല.
2. കൃഷിഭവൻ പഞ്ചായത്തിൻെറ ഒരു അതിരിൽ ആയത് മറ്റു പ്രദേശത്തുള്ളവർക്ക് അസൗകര്യം
3. നല്ലയിനം നടീൽ വസ്തുക്കാം ലഭ്യമല്ല.
4. വളം കീടനാശിനി എന്നിവയ്ക്ക് ചെലവു കൂടുതലാണ്.
5. പഞ്ചായത്തിൻെറ ചിലപ്രദേശങ്ങളിൽ രാസവളവിപണന സ്ഥാപനങ്ങാം ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുണ്ടാകും.
6. വിള ഇൻഷുറൻസ് പദ്ധതി സാർവർത്രികമാകുന്നില്ല.
7. ഹ്രസ്വകാലവിളകാംക്ക് ലളിതവും, പലിശകുറഞ്ഞതുമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് സാദ്ധ്യത കുറവാണ്.
8. കേരകൃഷി വികസനത്തിനും, വിപണനത്തിനും പ്രയോഗിക സഹായം ലഭിക്കുന്നില്ല.
9. റബ്ബർ കൃഷിക്ക് സാമ്പത്തിക സഹായം വളരെ പരിമിതമാണ്.
10. റബ്ബർ തൈകാംക്ക് വേണ്ട ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള സാദ്ധ്യതയില്ല.
11. വേണ്ടത്ര കർഷകത്തൊഴിലാളികളെ കിട്ടാനില്ല.
12. നെൽകൃഷി പ്രായേണ നഷ്ടമാണ്.
13. കള, രോഗനിവാരണം നെൽകൃഷിയിൽ ഫലവത്തായി നടത്തുവാൻ പറ്റുന്നില്ല.
14. ജലസേചന സാദ്ധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ പറ്റുന്നില്ല.
15. സ്ഥിരമായി കൃഷിചെയ്യാറുണ്ടായിരുന്ന പാടങ്ങാം തരിശിടുന്നു.
16. ഉത്പാദനക്ഷമത കുറഞ്ഞുവരുന്നു.
17. മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ഗണ്യമായുണ്ട്.
18. കാർഷിക യന്ത്രോപകരണങ്ങാം വേണ്ടത്ര കിട്ടാനില്ല.
19. കാർഷികോത്പന്ന വിലയ്ക്കനുസരിച്ച് തൊഴിലാളികളുടെ കൂലി നിരക്ക് താരതമ്യേന കൂടുതലാണ്. അവരുടെ സേവനനിലവാരമാകട്ടെ, കുറഞ്ഞു വരുന്നു.
20. കാർഷികോത്പന്നങ്ങാംക്ക് വില കുറവേ കിട്ടുന്നുള്ളു.
21. ഇടത്തട്ടുകാരുടെ ചൂഷണം കാർഷികോത്പന്ന വിപണനത്തിൽ നിലനിൽക്കുന്നു.
22. വിപണനരംഗത്ത് സഹകരണ സ്ഥാപനങ്ങാം ഫലവത്തായി പ്രവർത്തിക്കുന്നില്ല.
23. കൃഷിഭവനിൽ നിന്നുള്ള സേവനം വേണ്ടയളവിൽ ലഭിക്കുന്നില്ല.
24. കൃഷിഭവനിലെ പ്രവർത്തനങ്ങാം പൊതുജനം അറിയുവാൻ സംവിധാനമില്ല.
25. നിലവിലുള്ള ജലസേചന ഉപാധികാം വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല.
26. ഉത്പന്ന സംസ്കരണത്തിനുള്ള സൗകര്യം പഞ്ചയത്തിലില്ല.
27. നെൽപ്പാടങ്ങാം നികത്തപ്പെടുന്നു.
28. തെങ്ങു പുനരുദ്ധാരണ കൃഷി നടക്കുന്നില്ല.
29. പച്ചക്കറി വിപണന സൗകര്യം പ്രാദേശികമായി ഇല്ല.
30. വേനൽക്കാല പച്ചക്കറികാംക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല.
31. രോഗം, കീടബാധ കൂടുതലാണ്.
32. ശാസ്ത്രീയമായ രോഗകീടനിയന്ത്രണം നടത്തുന്നില്ല.
33. ജൈവവള ലഭ്യത കുറവാണ്.
34. കുരുമുളകു ചെടികാംക്ക് ദ്രുതവാട്ടം രണ്ടുവർഷമായി വളരെ കൂടുതലാണ്.
35. കാർഷികമേഖലയിലെ നൂതന കൃഷി സംരംഭങ്ങളായ പുഷ്പ കൃഷി, കൂൺ, ഔഷധ സസ്യകൃഷി, തേനീച്ച വളർത്തൽ മുതലായവ ഫലവത്തായി പ്രചരിച്ചിട്ടില്ല.
36. അശാസ്ത്രീയ കീടനാശിനിപ്രയോഗം ആരോഗ്യ പ്രശ്നങ്ങളുണ്ടാകുവാൻ ഇടയാക്കുന്നു.
37. രാസവളങ്ങളുടെയും കുമിാം കീട നാശിനികളുടെയും അശാസ്ത്രീയമായ ഉപയോഗം പരിസ്ഥിതി പ്രശ്നങ്ങാംക്ക് ഹേതുവാകുന്നു.
38. ട്രാക്ടർ ഇറക്കുന്നതിന് വഴിസൗകര്യമില്ലാത്ത പാടശേഖരങ്ങളുണ്ട്
39. തോടിൻെറ പാർശ്വഭിത്തികാം സംരക്ഷിക്കാത്തതുമൂലം കൃഷിനാശം സംഭവിക്കുന്നു.
40. വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം റബ്ബർ കൃഷിരംഗത്ത് പ്രശ്നം സൃഷ്ടിക്കുന്നു.
41. വിവിധ കർഷകസമിതികളുടെ പ്രവർത്തനത്തിൽ ഏകോപനമില്ലായ്മ മൂലം വിവിധ പ്രശ്നങ്ങളുണ്ടാകുന്നു.
42. എലി ശല്യം കൂടുതലാണ്.

**ഗ്രാമസഭയിലുന്നയിക്കപ്പെട്ട പരിഹാര സാദ്ധ്യതാ നിർദ്ദേശങ്ങൾ:**

1. മണ്ണ്-ജലസംരക്ഷണത്തിനായി നീർമറി പദ്ധതി നടപ്പാക്കുക

2. മണ്ണ് പരിശോധനാസൗകര്യം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കുകയും ശാസ്ത്രീയ വളപ്രയോഗത്തിനുള്ള ബോധവത്ക്കരണവും നടത്തുക.

3. അമ്ലാംശം കുറയ്ക്കന്നതിനുള്ള പ്രായോഗിക നടപടികളും ബോധന പരിപാടികളും നടപ്പാക്കുക.

4. മണ്ണിൻെറ ഫലപുഷ്ടി മെച്ചപ്പെടുത്തുന്നതിന് ജൈവവള പ്രയോഗം വർദ്ധിപ്പിക്കുകയും, അവയുടെ ലഭ്യതയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5. നെൽകൃഷിക്കും, തെങ്ങ്, ഇടവിള, പുഷ്പകൃഷി മുതലായവയ്ക്കും ആവശ്യമായ ജലസ്രോതസുകൾ നിർമ്മിക്കുവാനും, സംരക്ഷിക്കുവാനും ഉള്ള പദ്ധതികൾ ഗ്രാമസഭയുടെ അംഗീകാരത്തോടെ നടപ്പാക്കുക.

എ. ഇതിനാവശ്യമായ ജലസ്രോതസുകൾ (പട്ടിക) പുനരുദ്ധരിക്കുക.

| | |
|---|---|
| 1. മൂലച്ചിറക്കുളം | III |
| 2. പുത്തൻകുളം | III |
| 3. നെടുമാക്കൽ ചിറക്കുളം | IV |
| 4. പേണ്ടാനത്തുകുളം | IV |
| 5. മേനോലിക്കൽ കുളം | VI |
| 6. കാവിൽക്കുളം | VI |
| 7. എണ്ണയ്ക്കാപ്പിള്ളി കുളം | VII |
| 8. കുമരുങ്കാവുങ്കൽ കുളം | VII |
| 9. ചിറ്റാനിക്കാട്ടു ചിറേക്കുളം | VIII |
| 10. തകിടിക്കുളം | VIII |
| 11. പുതിയാറക്കുളം | VIII |
| 12. തൊല്ലം കുളം | IX |
| 13. മുട്ടാചിറാക്കുളം | IV |
| 14. ചിറപ്പുറത്തു കുളം | V |
| 15. കാരക്കട കുളം | VI |
| 16. കുന്നംകുളം | VII |
| 17. മണിമലക്കുളം | VIII |
| 18. മേന്താർ കുളം | VIII |
| 19. പൂതക്കുഴി കുളം | IX |
| 20. കരിങ്ങനാട്ടുകുളം | IX |

ബി. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സ്വകാര്യകുളങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കുളങ്ങൾ നിർമ്മിക്കുന്നതിനും ഗ്രാമസഭയിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

സി. **നിലവിലുള്ള ക്രോസ് ബാറുകൾ (ചീപ്)** പുനരുദ്ധരിക്കുന്നതിന് ഉണ്ടായ നിർദ്ദേശങ്ങൾ.

എ. നിലവിലുള്ള ക്രോസ് ബാറുകൾ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതിനാലും ലീസിംഗ് ചാനലുകൾ ഇല്ലാത്തതിനാലും പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല.

**പട്ടിക**

| | |
|---|---|
| 1. വെട്ടിയോടി | 2. പാലത്തിനാലൊടി |
| 3. താഴമറ്റം | 4. ചാഴക്കൽ |
| 5. ചന്ദനംകാല | 6. കാർനിലം |
| 7. താഴത്തുരുത്തിൽ | 8. വെളിയത്തുമാരിൽ |
| 9. ഇലഞ്ഞിവേലിച്ചിറ | 10. പെരുവേലി |
| 11. ആരിവേലിച്ചിറ | 12. പുത്തൻവേലിച്ചിറ |
| 13. പാലത്തിനാലൊടിബണ്ട്. | 14. കരുവേലിച്ചിറ |
| 15. പരവുമ്മൽതാഴംചീപ്പ് | 16. കാഞ്ഞിരത്തൊടി |
| 17. വാഴയ്ക്കാമറ്റം ക്രോസ്ബാർ | |

ബി. തോടിൻെറ പാർശ്വഭിത്തികൾ ദുർബലങ്ങളായതിനാൽ മഴക്കാലം നടപൊട്ടി കൃഷിനാശം ഉണ്ടാകുന്നു. അവ ബലപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ:

**പട്ടിക**

| | |
|---|---|
| 2-ാം വാർഡ് | കാച്ചിറ തോട്, മുത്തലപുരം തോടിൻെറ പാർശ്വം |
| 3-ാം വാർഡ് | മുത്തലപുരം, വെട്ടിയോടി, കാലാനിമറ്റം |
| 4-ാം വാർഡ് | മടുക്കത്തോടും, ആലപുരം, ഇലഞ്ഞി തോടും |
| 5-ാം വാർഡ് | ഇലഞ്ഞി തോട് |
| 6-ാം വാർഡ് | കൂർപാടം റോഡ് |
| 7-ാം വാർഡ് | ആനിവേലി കട്ടിമറ്റം, പൈങ്കുറ്റി, മാളിയേക്കാൽ, മേലുകാവ്, വാഴയ്ക്കാമറ്റം, ചന്ദനംകാല |

പാടശേഖരങ്ങളിൽ പലസ്ഥലത്തും വർഷം തോറും ആളുകൾ താത്കാലിക ചിറകൾ കെട്ടിയും തേക്കുകുട്ട ഉപയോഗിച്ചും ഡീസൽ എഞ്ചിനുകൾ വഴിയും ജലസേചനം നടത്തുന്നുണ്ട്. ഈഭാഗങ്ങളിൽ പുതുതായി ക്രോസ് ബാറുകൾ നിർമ്മിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

| പട്ടിക | എണ്ണം | വാർഡ് |
|---|---|---|
| 1. കാച്ചിറത്തോട്ടിൽ | 2 | II |
| 2. മനയ്ക്കൽ വളപ്പ് കാലാനിമറ്റം, കാക്കനാട്ടുകുഴി, പെട്ടൊടി | 4 | III |
| 3. പെരുവേലിനട, ആരുവേലിത്തോട് | 2 | V |
| 4. അമ്പാറപ്പള്ളിത്താഴം, കുളത്തുങ്കൽ താഴം നാരംവേലിത്താഴം | 3 | VI |
| 5. കൃഷിഭവൻ ഭാഗം കലശിത്താഴം | 2 | VII |
| 6. പൈങ്കുറ്റിത്തോട്ടിൽ മഠംതാഴം, കുറ്റനാംകുഴി, ചന്ദനംകാലാ സമീപം | 3 | VIII |

**ഇവ കൂടാതെ വന്ന നിർദ്ദേശങ്ങൾ.**

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1. ട്രാക്ടർ ഇറക്കുവാൻ വഴി | 3 | | 1 | | | 1 | 1 | | 6 | 16 |
| 2. ചിറപ്പാലം | | | | | 2 | | | | | 2 |
| 3. ലിഫ്റ്റ് ഇറിഗേഷൻ | 2 | 2 | | | | | | | 4 | |
| 4. വെള്ളപ്പൊക്ക നിരോധന ബണ്ട് (തടയണം) | | | 1 | | | | | | | 1 |
| 5. ലീഡിംഗ് ചാനൽ | 1 | 3 | 2 | 2 | 3 | 1 | 1 | 2 | 2 | 17 |
| 6. കൃഷി വാർത്താ ബോർഡ് | 3 | 4 | 2 | 3 | 3 | 3 | 3 | 3 | 3 | 27 |

ഹ്രസ്വകാല വിളകൾക്കും മദ്ധ്യകാല കൃഷികളായ പൈനാപ്പിൾ, വാനില, വെറ്റില, പുഷ്പകൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യക്കൃഷി എന്നിവയ്ക്കും ദീർഘകാല വൃക്ഷകൃഷികൾക്കുമുള്ള സാമ്പത്തിക ലഭ്യത ലളിതവത്ക്കരിക്കുകയും പലിശ സബ്സിഡി അനുവദിക്കുകയും ചെയ്തു.

പഞ്ചായത്തു തലത്തിൽ നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും സാധിക്കുന്നതിന് കാർഷിക സമിതികളുടെ ഏകോപനവും നഴ്സറി നടത്തുവാനുള്ള സാഹചര്യവും ഉണ്ടാക്കുക.

രോഗ, കീട, എലി, നിയന്ത്രണത്തിന് ബോധവത്കരണം നടത്തുക. കൂട്ടായതും, ശാസ്ത്രീയവുമായ ഇടപെടലുകൾ ഉണ്ടാക്കുക.

നെൽകൃഷിരംഗത്തെ വിവിധ പ്രശ്നപരിഹാര സാദ്ധ്യതയായ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുവാനുള്ള പ്രായോഗിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകുക.

അവയ്ക്കാവശ്യമായ യന്ത്രോപകരണങ്ങളും സാമ്പത്തിക ലഭ്യതയും ഉറപ്പുവരുത്തുക

കാർഷികോത്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനും സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള നടപടികൾക്കു നേതൃത്വം കൊടുക്കുക.

രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങു നടുന്നതിനുള്ള പദ്ധതിയിൽ ഈ പഞ്ചായത്തിനെയും ഉൾപ്പെടുത്തേണ്ടതാണ്, കൃഷി ഭവൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സ്റ്റാഫിനെ നിയമിക്കുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക പ്രാധാന്യമുള്ള ഇലഞ്ഞിയിൽ കാർഷിക വൃത്തിയുടെ ഭാഗമായി പരമ്പരാഗതമായി നിലമുഴവു നടത്തുന്നതിനും, വണ്ടിവലിക്കുന്നതിനും, പാലിനും, ജൈവവളാവശ്യത്തിനുമായി കാലിവളർത്തൽ നടത്തിപ്പോന്നിരുന്നു. കാലിമേയ്ക്കുന്നതിന് വിശാലമായ സ്ഥലം തരിശിടുന്ന സമ്പ്രദായം നിലനിന്നിരുന്നു. മകരക്കൊയ്ത്തിനുശേഷം കാലികളെ കൂട്ടത്തോടെ പാടത്ത് മേയാൻ വിടുന്ന രീതിയും ഇവിടെ നിലനിന്നിരുന്നു.

പാടശേഖരങ്ങളിലെ കൃഷിയിൽ ഘടനാപരമായി മാറ്റം വന്നുതുടങ്ങിയതോടെ ഈ സമ്പ്രദായത്തിനും മാറ്റം വന്നു. റബ്ബർകൃഷിയുടെ വരവോടെ പുല്ലുവേലികളിടുന്ന രീതിക്കും മാറ്റം വന്നു.

പശു, എരുമ, ആട്, കോഴി മുതലായവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുമൃഗങ്ങളുടെ പട്ടിക

അവലംബം: മൃഗസംരക്ഷണവകുപ്പിൻെറ സർവ്വേ

| മൃഗങ്ങളുടെ പേര് | എണ്ണം |
|---|---|
| 1. നാടൻകാള | 136 |
| 2. സങ്കരയിനം | 287 |
| 3. നാടൻപശു, കറവയില്ലാത്തത് | 726 |
| 4. നാടൻപശു കറവയുള്ളത് | 403 |
| 5. പശു സങ്കരംകറവയില്ലാത്തത് | 1002 |
| 6. പശുസങ്കരം കറവയുള്ളത് | 1300 |
| 7. എരുമ കറവയില്ലാത്തത് | 35 |
| 8. എരുമ കറവയുള്ളത് | 139 |
| 9. പോത്ത് 23 | |
| 10. ആട് 1590 | |
| 11. പട്ടി 1383 | |

ഈ പട്ടികപ്രകാരം കാളവളർത്തൽ പണ്ടത്തെയപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കാണാം. കാരണം കാളപൂട്ട്, കാളവണ്ടി ഉപയോഗം എന്നിവ അപ്രത്യക്ഷമായി. അത്യുത്പാദനശേഷിയുള്ള കറവമാടുകളാണ് ഇന്നു കൂടുതൽ കാണുന്നത്.

വളർത്തു പക്ഷി സർവ്വേ

| പേരുവിവരം | എണ്ണം |
|---|---|
| 1. പൂവൻകോഴി | 2861 |
| 2. പിടക്കോഴി മുട്ടയിടുന്നത് | 11, 529 |
| മുട്ടയിടാത്തത് | 567 |
| 3. താറാവ് ആൺ | 14 |
| പെൺതാറാവ് | 48 |
| മറ്റുള്ളവ | 25 |

പഞ്ചായത്തിൽ പൊതുവെ കോഴി, താറാവ് എന്നിവയാണ് വളർത്തിവരുന്നത്. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമായും, മിതമായി മുട്ടക്കോഴി വളർത്തലും ഇപ്പോൾ നടത്തിവരുന്നു.

പന്നിവളർത്തൽ ചെറിയ തോതിൽ വീടുകൾ തോറും നടത്തിവരുന്നുണ്ട്. മുയൽ, കാട, തേനീച്ച എന്നീ നൂതന ഇനങ്ങളെ ശാസ്ത്രീയ അടിസ്ഥാനത്തിൽ ആദായകരമായി വളർത്താവുന്നതാണ്.

പഞ്ചായത്തിൽ ഇറച്ചിക്കോഴി വളർത്തൽ ആദായകരമായി വ്യാവസായിക അടിസ്ഥാനത്തിൽ നടത്തിവരുന്ന ചില കേന്ദ്രങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇലഞ്ഞി | - | 2 |
| മുത്തലപുരം | - | 1 |
| പെരുമ്പടവം | - | 3 |

മുട്ടക്കോഴിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നില്ല

എന്നാൽ മുട്ടയ്ക്ക് വിപണനസാദ്ധ്യതയുണ്ടുതാനും.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം കൂടുതലാണ്. 1987 ലെ കണക്കുകൾ പ്രകാരം ആകെ 1383 നായകൾ ഉള്ളതിൽ ചുരുക്കം ചിലതുമാത്രമേ ലൈസൻസ് എടുത്തുവളർത്തപ്പെടുന്നതായുള്ളൂ. പ്രതിരോധ കുത്തിവയ്പ്പ് എടുത്തവയുടെ എണ്ണം 365 ആണ്.

### സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ കുറവാണ്. മുത്തോലപുരത്തുള്ള മൃഗാശുപത്രിയാണ് പഞ്ചായത്തിലെ ഏക സ്ഥാപനം. എല്ലാ കർഷകരുടെയും ആവശ്യങ്ങൾക്ക് ഈ സ്ഥാപനം അപര്യാപ്തമാണ്. നാടൻ പ്രജനന കേന്ദ്രങ്ങൾ ചിലയിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അത്യുത്പാദനശേഷിയുള്ള കന്നുകുട്ടികളെ ലഭിക്കുന്നതിനുള്ള സൗകര്യക്കുറവും അനുഭവപ്പെടുന്നുണ്ട്. ഇലഞ്ഞി ക്ഷീര സംഘംവഴി കൃത്രിമ ബീജസങ്കലന കേന്ദ്രം നിലവിലുണ്ട്.

### ഉത്പന്നവിപണന സംവിധാനം

പാൽ വിൽപ്പനയ്ക്ക് ഇലഞ്ഞിയിലും, പെരുമ്പടവത്തും മിൽമയുടെ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് പാൽ സംഭരണോപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ഉപകേന്ദ്രങ്ങളോ, പ്രധാന കേന്ദ്രങ്ങളോ

ആരംഭിച്ച് ഉത്പാദനവിതരണം മെച്ചപ്പെടുത്തേണ്ടതാണ്. ക്ഷീര വിപണനപട്ടിക

| മൊത്തം ശേഖരിക്കുന്ന പാൽ ലി. | പഞ്ചായത്തിൽതന്നെ ഉപയോഗിക്കുന്നപാൽ ലി. | പുറത്തേക്കയക്കുന്നത് ലി. |
|---|---|---|
| ഇലഞ്ഞി ക്ഷീരവ്യവസായ കേന്ദ്രം ലിമിറ്റഡ് ഇ. 8 (17) ആകെ ശേഖരണം 95-96 69000 | 7000 | 62000 |
| പെരുമ്പടവം ക്ഷീരോത്പാദക സഹകരണസംഘം ലിമിറ്റഡ് നം. 231എ. എ.പി.സി.എസ്. | | |
| ആകെ ശേഖരിക്കുന്ന പാൽ ലി. 25000 | 5000 | 30000 |
| മൊത്തം ഉത്പാദനം 104000 | 12000 | 92000 |
| ആളോഹരി ഉത്പാദനം | 275 ലിറ്റർ. | |

കാലിവളർത്തലിന് അനുയോജ്യമായ ഒരു സാഹചര്യമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഇടവിളയായി തീറ്റപ്പുൽ കൃഷിചെയ്യുന്നതിലൂടെ പാലുത്പാദനം ലാഭകരമാക്കി മാറ്റാവുന്നതും, നിലവിലുള്ള സസ്യാവരണം ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതുമാണ്. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾ സബ്സിഡി നൽകിവരുന്നു. തീറ്റപ്പുൽക്കൃഷിക്കനുയോജ്യമായ ഭൂമിയെക്കുറിച്ചുള്ള ഏകദേശവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ഭൂമി | 2948 ഹെക്. |
| പാടശേഖരങ്ങൾ | 300 ഹെക്. |
| റബ്ബർ | 2200 ഹെക്. |
| റോഡ്, തോട്, പുറമ്പോക്ക് | 200 ഹെക്. |
| തെങ്ങ് മറ്റുകൃഷി | 250 ഹെക്. |
| പുൽക്കൃഷിക്കുപയോഗിക്കാൻ പറ്റുന്നവ | |
| റബ്ബർ റീപ്ലാൻറേഷൻ 3 വർഷം | 200-400 |
| ആവരണവിള | 250 ഹെക്ടർ |
| തെങ്ങുകൃഷി ആവരണവിള | |
| പാടശേഖരങ്ങൾ | 200 ഹെക്. |
| വെറുതെകിടക്കുന്നവ | 100 ഹെക്. |
| ആകെ. | 950 ഹെക്. |
| വൈക്കോൽ ലഭ്യത | 950 ടൺ |

പട്ടികയിൽ കാണിച്ചിട്ടുള്ള സ്ഥലത്ത് ഭാഗികമായി പുൽകൃഷിചെയ്യുകയും, പ്രതിവർഷം ലഭിക്കുന്ന 750 ടൺ വൈക്കോലും സസ്യാവരണവും ഉപയോഗപ്പെടുത്തുകയും ചെയ്താൽ തീറ്റപ്പുല്ലിൻെറ ക്ഷാമം ഒരു പ്രശ്നമാവാതെ പരിഹരിക്കുവാൻ കഴിയും. ഇതോടൊപ്പം നമുക്കാവശ്യമുള്ള ജൈവവളം ലഭ്യമാകുകയും ചെയ്യും.

കാലിത്തീറ്റ ഔഷധങ്ങൾ എന്നിവയുടെ വിലവർദ്ധന ക്ഷീരകർഷകരെയും കോഴികർഷകരെയും ഒരുപോലെ അലട്ടുന്ന പ്രശ്നമാണ്. കോഴികർഷകരെ സംബന്ധിച്ചിടത്തോളം വിലയിലെ ഏറ്റക്കുറച്ചിലുകൾ ഉത്പാദനത്തെ തളർത്തുന്ന പ്രശ്നം തന്നെയാണ്. കാലികളെ ബാധിക്കുന്ന രോഗങ്ങൾ, കുളമ്പ് രോഗം, കുരലടപ്പൻ, അകിടുവീക്കം എന്നിവയാണ് സാധാരണയായി കണ്ടുവരുന്നത്. കോഴിവസന്തയും വ്യാപകമായി കണ്ടുവരുന്നു.

**മൃഗസംരക്ഷണമേഖല പൊതുനിർദ്ദേശങ്ങൾ:**

1. ചെറുകിട കർഷകർ, വനിതകൾ, തൊഴിൽ രഹിതർ എന്നീ വിഭാഗങ്ങൾ പശു വളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. സങ്കേതിക സാമ്പത്തിക സഹായവും പരിപാലന നിർദ്ദേശങ്ങളും നൽകുക.
2. ഡി. ഡബ്ളി. സി. ആർ. എ. യുടെ ധനസഹായത്തോടെ വനിതകൾക്കായി ഗ്രൂപ്പടിസ്ഥാനത്തിലുള്ള മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കുക.
3. മേൽത്തരം സങ്കരവർഗകിടാവുകളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടി ക്ഷീര സംഘത്തിൻെറ സബ്സിഡിയോടുകൂടി ഗുണമേൻമയുള്ള കാലിത്തീറ്റകൾ വിതരണം ചെയ്യുക.
4. ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക

5. സമ്മിശ്ര മൃഗപരിപാലന രീതി അവലംബിക്കുക.

6. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് വ്യാപകമായി ഗോവർ ഗ്യാസ് പ്ലാൻറുകാം സ്ഥാപിക്കുക വഴി ജൈവവളത്തിൻെറ ഗുണമേന്മ വർദ്ധിപ്പിക്കാവുന്നതാണ്.

7. വ്യവസായിക അടിസ്ഥാനത്തിൽ ഇറച്ചി ക്കോഴി, മുട്ടക്കോഴി, കാട, മുയൽ, മണ്ണിര വളർത്തൽ, വളം ഉല്പാദനം എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായവും വിപണന സംവിധാനവും പരിപാലനരീതിയേക്കുറിച്ചുള്ള ബോധവൽക്കരണവും നൽകുക.

8. വാർഡുകാം തോറും ഐ.സി.ഡി.പി. ഉപകേന്ദ്ര ങ്ങാം ആരംഭിക്കുക. ചികിത്സാ സൗകര്യങ്ങാം ഏർപ്പെടുത്തുകയും ചെയ്യുക.

9. ആധുനിക പക്ഷി മൃഗവളർത്തലിലെ സംരഭങ്ങളെ കർഷകരിൽ എത്തിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനുമുള്ള മുൻകൈ പ്രവർത്തനങ്ങാം അധികാരികളുടെ ഭാഗത്തുനിന്നും ലഭ്യമാക്കണം.

**മത്സ്യക്കൃഷി മേഖല:**

ഇലഞ്ഞിയിലെ തോടുകളിലും കുളങ്ങളിലും സ്വാഭാവികമായുള്ള മത്സ്യസമ്പത്ത് കുറഞ്ഞ അളവിൽ മാത്രമേയുള്ളൂ. പ്രധാനമായും കാണുന്ന മുഴി, വരാൽ, പരൽ, കോന്തി പരൽ, അടച്ചേറ്റി പരൽ, ചെളികുത്തിപരൽ, ആരോൻ, പൂളോൻ, വട്ടോൻ, തളമ്പൻ, ചേറുമീൻ, കല്ലേമുട്ടി, മനഞ്ഞിൽ, കുറുവ, കരിങ്കണ്ണി, മണലി, മുത്തി, കൈപ്പ, വാള, കാരി, ചെമ്മീൻ ഞണ്ട് തുടങ്ങിയവയാണ്. എന്നാൽ ഇവ ഭക്ഷ്യാവശ്യത്തിന് വലിയതോതിൽ പ്രയോജനപ്പെടുന്നില്ല. പഞ്ചായത്ത് വക കുളങ്ങളിലും സ്വകാര്യകുളങ്ങളിലും ശാസ്ത്രീയ മത്സ്യകൃഷി നടത്തിയാൽ വലിയൊരളവ് മത്സ്യം പഞ്ചായത്തിൽത്തന്നെ ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഈ സാദ്ധ്യതകാം ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല.

# ഊർജ്ജം

ആധുനിക മനുഷ്യസമൂഹത്തിൻെറ നില നിൽപും പുരോഗതിയും ഊർജ്ജലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്, കാർഷിക പ്രധാന പഞ്ചായത്തായ ഇലഞ്ഞിയെ സംബന്ധിച്ചിടത്തോളം ഗാർഹിക, കാർഷിക മേഖലയിലാണ് പ്രധാന ഊർജ്ജ ഉപയോഗമുള്ളത്. വാണിജ്യ വ്യവസായമേഖലകളിൽ പ്രധാന ഊർജ്ജോപാധി വൈദ്യുതിയാണ്. പ്രധാനമായും പഞ്ചായത്തിലുപയോഗിക്കുന്ന ഊർജ്ജ സ്രോതസുകാം താഴെ പറയുന്നവയാണ്.

1. വിറകും വിറകുത്പന്നങ്ങളും

2. വൈദ്യുതി

3. പെട്രോളിയം ഉത്പന്നങ്ങളും പ്രകൃതി വാതകവും.

4. ജൈവവാതകം

പ്രധാനമായും നാലുമേഖലകളിലാണ് ഊർജ്ജത്തിൻെറ ഉപഭോഗം ഉള്ളത്. അവ

1. ഗാർഹികം

കഴിഞ്ഞകാലങ്ങളിൽ വെളിച്ചത്തിനായി എണ്ണയെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. 1960 കളിലാണ് ഈ മേഖലയിലേക്ക് വൈദ്യുതി കടന്നുവരുന്നത്. ഇന്ന് ഇലഞ്ഞി പഞ്ചായത്തിലുള്ള വൈദ്യുത ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

**വൈദ്യുതി ബോർഡിൻെറ ഈ വർഷത്തെ കണക്ക്**

| ഇനം | |
|---|---|
| ഗാർഹികം | 2782 |
| വ്യാപാരം | 255 |
| വ്യാവസായികം | 28 |
| കാർഷികം | 176 |
| ആകെ | 3241 |

ഇത് ആകെ വീടുകളുടെ 76% ആണ്. ബാക്കി 24 % വീടുകളും വെളിച്ചത്തിനായി മണ്ണെണ്ണയെ ആണ് ആശ്രയിക്കുന്നത്. ഇവയധികവും കുടിലുകളും കോളനികളുമാണ്. പാചകാവശ്യത്തിനും കുറഞ്ഞതോതിൽ മണ്ണെണ്ണ ഉപയോഗിക്കുന്നു. പൊതു വിതരണ കേന്ദ്രങ്ങളിൽ നിന്നും 122 മണ്ണെണ്ണ പെർമിറ്റുകാം പാചകാവശ്യത്തിനായി ഉപയോഗിക്കുന്നതായി കാണാം.

ശരാശരി ഒരു വർഷം 75പുതിയ വൈദ്യുത കണക്ഷനുകാം വൈദ്യുതി ബോർഡ് കൊടുക്കുന്നുണ്ട്. വൈദ്യുതവിതരണത്തിനായി 13 എൽ.ടി. ട്രാൻസ്ഫോർമറുകാം സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വൈദ്യുത കണക്ഷനപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം 197 ആണ്. പഞ്ചായത്തിൽ 40 വാട്സ് 161 തെരുവു വിളക്കുകളും 34 തെരുവു ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്. ഗാർഹികേതരാവശ്യത്തിനായി 459 കണക്ഷനുകളാണ് ഇതുവരെ ഈ പഞ്ചായത്തിൽ നൽകിയിട്ടുള്ളത്. ഇതിൽ വ്യാവസായികാവശ്യത്തിനുപോയോഗിക്കുന്നത് തുലോം പരിമിതിമാണ്. ഗാർഹികമേഖലയിൽ പരമ്പരാഗത ഊർജ്ജ രൂപമായ ജൈവദ്രവ്യങ്ങളായ വിറക് ചകിരി മുതലായ വസ്തുക്കളാണ് ഇന്നും ഇന്ധനമായി ഉപയോഗിക്കുന്നത്. 1980 കാംക്കു ശേഷം വളരെകുറച്ചു പാചക വാതകങ്ങളും ഉപയോഗിച്ചു വരുന്നുണ്ട്. ജൈവവാതക യൂണിറ്റുകാം ഈരംഗത്തുണ്ട്. പാചകാവശ്യത്തിന് വളരെ പരിമിതമായിട്ടുമാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളൂ.

ജൈവദ്രവ്യങ്ങളായ ഇന്ധനങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്ന പ്രവണതയാണിന്നുള്ളത്. 30 % ജനങ്ങാം മറ്റു പുരയിടങ്ങളിൽ നിന്നാണ് അവർക്കാവശ്യമായ ജൈ ഇന്ധനങ്ങാം ശേഖരിക്കുന്നത്. ബാക്കി 70% കുടുംബങ്ങാം സ്വന്തം പുരയിടത്തിൽ നിന്നും ശേഖരിക്കുന്നു. വിലയ്ക്കു വാങ്ങി ഇന്ധനം ഉപയോഗിക്കുന്നവരുടെ എണ്ണം ഗണനീയമല്ല അതുകൊണ്ടുതന്നെ, ഈ മേഖലയിൽ വാണിജ്യവത്ക്കരണവും കുറവാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുടെ ഉപയോഗം വളരെ പരിമിതമാണ്. ദക്ഷതയേറിയ അടുപ്പുകളും ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും നാമമാത്രമായേയുള്ളൂ.

വോൾട്ടേജ് ക്ഷാമം കാരണം ഇലക്ട്രോണിക് ചോക്കുകളുടെ പ്രചാരണം വർദ്ധിച്ചു വരുന്നുണ്ട്. ഇന്ധനലാഭമുണ്ടാക്കുന്ന ഘർഷണരഹിത ഫുട്‌വാൽവുകൾ വ്യാപകമായി ഉപയോഗിക്കുന്നു. സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള യാതൊരു സാഹചര്യവും ഇവിടെ ഉണ്ടായിട്ടില്ല. ഭാരിച്ച ചെലവാണ് പ്രതിബന്ധമായി നിൽക്കുന്നത്

പഞ്ചായത്തിൽ 4000 ൽ ആധികം കന്നുകാലികളുണ്ട് അവയുടെ മലമൂത്രങ്ങൾ കൊണ്ടുതന്നെ ബയോഗ്യാസിൻെറ രണ്ടായിരത്തോളം ചെറിയ പ്ലാൻറുകൾ നിർമ്മിക്കാൻ കഴിയും. ഇതിൻെറ സ്ഥാപനത്തിനുവേണ്ടി ഉദാരവ്യവസ്ഥയിൽ സഹായം ലഭിക്കുന്നുണ്ട്. ഇതിൻെറ സാദ്ധ്യത പരമാവധി നമ്മൾ പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിലുള്ള ഊർജ്ജാവശ്യം ഇതുകൊണ്ടുതന്നെ നിറവേറ്റുവാൻ കഴിയും.

## പൊതുവായ പ്രശ്നങ്ങൾ:

1. കുറഞ്ഞുവരുന്ന ജൈവദ്രവ്യങ്ങൾ

2. വൈദ്യുതരംഗത്തെ വോൾട്ടേജ് ക്ഷാമവും, പ്രഖ്യാപിതവും, അപ്രഖ്യാപിതവുമായ പവർകട്ടുകൾ.

3. ദക്ഷതകൂടിയ അടുപ്പുകളെ കുറിച്ചുള്ള അജ്ഞത.

4. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുടെ ലഭ്യതക്കുറവും ഭാരിച്ച ചെലവും.

5. വൈദ്യുതലൈനുകളിൽ വൃക്ഷശിഖരങ്ങൾ തട്ടിനിൽക്കുന്നതുകൊണ്ടുള്ള പ്രസരണ നഷ്ടം.

6. വിതരണ ശൃംഖലയുടെ അപര്യാപ്തതയും പ്രായോഗിക തകരാറുകളും.

7. വൈദ്യുത ഉത്പാദനത്തിലെ കുറവ്.

## സാദ്ധ്യതകൾ:

1. സാമൂഹ്യവനവത്കരണത്തിൽകൂടി സർക്കാർ സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, റോഡരിക്, തോടരിക് തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ധനങ്ങൾക്കും കാലിത്തീറ്റയ്ക്കുംയോജിച്ച വൃക്ഷങ്ങൾ നട്ടുപിടിപ്പികുക.

2. വൈദ്യുതി ലൈനുകൾ ശാസ്ത്രീയമായി പുനക്രമീകരിക്കുക.

3. ലോഡുകണക്കാക്കി ട്രാൻസ്ഫോർമറുകളിൽ ആവശ്യമായ മാറ്റം വരുത്തുക

4. കേടായ വൈദ്യുത മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

5. ഗ്രാമസഭകളിൽ നിർദ്ദേശം വന്നിരിക്കുന്ന സ്ഥലങ്ങളിലെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് പുതിയ കണക്ഷൻ കൊടുക്കുക.

6. അനർട്ട്, ശാസ്ത്രസാഹിത്യപരിഷത്ത് ഇവയുടെ സഹായത്താൽ ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ ആവശ്യമായ ബോധവത്ക്കരണം നടത്തുക.

7. വൈദ്യുത ലൈനുകളിൽ വൃക്ഷ ശിഖരങ്ങൾ കാലാകാലങ്ങളിൽ മുറിച്ച നീക്കുക.

ഗ്രാമസഭകളിൽ നിന്നും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ.

### വാർഡ് 1

1. തോണമലയിൽ വൈദ്യുതിയെത്തിക്കുക.

2. എല്ലാ കോളനികളും വൈദ്യുതീകരിക്കുക.

3. വഴിവിളക്കുകൾ സ്ഥാപിക്കുക.

4. ഇലഞ്ഞിയിൽ ഒരു ഗ്യാസ് ഏജൻസി ആരംഭിക്കുക.

5. സൗരോർജ പ്ലാൻറ് സ്ഥാപിക്കുക.

### വാർഡ് 2

1. നെല്ലിക്കാനം കോളനി, ചമ്പമല ഭാഗം, തുരുത്തിപ്പിള്ളിമല ഭാഗം, ദേവസ്വംഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. ജോസ്ഗിരിയിലും, നെല്ലൂരുപാറയിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. ചിറയ്ക്കൽപ്പടി മുതൽ നെല്ലൂരുപാറ വരെയുള്ള സിങ്കിൾ ഫേസ് ത്രീ ഫേസ് ആക്കുക.

4. വൈദ്യുതി മുടങ്ങുന്ന അവസ്ഥ ഒഴിവാക്കുക.

5. വഴിവിളക്കുകൾ സ്ഥാപിക്കുക.

6. സൗരോർജ പാനലുകൾ സ്ഥാപിക്കുക.

7. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക

### വാർഡ് 3

1. കോക്കോട്ടി മല പെരുമ്പള്ളിഭാഗം, വാഴേപ്പടി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

3. കല്ലുങ്കൽ താഴത്തുനിന്നും മുദ്രേവക്ഷേത്രംവഴി കൊല്ലപ്പടിയിലേക്കള്ള വൈദ്യുത ലൈനിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

4. കുറുമുട്ടം, ചേലയ്ക്കൽ വഴി നെല്ലൂരു പാറയ്ക്ക് ലൈൻ റോഡുവഴിയാക്കുക.

5. മൂലച്ചിറ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

6. കുറുമുട്ട ലൈനിൻെറ അപാകത നീക്കുക.

7. ഉപഭോക്താക്കൾക്ക് ചാർജ് അടയ്ക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനം നടപ്പിലാക്കുക.

8. നിലവിലുള്ള സെക്ഷനുകളെ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുക.

9. പഞ്ചായത്തിൽ അനർട്ടിൻെറ ഒരു ബ്രാഞ്ച് തുറക്കുക.

10. കേളംകുളം ഹരിജൻകോളനി വൈദ്യുതീകരിക്കുക.

### വാർഡ് 4

1. ചേരുംതടം വി.എസ്.എസ്. കോളനി വൈദ്യുതീകരിക്കുക.

2. വെട്ടിക്കാട്ടുനിരപ്പ്, തോണമല ഹരിജൻ കോളനി വൈദ്യുതീകരിക്കുക

3. വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കുക.

4. സൗരോർജവിളക്കുകൾ വിതരണംചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5. അപേക്ഷകർക്കെല്ലാം കാർഷിക കണക്ഷൻ നൽകുക.

6. വി.എസ്.എസ്. കോളനിയോടനുബന്ധിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

7. മരങ്ങോലി ചർച്ച്റോട്ടിലും, വെട്ടിക്കാട്ട് റോട്ടിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

8. ബയോഗ്യാസ് പ്ലാൻറുകൾ, പുകയില്ലാത്ത

അടുപ്പുകാം പ്രചരിപ്പിക്കുക.

**വാർഡ് 5**

1. എഴുകാമല കോളനി, ചെറയക്കുഴി കോലനി, ഓലിയാംപ്ലാവ് ഭാഗം, മുത്തൻകുന്ന് മൂകാംഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. വോംട്ടേജ് ക്ഷാമം പരിഹരിക്കാൻ ആവശ്യത്തിന് ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുക.

3. എല്ലാ റോഡുകളിലും വഴിവിളക്കു സ്ഥാപിക്കുക. കാലാനിമറ്റംമുതൽ പഴംതുരുത്ത് അമ്പലം വരെയും പിറവം റോഡിൽ ജനതാ ജംഗ്ഷൻ വരെയും ആലപുരം റോഡിൽ പെരുവേലി പാലം വരെയും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

**വാർഡ് 6**

1. കൂരുമല, കൈപ്പാഞ്ചാൽ, എരുമപ്പുഴ, കുഴിക്കൊമ്പിൽ ഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. പൈങ്കുറ്റിയിൽ നിന്നും, കുറുമുട്ടത്തേക്ക് 11 കെ.വി. ലൈൻ വലിക്കുക.

3. നെല്ലൂരുപാറയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4. കൂർപള്ളി-കടകേലിറോഡ് , വണ്ടിപ്പുര-കൂർപ്പാടം റോഡ് ഇവിടങ്ങളിൽ വഴിവിളക്കുകാം സ്ഥാപിക്കുക.

5. കൂരുമലയിൽ സൗരോർജ്ജ വിളക്കുകാം സ്ഥാപിക്കുക.

**വാർഡ് 7**

1. ആറാഞ്ചേരി മലയിൽ വട്ടംകണ്ടം ഭാഗത്ത് 40 വീടുകാം വൈദ്യുതീകരിക്കുക.

2. ചേലമറ്റം കോളനിയിൽ 15 വീടുകാം വൈദ്യുതീകരിക്കുക.

3. എരപ്പാൻകുഴി മുതൽ കുളങ്ങരപ്പടിവരെയും പെരിയപുറംവരെയും വഴിവിളക്കുകാം സ്ഥാപിക്കുക.

4. അന്ത്യാൽ മഹിളാസമാജം വൈദ്യുതീകരിക്കുക.

**വാർഡ് 8**

1. കോളനികാം വൈദ്യുതീകരിക്കുക

2. ഇലഞ്ഞി-പൊൻകുറ്റി റോഡിൽ വഴിവിളക്കുകാം സ്ഥാപിക്കുക.

3. കടകേലി-കൂര് റോഡ്, ജനതാ-പള്ളിക്കുന്നു റോഡ്, മില്ലുംപടി-പുളിക്കിക്കുന്ന് റോഡ്, വണ്ടാനംമല കോളനി റോഡ്, മില്ലുംപടി-കൂര് റോഡ്, സൂര്യ-കൂര് റോഡ് ഇവയിൽ വഴിവിളക്കുകാം സ്ഥാപിക്കുക.

4. കുറുമുട്ടം ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക. നിരവത്തുകുന്നി ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

5. പുളിക്കികുന്നിൽ 11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

6. പേമലത്തതാഴം പൂമുള്ളിമല എന്നിവിടങ്ങളിൽ വൈദ്യുതീകരിക്കാത്ത വീടുകാം അടിയന്തിരമായി വൈദ്യുതീകരിക്കുക

**വാർഡ് 9**

1. സി.എം.എസ്. - സി.എസ്.ഐ ചർച്ച് ഭാഗം, തട്ടേൽ കോളനി ചാലിൽ ഭാഗം ഇവിടങ്ങളിൽ വൈദ്യുത എത്തിക്കുക.

2. ചീപ്പുംപടിക്കൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. ചീപ്പുംപടി-പള്ളിപ്പടി-പെരുമ്പടവം ജംഗ്ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പുകാം സ്ഥാപിക്കുക.

4. കേടായ ട്യൂബ്ലൈറ്റ് മാറ്റി സ്ഥാപിക്കുകയും, എല്ലാവഴികളിലും വഴിവിളക്കുകാം സ്ഥാപിക്കുകയും ചെയ്യുക.

## മാർക്കറ്റ്

വികസന സങ്കേതങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മാർക്കറ്റ്. ഉത്പന്നങ്ങാംക്ക് ശരിയായ വിപണിയുണ്ടായെങ്കിലേ, ചോദനം ഉണ്ടാകുകയുള്ളു. അത് വികസനത്തിന് കൂടുതൽ ഉത്തേജനം നൽകുകയേയുള്ളൂ. പഞ്ചായത്തിലുത് പാദിപ്പിക്കുന്ന വിഭവങ്ങളിൽ റബ്ബറിന്റെ ഒഴികെ മറ്റൊരു ഉത്പന്നത്തിന്റെയും യഥാർത്ഥ മൂല്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ ആകെ വിൽപനയ്ക്ക് ഒരു വർഷം എത്തുന്ന റബ്ബർ 1780 ടൺ ആണ്. ഇതിൽ 250 ടൺ അതായത് 14 % സഹകരണമേഖലയായ മോനിപ്പള്ളി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയാണ് കൈകാര്യം ചെയ്യുന്നത്. ബാക്കി 86 % വിവിധ വ്യക്തികളാണ് നടത്തുന്നത്. തന്നാണ്ടു കൃഷി ഉത്പന്നങ്ങാംക്കും റബ്ബർ ഒഴികെയുള്ള മറ്റുത്പന്നങ്ങാംക്കും ആശ്രയിക്കാവുന്നത് ഇലഞ്ഞിമാർക്കറ്റ് മാത്രമാണ്. ഈ മേഖലകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങാം പ്രത്യേകിച്ചും പച്ചക്കറി, പെരുവ, കൂത്താട്ടുകുളം, കുറുപ്പുന്തറ, തലയോലപ്പറമ്പ് എന്നിവിടങ്ങളിൽ വിപണനം ചെയ്യുമ്പോാം ഇലഞ്ഞിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നു. ഇലഞ്ഞിയുടെ കാർഷികമേഖലയുടെ വളർച്ചാ സാദ്ധ്യതയ്ക്ക് ഏറ്റവും വിഘാതമായി നിൽക്കുന്നത് വിപണി ചൂഷണവിമുക്ത സാദ്ധ്യതയില്ലായ്മയാണ്. സഹകരണമേഖലയിലൂടെ ഈ പ്രതിസന്ധി പരിഹരിക്കുവാൻ നമുക്കിന്നേവരെ സാദ്ധ്യമായിട്ടില്ല.

# വ്യവസായം

പ്രധാനമായും കാർഷിക പശ്ചാത്തലം മാത്രമുള്ള ഒരു പഞ്ചായത്താണ് ഇലഞ്ഞി. വ്യവസായികമായി പൊതുമേഖലയിൽ യാതൊരു സംരംഭവും ഇവിടെ ഉണ്ടായിട്ടില്ല. ഐ.ടി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് തുടങ്ങി സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ ധാരാളം ഉണ്ട്, എന്നാലിവരിൽ കൂടുതലും അന്യ സംസ്ഥാനങ്ങളിലും, ഗാംഫ് നാടുകളിലും കൂലിത്തൊഴിലാളികളായി പണിയെടുക്കുകയാണ് ചെയ്യുന്നത്. കംപ്യൂട്ടർ രംഗത്ത് പരിശീലനം നേടുന്നവർ പ്രായേണ ഈ പഞ്ചായത്തിൽ കൂടുതലുണ്ട്. എന്നാൽ അവരിൽ മിക്കവരും മാർക്കറ്റിംഗ് ആൻറ് അഡ്വർടൈസിംഗ് പോലെയുള്ള മേഖലകളിൽ ടൗൺ പ്രദേശങ്ങളായ എറണാകുളം പോലുള്ള സ്ഥലങ്ങളിൽ ജോലിചെയ്യുന്നു. ഈ പഞ്ചായത്ത് പ്രദേശത്ത് വ്യവസായ കോളനികളുള്ള പ്രദേശങ്ങളിൽ വ്യവസായം നടത്തുന്നത് ഇവിടെ ഇതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലായ്മായായാണെന്ന് തെളിവുകാണുന്നു.

പാരമ്പര്യമായ സമ്പർക്കക്കുറവ് വ്യവസായ മേഖലയിൽ മൂലധന നിക്ഷേപത്തിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കുന്നു. ഇവിടെ മൂലധന സാധ്യതാവിഭവങ്ങൾ പ്രധാനമായും ഇപ്പോൾ ട്രാൻസ്പോർട്ടിംഗ് രംഗത്തും സ്വകാര്യധനകാര്യ സ്ഥാപനങ്ങൾ നടത്തുന്നതിൽ മാത്രം ഒതുങ്ങിക്കിടക്കുന്നു. ബിസിനസ് മാനേജ്മെൻറ്, സെയിൽസ്മാൻഷിപ്, പ്രൊമോഷൻ, ഇ.ഡി.പി. പരിശീലനം പോലെയുള്ള പദ്ധതികളിൽ അഭ്യസ്തവിദ്യരായ ആളുകൾ പോലും പ്രവേശിക്കുവാൻ താത്പര്യപ്പെടുന്നില്ല.

പരമ്പരാഗത കൈത്തൊഴിലുകളായ തടിയിലുള്ള പണികളും കരകൗശല വസ്തുക്കളുടെ നിർമ്മാണവും നടത്തുന്ന ഒരു മേഖലയാണിത്. എന്നാൽ കെട്ടിട നിർമ്മാണ രംഗത്തെ പണിയുടെ ആധിക്യവും കൂലി കൂടുതലും ഈ രംഗത്തുള്ള കരകൗശല ഉത്പന്നങ്ങളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്.

ഈറ്റ, മുള എന്നിവ ഉപയോഗിച്ചുള്ള ഉത്പന്നങ്ങളും കരകൗശല വസ്തുക്കളുടെ നിർമ്മാണവും ഈ പഞ്ചായത്തിൽ നാമമാത്രമാണ്. ഈരംഗത്ത് പാരമ്പര്യ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണവും ഈ പ്രദേശത്തു കുറവാണ്.

കാർഷിക വിളകൾ അസംസ്കൃത വസ്തുക്കളാക്കുന്ന വ്യവസായ യൂണിറ്റുകളും ഇവിടെ കുറവാണ്. തേങ്ങ കൊപ്രയാക്കുന്ന രീതിയല്ലാതെ ഇവയുടെ സംസ്കരണ രംഗത്ത് കാര്യമായ പ്രവർത്തനം നടക്കുന്നില്ല.

മറ്റു കാർഷികോത്പന്നങ്ങളായ അടയ്ക്ക, കൊക്കോ, കുരുമുളക്, ജാതിക്ക, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കരിമ്പ് എന്നിവയുടെ സംഭരണമോ, സംസ്കരണമോ നടത്തുവാനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല. ഹ്രസ്വകാല പഴവർഗ്ഗ വിളകളായ പൈനാപ്പിൾ, വാഴപ്പഴം എന്നിവ വലിയൊരളവുവരെ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഇവയുടെ സംസ്കരണ സാധ്യതയും വിനിയോഗിച്ചിട്ടില്ല.

| പട്ടിക | | | | |
|---|---|---|---|---|
| വാഴ | 55 | ഹെക്ടർ | 410 | ടൺ |
| പൈനാപ്പിൾ | 50 | ഹെക്ടർ | 1500 | ടൺ |
| റബ്ബർ | 2200 | ഹെക്ടർ | 1750 | ടൺ |

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉത്പാദനം നടക്കുന്നത് റബ്ബറാണ്. എന്നാലിവിടത്തെ റബ്ബർ വടക്കേയിന്ത്യൻ വ്യവസായത്തിൻെറ അസംസ്കൃതവസ്തുവായിമാത്രം ഉപയോഗിക്കപ്പെടുകയാണ് ചെയ്യുന്നത്.

റബ്ബറധിഷ്ഠിത വ്യവസായ സാധ്യത വളരെ വിപുലമാണ്. റബ്ബർ ബോർഡും വ്യവസായ വകുപ്പും ഈ രംഗത്ത് വ്യവസായ സാധ്യതകൾക്കുള്ള ബോധവത്ക്കരണവും പരിശീലനവും നൽകുന്നത് പ്രയോജനപ്പെടുത്തുവാൻ നാം തയ്യാറാകുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. റബ്ബർ പാൽ സംഭരിച്ച് വിപണനം നടത്തുകയും കൃഷി പരിചരണത്തിനുള്ള സഹായവും ചെയ്യുന്ന പ്രവർത്തനത്തിൽ മാത്രമേ നമ്മുടെ വിവിധ റബ്ബർ പ്രൊഡ്യൂസേഴ്സ് സംഘങ്ങൾ ഏർപ്പെടുന്നുള്ളൂ. വ്യവസായ രംഗത്തു പ്രവർത്തിക്കുന്ന വളരെ ചെറിയ സംരംഭങ്ങളേ നിലവിലുള്ളൂ. ആധുനിക വ്യവസായ സംരംഭങ്ങൾ ഒന്നും മുടങ്ങിയിട്ടില്ല.

സ്വകാര്യ സംരംഭങ്ങളായി നിലവിലുള്ള വ്യവസായങ്ങൾ.

| അവലംബം കാനേഷുമാരി കണക്ക് | 1991 |
|---|---|
| കൃഷി അനുബന്ധിച്ചുള്ളത് | 1 |
| വനം | 2 |
| മൃഗസംരക്ഷണം | ഇല്ല. |
| തുണിസംബന്ധിച്ച് | 3 |
| കെമിക്കൽ | ഇല്ല |
| എഞ്ചിനീയറിംഗ് മേഖലയിൽ | 2 |
| ആകെ | 8 എണ്ണം |

വ്യസായ മേഖലയിൽ തൊഴിലാളികളുടെ പങ്കാളിത്ത നിരക്ക് നോക്കിയാൽ സ്ഥിതി തീർത്തും മോശമാണ്.

| | | | | |
|---|---|---|---|---|
| കുടിൽ വ്യവസായ രംഗത്തു | | 39 പുരുഷൻമാരും | | 5 സ്ത്രീകളും ഏർപ്പെടുന്നു. |
| കുടിലേതര വ്യവസായം | | 176 | " | 16 |
| ആകെ | 236 | 215 | | 21 |

മൊത്തം തൊഴിൽ സേനയുടെ 215/5231= 4% മാത്രമാണ് വ്യാവസായിക തൊഴിൽചെയ്യുന്നുവരുള്ളൂ.

സാങ്കേതിക മേഖലയിൽ തൊഴിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം ട്രൈസം പദ്ധതിയിൽ താഴെ പറയുന്ന ട്രേഡുകളിലായി തൊഴിൽ ലഭിച്ചവരുണ്ട്. പട്ടിക താഴെ ചേർത്തിരിക്കുന്നു.

തൊഴിൽ പരിശീലനമില്ലാതെ ഭരണപരമായ മേഖലകളിലോ വിപണന മേഖലകളിലോ ആവശ്യമായ പരിശീലനമോ പ്രോത്സാഹനമോ ലഭിക്കുന്നില്ല.

1. വലിയ നഷ്ട സാദ്ധ്യതയുണ്ടെന്ന ഭയം തൊഴിൽ സംരംഭകരംഗത്ത് നിന്നും ഇവരെ പിന്തിരിപ്പികുന്നു.
2. മറ്റു തൊഴിലിൽ ഏർപ്പെടുന്നതിനുള്ള സാധ്യതകാം പ്രായേണ കൂടുതലുണ്ട്.
3. വ്യവസായ മേഖലയോടുള്ള പരിചയകുറവും ഇതിനോടുള്ള ആഭിമുഖ്യം കുറയ്ക്കുന്നു.
4. സേവന രംഗത്താണ് കൂടുതൽ പേരും തൊഴിൽ കണ്ടെത്തുന്നത്.
5. വ്യവസായ വകുപ്പിന്റെ നടപ്പു പദ്ധതികളെ കുറിച്ചുള്ള അറിവ് തുലോം പരിമിതമാണ്.

## നിലവിലുള്ള യൂണിറ്റുകൾ

| | | |
|---|---|---|
| 1. വി.ജെ. എൻറർപ്രൈസസ് | | സിപ്പ് അപ്പ് ഐസ് ക്രീം നിർമ്മാണവും വിൽപ്പനയും. |
| 2.ബേക്കറി | 4 | |
| 3. ഫർണിച്ചർ നിർമ്മാണം | 3 | |
| 4. മെറ്റൽ ക്രഷർ | 3 | |
| 5. റെഡിമെയ്ഡ് നിർമ്മാണം | 3 | സഹകരണാടി സ്ഥാനത്തിൽ |
| 6. പ്രിൻറിംഗ്പ്രസ്, ഇലക്ട്രോണിക് ചോക്ക് | 2 | |
| 7. റബ്ബർ റോളറുകാം, ഗേറ്റ് ഗ്രിൽ നിർമ്മാണം | 2 | |
| 8. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം | 1 | |

| ട്രൈസം : | പരിശീലനം: എണ്ണം |
|---|---|
| ഹാൻഡിക്രാഫ്ട്സ് | 2 |
| ഫോട്ടോഗ്രാഫി | 2 |
| ബ്യൂട്ടീഷ്യൻ | 5 |
| പ്ലാസ്റ്റിക് വർക് ആൻറ് എംബ്രോയ്ഡറി | 10 |
| റേഡിയോ ആൻറ് ടി.വി. മെക്കാനിസം | 2 |
| പ്രിൻറിംഗ് ആൻറ് കമ്പോസിങ്ങ് | 6 |
| ടൈലറിംഗ് | 3 |
| പ്ലംബിംഗ് | 1 |
| വെൽഡിംഗ് | 4 |
| ടൈപ്പ്റൈറ്റിംഗ് | 3 |
| വാച്ച് റിപ്പയറിംഗ് | 1 |
| ഇല: വയറിങ്ങ് | 2 |
| ഓട്ടോ മെക്കാനിസം | 1 |
| ആകെ | 43 |

**പരിശീലനം നേടിയവർ**

ബാങ്കുകാം വഴിയോ ബന്ധപ്പെട്ട വകുപ്പുകാം വഴിയോ സാമ്പത്തിക സഹായം ലഭിച്ചു സ്വയം തൊഴിലിൽ ഏർപ്പെട്ടവർ ആറുപേർ മാത്രമാണ് ഉള്ളത്. എന്നാൽ പ്രസ്തുത തൊഴിൽ മേഖലയിൽ കൂലിപ്പണി യെടുത്ത് ജീവിക്കുന്നവർ 28 പേരുണ്ട്.

സ്വന്തമായി തൊഴിൽ ഏർപ്പെടാതിരിക്കുവാൻ തടസ്സമായി നിൽക്കുന്ന ചില പ്രശ്നങ്ങാം.

1. ആവശ്യമായ സാമ്പത്തിക സൗകര്യങ്ങാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുവാനുള്ള ബുദ്ധി മുട്ടുകാം
2. വ്യവസായ ചെറുകിട യൂണിറ്റുകാം അടിസ്ഥാന സൗകര്യങ്ങാം ലഭ്യമല്ല. കെട്ടിടം വൈദ്യുതി ഈ പരിശീലനത്തിൽ പങ്കെടുക്കുന്നവർ
3. സാമ്പത്തികമായി തീർത്തും പിന്നോക്കാവ സ്ഥയിലുള്ളവരാണ് ബാങ്കുകാം വായ്പ തിരിച്ചടവ് സംബന്ധിച്ചുള്ള ശേഷിക്കുറവിന് ഭയപ്പെടുന്നതി നാൽ സാമ്പത്തിക സഹായം ചെയ്യുന്നതിന് മടിക്കുന്നു.
4. യൂണിറ്റ് തുടങ്ങുവാനുള്ള കെട്ടിടം വാടകയ്ക്ക് ലഭിക്കുവാൻ വലിയ തുക സെക്യൂരിറ്റി കൊടുക്കേ ണ്ടിവരുന്നു.

വ്യാവസായിക മേഖലയിൽ വാണിജ്യബാങ്കുകാം ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന തുക സംബന്ധിച്ചു പരിശോധിച്ചാൽ ഈ മേഖലയുടെ ശോച്യാവസ്ഥ മനസിലാക്കാവുന്നതാണ്. വാണിജ്യ ബാങ്കുകളിൽ നിന്നും സാമ്പത്തിക വായ്പ സ്വീകരിക്കു ന്നവരിൽ വ്യവസായ മേഖലയിൽ 1.34 % മാത്രമാണുള്ളത്.

| ബാങ്കുകാം | 95-96 വർഷം കാർഷിക മേഖലയിൽ നൽകിയ അഡ്വാൻസ് | | | വ്യാവസായമേഖലയിൽ നൽകിയ തുക | | | സേവനമേഖലയിൽ നൽകിയ തുക | | |
|---|---|---|---|---|---|---|---|---|---|
| | No. | Amount | ശതമാനം | No. | തുക | ശതമാനം | എണ്ണം | തുക | ശതമാനം |
| യൂണിയൻബാങ്ക് ഇലഞ്ഞി | 148 | 54,46000 | 81.6% | 2 | 1.25000 | 1.87% | 32 | 11,03000 | 16.53 |
| സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യ | 357 | 44,41474 | 79.7% | 2 | 39500 | 0.7% | 31 | 10.91000 | 19.5 |
| മുത്തലപുരം | | | | | | | | | |
| ഫെഡറൽ ബാങ്ക്,ഇലഞ്ഞി | 215 | 40.69000 | 51.23 | 7 | 8.15000 | 10.26 | 26 | 30.59000 | 38.51 |
| ആകെ | 720 | 1,39,5647 | 470.84 | 11 | 9,79500 | 4.9 | 89 | 5253000 | 24.26 |
| | | | | | 40720 | | | | |

റബ്ബർ തടി വൻതോതിൽ നമുക്കു പഞ്ചായത്തിൽ ലഭ്യമാണ് ഇവ മുഴുവനും പുറത്തേക്കു കയറ്റിപ്പോകുകയാണു ചെയ്യുന്നത്. റബ്ബർ തടി ശാസ്ത്രീയമായി സംസ്കരിച്ചു വിവിധതരത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്., ഈ രംഗത്ത് യാതൊരു സംരംഭങ്ങളും ഉണ്ടായിട്ടില്ല. കോട്ടയം, ഏറ്റുമാനൂർ, പാലാ തുടങ്ങിയ വ്യവസായ എസ്റ്റേറ്റുകളിൽ ധാരാളം റബ്ബർ ഫോം ചപ്പൽ ഫോം കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് നമ്മുടെ നാട്ടിൽ അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാന ഇനമായ ഗതാഗത സൗകര്യം തൃപ്തികരമായി ഉണ്ട്. എം.സി. റോഡുമായി 3-4 കി.മീറ്ററും റെയിൽവേ സ്റ്റേഷനുമായി 8-10 കി.മീ. ദൂരവും മാത്രമാണുള്ളത്. ജലലഭ്യത ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അളവിലുണ്ട്. വൈദ്യുതി ലഭ്യത നിലവിൽ ഹൈ ടെൻഷൻ ലൈനിലില്ല. എങ്കിലും പഞ്ചായത്ത് അതിർത്തിയിൽ നിന്നും ഒന്നു രണ്ടു കിമീറ്ററുകൾ മാത്രമേ അകലമുള്ളു. എച്ച്.എൻ.എൽ. ഫാക്ടറി നമ്മുടെ സമീപ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നതിന് ഈ പഞ്ചായത്ത് അതിർത്തിയിൽ പെട്ട റോഡുകളും വളരെ ഫലവത്തായി ഉപയോഗിപെടുന്നുണ്ട്.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പരിശോധിക്കുമ്പോൾ കാനേഷ്മാരി കണക്കുകൾ മൊത്തം നാലു യൂണിറ്റുകൾ സ്ത്രീകൾ നടത്തുന്നതായിയുണ്ട്. എന്നാൽ ഇവ പ്രധാനമായും റെഡിമെയ്ഡ് ഗാർമെൻസ് നിർമ്മാണ രംഗത്ത് മാത്രം ഒതുങ്ങി നില്ക്കുന്നു. 25 വർഷങ്ങൾക്കുമുൻപ് പെരുമ്പടവത്ത് കൈ കുത്തരി ഉല്പാദനം സഹകരണാടിസ്ഥാനത്തിൽ നടത്തിയിരുന്നു. എന്നാൽ അത് പ്രവർത്തനമില്ലാതെ കെട്ടിടവും സ്വന്ത സ്ഥലവും പ്രയോജനരഹിതമായി കിടക്കുകയാണ്. ഇത് വ്യവസായിക വനിതാ സംരംഭങ്ങൾക്ക് ഫലവത്തായി വിനിയോഗിക്കാവുന്നതാണ്.

ഇലഞ്ഞിയിൽ സ്ത്രികൾ ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന മറ്റൊരു സ്ഥാപനമാണ് പാമ്പാക്കുട ബ്ലോക്ക് വനിതാ സഹകരണ സംഘം. ബ്ലോക്ക് പ്രദേശം മുഴുവൻ പ്രവർത്തന പരിധിയാകുന്നു. സംഘം ഇലഞ്ഞി കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്നു. ഇവർ വസ്ത്ര നിർമ്മാണ രംഗത്ത് ചെറുകിട ഉല്പാദനം നടത്തുന്നുണ്ട്. വ്യവസായിക മേഘലയിൽ മറ്റൊരു ഉല്പാദന രംഗത്തും സ്ത്രീകൾ പ്രവേശിക്കാൻ സാധിച്ചുട്ടില്ല. വികസന ബ്ലോക്ക് വഴിയാണ്. പദ്ധതിയിൽ ഒരു വനിതാ യൂണിറ്റ് ഇലഞ്ഞിയിൽ തുടങ്ങിയതും ഉല്പാദന മേഘലയിൽ ആയിരുന്നില്ല. പലചരക്കുകച്ചവടം പരിപാടിയിൽ ഏർപ്പെടുവാനേ കഴിഞ്ഞുള്ളു.

പഞ്ചായത്തു കോമ്പൗണ്ടിൽ വനിതാസംരംഭം വാഴനാരുപോയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണം നടത്തിയിരുന്നു. പത്തുവർഷമായി പ്രവർത്തനം നടത്തുവാൻ സാധിക്കാതെ ഉപകരണങ്ങൾ പാഴായിക്കൊണ്ടിരിക്കുകയാണ്. ഇത് പുനരുദ്ധരിക്കുവാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

ഇലക്ട്രോണിക് രംഗത്ത് പരിശീലനം സിദ്ധിച്ച ഏതാനും ചെറുപ്പക്കാർ സർവ്വീസിങ്ങ് റിപ്പയറിങ്ങ് രംഗത്തു പ്രവർത്തിക്കുന്നു. ഇവർ വീട്ടുപകരണങ്ങളായ എമർജൻസി ലാമ്പ് തുടങ്ങിയവ നിർമ്മിക്കുവാൻ ശേഷിയുള്ളവരാണ്. എന്നാൽ ഒരു വ്യവസായ സംരംഭമായി ഇതു മാറുന്നില്ല.

പരമ്പരാഗത തൊഴിൽ വിദഗ്ദ്ധരായവർതടിയിൽ ആർട്ട് വർക്കുകൾ ചെയ്യുവാൻ ശേഷിയുള്ളവരുണ്ടെങ്കിലും കരകൗശല ഉത്പന്നങ്ങൾ വ്യാവസായികമായി നിർമ്മിക്കുന്നില്ല. പരമ്പരാഗത ഗ്രാമീണ കൈതൊഴിലുകാർക്ക് പരിഷ്കരിച്ച രീതിയിലുള്ള തൊഴിലുപകരണങ്ങൾ വികസന വകുപ്പ് വിതരണം ചെയ്തിട്ടുള്ളത് സംബന്ധിച്ചും ഐ.ആർ.ഡി.പി. സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമീണ കൈതൊഴിലുകാരെ സംബന്ധിച്ചും പട്ടിക

| വാർഡു നമ്പർ | 1992 ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഗ്രാമീണ കൈ തൊഴിലുകാരുടെ എണ്ണം. | നൂതന തൊഴിലുപകരണങ്ങൾ ലഭിച്ചവരുടെ എണ്ണം. | ടി സഹായത്തിനു അർഹതയുള്ളവരുടെ എണ്ണം. |
|---|---|---|---|
| വാർഡ് ഒന്ന് | 3 | 1 | 2 |
| രണ്ട് | 10 | 5 | 5 |
| മൂന്ന് | 10 | 2 | 8 |
| നാല് | 4 | | 4 |
| അഞ്ച് | 9 | | 9 |
| ആറ് | 2 | | 2 |
| ഏഴ് | 6 | | 6 |
| എട്ട് | 7 | 2 | 5 |
| ഒമ്പത് | 6 | | 6 |
| | 57 | 10 | 47 |

മുൻപ് ഐ.ആർ.ഡി.പി. സഹായം ലഭിച്ചവർ ഈ എണ്ണത്തിൽ ഉൾപ്പെട്ടിട്ടില്ല.
പട്ടിക സ്രോതസ് ഗ്രാമവികസന വകുപ്പ് വി ഇ ഒ ഓഫീസ് ആർ. എ. പി. രജിസ്റ്റർ

ഈ പഞ്ചായത്തിൽ തന്നെ വളരെയേറെ വിപണന സാദ്ധ്യതകളുള്ള വ്യവസായ ഉല്പന്നങ്ങൾ പോലും ഉല്പാദിപ്പിക്കപ്പെടുന്നില്ല. പുറം സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ വിറ്റഴിക്കപ്പെടുന്നു.

ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങളും പരിഹാരസാദ്ധ്യതകളും.

1. ഉത്പാദനമേഖലയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യാഭ്യാസമല്ല ഇന്നു ലഭിക്കുന്നത്.
2. തൊഴിൽ പരിശീലന സൗകര്യങ്ങൾ ഇല്ല.
3. അഭ്യസ്ഥവിദ്യർക്ക് സർക്കാർ തൊഴിലിനോടുള്ള അഭിവാഞ്ഛ
4. ചെറുകിട വ്യവസായ യൂണിറ്റുകൾക്കുപോലും ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തു പ്രദേശത്തില്ല.
5. സാമൂഹ്യ മാർഗനിർദ്ദേശങ്ങളുടെ അഭാവവും പ്രോത്സാഹനക്കുറവും
6. വാണിജ്യബാങ്കുകളുടെ സഹകരണം ലഭിക്കുന്നതിലുള്ള കുറവ്.
7. വ്യവസായ വകുപ്പും തദ്ദേശഭരണസംവിധാനങ്ങളും ഒഴികെമറ്റുള്ള കേന്ദ്രങ്ങളിൽ നിന്നുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും.

**പരിഹാര നിർദ്ദേശങ്ങൾ**

1. സാമൂഹ്യ മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും ലഭ്യമാക്കുക.
2. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. പഞ്ചായത്തു തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്താലും, നിലവിലുള്ള സർക്കാർ പദ്ധതികൾ വഴിയും തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.
4. പഞ്ചായത്തു തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക(ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്)
5. കൂടുതൽ പ്രചാരണവും ബോധവത്കരണവും ജനകീയ തലത്തിൽ സംഘടിപ്പിക്കുക.
6. പഞ്ചായത്ത് തലത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ചും, അനുബന്ധ കർമ്മപരിപാടികൾക്കും നേതൃത്വം നൽകലും ജനകീയമായി നടപ്പാക്കുക.
7. സഹകരണമേഖലയിൽ കാർഷിക ഉത്പന്നങ്ങളും ക്ഷീരോത്പന്നങ്ങളും അസംസ്കൃത വസ്തുവാകുന്ന വ്യവസായങ്ങൾ തുടങ്ങുവാൻ നേതൃത്വം നൽകുക.
8. വിവിധ വകുപ്പുകളുടെയും വാണിജ്യബാങ്കിന്റെയും പ്രവർത്തനം പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുകയും ഔദ്യോഗിക നടപടികളെ ലളിതവത്ക്കരിക്കുകയും സാധാരണക്കാരന് പ്രാപ്യമാക്കാവുന്ന തരത്തിൽ പഞ്ചായത്ത് നേതൃത്വം നൽകുക.
9. പലിശ, സബ്സിഡി നൽകി വ്യവസായ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

# ഗതാഗതം

പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗം റോഡ് മാത്രമാണ്. സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല നമുക്കുണ്ട് മൂന്നുതരം റോഡുകൾ പഞ്ചായത്തിലുണ്ട്. അവയുടെ ഇനവും നീളവും ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| റോഡിന്റെ ഇനം | നീളം |
|---|---|
| F.W.D. | 35.00 K.M. |
| പഞ്ചായത്തു റോഡുകൾ | 85.586 K.M |
| ഇതര റോഡുകൾ | 20.00 K.M. |
| ആകെ | 140.586 K.M. |

ഒരു ചതുരശ്ര കിമീറ്ററിന് 4.750 റോഡുകൾ പഞ്ചായത്തിലുണ്ട്. അതായത് 52 ഏക്രയ്ക്ക് ഒരു കിമീ. റോഡുണ്ട്. 118 ആളുകൾക്ക് ഒരു കി.മീ. എന്ന കണക്കിന് റോഡുണ്ട്. ഇത് ഏതു അനുപാതത്തിലെടുത്താലും സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലാണ്.

പഞ്ചായത്തിലുള്ള റോഡുകളിൽ ടാർ ചെയ്തതും ടാർ ചെയ്യാത്തതുമായ റോഡുകളുണ്ട്. പി.ഡബ്ല്യു. ഡി. റോഡുകളിൽ 32 കിമീറ്ററും ടാർ ചെയ്തതാണ്. 3 കി. മീറ്ററേ ടാർ ചെയ്യപ്പെടാത്തതായി ഉള്ളു. 85.586 കിമീ. പഞ്ചായത്തു റോഡുകളിൽ 12 കി.മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളൂ.

റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ പൊതു സ്ഥിതി വളരെ ശോചനീയമാണ്. മിക്കവാറും റോഡുകൾക്ക് നടപ്പാതകളോ കൾവർട്ടുകളോ ഓവു ചാലുകളോ ഇല്ല. അറ്റകുറ്റപണികൾ തീരെ നടത്തുന്നില്ല. മഴക്കാലം കഴിയുന്നതോടെ റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതാകുന്നു.

ഇലഞ്ഞി പഞ്ചായത്തിലുള്ള പഞ്ചായത്തു റോഡുകളുടെ പേരും നീളവും ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ. നം. | വാ: നമ്പ | റോഡിൻെറ പേര് | മൺറോഡ് കി.മീ. | ടാർറോഡ് കി.മീ. | ആകെ കി.മീ. വീതിയും. | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | I | നരിപ്പാറ കാഞ്ഞിരമല റോഡ് | 2.200 | - | 2.2 5 മീ. | |
| 2. | I | നെല്ലിക്കാനം-മുരിക്കനോലി റോഡ് | 0.850 | - | 8.850 x 5 മീ. | |
| 3. | I | വേങ്ങച്ചുവട്-മുരിക്കനോലി റോഡ് (പറുദീസ-പുല്ലമ്പ്ര) | 0.680 | - | 0.63 x 5 മീ. | |
| 4. | I | മുത്തലപുരം-മോനിപ്പള്ളി റോഡ് | 1.200 | - | 1.2 x 4 മീ. | |
| 5. | I | ചമ്പമല-കാഞ്ഞിരമലറോഡ് | 3.00 | - | 3.0 x 5 മീ. | |
| 6. | I&II | കാലാനിമറ്റം ഇടയാർ റോഡ് | 4.600 | - | 4.600 x 5 മീ | |
| 7. | I& II | കാച്ചിറ ചക്കലെപ്പാറ റോഡ് | 2.500 | - | 2.5 x 5 മീ. | |
| 8. | II | കൊറ്റനാട്ടുതാഴം-മരിയാപുരം | 1.510 | - | 1.51 x 4 മീ. | |
| 9. | II | കാലാനിമറ്റം-മുത്തോലപുരം | 1.760.300 | - | 2.060 x 4 മീ. | |
| 10. | II | കാച്ചിറ-കാഞ്ഞിരമല റോഡ് (കേളാംകുളം കോളനിവഴി) | 2.500 | - | 2.5 x 5 മീ. | |
| 11. | II | മുത്തലപുരം-വെട്ടുടി വായനശാല | 0.900 | - | 09 x 4 മീ. | |
| 12. | II&IV | കയ്പാംചാൽ-നെല്ലൂരപ്പാറക്കുളങ്ങരപ്പടി റോഡ് | 3.00 | - | 3.0 x 7 മീ. | |
| 1'3. | II&IV | നെല്ലൂരുപാറ-കുരുമലറോഡ് | 0.365 | - | 0.365 x 4 മീ | |
| 14. | III | ആലപുരം-കട്ടയ്ക്കൽ റോഡ് | 0.345 | - | 0.345 x 4 മീ | |
| 15. | IV | ആലപുരം-കട്ടാമ്പാക്ക് മടുക്കറോഡ് | 1.400 | 0.600 | 2.0 x 5 & 8 മീ. | |
| 16. | IV | ആലുപുരം-മടുക്ക ലക്ഷംവീട് കോളനി റോഡ് | 2.00 | 0.300 | 2.3 x 5 മീ. | |
| 17. | IV | മടുക്ക ഞീഴൂർ റോഡ് | 1.100 | 0.300 | 1.4 x 4 മീ. | |
| 18. | IV&V | ആലപുരം മരങ്ങോലി ചർച്ച്റോഡ് | 1.800 | 0.200 | 2.0 x 4 മീ. | |
| 19. | V | ഇലഞ്ഞി-കാഞ്ഞിരമറ്റം റോഡ് | 1.200 | 0.400 | 1.6 x 8 മീ. | |
| 20. | IV | ആലപുരം-മരങ്ങോലി വെട്ടിക്കോട് റോഡ് | 2.00 | 0.650 | 2.650 x 8 മീ. | |
| 21. | IV&V | ആലപുരം-മരങ്ങോലി പി.ഒ. റോഡ് | 0.700 | - | 0.7 x 6 മീ. | |
| 22. | V | ആലപുരം-ഇലഞ്ഞി മാർക്കറ്റ് റോഡ് | 1.380 | 0.620 | 2.0 x 5 മീ. | |
| 23. | VII&VIII | ഇലഞ്ഞിപ്പള്ളി-കൂരുപ്പള്ളി റോഡ് | 2.00 | - | 2.0 x 5 മീ. | |
| 24. | VII&VIII | ഇലഞ്ഞി-കുറുമുട്ടം-പുളിഞ്ചുവട് കവലവഴി റോഡ് | 1.050 | 0.450 | 1.5 x 5 മീ. | |
| 25. | VI | കുറുമുറ്റം-കുറുവള്ളി-കണ്ണാടി റോഡ് | 0.970 | 0.450 | .1.42 x3 മീ. | |
| 26. | VI&VII | കുരുവള്ളി-കടകേലിറോഡ് | 0.580 | 1.420 | 20 8x മീ. | |
| 27. | VI | വണ്ടിപ്പുറം-കൂർപ്പാടം റോഡ് | 0.600 | – | 0.6 x 6 മീ. | |
| 28. | VI | നെല്ലൂരുപാറ-എരുമപ്പുഴ-കുറുമുട്ടം റോഡ് | 1.450 | – | 1.45x4 മീ. | |
| 29. | VI | കാട്ടുപാടം-വിലക്കുപാറ റോഡ് | 1.800 | 0.200 | 2.0 x5 മീ. | |
| 30. | VI | പെരുമ്പടവം-സെ:ക്രോ: റോഡ് | 0.800 | – | 08 x4 മീ. | |
| 31. | VI | അന്ത്യാൽ-കുളങ്ങരപ്പടിറോഡ് | 2.200 | 0.100 | 23x4 മീ. | |
| 32. | VI | അന്ത്യാൽ-പെരുമ്പടവം റോഡ് | 3.00 | - | 3.00 x5മീ. | |
| 33. | VII | അന്ത്യാൽ-ശീമാംകുന്നേൽപ്പടി റോഡ് | 2.00 | - | 2.00x6മീ. | |

| | | | | | |
|---|---|---|---|---|---|
| 34. | VII&VII | പള്ളത്തുകുഴി-പാറക്കടവ് റോഡ് | 1.00 | - | 1.00x5മീ. |
| 35. | VII&VII | പെരുമ്പടവം-സെൻറർറോഡ് | 4.00 | 0.500 | 4.00x5മീ. |
| 36. | VIII&IX | പെരുമ്പടവം-ചന്ദനംകാലാറോഡ് | 0.400 | - | 0.400x4മീ. |
| 37. | VII&VIII | കുന്നുംപുറം-പാറക്കടവ് കടമ്മാട്ടുകണ്ടം റോഡ് | 0.700 | - | 0.700x3.5മീ. |
| 38. | VII | ചേലാമറ്റം കോളനിറോഡ് | 0.291 | 0.291 | 0.291x2.4മീ. |
| 39. | VII | പെരുമ്പടവം-വാളോച്ചാലിൽ മില്ലുംപടി സെൻട്രൽ റോഡ് | 7.700 | - | 0.700x5മീ. |
| 40. | VIII | ഇലഞ്ഞി-മാർക്കറ്റ് റോഡ് | 0.250 | 0.250 | 0.2506x5മീ |
| 41. | VIII | പുളിയൻമാക്കൽ പീടികപ്പറമ്പ് റോഡ് | 1.050 | _ | 1.050 x 4മീ |
| 42. | VIII | പുഞ്ചാൽ-പുതിയകുന്നേൽ റോഡ് | 1.400 | - | 1.400x4മീ. |
| 43. | VIII | ചന്ദനംകാലാ-ഐത്തിച്ചാൽ റോഡ് | 0.700 | - | 1.4004മീ. |
| 44. | IX | പെരുമ്പടവം-ഇലഞ്ഞിറോഡ് | 1.600 | - | 1.600x4മീ. |
| 45. | IX | പെരുമ്പടവം-മുളക്കുളംറോഡ് | 1.600 | - | 1.600x4മീ. |
| 46. | IX | പെരുമ്പടവം കാഞ്ഞിരമറ്റം ഒഎൽഎച്ച്.റോഡ് | 2.00 | - | 2.00è5മീ. |
| 47. | IX | പെരുമ്പടവം-കൊല്ലംകുളം റോഡ് | 0.600 | - | 0.600x3മീ. |
| 48. | IX | പെരുമ്പടവം-ഞീഴൂർ റോഡ് | 1.500 | - | 1.500x5മീ. |
| 49. | VI | കൂരുപ്പള്ളി-കൂർപ്പാടംറോഡ് | 0.650 | - | 0.650x4മീ |
| 50. | I | മുത്തലപുരം-മൃഗാസ്പത്രി റോഡ് | 1.400 | 1.00 | 1.400x8മീ. |
| 51. | II | പാലക്കുളം-നരിപ്പാറ റോഡ് | 0.500 | - | 0.500x4മീ. |
| 52. | IX | പെരുമ്പടവം-പുത്തുക്കുടിലിൽറോഡ് | 1.150 | - | 1.500x4മീ. |
| 53. | IX | പെരുമ്പടവം-മുകളേൽത്തട്ട്കോളനിറോഡ് | 1.500 | - | 1.500x4മീ. |
| 54. | IV | മടുക്ക ലക്ഷംവീട് കോളനി ചേരുംതടം റോഡ് | 1.00 | - | 1.00x3മീ. |
| 55. | II | കിഴക്കൊമ്പ്-താഴിപ്പാററോഡ് | 1.400 | - | 1.400x8മീ. |
| 56. | IX | പെരുമ്പടവം-മില്ലുംപടിമാളേൽ റോഡ് | 1400 | - | 1.400x5മീ. |
| 57. | VIII | വണ്ടാനാംകുന്ന് -ഹരിജൻകോളനി റോഡ് | 0.510 | - | 0.510x3മീ. |
| 58. | II | പടിഞ്ഞാറേക്കുറ്റി-നെല്ലൂരുപാററോഡ് | 1.250 | - | 1.25x3.5 മീ. |
| 59. | VIII | ഉറുമ്പിപ്പാറ-പുതിയററോഡ് | 0.450 | - | 0.450x4മീ. |
| 59. | II | കിഴക്കേറ്റുതാഴം-ജോസ്ഗിരിറോഡ് | 0.300 | - | 0.300x5.5മീ. |

മേൽപ്പട്ടിക പരിശോധിച്ചാൽ പഞ്ചായത്തുറോഡുകളുടെ വീതി 5 മീറ്ററോ അതിൽ താഴെയോ ആണ്.

പഞ്ചായത്തിൻെറ കേന്ദ്രഭാഗമായ ഇലഞ്ഞിയിൽ ഒരു ബസ്സ്റ്റാൻറില്ലാത്തത് ബസ്സുകൾ നിറുത്തിയിടുന്നതിനും, യാത്രക്കാർക്ക് ബസ്സ് കാത്തുനിൽക്കുന്നതിനും ബുദ്ധിമുട്ടുണ്ടാക്കുന്നു.

ബസ് വഴിയരുകിൽ നിറുത്തി ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്യുന്നത് അപകടങ്ങൾക്ക് ഇടവരുത്തുന്നു. ഓട്ടോസ്റ്റാൻറുകളും ടാക്സി സ്റ്റാൻറുകളും ഇല്ലാത്തതിനാൽ അവ വഴിയരികിൽ നിറുത്തിയിടുകയും കാൽനടയാത്രക്കാർക്ക് നടക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നു. ബസ് കാത്തുനിൽക്കുന്ന യാത്രക്കാർക്ക് പ്രാഥമികാവശ്യം നിറവേറ്റാനുള്ള യാതൊരു സൗകര്യവും ഇന്നില്ല.

ഈ മേഖലയിലെ പൊതു പ്രശ്നങ്ങൾ:

1. നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
2. ഗ്രാമീണറോഡുകൾക്ക് നിർദ്ദിഷ്ടവീതിയായ 8 മീ. പരിമിതമാണ്.
3. വർഷത്തിലൊരിക്കൽപോലും അറ്റകുറ്റപ്പണി നടത്തുന്നില്ല.
4. റോഡുകൾക്ക് ഓടവെട്ടുന്നില്ല.
5. ബസ്സ്റ്റാൻറ്, ടാക്സിസ്റ്റാൻറ്, ഓട്ടോറിക്ഷ സ്റ്റാൻറ് എന്നിവ പഞ്ചായത്തുകേന്ദ്രത്തിലില്ല.
6. പുതിയ റോഡുകൾ നിർമ്മിക്കാൻ സാമ്പത്തിക പരിമിതിയുണ്ട്.

7. നിലവിലുള്ള റോഡുകളിൽ കാംവർട്ടുകളില്ല. ഉള്ളവ പ്രവർത്തനരഹിതമാണ്.

8. റോഡുകാംക്ക് സ്ഥലംകൊടുക്കാൻ ജനങ്ങാംക്ക് പൊതുവെ വൈമനസ്യമുണ്ട്.

**സാദ്ധ്യതകൾ**

1. ആലപ്പുഴ-മധുരഹൈവേ ഇലഞ്ഞിവഴി ആക്കുക
2. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുക.
3. പ്രധാന റോഡുകളെങ്കിലും ടാർചെയ്യുക
4. ബഹുജനപങ്കാളിത്തത്തോടെ പുതിയ റോഡുകാം മുൻഗണനാക്രമത്തിൽ നിർമ്മിക്കുക. റോഡു സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികാം ഉണ്ടാക്കുക.
5. ബസ്സ്റ്റാൻറ്, ടാക്സിസ്റ്റാൻറ്, ഓട്ടോറിക്ഷാ സ്റ്റാൻറ് എന്നിവയ്ക്ക് സ്ഥലം കണ്ടെത്തി നിർമ്മിക്കുക.
6. കൂത്താട്ടുകുളം-ഇലഞ്ഞിറൂട്ടിൽ, ഇലഞ്ഞി പഞ്ചായത്തിൽ ഒരു ഫെയർ സ്റ്റേജ് ഗവൺമെൻറ് നിരക്കിനേക്കാാം കൂടുതലുള്ളത് ഒഴിവാക്കുക.
7. ആവശ്യമായ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകാം നിർമ്മിക്കുക.

**ഗ്രാമസഭകളിൽനിന്നും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ**

വാർഡ് 1

ടാർചെയ്യേണ്ടവഴികാം

1. കാച്ചിറ-ചക്കാലപ്പറ റോഡ്
2. മൃഗാശുപത്രി ആച്ചിക്കൽ റോഡ്
3. പറുദീസ ആചിക്കൽ റോഡ്
4. മുത്തലപുരം കേളംകുളം കാലാനിമറ്റം റോഡ്
5. പള്ളിത്താഴം ചേലക്കൽ റോഡ്
6. പള്ളത്താഴം ഇടയാർ റോഡ്

**നിർമ്മിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യേണ്ട വഴികൾ**

1. ചക്കാലപ്പാറ തോണപ്പാറ വേളശേരിതാഴം റോഡ്
2. ചക്കാലപ്പാറ അരുവാവളവ് റോഡ്
3. എം.വി.ഐ.പി. കനാൽപാതയ്ക്ക് പാലം നിർമ്മിക്കുക.

വാർഡ് രണ്ട്

പുനരുദ്ധരിച്ച് ടാർ ചെയ്യേണ്ടവഴികാം.

1. ചമ്പമല കാഞ്ഞിരമല റോഡ്
2. വട്ടപ്പാറ കോളനി റോഡ്
3. കാച്ചിറ കാഞ്ഞിരമല റോഡ്
4. നെല്ലൂരുപാറ ചേലക്കൽ റോഡ്
5. മുരുക്കുതോലി കിഴകൊമ്പ് റോഡ്
6. പാലക്കുളം നരിപ്പാറ റോഡ്
7. ജോസ്ഗിരി ഗിഴക്കേക്കൂറ്റ് താഴം ലിങ്ക് റോഡ്

**ബസ് സർവ്വീസ് വേണ്ട റോഡുകൾ**

1. മുത്തലപുരം ഇടയാർ റോഡ്
2. ഇലഞ്ഞി ചേലക്കൽ നെല്ലൂരുപാറ ഇടയാർ റോഡ്
3. മുത്തലപുരം കിഴകൊമ്പുറോഡ്

വാർഡ് മൂന്ന്

**പുനരുദ്ധരിച്ചു ടാർ ചെയ്യേണ്ട റോഡുകൾ**

1. ആലപുരം ഷാപ്പുംപടി വെള്ളക്കാട്ടു മഠംവഴി പോക്കോട്ടുമല റോഡ്
2. ചേലക്കൽ കാലാനിമറ്റം റോഡ്
3. കേളാംകുളം ഹരിജൻ കോളനി പാലാനിമറ്റം റോഡ്
4. ആലപുരം തട്ടയ്ക്കൽ റോഡ്
5. ഉത്തരപുരം ചീപ്പുംപടി വട്ടപ്പാറ കോളനി റോഡ്
6. വെള്ളാച്ചാലിൽ പടി കൊമ്മറ്റം പടി റോഡ്

വാർഡ് 4

**പുതിയതായി നിർമ്മിക്കേണ്ടറോഡുകൾ**

1. ചേരുംതടം വി.എസ്.എസ് കോളനി റോഡ്
2. ആലപുരം വെട്ടിക്കാട് റോഡ് മരങ്ങോലി ചർച്ച് റോഡിലേക്ക് ബന്ധിപ്പിക്കുക
3. ആലപുരം തോണമല കോളനി റോഡ് പെരുവമോനി പ്പള്ളിറോഡുമായി ബന്ധിപ്പിക്കുക

**പുനരുദ്ധരിച്ച് ടാർ ചെയ്യേണ്ട റോഡുകൾ**

1. ഇലഞ്ഞി ആലപുരം മടുക്ക ചേരുംതടം വാക്കാട് റോഡ്
2. ആലപുരം വെട്ടിക്കാട് റോഡ്
3. ആലപുരം പൈങ്കൊമ്പ് കോളനി വാക്കാട് റോഡ്
4. വടക്കത്തീഴൂർ റോഡ്
5. ആലപുരം മരങ്ങോലി ചർച്ച് റോഡ്
6. ആലപുരം പാലക്കത്തടം ഇലഞ്ഞി മാർക്കറ്റ് റോഡ്

വാർഡ് അഞ്ച്

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

1. ചെറേക്കുഴി കോളനി മുകളേൽത്തട്ട് റോഡ്
2. കുഴിക്കാട്ട് മേപ്പുറം മലയിലേക്കുള്ള റോഡ്
3. ആലപുരം മരങ്ങോലി ചർച്ച് റോഡ് ഇലഞ്ഞി മാർക്കറ്റുറോഡുമായി ബന്ധിപ്പിക്കുക.

**പുനരുദ്ധരിച്ച് ടാർചെയ്യേണ്ട റോഡുകൾ**

1. ഇലഞ്ഞി കാഞ്ഞിരമറ്റം റോഡ്
2. മാരുതി ജംഗ്ഷൻ പുത്തംകുണ്ട് റോഡ്
3. ആലപുരം മരങ്ങോലി പി.ഒ. റോഡ്
4. ദർശന മുത്തംകുണ്ട് റോഡ്
5. മടുക്ക ഒലിയാംപ്പാവ് റോഡ്

**പാലം പുനരുദ്ധരിക്കേണ്ടവ**

1. കടകേലിപ്പാലം
2. ആലപുരം ഇലഞ്ഞി മാർക്കറ്റ് റോഡിലെ തുരുത്തേൽ പാലം

വാർഡ് ആറ്

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

1. കൂരുമല ഇടപ്പാറ റോഡ്
2. വണ്ടിപ്പുര കൂർപ്പാടം റോഡ് കനാൽ റോഡുമായി ബന്ധിപ്പിക്കുക
3. പൈങ്കുറ്റി കൂർപ്പാടം റോഡ്

**പുനരുദ്ധരിച്ച് ടാർ ചെയ്യേണ്ടവ:**

1. കടകേലി കൂർപ്പള്ളി റോഡ്
2. കൂരുമല നെല്ലൂരുപാറ കൈപ്പാംഞ്ചാൽ റോഡ്
3. കണ്ണാടി കുറുമുട്ടം ഇലഞ്ഞിറോഡ്
4. കൂരുപള്ളി ഇലഞ്ഞിപ്പള്ളി റോഡ്
5. വണ്ടിപ്പുര കൂർപ്പാടം റോഡ്
6. ചിറക്കുന്നേൽ ചേലയ്ക്കാപ്പിള്ളി റോഡ്
7. കുറുവാക്കണ്ടം എരുമപ്പുഴ റോഡ്
8. കൊച്ചുകുളം കൂർപ്പാടം റോഡ്
9. കൊടുംപുറംതാഴം നൂറാംമാക്കൽതാഴം റോഡ്
10. കാട്ടിക്കുടികൂർപ്പാടം റോഡ്

വാർഡ് ഏഴ്

**പുനരുദ്ധരിച്ച് ടാർ ചെയ്യേണ്ട റോഡുകൾ**

1. അന്ത്യാൽ എരപ്പാംകുഴി പാമ്പാക്കുട റോഡ് പി. ഡബ്ല്യൂ.ഡി.
2. എരപ്പാംകുഴി വിലങ്ങപ്പാറ റോഡ്
3. കുളങ്ങരപ്പടി കൈപ്പാംഞ്ചിൽ റോഡ് ശ്മശാനം വരെ നീട്ടുക
4. കുളങ്ങരപ്പടി പെരിയപ്പുറം ഇടയാർ റോഡ്
5. കുളങ്ങരപ്പടി അന്ത്യാൽ റോഡ്
6. അന്ത്യാൽ ശീമാംകുന്നേൽ റോഡ്
7. ചേലാമറ്റം ഹരിജൻ കോളനി റോഡ് ശീമാംകുന്നേൽ പെരുമ്പടവം റോഡുമായി ബന്ധിപ്പിക്കുക
8. പുളിക്കക്കുന്ന് ഐതടി റോഡ്
9. പാറക്കടവ് പാറാന്തടം റോഡ്
10. പാറക്കടവ് ഒരപ്പുര റോഡ്

വാർഡ് എട്ട്.

**പുതിയതായി നിർമ്മിക്കേണ്ടറോഡുകൾ**

1. കുഴിക്കൊമ്പ് പുതിയകുന്ന് റോഡ്
2. നിരവത്തുകുന്ന് സൂര്യാറോഡ്
3. പുതിയ ചിറകുളത്തിലേക്കുറോഡ്

ഗതാഗതം പോലെ തന്നെ വാർത്താവിനിമിയവും വളരെ പ്രധാനമാണ്. പഞ്ചായത്തിനകത്ത് മൂന്നു തപാലാപ്പീസുകാം പ്രവർത്തിക്കുന്നുണ്ട്. അതുപോലെ പഞ്ചായത്തു കേന്ദ്രത്തിൽ ഒരു ടെലഫോൺ എക്സ്ചേഞ്ചും പ്രവർത്തിക്കുന്നു. ഇലഞ്ഞി ടെലഫോൺ എക്സ്ചേഞ്ചിനെക്കുറിച്ചുള്ള ഒരു സ്ഥിതിവിവരക്കണക്ക് ചുവടെ കൊടുക്കുന്നു.

സ്രോതസ് ദ്വിതീയ വിവര ശേഖരണം ജില്ലാ സ്റ്റാറ്റിസ്റ്റിക്സ് കേന്ദ്രം

| എക്സ്ചേഞ്ചിൻെറ തരം | കഴിവ് | കൊടുത്ത കണക്ഷനുകാം | അപേക്ഷകരുടെ എണ്ണം | | |
|---|---|---|---|---|---|
| | | | OYT | SPL | GEL |
| 512PILT | 384 | 364 | 20 | 12 | 294 |

മേൽപ്പട്ടിക സൂചിപ്പിക്കുന്നത് ഏതാണ്ട് പകുതി ആവശ്യങ്ങാംക്കു മാത്രമേ ഇക്കാര്യത്തിൽ നിറവേറ്റപ്പെടുന്നുള്ളൂ. അതിനുള്ള പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

**പുനരുദ്ധരിച്ച് ടാർചെയ്യേണ്ട റോഡുകൾ**

1. പുളിക്കമ്യാൽ കൂര് റോഡ്
2. പുളിക്കത്തടം പുതിയകുന്ന് റോഡ്
3. പെരുമ്പടവം സെൻട്രൽ ക്രോസ് റോഡ്
4. ചന്ദനക്കാല റോഡ്
5. ഐറ്റച്ചാൽ റോഡ്
6. മില്ലുംപടി പുളിക്കക്കുന്ന് റോഡ്
7. പുതിയചിറ ഉറുമ്പിപ്പാറ റോഡ്
8. കടകേലി കൂരുപള്ളി റോഡ്
9. മാർക്കറ്റ് റോഡ് വൺവേ ആക്കുക
10. തകിടിക്കുളത്തിലേക്കുള്ള റോഡ് സ്ലാബിടുക

വാർഡ് 9

**പുതിയതായി നിർമ്മിക്കേണ്ട റോഡ**

1. പെരുമ്പടവം അന്ത്യാൽ റോഡിൽ നിന്ന് നാമക്കുഴി ഭാഗത്തേക്ക് ക്രോസ് റോഡ്
2. പെരുമ്പടവം ദേവീക്ഷേത്ര പടിക്കൽ നിന്നും ഇലഞ്ഞിറോഡിലേക്കുള്ള വഴി.
3. മുകളേത്തട്ടുവഴിയിൽ നിന്നും ചാലിൽ ഭാഗത്തുകൂടി ലക്ഷം വീടു കോളനിയിലേക്കുള്ള വഴി.
4. പെരുമ്പടവം ഞീഴൂർ റോഡിൽ നിന്നും കുറുമം ഭാഗത്തുകൂടി അവർമ്മ ഭാഗത്തേക്കുള്ള വഴി.
5. കാക്കാട്ടുതൃക്ക പെരുമ്പടവം റോഡ് പൂർത്തിയാക്കുക.

**പുനരുദ്ധരിച്ച് ടാർ ചെയ്യേണ്ട റോഡുകൾ**

1. പെരുമ്പടവം ഇലഞ്ഞിറോഡ്
2. പള്ളിപ്പടി മുളക്കുളം റോഡ്
3. മെയ്ൻ റോഡ് പെരുമ്പടവം കോളനി റോഡ്
4. പെരുമ്പടവം ഞീഴൂർ റോഡ്.
5. പെരുമ്പടവം സി.എസ്.ഐ. ചർച്ച് റോഡ്
6. പെരുമ്പടവം ഞീഴൂർ റോഡിൽ നിന്നുള്ള ഇലഞ്ഞി ക്രോസ് റോഡ്
7. ചീപ്പുംപടി മുകളേൽ തട്ട് റോഡ്
8. പെരുമ്പടവം പുത്തൂർകുടി റോഡ്

# വിദ്യാഭ്യാസം

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ തിരുവിതാംകൂറിൽ ഉണ്ടായ സാംസ്കാരിക നവോത്ഥാന ത്തിൻെറ അലയൊലി ഇലഞ്ഞി പഞ്ചായത്തിൻെറ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളൽ ഉണ്ടായി. അന്നുവരെ നിലനന്നിരുന്ന ആശാൻ കളരികളുടെ (കുടിപ്പള്ളിക്കൂടങ്ങൾ) അപര്യാപ്തത മനസിലാക്കി പുതിയ വിദ്യാലയങ്ങൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകത കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുവരികയും ചെയ്തു. ആലപുരത്ത് ആദ്യമായി തുടങ്ങിയ വിദ്യാലയം വിദ്യാർത്ഥികളുടെ അഭാവത്തിൽ നിന്നുപോയപ്പോൾ ഇലഞ്ഞി പള്ളിയുടെ ശ്രമഫലമായി 1915 ൽ സ്ഥാപിച്ചതാണ് ഇന്നത്തെ ഇലഞ്ഞി ഗവ: എൽ.പി. സ്കൂൾ. ഇലഞ്ഞിയിൽ ഇന്നു പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ ഏറ്റവും പ്രാചീന മായത് ഈ വിദ്യാലയമാണ്. ഈ കാലഘട്ടത്തിൽ തന്നെ മുത്തലപുരത്ത് ഒരു പ്രൈമറി വിദ്യാലയം ഉണ്ടായെങ്കിലും പല കാരണങ്ങളാൽ 1965 ൽ നിന്നു പോവുകയാണുണ്ടായത്. 1925 ൽ ഇലഞ്ഞിയിൽ സെൻറ് പീറ്റേഴ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂളായി തുടങ്ങിയ സ്ഥാപനമാണ് ഇന്നത്തെ സെൻറ്. പീറ്റേഴ്സ് ഹൈസ്കൂൾ. ഇതേ കാലത്തുതന്നെ മുത്തലപുരത്ത് ഒരു ഗേൾസ് ഹൈസ്കൂളും ആരംഭിച്ചു. ഇന്ന് ഇലഞ്ഞി പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിൻെറ പേര് | ഗവ/എയ്ഡഡ് | സ്ഥാപിച്ച വർഷം |
|---|---|---|---|
| 1. | ഗവ: എൽ.പി.സ്കൂൾ, ഇലഞ്ഞി | ഗവ: | 1915 |
| 2. | ഗവ: എൽ.പി.സ്കൂൾ, ആലപുരം | ഗവ: | 1933 |
| 3. | സെ: ജോർജ് എൽ.പി. സ്കൂൾ, മുത്തലപുരം | എയ്ഡഡ് | 1981 |
| 4. | സെ: പോൾസ് എൽ.പി. സ്കൂൾ, മുത്തലപുരം | എയ്ഡഡ് | – |
| 5. | സെ: പീറ്റേഴ്സ് എൽ.പി. സ്കൂൾ, ഇലഞ്ഞി | എയ്ഡഡ് | 1954 |
| 6. | സെ: സേവിയേഴ്സ് യു.പി. സ്കൂൾ, കൂര് | എയ്ഡഡ് | – |
| 7. | വിദ്യാമന്ദിരം യു.പി. സ്കൂൾ, ആലപുരം | എയ്ഡഡ് | 1954 |
| 8. | സെ: പീറ്റേഴ്സ് ഹൈസ്കൂൾ ഇലഞ്ഞി | എയ്ഡഡ് | 1950 |
| 9. | സെ: പോൾസ് ഹൈസ്കൂൾ, മുത്തലപുരം | എയ്ഡഡ് | 1950 |
| 10. | ടെക്നിക്കൽ ഹൈസ്കൂൾ, ഇലഞ്ഞി | ഗവ: | 1983 |

രണ്ടു ഹൈസ്കൂളുകളുള്ളതിൽ ഒന്ന് പെൺകുട്ടികൾക്കുമാത്രം പ്രവേശനം നൽകുന്നു. ആൺകുട്ടികൾക്ക് പഞ്ചായത്തിൽ ആശ്രയിക്കവുന്നത് ഇലഞ്ഞി സെൻറ്. പീറ്റേഴ്സ് ഹൈസ്കൂൾ മാത്രമാണ്. പെരുമ്പടവം ചീപ്പുംപടി, മുകളേൽത്തട്ട്, നെല്ലൂരുപാറ, കൂരുമല, ചക്കാലപ്പാറ, പുളിക്കിക്കുന്ന് എന്നീ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനുപോലും രണ്ടു കിലോമീറ്ററിലേറെ നടക്കേണ്ടതുണ്ട്.

നിയന്ത്രിതമായി മാത്രം കുട്ടികൾക്കു പ്രവേശനം നൽകുന്ന ഒരു ടെക്നിക്കൽ ഹൈസ്കൂളല്ലാതെ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഉപരിപഠനത്തിനുള്ള പ്ലസ് ടു, വൊക്കേഷനൽ ഹയർ സെക്കൻററി, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. ഗവ: അംഗീകാരമില്ലാത്ത സെ. മേരീസ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ എന്ന ഒരു സമാന്തര വിദ്യാലയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

**പഞ്ചായത്തിൽ നിലവിലുള്ള ശിശു വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| | | |
|---|---|---|
| 1. ബാലവാടികൾ | – | 3 |
| 2. സ്വകാര്യ നഴ്സറി സ്കൂൾ | – | 5 |
| 3. ആശാൻ കളരികൾ (കുടിപ്പള്ളിക്കൂടങ്ങൾ) | – | 9 |

ഇലഞ്ഞി പഞ്ചായത്തിൽ സർക്കാർ വകയോ, സർക്കാരംഗീകാരമുള്ളതോ ആയ ആധുനിക പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഒന്നുമില്ല. മുഴുവൻ കുട്ടികളും ആശ്രയിക്കുന്നത് പരിമിതമായ സൗകര്യങ്ങളുള്ള മേൽ കാണിച്ച സ്ഥാപനങ്ങളെയാണ്.

**അക്കാഡമിക് സൗകര്യങ്ങൾ:**

ലൈബ്രറി, ലബോറട്ടറി, മറ്റു പഠനോപകരണങ്ങൾ എന്നിവ ഹൈസ്കൂളുകളിലുണ്ട്. ലൈബ്രറിയില്ലാത്ത രണ്ട് എൽ.പി. സ്കൂളുകളുണ്ട്. എൽ.പി, യു.പി. സ്കൂളുകളിൽ പഠനോപരണങ്ങൾ പരിമിതമാണ്. രണ്ടു ഹൈസ്കൂളുകളിലും സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ എന്നിവയുണ്ട്. എന്നാൽ ആധുനിക പഠനോപകരണങ്ങളായ ടെലിവിഷൻ, വി.സി.ആർ. തുടങ്ങിയവ ഈ സ്കൂളുകളിലുമില്ല.

**ഭൗതിക സാഹചര്യങ്ങൾ:**

പഞ്ചായത്തിലുള്ള എല്ലാ എയ്ഡഡ് ഗവ: സ്കൂളുകളിലും, ആവശ്യത്തിനു കെട്ടിട സൗകര്യങ്ങളുണ്ട്. എന്നാൽ ചില പ്രൈമറി സ്കൂളുകളിൽ കളി സ്ഥലങ്ങൾ പരിമിതമാണ്. പ്രൈമറിസ്കൂളുകളിൽ കായിക പരിശീലനത്തിന് ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ വേണ്ടത്രയില്ല.

കക്കൂസ്, മൂത്രപ്പുര, പാചകമുറി, സ്റ്റാഫ് റൂം തുടങ്ങിയ ഭൗതിക സൗകര്യങ്ങളില്ലാത്തതു സംബ ന്ധിച്ച വിവരങ്ങാം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | സ്കൂളിൻെറ പേര് | മൂത്രപ്പുര ആവശ്യമുള്ളത് | കക്കൂസ് ആവശ്യമുള്ളത് | വൈദ്യുതീകരിക്കേണ്ടത് | പാചകമുറി വേണ്ടത് | സ്റ്റാഫ് റൂം വേണ്ടത് | ഫർണിച്ചർ വേണ്ടത് | പുതുതായി ആവശ്യമുള്ള ഡസ്ക്കുകൾ | പുതുതായി ആവശ്യമുള്ള ബെഞ്ചുകൾ | പുതുതായി ആവശ്യമുള്ള കസേരകൾ | പുതുതായി ആവശ്യമുള്ള ഓഫീസ്സുപകരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | എസ്.എക്സ്. യുപി. സ്കൂാം, കൂര് | 1 | 1 | | | | | | | | |
| 2. | എസ്.പി.ജി.എച്ച്.എസ്., മുത്തലപുരം | | 2 | | | | | | | | |
| 3. | എസ്.പി.എൽ.പി.എസ്. മുത്തലപുരം | | 1 | | | | 1 | 6 | | | |
| 4. | എസ്.പി.എച്ച്.എസ്. ഇലഞ്ഞി | | 2 | | 1 | | | | | | |
| 5. | ജി.എൽ.പി.എസ്. ഇലഞ്ഞി | | 1 | 1 | | 1 | | | | | |
| 6. | ജി.എൽ.പി.എസ്. ആലപുരം | 2 | 1 | 1 | | 1 | 1 | | 15 | | 2 |
| 7. | വി.എം.യു.പി.എസ്. | 1 | | | | 1 | 1 | | | 5 | 1 |

സ്കൂളുകളും വിഭാഗങ്ങളും തിരിച്ചുള്ള അദ്ധ്യാപകരുടെ എണ്ണത്തെ സംബന്ധിച്ച പട്ടിക

| ക്രമനമ്പർ | സ്കൂളിൻെറ പേര് | L.P. വിഭാഗം | | | U.P. വിഭാഗം | | | H.S. വിഭാഗം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | M | F | T | M | F | T | M | F | T | M | F | T |
| 1. | എസ്.എക്സ്. യു.പി. സ്കൂാം, കൂര് | – | 4 | 4 | – | 4 | 4 | | | | – | 8 | 8 |
| 2. | എസ്.പി.ജി.എച്ച്.എസ്., മുത്തലപുരം | | | | – | 10 | 10 | – | 15 | 15 | – | 25 | 25 |
| 3. | എസ്.പി.എൽ.പി.എസ്. മുത്തലപുരം | – | 9 | 9 | | | | | | | – | 9 | 9 |
| 4. | എസ്.പി.എച്ച്.എസ്. ഇലഞ്ഞി | | | | 2 | 5 | 7 | 5 | 13 | 18 | 7 | 18 | 25 |
| 5. | ജി.എൽ.പി.എസ്. ഇലഞ്ഞി | 1 | 3 | 4 | | | | | | | 1 | 3 | 4 |
| 6. | ജി.എൽ.പി.എസ്. ആലപുരം | 1 | 4 | 5 | | | | | | | 1 | 4 | 5 |
| 7. | വി.എം.യു.പി.എസ്. ആലപുരം | | | | 3 | 3 | 6 | | | | 3 | 3 | 6 |
| 8. | എസ്.ജി.എൽ.പി.എസ്, മുത്തലപുരം | 1 | 3 | 4 | | | | | | | 1 | 3 | 4 |
| 9. | എസ്.പി.എൽ.പി.എസ്, ഇലഞ്ഞി | – | 5 | 5 | | | | | | | – | 5 | 5 |
| 10. | ടി.എച്ച്.എസ്. ഇലഞ്ഞി | | | | | | | 2 | 2 | 4 | 2 | 2 | 4 |
| ആകെ | | 3 | 28 | 31 | 5 | 22 | 27 | 7 | 30 | 37 | 15 | 80 | 95 |

മേൽപ്പട്ടിക പരിശോധിച്ചാൽ വിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപകർ 16 % വും അദ്ധ്യാപികമാർ 84% വുമാണെന്നുകാണാം.

**അദ്ധ്യാപക രക്ഷാകർതൃസമിതി**

എല്ലാ സ്കൂളുകളിലും പി.ടി.ഐയും മാതൃ സംഗമവും ഉണ്ട്. എന്നാൽ ചില സ്കൂളുകളിൽ മാത്രമാണ് ഇവ സജീവമായിട്ടുള്ളത്. ക്ലാസ്റും പി.ടി.എയുടെ പ്രവർത്തനം ഇല്ല എന്നുതന്നെ പറയാം. സ്കൂളുകളിൽ പി.ടി.ഐ.യുടെ സജീവ പങ്കാളിത്തം ഇല്ലാത്തത് വിദ്യാലയ നിലവാരത്തെ ബാധിക്കുന്നുണ്ട്. ഇവ സജീവമായിട്ടുള്ള സ്കൂളുകളുടെ ഭൗതിക അക്കാദമി സൗകര്യങ്ങാം മെച്ചപ്പെട്ടവയാണ്.

**പാഠ്യേതര പ്രവർത്തനങ്ങൾ**

പാഠ്യപ്രവർത്തനങ്ങളെപ്പോലെതന്നെ പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് അത്യന്താപേക്ഷിതമാണ്. പാഠ്യേതര പ്രവർത്തനങ്ങളിൽ ഇവിടത്തെ സ്കൂളുകളുടെ നിലവാരം താരതമ്യേന മെച്ചപ്പെട്ടതാണ്. സബ്ജില്ലാ, ജില്ലാ തലമേളകളിൽ സ്കൂളുകാം നല്ല പ്രകടനം കാഴ്ചവയ്ക്കുന്നുണ്ട്. എന്നാൽ പ്രൈമറി വിദ്യാലയങ്ങളിൽ കലാ കായിക പ്രവർത്തനങ്ങാംക്ക്വേണ്ടത്ര പരിശീലനം കൊടുക്കുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങളില്ല.

ജില്ലാ, സംസ്ഥാന ദേശീയതലത്തിൽ വിദ്യാർത്ഥികൾക്കു ലഭിച്ചിട്ടുള്ള അവാർഡുവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്കൂളിൻെറ പേര് | ജില്ലാതലം | | | സംസ്ഥാനതലം | | | ദേശീയതലം | | |
|---|---|---|---|---|---|---|---|---|---|---|
| | | M | F | T | M | F | T | M | F | T |
| 1. | എസ്.എക്സ്. യു.പി. സ്കൂൾ, കൂര് | 2 | 3 | 5 | - | - | - | - | - | - |
| 2. | എസ്.പി.ജി.എച്ച്.എസ്., മുത്തലപുരം | 1 | 4 | 5 | - | 12 | 12 | - | 6 | 6 |
| 3. | എസ്.പി.എൽ.പി.എസ്. മുത്തലപുരം | - | - | - | 1 | - | 1 | - | - | - |
| 4. | എസ്.പി.എച്ച്.എസ്. ഇലഞ്ഞി | 3 | - | 3 | 2 | - | 2 | - | - | - |
| 5. | ജി.എൽ.പി.എസ്. ഇലഞ്ഞി | - | - | - | 1 | - | 1 | - | - | - |
| ആകെ | | 6 | 7 | 13 | 4 | 12 | 16 | - | 6 | 6 |

ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം പരിശോധിച്ചാൽ സംസ്ഥാന ശരാശരിയേ ക്കാൾ വളരെ മുൻപന്തിയിലാണെന്നു കാണാം. കഴിഞ്ഞ 5 വർഷ കാലത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനം വിദ്യാലയം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്കൂളിൻെറ പേര് | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|
| 1. | എസ്.പി.ജി.എച്ച്.എസ്, മുത്തലപുരം | 94% | 81% | 98% | 94% | 94 |
| 2. | എസ്.പി.എച്ച്.എസ്., ഇലഞ്ഞി | 60% | 50% | 54% | 65% | 45% |

മേൽപ്പട്ടിക പരിശോധിച്ചാൽ സ്കൂളുകളിൽ വിജയശതമാനം വലിയ ഏറ്റക്കുറച്ചിലുകളില്ലാതെ നിൽക്കുന്നു എങ്കിലും, രണ്ട് സകൂളുകളും തമ്മിൽ പ്രകടമായ അന്തരമുണ്ടെന്നുകാണാം. ഇതിൻെറ കാരണങ്ങൾ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. മറ്റൊരുപ്രത്യേകത പെൺകുട്ടികളാണ് കൂടുതൽ വിജയം നേടുന്നത് എന്നാണ്. ബോധനരീതിയുടെ വൈകല്യവും, മൂല്യനിർണ്ണയത്തിൻെറ അപര്യാപ്തതയുമാണ് ഇതിനുകാരണം. ടി.എച്ച്.എസിൽ വിജയം 100% ആണെങ്കിലും അതും വിശദപഠനത്തിനിരയാക്കേണ്ടതാണ്.

യു.എസ്. എസ്., എൽ.എസ്.എസ്. മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള കുട്ടികളുടെ എണ്ണം.

| ക്രമനമ്പർ | സ്കൂളിൻെറ പേര് | L.S.S. | U.S.S. |
|---|---|---|---|
| 1. | എസ്.പി.ജി.എച്ച്.എസ്, മുത്തലപുരം | 8 | 4 |
| 2. | എസ്.പി.എച്ച്.എസ്., ഇലഞ്ഞി | 1 | 1 |
| 3 | ജി.എൽ.പി.എസ്, ഇലഞ്ഞി | 1 | - |
| 4 | വി.എം.യു.പി.എസ്, ആലപുരം | - | 2 |

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ് ലഭിച്ചിട്ടുള്ള കുട്ടികളുടെ എണ്ണം വളരെ പരിമിതമാണ്. ഇത് വിദ്യാഭ്യാസ നിലവാരത്തിൻെറ തകർച്ചയെയാണ് കാണിക്കുന്നത്. ഇവിടെയും ബോധനരീതിയും, മൂല്യനിർണ്ണയവും പരിശോധനാവിധേയമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ പട്ടികവർഗവിഭാഗത്തിൽ പെട്ട കുട്ടികളാരും പഠിക്കുന്നില്ല. ഇവിടെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1. | ആകെ പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ | 71 | 70 | 141 |
| 2. | തോറ്റു പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ | 5 | 9 | 14 |
| 3. | തോറ്റു പഠിക്കുന്ന മറ്റു വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ | 90 | 60 | 150 |
| 4. | പഠനം നിർത്തിയ എസ്.സി. വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ | 1 | 1 | 2 |
| 5. | പഠനം നിർത്തിയ മറ്റു വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ | 37 | 11 | 48 |

മേൽക്കാണിച്ചിട്ടുള്ള പട്ടിക പഠനനിലവാരത്തിൽ മറ്റുകുട്ടികളേക്കാൾ പട്ടികജാതിവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾ പിന്നോക്കമല്ല എന്നു കാണിക്കുന്നു.

പഞ്ചായത്തിലുള്ള ഒരേയൊരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ഇലഞ്ഞി ടെക്നിക്കൽ ഹൈസ്കൂളിൻെറ ഭൗതിക സാഹചര്യം വളരെ ശോചനീയമാണ്. 100 % വിദ്യാർത്ഥികളെ വിജയിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിന് സ്വന്തമായി ഒരു കെട്ടിടം പോലുമില്ല. അതുകൊണ്ട്, അനുവദിക്കപ്പെട്ടിരിക്കുന്ന എണ്ണം കുട്ടികളെ ചേർക്കാനോ, ആവശ്യത്തിനു സാങ്കേതിക പരിശീലനം കൊടുക്കാനോ, കഴിയാത്ത ദയനീയമായ സാഹചര്യമാണിന്നുള്ളത്. അനുവദിക്കപ്പെട്ട റബ്ബർ ടെക്നോളജി, ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് ട്രെയ്ഡുകൾ തുടങ്ങാൻ പോലും കഴിയുന്നില്ല.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ട്യൂഷൻ സെൻററുകൾ നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തകരുണ്ട്. ഒരു പാരലൽ കോളേജും, ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഒരു കമ്പ്യൂട്ടർ സെൻററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെ കാണിക്കുന്ന പട്ടിക

| ക്ലാസ് | S.P.G.H.S മുത്തലപുരം | | | S.P.H.S ഇലഞ്ഞി | | | V.M.U.P.S ആലപുരം | | | S.X.U.P.S. കൂര് | | | S.G.L.P.S മുത്തലപുരം | | | S.P.L.P.S മുത്തലപുരം | | | S.P.L.P.S ഇലഞ്ഞി | | | G.L.P.S ഇലഞ്ഞി | | | G.L.P.S. ആലപുരം | | | T.H.S. ഇലഞ്ഞി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T |
| 1. | | | | | | | | | | 16 | 10 | 26 | 11 | 9 | 20 | 23 | 30 | 53 | 10 | 20 | 30 | 8 | 8 | 16 | 27 | 27 | 54 | | | | 95 | 104 | 199 |
| 2. | | | | | | | | | | 11 | 19 | 30 | 12 | 13 | 25 | 34 | 27 | 61 | 15 | 14 | 29 | 8 | 7 | 15 | 11 | 14 | 25 | | | | 91 | 94 | 185 |
| 3. | | | | | | | | | | 18 | 9 | 27 | 9 | 9 | 18 | 30 | 34 | 64 | 29 | 27 | 56 | 11 | 10 | 21 | 13 | 13 | 26 | | | | 110 | 102 | 212 |
| 4. | | | | | | | | | | 17 | 13 | 30 | 10 | 8 | 18 | 29 | 39 | 68 | 24 | 18 | 42 | 12 | 5 | 17 | 19 | 11 | 30 | | | | 111 | 94 | 205 |
| 5. | 63 | 60 | 113 | 49 | 49 | 98 | 17 | 18 | 35 | 24 | 17 | 41 | | | | | | | | | | | | | | | | | | | 143 | 144 | 287 |
| 6. | 50 | 66 | 116 | 48 | 35 | 83 | 13 | 13 | 26 | 20 | 19 | 39 | | | | | | | | | | | | | | | | | | | 131 | 133 | 264 |
| 7. | 48 | 61 | 109 | 59 | 32 | 91 | 18 | 13 | 31 | 16 | 18 | 34 | | | | | | | | | | | | | | | | | | | 141 | 124 | 265 |
| 8. | - | 102 | 102 | 93 | 49 | 142 | | | | | | | | | | | | | | | | | | | | | | 23 | 1 | 24 | 116 | 152 | 268 |
| 9. | - | 105 | 105 | 79 | 46 | 125 | | | | | | | | | | | | | | | | | | | | | | 20 | 3 | 23 | 99 | 154 | 253 |
| 10. | - | 77 | 77 | 51 | 49 | 100 | | | | | | | | | | | | | | | | | | | | | | 25 | 2 | 27 | 76 | 128 | 204 |
| T | 151 | 471 | 622 | 379 | 260 | 639 | 48 | 44 | 92 | 122 | 105 | 227 | 42 | 39 | 81 | 116 | 130 | 246 | 78 | 79 | 157 | 39 | 30 | 69 | 70 | 65 | 135 | 68 | 6 | 74 | 1113 | 1229 | 2342 |

പഞ്ചായത്തിലെ മേൽപ്പറഞ്ഞ സ്കൂളുകളിൽ 1113 ആൺകുട്ടികളും 1229 പെൺകുട്ടികളുമായി ആകെ 2342 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 278 പേർ സർക്കാർ സ്കൂളുകളിലും, ബാക്കിയുള്ളവർ എയ്ഡഡ് സ്കൂളുകളിലും ആണ്.

കഴിഞ്ഞ 10 വർഷങ്ങളായി ഈ പഞ്ചായത്തതിർത്തിയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. മേൽപ്പട്ടിക പരിശോധിച്ചാൽ ഈ പ്രവണത തുടരുന്നതായി മനസിലാക്കാം. പൊതുവിദ്യാലയങ്ങളുടെ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളം ഇതൊരു ആപൽ സൂചനയാണ്. ഇതിനുള്ള കാരണം സമീപ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും വാഹനസൗകര്യങ്ങളുള്ള മറ്റു സ്കൂളുകളിലേക്കും കുട്ടികൾ പോകുന്നു എന്നതാണ്. കൂടാതെ രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് വർദ്ധിച്ചുവരുന്ന താൽപര്യവും കുട്ടികളുടെ സുരക്ഷയിലുള്ള അമിതമായ ഉത്ക്കണ്ഠയും ഇതിന്റെ പിന്നിലുണ്ട്. പഞ്ചായത്തിനു വെളിയിൽ, സമീപ പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിച്ചതും, കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നതിന് കാരണമായിട്ടുണ്ട്.

## ഔപചാരിക വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം

പൊതുവായ പ്രശ്നങ്ങൾ

1. വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
2. അൺ എയ്ഡഡ്, സമാന്തര വിദ്യാലയങ്ങളുടെ വർദ്ധനവ് പൊതുവിദ്യാലയങ്ങളുടെ നിലനിൽപിനെ ബാധിക്കുന്നു.
3. പഠനനിലവാരം കുറഞ്ഞുവരുന്നു.
4. നിർദ്ധനവിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ അപര്യാപ്തമാണ്.
5. ക്വാളിഫൈഡ് ടീച്ചേഴ്സിന്റെ അഭാവം ഉണ്ട്.
6. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു.
7. ശിശുവിദ്യാലയങ്ങളുടെ അഭാവം വളരെ പ്രകടമാണ്.
8. പാഠ്യേതര പ്രവർത്തനത്തിനുള്ള അദ്ധ്യാപകരുടെ കുറവുണ്ട്.
9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.
10. ഹയർസെക്കൻററി സ്കൂളുകളില്ല
11. വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ച് വേണ്ടത്ര അവബോധമില്ല.
12. മൂല്യനിർണ്ണയത്തിൽ വളരെയധികം അപാകതകളുണ്ട്.
13. പാഠ്യേതര പ്രവർത്തനങ്ങൾക്ക് വേണ്ടത്ര അംഗീകാരവും പ്രോത്സാഹനവും ഇല്ല.

ഈ മേഖലയിലെ സാദ്ധ്യതകൾ:

1. അയൽവക്ക വിദ്യാഭ്യാസ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കുക.
2. മുഴുവൻ സ്കൂളുകളേയും ഉൾപ്പെടുത്തി പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് ഫലപ്രദമായി നടപ്പാക്കുക.
3. പഞ്ചായത്തു തലത്തിൽ കലാ-കായിക-ശാസ്ത്ര മേളകൾ സംഘടിപ്പിച്ച് ബ്ലോക്ക് ജില്ലാ തലങ്ങളിൽ കൂടി നടത്തുക
4. വിദ്യാഭ്യാസ അക്കാഡമിക് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുക.
5. സ്കൂൾ പി.ടി.എ., മാതൃസംഗമം ഇവ കാര്യക്ഷമമാക്കുകയും സ്കൂൾ-അക്കാഡമിക് കൗൺസിലുമായി ബന്ധിപ്പിക്കുകയും ചെയ്യുക.
6. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധിച്ച് ശിശു വിദ്യാലയങ്ങൾ തുറക്കുക.
7. പ്രൈമറി തലത്തിൽ അർഹതയുള്ളവർക്കു മാത്രം ക്ലാസ് കയറ്റം കൊടുക്കുകയും അല്ലാത്തവർക്ക് പരിഹാര ബോധനം കൊടുക്കുകയും ചെയ്യുക.
8. യു.പി. വിഭാഗത്തെ എച്ച്.എസിൽ നിന്ന് വേർതിരിക്കുകയും യു.പി.യിൽ പൊതു പരീക്ഷ നടത്തുകയും ചെയ്യുക.
9. സ്കൂൾ ഉച്ചഭക്ഷണ പരിപാടി ഫലപ്രദമായി നടത്തുക

**ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ:**

1. മുത്തലപുരം ഭാഗത്ത് ബോയ്സ് ഹൈസ്കൂൾ വേണം.
2. ഹയർ സെക്കൻററി വിഭാഗം ഹൈസ്കൂളുകളിൽ തുടങ്ങണം.
3. സാങ്കേതിക വിദ്യാഭ്യാസ സൗകര്യം വേണം.
4. ശിശുവിദ്യാലയങ്ങൾ എല്ലാ വാർഡുകളിലും തുടങ്ങണം
5. അർഹതയുള്ളവർക്കു മാത്രമേ ക്ലാസ് കയറ്റം കൊടുക്കാവൂ.
6. പാഠ്യപദ്ധതി ലഘൂകരിക്കണം.
7. പിന്നോക്ക നിലവാരം പരിഹരിക്കാൻ പ്രത്യേകം ബോധന പരിപാടി സംഘടിപ്പിക്കണം.
8. പഠനോപകരണങ്ങൾ നിർമ്മിക്കാൻ പഞ്ചായത്തു തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കണം.
9. അദ്ധ്യാപകർക്കു പഞ്ചായത്തു തലത്തിൽ റിഫ്രഷർ കോഴ്സുകൾ നടത്തണം.
10. തുടർ സാക്ഷരതാ പരിപാടികൾ ആരംഭിക്കണം.
11. നിർദ്ധനവിദ്യാർത്ഥികൾക്ക് കൂടുതൽ സഹായം നൽകണം.
12. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് നടപ്പിലാക്കണം.
13. കരിയിൽ ഇൻഫർമേഷൻ കോച്ചിംഗ് സെൻററും ആരംഭിക്കുക.
14. മുത്തലപുരം എസ്.ജി.എൽ.പി.സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.
15. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദം നേടിയവരെ നിയമിക്കുക.
16. സ്കൂളുകളിലും ശിശു വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക
17. ദൃശ്യ, ശ്രാവ്യ സങ്കേതങ്ങൾ പഠനത്തിന് ഉപയോഗപ്പെടുത്തണം.
18. കുട്ടികളുടെ എണ്ണം നോക്കാതെ സ്പെഷലിസ്റ്റ് അദ്ധ്യാപകരെ എല്ലാ സ്കൂളുകളിലും നിയമിക്കുക.
19. എൽ.പി.യു.പി. സ്കൂൾ പ്രധാന അദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.
20. ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി സ്ഥലം കണ്ടെത്തണം.
21. ആശാൻ കളരികൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കണം.
22. മുകളേൽത്തട്ട് ഭാഗത്ത് പ്രൈമറി സ്കൂൾ തുടങ്ങണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

**കുടിവെള്ളം:**

ഇലഞ്ഞിഗ്രാമപഞ്ചായത്തിൽ 3650 വീടുകളിലായി 16576 ആളുകാം അധിവസിക്കുന്നുണ്ട്. ഈ പഞ്ചായത്ത് പ്രദേശത്തിൻെറ ഭൂരിഭാഗവും ഉയർന്ന കുന്നുകളും മലകളും നിറഞ്ഞതാണ്. ഉയർന്ന ഭാഗങ്ങാം സമുദ്രനിരപ്പിൽ നിന്നും 140 മീ. വരെ ഉയരമുള്ളതാണ്. സമതലപ്രദേശങ്ങളും പാടശേഖരങ്ങളും വളരെ ക്കുറച്ചുമാത്രമേയുള്ളൂ. അവ സമുദ്രനിരപ്പിൽ നിന്നും 10-12 മീറ്റർവരെ ഉയരത്തിലാണ്. വേനൽക്കാലത്ത് വറ്റാത്ത വെള്ളമുള്ള പുഴകളോ, തോടുകളോ ഈ പഞ്ചായത്തിലില്ല. വേനൽക്കാലത്ത് കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുന്നു. ഇക്കാര്യത്തിൽ എല്ലാ വാർഡുകളും ഒരുപോലെയാണ്. ചിലപ്രദേശങ്ങളിൽ കൂടുതൽ രൂക്ഷത അനുഭവപ്പെടുന്നു, എന്നുമാത്രം. ടാപ്പൊന്നിന് പ്രതിമാസം 73 രൂപ പ്രകാരം 160 പൊതു ടാപ്പുകളിലായി 1680 രൂപ വെള്ളക്കരമായി പഞ്ചായത്ത് ജലഅതോറിറ്റിക്ക് അടയ്ക്കുന്നുണ്ട്. അതിൻെറ ഗുണഭോക്താക്കാം ആകെ കുടുംബങ്ങളുടെ 19% ത്തിൽ താഴെ മാത്രമാണ്. 51 കുടുംബങ്ങാം ഹൗസ് കണക്ഷൻ എടുത്തിരിക്കുന്നു. അതായത് 1.4% പൊതുകിണറുകാം വളരെ കുറച്ചുപേർ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 67% ആാംക്കാർ സ്വന്തം കിണറുകളിൽ നിന്നും കുടിവെള്ളം ഉപയോഗിക്കുന്നു. മറ്റുള്ളവരുടെ കിണറുകളെമാത്രം ആശ്രയിച്ചുകഴിയുന്ന 11.9 ശതമാനം കുടുംബങ്ങളുണ്ട്. പഞ്ചായത്തിലുള്ള കിണറുകളിൽ പകുതിയോളം വേനൽക്കാലത്ത് (ഉദ്ദേശം നാലുമാസം) വെള്ളം കിട്ടാത്തവയാണ്. പൊതുടാപ്പുകളിൽ പകുതിയോളം വർഷകാലത്തു പോലും വെള്ളം ലഭിക്കുന്നവയല്ല. ബാക്കി ടാപ്പുകളിൽ നാല് ദിവസത്തിലൊരിക്കൽ മാത്രം വെള്ളം ലഭിക്കുന്നതിനുള്ള സംവിധാനമേ ഇപ്പോഴുള്ളൂ.

പിറവം കക്കാട് കുടിവെള്ള വിതരണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഇലഞ്ഞി പഞ്ചായത്തിൽ ദിനം പ്രതി 0.898 മില്യൺ ലിറ്റർ വെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യത വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ പിറവത്തു നിന്നും കാലാനിമറ്റം പമ്പ്ഹൗസ്വരെ വെള്ളമെത്തിക്കാൻ ഇട്ടിരിക്കുന്ന പൈപ്പ് മുൻപറഞ്ഞിരിക്കുന്നത്രയും വെള്ളം എത്തിക്കുന്നതിന് തീകച്ചും അപര്യാപ്തമാണ്.

മാത്രമല്ല ഇട്ടിരിക്കുന്ന പൈപ്പ് ആസ്ബസ്റ്റോസ് സിമൻറ് ഉപയോഗിച്ച് നിർമ്മിച്ചവയാണ്. ആയത് പൊതുജനാരോഗ്യത്തിന് ഹാനികരമാണ്. മേല്പടി വെള്ളം പമ്പുഹൗസിലെത്തിയാൽ പഞ്ചായത്തിൽ ഫലപ്രദമായി വിതരണം ചെയ്യുന്നതിനാവശ്യമായ വിതരണക്കുഴലുകളോ ഓവർ ഹെഡ് ടാങ്കുകളോ നിർമ്മിക്കുന്നതിനു വേണ്ട യാതൊരുവിധ നടപടികളും ജല അതോറിറ്റിയുടെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. പിറവം, ആമ്പല്ലൂർ, ഇടക്കാട്ടുവയൽ മുതലായ പഞ്ചായത്തുകളിൽ ജലവിതരണത്തിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കുമ്പോാം ഇലഞ്ഞി പഞ്ചായത്തിനെ മാത്രം ഒഴിവാക്കിയതിൻെറ കാരണം മനസിലാകുന്നില്ല. ആകയാൽ ഇലഞ്ഞി പഞ്ചായത്തിലും കൂടി പ്രസ്തുത പരിപാടി നടപ്പിലാക്കാനുള്ള നടപടികാം ജല അതോറിറ്റി സത്വരമായി സ്വീകരിക്കേണ്ടതുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ മാത്രമേ ഇലഞ്ഞി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയൂ. .

പ്രധാന കുടിവെള്ള സ്രോതസുകാം പട്ടികയായി താഴെ കൊടുക്കുന്നു.

ആകെ വീടുകാം 3650  ആകെ ജനസംഖ്യ 16576

| ക്രമ. നം. | ഇനം | ഉപയോഗിക്കുന്ന കുടുംബാഗംങ്ങാം | |
|---|---|---|---|
| | | എണ്ണം | ശതമാനം |
| 1. | പ്രൈവറ്റ് കണക്ഷൻ | 51 | 1.4 |
| 2. | സ്വന്തം കിണർ | 2447 | 67.0 |
| 3. | പൊതുകിണർ | 21 | 0.7 |
| 4. | മറ്റുള്ളവരുടെ കിണർ | 434 | 11.9 |
| 5. | പൊതു ടാപ്പ് | 697 | 19.0 |

മേൽപ്പട്ടികയിൽ വിവരിച്ചിട്ടുള്ള കുടിവെള്ള സ്രോതസുകാംക്കു പുറമേ പ്രവർത്തനരഹിതമായ ഒരെണ്ണം ഉാംപ്പെടെ ആകെ 14[illegible] കുഴൽ കിണറുകാം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്.

പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങാം വാർഡ് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി താഴെ കൊടുക്കുന്നു.

| വാർഡ് നം. | പ്രദേശത്തിന്റെ പേര് |
|---|---|
| I | ചക്കാലപ്പാറ, തോണപ്പാറ, പുളിങ്കുന്നുമല |
| II | കലയപ്പാറ, കൂവപ്പാറ, ഇല്ലിക്കൽ, വട്ടപ്പാറക്കോളനി, ചമ്പമല, നെല്ലിക്കാനം, നെല്ലൂരുപാറ, വെങ്കുളം |
| III | ചേലയ്ക്കൽ, കാരോട്ട്ഭാഗം, കോക്കേട്ടിൽമല, കുന്നുംപുറം കോളനി, കേളാംകുളം |
| IV | മടുക്ക, എഴുകാമല, കോലാക്കത്തൊട്ടി, തോണമലക്കോളനി |
| V | മാണികുന്ന്, ദർശന, മോളേൽത്തട്ട്ഭാഗം, ചിറേക്കുഴികോളനി, മുത്തൻകുന്ന്, കുഴിക്കാട്ടുമേല്പുറം, തൊപ്പാട്ടുഭാഗം |
| VI | കൂരുമല, കൂരുഭാഗം, കൈപ്പാഞ്ചാൽ, കൊച്ചുകുളം, എടാട്ടേൽ, മാമ്പള്ളി പുതിയകുന്നേൽ, എരുമപ്പുഴ |
| VII | പുളിക്കുന്ന്-അന്ത്യാൽ, അന്ത്യാൽകോളനി, അയനടി, ചേലമറ്റം, പൂക്കോട്ടിമല, പുലവേലിക്കുന്ന്, ആഞ്ചേരിമല |
| VIII | പേമല, പുളിക്കിക്കുന്ന്, പുഞ്ചാൽക്കുന്ന്, വണ്ടാനംകുന്ന്, നിരവത്തുകുന്ന്, കൂനംപറമ്പുഭാഗം. |
| IX | മുകളേൽത്തട്ട്, പള്ളിപ്പടി, ചീപ്പുംപടി, പെരുമ്പടവം തെക്കേഭാഗം, ചാലിൽഭാഗം, വടക്കേക്കര |

### കുടിവെള്ളത്തെ സംബന്ധിച്ച പൊതുവായ പ്രശ്നങ്ങൾ:

1. നിലവിലുള്ള പൈപ്പുലൈനുകളുടെ അപര്യാപ്തത
2. ഭൂഗർഭ ജലവിതരണത്തിന്റെ അപര്യാപ്ത
3. ജലസംഭരണികളുടെ ഉയരക്കുറവ്
4. പഞ്ചായത്തു കിണറുകൾ മുഴുവൻ ഉപയോഗ യോഗ്യമാക്കാൻ കഴിയാത്തത്
5. നിലവിലുള്ള പൈപ്പുകളിൽ മുഴുവൻ ജലവിതരണം നടത്താത്തത്.
6. മഴവെള്ളം പരമാവധി ഭൂമിയിൽ താഴുന്നതിനുള്ള സംവിധാനക്കുറവ്.
7. നിലവിലുള്ള കുഴൽക്കിണറുകൾ പലതും ഉപയോഗയോഗ്യമല്ല.
8. വെള്ളം സുലഭമായി ലഭിക്കുന്ന കുഴൽക്കിണറുകൾ ജലഅതോറിറ്റി ഫലവത്തായി ഉപയോഗിക്കുന്നില്ല.
9. പൈപ്പുലൈനുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടക്കാത്തതുകൊണ്ട് വെള്ളം ധാരാളമായി നിഷ്ടപ്പെടുന്നു.
10. ഉള്ള ജലവിതരണ സംവിധാനം പോലും കുറ്റമറ്റതാക്കാൻ കഴിയുന്നില്ല.
11. വേനൽക്കാലത്ത് ഒരു വാഹനം മാത്രം ഉപയോഗിച്ച് ഈ പഞ്ചായത്ത് മുഴുവൻ കുടിവെള്ളം എത്തിക്കുന്ന സമ്പ്രദായം തൃപ്തികരമല്ല.
12. കുടിനീർക്ഷാമം രൂക്ഷമായ ഭാഗങ്ങളിൽ പഞ്ചായത്തു കിണറുകൾ ഉണ്ടാകാത്തത്.
13. കക്കാട് ശുദ്ധജല പദ്ധതിയുമായി പഞ്ചായത്തിന് മതിയായ വിധത്തിൽ ബന്ധപ്പെടുത്താത്.
14. വിശാലവും നൂറടിയിലേറെ താഴ്ചയുള്ളതുമായ ഒമ്പതാംവാർഡിലെ കരിങ്കൽ മടയിൽ നിന്നും വേനൽക്കാലാരംഭത്തിൽ വെള്ളം അടിച്ചുവറ്റിക്കുന്നത് ആ പ്രദേശത്തുള്ള അനേകം കിണറുകൾ വറ്റിവരളാൻ ഇടയാകുന്നു.

### പൊതുവായ പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള ശുദ്ധജലവിതരണ സ്കീം പുനരുദ്ധരിക്കുന്നതിനായി ഒരു ഓഗ്മെന്റേഷൻ സ്കീം വാട്ടർ അതോറിറ്റിയെകൊണ്ട് നടത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക
2. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ മുഴുവൻ ഉപയോഗയോഗ്യമാക്കുകയും ആവശ്യമുള്ളിടത്ത് പുതിയവ നിർമ്മിക്കുകയും ചെയ്യുക
3. മഴക്കാലത്ത് സുലഭമായി ലഭിക്കുന്ന ജലം പുരയിടങ്ങളുടെ കല്ലു കയ്യാലകൾ തീർത്തും തടയണകൾ നിർമ്മിച്ചും ഭൂമിയിൽതന്നെ താഴുന്നതിനുള്ള എല്ലാവിധ മാർഗങ്ങളും സ്വീകരിച്ച് പുറത്തേക്കൊഴുകി നഷ്ടപ്പെടാതെ സംരക്ഷിക്കുക.
4. മുഴുവൻ പൈപ്പ് ലൈനുകളുടേയും ടാപ്പുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ജലവിതരണത്തിലെ പാളിച്ചകൾ പരിഹരിക്കുക.
5. സുലഭമായ ജലലഭ്യതയുള്ള കുഴൽക്കിണറുകൾ ഫലവത്തായി ഉപയോഗിക്കുന്ന കാര്യത്തിൽ വാട്ടർ അതോറിറ്റി ഇപ്പോൾ അവലംബിച്ചുവരുന്ന അനാസ്ഥ പൂർണ്ണമായും ഒഴിവാക്കുക.
6. സ്ഥിരമായ ജലവിതരണ സംവിധാനമുണ്ടാക്കുന്നതുവരെ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന അവസരങ്ങളിൽ രണ്ടു വാർഡുകൾക്ക് ഒരു വാഹനം എന്നകണക്കിൽ ഉപയോഗിച്ച് ജലവിതരണം നടത്തണം.
7. മൂവാറ്റുപുഴ നദീതട പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ പഞ്ചായത്ത് അതിർത്തിയിൽക്കൂടി കടന്നുപോകത്തക്കവിധം വിതരണക്കനാലുകൾ ഉണ്ടാക്കുവാൻ നടപടികൾ എടുക്കുക.

### പൊതുജനാരോഗ്യ:

ഇലഞ്ഞിയിലുള്ള ഒരു മിനി പി. എച്ച്. സി. യും, മുത്തോലപുരം, പെരുമ്പടവം എന്നിവിടങ്ങളിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുമാണ് പഞ്ചായത്തിലെ സർക്കാർ മേഖലയിലുള്ള പൊതുജനാരോഗ്യ സംവിധാനം. ഈ മൂന്നു സ്ഥാപനങ്ങൾ സ്വന്തം

കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 11 – 1 – 1956 ൽ ഗവ: ഡിസ്പെൻസറി ആയി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് 31 – 3 1987 ൽ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടത്. പൊതുജനാരോഗ്യ, രോഗപ്രതിരോധ പ്രവർത്തനങ്ങാംക്കു പുറമെ 40 കിടക്കകളോടുകൂടിയ ചികിത്സാ സംവിധാനവുമുള്ള ഇവിടെ രണ്ടു ഡോക്ടർമാർ ഉാംപ്പെടെ 24 ജീവനക്കാർ ജോലിചെയ്യുന്നു. ഈ പഞ്ചായത്തിലേതു കൂടാതെ സമീപപഞ്ചായത്തുകളായ ഞീഴൂർ, ഉഴവൂർ, മുളക്കുളം എന്നിവിടങ്ങളെ ജനങ്ങളും ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ചികിത്സാ സൗകര്യവും രോഗപ്രതിരോധ നടപടികളും പ്രയോജനപ്പെടുത്തുന്നുണ്ട്.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിലൊന്നായ കക്കൂസ് സൗകര്യത്തിന്റെ അപര്യാപ്തതമൂലം വർദ്ധിച്ച തോതിൽ പകർച്ചവ്യാധികാം പടർന്നുപിടിക്കാൻ സാധ്യതയുള്ള അവസ്ഥാവിശേഷമാണ് പഞ്ചായത്തിലാകെ നിലനിൽക്കുന്നത്. പഞ്ചായത്തിലാകെയുള്ള 3650 വീടുകളുടെ ഭൗതിക സാഹചര്യങ്ങാം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നം. | വിഭാഗം | ഇനം | എണ്ണം | ശതമാനം |
|---|---|---|---|---|
| 1. | മേൽക്കൂര | കോൺക്രീറ്റ് | 676 | 18.5ഇ |
| | | ഓടിട്ടത് | 2018 | 55.3 |
| | | ഓലമേഞ്ഞത് | 956 | 26.2 |
| 2. | കക്കൂസ് | സെപ്റ്റിടാങ്ക് 2317 | 63.5 | |
| | | മറ്റുള്ളവ | 668 | 18.3 |
| | | തുറസ്സായവ | 665 | 18.2 |
| 3. | കുടിവെള്ളം | സ്വന്തംകിണർ | 2447 | 67.0 |
| | | പ്രൈവറ്റ് കണക്ഷൻ | 51 | 1.4 |
| | | പൊതുകിണർ | 21 | 0.7 |
| | | പൊതുടാപ്പ് | 697 | 19.0 |
| | | മറ്റുള്ളവരുടെ കിണർ | 434 | 11.9 |
| 4. | വൈദ്യുതി | വൈദ്യുതീകരിച്ച | 2473 | 67.8 |
| | | വൈദ്യുതീകരിക്കാത്തവ | 1177 | 32.2 |

(അവലംബം : ഫാമിലി സർവ്വേ, 1992–93 ആരോഗ്യവകുപ്പ്)

മേൽക്കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുമ്പോാം, 26.2% വീടുകാം വാസയോഗ്യമല്ലെന്നും, 36.5% വീടുകാംക്ക് തൃപ്തികരമായ മലമൂത്രവിസർജന സൗകര്യങ്ങളില്ലെന്നും, 31.6% വീടുകാംക്ക് രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്നുണ്ടെന്നും, 32.2% വീടുകാം വൈദ്യുതീകരിക്കാത്തവയാണെന്ന് കാണുവാൻ കഴിയും. ഈ സ്ഥിതി അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്.

കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽ വരുന്ന ദമ്പതികളിൽ 59.4% പേരും ഏതെങ്കിലും തരത്തിലുള്ള സന്താനനിയന്ത്രണോപാധികാം സ്വീകരിച്ചവരാണ്. 50.7% പേർ സ്ഥിരമായ മാർഗഗങ്ങാം സ്വീകരിച്ചിട്ടുണ്ട്. പദ്ധതിപരിധിയിലുള്ള 2121 ദമ്പതികളിൽ 516 പേർക്കുമാത്രമാണ് 2ൽ കൂടുതൽ കുട്ടികളുള്ളത്. അതായത് 28% മാത്രം. ഇത് സംസ്ഥാന ശരാശരിയേക്കാാം വളരെ താഴെയാണ് എന്നത് അഭിമാനാർഹമാണ്. ഇവരിൽ 425 പേരും (82%) പിന്നീട് ഏതെങ്കിലും നിയന്ത്രണോപാധികാം സ്വീകരിച്ചവരത്രെ. ജനസംഖ്യാനുപാതികമായി അർഹമായത്രയെണ്ണം ആരോഗ്യ പ്രവർത്തകരെ നിയമിച്ചാൽ ഈ നേട്ടം 100% ആക്കാൻ കഴിയും.

കുടുംബക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന ദമ്പതികളെ സന്താനനിയന്ത്രണമാർഗ്ഗങ്ങാം സ്വീകരിച്ചവരെന്നും, അല്ലാത്തവരെന്നും തിരിക്കുന്ന, കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും, ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായക്രമത്തിന്റെ അടിസ്ഥാനത്തിലുമുള്ള പട്ടികകാം യഥാക്രമം താഴെക്കൊടുക്കുന്നു.

| ജീവിച്ചിരിക്കുന്ന കുട്ടികളുടെഎണ്ണം | സന്താനനിയന്ത്രണമാർഗങ്ങൾ സ്വീകരിച്ചവർ | | യാതൊരു നിയന്ത്രണമാർഗങ്ങളും സ്വീകരിക്കാത്തവർ | ആകെ ദമ്പതികൾ |
|---|---|---|---|---|
| | സ്ഥിരമായ മാർഗ്ഗങ്ങൾ | താത്ക്കാലിക മാർഗങ്ങൾ | | |
| 0 | 1 | 2 | 173 | 176 |
| 1 | 28 | 110 | 323 | 461 |
| 2 | 634 | 63 | 271 | 968 |
| രണ്ടിൽക്കൂടുതൽ | 413 | 12 | 91 | 516 |
| ആകെ | 1076 | 187 | 858 | 2121 |

| ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായക്രമം | സന്താനനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവർ | | യാതൊരു നിയന്ത്രണമാർഗങ്ങളും സ്വീകരിക്കാത്തവർ മാർഗങ്ങളും | ആകെ ദമ്പതികൾ |
|---|---|---|---|---|
| | സ്ഥിരമായമാർഗ്ഗങ്ങൾ | താത്ക്കാലിക മാർഗങ്ങൾ | | |
| 15-19 | ഇല്ല | ഇല്ല | 2 | 2 |
| 20-24 | 11 | 41 | 136 | 188 |
| 25-29 | 191 | 94 | 295 | 580 |
| 30-34 | 367 | 41 | 201 | 609 |
| 35-39 | 323 | 11 | 160 | 494 |
| 40-44 | 184 | ഇല്ല | 64 | 248 |
| ആകെ | 1076 | 187 | 858 | 2121 |

അവലംബം : വാർഷികറിപ്പോർട്ട് 1995-96. പിഎച്ച്.സി. ഇലഞ്ഞി.

സംസ്ഥാനത്തെ ജനനനിരക്ക് 17 ആണെങ്കിൽ പഞ്ചായത്തിലേത് കേവലം 12.5 മാത്രമാണ്. ഇത് വളരെ വലിയൊരു നേട്ടമാണ്. മരണനിരക്കിൽ നേരിയ കുറവാണുള്ളത്. സംസ്ഥാനത്ത് മരണനിരക്ക് 5.9 ആയിരിക്കുമ്പോൾ പഞ്ചായത്തിലേത് 5.7 ആണ്. കഴിഞ്ഞ മൂന്നുവർഷങ്ങളായി മാതൃമരണങ്ങളോ ശിശുമരണങ്ങളോ, ചാപിള്ള ജനനങ്ങളോ ഉണ്ടായിട്ടില്ല എന്നത് ആരോഗ്യ സംരക്ഷണരംഗത്ത്ഈ പഞ്ചായത്തിലെ ജനങ്ങൾക്കാകെയുള്ള ഉയർന്ന നിലവാരത്തെയാണ് കാണിക്കുന്നത്.

കഴിഞ്ഞ 3 വർഷങ്ങളിലെ ജനനമരണവിവരങ്ങൾ താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നു.

| വർഷം | ജനനം | മരണം | മാതൃമരണം | ശിശുമരണം | ചാപിള്ളജനനം |
|---|---|---|---|---|---|
| 1993-94 | 201 | 97 | ഇല്ല | ഇല്ല | ഇല്ല |
| 1994-95 | 203 | 101 | ഇല്ല | ഇല്ല | ഇല്ല |
| 1995-96 | 208 | 95 | ഇല്ല | ഇല്ല | ഇല്ല |

അവലംബം: വാർഷിക റിപ്പോർട്ടുകൾ, 1993-94, 1994-95, 1995-96, പി.എച്ച്.സി., ഇലഞ്ഞി.

ഈ പഞ്ചായത്തിലെ ഒരു വയസിൽ താഴെയുള്ള എല്ലാ കുട്ടികളും ക്രമമായി പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നവരാണ്. എന്നാൽ ഒന്നാം വാർഡിലുള്ള രണ്ടുവയസിൽ താഴെ പ്രായമുള്ള ഓരേയൊരു കുട്ടിക്കു മാത്രം പ്രതിരോധമരുന്നുകൾ നൽകാൻ മാതാപിതാക്കൾ തയ്യാറാവാതെയുണ്ട്. അപൂർവ്വമായി മാത്രം കണ്ടുവരുന്ന ഇത്തരം സംഭവങ്ങളിൽ ജനപ്രതിനിധികളുംപ്പെടെയുള്ള സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളതുമായ കോളനി പ്രദേശങ്ങളിൽ അങ്ങിങ്ങായി എല്ലാവർഷവും, പ്രത്യേകമായി വർഷകാലങ്ങളിൽ വയറിളക്കരോഗങ്ങൾ ഉണ്ടാകാറുണ്ട്. എങ്കിലും പാനീയ ചികിത്സയെപ്പറ്റി എല്ലാവരും തന്നെ ബോദ്ധ്യമുള്ളവരായതുകൊണ്ട് ഈ രോഗങ്ങൾ സാധാരണഗതിയിൽ നിയന്ത്രണവിധേയമാകാറുണ്ട്. പരിസര ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി രോഗമുണ്ടാകാനുള്ള സാദ്ധ്യത ഇല്ലാതാക്കേണ്ടതുണ്ട്. സംസ്ഥാനത്തുനിന്നും തുടച്ചുമാറ്റപ്പെട്ട മലമ്പനി എന്ന മാരകരോഗം അടുത്തനാളുകളിൽ അങ്ങിങ്ങായി പ്രത്യക്ഷപ്പെടാറുണ്ട്. ഈ രോഗം പടർന്നു പിടിക്കാതിരി

ക്കാൻ കൊതുകു നശീകരണ നടപടികൾ ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. എന്നാൽ മലമ്പനി രോഗം പ്രത്യക്ഷപ്പെട്ടാൽപോലും ഡിഡിറ്റി. തളിക്കൽ പോലുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിന് അധികൃതർ വിമുഖതകാട്ടുന്ന അവസ്ഥാവിശേഷമാണുള്ളത്. ഈ പഞ്ചായത്തിൽ കണ്ടെത്തിയിട്ടുള്ള എല്ലാ മലമ്പനി രോഗികളും കേരളത്തിനുവെളിയിൽ നിന്നും രോഗബാധയേറ്റവരാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എല്ലാ വർഷവും അങ്ങിങ്ങായി ചിക്കൻപോക്സ് ബാധ ഉണ്ടാവുന്നുണ്ട്. വേനൽക്കാലത്താണ് ഇത് കൂടുതലായി കണ്ടുവരുന്നത്. അഞ്ചാംപനി, മുണ്ടിനീര് തുടങ്ങിയ പകർച്ചവ്യാധികളും ഒറ്റപ്പെട്ടു കണ്ടുവരുന്നുണ്ട്. ചുരുക്കത്തിൽ രോഗപ്രതിരോധ പൊതുജനാരോഗ്യമേഖലകളിൽ ഈ പഞ്ചായത്ത് സാമാന്യനേട്ടം കൈവരിച്ചിട്ടുണ്ട്. ഈ നേട്ടം നിലനിർത്തുവാനും, പരമാവധി വർദ്ധിപ്പിക്കുവാനും വേണ്ട പ്രവർത്തനങ്ങളിൽ ഫലപ്രദമായ മേൽനോട്ടം വഹിക്കാൻ പഞ്ചായത്ത് ഭരണ സമിതി തയ്യാറാവേണ്ടതുണ്ട്.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള പകർച്ചവ്യാധികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | ആകെ |
|---|---|---|---|---|---|
| 1. | 1993-94 | 196 | 49 | 13 | 258 |
| 2. | 1994-95 | 181 | 40 | 9 | 230 |
| 3. | 1995-96 | 183 | 39 | 8 | 230 |

അവലംബം: വാർഷിക റിപ്പോർട്ടുകൾ, 1993-94, 1994-95, 1995-96, പി.എച്ച്.സി., ഇലഞ്ഞി.

ചികിത്സാരംഗത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ, പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 40 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിലും അത്യാവശ്യമരുന്നുകളുടെ അഭാവം മൂലം രോഗികൾക്ക് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്ന അവസ്ഥയാണുള്ളത്. കൂടാതെ വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവവും പ്രകടമാണ്. ഉദാഹരണത്തിന് പ്രസവസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ട ഉപകരണങ്ങളും സൗകര്യങ്ങളും ഉണ്ടെങ്കിൽപോലും ഒരു ഗൈനക്കോളജിസ്റ്റിന്റെ അഭാവം മൂലം ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽനിന്നും കഴിഞ്ഞ നാലുവർഷമായി ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം ഇനം തിരിച്ച് താഴെ കൊടുക്കുന്നു.

| വർഷം | ഇൻ | ഔട്ട് | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം | | | | (എണ്ണം) | ദിവസം ശരാശരി |
|---|---|---|---|---|---|---|---|---|
| | പേഷ്യൻറ് എണ്ണം | പേഷ്യൻറ് എണ്ണം | ത്വക് രോഗം | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 931 | 13338 | 928 | 215 | 412 | ഇല്ല | 12714 | 14269 |
| 1993-94 | 486 | 11317 | 1030 | 433 | 255 | ഇല്ല | 10085 | 11803 |
| 1994-95 | 1241 | 19167 | 2830 | 60 | 599 | ഇല്ല | 16919 | 20408 |
| 1995-96 | 1397 | 18656 | 50 | 10 | 680 | ഇല്ല | 19313 | 20053 |
| ആകെ | 4055 | 62478 | 4838 | 718 | 1946 | ഇല്ല | 59031 | 66533 |

അവലംബം: വാർഷിക റിപ്പോർട്ടുകൾ, 1993-94, 1994-95, 1995-96, പി.എച്ച്.സി., ഇലഞ്ഞി.

പഞ്ചായത്തിലെ ജനങ്ങൾ ചികിത്സയ്ക്കായി പ്രാഥമികാരോഗ്യകേന്ദ്രത്തെ മാത്രമല്ല ആശ്രയിക്കുന്നത് എന്നതുകൊണ്ടും, പഞ്ചായത്തിന് പുറത്തുനിന്നു ചികിത്സയ്ക്കായി രോഗികൾ ഇവിടെ എത്തുന്നുണ്ട് എന്നതുകൊണ്ടും മേൽകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും പഞ്ചായത്തിലെ രോഗാതുരതയെക്കുറിച്ച് ഒരേകദേശരൂപം മാത്രമേ ലഭിക്കുന്നുള്ളൂ. എങ്കിലും രോഗികളുടെ എണ്ണത്തിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ല എന്നു കാണാൻകഴിയും. ത്വക്‌രോഗികൾ 1994-95 ൽ 2830 പേരുണ്ടായിരുന്നത് 1995-96 ൽ കേവലം 50 മാത്രമായും വാതരോഗികൾ 1993-94 ൽ 433 പേർ ഉണ്ടായിരുന്നത് 1994-95ൽ 60 ആയും 1995-96 ൽ വെറും 10 പേർമാത്രമായും കുറഞ്ഞു എന്നത് പ്രകടമായ അന്തരമാണ്. പ്രസ്തുതരോഗങ്ങൾ ഗണ്യമായി കുറഞ്ഞു എന്നതും രോഗികൾ മറ്റു ചികിത്സാ സങ്കേതങ്ങൾ തേടിയിട്ടുണ്ടെന്നതുമായിരിക്കണം ഇതിന്റെ കാരണം.

അലോപ്പതി രംഗത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തെക്കൂടാതെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരാശുപത്രിയും പ്രസ്തുതസൗകര്യമില്ലാത്ത രണ്ടു ക്ലിനിക്കുകളും സ്വകാര്യമേഖലയിൽ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. വളരെയധികം ജനങ്ങൾ ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനസഹകരണത്തോടുകൂടി ആഴ്ചയിലൊരിക്കൽ സൗജന്യചികിത്സ നടത്തുന്ന ഒരു സ്ഥാപനവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ആയുർവേദം, ഹോമിയോ, പ്രകൃതി ചികിത്സ

തുടങ്ങിയ രംഗങ്ങളിലൊന്നും സർക്കാർമേഖലയിലുള്ള യാതൊരു സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ചികിത്സാരംഗത്ത് ഭാരതത്തിന്റെ തനതു സംഭാവനയായ ആയുർവ്വേദത്തിന് വലിയ സാധ്യതകളാണ് നിലവിലുള്ളത്. ഇതു പ്രയോജനപ്പെടുത്താനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയുർവ്വേദ ചികിത്സയ്ക്കായി ജനങ്ങൾ വളരെ ദൂരം യാത്ര ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. മൂന്ന് ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും ഹോമിയോ രംഗത്ത് നാലു സ്വകാര്യ ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പ്രകൃതി ചികിത്സ, സിദ്ധചികിത്സ തുടങ്ങിയ രംഗങ്ങളിൽ സ്വാകാര്യമേഖലയിൽപോലും യാതൊരു സ്ഥാപനങ്ങളുമില്ലാത്ത അവസ്ഥയാണുള്ളത്.

**9 ഗ്രാമസഭകളിലായി ഉയർന്നുവന്ന പ്രശ്നങ്ങളും അവയുടെ പരിഹാര സാധ്യതകളും താഴെപട്ടികയിൽ പെടുത്തിയിരിക്കുന്നു.**

1. പഞ്ചായത്തുമാർക്കറ്റിന്റെ ശുചിത്വമില്ലായ്മ പരിഹരിക്കുക. മത്സ്യമാംസാദികൾ വിൽക്കുന്ന വിഭാഗവും, പച്ചക്കറിവിഭാഗവും വേറിട്ടുപ്രവർത്തിക്കുന്നരീതിയിൽ ആക്കണം. കശാപ്പുചെയ്യുന്ന മൃഗങ്ങളുടെ ആരോഗ്യപരിശോധന നിർബന്ധമാക്കണം. ഉപയോഗയോഗ്യമായ മത്സ്യമാംസാദികൾ മാത്രമേ വില്പനയ്ക്കു വരുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം. നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് ബന്ധപ്പെട്ടവരെ കർശനമായി നിയന്ത്രിക്കണം. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അത്യാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടു ക്കണം.
2. ഹോട്ടലുകളിൽ നിന്നുള്ള ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും മാലിന്യങ്ങൾ ഒഴുക്കിക്കളയുന്നതിന് സംവിധാനമുണ്ടാക്കുകയും പൊതുസ്ഥലം മലിനപ്പെടുത്തുന്നത് തടയുകയും ചെയ്യുക. അത്യാവശ്യസൗകര്യങ്ങൾ പഞ്ചായത്തിൽ നിന്ന് ചെയ്തുകൊടുക്കുകയും നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും വേണം.
3. സ്കൂളുകൾ, ബാലവാടികൾ എന്നിവിടങ്ങളിൽ പ്രാഥമിക ശുശ്രൂഷാസൗകര്യത്തിനായി ഫസ്റ്റ് എയ്ഡ് കിറ്റുകൾ സ്ഥാപിക്കുക. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും, സന്നദ്ധസംഘടനകളിൽ നിന്നും രണ്ടോ മൂന്നോ പേരെ വീതം തെരഞ്ഞെടുത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വച്ച് അവർക്ക് പ്രഥമശുശ്രൂഷയെപ്പറ്റി ക്ലാസുകളെടുക്കുകയും ഫസ്റ്റ് എയ്ഡ് കിറ്റ് കൈകാര്യം ചെയ്യുന്നതിന് പ്രായോഗിക പരിശീലനം നൽകുകയും വേണം. ഫസ്റ്റ് എയ്ഡ് കിറ്റുകൾ പഞ്ചായത്തിൽ നിന്ന് നേരിട്ടോ സംഭാവനകളായി സ്വരൂപിച്ചോ വിതരണം ചെയ്യണം.
4. വ്യാപകമായി ആരോഗ്യ-വിദ്യാഭ്യാസ-ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, വ്യക്തികളുടെയും ബഹുജനസംഘടനകളുടെയും സ്വാധീനവും, സേവനവും ഉപയോഗപ്പെടുത്തിയും പ്രചരണ പ്രവർത്തനങ്ങൾ ഊർജിതമാക്കിയും, ക്ലാസുകളിലെ ഹാജർ നില വർദ്ധിപ്പിക്കണം.
5. പേ വിഷബാധ തടയുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുക. പ്രതിരോധ കുത്തുവയ്പ്, ലൈസൻസ് ഏർപ്പെടുത്തൽ എന്നിവ നടപ്പാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.
6. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കുള്ള വഴിയിലെ ഗതാഗത തടസം ഉണ്ടാക്കുന്ന വിധത്തിലുള്ള വാഹനപാർക്കിംഗ് നിരോധിക്കുക. പാർക്കിംഗ് നിരോധിച്ചുകൊണ്ടുള്ള ഒരു ബോർഡ് സ്ഥാപിക്കുകയും പാലിക്കാത്തവർക്കെതിരെ നടപടിയെടുക്കുകയും ചെയ്യണം.
7. പൊതുശ്മശാനം സ്ഥാപിക്കാൻ, പരുത്തപ്പള്ളി മലയിൽ ശ്മശാനത്തിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം ഉപയോഗപ്പെടുത്തണം.
8. ശുദ്ധജലവിതരണത്തിനു തൃപ്തികരമായ സംവിധാനം ഉണ്ടാക്കുക.
9. ഇലഞ്ഞി ജംഗ്ഷനിൽ അടിയന്തിരമായി പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, കൂടാതെ പ്രധാനകവലകളിലും, പൊതുസ്ഥലങ്ങളിലും കക്കൂസുകൾ സ്ഥാപിക്കുക.
10. കോളനികളിൽ കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.
11. കമ്പോസ്റ്റ് കുഴികളുടെ ആവശ്യകതയെപ്പറ്റി ബോധവത്കരണനടപടികൾ സ്വീകരിക്കുകയും അവ നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
12. വെള്ളൂർ എച്ച്.പി.സി.യിൽനിന്നുള്ള വിഷപ്പുക തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
13. സ്കൂളുകളിലും ബാലവാടികളിലും പോഷകാഹാര പദ്ധതിതുടങ്ങൾ.
14. എലിനശീകരണത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
15. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക. ഡോക്ടർമാരുടെ എണ്ണം 3 ആയി വർദ്ധിപ്പിക്കുക.
16. പിഎച്ച്.സി.യിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.
17. പി.എച്ച്.സി.യിൽ ഇപ്പോഴുള്ള കെട്ടിടത്തിൽ തന്നെ സ്ഥലമൊരുക്കി അടിസ്ഥാന ടെസ്റ്റുകളെങ്കിലും ചെയ്യാൻപറ്റിയ ലബോറട്ടറി സ്ഥിപക്കുകയും ഒരു ടെക്നീഷ്യനെ നിയമിക്കുകയും ചെയ്യുക.
18. ചുരുങ്ങിയത് 2 ഡോക്ടർമാർക്കും 3 പാരാമെഡിക്കൽ സ്റ്റാഫിനും പി.എച്ച്.സി.യിൽ ക്വാർട്ടേഴ്സ് പണിയുക.
19. ജനസംഖ്യാനുപാതികമായി ആരോഗ്യപ്രവർത്തകരുടെ എണ്ണംവർദ്ധിപ്പിക്കുക.
20. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ താമസയോഗ്യമാക്കുകയും ജീവനക്കാർ അവിടെ താമസിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
21. ഒരായുർവ്വേദാശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.
22. നിർദ്ധനർക്ക് സൗജന്യ ചികിത്സ ഉറപ്പു വരുത്തുകയും നിരാലംബരെ പുനരധിവസിപ്പിക്കുക യും ചെയ്യുക.
23. പരിസരശുചീകരണ നടപടികൾ കാര്യക്ഷമമാക്കി പകർച്ചവ്യാധികൾ തടയുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടത്തുക.
24. സ്കൂൾ ആരോഗ്യപരിപാടി കൂടുതൽ കാര്യക്ഷമമാക്കുക.
25. ആശുപത്രി വികസനസമിതിയിൽ വാർഡു തല പ്രാതിനിധ്യം ഉറപ്പാക്കുകയും മാസത്തിലൊരിക്കലെങ്കിലും സമ്മേളിക്കുകയും ചെയ്യുക.

# പാർപ്പിടം

ഇലഞ്ഞി പഞ്ചായത്തിലെ ആകെ വീടുകളിൽ 74 % നല്ലരീതിയിൽ പണിതിട്ടുള്ളവയാണ്. 26% കുടുംബങ്ങാം ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്നവരാണ്. നല്ല രീതിയിൽ നിർമ്മിച്ചിട്ടുള്ള വീടുകളിൽ മുഖ്യമായും പരമ്പരാഗത രീതിയിൽ കല്ലുകൊണ്ടു ഭിത്തിയും, തടി കൊണ്ടുള്ള മേൽക്കൂരയിൽ ഓടുമേഞ്ഞവയുമാണ്. ഇവ അത്യാവശ്യ ജീവിത സൗകര്യങ്ങളോടുകൂടിയതും, താരതമ്യേന ചെലവു കുറഞ്ഞതും ആർഭാടരഹിതവും ആണ്. കഴിഞ്ഞ കുറെ വർഷങ്ങളിലെ പുതിയ കെട്ടിട നിർമ്മാണ പ്രവണത അനാവശ്യ ചെലവുകാം കൂടിക്കൂടിവരുന്നതിനെയാണ് കാണിക്കുന്നത്. കോൺക്രീറ്റ് ഭ്രമവും വ്യാപകമാവുന്നുണ്ട്. മിനിമം വാസയോഗ്യമല്ലാത്ത കുടിലുകാം പനയോലയോ, തെങ്ങോലയോ ഉപയോഗിച്ച് മേഞ്ഞതും കവുങ്ങ്, മുള മുതലായവ ഉപയോഗിച്ച് മേഞ്ഞതും, ഉറപ്പില്ലാത്ത ഭിത്തിയോടുകൂടിയതുമാണ്.

വീടുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള പട്ടിക. അവലംബം: ആരോഗ്യസർവ്വേ, പഞ്ചായത്തു കെട്ടിട റജിസ്ട്രാർ

| നിർമ്മാണരീതി | എണ്ണം | ശതമാനം |
|---|---|---|
| **കോൺക്രിറ്റു വീടുകൾ** | | |
| **ഒരുനിലയുള്ളത്** | 477 | 13 |
| **രണ്ടുനിലയുള്ളത്** | 73 | 2 |
| **ഓടുമേഞ്ഞവീടുകൾ** | 2144 | 59 |
| **ഓലമേഞ്ഞകുടിലുകൾ** | 956 | 26 |
| **ആകെ വീടുകൾ** | 3650 | 100 |

ഓലമേഞ്ഞകുടിലുകളിൽ താമസിക്കുന്നവരിൽ 5% പേർ പുറമ്പോക്കുകളിൽ കുടിൽ വച്ചു താമസിക്കുന്നവരാണ്. ഇവർക്ക് ഭൂമിയോ വീടോ ഇല്ലാത്തവരും, സാമ്പത്തികമായി തീർത്തും നിർദ്ധനരും ആണ്. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങാം ഭൂമിയില്ലാത്തതിനാൽ ഒന്നിച്ചു താമസിക്കുന്നതും ചുരുക്കമായുണ്ട്. കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും ദളിത് ക്രിസ്ത്യാനികളാണെന്നുള്ളത് ഒരു സാമൂഹ്യ പ്രത്യേകതയാണ്. പട്ടിക ജാതിയിൽ പെട്ടവർ നാമമാത്രമായെങ്കിലും, കുടിലുകളിൽ താമസിക്കുന്നവരാണ്. ഭൂമിസംബന്ധിച്ചുള്ള റവന്യൂ രേഖകളില്ലാത്തതിനാൽ ഇവർക്കുള്ള പാർപ്പിട സാമ്പത്തിക സഹായം സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കാതിരിക്കുന്നവരാണ്.

കഴിഞ്ഞ 12 വർഷം കൊണ്ട്, സർക്കാർ സാമ്പത്തിക സഹായത്താൽ സ്വന്തമായി വീടു പണിതവർ

വികസനബ്ലോക്കുവഴി ഭവന നിർമ്മാണം നടന്നിട്ടുള്ള വീടുകാം

| പദ്ധതിയുടെ പേര് | | എണ്ണം |
|---|---|---|
| **ആർ.എൽ.ഈ.പി** | 84-85 | 10 |
| | 85-86 | 20 |
| | 86-87 | 10 |
| **എൻ.ആർ.ഇ.പി** | 85-86 | 5 |
| **ഇന്ദിരാ ആവാസ് യോജന** | 89-90 | 1 |
| | 95-96 | 6 |
| **ജവഹർ റോസ്ഗർ യോജന** | 92-93 | 1 |
| **മില്ല്യൻ വെൽ പദ്ധതി** | | |
| | 90-91 | 2 |
| | 91-92 | 3 |
| | 92-93 | 2 |
| | 93-94 | 1 |
| | 95-96 | 1 |
| **ആകെ** | 62 | 62 |

ഗ്രാമപഞ്ചായത്തു വഴി ഭവന നിർമ്മാണം നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| **ജെ.ആർ.വൈ.** | | 20 |
| | 95-96 | 4 |

ലക്ഷം വീടു കോളനികളിലെ വീടുകാം എല്ലാം തന്നെ അടിയന്തിരമായി കേടുപാടുകാം തീർക്കേണ്ട അവസ്ഥയിലുള്ളവയാണ്. പഞ്ചായത്തിൽ നിന്നും ഭൂമി വാങ്ങി ഭൂരഹിത കർഷക തൊഴിലാളികളെ പുനരധിവസിക്കുന്നതിനു നൽകിയിട്ടുള്ള വീടുകാം എണ്ണമാണ്. എന്നാൽ ഇവയിൽ എണ്ണം വീടുകാം പണിയുന്നതിനേ സാമ്പത്തിക സഹായം നൽകിയിട്ടുള്ളൂ. ഭവന നിർമ്മാണരംഗത്തെ ദുർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള ചെലവുകുറഞ്ഞ നിർമ്മാണ ശൈലിക്ക് പ്രചാരം കുറവാണ്. നിർമ്മിതി കേന്ദ്രം പോലെയുള്ള ചെലവു കുറഞ്ഞ നിർമ്മാണ ശൈലി പ്രചരിപ്പിക്കുന്ന ഏജൻസികളുടെ പ്രവർത്തനം ഈ പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. നിർമ്മാണരംഗത്ത് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ എണ്ണം പരിമിതമാണ്. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് 339 കെട്ടിടങ്ങാം പുതുതായി പണിതീർത്തതായി പഞ്ചായത്ത് രേഖകളിൽ നിന്ന് ലഭിക്കുന്നു. എന്നാൽ ഇത്രയും പുതിയ കെട്ടിടങ്ങാം പണിയുവാനുള്ള വിദഗ്ദ്ധ തൊഴിലാളികാം പുതിയതായി ഈ രംഗത്ത് പരിശീലനം ലഭിച്ചു വരുന്നില്ല. ഭവന നിർമ്മാണ സാമഗ്രികളായ വെട്ടുകല്ല് കുറഞ്ഞ അളവിൽ പഞ്ചായത്തിൽ ലഭിക്കുന്നതും കുറെയൊക്കെ തടിയുരുപ്പടികളും ഉണ്ടെന്നതല്ലാതെ മറ്റു നിർമ്മാണവസ്തുക്കളൊന്നും ഇവിടെ ലഭിക്കുന്നില്ല. ഇത് നിർമ്മാണച്ചെലവ് കൂടുന്നതിന് കാരണമാകുന്നു.

വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം കൂലിനിരക്ക് വർദ്ധിക്കുന്നതിനും തമിഴ്നാട്ടിൽ നിന്നുള്ള കോൺട്രാക്ടർമാർ ഈ രംഗത്ത് കൂടുതലായി വരുന്നതിനും ഇടയാക്കുന്നു.

മൊത്തം വീടുകളിൽ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം 2473 എണ്ണമാണ്. അതായത് 67% ഉണ്ട്. സാനിറ്ററി കക്കൂസുകാം 2317 വീടുകാംക്കും നിലവിലുണ്ട്. ദക്ഷത കൂടിയതും പുകയില്ലാത്ത അടുപ്പുകാം ഉള്ളതുമായ വീടുകാം വളരെ കുറവാണെന്നുള്ളത് പ്രത്യേകതയാണ്. കാലങ്ങളായി ഉണ്ടായിരുന്ന ജൈവവേലികാംക്കു പകരം മതിലുകാം പുതിയ പ്രവണതയായി കാണുന്നു. മതിലുകാം സ്ഥാപിക്കുന്നത് കൂടുതലും റോഡ് സൈഡിലുള്ളവരാണ്.

ഭവനനിർമ്മാണ സഹകരണ സംഘം ഈ പഞ്ചായത്തിലില്ല. ഇപ്പോാം പിറവം കൂത്താട്ടുകുളം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലാണ് ഇലഞ്ഞി. പിറവം ഭവന നിർമ്മാണ സഹകരണ സംഘം വഴി ഈ പഞ്ചായത്തിൽ ഇതുവരെ 62 വീടുകളാണ് പണികഴിപ്പിച്ചിട്ടുള്ളത്. ഇതിന് 2,93,000 രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. മുത്തലപുരം സഹകരണ ബാങ്ക് ഭവന നിർമ്മാണ വായ്പയായി 10,76,615 രൂപ നൽകിയിട്ടുണ്ട്.

ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധന ഭവന നിർമ്മാണ രംഗത്ത് ഭൂരഹിതരെയും, നാമമാത്ര ഭൂമിയുള്ളവരെയും സാരമായി ബാധിച്ചിട്ടുണ്ട്. ഇത് വയലുകാം നികത്തി കെട്ടിടം നിർമ്മിക്കന്നതിന് പ്രേരകമായിട്ടുണ്ട്. ഹൗസിംഗ് കോളനികാം ഈ പഞ്ചായത്തിലിതുവരെ ഉണ്ടായിട്ടില്ല.

**ഭവനനിർമ്മാണരംഗത്തെ പ്രധാന പ്രശ്നങ്ങൾ:**

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനയും.
2. ഭൂമിയുടെ ക്രമാതീതമായ വില വർദ്ധന.
3. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്.
4. കെട്ടിട നിർമ്മാണ വിദഗ്ദ്ധ തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്ക്.

5. ദുർവ്യയമില്ലാത്ത ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ദ്ധരുടെ അഭാവം.

6. സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിടനിർമ്മാണ വായ്പ ലഭിക്കുന്നില്ല.

7. ഭൂരഹിതരായ ദുർബലവിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്ത് ഫലപ്രദമായി നടപ്പാക്കുന്നില്ല.

8. ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘമില്ല.

9. ആർഭാടത്തിനായി പണം ദുർവ്യയം ചെയ്ത് നിർമ്മിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിക്കുന്നു.

10. കോളനികൾക്ക് അടിസ്ഥാന സൗകര്യം കുറവാണ്.

11. ലക്ഷംവീടുകോളനികൾ അറ്റകുറ്റപ്പണി യഥാസമയം നടത്താത്തതിനാൽ അപകടകരമായ സ്ഥിതിയുള്ളവയുണ്ട്.

12. പട്ടിക ജാതിക്കാരും, മറ്റു ദുർബ്ബലവിഭാഗത്തിൽ പെട്ടവർക്കും പലവിധ കാരണങ്ങളാൽ കുടികിടപ്പു ഭൂമിയുടെ പട്ടയം ലഭിക്കുന്നില്ല.

13. ഭവന രഹിതരുടെ എണ്ണത്തിനനുസരിച്ച് ഭവന നിർമ്മാണ സഹായം ലഭിക്കുന്നില്ല.

14. ഭവനനിർമ്മാണ ചെലവിനനുസരിച്ചും, യഥാസമയത്തും സർക്കാർധനസഹായം ലഭിക്കുന്നില്ല.

15. ഭവനനിർമ്മാണ ധനസഹായം കൊണ്ട് പണിയാവുന്നതിലും വളരെവലിയ അളവിലുള്ള കെട്ടിടങ്ങൾ പണിയുവാൻ ശ്രമിക്കുന്നതിനാൽ പദ്ധതി പൂർത്തീകരണം വൈകുന്നു.

16. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിൽ നിന്നല്ല.

ഈ രംഗത്തെ പ്രശ്നപരിഹാര സാദ്ധ്യതകളായി,

1. കെട്ടിടനിർമ്മാണ വിദഗ്ദ്ധ തൊഴിലാളികളുടെ പരിശീലനവും ചെലവുകുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണവും

2. പഞ്ചായത്തിലൊരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക.

3. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്താനുതകുന്ന നികുതി സംവിധാനം

4. ഭൂരഹിതർക്കും, നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പരിപാടി നടപ്പാക്കുക.

5. പുതിയ ആസൂത്രിത കോളനികൾക്കുള്ള സാദ്ധ്യതകൾ വികസിപ്പിക്കുക.

6. ലക്ഷം വീടുകളും, ധനസഹായം നൽകി പണിത വീടുകൾക്കും അറ്റകുറ്റപ്പണികൾക്ക് പ്രത്യേക പദ്ധതി നടപ്പാക്കുക.

7. ധനസഹായത്തുക ചെലവിനനുസരിച്ച് വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

8. പദ്ധതിക്കനുസൃതമായ വലിപ്പത്തിൽക്കൂടുതൽ വിസ്തൃതിയിൽ വീടുപണിയുന്നവർക്ക് ഓരോ ഘട്ടവും പണിക്കു ശേഷം മാത്രം തുക നൽകുക.

9. ഗ്രാമസഭകളിലൂടെയുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് അർഹതയുള്ളവർക്ക് പദ്ധതിയുടെ ഗുണം ലഭ്യമാക്കുക.

# സാമൂഹ്യക്ഷേമം

മൂന്നുവിധത്തിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളാണ്ഇലഞ്ഞി പഞ്ചായത്തിൽ നടപ്പാക്കിവരുന്നത്. ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ പെൻഷനുകൾ, പൊതുവിതരണവും, ഉപഭോക്തൃ സംരക്ഷണവും എന്നിവയാണിവ.

**ദാരിദ്ര്യ നിർമ്മാർജ്ജനം**

നിലവിലുള്ള ഐ.ആർ.ഡി.പി. സർവ്വെയിൽ 1481 കുടുംബങ്ങളാണ് ഉൾപ്പെടുന്നത്. ഇത് ആകെ കുടുംബങ്ങളുടെ 40% വരും. ഈ അപേക്ഷകരെ വരുമാനത്തിനനുസരിച്ച് നാലായി തിരിക്കാം.

വരുമാനം രൂപകണക്കിൽ സ്രോതസ് ഐ.ആർ.ഡി.പി. രജിസ്റ്റർ വി.ഇ.ഓഫീസ്

| ഇനം | 4000വരെ | 4000മുതൽ 6000വരെ | 6001മുതൽ 8500വരെ | 8501 മുതൽ 11000 വരെ | ആകെ |
|---|---|---|---|---|---|
| എണ്ണം | 260 | 520 | 408 | 293 | 1481 |
| ശതമാനം | 17.5 | 35 | 27.5 | 20 | 100 |

1980 മുതൽ 1992 വരെ 438 കുടുംബങ്ങളെ ഈ പദ്ധതിയിൽ സഹായിച്ചിട്ടുണ്ട്. ഇതിൽ 1980 മുതൽ 85 വരെ സഹായം ലഭിച്ച കുടുംബങ്ങളിൽ 98 കുടുംബങ്ങൾ രണ്ടാം സഹായവും ലഭിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 73 ആണുള്ളത്.

നമ്മുടെ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരെ പ്രധാനമായും നാലുതരമായി തിരിച്ച് കാണാവുന്നതാണ്.

1. പ്രായപൂർത്തിയായ ആൺമക്കളില്ലാത്ത സ്ത്രീകൾ ഗൃഹനാഥകളും ആയുള്ള വീടുകളും, നിത്യരോഗികളായ പണിയെടുക്കാൻ സാധിക്കാത്ത ഗൃഹനാഥൻമാരായുള്ളവരും കൃഷിഭൂമിയില്ലാത്തവരും, മറ്റുയാതൊരു വരുമാനസാദ്ധ്യതയില്ലാത്ത ദാരിദ്ര്യം പ്രത്യക്ഷത്തിൽ അനുഭവിക്കുന്ന കുടുംബങ്ങൾ എണ്ണത്തിൽ കുറവാണ്.

2. കൃഷിഭൂമിയില്ലാത്തവർ, ഒരാൾ മാത്രം കാർഷിക മേഖലയിൽ കൂലിപ്പണിയെടുക്കുന്നത് അംഗസംഖ്യ കൂടുതലുള്ള കുടുംബങ്ങൾ ഭക്ഷണത്തിനല്ലാത്ത മറ്റു ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുവാൻ വരുമാനമില്ലാത്തവർ

3. കാർഷിക മേഖലയിലും കാർഷികേതര തൊഴിലിലും ഏർപ്പെടുന്നവരും സാമാന്യ ജീവിതാവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുന്നവരും കൂലിപ്പണിയുടെ കൂടെ മറ്റു ചെറിയ വരുമാനമുള്ളവരും.

4. അല്പം കൃഷിഭൂമിയുള്ളതും കൂലിപ്പണിയില്ലാത്തതും ചെറുകിട കച്ചവടം മുതലായ വരുമാനമുള്ളവരും വിദഗ്ദ്ധ തൊഴിലാളികളും ഒന്നിലേറെ കുടുംബാംഗങ്ങൾ വരുമാനമുള്ള അൽപം ഉയർന്ന ജീവിത സാഹചര്യങ്ങളുള്ളവരും.

1992 ലെ ഐ.ആർ.ഡി.പി. ലിസ്റ്റിൽ പെട്ട 1481 കുടുംബങ്ങളിൽ വെറും 78 കുടുംബങ്ങളേ മാത്രമേ കഴിഞ്ഞ 4 വർഷങ്ങൾകൊണ്ട് സഹായിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇത് തീർത്തും അപര്യാപ്തമാണ്. ഐ.ആർ.ഡി.പി. ലഭിച്ചതു സംബന്ധിച്ച് എട്ടാം പദ്ധതിയിൽ സഹായം നൽകിയ പട്ടിക

| വർഷം | കുടുംബങ്ങളുടെ എണ്ണം | | തുകരൂപ | | ശരാശരി |
|---|---|---|---|---|---|
| | ആകെ | എസ്.സി. | സബ്സിഡി | വായ്പതുക | ഒരുകുടുംബത്തിൻെറ പദ്ധതിക്കുള്ള മുതൽമുടക്ക് |
| 1992-93 | 13 | 8 | 27675 | 42969 | 5434 |
| 1993-94 | 12 | 4 | 36585 | 64285 | 8405 |
| 1994-95 | 23 | 5 | 92886 | 214925 | 13383 |
| 1995-96 | 30 | 3 | 120334 | 399943 | 17342 |
| ആകെ | 78 | 20 | 2,77470 | 7,12,122 | 12,687 |

ഇത് പരിശോധിക്കുമ്പോൾ ഒരു കുടുംബത്തിന് ദാരിദ്ര്യ നിർമ്മാർജന പദ്ധതിക്ക് ഉപയോഗിക്കുന്ന തുക വെറും 12,687 രൂപ മാത്രമാണ്. ഈ തുക കൊണ്ട് ഉണ്ടാക്കാവുന്ന വരുമാന വർദ്ധനവ് വളരെ പരിമിതമാണ്. വരുമാനത്തിലേറ്റവും കുറഞ്ഞ ഒന്നാം വിഭാഗത്തിൽ പെട്ടവർ പദ്ധതി സഹായത്തിനർഹതയുണ്ടെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതിനോടുള്ള ഭയവും തുക വിനിയോഗിച്ച് ഫലപ്രദമായ പദ്ധതികൾ നടത്തുവാനുള്ള ശേഷിയില്ലായ്മയും ഈ വിഭാഗക്കാർ പദ്ധതിയിൽ നിന്നും ഒഴിവാകുന്നു. മേൽ സൂചിപ്പിച്ച രണ്ടാം വിഭാഗവും പദ്ധതിയിൽ പങ്കാളികളാവുന്നത് വൈമുഖ്യം ഉള്ളവരാണ്. ഈ പദ്ധതിയുടെ ഗുണം കൂടുതലും പ്രയോജനപ്പെടുന്നത് മൂന്നും നാലും വിഭാഗക്കാരാണ്. യഥാർത്ഥ അർഹതയുള്ളവരെ ഈ പദ്ധതിയിൽ സഹായിക്കുന്നതിന് കൂടുതൽ സാമൂഹ്യ ഇടപെടലുകളും പരിശീലന സൗകര്യങ്ങളും ആവശ്യമാണ്. യഥാർത്ഥ അർഹതയുള്ളവർ മാത്രം ഈ പദ്ധതിയുടെ സഹായം ലഭിക്കേണ്ടതിന് ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുകവഴി സഹായിക്കാവുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ തിരിച്ചടവുശേഷിയാണ് പ്രധാനമായും പദ്ധതി അനുവദിക്കുന്നതിന് കണക്കാക്കുന്ന മാനദണ്ഡം. യഥാർത്ഥ അർഹതയുള്ളവർക്ക് പദ്ധതി ലഭിക്കാതാക്കുന്ന കാരണങ്ങളിലൊന്ന് ഇതാണ്. തിരിച്ചടവു സംബന്ധിച്ച് ഗുണഭോക്താക്കളുടെ കാഴ്ചപ്പാടിലും മാറ്റം ആവശ്യമാണ്. തിരിച്ചടവു കാലാവധി ദീർഘിപ്പിക്കേണ്ടതും, പദ്ധതിക്കുള്ള മുതൽമുടക്കിൻെറ അളവു വർദ്ധിപ്പിക്കുന്നതും പദ്ധതിയുടെ ഗുണം വർദ്ധിപ്പിക്കും എന്നു കാണാവുന്നതാണ്. പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് ആവശ്യമായ പരിശീലനവും, ബോധവത്ക്കരണവും ഗുണഭോക്താക്കൾക്ക് കിട്ടുന്നത് അനിവാര്യമാണ്. പദ്ധതിക്ക് അനുവദിക്കുന്ന പ്രവർത്തന മൂലധനത്തിൻെറ അളവ് പലപ്പോഴും തീർത്തും അപര്യാപ്തമാകുന്നത് പദ്ധതി പരാജയപ്പെടുവാനുള്ള കാരണമാകുന്നത് ഇത് സംബന്ധിച്ച് നടത്തിയ പഠനത്തിൽ കാണുവാൻ കഴിഞ്ഞ വസ്തുതയാണ്.

ട്രൈസം പരിശീലനം ഈ പഞ്ചായത്തിൽ 43 പേർ നേടിയിട്ടുണ്ട്. സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ 15% മാത്രമാണ്. എന്നാൽ പരിശീലനം ലഭിച്ച തൊഴിലുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്തു ജീവിക്കുന്നവർ ഇതിൽ കൂടുതലുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പദ്ധതി തുടങ്ങുന്നതിന് മാനേജ്മെൻറ്, വിപണനം സംബന്ധിച്ച് കൂടുതൽ അറിവ് കിട്ടേണ്ടതും, പദ്ധതിതുടങ്ങാനുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയിൽ ഈ പഞ്ചായത്തിൽ ഒരു യൂണിറ്റേ തുടങ്ങിയിട്ടുള്ളൂ. ശരിയായ നേതൃത്വം സാമൂഹ്യമാർഗ്ഗനിർദ്ദേശത്തിൻെറ അഭാവവും ശക്തമായൊരു മഹിളാസമാജത്തിൻെറ പിൻബലമില്ലായ്മയും ഈ യൂണിറ്റിൻെറ വിജയ സാദ്ധ്യതയെ ഇല്ലാതാക്കുന്നു. ഇതിൻെറ പ്രവർത്തനത്തിൽ പുരോഗതിയില്ലാത്ത അവസ്ഥയാണിന്നുള്ളത്.

സ്ത്രീകളുടെ തൊഴിൽ രംഗത്ത് വളരെ കൂടുതൽ സാദ്ധ്യതയുള്ള ഈ പദ്ധതി മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ആയതിന് കൂടുതൽ ബോധവത്ക്കരണവും, തൊഴിൽ പരിശീലനവും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഇലഞ്ഞിയിൽ സാമൂഹ്യ ക്ഷേമ പെൻഷനുകളും ധനസഹായവും ലഭിക്കുന്നവർ മൊത്തം 326 ആണ്. ഇനം തിരിച്ചുള്ള പട്ടിക

| വർഷം | വിധവ | വികലാംഗർ | വാർദ്ധക്യ | അവശകലാ | അവശ കലാ | കായിക താരം | ക്ഷയരോഗി | കുഷ്ഠരോഗി | ക്യാൻസർ | കർഷക തൊഴിലാളി | തൊഴിലില്ലായ്മ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1992 | - | 6 | 3 | 1 | - | - | - | - | 1 | 32 | 62 | 104 |
| 93 | - | 2 | 2 | 1 | - | - | 1 | - | 1 | 40 | 4 | 51 |
| 94 | - | - | - | - | - | - | - | - | 1 | 5 | 66 | 72 |
| 95 | - | 1 | - | - | - | - | - | - | - | 33 | 31 | 65 |
| 96 | - | - | 3 | - | - | - | 2 | - | 1 | - | - | 6 |
| ആകെ | - | 9 | 8 | 2 | - | - | 3 | - | 4 | 110 | 163 | 298 |

1996 മുതലുള്ള കർഷകത്തൊഴിലാളി, തൊഴിലില്ലായ്മ, പെൻഷനുകൾ പഞ്ചായത്തുവഴിയാണ് നടത്തുന്നത്. ഇവയുടെ വിതരണ നടപടികൾ പൂർത്തികരിച്ചിട്ടില്ല. അപേക്ഷകളിൻ മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള സംവിധാനക്കുറവ് ഇതിനു കാരണമായിക്കാണുന്നു.

**പഞ്ചായത്തുവഴി വിതരണം ചെയ്യപ്പെട്ട പെൻഷനുകൾ**

| ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക | തീരുമാനമാകാത്ത അപേക്ഷകർ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 7 | 700 | 20 |
| വിധവ പെൻഷൻ | 21 | 2100 | 9 |

സാമൂഹ്യ ക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ സ്കീമുകളുടെ സഹായത്താൽ വികലാംഗവിദ്യാർത്ഥികാംക്കുള്ള സ്കോളർഷിപ്പുകാം 9 പേർക്ക് 7575 രൂപ ലഭിക്കുന്നുണ്ട്. എന്നാൽ മറ്റു യാതൊരു സ്കീമിൻെറയും ആനുകൂല്യം ലഭിക്കുന്നവർ ഈ പഞ്ചായത്തിലില്ല. അർഹതയുള്ളവർ ധാരാളമുള്ളതായും കാണുന്നു. ഇത് സാമൂഹ്യമായ ഇടപെടലുകാം ക്ഷേമഗ്രൂപ്പിന് ലഭിക്കുന്നില്ല എന്നതിന് തെളിവാണിത്. ഈ വകുപ്പിൽ നിന്നും ബാലവാടികാംക്കുള്ള ഈ പദ്ധതിയിൽ ജയ്ഹിന്ദ് ബാലവാടിക്ക് ക്രഷ് നടത്തുന്നതിന് കുട്ടികാംക്കുള്ള ഉച്ച ഭക്ഷണ ഗ്രാൻറ് ലഭിക്കുന്നുണ്ട്.

**പൊതുവിതരണ സംവിധാനം:**

പൊതുവിതരണ സംവിധാനം പൊതുജനചൂഷണ സംവിധാനമാകുന്നതിൽ കാർഡുടമകളുടെ വിതരണ ശൃംഖലയുടെ വിവിധ ശ്രേണികളിലുള്ളവർ എല്ലാവരും ഉത്തരവാദികളാണെന്ന് ഇതേക്കുറിച്ചുള്ള വിശകലനത്തിൽ നിന്നും മനസ്സിലാക്കാം.

1. **കാർഡുടമകൾ**
   വാങ്ങുന്ന സാധനങ്ങാംക്ക് ബില്ലുകാം വാങ്ങുന്നതിന് വാങ്ങിയ അളവ് കാർഡിൽ രേഖപ്പെടുത്തി വയ്ക്കുന്നതിനോ, അളവുതൂക്കം ശരിയാണോ എന്നു പരിശോധിക്കുന്നതിനോ തയ്യാറാകുന്നില്ല. ആയതു സംബന്ധിച്ച് പരാതിയുള്ളത് ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽ എത്തിച്ചു പരിഹാരമുണ്ടാക്കാനുള്ള സാമൂഹ്യ ബാധ്യത നിറവേറ്റുന്നില്ല.
2. വിതരണ കേന്ദ്ര നടത്തിപ്പുകാർ ചെയ്യേണ്ട നിയമ ബാധ്യത പ്രവർത്തികളും സേവനങ്ങളും ചെയ്യുവാൻ തയ്യാറാകുന്നില്ല. ഇതു സംരക്ഷിക്കപ്പെടുവാനും, നിലനിർത്തുവാനുമുള്ള സംവിധാനങ്ങാം ഏർപ്പെടുത്തി വയ്ക്കുന്നതിന് ഇവർ വിജയിക്കുന്നു.
3. വിതരണ സംവിധാനത്തിൻെറ നടത്തിപ്പിന് ഉത്തരവാദികളായവർ ബോധപൂർവ്വം എടുക്കുന്ന നിലപാട്.
   ഇലഞ്ഞിപഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറാണ് ഉള്ളത് മാവേലി സ്റ്റോറുകാം വഴിയുള്ള വിതരണ സംവി ധാനം അടുത്ത കാലത്ത് വളരെ ഗുണം ചെയ്യുന്നു. 95-96 ൽ 5 ലക്ഷം രൂപയുടെ സാധനങ്ങാം ഈ കേന്ദ്രം വഴി വിതരണം ചെയ്തു. എന്നാൽ അതിനു ശേഷം മാസത്തിൽ 1 ലക്ഷം രൂപയുടെ വിതരണം നടക്കുന്നുണ്ട്.

**ഈ മേഖലയിലെ ചില പ്രധാന പ്രശ്നങ്ങൾ:**

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികാം വളരെ കുറച്ചു കുടുംബങ്ങാംക്കേ ലഭ്യമാകുന്നുള്ളു.
2. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അനർഹകുടുംബങ്ങാം ഏറെയുണ്ട്
3. മുമ്പ് സഹായം ലഭിച്ചവർ വീണ്ടും ലിസ്റ്റിൽ ഉാംപ്പെട്ടിട്ടുണ്ട്.
4. അർഹരായവർക്ക് ആനുകൂല്യങ്ങാം കിട്ടാത്ത സ്ഥിതിയുണ്ട്.
5. ജീവനോപാധികാം വാങ്ങുന്നതിൽ ഇടത്തട്ടുകാരുടെ ചൂഷണം
6. ചുരുക്കമായെങ്കിലും അഴിമതി സാധ്യത
7. പദ്ധതികളെക്കുറിച്ചുള്ള വിവരം പലർക്കും അറിയില്ല.
8. വിവരങ്ങാം ആവശ്യമുള്ളവർക്ക് എത്തിക്കുന്നതിനുള്ള വീഴ്ച
9. അനുവദിച്ച ആനുകൂല്യങ്ങാം യഥാസമയം കിട്ടുന്നില്ല.
10. ധനകാര്യസ്ഥാപനങ്ങളുടെ വീഴ്ചകാം
11. ക്ഷേമപദ്ധതികളെക്കുറിച്ച് ആളുകാംക്ക് അറിവ് കുറവ്
12. സാമൂഹിക ഇടപെടലുകളുടെ അഭാവം
13. പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള ആളുകളുടെ അവബോധക്കുറവ്
14. ഉത്തരവാദിത്വപ്പെട്ടവരുടെ ചൂഷണം
15. പൊതുജനത്തെ വിതരണ സംവിധാനം സംബന്ധിച്ച വിവരങ്ങാം വെളിപ്പെടുത്തുന്നതിൽ വിതരണകേന്ദ്രങ്ങളുടെയും സർക്കാർ സംവിധാനത്തിൻെറയും വൈമനസ്യം.
16. സാമൂഹ്യ ഇടപെടലുകളുടെ അഭാവം.

**പ്രശ്നപരിഹാര സാദ്ധ്യതാ നിർദ്ദേശങ്ങൾ:**

1. ഗ്രാമസഭകാം വഴി ഗുണഭോക്താക്കളെ പരസ്യമായി തെരഞ്ഞെടുക്കുക.
2. ധനസഹായ വിതരണം ജനകീയസമിതികളുടെ സാന്നിദ്ധ്യത്തിലാക്കുക.
3. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് ആവശ്യമായ പരിശീലനം ഉറപ്പുവരുത്തുക.
4. അടിസ്ഥാന സൗകര്യങ്ങാം ലഭ്യമാക്കുവാൻ വേണ്ട ഏർപ്പാടുകാം
5. സന്നദ്ധ സംഘടനകളുടെയും, ജനകീയ സമിതികളുടെയും പ്രവർത്തനമേഖല വർദ്ധിപ്പിക്കുക.
6. ഉപഭോക്തൃസംരക്ഷണസമിതികളുടെ രൂപീകരണവും ബോധവത്ക്കരണവും.

ഈ പഞ്ചായത്തിലെ പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങാം സ്രോതസ് ടിഎസ്.ഒ. മൂവാറ്റുപുഴ

| A R D കളുടെ നമ്പരും | 263 | 226 | 210 | 209 | 215 | 220 | 281 | 204 | 211 | 294 |
|---|---|---|---|---|---|---|---|---|---|---|
| സ്ഥലവും | ചേലയ്ക്കൽ | പൈങ്കുറ്റി | മുത്തലപുരം | പെരുമ്പടവം | മുത്തലപുരം | ആലപുരം | ഇടയാർ | പെരിയപുരം | ഇലഞ്ഞി | നാമക്കുഴി |
| ആകെ കാർഡ് | 194 | 489 | 428 | 475 | 303 | 490 | 401 | 385 | 522 | 437 |
| ഗുണഭോക്താക്കൾ മേജർ | 873 | 2094 | 1904 | 1997 | 1360 | 2309 | 1693 | 1596 | 2423 | 1737 |
| ഗുണഭോക്താക്കൾ മൈനർ | 113 | 281 | 363 | 346 | 255 | 329 | 209 | 280 | 361 | 303 |
| യൂണിറ്റ് | 1859 | 4469 | 4179 | 4340 | 2975 | 4947 | 3676 | 3472 | 5207 | 3777 |
| ഇലക്ട്രിഫൈഡ് കാർഡുകൾ | 110 | 257 | 247 | 204 | 168 | 264 | 237 | 258 | 340 | 231 |
| നോൺ ഇല: കാർഡുകൾ | 84 | 232 | 181 | 271 | 135 | 226 | 164 | 127 | 182 | 206 |
| മണ്ണെണ്ണ പെർമിറ്റ് | 8 | 19 | 16 | 44 | 15 | 15 | 35 | 50 | 44 | 36 |

അഭിപ്രായം : A R D പെരുമ്പടവം ഇടയാർ, നാമക്കുഴി, പെരിയപ്പുറം എന്നിവിടങ്ങളിൽ പഞ്ചായത്തിനു പുറത്തുള്ള കാർഡുകാം ഉണ്ട്. തിരിച്ചു രേഖകാം ലഭ്യമാകുന്നതിനു ബന്ധപ്പെട്ടവർ തയ്യാറാകാത്തതിനാൽ സാദ്ധ്യമായിട്ടില്ല.

# വനിത

ഇലഞ്ഞി പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകൾ പുരുഷൻമാരെക്കാൾ ആയിരത്തിനു പതിനഞ്ചുപേർ കൂടുതലുണ്ട്. ആറു വയസ്സിൽ താഴെയുള്ള ആൺ-പെൺ അനുപാതം തിരിച്ചാണ് ആയിരത്തിനു 997 പേരേയുള്ളൂ. പട്ടികജാതിക്കാരിൽ അനുപാതം 385 നു 382 പേരേയുള്ളൂ. സംസ്ഥാന പുരുഷ-സ്ത്രീ അനുപാതമായ 1000 നു 1036 നേക്കാൾ കുറവാണ്. വിദ്യാഭ്യാസ നിലവാരത്തിൽ സ്ത്രീകളുടെ അവസ്ഥ പിന്നോക്കമാണ്. പുരുഷൻമാർ 95.70 % വും സാക്ഷരർ ഉള്ളപ്പോൾ, സ്ത്രീകൾ 90.53 % ആകുന്നു.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

അവലംബം: കാനേഷുമാരി കണക്കുകൾ

മുഖ്യ തൊഴിലിലേർപ്പെട്ടിട്ടുള്ളവരിൽ സ്ത്രീ-പുരുഷ അന്തരം സംബന്ധിച്ച പട്ടിക:

| | പു. | സ്ത്രീ. |
|---|---|---|
| കൃഷിക്കാർ | 1580 | 31 |
| കർഷകത്തൊഴിലാളി | 1025 | 474 |
| മൃഗസംരക്ഷണം തോട്ടം തൊഴിൽ അനുബന്ധം | 606 | 35 |
| ഖനനം, പാറപൊട്ടിക്കൽ | 11 | 12 |
| കുടിൽവ്യവസായ തൊഴിൽ | 39 | 5 |
| കുടിലേതര തൊഴിൽ | 176 | 16 |
| കെട്ടിടം, റോഡുപണി | 123 | 8 |
| വാണിജ്യം, കച്ചവടം | 298 | 19 |
| ഗതാഗതം, വാർത്താവിനിമിയം, സംഭരണം | 120 | 2 |
| മുഖ്യ തൊഴിലുകൾ | 337 | 314 |
| ഭാഗിക തൊഴിലിൽ ഏർപ്പെട്ടവർ | 158 | 44 |
| ആകെ | 4503 | 1060 |

തൊഴിരഹിതരുടെ കണക്കു കാണിക്കന്നത് വലിയ അന്തരമുള്ളതായാണ്.

| | |
|---|---|
| പുരുഷൻമാർ | 3723 |
| സ്ത്രീകൾ | 7290 |
| ആകെ തൊഴിൽരഹിതർ | 11013 |

കാനേഷുമാരി കണക്കുകളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തീർത്തും കുറവായി കാണുന്നു എന്നത് ഇവരുടെ ഗാർഹികതൊഴിലിനേയും, വീടുമായി ബന്ധപ്പെട്ട പല ഉത്പാദന തൊഴിലിനേയും പരിഗണിക്കാത്തതു കൊണ്ടാണ്. എന്നാൽ സ്ത്രീകൾ വികസന മേഖലകളിലെ ഉത്പാദനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തുലോം കുറവാണെന്നു കാണാം. സ്ത്രീകൾ അക്കാദമിക് വിദ്യാഭ്യാസത്തിന് മുൻപന്തിയിലാണെന്ന് കണക്കുകൾ കാണിക്കുമ്പോൾ സാങ്കേതിക വിദ്യാഭ്യാസമേഖലയിലും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും ഏർപ്പെടുന്നവർ കുറവുമാണെന്നു കാണാം.

സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണവും സ്ത്രീകൾ കുറവു തന്നെ.

ഇലഞ്ഞിയിലെ വ്യവസായ യൂണിറ്റുകളിൽ നാലെണ്ണം സ്ത്രീകൾ നടത്തുന്നുണ്ട്. ഇവയെല്ലാം തുന്നൽത്തൊഴിലും ആയി ബന്ധപ്പെട്ട് മാത്രമാണ് നടത്തുന്നത്. ഒരു ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ് ഇലഞ്ഞിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ അതിൻെറ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിൽ സംഘടനാപരമായ ബാലാരിഷ്ടതകൾ മൂലം സാധിച്ചിട്ടില്ല. സഹകരണാടിസ്ഥാനത്തിൽ ഇലഞ്ഞി കേന്ദ്രമാക്കി ഒരു വനിതാ വ്യവസായ യൂണിറ്റായ പാമ്പാക്കുട വനിതാ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ആശാസ്യമായ വളർച്ച പ്രാപിക്കുവാൻ സാധിച്ചിട്ടില്ല. ഐ.ആർ.ഡി.പി.യിൽ പങ്കാളികളാവുന്നവർ 40% ഉള്ളതായും കാണുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആരോഗ്യസ്ഥാപനങ്ങളിലും സേവനരംഗത്ത് സ്ത്രീകളാണ് കൂടുതലുള്ളത്,

പൊതു പ്രവർത്തനരംഗത്ത് വിവിധ ബഹുജന സംഘടനകളിൽ നേതൃരംഗത്തോ, ഔദ്യോഗിക രംഗത്തോ നാമമാത്രമായ പങ്കാളിത്തമേ ഉള്ളൂ. എന്നാൽ ഇവർ ഗ്രാമ പഞ്ചായത്ത് ക്ഷീരവ്യവ സായ സഹകരണസംഘം എന്നിവിടങ്ങളിലെ ഭരണം വനിതാ നേതൃത്വത്തിലാണ്.

ഇലഞ്ഞിയെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് ജില്ലാ പ്രതിനിധികൾ വനിതകളാണ്. ഇതിനിടയായ സാഹചര്യം തദ്ദേശ സ്വയംഭരണ പ്രതിനിധികൾക്ക് സംവരണം ഉള്ളതിനാലാണെന്നുള്ള വസ്തുത മറന്നുകൂടാ.

സന്നദ്ധസംഘടന പ്രവർത്തന രംഗം പരിശോധിക്കുമ്പോൾ ഇലഞ്ഞിയിലെ സ്ത്രീകൾ കുറെയേറെ പ്രവർത്തനങ്ങൾ നടത്തുന്നതായി മനസിലാക്കാം.

മൂന്നു സമഗ്ര മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് മഹിളാ സംഘടനകളുടെ നേതൃത്വത്തിലാണ്.

1. ജയ്ഹിന്ദ് മഹിളാ സമാജം അന്ത്യാൽ
2. ദേശസേവിനി മഹിളാ സമാജം ആലപുരം
3. മുത്തലപുരം മഹിളാസമാജം മുത്തലപുരം

ഈ മൂന്നു സംഘടനകളും 20 വർഷത്തിലേറെയായി ഈ രംഗത്ത് നല്ല പ്രവർത്തനം നടത്തുന്നു. പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്, കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവയുടെ ഫലവത്തായ ബോധവത്കരണ നടപടികൾക്ക് നേതൃത്വം നൽകുവാനും ബാലവാടി, ക്രഷ് എന്നിവയുടെ നടത്തിപ്പിനും ഇവർ മുൻകൈ എടുത്ത് പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ആറു മഹിളാ സമാജങ്ങൾ ഗ്രാമസ്വരാജ് പ്രവർത്തനഫലമായി സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് ആശാസ്യമായ പുരോഗതിയാണ്.

**വനിതാ വികസനം നേരിടുന്ന പ്രതിസന്ധികൾ:**

സാമൂഹ്യമേഖലയിൽ സ്ത്രീകളുടെ പ്രവർത്തന പരിധിയെക്കുറിച്ച് സമൂഹത്തിനുള്ള ഇടുങ്ങിയ കാഴ്ചപ്പാട്

ജീവിതസാഹചര്യങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ സ്ത്രീകൾക്കുള്ള വൈമുഖ്യം സാങ്കേതികമോ, വിദ്യാഭ്യാസമോ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ ലഭിക്കുന്നതിനുള്ള അവസരക്കുറവ്.

പൊതു രംഗത്ത് വനിതാ പങ്കാളിത്തം കുറവ്.

മിക്കതൊഴിലിലും സ്ത്രീകൾക്ക് തുല്യ അവസരം ലഭിക്കുന്നില്ല.

സ്ത്രീകൾ സംഘാടകശേഷി ആവശ്യമാകുന്ന ഘട്ടത്തിൽ പരാജയപ്പെടുന്നത് കൂടുതലാണ്.

സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.

രാഷ്ട്രീയ പാർട്ടികളിൽ വനിതകൾക്കു തുല്യ പ്രാധാന്യം നൽകുന്ന കാഴ്ചപ്പാടില്ല.

തുല്യജോലിക്ക് തുല്യവേതനം എന്നുള്ളത് അംഗീകരിക്കപ്പെടുന്നില്ല.

ഗൃഹസംരക്ഷണചുമതല സ്ത്രീകൾക്കുമാത്രം എന്ന കാഴ്ചപ്പാടാണുള്ളത്.

വൈദഗ്ദ്ധ്യം ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ സ്ത്രീകൾ ഏർപ്പെടുന്നില്ല.

വനിതാ വ്യവസായ സൊസൈറ്റിയുടെ തകർച്ച.

ഇലഞ്ഞി ടൗണിലോ, മാർക്കറ്റിലോ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യനിർവ്വഹണ സൗകര്യമില്ലായ്മ

## പരിഹാര സാദ്ധ്യത : നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ടത്.

സ്ത്രീകളുടെ സംഘടിത പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും, പ്രോത്സാഹനവും ഉണ്ടാക്കാനുള്ള സാഹചര്യം.

വാർഡ്തലത്തിൽ ഓരോ വനിതാ സംഘടനയെങ്കിലും ഉണ്ടാക്കുവാനോ പ്രവർത്തനത്തിനു നിലവിലുള്ള സംഘടനകൾ നേതൃത്വം നൽകുകയും, സംഘടനകളുടെ പഞ്ചായത്തുതല ഏകോപനവും നടത്തുക.

തൊഴിൽ പരിശീലനകേന്ദ്രം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുക.

സാമൂഹിക കാഴ്ചപ്പാടിനു മാറ്റം വരുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, പ്രചാരണവും, ബോധവത്ക്കരണവും സ്ത്രീകൾ ഏറ്റെടുത്തു നടത്തുകയും ചെയ്യുക.

മൃതാവസ്ഥയിലുള്ള വനിതാവ്യവസായ സൊസൈറ്റി പുനരുദ്ധരിക്കുവാനുള്ള നടപടികൾ ഉണ്ടാക്കണം.

നിലവിലുള്ള സി. പി. ഡബ്ല്യൂ. പി. സെൻററുകളിലെല്ലാം ക്രഷ് സൗകര്യമ വ്യാപിപ്പിക്കുക.

പെരുമ്പടവം നെല്ല് കൈക്കുത്ത് സഹകരണ സംഘം, വനിതാ സഹകരണ അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭ സ്ഥാപനത്തിന് വിട്ടുകൊടുത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുക

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പട്ടികജാതിയിൽപെട്ട ആളുകാം ഇലഞ്ഞിപഞ്ചായത്തിൽ ഇല്ല. ഈ പഞ്ചായത്തിൽ പട്ടികജാതിയിൽ പെട്ടവർ 91-ലെ കാനേഷ്-മാരി കണക്കനുസരിച്ച് മൊത്തം 767 പേരാണുള്ളത് ഇത് മൊത്തം ജനസംഖ്യയുടെ 4.6 ശതമാനം മാത്രമാണ്. ഇവരുടെ ജീവിതതോത് പരിശോധിക്കുമ്പോാം ചില മേഖലകളിൽ പൊതുവേ ഭേദമായി കണക്കാക്കാവുന്നതിൽ വിദ്യാഭ്യാസമേഖലയിൽ ഉയർന്ന നിലവാരം പുലർത്തുന്നവരാണ്. നിരക്ഷരർ തീർത്തും കുറവാണ്. സർക്കാർ ജീവനക്കാരുടെ എണ്ണം 40ലേറെ പേരുണ്ട്. ഓല മേഞ്ഞകുടിലുകളിൽ താമസിക്കുന്നവർ നാമമാത്രമാണ് (ഭൂമി സംബന്ധിച്ച രേഖകളുടെ അഭാവം മൂലം) എന്നാൽ ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ വിരളമാണ്. സാമ്പത്തികമായി ഭദ്രതയുള്ളവർ സർക്കാർ ജീവനക്കാർ മാത്രമാണ് എന്ന് കാണാവുന്നതാണ്. ഇവർക്ക് ലഭിക്കുന്ന ക്ഷേമപദ്ധതിയിൽ ഐ.ആർ.ഡി.പിയിൽ 1992ലെ ലിസ്റ്റിൽ ഉള്ളവർ 45 പേരാണ്.

## ലഭിച്ചിട്ടുള്ള പദ്ധതികൾ:

| | SC കുടുംബങ്ങൾ | പഞ്ചായത്തിൽ മൊത്തം ലഭിച്ചത് |
|---|---|---|
| ഐ.ആർ.ഡി.പി. 1980 മുതൽ 92 വരെ | 73 | 463 കുടുംബങ്ങൾ |
| 1992 മുതൽ 96 വരെ | 20 | 78 കുടുംബങ്ങൾ |
| ട്രൈസം | 3 | 43 കുടുംബങ്ങൾ |
| ഡി.ഡബ്ല്യു.സി.ആർ.എ. | 1 | 7 കുടുംബങ്ങൾ |
| ഭവനനിർമ്മാണം | 76 | 82 കുടുംബങ്ങൾ |

പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുകളിൽ നിന്നുള്ള സഹായം ഈ പഞ്ചായത്തിൽ ഫലവത്തായി ലഭ്യമാക്കിയിട്ടില്ല. 5 പട്ടികജാതി കോളനികളാണ് ഇവിടെയുള്ളത്.

## അംഗീകൃത കോളനി സംബന്ധിച്ചുള്ള വിവരങ്ങൾ

| കോഡുനമ്പരും കോളനിയുടെ പേരും | സ്ഥിതി ചെയ്യുന്ന വാർഡ് | ആകെ വീടുകൾ | ജനസംഖ്യ | ഓടുമേഞ്ഞ വീടുകൾ | വൈദ്യുതി | കുടിവെള്ളം | റോഡ് | കൾച്ചറൽ സെൻററുകൾ |
|---|---|---|---|---|---|---|---|---|
| കേളാം കുളം 493 | 3 | 10 | 49 | - | ഭാഗികം | തൃപ്തികരമല്ല | ഉണ്ട് തൃപ്തികരമല്ല | ഇല്ല |
| ചേലമറ്റം 494 | 7 | 20 | 92 | - | ഭാഗികം | ഭാഗികം | ടാർ റോഡ് ഉണ്ട് | ഇല്ല. |
| മേച്ചിറക്കൽ 495 | 6 | 11 | 58 | - | ഭാഗികം | തൃപ്തികരമല്ല | ഇല്ല | ഇല്ല |
| പണ്ടാനത്ത് കുന്ന് 496 | 8 | 17 | 74 | - | ഭാഗികം | തൃപ്തികരമല്ല | ടാർ റോഡ് ഉണ്ട് | ഇല്ല |
| തോണമല 497 | 4 | 15 | 80 | 13 | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല |
| | | 73 | 353 | | | | | |

ഈ കോളനികാംക്കുള്ള അടിസ്ഥാന സൗകര്യങ്ങാം കുറവാണ്. പട്ടികജാതിയിൽപെടുന്നവരുടെ തൊഴിൽ മുഖ്യമായും കാർഷിക കൂലിപണിയാണ്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ വളരെക്കുറവും വൈദഗ്ദ്ധ്യമുള്ള തൊഴിൽ പരിശീലനസൗകര്യക്കുറവുമൂലം തൊഴിൽരംഗത്ത് സാദ്ധ്യതകളില്ലാത്തവരുമാകുന്നു. ഇവരുടെ സാമൂഹ്യപദവി താഴ്ന്നതായി കണക്കാക്കുന്നില്ല എന്ന് പൊതുവെ ധരിയ്ക്കാവുന്നതാണ്.

**ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ:**

1. വീട് ലഭിച്ചവർക്ക് മുഴുവൻ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭിച്ചിട്ടില്ല. (കക്കൂസ്, വൈദ്യുതി, കുടിവെള്ളം)
2. തൊഴിൽപരമായ പുരോഗതിയ്ക്ക് സാദ്ധ്യതയില്ല.
3. ഭൂമിയില്ലാത്തതിനാൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന അവസ്ഥയുണ്ട്.
4. സാംസ്കാരിക വളർച്ചയ്ക്ക് ഉതകുന്നതിനുള്ള സൗകര്യങ്ങളില്ല.
5. പട്ടികജാതി പട്ടികവർഗ്ഗക്ഷേമ ഡിപ്പാർട്ട്മെൻറ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ക്ഷേമ പരിപാടികൾ ലഭിക്കുന്നില്ല.
6. സാങ്കേതിക തൊഴിൽ പരശീലനത്തിനുള്ള സൗകര്യമില്ല.
7. ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായി (കെട്ടിടം, ഭൂമി, വെള്ളം, വൈദ്യുതി) അടിസ്ഥാന സൗകര്യങ്ങളില്ല.
8. സാമ്പത്തിക സഹായ സാങ്കേതിക കുരുക്കുകൾ.
9. രാഷ്ട്രീയ സാംസ്കാരിക മേഖലയിലെ നേതൃത്വത്തിലുള്ള പങ്കാളിത്തമില്ലായ്മ.
10. തമിഴ്നാട്ടിൽ നിന്നും ഇവിടെ സ്ഥിരമായി പാർക്കുന്ന ബോയൻസി വിഭാഗത്തിൽപെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ.
11. അംഗീകൃത കോളനികൾക്ക് അടിസ്ഥാന സൗകര്യമില്ലായ്മ.

**പരിഹാരസാധ്യതകൾ:**

1. പട്ടികജാതിക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സഹകരണാടിസ്ഥാനത്തിലുള്ള സ്ഥാപനം.
2. അംഗീകൃത കോളനികളിൽ കൾച്ചറൽ സെൻററുകളും, തൊഴിൽ വ്യവസായ സംരംഭങ്ങൾക്കുള്ള അടിസ്ഥാനസൗകര്യങ്ങളും ഉണ്ടാക്കുക.

# സഹകരണം

ഇലഞ്ഞിയിൽ കാർഷികമേഖലയിൽ സഹകരണ പ്രസ്ഥാനം ഈ നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ – 1919 മുതൽ ആരംഭിച്ചിട്ടുണ്ട്. അതാണ് മുത്തലപുരം സർവ്വീസ് സഹകരണ സംഘം. ഈ സ്ഥാപനം കാർഷിക വായ്പാ സമ്പ്രദായം ഫലവത്തായി നടത്തിയിരുന്നു. സഹകരണമേഖലയിൽ പ്രസക്തമായ നിരവധിപ്രവർത്തനങ്ങൾ നടത്തുവാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ 1970 കളിൽ ഇതിൻെറ പ്രവർത്തനത്തിൽ ചില പ്രായോഗിക പ്രതിസന്ധികൾ ഉണ്ടായെങ്കിലും 80 കൾ മുതൽ ഇതിൻെറ പ്രവർത്തനം വളരെയേറെ അഭിവൃദ്ധിപ്പെടുകയും ഈ പഞ്ചായത്തിൻെറ കാർഷിക സാമ്പത്തിക രംഗങ്ങളിൽ ഗണ്യമായ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. ഇലഞ്ഞിയുടെ കാർഷിക സാമ്പത്തിക രംഗത്തെ വളർച്ചയ്ക്ക് ഈ സ്ഥാപനം വഹിക്കുന്ന പങ്ക് ഇതിൻെറ പ്രവർത്തന വൈപുല്യത്തിൽ നിന്നും മനസിലാക്കാവുന്നതാണ്.

മുത്തലപുരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 140

| | |
|---|---|
| പ്രവർത്തനം തുടങ്ങിയത് | 24-10-109 (മലയാളവർഷം) |
| ആകെ അംഗങ്ങൾ | 7526 |
| ഒരു ഓഹരിയുടെ വില | 10 രൂപ 50.സ |
| അംഗീകൃത ഓഹരി മൂലധനം | 4015000 |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 2676577 |
| സർക്കാർ ഓഹരിത്തുക | 100500 |
| പരമാവധി കടമെടുക്കാവുന്ന തുക | 13,95,01,248 രൂപ |

ഈ ബാങ്ക് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ

1. കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകുക
2. ചിട്ടിനടത്തുക
3. കൃഷിക്കാരന് ആവശ്യമായ വളം, കീടനാശിനി മുതലായവ വിതരണം ചെയ്യുക.
4. ചെറുകിട ഭവനനിർമ്മാണ വായ്പകൾ നൽകുക.
5. സർക്കാർ കാലാകാലങ്ങളിൽ ഏൽപിക്കുന്ന മറ്റു വായ്പകളും സഹായങ്ങളും നൽകുക.

ഈ സംഘം നൽകിയിട്ടുള്ള വായ്പകൾ

| ഇനം | രൂപ | |
|---|---|---|
| 1. കാർഷിക വായ്പകൾ | | |
| a) പമ്പ് സെറ്റ് | 320512 | |
| b) കിണർ, കുളം | 547630 | |
| c) റബ്ബർകൃഷി | 192625 | 11106243 |
| 2. മറ്റു വായ്പകൾ | | |
| സാധാരണവായ്പ- | | |
| a) കൺസ്യൂമർ വായ്പ | 9170293 | |
| b) മറ്റുവായ്പകൾ | 2378599 | |
| c) സ്വർണ്ണപണയ വായ്പകൾ | 2554550 | 17188472 |
| 3. പ്രത്യേക വായ്പകൾ | | |
| a) ഭവനനിർമ്മാണ വായ്പകൾ | 1076615 | |
| b) ചെറുകിട വ്യവസായവായ്പ | 40720 | 1117335 |
| | ആകെ | 2,94,12,050 |

നൽകിയ വായ്പകൾ, കാലാവധി കിട്ടാനുള്ളവ

| | | | |
|---|---|---|---|
| 1. കൃഷിവായ്പ | – | 1136959 | (10.23%) |
| 2. മദ്ധ്യകാല വായ്പ | – | 142100 | |
| 3. ഭവന നിർമ്മാണ വായ്പ | – | 84900 | |
| 4. മറ്റുവായ്പകൾ | – | 5779972 | |
| | | 7143931 | ഇത് 24.28% |

സ്ഥാപനത്തിൻെറ വാർഷിക ചെലവ്

| | |
|---|---|
| 1. ഭരണപരമായ സ്ഥാപന ചെലവ് | 9,74,531.00 |
| 2. അനുബന്ധ അനാമത്തു ചെലവ് | 5,04,325.00 |

ഇലഞ്ഞിയിലെ മറ്റു ധനകാര്യസ്ഥാപനങ്ങളെല്ലാം കൂടി (**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുത്തലപുരം, യൂണിയൻ ബാങ്ക് ഇലഞ്ഞി, ഫെഡറൽ ബാങ്ക് ഇലഞ്ഞി**) നൽകുന്ന വികസന മേഖലയിലെ വായ്പകൾ 2,66,10,974 ആണ്. എന്നാൽ ഈ സ്ഥാനത്ത് സഹകരണബാങ്ക് മാത്രം കൊടുക്കുന്ന വായ്പ 2,94,12050 ആണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്..

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇതര സഹകരണമേഖലയിലെ ഇതര സ്ഥാപനങ്ങൾ

1. ക്ഷീരവ്യവസായ സഹകരണസംഘം ഇലഞ്ഞി ക്ലിപ്തം നമ്പർ E 8 (D)

പെരുമ്പടവം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 231 (D) Apcos

ഈ രണ്ടു സംഘങ്ങളും കൂടി ഇലഞ്ഞിയിലെ ക്ഷീരോത്പാദക രംഗത്ത് ഫലപ്രദമായ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. 1995-9 ൽ രണ്ടു സംഘങ്ങളും കൂടി 104000 ലിറ്റർ പാൽ സംഭരിച്ചു. 92000 ലി. പാൽ പഞ്ചായത്തിനു വെളിയിലേക്ക് വിപണനം നടത്തി. ക്ഷീരോത്പാദകർക്കാവശ്യമായ പുൽവിത്ത്, കാൽസ്യം പൗഡർ, മീൻ നെയ്യ്, ചോളം, പയർ എന്നിവ സൗജന്യ നിരക്കിൽ ഡിപ്പാർട്ടുമെൻറിൽ നിന്നും സംഘം മുഖേന വിതരണം ചെയ്യുന്നു. പശുത്തൊഴുത്ത്, മാതൃകാ കാലിത്തൊഴുത്ത് എന്നിവ നിർമ്മിക്കുന്നതിന് സബ്സിഡികൾ നല്കുന്നുണ്ട്. ഒരു ഹെക്ടർ പുൽകൃഷി നടത്തുന്നതിന് 10,000 രൂപ വരെ ഡിപ്പാർട്ടുമെൻറിൽ നിന്നും സംഘം മുഖേന സബ്സിഡി നൽകുന്നുണ്ട്. ഡയറി യൂണിറ്റുകൾ നടത്തുന്നതിനും പരിമിത കർഷകർക്ക് ഗ്രാൻറ് നൽകുന്നു. കൂടാതെ കന്നുകാലികൾക്ക് പോഷകപ്രധാനമായ സൈലേജ്, ഹേ, യൂറിയ കിറ്റ് എന്നിവയുണ്ടാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡി നൽകുന്നു. മിൽക് ക്യാൻ, ടെസ്റ്റിംഗ് മെഷീൻ എന്നിവയും സർക്കാരിൽ നിന്നും കിട്ടിയിട്ടുണ്ട്. സർക്കാരിൽനിന്നും പ്രവർത്തന മൂലധനവും ലഭിക്കുന്നു. പാലുത്പന്ന യൂണിറ്റുകൾ ഉണ്ടാക്കുന്നതിന് 25,000 രൂ.

സബ്സിഡിയും കർഷക സമ്പർക്ക പരിപാടിനടത്തുന്നതിന് പാലുത്പന്ന നിർമ്മാണ സഹായധനവും ലഭിക്കുന്നു. Calf Subsidy Programme സംഘം മുഖേന നടപ്പിലാക്കി വരുന്നു. പല പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുവെങ്കിലും ഇനിയും പ്രവർത്തന മേഖലകൾ എല്ലാം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. മുത്തലപുരത്തുള്ള ക്ഷീരോത്പാദകർ ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തന ഗുണം ലഭിക്കാത്ത മേഖലയിൽ പെടുന്നു.

സഹകരണാടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന ഒരു വ്യവസായ സ്ഥാപനമായ പെരുമ്പടവം കൈക്കുത്തരി ഉത്പാദക സഹകരണസംഘം പ്രവർത്തനമില്ലാതായിട്ട് 25 വർഷങ്ങളോളമായി.

വനിതാവ്യവസായരംഗത്ത് "പാമ്പാക്കുട വനിതാ വ്യവസായ സഹകരണസംഘം", ഇലഞ്ഞി കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. റെഡിമെയ്ഡ് തുണികളുടെ ഉത്പാദനവും വിപണനവും, ചിട്ടിയും, ചെറുകിട വായ്പകളും നൽകുന്ന ഇവർ വളർച്ചയുടെ ശൈശവ ദശയിലാണ്.

റബ്ബറുത്പാദകരുടെ സഹകരിച്ചുള്ള സംരംഭമായ "റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ" നാലെണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇലഞ്ഞി, പെരിയപ്പുറം, മുത്തലപുരം, പെരുമ്പടവം എന്നീ സംഘ ങ്ങൾ റബ്ബർ പാൽ സംഭരിച്ച് വിപണനം നടത്തുകയും, ഉത്പാദകർക്കാവശ്യമായ പരിചരണോപാധികൾ എത്തിച്ചുകൊടുക്കുകയും തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുവാനുള്ള പരിശീലന സഹായം നൽകുകയും ചെയ്തുവരുന്നു.

സഹകരണരംഗത്ത് ഈ പഞ്ചായത്തിൽ വ്യവസായ സഹകരണസംഘമോ, മാർക്കറ്റിംഗ് സഹകരണസംഘമോ, ഉപഭോക്തൃ സഹകരണ സംഘങ്ങളോ, ഭവനനിർമ്മാണ സഹകരണസംഘമോ ഇല്ല. ജനകീയാസൂത്രണവും ഗ്രാമസഭകളും ഈ രംഗത്തിൻെറ പ്രാധാന്യം മനസിലാക്കി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രണ്ടു സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. സെൻറ്. പീറ്റേഴ്സ് ഹൈസ്കൂൾ, ഇലഞ്ഞി
2. സെൻറ്. പോൾസ് ഗേൾസ് ഹൈസ്കൂൾ, മുത്തലപുരം

വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപാധികളുടെ വിതരണരംഗത്ത് നല്ലരീതിയിലുള്ള പ്രവർത്തനം ഈ സംഘങ്ങൾ നടത്തുന്നുണ്ട്.

ലാഭത്തിൽ പ്രവർത്തിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന സംഘങ്ങളിൽ മുത്തലപുരം സർവ്വീസ് സഹകരണബാങ്ക് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനവും, ഉയർന്ന തൊഴിലാളി പങ്കാളിത്തവും, ജനകീയ പിൻബലവും, സങ്കുചിതമായ ചേരിതിരിവുകളുടെ അഭാവവും, അപെക്സ് സംഘങ്ങളുടെ ശക്തമായ പിൻബലവും ഒത്തിണങ്ങിയാലുള്ള നേട്ടത്തിൻെറ ഉത്തമോദാഹരണമാണ്.

പ്രധാനപ്രശ്നങ്ങളിൽ ചിലത്

1. കാർഷികോത്പന്നങ്ങളെവ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുവാൻ വ്യാവസായിക സംഘങ്ങളില്ല.

2. പട്ടികജാതി വികസന സഹകരണ സംഘം ഉപഭോക്തൃ സഹകരണ സംഘം, മാർക്കറ്റിംഗ് സഹകരണസംഘം, ഭവനനിർമ്മാണ സഹകരണ സംഘം എന്നിവയില്ല.

3. നിലവിലുള്ള ക്ഷീര വ്യവസായ സംഘങ്ങളുടെ പ്രവർത്തനപരിധി മുഴുവൻ മേഖലയിലും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല.

4. ക്രഡിറ്റ് സഹകരണസംഘത്തിന് ദീർഘകാല വായ്പാ സംവിധാനം വേണ്ടത്ര അളവിലോ ഗുണത്തിലോ ലഭ്യമാകുന്നില്ല.

5. ആർ. പി. എസുകൾ റബ്ബർ പാൽ വിതരണ ഏജൻറുകൾ എന്ന തലത്തിലേ പ്രയോജനപ്പെടുന്നുള്ളൂ. പ്രവർത്തനസാദ്ധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല.

6. കാർഷികോൽപന്ന വിപണനം സഹകരണ മേഖലയിലാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

7. മുത്തലപുരം സഹകരണബാങ്കിൻെറ കൂടുതൽ ബ്രാഞ്ചുകളും, വളം ഡിപ്പോയും ഇല്ലാത്തതും ആലപുരം, പെരുമ്പടവം, മുത്തലപുരം കിഴക്കുഭാഗം എന്നീ ഭാഗത്തുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

8. വനിതാ വികസനരംഗത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ അഭാവം

**സാദ്ധ്യതകൾ**

1. കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തു കേന്ദ്രമാക്കി മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കുക.

2. കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി, വ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കുക.

3. ക്ഷീരവ്യവസായ സഹകരണസംഘത്തിൻെറ പ്രവർത്തനം എത്താത്ത മേഖലകൾ കേന്ദ്രീകരിച്ച് പുതിയ ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കുക.

4. മുത്തലപുരം സർവീസ് സഹകരണബാങ്കിന് ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ ബ്രാഞ്ചുകളും, വളം ഡിപ്പോകളും ആരംഭിക്കുക.

5. ഇപ്പോൾ നാമമാത്രമായി പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘങ്ങളുടെ പ്രവരചത്തനം മെച്ചപ്പെടുത്തി വിപുലീകരിക്കുക.

# വിഭവ സമാഹരണം

പഞ്ചായത്തു നിലവിൽ സമാഹരിക്കുന്ന തനതു വരുമാനം പരിശോധിക്കുമ്പോൾ നികുതി വരുമാനമെന്നും നികുതിയേതര വരുമാനമെന്നും രണ്ടായി തിരിക്കാം. ഇവ പ്രധാനമായും

1. കെട്ടിട നികുതി
2. തൊഴിൽ നികുതി

a) പഞ്ചായത്തതിർത്തിയിൽ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരവരുമാനമുള്ള ജീവനക്കാരിൽ നിന്നുമുള്ള തൊഴിൽ നികുതി.

b) പഞ്ചായത്തതിർത്തിയിലുള്ള ചെറുകിടയും അതിനു മുകളിലുമുള്ള ഇടത്തരം, വൻകിട കൃഷിക്കാരിൽ നിന്നുമുള്ള തൊഴിൽ നികുതി.

[a, b വിഭാഗക്കാർക്കു വരുമാനത്തിനുള്ള നികുതി നിരക്കു തുല്യം]

3. പ്രദർശനശാലകളിൽ നിന്നുമുള്ള നികുതി
   (a) വിനോദ നികുതി
   (b) അഡി. വിനോദ നികുതി
   (c) പ്രദർശന നികുതി
   (d) പ്രദർശന നികുതിയിലുള്ള സർ ചാർജ്ജ്
4. ചന്തയിൽ നിന്നുള്ള വരുമാനവും മറ്റു ലേല വരുമാനങ്ങളും
5. ലൈസൻസ് ഫീസ്
6. സംഭാവന

ഇവയിൽ നിന്നും 1995-96 ൽ ലഭിച്ച വരുമാനം പട്ടികയിൽ ചേർത്തിരിക്കുന്നു.

| | | വരുമാനം | ആകെ |
|---|---|---|---|
| 1. കെട്ടിട നികുതി | | 1,98,802 | 1,98,802 |
| 2. തൊഴിൽ നികുതി | | | |
| (a) ജീവനക്കാരിൽ നിന്നും | | 83,065 | |
| (b) കാർഷിത തൊഴിൽ നികുതിയും കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള നികുതിയും | | 31,320 | 1,14,385 |
| 3. (a) വിനോദ നികുതി | | 7363 | |
| (b) അഡി. വിനോദ നികുതി | | 4909 | |
| (c) പ്രദർശന നികുതി | | 1220 | |
| (d) പ്രദർശന നികുതിയിലുള്ള സർ ചാർജ്ജ് | | 305 | 13,797 |
| 4. ലൈസൻ ഫീസ് | | 11,071 | 11,071 |
| നികുതിയേതരം | | | |
| 5. മാർക്കറ്റു വരുമാനം | | 57,000 | |
| ലേല വരുമാനങ്ങൾ : | ചവറ് | 525 | |
| | ഫലവൃക്ഷങ്ങൾ | 290 | |
| | ഷോപ്പിംഗ് കോംപ്ലക്സ് | 26,724 | 84,539 |
| 6. സംഭവാന | | 200 | 200 |
| 7. മറ്റു വരുമാന മാർഗ്ഗങ്ങൾ | | 45,600 | 45,600 |
| 8. വസ്തു കൈമാറ്റ നികുതി 75% | | 71,367 | 71,367 |
| | | ആകെ | 5,39,761 |

അടുത്തായി പഞ്ചായത്തിൻെറ തനതായ നടത്തിപ്പു ചിലവുകളാണ്. പ്രധാനമായും ഭരണ ചിലവിനങ്ങളായ ജീവനക്കാരുടെ ശമ്പളം, ഭരണ സമിതിക്കുള്ള അലവൻസുകൾ , ജലവിതരണ ചിലവ്, തെരുവു വിളക്കുകൾക്കുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയാണ്. ഇവയ്ക്ക് നടപ്പു വർഷം മുതൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രധാന വർദ്ധനവ് ഭരണ സമിതിയംഗങ്ങളുടെ അലവൻസിനാണ്. മുൻ വർഷത്തെ ചിലവിനേക്കാൾ ഒരു ലക്ഷത്തിപതിനായിരം രൂപ അധികമായി ഈ ഇനത്തിൽ ചെലവ് വരുന്നതാണ്. മുൻ വർഷച്ചെലവു താഴെ കൊടുക്കുന്നു.

95-96 ലെ ചെലവ്

| | | |
|---|---|---|
| 1. | ഭരണചെലവ് | 340826 |
| | അനുബന്ധചെലവ് (സ്റ്റേഷനറി, പബ്ലിസിറ്റി) | 74164 |
| 2. | ജലവിതരണം (ഒരു മാസത്തേതു മാത്രം) | 11680 |
| 3. | തെരുവു വിളക്കുകൾ | 35472 |
| 4. | വിദ്യാഭ്യാസം | 19163 |
| | തന്നാണ്ടു മുതൽ അധികമായി വരുന്ന ഭരണച്ചലവ് എകദേശം | 1,10,000 |
| | ആകെ | 5,91,305 |

കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ തനതു വരവും തനതു ചെലവും താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1990-91 | 3,15,281 | 2,68,496 |
| 91-92 | 3,10,288 | 3,24,822 |
| 92-93 | 4,05, 578 | 3,09, 923 |
| 93-94 | 4,74,533 | 3,92,420 |
| 94-95 | 4,84, 325 | 4,17,863 |

എന്നാൽ തന്നാണ്ട് (96-97) മുതൽ വരവ് ചെലവിലെ അന്തരം വലുതായിരിക്കും

| | | | |
|---|---|---|---|
| വരവ് പ്രതീക്ഷിക്കുന്നത് | 5,50,000 | പ്രതീക്ഷിക്കുന്ന ചിലവ് | |
| | | (i) ജീവനക്കാരുടെ ശമ്പളം | 4,00,000 |
| | | (ii) ഭരണസമിതി അലവൻസ് | 1, 10,000 |
| | | (iii) ഇലക്ട്രിസിറ്റി | 36,000 |
| | | (iv) ജലവിതരണം | 1,50,000 |
| ആകെ | 5,50,000 | | 6,96,000 |

പ്രതീക്ഷിക്കുന്ന കമ്മി : 1,46,000

ഇതിൽ നിന്നും അനുമാനിക്കാവുന്നത് തനതു വരുമാനം വർദ്ധിച്ചില്ലെങ്കിൽ പഞ്ചായത്തു കമ്മിയിൽ തുടരേണ്ടിവരുമെന്നുതന്നെയാണ്

1. നിലവിലുള്ള വരുമാന ഇനങ്ങളായ കെട്ടിട നികുതി നിരക്ക് പരിശോധിക്കുമ്പോാം കാണുവാൻ കഴിയുന്നത് നിലവിലുള്ള നിയമവിധേയ നിരക്കുപോലും പഞ്ചായത്തിന് ലഭിക്കുന്നില്ല എന്നതാണ്. കിട്ടാവുന്നതിൻെറ മൂന്നിലൊന്ന് മുതൽ രണ്ടിലൊന്നുവരെ പോലും ലഭിക്കുന്നില്ല.
2. തൊഴിൽ നികുതിയിൽ 300 ഓളം ജീവനക്കാരിൽ നിന്നും 83065 രൂപ ഈടാക്കുവാൻ സാധിക്കുമ്പോാം കാർഷിക തൊഴിൽ നികുതി 31320 രൂപ മാത്രമാകുന്നു. 2 ഹെക്ടർ കൃഷിഭൂമിയിൽ കുടുതൽ കൈവശമുള്ള വ്യക്തികാം മാത്രം 220 പേരും ഒരു ഹെക്ടറിൽ കൂടുതലുള്ള 600 പേരും ഉള്ള ഈ പഞ്ചായത്തിൽ ഇവരുടെ വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നു കാണാം. രണ്ടു മേഖലകളിലേയും നികുതി നിരക്ക് തുല്ല്യമാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. തൊഴിൽ നികുതിയായി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 72.6 % ഈടാക്കുമ്പോാം കാർഷിക തൊഴിൽ നികുതി 27.4 % മാത്രമാണ് ഈടാക്കുന്നത്.

നികുതിയേതര വരുമാനങ്ങളായ മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ളക്സ് മുതലായവയുടെ ലേലത്തുകയിൽ വർഷം തോറും നേരിയ വർദ്ധനയുണ്ടാകുന്നുണ്ടെങ്കിലും കാലാനുസൃതവും മൂല്യവർദ്ധനയ്ക്കനുസരണവുമായ വർദ്ധനയുണ്ടാകുന്നില്ല എന്നുള്ളതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

പഞ്ചായത്തിനു ലഭിക്കേണ്ട ഗ്രാൻറുകാം പ്രധാനമായും 95-96 ൽ ലഭിച്ചത്.

| | |
|---|---|
| 1. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 238011 |
| 2. വില്ലേജ് റോഡ് മെയ്ൻെറനൻസ് ഗ്രാൻെറ് | 10937 |
| 3. ബേസിക് ടാക്സ് - 75% | 57996 |
| 4. മൈനർ ഇറിഗേഷൻ ഗ്രാൻെറ് | 7810 |
| 5. എസ്റ്റാബ്ളിഷ്മെൻെറ് ഗ്രാൻെറ് | 41790 |
| 6. അൺടൈഡ് ഫണ്ട് | 211740 |
| ആകെ | 5,68,284 |

ഉത്തരവാദിത്വം ഉണ്ടാകേണ്ടതാണ്.

സന്നദ്ധസംഘടനകളോ, ഗുണഭോക്താക്കളുടെ സന്നദ്ധപ്രവർത്തനമോ, ലേബർ കോൺട്രാക്ട് സംഘങ്ങളോ ഇല്ലാത്തതിനാൽ നിർമ്മാണപദ്ധതികളുടെ ഗുണഭോക്താക്കൾ-പൊതുസമ്പത്തു കൊള്ളയടിക്കുന്ന വ്യാജകോൺട്രാക്ടർമാരുടെ സംരക്ഷകരായി മാറേണ്ടിവരുന്നു. പദ്ധതി നടത്തിപ്പിനുള്ള പണം മുൻകൂറായി ലഭ്യമല്ലാത്തതിനാലും, ലഭ്യമായാലും മറ്റുസാങ്കേതികപ്രായോഗികുരുക്കുകളും സന്നദ്ധതയെ ഭേദ്യം ചെയ്യുന്നു. ഈയവസ്ഥക്ക് സഹകരണ പ്രസ്ഥാനങ്ങൾക്ക് വലിയ മാറ്റത്തിനുള്ള സാദ്ധ്യത ഉണ്ടാക്കുവാൻ സാധിക്കും.

ഗൾഫിലും മറ്റുപാശ്ചാത്യ നാടുകളിലും സേവനം അനുഷ്ഠിക്കുന്ന വളരെയേറെപ്പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ വരുമാനം ഇന്നു ഭൂരിഭാഗവും കെട്ടിടനിർമ്മാണ മേഖലയിലാണ് ചിലവഴിക്കപ്പെടുന്നത്. ഇവയുടെ ബുദ്ധിപരമായ വിനിയോഗം ഇവർക്കും നാട്ടിനും ഗുണകരമായി മാറ്റാവുന്നതാണ്.

**ഗ്രാമസഭകളിൽ ഉന്നയിച്ച വിഭവ സമാഹരണ സാദ്ധ്യതകൾ:**

1. പുറമ്പോക്ക് തിട്ടപ്പെടുത്തി വരവ് പഞ്ചായത്തിലേക്കു മുതൽക്കൂട്ടുക. ഈ ഭൂമി വീടില്ലാത്തവർക്ക് പതിച്ച് നൽകുക.
2. കാർഷിക വികസനത്തിന് കർഷകസമിതികളിലൂടെ വിഭവസമാഹരണം നടത്തുക.
3. പഞ്ചായത്തിലെ കരിങ്കൽമടകൾക്കും, വെട്ടുകല്ല്, മണ്ണ് എന്നിവയ്ക്കും നികുതി ഏർപ്പെടുത്തുക.
4. കാർഷികാദായ നികുതി വരുമാന സ്ലാബ് നിശ്ചയിച്ച് നിർബന്ധമായും ഈടാക്കുക.
6. ആഡംബര വീടുകൾക്ക് ആഡംബരനികുതി ഈടാക്കുക.
7. പഞ്ചായത്തിലെ ഭൂമിയുടെ മതിപ്പുവില നിശ്ചയിക്കുവാനുള്ള ചുമതല പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത്, ഭൂമിക്രയവിക്രയത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി തട്ടിപ്പ് തടയുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.
8. വാഹനങ്ങൾക്ക് പാർക്കിംഗ് നികുതിയും, പരസ്യങ്ങൾക്ക് നികുതിയും ഈടാക്കുക.
9. മാർക്കറ്റ് വിപുലപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക.
10. വിനോദനികുതിയിലെ ചോർച്ച തടയുക.
11. പഞ്ചായത്തിൽ നിന്നും കയറിപ്പോകുന്ന റബ്ബർത്തടി, മറ്റുതടികൾ എന്നിവയ്ക്ക് നികുതി ഈടാക്കുക.
12. റോഡ് നിർമ്മാണം, പുനരുദ്ധാരണം, കുടിവെള്ളം എത്തിക്കൽ എന്നിവയ്ക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുക.
13. പഞ്ചായത്ത് സ്ഥാപിച്ച ഉപയോഗശൂന്യമായ പമ്പ്സെറ്റുകൾ പഞ്ചായത്ത് ഏറ്റെടുക്കുക.
14. പഞ്ചായത്ത് റോഡ് മുറിയ്ക്കുന്നതിനും കുഴിയ്ക്കുന്നതിനും നികുതി ഈടാക്കുക.
15. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസീടാക്കുക.
16. പഞ്ചായത്ത് പുറമ്പോക്കിലെ കേടായതും വളർച്ച മുറ്റിയതുമായ വൃക്ഷങ്ങൾ നീക്കം ചെയ്ത് മുതൽക്കൂട്ടുകയും പകരം വെച്ചുപിടിപ്പിക്കുകയും ചെയ്യുക.

# പിറവം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## 9-ാം പദ്ധതി ജനകീയപദ്ധതി




"പഞ്ചായത്തീരാജ് നിലവിൽ വന്നു കഴിയുമ്പോഴ്
അക്രമത്തിന് സാധിക്കാനാവാത്തത് പൊതു
ജനാഭിപ്രായത്തിന് നേടാൻ കഴിയും...."


(1-6-1947, ഹരിജൻ വാരിക)

"സ്വാതന്ത്ര്യം യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനങ്ങളുടേതാണ്. അല്ലാതെ ഇന്ന് അവരുടെമേൽ ഭരണം നടത്തുന്നവരുടേതല്ല. സമൂഹത്തിൻെറ കേന്ദ്രം വ്യക്തിയാണ്."

(ഹരിജൻ വാരികയിൽ ഗാന്ധിജി)



സ്ത്രീകൾ ഇന്ന് അകത്തളങ്ങളിൽ
ഒതുങ്ങിക്കഴിയുന്നു




അവരെ രാഷ്ട്രനിർമ്മാണത്തിൽ
പങ്കാളികളാകാൻ അവസരം നൽകി
പുറത്തുകൊണ്ടുവരുക

"രണ്ടു ചിറകുകളും ഒരേപോലെ ശക്തിപ്രാപിക്കുമ്പോഴേ ഒരു പക്ഷിക്ക് സുഗമമായി പറക്കുവാൻ സാധിക്കൂ."

വിവേകാനന്ദൻ

70a

# പിറവം ഗ്രാമപഞ്ചായത്ത് വിഭവ ഭൂപടം




## INDEX

1. MARKET, 2. S.B.T., 3. K.S.F.E., 4. P.V.I.P., 5. TELECOM OFFICE, 6. K.S.E.B. BILLING, 7. K.S.E.B., 8. TELEPHONE OFFICE, 9. POST OFFICE, 10. VETINARY HOSPITAL, 11. SUB-TREASURY, 12. SUB-REGISTAR OFFICE, 13. MINAR IRRIGATION, 14. DISTRICT CO-OPERATIVE BANK, 15. PANCHAYATH OFFICE, 18. I.B., 19. MVIP AXE OFFICE, 20 FIRE STATION, 21. AGRICULTURAL DEPUTTY DIRECTOR OFFICE, 22. M.V.I.P., 23. PETROL PUMP, 24. ST. MARY'S BANK, 25. FEDERAL BANK, 26. K.W.A., 27 & 28. THEATOR, 29. HOUSING SOCIETY, 30. CO-OPERATIVE SOCIETY

80

# ഉള്ളടക്കം


| | |
|---|---|
| റിപ്പോർട്ടിലേയ്ക്കു കടക്കുംമുമ്പ് | 5 |
| ആമുഖം | 6 |
| ചരിത്രവസ്തുതകളിലൂടെ | 7 |
| കാർഷികചരിത്രം | 9 |
| മൃഗസംരക്ഷണമേഖല | 15 |
| വ്യവസായം | 23 |
| വിഭവ സമാഹരണം | 26 |
| ഊർജ്ജം | 28 |
| ഗതാഗതം | 30 |
| കുടിവെള്ളം | 32 |
| പൊതുജനാരോഗ്യം | 33 |
| വിദ്യാഭ്യാസം | 38 |
| ഭവന നിർമ്മാണം | 40 |
| സാമൂഹ്യക്ഷേമം | 42 |
| സംസ്കാരികം | 43 |
| കായികരംഗം | 44 |
| ടൂറിസം | 47 |
| വനിത | 49 |
| സഹകരണം | 50 |
| പട്ടികജാതി പട്ടികവർഗ്ഗം | 52 |
| നന്ദി | 56 |

# പിറവം പഞ്ചായത്ത്
# ഭരണസമിതി 1996

| | |
|---|---|
| പ്രൊഫ. സി. പൗലോസ് | (പ്രസിഡൻറ്) |
| ശ്രീ. ജോൺസൺ വറുഗീസ് | (വൈസ് പ്രസിഡൻറ്) |
| ശ്രീമതി ലില്ലി കുര്യാക്കോസ് | |
| ശ്രീ. സി.എൻ സദാമണി | |
| ശ്രീ. സി.കെ. പ്രകാശ് | |
| ശ്രീമതി ഏലിയാമ്മ മത്തായി | |
| ശ്രീ. രാജു പാണാലിക്കൽ | |
| ശ്രീമതി അന്നമ്മ സ്റ്റീഫൻ | |
| ശ്രീമതി ജാൻസി അലക്സ് | |
| ശ്രീ. എം.കെ. വിജയൻ | |
| ശ്രീ. തോമസ് എബ്രാഹം | |

# റിപ്പോർട്ടിലേയ്ക്കു കടക്കുംമുമ്പ്...

പൗരാണിക കാലം മുതൽ ഇന്ത്യയിൽ ഗ്രാമീണ തലത്തിൽ നിലനിന്ന ജനാധിപത്യ വ്യവസ്ഥിതി. പലകാലങ്ങളിലായുണ്ടായ വിദേശാക്രമണത്തിൻെറ വികസനഫലമായി, തകർന്നു പോവുകയാണുണ്ടായത്. ദേശീയ വികസന പദ്ധതികളുടെ ഗ്രാമതലത്തിലുള്ള നടത്തിപ്പിൻെറ ഏജൻസികളായി ബൽവന്ത്റായി മേത്ത കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അറുപതുകളുടെ ആരംഭം മുതൽ പഞ്ചായത്ത്രാജ് സമ്പ്രദായം ഇന്ത്യയിലുടനീളം നടപ്പാക്കപ്പെട്ടുവെങ്കിലും അതിന് ഗൗരവമായ പരിഗണന ലഭിച്ചിരുന്നില്ല ഈ അടുത്ത കാലം വരെ.

ശരിയായ തലത്തിലുള്ള നിയമ പ്രാബല്യം ഇല്ലാതിരുന്നതു കൊണ്ടാണ് ജില്ലാ തലത്തിലും അതിനുതാഴെയും ജനാധിപത്യം പരാജയപ്പെട്ടത്. സ്റ്റേറ്റുകാംക്കുള്ള മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ ഇതു ചൂണ്ടികാണിക്കപ്പെട്ടിരിക്കുന്നുവെങ്കിലും മുകളിൽ നിന്നുള്ള രാഷ്ട്രീയ ലക്ഷ്യങ്ങാം ഇതിൻെറ ചിറകുകളെ വീണ്ടും തളർത്തുകയുണ്ടായി. വികസന പ്രവർത്തനങ്ങാം കേന്ദ്രീകരിക്കപ്പെടുകയും പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറയുകയും തൽഫലമായി സർക്കാരും ഉദ്യോഗസ്ഥന്മാരും സർവോപരി വികസനവും സാമാന്യജനങ്ങളിൽ നിന്നകലുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സംവിധാനം നിർബന്ധമാക്കിയാലേ അധികാരം ജനങ്ങളിലെത്തുകയുള്ളു വെന്നും ജനകീയ ഭരണസമിതികളിൽ കൂടി മാത്രമേ ഇത് സാധിക്കുകയുള്ളുവെന്നും ബോധ്യമായതിൻെറ ഫലമായി 1992 ഡിസംബറിൽ ഇന്ത്യൻ ഭരണഘടനയിലെ 73-ാം വകപ്പു ഭേദഗതി ചെയ്തു. രാഷ്ട്രപതിയുടെ കൈയൊപ്പു ലഭിച്ച് 1993 ഏപ്രിൽ 24-ന് നിയമമായി. അങ്ങനെ നമ്മുടെ ചിരകാലാഭിലാഷമായ ആയൂത്രണവും വികസനവും പഞ്ചായത്തുകളിലൂടെ നടപ്പിലാകുകയാണ്. ഇതിൻെറ ആദ്യഘട്ടമെന്ന നിലയിൽ 9-ാം പദ്ധതി ജനകീയപദ്ധതിയായി നമ്മുടെ കൈകളിലെത്തിയിരിക്കുന്നു. ഇനി നമുക്കൊത്തൊരുമിച്ച് പ്രശ്നങ്ങളും വെല്ലുവിളികളും നേരിടാം. മുൻഗണനാക്രമത്തിൽ വ്യത്യസ്ത മേഖലകളിൽ ഇവയേതൊക്കെ എന്നറിയാനുള്ള ഒരു 'കീനോട്ട്' മാത്രമാണ് ഈ റിപ്പോർട്ട്. ഇനിയും പ്രാധാന്യമുള്ള വലതും ഇതിലുാംക്കൊള്ളിക്കേണ്ടിയിരുന്നു. നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങാം നിരവധിയുണ്ട്. നമുക്ക് തോളോടു തോാം ചേർന്നു നിന്ന് ഓരോ പ്രശ്നത്തിനും പരിഹാരം കാണാം

നിങ്ങളുടെ സഹകരണമാണ് ഞങ്ങളുടെ ശക്തി

ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയതിൽ സഹകരിച്ച എല്ലാവർക്കും-രാപകലുകളില്ലാതെ അധ്വാനിച്ച ഓരോരുത്തർക്കും നന്ദി പറയുകയല്ല. ഇനിയും ഗ്രാമ വികസനത്തിലേക്കുള്ള യാത്രാപഥങ്ങളിലെ കർമ്മ കാണ്ഡങ്ങളിലും നിങ്ങളുടെ കൂട്ടായ്മ ഇതേ അളവിലും തൂക്കത്തിലും ലഭിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചു കൊണ്ട്,

പഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി

പ്രസിഡൻെറ്

**(സി.പി. പൗലോസ്)**

# ആമുഖം

9-ാം പദ്ധതിയുടെ ദേശീയ സമീപന രേഖ രൂപം കൊള്ളുന്ന ഡിസംബറിനു മുമ്പായി ഓരോ പഞ്ചായത്തുകളുടെയും മുൻഗണനാടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾക്കു രൂപം നൽകുകയെന്നതാണ് ജനകീയാസൂത്രണം കൊണ്ട് അർത്ഥമാക്കുന്നത്. ഒരു പുതിയ വികസന സംസ്കാരം നമ്മുടെ നാട്ടിൽ പരിപോഷിപ്പിക്കുകയെന്നത് കാലഘട്ടത്തിന്റെയാവശ്യമാണ്. വികസനം തഴെത്തട്ടിൽ നിന്നു തുടങ്ങുകയാണു വേണ്ടതെന്ന ഗാന്ധിയൻ ചിന്താഗതിയാണ് ഇതിനു പിന്നിൽ. 1994-ലെ പഞ്ചായത്തീരാജ് നിയമമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഗ്രാമീണരുടെ സെക്രട്ടേറിയറ്റ് ആയി ഉയർന്നിരിക്കുന്നു. അഴിമതിയും കൈക്കൂലിയും നാട്ടുമര്യാദയായി തുടർന്നിരുന്ന പൂർവാവസ്ഥയിൽ നിന്നും അധികാര കൈമാറ്റത്തിന്റെ ശുഭസൂചനയും അജണ്ടയിലെ മുഖ്യ പ്രായോകികളാക്കിക്കൊണ്ടുള്ള ആസുത്രണത്തിനേ ജനക്ഷേമം ലക്ഷ്യമിടാൻ കഴിയൂ.

## എന്തിന് ജനകീയാസൂത്രണം ?

നമ്മുടെ ആസൂത്രണ പ്രക്രിയയുടെ ചില പോരായ്മകൾ പരിഹരിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയയ്ക്കും വികസന പ്രവർത്തനങ്ങൾക്കും നിയമപരമായ പ്രാബല്യം ലഭിക്കണമെങ്കിൽ അധികാരം ജനങ്ങൾക്ക് കൊടുക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം ഗാന്ധിജിയുടെ സ്വപ്നമായിരുന്നെങ്കിൽ അധികാരം ജനങ്ങൾക്ക് വിട്ടുകൊടുക്കുകയെന്ന ജനാധിപത്യ വിപ്ലവം രാജീവ് ഗാന്ധിയാണ് തുടങ്ങിവെച്ചത്. പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ നടപ്പിലായതോടെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ പിൻബലം മാത്രമല്ല, കൂടുതൽ അധികാരവും അതോടൊപ്പം ആസൂത്രണ പ്രക്രിയയിൽ സുപ്രധാന പങ്കും ലഭിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാന ലക്ഷ്യം പദ്ധതി ആസൂത്രണം താഴെതട്ടിൽ നിന്നും മുകളിലേക്കു വരികയും നിർവഹണത്തിൽ ജനപങ്കാളിത്തമുണ്ടാക്കുകയും ചെയ്യുകയെന്നതാണ്.

വാച്ച്ഡോഗുകളെന്ന ഓമനപ്പേരുള്ളഗ്രാമസഭകൾ വാർഡുമെംബറുടെ അധ്യക്ഷതയിൽകൂടി പദ്ധതി ആസൂത്രണം ആരംഭിക്കുന്നു. ഈപദ്ധതികൾ ജില്ലാ പ്ലാനിംഗ് സമിതി ചർച്ചചെയ്ത് മുൻഗണന നിശ്ചയിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പദ്ധതിക്ക് രൂപം നൽകികഴിഞ്ഞാൽ അത് നടപ്പാക്കുന്നത് പഞ്ചായത്ത് സമിതികളാണ്. അവയുടെ സാമ്പത്തിക പരിമിതി, ഭരണ തടസ്സങ്ങൾ, നിയമത്തിന്റെ അപര്യാപ്തത തുടങ്ങി അനേകം ഘടകങ്ങൾ ഈ ജനകീയ സമിതിയുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുമെന്നതുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കാൻ വേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്.

ആസൂത്രിതമായ സാമ്പത്തിക വളർച്ച കൈവരിക്കാൻ പണ്ഡിറ്റ് നെഹ്റു തുടങ്ങിയതാണ്. പഞ്ചവത്സര പദ്ധതികൾ. ഈ പദ്ധതികളിലൂടെയാണ് ഇന്ത്യ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിച്ചതും ശക്തമായ പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ ശൃംഖല സൃഷ്ടിച്ചതും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള ഗ്രാമീണ തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കിയതും. ഡിപ്പാർട്ടുമെന്റലിസം മുൻ പദ്ധതികളെ തകർച്ചയുടെ വക്കത്തെത്തിച്ചതുകൊണ്ടു 9-ാം പഞ്ച വത്സര പദ്ധതിയിൽ ഇതിന്റെ അസാന്നിദ്ധ്യം ശ്രദ്ധേയമാകുന്നു.

പഞ്ചായത്തീരാജ് നിയമത്തിന്റെ 175-ാം വ്യവസ്ഥയനുസരിച്ച് വികസനത്തിനുള്ള ആസൂത്രണ പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾ രൂപം നല്കി ബ്ലോക്കു പഞ്ചായത്തുകൾക്കു നൽകണം. അവിടെ നിന്ന് അവ ജില്ലാ പഞ്ചായത്തുകളിലേക്കെത്തുകയും പിന്നീടതു ഗവൺമെന്റു നിയമിച്ച മേൽഘടകത്തിനു നൽകുകയും വേണം. ഒരു ഗ്രാമത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ലക്ഷ്യമാക്കിയുള്ള വികസന പദ്ധതികൾ താഴെ തട്ടിൽ നിന്ന് മായം ചേർക്കാതെ മേൽത്തട്ടിലെത്തുന്നു. അതായത് വികസന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്നു.

## ജനകീയാസൂത്രണത്തിൽ പഞ്ചായത്തിന്റെ മുന്നേറ്റം.

നമ്മുടെ പഞ്ചായത്തിൽ നിന്നും സെപ്റ്റംബർ 11,12,13 മുവാറ്റുപുഴ കെ. എം. ജോർജ്ജ് ആഡിറ്റോറിയത്തിൽ നടന്ന പരിശീലനത്തിൽ സർവ്വശ്രീ മോഹൻദാസ് മുകുന്ദൻ, ജോൺസൺ വറുഗീസ്, കെ. കെ. പ്രഭാകരൻ, മോഹൻലാൽ,

ഏലിയാമ്മ ഫിലിപ്പ്, സി.എം. ഔസേഫ്, സി.വി. ജേക്കബ്, ഷിബു തോമസ് എന്നിവർ പങ്കെടുത്തു. പരിശീലനം ലഭിച്ച ജില്ലാ പരിശീലകർ സെപ്റ്റംബർ 15-ാം തീയതി M.S.M ഐ.ടി.സി.യിൽ വെച്ച് ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആഫീസുകളിലേയും ജീവനക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, സന്നദ്ധസംഘടന പ്രതിനിധികൾ, പഞ്ചായത്ത് സമിതി അംഗങ്ങൾ എന്നിവരടങ്ങുന്ന 75 പേരെ പങ്കെടുപ്പിച്ചു കൊണ്ട് ഏകദിന സെമിനാർ നടത്തി. പിന്നീട് സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളിൽ മുഴുവൻ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. അതിൽ നിന്നുരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ ആസ്പദമാക്കി വികസന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുവേണ്ടി രണ്ടാംഘട്ട പരിശീലനം ബ്ലോക്കു തലത്തിൽ പാമ്പാക്കുടയിൽ വെച്ചും പഞ്ചായത്തു തല സെമിനാർ പിറവത്തു വെച്ചും നടന്നു. വികസന റിപ്പോർട്ടിനെപ്പറ്റിയുള്ള വിശദവിവരങ്ങളടങ്ങിയ വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. പഠന പര്യടന റിപ്പോർട്ടുകളുൾപ്പെട്ട പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കോളേജ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ പ്രാഥമിക, ദ്വിതീയ സ്ഥിതി വിവരക്കണക്കെടുപ്പും ക്രോഡീകരണവും നടന്നു.

# ചരിത്രവസ്തുതകളിലൂടെ

## 1. സ്ഥലനാമം.

ക്രിസ്തുവിൻെറ തിരുപിറവിയുമായി ബന്ധപ്പെട്ടാണ് പിറവമുണ്ടായതെന്ന് ഐതിഹ്യം. പ്രാചീന കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരുടെ ആവാസഭൂമിയും, ബുധശുക്രന്മാരെ കാവലിരുത്തിയിരിക്കുന്നതും, കൊട്ടാരത്തിൽ ശങ്കുണ്ണിയാൽ പ്രകീർത്തിക്കപ്പെട്ടതുമായ പാഴൂർ പടിപ്പുര. ഇവിടുത്തെ ജോത്സ്യരുടെ നിർദ്ദേശപ്രകാരം ഉണ്ണിയേശുവിൻെറ പിറവി സൂചിപ്പിച്ച നക്ഷത്രത്തിനു പിന്നാലെ ബേത്‌ലഹേമിലേക്കു പോയ മൂന്നു രാജാക്കന്മാരുടെ പള്ളി പിറവത്തിൻെറ ഐശ്വര്യങ്ങളിൽ പ്രഥമ സ്ഥാനത്തു നിൽക്കുന്നു. ക്രിസ്ത്യൻപള്ളിയും ഹിന്ദുദേവാലയവും ഒരേ മൈതാനത്തു സ്ഥിതിചെയ്യുകയെന്ന അത്യപൂർവ്വതയും പിറവത്തിൻെറ പ്രത്യേകതയാണ്.

കിഴക്കോട്ടൊഴുകുന്ന മൂവാറ്റുപുഴയാറും ഇരുതീരങ്ങളിലുമായി കാലത്തിൻെറ കുത്തൊഴുക്കിനെ അതിജീവിച്ചും തലയുയർത്തി നിൽക്കുന്ന പാഴൂർ പെരുംതൃക്കോവിലും, പിറവം പള്ളിയും, ഐതിഹ്യങ്ങളുടെ അത്ഭുതങ്ങളുമായി നിൽക്കുന്ന പാഴൂർ പടിപ്പുരയും ഒക്കെ ചേർന്ന് പിറവത്തിന് വിശുദ്ധിയുടെ ഭൂപട പ്രാധാന്യം നേടിക്കൊടുക്കുന്നു.

കേരളസർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചേറ്റെടുത്തിട്ടുള്ള പാഴൂർ പെരുംതൃക്കോവിലിലും പിറവം പള്ളിയിലും ഉള്ള മ്യൂറൽ പെയിൻറിംഗ് ഗവേഷക കുതുകികൾക്ക് ഏറെ പ്രയോജനപ്പെടുന്നതു തന്നെ.

വീരപരാക്രമിയായ നാട്ടുരാജാക്കന്മാരും കളരി ഗുരുക്കന്മാരും ജ്യോതിശാസ്ത്രജ്ഞന്മാരും പിറവത്തിൻെറ നായിമക ശക്തികളായിരുന്നുവെന്നത് പ്രശസ്തിയുടെ മഹിമയെ തെല്ലൊന്നുമല്ല ഉറപ്പിച്ചു നിറുത്തുന്നത്. രാജകുടുംബങ്ങളുടെ യഥാർത്ഥസ്ഥാനം നിർണ്ണയിക്കാൻ കഴിയുന്നില്ലെങ്കിലും പിറവത്തും പരിസരപ്രദേശങ്ങളിലും രാജകുടുംബങ്ങളുണ്ടായിരുന്നതിൻെറ തെളിവുകളുണ്ട്.

ശ്രീശങ്കരാചാര്യരുടെ ഉപനയനവും സമാവർത്തനവും നടത്തിയ മേൽപാഴൂർമന, അന്തർദ്ദേശീയ ജ്യോതിശ്ശാസ്ത്ര ഗവേഷണ കേന്ദ്രമായി മാറിയ പാഴൂർപടിപ്പുര എന്നിവ പായലിൻെറ ഊരിന് -പായലൂർ-പാഴൂർ. നേടിക്കൊടുക്കുന്ന മഹത്വം പിറവത്തിനു കൂടി അവകാശപ്പെട്ടതാണ്. ഇതിഹാസവും ഐതിഹ്യവും കെട്ടുപിണഞ്ഞുകിടക്കുന്ന തൽസംബന്ധിയായ ചരിത്രത്തിനു മുന്നിൽ വിനയാന്വിതയായി കിഴക്കോട്ടൊഴുകുന്ന മൂവാറ്റുപുഴയാറിനെ വിസ്മരിക്കുക അസാധ്യം. ചുരുക്കിപ്പറഞ്ഞാൽ പിറവം വിശ്വാസങ്ങളുടെ നാടാണ്. വിശ്വാസികളുടെയും.

തിരുകൊച്ചി സംസ്ഥാനത്തിൻെറ അതിർത്തി നഗരമായിരുന്നു പിറവം. ആലപ്പുഴ, കൊച്ചി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ജലമാർഗ്ഗത്തിൽ മലഞ്ചരക്കുകൾ കൊണ്ടു പൊയ്ക്കൊണ്ടിരുന്ന പ്രധാന തുറമുഖമായിരുന്നു പിറവം. കിഴക്കൻ മേഖലകളിൽ കരമാർഗ്ഗമെത്തുന്ന ചരക്കുവണ്ടികൾ ന്യൂ ബസാർ മുതൽ ചന്തക്കടവുവരെ നിരന്നു കിടന്നിരുന്നു. തിരുവി

താം കൂറിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു പിറവമെന്നു നിസ്സംശയം പറയാം.

തിരുവിതാം കൂറിലെ എണ്ണപ്പെട്ട സാംസ്കാരിക കേന്ദ്രമായിരുന്നു ഇവിടം. അന്നത്തെ ആയോധനാഭ്യാസ കേന്ദ്രങ്ങളായിരുന്ന കളരികൾ ഭൂതകാലത്തിൻെറ ഓർമ്മത്തെറ്റുപോലെ കാണാം. ചാലാശ്ശേരി ഗുരുക്കന്മാരും അവർ കളരിപ്പയറ്റു പഠിപ്പിച്ചുകൊണ്ടിരുന്ന കളരികളും, ഭരദേവതമാരെ കുടിയിരുത്തിയിരിക്കുന്ന കുടുംബക്ഷേത്രങ്ങളും പോയകാലത്തിൻെറ പ്രൗഢിയെ വിളിച്ചോതുന്നുണ്ട്.

പല ക്ഷേത്രകലകളും തഴച്ചു വളർന്നിരുന്നു ഇവിടെ. ആട്ടകഥ, ചാക്യാർകൂത്ത് എന്നിവ രാജകുടുംബങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ വളർച്ച പ്രാപിച്ചിരുന്നു. ഭാരതത്തിലെ ഒരേയൊരു മുടിയേറ്റു സംഘം പിറവത്തിൻേറതാണ്. ആ അംഗീകാരത്തിൻെറ ബാക്കി പത്രമാണ് പാഴൂർ ദാമാദരമാരാരെ തേടി കേന്ദ്ര കേരള സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പെത്തിയെന്നത്.

വടക്കുംകൂർ രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രങ്ങളിലൊന്നായിരുന്നു പിറവമെന്നതിനു തെളിവുകളുണ്ട്. മണ്ഡപത്തും വാതിൽ സ്ഥിതിചെയ്തിരുന്ന സ്ഥലമാണ് ഇന്നത്തെ മണ്ഡപത്തിൻപറമ്പ് ആയിട്ടറിയപ്പെടുന്നത്. അതുപോലെ തന്നെ ഇന്നത്തെ താലൂക്കിൻെറ പദവിയുണ്ടായിരുന്ന തളികകളിലൊന്നിൻെറ ആസ്ഥാനം പിറവത്തായിരുന്നുവെന്നതും ചരിത്രസത്യമാണ്.

## ഗ്രാമപഞ്ചായത്ത്

1952- ന് മുമ്പ് പിറവത്ത് വില്ലേജ് യൂണിയനായിരുന്നു നിലവിലിരുന്നത്. തഹസീൽദാർ നോമിനേറ്റു ചെയ്തിരുന്ന അഞ്ചംഗങ്ങളാണ് ഈ യൂണിയനിൽ ഉണ്ടായിരുന്നത്. പിറവം, കക്കാട്, പാഴൂർ. കരകങ്ങളുടെ നിയന്ത്രണം വില്ലേജ് യൂണിയനായിരുന്നു. പിറവം. കരയിൽ വെള്ളപ്പിള്ളിൽ ശ്രീ മത്തായിയായിരുന്നു വില്ലേജ് യൂണിയൻ പ്രസിഡൻറ്. കോളങ്ങായിൽ തൊമ്മി, കൊച്ചപ്പ, വി. ജോൺ, കുഴിശ്ശേരി നാരായണപിള്ള എന്നിവരായിരുന്നു മറ്റംഗങ്ങൾ.

മുളക്കുളം വടക്കേക്കരയും കളമ്പൂരും കൂടിചേർന്ന് എട്ടു വാർഡുകളുള്ള ആദ്യപഞ്ചായത്ത് സമിതി രൂപം കൊണ്ടത് 1964 ൽ ആണ്. പതിനഞ്ചു വർഷം തുടർച്ചയായി ഭരിച്ച ഈ സമിതിയിൽ പ്രസിഡൻറുമാരും വൈസ് പ്രസിഡൻറുമാരും മാത്രം പല പ്രാവശ്യം മാറിവന്നു. ഒരു വാർഡിൽ ദ്വയാംഗ പ്രാതിനിധ്യമായിരുന്നു.

## ജനാധിപത്യ രീതിയിൽ തിരഞ്ഞെടുത്ത ആദ്യപഞ്ചായത്തു ഭരണസമിതി.

ടി.സി. ചെറിയാൻ, എം.എ. വർക്കി, ജോർജ്ജ് ഐസക്, സി. പൗലോസ്, പി.പി. എബ്രാഹം, പി.ജെ. കുര്യാക്കോസ്, കോരവർക്കി, എം. ജോൺ ഊട്ടയിൽ, എ. അയ്യപ്പൻ, സാവിത്രി അന്തർജ്ജനം.

പതിനൊന്നു വാർഡുകളോടുകൂടിയ പഞ്ചായത്ത് നിലവിൽ വരുന്നത് 1979 ലാണ്.

**പിറവം പഞ്ചായത്ത് ഭരണസമിതി അദ്ധ്യക്ഷന്മാരും ഉപ അദ്ധ്യക്ഷന്മാരും കാലഗണനാക്രമത്തിൽ.**

| | | | |
|---|---|---|---|
| 1964-67 | ശ്രീ. | ജോർജ്ജ് ഐസക് | (പ്രസിഡൻറ്) |
| | ,, | എം. ജോൺ | (വൈസ് പ്രസിഡൻറ്) |
| 1967-70 | ,, | എം. ജോൺ | (പ്രസിഡൻറ്) |
| | ,, | എം. എ. വർക്കി | (വൈസ് പ്രസിഡൻറ്) |
| 1970-72 | ,, | എം. എ. വർക്കി | (പ്രസിഡൻറ്) |
| | ,, | പി.പി. എബ്രാഹം | (വൈസ് പ്രസിഡൻറ്) |
| 1972-84 | ,, | സി. പൗലോസ് | (പ്രസിഡൻറ്) |
| | ,, | പി.പി. എബ്രാഹം | (വൈസ് പ്രസിഡൻറ്) |
| 1988-90 | ,, | ഉമാദേവി അന്തർജ്ജനം | (പ്രസിഡൻറ്) |
| | ,, | ജേക്കബ് മാത്യു | (വൈസ് പ്രസിഡൻറ്) |
| 1996 | ,, | സി. പൗലോസ് | (പ്രസിഡൻറ്) |
| | ,, | ജോൺസൺ വറുഗീസ് | (വൈസ് പ്രസിഡൻറ്) |

1990 പിറവം പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുകയും 1991-ൽ അത് വീണ്ടും തിരിച്ച് പഞ്ചായത്താക്കുകയും ചെയ്തു.

**ഇക്കാലഘട്ടങ്ങളിൽ പിറവത്തിനെ അസംബ്ലിയിലും പാർലമെൻറിലും പ്രതിനിധീകരിച്ചിരുന്നവർ.**

| അസംബ്ലി | പാർലമെൻറ് |
|---|---|
| ശ്രീ. ഇ.പി. പൗലോസ് | ശ്രീ. പി.പി. എസ്തോസ് |
| ശ്രീമതി. പെണ്ണമ്മ ജേക്കബ് | ,, എ.എം. തോമസ് |
| ശ്രീ. ടി.എം. ജേക്കബ് | ,, സി.എം. സ്റ്റീഫൻ |
| ,, പി.സി. ചാക്കോ | ,, ജോർജ് എ. മാത്യു |
| ,, ബെന്നി ബഹനാൻ | ,, പി.സി. തോമസ്. |
| ,, ഗോപി കോട്ടമുറിക്കൽ | |

1977-ൽ ആണ് പിറവം അസംബ്ലി നിയോജകമണ്ഡലം ഉണ്ടായത്.

### സ്ഥിതിവിവരക്കണക്ക് *

**പിറവം പഞ്ചായത്ത്**

വിസ്തൃതി : 29.36 sq. km

| ജനംസംഖ്യ - 25,205 | |
|---|---|
| ആൺ-12,574 | പെൺ-12,631 |

| തൊഴിലാളികൾ 9,544 | |
|---|---|
| ആൺ - 7,211 | പെൺ - 2,333 |

| തൊഴിൽ രഹിതർ - 15,661 | |
|---|---|
| ആൺ - 5,363 | പെൺ - 10,298 |

| മെയിൻ വർക്കേഴ്സ് - 7,812 | |
|---|---|
| ആൺ - 6,490 | പെൺ - 1,322 |

| മാർജിനൽ വർക്കേഴ്സ് - 1,732 | |
|---|---|
| ആൺ - 721 | പെൺ - 1,011 |

ആകെ കെട്ടിടം - 7317

ആകെ വീടുകൾ - 5,201

*1991-ലെ സെൻസസ് പ്രകാരം.

## കാർഷിക ചരിത്രം

സമഗ്രഭൂപരിഷ്കരണ നിയമത്തിൻെറ ആരംഭത്തിൽ ദേവസ്വങ്ങളുടെയും ഊരായ്മകളുടെയും ജന്മികളുടെയും കൈവശമായിരുന്ന നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമികൾ സാധാരണക്കാരായ കൃഷിക്കാർക്കു വിട്ടുകൊടുക്കുകയും കൃഷി ഭൂമി കർഷകന് എന്ന മുദ്രാവാക്യം സാർത്ഥകമാവുകയും ചെയ്തു. തൽഫലമായി ഉടമാബന്ധങ്ങളിലും വിളരീതികളിലും ശ്രദ്ധേയമായ പലമാറ്റങ്ങളും ഉണ്ടായി.

മുമ്പ് ധാരാളമായി കൃഷിചെയ്തിരുന്ന കിഴങ്ങുവർഗ്ഗങ്ങൾ ഈ നൂറ്റാണ്ടിൻെറ മധ്യത്തോടെ റബ്ബർ കൃഷിക്കു വഴി മാറി. കൃഷിഭൂമിയെ തുണ്ടുകളാക്കിത്തിരിച്ച് ലാഭേച്ഛയോടെ കൃഷി ചെയ്തുവരുന്ന രീതി ഇന്ന് സാധാരണമാണ്. ശാസ്ത്ര

സാങ്കേതികവിദ്യാഭ്യാസം സാർവ്വത്രികമായതോടെ കൃഷിക്കാരുടെ എണ്ണം പുതിയ തലമുറയിൽ നാമമാത്രമായി. മാത്രമല്ല ഉള്ള കൃഷിക്കാർ തന്നെ ഉയർന്ന ഉൽപാദന ചെലവുമൂലം കൃഷിഭൂമി നികത്തി കാർഷികേതര ആവശ്യങ്ങൾക്കും വ്യവസായങ്ങൾ തുടങ്ങുന്നതിനും ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ദീർഘകാലവിളകൾക്ക് ഹ്രസ്വമായ വിളകൾ വഴിമാറി. ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ.

ചാർട്ട് - 1.

| | | |
|---|---|---|
| കൃഷിനിലം 600 ഹെ | കരഭൂമി - 2232 | പുറമ്പോക്ക് - 0.55 ഹെ |

## പ്രധാന കൃഷികൾ

**വിളകളെ സംബന്ധിച്ച വിവരങ്ങൾ**

ചാർട്ട് - 2

| | വിള | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| 1 | പയർ | 15120 K.g. | 360 K.g./ha |
| 2 | എള്ള് | 8750 K.g. | 250 K.g./ha |
| 3 | തെങ്ങ് | 3.3 Lakhs nuts | 30 nuts/pala |
| 4 | വാഴ | 380800 K.g. | 10880 K.g./ha |
| 5. | മരച്ചീനി | 32000 K.g. | 3200 K.g./ha |
| 6 | കുരുമുളക് | 15500 K.g. | 500 K.g./ha |
| 7 | കമുങ്ങ് | 28500 K.g.nuts | 25 K.g./nuts |
| 8 | ഇഞ്ചി,മഞ്ഞൾ | 8100 K.g. | 450 K.g./ha |
| 9 | പ്ലാവ് | | |
| 10 | കളമാവ് | | |
| 11 | മാവ് | | |
| 12 | റബ്ബർ | | |

മുമ്പ് തോട്ടഭാഗം, കളമ്പൂർ പ്രദേശങ്ങളിൽ കരിമ്പ്, ചാമയരി, എന്നിവ ധാരാളമായി കൃഷി ചെയ്തിരുന്നു.

അരി നമ്മുടെ മുഖ്യ ആഹാരമായതിനാൽ അരിയുടെ ലഭ്യതയ്ക്ക് നെൽകൃഷി തുടരേണ്ടതാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, റബ്ബറിന് തറവില നിശ്ചയിച്ചതുമൂലം ഏറ്റവും ലാഭകരമായ കൃഷി റബ്ബർ തന്നെയെന്നു കരുതിയതിന്റെ ഫലമായി നാണ്യവിളകളിൽ പ്രധാനപ്പെട്ട ഇനമായി റബ്ബർ ഇന്ന് നമ്മുടെ സാമ്പത്തിക ശാസ്ത്രം നിയന്ത്രിക്കുന്ന നിയാമകശക്തിയായിരിക്കുന്നു.

കൃഷിനിലങ്ങൾ നികത്തി കെട്ടിട സമുച്ചയങ്ങൾ തീർക്കുകയും തെങ്ങ്, റബ്ബർ എന്നിവ ആദായകരമായ കൃഷിയെന്ന നിലയിൽ ചെയ്യുന്നതും ഇന്ന് സർവസാധാരണമായ കാഴ്ചയാണ്. ചെറുകിട വൻകിട കർഷകർക്ക് നെൽകൃഷിയോടു താൽപര്യമില്ല. എന്നാൽ നാമമാത്ര കർഷകർക്കാവട്ടെ താത്പര്യമുണ്ടെങ്കിലും സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ കിട്ടാതെ വരുന്നതിനാൽ അത്തരക്കാർക്കിടയിലും കൃഷിയോടു പൊതുവേ വൈമുഖ്യമുണ്ടാകുന്നു. ഇഷ്ടിക വ്യവസായം പോലുള്ളവ പരിസ്ഥിതിയെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെയും തകർക്കും.

പിറവം പഞ്ചായത്തിലെ പരമ്പരാഗത കൃഷിക്കാരും കൃഷിയിലേക്കു പുതുതായി പ്രവേശിച്ചവരുമായ ജനങ്ങൾ കാർഷികമേഖല പുരോഗതി പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവാന്മാരാണ്. ഒരുപാട് കൃഷിനിലങ്ങൾ നമുക്ക് നഷ്ടപ്പെട്ടുവെങ്കിലും നൂതന സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ചാൽ - ശാസ്ത്രീയ കാഴ്ചപ്പാടോടുകൂടി കൃഷിയെ സമീപിച്ചാൽ - ഇന്ന് നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു തടയിടാൻ കഴിയുമെന്നവർ വിശ്വസിക്കുന്നു. മെച്ചപ്പെട്ട ജലസേചനം, കാർഷികഗതാഗതം എന്നിവയിലേറെ ശ്രദ്ധിക്കാനുണ്ട്.

## വിളകൾ

നെല്ല്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, എന്നിവയാണ്. പ്രധാന വിളകൾ. കൂടാതെ പച്ചക്കറി, ജാതി, കൊക്കൊ, മഞ്ഞൾ, ഇഞ്ചി, കച്ചോലം, പൈനാപ്പിൾ, കശുവണ്ടി എന്നിവയും കൃഷിചെയ്യുന്നു.

രണ്ടും മൂന്നും പൂവ് നെൽകൃഷി ചെയ്തിരുന്ന മാരിക്കണ്ടങ്ങളിൽ ഒരു പൂവ് കൃഷികഴിഞ്ഞാൽ വ്യാപകമായി മരച്ചീനി, പച്ചക്കറി കൃഷി നടത്തുന്നുണ്ട്.

## നെൽകൃഷി

പിറവം പഞ്ചായത്തിലെ ഏറ്റവും പ്രാധാന്യമേറിയ നെൽകൃഷിക്കായി പിറവം പുഞ്ച, കാളികുളം പാടം, കക്കാട് പാടം, മുളക്കുളം പാടം, കളമ്പൂർ പുഞ്ചപ്പാടം, എന്നിങ്ങനെ വിപുലമായ പാടശേഖരങ്ങൾ നമുക്കുണ്ട്. മൂന്നു പൂവ് കൃഷി വരെ എടുക്കുന്ന നിലങ്ങൾ പഞ്ചായത്തിൻെറ വിവധഭാഗങ്ങളിൽ ഉണ്ട്. ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇടപ്പിള്ളിച്ചിറ. ഇരുവായ്ക്കൽ പാടങ്ങൾ പോലെ സമൃദ്ധമായി വിളവുകിട്ടുന്ന പാടശേഖരങ്ങളിൽ ഇരുപൂവ് കൃഷിമാത്രമാണ് നടക്കുന്നത്.

നെൽകൃഷി

| വിള | വിസ്തീർണ്ണം | ഉത്പാദനം |
|---|---|---|
| ഒന്നാം | 125 ഹെക്ടർ | 4,96,920 കി.ഗ്രാം |
| രണ്ടാം | 600 ഹെക്ടർ | 1,68,00,000 കി.ഗ്രാം |
| മൂന്നാം | 200 ഹെക്ടർ | 85,000 കി.ഗ്രാം |

ഭൂരിഭാഗം നെൽകൃഷിയും സ്കീമുകളെ ആശ്രയിച്ചാണിറക്കുന്നത്. ഇവയുടെ പ്രവർത്തനം നല്ല നിലയിൽ ലഭ്യമല്ലാത്തതുകൊണ്ട് കൃഷി സമയബന്ധിതമായി ഇറക്കാൻ പറ്റാത്ത അവസ്ഥയുണ്ട്.

## തെങ്ങ്

പഞ്ചായത്തിലെ കൃഷിയിനങ്ങളിൽ ദ്വിതീയ സ്ഥാനത്തു നിന്ന തെങ്ങുകൃഷി ഇന്ന് ദുർബലമായിക്കൊണ്ടിരിക്കുകയാണ്. പതിനൊന്നു വാർഡുകളിലും തെങ്ങുകൃഷി ചെയ്യുന്നുണ്ട്. ആകെ 550 ഹെക്ടർ സ്ഥലത്ത് ആണ് ഇപ്പോൾ തെങ്ങു കൃഷിയുള്ളത്.

തെങ്ങ് കൃഷി

| കായ്ഫലമുള്ളത് | കായ്ഫലമില്ലാത്തത് | ആകെ | മൊത്തം ഉത്പാദനം |
|---|---|---|---|
| 87,482 | 25,162 | 1,12,644 | 3.3 ലക്ഷം |

കാറ്റുവീഴ്ച, മഞ്ഞളിപ്പ്, വേരുചീയൽ, കൊമ്പൻചെല്ലി ആക്രമണം തുടങ്ങിയ രോഗങ്ങൾ തെങ്ങു കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## റബ്ബർ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വ്യാപകമായിട്ടുള്ള കൃഷിയാണ് റബ്ബർ. മാരികണ്ടങ്ങൾ വരെ നികത്തി റബ്ബർ വെയ്ക്കുന്ന സ്ഥിതിയുണ്ട്. 850 ഹെക്ടർ സ്ഥലത്ത് കൃഷിയുണ്ട്. ചീക്ക്, പട്ടമരപ്പ് തുടങ്ങിയ മാരകമായ പലരോഗങ്ങളും സാധാരണ കണ്ടുവരുന്നുണ്ട്.

## ഇടവിളകൾ

വാഴ, പച്ചക്കറി, മരച്ചീനി, മഞ്ഞൾ, ഇഞ്ചി, കച്ചോലം, എന്നിവയും കുരുമുളക്, ഗ്രാമ്പു, ജാതി, കൊക്കോ എന്നിവയും ധാരാളമായി കൃഷിചെയ്തുവരുന്നു.

89

## കൂട്ടുകൃഷി

കളമ്പൂർ, കക്കാട് എന്നീ പ്രദേശങ്ങളിലാരംഭിച്ചുവെങ്കിലും അതിൻെറ യഥാർത്ഥ ഫലപ്രാപ്തിയിലേക്കെത്തിയില്ല.

ചാർട്ട് (A)

**Paddy Group Farming**

| S.L. No | Name of Samathy | Number of farmers | Area Hector |
|---|---|---|---|
| 1. | കുളമ്പൂർ പാടശേഖര നെല്ലുല്പാദക സമിതി | 131 | 53 |
| 2. | അമർകുളം പാടശേഖര സമിതി | 110 | 42 |
| 3. | കക്കാട് വലിയപാടശേഖര സമിതി | 146 | 45 |
| 4. | കൊട്ടാരം പാടശേഖര സമിതി | 65 | 20 |
| 5. | നടക്കട വന്നിലം പാടശേഖര സമിതി | 90 | 42 |
| 6. | പിറവം പുഞ്ച പാടശേഖര സമിതി (A) | 110 | 36 |
| 7. | പിറവം പുഞ്ച പാടശേഖര സമിതി (B) | 62 | 19 |
| 8. | കാളികുളം പാടശേഖരസമിതി | 146 | 43 |
| 9. | കൂട്ടോളി പാടശേഖര സമിതി | 65 | 20 |
| 10. | പാഴൂർ പാടശേഖര സമിതി | 65 | 51 |
| 11. | ചെല്ലേത്ത് പാടശേഖര സമിതി | 67 | 36 |
| 12. | മുളക്കുളം സൗത്ത് പാടശേഖര സമിതി | 90 | 42 |

പൈനാപ്പിൾ ഇടവിളയായി പലസ്ഥലത്തു കൃഷിചെയ്യുന്നുണ്ട്. കവുങ്ങു കൃഷിയും മാരിക്കണ്ടങ്ങളിലും പുഴയോരങ്ങളിലും കൃഷിചെയ്യുന്നുണ്ട്.

## കാർഷിക രംഗത്തെ വെല്ലുവിളികൾ

— കർഷക തൊഴിലാളികളുടെ കുറവ്

— യന്ത്രങ്ങളുടെ അഭാവം

— സാങ്കേതികോപദേശങ്ങളുടെ കുറവ്

— മേൽത്തരം വിത്തുകളുടെ ദൗർലഭ്യം

— കൃഷിച്ചിലവിൻെറ വർദ്ധന

— ജലസേചന സൗകര്യമില്ലായ്മ

— കാർഷികോത്പന്നങ്ങളുടെ വിപണന രംഗത്തെ തടസ്സം

— ജൈവവളങ്ങളുടെ അലഭ്യത

— രാസവളങ്ങളുടെ വിലകൂടുതൽ

— കാർഷിക രോഗങ്ങൾ

— കൃഷിഭൂമികൾ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റിയെടുക്കുന്നു.

— സർവോപരി കർഷക തൊഴിലാളികൾക്ക് ആ രംഗത്തെ വരുമാനമനുസരിച്ചുള്ള കൂലി കൂടുതൽ

## പരിഹാരമാർഗ്ഗങ്ങൾ

പരിഷ്കൃതവും ഗുണമേന്മയുള്ളതുമായ കാർഷികയന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ നല്കണം.

## ഫാം റോഡുകൾ

നെൽകൃഷി ഇന്നൊരു നഷ്ടക്കച്ചവടമായി കൃഷിക്കാർ കരുതുന്നു. പാടശേഖരങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വളരെ പ്രധാനമാണ്. കൃഷിക്കാർക്കാവശ്യമുള്ള ട്രില്ലർ, ട്രാക്ടർ എന്നിവ പാടശേഖരത്തിലേക്ക് കൊണ്ടു പോകുവാനും ജൈവ വളങ്ങളും രാസവളങ്ങളും പാടത്ത് എത്തിക്കുവാനും കൊയ്ത്തുകഴിഞ്ഞ് കറ്റ വീടുകളിൽ കൊണ്ടു പോകുന്നതിനും യാതൊരു സൗകര്യങ്ങളും ഇന്ന് നിലവിലില്ല. ഈ വിധത്തിലുള്ള കൃഷിനിലങ്ങളിലേക്ക് ഫാം റോഡുകൾ നിർമ്മിച്ച് നെൽകൃഷിയെ അനുബന്ധ കൃഷികളെയും രക്ഷിക്കേണ്ടതാണ്.

## പഞ്ചായത്ത് കാർഷിക കേന്ദ്രങ്ങൾ

പഞ്ചായത്ത് ഭരണ സമിതിയുടെയും കൃഷിഭവൻെറയും കാർഷികോദ്യോഗസ്ഥന്മാരുടെയും മേൽനോട്ടത്തിൽ പഞ്ചായത്തിലെ രണ്ടോ മൂന്നോ വർഡുകളെ കേന്ദ്രീകരിച്ച് കേന്ദ്രങ്ങൾ ഉണ്ടാക്കുക. ഈ കേന്ദ്രങ്ങൾക്ക് പത്തു സെൻറ് സ്ഥലമെങ്കിലും സ്വന്തമായി ഉണ്ടായിരിക്കണം. അവിടെ ഒരു മുഴുവൻ സമയ ഓഫീസ് സെക്രട്ടറിയെ നിയമിക്കണം. അതാതു വാർഡുകളിലെ കർഷക സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരിലായിരിക്കണം ഇതിൻെറ നിയന്ത്രണം.

| വാർഡുകൾ | കേന്ദ്ര ആഫീസ് |
|---|---|
| 1,2,6 | പാലച്ചുവട് |
| 3,4,5 | ആവൂത്തായികുളം |
| 7,8 | കക്കാട് കുരിശ് |
| 9,10,11 | കോട്ടപ്പുറം |

### a) യന്ത്രസാമഗ്രികൾ

കൃഷിക്കാവശ്യമായ മെതിയന്ത്രങ്ങൾ, കൊയ്ത്തു യന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ, പാറ്റു യന്ത്രങ്ങൾ എന്നിവ ഈ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുക.

ഉഴവുയന്ത്രങ്ങളും ഈ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുക . മരുന്നു തളിക്കുന്ന യന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ ഇവിടെ നിന്നു നല്കുക. കാർഷികയന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു മുഴുവൻ സമയ ജോലിക്കാരനെ എല്ലാ കേന്ദ്രങ്ങളിലും നിയമിക്കുക. കീടനാശിനികൾ, വളങ്ങൾ എന്നിവയുടെ വിതരണ ചുമതലയും കാർഷിക കേന്ദ്രങ്ങളെ ഏല്പിക്കുക.

### b) കാർഷിക ഗതാഗതം

കൃഷിയിടങ്ങളിലേക്കും തിരിച്ചും ഉള്ള ഗതാഗതത്തിൻെറ ഉത്തരവാദിത്തം കാർഷികകേന്ദ്രത്തെ ഏല്പിക്കണം.

### c) കാർഷിക വിദ്യാഭ്യാസം

നവീന കൃഷിരീതികളെ സംബന്ധിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവയും കാർഷിക കേന്ദ്രത്തിൻെറ പ്രവർത്തന പരിധിയിൽ കൊണ്ടുവരണം.

### d) ജലസേചനം

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള വിവിധോദ്ദേശ്യ പദ്ധതികളുടെ നിയന്ത്രണം കാർഷിക കേന്ദ്രങ്ങളെ ഏല്പിക്കണം. ലിഫ്റ്റ് ഇറിഗേഷൻ, പമ്പിംഗ്, ചിറകൾ, ചീപ്പ് എന്നിവ കാർഷികകേന്ദ്രങ്ങളുടെ സേവന പരിധിയിലേക്കു മാറ്റുക.

പച്ചക്കറികൃഷി വ്യാപകമായി തുടങ്ങുകയും അത് കൃഷിക്കാരിൽ നിന്നും നേരിട്ടു സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഈ കർഷകകേന്ദ്രങ്ങളെ ഉപയോഗിക്കാവുന്നതാണ്.

- ★ ജൈവവള പ്രയോഗത്തിൻെറ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം കൃഷിക്കാർക്കിടയിൽ നടത്തണം.
- ★ കാർഷിക പ്രശ്നങ്ങൾ കൃഷിക്കാരും തൊഴിലാളികളും കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുക
- ★ മൈനർ ഇറിഗേഷൻ പൂർണ്ണമായും പഞ്ചായത്തിന് കൈമാറുക.
- ★ കനാൽ വാച്ചർമാർ കൃത്യമായും പൂർണ്ണമായും തങ്ങളുടെ ജോലി ചെയ്യുന്നുണ്ടെന്നുറപ്പുവരുത്തുക.

★ കനാലുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തു നടത്തി വെള്ളം അടിക്കുന്നത് ഉറപ്പുവരുത്തുക

★ ആധുനിക കൃഷിരീതികളെക്കുറിച്ചും രാസവളപ്രയോഗത്തെ ക്കുറിച്ചും കൃഷിക്കാർക്കു വേണ്ടി സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തുക.

★ 9,10,11 വാർഡുകളിലെ കൃഷിക്കാരുടെ സൗകര്യാർത്ഥം കോട്ടപ്പുറത്ത് ഒരു വളം ഡിപ്പോ തുടങ്ങണം.

★ പഞ്ചായത്ത് കേന്ദ്രീകരിച്ച് പച്ചക്കറി, പഴം വിത്തു സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കുക.

★ ഗ്രൂപ്പുവിള ഇൻഷ്വറൻസു പദ്ധതി രൂപീകരിക്കുക.

★ കൃഷി നിലങ്ങൾ നികത്തുന്നതും ഇഷ്ടികക്കളങ്ങൾ അമിതമായും അനിയന്ത്രിതമായും തുടങ്ങുന്നതിനുമെതിരെ കൃഷിക്കാരെ ബോധവാന്മാരാക്കുകയും ഇതവസാനിപ്പിക്കാനുള്ള സത്വരനടപടികൾ കൃഷിക്കാർക്കിടയിൽ തന്നെ തുടങ്ങണം.

★ പഞ്ചായത്തിലെ വെയിസ്റ്റുകൾ മുഴുവൻ സംഭരിച്ച് കമ്പോസ്റ്റ് വളം ഉണ്ടാക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നല്കുക.

★ ഔഷധ സസ്യങ്ങളും അലങ്കാര പുഷ്പങ്ങളും കൂൺകൃഷിയും പഴവർഗ്ഗങ്ങളായ പേരയ്ക്ക, പപ്പായ തുടങ്ങിയവയും സുഗന്ധസ്യങ്ങളും ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക. തൊഴിൽ രഹിതരെ ഈ മേഖലകളിലേക്കു കൊണ്ടുവന്നാൽ തൊഴിൽരാഹിത്യം ഒരു പരിധിവരെ കുറക്കാനും കഴിയും.

★ MVIP യുടെ പിറവം ബ്രാഞ്ചു കനാൽ പ്രവർത്തനം ത്വരിതപ്പെടുത്തുകയും അതിലെ ജലം കാർഷികാവശ്യങ്ങൾക്കു പ്രയോജനപ്പെടുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

## ലിഫ്റ്റ് ഇറിഗേഷൻ

L.I. സ്കീമിനെ ആശ്രയിച്ചാണ് പിറവത്ത് ബഹുഭൂരിപക്ഷം കൃഷികളും ഇറക്കുന്നത്. എന്നാൽ L.I. കളുടെ പ്രവർത്തനം ഒരിക്കൽ പോലും തൃപ്തികരമല്ല. മുളക്കുളം വടക്കേക്കര കനാലിന് 4 കി. മീ. ദൂരമുണ്ടെങ്കിൽ ഒരു കി. മീറ്റർ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു.

പിറവം മെയിൻ കനാൽ യഥാകാലം അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം സമയത്ത് കൃഷിയിറക്കുവാൻ കഴിയുന്നില്ല. കക്കാടും കളമ്പൂരും ഇതേ അവസ്ഥതന്നെയാണ്.

ഇതിന് പരിഹാരമെന്ന നിലയിൽ L.I. കളുടെ പ്രവർത്തനം പഞ്ചായത്ത് നേരിട്ടു നടത്തണം.

## വെള്ളക്കെട്ട്

പഞ്ചായത്തിലെ പാടശേഖരങ്ങളിൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ ധാരാളമാണ്. ഇത് ഒഴിവാക്കിയാൽ ഇന്നത്തെ ഒരു പൂവ് കൃഷി രണ്ടു പൂവായി മാറ്റാൻ കഴിയും. വെള്ളക്കെട്ടുള്ള പ്രദേശത്തെ ജലമൊഴുക്കി കളഞ്ഞാൽ ഇവിടെ ഇരട്ടി വിളവുണ്ടാക്കാൻ കഴിയും.

താഴെ പറയുന്ന പാടശേഖരങ്ങളിൽ തോടിൻെറ രണ്ടുവശവും കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കേണ്ടതാണ്.

1. പിറവം പുഞ്ചയിലെ ആയിരപ്പറ കണ്ടം വരുന്ന പാടശേഖരത്തിൻെറ നടുഭാഗത്തു കൂടി കടന്നു പോകുന്ന കരിങ്കല്ലിച്ചിറ മുതൽ പാലച്ചുവട് ആനിത്തോടു വരെ നീണ്ടു കിടക്കുന്ന വലിയ തോട് ( $2^{1/2}$ കി.മി)
2. 3-ാം വാർഡിലെ വൻമേലി തോട് മുതൽ വലിയതോടുവരെ ($^{1/2}$ കി. മി)
3. 11-ാം വാർഡിൽ അമർക്കുളം മുതൽ കൂലിതൊണ്ട് വരെ (300 കി.മി.)
4. കളമ്പൂർ മറ്റം മുതൽ കോട്ടപ്പുറം തോടു വരെ ($1^{1/2}$ കി.മി.)
5. 4-ാം വാർഡിൽ ചെല്യാത്ത് പാടം തോടും കണ്ണാടിക്കരി പാടത്തുള്ള മാമ്പഴക്കാവ് തോടും കണ്ണാടിക്കരിതോടും കെട്ടി സംരക്ഷിക്കുക.
6. വെള്ളാർ കുറ്റി പുഞ്ച മുതൽ പുഴവരെ (പുതുവേലി, തേമ്പടം, ഐൻകുഴി പാടങ്ങൾ ഉൾപ്പെടെ)
7. 1-ാം വാർഡിലെ മുളക്കുളം പാടശേഖരത്തിൻെറ പാർശ്വഭാഗങ്ങൾ സംരക്ഷിക്കുക.
8. 2-ാം വാർഡിൽ കാളികുളം പാടശേഖരത്തിലെ നടുതോടിൻെറ ഇരുവശവും കെട്ടുക. (വലിയ തോടിനു ഇരുവശവും)

9. 3-ാം വാർഡിൽ മഴുവഞ്ചേരിത്താഴം മുതൽ കാക്കത്തുരുത്തുവഴി വലിയതോട് വരെ തോടിൻെറ ഇരുവശവും.
10. കക്കാട് വലിയപാടം തോടിൻെറ പാർശ്വഭാഗം സംരക്ഷിക്കണം.
11. പാഴൂർ പാടത്ത് മനയ്ക്കപ്പടി വരെ ഉള്ള തോട് രണ്ടു വശവും
12. പാഴൂർ പാടത്തു നിന്നാരംഭിച്ച് ആറ്റുവേപ്പ് വരെ ഉള്ള തോട് രണ്ടുവശവും
13. ഉഴവൂർ തോടിൻെറ പിറവം ഭാഗത്തുള്ള പാർശ്വഭാഗങ്ങൾ സംരക്ഷിക്കുക.
14. പടവെട്ടി പാലം മുതൽ കോതകുറ്റിവരെ തോടിൻെറ ഇരുവശവും
15. ചൊവ്വാർ മുതൽ മാടക്കാപ്പിള്ളി വരെ
16. 28-ാം വാർഡിൽ കളത്തിനടി മുതൽ തുറയിൽ ചാലുവരെ
17. രണ്ടാം വാർഡിൽ ഇടിയാറ കണ്ണീറ്റു പാടം തോടിൻെറ പാർശ്വഭാഗം കെട്ടി സംരക്ഷിക്കുക.

# മൃഗസംരക്ഷണമേഖല

നമ്മുടെ സംസ്ഥാനത്തിലെ മൃഗസമ്പത്തിൻെറ 95%വും ഗ്രാമ പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഗ്രാമീണമേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ സമ്പുഷ്ടമാക്കുന്നു. സ്ത്രീകളുടെ ഗണ്യമായ പങ്കാളിത്തം ഇതിലൂടെ ഉറപ്പു വരുത്തുന്നു. പിറവം പഞ്ചായത്തിലും മൃഗസംരക്ഷണമേഖല പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ഇതിന് ദീർഘ വീക്ഷണപരമായ നിലപാടുകൾ കൈക്കൊള്ളേണ്ടതുണ്ട്. നിലവിൽ മൃഗസംരക്ഷണ മേഖലയ്ക്ക് അനുയോജ്യമായ അന്തരീക്ഷം വളർത്തിക്കൊണ്ടു വരുന്നതിനുവേണ്ടിയുള്ള ശ്രമകരമായ പ്രവർത്തനമാണ് പിറവം പഞ്ചായത്തിൽ നടത്തി തീർക്കേണ്ടത്. ഇപ്പോഴുള്ള അപര്യാപ്തതയിൽ നിന്നും മാറി ശാസ്ത്രീയമായ പ്രക്രിയയിലൂടെ കൂട്ടായ്മയോടുകൂടിയുള്ള ഒരു നവീകരണ വല്ക്കരണം ഇന്ന് ഈ രംഗത്ത് അത്യന്താപേക്ഷിതമായിമാറിയിരിക്കുന്നു.

## ചരിത്രം.

കൃഷിയുടെ അവിഭാജ്യഘടകമായിതീരുന്നു കന്നുകാലിവളർത്തൽ ഉഴവുമാടുകൾ എന്ന നിലയിലും വണ്ടിവലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാർക്ക് ആവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. എന്നാൽ ഇന്ന് ആധുനിക രീതിയിലുള്ള കൃഷിരീതികൊണ്ടും യന്ത്രവൽകൃത വാഹനങ്ങളുടെ അതി പ്രസരം കൊണ്ടും കന്നുകാലികൾ അവയുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയാത്തവിധം വിസ്മൃതിയിൽ ആണ്ടുകൊണ്ടിരിക്കുന്നു. പാലുല്പാദനരംഗത്തും മാംസോല്പാദന രംഗത്തും മാത്രമാണ് ഇവയെ മിക്കവാറും നാം ആശ്രയിച്ചിരിക്കുന്നത്.

താഴെ പറയുന്ന വസ്തുതകൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണമേഖല പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

1. ചുരുങ്ങിയ മുതൽ മുടക്കിൽ ഹ്രസ്വകാലം കൊണ്ട് വരുമാനം.
2. ഏതനസരത്തിലും നിർത്താവുന്ന പദ്ധതി.
3. തൊഴിലവസരങ്ങൾ.
4. മുട്ട, പാൽ, മാംസം തുടങ്ങിയ പ്രധാനമായ ആഹാരവസ്തുക്കളുടെ ഉല്പാദന വർദ്ധനവും ഉല്പന്നങ്ങളുടെ വിപണനവും, അധികവരുമാനവും.
5. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്ത്രോതസ്സുകളുടെ ആവിൽഭാവം.
6. ജൈവവളങ്ങൾ
7. മനുഷ്യർക്കു ഉപയോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങളും മറ്റ് വശിഷ്ടങ്ങളും പോഷക മൂല്യമുള്ല മാംസ്യാഹാരമായി പരിവർത്തനം ചെയ്യുക.
8. പേവിഷ നിർമ്മാർജ്ജനം
9. ഗർഭിണികളുടെയും കൊച്ചുകുട്ടികളുടെയും ആരോഗ്യപരിപാലനം.

എന്നാൽ ആസൂത്രണപ്രക്രിയയിൽ കാര്യമായ പ്രാധാന്യവും സ്ഥാനവും പദ്ധതിവിഹിതവും ഈ മേഖലയ്ക്ക് ഇതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് 9-ാം പഞ്ചവത്സര പദ്ധതിയിൽ വേണ്ടത്ര പ്രാധാന്യവും വിഹിതവും ശ്രദ്ധയും കൊടുത്താൽ ഗ്രാമീണ ജനതയുടെ തൊഴിലില്ലായ്മയിലും, സമ്പദ്ഘടനയിലും ആരോഗ്യ പരിപാലനത്തിനും വേണ്ടുന്ന പരിവർത്തനം വരുത്തുവാൻ സാധിക്കും എന്ന് സംശയാതീതമായി തെളിയിക്കുവാൻ കഴിയും.

പിറവം പഞ്ചായത്തിലാകെയുള്ള പക്ഷിമൃഗാദികളുടെ സ്ഥിതിവിവരകണക്കുകൾ.

പട്ടിക - 1

പിറവം ഗ്രാമപഞ്ചായത്ത് - വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ല | കറവ ഉള്ളത് | കറവ ഇല്ല | കറവ ഉള്ളത് | കറവ ഇല്ല | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 3 | | | 12 | 120 | 69 | 7 | 3 | 3 | - | 9 | 341 | 171 | - |
| 2 | 2 | - | - | 13 | 238 | 78 | 13 | 3 | 4 | 2 | 13 | 367 | 187 | - |
| 3 | 1 | - | - | - | 167 | 61 | 4 | 5 | 2 | - | 2 | 268 | 209 | - |
| 4 | - | - | - | 8 | 190 | 57 | 1 | 2 | 2 | 1 | 5 | 240 | 210 | - |
| 5 | - | - | - | - | 84 | 91 | 2 | 4 | 1 | 2 | - | 187 | 78 | - |
| 6 | - | - | - | - | 99 | 69 | 3 | 7 | - | 2 | 7 | 300 | 93 | - |
| 7 | - | - | - | 3 | 92 | 63 | 5 | 9 | - | - | 4 | 285 | 160 | - |
| 8 | 1 | - | - | 6 | 201 | 88 | 10 | 5 | 2 | - | 3 | 308 | 133 | - |
| 9 | - | - | - | - | 187 | 52 | 3 | 9 | 1 | - | - | 241 | 61 | - |
| 10 | 2 | - | - | 7 | 193 | 163 | 8 | 18 | 3 | 2 | 14 | 279 | 226 | - |
| 11 | 1 | - | - | 14 | 229 | 174 | 11 | 14 | 4 | 1 | 23 | 313 | 147 | - |
| | 10 | | | 63 | 1800 | 965 | 67 | 79 | 22 | 10 | 80 | 3147 | 1675 | |

പിറവം ഗ്രാമപഞ്ചായത്ത് - വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടഇടുന്നത് | മുട്ടഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 130 | 173 | 204 | 24 | 68 | |
| 2 | 240 | 276 | 310 | 64 | 180 | |
| 3 | 308 | 810 | 620 | 8 | 21 | |
| 4 | 289 | 526 | 307 | 93 | 280 | |
| 5 | 296 | 294 | 293 | 10 | 32 | |
| 6 | 220 | 460 | 280 | 43 | 177 | |
| 7 | 170 | 290 | 310 | 98 | 510 | |
| 8 | 201 | 411 | 260 | 41 | 160 | |
| 9 | 204 | 370 | 410 | 10 | 28 | 7മുയൽ |
| 10 | 281 | 510 | 320 | 30 | 136 | |
| 11 | 186 | 270 | 360 | 210 | 460 | |
| | 2525 | 4390 | 3674 | 631 | 2052 | |

നടപ്പുപദ്ധതികൾ - 8-ാം പദ്ധതിക്കാലത്ത് പൂർത്തീകരിച്ചത്

| | പദ്ധതിയുടെ പേര് | പ്രയോജനം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | പന്നിവളർത്തൽ | 10. × 2. |
| 2 | വീട്ടുമുറ്റത്തെ കോഴിവളർത്തൽ | 400 × 5 |
| 3. | സ്കൂൾ പൗൾട്രിക്ലബ് | 120 × 5 |
| 4 | ആടുവളർത്തൽ | 15 × 2 |

പിറവത്തെ വികസന ഓഫീസിൽ നിന്നും ലഭിച്ച സ്ഥിതിവിവരകണക്ക്

**പിറവം ഗ്രാമപഞ്ചായത്ത് - രോഗവിവരങ്ങൾ**

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 2710 | 10 | 860 | 18 | 20 | 180 |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 3711 | 6 | 437 | 2 | - | 260 |
| 3 | ഉപാപചയസംബന്ധം<br>Metabolic diseases | 2010 | 8 | 1007 | 6 | - | 98 |
| 4 | ത്വക്‌രോഗങ്ങൾ<br>Skin diseases | 362 | - | 28 | - | 9 | - |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 218 | - | 90 | - | - | 7 |
| 6 | പാദരോഗങ്ങൾ<br>Parastic diseases | - | - | - | - | - | - |
| 7 | പ്രത്യുത്പാദന 116<br>വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | - | - | - | - | - | |
| 8 | വന്ധ്യത 29<br>Infertility | - | - | - | - | - | |
| 9 | അകിടുവീക്കം<br>Mastitis | 360 | - | 18 | - | - | - |
| 10 | മുടന്തൻപനി<br>Ephemeral fever | 1607 | 4 | 20 | - | - | - |
| 12 | പകർച്ചവ്യാധികൾ<br>Contagion diseases. | | | | | | |

8-ാം പദ്ധതിക്കാലത്ത് '95-96 സാമ്പത്തികവർഷം പാമ്പാക്കുട ബ്ലോക്കിൽ പൂർത്തീകരിച്ച സ്കീമുകൾ

| നമ്പർ | | സ്ഥൂലലക്ഷ്യം | സാമ്പത്തികലക്ഷ്യം |
|---|---|---|---|
| 1 | ബ്ലോക്ക് ലെവൽ കന്നുകാലി പ്രദർശനവും സെമിനാറും | 1 എണ്ണം | 900 രൂ. |
| 2 | മോഡേൺ ഡയറിഫാം യൂണിറ്റുകൾ | 2 ,, | 14,000 രൂ. |
| 3. | കർഷകസമ്പർക്ക പരിപാടികൾ | 28 ,, | 5600 രൂ. |
| 4. | നാടൻ പാലുല്പാദന നിർമ്മാണ ക്ലാസ്സുകൾ | 28 ,, | 2800 രൂ. |

| നമ്പർ | | സ്ഥൂലലക്ഷ്യം | സാമ്പത്തികലക്ഷ്യം |
|---|---|---|---|
| 5. | മാതൃകാ കന്നുകാലിത്തൊഴുത്തുകൾ | 12 ,, | 15,000 രൂ. |
| 6. | വാണിജ്യാടിസ്ഥാന പുൽകൃഷി | 1 ഹെക്ടർ | 14500 രൂ. |
| 7. | പ്രത്യേക ഘടക പദ്ധതി (കറവപശു വിതരണം) | 8 എണ്ണം | 55,600 രൂ. |
| 8. | പുൽകൃഷി വികസന പരിപാടികൾ (പുൽവിത്തുകൾ പയർ, ചോളംവിത്തുകൾ, പുൽക്കടകൾ) | 39.51ഹെക്ടർ | 21,780 രൂ. |
| 9. | മിനറൽ മിക്സ്ചർ. | 500 കി.ഗ്രാം | |
| 10 | മീനെണ്ണ (500 m.l കുപ്പി) | 200 കുപ്പി | |
| 11 | ക്ഷിരോൽപാദക കിറ്റുകൾ | 100 കിറ്റുകൾ | |
| 12 | ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റുകൾ | 13 യൂണിറ്റുകൾ | ഒരു യൂണിറ്റിന് 21,750 രൂപ ക്രമത്തിൽ 2,82,750 രൂപ അനുവദിച്ചു. |

## പ്രശ്നങ്ങൾ

1. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നില്ല
2. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കാത്തതുകൊണ്ട് മുട്ടയും, മാംസവും ഉല്പാദിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്.
3 പക്ഷി-മൃഗാദികളുടെ ചികിത്സയിലുള്ള പരിമിതിമൂലം ഇവയുടെ വംശനാശം കർഷകർക്ക് ഒട്ടേറെ കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നു.
4 ആടുമാടുകൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ.
5 നല്ല തരം തൊഴുത്തുകളുടെ അഭാവം.
6 മിൽമ സൊസൈറ്റികളുടെ കുറവ്
7. അത്യുത്പാദനശേഷിയുള്ള കന്നുകാലികളുടെയും കോഴിക്കുഞ്ഞ് താറാവിൻകുഞ്ഞ് മുയൽകുഞ്ഞ് പന്നികുഞ്ഞ്, കാടപക്ഷികൾ എന്നിവയുടെ ലഭ്യത കുറവ്.
8. തീറ്റപ്പുൽകൃഷിക്കുള്ള അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. **കാലിത്തീറ്റ ഫാക്ടറി.**

   കർഷകന് കുറഞ്ഞ വിലയ്ക്കു കാലിത്തീറ്റ ലഭ്യമാകത്തക്കവിധം പിറവം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. ഇവിടെ നിന്നും പഞ്ചായത്തിലെ വിവിധ കാർഷികകേന്ദ്രങ്ങളിലേക്ക് കാലിത്തീറ്റ 25% സബ്സിഡി നല്കികൊണ്ട് കർഷകന് വിതരണം ചെയ്യുവാനും ഇതോടൊപ്പം കുറച്ചുപേർക്ക് ഈ രംഗത്ത് തൊഴിൽ ലഭ്യത ഉറപ്പാവുകയും ചെയ്യുന്നു.

2. **പുൽമേടുകളുടെ സംരക്ഷണം.**

   വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിയെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം പഞ്ചായത്തിൽ അനുയോജ്യമായ കൃഷിഭൂമി കണ്ടെത്തികൊണ്ട് തീറ്റപുല്ലിൻെറ ലഭ്യത ഉറപ്പുവരുത്തുക.

3. **കന്നുകാലിപ്രദർശനവും, സെമിനാറും**

   മൃഗസംരക്ഷണമേഖലയിൽ കർഷകന് ഉയർന്ന ബോധനിലവാരത്തോടടുക്കണമെങ്കിൽ വിവിധ കേന്ദ്രങ്ങളിൽ കർഷക സമ്പർക്ക പരിപാടികളും, കന്നുകാലി പ്രദർശനവും , സെമിനാറും സംഘടിപ്പിക്കേണ്ടതുണ്ട്.

4. **മാതൃകാ കന്നുകാലിതൊഴുത്തുകൾ.**

കന്നുകാലി തൊഴുത്ത് പണിയുന്നതിന് (2 പശുക്കളെ കെട്ടാവുന്ന വിധത്തിൽ) തൊഴുത്ത് 1 ന് 3000/- രൂപ സഹായ ധനം നല്കുക.

5. **സാമ്പത്തിക സഹായം**

പരിമിത കർഷകന് കറവപശുക്കളെയും മറ്റ് വളർത്തുമൃഗങ്ങളെയും കോഴിക്കുഞ്ഞുങ്ങളെയുമെല്ലാം വളർത്തുന്നതിന് സഹായധനം ഓരോയൂണിറ്റ് അടിസ്ഥാനത്തിലും നല്കുക. ഒരു യൂണിറ്റിൽ ഇത്ര പക്ഷി-മൃഗങ്ങൾ ഉണ്ട് എന്ന് നിജപ്പെടുത്തണം.

6. **ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത.**

വിവധ കാർഷികകേന്ദ്രങ്ങളിൽ ആഴ്ചയിലൊരിക്കൽ നിശ്ചിത ദിവസം ഒരു വെറ്റിനറി സർജൻ അടങ്ങുന്ന പരിശോധക സംഘം ചികിത്സാ സൗകര്യം ഉറപ്പുവരുത്തണം. ഇത് ഒരു മൊബൈൽ യൂണിറ്റായി പ്രവർത്തിപ്പിക്കണം. ആവശ്യമായ മരുന്നുകൾ ഈ യൂണിറ്റിൽ നിന്നും ലഭിക്കണം.

## പദ്ധതി നിർദ്ദേശങ്ങൾ

**ക്ഷീരോത്പാദനമേഖല.**

ഒരു ദശകം മുമ്പ് പ്രതിദിന ഉപഭോഗം 50 ഗ്രാം. ആയിരുന്നത് ഇന്ന് 180 ഗ്രാം ആയിരിക്കുന്നു. ഇത് 250 ഗ്രാം എങ്കിലും ആയിരിക്കണം. എന്നാണ് ശാസ്ത്രീയ ശുപാർശ.

കുറഞ്ഞ മുതൽമുടക്കിൽ കുറഞ്ഞകാലയളവിനുള്ളിൽ തന്നെ പ്രത്യക്ഷത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന ഒരു മേഖലയാണ് പശുപരിപാലനം. ഈ മേഖലയിൽ താഴെപറയുന്ന പദ്ധതികൾ ഈ പഞ്ചായത്തിൽ അനുയോജ്യമായി കാണുന്നു.

**പ്രത്യേക കന്നുകുട്ടി പരിശീലനപദ്ധതി.**

ജനിതഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നു. ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാദ്ധ്യമാവുക. ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

ഇപ്പോൾ നടപ്പു പദ്ധതിയിൽ പെട്ടതാണെങ്കിലും ഇതിൻെറ പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം പരിമിതമാണ്. 40 കർഷകർക്കു മാത്രമേ ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നുള്ളൂ. കൂടുതൽ കർഷകർക്കു പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഈ പദ്ധതി കാര്യക്ഷമമാകേണ്ടതാണ്.

**ഡയറിയൂണിറ്റുകൾ**

സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെതന്നെ സ്വന്തം ചിലവിൽ ഈ മേഖല ലാഭത്തിൽ കൊണ്ടുപോകുന്ന അനേകം കർഷകർ ഈ പഞ്ചായത്തിലുണ്ട്.

വ്യവസായ വൽക്കരണവും, ദുർലഭമായിക്കൊണ്ടിരിക്കുന്ന കൃഷിഭൂമിയും വർദ്ധിച്ചുവരുന്ന ഉൽപാദനച്ചെലവും ഒരു പരിധി വരെ ഈ മേഖലയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ-പരിഹാരങ്ങൾ

സർക്കാരിൽ നിന്നും സഹായം നൽകി ചെറുകിട നാമമാത്ര കർഷകരേയും കർഷകതൊഴിലാളികളേയും ഈ മേഖലയിലേക്കാകർഷിക്കണം. ഉപതൊഴിൽ എന്ന നിലയിലോ മുഖ്യതൊഴിലായോ ഇതിന് പ്രോത്സാഹനം നൽകാം. വീട്ടമ്മമാരുടേയും വിദ്യാർത്ഥിനികളുടേയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കുക. പാലിൻെറ ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

ഗുണഭോക്താവിൻെറ സൗകര്യവും സാമ്പത്തിക ശേഷിയും കണക്കിലെടുത്ത് 2,3,5 എന്നിങ്ങനെയുള്ള എണ്ണം പശുക്കളടങ്ങുന്ന യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

**വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ**

പഞ്ചായത്തിലെ 15 വനിതകളുടെ ഒരു സംഘമാണ് ഗുണഭോക്താക്കൾ. ഇതിൽ ഒരാൾ കൺവീനർ ആയിരിക്കണം.

ഗുണഭോക്താക്കൾക്കുവേണ്ടി ദൈനംദിനപ്രവർത്തനങ്ങൾ നടത്തേണ്ട ഉത്തരവാദിത്തം കൺവീനർക്കാണ്. ഈ യൂണിറ്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യാവുന്നതും ധനകാര്യസ്ഥാപനങ്ങളുടെയും, ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട ധനയഹായവും ലഭിക്കും

**ആടുമാടുവളർത്തൽ യൂണിറ്റുകൾ**

പാവപ്പെട്ടവൻെറ പശുവെന്നറിയപ്പെടുന്ന ആടിന് വീടിനോട് ചേർന്ന ചെലവുകുറഞ്ഞ് കൂട്ടു, കുറഞ്ഞ മൂലധനം, കുറഞ്ഞ തീറ്റചെലവ് എന്നീ സൗകര്യങ്ങളുള്ളതിനാൽ സംരക്ഷണം എളുപ്പമാണ്.

ഗ്രാമീണ വനിതകൾക്കിടയിലും പ്രോത്സാഹിപ്പിക്കാവുന്ന ഒരു പദ്ധതിയാണിത്. ആടിൻെറ പാൽ ഭക്ഷണക്രമത്തിലുൾപ്പെടുത്തിയും ബാക്കി വിപണനം വഴി സാമ്പത്തികവും മെച്ചപ്പെടുത്താം.

കാർഷികകേന്ദ്രങ്ങൾ വഴി പ്രവർത്തിക്കുന്ന വെറ്റിനറി സർജൻെറ സേവനം ഇവയുടെ ആരോഗ്യപരിപാലനത്തിൽ ലഭ്യമാക്കണം. ഒരു നിശ്ചിത തീയതികളിൽ ഓരോ കർഷകകേന്ദ്രങ്ങളിലും വെറ്റിനറി സർജൻ ആടുമാടുകളെ പരിശോധിക്കാനെത്തുകയും ഒരു മൊബൈൽയൂണിറ്റ് പ്രവർത്തിപ്പിക്കുകയും വേണം.

തീറ്റപ്പുൽ കൃഷിഫാമുകൾ വ്യാപകമാക്കണം. അത്യുൽപാദനശേഷിയുള്ള കൃത്രിമബീജസങ്കലനകേന്ദ്രങ്ങളുടെ സഹായം ഈ യൂണിറ്റുകൾക്കു ലഭ്യമാകണം. ഡയറി സൊസൈറ്റികൾ ഈ യൂണിറ്റുകളുടെ വിപണനത്തെ സഹായിക്കാനുണ്ടാകണം.

## മാംസോല്പാദനമേഖല

ഇറച്ചിക്കോഴി വളർത്തൽ-മാംസോല്പാദനത്തിനുവേണ്ടി മാത്രം വികസിപ്പിച്ചെടുത്ത വർഗ്ഗത്തെയാണ് ബ്രോയിലർ കോഴികൾ എന്നു പറയുന്നത്. ഇവ ഏഴു മുതൽ എട്ട് ആഴ്ചക്കുള്ളിൽ വിപണനത്തിനു യോഗ്യമാകുമെന്നതിനാൽ ഒരുവർഷം അഞ്ചു തവണ ഇറച്ചിക്കോഴികളെ വളർത്തിയെടുക്കാൻ സാധിക്കും.

കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനയ്ക്കു സജ്ജമാക്കുന്ന പദ്ധതി. സർക്കാർ ഫാമുകളിൽ നിന്നോ സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**പന്നിവളർത്തൽ**

മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ സമീപ പഞ്ചായത്തിലായതിനാൽ പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതയും ഇറച്ചിയുടെ വിപണനവും ഉറപ്പുവരുത്തുന്നു. 5 പെൺപന്നികളും ഒരു ആൺപന്നിയും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഹോട്ടലുകളിലെയും പച്ചക്കറി മാർക്കറ്റിലെയും അവശിഷ്ടങ്ങളെ പന്നിത്തീറ്റയിൽ ഉൾപ്പെടുത്തി പന്നിവളർത്തൽ ലാഭകരമാക്കാം.

നിലവിലുള്ള ഈ പദ്ധതി പഞ്ചായത്തു പ്രദേശത്തു ലാഭകരമായി കാണുന്നുണ്ട്. അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഇതു വിപുലീകരിക്കേണ്ടതാണ്.

## മുയൽവളർത്തൽ

പഞ്ചായത്ത് പ്രദേശത്ത് ഒരു പുതിയ സംരംഭമാണ് മുയൽ വളർത്തൽ കുഞ്ഞുങ്ങളുടെ ലഭ്യതയും ഇറച്ചിയുടെ വിപണനവും. എം.പി.ഐ. വഴി സാധിക്കുന്നു. കുറഞ്ഞ മുതൽമുടക്കിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഒഴിവു സമയം ഫലപ്രദമായ രീതിയിൽ ചിലവഴിക്കാം.

മുയലിറച്ചി പോഷകസമൃദ്ധവും കൊഴുപ്പു കുറഞ്ഞതും ഹൃദ്രോഗികൾക്കു അഭികാമ്യവുമാണ്.

## മുട്ടയുൽപാദനമേഖല

**വീട്ടുമുറ്റത്തെ കോഴിവളർത്തൽ.**

ഇപ്പോൾ നിലവിലുള്ള പദ്ധതി വിജയസാധ്യത കൂടുതൽ. ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ തന്നെ മുട്ടയുത്പാദിപ്പിക്കാനുതകുന്ന പദ്ധതി. വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ വീട്ടമ്മമാർക്ക് വരുമാന മാർഗ്ഗവുമാണ്. 45 ദിവസം പ്രായമായ 5 മുട്ടക്കോഴികുഞ്ഞുങ്ങളെ നൽകി അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നൽകി വളർത്താം. എഗ്ഗർ നേഴ്സറികളിൽ നിന്നോ സർക്കാർ ഫാമിൽ നിന്നോ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കാം.

**എഗ്ഗർ നേഴ്സറി**

ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ പഞ്ചായത്തിലെ കർഷകർക്കു ലഭ്യമാക്കുകയാണു ലക്ഷ്യം. ഈ പദ്ധതിയിലൂടെ ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണു പദ്ധതി. ഒരു വർഷം അഞ്ചു തവണയെങ്കിലും കോഴികുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.

**സ്കൂൾപൗൾട്രി ക്ലബ്ബ്**

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും വളർത്തുകയാണു ലക്ഷ്യം. വിജയസാദ്ധ്യതയേറെയുള്ള ഒരു പദ്ധതിയാണിത്. സ്കൂൾ പൗൾട്രി ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്കു 60 ദിവസം പ്രായമായ മൂന്നു മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുന്നതാണു പദ്ധതി.

**താറാവു വളർത്തൽ**

പുഴയോടു ചേർന്നു കിടക്കുന്ന കക്കാട് കളമ്പൂര് പ്രദേശത്തു നടപ്പിലാക്കാൻ അനുയോജ്യമായ പദ്ധതി. പഞ്ചായത്തിലെ 5 കർഷകർക്കു 500 വീതമുള്ള താറാവ് വളർത്തൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. താറാവ് നേഴ്സറിയിൽ നിന്നും താറാവു കുഞ്ഞുങ്ങളെ ലഭിക്കും.

**താറാവിൻ കുഞ്ഞുങ്ങളുടെ നേഴ്സറി**

ഒരു ദിവസം പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങളെ സർക്കാർഫാമിൽ നിന്നു വാങ്ങി ശാസ്ത്രീയമായ രീതിയിൽ മൂന്നുമാസംവരെ വളർത്തി ആവശ്യമുള്ള കർഷകർക്കു വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ

**പേവിഷ നിർമ്മാർജ്ജനം**

രണ്ടായിരമാണ്ടോടെ പേവിഷനിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനം ഏകാപിപ്പിച്ച് സമയബന്ധിതമായി തീവ്രയത്ന പരിപാടിയിലൂടെ പേവിഷനിയന്ത്രണപദ്ധതി നടപ്പിലാക്കണം.

വളർത്തു നായ്ക്കൾക്ക് നിർബന്ധമായും കുത്തിവയ്പു നടത്തി ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ പിടികൂടി നശിപ്പിക്കണം. പേവിഷബോധവൽക്കരണത്തിന് സെമിനാറുകൾ സംഘടിപ്പിക്കണം.

**അറവുശാലകൾ**

ഗുണനിലവാരമുള്ള മാംസോല്പാദനത്തിനും വിപണനത്തിനും ആയി ശാസ്ത്രീയമായ അറവുശാലകൾ വാർഡുതലത്തിൽ നിർമ്മിക്കേണ്ടതാണ്.

**ക്രിത്രിമബീജസങ്കലനസൗകര്യങ്ങൾ**

ക്ഷീരോത്പാദക സഹകരണ സംഘത്തോടനുബന്ധിച്ച് രണ്ടു ക്രിത്രിമ ബീജസങ്കലനസൗകര്യങ്ങൾ പഞ്ചയാത്തുതലത്തിൽ തുടങ്ങേണ്ടതാണ്.

**മൃഗാശുപത്രി**

ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പിറവം മൃഗാശുപത്രിക്കു സ്വന്തമായ സ്ഥലവും കെട്ടിടവും കണ്ടെത്തണം. ആശുപത്രി, ജീവനക്കാർ, ടെലഫോൺ, വാഹനസൗകര്യം , ലബോറട്ടറി എന്നിവ മൃഗാശുപത്രിക്കു ലഭിക്കണം. മുളക്കുളം വെറ്റിനറി ഡിസ്പെൻസറിക്ക് ഇപ്പോഴുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. കൂടുതലായി മുറികൾ പണിയുക, ചുറ്റുമതിലും ഗേറ്റും ഉണ്ടാക്കുക വൈദ്യുതീകരണം, വാട്ടർകണക്ഷൻ, ടെലഫോൺ, ലബോറട്ടറി സൗകര്യം എന്നിവ ലഭമാക്കണം.

**വിജ്ഞാനവ്യാപനം.**

പുതിയ വാർത്തകൾ കർഷകർക്കിടയിൽ എത്തിക്കുന്നതിനുവേണ്ടി മ-ഗാശുപത്രികളോടു ചേർന്ന് വിജ്ഞാനവ്യാപനകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

**പിറവം പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ സ്ഥിതിവിവരങ്ങൾ**

| പദ്ധതിയുടെ പേര് | പ്രയോജനം ലഭിച്ച വരുടെ എണ്ണം | സ്ഥിതിവിശകലനം, പദ്ധതികളുടെ പ്രശ്നങ്ങൾ ഭാവിപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന സാദ്ധ്യതകൾ |
|---|---|---|
| **1. 8-ാംപദ്ധതികാലത്ത് പൂർത്തികരിച്ചത്** | | സ്വീകാര്യമായത് . പക്ഷെ ഇറച്ചിയുടെ വിപ ണനത്തിന് എം.പി.ഐ.യെ ആശ്രയിക്കണം |
| എ. പന്നിവളർത്തൽ | 10. 2 | വളരെ അനുയോജ്യമായത്. പകർച്ചവ്യാധി കൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പിനുള്ള |
| ബി. വീട്ടുമുറ്റത്തെ കോഴിവളർത്തൽ - | 400.4 | ള്ള വാക്സിനും യഥാസമയം ലഭിക്കുന്നില്ല. തന്മൂലം കോഴികൾ ചിലപ്പോൾ കൂട്ടായി |
| | ചത്തുപോകുന്നു. | |
| സി. സ്കൂൾപൗൾട്രിക്ലബ് | 120.5 | അനുയോജ്യം. കോഴികൾക്കുള്ള കൂടും 2 ആഴ്ചത്തേക്കു എങ്കിലും ഉള്ള തീറ്റയും സൗജന്യമായി നല്കേണ്ടതാണ്. |
| ഡി. ആടുവളർത്തൽ | 15.2 | അനുയോജ്യമായത്. കാര്യമായ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ല. |
| **2 നടപ്പു സ്കീമുകൾ** | | |
| എ. കന്നുകുട്ടി പരിപാലനം | 40(കിടാക്കൾ) | വളരെ അനുയോജ്യമായത്, ചെറുകിട കർഷ കർക്കും നാമമാത്രകർഷകർക്കും, കർഷക തൊഴിലാളികൾക്കും പ്രയോജനം ഉള്ളത് കാലിതീറ്റയുടെ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കണം. |
| ബി. പേവിഷനിർമ്മാർജ്ജനം | 300 നായ്ക്കൾ | വളരെ അത്യാവശ്യമായത് തെരുവ് നായ്ക്ക ളെ കൊല്ലുന്നതിന് പഞ്ചായത്തിൽനിന്നു രണ്ടു പേരെ തിരഞ്ഞെടുത്തു ട്രെയിനിംഗ് കൊടുക്കണം. |
| സി. വീട്ടുമുറ്റത്ത് കോഴി വളർത്തൽ | 200.4 | കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ടിരിക്കു ക്കുന്നു. |
| **3. 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പുതിയ പദ്ധതികൾ** | | |
| എ. ഡയറി യൂണിറ്റുകൾ<br>ബി. എഗ്ഗർ നഴ്സറി<br>സി. ഇറച്ചിക്കോഴി വളർത്തൽ<br>ഡി. താറാവ് വളർത്തൽ<br>ഇ. മുയൽ വളർത്തൽ | | പഞ്ചായത്തിൽ നടപ്പിലാക്കുന്നതിൽ അനു യോജ്യമായി കാണുന്നു. പദ്ധതികളെക്കുറി ച്ചുള്ള വിവരങ്ങൾ പ്രത്യേകം തയ്യാറാക്കി സമർപ്പിക്കണം. |

## മത്സ്യബന്ധനം

പുഴ, തോട്, കുളം, ചാൽ, ചിറ, എന്നിവയാൽ പിറവത്തെ മത്സ്യബന്ധനം ഏറെ സമൃദ്ധമാണ്. പിറവം പഞ്ചായത്തിൽ മാത്രം പുഴയുടെ ദൈർഘ്യം ഉദ്ദേശം 7 മൈൽ ആണ്. 150 കുടുംബങ്ങൾ മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ട്. പണ്ട് പഞ്ഞിനൂൽ കൊണ്ടുള്ള വലയാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ സാർവ്വത്രികമായി നൈലോൺ വലകളാണ് ഉപയോഗിക്കുന്നത്. യന്ത്രങ്ങളോ ചീനവലകളോ ഉപയോഗിച്ചു മത്സ്യം പിടിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഇല്ല.

പുഴ, കുളം എന്നിവയിൽ നിന്നും 365 ദിവസവും മത്സ്യബന്ധനം നടത്താവുന്നതാണ്. തോട്, ചിറ, ചാൽ, എന്നിവിടങ്ങളിൽ നാലും അഞ്ചും മാസം വരെ മത്സ്യം പിടിക്കുന്നു. പുഴയിൽ തോട്ട ഇടുന്നതും തോടുകളിലും കുളങ്ങളിലും നഞ്ചുകലക്കുന്നതും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ഇവ രണ്ടും പഞ്ചായത്ത് കർശനമായി നിരോധിക്കണം.

നാട്ടു കുളം, വീട്ടുകുളം, ഹ്രസ്വകാല ചെമ്മിൻകെട്ടു പാടങ്ങൾ, മത്സ്യ ചിറകൾ എന്നി നാലു ഫിഷറീസ് ഫാമുകൾ മുഖേന മത്സ്യബന്ധനം പിറവത്ത് നടത്താവുന്നതാണ്.

<u>1 നാട്ടുകുളം:</u> - പുഴവെള്ളം ഒരിക്കലും കയറാത്തതും കയറിയാൽത്തന്നെ മത്സ്യം വെളിയിൽ പോകാതെ വളരെ എളുപ്പത്തിൽ തടഞ്ഞു നിർത്തുന്നതിനു സാധിക്കുന്ന പഞ്ചായത്തു വക കുളങ്ങളിൽ ചെമ്മീൻ, കൊഞ്ച്, മറ്റു മത്സ്യങ്ങൾ എന്നിവ വളർത്താം. 2-ാം വാർഡിൽ തിരുവിശുംകുളം, പാറേകാട്ടുമല കുളം, ഇടപ്പിള്ളിച്ചിറ, 3-ാം വാർഡിൽ കുട്ടംകുളം, 4-ാം വാർഡിൽ പെലത്രക്കുളം, ഔത്തായിക്കുളം, 7-ാം വാർഡിൽ തേരകത്തു ചിറ, ചെറുകരക്കുളം തകിടികുളം കൊല്ലംകോട് കുളം, പുഴക്കുളം, മുത്താനികുളം 8-ാം വാർഡിൽ
10-ാം വാർഡിൽ തടുക്കുളം, പെരും കുളം, തൊടുവക്കുളം, പള്ളിപ്പാട്ടുചാൽ, നടുചാൽ 11-ാം വാർഡിൽ അമർക്കുളം എന്നിവ മത്സ്യം വളർത്താൻ അനുയോജ്യമാണ്. കൂടാതെ, 4-ാം വാർഡിൽ ചിറയം പുഞ്ച പഞ്ചായത്ത് ഏറ്റെടുത്ത് ചീപ്പിട്ടു പൂട്ടി സംരക്ഷിക്കുകയാണെങ്കിൽ 365 ദിവസവും മത്സ്യം പിടിക്കാം. ചെറു മത്സ്യഫാം രൂപീകരിച്ച് അവർക്കോ, വ്യക്തികൾക്കോ ഒരു വർഷത്തേക്ക് (മാർച്ചുമുതൽ അടുത്ത മാർച്ച് വരെ) ലേലത്തിൽ കൊടുക്കണം. 5,6 വർഷം കൊണ്ട് ഇവ നന്നാക്കുന്നതിനു മുടക്കിയത് തിരിയെ കിട്ടും. അതു കഴിഞ്ഞാൽ ലാഭമായി.

<u>വീട്ടു കുളം:</u>- വ്യക്തികളുടെ സ്വന്തം സ്ഥലത്ത് കുളം നിർമ്മിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന പാറമടകൾ കുളമായുപയോഗിച്ച് മത്സ്യക്കൃഷിനടത്താം. മത്സ്യസൊസൈറ്റി രൂപീകരിച്ച് കുളങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നല്കുകയും ചെയ്യണം. അങ്ങനെ വന്നാൽ, കൂടുതൽ ആൾക്കാർ ഈ രംഗത്തേക്ക് വരും. ഹാച്ചറിംഗും അക്വാ സ്റ്റോറും തുടങ്ങണം. 1-ാം വാർഡിൽ 10 സെൻറ് വിസ്തീർണ്ണം വരുന്ന രണ്ട് പാറമടക്കുളങ്ങളിൽ ഇപ്പോൾ തന്നെ മത്സ്യം വളർത്തുന്നുണ്ട്. 6-ാം വാർഡിൽ കൊള്ളിക്കൽ വടക്ക് ഭാഗത്ത് വലിയ പാറമടയുള്ളതിൽ മീൻവളർത്തൽ നടത്താം. മത്സ്യഫെഡുമായി ബന്ധപ്പെടുത്തി തീറ്റ, വിത്ത് സബ്സിഡി ലഭ്യമാക്കണം.

## ഹ്രസ്വകാല-ചെമ്മീൻ കെട്ടുപാടങ്ങൾ - ചാലുകൾ

4-ാം വാർഡിൽ ചെല്യത്ത് പാടവും ചാലും 11-ാം വാർഡിലെ അമർക്കുളം പാടവും മിഥുന മാസം മുതൽ കന്നിമാസം വരെ പുഴവെള്ളം ചീപ്പിട്ടു കെട്ടി നിറുത്തി ചെമ്മീൻ, കൊഞ്ച്, എന്നിവ വളർത്താവുന്നതാണ്. കൂടെ മറ്റു മീനും വളർത്താം.

ചെല്യത്ത് പാടത്ത് മാഞ്ഞാമറ്റത്തിൽ താഴെയും, കാക്കനാട്ടി പടിക്കലും ചീപ്പ് തുടങ്ങണം. അമർക്കുളം പാടത്ത് കുരീൽ തോട്ടിൽ ചീപ്പ് ഇടണം. മലവെള്ളം കയറി നിറയുമ്പോൾ ചീപ്പിട്ടാൽ എക്കൽ പാടത്ത് അടിയുകയും പുല്ല് ചീയുകയും ചെയ്യും. ചെമ്മീൻ കുഞ്ഞുങ്ങളെ ഇട്ടുകൊടുത്താൽ നല്ല വിളവെടുപ്പു നടത്താം. ഇവിടെ നിന്നും മീൻ പിടിക്കുന്നത് വ്യക്തികൾക്കോ മത്സ്യഫാമുകൾക്കോ ലേലത്തിൽ കൊടുക്കണം. ചീപ്പ് ഇടുന്നതും തുറക്കുന്നതിനുമുള്ള ചുമതല നെൽകൃഷിസംഘങ്ങളെ ഏൽപ്പിക്കണം.

## മത്സ്യ ചിറകൾ

ഒരിക്കലും വെള്ളം വറ്റാത്തതും അവയെ സംരക്ഷിക്കുന്നതിനു ബണ്ട്കളും ചിഷുകളും ഉള്ള സ്ഥലം ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ കിടക്കുന്ന പിറവം പുഞ്ചയും ചാലും ഉൾപ്പെട്ടുവരുന്ന കരിങ്കൽചിറ ഈ തരത്തിൽപ്പെട്ടതാണ്. ഇവയെ മത്സ്യം വളർത്തൽ കേന്ദ്രമായി പഞ്ചായത്തു പ്രഖ്യാപിക്കണം. മിഥുനമാസത്തിൽ മലവെള്ളം കയറുമ്പോൾ കരിങ്കൽചിറ തുറന്നിട്ടിരിക്കണം. മലവെള്ളം കയറി പുഞ്ചമെത്തിയാൽ ചീപ്പിട്ടു പൂട്ടുക. മത്സ്യവും, എക്കലും പുഞ്ചയിൽ കയറും. കൃഷിയിറക്കുന്നത് കണക്കിലെടുത്ത് ചിറ തുറക്കുന്ന തീയതി നിശ്ചയിച്ച് അപ്പോൾ മാത്രമേ ചിറ തുറക്കാവൂ. ചിറ തുറക്കുന്നതിനും പൂട്ടുന്നതിനുമുള്ള ചുമതല പാടശേഖര കമ്മറ്റിയെ ഏല്പിക്കുക. മലവെള്ളത്തിൽ (ഉച്ചയ്ക്ക്) ധാരാളം മത്സ്യം പുഞ്ചയ്ക്കകത്തേക്ക് കയറുന്നതാണ്. പോരെങ്കിൽ മത്സ്യകുഞ്ഞുങ്ങളെ ഇട്ടുകൊടുക്കാവുന്നതാണ്. വളരെ വിസ്തൃതിയുള്ള പുഞ്ചയായതിനാൽ എല്ലായ്പ്പോഴും 20-0, 25-0, നീട്ടുവലകൾ ഉപയോഗിക്കാവുന്നതാണ്. 10-0, 15-0, മീച്ചുവലകൾ ദിവസേന മീൻപിടിക്കുന്നുണ്ടായിരിക്കും. കൂടാതെ കരിങ്കൽ ചിറയിൽ വല കുത്തി തുറക്കുന്നതിന് മീൻ പിടിക്കാനും സാധിക്കും. വല നീട്ടി വീശിയും കുത്തിയും മീൻ പിടിക്കുന്നതിന് ലേലത്തിൽ കൊടുക്കണം. ഒരു കിലോ വല നീട്ടുന്നതിന്, ചിറയിൽ നിന്നും ഇറങ്ങുമ്പോൾ വല കുത്തി മീൻ പിടിക്കുന്നതിനും പുഞ്ചയിലോ കരിങ്കൽചിറയിലോ വീശി മീൻ പിടിക്കുന്നതിന് ഒരു വലക്ക് (ചെറുതും വലുതും ഉൾപ്പെടെ രണ്ട്) ഒരു റേറ്റ് തീരുമാനിച്ചത് അനുസരിച്ച് പണമടച്ച് മത്സ്യം പിടിക്കുന്നതിന് വ്യക്തികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. പുഞ്ച മൊത്തത്തിൽ വ്യക്തികൾക്കോ, മത്സ്യസൊസൈറ്റിക്കോ ലേലത്തിൽ ഒരു വർഷത്തേക്ക് (മാർച്ചു മുതൽ അടുത്ത മാർച്ച് വരെ) കൊടുക്കുന്നതാണ് നല്ലത്.

പൈറ്റുകുഴി മുതൽ കരിങ്കൽചിറവരെയും കരിങ്കൽചിറമുതൽ പിറവം പുഞ്ചചാൽ വരെയും തോട്ടിലെ മണ്ണെടുത്ത് ആഴം കൂട്ടിയും പുഴ മുതൽ പുഞ്ചചാൽവരെ കരിങ്കൽ കെട്ടി ഫാം റോഡും നിർമ്മിക്കണം.

മേൽപ്പറഞ്ഞ നാളിൽ കുളങ്ങളിലും വീട്ടിൽ കുളങ്ങളിലും ചിറകളിലും ചാലുകളിലും മീൻ വളർത്തുന്നതിന് ആവശ്യമായ കുഞ്ഞുങ്ങളെ വളർത്തുന്നതിന് മത്സ്യകുഞ്ഞു വളർത്തൽ കേന്ദ്രം (ഹാച്ചറിംഗ്) അത്യാവശ്യമാണ്.

കുഞ്ഞുങ്ങൾക്ക്വേണ്ട തീറ്റ, മീൻ പിടിക്കുന്നതിനു വേണ്ടവലകൾ, മത്സ്യം ശേഖരിക്കുന്നതിനു വേണ്ട സ്റ്റോറും വിറ്റഴിയുന്നതിനുവേണ്ട സ്റ്റാളും ആവശ്യമാണ്. ഇതിനു വേണ്ട കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കരിങ്കൽചിറയിൽ പഞ്ചായത്തിൻെറ വകയായുണ്ട്. പോരെങ്കിൽ തോടായി കിടന്നിരുന്ന സ്ഥലം മറ്റുള്ളവരുടെ കൈവശമിരിക്കുന്നത് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. ഹാച്ചറിംഗിനുവേണ്ട സൗകര്യവും ഇവിടെ നിർമ്മിക്കാം. ഏത് സമയത്തും ജീവനുള്ള മത്സ്യങ്ങളെ ലഭിക്കുന്നതിനുവേണ്ട സ്റ്റാളും ഇവിടെ നടത്താം.

# വ്യവസായം

തടി അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന തീപ്പെട്ടിക്കമ്പനികൾ, പ്ലൈവുഡ് ബനീർ ഫാക്ടറികൾ, തടിയറപ്പു മില്ലുകൾ, പാക്കിംഗ് കേസ് നിർമ്മാണശാലകൾ, കരകൗശല വസ്തുക്കളുണ്ടാക്കുന്ന (Handicrafts) ഫാക്ടറികൾ, ഫർണീച്ചർ നിർമ്മാണ ശാലകൾ എന്നിവയാണ് വ്യവസായ മേഖലയിൽ മുന്നിട്ടു നില്ക്കുന്നവ. ഇഷ്ടികക്കളങ്ങൾ, ഓട്ടുകമ്പനി എന്നിവയും നെല്ലുകുത്തുകയും ധാന്യം പൊടിക്കുകയും ചെയ്യുന്ന മില്ലുകളും, ചെറുകിട എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളും കുറെ സിമൻറിഷ്ടിക (Hollowbricks) ഫാക്ടറികളും രണ്ടു മൂന്നു പ്ലാസ്റ്റിക് മോൾഡിംഗ് ഷോപ്പുകളും മെഴുകുതിരി നിർമ്മാണയൂണിറ്റുകളും ചേർന്നാൽ പിറവത്തെ വ്യവസായ മേഖലയുടെ ചിത്രം പൂർണ്ണമായി. ഇവയിലെല്ലാം കൂടി ആയിരത്തി അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

പരമ്പരാഗതമായ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. വനിതാവ്യവസായങ്ങൾ പേരിനുമാത്രം. ഏറ്റവും പ്രധാന കാർഷിക വിള റബ്ബറാണെങ്കിലും റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, ഒരു റബ്ബറൈസ്ഡ് കയറ്റുപായ നിർമ്മാണയൂണിറ്റൊഴിച്ചാൽ മറ്റൊന്നും തന്നെയില്ല. നെല്ലുകുത്തു മില്ലുകളെയും എണ്ണയാട്ടുമില്ലുകളെയും മാറ്റി നിർത്തിയാൽ മറ്റു കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ ശാലകൾ ഇല്ലെന്നു തന്നെ പറയാം.

പ്രവർത്തന രഹിതമായ വ്യവസായയൂണിറ്റുകൾ കുറെയെണ്ണമുണ്ട്. മിനി ഇൻഡ്രസ്ട്രിയൽ എസ്റ്റേറ്റിലെ ആറു യൂണിറ്റുകൾ, നെല്ലുകൈകുത്തു സൊസൈറ്റി, എന്നിവ, അഞ്ചാം വാർഡിൽ പ്രവർത്തനം നിലച്ച നിലയിലുള്ളപ്പോൾ ആറാം വാർഡിലെ പാമ്പാക്കുട ബ്ലാക്ക്സ്മിത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, തുകൽ നിർമ്മാണയൂണിറ്റും പൂട്ടിപ്പോയ സ്ഥാപനങ്ങളാണ്.

ഗുരുതരമായ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ പഞ്ചായത്തിലില്ല എന്നുതന്നെ പറയാം. എന്നാൽ ഇഷ്ടികനിർമ്മാണവും പുഴയിലെ മണൽ വാരലും ഒരളവുവരെയെങ്കിലും പരിസ്ഥിതിയെ ബാധിക്കുന്നുണ്ട്. കുമ്മായച്ചൂളകൾ രാത്രികാലങ്ങളിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെങ്കിലും അന്തരീക്ഷമലിനീകരണം ചെറിയ തോതിൽ നടത്തുന്നുണ്ട്.

**വ്യവസായങ്ങൾ.**

| | വ്യവസായം | എണ്ണം | തൊഴിലാളികൾ | ശതമാനം |
|---|---|---|---|---|
| I | തടി | | | |
| | 1. തീപ്പെട്ടി | 10 | 350 | |
| | 2. തടിമില്ലുകൾ | 7 | 35 | |
| | 3. പ്ലൈവുഡ് | 3 | 60 | |
| | 4. ഫർണിച്ചർ | 3 | 15 | |
| | 5. കരകൗശലം | 3 | 30 | |
| | | | 490 | 32% |
| II | കെട്ടിട നിർമ്മാണവസ്തുക്കൾ | | | |
| | 1. ഇഷ്ടിക നാടൻ | 12 | 360 | |
| | 2. ഇഷ്ടിക കോൺക്രീറ്റ് | 2 | 10 | |
| | 3. ഓട് | 1 | 65 | |
| | 4. കോൺക്രീറ്റ് കട്ടിള | 3 | 10 | |
| | 5. മണൽ (കടവ്) | 8 | 320 | |
| | | | 765 | 50% |

| | വ്യവസായം | എണ്ണം | തൊഴിലാളികൾ | ശതമാനം |
|---|---|---|---|---|
| III | എഞ്ചിനീയറിംഗ് | 14 | 50 | 3% |
| IV | കൊപ്രാ | 6 | 15 | 1% |
| V | മെഴുകുതിരി | 7 | 21 | 2% |
| VI | ബീഡി | 1 | 15 | 1% |
| VII | വസ്ത്രം | 2 | 120 | 8% |
| VIII | മറ്റുള്ളവ | 15 | 50 | 3% |
| | ആകെ | 1526 | | 100% |

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന ഒരേയൊരു വിദ്യാഭ്യാസസ്ഥാപനം പിറവത്തെ എം.എസ്.എം. ഐ.ടി.സി. യാണ്. ഫിറ്റർ, ടർണർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, റേഡിയോ ഇലക്ട്രോണിക്സ്, മോട്ടോർ വെഹിക്കിൾ മെക്കാനിസം എന്നിവയിൽ പരിശീലനം നൽകുന്നു.

## പ്രശ്നങ്ങൾ

1. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതിലഭിക്കുന്നില്ല. പുതിയതായി വ്യവസായങ്ങൾ തുടങ്ങുന്നതിന് വൈദ്യുതി ലഭിക്കുന്നില്ല
2. തടി, മെഴുക്, കരകൗശലവസ്തു നിർമ്മാണത്തിനുള്ള ഈട്ടിതടി, എന്നിവയുടെ ലഭ്യത വളരെ കുറയുന്നു.
3. പരിശീലനം ലഭിച്ച തൊഴിലാളികളുടെ എണ്ണം കുറവാണ്. തീപ്പെട്ടിക്കമ്പനിയിലും മറ്റും പുറമേ നിന്നും, ചിലപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ആളുകളെ കൊണ്ടുവരേണ്ടി വരുന്നു. അധ്വാനം ആവശ്യമായ മേഖലയിൽ ഇതു കൂടുതലായി കണ്ടുവരുന്നു.
4. വർദ്ധിച്ച കൂലി നിരക്ക്.
5. സാങ്കേതിക പരിശീലനം ലഭിച്ചവർക്കു ജോലി നൽകാൻ പറ്റിയ വൻകിടവ്യവസായങ്ങൾ തുടങ്ങാൻ സംരംഭകർ മുന്നോട്ടു വരുന്നില്ല.
6. മുഖ്യ കാർഷികവിളകളായ റബ്ബർ, നെല്ല് നാളികേരം, എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കാനുള്ള മാർഗ്ഗനിർദ്ദേശവും പരിശീലനവും ലഭ്യമാകുന്നില്ല.
7. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന പ്രക്രിയ എളുപ്പമാക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനങ്ങളില്ല.
8. വേണ്ടത്ര സ്ഥലം ലഭ്യമല്ല.
9. ജില്ലാ ആസ്ഥാനത്തുനിന്നും ജില്ലയിലെ പ്രധാന വ്യവസായ മേഖലയിൽനിന്നും ദൂരക്കൂടുതലുള്ളത് വ്യവസായത്തിന്റെ നടത്തിപ്പിനു വിഘാതമാകുന്നു.
10. വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് വിപണിയിൽ മത്സരിക്കാനും പിടിച്ചുനില്ക്കാനുമുള്ള മൂലധനം കണ്ടെത്താൻ കഴിയുന്നില്ല.
11. പണമുള്ളവർ പലിശക്കുകൊടുത്ത് കൂടുതൽ പണം കണ്ടെത്തുന്ന എളുപ്പമാർഗ്ഗം അവലംബിക്കുന്നതുകൊണ്ട് താരതമ്യേന കൂടുതൽ നഷ്ടസാദ്ധ്യത(risk) ഉള്ള വ്യവസായ മേഖലയിലേക്കു വരാൻ തയാറാകുന്നില്ല.
12. സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ ചില വ്യവസായ സംഘങ്ങളുടെ പരാജയം അത്തരം സംരഭങ്ങൾ തുടങ്ങുന്നതിന് മുന്നിൽ ദുഃശകുനമായി നില്ക്കുന്നു.

## സാധ്യതകൾ

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് നല്ല സാധ്യതയുണ്ട് . ഓരോവാർഡിലും ഓരോ റബ്ബറുല്പാദക സഹകരണ സംഘങ്ങളുണ്ടാവണം. ഇപ്പോൾ തന്നെ ചില വാർഡുകളിൽ അവ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളെ സംയോജിപ്പിച്ചുപ്ര

വർത്തിപ്പിക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃതസമിതി(Apox Body) പഞ്ചായത്തിലുണ്ടാവണം. റബ്ബർ പാൽ സംഭരിച്ച് ലാറ്റക്സ് ഉണ്ടാക്കുന്ന ഒരു ഫാക്ടറി ഈ സമിതിയുടെ കീഴിൽ ഉണ്ടാക്കാം. റബ്ബറുല്പന്നങ്ങളുണ്ടാക്കുന്ന, പ്രത്യേകിച്ചും റബ്ബർ മോൾഡു ചെയ്തടുക്കുന്ന ബുഷ്, തുടങ്ങിയ ഇനങ്ങൾ ഉണ്ടാക്കുന്നു. കൊച്ചു കൊച്ചു കുടിൽ വ്യവസായ യൂണിറ്റുകൾ ഓരോ വാർഡിലും വീടുകൾ തോറും ഉണ്ടാക്കണം. ഇവിടെ ഉല്പന്നങ്ങളുണ്ടാക്കുന്നതിനാവശ്യമായ രീതിയിൽ പ്രോസസ് ചെയ്ത റബ്ബർ ഉണ്ടാക്കുന്നതിന് കേന്ദ്രസമിതിയുടെ കീഴിൽ, പിറവത്തെ അടഞ്ഞുകിടക്കുന്ന മിനി ഇൻഡ്രസ്ട്രിയൽ യൂണിറ്റുകളിലൊന്നിൽ തുടങ്ങണം. വാർഡുകളിലുള്ള റബർ സൊസൈറ്റികൾ വഴി അസംസ്കൃത പദാർത്ഥവും മോൾഡിംഗ് മെഷീനുകളും മോൾഡും ചെറുയൂണിറ്റുകൾക്കു നൽകി. മോൾഡു ചെയ്ത ഉല്പന്നങ്ങൾ ശേഖരിക്കണം. അവയുടെ വിപണി കണ്ടെത്തലും വില്പനയും കേന്ദ്രയൂണിറ്റ് മുഖേന നടത്തണം. മാസത്തിലൊരിക്കൽ ഉല്പാദകർക്ക് ഉല്പന്നങ്ങളുടെ വില നൽകണം. വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബുഷ്, വാഷർ, Oring കൾ തുടങ്ങി അനേകം ഉല്പന്നങ്ങൾ കണ്ടെത്താൻ കഴിയും. രണ്ടാം വാർഡിൽ നല്ല രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സൊസൈറ്റിക്ക് ഇതിനുള്ള നേതൃത്വപരമായ ചുമതല നിർവ്വഹിക്കാൻ കഴിയും. റബ്ബർ ബോർഡിൽ നിന്നും ആവശ്യമായ സാങ്കേതിക വിദ്യ ലഭിക്കും. റബ്ബർബാൻറ്, കൈയുറകൾ, എലാസ്റ്റിക്കിനാവശ്യമായ റബർ സീലുകൾ ഇവയും ഈ സംരംഭംവഴി ഉല്പാദിപ്പിക്കാം.

2. 5-ാം വാർഡിൽ സ്വന്തമായി 25 സെൻറ് സ്ഥലവും കെട്ടിടവും ഉള്ള കൈക്കുത്തരി സംഘം, പ്രവർത്തനം നിലച്ചു പോയത്, പുനരുജ്ജീവിപ്പിക്കാൻ കഴിയണം. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഉള്ള നെല്ലുല്പാദക സംഘങ്ങളേയും ധാന്യം പൊടിക്കുന്ന മില്ലുകളെയും ആശ്രയിച്ചുകൊണ്ട്, ധാന്യപൊടികൾ സംഭരിച്ച് പാക്കുചെയ്തു വില്ക്കന്ന ഒരു യൂണിറ്റായി ഇതു മാറ്റാൻ കഴിയും. മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾ പ്പൊടി, എന്നിവയും വിവധതരം കറിപൗഡറുകളും ഇതേരീതിയിൽ ഉണ്ടാക്കി വില്പന നടത്താവുന്നതാണ്. ഇതിനു വേണ്ട ധനസഹായം വായ്പയായി ലഭ്യമാക്കണം. ഇതേ സംഘത്തിൻെറ കീഴിൽ ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റും ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

3. കാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിന് ഒരു തൊഴിൽ ശാലക്ക് നല്ലൊരു സാധ്യതയുണ്ട്. പ്രവർത്തനം നിലച്ചു പോയ പാമ്പാക്കുട ബ്ലാക്ക് സ്മിത്ത് സൊസൈറ്റി പുനരുജ്ജീവിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ പുതുസംരംഭമായോ ഇതു നടത്താവുന്നതാണ്. ഗ്രാമസഭകളിൽ നിന്നും ഇതിന് നിർദ്ദേശം വന്നിട്ടുണ്ട്. ആവശ്യമായ അസംസ്കൃതവസ്തു (ഇരുമ്പ്) ജില്ലാവ്യവസായ കേന്ദ്രം വഴി ലഭ്യമാക്കുന്ന ഒരു സംവിധാനം ഇതിനാവശ്യമാണ്.

4. വാർഡു തോറുമുള്ള പാൽസൊസൈറ്റികളുടെ നേതൃത്വത്തിൽ ഒറ്റയായോ കൂട്ടായ സംരംഭമായോ പാലുല്പന്നങ്ങളുണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിപണനത്തിന് ഒരു കേന്ദ്ര നേതൃത്വം ഉണ്ടാവണം.

5. ഒരു കാലിത്തീറ്റ ഫാക്ടറിക്കുള്ള സാധ്യത പരിശോധിക്കണം.

6. വനിതകളുടെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാലകൾ ഉണ്ടാക്കാം.

7. നാളികേരം സംസ്കരിച്ച് കൊപ്രയാക്കി സൂക്ഷിക്കുന്നതിനും എണ്ണയാട്ടി വില്ക്കുന്നതിനുമുള്ള സംരംഭങ്ങൾക്ക് ഇനിയും സാധ്യതയുണ്ട്. മറ്റു നാളികേരാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ തുടങ്ങാം.

8 ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കളുണ്ടാക്കാം.

9. പഞ്ചായത്തിലുള്ള 300 ൽ അധികം വരുന്ന NRI കളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വൻകിടവ്യവസായം തുടങ്ങാൻ കഴിയും KSIDC, KITCO, Rubber Board ഇവയുടെ സഹകരണത്തോടെ ഒരു പദ്ധതി കണ്ടെത്താൻ കഴിയും.

10. ഇലക്ട്രോണിക് ഉപകരണങ്ങൾ (Invertor, Voltage Stabilizer തുടങ്ങിയവ) ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറി തുടങ്ങാം

# വിഭവസമാഹരണം

പിറവം പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| പിറവം ഗ്രാമപഞ്ചായത്ത് 1996 മാർച്ച് മാസത്തെ ഡിമാൻറ് | | |
|---|---|---|
| കെട്ടിട നികുതി | 1152141 | 45 |
| കെട്ടിട നിർമ്മാണ ലൈ. ഫീസ് | 58826 | 00 |
| തൊഴിൽ നികുതി | 296502 | 00 |
| മണൽ | 3615999 | 00 |
| വിനോദനികുതി | 55676 | 00 |
| വിനോദനികുതി സർചാർജ്ജ് | 33645 | 00 |
| കെട്ടിട വാടക | 332412 | 00 |
| ചണപിരിവ് | 60500 | 00 |
| ബസ്സ്റ്റാൻഡ് ഫീസ് | 72044 | 00 |
| തറവാടക പലിശ | 41214 | 00 |
| ലൈസൻസ്ഫീസ് | 26293 | 00 |
| അടൽടൈ ജനറൽ | 168900 | 00 |
| VRM ഗ്രാൻറ് | 57760 | 00 |
| S.C.P | 107800 | 00 |
| സെക്യൂരിറ്റി നിക്ഷേപം | 210012 | 00 |
| മറ്റിനം | 119214 | 00 |
| ബേസിക് ടാക്സ് | 127950 | 00 |
| ആകെ | 6495674 | 45 |

പഞ്ചായത്തിൽ ലഭ്യമാകുന്ന മറ്റു വരുമാനമാർഗ്ഗങ്ങൾ പ്രധാനമായത് വിവിധ ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന വായ്പകൾ ആണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽ ബാങ്ക് , ജില്ലാ സഹകരണബാങ്ക്, കെ.എഫ്. സി. ഇയുടെ ശാഖാ 3 സഹകരണ സൊസൈറ്റികൾ പലിശയ്ക്കു പണം കടം കൊടുക്കുന്ന ഇരുപതോളം സ്ഥാപനങ്ങൾ എന്നിവയാണ്. പിറവം പഞ്ചായത്തിൽ സാമ്പത്തിക വിഭവ സമാഹരണ മാർഗ്ഗങ്ങളായി നിലകൊള്ളുന്നത്.

കൃഷിക്കാവശ്യമായ വായ്പകൾ പ്രധാനമായും ലഭിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഫെഡറൽ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നാണ്. ഒരു വർഷത്തിൽ 3 കോടിയോളം രൂപാ ഇങ്ങനെ കാർഷികവായ്പയായി ലഭിക്കുന്നുണ്ടെങ്കിലും അവയിൽ പകുതിയോളം വരുന്ന തുക കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നതായി കാണാം. അപ്പോഴപ്പോഴുണ്ടാകുന്ന ആവശ്യങ്ങൾക്ക് സ്വർണ്ണം പണയം വച്ചും, വസ്തു ഈടുനൽകിയും, ആൾജാമ്യത്തിലുമൊക്കെ കാർഷികാവശ്യങ്ങൾക്കെന്ന പേരിൽ കടം എടുക്കുന്ന പതിവാണ് ഗ്രാമത്തിലുള്ളത്. റബ്ബർ കൃഷിക്കു വേണ്ടി ബോർഡിൽ നിന്നും കേരകൃഷിക്കും മറ്റുകൃഷിപ്പണികൾക്കുമായി കൃഷിഭവൻ മുഖേന കിട്ടുന്ന ധനസഹായവും, വായ്പയും ഗ്രാമത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്.

മറ്റുസ്ഥാപനങ്ങളിൽ നിന്നെല്ലാം വൻപലിശയ്ക്കു പണമെടുക്കപ്പെടുന്നത് പ്രധാനമായും വ്യാപാരം, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്കാണ്. യഥാർത്ഥത്തിൽ കണക്കിലുള്ളതിനേക്കാൾ കൂടിയ പലിശ ഇവർ ഈടാക്കുന്നതു കൊണ്ട് ഉപഭോക്താക്കൾ സാമ്പത്തികമായി വൻകടത്തിൽ അകപ്പെടുന്ന സംഭവങ്ങൾ സാധാരണയാണ്. ഏകദേശം 5 കോടി രൂപയെങ്കിലും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് കടം കൊടുക്കപ്പെടുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾക്കായി പഞ്ചായത്തിൽ ലഭ്യമാകുന്നവായ്പ തുഛമാണ്. ഈ രംഗത്ത് മുതൽ മുടക്കുന്നതിനുള്ള താല്പര്യമില്ലായ്മയാണ് പ്രധാനകാരണം. ഉല്പാദന ബന്ധിതമായ സംരംങ്ങൾക്ക് പണം മുടക്കുന്നത് ചുരുക്കമാണെന്നർത്ഥം.

## വിഭവസമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ.

1. തൊഴിൽരഹിതരായ ആളുകൾക്കു തൊഴിൽ ഉറപ്പുവരുത്തുന്ന തരം വ്യവസായങ്ങൾ കൂട്ടുസംരംഭമായി തുടങ്ങുകയാണെങ്കിൽ അതിനാവശ്യമായ പണം തൊഴിൽ രഹിതരുടെ തന്നെ പങ്കാളിത്തമായി സംഭരിക്കുവാൻ കഴിയും. സഹകരണാടിസ്ഥാനത്തിർ റബ്ബറുല്പന്നങ്ങൾ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഖാദിവ്യവസായങ്ങൾ എന്നിവ ഈ രീതിയിൽ തുടങ്ങാം. ഗവൺമെൻറ് ഏജൻസികളിൽ നിന്നും ബാങ്ക്, കെ.എഫ്.സി. പോലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പകളും കണ്ടെത്താം.
2 മീൻവളർത്തൽ കേന്ദ്രങ്ങൾ, പാടത്ത് കൃഷിക്കാരുടെ പങ്കാളിത്തത്തോടെ ആരംഭിക്കാൻ കഴിയും . കൂട്ടായ മുതൽമുടക്കിലൂടെ മൂലധനം കണ്ടെത്താൻ കഴിയും.
3. പച്ചക്കറികൃഷി കൂട്ടുസംരഭമായി നടത്താം. ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കണം. മാനുഷിക വിഭവശേഷി ധാരാളമായി ഉപയോഗിക്കപ്പെടാവുന്ന മേഖലയാണിത്.
4. വിദേശ മലയാളികൾ പഞ്ചായത്തിൽ 300 പേരെങ്കിലും ഉണ്ട്. ഇവരുടെ പങ്കാളിത്തത്തോടെ ഒരു വൻകിട വ്യവസായം (NRI Project) പഞ്ചായത്തിൽ തുടങ്ങാൻ കഴിയണം KSIDC, KITCO, Rubber Board എന്നിവയുടെ സഹായത്തോടെ ഈ പദ്ധതി കണ്ടെത്തി നടപ്പാക്കാൻ കഴിയണം. ഒരു വിദേശമലയാളിയിൽ നിന്നും 50,000 രൂപാ വീതം സംഭരിച്ചാൽ തന്നെ 150 ലക്ഷം രൂപ കണ്ടെത്താം.
5 വാർഡുകളിൽ കുളം കുഴിക്കൽ, തോടുവെട്ടൽ, റോഡുനന്നാക്കൽ എന്നിവക്ക് ഭാഗികമായെങ്കിലും മനുഷ്യവിഭവം ഉപയോഗപ്പെടുത്താൻ കഴിയും. അത്തരം ഒരു സംസ്കാരം വളർത്തിയെടുക്കാൻ എല്ലാസാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകരും ശ്രമിക്കണം.
6 റോഡുകളുടെ സംരക്ഷണം സാമൂഹ്യസംഘടനകൾക്കും, തൊഴിലില്ലാത്തവർ ചേർന്നു രൂപികരിക്കുന്ന സഹകരണ സംഘങ്ങൾക്കും വിട്ടുകൊടുക്കണം. അധ്വാനത്തിനു മതിയായ പ്രതിഫലം കിട്ടുന്നതു മാത്രം കണക്കാക്കി, കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കാൻ ഇവർക്കുകഴിയണം. റോഡുകൾ നന്നായിരിക്കുമെന്നു മാത്രമല്ല ചെലവും പകുതി കണ്ടു കുറക്കാൻ കഴിയണം. പൊതു മരാമത്തു വകുപ്പിൻെറ സഹകരണവും സഹായവും ഉണ്ടായാൽ വളരെ എളുപ്പം നടപ്പാക്കാവുന്ന കാര്യമാണ്. സർക്കാർ തലത്തിൽ ഇതിനുള്ള തീരുമാനമെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടാവണം.

ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ വിവിധ ഇനങ്ങളിൽ നല്കിയിരിക്കുന്ന വായ്പകൾ

1. S.B.T Chart - No: I 2. Federal Bank Chart No: II

### Chart No. I

13.2 കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 107 | കൃഷിവായ്പ (ACC) | 10,51.301 |
| 113 | ദീർഘകാലകൃഷിവായ്പ (ATL) | 12,11,478 |
| 168 | കൃഷിവായ്പ (AGL) (സ്വർണ്ണപണയം) | 19,76,000 |

V) നൽകിയ വായ്പകൾ കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| ദീർഘകാലകൃഷിവായ്പ (ATL) | 5,07,000 |

VI) സ്ഥാപനത്തിൻെറ ചെലവുകൾ

1) Establishments Charges
2) Contingennies

**Chart - II**

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക In Lakhs |
|---|---|---|
| (448) | Agricultural Loans | 83.80 L |
| 46 | Retail Wa c/c | 18.00 L |
| 45 | SRTO | 56.30 L |
| 21 | Small Business | 3.50 L |
| 44 | P&SE | 8.75 |
| 12. | Housing Loans | 9.20 |
| 630 | Total priority | 205.85 L |
| 44 | IRDP | 3.20 L |
| 21 | Seuy/Pmry | 6.69 |
| 684 | Nou/Priority Loans | 317.83 L |

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| 1 Agricultural Loans | 9.70 Lakhs |
| 2. Other priority Section Loans | 16.21 Lakhs |
| 3. IRDP Loans | 1.22 Lakhs |
| 4. Secuy/Pmry Loans | 2.01 Lakhs |
| 5. New priority Sector Loans | 91.60 Lakhs |

VI) സ്ഥാപനത്തിൻെറ ചെലവുകൾ

1. Establishment charges
2. Contingennies

## ഊർജ്ജം

നാം പ്രധാനമായും ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സുകൾ.

1. ഗാർഹികം - വിറക്, ഗ്യാസ്സ് പുകയില്ലാത്ത അടപ്പ്, മണ്ണെണ്ണ
2. കാർഷികം - ഇലക്ട്രിസിറ്റി, ഡീസൽ മോട്ടോർ പമ്പ്, മണ്ണെണ്ണ
3. വാണിജ്യം - ഇലക്ട്രിസിറ്റി, പാചകവാതകം, വിറക്
4. വ്യവസായം - ഇലക്ട്രിസിറ്റി, ഡീസൽ മോട്ടോർ,

വെളിച്ചം -മണ്ണെണ്ണ, ഇലക്ട്രിസിറ്റി, മെഴുകുതിരി, എണ്ണ

താപം - വിറക്, തെങ്ങുല്പന്നങ്ങൾ, റബ്ബർകായ, തീപ്പെട്ടി കമ്പനികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ.

യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ ഡീസൽ, മണ്ണെണ്ണ, ഇലക്ട്രിസിറ്റി ഇവ ഉപയോഗിക്കുന്നു.

പാചക വാതകം 1988 മുതൽ ഈ പ്രദേശത്ത് ലഭ്യമായിതുടങ്ങി. ഈ പ്രദേശത്തെ 15% വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ടെങ്കിലും വിറകും, മറ്റ് കാർഷികാവശിഷ്ടങ്ങളും കൂടി ഈ വീടുകളിൽ ഇന്ധനാവശ്യത്തിന് ഉപയോഗിക്കുന്നു. വിറക് വിലകൊടുത്ത് വാങ്ങിക്കുന്ന കുടുംബാംഗങ്ങളാണ് കൂടുതൽ. വാട്ടമ്മമാരും കുട്ടികളും അടുത്തുള്ള പുരയിടങ്ങളിൽ നിന്ന് വിറക് ശേഖരിക്കുന്നു.

## വൈദ്യുതി

**നിലവിലുള്ള ഉപഭോക്താക്കൾ**

| | | |
|---|---|---|
| 1. | ഗാർഹികം | 3912 |
| 2 | വ്യാപാരം | 486 |
| 3 | വ്യാവസായികം | 104 |
| 4 | കാർഷികം | 384 |
| | **ആകെ** | **4886** |

28 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കക്കാട് ഇലക്ട്രിക് സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി - സ്ട്രീറ്റ് ലൈറ്റുകൾ

ഫ്ളൂറസെൻറ് ട്യൂബ് 102 ബൾബ് 380

സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിന് 10287 രൂപ പ്രതിമാസം പഞ്ചായത്ത് അടയ്ക്കുന്നു. ആകെ 5 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചതിനാൽ 120 കുടുംബാംഗങ്ങൾക്ക് പ്രയോജനം ലഭിച്ചു. ഇവയിൽ 70 കുടുംബാംഗങ്ങൾ സൗജന്യ സ്ലാബിൽ ഉപയോഗിക്കുന്നു.

വോൾട്ടേജ് കുറവുമൂലം മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിക്കുന്നു. അതുപോലെ പാചക വാതക ലഭ്യത കുറയുമ്പോൾ വിറക് കൂടുതലായി ഉപയോഗിക്കുന്നു.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം ഈ പഞ്ചായത്തിൽ വളരെ കുറവ്.

## മുഖ്യപ്രശ്നങ്ങൾ

1 പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

2 പല പ്രദേശങ്ങളിലും വോൾട്ടേജ് കുറവുമൂലം വായിക്കുവാനും പഠിക്കുവാനും പ്രയാസവും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാനും സാധിക്കുന്നില്ല.

3 ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയത്ത് നടക്കാത്തതുമൂലം വൈദ്യുതി ലഭിക്കുന്നില്ല.

4 വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയില്ലായ്മ

5 വിറക് ലഭിക്കുന്നതിനുള്ള പ്രയാസം

6 തെരുവുവിളക്കുകൾ കത്തായ്ക

7 ഹരിജൻ കോളനി, മത്സ്യകോളനി, എന്നിവിടങ്ങളിൽ വൈദ്യുതി എത്തായ്ക.

8 ഈ പഞ്ചായത്തിൽപ്പെട്ട വീടുകളിലെ ഇല്ക്ട്രിസിറ്റി കണക്ഷനും പണം അടക്കുന്നതിനും മറ്റ് പഞ്ചായത്തുകളിൽ പാമ്പാക്കുട, ആമ്പല്ലൂർ, ആരക്കുന്നം എന്നിവിടങ്ങളിൽ ആഫീസുകളിൽ പോകേണ്ടിവരുന്നു.

## നിർദ്ദേശങ്ങൾ

1 ക്ഷമത കൂടിയ ആധുനിക രീതിയിലുള്ള അടുപ്പുകൾ ലഭ്യമാക്കുക, പ്രചരിപ്പിക്കുക.

2 പ്രഷർകുക്കർ, കച്ചിപ്പെട്ടി ഇന്ധനലാഭമുള്ള മണ്ണെണ്ണ സ്റ്റൗ, എന്നിവ പ്രചരിപ്പിക്കുക.

3 വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക

4 വോൾട്ടേജ് ക്ഷാമം പരിഹരിക്കുക

5 തെരുവു വിളക്കുകൾ കത്തിക്കുക, തെരുവു വിളക്കുകൾ ഇല്ലാത്തയിടങ്ങളിൽ അവ സ്ഥാപിക്കുക.

6 വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക

105A



7. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ സമയാസമയം മുറിച്ചുമാറ്റുക. ലൈൻ തകരാർ ഇല്ലായ്മ ചെയ്യുക.
8 ഈ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതിയുടെ ചുമതലയും പിറവം ഇലക്ട്രിക് ആഫീസിൻെറ പരിധിയിൽ സജ്ജമാക്കുക.
9 ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക
10 കാറ്റ്, സൗരോർജ്ജം എന്നിവവഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുക.

ഈ രംഗത്തെ പരിമിതികൾ മനസ്സിലാക്കി ആവശ്യം വേണ്ട നടപടികൾ കൈകൊണ്ടാൽ ഊർജ്ജരംഗത്തെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയും.

# ഗതാഗതം

പിറവം പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 29.36 ചതുരശ്ര കിലോമീറ്ററാണ്. ആകെ റോഡുകളുടെ നീളം 213 $^{1/2}$ കിലോമീറ്ററാണ്. ഇതിൽ 5$^{1/2}$ കിലോമീറ്റർ ടാർ ചെയ്തവയും 10 കിലോ മീറ്റർ റോഡും 15 കിലോമീറ്റർ മണ്ണ് റോഡും ഉണ്ട്. പിറവം പഞ്ചായത്തിൽ നിന്നും എറണാകുളം, കോട്ടയം, തിരൂർ, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, പയ്യന്നൂർ, സുൽത്താൻബത്തേരി, കുമളി, വെള്ളത്തൂവൽ, സൂര്യനെല്ലി, ഗുരുവായൂർ, തേക്കടി, റാന്നി, എന്നീ സ്ഥലങ്ങളിലേക്ക് പ്രൈവറ്റ് ബസ് സർവ്വീസും K.S.R.T.C സർവ്വീസും നടത്തുന്നുണ്ട്.

ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി പുതിയ ബസ്സർവ്വീസുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. പുതുതായി ആരംഭിക്കേണ്ട സവ്വീസുകൾ

## ഹ്രസ്വദൂര സർവീസുകൾ

- ★ പിറവം - ഇടയാർ-കൂത്താട്ടുകുളം - പുറപ്പുഴ-കരിങ്കുന്നം
- ★ പിറവം- ഇലഞ്ഞി- പാല
- ★ പിറവം-കോട്ടയം
- ★ പിറവം-അഞ്ചൽപ്പെട്ടി- തൊടുപുഴ
- ★ പിറവം- ഇടയാർ-കൂത്താട്ടുകുളം- തൊടുപുഴ
- ★ പിറവം- കക്കാട് -കോലഞ്ചേരി- പെരുമ്പാവൂർ
- ★ പിറവം - തിരുവാണിയൂർ-എറണാകുളം
- ★ പിറവം-കളമ്പൂർക്കാവ്-എറണാകുളം
- ★ നെച്ചൂർ- കക്കാട്- പിറവം

## ദീർഘദൂരസർവീസുകൾ

ആലപ്പുഴ, തേക്കടി, മധുര, കൊല്ലം, ആലുവ, കണ്ണൂർ, കല്പറ്റ, മാനന്തവാടി, തൃശൂർ, ഗുരുവായൂർ, പത്തനംതിട്ട, ചേർത്തല, കോഴിക്കോട്, കാസർകോട്, എരുമേലി, പമ്പ, അങ്കമാലി എന്നിവിടങ്ങളിലേക്ക് പിറവം വഴി കടന്നുപോകുന്ന ബസ്സുകൾ (KSRTC/Private) ആരംഭിക്കണം.

പിറവം പഞ്ചായത്ത് 1987-ൽ പണി തീർത്ത ബസ്സ്റ്റാൻഡ്, അന്ന് ബസ്സുകളുടെ എണ്ണം 68 ആയിരുന്നു. എന്നാൽ 1996 ആയപ്പോഴേക്കും 126 ബസ്സുകൾ പിറവം സ്റ്റാൻഡിൽ വന്നുപോകുന്നതിനാൽ പുതിയ ഒരു ബസ് സ്റ്റാൻഡ് പണിതീർക്കേണ്ട അവസ്ഥയിലേക്ക് വന്നെത്തി. ആയതിനാൽ പിറവം പഞ്ചായത്ത് ഇതിനകം തന്നെ പുതിയ ബസ്സ്റ്റാൻഡ് പണിയുന്നതിനുവേണ്ടി 3$^{1/2}$ ഏക്കർ സ്ഥലം പഴയ പഞ്ചായത്ത് പടിക്കൽ വാങ്ങിയിച്ചിട്ടുണ്ട്.

## പിറവം KSRTC ബസ്സ്റ്റാൻഡ്

പിറവം പഞ്ചായത്ത് വഴി ഓടുന്ന KSRTC ബസ്സുകളുടെ എണ്ണം കുറവാണെങ്കിലും പിറവം വഴി പുതുതായി പണിതീർക്കുന്ന ദേശീയ പാത പൂർത്തിയാകുന്നതോടുകൂടി പുതിയൊരു KSRTC ബസ്സ്റ്റാൻഡിൻെറ ആവശ്യം വളരുന്നു.

108 B



## മറ്റ് വാഹനങ്ങൾ

### 1 ലോറികൾ, ടെമ്പോസ്റ്റാൻഡ്

ലോറികളുടെയും ടെമ്പോകളുടെയും വർദ്ധനവിനെതുടർന്ന് റോഡരികിലും സ്ഥലങ്ങളിലും പാർക്കുചെയ്യുന്നു. ഇവയ്ക്കുവേണ്ടി പഞ്ചായത്ത് $2^{1/2}$ ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി ഒരു പാർക്കിംഗ് ഏരിയ പണിതീർക്കേണ്ടിയിരിക്കുന്നു. 125-ൽ പരം ലോറികളും ടെമ്പോകളും ഇവിടുണ്ട്.

### 2 കാറ്, ജീപ്പ്

പിറവത്തിൽ കാറും ജീപ്പും അടക്കം 125 ൽ അധികം വാഹനങ്ങൾ ഉണ്ട്. ഇപ്പോൾ ഇവ റോഡരികിൽ ആണ് പാർക്കു ചെയ്യുന്നത്. ഇവയ്ക്കുവേണ്ടിയും പഞ്ചായത്ത് 2 ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി ഒരു സ്റ്റാൻഡ് പണിയേണ്ടിയിരിക്കുന്നു.

### 3 ഓട്ടോറിക്ഷ

120 ൽ പരം ഓട്ടോറിക്ഷകൾ പിറവത്ത് ഓടുന്നു. പൊതുജനങ്ങളുടെ പ്രധാന ആവശ്യമായ ഓട്ടോറിക്ഷകൾ പ്രത്യേകമായി ഒരു സ്റ്റാൻഡ് പണിയേണ്ടിയിരിക്കുന്നു. ഇത് പിറവം പഞ്ചായത്തിൽ അത്യാവശ്യമാണ്.

## ജലഗതാഗതം

കക്കാട്, കളമ്പൂർ, കോട്ടപ്പുറം, പാഴൂർ, മുളക്കുളം, എന്നീസ്ഥലങ്ങൾ പിറവത്തെ പ്രധാന ജലഗതാഗത മാർഗ്ഗങ്ങളാണ്. ഇവിടെ കടത്ത് സംവിധാനം പുനഃസംഘടിപ്പിക്കുകയും പൊതുജനങ്ങൾക്ക് യഥേഷ്ടം സഞ്ചാരയോഗ്യമാക്കുകയും വേണം. പിറവം പഞ്ചായത്തിലെ ഏറ്റവും വലിയ വാർഡായ 11-ാം വാർഡിലെ ജനങ്ങൾക്ക് കോട്ടയം ജില്ലയുമായ് ബന്ധപ്പെടുന്നതിന് കളമ്പൂർക്കാവ്- മുളക്കുളം, വെള്ളകർ പാലത്തിൻെറ പണി പൂർത്തികരിക്കപ്പെട്ടാൽ കളമ്പൂർ നിവാസികളുടെ ഗതാഗതം സുഗമമാക്കാൻ കഴിയും.

## റോഡുകൾ

പിറവം പഞ്ചായത്തിലെ ചിലവാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പണി അടിയന്തിരമായ് പൂർത്തീകരിക്കപ്പെട്ടാൽ ഗതാഗതസൗകര്യം വളരെ സുഗമമാക്കാൻ കഴിയും.

## അടിയന്തിരമായി പൂർത്തികരിക്കേണ്ട റോഡുകൾ

★ എണ്ണായിക്കണ്ടത്തിൽ പടി- വലിയപള്ളിപ്പടിറോഡ് ★ മില്ലിൻപടി-ആതിയം പാടം റോഡ് ★ കല്ലുംവെട്ടുകുഴി മാരി -പെരുമാൻ തുരുത് റോഡ് ★ താമക്കുഴി റോഡ്- തുലമമനാൽപടി-കോച്ചേരിത്താഴംറോഡ് ★ പൊതുശ്മാനം -ഇല്ലിക്കമുക്കട കൊല്ലൻ പടിറോഡ് ★ ആവലം മാക്കിൽപ്പടി - താമക്കുഴിറോഡ് -തുരുത്തിക്കാട്ടിൽപ്പടി - താമക്കുഴി കാരമല റോഡ് ★ വെട്ടിക്കുളം-പള്ളിക്കാവ് റോഡ് ★ ചന്തേലിപ്പടി-ആകശാലപ്പടിറോഡ് ★ ലക്ഷംവീട് - തേഴ്‌ത്വരി റോഡ് ★ കുരിശ്ശേരിപ്പടി- കാക്കതുരുത്ത് റോഡ് ★ കുലിലപ്പടി- പാറക്കണ്ടം റോഡ് ★ പൊലിസ്റ്റേഷൻ-തൃക്കഅമ്പലം റോഡ് ★ തോട്ടഭാഗം-നടുറോഡ് ★ ഫയർസ്റ്റേഷൻ ചിറ്റേത്ത് റോഡ് ★ തോട്ടഭാഗത്തുള്ള മറ്റ് റോഡുകൾ ★ കിഴക്കേക്കരപ്പടി-കൊള്ളിക്കൽ റോഡ് ★ ബസ്സ്റ്റാൻഡ്-എം.കെ.എം. റോഡ് ★ എം.കെ.എം ന്യൂബസാർ- കൊച്ചുപള്ളിറോഡ് ★ കൈക്കുത്ത് സൊസൈറ്റി-ആശുപത്രി റോഡ് ★ കക്കാട്ഷാപ്പിൽപടി- കല്ലിങ്കൽപടി-നടുവിലേടത്ത് ★ കെ.ആർ.കെ ★ മെമ്മോറിയൽ- ലിഫ്റ്റ്ഇറിഗേഷൻറോഡ് ★ ചെമ്പാലപ്പടി - PWD കടവ് റോഡ് ★ അരിക്കത്തിപ്പടി-പേപ്പതിറോഡ് ★ വാരുകുന്നേൽ മലറോഡ് ★ ആറ്റുതീരം റോഡ്-കക്കാട് LPS റോഡ്-ചമ്പക്കുളം-പാനുനട റോഡ്-ഇട്ട്യാർ മലറോഡ് ★ കല്ലിടുമ്പിൽക്കടവ്-ആറ്റുതീരം വഴി പരിയാരം റോഡ് ★ കാവന്തൽപടി, പനച്ചിപനമ്പ്, അമർക്കുളം പാടം, പള്ളിക്കവല- പാനനട - ചമ്പക്കുളംറോഡിലേക്ക്-ലിങ്ക്റോഡ്

**കൂടാതെ അറ്റകുറ്റപണി തീർക്കേണ്ട നിരവധി റോഡുകളും പഞ്ചായത്തിൽ ഉണ്ട്.**

★ പള്ളിക്കാവ് പോലിസ്റ്റേഷൻ പടിറോഡ് ★ മുല്ലൂർപ്പടി-തൊട്ടൂർറോഡ് ★ കക്കാട്-മൈലക്കുളം റോഡ് ★ ചേറാലപ്പടി- പാഴൂർ ആറ്റു തീരം റോഡ് ★ നെടുമല റോഡ് ★ കരക്കോട്- അഞ്ചുസെൻറ് കോളനിറോഡ് ★ എരുമപ്പെട്ടിത്താഴം ബണ്ട് റോഡ് ★ കുരികിലിൻപടി പുഞ്ച റോഡ് ★ ഇഞ്ചക്കാട്ടുപ്പടി-നെടിയാനികുഴിറോഡ്

**പിറവം പഞ്ചായത്തിലെ പൂർത്തീകരിക്കപ്പെട്ട റോഡുകൾ**

| വാർഡ് | ആകെ റോഡ് | ടാറിട്ടത് | വാർഡ് | ആകെ റോഡ് | ടാറിട്ടത് |
|---|---|---|---|---|---|
| 1 | 19 K.M | $5^{1/2}$ K.M | 2 | $26^{1/2}$ K.M | 12 K.M |
| 3 | 10 K.M | 1 K.M | 4 | 18 K.M | 2 K.M |
| 5 | 19 K.M | 2 K.M | 6 | 25 K.M | 6 K.M |
| 7 | 18 K.M | 3 K.M | 8 | 20 K.M | 2 K.M |
| 9 | 20 K.M | 5 K.M | 10 | 18 K.M | 4 K.M |
| 11 | 20 K.M | 10 K.M | | | |

പിറവം പഞ്ചായത്തിൻെറ ഗതാഗത വികസനം പൂർത്തിയാകണമെങ്കിൽ പിറവം കേന്ദ്രീകരിച്ച് ഒരു ട്രാഫിക് സംവിധാനവും ഒപ്പം ഒരു സിഗ്നൽ ലൈറ്റ് സംവിധാനവും അടിയന്തിരമായ് വേണ്ടിയിരിക്കുന്നു. കൂടാതെ വഴിവിളക്കുകളും ഓടകളുടെ പുനർ നിർമ്മാണവും, വാഹനാപകടങ്ങൾ നിമിത്തം അപകടത്തിലായവരെ ആശുപത്രിയിലെത്തിക്കാൻ പഞ്ചായത്ത് വക ഒരു ആംബുലൻസും ആവശ്യമാണ്.

ഇത്തരത്തിൽ ഗതാഗത സംവിധാനം പിറവത്ത് രൂപീകൃതമായാൽ 25000 ത്തോളം വരുന്ന പിറവം ജനതക്ക് സുഗമമായ ഒരു യാത്രാസൗകര്യം ഉണ്ടാവും.

# കുടിവെള്ളം

ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളത്തിന് പ്രാധനമായും ആശ്രയിക്കുന്നത് പിറവം പുഴയും നാട്ടുകുളങ്ങളും, കിണറുകളും, തോടുകളും ആണ്. ജലസ്രോതസ്സുകൾ ധാരാളം നമുക്കുണ്ട്. എന്നാൽ അവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 100ഓളം പൊതു കിണറുകളേയും (അതിൽ 15 ഓളം കിണറുകൾ ഉപയോഗശൂന്യമാണ്) പൊതു ടാപ്പുകളേയുമാണ് പ്രധാനമായും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ധാരാളം കിണറുകളും ഇതിനായി ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന പൈപ്പ് വെള്ളം വൈക്കം ശുദ്ധജലപദ്ധതിയാണ്. എന്നാൽ ഇപ്പോഴുള്ള പദ്ധതി ഇതിന് പരിഹാരമല്ല.

2,8,9,10 എന്നീ വാർഡുകളിലാണ്. ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ലോറികളിൽ ഈ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നു. എന്നാൽ വേണ്ടത്ര ഫലപ്രദമല്ല. ഇത് പൊട്ടി ഒലിക്കുന്ന ടാപ്പുകളും പൈപ്പുകളും യഥാസമയം നന്നാക്കാത്തതുകൊണ്ട് വെള്ളം ഉപയോഗശൂന്യമായി പോകുന്നു. ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് കുടിവെള്ള ക്ഷാമം നമുക്കു നേരിടേണ്ടി വരുന്നു.

പിറവം പഞ്ചായത്തിനു വേണ്ടി 4.97 കോടി രൂപാ ചെലവ് പ്രതീക്ഷിച്ച "Urban Water Supply Scheme to Piravom Municipality" എന്ന പദ്ധതിക്ക് ഇന്ന് 5.26 കോടി രൂപാ ഇപ്പോൾ ചെലവായി. 7.69 കോടി രൂപാകൊണ്ട് ഈ പദ്ധതി 1997 ജനുവരിയിൽ പൂർത്തിയാകും. പ്രതിദിനം ഒരാൾക്ക് 70 ലിറ്റർ എന്ന തോതിൽ 200 ആണ്ട് വരെ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും കുടിവെള്ള ആവശ്യം ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

ഈ പുതിയ സ്കീം പൂർത്തിയാകുന്ന മുറയ്ക്ക് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുതിയ ലൈൻ, പുതിയ ടാപ്പ് സ്ഥാപിക്കുകയും, പൊട്ടിയ ടാപ്പുകളും പൈപ്പുകളും യഥാസമയം നന്നാക്കുകയും കുടിവെള്ളം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുകയും ചെയ്താൽ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിയും.

*കുറിപ്പ്:- വിശേഷാൽ ഗ്രാമസഭകൾ ചേർന്നപ്പോൾ ഉയർന്നു വന്ന ഓരോ വാർഡുകളിലും ആവശ്യമായ ടാപ്പുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുതിയ പദ്ധതിയോടെ ലക്ഷ്യ പ്രാപ്തിയിലെത്തുന്നതാണ്.*

# പൊതുജനാരോഗ്യം

പഞ്ചായത്തിൽ കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലെങ്കിലും പൊതുജനാരോഗ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## ആതുരശുശ്രൂഷാസ്ഥാപനങ്ങൾ

കമ്യൂണിറ്റി ഹെൽത്ത് സെൻറർ -1 സബ് സെൻററുകൾ -3

ആയുർവേദ ആശുപത്രി-1 കമ്യൂണിറ്റി ഹെൽത്ത് സെൻറർ.

പിറവം പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ജനതയ്ക്ക്. ആതുരശുശ്രൂഷാരംഗത്ത് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്നത് കമ്യൂണിറ്റി ഹെൽത്ത് സെൻററിനെയാണ്. ഇപ്പോ രണ്ട് ഇരുനിലക്കെടിടത്തോടു കൂടിയ വാർഡുകളും ഒരു ഇരുനില പേവാർഡും കൂടാതെ ഓടിട്ട പഴയ ഒരു കെട്ടിടവും മാത്രം അടങ്ങുന്ന പരിമിതമായ സൗകര്യങ്ങളാണ് ഇവിടുള്ളത്. വൈദ്യശുശ്രൂഷാരംഗത്ത് ജനങ്ങളുടെ ഏക ആശ്രയമായ ഈ സെൻററിൻെറ പ്രവർത്തനം വളരെയധികം വിപുലീകരിക്കേണ്ടിയിരിക്കുന്നു. ദിനംപ്രതി മുന്നൂറു രോഗികളിലധികം ചികിത്സയ്ക്കായെത്തുന്നുണ്ട്. കൂടാതെ കിടന്ന് ചികിത്സ തേടുന്നവരും ഉണ്ട്. താഴെ പറയുന്ന പട്ടിക നോക്കിയാൽ ആശുപത്രിയിലെത്തിയ രോഗികളുടെ ഏകദേശ സ്ഥിതിവിവരക്കണക്ക് മനസ്സിലാക്കാം.

| വർഷം | ഇൻപേഷ്യന്റ് | വന്നുപോകുന്ന രോഗികൾ | ത്വക്ക് രോഗം | പകർച്ചവ്യാധി | മറ്റ് രോഗം |
|---|---|---|---|---|---|
| 1992-93 | 3227 | 46206 | 9800 | 4300 | 27750 |
| 1993-94 | 3728 | 48500 | 12300 | 3400 | 27550 |
| 1994-95 | 4414 | 49600 | 15000 | 4350 | 25675 |
| 1995-96 | 3590 | 44360 | 14550 | 3896 | 20539 |
| ആകെ | **14959** | **188666** | **51650** | **15946** | **101514** |

ഈ ആസ്പത്രിയിൽ വെച്ചു നടന്ന ജനന മരണങ്ങളുടെ കണക്ക് താഴെ പറയുന്നു.

| വർഷം | ജനനം | മരണം. |
|---|---|---|
| 1993 | 55 | 14 |
| 1994 | 86 | 13 |
| 1995 | 66 | 5 |

പകർച്ചവ്യാധി കണക്ക് താഴെ പറയും പ്രകാരമാണ്

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 550 | 2224 | 150 | 476 |
| 1994-95 | 635 | 2734 | 175 | 806 |
| 1995-96 | 715 | 2345 | 190 | 646 |

പിറവം പഞ്ചായത്തിൻെറ ജനന നിരക്ക് 12 ഉം മരണനിരക്ക് 5 ഉം ആണ്. ഈ ആശുപത്രിയുടെ വികസനം ജനസംഖ്യാനുപാതം വെച്ച് നോക്കുമ്പോഴും, മറ്റു ചികിത്സാ സൗകര്യങ്ങൾ സമീപപ്രദേശത്ത് ഇല്ലാത്തതും കണക്കാക്കുമ്പോൾ വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ ആസ്പത്രി ഒരു താലൂക്ക് ആസ്പത്രിയുടെ നിലയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിലെക്കായി ഇന്ന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപത്മാണ്.

**കെട്ടിടം.**

300 രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്ന തരത്തിലുള്ള കെട്ടിട സൗകര്യങ്ങൾ ഈ ഹെൽത്ത് സെൻററിനുണ്ടാവണം. വിവിധ ഡിപ്പാർട്ടുമെൻറുകളുടെ സൗകര്യത്തിനായി പ്രത്യേക കെട്ടിട സമുച്ചയങ്ങളുണ്ടാകണം.

**ജീവനക്കാർ**

വിദഗ്ദരും സ്പെഷ്യലിസ്റ്റുകളുമായ ഡോക്ടർമാരുടെ സേവനം ലഭ്യമാകണം. ഇപ്പോഴുള്ള ശിശുരോഗം, സ്ത്രീരോഗം എന്നീ വിഭാഗങ്ങളെ കൂടാതെ സ്പെഷ്യലിസ്റ്റു ഡോക്ടർമാരെ ഇവിടെ നിയമിക്കണം. നേത്രരോഗം, കാർഡിയോളജി, അസ്ഥിരോഗവിദഗ്ദൻ, ന്യൂറോളജിസ്റ്റ്, ദന്തരോഗം എന്നിവയിലുള്ള സ്പെഷ്യലിസ്റ്റുകളുടെ സേവനം അടിയന്തിരമായി ലഭിക്കണം.

യോഗ്യരും പരിചയസമ്പന്നരുമായ നേഴ്സുമാരും മറ്റ് ജീവനക്കാരെയും രോഗികളുടെ ആനുപാതികമായിട്ട് ഉയർത്തണം.

ജീവനക്കാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സുകളും ആശുപത്രി വളപ്പിൽ തന്നെയുണ്ടാകണം.

**ഓപ്പറേഷൻ തീയേറ്റർ**

അഞ്ചു നിലകളുള്ള കെട്ടിടത്തിൽ എല്ലാ ആധുനിക സജ്ജീകരണങ്ങളുമുള്ള ഓപ്പറേഷൻ തിയേറ്റർ ഉണ്ടാവണം.

**ഇൻെറൻസീവ് കെയർ യൂണിറ്റ്**

റോഡപകടങ്ങളും മറ്റ് അപകടങ്ങളും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ICU വിൻെറ ആവശ്യകത ഇവിടെ അത്യന്താപേക്ഷിതമാണ്. കാഷ്വാലിറ്റി സൗകര്യവും ഈ ഹെൽത്ത് സെൻററിനോടനുബന്ധിച്ചു ഉണ്ടാവണം.

**പ്രസവവാർഡ്**

സ്ത്രീരോഗ വിദഗ്ദനും ആധുനിക സജ്ജീകരണങ്ങളുമുള്ള ആശുപത്രിക്ക് എല്ലാ സൗകര്യങ്ങളുമുള്ള ഒരു പ്രസവ വാർഡ് അത്യാവശ്യമാണ്. പിറവത്തെ സംബന്ധിച്ച് ഇതിൻെറ ആവശ്യകതയേറെയാണ്.

**ചിൽഡ്രൻസ് വാർഡ്**

കുട്ടികൾക്കായുള്ള വാർഡിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവിടെ മുഴുവൻസമയ നേഴ്സിംഗ് റൂം പ്രവർത്തിക്കുകയും വേണം.

**ഓക്സിജൻ യൂണിറ്റ്**

ഹെൽത്ത് സെൻററിൽ ഓക്സിജൻ നൽകുന്നതിനാവശ്യമായ ഉപകരണങ്ങളുണ്ടായിട്ടും സൗകര്യക്കുറവുമൂലം ഈ യൂണിറ്റ് പ്രവർത്തിക്കുന്നില്ലക്കു ഈ യൂണിറ്റ് പ്രവർത്തനക്ഷമമാവുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം.

**ESI**

ഈ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും വേർപെടുത്തി നിലനിറുത്തണം. ഇതിൻെറ പ്രവർത്തനം മുഴുവൻസമയം ലഭിക്കുംവിധം നടപടികൾ കൈക്കൊള്ളണം.

**അറ്റകുറ്റപ്പണികൾ**

കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നടത്തണം.

**അടിസ്ഥാന സൗകര്യങ്ങൾ**

ആശുപത്രി വിപുലീകരിക്കുന്നതോടൊപ്പം വിവിധ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

**ലാബോറട്ടറി**

ഒരു X-റെ ലാബ്, ക്ലിനിക്കൽ ലാബോറട്ടറി എന്നീ സൗകര്യം ഉണ്ടാക്കണം. ഇതോടൊപ്പം തന്നെ ചികിത്സാ ഉപകരണങ്ങളും ആശുപത്രിയിൽ ലഭ്യമാക്കണം.

**ഔഷധം**

ആശുപത്രിയിൽ തന്നെ മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ ഷോപ്പ് തുടങ്ങണം.

**വാഹനങ്ങൾ**

ഒരു ജീപ്പ്, ആംബുലൻസ് എന്നിവ ഈ ആശുപത്രിയുടെപ്രവർത്തനത്തിനത്യന്താപേക്ഷിതമാണ്.

## കുടിവെള്ളം.

ഇപ്പോൾ ശുദ്ധജല അഭാവം ഉണ്ട്. ഇതിനു പരിഹാരമായി നിലവിലുള്ള സംവിധാനത്തിൽ മാറ്റം ഉണ്ടാവണം.

## വൈദ്യുതി.

ഇപ്പോൾ പലദിവസങ്ങളിലും വൈദ്യുതി പലപ്പോഴായി മുടങ്ങുന്നുണ്ട്. പരിഹാരമായി ഒരു ജനറേറ്റർ സ്ഥാപിച്ചാൽ മതിയാകും

## സബ്സെൻററുകൾ

പാമ്പാക്കുട, രാമമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ കീഴിൽ 3 സബ്സെൻററുകൾ പ്രവർത്തിച്ചു വരുന്നു. ഇല്ലിക്കക്കുട (രണ്ടാം വാർഡ്) കക്കാട് (എട്ടാം വാർഡ്) പാഴൂർ (പത്താം വാർഡ്) എന്നിവിടങ്ങളിലാണ് ഇത്.

ഈ സ്ഥാപനങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ. കുട്ടികൾക്കുള്ള പരിശോധന, ഗർഭിണികളുടെ പരിശോധന, ഇവ കണക്കിലെടുക്കുമ്പോൾ പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് കാണാം. തന്മൂലം ബ്ലോക്കടിസ്ഥാനത്തിൽ സംയോജിതം ശിശുവികസന പദ്ധതിയും നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഈ സബ്സെൻററുകളിൽ ജീവനക്കാർക്ക് മുഴുവൻ സമയവും താമസിച്ച് സേവനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. കൂടാതെ ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിദഗ്ദ ഡോക്ടറുടെ സേവനം ലഭിച്ചാൽ മേൽ കാര്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

## ഗവ. ആയുർവ്വേദ ആശുപത്രി

പഞ്ചായത്തിലെ ഏക ആയുർവ്വേദ ആശുപത്രി പാലച്ചുവട്ടിൽ സ്ഥിതിചെയ്യുന്നു. ഇന്ന് സ്ഥലപരിമിതിമൂലവും ജീവനക്കാരുടെ കുറവുകൊണ്ടും ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതിന് ഒരു പരിഹാരം എന്ന നിലക്ക് പുതിയ കെട്ടിടത്തിനും സൗകര്യങ്ങൾക്കും വേണ്ടി പരിശ്രമിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടം കുറച്ചു കൂടി സൗകര്യം കിട്ടുന്നരീതിയിൽ കൂടുതൽ രോഗികൾക്ക് ശുശ്രൂഷ ലഭിക്കുന്നതിലേക്കുമായി കുറച്ചു കൂടി വിപുലീകരിച്ചാൽ കൂടുതൽ സൗകര്യം ലഭിക്കും. ഇപ്പോൾ 60 കിടക്കകളുടെ സൗകര്യത്തിലാണ് പണി നടക്കുന്നത്. ഇത് 100 എങ്കിലുമാക്കി ഉയർത്തണം. മാത്രമല്ല വിവിധ ഇനങ്ങളിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരെ നിയമിച്ച് വിദഗ്ദ ചികിത്സാ കേന്ദ്രം ആക്കേണ്ടിയിരിക്കുന്നു. അതുപോലെ മറ്റു ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പാലച്ചുവട് ആയുർവ്വേദ ആശുപത്രിയിലെ രോഗികളേയും രോഗങ്ങളേയും സംബന്ധിച്ച സ്ഥിതിവിവരങ്ങൾ താഴെ പറയുന്നു.

| വർഷം | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറ് | ത്വക്രോഗം | വാതരോഗം | പകർച്ചവ്യാധി | വിഷചികിത്സ | മറ്റുരോഗങ്ങൾ |
|---|---|---|---|---|---|---|---|
| 1992-93 | 113 | 30988 | 6860 | 23360 | 560 | 260 | 53 |
| 1993-94 | 88 | 23411 | 5985 | 16436 | 680 | 248 | 150 |
| 1994-95 | 100 | 21935 | 8670 | 12404 | 865 | 46 | 50 |
| 1995-96 | 94 | 29573 | 8605 | 20606 | 370 | 30 | 56 |
| ആകെ | 395 | 105907 | 30120 | 72806 | 2483 | 584 | 309 |

പുതിയ കെട്ടിടം പണി തീരുന്നതുവരെ പഴയ കെട്ടിടത്തിൽ ആശുപത്രി നടത്തുവാൻ സാധിക്കാത്തതുകൊണ്ട് പഴയ കെട്ടിടം അറ്റകുറ്റപ്പണി നടത്തുകയും വേണ്ടതായ സൗകര്യങ്ങൾ അടിയന്തിരമായി ചെയ്തു കൊടുക്കുകയും വേണം. ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടിയിരിക്കുന്നു.

## സംക്രമിക്കുന്ന രോഗങ്ങൾ

പഞ്ചായത്ത് പരിധിക്കുള്ളിൽ കണ്ടു വരുന്ന സാംക്രമിക രോഗങ്ങൾ പ്രധാനമായും അതിസാരം , ചെങ്കണ്ണ്, മലേറിയ മുതലായവയാണ്. കൂടാതെ പൊതുവായി വരുന്ന മറ്റ് രോഗങ്ങളും

## ശുചിത്വം.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ചപ്പുചവറുകൾ ചീയുന്നതുകൊണ്ടുള്ള പ്രധാന ശല്യം ഇല്ലെങ്കിലും ടൗണിനോട് ചേർന്നുള്ള പ്രദേശങ്ങളിൽ നാമമാത്രമായി കണ്ടുവരുന്നുണ്ട്. അതിനുള്ള പ്രതിവിധി ചെയ്യുന്നുണ്ട്. എങ്കിലും കുറച്ചു കൂടിശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചില ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ഓടകളിലേക്ക് ഒഴുകുന്നുണ്ട് .ഇത് ചെറിയ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നുണ്ട്.

മറ്റൊരു പ്രധാന ആരോഗ്യപ്രശ്നം കക്കൂസുകളുടെ അഭാവം മൂലമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും കോളനിനിവാസികളിൽ ചിലർക്കും കക്കൂസുകൾ ഇല്ല എന്നുള്ളതാണ്. കൂടാതെ പൊതു സ്ഥലങ്ങളിലെ വിസർജ്ജനം ആരോഗ്യത്തിന് ഹാനികരമാകുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ പഞ്ചായത്തുകൾ വഴി കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ പ്രവർത്തനം കുറച്ചു കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

## ശിശുക്കളുടെ ആരോഗ്യം.

കൊച്ചുകുട്ടികളുടെ ആരോഗ്യപരിപാലനത്തിനും, വിനോദത്തിനും മാനസിക വളർച്ചയ്ക്കും, ഉല്ലാസത്തിനും മറ്റും സൗകര്യം നിലവിൽ ഇല്ലാത്തതുകൊണ്ട് ടൗൺ കേന്ദ്രമായി കുട്ടികളുടെ ഒരു പാർക്കും അതിൽ പറ്റുമെങ്കിൽ കുട്ടികൾക്കാവശ്യമായ സിനിമാ പ്രദർശനങ്ങളും ആരോഗ്യപ്രദർശനങ്ങളും ചെയ്യുന്നത് ഉത്തമമാണ്.

## കംഫർട്ട്സ്റ്റേഷൻ

ആരോഗ്യസംരക്ഷണത്തിൻെറ ഭാഗമായി ഒരു പൊതു കക്കൂസും, മൂത്രപ്പുരയും ബസ്സ്റ്റാൻഡിനോടനുബന്ധിച്ച് ഉണ്ട്. ഇത് പഴകിയതുമൂലം അല്പം സൗകര്യക്കുറവുണ്ട്. ഇത് കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ധാരാളം വഴിപോക്കരും, യാത്രക്കാരും, വന്നുപോകുന്ന പിറവത്ത് വലിയ സൗകര്യങ്ങളോട് കൂടിയ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഈ മൂത്രപ്പുര പൊളിച്ചു കളഞ്ഞ് വലിയ സൗകര്യങ്ങളോട് കൂടി രണ്ട് നിലയായി പണിത് മുകൾ നിലയിൽ കുളിക്കുവാനുള്ള സൗകര്യങ്ങളോടുകൂടി പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു.

ഇതുകൂടാതെ പഴയ പഞ്ചായത്ത് കവല, ആശുപത്രിക്കവല, പഴയസ്റ്റാൻഡ് എന്നിവടങ്ങളിൽ കൂടി ഓരോ സാധാരണ മൂത്രപ്പുരയും പണിയേണ്ടിയിരിക്കുന്നു. നിലവിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷനിൽ ഒരു ദിവസം 750 ഓളം ആളുകൾ പ്രാഥമിക സൗകര്യം നടത്തുന്നുണ്ട്.

ഇവ കൂടാതെ പ്രായോഗികമായി ചെറിയ തോതിലുള്ള ആരോഗ്യശാലകൾ വേണം എന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. കാരണം വിശാലമായ പഞ്ചായത്തിൻെറ ചിലഭാഗങ്ങൾ ആശുപത്രിയിൽ നിന്നും വളരെ അകലെയാണ്. ആയതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ഉണ്ട്.

1. രണ്ടാം വാർഡിലെ ഹെൽത്ത് സെൻറർ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം ഊർജ്ജിതമാക്കണം.
2. എട്ടാം വാർഡിലെ ഹെൽത്ത് സെൻറർ മേൽപ്പറഞ്ഞ പ്രകാരം വിപുലീകരിക്കണം.
3. പത്താം വാർഡിൽ ഉള്ള ഹെൽത്ത് സെൻററും വിപുലീകരിച്ച് സേവനം പ്രയോജനപ്രദമാക്കണം.

വിവിധ പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായക്രമം താഴെപറയുന്നു.

| | | | |
|---|---|---|---|
| 1 | 15 നും - 19 നും | ഇടയിൽ ഉള്ളവർ | 13 |
| 2 | 20 നും - 24 നും | ,, | 728 |
| 3 | 25 നും - 29 നും | ,, | 1806 |
| 4 | 30 നും - 34 നും | ,, | 1891 |
| 5 | 35 നും - 39 നും | ,, | 1518 |
| 6 | 40 നും - 44 നും | ,, | 665 |
| | ആകെ | | 6621 |

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ് താഴെ പറയും പ്രകാരമാണ്

| കുട്ടികൾ | BCG | DPT | | | | പോളിയോ | | | | DPT | | | | മീസെൽസ്. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1ൽ താഴെ | 192 | 198 | 202 | 216 | Nil | 198 | 202 | 216 | Nil | - | - | - | - | 209 |
| 1-3 വയസ് | - | - | - | - | 193 | - | - | - | 193 | - | - | - | - | 5 |
| 3-6 വയസ് | - | - | - | - | - | - | - | - | - | - | - | - | 238 | |

**ഗർഭിണികൾക്ക് എടുത്ത ടെറ്റ്നസ്**

| 1D | 2D | BD |
|---|---|---|
| 171 | 186 | 8 |

1. ഇരുമ്പ്/ഫോളിക് ആസിഡ് നൽകൽ ഗർഭിണികൾ 205
2. ഇരുമ്പ്/ഫോളിക് ആസിഡ് നൽകൽ കുട്ടികൾ 507
3. വിറ്റാമിൻ A തുള്ളിമരുന്ന് നൽകൽ കുട്ടികൾ 2225
4. ആസ്പത്രിയിൽ പ്രസവിച്ചവർ 192
5. വീട്ടിൽ നടന്ന പ്രസവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിവിധ ഗ്രാമസഭകൾ പ്രാദേശികമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. 4-ാം വാർഡിൽ ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക
2. 7 ഉം 8ഉം വാർഡുകൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഗവ. ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുക.
3. കക്കാട് 8-ാം വാർഡ് ഭാഗത്തുള്ള ഹെൽത്ത് സെൻററിൽ ആഴ്ചയിൽ 3 ദിവസമെങ്കിലും Part time ആയിട്ടെങ്കിലും ഒരു ഡോക്ടറുടെ സേവനവും മരുന്നു വിതരണവും ആരംഭിക്കുക.
4. 11-ാം വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന കളമ്പൂർ L.P സ്കൂൾ കെട്ടിടം ഉപയോഗപ്പെടുത്തി ഒരു അലോപ്പതി ഡിസ്പെൻസറി ആരംഭിക്കുക. പിറവത്ത് നിന്നും വളരെ അകന്ന് സ്ഥിതി ചെയ്യുന്ന ഭാഗം ആണ് ഇവിടം. ആയതു കൊണ്ട് ഇക്കാര്യത്തിൽ അല്പം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.
5. വാർഡ് തലത്തിൽ ആരോഗ്യകേന്ദ്രങ്ങൾ വഴിയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ പോഷക ആഹാര വിതരണം, പ്രതിരോധ കുത്തിവയ്പ് ഊർജ്ജിതപ്പെടുത്തൽ, ആരോഗ്യ പരിപാലന ക്ലാസ്സുകൾ മുതലായവ നടത്തണം.
6. T.B. മുതലായവ പിടിപെട്ട് കഷ്ടപ്പെടുന്ന രോഗികളെ പ്രത്യേകം കണ്ടെത്തി വൈദ്യസഹായവും മരുന്നും പോഷക ആഹാരവിതരണവും നടത്തുക.
7. പിറവം പഞ്ചായത്തിൽ നിന്നും ഒരു M.B.B.S., M.D ഡോക്ടറേയും ഒരു സ്റ്റാഫ് നെഴ്സിനെയും സഹായിയേയും നിയമിച്ച് ഒരു സഞ്ചരിക്കുന്ന ഡിസ്പെൻസറി. വാർഡുകളുടെ വിവിധ പ്രദേശങ്ങളിൽ ആഴ്ചയിൽ രണ്ട് മൂന്ന് ദിവസം എങ്കിലും നിശ്ചിത സമയങ്ങളിൽ വന്നെത്തി രോഗികളെ പരിശോധിച്ച് വേണ്ടതായ നിർദ്ദേശങ്ങളും, മരുന്ന് വിതരണം ശുശ്രൂഷ മുതലായവ ചെയ്യണം.
8. മിക്ക വാർഡുകളിലും കൊതുകുശല്യം ഉള്ളതിനാൽ കൊതുകു നശീകരണ പ്രവർത്തനങ്ങൾ ചെയ്യണം.

ഇത്രയും കാര്യങ്ങൾ ചെയ്താൽ പഞ്ചായത്ത് പരിധിക്കുള്ളിൽ ആരോഗ്യമേഖല പൊതുവെ മെച്ചപ്പെടുത്താൻ സാധിക്കും. പിറവം പഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള കന്നീറ്റുമല പൊതുശ്മശാനം വിപുലീകരിച്ച് ചുറ്റുമതിൽ കെട്ടിയെടുക്കുകയും ഇവിടെ ഇലക്ട്രിക് ക്രെമിട്ടോറിയം സ്ഥാപിച്ചാൽ നല്ലതും ആണ്. പഞ്ചായത്ത് അതിർത്തിയിലുള്ള പൊതുശ്മശാനം ആണ് ഇത്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ബാലവാടികളും അംഗൻവാടികളും ചുരുക്കമാണ് പുതിയവ ആരംഭിക്കുകയും ഉള്ളവ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്താൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ അറിയുവാനും ആരോഗ്യപ്രവർത്തനങ്ങൾ നടത്താനും സൗകര്യമുണ്ടാകും. ഇതിൻെറ പ്രവർത്തനം എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിച്ച് ജനകീയ വൽകരിക്കണം. വെള്ളം കെട്ടികിടന്നും ചപ്പുചവറുകൾ കുന്നുകൂടിയും മാലിന്യങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് തലത്തിൽ പ്രതിരോധ കുത്തിവെയ്പുകൾ, ഗർഭിണികളുടെ പരിശോധന മുതലായവ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

ഇതെല്ലാം ആണ് പിറവം പഞ്ചായത്ത് തലത്തിലുള്ള പ്രധാന ആരോഗ്യപ്രശ്നങ്ങൾ.

# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും, അതിൻെറ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും, പിറവം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. പിറവം പഞ്ചായത്തിൽ ആദ്യമായി 1889-ാം മാണ്ട് C.M.S. LPS ഇടപ്പള്ളിച്ചിറയാണ് ആരംഭിച്ചത്. ഹൈസ്കൂൾ എന്ന നിലയിൽ പിറവം ആസ്ഥാനമായി ആദ്യമായി സെൻറ് ജോസഫ് ആണ് ആരംഭിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സ്കൂളുകൾ, വിദ്യാർത്ഥികൾ അദ്ധ്യാപകർ എന്നിവയുടെ വിശദവിവരം പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

| നമ്പർ | സ്കൂളിൻെറ പേര് | സർക്കാർ/ മാനേജ്മെൻറ് | കുട്ടികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | സെൻറ് ജോസഫ് H.S പിറവം | | 242 | 155 | 397 | 19 |
| 2 | ഗവ. ഹൈസ്കൂൾ പിറവം | | 207 | 149 | 356 | 17 |
| 3 | M.K.M: H.S പിറവം | | 576 | 546 | 1122 | 37 |
| 4 | ഗവ. ഹൈസ്കൂൾ നാമക്കുഴി | | 158 | 119 | 177 | 13 |
| 5 | ഫാത്തിമമാതാ H.S ഇംഗ്ലീഷ് മീഡിയം | | 339 | 309 | 642 | 22 |
| 6 | സെൻറ് ജോസഫ് U.P.S പിറവം | | 228 | 223 | 451 | 8 |
| 7 | ഗവ. U.P.S കളമ്പൂർ | | 50 | 64 | 114 | 4 |
| 8. | ഗവ. U.P.S കക്കാട് | | 132 | 127 | 259 | 8 |
| 9. | സെൻറ് ആൻറണീസ് L.P.S മുളക്കുളം | | 73 | 67 | 140 | 5 |
| 10 | ഗവ. L.P.S പിറവം | | 56 | 52 | 108 | 4 |
| 11 | U.P.S നാമക്കുഴി | | 119 | 107 | 226 | 8 |
| 12 | ഫാത്തിമമാതാ L.P.S ഇംഗ്ലീഷ് മീഡിയം | | 248 | 273 | 521 | 8 |
| 13 | ഗവ. L.P.S കളമ്പൂർ | | 45 | 22 | 67 | 5 |
| 14 | പ്ലസ്. ടു. നാമക്കുഴി | | 60 | 70 | 130 | 8 |
| 15 | C.M.S.L.P.S ഇടപ്പള്ളിച്ചിറ | | 60 | 70 | 130 | 7 |

ഔപചാരികവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുപുറമെ 5 ട്യൂട്ടോറിയൽ കോളേജും ഒരു ഹിന്ദി വിദ്യാലയവും ഒരു I.T.C. യും,7 ടൈപ്പ് റൈറ്റിഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു നൃത്തവിദ്യാലയവും, ഒരു സംഗീത വിദ്യാലയവും 5 നേഴ്സറി വിദ്യാലയവും ഉണ്ട് കൂടാതെ പിറവം ഗവ. ഹൈസ്കൂളിൽ ഒരു കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുന്നതിന് ഗവൺമെൻറിൽ നിന്നുള്ള അംഗീകാരം കിട്ടിയിട്ടുണ്ട്. സ്കൂളിൽ നിന്നുള്ള കണക്കുകൾ അനുസരിച്ച് പിറവം പഞ്ചായത്തിൽ 4840 കുട്ടികൾ പഠിക്കുന്നുണ്ട്. 173 അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്. ഇതിനും പുറമെ പിറവം പഞ്ചായത്തിൽ നിന്നും മറ്റു പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന വെളിയനാട് H.S, ആരക്കുന്നം H.S, പാമ്പാക്കുട H.S, പെരുവ H.S, വെള്ളൂർ കേന്ദ്രീയ വിദ്യാലയം എന്നീ പഠന സ്ഥാപനങ്ങളിലേക്ക് ഈ പഞ്ചായത്ത് അതിർത്തിയിൽ നിന്നും 600 കുട്ടികൾ പഠിക്കുന്നതിന് പോകുന്നുണ്ട്. ഒന്നാം വാർഡിൽ നിന്ന് 1 കിലോ മീറ്റർ, 2-ാം വാർഡിൽ നിന്ന് 1 കിലോ മീറ്റർ, 10-ാം വാർഡിൽ നിന്ന് 6 കിലോ.മീറ്റർ, 11-ാം വാർഡിൽ നിന്ന് 7 കിലോ മീറ്റർ. ദൂരവും യാത്രചെയ്താണ് പിറവം H.S ൽ പഠിക്കുവാൻ പോകുന്നത് . 10 ഉം. 11 ഉം വാർഡുകളിൽ ബസ് സൗകര്യം കുറവാണ്.

S.S.L.C വിജയികളുടെയും, വിജയ ശതമാനത്തിൻെറയും വിശദാംശങ്ങൾ താഴെ 2-ാം നമ്പർ പട്ടികയിൽ ചേർക്കുന്നു.

| നമ്പർ | സ്കൂളിൻെറ പേര് | പരീക്ഷയിൽ ചേർന്നവർ | ജയിച്ചവർ | വിജയശതമാനം |
|---|---|---|---|---|
| 1 | MKM H.S. പിറവം | 152 | 150 | 98.68% |
| 2 | സെൻറ് ജോസഫ് H.S പിറവം | 145 | | 70.3% |
| 3 | ഗവ. H.S പിറവം | 416 | | 40.2% |
| 4 | ഫാത്തിമമാതാ ഇംഗ്ലീഷ് മീഡിയം | 71 | 71 | 100% |
| 5 | ഗവ. H.S നാമക്കുഴി | 111 | 47 | 42% |

## നിർദ്ദേശങ്ങൾ

1 പിറവം ആസ്ഥാനമായി ഒരു ആർട്ട്സ് & സയൻസ് കോളേജ് സ്ഥാപിക്കുക.

2 വിദ്യാഭ്യാസ ഉപജില്ലാ ആസ്ഥാനമായ പിറവത്തേയ്ക്ക് ഗതാഗത സൗകര്യങ്ങൾ കുറവുള്ള വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് സ്കൂൾ ബസ്സ് ആരംഭിക്കുക.

3. ശാസ്ത്രസാങ്കേതിക പരിജ്ഞാനത്തിനുതകുന്ന തരത്തിലുള്ള പരീക്ഷണശാലകൾ, മാപ്പുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് തലത്തിൽ നൽകുക. ഇതിനായി അദ്ധ്യയനവർഷത്തിനു മുമ്പായി പ്രധാന അദ്ധ്യാപകരുടെ യോഗം പഞ്ചായത്ത് തലത്തിൽ വിളിച്ചു കൂട്ടാനുള്ള അധികാരം സുരക്ഷാസമിതിക്ക് നല്കുക.

4. ഉപരിപഠനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക.

5. ഒൻപതു വർഷം പഴക്കമുള്ള അർദ്ധ സർക്കാർ തലത്തിലുള്ള സഹകരണ കോളേജിൻെറ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഡിഗ്രി തലത്തിലുള്ള വിദ്യാഭ്യാസത്തിന് മുൻതൂക്കം നല്കുക.

6. പാരലൽ കോളെജിൽ അദ്ധ്യാപകർക്കുവേണ്ട മിനിമം യോഗ്യത നിശ്ചയിക്കുകയും, ഫീസ് നിരക്കുകൾ ഏകീകരിക്കുകയും ചെയ്യുക. ഇവർക്കായി പഞ്ചായത്ത് തലത്തിൽ യുവജനോത്സവങ്ങൾ നടത്തുകയും വേണം.

7. പഞ്ചായത്തിലെ എല്ലാ പാരലൽ കോളേജുകളും രജിസ്റ്റർ ചെയ്യുകയും അവിടത്തെ അദ്ധ്യാപകർക്ക് മിനിമം ശമ്പളം ഏർപ്പെടുത്തുകയും വേണം.

8. സർക്കാർ സ്കൂളിൽ നിന്ന് S.S.L.C യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്കും, പ്രീഡിഗ്രി, ഡിഗ്രി, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയിൽ ഏറ്റവും മികച്ച വിദ്യാർത്ഥിക്ക് ഒരു സ്ഥിരം എൻഡോവ്മെൻറ് പഞ്ചായത്ത് ഏർപ്പെടുത്തുക.

9. വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകളിൽ ലൈബ്രറി റീഡിംഗ് റൂം, പ്രവർത്തനം കാര്യക്ഷമമാക്കുക.

10. കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്ക് അതിനായി സ്ഥലം അക്വയർ ചെയ്യുക.

11. പാരലൽകോളേജുകൾക്കും, സാങ്കേതികസ്ഥാപനങ്ങൾക്കുമായി ഒരു കോളേജ് ഗ്രൗണ്ട് അനുവദിക്കുക. ഇതിനായി സ്വകാര്യവ്യക്തികളെയൊ, കമ്പനികളെയൊ സമീപിക്കാവുന്നതാണ്.

12. സ്കൂൾ അദ്ധ്യാപകർക്കായി അദ്ധ്യയന വർഷത്തിനുമുമ്പായി റിഫ്രഷർ കോഴ്സുകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

13. പിറവം കേന്ദ്രീകരിച്ച് ഒരു അദ്ധ്യാപക പരിശീലന കേന്ദ്രം സ്ഥാപിക്കുക.

14. തയ്യൽ ക്ലാസുകളിലേയും, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും വിദ്യാർത്ഥികളെ ടെക്നിക്കൽ വിദ്യാർത്ഥികളായി അംഗീകരിക്കുക.

## PANCHAYATH EDUCATIONAL SAFETY COUNCIL (PESC)
## പഞ്ചായത്ത് വിദ്യാഭ്യാസ സുരക്ഷാസമിതി

സ്കൂളുകളിലെ P.T.A യുടെ പ്രവർത്തനം പലയിടത്തും ആശാവഹമല്ല. സ്കൂൾ കോളെജ് തലങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു വിദ്യാഭ്യാസ സുരക്ഷാസമിതി രൂപീകരിക്കുക. പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലേയും പ്രാധാന അദ്ധ്യാപകരോ അല്ലെങ്കിൽ അവർ നോമിനേറ്റു ചെയ്യുന്ന ആളോ സ്കൂൾ/ കോളെജ് പ്രതിനിധിയായിരിക്കും. കൂടാതെ മികച്ച റിട്ടയേർഡ് അദ്ധ്യാപകരും വിദ്യാഭ്യാസ ഉപജില്ലാ മേധാവിയും ഇതിൽ അംഗങ്ങളായിരിക്കണം.

സ്കൂൾ കോളെജ് തുടങ്ങിയവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ഈ സമിതി ഉറപ്പാക്കേണ്ടതാണ്. പാഠപുസ്തകങ്ങളും, നോട്ട് ബുക്കുകളും, വിദ്യാർത്ഥികൾക്കാവശ്യമായ മറ്റ് സാമഗ്രികളും നൽകുന്നതിന് ഈ സമിതിയെ ചുമതലപ്പെടുത്തുക.

ഓരോ സ്കൂളുകളിലും, കോളേജുകളിലും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും പാഠ്യേതര വിഷയപരിപാടികൾ സംഘടിപ്പിക്കണം. ഇത് പ്രതിമാസ പരിപാടികളായിട്ടുവേണം നടത്താൻ. എക്സിബിഷനുകൾ, ചർച്ചാക്ലാസുകൾ, സെമിനാറുകൾ, യുവജനോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഈ സമിതി ആയിരിക്കണം. പാരലൽ കോളെജുകളിലെ വിദ്യാഭ്യാസനിലവാരം പ്രത്യേകം ഉറപ്പുവരുത്തണം.

മികച്ച വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അവാർഡുകൾ നല്കുന്നതിനുള്ള ചുമതല വിദ്യാഭ്യാസ വികസന സമിതിക്കായിരിക്കണം. ഗതാഗത സൗകര്യം കുറവായ സ്ഥലങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുകയും അതിൻെറ ഉത്തരവാദിത്വം സമിതി ഏല്ക്കുകയും വേണം.

21-ാം നൂറ്റാണ്ടിലേക്ക് ജീവിക്കുവാനുള്ള ധൈര്യവും, കഴിവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കേണ്ട അതിസങ്കീർണ്ണവും, ഗൗരവമേറിയതുമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സുരക്ഷാസമിതി ഏറ്റെടുക്കേണ്ടതാണ്.

ആധുനിക സമൂഹത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെ കണക്കിലെടുത്ത് വിദ്യാഭ്യാസ സുരക്ഷാസമിതിക്ക് അർഹിക്കുന്ന പരിഗണന പഞ്ചായത്ത് തലത്തിൽ നല്കണം. പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്തായിരിക്കണം ആഫീസും അതിൻെറ പ്രവർത്തനവും. ഒരു മുഴുവൻ സമയ(Paid Secretary) സെക്രട്ടറിയെ ദൈനംദിന കാര്യങ്ങൾക്കായി നിയമിക്കണം.

## ഭവന നിർമ്മാണം

**ആകെ വീടുകളുടെ എണ്ണം -** 5511. **കുടിലുകൾ** -845 **വാടകക്കാർ** -1270

സാധാരണക്കാരാണു കൂടുതലായുള്ളത്. തന്നിമിത്തം ഓട്മേഞ്ഞ വീടുകളാണധികം.

### ധനകാര്യവായ്പാസ്ഥാപനങ്ങൾ

K.S.F.E ഹൗസിംഗ് സൊസൈറ്റി, എന്നിവയെ കൂടാതെ S.B.T. ഫെഡറൽ ബാങ്ക് , സഹകരണബാങ്ക് മുതലായ ധനകാര്യസ്ഥാപനങ്ങളും ഭവനനിർമ്മാണ വായ്പകൾ നല്കുന്നുണ്ട്.

ഓരോ വാർഡിൽ നിന്നും ഗ്രാമസഭ വഴി കിട്ടിയിട്ടുള്ള കണക്കനുസരിച്ച് ഭവനരഹിതരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| വാർഡ് | കുടിലുകൾ | റോഡ് പുറംപോക്കിൽ താമസം | വാടകക്കാർ |
|---|---|---|---|
| 1 | 96 | 5 | |
| 2 | 87 | 7 | |

| വാർഡ് | കുടിലുകൾ | റോഡ് പുറംപോക്കിൽ താമസം | വാടകക്കാർ |
|---|---|---|---|
| 3 | 74 | 9 | |
| 4 | 82 | 3 | |
| 5 | 78 | 7 | |
| 6 | 46 | 47 | |
| 7 | 69 | 4 | |
| 8 | 92 | 5 | |
| 9 | 69 | 3 | |
| 10 | 67 | 4 | |
| 11 | 85 | 2 | |
| ആകെ | 845 | 96 | 1270 |

രണ്ടായിരാമാണ്ടോടെ പിറവം പഞ്ചായത്തിൽപ്പെട്ട എല്ലാ ഭവനരഹിതർക്കും സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടണം. ഇതിനായി 3000 വീടുകൾ പണിയേണ്ടതുണ്ട്.

**പഞ്ചായത്തിൽപ്പെട്ട കോളനികളുടെ വിവരം താഴെ**

1. പള്ളിക്കുന്നു കോളനി (വാർഡ് 1)
2. അയ്യൻകാളി കോളനി (വാർഡ് 7)
3. കാരമല ലക്ഷംവീടുകോളനി നാമക്കുഴി (വാർഡ് 2)
4. ലക്ഷം വീട് കോളനി (വാർഡ് 5)
5. ഹരിശ്രീ കോളനി (വാർഡ് 8)
6. അയ്യൻകാളി കോളനി (വാർഡ് 8)
7. ഇട്ട്യാർമല കോളനി (വാർഡ് 11)
8. പോങ്ങുംമല കോളനി (വാർഡ് 11)
9. സ്കൂൾമല കോളനി (വാർഡ് 11)
10. കോട്ടപ്പുറം കോളനി (വാർഡ് 11)
11. ലക്ഷംവീട് കോളനി (വാർഡ് 11)
12. ഹരിജൻകോളനി പാഴൂർ (വാർഡ് 9)
13. ലക്ഷംവീട് കോളനി (വാർഡ് 3)

കോളനിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

ഓരോ കോളനികൾക്കും സ്വന്തമായി സാംസ്കാരിക നിലയവും കളിസ്ഥലവും നിർമ്മിക്കണം. കോളനികൾക്ക് പൊതു കളിസ്ഥലവും പൊതുപരിപാടികൾ നടത്തുന്നതിന് മിനിഹാളും നിർമ്മിക്കുന്നത് കൂടുതൽ ഗുണകരമാവും.

## വായ്പാ പദ്ധതി

സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിൻെറയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ഭൂമിയുണ്ടായിട്ടും വീട് വെയ്ക്കാൻ കഴിയാത്തവർക്കായി രണ്ടുതരം ഭവന നിർമ്മാണ പദ്ധതികൾ വിഭാവന ചെയ്യണം. തിരിച്ചടയ്ക്കേണ്ട വായ്പയും തിരിച്ചടയ്ക്കേണ്ടാത്ത വായ്പയുമാണിത്.

### ഭവനരഹിതർ

തെരുവോരങ്ങളിൽ താമസിക്കുന്ന ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി 8 ഏക്കർ ഭൂമി വാങ്ങി മൂന്നു സെൻറ് വീതം ഓരോ കുടുംബത്തിനും നല്കാനുള്ള നടപടികൾ കൈക്കൊള്ളണം. ഭൂമിയും അതോടൊപ്പം വീടും നിർമ്മിച്ചു കൊടുക്കുന്ന ഈ തീവ്രകർമ്മപരിപാടിപഞ്ചായത്തിൻെറ ഇപ്പോഴത്തെ ഭരണ സമിതികാലത്ത് തന്നെ പൂർത്തിയാക്കുകയും വേണം.

നാമമാത്രമായി ഇപ്പോൾ ഭൂമിയുള്ളവരും എന്നാൽ വിഭജിക്കാൻ മാത്രം ഭൂമിയില്ലാത്തവരുമായ ഭൂരഹിതരെയും ഭവനമോ ഭൂമിയോ ഇല്ലാത്തവരെയും ഈ പദ്ധതിയിൻ കീഴിലുള്ള ഭവനരഹിതരുടെ പട്ടികയിലുൾപ്പെടുത്തേണ്ടതാണ്.

### കുടിലുകൾ

ഇപ്പോൾ കുടിലുകളിൽ താമസിക്കുന്നവർക്ക് അവ പുതുക്കിപണിയുന്നതിന് പഞ്ചായത്തു തലത്തിൽ ധനസഹായം നൽകണം.

നിശ്ചിത വരുമാനക്കാർക്കും താഴ്ന്നവരുമാനക്കാർക്കും വിവിധ രീതികളിലുള്ള വായ്പാപദ്ധതികൾ ഭവനനിർമ്മാണത്തിനായി നൽകണം.

നിലവിലുള്ള ഭവന നിർമ്മാണ വായ്പാ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കേണ്ടവർ ഇന്ന് അഭിമുഖീകരിക്കുന്ന നിയമതടസ്സങ്ങൾ മാറ്റി വായ്പാതുകയ്ക്കുവേണ്ടിയുള്ള നടപടികൾ ലഘുകരിക്കുകയും ലളിതമാക്കുകയും ചെയ്യുക.

### ചിലവു കുറഞ്ഞ വീടുകൾ

സാങ്കേതിക വിദഗ്ദരുടെ സഹായത്തോടെ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന ഏജൻസികളുടെ യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുകയും അവരുടെ പ്രവർത്തനം വ്യാപകമാക്കുകയും ചെയ്യുക. വീട് ആവശ്യമാണ് ആർഭാടമല്ല എന്നതായിരിക്കണം ഇവരുടെ കർമ്മ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ബഹുജന ബോധവത്കരണവും നടത്തേണ്ടതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപദ്ധതികളോ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളോ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ. വിധവാ പെൻഷൻ, സ്വാതന്ത്ര്യസമര പെൻഷൻ തുടങ്ങി നിരവധി പെൻഷനുകൾക്ക് അർഹരായവർ പഞ്ചായത്തിലുണ്ട്. നിയമത്തിൻെറ നൂലാമാലകളിൽ കുടുങ്ങി ഇവർക്കാർക്കും പെൻഷൻ കിട്ടാറില്ല. പെൻഷൻ വിതരണ ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കുന്നത് നന്നായിരിക്കും. അർഹരായവരെ കണ്ടെത്തി പെൻഷൻ വിതരണം ചെയ്യണം.

#### അംഗൻവാടികൾ

കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ബാലവാടികൾ ഇല്ലെന്നു തന്നെ പറയാം ഐ.സി.ഡി.എസിൻെറ കീഴിലുള്ള അംഗൻവാടികളൊന്നും പഞ്ചായത്തിൽ ഇല്ല. പാമ്പാക്കുട ബ്ലോക്കിൻെറ പരിധിയിലാണ് ഈ പഞ്ചായത്ത്. ഓരോ വാർഡിലും അംഗൻവാടികൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഇനിയും നടപ്പാക്കിയിട്ടില്ല. ഇതിനു വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്.അനന്തര നടപടികൾ ഉടനെ പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. കാരണം ശിശുപരിപാലനം മാത്രമല്ല അംഗൻവാടികളുടെ ലക്ഷ്യം. പ്രതിരോധകുത്തിവയ്പുകൾ യഥാസമയം നടപ്പാക്കുക, ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, പോഷകാഹാരവും നിർദ്ദേശങ്ങളും നൽകുക എന്നീകാര്യങ്ങളെല്ലാം അംഗൻവാടി ജീവനക്കാർ ചെയ്യുന്നതാണ്. അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഓരോ വാർഡിലും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കെട്ടിടങ്ങളും ലഭ്യമാണ്. ഡേ കെയർ സെൻറർ കൂലിപ്പണിക്കാരായ വീട്ടമ്മമാർ കൂടുതലുള്ള സ്ഥലങ്ങളിൽ, രാവിലെ ഏഴുമണി

മുതൽ വൈകിട്ട് ഏഴുമണിവരെ പ്രവർത്തിക്കുന്ന ഓരോ ഡേകെയർ സെൻറർ സ്ഥാപിക്കണം. വിദ്യാസമ്പന്നരായ രണ്ടു പെൺകുട്ടികൾക്ക് വീതം ഇതുവഴി തൊഴിൽ കൊടുക്കാനാവും. ഉപഭോക്തൃ വിദ്യാഭ്യാസം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഉപഭോകൃത വിദ്യാഭ്യാസം നൽകണം. ഈ വിദ്യാകേന്ദ്രങ്ങൾ വഴി സാക്ഷരതാ തുടർപരിപാടിയിൽ ഉൾപ്പെടുത്തി നല്കാവുന്നതാണ്.

## വായനശാല

പഞ്ചായത്തിലാകെ അഞ്ചു വായനശാലകളുണ്ട്. ഇവയുടെ ഇപ്പോഴത്തെ സ്ഥിതി പരിഷ്കരിക്കണം. പൊതു ജനങ്ങൾക്കും കുട്ടികൾക്കും പ്രയോജനപ്പെടത്തക്ക നിലയിലുള്ള പുസ്തകങ്ങൾ ലഭ്യമാകണം. ലൈബ്രറികളെ കേന്ദ്രീകരിച്ച് സെമിനാറുകൾ ചർച്ചകൾ എന്നിവ പ്രതിമാസ പരിപാടികളാക്കി നടത്തണം.

ജനവിദ്യാകേന്ദ്രങ്ങൾ: രണ്ടെണ്ണമുണ്ട്. അവയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചരീതിയിലാണ്. തുടർ സാക്ഷരതാപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. പഞ്ചായത്തിലെ ഇനിയുമുള്ള നിരക്ഷരരായ ജനങ്ങളെ കണ്ടുപിടിച്ച്. സാക്ഷരരാക്കാനുള്ള പുതിയപരിപാടി ആസൂത്രണം ചെയ്യണം.

### റോഡുകൾ

പിറവം പഞ്ചായത്തിലെ റോഡുകളുടെ നില അത്യന്തം ശോചനീയമാണ്. റോഡിൻെറ ഇരുസൈഡുകളിലും ഓടകൾ നിർമ്മിച്ച് റോഡിൻെറ സുരക്ഷിതത്വം ഉറപ്പുവരുത്തണംയ വീതുകുറവുള്ള ഭാഗങ്ങളിൽ കൂടുതൽ സ്ഥലം റോഡിനായി എടുത്ത് വിപുലമായ ഗതാഗത സൗകര്യം ഉണ്ടാക്കണം.

### ആരോഗ്യ സംരക്ഷണം

ആരോഗ്യപരിപാലനത്തിൽ പഞാചയത്തിലെ ജനങ്ങൾ പുറകിലാണ്. പിറവം ഗവൺമെൻറ് ആശുപത്രിയല്ലാതെ വേറേ ആശ്രയകേന്ദ്രം ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ ഡിസ്പെൻസറികൾ സ്ഥാപിക്കണം.

### പുഴയോരം കെട്ടിസംരക്ഷിക്കണം

എട്ടാം വാർഡിൽ പറപ്പിണി പറമ്പു വൈയ്പുമുതൽ മണിമല വൈയ്പുവരെ തീരപ്രദേശം പുഴയിലേക്ക് ഇടിയുന്നത് പലവീടുകൾക്കും ഭീഷണിയാണ്. പുഴയുടെ സൈഡുകെട്ടുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണം. കുലത്തൊഴിൽ പഞ്ചായത്തതിർത്തിയിലുള്ള മൂവാറ്റുപുഴയാറിൻെറ തീരത്തു താമസിക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങളെ ഒരു കോളനിയായി അംഗീകരിച്ച് മൽസ്യഫെഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കണം. പരമ്പരാഗതമായി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നവർക്ക് വലയും മറ്റു സാമഗ്രികളും വാങ്ങാൻ വേണ്ട സഹായം നൽകണം. ഇപ്പോ തൊഴിലിൽ നിന്നും മാറി നിൽക്കുന്ന ഇവരെ കുലത്തെഴിലിലേക്ക് മടക്കിക്കൊണ്ടുവരണം.

സാംസ്കാരീക നിലയങ്ങൾ : പരമ്പരാഗതകലകൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നടപടിയെടുക്കണം. യുവജനസംഘടനകളും മഹിളാസമാജങ്ങളും, നിലവിലുള്ളവ പരിഷ്കരിക്കുകയും പുതിയവ രൂപീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

### കൃഷി

സാധാരണക്കാരായ കൃഷിക്കാർക്കുവേണ്ടി കൃഷിഭവൻെറ കീഴിൽ മെച്ചപ്പെട്ട സാങ്കേതികോപദേശങ്ങൾ നൽകണം. കൃഷിചെയ്യുന്നതിനാവശ്യമായ വിത്തിനങ്ങൾ വളം, പമ്പ്സെറ്റ് മുതലായവ വാങ്ങുന്നതിനുവേണ്ടി സബ്സിഡിയോടെ ധനസഹായം ചെയ്തുകൊടുക്കുക.

## സാംസ്കാരികം

ഹൈന്ദവരും ക്രൈസ്തവമത വിഭാഗങ്ങളും സാമൂഹിക സൗഹാർദ്ദത്തോടെ കഴിയുന്ന അന്തരീക്ഷം പ്രയോജനകരമായ വിധത്തിൽ മുന്നോട്ടു നയിച്ചാൽ സാംസ്കാരിക രംഗത്തിന് അമൂല്യസംഭാവന നൽകാൻ കഴിയും. നമ്മുടെ സാംസ്കാ

രീക ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈസ്റ്ററിനോടനുബന്ധിച്ചു നടക്കുന്ന നേർച്ചപ്പെരുന്നാൾ ഇവിടുത്തെ വളരെ പ്രസിദ്ധിയാർജജിച്ച ആഘോഷപരിപാടികളിലൊന്നാണ്. വളരെ അകലങ്ങളിൽ നിന്നു പോലും തീർത്ഥാടകർ ഇവിടെ ഇതിനായി വന്നു പോകുന്നുണ്ട്. പിറവം പള്ളി പെരുന്നാളും, പാഴൂർ മഹാശിവരാത്രിയും, കളമ്പൂക്കാവ് തൂക്കവുമെല്ലാം ജനശ്രദ്ധയാകർഷിച്ചുകൊണ്ട് നമ്മുടെ സാംസ്കാരിക ചരിത്രവുമായി ഗാഢബന്ധം പുലർത്തി നിലനില്ക്കുന്നു.

പാഴൂർ ക്ഷേത്രത്തിനു സമീപം മൂവാറ്റുപുഴയാറിൻെറ തീരത്ത് ബുധശുക്രന്മാരുടെ സാന്നിദ്ധ്യം കൊണ്ട് പരിപാവനമെന്ന് ചരിത്രം രേഖപ്പെടുത്തുന്ന ലോകപ്രശസ്തിയാർജ്ജിച്ച പാഴൂർ പടിപ്പുരയിലെ ജോതിഷ കേന്ദ്രവും അവിടുത്തെ വിലപ്പെട്ട ഗ്രന്ഥ ശേഖരവും കാലം നൽകിയ അമൂല്യനിധികളാണ്.

ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കിയാൽ പല അനുഷ്ഠാന കലകളുടെയും വിളഭൂമിയായി മാറിയ നമ്മുടെ ഗ്രാമങ്ങൾ സാമൂഹികാന്തരീക്ഷത്തിൽ ചൈതന്യവത്തായ ഒരു നവസംസ്കാരത്തിൻെറ ശോഭപരത്തി മുന്നേറുമെന്നുള്ളതു തീർച്ചയാണ്.

ആകെ വാർഡുകളുടെ എണ്ണം. - 11

സാമൂഹ്യസാംസ്കാരിക സന്നദ്ധസംഘടനകളുടെ എണ്ണം. - 37

തനതു പ്രഭാവത്തോടു കൂടിയവ

| സംഘം ഫൈനാർട്സ് | അത്ലറ്റിക് ക്ലബ് | പ്രയസ്സ് | NYF |
|---|---|---|---|

സാംസ്കാരിക സംഘടനകളുടെ എണ്ണത്തിൽ പെരുപ്പമുണ്ടെങ്കിലും പ്രവർത്തനത്തിൽ എല്ലാം പിന്നോക്കം പോകുന്നു. മുകളിൽ പ്രസ്താവിച്ച സംഘടനകളെ കൂടാതെ ഒന്നും തന്നെ കലാകായിക പ്രസ്ഥാനങ്ങൾക്ക് ഉത്തേജനം നല്കുവാൻ കഴിയുന്ന വളക്കൂറുള്ള സാമൂഹ്യാന്തരീക്ഷത്തിൽ പോലും നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. വാർഷികാഘോഷങ്ങളും ഓണപരിപാടികളും കൊണ്ട് അവയുടെ സാന്നിദ്ധ്യം അറിയിക്കുന്നുവെന്നു മാത്രം.

ഈയൊരു സാഹചര്യത്തിൽ, പഞ്ചായത്തുതലത്തിൽ, കലാകായിക സംസ്കാരിക രംഗത്ത് നവോത്ഥാന പ്രസ്ഥാനത്തിന് തുടക്കം കുറിക്കണം.

## കായികരംഗം

ദേശീയ സംസ്ഥാനരംഗത്ത് ശ്രദ്ധിക്കപ്പെട്ട നിരവധി കായികപ്രതിഭകളെ സംഭാവനചെയ്തനാടാണിത്. വനിതാ വോളീബോളിൻെറ ഈറ്റില്ലമെന്നറിയപ്പെടുന്ന നാമക്കുഴി പിറവം പഞ്ചായത്തിൽ രണ്ടാം വാർഡിലാണ്. അർജ്ജുനാ അവാർഡു ജേതാവായ ശ്രീമതി. കെ.സി. ഏലമ്മയുടെ നേതൃത്വത്തിൽ നമക്കുഴി സിസ്റ്റേഴ്സ് ദേശീയ വനിതാ വോളീബോളിലെ സുവർണ്ണതാരങ്ങളായി തിളങ്ങിയിരുന്നു. സ്പോർട്ട്സിലും ഗെയിംസിലും സംസ്ഥാനത്തേയും യൂണിവേഴ്സിറ്റിയേയും പ്രതിനിധീകരിക്കുന്ന നിരവധി താരങ്ങൾ നമുക്കഭിമാനിക്കാൻ ഇപ്പോഴുണ്ട്. ഈപാരമ്പര്യങ്ങളുടെ തുടർച്ച പോലെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തി കായികരംഗത്തുള്ള പ്രതിഭകളുടേയും പ്രവർത്തകരുടേയും മുഴുവൻ ശേഷിയും സമാഹരിച്ചുകൊണ്ട് യുക്തമായ ഒരു പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിഞ്ഞാൽ ദേശീയ കായികലോകത്തിന് മുതൽ കൂട്ടായി മാറാൻ കഴിയും.

### പിറവം പഞ്ചായത്ത് സ്പോർട്സ് അതോറിട്ടി

ഈ പഞ്ചായത്തിലെ മുഴുവൻ സ്പോർട്സ്, ഗെയിംസ് പ്രവർത്തനങ്ങളുടേയും നിയന്ത്രണം പഞ്ചായത്തിൻെറ കീഴിൽ രൂപീകരിക്കുന്ന പഞ്ചായത്ത് സ്പോർട്സ് അതോറിട്ടിയുടെ ചുമതലയിലായിരിക്കണം. മികച്ച കായിക പ്രവർത്തകർ അത്ലറ്റുകൾ, കോച്ചുകൾ, കായികഅദ്ധ്യാപകർ തുടങ്ങിയവരുടെ പ്രതിനിധികൾ കമ്മറ്റിയിൽ ഉണ്ടായിരിക്കണം.

നിയമാവലിയുടെ ടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ അതോറിട്ടിയ്ക്ക് മുഴുവൻ സമയ സെക്രട്ടറിയും ഓഫീസും പഞ്ചായാത്ത് കായിക പരിശീലന കേന്ദ്രവും ഉണ്ടാവണം.

## പഞ്ചായത്ത് കായിക പരിശീലന കേന്ദ്രം

ചെറുപ്പത്തിലെ തന്നെ കായികതാരങ്ങളെ കണ്ടെത്തി. സ്ഥിരമായ പരിശീലനം നല്കുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് പദ്ധതി ഉണ്ടാവണം. പഞ്ചായത്തിലെ സ്കൂളുകൾ കോച്ചിംഗ് ക്യാമ്പിൻെറ യൂണിറ്റുകൾ ആയിരിക്കണം. എല്ലാദിവസവും പരിശീലനം നടത്തണം.രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തടിസ്ഥാനത്തിൽ പൊതു പരിശീലനകേന്ദ്രത്തിൽ കായികതാരങ്ങൾ ഒത്തുകൂടി പരിശീലനംനടത്തണം. ഓരോ കായികതാരത്തിൻേറയും വളർച്ചയെ പ്രോത്സാഹിപ്പിക്കാൻ മുഖ്യ പരിശീലന കേന്ദ്രത്തിൻെറ സഹായം ലഭ്യമാക്കണം. മൂന്നു മാസത്തിലൊരിക്കൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രതിഭകളുടെ മത്സരങ്ങൾ നടത്തേണ്ടതും പ്രോത്സാഹനസമ്മാനങ്ങളും പ്രത്യേക സ്കോളർഷിപ്പുകളും ഏർപ്പെടുത്തേണ്ടതുമാണ്. പരിശീലകരായി റിട്ടയേർഡ് കായികാദ്ധ്യാപകർ പ്രധാന കായികപ്രവർത്തകർ എന്നിവരുടെ സേവനം ലഭ്യമാക്കണം.

## അവധികാല ക്യാമ്പുകൾ

പഞ്ചായത്ത് കായികകേന്ദ്രത്തിൻെറ കീഴിൽ അവധിക്കാലങ്ങളിൽ പ്രത്യേക കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം. പഞ്ചായത്ത് സ്പോർട്ട്സ്, ഗെയിംസ് മേളകൾ - വർഷത്തിലൊരിക്കലെങ്കിലും വിദ്യാർത്ഥികൾക്കും മറ്റു പൊതുജനങ്ങൾക്കും വേണ്ടി പഞ്ചായത്തു തലത്തിൽ വാർഷിക സ്പോർട്ട്സ്, ഗെയിംസ് മേളകൾ സംഘടിപ്പിക്കണം.

## ടൂർണമെൻറുകൾ

കായികരംഗത്തിൻെറ വളർച്ചയ്ക്കുവേണ്ടി നിലവാരമുള്ള ടൂർണമെൻറുകൾ സംഘടിപ്പിക്കണം. വോളീബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ ഇനങ്ങളിൽ ടൂർണമെൻറുകൾ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന ദേശീയതലങ്ങളിലേക്ക് താരങ്ങളെ വളർത്തിയെടുക്കാൻ പരിശ്രമിക്കണം.

## സ്റ്റേഡിയം, സ്കൂൾ കളിക്കളങ്ങൾ

വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു പൊതുസ്റ്റേഡിയം സ്കൂളുകളുടെ കളിക്കളങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം.

## പഞ്ചായത്ത് കായിക പരിശീലന കേന്ദ്രം.

സ്പോർട്ട്സ് കൗൺസിലിൻെറ സഹായത്തോടെ ചെറുപ്പത്തിലേ തന്നെ പിടികൂടി കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കാനുള്ള ഒരു പരിശീലന കേന്ദ്രം ഉണ്ടാവണം. എല്ലാ ഇനങ്ങളിലും കായികാധ്യാപകരുടെ നേതൃത്വത്തിൽ സ്ഥിരം കോച്ചിംഗ് ഇവിടെ ഉണ്ടാകണം. കായിക പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിന് വേണ്ടി അതാത് രംഗത്തെ പ്രഗല്ഭരായ പലരുടേയും സേവനം വിട്ടുകിട്ടും. അർജ്ജുന അവാർഡു ജേതാവായ കെ.സി. ഏലമ്മ, കേരളയൂണിവേഴ്സിറ്റി കോച്ചായ ജോയി തോമസ്, വെറ്ററൻസ് മീറ്റ് സംസ്ഥാന ജേതാവും മികച്ച കായികാധ്യാപകനുമായ ജോസ് സഖറിയ, നാമക്കുഴി സിസ്റ്റേഴ്സ്, ലാൽ കളമ്പൂർ എന്നിവരെ ഉപയോഗിക്കാവുന്നതാണ്.

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി വർഷത്തിലൊരിക്കൽ സ്പോർട്ട്സ് ഗെയിംസ് മീറ്റ് സംഘടിപ്പിക്കണം. കായികവാരമായിട്ടായിരിക്കണം. ഇതിൻെറ സംഘാടകർ സ്പോർട്സ് കൗൺസിലും പഞ്ചായത്തും നേരിട്ടുതന്നെയായിരിക്കണം.

## കലാ പഠനകളരി

കലയേയും സംസ്കാരത്തേയും സംബന്ധിച്ച് കലാഭിരുചിയുള്ള ആളുകളുടെ ഇടയിൽ നിന്നും ഉയർന്നു വരുന്ന വിദഗ്ദോപദേശങ്ങളെയും ഉൾപ്പെടുത്തി കലാപഠനകളരി പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. ഈ പഠന കളരി പരിചയം സിദ്ധിച്ച് ഒരു ഡയറക്ടർ ബോർഡിന് കൈമാറണം. പ്രത്യേകമായി ഭരണഘടന തയാറാക്കി അതിൻെറ അടിസ്ഥാനത്തിൽ ആയിരിക്കണം ഭരണസമിതി പ്രവർത്തിക്കേണ്ടത്.

നാടൻ കലകളിലും ശാസ്ത്രീയ കലകളിലും മറ്റ് പ്രാചീന കലകളിലും പരിചയസമ്പന്നത സിദ്ധിച്ച ഒട്ടേറെ കലാകാരൻമാർ ഈ പഞ്ചായത്തിലുണ്ട്. അവരുടെ കൂടി സഹായത്താൽ ഇന്ന അന്യമായിക്കൊണ്ടിരിക്കുന്ന നാടൻകലകളിലും

ശാസ്ത്രീയകലകളിലും മികച്ച ശിക്ഷണം നൽകാൻ കഴിയും, ശാസ്ത്രീയ സംഗീതത്തിൽ വായ്പാട്ട്, ഉപകരണസംഗീതം എന്നിവയിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി പ്രത്യേക ക്ലാസ്സുകൾ ശനി, ഞായർ മറ്റവധി ദിവസങ്ങൾ നോക്കി ഈ പഠന കളരിയിൽ സജ്ജീകരിക്കണം. യോഗ്യരാവയുടെ സഹായം ഇതിനു ലഭ്യമാക്കണം.

മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു ഓഫീസും ഒരു സെക്രട്ടറിയും ഈ പഠന കളരിക്കാവശ്യമാണ്. കമ്മ്യൂണിറ്റി ഹാളിൽ ഇതിനായി ഒരു മുറി ഒരുക്കാൻ കഴിയും.

## പൊതു ലൈബ്രറി

കലകളെ സംബന്ധിച്ച് അക്കാദമിക് തലത്തിൽ ധിഷണാപരമായ പ്രവർത്തനം നടത്തുന്നതിനും വൈജ്ഞാനിക മേഖലയിലുള്ള പഠനത്തിനും വേണ്ടി ഒരു ആധുനിക ലൈബ്രറി സംവിധാനം ആവശ്യമാണ്. ലോക സാഹിത്യത്തേയും ഇന്ത്യൻ സാഹിത്യത്തേയും പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ ഇന്നത്തെ സമകാലീനാവസ്ഥകളെ അപഗ്രഥിക്കുന്ന പുസ്തകങ്ങൾ ശാസ്ത്രീയ ഗ്രന്ഥങ്ങൾ, ചരിത്രപുസ്തകങ്ങൾ, അക്കാദമിക് തലത്തിലുള്ള റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഈ ലൈബ്രറി സംവിധാനത്തിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലൈബ്രറിയെ മുഖ്യലൈബ്രറിയായി തിരഞ്ഞെടുത്തുകൊണ്ടും അതിൻെറ കീഴിൽ വരുന്ന ഇതര വാർഡുകളിലെ ലൈബ്രറികളെ സബ് ലൈബ്രറികളായും അംഗീകരിക്കണം. രണ്ടു വാർഡുകളിൽ ഒന്ന് എന്ന നിലയിൽ സബ് ലൈബ്രറികളുടെ എണ്ണം നിജപ്പെടുത്തണം. ഇവർക്കായി പഞ്ചായത്ത് തലത്തിൽ ഗ്രാൻറുണ്ടാകണം. യോഗ്യരായ ലൈബ്രേറിയന്മാരുടെ പ്രവർത്തനം സബ്‌ലൈബ്രറികൾക്കും ലഭ്യമാക്കണം. പൊതു ലൈബ്രറി കേന്ദ്രീകരിച്ച് സെമിനാറുകൾ, സിംപോസിയങ്ങൾ, ചർച്ചകൾ എന്നിവ പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കണം.

**ഇപ്പോൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ.**

1. കാൾസ് പബ്ലിക് ലൈബ്രറി ആൻറ് റീഡിംഗ് റൂം. ഇടപ്പള്ളിച്ചിറ.
   1800 പുസ്തകങ്ങൾ -കാർസ് ഡേകെയർ സെൻററിൻെറ ധനസഹായമാണ് മുഖ്യവരുമാനം. C.S.I പള്ളി വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
2. മുളക്കുളം നോർത്ത് വായനശാല.
   2000 പുസ്തകം. സ്വന്തമായി കെട്ടിടം. മെച്ചപ്പെട്ട പ്രവർത്തനം.
3. പാഴൂർ വില്ലേജ് യൂണിയൻ ലൈബ്രറി.
   2000 പുസ്തകം. സ്വന്തമായി കെട്ടിടം.
4. കക്കാട് ഗ്രാമീണ വായനശാല
   1000 പുസ്തകം. സ്വന്തമായി കെട്ടിടമില്ല.
5. പിറവം പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം.
   2558 പുസ്തകങ്ങൾ. പഞ്ചായത്തുവക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ഈ അഞ്ചു ലൈബ്രറികളിൽ ഒന്നിനെ മുഖ്യ ലൈബ്രറിയായും മറ്റുള്ളവയെ സബ്‌ലൈബ്രറികളായും അംഗീകരിച്ച് അവയെ വാർഡുതല സംസ്കാരിക കേന്ദ്രങ്ങളാക്കി ഉയർത്തുകയും ചെയ്യണം.

## വള്ളം കളി

1964-ൽ ഇ.എം.എസ്. ഉദ്ഘാടനം ചെയ്തതാണ് പിറവം വള്ളം കളി. സാമ്പത്തിക പ്രശ്നങ്ങളാൽ ഇടയ്ക്കു മുടങ്ങിപ്പോയെങ്കിലും 1996 - ൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരം പുനരാരംഭിച്ചു. ലക്ഷക്കണക്കിനാളുകളെ പിറവത്തേക്കാകർഷിക്കുന്ന വള്ളംകളി മുടങ്ങാതെ ഇനിയുള്ള വർഷങ്ങളിൽ നടത്തേണ്ടതാണ്.

## ഗ്രാമോത്സവം

ജനങ്ങളുടെ കൂട്ടായ്മയെ മുന്നിൽ കണ്ടുകൊണ്ട് 1996-ൽ പഞ്ചായത്തു തുടങ്ങിയ ഗ്രാമോത്സവം ബഹുജന പിന്തുണയോടെ നടത്തിയ ആദ്യ തദ്ദേശീയോത്സവമായി മാറി. അത്തം മുതൽ ചതയം വരെയാണ് ഗ്രാമോത്സവമാഘോഷിക്കുന്ന

ത്. നമ്മുടെ സാംസ്കാരികപൈതൃകത്തിൻെറ പുനരുത്ഥാനം കൂടി ഈ ഗ്രാമോത്സവം കൊണ്ട് സാധിതമായിരിക്കുന്നു. വരും കാലങ്ങളിൽ ഈ ജനകീയോത്സവത്തിന് പിറവത്തെ വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തി പ്രാധാന്യത്തോടെ നടത്തിയാൽ വിദേശികളെ വരെ ഇവിടേക്കാകർഷിക്കാൻ കഴിയുന്നതാണ്.

### കളരിപ്പയറ്റ്

പ്രാചീന കേരളത്തിലെ ആയോധനാഭ്യാസ കളരികൾ ഉണ്ടായിരുന്ന പിറവം കേന്ദ്രമാക്കി ഇന്ന് നാശോന്മുഖമായ ക്കൊണ്ടിരിക്കുന്ന കളരിപ്പയറ്റിനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ പരിശീലന കളരി തുടങ്ങണം.

### മുടിയേറ്റ്

ഇന്ന് പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നാമമാത്രമായി പ്രവർത്തിക്കുന്ന തൂക്കം, മുടിയേറ്റ് സംഘങ്ങൾക്ക് ഒരു ആസ്ഥാനം നിർമ്മിച്ച് അതിന് സാമ്പത്തിക സഹായം നല്കിയാൽ ഈ ക്ഷേത്രകലകളെ പുതിയ തലമുറയ്ക്കു കൂടി പരിചയപ്പെടുത്താനാകും.

## ടൂറിസം

ടൂറിസത്തിന് പിറവം പഞ്ചായത്തിനുള്ളിൽ തന്നെ അനന്തസാദ്ധ്യതകളുണ്ട്. കുറഞ്ഞ ചെലവിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുമെന്ന പ്രത്യേകതയും ഇവിടുത്തെ ടൂറിസം വികസനത്തിന് പ്രായോഗികത നൽകുന്നു.

- റൂറൽ പെയിൻറിംഗിലും തച്ചുശാസ്ത്രത്തിലും ദാരുശില്പവിദ്യയിലും കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങളോടു കിട പിടിക്കുന്നതും സർക്കാർ സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ചിരിക്കുന്നതുമായ പാഴൂർ പെരും തൃക്കോവിൽ.
- പെരുംതൃക്കോവിലപ്പനെ വണങ്ങുന്ന പ്രകൃതിദേവിയുടെ കൂപ്പുകൈപോലെ രണ്ടായി പിരിഞ്ഞൊഴുകുന്ന മൂവാറ്റുപുഴയാറ്
- പുഴയുടെ പിരിവുകൾക്കിടയിൽ ഉയർന്നു നിൽക്കുന്ന തുരുത്ത്, മണൽപ്പുറം.
- അവിശ്വസനീയമായ അത്ഭുതങ്ങളുടെ കലവറ, ലോക പ്രസിദ്ധ ജ്യോതിശാസ്ത്രകുലപതികളുടെ ആസ്ഥാനമായ പാഴൂർ പടിപ്പുര, അപൂർവ്വമായ ഗ്രന്ഥശേഖരങ്ങൾ.
- ആദിശങ്കരൻെറ ബാല്യംചിലവഴിച്ച അമ്മാത്ത്, മേൽപാഴൂർ മന.
- ക്ഷേത്രകലകളുടെ ഈറ്റില്ലമായ പാഴൂർ
- ലക്ഷക്കണക്കിന് തീർത്ഥാടകരെത്തുന്ന, ദക്ഷിണേന്ത്യയിലെ സുപ്രസിദ്ധ ക്രിസ്ത്യൻ ദേവാലയം - വിശുദ്ധരാജാക്കന്മാരുടെ പള്ളി.
- മൂവാറ്റുപുഴയാറിൽ പയറ്റു കടവിനു മുകളിലുള്ള അതിമനോഹരമായ പച്ചപ്പിൻെറ തുരുത്ത്.
- പുഴയുടെ നടുവിൽ ഓലക്കുട വിടർത്തി നില്ക്കുന്ന മൺമറഞ്ഞ ആഢ്യതയുടെ പ്രതീകമെന്നപോലെ കാക്കത്തുരുത്ത്.
- കേരളത്തിൽ പുഴകൾ പെറ്റതും ഓണക്കാലത്ത് സഞ്ചാരികളെ ആകർഷിക്കുന്നതുമായ വള്ളംകളി.

ഇങ്ങനെ പ്രകൃതി കനിഞ്ഞേകിയ വരങ്ങളുമായി പിറവം. ഇവിടെ വിനോദസഞ്ചാര വികസനം തീർത്തും ലളിതവും ക്ഷിപ്രസാധ്യവുമാണ്.

#### പാഴൂർ ടൂറിസം പദ്ധതി

പാഴൂരമ്പലത്തിനടുത്തായി ഒരു ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതോടൊപ്പം തന്നെ പഞ്ചായത്ത് ടൂറിസം

ഓഫീസിൻെറ പ്രവർത്തനത്തിനും തുടക്കം കുറിക്കാം. അവിടെ നിന്ന് മണൽപ്പുറം, തുരുത്ത് എന്നിവിടങ്ങളിലേക്ക് വഞ്ചിയിലൂടെ യാത്ര. തുരുത്തിൽ ബേക്കൽ മോഡൽ കമനീയമാക്കിയ കുടിലുകൾ. തുരുത്ത് കരിങ്കല്ലുകൾ കൊണ്ട് കെട്ടി സംരക്ഷിക്കണം. കലാപരിപാടികൾക്കായി തുരുത്തിൻെറ ഒരു ഭാഗത്ത് സ്റ്റേജ്. കരിങ്കല്ലിൽ തീർത്ത കലാരൂപങ്ങൾ. കാറ്റുകൊള്ളാനും പ്രകൃതിഭംഗി ആസ്വദിക്കാനുമായി മണൽപ്പുറം. ഇവിടേക്കു താൽക്കാലിക പാലം. തുരുത്തിനു ചുറ്റും അകത്തും മഞ്ഞമുളകൾ പോലെയുള്ള പ്രത്യേകതരം വൃക്ഷങ്ങളും തണൽവൃക്ഷങ്ങളും വച്ചു പിടിപ്പിക്കണം. ചുറ്റും ഉയർന്ന പ്രദേശമാണ്. **ഒരു പക്ഷിസങ്കേതത്തിനുമുള്ള സാദ്ധ്യതകളുമുണ്ട്**. (സ്കെച്ചു നമ്പർ 4 )

പടിപ്പുരയുടെ പടിഞ്ഞാറുഭാഗത്ത് പുറമ്പോക്കുഭൂമി ഒരുക്കിയെടുത്താൽ വിവിധോദ്ദേശങ്ങളോടുകൂടിയ ഒരു ആഡിറ്റോറിയം പണിയാം. അതിനോടനുബന്ധിച്ച് മുടിയേറ്റ്, തൂക്കം തുടങ്ങിയ ക്ഷേത്രകലകൾക്കും റഫറൻസ് ഗവേഷണഗ്രന്ഥാലയത്തിനും ക്ഷേത്രകലാ പഠനത്തിനാവശ്യമായ ഗുരുകുലത്തിനും രൂപം നൽകാൻ കഴിയും. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും താമസത്തിനുള്ള സൗകര്യവും തീർക്കണം. പ്രതിമാസ പരിപാടികളിലുൾപ്പെടുത്തി ക്ഷേത്ര വാദ്യകലകളുടെ ഡെമോൺസ്ട്രേഷൻ സംഘടിപ്പിക്കാം.

ഒരു തീർത്ഥയാത്രയുടെ സുഖം നുണയാൻ ബോട്ടുമാർഗ്ഗം മുടക്കിൽകാവ്, പെരുംതൃക്കോവിൽ, പടിപ്പുര, പാഴൂർ തുരുത്ത്, വലിയപള്ളി, പിഷാരുകോവിൽ, വടക്കുംമന, കോമച്ചം കുന്നുപള്ളി, ഊഴത്തുകാവ് ശിവക്ഷേത്രം. കളമ്പൂക്കാവ് ഭഗവതിക്ഷേത്രം എന്നിവിടങ്ങളെ ബന്ധിപ്പിച്ചാൽ മതിയാകും. പയററു കുഴി മുതൽ പിറവം പുഞ്ചവരെയുള്ള തോടു കടന്നെത്തിയാൽ ഈ യാത്ര കാക്കത്തുരുത്തുവരെ നീട്ടാം.

**കാക്കത്തുരുത്ത്** (സ്കെച്ച് നമ്പർ -2)

സഞ്ചാരികൾക്ക് നയനാനന്ദകരമായ ദൃശ്യമായിരിക്കും കാക്കത്തുരുത്ത്. ചുറ്റും കിടക്കുന്ന വെള്ളച്ചാലുകളിലൂടെ ഇരുകരകളെയും ബന്ധിപ്പിക്കുന്ന ഉല്ലാസ ബോട്ടുകൾ, ഇവയ്ക്കായി ബണ്ട് കെട്ടി ജലവിതാനം കൃഷിക്കു ദോഷകരമല്ലാത്ത നിലയിൽ ഉയർത്തുക. കരയോടടുത്തു കിടക്കുന്ന വടക്കുഭാഗത്ത് ഒരു പാലം തീർന്നാൽ പാലച്ചുവട്-പിറവം റോഡിലൂടെ കരമാർഗ്ഗം പ്രവേശിക്കാം. തുരുത്തിൻെറ വെള്ളം കയറാത്ത ഭാഗത്ത് മൂന്നു നിലയെങ്കിലുമുള്ള ടൂറിസ്റ്റ് ബംഗ്ലാവ് പണിയാം. ഗ്രൗണ്ട് ഫ്ളോറിലെ ഭിത്തി ചില്ലുകൊണ്ടു മറയ്ക്കുകയാണെങ്കിൽ ഈ ബംഗ്ലാവിൻെറ ഭംഗി ഇരട്ടിയാകും. പൂന്തോട്ടങ്ങൾ, ജലധാരകൾ എന്നിവയും ഭക്ഷണശാലയും ഇവിടെ ഒരുക്കാം. ഉല്ലാസബോട്ടുകൾക്കടുക്കാനുള്ള ജെട്ടിയും നിർമ്മിക്കണം.

**പ്രകൃതിജന്യബീച്ച്** - (സ്കെച്ച് നമ്പർ -6)

കൂരുവളവിനു താഴെയും പയറ്റുകടവിനു മുകളിലുമായി പുഴയ്ക്കു നടുവിലുള്ള തുരുത്ത് കരിങ്കല്ലുകൊണ്ട് കെട്ടി സംരക്ഷിച്ച്, മണൽകൊണ്ട് ബണ്ട് കെട്ടി വെള്ളം കിഴിച്ച്, കിഴക്ക്, തെക്ക്, വടക്കു ഭാഗങ്ങളെ പുഴയോരവുമായിബന്ധിപ്പിച്ചാൽ പ്രകൃതിജന്യമായ ബീച്ചാവും . ഇവിടെ താൽക്കാലിക ലഘുഭക്ഷണശാലകൾ ഉണ്ടാവണം.

**ടൂറിസ്റ്റ്സെൻററുകൾ** (സ്കെച്ച്നമ്പർ-3)


പുഴയുടെ ഇരുകരകളിലുമുള്ള പുറമ്പോക്കു ഭൂമികൾ കെട്ടിയെടുത്താൽ ഉല്ലാസ സന്ദർശക കേന്ദ്രങ്ങൾ നിർമ്മിക്കാവുന്നതാണ്. തണൽവൃക്ഷങ്ങളും മഞ്ഞ മുളകളും വെച്ചു പിടിപ്പിച്ചും, ജലധാരകൾ നിർമ്മിച്ചും ഇവിടം കൂടുതൽ ആകർഷണീയമാക്കാം. പുഴയിലിറങ്ങി കുളിക്കുന്നതിനുള്ള കല്പടവുകളും ആവശ്യമാണ്. പുഴയോരം കെട്ടുന്ന പദ്ധതിയിൽപെടുത്തി ഇവയുടെ നിർമ്മാണചെലവു ലഘൂകരിക്കാം.

**നീന്തൽക്കുളം** (സ്കെച്ച്നമ്പർ -1)

നഗരത്തോടേറ്റവും അടുത്തു കിടക്കുന്ന ചിറയും തള്ളിനിൽക്കുന്ന തുരുത്തും . ഒരിക്കലും വറ്റാത്ത ചിറ മത്സ്യകൃഷിക്കനുയോജ്യമാണ്. കുട്ടികൾക്കും മുതിർന്നവർക്കും നീന്തൽ പരിശീലനത്തിനനുയോജ്യമാക്കി മാറ്റാൻ കഴിയും.

**ആധുനിക പാർക്ക്** (സ്കെച്ച് നമ്പർ -10)

വലിയ പള്ളിയുടെ വടക്കു ഭാഗത്തു കിടക്കുന്ന വലിയ പുഴയോരം കെട്ടിയെടുത്താൽ ആധുനിക രീതിയിലുള്ള പാർക്കു നിർമ്മിക്കാം. ഏറ്റവും കുറഞ്ഞ ചെലവിൽ ഇതിൻെറ പണി പൂർത്തിയാക്കാം.



N
S
MANGED
PAZHOOR PADIPPURA
PAZHOOR PERUMTHRUKOVIL
PEPATHY JUNCTION
KAKKAD
ONAKOOR VILLAGE
ONAKOOR
HOUSE OF ADI SANKARA'S MOTHER
EDAKATTUVAYAL PANCHAYATH
PIRAVOM VALIYA PALLY
KOVIL
COMMUNITY HALL
MARKET
BUS STAND
G.H.
K.S.R.T.C
G.H.S
PALACHUVADU JUNCTION
KOTHATTUKULAM
KADUTHURUTHY
പിറവം പുഴ
കരിങ്കൽ ചിറ
1. നീന്തൽ കുളം. See Plot No. 1.
2. കാക്കത്തുരുത്ത് See Plot No.2  2a. ഒറ്റക്കല്ലും വട്ടായി പാറ
3. ഉല്ലാസസന്ദർശക കേന്ദ്രം. See Plot No.3
4. പാഴൂർ മണൽത്തിട്ടയും തുരുത്തും.
5. പാഴൂർ മണൽപ്പുറം.
6. നാച്ചാടി ബീച്ച് See Plot No.4
7. മിനി സിവിൽ സ്റ്റേഷൻ സെന്റർ (P.W.D., V.O., K.S.E.B.)
8. പാർക്ക് (മിനി)
9. പിറവം വള്ളം കളി ഫിനിഷിംഗ് പോയന്റ്
10. കൂടിയാട്ടം, തുള്ളൽ, എന്നിവ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും പറ്റിയ ഓഡിറ്റോറിയവും താമസ സൗകര്യവുമുള്ള കെട്ടിടവും.
11. ആധുനിക രീതിയിലുള്ള പാർക്ക്

### ഓപ്പൺ തീയേറ്റർ

P.W.D., K.S.E.B., വില്ലേജോഫീസ് എന്നിവയുടെ ഭാഗത്തുള്ള പുഴയോരം കെട്ടിയെടുത്താൽ തുറന്ന തിയേറ്റർ എന്ന സങ്കല്പം യാഥാർത്ഥ്യമാവും. ഇതിനോടനുബന്ധമായി സായാഹ്ന സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ഇരിപ്പിട സൗകര്യവും ഒരുക്കാം.

ഇതിൽ പണച്ചെലവേറിയ എതെങ്കിലും ഒരു പദ്ധതി K.T.D.C, ഏറ്റെടുത്തു പൂർത്തിയാക്കണം.

## വനിത

പഞ്ചായത്തിലെ ജനസംഖ്യയിൽ 49.89% പുരുഷന്മാരും 50.11% സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000 : 1004.

6 വയസ്സിൽ താഴെയുള്ള കുട്ടികളിൽ 49.88% പെൺകുട്ടികളാണ്.

**സ്ത്രീകൾ**

| | | | |
|---|---|---|---|
| പട്ടിക ജാതി വിഭാഗം. | 50.05%. | പട്ടിക വർഗ്ഗം | 1.64% |

**സ്ത്രീകൾ**

| | | |
|---|---|---|
| സാക്ഷരത, | ജനനനിരക്ക് 14 | മരണ നിരക്ക് 6 |

പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണത്തിൽ 95.01% സ്ത്രീകളും സാക്ഷരരാണ്.

### തൊഴിൽ

25% സ്ത്രീകളുടെ പങ്കാളിത്തമേ തൊഴിൽ രംഗത്തു ലഭിക്കുന്നുള്ളൂ. ഗൃഹനിർമ്മാണം, മണൽ, ഇഷ്ടിക, തീപ്പെട്ടി വ്യവസായം കൃഷി എന്നീരംഗങ്ങളിൽ ഇവരുടെ സേവനം ലഭിക്കുന്നുണ്ട്. പുറത്തു ജോലിക്കു പോകാത്ത വീട്ടമ്മമാർ കോഴി, ആടി, മാട് വളർത്തൽ എന്നിവയിലേർപ്പെടുന്നു. സ്ത്രീകളുടെ വരുമാനം കൊണ്ട് പുലർത്തുന്ന 350 കുടുംബങ്ങൾ ഉണ്ട്.

### പെൻഷൻ

വിധവ- 54 വാർദ്ധക്യം - 15

കൂടാതെ കർഷകതൊഴിലാളി പെൻഷനും അഗതി പെൻഷനും സ്ത്രികൾക്കു കൊടുക്കുന്നുണ്ട്.

### സമാജങ്ങൾ

മഹിളകളുടെ കൂട്ടായ്മയും പൊതുതാത്പര്യങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ സാമ്പത്തികമായ ഉന്നമനത്തിനും സാംസ്കാരികമായ ഉയർച്ചയും കൂടി ഉതകുന്നുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന 15 എണ്ണമുണ്ട്.

### കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

ഗർഭിണികൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന ഉപകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് ജോലിക്കു പോകുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി ക്രഷ് നേഴ്സറികൾ രണ്ടെണ്ണം പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ.

1. **തൊഴിലില്ലായ്മ.**

   ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച വനിതകൾക്കിടയിലും തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്. തൊഴിൽ രംഗത്ത് വനിതകൾക്ക് മതിയായ പ്രാതിനിധ്യം കൊടുക്കണം.

2. **കൂലിയിലുള്ള വ്യത്യാസം**

   തുല്യ ജോലിക്കു തുല്യവേതനം ലഭിക്കേണ്ടതാവശ്യമാണ്.

3. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമില്ലായ്മ.
5. ക്രഷ് സൗകര്യങ്ങൾ വ്യവസായ സ്ഥാപനങ്ങളോടനുബന്ധിച്ച് വർദ്ധിപ്പിക്കുക.
6. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
7. വനിതകൾക്കുള്ള വ്യവസായയൂണിറ്റുകളുടെ അപര്യാപ്തത.
8. രോഗികളിൽ കൂടുതൽ സ്ത്രീകൾ

## പരിഹാരങ്ങൾ

### വ്യവസായ യൂണിറ്റുകൾ

സ്ത്രികൾക്കായി പ്രത്യേക വനിതാ വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. റെഡിമെയ്ഡ് വസ്ത്രങ്ങൾ, കറി പൗഡറുകൾ പലഹാരനിർമ്മാണം എന്നിവയോടൊപ്പം തന്നെ റബ്ബർ യൂണിറ്റുകൾക്കും പ്രാധാന്യം കൊടുക്കുക. ഇവിടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ ഒരു ഡിപ്പാർട്ടുമെൻറു സ്റ്റോർ തുടങ്ങുക. മിതമായ വിലയിൽ അസംസ്കൃത പദാർത്ഥങ്ങൾ ഓരോ യൂണിറ്റുകൾക്കും നൽകണം. യൂണിറ്റംഗങ്ങൾക്ക് സാങ്കേതിക പരിശീലനം നൽകിയിരിക്കണം.

അടുക്കളതോട്ടം അലങ്കാര പുഷപകൃഷി, ഔഷധ സസ്യം എന്നിവ വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്നതിനാവശ്യമായ പരിശീലനം വനിതകൾക്ക് നൽകുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സൊസൈറ്റി രൂപികരിക്കുക. തൊഴിൽ രഹിതരായ വീട്ടമ്മമാരെ ഉദ്ദേശിച്ചായിരിക്കണം. ഇത്. ഹോർട്ടികൾച്ചർ ഡെവലപ്പ്മെൻറ് പ്രോജകടിൻെറ സഹായവും ഈ സൊസൈറ്റിക്ക് നൽകണം.

### ബോധവത്കരണം.

സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് സ്ത്രികളെ കൊണ്ടു വരുന്നതിനാവശ്യമായ ബോധവൽക്കരണം വനിതകൾക്കായി സംഘടിപ്പിക്കണം. രാഷ്ട്രീയസാമൂഹിക രംഗങ്ങളിൽ കൂടുതൽ സ്ത്രികൾ മുന്നോട്ടു വരണം. മദ്യപാനം, പുകവലി, സ്ത്രീധനം തുടങ്ങിയവയ്ക്കെതിരെ സ്ത്രീകളെ ബോധവൽക്കരിക്കണം. അതിനായി മഹിളാ സമാജങ്ങളിലെ പ്രധാന പ്രവർത്തകരുടെ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം വിപുലമാക്കണം. ഗ്രാമസേവകൻ, നെഹ്റു യുവകേന്ദ്ര വോളൻറിയർ എന്നിവരെ ബന്ധപ്പെടുത്തിയായിരിക്കണം. ഇതിൻെറ പ്രവർത്തനം നടത്തേണ്ടത്.

### വെൽഫെയർ സെൻറർ

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുകയും വേണം. അയ്യായിരം ആളുകൾക്ക് ഒന്ന് എന്ന അനുപാതത്തിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ആവശ്യമുള്ള എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകണം. ജൂനിയർ, പബ്ലിക് ഹെൽത്ത് നേഴ്സു (J.P.H.N.) കളുടെ ഭവനസന്ദർശനം നിർബന്ധമാക്കണം .

# സഹകരണം

വ്യക്തിയും സമൂഹവും പരസ്പരം പരിപോഷിപ്പിക്കുന്നതാണല്ലോ സഹകരണപ്രസ്ഥാനം. വ്യക്തിയുടെ വളർച്ച നാടിൻെറ വളർച്ചയായി മാറുന്നതോടൊപ്പം തന്നെ കൂട്ടായ്മയുടെ ഗുണവും അവയെക്കുറിച്ചുള്ള ബോധവും നമ്മിലുണർത്തുന്നു.

1101 - ധനു 6-ാം തീയതി പ്രവർത്തനമാരംഭിച്ച 1097 -ാം നമ്പർ മുളക്കുളം സർവ്വീസ് സഹകരണസംഘവും 1961 ഡിസംബർ 3 ന് ആരംഭിച്ച ഇ. 83-ാം നമ്പർ പിറവം പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘവും 1958-ൽ ആരംഭിച്ചതും

കളമ്പുകര പ്രവർത്തനമേഖലയായിട്ടുള്ള 4272 -ാം നമ്പർ കളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘവും കർഷകരെ സഹായിക്കുന്ന പ്രസ്ഥാനങ്ങളായി വളർന്നിട്ടുണ്ട്

| ക്രമ നമ്പർ | പ്രസ്ഥാനം | ആരംഭം | അംഗങ്ങൾ | ഓഹരി | ഗവ.ഓഹരി | നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|---|---|---|
| 1 | മുളക്കുളംസർവ്വീസ് സഹകരണസംഘം 1097 | 6-5-1101 | 3049 | 557045 | 100000 | 13804034 | 18275498 |
| 2 | പിറവം പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം ഇ.83 | 3-12-1961 | 3754 | 605980 | 100000 | 2384935 | 3050915 |
| 3 | കളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണ സംഘം 4272 | 1958 | 431 | 62485 | ----- | 48592 | 110000 |

ഇതിൽകളമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സഹകരണസംഘത്തിൽ നിന്ന് കാർഷിക വായ്പ മാത്രമേ ലഭിക്കുന്നുള്ളു. മറ്റുള്ളവയിൽ നിന്നും എല്ലാത്തരം വായ്പകളും ലഭിക്കുന്നു.

ഇവ കൂടാതെ ഒരു ഹെക്ടറിന് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. പാലച്ചുവട്ടിലും കക്കാട്ടിലും കളമ്പൂരും ഓരോ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ട്. മൂന്നു റബർ ഉല്പാദക സഹകരണ സംഘവും ഒരു സഹകരണ കോളേജും പ്രവർത്തിച്ചുവരുന്നു.

ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും സ്വന്തമായി സ്ഥലമുള്ള കൈകുത്ത് സൊസൈറ്റിയും പ്രവർത്തക രഹിതമായി കിടക്കുന്നു. സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി ബ്ലോക്കിന്റെ സഹായത്തോട് കൂടി പിറവം ഒന്നാം വാർഡിൽ മഹിളാ സംഘത്തിന്റെ കീഴിൽ നെല്ല് കുത്ത് നടത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1 പിറവം പഞ്ചായത്ത് ആ. 83 -ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിൽ ബാങ്കിംഗ് സമ്പ്രദായം വിപുലീകരിച്ച് സംഘത്തെ എ ഗ്രേഡിലേക്ക് ഉയർത്തുക.

2 കേരകൃഷി ഉൾപ്പെടുത്തി ഓരോ വാർഡിലും കെട്ടു തെങ്ങ് സഹകരണസംഘം രൂപീകരിക്കുക

3 തൊഴിൽ രഹിതരായ സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത ഇൻഡ്രസ്ട്രിയൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതിന്റെ കീഴിൽ വിവിധങ്ങളായ ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തുക. ഒപ്പം സ്വയം തൊഴിൽ കണ്ടെത്തൽ പരിശീലനവും നൽകുക

4 വീട്ടമ്മമാരെ ഉൾപ്പെടുത്തി ഉപതൊഴിൽ എന്ന നിലയിൽ മുട്ടകോഴി വളർത്തൽ കുറ്റിമുല്ലപ്പൂ ഉല്പാദിപ്പിച്ചാൽ എന്നിവയുടെ സഹകരണസംഘങ്ങൾ രൂപികരിച്ച് അവ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനു വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.

5 കൃഷിക്കാരിൽ നിന്നും ഉല്പന്നങ്ങൾ (നെല്ല്, പച്ചക്കറികൾ) വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനും കൃഷിക്കാർക്ക് ആവശ്യമായ നല്ലയിനം വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനും കൃഷിക്കാരെ മാത്രം ഉൾപ്പെടുത്തി സഹകരണസംഘം രൂപീകരിക്കുക.

6 മത്സ്യ സ്രോതസ്സ് ധാരാളമുള്ള പിറവത്ത് മത്സ്യബന്ധനം നടത്തുന്നവരെയും അതിനു താല്പര്യമുള്ളവരെയും ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിക്കണം.

7 പിറവം പഞ്ചായത്തിൽ മൊത്തം മൂന്നു ക്ഷീരോല്പാദക സഹകരണസംഘം മാത്രമുള്ളതിനാൽ മറ്റുള്ളസ്ഥലത്ത് കളക്ഷൻ സെൻറർ ഏർപ്പെടുത്തണം.

129



8 റബർ ഉത്പാദക സഹകരണസംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തി അതിനോടനുബന്ധിച്ച് റബർ ഉൽപന്നങ്ങളുടെ ചെറുകിട വ്യവസായയൂണിറ്റ് ആരംഭിക്കുക.

# പട്ടികജാതി-പട്ടികവർഗ്ഗം

പിറവം ഗ്രാമ പഞ്ചായത്തിൽ 500-ൽപരം ഹരിജൻ കുടുംബം നിലവിലുണ്ട്. ഈ വിഭാഗത്തിലെ ആളുകൾ കൂടുതലുള്ള പഞ്ചായത്തെന്ന നിലയിൽ ഇവിടുത്തെ വകസനം പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ വികസനത്തെകൂടി ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിൻെറ പതിനൊന്നു വാർഡുകളിലായി ഇവർ താമസിക്കുന്നു. ഏതാനും വാർഡുകളിൽ മാത്രമേ ഗവ. അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനികൾ നിലവിലുള്ളു. പഞ്ചായത്തിൻെറ മറ്റു വാർഡുകളിൽ കോളനികൾ സ്ഥാപിച്ച് ഹരിജനങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**വിദ്യാഭ്യാസം**

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് ഹരിജനങ്ങൾ. ഇവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പിറവം കേന്ദ്രമാക്കി റസിഡൻഷ്യൽ സ്കൂൾ സ്ഥാപിച്ച് വിദ്യാഭ്യാസ പരമായുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്. കൂടാതെ ഹരിജൻ കോളനികളിൽ ഗ്രാമീണ വായനശാലകൾ സ്ഥാപിക്കുകവഴി അവരുടെ ഇടയിലുള്ള വിദ്യാഭ്യാസ നിലവാരം ഉയർത്താവുന്നതാണ്. ബാലവാടി, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ഫീഡിംഗ് സെൻറർ, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവ ഹരിജൻ കോളനികളിൽ ആവശ്യമാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനായി ഒരു ഐ.ടി.സി. സ്ഥാപിക്കുകയാണെങ്കിൽ ഈ രംഗത്തു പരിശീലനവും ലഭിക്കുന്നതാണ്.

**സാംസ്കാരീകം.**

പലതരത്തിലുള്ള നാടൻ കലകളുടേയും വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട് ഹരിജനങ്ങൾ .കലാപരമായി വളരെ കഴിവുകളുള്ള വ്യക്തികൾ ഹരിജനങ്ങളുടെ ഇടയിലുണ്ട്. ഇവരെ കണ്ടുപിടിച്ച് പഞ്ചായത്തു തലത്തിൽ സാംസ്കാരീക നിലയങ്ങൾ സ്ഥാപിച്ച് ഇവരുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കാവുന്നതാണ്.

**തൊഴിൽ**

തൊഴിൽ പരമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് ഹരിജനങ്ങൾ. തൊഴിൽ രഹിതരായ ഹരിജനങ്ങളെ കണ്ടുപിടിച്ചു സൊസൈറ്റികൾ രൂപീകരിച്ച് ഈ വിഭാഗത്തെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടു വരാവുന്നതാണ്.

**പാർപ്പിടം**

പഞ്ചായത്ത് അതിർത്തിയിൽ ഉള്ള മുഴുവൻ ഹരിജൻ കുടുംബങ്ങളുടേയും സർവ്വേകൾ നടത്തി വീടില്ലാത്തവരെ കണ്ടുപിടിച്ച് വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകുക. നിലവിലുള്ള വീടുകളിൽ ബഹുഭൂരിപക്ഷവും ക്ഷേമപദ്ധതികൾ വഴി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം വാസയോഗ്യമല്ല. ഹരിജനങ്ങൾക്ക് വീടിൻെറ അറ്റകുറ്റപ്പണികൾ നടത്താൻ ലോണുകളോ സൗജന്യസഹായമോ അനുവദിക്കണം. കൂടാതെ നിലവിലുള്ള വീടുകളിൽ വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി, മുതലായവ എത്തിച്ച് അവരുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ഹരിജൻ കോളനി. റോഡുകൾ മെറ്റലിംഗ് ടാറിങ്ങ് നടത്തി സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം**

ഹരിജൻ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഹരിജനങ്ങളുടെ ജീവിത നിലവാരം ഉയർത്താവുന്നതാണ്. ഒട്ടനവധി ഹരിജനങ്ങൾക്ക് തൊഴിൽ രംഗത്ത് ഉയർന്നു വരുന്നതിനുവേണ്ടി ഇത്തരത്തിലുള്ള സഹകരണസംഘങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഒൻപതാം പദ്ധതിയുടെ ഭാഗമായി വികസന പ്രക്രിയ പൂർത്തിയാക്കുമ്പോൾ പിറവം പഞ്ചായത്തിൻെറ വികസനത്തിൽ പ്രാധാന്യത്തോടെ പരിഗണിക്കേണ്ട ചുരുക്കം ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കട്ടെ. വികസനത്തിൻെറ മാർഗ്ഗരേഖയിൽ പരമപ്രധാനമായ. .....

## മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ്

പിറവം പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് മാത്രമാണ് ഇന്ന് നിലവിലുള്ളത്. ഈ പഞ്ചായത്തിലെ ജനങ്ങളും മറ്റു പഞ്ചായത്തിലുള്ളവരും ഒരു പോലെ ഉപയോഗിക്കുന്ന ഈ മാർക്കറ്റിന് പരാധീനതകളേറെ. ആധുനിക സജ്ജീകരണങ്ങളുള്ളതും വൃത്തിയുള്ളതുമായ ഒരു ചന്ത പിറവത്തിനാവശ്യമാണ്. പലതരത്തിൽപെട്ട ആളുകൾ ഒത്തുകൂടുന്ന ഈ പൊതു സ്ഥലം ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഒരു അവിഭാജ്യഘടകമാണ്.

ഇന്ന് മാർക്കറ്റ് സ്ഥിതിചെയ്യുന്ന 35 സെൻറ് സ്ഥലത്ത് കഴിയുമെങ്കിൽ കൂടുതൽ സ്ഥലം കൂടി കണ്ടെത്തി - ഒരു ബഹുനില മാർക്കറ്റ് ഷോപ്പിംഗ്കോംപ്ലക്സ് പണിയേണ്ടതാണ്. സെല്ലാർ വാർത്ത് ഏറ്റവും ചുവട്ടിലെ നിലയിൽ മീൻ, ഇറച്ചി, പച്ചക്കറികൾ എന്നിവയ്ക്കായി സ്റ്റാളുകൾ നിർമ്മിക്കണം. മുകളിലത്തെ നിലകളിൽ മറ്റു കച്ചവടസ്ഥാപനങ്ങൾ തുടങ്ങാം. ആറു നിലകളുള്ള ഈ ഷോപ്പിംഗ് കോപ്ലക്സിൻെറ മൂന്നു നിലയെങ്കിലും ആദ്യഘട്ടത്തിൽ തീരണം. വില നിലവാരവും, ഗുണനിലവാരമുറപ്പാക്കുന്നതിനും സഹകരണസ്ഥാപനങ്ങളുടെ സ്റ്റാളുകൾ എല്ലാ രംഗത്തും നിശ്ചയമായും ഉറപ്പാക്കണം.

## അറവുശാല

ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കണം. കശാപ്പു ചെയ്യാനായി കൊണ്ടുവരുന്ന ആടുമാടുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശോധനകൾ കർക്കശമായി നടപ്പിലാക്കണം.

## മീൻചന്ത.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കുളങ്ങളിൽ മത്സ്യകൃഷി വ്യവസായികാടിസ്ഥാനത്തിൽ ചെയ്യുമ്പോൾ അതിനുവിപണന സൗകര്യമൊരുക്കേണ്ടതുണ്ട്. ചിറകൾ, പുഞ്ച, പുഴ തുടങ്ങിയവയിൽനിന്ന് പിടിക്കുന്നതും മറ്റു ള്ള കുളങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ ഈ കുളങ്ങളിൽ നിന്നു വിളവെടുക്കുന്ന മത്സ്യവും പുറത്തുനിന്നും ഇവിടെത്തുന്ന മത്സ്യവും വിൽക്കുന്നതിനും, വാങ്ങുന്നതിനും കരിങ്കൽ ചിറയിലോ, പിറവം പുഞ്ചയുടെ ഭാഗത്തോ നല്ല സംവിധാനങ്ങളുള്ള ഒരു മത്സ്യചന്ത നിർമ്മിക്കണം.

## കർഷകചന്ത

കാർഷിക പ്രാധാന്യമുള്ള പഞ്ചയത്തിൽ കർഷകരുടെ വിളകൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഒരു കർഷക ചന്ത അനിവാര്യമാണ്. മൂന്ന് ഏക്കർ സ്ഥലമെങ്കിലും ഇതിനായി നീക്കിവെക്കണം. ഈ ചന്തയിൽ ഓരോന്നിനും ഇനം തിരിച്ച് സ്റ്റാളുകൾ ഉണ്ടാവും ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും, വില്ക്കുന്നതിനും സഹകരണസ്ഥാപനങ്ങൾക്ക് കർഷക മാർക്കറ്റിനുമേൽ നിർണ്ണായക സ്വാധീനം ഉണ്ടാവണം.

## പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്

ഇപ്പോൾ ബസ് സ്റ്റാൻഡിൻെറ നിലവിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൻെറ മുകളിലേക്ക് പണി പൂർത്തീകരിക്കണം. മൂന്നു നില പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൻെറ പണിപൂർത്തിയായാൽ വിവിധ ഓഫീസുകൾക്കും മറ്റു കച്ചവടസ്ഥാപനങ്ങൾക്കും വാടകയ്ക്കു നൽകി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.

## പഴയ പഞ്ചായത്തു കെട്ടിടം.

ഇപ്പോൾ ഗ്രൗണ്ട് ഫ്ളോർ മാത്രമുള്ള ഈ കെട്ടിടം ഒരു മൂന്നു നില കെട്ടിടമാക്കി മാറ്റുകയാണെങ്കിൽ ഓഫീസുകൾ

131

ക്കും മറ്റുസ്ഥാപനങ്ങൾക്കും പ്രതിമാസ വാടകയ്ക്കു നൽകി പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗം വർദ്ധിപ്പിക്കാം.

## പഞ്ചായത്തു മന്ദിരം.

ഒരു ഏക്കർ സ്ഥലമെങ്കിലും കണ്ടെത്തി പഞ്ചായത്താഫീസും കെട്ടിടങ്ങളും സാംസ്കാരീക കേന്ദ്രം കോൺഫറൻസ് ഹാൾ, പാർക്കിംഗ് , ക്വാർട്ടേഴ്സ് തുടങ്ങിയവ അടങ്ങുന്ന പഞ്ചായത്ത് കോമ്പൗണ്ട് ഉണ്ടാക്കേണ്ടതാണ്. ഇതിലെ, സാംസ്കാരീകനിലയം ആധുനിക സജ്ജീകരണങ്ങളോടു കൂടിയ റഫറൻസ് ഗ്രന്ഥങ്ങൾ അടങ്ങിയിട്ടുള്ള സാംസ്കാരീക നിലയം പഞ്ചായത്താസ്ഥാനമന്ദിരത്തിൽ ഉണ്ടായിരിക്കണം.

### കോൺഫറൻസ് ഹാൾ

പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ 200 പേർക്കെങ്കിലും ഇരിക്കാൻ വേണ്ട സൗകര്യമുണ്ടായിരിക്കണം.

### പാർക്കിംഗ്

ഔദ്യോഗിക വാഹന പാർക്കിംഗിനുള്ള സൗകര്യം പഞ്ചായത്താഫീസിന്റെ കോംപൗണ്ടിനുള്ളിലുണ്ടായിരിക്കണം.

### ക്വോർട്ടേഴ്സ്

പഞ്ചായത്ത് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് സൗകര്യവും ഒരുക്കണം.

ഇവയെല്ലാം നടപ്പിലാക്കുന്നതിനാവശ്യമായ. ഒരു ഏക്കർ സ്ഥലം പഞ്ചായത്താസ്ഥാനത്തിന് ആയി കണ്ടെത്തണം.

## സ്റ്റേഡിയം

ദേശീയ സംസ്ഥാന തലങ്ങളിൽ നിരവധി കായികതാരങ്ങളെ കേരളത്തിന് സംഭാവന ചെയ്ത കായികമാപ്പിൽ സ്ഥാനം പിടിച്ച പിറവം കേന്ദ്രമാക്കി ഒരു സ്റ്റേഡിയം ആവശ്യമാണ്. പിറവം പഞ്ചായത്തതിർത്തിയിൽ സെൻറ് ജോസഫ് ഹൈസ്കൂളിലും, നാമക്കുഴി ഗവ.ഹൈസ്കൂളിലും മാത്രമാണ് സ്റ്റേഡിയം ഉള്ളത്. ഈ കുറവ് പരിഹരിച്ച് എട്ട് ഏക്കർ സ്ഥലം കണ്ടെത്തി നാട്ടുകാരുടെ ചിരകാലാഭിലാഷമായ സ്റ്റേഡിയം പണിയേണ്ടതാണ്. കായികമേളകൾ കായികപരിശീലനങ്ങൾ എന്നിവയ്കുള്ള സൗകര്യം ഈ സ്റ്റേഡിയത്തിൽ ഉണ്ടായിരിക്കണം.

## പുതിയ ബസ്സ്റ്റാൻഡ്

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതപ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ ബസ്സ്റ്റാൻഡ് ഇപ്പോഴുള്ളതുതന്നെ ഇന്ന് അപര്യാപ്തമാണ്. യാത്രക്കാരുടേയും വാഹനങ്ങളുടേയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ ബസ്സ്റ്റേഷനുസ്ഥലം കണ്ടെത്തുകയോ നരിക്കുളം നന്നാക്കി ബസ്സ്റ്റേഷനാക്കുകയോ ചെയ്യേണ്ടതാവശ്യമാണ്.

## പാർക്ക്

പട്ടണത്തിന്റെ തിരക്കുകളിൽ നിന്നകന്നിത്തിരി ഇടവേളനല്കുന്നതിനായി പുഴയുടെ ഓരമോ, പുഴയും വയലും ഒരുമിച്ചു കിട്ടുന്നതോ ആയ സ്ഥലം കണ്ടെത്തി ഒരു പാർക്കാക്കി മാറ്റണം. സായാഹ്ന സഞ്ചാരികളെയും സ്വദേശസഞ്ചാരികളെയും ലക്ഷ്യമിട്ടുള്ളതായിരിക്കണം ഈ പാർക്ക് ഇതിനോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് പാർക്കും നിർമ്മിക്കണം. കുട്ടികളുടെ മാനസികോല്ലാസത്തിനുതകുന്ന തരത്തിലായിരിക്കണം. ഇതിന്റെ നിർമ്മിതി.

## സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ആധുനികസജ്ജീകരണങ്ങളെല്ലാമുള്ള ഒരാശുപത്രി പിറവത്തിനാവശ്യമാണ്. ഇന്ന് മികച്ച ആശുപത്രിയുടെയും ഡോക്ടർമാരുടേയും സേവനം തേടി നാല്പതു കിലോമിറ്റർ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഇതിനു മാറ്റം വരുത്തണമെങ്കിൽ പിറവത്ത് നല്ല സജ്ജീകരണങ്ങളുള്ള പഞ്ചായത്ത്

## യൂത്ത് ഹോസ്റ്റൽ

ഇവിടെയെത്തുന്ന സഞ്ചാരികൾക്കും മറ്റുള്ളവർക്കും താമസസൗകര്യമൊരുക്കുന്നതിനായി ഒരു യൂത്ത് ഹോസ്റ്റൽ ഈ പഞ്ചായത്തിനാവശ്യമാണ്. ഈ യൂത്ത് ഹോസ്റ്റലിനോടനുബന്ധിച്ച് 100 പേർക്കിരിക്കാവുന്ന ഒരു കോൺഫറൻസ് ഹാൾ കൂടി ഉണ്ടായിരിക്കണ.

## സിവിൽസ്റ്റേഷൻ

സർക്കാരോഫീസുകളെയെല്ലാം കേന്ദ്രീകരിക്കുന്നതിനായി ഒരു മിനി സിവിൽസ്റ്റേഷൻ പഞ്ചായത്തിലുണ്ടാക്കാൻ കഴിയണം. പി.ഡബ്ലിയു.ഡി., കെ.എസ്.ഇ.ബി, വില്ലേജാഫീസ് എന്നിവ ഇരിക്കുന്ന സ്ഥലം മിനിസിവിൽസ്റ്റേഷൻ മതിയാകുന്നതാണ്.

## ഡംപിങ്ങ്യാർഡ്

പഞ്ചായത്തിനകത്തുണ്ടാകുന്ന ചപ്പുചവറുകളും, മറ്റുമാലിന്യങ്ങളും കൊണ്ടുപോയി ഇടാൻ പറ്റുന്ന സ്ഥലം കണ്ടെത്തണം. ഇത് കൃഷിക്കുപയുക്തമാകത്തക്ക രീതിയിൽ ജൈവവളമാക്കി മാറ്റാനുള്ള ഒരു പദ്ധതി വളരെ വേഗം നടപ്പിലാക്കണം എങ്കിൽ മാത്രമേ ശുചീകരണത്തിലൂടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം ഈ പദ്ധതി കാലത്തു തന്നെ നടപ്പിലാവുകയുള്ളു.

## വർക്കിംഗ്‌വിമൻസ് ഹോസ്റ്റൽ

ജോലിയുള്ള വനിതകൾക്കും കോളേജ് വിദ്യാർത്ഥിനികൾക്കും താമസിക്കുന്നതിന് ഇവിടെ ഒരു വിമൻസ് ഹോസ്റ്റൽ വേണം. ഇത്തരക്കാരായ ഒത്തിരി സ്ത്രീകൾ പല വീടുകളിലായിട്ടാണിന്ന് വാടകയ്ക്കു താമസിക്കുന്നത്. 100 പേർക്കെങ്കിലും താമസസൗകര്യമുള്ള ഒരു ഹോസ്റ്റൽ ആയിരിക്കണം ഇത്.

## അഗതി മന്ദിരം

വാർദ്ധക്യകാലത്തെ ഒറ്റപ്പെടലിനും അനാഥത്വത്തിനും ഒരു പരിഹാരമെന്ന നിലയിൽ പഞ്ചായത്തു നേരിട്ട് സന്നദ്ധ അനാഥരുടെയും സംഘടനകളുടെ സഹായത്താലോ ഒരു അഗതി മന്ദിരം പണിത് വൃദ്ധരുടെയും പുനരധിവാസത്തിന് മുൻകൈയെടുക്കേണ്ടതാണ്.

133

ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനു വേണ്ടി പ്രവർത്തിച്ച


ശ്രീ. രമണൻ, സോജൻ, സി.ജി. പ്രകാശ്, സ.വി. ജേക്കബ്, കെ.പി. മാത്യു, ജോയി, പത്രോസ്...

- ഒന്നാംഘട്ടം മുതൽ സഹകരിച്ച വാർഡുതല പ്രതിനിധികൾ
- വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ
- സഹകരണകോളേജിലെ വിദ്യാർത്ഥികൾ
- ജില്ലാ പരിശീലകർ
- പഞ്ചായത്തു ജീവനക്കാർ
- വിവരങ്ങൾ നല്കിയ പൊതുജനങ്ങൾ
- മറ്റു സാമൂഹിക പ്രവർത്തകർ

എല്ലാവരെയും കൃതജ്ഞതയോടെ ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ട്,

എഡിറ്റോറിയൽ ബോർഡിനു വേണ്ടി

**കുമാരി അയിഷാമാധവ്**




# പിറവം പഞ്ചായത്ത്

താലൂക്ക് : **മൂവാറ്റുപുഴ** ബ്ലോക്ക് : **പാമ്പാക്കുട** ജില്ല : **എറണാകുളം**

## ഭൂപ്രകൃതി

ഇടയ്ക്കിടെ മലകളും സമതലങ്ങളും ഉൾപ്പെട്ട ഒരു പ്രദേശമാണ് പിറവം ഗ്രാമപഞ്ചായത്ത്. ഇതിന്റെ വടക്കു കിഴക്കു ഭാഗങ്ങൾ മലകളും, ചെറിയ കുന്നുകളുമാണ്. മൂവാറ്റുപുഴയാറ് ഈ പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു അതിർത്തിയിൽ നിന്നു തെക്കുപടിഞ്ഞാറു അതിർത്തിവരെ ഒഴുകുന്നു. പഞ്ചായത്തിന്റെ മൂന്നിൽ ഒരു ഭാഗത്തോളം മലയോരപ്രദേശമാണ്. ചെങ്കല്ല്, കരിങ്കല്ല്, പാറക്കല്ല് എന്നിവ കുന്നിൻപ്രദേശങ്ങളിൽ കൂടുതലായുണ്ട്. സമതല പ്രദേശങ്ങളിൽ എക്കൽമണ്ണ്, കളിമണ്ണ്, സാധാരണ മണ്ണ് എന്നിവ കാണുന്നു. പുഴയോരങ്ങളും പാടശേഖരങ്ങളും കൂടികലർന്ന പ്രദേശങ്ങൾ കൂടുതലും പടിഞ്ഞാറു ഭാഗത്താണ്.

computerised typesetting & layout by blith graphics ph. 337495 and printed at onus printers

135

# തിരുമാറാടി ഗ്രാമപഞ്ചായത്ത്.



## വികസന റിപ്പോർട്ട് - 1996

ഒമ്പതാം പദ്ധതി , ജനകീയ പദ്ധതി

136

ടെലിഫോൺ നമ്പർ : 0485 - 252254
പിൻകോഡ് - 686687


# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

## തിരുമാറാടി ഗ്രാമ പഞ്ചായത്ത്
## തിരുമാറാടി

# വികസന റിപ്പോർട്ട് 1996

## വികസന സെമിനാർ

സ്ഥലം : ഗവ: ഹൈസ്കൂൾ തിരുമാറാടി
തീയതി : 1996 ഡിസംബർ 7



മാന്യരെ,

വികസനപ്രക്രിയയുടെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായതും ജനശ്രദ്ധ പിടിച്ചുപറ്റിയതുമായ പ്രവർത്തനമാണല്ലോ ജനകീയ ആസൂത്രണ പരിപാടി. ഗ്രാമസഭ ചേർന്ന് ജനങ്ങൾ നേരിടുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ട ഈ പ്രസ്ഥാനത്തിന്റെ പ്രഥമഘട്ടം വിജയകരമായി പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ നല്ല ജനപങ്കാളിത്ത മുണ്ടായിരുന്നു എന്നതു തന്നെ ഇതിന്റെ തെളിവാണ്. ഗ്രാമസഭകളിൽ നാം കണ്ടെത്തിയ പ്രശ്നങ്ങളെ ആഴത്തിൽ വിലയിരുത്തി പരിഹാര നിർദ്ദേശങ്ങൾ സ്കീമുകളാക്കി മാറ്റേണ്ട ഉത്തരവാദിത്വവും നമുക്കുണ്ട്. അതായത് ഒമ്പതാം പദ്ധതിയുടെ സ്വഭാവത്തെയും പ്രയോഗക്ഷമതയെയും നിർണ്ണായകമായി സ്വാധീനിക്കുന്ന ഘട്ടങ്ങളാണ് ഇനിയുള്ളത്.

വികസന റിപ്പോർട്ട് തയ്യാറാക്കുക, വികസന സെമിനാർ സങ്കടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള രണ്ടാം ഘട്ട പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ ഇതോടെ പൂർത്തീകരിക്കപ്പെടുകയാണ്. ഒന്നാം ഘട്ടപ്രവർത്തനത്തിലും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും ഒട്ടേറെപ്പേരുടെ സഹകരണം നമുക്ക് ലഭിച്ചിട്ടുണ്ട്. ബഹുമാന്യരായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ, തൊഴിലാളികൾ, സന്നദ്ധപ്രവർത്തകർ, കൃഷിക്കാർ തുടങ്ങി ഇതുമായി ബന്ധപ്പെട്ട ഓരോരുത്തരെയും വിനയപൂർവ്വം സ്മരിക്കുന്നു. ആദ്യമായി തയ്യാറാക്കുന്ന പരിപാടി എന്ന നിലയിൽ ഈ റിപ്പോർട്ടിൽ കുറ്റങ്ങളും, കുറവുകളും കടന്നുകൂടിയിട്ടുണ്ടാകാം. ചർച്ചയിലൂടെ അവ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വരും നാളുകളിൽ എല്ലാവരുടേയും സഹകരണത്തോടുകൂടി ഒരു പുത്തൻ വികസന സംസ്ക്കാരം നമുക്ക് വളർത്തിയെടുക്കാം. പഞ്ചായത്തുകമ്മറ്റിക്കു വേണ്ടി നിങ്ങളോരോരുത്തർക്കും നന്ദി രേഖപ്പെടുത്തി ക്കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

എം. ജെ. ജേക്കബ്
പ്രസിഡന്റ്
തിരുമാറാടി ഗ്രാമ പഞ്ചായത്ത്

തിരുമാറാടി
7-12-96

# ആമുഖം

കേരളസംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. 9ാം പഞ്ചവൽസരപദ്ധതിയുടെ 35-40% തുകയ്ക്ക് വരുന്ന വികസന പരിപാടികൾ താഴെതട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുകയെന്നതാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം. 'പഞ്ചവൽസര പദ്ധതി കൂടുതൽ ഫലപ്രദമാക്കുവാനുള്ള മാർഗ്ഗം ജനപങ്കാളിത്തത്തോടുകൂടി തയ്യാറാക്കപ്പെടുന്ന സ്കീമുകളാണ്' എന്ന ആശയമാണ് ഈ നൂതന രീതിയുടെ അടിസ്ഥാനം. കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നത് പോലെ തന്നെ പ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിന്റെ രീതിയും. തങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതികളോട് ജനങ്ങൾക്കുള്ള നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും. ആസൂത്രണം മുതൽ നടത്തിപ്പു വരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തവുമായിരിക്കും ഈ പദ്ധതിയുടെ ഭാവിയെ നിർണയിക്കുന്നത്.

ഒൻപതാം പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന അടങ്കലിന്റെ 35-40%വരെ തുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവക്കുന്നു എന്നതാണ്.പദ്ധതിയുടെ ആസൂത്രപ്രക്രിയയിൽ പങ്കാളികളാകുവാൻ ലഭിച്ച അപൂർവ്വ അവസരം വിനിയോഗിക്കുകയെന്ന കർമ്മ പരിപാടി വിജയകരമായി മുന്നേറുകയാണ്.

തിരുമാറാടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് പ്രതിനിധികളുടെയും ജില്ലാ പരിശീലകരുടെയും നേതൃത്വത്തിൽ 52 പേർക്ക് പരിശീലനം നൽകുകയുണ്ടായി. തുടർന്ന് ഓരോ വാർഡിനേയും, വിവിധ മേഖലകളായി തിരിച്ച് ഗ്രൂപ്പുയോഗങ്ങളും, ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. ജനകീയാസൂത്രണ വിളമ്പര ജാഥകൾ, വാഹനത്തിലൂടെയുള്ള പ്രചാരണങ്ങൾ, തുടങ്ങിയവയും ചിട്ടയോടെ നടക്കുകയുണ്ടായി. ജനകീയാസൂത്രണപ്രസക്തിയും പദ്ധതിയിൽ ജനങ്ങൽ എങ്ങനെ ഭാഗഭാക്കാവുന്നു എന്നതിനെക്കുറിച്ചുള്ള വ്യക്തതയും ഇത് വഴി ആളുകൾക്ക് ലഭിച്ചു.അതിനു ശേഷമാണ് പരമപ്രധാനമായ വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്.

## ഒമ്പതാം പദ്ധതി രൂപീകരണത്തിന് വേണ്ടി കൂടിയ വിശെഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| I | ഗവ:HSആത്താനിക്കൽ | 28.9.96 | 87 |
| II | ഗവ:LPS മണ്ണത്തൂർ | 26.9.96 | 64 |
| III | കമ്മ്യൂണിറ്റിഹാൾ ഓലിയപ്പുറം | 2.10.96 | 179 |
| IV | കമ്മ്യൂണിറ്റി ഹാൾ ഒലിയപ്പുറം | 24.9.96 | 146 |
| V | മിനി ഓഡിറ്റോറിയം തിരുമാറാടി പഞ്ചായത്ത് | 1.10.96 | 115 |
| VI | മിനി ഓഡിറ്റോറിയം തിരുമാറാടി ഗ്രാമപഞ്ചായത്ത് | 29.9.96 | 135 |
| VII | ഖാദി സൊസൈറ്റി ഹാൾ കാക്കൂർ | 1.10.96 | 129 |
| VIII | ഖാദി സൊസൈറ്റിഹാൾ കാക്കൂർ | 27.9.96 | 99 |
| IX | ഗവ:HS ആത്താനിക്കൽ | 30.9.96 | 72 |

ഗ്രാമസഭകളിൽ ശരാശരി 114 പേർ പങ്കെടുത്തിട്ടുണ്ട് സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു.പ്രശ്നങ്ങളുടെ കാരണങ്ങളെ തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും വേണ്ട പരിഹാരങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്ന ഗ്രാമസഭകൾക്ക് ഒരു പരിധി വെരെയെങ്കിലും ലക്ഷ്യത്തിലെത്താൻ സാധിച്ചു.

തുടർന്നു രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.വാർഡുതല പ്രതിനിധികളുടെയും പരിശീലകരുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ ശ്രമം കൊണ്ട് വീടുകൾ സന്ദർശിച്ച് ആവശ്യം വേണ്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു.ഒപ്പം തന്നെ വിവിധസ്ഥാപനങ്ങളുടെ ഓഫീസുകളിൽ നിന്ന് ദ്വിതീയ സ്ഥിതി വിവരക്കണക്കുകളും എടുക്കുകയുണ്ടായി. ഗ്രാമസഭകളിൽ നിന്നുംഉയർന്നുവന്ന ആവശ്യങ്ങളും നിർദേശങ്ങളും ജില്ലാതല പരിശീലകരും പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരും .മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയും സാദ്ധ്യതകൾ വിലയിരുത്തിയും ദിവസങ്ങളോളം നടത്തിയ പ്രയത്ന ഫലമാണ് ഈ വികസന റിപ്പോർട്ട്.

# പഞ്ചായത്തിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുമാറാടി ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ രൂപീകരണം | : | 1953 |
| പഞ്ചായത്തിന്റെ ഗ്രേഡ് | : | ഫസ്റ്റ് ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തിരുമാറാടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | തിരുമാറാടി |
| ബ്ലോക്ക് പഞ്ചായത്ത് | : | പാമ്പാക്കുട |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | കൂത്താട്ടുകുളം |
| താലൂക്ക് | : | മൂവാറ്റുപുഴ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | പിറവം |
| ലോക്സഭാ മണ്ഡലം | : | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | : | 2924.29 ഹെക്ടർ |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | മാറാടി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | ആരക്കുഴ, പാലക്കുഴ ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | കൂത്താട്ടുകുളം, ഇലഞ്ഞി ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് |

## ജനസംഖ്യ (1991 കാനേഷുമാരി പ്രകാരം)

| | | |
|---|---|---|
| സ്ത്രീകൾ | : | 8186 |
| പുരുഷൻമാർ | : | 8276 |
| ആകെ | : | 16462 |

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ സ്ഥാപനങ്ങൾ

1. വില്ലേജ് ആഫീസ്, തിരുമാറാടി
2. ഗവ:ആയുർവേദ ആശുപത്രി, മണ്ണത്തൂർ
3. പ്രൈമറി ഹെൽത്ത് സെന്റർ, തിരുമാറാടി
4. ഹോമിയോ ഡിസ്പെൻസറി, കാക്കൂർ
5. ഗവ:മൃഗാശുപത്രി, തിരുമാറാടി

6. I.C.D.P.സബ് സെന്റർ, വെട്ടിമൂട്
7. കൃഷിഭവൻ, വാളിയപ്പാടം
8. പോസ്റ്റ് ഓഫീസ്, തിരുമാറാടി
9. പോസ്റ്റ് ഓഫീസ്, കാക്കൂർ
10. പോസ്റ്റ് ഓഫീസ്, മണ്ണത്തൂർ
11. പോസ്റ്റ് ഓഫീസ്, ഒലിയപ്പുറം
12. M.V.I.P sub division IV, മണ്ണത്തൂർ
13. M.V.I.P Section II/IV മണ്ണത്തൂർ
14. M.V.I.P Section III/IV മണ്ണ്ത്തൂർ
15. M.V.I.P Section I/IV മണ്ണത്തൂർ
16. C.W.R.D.M സബ്സെന്റർ മണിമലക്കുന്ന്
17. K.S.E.B. ഓഫീസ് മണ്ണത്തൂർ

## പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സുകളും ഓഡിറ്റോറിയങ്ങളും

1. ഒലിയപ്പുറം ഷോപ്പിംഗ് കോംപ്ലക്സ്
2. കാക്കൂർ ഷോപ്പിംഗ് കോംപ്ലക്സ്
3. കമ്മ്യൂണിറ്റി ഹാൾ ഒലിയപ്പുറം
4. മിനി ഓഡിറ്റോറിയം തിരുമാറാടി

## പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

1. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, കാക്കൂർ
2. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, മണ്ണത്തൂർ ബ്രാഞ്ച്
3. കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, ഒലിയപ്പുറം ബ്രാഞ്ച്
4. S.B.T ബ്രാഞ്ച് കാക്കൂർ
5. കാത്തലിക് സിറിയൻ ബാങ്ക് മണ്ണത്തൂർ ബ്രാൻഞ്ച്

## പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങൾ

1. ഗവ:കോളേജ് മണിമലക്കുന്ന്, ഒലിയപ്പുറം
2. ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ തിരുമാറാടി
3. ഗവ:ഹൈസ്ക്കൂൾ ആത്താനിക്കൽ , മണ്ണത്തൂർ
4. ഗവ:LPS മണ്ണത്തൂർ
5. ഗവ:LPS കാക്കൂർ.

# ചരിത്രപശ്ചാത്തലം

ചരിത്രത്തിന്റെ സൃഷ്ടാക്കൾ ജനങ്ങളാണ് എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായ വികസന റിപ്പോർട്ടിൽ ഓരോ പഞ്ചായത്തിന്റെയും സാമൂഹിക - സാംസ്കാരിക ചരിത്രം ചേർത്തു വയ്ക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന അവാർഡ് നേടിയ തിരുമാറാടി പഞ്ചായത്തിന് എല്ലാ മേഖലകളിലും അപൂർവ്വ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ രംഗത്ത് ഗവൺമെന്റ് കോളേജ് മണിമലക്കുന്ന്, മൂന്ന് ഹൈസ്കൂളുകൾ, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, നാല് പ്രൈമറി സ്കൂളുകൾ, രണ്ട് പ്രീ-പ്രൈമറി സ്കൂളുകൾ, അനേകം നഴ്സറി സ്കൂളുകൾ, ഒരു സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം, രണ്ട് പാരലൽ കോളേജുകൾ, എന്നിവ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ചികിത്സാ രംഗത്ത് സർക്കാർ ഉടമസ്ഥതയിലുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളും, മറ്റു സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നു. നാളികേരം, റബർ, തുടങ്ങിയ നാണ്യവിളകളുടെ വ്യാപനത്തോടെ കാർഷിക മേഖല ഏറെ സജീവമാണ്. കർഷകർക്കാകെ പ്രയോജനം ലഭിക്കത്തക്കവിധം നല്ല നിലയിൽ പ്രവർത്തിക്കുന്ന കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്, ഖാദിഗ്രാമ വ്യവസായ ഫെഡറേഷന്റെ അവാർഡ് നേടിയ ഖാദി & വില്ലേജ് ഇൻഡസ്ട്രി എന്നിവ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് ജനകീയ സംരംഭങ്ങളാണ്. എല്ലാവർക്കും വീട് എന്ന ലക്ഷ്യം അനദി വിദൂര ഭാവിയിൽ സാക്ഷാൽക്കരിക്കപ്പെടും. സമ്പൂർണ്ണ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയതുകൊണ്ട് ഏറ്റവും ഉയർന്ന ദേശങ്ങളിലൊഴികെ പഞ്ചായത്തിലെ എല്ലായിടത്തും ശുദ്ധജലം എത്തിക്കുവാൻ കഴിഞ്ഞു. MVIP കനാലുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 ഗ്രന്ഥ ശാലകളും, നിരവധി ക്ലബ്ബുകളും, ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തെ സജീവ കേന്ദ്രങ്ങളാണ്.

രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പ്രതിഭകളെ ഈ പഞ്ചായത്ത് സംഭാവന നൽകിയിട്ടുണ്ട്. റവന്യൂ മന്ത്രിയായിരുന്ന ശ്രീ. കെ.ടി. ജേക്കബ്, എം.പി. യും എം.എൽ.എ.യുമായിരുന്ന ശ്രീ പി.പി. എസ്തോസ് എന്നിവരും മുൻ എം. എൽ.എ ശ്രീമതി പെണ്ണമ്മ ജേക്കബ്ബ്, മുൻമന്ത്രിയും എം.എൽ.എ. യുമായ ശ്രീ ടി.എം. ജേക്കബ്ബ് തുടങ്ങിയവരെ രാഷ്ട്രീയ രംഗത്തും, സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന ശ്രീ കെ. എൻ വാസുദേവൻ നമ്പൂതിരി, ശില്പകലയിൽ അന്താരാഷ്ട്ര ബഹുമതികൾ നേടിയ ശ്രീ എൻ. എൻ റിംൻസൺ, സംസ്ഥാന അവാർഡ് നേടിയ ശ്രീ സാജു മണ്ണത്തൂർ, കായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ സി.എസ്. എബ്രാഹാം തുടങ്ങിയവരും ഈ പഞ്ചായത്തിന്റെ സംഭാവനകളാണ്.

മണ്ണത്തൂർ, ഒലിയപ്പുറം, തിരുമാറാടി, കാക്കൂർ എന്നീ നാലു കരകളിലെ ഭഗവതീ ക്ഷേത്രങ്ങളും തിരുമാറാടിയിലെ ശിവക്ഷേത്രവുമാണ് പ്രധാന ഹൈന്ദവ ആരാധന കേന്ദ്രങ്ങൾ. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് കഥകളി, മുടിയേറ്റ്, ഗരുഡൻ തൂക്കം. കളമെഴുത്തുപാട്ട് തുടങ്ങിയ അനുഷ്ഠാന കലകളുടെ അവതരണം ഇന്നും തുടർന്നു വരുന്നു. കാർഷിക സംസ്ക്കാരത്തിന്റെ ഓർമ്മകളുണർത്തുന്ന കാക്കൂർ കാളവയലാരംഭിച്ചത് പഞ്ചായത്തിലെ ഏറ്റവും പ്രസിദ്ധമായ ആമ്പശ്ശേരി കാവിലെ ഉത്സവവുമായി ബന്ധപ്പെട്ടാണ്. പ്രസിദ്ധമായ വടകര യാക്കോബായ പള്ളിയിൽനിന്ന് ഭാഗം പിരിഞ്ഞ മണ്ണത്തൂർ, നാവോളിമറ്റം, കുഴിക്കാട്ടുകുന്ന് തുടങ്ങിയ പള്ളികളും, പാമ്പാക്കുട വലിയ പള്ളിയിൽ നിന്ന് പിരിഞ്ഞുപോന്ന ആട്ടിൻകുന്ന് പള്ളിയും, വടകര കത്തോലിക്കാ പള്ളിയിൽനിന്ന് പിരിഞ്ഞ കാക്കൂർ സെന്റ് ജോസഫ്സ് പള്ളിയും, അതിൽനിന്ന് പിരിഞ്ഞ തിരുമാറാടി സെന്റ് മേരീസ് പള്ളിയുമാണ് പ്രധാന ക്രിസ്തീയാരാധനാ കേന്ദ്രങ്ങൾ.

ഇങ്ങനെ അപൂർവ്വസൗകര്യങ്ങളുള്ള നമ്മുടെ പഞ്ചായത്തിന്റെ ഭൂതകാലത്തിലേക്കൊന്നെത്തിനോക്കിയാൽ ചില സാംസ്ക്കാരിക തനിമകൾ തെളിഞ്ഞുകാണാം. ഒരു കാലത്ത് പഞ്ചായത്തിലെ കൃഷിഭൂമിയിൽ പകുതിയിലധികവും നിലങ്ങളായിരുന്നു. നെല്ല് പ്രധാന ഉല്പന്നമായിരുന്ന ആ കാലഘട്ടത്തിൽ നിലങ്ങളധികവും ദേവസ്വം-ബ്രഹ്മസ്വം വകകളായിരുന്നു. പല വിധത്തിലുള്ള പാട്ട വ്യവസ്ഥയിലായിരുന്നു കൃഷിക്കാർ നിലം ഉപയോഗിച്ചിരുന്നത്. കാഞ്ഞിരപ്പിള്ളി മന, ഓണക്കൂർ ദേവസ്വം എന്നിവയുടെ വകയായിരുന്നു കാക്കൂർ പ്രദേശത്തെ നിലങ്ങളധികവും. കിഴക്കില്ലത്ത് മന, പൂവക്കാട്ടില്ലം തുടങ്ങിയ മൂന്ന് നാല് ബ്രഹ്മസ്വങ്ങളുടെ വകയായിരുന്നു തിരുമാറാടി, വാളിയപ്പാടം പ്രദേശങ്ങൾ. ഉദയംപേരൂരിലെ മാങ്കായി മനയുടെയും, ചേന്നാട്ടുകുന്നേൽ കർത്താക്കന്മാരുടെയും വകയായിരുന്നു മണ്ണത്തൂർ പ്രദേശത്തെ വിളനിലങ്ങൾ. കരഭൂമികളിൽ കുറെയൊക്കെ പണ്ടാരപ്പാട്ടമുള്ളവയായിരുന്നു.

അരിയും കപ്പയുമായിരുന്നു പ്രധാന ആഹാരം. ആഹാരത്തിനുപോലും വക കണ്ടെത്താൻ വിഷമിച്ചിരുന്നവരാ

യിരുന്നു ആളുകളധികവും. ഒപ്പം ജാത്യാചാരങ്ങളുടെ വിഷമതകളും അവരുടെ ജീവിതത്തെ ദു:സ്സഹമാക്കിയിരുന്നു. 1940 കളിൽ യുദ്ധകാലഘട്ടത്തിൽ രണ്ടേക്കറിൽ താഴെ കൃഷി ചെയ്യുന്നവരിൽ നിന്നുകൂടി ലെവി നെല്ലു പിരിച്ചപ്പോൾ ചെറുകിട കൃഷിക്കാരും വിഷമത്തിലായി.രാജാവിന്റെയും സർ സി.പി. യുടെയും കാലത്ത് തിരുവിതാംകൂറിൽ ദുർബ്ബലമായിരുന്ന ദേശീയ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങൾ നമ്മുടെ പ്രദേശങ്ങളിൽ ശക്തമാവുന്നതിന് ഇതും ഒരു കാരണമായി. ജന്മിത്വത്തിനെതിരെ കൃഷിക്കാരുടെ പ്രക്ഷോഭങ്ങളും സ്വതന്ത്ര തിരുവിതാംകൂറിനും തിരുക്കൊച്ചിക്കുമപ്പുറം ഐക്യകേരളത്തിനു വേണ്ടിയുള്ള സമരങ്ങളും സർവ്വോപരി സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഉത്കടമായ അഭിവാഞ്ചയും ഇഴചേർന്നു കിടക്കുന്നതാണ് തിരുമാറാടി പഞ്ചായത്ത് ഉൾപ്പെടുന്ന കൂത്താട്ടുകുളം മേഖലയിലെ സ്വാതന്ത്ര്യസമരം. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെയും പിന്നീട് യൂത്ത് ലീഗിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും നേതൃത്വത്തിലാണ് ആ സമര പ്രസ്ഥാനം വളർന്നത്. 1935 മുതൽ നിരോധിക്കപ്പെട്ട കോൺഗ്രസിന്റെ നേതൃത്വത്തിൽ പല രൂപത്തിലുള്ള പ്രക്ഷോഭങ്ങളും നടന്നിട്ടുണ്ട്. 1947 ജനുവരിയിൽ വടകര ഹൈസ്കൂളിൽ നിന്ന് കെ. ടി. ജേക്കബ്ബിന്റെയും പി.പി. എസ്തോസിന്റെയും നേതൃത്വത്തിൽ പുറപ്പെട്ട സ്റ്റുഡന്റ് സ് യൂണിയൻ ജാഥ കൂത്താട്ടുകുളത്തുവച്ച് ആഗസ്തി എന്നു പേരുള്ള സബ്-ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നിഷ്ഠൂരമായി അടിച്ചമർത്തപ്പെട്ടു. പിന്നീട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. പി.കെ. കുര്യാക്കോസ് അടക്കമുള്ള വിദ്യാർത്ഥികൾ ക്രൂരമർദ്ദനത്തിനിരയായി. സ്വാതന്ത്ര്യത്തിനുശേഷം കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് '48 മെയ് 1 ന് കൂത്താട്ടുകുളത്ത് മെയ്ദിനറാലിയിൽ പങ്കെടുത്ത നിരവധിയാളുകൾ അറസ്റ്റു ചെയ്യപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്തു. തുടർന്ന് ശ്രീ. മങ്ങാട്ട് രാമകൃഷ്ണൻനായർ പൂജപ്പുര സെൻട്രൽ ജയിലിൽ വച്ച് നിഷ്ഠൂരമായി വധിക്കപ്പെട്ടു. യൂത്ത് ലീഗ് സമ്മേളനത്തിൽ പങ്കെടുക്കവെ പാലക്കുഴയിൽ വച്ച് തിരുമാറാടിക്കാരനായ നരസിംഹ അയ്യരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകാനുള്ള ശ്രമത്തെ ചെറുത്തുനിന്നതിന്റെ ഫലമായി ഉമ്മനെന്ന പോലീസ് കോൺസ്റ്റബിൾ കൊല്ലപ്പെട്ടു. തുടർന്ന് ആ സമ്മേളനത്തിൽ പങ്കെടുത്തവരെയാകെ പ്രതികളാക്കി കേസെടുക്കുകയും ഭീകരമായ പോലീസ് അതിക്രമങ്ങൾ അരങ്ങേറുകയും,ചെയ്തു. 49 ജൂലായ് 1 ന് തിരു-കൊച്ചി സംയോജനം നടന്ന ദിവസം ഐക്യകേരളത്തിനു വേണ്ടി ആരംഭിച്ച പ്രസിദ്ധമായ വൈക്കം ജാഥയിൽ പങ്കു ചേർന്നതിന് നമ്മുടെ പഞ്ചായത്തിലെ പല ദേശ സ്നേഹികളും കരിമ്പനയിൽ വച്ച് മർദ്ദിക്കപ്പെട്ടു. തുടർന്നുണ്ടായ പോലീസ് അതിക്രമങ്ങളിൽ അനേകമാളുകൾ പീഡിപ്പിക്കപ്പെടുകയും മണ്ണത്തൂർ കടുവാംകുളത്തിൽ വർഗ്ഗീസ് പാലാലോക്കപ്പിൽ വച്ച് ക്രൂരമായി വധിക്കപ്പെടുകയും ചെയ്തു.

1956 നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ വിഭജിച്ചതിന്റെ ഭാഗമായി ഐക്യകേരളം നിലവിൽ വന്നു. ഇത്തരം സമരങ്ങളുടെ പശ്ചാത്തലത്തിലുയർന്നുവന്ന 57ലെ കേരള ഗവൺമെന്റ് ജന്മിത്വമവസാനിപ്പിച്ച് കൃഷിഭൂമി കർഷകന് നൽകാനുദ്ദേശിച്ചുകൊണ്ടുള്ള കാർഷിക പരിഷ്കരണ നിയമങ്ങൾക്ക് തുടക്കം കുറിച്ചു. 1970 ൽ കാർഷിക പരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെയാണ് നമ്മുടെ പഞ്ചായത്തിൽ കൈവശ കൃഷിക്കാർക്ക് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചത്. കുരുമുളക്, ഇഞ്ചിപ്പുല്ല്, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധവിളകളും കശുവണ്ടിയുമായിരുന്നു പ്രധാന നാണ്യവിളകൾ. ക്രമേണ നാളികേര കൃഷിയും വ്യാപിച്ചു. ഇതിനനുസൃതമായി മലഞ്ചരക്കിന്റെയും മറ്റും വ്യാപാരകേന്ദ്രങ്ങൾ സജീവമായി. വാളിയപ്പാടം, കാക്കൂർ, മണ്ണത്തൂർ, വാണിഭശേരി (ഒലിയപ്പുറം), വെട്ടിമൂട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യാപാര കേന്ദ്രങ്ങൾ സജീവമായി. മൂവാറ്റുപുഴ, പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളിൽ ആഴ്ച ചന്തകളും നിലവിൽ വന്നിരുന്നു.

70 വർഷത്തിലേറെ പഴക്കമുള്ള പിറവം-തൊടുപുഴ റോഡും 50 വർഷത്തി ലേറെ പഴക്കമുള്ള വാളിയപ്പാടം-മാറാടി-മണ്ണത്തൂർ റോഡുമാണ് വാഹന ഗതാഗത സൗകര്യമുണ്ടായിരുന്ന ആദ്യകാല റോഡുകൾ. 65 വർഷങ്ങൾക്ക് മുൻപ് തന്നെ തൊടുപുഴ-പിറവം റോഡിൽ ബസ് സർവ്വീസ് ആരംഭിച്ചിരുന്നു.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ ഒരു നൂറ്റാണ്ടു മുൻപു തന്നെ നിലനിന്നിരുന്നു. 1934ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട വടകര സെന്റ് ജോൺസ് വിദൂരദേശങ്ങളിലുള്ളവർക്കുപോലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രയോജനപ്പെട്ടിരുന്നു. മൂവാറ്റുപുഴ ഹൈസ്കൂളായിരുന്നു ആദ്യകാലത്തെ ആശ്രയം.

മരപ്പണിക്കാർ, കല്പണിക്കാർ, സ്വർണ്ണപ്പണിക്കാർ തുടങ്ങിയവരിലധികവും കാക്കൂർ, തിരുമാറാടി പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് താമസിച്ചിരുന്നത്. എല്ലാ ജോലിക്കും നെല്ലാണ് കൂലിയായി നൽകപ്പെട്ടിരുന്നത്. കൃഷിക്കാരുടെ വീടുകളിൽ നെല്ലു കുത്തുന്ന ഒരു സ്ത്രീക്ക് ഒരു പറ നെല്ലിന് നാഴി അരിയായിരുന്നു കൂലി. ഭൂവുടമാബന്ധത്തിൽ മാറ്റം വന്നതും ആസൂത്രണങ്ങളുടെ ഭാഗമായി നവീന കൃഷി സമ്പ്രദായങ്ങൾ ആവിർഭവിച്ചതും കാർഷിക മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി. ഇന്ന് പഞ്ചായത്തിലെ പ്രധാന കൃഷിയായ റബ്ബർ ആദ്യമായി കൃഷി ചെയ്തത് ഈറ്റാപ്പിള്ളി മാറാടി കുന്നുമ്മേൽ ചെറിയാൻ, മണ്ണത്തൂർ കരിപ്പാക്കുടിയിൽ മത്തായി തുടങ്ങിയവരാണ്. പഴയ മ്യാൽ നിലങ്ങളും മാരികളുമെല്ലാം തന്നെ ഇന്ന് റബ്ബർ തോട്ടങ്ങളായി മാറി. ഇഞ്ചിപ്പുല്ല്, കശുമാവ് തുടങ്ങിയവ ഇന്ന് നാമാവശേഷമായി. മറ്റ് സുഗന്ധ വിളകളും ക്ഷയോന്മുഖമാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം 1953 ആഗസ്റ്റ് 15ന് രൂപം കൊണ്ട തിരുമാറാടി പഞ്ചായത്ത് സമിതിയുടെ ചരിത്രത്തിലേക്കു കടക്കുവാൻ.

1953 ലെയും 63ലെയും തെരഞ്ഞെടുപ്പിൽ ആറു വാർഡുകളായിരുന്നു പഞ്ചായത്തിനുണ്ടായിരുന്നത്. ആറാം വാർഡിൽ (കാക്കൂർ ഭാഗം) ഇരട്ട വോട്ടവകാശം ഉണ്ടായിരുന്നു. ഒരു ജനറൽ സീറ്റും ഒപ്പം ഹരിജൻ സീറ്റും കൂടിയായിരുന്നു ഈ വാർഡ്.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. കെ. പി. പീലിപ്പോസ്, പുൽപ്പാറയിൽ, |
| II. | ശ്രീ. തോമസ് മത്തായി, പള്ളിപ്പാട്ട് |
| III. | ശ്രീ. ചാക്കോ പൈലോ, കുറ്റിച്ചിറ |
| IV. | ശ്രീ. ആർ. വാസുദേവൻ ഇളയത്,പൂവക്കാട്ട് ഇല്ലം. |
| V. | ശ്രീ. ഇ. റ്റി. കുര്യാക്കോസ്, ഇടത്തൊട്ടിയിൽ |
| VI. | 1. ശ്രീ. ഇട്ടിയവിര വർക്കി, അമ്മൻകുളം<br>2. ശ്രീ. എം. സി. അയ്യപ്പൻ, മരുത്താംകുടി. |

1953 ആഗസ്റ്റ് 15-ാം തീയതി ശ്രീ. എം. വി. ചെറിയാൻ M.L.A, വടകര സെന്റ് ജോൺസ് ഹൈസ്കൂളിൽ ചേർന്ന യോഗത്തിൽ വച്ച് തിരുമാറാടി പഞ്ചായത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായി ശ്രീ. കെ. പി. പീലിപ്പോസും, വൈസ് പ്രസിഡന്റായി ശ്രീ. ഇ. റ്റി. കുര്യാക്കോസും തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് ആസ്ഥാനം വാളിയപ്പാടത്ത് ആക്കുവാൻ കഴിയാതെ വന്നതിൽ പ്രതിഷേധിച്ച് 1956 നവംബർ 23-ന് ശ്രീ. തോമസ് മത്തായി കമ്മിറ്റിയിൽ നിന്ന് രാജി വച്ചു. തുടർന്ന് മണ്ണത്തൂരിൽ ചേർന്ന പൗരയോഗം പകരം പ്രതിനിധിയായി ഏലിയാസ് ജോസഫ് കുരീത്തലയെ തെരഞ്ഞെടുത്തു. 53 മുതൽ 63 വരെയുള്ള ആദ്യ പഞ്ചായത്ത് കമ്മറ്റിയുടെ കാലയളവിൽ പല വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. 1953 ഓഗസ്റ്റ് 23-ന് ചേർന്ന ആദ്യ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ആദ്യത്തെ പ്രമേയം "മണ്ണത്തൂർ കേന്ദ്രമായി ഒരു ഡിസ്പെൻസറി ആരംഭിക്കണം" എന്നായിരുന്നു. പരിമിതമായ തൊഴിൽ കരവും വീട്ടുനികുതിയുമായിരുന്നു പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. ഏകദേശം 10000 രൂപ മാത്രമായിരുന്നു വാർഷിക വരുമാനം. തിരുമാറാടി പഞ്ചായത്തിന്റെ ഇന്നുള്ള പഴയ കെട്ടിടം, കാക്കൂർ, മണ്ണത്തൂർ വായനശാല കെട്ടിടങ്ങൾ എന്നിവ പണികഴിപ്പിച്ചതും, കാക്കൂർ മാർക്കറ്റ് ആരംഭിച്ചതും, മണ്ണത്തൂർ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കപ്പെട്ടതുമെല്ലാം ഈ കമ്മറ്റിയുടെ കാലഘട്ടത്തിലാണ്.

1963 -ലെ രണ്ടാം തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. വി. എൻ ഇട്ടൻകുഞ്ഞ്, വാലാശ്ശേരി |
| II. | ശ്രീമതി. പെണ്ണമ്മ ജേക്കബ്,കൊച്ചുപറമ്പിൽ |
| III. | ശ്രീ. ഡീക്കൻ കുര്യൻ, തട്ടംപാറയിൽ |
| IV. | ശ്രീ. കെ. സി. ലൂയിസ് കുന്നത്ത് |
| V. | ശ്രീ. പി. കെ കുര്യക്കോസ്, പനിച്ചിയിൽ |
| VI. | 1. ശ്രീ. സി. ജെ മാത്യു, ചേന്നാട്ട്<br>2. ശ്രീ. എ. സി. ചൊക്ലി, ചെല്ലിയിൽ. |

ഡീക്കൻ കുര്യൻ തട്ടംപാറയിൽ പ്രസിഡന്റും, ശ്രീ. പി. കെ കുര്യാക്കോസ് വൈസ് പ്രസിഡന്റുമായി തിരഞ്ഞെടുക്കപ്പെട്ടു. 1972-ൽ പ്രസിഡന്റിന്റെ മരണത്തെതുടർന്ന് ശ്രീ. സി. ജെ മാത്യു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 'ലാന്റ് സെസ്' പഞ്ചായത്ത് തീരുമാനം മറികടന്ന് റവന്യൂ ഉദ്യോഗസ്ഥർ വഴി പിരിവ് നടത്താൻ ഗവൺമെന്റ് തീരുമാനിച്ചതിൽ പ്രതിഷേധിച്ച് 1974 ഏപ്രിൽ 10-ന് പഞ്ചായത്ത് കമ്മറ്റി ഒന്നടങ്കം രാജിവച്ചു. അതിനാൽ 74 ഏപ്രിൽ മുതൽ 79 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിൻകീഴിലായിരുന്നു പഞ്ചായത്ത്. ഈ കമ്മറ്റിയുടെ കാലത്ത് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വാളിയപ്പാടം, കീഴൂർ, മുടക്കുറ്റി, തൊട്ടുകുന്ന്, കരിമത തുടങ്ങിയ ക്രോസ് ബാറുകളും ലീഡിംഗ് ചാനലുകളും നിർമ്മിക്കപ്പെട്ടു. 18 പമ്പ് സെറ്റുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചു. ഗവൺമെന്റ് നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി കാക്കൂർ, തിരുമാറാടി, മണ്ണത്തൂർ എന്നിവിടങ്ങളിൽ 50 വീടുകൾ നിർമ്മിച്ചു. വാളിയപ്പാടത്തും, വെട്ടിമൂട്ടിലും ഓരോ ഏക്കർ സ്ഥലം വാങ്ങി രണ്ട് - നാല് സെന്റ് കോളനികൾ സ്ഥാപിച്ചതും ഇക്കാലത്താണ്. തിരുമാറാടിയിൽ അന്നാരംഭിച്ച I.C.D.P. സബ്സെന്ററാണ് ഇന്നത്തെ മൃഗാശുപത്രി. കാക്കൂരിലെ ഹോമിയോ ആശുപത്രി സ്ഥാപിക്കപ്പെട്ടതും, നാവോളിമറ്റത്തും, കാക്കൂരും, ഫാമിലി വെൽഫെയർ സെന്ററുകൾ ആരംഭിച്ചതും ഇക്കാലത്താണ്. കാക്കൂർ, തിരുമാറാടി, വെട്ടിമൂട് എന്നിവിടങ്ങളിലെ വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണവും ഈ കമ്മറ്റിയുടെ കാലത്താണ്.

1979 സെപ്റ്റംബറിൽ മൂന്നാം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ഹരിജൻ, വനിതാ വാർഡുകൾ സംവരണം ചെയ്തുകൊണ്ട് പഞ്ചായത്ത് 8 വാർഡുകളായി പുനർവിഭജനം ചെയ്യപ്പെട്ടിരുന്നു. വാർഡുകളിൽനിന്ന് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. എൻ. വി. പൈലി, നെടുംതടത്തിൽ |
| II. | ശ്രീമതി. പെണ്ണമ്മ ജേക്കബ്,കൊച്ചുപറമ്പിൽ |
| III. | ശ്രീ. എം. ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ |
| IV. | ശ്രീ. റ്റി. നാരായണൻ, അമ്പാട്ട് |
| V. | ശ്രീ. തോമസ് ജോൺ, പുലിയംപിള്ളിൽ |
| VI. | ശ്രീ. ജോസ് ആറാംചേരിൽ |
| VII | ശ്രീ. കെ. വി. ജോസഫ്, കുരീക്കാട്ടിൽ |
| VIII. | ശ്രീ. പി. സി. സ്കറിയ, പുൽപ്പാറയിൽ |

പ്രസിഡന്റായി എം. ജെ ജേക്കബ്ബും, വൈസ് പ്രസിഡന്റായി തോമസ് ജോണും തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയുടെ കാലത്താണ് 1981-82 - ലെ ഏറ്റവും നല്ല പഞ്ചായത്തായി തിരുമാറാടി തെരഞ്ഞെടുക്കപ്പെട്ടത്. ഒലിയപ്പുറത്ത് 100 അടി നീളമുള്ള ഷോപ്പിംഗ് കോംപ്ലക്സ് പണി കഴിപ്പിച്ചതും കാക്കൂർ ഷോപ്പിംഗ് കോംപ്ലക്സ്

നിർമ്മാണപ്രവർത്തനമാരംഭിച്ചതും, വെട്ടിമൂട്ടിൽ സ്ഥലം വാങ്ങിയതും ഈ കമ്മറ്റിയുടെ കാലത്താണ്. ഒലിയപ്പുറത്ത് സ്ഥലം സമ്പാദിച്ച് കമ്യൂണിറ്റി ഹാൾ പണി തീർത്തതും പഞ്ചായത്തിന്റെ കൗൺസിൽ ഹാൾ ഉൾപ്പെടുന്ന ഇരുനിലക്കെട്ടിടം പണികഴിപ്പിച്ചതും, ഇക്കാലത്താണ്. മണ്ണത്തൂരിൽ വെയിറ്റിംഗ് ഷെഡ്-കം-റീഡിംഗ് റൂം, നാവോളിമറ്റം, വടകര, ഒലിയപ്പുറം, ഒലിയപ്പുറം കോളേജ് ജംഗ്ഷൻ, തിരുമാറാടി പഞ്ചായത്ത് ജംഗ്ഷൻ, തിരുമാറാടി ഹൈസ്കൂൾ കവല, കാക്കൂർ, കുരാപ്പിള്ളി കുരിശുകവല എന്നിവിടങ്ങളിൽ സ്ഥലം സമ്പാദിച്ച് വെയിറ്റിംഗ് ഷെഡ്ഡുകൾ തീർത്തു. തിരുമാറാടി ശുദ്ധജല വിതരണ പദ്ധതി രൂപകല്പന ചെയ്ത് ടാങ്കിനും മറ്റും ആവശ്യമായ സ്ഥലം വെട്ടിമൂട്ടിലും, കുഴിക്കാട്ടുകുന്നിലും സൗജന്യമായി സമ്പാദിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതും ഇക്കാലഘട്ടത്തിലാണ്. ഒലിയപ്പുറം കേന്ദ്രമായി ആരംഭിച്ച റൂറൽ എഡ്യുക്കേഷൻ സൊസൈറ്റി വാങ്ങിയ സ്ഥലത്ത് ഗവൺമെന്റ് കോളേജ് അനുവദിക്കപ്പെട്ടതും ഇക്കാലയളവിലാണ്. അതേവരെ ലേലം വിളിച്ചയാൾ നടത്തിയിരുന്ന കാക്കൂർ കാളവയൽ ജനപങ്കാളിത്തത്തോടെ, ജനകീയ ഉത്സവമായി മാറിയത് ഈ കാലത്താണ്. കമ്മറ്റി 5 വർഷ കാലാവധി പൂർത്തിയാക്കി പിരിഞ്ഞതിനുശേഷം 88 ജനുവരിയിൽ തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ ഉദ്യോഗസ്ഥ ഭരണമായിരുന്നു പഞ്ചായത്തിൽ നിലനിന്നത്.

1988 ജനുവരിയിൽ 4-ാം തെരഞ്ഞെടുപ്പ് നടന്നപ്പോൾ 2 വനിതാസംവരണ വാർഡുകളും ഒരു ഹരിജൻ സംവരണ വാർഡുമടക്കം 9 വാർഡുകളായി പഞ്ചായത്ത് പുനർവിഭജനം നടത്തപ്പെട്ടിരുന്നു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീ. ഒ.എൻ. വിജയൻ, ഊളകുന്നേൽ. |
| II. | ശ്രീമതി പെണ്ണമ്മ ജേക്കബ്, കൊച്ചുപറമ്പിൽ. |
| III. | ശ്രീ. എം. ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ. |
| IV. | ശ്രീ. റ്റി. നാരായണൻ, അമ്പാട്ട്. |
| V. | ശ്രീ. പി.കെ. കുര്യാക്കോസ്, പനച്ചിയിൽ. |
| VI. | ശ്രീ. പി.വി. ചെറിയാൻ, പാലത്തിങ്കൽ. |
| VII. | ശ്രീ. എം.എൻ. ചന്ദ്രശേഖരപണിക്കർ, മഠത്തിൽ. |
| VIII. | ശ്രീമതി കുഞ്ഞൂഞ്ഞമ്മ ഐപ്പ്, തെക്കേക്കര. |
| IX. | ശ്രീ. വി.സി. പൗലോസ്, വടക്കേൽ. |

പി.കെ. കുര്യാക്കോസ് പ്രസിഡന്റായും, പി.വി. ചെറിയാൻ വൈ: പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവായപ്പോഴേക്കും കേന്ദ്രഗവൺമെന്റിൽനിന്നും J.R.Y. ഫണ്ടും, സംസ്ഥാന ഗവൺമെന്റിൽനിന്ന് അൺടൈഡ് ഫണ്ടും, നേരിട്ട് കിട്ടിത്തുടങ്ങിയതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെട്ടു. കാക്കൂർ അമ്പലപ്പടി, വിലങ്ങുപാറ, അണ്ടിച്ചിറ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകളും, നാവോളിമറ്റത്തും കുഴിക്കാട്ടുകുന്നിലും വെയിറ്റിംഗ് ഷെഡ്ഡ്-കം-റീഡിംഗ് റൂമുകളും ഇക്കാലത്ത് നിർമ്മിക്കപ്പെട്ടു. കളപ്പാറ, നെടുങ്ങോട് നാല് സെന്റ് കോളനി, എന്നിവിടങ്ങളിലെ സാംസ്കാരിക നിലയങ്ങൾ, വെട്ടിമൂട് ലൈബ്രറി കെട്ടിടം,, കൂറ്റത്തിനാൽ കോളനിയിലെ ടി.വി. കിയോസ്ക് എന്നിവ പണികഴിപ്പിച്ചതും ഈ കമ്മറ്റിയുടെ കാലത്താണ്. തിരുമാറാടി പ്രൈമറി ഹെൽത്ത് സെന്ററിനാവശ്യമായ ഒരേക്കർ സ്ഥലം സമ്പാദിച്ച് കെട്ടിടം പണികഴിപ്പിച്ചതും, പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് വീട് കൂടുതലായി അനുവദിച്ചതും, കൂറ്റത്തിനാൽ, മുട്ടത്തുകുന്നേൽ കോളനികൾ I.H.D.P. കോളനികളായി ഉയർത്തപ്പെട്ടതും പഞ്ചായത്ത് മിനി ഓഡിറ്റോറിയം തിരുമാറാടിയിൽ പണിതതും ഇക്കാലത്താണ്.

1995 സെപ്റ്റംബറിൽ നടന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഗ്രാമ പഞ്ചായത്തിലേക്ക് 3 വനിതാ സംവരണവാർഡുകളും, ഒരു ഹരിജൻ വാർഡുമടക്കം 9 വാർഡുകളിൽനിന്ന് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| വാർഡ് | മെമ്പർ |
|---|---|
| I. | ശ്രീമതി എൻ. പി. കമലാക്ഷി, വാലാശേരിൽ. |
| II. | ശ്രീമതി മോളി എബ്രാഹം, കണ്ണന്താനത്ത്. |
| III. | ശ്രീ. എം.ജെ. ജേക്കബ്, മുട്ടപ്പിള്ളിൽ. |
| IV. | ശ്രീമതി ഏലിയാമ്മ കുര്യാച്ചൻ, തട്ടംപാറയിൽ. |
| V. | ശ്രീ. ജോസഫ് ബാബു, ചിറക്കുഴിയിൽ. |
| VI. | ശ്രീ. ഏ. പി. സോമൻ, ആനിപ്പിള്ളിൽ. |
| VII. | ശ്രീ. എം.എ. ടോമി, മീമ്പിള്ളിക്കാവിൽ. |
| VIII. | ശ്രീ. വി.ഒ മത്തച്ചൻ, വെട്ടിമൂട്ടിൽ. |
| IX. | ശ്രീ. പി.ജെ. ബേബി, പടിഞ്ഞാറേവീട്ടിൽ. |

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായ ശ്രീ. അനിൽ ചെറിയാൻ, തിരുമാറാടി പഞ്ചായത്ത് വാർഡിൽനിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. തിരുമാറാടി പഞ്ചായത്ത് ഉൾപ്പെടുന്ന കൂത്താട്ടുകുളം ജില്ലാ പഞ്ചായത്ത് ഡിവിഷനിൽനിന്ന് കുമാരി പി.പി. സുധാദേവിയും തെരഞ്ഞെടുക്കപ്പെട്ടു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായി എം.ജെ ജേക്കബും, വൈസ് പ്രസിഡന്റായി എ.പി. സോമനും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനായി എം. എ ടോമിയും തെരഞ്ഞെടുക്കപ്പെട്ടു.

# ഭൂപ്രകൃതിയും വിഭവങ്ങളും

തിരുമാറാടി പഞ്ചായത്തിന്റെ കിടപ്പ് തെക്കു ഭാഗത്തേക്ക് ചെരിവോടുകൂടിയാണ്.

**തിരുമാറാടിപഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് മൂന്നായി തരം തിരിക്കാം.**

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ
2. ചരിവ് പ്രദേശങ്ങൾ
3. സമതലങ്ങൾ

## 1. ഉയർന്ന കുന്നിൻ പ്രദേശം

ഒൻപതാം വാർഡിലെ കോൽക്കുന്ന് മലയാണ് പഞ്ചായത്തിലെ ഉയരം കൂടിയ മല. പഞ്ചായത്തിനെ പ്രാദേശികമായി നാല് കരകളായി തിരിക്കാം. വടക്കുഭാഗമായ മണ്ണത്തൂർകരയിലാണ് ഉയർന്ന മലകൾ സ്ഥിതി ചെയ്യുന്നത്. 1-ാം വാർഡിലെ ഊളക്കുന്ന്, തട്ടേക്കാട്, പട്ടിയാനിപുഴ മലകളും 3- ാം വാർഡിലെ വെട്ടിക്കാട്ടുപാറ, 3-4 വാർഡിലെ കഴിക്കാട്ടുകുന്ന് മലകളും 5-ാം വാർഡിലെ എടാട്ടുമലയും 6- ാം വാർഡിലെ വിലങ്ങപ്പാറ, 8-ാം വാർഡിലെ നെല്ലരിക്കുന്ന്, 9-ാം വാർഡിലെ പുറ്റും പുറം, കളപ്പാറ, മണ്ഡലം മല എന്നിവയാണ് പഞ്ചായത്തിലെ പ്രധാനമലകൾ. താഴ്ന്ന പ്രദേശങ്ങളിലെ കൃഷിക്കാവശ്യമായ ചവറുകൾ വളർന്നിരുന്ന മലകളായിരുന്നു ഇവയെങ്കിൽ ഇപ്പോൾ റബ്ബർകൃഷിയാൽ സമ്പന്നമാണ്. ഇവയിൽ മണ്ഡലം മലയുടെ മുകൾഭാഗത്ത് ചുരുക്കം ചില കശുമാവ് ഒഴിച്ചാൽ 14 ഏക്കർ തരിശു ഭൂമിയായി കിടക്കുന്നു. വിസ്തൃതമായിക്കിടക്കുന്ന ഈ കുന്നിന്റെ ചെരുവിൽ പുരാതനമായ ഒരു ഗുഹയുണ്ട്. പഞ്ചായത്തിൽ വിരളമായിക്കാണുന്ന കുറുക്കൻ കാട്ടുകോഴി എന്നിവയുടെ ആവാസകേന്ദ്രവും ഈ മല തന്നെ.മണ്ണത്തൂർ കരയിലെ കുന്നിൻ പ്രദേശങ്ങളിലാണ്.റബ്ബർ, കുരുമുളക്, മുതലായ നാണ്യവിളകൾ കൂടുതലായുള്ളതും ഉൽപാദനക്ഷമതയേറിയതും വളക്കൂറുള്ള കറുത്ത മണ്ണ് ഇവിടെയുണ്ട്.പൊതുവെ മലകളിൽ വെള്ളാരൻ കലർന്ന ചെങ്കൽമണ്ണുകൾ ഉണ്ട്.ഏതാനും ചില ഓലികളുള്ള പ്രദേശമൊഴിച്ചാൽ ജലക്ഷാമം നേരിടുന്ന പ്രദേശമാണിവിടം.നാവോളിമറ്റം കളപ്പാറ ഭാഗത്ത് ചുരുക്കം ചില സ്ഥലങ്ങളിൽ മണ്ണൊലിപ്പ് നിവാരണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

## 2. ചെരിവ് പ്രദേശങ്ങൾ

താഴ്വാരങ്ങളെ ഉയർന്ന ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളാണിവ. കുരുമുളക്, തെങ്ങ്, റബ്ബർ, വാഴ എന്നിവ കൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ ഉയരം കുറഞ്ഞ ചെരുവുകളിൽ കുടിവെള്ള ശ്രോതസ്സുകൾ നാമമാത്രമായി ഉണ്ട്.വെട്ടുകല്ലുകലർന്ന പശിമരാശി മണ്ണാണ് തെക്കൻ പ്രദേശങ്ങളിൽ. മദ്ധ്യത്തുള്ള ചെരുവുകളിൽ വെള്ളാരൻ കലർന്ന ചെങ്കൽ പ്രദേശങ്ങളാണ്. പ്രധാന കൃഷിയിടങ്ങളിൽ വാഴ, മഞ്ഞൾ, ഇഞ്ചി, മുതലായവ ഇടവിള കൃഷികളുണ്ട്.

## 3. സമതലങ്ങൾ

പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളാണിവിടം. നെല്ല്, കവുങ്ങ്, റബ്ബർ തുടങ്ങിയ കൃഷി രീതികളുണ്ട്. ചെരിവുകളോടുകൂടി ചേർന്ന സമതല പ്രദേശങ്ങളിൽ പാർപ്പിടങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്ഷ്യവിളഭൂമികളിൽ മണ്ണിട്ടു നികത്തി നാണ്യവിളകൃഷിയിടങ്ങളാക്കുകയോ ആവാസകേന്ദ്രങ്ങളാക്കി മാറ്റുകയോ ചെയ്യുന്നുണ്ട്.

## ജലലഭ്യത


മഴയെ ആശ്രയിക്കുന്ന കാർഷിക വ്യവസ്ഥയാണിപ്പോൾ നിലവിലുള്ളത്. കുടിവെള്ളത്തിന് വാട്ടർ അതോറിട്ടിയുടെ പദ്ധതിയുമുണ്ട്. കുളങ്ങളിലേയും കിണറുകളിലേയും ജലലഭ്യത മഴമാറുന്നതോടൊപ്പം കുറയുകയും ചെയ്യുന്നുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ (വാർഡ് 1) ഉള്ള വറ്റാത്ത് നീർക്കാനകളിലെ ജലലഭ്യതയിൽ കുറവ് സംഭവിക്കുന്നുണ്ട്. ഉഴവൂർതോട്, മണ്ണത്തൂർ തോട് അവയുടെ കൈതോടുകൾ പതിനെട്ടു പഞ്ചായത്ത് കുളങ്ങൾ എന്നിവയാണ് പൊതുജലസ്രോതസ്സുകൾ.

താഴ്ന്ന പ്രദേശങ്ങളിലെ നെൽപ്പാടങ്ങൾ നികത്തുന്നതും, ചെരിവ് പ്രദേശങ്ങളിലെ ചെങ്കൽ ക്വാറികളും, കുന്നിൻ പ്രദേശങ്ങളിലെ മെറ്റൽ ക്രഷറും, ക്വാറികളും പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. അവയുണ്ടാക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സാക്ഷ്യപത്രമില്ലെങ്കിൽ തന്നെയും ഭൂവിഭവങ്ങളെ അനിയന്ത്രിതമായി കൈകാര്യം ചെയ്യുന്നതിനെ അശങ്കയോടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാറക്കെട്ടുകൾ | സമതലം | ചെരിവുള്ള പ്രദേശം | സമതലം | ചെരുവു പ്രദേശം | കുത്തനെയുള്ള ചെരിവ് | സമതലം | ചെരിവ് | താഴ്‌വര | താഴ്‌വര | കുന്നിൻ മണ്ട | ചെരിവ് |
| മണ്ണ്തരം | പശിമരാശി മണ്ണ് | വെട്ടുകൽ മണ്ണ് | വെള്ളാരൻ കലർന്ന ചെങ്കല്ല് | കളിമണ്ണ് | വെട്ടുകൽ കലർന്ന മണ്ണ് | പശിമ രാശി മണ്ണ് | പശിമ രാശി മണ്ണ് | വെള്ളാരൻ കലർന്ന മണ്ണ് | കറുത്ത മണ്ണ് | കറുത്ത ലൂസ് Soil | വെട്ടുകൽ കരിങ്കല്ല് | വെട്ടുകൽ കലർന്ന മണൽ |
| സസ്യാവരണം | റബ്ബർ | കമുക്, വാഴ ഇഞ്ചി | റബ്ബർ | നെൽകൃഷി | റബ്ബർ,വാഴ കുരുമുളക് | കമുക്, വാനില, തേക്ക് വാഴ | റബ്ബർ കുരുമുളക് | റബ്ബർ | നെല്ല്, വാഴ കുരുമുളക് പൈനാപ്പിൾ | റബ്ബർ | റബ്ബർ | റബ്ബർ മരച്ചീനി വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വരൾച്ച | ---------------- | മണ്ണൊലിപ്പ് | നെൽപ്പാടം നികത്തൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | ---------- | മണ്ണൊലിപ്പ് |

148

# വിവിധ വികസന തുറകളെക്കുറിച്ചുള്ള അവലോകനം



# പ്രാഥമിക മേഖല

## 1. കൃഷി

തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ സമ്പത് ഘടനയും ജനജീവിതവും മുഖ്യമായും കാരഷിക മേഖലയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. കൃഷിയുമായി നേരിട്ട് ബന്ധമുള്ളവരാണ് 80% കുടുംബങ്ങളും. എന്നാൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന കൃഷിച്ചെലവ് , രോഗബാധയും കൃഷിനാശവും, ഉൽപ്പാദനത്തിലുള്ള മാന്ദ്യം, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ്, ശാസ്ത്രീയ കൃഷിരീതി അവലംഭിക്കുന്നതിനുള്ള വിമുഖത എന്നീകാരണങ്ങളാൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കാനാവാത്ത സ്ഥിതി വന്നിരിക്കുന്നു. കാർഷിക രംഗത്തെ ഈ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം.

### ചരിത്ര പശ്ചാത്തലം

ഭൂപരിഷ്കരണം നടപ്പിലാവുന്നതിന് മുമ്പ് സംസ്ഥാനത്താകെ നിലനിന്നിരുന്ന ഭൂവുടമ സമ്പ്രദായം തന്നെയാണ് നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നത്. ഭൂമിയുടെ സിംഹഭാഗവും ബ്രഹ്മസ്വത്തിന്റേയും ദേവസ്വത്തിന്റേയും ചുരുക്കം വ്യക്തികളുടേയും അധീനതയിലായിരുന്നു. കൃഷിക്കാർ പാട്ടം, പങ്ക്, വ്യവസ്ഥകളിൽ കൃഷിചെയ്ത് പോന്നു. അക്കാലത്ത് നെല്ലും, കപ്പയും മറ്റ് ഭക്ഷ്യവിളകളുമായിരുന്നു മുഖ്യകാർഷിക വിളകൾ. കരഭൂമിയിൽ ഒരു നല്ലഭാഗം മലകളാണ്. ആ പ്രദേശങ്ങളാകട്ടെ നെൽപ്പാടങ്ങൾക്കുള്ള ചവറ്റുമലകളായി ഉപയോഗിച്ചു വന്നു. ക്രമേണ മലകളിൽ കശുമാവും തെരുവയും വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങി. ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക് എന്നിവയാണ് മറ്റ് നാണ്യവിളകൾ. വീണ്ടും ഏറെക്കാലം കഴിഞ്ഞാണ് റബ്ബർക്കൃഷിവ്യാപകമായതും മുഖ്യവിളയായി മാറിയതും. ഭക്ഷ്യാവശ്യം കഴിഞ്ഞ് വിറ്റുകിട്ടുന്ന പണമുപയോഗിച്ചാണ് മറ്റ് ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചു പോന്നത്. ഇതിന്റെ വിപണന കേന്ദ്രമായി മാറിയത് കൂത്താട്ടുകുളം ചന്തയും. ചവറും, ചാണകവും, ചാരവുമടങ്ങുന്ന ജൈവവളമുപയോഗിച്ച് നടത്തിയിരുന്ന കൃഷിയുടെ ഉൽപ്പാദന ക്ഷമത വലിയ ഏറ്റക്കുറച്ചിലില്ലാതെ തുടർന്നു പോന്നു.

ഭൂമിയുടെ കേന്ദ്രീകരണവും നാടൻ വിത്തിനങ്ങളും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കാർഷികോപകരണങ്ങളുടെ പ്രാകൃതാവസ്ഥയുമായിരുന്നു അന്നത്തെ കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

ഭൂപരിഷ്കരണം നടപ്പാക്കപ്പെട്ടതിനെ തുടർന്ന് പങ്ക് പാട്ട വ്യവസ്ഥ പൂർണ്ണമായി ഇല്ലാതാവുകയും കൃഷിക്കാർ ഭൂമിയുടെ ഉടമസ്ഥരായി മാറുകയും ചെയ്തു. സ്വന്തമായി കിട്ടിയ തുണ്ടുഭൂമിയിൽ മെച്ചപ്പെട്ട വിത്തിനങ്ങളും, രാസവളവും,ട്രാക്ടർ, ടില്ലർ, പമ്പ് സെറ്റ് തുടങ്ങിയ യന്ത്രോപകപരണങ്ങളും ഉപയോഗിച്ച് കഠിന പ്രയത്നത്തിലൂടെ നടത്തിയ കൃഷിയാണ് ഈ പഞ്ചായത്തിന്റെ ഇന്നത്തെ വികസനത്തിനും, പുരോഗതിക്കും കാരണമായി തീർന്നിട്ടുള്ളത്.

എന്നാൽ ഈ അനുകൂല സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി വർദ്ധിച്ചുവന്ന ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ തക്കവണ്ണം കൃഷി ആദായകരമാക്കുന്നതിന് ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത പ്രധാന തട ്യമ ്യി നിലനിന്നു. തന്മൂലം 10 സെന്റ് ഭൂമിയുള്ളവർ ോ ാ ും റബ്ബർക്കൃഷിയെ ആശ്രയിക്കാൻ നിർബന്ധിത യ ്തീർന്നു.

ജലസേ പ ് മാത്രമല്ല, മറ്റ് പശ്ചാത്തല സൗകര്യങ്ങളും ആവ ്യ ുസരണം ലഭിക്കുകയുണ്ടായില്ല. കഴിഞ്ഞ 3 ദശ ല ിനിടയിൽ തിരുമാറാടി പഞ്ചായത്തിലെ കാർഷി വ ്വദായത്തിൽ അതിശീഘ്രലഗ

തിയിലുള്ള മാറ്റമാണ് ഉണ്ടായിട്ടുള്ളത്. നെല്ലും, കപ്പയും മുഖ്യവിളയുടെ സ്ഥാനത്ത് നിന്നും മാറി നാമമാത്ര കൃഷിയായി കഴിഞ്ഞിരിക്കുന്നു. കല്ലുണ്ടിയും കല്ലിടആര്യനും വെള്ളാര്യനും കട്ടമോടനും പൂത്തുവിളഞ്ഞ മലഞ്ചരുവുകളിൽ നിന്നു മാത്രമല്ല മാനാമ്യാലിൽ നിന്നും മാറിക്കണ്ടത്തിൽ നെൽക്കൃഷികുടിയിറക്കപ്പെട്ടു. കാലം മാറി കടലിനക്കരെ നിന്നും എണ്ണപ്പണം നാട്ടിലെത്തുകയും പാർപ്പിടപ്രശ്നം രൂക്ഷമാവുകയും ചെയ്തതോടെ പനിനീർപ്പാടങ്ങളിൽ നിന്നും മുണ്ടകൻപാടങ്ങളിൽ നിന്നും നെല്ല് പിഴുത് മാറ്റി മണ്ണിട്ടു. കെട്ടിടങ്ങൾ പൊങ്ങി. റബ്ബറും തെങ്ങും കമുകുമുൾപ്പെടെ നാണ്യം വിളയുന്ന വിളകളും ഇപ്പോൾ തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങളും, ജീവനും കൈക്കരുത്തും നൽകിയ അന്നവും, കപ്പയും അന്യം നിൽക്കുന്ന ഭീതിതമായ അവസ്ഥയെക്കുറിച്ച് ഇനിയെങ്കിലും നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

നെല്പാടം നികത്തി പുരയിടമാക്കുമ്പോൾ ഭൂമിയുടെ വിലയിൽ വരുന്ന ഭീമമായ വർദ്ധനവ് നിലങ്ങൾ നികത്താൻ പ്രധാന കാരണമാകുന്നു. കൃഷിപ്പണിക്ക് പ്രത്യേകിച്ച് കൊയ്ത്തിന് ആളെകിട്ടാനില്ലെന്നതും കൂലി ച്ചെലവടക്കം കൃഷിച്ചെലവിൽ വന്ന വർദ്ധനവും യന്ത്രവൽക്കരണത്തിന്റെ അഭാവവും നെൽക്കൃഷിയിൽനിന്നും കൃഷിക്കാരെ അകറ്റുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി ഇപ്പോൾ കേവലം 652 ഏക്കറാണ്.

പാടശേഖര സമിതിയെ ശക്തിപ്പെടുത്തിയും, ചിട്ടപ്പെടുത്തിയും, വിത്തുതിരഞ്ഞെടുക്കലും, വിളവിറക്കലും തൊട്ട് വിളവെടുപ്പ് വരെ കൃഷിക്കരുടെ യോജിച്ച പ്രവർത്തനം നിഷ്കർഷയോടെ നടപ്പിലാക്കണം. കൃഷിപ്പണികളിൽ കൂലിക്കാരെ മാത്രം ആശ്രയിക്കാതെ കഴിഞ്ഞ കാലങ്ങളിലേപ്പോലെ കർഷക കുടുംബങ്ങൾ നേരിട്ട് പങ്കാളികളാകണം. കൂടാതെ നടീൽ, കൊയ്ത്ത്, മെതി തുടങ്ങിയ പണികൾക്ക് അടിയന്തിരമായി യന്ത്രവൽക്കരണം ഏർപ്പെടുത്തണം. സർക്കാർ തലത്തിൽ കൂടുതൽ നെൽക്കൃഷി പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുകയും വേണം.

മുൻപ് സൂചിപ്പിച്ചതുപോലെ ജലസേചനത്തിന്റെ അപര്യാപ്തതയും നാണ്യവിളകളോടുള്ള ആഭിമുഖ്യവും താരതമ്യേന മെച്ചപ്പെട്ടവിലയും റബ്ബറിനെ നമ്മുടെ മുഖ്യ കാർഷിക വിളയാക്കി മാറ്റി. നമ്മുടെ പഞ്ചായത്തിന്റെ അമൂല്യമായ ജൈവവൈവിധ്യത്തെ തകർത്ത് കളഞ്ഞു. മണ്ണിന്റെ ജലസംഭരണ ശേഷിയെ തീർത്തും ദുർബലമാക്കി. തൽഫലമായി സ്വതവേ ജല ദൗർലഭ്യമുള്ള നമ്മുടെ നാട്ടിലെ കിണറുകളും കുളങ്ങളും വറ്റാനും കുടിനീർക്ഷാമം പോലും അതി രൂക്ഷമാകാനും ഇടയാക്കി. റബ്ബർക്കൃഷിക്ക് ഇത്തരം ദോഷവശങ്ങളുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കാർഷിക സമ്പദ് ഘടനയെ താങ്ങിനിർത്തുന്നതിനും ജനജീവിതത്തെ മുന്നോട്ട് നയിക്കുന്നതിനും റബ്ബറിന്റെ ആദായം നിർണ്ണായക പങ്ക് വഹിക്കുന്നു.

ചെറുകിട ഇടത്തരം കൃഷിക്കാരാണ് മൊത്തം റബ്ബറുൽപ്പാദകരിൽ ഭൂരിപക്ഷവും. ശരാശരി ഉൽപ്പാദനക്ഷമത നിലനിൽക്കുന്നു. എന്നാൽ മണ്ണുപരിശോധന കൂടാതെയുള്ള അശാസ്ത്രീയമായ വളപ്രയോഗം ചെലവ് വർദ്ധിപ്പിക്കുകയും അതിനനുസരണമായ ഉൽപ്പാദന വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതിന് കാരണമാവുകയും ചെയ്തു. റബ്ബർഷീറ്റ് സംസ്കരണത്തിലും ഗുണനിലവാരം കുറയുന്നത് മൂലം വിലയെ സാരമായി ബാധിക്കുന്നു. സംഭരണം സ്വകാര്യമേഖലയിലാണ്. ഇതും വിലക്കുറവിന് കാരണമാണ്. റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ പഞ്ചായത്തിൽ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. അതും കൂടുതൽ സജീവമാകണം.

റബ്ബർ ബോർഡ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷിക്കാർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ഒട്ടേറെ സഹായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. എന്നാൽ ഒരു വലിയ വിഭാഗം കൃഷിക്കാരും തൊഴിലാളികളും അത് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കപ്പെടണം.

## കേരവികസനം

ജലസേചനത്തിന്റെ തികഞ്ഞ അപര്യാപ്തത, രോഗബാധ, നാളികേരത്തിന്റെ വിലയിടിവ്, രാസവള വില വർദ്ധന, ജൈവവളത്തിന്റെ ലഭ്യതക്കുറവും ഗുണനിലവാരമില്ലായ്മയും എല്ലാം തെങ്ങുകൃഷിയെ വമ്പിച്ച പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചിരിക്കുന്നു.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി പ്രാവർത്തീകമാക്കിയാൽ ജല സേചനകാത്തിൽ മുഖ്യ പരിഹാരമാകും. കേരവികസന സമിതി രൂപീകരണം കൃഷിക്കാർക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ അനുഭവത്തിൽ ഏറെയൊന്നും ഉണ്ടായിട്ടില്ല. കേര വികസനത്തിന് കൃഷിക്കാരുടെ യോജിച്ച പ്രവർത്തന മല്ലാതെ മറ്റ് പരിഹാരമില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. മുഴുവൻ കൃഷിക്കാരെയും സമിതിയിൽ അംഗങ്ങളാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൃഷിവകുപ്പിന്റെ ആനുകൂല്യങ്ങൾ വിതരണം നടത്തുന്ന ഏജൻസികളായി സമിതികളുടെ പ്രവർത്തനം പരിമിതപ്പെടുത്തി. സമിതിയുടെ നേതൃത്വത്തിൽ പരമാവധി ജലസേചന സൗകര്യം സാദ്ധ്യമാക്കിയും കൂട്ടായ രോഗപ്രധിരോധ നടപടികളും പരിചരണപ്രവർത്തനങ്ങളും സംഘടിപ്പിച്ചും സഹകരണമേഖലയിൽ വിപണന സൗകര്യമേർപ്പെടുത്തി ഇടത്തട്ടുകാരെ ഒഴിവാക്കിയും തെങ്ങകൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. അതോടൊപ്പം ശാസ്ത്രീയമായ ഇടവിളക്കൃഷി നടപ്പാക്കി മൊത്തം ആദായം വർദ്ധിപ്പിക്കാനും തെങ്ങുകൃഷി മെച്ചപ്പെടുത്താനും കഴിയേണ്ടതാണ്. നാളികേര സംസ്കരണത്തിനും നാളികേരമുപയോഗിച്ചുള്ള പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാനും പദ്ധതിയുണ്ടാകണം

## പച്ചക്കറിക്കൃഷി

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി നെൽപ്പാ

ടങ്ങളിലെ വേനൽക്കാല കൃഷിയാണ് പച്ചക്കറികൃഷി. ഈ പഞ്ചായത്ത് അതിർത്തിയിൽ പ്രതിവർഷം ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറി പുറത്തുനിന്നും കൊണ്ടുവന്ന് വിറ്റഴിക്കപ്പെടുന്നു. പഞ്ചായത്തിലുള്ള സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ ഗൗരവപൂർവ്വമായ ശ്രദ്ധ ഉണ്ടായിട്ടില്ല. പച്ചക്കറി വേനൽക്കാല കൃഷിയായി 2,6,7 വാർഡുകളിൽ നേരിയ തോതിൽ നടക്കുന്നു. വളത്തിന്റെ വിലവർദ്ധനവും, രോഗബാധയും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ജലദൗർലഭ്യമാണ് മറ്റൊരു തടസ്സം.

ജലസേചനം സാദ്ധ്യമായ മുഴുവൻ നെൽപ്പാടങ്ങളിലും ഒരു പൂ കൃഷി പച്ചക്കറി തോട്ടങ്ങളാക്കി മാറ്റണം. പച്ചക്കറികൃഷിക്ക് അനുയോജ്യമായ കരഭൂമിയിലേക്ക് കൃഷിവ്യാപിപ്പിക്കണം. ഒരു വീടിന് ' ഒരു അടുക്കളത്തോട്ടം' എന്ന ലക്ഷ്യം നടപ്പിലാക്കണം. പച്ചക്കറി കൃഷിക്കാരുടെ ഒരു സഹകരണ സംഘം രൂപീകരിച്ചു മേൽത്തരം വിത്തുകളുടെ ഉൽപ്പാദനവും വിതരണവും പച്ചക്കറിയുടെ വിപണനവും നടത്തണം. ഈ സംഘം വഴി ഉൽപ്പാദനത്തിന് സാമ്പത്തിക സഹായവും എത്തിക്കാൻ കഴിയും.

## നടപ്പുപദ്ധതി

1. ഗ്രാമ പഞ്ചായത്തും കൃഷിഭവനും പച്ചക്കറി കർഷകരും സംയുക്തമായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ' പച്ചക്കറി വികസന പദ്ധതി' പഞ്ചായത്തിൽ നടപ്പാക്കണം. V.H.S.C അഗ്രികൾച്ചറൽ വിദ്യാർത്ഥികളേയും സ്കൂൾ വിദ്യാർത്ഥികളേയും പദ്ധതിയിൽ കൊണ്ടുവരണം.
2. പച്ചക്കറി ഉൽപ്പാദകരുടെ സഹകരണ സംഘം രൂപീകരിക്കണം.

## കുരുമുളക്

87 1/2 ഏക്കർ ഭൂമിയിൽ കുരുമുളക് കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ദ്രുതവാട്ടം തുടങ്ങിയ രോഗ ബാധ കൃഷിക്ക് ഭീഷണിയാണ്. കുരുമുളക് വികസന സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ കൃഷിക്കാരേയും അംഗങ്ങളായി ചേർക്കാനോ പ്രവർത്തനം സജീവമാക്കാനോ കഴിഞ്ഞിട്ടില്ല. ഈ സമിതിയെ കൃഷിക്കാരുടെ അനുഭവങ്ങൾ പങ്കുവക്കാനും അതുവഴി കൃഷിമെച്ചപ്പെടുത്താനുമുള്ള വേദിയാക്കിമാറ്റണം.

## നടപ്പുപദ്ധതി

100 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന കുരുമുളക് വികസന പദ്ധതി നിലവിലുണ്ട്. സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യാനും ഒരു ഹെക്ടർ കൃഷിക്ക് ഒന്നാം വർഷം 5000 രൂപയും രണ്ടാം വർഷം 3000 രൂപയും മൂന്നാം വർഷം 2000 രൂപയും സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

## ഹ്രസ്വകാലവിളകൾ

ഒരുകാലത്ത് കൃഷിക്കാർക്ക് സമ്പത്തായി കരുതിയ മലഞ്ചരക്ക് ഇനങ്ങളായ ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നീ കൃഷികൾ ചുരുങ്ങി വരികയാണ്. റബ്ബർ പുതുകൃഷിയുടെ ഇടവിള എന്ന സ്ഥാനമായിരുന്നു ഇടക്കാലത്ത് ഇതിനുണ്ടായിരുന്നത്. പൈനാപ്പിളിന്റെ കടന്നുവരവ് ഈ കൃഷികളെ വീണ്ടും പരിമിതപ്പെടുത്തി. സ്പൈസസ് ബോർഡ് ഈ കൃഷിക്ക് സഹായ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന ഓഫീസിന്റെ സേവനം നമുക്ക് ലഭ്യമാണ്.

## ജാതി, ഗ്രാമ്പൂ, വാനില

സുഗന്ധദ്രവ്യങ്ങളുടെ കൃഷിയിൽ നമ്മുടെ പഞ്ചായത്ത് ഇപ്പോഴും പിൻനിരയിലാണ്. സമൃദ്ധമായ ജലസേചനമാണ് കൃഷിക്ക് മുഖ്യമായ പശ്ചാത്തലം. ജലദൗർലഭ്യം ഈ കൃഷിക്ക് പ്രധാന തടസ്സമാണ്. സുഗന്ധദ്രവ്യങ്ങളിൽ നവാഗതമായ വാനിലക്കൃഷി തിരുമാറാടി പഞ്ചായത്തിൽ നല്ല പ്രചാരത്തിൽ വരുന്നുണ്ട്. കൂത്താട്ടുകുളത്തുള്ള സ്പൈസസ് ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ കൃഷി നല്ല ആദായകരമാകുമെന്ന് കരുതപ്പെടുന്നു. നടീൽ വസ്തുവും സാമ്പത്തീക സഹായവും ലഭ്യമാണ്.

## ഓർക്കിഡ്, മുല്ല, കൂൺകൃഷി

വീട്ടുമുറ്റത്തേയും ടെറസ്നേയും ഉപയോഗപ്പെടുത്തി കൃഷിചെയ്യാവുന്ന വമ്പിച്ച വാണിജ്യ പ്രധാനവും, വരുമാനമുണ്ടാക്കുന്നതുമായ കൃഷിയാണ് ഓർക്കിഡ്. ഓർക്കിഡ് പൂക്കളുടെ കയറ്റുമതി സാദ്ധ്യതയും തെളിഞ്ഞുവരിയയാണ്. ഈ കൃഷിക്ക് സ്ഥലവും, ജലവം വളരെ കുറച്ചുമതി എന്നതും സ്ത്രീകൾക്ക് കൃഷിയിൽ നല്ല പങ്കാളിത്തം വഹിക്കാൻ കഴിയുമെന്നതും പ്രത്യകതയാണ്. വമ്പിച്ച വികസന സാദ്ധ്യതയുള്ള ഈ കൃഷിക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹോട്ടി കൾച്ചറൽ ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായ പദ്ധതികൾ ഉണ്ട്.

ഓർക്കിഡ്, കൂൺ കൃഷികൾക്ക് യുവതീയുവാക്കൾക്ക് പരിശീലനം നൽകാൻ ഹ്രസ്വകാല കോഴ്സുകൾ പഞ്ചായത്തിൽ സംഘടിപ്പിക്കാനും ഔർക്കിഡ്, മുല്ല, കൂൺ കൃഷിക്ക് താൽപ്പര്യമുള്ള വരുടെ സമിതി രൂപീകരിച്ച് ഉൽപ്പാദന വിപണനം സംവിധാനമേർപ്പെടുത്തി ഈ കൃഷിയുടെ സാദ്ധ്യത വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിയണം.

## കൃഷിവികസന സമിതികൾ

കാർഷിക മേഖലയുടെ മുരടിപ്പും ഉൽപ്പാദന തകർച്ചയും നേരിടാനും കൃഷിക്ക് പുതുജീവൻ പകരാനുമാണ് കാർഷിക സംഘടനകളുടേയും കൃഷിവിദഗ്ധരുടേയും ദീർഘകാലത്തെ ചർച്ചയുടേയും പഠനത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥനത്തിൽ 1987 -ൽ പാടശേഖര സമിതികളും കേര സമിതികളും രൂപീകരിച്ചത്. പാടശേഖര സമിതികളുടെ 88-89 കാലത്ത് നടന്ന പ്രവർത്തനം നെല്ലുൽപ്പാദനത്തിൽ വമ്പിച്ച വർദ്ധനവുണ്ടാക്കി. കേരളത്തിന്റെ പുത്തൻ അനുഭവം ദേശീയ ശ്രദ്ധയാകർഷിച്ചു. സമിതികളുടെ പ്രവർത്തനത്തെ ചിട്ടയായി, കൂടുതൽ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ക്രമേണ സർക്കാരിന്റെ സഹായങ്ങൾ വിതരണം ചെയ്യുന്ന ഏജൻസി മാത്രമായി ചുരുങ്ങിപ്പോയി. ബന്ധപ്പെട്ട മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ചേർക്കാനും കാർഷികാനുഭവങ്ങൾ ചർച്ചയിലൂടെ പരസ്പരം പങ്കുവക്കാനും ജലസേചനം, രോഗപ്രതിരോധം, കാർഷിക പരിചരണം എന്നീരംഗങ്ങളിലെ പ്രശ്നങ്ങൾക്ക് ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം തേടാനും കർഷക സമിതികൾ പ്രാപ്തമാകണം. ഓരോ സമിതികളേയും അത്തരത്തിൽ ചിട്ടപ്പെടുത്താൻ നടപടി ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ 9 പാടശേഖര സമിതികളും കേരവികസന സമിതിയും കുരുമുളക് വികസന സമിതിയും നിലവിലുണ്ട്. അവ സജീവമാക്കുകയും പച്ചക്കറിക്കും പൂക്കൃഷിക്കും സമിതികളോ, സഹകരണ സംഘങ്ങളോ രൂപീകരിക്കുകയും വേണം.

## കൃഷിഭവൻ

ഒരു കൃഷിവികസന ഓഫീസറും രണ്ട് ജീവനക്കാരുമടങ്ങുന്ന ആഫീസ് പ്രവർത്തിക്കുന്നു. സർക്കാർ സഹായങ്ങളുടെ വിതരണത്തിൽ മാത്രം പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. കൃഷിക്കാർക്ക് ശാസ്ത്രീയ കൃഷിരീതി പരിചയപ്പെടുത്തി കൊടുക്കാനോ ഉൽപ്പാദന പ്രക്രിയയിൽ ഏതെങ്കിലും പങ്കുവക്കാനോ കഴിയുന്നില്ല. സ്റ്റാഫിന്റ കുറവ് പ്രധാന തടസ്സമാണ്. ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും മാറ്റം ആവശ്യമാണ്.

## ജലസേചനം

ജീവന്റെ അടിസ്ഥാനം ജലമാണ് . ഒരു പ്രദേശത്തിന്റെ സമൃദ്ധി ജലലഭ്യതയെ ആശ്രയിച്ചാണ്. കൃഷി മാത്രമല്ല വ്യവസായത്തിനും ജലം കൂടാതെ തുടങ്ങാനോ നിലനിൽക്കാനോ സാദ്ധ്യമല്ല. ആയതിനാൽ ആധുനിക് വികസന ആസൂത്രണ പ്രക്രിയയിൽ ജല മാനേജ്മെന്റിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. ആദ്യപഞ്ചായത്ത് കമ്മിറ്റിയുടെ ധാരണയും കാഴ്ചപ്പാടും നിലനിർത്താനോ അവർ തുടങ്ങി വച്ചിടത്തുനിന്ന് ഏറെ മുന്നോട്ടു പോകാനോ ഈ നമുക്ക് കഴിഞ്ഞിട്ടില്ലന്നത് ഗൗരവമായി കാണണം.

മഴ, കുളം, കിണറുകളിലെ നീരുറവകൾ, തോട് എന്നിവയാണ് നമ്മുടെ പ്രധാന ജല സ്രോതസ്സുകൾ. മഴയിൽ നിന്നാണ് പ്രധാനമായി നമുക്ക് ജലമെത്തുന്നത്. മലകളും ചെരിവുകളും നിറഞ്ഞ ഗ്രാമത്തിൽ പെയ്തു കിട്ടുന്ന ജലം ഒഴുകി പാഴായി പോകുന്നു. താഴ്ന്ന പ്രദേശങ്ങളാകട്ടെ മഴക്കാലത്ത് വെള്ളപ്പൊക്കക്കെടുതിയിലാണ്.

ഈ പഞ്ചായത്തിന്റെ ജീവനാഡി ഉഴവൂർ തോടും മണ്ണത്തൂർ തോടും അതിന്റെ പോഷക കൈത്തോടുകളുമാണ്. ഈ തോടുകളുടെ കരകളിലാണ് നെൽപ്പാടങ്ങൾ. അതിന്റെ ജലസേചനത്തിന് തോട്ടിൽ പണി കഴിപ്പിച്ചിട്ടുള്ള 12 ഓളം ക്രോസ്സ് ബാറുകളുണ്ട്. ഈ തോട്ടിലെ ജലവിതാനവുമായി ബന്ധപ്പെട്ടാണ് മണ്ണത്തൂർ തട്ടേക്കാടുൾപ്പടെ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേയും നീരുറവയും സ്ഥിതിചെയ്യുന്നത്.

ഈ തോടുകൾ വീതിയും ആഴവും കുറഞ്ഞ് നാമമാത്രാവസ്ഥയിലാണ്. കൃഷിക്കാർ തീരസംരക്ഷണത്തിന് കൈത വച്ചുപിടിപ്പിച്ച് വീതി കുറഞ്ഞും നീരൊഴുക്ക് തടസ്സപ്പെട്ടും പോയിരിക്കുന്നു. ക്രോസ്സ് ബാറുകളുടെ അശാസ്ത്രീയമായ നിർമ്മാണം ആഴംകുറഞ്ഞ് തോട് നികന്ന് പോകുന്നതിനും കാരണമായി. തൽഫലമായി വേനൽക്കാലത്ത് തോടിന്റെ ജലസംരക്ഷണ ശേഷി പൂർണ്ണമായി നഷ്ടപ്പെടുകയും മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം കൃഷിതുടർച്ചയായി നശിക്കുകയും ചെയ്യുന്നു.

ഈ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ കാർഷിക സമ്പത്തിനെ മാത്രമല്ല കുടിനീർ പ്രശ്നത്തിനും അടിസ്ഥാന പരിഹാരമാണ്. ആസൂത്രണത്തിലെ മുൻഗണനാ വിഷയമാണ് തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കണമെന്നത്. ക്രോസ്സ് ബാറുകളുടെ അപാകത പരിഹരിക്കണം. ഈ പ്രവർത്തനം ജനപങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തും സർക്കാരും ചെയ്യണം. ഈ പഞ്ചായത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് മാനേജ് മെന്റിന്റെ ഒരു സബ് സെന്റർ 1992 മുതൽ മണിമലക്കുന്നിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. 8 സ്ഥിരം ജീവനക്കാരുൾപ്പെടെ 12 ജീവനക്കാർ ഈ ഓഫീസിൽ പ്രവർത്തിക്കുന്നു. ജലവിഭവ വിനിയോഗത്തിന്റെ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ടി ഓഫീസിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. സംസ്ഥാനത്ത് ഇത്തരം ഓഫീസുകൾ വിരളമായിട്ടേ ഉള്ളു. ഈ പഞ്ചായത്തിൽ ടി ഓഫീസ് പ്രവർത്തിക്കുന്നു എന്നുള്ളത് ജല മാനേജ്മെന്റ് പ്രവർത്തനങ്ങൾ പരമാവധി ഫലപ്രധമാക്കാൻ സഹായകമാണ്.

## ക്രോസ്സ് ബാറുകൾ

തക്കസമയത്ത് അറ്റകുറ്റപ്പണികൾ ചെയ്യാറില്ല. ഷട്ടറുകൾ സൂക്ഷിക്കാൻ സംവിധാനമില്ല. ഇക്കാര്യങ്ങൾ പാടശേഖര സമിതിയുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടേയും നടപ്പിലാക്കണം. ഈ ക്രോസ്സ് ബാറുകളിൽ അനുയോജ്യമായത് വേനൽക്കാല തടയണകളായി കുറഞ്ഞ ചെലവിൽ മാറ്റിത്തീർക്കാൻ നടപടിയുണ്ടാകണം.

## കിണർ, കുളം

ഭൂരിപക്ഷം വീടുകൾക്കും സ്വന്തമായി കിണറുണ്ട്. പൊതുകുളങ്ങളും, കിണറുകളും ഉണ്ടെങ്കിൽ പോലും കാർഷികാവശ്യത്തിന് വേനൽക്കാലത്ത് ആവശ്യമായ ജലം കിട്ടുന്ന കുളങ്ങൾ വളരെ അപൂർവ്വമാണ്.

നിലവിലുള്ള പദ്ധതികളിൽ നിന്നും 200 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം കിട്ടുമെന്ന് ഔദ്യോഗിക രേഖകളിൽ പറയുന്നുണ്ടെങ്കിലും പകുതി പോലും യഥാർത്ഥത്തിലില്ല. ഒരു പൂ മുണ്ടകൻ കൃഷിക്ക് വെള്ളം കിട്ടുന്നത് പോലും പൂർണ്ണ ജലസേചിതമായി കണക്കാക്കപ്പെട്ടിരിക്കുന്നു.

## മുവാറ്റുപുഴ വാലി പദ്ധതി

നമ്മുടെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന ബ്രഹത് പദ്ധതിയാണ് മുവാറ്റുപുഴ വാലി ജലസേചന പദ്ധതി. മെയിൻ കനാൽ 1,2,3,4 വാർഡിലൂടെ കടന്നു പോകുന്നു. ഇതിന്റെ പണി ഏതാണ്ട് പൂർത്തീകരണ ഘട്ടത്തിലാണ് രാമമംഗലം ബ്രാഞ്ച് 8, 9 വാർഡുകളിലും പൂർത്തീകരിച്ചു എന്നാൽ 5,6,7,8 വാർഡുകൾക്ക് പ്രയോജനപ്പെടുന്ന കാക്കൂർ ഡിസ്ട്രിബ്യൂട്ടറിയും ഒലിയപ്പുറം, കക്കാട് ഡിസ്ട്രിബ്യൂട്ടറികളും പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ പരമാവധി കൃഷിഭൂമിക്ക് ജലസേചനം കിട്ടത്തക്കവിധം ഈ പദ്ധതിയുടെ ലീഡിംഗ് ചാനൽ പണികഴിക്കാനും നാവോളി മറ്റം വെട്ടിക്കാട്ടുപാറ പോലുള്ള ഉയർന്ന പ്രദേശത്ത് ലിഫ്റ്റ് ഏർപ്പെടുത്താനും നടപടിയുണ്ടാകണം. പദ്ധതിയുടെ പണി ഊർജ്ജിതപ്പെടുത്തി സമയബന്ധിതമായി കമ്മീഷൻ ചെയ്യണം. വരൾച്ചക്കെടുതിയിൽ നിന്നും പഞ്ചായത്ത് രക്ഷപെടാൻ ഈ പദ്ധതിയാണ് ഏകപരിഹാരം.

## മണ്ണു സംരക്ഷണം.

പ്രപഞ്ചത്തിൽ ഭൂമിയിൽ മാത്രമേ ജീവൻ കണ്ടെത്തിയിട്ടുള്ളൂ. ജീവന്റെ ആവാസസ്ഥാനം മണ്ണാണ്. ഒരു പിടി മണ്ണിൽ ലക്ഷക്കണക്കായ ജീവാണു പ്രപഞ്ചമുണ്ടെന്ന് നാം അറിയണം. മണ്ണിനെ ജീവസുറ്റതാക്കി സംരക്ഷിക്കപ്പെടേണ്ടത് കൃഷിയുടെ മാത്രമല്ല, ജീവസമൂഹത്തിന്റെ നിലനിൽപ്പിനാധാരമാണ്. മണ്ണ് സംരക്ഷണത്തിന് ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലും, ഒമ്പതാം വാർഡിലും ഏതാനും ഭാഗത്ത് മാത്രം പദ്ധതികൾ നിലവിലുണ്ട്. ചരിഞ്ഞ ഭൂപ്രകൃതി ആയതിനാൽ മണ്ണ് സംരക്ഷണ പ്രവർത്തനം ശക്തിപ്പെടുത്തണം. തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കപ്പെടണം. റബ്ബറിന്റെ ടെറസ് നിർമ്മാണമാണ് മണ്ണൊലിപ്പു തടയാനുള്ള പ്രധാനമാർഗ്ഗമായി നാം സ്വീകരിച്ചു പോരുന്നത്.

അമിതമായ രാസവളപ്രയോഗവും, കീടനാശിനി പ്രയോഗവും മണ്ണിന്റെ പുഷ്ടിമ നഷ്ടപ്പെടുത്തുന്നു. മണ്ണു പരിശോധനയിൽ കൂടി ഓരോ കൃഷിക്കും ആവശ്യമായ പോഷകങ്ങൾ ഏതെന്ന് മനസ്സിലാക്കി ശാസ്ത്രീയമായ ജൈവ രാസ വള പ്രയോഗം നടത്തി വിളവ് വർദ്ധിപ്പിക്കാനും കൃഷി ആദായകരമാക്കാനും സാധിക്കണം. പ്രകൃതിദത്തമായ കീടനാശിനികളുടെ നിർമ്മാണവും ഉപയോഗവും വ്യാപകമാക്കണം. മണ്ണുപരിശോധനക്ക് കൃഷിഭവൻ ആഫീസിൽ സൗകര്യമേർപ്പെടുത്തണം.

## ഉൽപ്പന്നങ്ങളുടെ വിലയും, വിപണനവും.

കാക്കൂർ ചന്തയാണ് പഞ്ചായത്തിലെ പ്രധാന വിപണന കേന്ദ്രം. ഇവിടെ മലഞ്ചരക്കും മറ്റ് കാർഷികോൽപ്പന്നങ്ങളും വിറ്റഴിക്കപ്പെട്ടിരുന്നു. കാക്കൂർ കാളവയൽ കാർഷിക ഉത്സവമായി മദ്ധ്യകേരളത്തിൽ പ്രസിദ്ധമായി. എന്നാൽ കാർഷിക മേഖലയിലെ മാറ്റങ്ങൾ ചന്തയേയും സാരമായി ബാധിച്ചു. അതിന്റെ കാർഷിക പ്രാധാന്യം അസ്തമിച്ചു. ചന്ത സജീവമാക്കണം.

മണ്ണത്തൂർ കേന്ദ്രമായി ഒരു ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റബ്ബറിന്റേയും, തേങ്ങയുടേയും കച്ചവടം സ്വകാര്യ ഏജൻസികളാണ്. കാക്കൂരും, ഒലിയപ്പുറത്തും, മണ്ണത്തൂരും ഓരോ റബ്ബർ ഉൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് സ്വകാര്യ കൊപ്ര ആട്ടികൾ പ്രവർത്തിക്കുന്നു. തേങ്ങ ഇടനിലക്കച്ചവടക്കാർ വാങ്ങി കൂത്താട്ടുകുളത്ത് വിറ്റഴിക്കുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ - വിപണന രംഗത്ത് സഹകരണ പ്രസ്ഥാനം രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് കാർഷിക മേഖലയുടെ വളർച്ചക്ക് ആവശ്യമായിരിക്കുന്നു.


## സാദ്ധ്യതകൾ

1. ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ M.V.I.P പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുക. ഭാഗീകമായി കമ്മീഷൻ ചെയ്യാവുന്നത്ര ചെയ്യുക.
2. നാവോളിമറ്റത്തേക്കും കുഴിക്കാട്ടുകുന്നിലേയ്ക്കും ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഉറപ്പാക്കൽ.
3. പൊതുസ്ഥലത്തോടനുബന്ധിച്ച് തരിശ് ഭൂമിയിൽ അനുയോജ്യമായ കൃഷിനടത്തുക.
4. കർഷക സമിതി പ്രവർത്തനം മെച്ചപ്പെടുത്താൻ

ബന്ധപ്പെട്ട കർഷകർ സമിതികളിൽ അംഗങ്ങളാകണം


5. ഇടവിള കൃഷി ശാസ്ത്രീയമായി ചിട്ടപ്പെടുത്തൽ.
6. ഒരു വീട്ടിൽ ഒരു അടുക്കള തോട്ടം എന്ന പദ്ധതി നടപ്പാക്കൽ
7. പച്ചക്കറി കൃഷിക്കാരുടെ സഹകരണസംഘം രൂപീകരണം.
8. കൃഷിഭവനിൽ നിന്നും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ/വിദഗ്ദ്ധ അഭിപ്രായങ്ങൾ ലഭ്യമാക്കണം.
9. ശാസ്ത്രീയമായി കാർഷിക വിജ്ഞാനം പകരുന്ന "ഇൻഫോർമേഷൻ സെന്ററായി" കൃഷിഭവന്റെ പ്രവർത്തനം മാറണം.
10. തോടുകളുടെ ആഴവും വീതിയും ഉറപ്പാക്കാനുള്ള ജനകീയ പ്രവർത്തനം .
11. "പച്ചക്കറി വികസന പദ്ധതി" പഞ്ചായത്തിൽ നടപ്പാക്കണം.
12. ക്രോസ് ബാറുകളുടെ അറ്റകുറ്റപണികളും നിലവിലുള്ള ചീപ്പുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.
13. നിലവിലുള്ള ക്രോസ് ബാറുകൾ വേനലിൽ തടയണകളായി മാറ്റാൻ കഴിയണം.

# THIRUMARADY GRAMA PANCHAYATH



156

# THIRUMARADY GRAMA PANCHAYATH





# മൃഗസംരക്ഷണം

കാർഷിക ഗ്രാമമായിരിക്കുന്ന തിരുമാറാടിയിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടിവലിക്കുന്നതിനും, പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. വർഷങ്ങൾക്ക് മുമ്പേ ഇവിടെ ആരംഭിച്ച് ഇപ്പോഴും തുടർന്നു പോരുന്ന കാക്കൂർ 'കാളവയൽ' ഇന്നാട്ടിലെ ആൾക്കാർക്ക് മൃഗസംരക്ഷണത്തോടുള്ള താൽപ്പര്യത്തെ വിളംബരം ചെയ്യുന്നു. ഇന്നത്തപ്പോലെ വേലിക്കെട്ടുകളൊ മതിലുകളോ റബ്ബർ കൃഷിയോ പണ്ടുണ്ടായിരുന്നില്ല. അതിനാൽ വിശാലമായ ഭൂപ്രദേശങ്ങളിൽ കന്നുകാലികളെ അഴിച്ചുവിട്ട് തീറ്റാൻ അക്കാലത്ത് സൗകര്യമുണ്ടായിരുന്നു.

പശു, എരുമ, ആട് എന്നിവയാണ് തിരുമാറാടി പഞ്ചായത്തിൽ വളർത്തിവരുന്ന പ്രധാനമൃഗങ്ങൾ. കാളയും, പന്നിവളർത്തലും കുറേശ്ശേയുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴികളാണ്.

### വളർത്തുമൃഗസംഖ്യ

| പശുനാടൻ | | പശുസങ്കരം | | എരുമ | | പട്ടി |
|---|---|---|---|---|---|---|
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവഉള്ളത്, | ഇല്ലാത്തത് | |
| 102 | - | 2399 | - | 66 | 20 | 1333 |

### വളർത്തു പക്ഷി

| പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|
| മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 12535 | 1664 | - | 91 | - |

* അവലംബം 1987 സെൻസസ്.

കൃഷി ഭൂമിയുടെ വിസ്തൃതി കുറയുകയും കാലി തീറ്റക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉൽപ്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗസംരക്ഷണമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളിൽ കാള, എരുമ, ആട് എന്നീ മൃഗങ്ങളുടെ എണ്ണം കുറഞ്ഞതായി കാണാം. കാളകളുടെ കാര്യത്തിലാണ് ഏറ്റവും കുറവുണ്ടായിട്ടുള്ളത്. നെൽക്കൃഷി കുറഞ്ഞതും കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതും സംരക്ഷണച്ചിലവുകൾ ഏറിയതുമാണ് പൊതുവെയുള്ള കാരണങ്ങൾ. മൃഗപരിപാലന രംഗത്ത് കഴിഞ്ഞ ഏതാനും ദശാബ്ദക്കാലത്തിനിടക്ക് വലിയമാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റം അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് തുടർന്ന് ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനവുമാണ്. ഒപ്പം നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു.

**വാർഡുതലത്തിൽ ഉയർന്നു വന്ന ആവശ്യങ്ങൾ / പ്രശ്നങ്ങൾ പൊതുവായി താഴെ കൊടുത്തിരിക്കുന്നു.**

1. കാലിത്തീറ്റ കുറഞ്ഞവിലക്ക് ലഭിക്കുന്നില്ല.
2. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിത മാണ്.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാ നങ്ങൾ അപര്യാപ്ത മാണ്.
4. പേപ്പട്ടി വിഷബാധക്കുള്ള പ്രതിരോധ കുത്തിവയ്പ് വ്യാപകമാക്കണം.
5. I.C.D.P സെന്ററുകൾ കൂടുതൽ സ്ഥാപിക്കുക.
6. പുൽക്കൃഷി വികസനത്തിന് പുൽവിത്തുകളുടെ വിപണന സംവിധാനം മെച്ചപ്പെടുത്തണം. സഹക രണ ബാങ്കുവഴി പശുവളർത്തലിന് വായ്പ ലഭ്യമാ ക്കണം.

## മൃഗസംരക്ഷണ രംഗത്തുള്ള പദ്ധതികൾ.

**1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.**

ലക്ഷ്യങ്ങൾ

a) ഗുണമേന്മയുള്ള പശുക്കുട്ടികൾക്ക് മികച്ച പരി ചരണം നൽകി, 30 മാസത്തിനുള്ളിൽ ആദ്യപ്ര സവം സാദ്ധ്യമാക്കുക.

b) ഗുണമേന്മയുള്ള കാലിത്തീറ്റ, പ്രതിരോധ കുത്തി വയ്പ് വിരമരുന്ന് ഇവയ്ക്ക് 50 ശതമാനം സബ്സിഡി ലഭ്യമാണ്.

c) സബ്സിഡിയോടു കൂടി ഒരു വർഷത്തെ കാലി ത്തീറ്റ ലഭ്യമാണ്.

ഗുണഭോക്താക്കൾ ക്ഷീര സഹകരണ സംഘ ത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം. ഗുണഭോ ക്താവിന്റെ പ്രതിമാസ വരുമാനം 900 രൂപയിൽ അധികരിക്കരുത്. 10 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിനും 30 ശതമാനം വനിതകൾക്കും സംവ രണം ലഭിക്കും. 500ലക്ഷം രൂപ 96-97 ലേക്ക് സംസ്ഥാനത്തിന് മൊത്തമായി വക കൊള്ളിച്ചിരി ക്കുന്നു.

**2. കന്നുകാലി വസന്ത നിർമ്മാർജ്ജന പദ്ധതി.**

രോഗപ്രതിരോധത്തിനുള്ള കുത്തിവയ്പ് സൗജന്യ മാണ്. വരുമാന പരിധിയില്ല.

എറണാകുളം ജില്ല ഈ പദ്ധതിയിൽ വരുന്നില്ല. ഈ ജില്ലകൂടി ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് നട പടിയെടുക്കണം.

**3. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി.**

a) 5 പെൺ പന്നിയും ഒരു ആൺ പന്നിയും ഉൾപ്പെ ട്ടതാണ് ഒരു യൂണിറ്റ്. പരമാവധി 1200 രൂപ സബ്സിഡി ലഭിക്കും. പന്നിക്കൂട് നിർമ്മാണത്തിന് 7000 രൂപയിൽ അധികരിക്കാത്ത സബ്സിഡിയും ലഭിക്കുന്നതാണ്.

**4. വിജ്ഞാന വ്യാപനവും പരിശീലനവും.**

മൃഗസംരക്ഷണ വകുപ്പ് ഏതാനും പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും കൃഷിക്കാർക്കും ഇവിടെ ട്രെയി നിംഗ് ലഭിക്കും. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാണ് ഈ പരിശീലനം.

**5. മുയൽ വളർത്തൽ.**

50 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ന്യായമായ വിലയ്ക്ക് മുയൽ കുഞ്ഞുങ്ങളെ ലഭിക്കും. സൗജന്യമായ ചികിത്സ ലഭിക്കും പഞ്ചായത്ത് മൃഗാശുപത്രിവഴി പദ്ധതി യിൽ പദ്ധതിയിൽ പങ്കാളികളാകാം.

**6. വീട്ടുവളപ്പിലെ കോഴിവളർത്തൽ.**

60 ദിവസം പ്രായമുള്ള 5 പിടക്കോഴികൾ അടങ്ങു ന്നതാണ് ഒരു യൂണിറ്റ്. ഓരോ കോഴിക്കും 15 രൂപ സബ്സിഡി ലഭിക്കും. കോഴിക്കുഞ്ഞുങ്ങളെ വീട്ടു പടിക്കൽ എത്തിച്ചു തരും. ഒരു ജില്ലയിൽ രണ്ടു ബ്ലാക്കുകൾ മാത്രമേ പദ്ധതിയിൽ വരൂ.

**7. പേവിഷ നിർമ്മാർജന പദ്ധതി.**

1996-97 ലേക്ക് 400 ലക്ഷം രൂപ പദ്ധതി വിഹിത മായി മാറ്റിവച്ചിട്ടുണ്ട്. പകുതിവിലക്ക് വാക്സിൻ ലഭ്യമാക്കും. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടി കളെ നശിപ്പിക്കുകയും ലൈസൻസുള്ള നായ്ക്കളെ സൂക്ഷിക്കുകയും ചെയ്യുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**8. പുൽക്കൃഷി വികസനം.**

അമ്പതു ശതമാനം സബ്സിഡിയോടു കൂടി നട ത്താവുന്ന ഒരു നടപ്പു പദ്ധതിയാണിത്.

## സാദ്ധ്യതയുള്ള ഏതാനും പദ്ധതികൾ.

**സ്കൂൾ പൗൾട്രി ക്ലബ്ബ്.**

പഠനത്തോടൊപ്പം സമ്പാദ്യം - 5 രൂപ അംഗത്വ ഫീസ് നൽകി കുട്ടികളെ പൗൾട്രി ക്ലബ്ബിൽ ചേർക്കുന്നു. 100 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളുള്ള യൂണിറ്റ് നൽകുന്നു.

**എഗ്ഗർ നേഴ്സറി.**

പഞ്ചായത്ത് തലത്തിൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാൻ താൽപ്പര്യമുള്ള കർഷകർക്ക് ഒരു ദിവസം

പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി.

**കോഴിവളർത്തൽ.**

അടുക്കള മുറ്റത്തെ കോഴിവളർത്തൽ - പഞ്ചായത്തിലെ എല്ലാ വീടുകളിലും 5 കോഴികളുടെ ഒരു യൂണിറ്റ് ആരംഭിക്കുക. കോഴി വസന്തക്കെതിരേയുള്ള കുത്തിവയ്പ് ഉറപ്പുവരുത്തുവാൻ പഞ്ചായത്തിലെ മഹിളാസമാജക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തി പ്രധിരോധ കുത്തി വയ്പിനുള്ള പരിശീലനം നൽകുക. പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ പുറമേ നിന്നു വാങ്ങുകയോ മൃഗാശുപത്രി വഴി ലഭ്യമാക്കുകയോ ചെയ്യാം.

**തീറ്റച്ചെലവ് കുറക്കുന്ന പദ്ധതി.**

യൂറിയ ഉപയോഗിച്ച് വയ്ക്കോൽ സമ്പുഷ്ടീകരിക്കുമ്പോൾ വയ്ക്കോലിന്റെ രുചി, ദഹനീയത, പോഷകമൂല്യം എന്നിവ വർദ്ധിക്കുന്നു. ഒരു ടൺ വയ്ക്കോൽ സംപുഷ്ടീകരിക്കുന്നതിന് 40 കിലോഗ്രാം യൂറിയ ആവശ്യമാണ്.

**കാലിരോഗനിയന്ത്രണം.**

വിരമരുന്ന് - ധാതുലവണം - മീനെണ്ണ എന്നിവ പശുക്കുട്ടികൾക്ക് നൽകൽ.

**സേവനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.**

മൃഗാശുപത്രിക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ റഫ്രിജറേറ്റർ - ലാബ് സൗകര്യങ്ങൾ ഇവ മെച്ചപ്പെടുത്തുക.

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ. 1995-1996**

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 2399 | 1276 | 125 |
| കിടാരി | 1000 | 120 | 30 |
| എരുമ | 81 | 55 | 5 |

**പേവിഷബാധ - പ്രതിരോധവും ചികിത്സയും**


പ്രതിരോധ കുത്തി വയ്പ് നടത്തിയവയുടെ എണ്ണം പട്ടി - 240

**രോഗവിവരങ്ങൾ 1995 - 96**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ദഹനസംബന്ധമായവ | 680 | 20 | 300 | 10 |
| 2 | ശ്വാസകോശ സംബന്ധം | 72 | 20 | 100 | - |
| 3 | ഉപാപചയ സംബന്ധം | 120 | 5 | 20 | - |
| 4 | ത്വക് രോഗങ്ങൾ | 120 | 5 | 10 | 5 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 180 | 5 | 84 | 5 |
| 6 | പാദരോഗങ്ങൾ | 720 | 30 | 300 | 60 |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 120 | 10 | 30 | - |
| 8 | വന്ധ്യത | 100 | 5 | - | |
| 9 | അകിടു വീക്കം | 120 | 5 | 30 | |
| 10 | മുടന്തൻ പനി | 150 | 15 | - | |
| 11 | പകർച്ചവ്യാധികൾ | - | - | - | |
| 12 | കാലിവസന്ത | - | - | - | |
| 13 | കുളമ്പുരോഗം | - | - | - | |

1994 - 95 ൽ കുളമ്പുരോഗം ഉണ്ടായിട്ടുണ്ട്.

1995 - 96 ൽ പകർച്ചവ്യാധികൾ തിരുമാറാടി പഞ്ചായത്തിൽ പൊട്ടിപ്പുറപ്പെട്ടിട്ടില്ല.



# വ്യവസായം

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് തിരുമാറാടി. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഈ ശതകത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന വ്യവസായങ്ങളായ തെരുവ വാറ്റ്, കന്നുകാലികളെ ഉപയോഗിച്ചുള്ള ചക്ക്, കുടിൽവ്യവസായങ്ങളായിരുന്ന കുട്ട, വട്ടി, പായ, ചൂല് മുതലായവയുടെ നിർമ്മാണം ഇന്നു നാമാവിശേഷമായിരിക്കുന്നു. പരമ്പരാഗതവും ആധുനികവുമായ നാമമാത്രമായ സംരഭങ്ങളെ നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ളൂ.

പഞ്ചായത്തിലെ മുഖ്യ വ്യവസായ സ്ഥാപനങ്ങൾ പാമ്പാക്കുട "ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്", മണ്ണത്തൂർ കേന്ദ്രീകരിച്ചുള്ള മെറ്റൽ ക്രഷറുകളുമാണ്. ഇവ കൂടാതെ തീപ്പെട്ടിക്കൊള്ളി നിർമ്മാണം, "പെൻസിൽ വുഡ് ഇൻഡകസ്ട്രി", സ്റ്റീൽ-തടി ഫർണ്ണിച്ചർ നിർമ്മാണത്തിനുള്ള S.S.I യൂണിറ്റുകൾ, ക്വാറികൾ, ചെങ്കൽ മടകൾ, സിമിന്റ് ബ്രിക്കുകൾ, ഓയിൽ മില്ലുകൾ, വാഹനങ്ങൾക്കുള്ള ബോഡി നിർമ്മാണം, ബ്രയിസിയർ നിർമ്മാണം തുടങ്ങിയ സംരംഭങ്ങളുമുണ്ട്.

### "പാമ്പാക്കുട ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രി"

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. 1959ൽ സ്ഥാപിച്ച ഈ ഗ്രാമീണവ്യവസായത്തിന് സമീപ പഞ്ചായത്തുകളിലുമായി ആറു ശാഖകൾ വേറെയുമുണ്ട്. നൂലുനൂല്പിനും, നെയ്ത്തിനും പരിശീലനം നല്കുന്നുണ്ട്. പഞ്ചായത്തിലെ കാക്കൂർ ശാഖയിൽ 6 ഓഫീസ് സ്റ്റാഫുകളും 18 തൊഴിലാളികളും ജോലിചെയ്യുന്നു. ഈ സ്ഥാപനത്തിൻ കീഴിൽ ഒരു വില്പന ശാലയും കാക്കൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഖാദി ഗ്രാമവ്യവസായ ഫെഡറേഷന്റെ 95-96 വർഷത്തെ ഏറ്റവും നല്ല ഖാദിയ്ക്കുള്ള അവാർഡ് പാമ്പാക്കുട "ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിനു ലഭിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള സംരഭമാണിത്. പഞ്ചായത്തിലെ മണ്ണത്തൂർ ശാഖ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഒട്ടേറെ വികസന സാദ്ധ്യതകൾ ഈ രംഗത്തുണ്ട്. കേടുപാടു സംഭവിച്ച ഉല്പാദനോപകരണങ്ങൾ, ജോലിഭാരത്തിന് അനുസൃതമായ വേതനമില്ലായ്മ എന്നിവയും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

ഉപകരണങ്ങളുടെ കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്താൽ പരിശീലനവും ഉദ്പാദനവും വർദ്ധിപ്പിക്കാവുന്നതാണ്. പരിശീലനം ലഭിച്ചിട്ടും സ്ഥാപനവുമായി ബന്ധപ്പെടാത്തവരുണ്ട്.

കുടുംബാന്തരീക്ഷത്തിൽ നിന്ന് വിട്ടുമാറാൻ കഴിയാത്തതുകൊണ്ട് പൊതുകേന്ദ്രത്തിൽ കൂടിച്ചേരാൻ കഴിയാത്തവരുണ്ട്. വീടുകളിൽ നൂൽ നൂല്പിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്താൽ ഉല്പാദനരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാകും.

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ 'ഖാദി' എന്ന മേഖല മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. "വില്ലേജ് ഇൻഡസ്ട്രീ" ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ ഇനിയും വരാത്തത് മറ്റൊരു പ്രശ്നമാണ്. ഈ മേഖലയിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പ്രധാന കണ്ണിയായ തൊഴിലാളികളുമായി മാസത്തിലൊരിക്കലെങ്കിലും ചർച്ച നടത്തി കൂട്ടായ പ്രവർത്തനം ഉണ്ടാക്കിയാൽ സ്ഥാപനത്തിനു നേട്ടമായിരിക്കും.

### മെറ്റൽ ക്രഷറുകളും ക്വാറികളും

മണ്ണത്തൂർ പ്രദേശത്ത് കേന്ദ്രീകരിച്ച് കഴിഞ്ഞ ഒരു ദശകത്തിനുള്ളിലുണ്ടായ സ്വകാര്യ വ്യവസായ സംരഭങ്ങളാണ് ക്രഷറുകളും ക്വാറികളും. നാലു ക്രഷറുകളും ഏഴു ക്വാറികളും പ്രവർത്തിക്കുന്നുണ്ട്. തെക്കേക്കര ഗ്രാനേറ്റ് ഇൻഡസ്ട്രീസ്, പുൽപ്പാറ ഗ്രാനേറ്റ്, പടിഞ്ഞാറേടത്ത് അഗ്രഗേറ്റ്സ്, തേവർമഠം ഗ്രാനേറ്റ് ഇൻഡസ്ട്രീസ് എന്നിവയാണ് ക്രഷറുകൾ. ക്രഷറുകളിൽ 100 തൊഴിലാളികളും ക്വാറികളിൽ 120 തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

ചെങ്കല്ല്.

'വാളിയപ്പാടം, തിരുമാറാടി, കാക്കൂർ മേഖലകളിലായി ഒൻപതു ചെങ്കൽ മടകൾ ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെങ്കൽ മടകളുടെ എണ്ണം കുറഞ്ഞുവരുന്നു. 90 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. യന്ത്രവത്ക്കരണം ചെങ്കല്ല് ഉല്പാദന തോത് വർദ്ധിപ്പിക്കുന്നുണ്ട്.

## സിമിന്റ് ഇഷ്ടിക

മൂന്നു യൂണിറ്റുകളാണ് ഈ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. മണ്ണത്തൂർ, കാക്കൂർ, തിരുമാറാടി കേന്ദ്രങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. മണ്ണൂർ, കാക്കൂർ യൂണിറ്റുകളിൽ ഹോളോബ്രിക്കുണ്ടാക്കുന്നു. കുറഞ്ഞുവരുന്ന ചെങ്കൽ ശേഖരവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ഈ വ്യവസായത്തിന്റെ സാദ്ധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

## പെൻസിൽ വുഡ് ഇൻഡസ്ട്രീ

സ്വകാര്യമേഖല സ്ഥാപനമാണിത്. കാക്കൂരിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ മുപ്പത്തിരണ്ടുപേർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

## തീപ്പെട്ടി കൊള്ളി നിർമ്മാണം

കാക്കൂരിൽ പ്രവർത്തിക്കുന്ന സ്ഥാപനം. മരുന്നില്ലാത്ത കൊള്ളി നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. പഞ്ചായത്തിനു പുറത്തേക്കു കൊണ്ടുപോകുന്ന ഉല്പാദനം മറ്റു വൻകിട തീപ്പെട്ടി നിർമ്മാണ ശാലകളുടെ അസംസ്കൃത പദാർത്ഥമാണ്.

## ബ്രയ്സിയർ നിർമ്മാണം

തിരുമാറാടിയിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. ഏഴു പേർക്ക് ജോലി ലഭിക്കുന്നുണ്ട്.


## കുടിൽ വ്യവസായം

തിരുമാറാടി, കാക്കൂർ മേഖലകളിലെ പപ്പട നിർമ്മാണം, മണ്ണത്തൂരുള്ള മെഴുകുതിരി നിർമ്മാണം, പലഹാര നിർമ്മാണം, ഒലിയപ്പുഫത്തെ ഓടു പാത്ര നിർമ്മാണം, വാളിയപ്പാടത്തുള്ള റെഡിമെയ്ഡ് വ്യവസായം, കാക്കൂരുള്ള കുട്ട, മുറം, പനമ്പ് നിർമ്മാണം മുതലായവയാണ് പ്രധാന കുടിൽ വ്യവസായങ്ങൾ.

വൈദ്യുതി ക്ഷാമം, ജലക്ഷാമം, സാമ്പത്തികം കണ്ടെത്തുവാനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ് വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ.

## സാദ്ധ്യതകൾ

1. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
2. സഹകരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.
3. ചെറുകിട-കുടിൽ വ്യവസായ യൂണിറ്റുകളിലെ ഉല്പ്പന്നങ്ങളുടെ വിപണനകേന്ദ്രം പഞ്ചായത്തു തലത്തിൽ.
4. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.



# ഊർജ്ജം

ഗാർഹികം, കൃഷി, വാണിജ്യം ഈ ആവശ്യങ്ങൾക്കായി ഊർജ്ജം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഗാർഹികാവശ്യങ്ങൾക്കായി വൈദ്യുതിയെയും, മണ്ണെണ്ണയെയും, വിറകിനെയും, വാതകത്തെയും, ആശ്രയിക്കുന്നുവെങ്കിൽ, കൃഷി ആവശ്യങ്ങൾക്കായി പ്രധാനമായും വൈദ്യുതിയും പരിമിതമായ തോതിൽ എണ്ണയുമാണ് ഉപയോഗിക്കപ്പെടുന്നത്.

പഞ്ചായത്തിലെ വീടുകളിൽ ഏറിയപങ്കും പാചകത്തിന് വിറകും, തെങ്ങുല്പന്നങ്ങളും ഉപയോഗിക്കുന്നു. ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിന് ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ. ചുരുക്കം വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. പാചക വാതകം ഗ്രാമത്തിൽ ലഭിക്കാൻ തുടങ്ങിയിട്ട് ഏറെ നാളുകൾ ആയിട്ടില്ല. പാചകവാതകം ഉപയോഗിക്കുന്ന വീടുകളിലും വിറകടുപ്പ് കരുതാറുണ്ട്. വെള്ളം തിളപ്പിക്കാനും നെല്ലു പുഴുങ്ങാനും വീടിനു പുറത്തുള്ള അടുപ്പിൽ തെങ്ങുല്പന്നങ്ങളോ കാർഷികാവശിഷ്ടങ്ങളോ ആണ് പലപ്പോഴും ഉപയോഗിക്കാറുള്ളത്. റബ്ബർകൃഷി വ്യാപകമായിട്ടുള്ളതു കൊണ്ട് റബ്ബറിന്റെ ഉണങ്ങിയ കൊമ്പുകളും, കേടായ മരങ്ങളും, വിറകിനായി ലഭിക്കുന്നുണ്ട്. എങ്കിൽപോലും ആവശ്യത്തിനുള്ളത്ര വിറക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ ഇന്ധനങ്ങളിലേക്ക് ഗ്രാമവാസികൾ മാറുന്നു എന്നതാണ് മുഖ്യ പ്രവണത.

ദക്ഷതയേറിയ അടുപ്പുകൾ, (പരിഷത്തടുപ്പ് മുതലായവ) ബയോഗ്യാസ് അടുപ്പുകൾ, വിളക്കുകൾ, റ്റ്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്കുകൾ എന്നീ മെച്ചപ്പെട്ട ഉപകരണങ്ങൾ ഒന്നും തന്നെ വ്യാപകമായ തോതിൽ ഈ പഞ്ചായത്തിൽ പ്രചരിച്ചിട്ടില്ല. ഒറ്റപ്പെട്ട ഉപയോഗങ്ങൾ ഉണ്ടെന്നത് വാസ്തവമാണുതാനും. അടുപ്പ് വ്യാപനത്തിൽ പ്രധാനമായും ഇടപെടുന്ന ഒരു സംഘടന ശാസ്ത്രസാഹിത്യപരിഷത്താണ്. 1986 മുതൽ അടുപ്പ് വ്യാപനത്തെ നിയന്ത്രിക്കുന്ന മറ്റൊന്നാണ് അനർട്ട് (ANERT). അനർട്ടിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും വ്യാപകമായ പ്രവർത്തനം ടി കാര്യത്തിൽ ഇനിയും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അനർട്ടിന്റെ ഓഫീസുകൾ നെല്ലിക്കുഴി, മുളന്തുരുത്തി എന്നീ ദൂരപ്രദേശങ്ങളിലാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്.

ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകളുടെ പ്രചാരണം, കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ കാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ ഉപയോഗം, വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ വനവത്ക്കരണം എന്നിവയൊക്കെ പ്രശ്നപരിഹാര നിർദ്ദേശങ്ങളാണ്.

തിരുമാറാടി പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി പിറവത്തും, കൂത്താട്ടുകുളത്തും സ്ഥിതി ചെയ്യുന്ന 110 കെ.വി. സബ് സ്റ്റേഷനുകളിൽ നിന്നാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സബ്സ്റ്റേഷനുകൾ രണ്ടും പഞ്ചായത്തിന് വെളിയിൽ സ്ഥിതി ചെയ്യുന്നു.15 ട്രാൻസ്ഫോർമറുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും, ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്നും, പ്രാഥമികസ്ഥിതി വിവര ശേഖരണത്തിൽ നിന്നും, ട്രാൻസ്ഫോർമറുകൾ അധിക ഭാരം വഹിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഊർജ്ജ ഉപയോഗത്തിന്റെ നല്ല പങ്കും, ഗാർഹിക മേഖലയിലാണ്. കാർഷികമേഖലയിൽ വൈദ്യുതിയുടെ ഉപയോഗം കുറവാണ്. വീടുകളിൽ വൈദ്യുതി ഉപയോഗം മുൻപന്തിയിൽതന്നെ. ട്യൂബുലൈറ്റുകളുടെ എണ്ണം കുറവായിട്ടാണ് കാണുന്നത്. പുതിയ ഗ്രാനൈറ്റ് വ്യവസായങ്ങളും, തടി വ്യവസായ യൂണിറ്റുകളും, പ്രവർത്തനം ആരംഭിച്ചതോടെ വ്യാവസായികാവശ്യത്തിനും വൈദ്യുതി കൂടുതലായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

തിരുമാറാടി പഞ്ചായത്തിൽ പൊതുവെ വൈദ്യുതി ഉപഭോക്താക്കൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം വേണ്ടത്ര വോൾട്ടേജ് ലഭിക്കുന്നില്ല എന്നതാണ്. കൂത്താട്ടുകുളം, പിറവം സബ് സ്റ്റേഷനുകളിലെ കണക്കുകൾ സൂചിപ്പിക്കുന്നത് സബ്സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൾട്ടേജ്, യഥാർത്ഥത്തിൽ ലഭിക്കേണ്ടതിൽ നിന്നും താഴെയാണെന്നതാണ്. പീക് ലോഡു സമയത്ത് ഇതു തീരെ കുറഞ്ഞു പോകുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുഭവപ്പെടുന്ന പവ്വർകട്ട് ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ വെളിച്ചത്തിന്റെ ലഭ്യതക്ക് ഇതരമാർഗ്ഗങ്ങൾ

സ്വീകരിക്കുവാൻ നിർബന്ധിതരാക്കുന്നു.

പഞ്ചായത്തിൽ നടത്തിയ സാമ്പിൾ സർവ്വെ കാണിക്കുന്നത് വീടുകളിലെ കണക്ടഡ് ലോഡ് വൈദ്യുത ബോർഡിന്റെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതൽ ആണെന്നാണ്.അത്പോലെതന്നെ നിലവിലുള്ള മീറ്ററുകളിൽ പലതും കേടുള്ളവയായിക്കാണുന്നു.ആറുമാസത്തിൽ ഒരിക്കൽ മീറ്റർ പരിശോധിച്ച് ബില്ലുനിർണയിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറുകാരണമാണ്.ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്.

എനർജി നഷ്ടപ്പെടുത്താതിരിക്കുന്നത് എനർജി ഉൽപാദിപ്പിക്കുന്നതിന് സമമാണ് എന്ന കാഴ്ചപ്പാട് ഉണ്ടാകണം. പ്രേഷണ വിതരണനഷ്ടം കുറയ്ക്കാനുള്ള സാദ്ധ്യത ഇവിടെ ധാരാളമുണ്ട്.

1. വൈദ്യുതി ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക.

2. ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

3. പവ്വർ ലൈൻ മാപ്പിംഗ് നടത്തി വിതരണ ശൃംഖല പുനഃക്രമീകരിക്കുക.

4. ട്രാൻഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

5. കഴിയുന്നത്ര 3 ഫേസ് ലൈനുകൾ വലിക്കുക.

6. സിംഗിൾ ഫേസിന്റെ പരമാവധി ദൈർഘ്യം 1500 മീറ്ററാക്കി കുറയ്ക്കുക.

7. ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക.

L.T. ലൈൻ പോകുന്ന പ്രദേശത്തുള്ള ഉപഭോക്താക്കളുടെ സഹകരണത്തോടെയും, ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിലും, വൈദ്യുത ലൈൻ സ്പർശിച്ചിരിക്കുന്ന മരച്ചില്ലകളും കൊമ്പുകളും വെട്ടിമാറ്റുക.മരം വച്ചു പിടിപ്പിക്കുമ്പോഴേ വൈദ്യുതി ലൈനിൽ നിന്നും വേണ്ടത്ര അകലത്തിൽ നടുവാൻ ജനങ്ങൾ തയ്യാറാവുകയും അതിന് അവരെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്.സിംഗിൾ ഫേസ് ലൈനിൽ ചില പുരയിടങ്ങളിൽ ഹോസുകൊണ്ട് കവറു ചെയ്യുന്നതായി കാണപ്പെടുന്നുണ്ട്. ഹോസിനകത്ത് വെള്ളം കെട്ടി നിൽക്കുകയും, ഭാരം കൂടി കമ്പികൾ തൂങ്ങിപ്പോകുകയും കെട്ടിക്കിടക്കുന്ന വെള്ളം കണ്ടക്ടർ ആയി മാറുകയും, തദ്വാരാ വൈദ്യുതി നഷ്ടവും ലൈൻ പൊട്ടിപ്പോകാൻ സാദ്ധ്യതയും ഉണ്ട്.ഹോസിന് ഇടയ്ക്കിടക്ക് തുളകളിട്ടാൽ വെള്ളം കെട്ടിക്കിടക്കുന്നതിന് പരിഹാരമാകും.ട്യൂബു ലൈറ്റുകളുടെ ഉപയോഗം വർദ്ധിപ്പിക്കണം. മോട്ടോറുകൾ ഉപയോഗിക്കുമ്പോൾ അതിന്റെതായ കപ്പാസിറ്ററുകൾ ഉപയോഗിക്കുവാൻ K.S.E.B. അനുശാസിക്കുന്നുണ്ടെങ്കിലും കേടായവ പലരും മാറ്റി വയ്ക്കുന്നില്ല. കപ്പാസിറ്ററുകൾ ഉപയോഗിച്ചാൽ പവ്വർ ഉയർത്തപ്പെടുന്നു.മോട്ടോർ കൂടുതൽ കാര്യക്ഷമതയുള്ളതാക്കപ്പെടുന്നു.ലൈ നിലെ വോൾട്ടേജ് സ്റ്റെഡിയായി നിർത്തുന്നതിനും ഇടയാകുന്നു. യഥാസമയം മോട്ടോറിന്റെ കേടായ ബയറിംഗുകൾ മാറ്റുകയും, ഗ്രീസ് ഇടുകയും ചെയ്താൽ വൈദ്യുതി ലാഭിക്കാവുന്നതാണ്. പീക്ക് പീരിയഡിലെ (വൈകിട്ട് 6 മണി മുതൽ 9 മണിവരെ) വൈദ്യുതി ഉപയോഗം പരമാവധി നിയന്ത്രിയ്ക്കണം. സ്ട്രീറ്റു ലൈറ്റുകൾ ഓട്ടോമാറ്റിക് ആയി തെളിയുന്നതിനും കെടുന്നതിനും ഉള്ള സംവിധാനങ്ങൾ ചെയ്യേണ്ടതാണ്. അതു വഴി ബൾബുകളുടെ ആയുസ്സ് കൂടുകയും എനർജി നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യും.

വൈദ്യുതി ലൈനിൽ സുരക്ഷിതത്വത്തിനായി വച്ചിരിക്കുന്നതാണല്ലോ ഫ്യൂസ് യൂണിറ്റുകൾ . അവക ത്തിപ്പോയാൽ അതിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അവ പരിഹരിക്കാതെ വീണ്ടും ഫ്യൂസ് കെട്ടുന്നത് കണ്ടക്ടർ (അലൂമിനീയം കമ്പി മുതലായവ) മുറിഞ്ഞു പോകുന്നതിനും പൊട്ടിക്കിടക്കുന്ന ലൈനിൽ വൈദ്യുതി പ്രവഹിച്ച് വൈദ്യുതി നഷ്ടം ഉണ്ടാവുകയും അപകടങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്യുന്നു.ഗ്രാമവാസികൾ സ്വയം ഫ്യൂസു കെട്ടുന്ന പ്രവണത കൂടി വരുന്നത് നഷ്ടവും അപകടങ്ങളും ക്ഷണിച്ചു വരുത്തുന്നുവെന്ന് ഓർക്കേണ്ടതാണ്.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൃത്യ നിർവ്വഹണത്തിൽ ശുഷ്ക്കാന്തി കാണിക്കണമെന്നതാണ് ഇതിനുള്ള പരിഹാരം. മാസം തോറും മീറ്ററുകളുടെ പരിശോധനയും റീഡിംഗ് എടുക്കലും സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കലും ആവശ്യമാണ്. തിരുമാറാടി പഞ്ചായത്തിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് തുറക്കേണ്ടതാണ്.

**പഞ്ചായത്തിലെ വൈദിയുതിയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.**

**വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

| | |
|---|---|
| 1. നിലവിലുള്ള ഉപഭോക്താക്കൾ | |
| a. ഗാർഹികം | 1762 |
| b. വ്യാപാരം | 202 |
| c. വ്യാവസായികം | 37 |
| d. കാർഷികം | 241 |
| 2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | |
| a. Ordinary | 192 |
| b. O.T.P. | 9 |
| c. OYEC | 43 |

3. സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം

| | |
|---|---|
| a. ബൾബ് 25W | 60 |
| 40W | 158 |
| b. ട്യൂബ് | 13 |
| c. മെർക്കുറി വേപ്പർ | - |
| d. സോഡിയം വേപ്പർ | 25 |
| 4. ആകെ വൈദ്യുതീകരിച്ച കോളനികൾ: | 8 |

5. തൻവർഷത്തെ കണക്ഷൻ

| | |
|---|---|
| a. ഓർഡിനറി | 14 |
| b. OTP | 23 |
| c. OYEC | 96 |

6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം.

1. ഒലിയപ്പുറം
2. വടകര
3. കരിമ്പന
4. ഇടയാർ പള്ളിപ്പടി
5. വെട്ടിമൂട്
6. തിരുമാറാടി
7. അഞ്ചിച്ചിറ
8. മണ്ണത്തൂർ ടൗൺ
9. മണ്ണത്തൂർ തീയേറ്റർ ഭാഗം
10. നാവോളിമറ്റം
11. വാളിയപ്പാടം
12. കിഴുകുന്ന്
13. കാക്കൂർ
14. മണ്ണത്തൂർ ഈസ്റ്റ്
15. മണ്ണത്തൂർ ക്രഷർ സൈറ്റ്

7. സ്ട്രീറ്റുലൈറ്റിന് വേണ്ടി പ്രതിമാസം അടക്കുന്ന രൂപ 6482-00

# ഗതാഗതം

തിരുമാറാടി പഞ്ചായത്തിൽ റോഡു ഗതാഗതം മാത്രമാണ് നിലവിലുള്ളത്. സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല ഇവിടെയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 112 കി. മീറ്റർ വരും. ഇതിൽ 58 കി. മീറ്റർ റോഡ് ടാർ ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിന്റെ കീഴിലുള്ള റോഡ് ദൈർഘ്യം 71 കി. മീറ്റർ ആണ്. ഇതിൽ 17 കി. മീറ്റർ റോഡ് ടാർ ചെയ്തിട്ടുള്ളതാണ്.

യാത്രാസൗകര്യം ഈ പഞ്ചായത്തിൽ ചില മേഖലകളിൽ ഒരു വിധം തൃപ്തികരമാണ്. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതും, പുതിയവ നിർമ്മിക്കേണ്ടതുമായ മേഖലകൾ ഇനിയും നിരവധിയാണ്. വാഹനങ്ങളുടെ ഉപയോഗം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ല. കലുങ്കുകൾ കുറവാണ്. വർഷക്കാലത്ത് റോഡുകൾ കൂടുതൽ മോശമാകുന്നു. കലുങ്കുകളുടെ അപര്യാപ്തതയും ഓവുചാലുകൾ അടയുന്നതും ഓവുചാലുകൾ ഇല്ലാത്തതു മാണ് ഇതിന് കാരണം. ശരിയായ രീതിയിൽ ഓവുചാലുകൾ മെച്ചപ്പെടുത്തിക്കൊണ്ടും പുതിയവ ഉണ്ടാക്കി കൊണ്ടും റോഡുകളുടെ നില മെച്ചപ്പെടുത്താവുന്നതാണ്.

**വാർഡുകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ.**

**വാർഡ് I**

ഗതാഗത യോഗ്യമല്ലാത്തവ ഗതാഗത യോഗ്യമാക്കുക. ടെൻഡർ ചെയ്ത റോഡു ജോലികൾ ക്യാൻസൽ ചെയ്തത് പുനർ ടെൻഡർ ചെയ്ത് നടപ്പാക്കുക. ഹരിജൻ കോളനിയിലേക്കുള്ള റോഡു നിർമ്മാണം, ശ്രമദാനമായി വെട്ടിയ റോഡുകളുടെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കുക. ഇവയൊക്കെയാണ് ചെയ്യേണ്ട ജോലികൾ.

**വാർഡ് II**

റീടാറിംഗ് ജോലികൾ - ഉരുൾ പൊട്ടലിൽ ബലക്ഷയം വന്ന പാലങ്ങൾ ബലപ്പെടുത്തൽ - പുതിയ റോഡുകളുടെ നിർമ്മാണം - നിലവിലുള്ളതിന്റെ അറ്റകുറ്റപ്പണികൾ - ഇതൊക്കെ ചെയ്യേണ്ടതായിട്ടുണ്ട്.

**വാർഡ് III**

ടെൻഡർ ചെയ്തതിന് ശേഷം നടപ്പാക്കാത്ത റോഡുപണികൾ നടപ്പാക്കികിട്ടുക. നിലവിലുള്ള റോഡുകളുടേയും ഓടകളുടേയും അറ്റകുറ്റപ്പണികൾ - പുതിയ റോഡുകളുടെ നിർമ്മാണം റീ ടാറിംഗ് ജോലികൾ ഇവയൊക്കെയാണ് ആവശ്യങ്ങൾ.

**വാർഡ് IV**

നിലവിലുള്ള റോഡുകളുടേയും ഓടകളുടേയും അറ്റകുറ്റപ്പണികൾ - പുതിയറോഡുകളുടെ നിർമ്മാണം - ടാറിഗ് ജോലികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

**വാർഡ് V**

ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുക. റോഡുകളുടെ അറ്റകുറ്റപ്പണികൾ - ഭാഗീകമായി തീർത്ത റോഡുകളുടെ പൂർത്തീകരണം - പുതിയ റോഡുകൾ ഈ പണികൾ അവശേഷിക്കുന്നു.

**വാർഡ് VI**

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ - ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കുക - ലിങ്കുറോഡുകളുടെ നിർമ്മാണം - ഓടകളുടെ നിർമ്മാണം - ടാറിഗ് ജോലികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

**വാർഡ് VII**

ഭാഗികമായി ചെയ്തു തീർത്തിരിക്കുന്ന റോഡുകളുടെ പൂർത്തീകരണം - പുതിയ റോഡുകൾ നിർമ്മിക്കുക - ലിങ്കുറോഡുകളുടെ നിർമ്മാണം - അറ്റകുറ്റപ്പണികൾ ഇവയൊക്കെ ആവശ്യങ്ങളാണ്.

**വാർഡ് VIII**

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ലിങ്കുറോഡുകളുടെ നിർമ്മാണം. പുതിയ റോഡുകൾ ഇവയൊക്കെ ആവശ്യങ്ങളിൽപ്പെടുന്നു.

**വാർഡ് IX**

റോഡിന്റെ മെറ്റലിംഗ് ജോലികൾ, ടാറിംഗ് ജോലികൾ - പുതിയവയുടെ നിർമ്മാണം - റോഡിന്റെ അറ്റകുറ്റപ്പണികൾ ഇവയൊക്കെയാണ് ആവശ്യങ്ങൾ.

സമീപപഞ്ചായത്തുകളുമായി ബന്ധിക്കുന്ന റോഡുകളും, പാലങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുവേണ്ട നടപടികൾ ആവശ്യമാണ്. ഏറ്റവും പഴക്കമുള്ളതും PWD യുടെ നിയന്ത്രണത്തിലുള്ളതുമായ പിറവം - അഞ്ചൽപ്പെട്ടി - ഒലിയപ്പുറം - കൂത്താട്ടുകുളം വഴിയുള്ള റോഡ് നിർദ്ദശത്തിലിരിക്കുന്ന സംസ്ഥാന ഹൈവേയുടെ ഭാഗമാവുകയെന്നുള്ളത് ഈ ഗ്രാമവാസികളുടെ ഒരു പ്രധാന ആവശ്യമാണ്.

പൊതുനിരത്തുകൾ സംരക്ഷിക്കുക എന്നതും ഇരുവശങ്ങളിലും മാർഗ്ഗതടസ്സം സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്ന പുത്തൻ സംസ്കാരം നാം വളർത്തേണ്ടിയിരിക്കുന്നു.

## റോഡുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ

| റോഡിന്റെ സ്വഭാവം നീളം കിലോമീറ്ററിൽ | | | | | | | |
|---|---|---|---|---|---|---|---|
| കച്ച | പക്ക | മെറ്റൽ | ടാർ | | | മറ്റുള്ളവ | ആകെ |
| | | | പഞ്ചായത്ത് | P.W.D | N.H | | |
| 28 | 20 | 6 | 17 | 41 | - | 11 | 123 |

### മാർക്കറ്റ്

തിരുമാറാടി പഞ്ചായത്തിലെ പൊതുമാർക്കറ്റുകൾ കാക്കൂരും മണ്ണത്തൂരും സ്ഥിതിചെയ്യുന്നു. ഈ മാർക്കറ്റുകളിൽ നിന്നും 7000 രൂപ വാർഷിക വരുമാനമുണ്ട്. നിലവിലുള്ള മാർക്കറ്റുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഒലിയപ്പുറം തിരുമാറാടി എന്നിവിടങ്ങളിൽ മാർക്കറ്റുകൾ ആവശ്യമാണ്.

# ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

## ഭവനനിർമ്മാണം

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങൾ 5129 എണ്ണമാണ്. ഇതിൽ വാസയോഗ്യമായ വീടുകൾ 4401 ഉണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും ഭവന നിർമ്മാണ സഹകരണസംഘങ്ങളുടെയും മറ്റു ഏജൻസി കളുടെയും സഹായം പഞ്ചായത്തിൽ പ്രയോജനപ്പെ ടുത്തുന്നുണ്ട്. ജെ,ആർ.വൈ പദ്ധതിയിലൂടെ 33 വീടു കളും കൈരളി ഭവന പദ്ധതിയിലൂടെ 50 വീടുകളും തീർത്തിട്ടുണ്ട്. താഴ്ന്ന വരുമാനക്കാർക്കുള്ള മറ്റു ഭവന പദ്ധതിയിലൂടെ 70 വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട്. പുതു തായി 400 വീടുകൾ കൂടി നിർമ്മിക്കേണ്ടതുണ്ട്.

ഇന്ന് നിലനിൽക്കുന്ന ഭവനനിർമ്മാണരീതിക ളിൽ കരാർ സമ്പ്രദായത്തിലുള്ളവ കൂടിവരുന്നു. ഇത് ഓരോ വ്യക്തിയുടെയും നിർമ്മാണചെലവ് വർദ്ധിപ്പി ക്കുന്നു. വിദേശപണസ്വാധീനം ആർഭാടപൂർവ്വമായ നിർമ്മാണത്തിലെത്തിക്കുന്നു. നിർമ്മാണ ചെലവ് വർദ്ധി പ്പിക്കുന്ന മറ്റൊരു ഘടകം അനുകരണ ഭ്രമവുമാണ്. നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവും വിഷമം സൃഷ്ടിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തൊഴിലിലേർപ്പെട്ടിരിക്കുന്നവ രുടെ കൂലിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വിദഗ്ധ തൊഴി ലാളിക്ക് 150 മുതൽ 175 രൂപ വരെയും സഹാ.യിക ളായ പുരുഷന്മാർക്ക് 100 മുതൽ 125 രൂപ വരെയും സ്ത്രീകൾക്ക് 80 മുതൽ 100 രൂപയുമാണ്. എങ്കിലും ഈ രംഗത്ത് തൊഴിലാളികളുടെ കുറവുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ വായ്പാസൗ കര്യങ്ങളുടെ അപര്യാപ്തത, ലഭിക്കുന്നതിനുള്ള ബുദ്ധി മുട്ട്, ധനകാര്യസ്ഥാപനങ്ങളുടെ നൂലാമാല, ഭൂമിയുടെ ഉട മസ്ഥത കൈമാറ്റത്തിന് വരുന്ന ബുദ്ധിമുട്ട് ഇവ ഭവന നിർമ്മാണത്തിനുള്ള പദ്ധതികൾക്ക് തടസ്സം നിൽക്കുന്നു.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജ ന്യവീട് വേണം.
2. 5 വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്നതിന് 'പ്രത്യേകപദ്ധതി' ഉണ്ടാക്കണം.
3. ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥ പരിഹ രിക്കുക.

### സാദ്ധ്യതകൾ

1. പഞ്ചായത്തിലെ കെട്ടിടനിർമ്മാണ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് സൊസൈറ്റിയുണ്ടാക്കണം.
2. ചെലവ് കുറഞ്ഞ വീട് പദ്ധതി തുടങ്ങാൻ കഴിയണം.
3. കോളനിയിലെ (ലക്ഷംവീട്) വീടുകളുടെ അറ്റകുറ്റ പണികൾ തീർക്കണം.

### കെട്ടിടങ്ങളുടെ പൊതുവിവരം

വാർഡ്നമ്പർ 1-ലധികം നിലയുള്ളത് വാർക്ക ഓട് ഓല മറ്റുള്ളവ ആൾപ്പാർപ്പുള്ളത് ദേവാലയങ്ങളും കടകളും മറ്റും ആകെ

**കെട്ടിടങ്ങളുടെ പൊതുവിവരം**

| വാർഡ് നമ്പർ | ഒന്നിലധികം നിലയുള്ളത് | വാർക്ക | ഓട് | ഓല | മറ്റുള്ളവ | ആൾപ്പാർപ്പു ള്ളത് | ദേവാലയങ്ങളും കട കളും മറ്റും | ആകെ |
|---|---|---|---|---|---|---|---|---|
| I. | 19 | 144 | 430 | 49 | 3 | 645 | 13 | 658 |
| II. | 2 | 127 | 306 | 24 | 14 | 473 | 21 | 494 |
| III. | 10 | 95 | 269 | 44 | 3 | 421 | 66 | 487 |
| IV. | 10 | 98 | 379 | 57 | 6 | 550 | 111 | 661 |
| V. | 9 | 95 | 353 | 31 | 1 | 489 | 116 | 605 |
| VI. | 4 | 62 | 247 | 44 | 4 | 361 | 103 | 464 |
| VII. | 21 | 71 | 301 | 26 | 4 | 423 | 145 | 568 |
| VIII. | 4 | 54 | 320 | 38 | 1 | 417 | 146 | 563 |
| IX | 20 | 166 | 370 | 63 | 3 | 622 | 7 | 629 |

## സാമൂഹ്യക്ഷേമം

സമൂഹ്യ വികാസത്തിന്റെ വഴിയിൽ അശാസ്ത്രീയമായ സമ്പത്തിന്റെ വിതരണം വഴിവച്ച ഫ്യൂഡലിസത്തിന്റെ, ചൂഷണത്തിന്റെ മുഖം ധനികവൽക്കരണ-ദരിദ്രവൽക്കരണ പ്രക്രിയയ്ക്ക് ആവേശം കൂട്ടി. ശാസ്ത്രസാങ്കേതിക പുരോഗതിയാൽ കൈവരിച്ച നേട്ടങ്ങൾ ചെറുന്യൂനപക്ഷം കൈയ്യടക്കി. ജനസംഖ്യാവളർച്ചപോലെ തന്നെ ദരിദ്രവൽക്കരണ പ്രക്രിയയിലും ലോകത്തിലെ മുൻനിര രാജ്യങ്ങളുടെ പട്ടികയിൽപ്പെട്ടു നമ്മുടെ രാജ്യവും. ഈ ദുർഗ്ഗതിയിൽനിന്നു രാജ്യത്തെ മോചിപ്പിക്കുവാൻ അധികാരിവർഗ്ഗമാകുന്ന ചൂഷണവർഗ്ഗം ആവിഷ്കരിച്ച സാമൂഹ്യ ക്ഷേമപദ്ധതികൾ ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 36% ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് IRDP പഠനങ്ങൾ കാണിക്കുന്നു. ഇതിൽതന്നെ 5% പട്ടികജാതി വിഭാഗത്തിൽപെടുന്നു. സർവ്വേ സൂചിപ്പിക്കുന്ന പ്രകാരം 9% ദുർബ്ബലജനവിഭാഗങ്ങൾക്ക് സാമൂഹ്യക്ഷേമപദ്ധതിപ്രകാരമുള്ള സാമ്പത്തികസഹായം ലഭിച്ചപ്പോൾ ഇതിൽ 60% പേർ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളതായി കണക്കാക്കപ്പെടുന്നു.

ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ പലതും യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്നതായി കാണാം. വിവിധ സാമൂഹ്യക്ഷേമപദ്ധതികളെപ്പറ്റിയുള്ള വിശദാംശങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിലും, വ്യാപിപ്പിക്കുന്നതിലും സാമൂഹ്യക്ഷേമവകുപ്പിന്റെ പങ്ക് ദുർബ്ബലമാണ്. ഗ്രാമസഭകളിൽനിന്നും പ്രധാനമായും ഉയർന്നുവന്ന മുറവിളി സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ അപര്യാപ്തതകളെപ്പറ്റിയാണ് യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുവാനായി പാനൽ രൂപീകരിക്കപ്പെടേണ്ടതാണെന്നും ഗ്രാമസഭ നിർദ്ദേശിച്ചു. തുടർവിദ്യാഭ്യാസത്തിന് മുൻഗണന നൽകേണ്ട കാര്യവും പരാമർശിക്കപ്പെട്ടു.

വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ എന്നീ പദ്ധതികൾ പ്രകാരം പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോൾ സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്.

| പദ്ധതിയുടെ പേര് | നിലവിൽ ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| 1. വികലാംഗ പെൻഷൻ | 21 |
| 2. കർഷകതൊഴിലാളി പെൻഷൻ | 199 |
| 3. വാർദ്ധക്യകാല പെൻഷൻ | 18 |
| 4. വിധവാ പെൻഷൻ | 25 |


വിധവയുടെ പെൺമക്കൾക്ക് വിവാഹധനസഹായം, വാർദ്ധക്യകാല പെൻഷൻ എന്നീ ഇനങ്ങളിൽ ഇനിയും വേണ്ടത്ര സഹായം ലഭ്യമാക്കേണ്ടതുണ്ട്.

ട്രൈസം പദ്ധതി പ്രകാരം പഞ്ചായത്തിൽ തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം 20. ഇതിൽ പരിശീലനം സിദ്ധിച്ച മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ 50% മാത്രമാണ്.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ എണ്ണം 1991 വരെ 321 ആണ്. തുടർന്നുള്ള വർഷങ്ങളിൽ അപേക്ഷ ക്ഷണിച്ചുവെങ്കിലും മേൽനടപടിയൊന്നും ഉണ്ടായിട്ടില്ല.

## സാദ്ധ്യതകൾ

1. പദ്ധതികൾക്കർഹരായവരെ കണ്ടെത്തുന്നതിനും കാലതാമസം കൂടാതെ അപേക്ഷകൾ നൽകുന്നതിനും പഞ്ചായത്തുതല ജനകീയസമിതി.
2. അവശ ജനവിഭാഗങ്ങൾക്കുള്ള സർക്കാർക്ഷേമ പരിപാടികളെക്കുറിച്ചുള്ള ബോധവൽക്കരണം.
3. ദുർബ്ബലവിഭാഗക്കാർ താമസിക്കുന്ന ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കാനുള്ള കർമ്മപരിപാടി.
4. സാക്ഷരതാ തുടർവിദ്യാഭ്യാസം തുടങ്ങുവാനുള്ള യുവജന-സന്നദ്ധ പ്രവർത്തകരുടെ സ്ക്വാഡുകൾ വാർഡുതലം.



# പൊതുജനാരോഗ്യം

"വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നപോലെ ആരോഗ്യം ധനമാണ് എന്നൊരു ചൊല്ലുണ്ട്. ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള ഒരു മനസ്സിനെ സൃഷ്ടിക്കുന്നു. ആരോഗ്യമുള്ള മനസ്സുകൾ ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നു. ഇത്തരം ഒരുസമൂഹത്തെ സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടിൽ നിന്ന് കൊണ്ടും, ഇത് സമൂഹം സ്വയം ഏറ്റെടുക്കേണ്ട കർത്തവ്യമാണെന്ന ബോധം ഉൾക്കൊണ്ടും, ഈ കർത്തവ്യം നിറവേറ്റുന്നതിലേക്കുള്ള ശക്തമായ ഒരു കാൽവയ്പ് എന്ന നിലയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തിരുമാറാടി പഞ്ചായത്തിന്റെ പൊതുജനാരോഗ്യം എന്ന വിഷയത്തെ അവലോകനം ചെയ്യുന്നത് നന്നായിരിക്കും.

വ്യക്തിശുചിത്വം, പരിസര ശുചിത്വം, പോഷകാഹാരം, ശുദ്ധവായു, ശുദ്ധജലം, ആരോഗ്യകരമായ തൊഴിൽരംഗം, മുതലായവയുടെ ഏറിയും കുറഞ്ഞുമുള്ള അഭാവമാണ് നമ്മുടെ സമൂഹത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട പല രോഗങ്ങളുടേയും കാരണം. ഇത് സാമൂഹിക പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിരവധിയുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. രോഗം വന്നിട്ട് ശുശ്രൂഷചെയ്യുന്നതിൽ ഭേദം രോഗം വരാതെ നോക്കുന്നതാണെന്നും ഇതിന് വേണ്ടിയുള്ള മുൻകരുതലുകളും പരിപാടികളുമാണ് നല്ലതെന്നും നമുക്കറിയാം. എന്നാൽ മുൻപറഞ്ഞപോലെ സംവിധാനങ്ങൾ ഉണ്ടെങ്കിലും കാര്യക്ഷമതയില്ലാത്തതിനാലും, ജനശ്രദ്ധയില്ലാത്തതിനാലും മറ്റും കാര്യങ്ങൾ ഭംഗിയായി നടക്കുന്നില്ല. രോഗങ്ങൾ വന്നതിന് ശേഷമുള്ള ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിലും അല്ലാതേയും നിരവധിയുണ്ട്.

തിരുമാറാടിയിലെ പ്രൈമറി ഹെൽത്ത് സെന്റർ, മണ്ണത്തൂരിലെ ആയുർവ്വേദ ആശുപത്രി, കാക്കൂരിലെ ഹോമിയോ ഡിസ്പെൻസറി എന്നിവയാണ് സർക്കാർ മേഖലയിലെ ചികിത്സാകേന്ദ്രങ്ങൾ. നാവോളി മറ്റത്ത് ഒരു ലേഡി ഹെൽത്ത് വിസിറ്ററുടെ സേവനവും ലഭ്യമാണ്. ഇത് തിരുമാറാടി P.H.C യുടെ കീഴിൽ പ്രവർത്തിക്കുന്നു. P.H.C യിൽ ഒരു ഡോക്ടറും ഓഫീസ് സ്റ്റാഫുമായി 12 ജീവനക്കാരും, ആയുർവ്വേദ ഡിസ്പെൻസറിയിൽ ഡോക്ടർ ഉൾപ്പെടെ 11 പേരും ഹോമിയോ ആശുപത്രിയിൽ 3 പേരും ജീവനക്കാരായുണ്ട്. ഇതിന് പുറമേ പഞ്ചായത്ത് നിവാസികൾ പഞ്ചായത്തിന് വെളിയിലുള്ള ആതുരസേവനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. നാവോളി മറ്റത്തും, കാക്കൂരും ഓരോ സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒലിയപ്പുറത്തുള്ള സാമൂഹ്യക്ഷേമ കേന്ദ്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

സ്വകാര്യമേഖലയിലെ ആതുരസേവനം ഒന്നു നോക്കാം. അലോപ്പതി വിഭാഗത്തിൽ വാളിയപ്പാടത്തും മണ്ണത്തൂരിലും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഒലിയപ്പുറത്തും, വാളിയപ്പാടത്തും തിരുമാറാടിയിലും മണ്ണത്തൂരും ഓരോ ഹോമിയോ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദവിഭാഗത്തിൽ കാക്കൂരിൽ ഒന്നും തിരുമാറാടിയിൽ രണ്ടും മണ്ണത്തൂരിൽ നാലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന് വെളിയിലുള്ള ചികിത്സാ സൗകര്യങ്ങളും ഇവിടത്തുകാർ ഉപയോഗിക്കുന്നുണ്ട്.

ഇതിന് പുറമേ നിരവധി നാട്ടുവൈദ്യന്മാരുടെ സേവനവും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. പൊതുജനാരോഗ്യ നിലവാരത്തിന്റെ ഏറ്റവും നല്ല അളവുകോലാണ് ആ പ്രദേശത്തെ കുറഞ്ഞ ശിശുമരണ നിരക്ക്. കേരളത്തിന്റെ ശിശുമരണനിരക്ക് 16 ആണ്. പഞ്ചായത്തിന്റെ ശിശുമരണ നിരക്ക് സംസ്ഥാനത്തിന്റേതിനേക്കാൾ താഴെയാണ് എന്നത് പൊതുജനാരോഗ്യ രംഗത്ത് നാം മുന്നിലാണ് എന്ന് സൂചിപ്പിക്കുന്നു. മറ്റുചില നിരക്കുകൂടി നോക്കാം. സംസ്ഥാനത്തിന്റെ പൊതുമരണ നിരക്ക് 5.9 ആണ്. ഇക്കാര്യത്തിലും നമ്മുടെ അവസ്ഥ ഭേദമാണ്.

സംസ്ഥാന മാതൃ മരണ നിരക്ക് ഒന്നിൽ താഴെയാണ് . നമ്മുടെ പഞ്ചായത്തിൽ മാതൃമരണം 1995 വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കേരളത്തിന്റെ ശരാശരി ജനനനിരക്ക് 17 ആണ്. നമ്മുടെ പ്രദേശത്തിന്റെ ജനനനിരക്ക് സംസ്ഥാനത്തിന്റെ ശരാശരിയേക്കാൾ വളരെ താഴ്ന്നിരിക്കുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങളും അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും ഫലപ്രദമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. 1995 -ലെ P.H.C കണക്കുകളാണ് ഈ വസ്തുതകൾക്കാധാരം.

സ്കൂളുകൾ വഴിയും സർക്കാർ/ സ്വകാര്യ ആശുപത്രികൾ വഴിയും പ്രധിരോധ കുത്തിവയ്പുകൾ നട

ക്കുന്നു. കേരളത്തിലെ ഒരു വ്യക്തിയുടെ ആയുർദൈർഘ്യം 70.5ആണ്. സ്ത്രീയുടേത് 72 ഉം പുരുഷന്റേത് 69 വയസ്സുമാണ്. പഞ്ചായത്തിലെ ഒരു വ്യക്തിയുടെ ആയുർദൈർഘ്യം ശരാശരി 77 വയസ്സാണ്.

വികസിത രാജ്യങ്ങളേപ്പോലെ വൃദ്ധജനസംഖ്യയുടെ അനുപാതം കേരളത്തിൽ കൂടിവരുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. ഇവരുടെ ആരോഗ്യ-ആരോഗ്യേതര ക്ഷേമപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ പഞ്ചായത്ത് തലത്തിൽ ആലോചന വേണം. ആധുനിക സമൂഹങ്ങളുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് നാഗരിക പ്രശ്നങ്ങൾ കൊച്ചു കേരളത്തിലേക്കും കടന്നു കയറ്റമാരംഭിച്ചിരുക്കുന്നു. വ്യക്തതയില്ലായ്മ, പരക്കം പാച്ചിൽ, ലക്ഷ്യബോധക്കുറവ്, അലസത, ക്രിമിനലിസം, വസ്തുനിഷ്ഠതാ രാഹിത്യം, അച്ചടക്കമില്ലായ്മ, പാരസ്പരികത നഷ്ടമാകൽ എന്നിവ ഉയർത്തുന്ന വെല്ലുവിളികൾ, മൂല്യങ്ങൾക്കായുള്ള അന്വേഷണം ഊർജ്ജിതമാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ ഈ കാഴ്ചപ്പാടിൽ നിന്നു വേണം കാണുവാൻ.

നമ്മുടെ പഞ്ചായത്തിലെ അംഗവൈകല്യം ബാധിച്ചവരുടെ പ്രശ്നങ്ങളോടു സഹാനുഭൂതിയോടെ പ്രതികരിക്കാനുള്ള ബാദ്ധ്യത നാം ഏറ്റെടുക്കണം.

ക്ഷയം, തിമിരം എന്നീ രോഗങ്ങളുടെ ആക്രമണം പഞ്ചായത്തിൽ ഉണ്ട്. കുഷ്ഠരോഗവും വിരളമായിട്ടുണ്ട്. പ്രമേഹം, ആസ്തമ, പ്രഷർ സംബന്ധമായ അസുഖങ്ങൾ ക്യാൻസർ എന്നിവയും ധാരാളമുണ്ട്. ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാണ് എങ്കിലും ആവശ്യവും ലഭ്യതയും തമ്മിൽ അന്തരമുണ്ട്. വാങ്ങൾ ശേഷിയുടെ കാര്യത്തിലും പ്രശ്നങ്ങൾ ഉണ്ട്.

കുട്ടികളുടെ പോഷകാഹാരക്കുറവ് പഞ്ചായത്തിന്റെ ഒരു പ്രശ്നമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പ്രധാനകാരണം. എന്നാലും അശ്രദ്ധ വരുത്തുന്ന വിന ഗുരുതരമാണ്. വിവിധഇനം ചീരകൾ, പച്ചക്കറികൾ, പേരയ്ക്ക, കപ്പളങ്ങ, കോഴിമുട്ട എന്നിവയെല്ലാം സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കു പോലും പ്രാപ്യമായ കാര്യമാണ്. സ്കൂളുകൾ വഴിയുള്ള ഉച്ചഭക്ഷണ പരിപാടി പഞ്ചായത്തിലെ സ്കൂളുകളിൽ നടക്കുന്നുണ്ട്.

സാമൂഹ്യ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ആരോഗ്യമേഖലയിലേക്ക് കൂടി കടന്നു വരാൻ പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തിലെ 3465 വീടുകളിൽ 768 വീടുകളിൽ കക്കൂസ് ഇല്ല. കക്കൂസ് നിർമ്മിക്കാൻ കഴിയാത്തത് സാമ്പത്തിക കാരണങ്ങളാലാണ്. ഈ കുടുംബങ്ങൾ സഹായമർഹിക്കുന്നു. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ പൊതു കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കേണ്ടതാണ്.

പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. മലിനീകരണം പഞ്ചായത്തിൽ പ്രശ്നമായിട്ടില്ലെങ്കിലും സമീപഭാവിയിൽ അതിനുള്ള സാദ്ധ്യതയുണ്ട്. അത് മുൻകൂട്ടി കണ്ട് പരിപാടികൾ ആവിഷ്കരിക്കണം. ഈച്ച. കൊതുക്, എലി മുതലായവയുടെ ശല്യം ഇല്ലാതാക്കുവാൻ പൊതുപരിപാടികൾ ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടം ജീർണ്ണിച്ചതാണ്. വാർഡുകളിലെ കട്ടിൽ, കിടക്ക മറ്റ് സൗകര്യങ്ങൾ അപര്യപാതമാണ്. ചികിത്സാ സൗകര്യം പരിമിതമാണ്. വിഷചികിത്സയില്ല, ശുദ്ധജല വിതരണം ഫലപ്രദമല്ല.
2. ഹോമിയോ ഡിസ്പെൻസറി കെട്ടിടം ശോച്യാവസ്ഥയിലാണ്. അവിടേക്കുള്ള വഴിയും ചുറ്റുമതിലും ഉണ്ടാക്കേണ്ടതാണ്.
3. പ്രൈമറി ഹെൽത്ത് സെന്ററിന് ചുറ്റുമതിലില്ല. ബെഡ്ഡ് സൗകര്യമില്ല, വീടുസന്ദർശനം തൃപ്തികരമല്ല. ജീവനക്കാർ കുറവാണ്, ശുദ്ധജല സൗകര്യം ഇല്ല.
4. ചില വാർഡുകളിൽ P.H.C യുടെ പ്രയോജനം ലഭ്യമല്ല.
5. നാവോളി മറ്റത്തിലെ ഫാമിലി വെൽഫയർ സെന്റർ പ്രവർത്തനം കാര്യക്ഷമമല്ല.
6. കുട്ടികളുടെ പോഷകാഹാര പരിപാടി അപര്യാപ്തമാണ്.
7. ശുദ്ധജല വിതരണ സംവിധാനങ്ങൾ കാര്യക്ഷമമല്ല.
8. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നില്ല.
9. പൊതു ശ്മശാനമില്ല.
10. ഹോട്ടൽ മാലിന്യം ജലം മലിനമാക്കുന്നു.
11. പൊതു സ്ഥല ശുചിത്വബോധം അപര്യാപ്തമാണ്.
12. M.P.I യിൽ നിന്നുള്ള മാലിന്യം ആറാം വാർഡിലെ ചേലക്കൽ ഭാഗത്ത് നിക്ഷേപിക്കുന്നത് ജലം മലിനമാക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആരോഗ്യ പ്രവർത്തകരുടെ സേവനം മെച്ചപ്പെടുത്തുക.
2. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക.
3. ആരോഗ്യകേന്ദ്രങ്ങളിൽ ശുദ്ധജല സംവിധാനം, വൈദ്യുതി, കക്കൂസുകൾ ഇവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. ആയുർവ്വേദാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5. പ്രതിരോധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
6. പ്രധാന കേന്ദ്രങ്ങളിൽ പൊതുകക്കൂസ് സ്ഥാപിക്കുക.
7. വീടുകൾ തോറും കമ്പോസ്റ്റ് കുഴികൾ പ്രോത്സാഹിപ്പിക്കുക.
8. പ്രധാനകേന്ദ്രങ്ങളിൽ Dust Bin സ്ഥാപിക്കുക.
9. P.H.C സൗകര്യങ്ങൾ ശാസ്ത്രീയമായി വിന്യസിക്കുക.
10. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് നിർമ്മാണ സഹായം നൽകുക.
11. തിരുമാറാടി P.H.C, ആശുപത്രിയായി ഉയർത്തുക.
12. സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തുക.
13. ആശുപത്രി വികസന സമിതികൾ കാര്യക്ഷമമാക്കുക.
14. ഈച്ച, കൊതുക്, എലി നശീകരണ സൗകര്യങ്ങൾ വ്യാപകമാക്കുക.

6. താഴെക്കിടയിലുള്ള ജീവനക്കാരുടെ തസ്തികകൾ ആവശ്യങ്ങൾക്കനുസരിച്ച് സൃഷ്ടിക്കുകയും ചെലവിൽ പരിശീലനം കൊടുത്ത് അവയിൽ ആളുകളെ നിയമിക്കുകയും ചെയ്യണം.
7. സർക്കാരിലും സ്വകാര്യമേഖലയിലും കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഈ സ്ഥാപനങ്ങളിൽ ഹെൽത്ത് മാനേജ്മെന്റിൽ പരിശീലനം ഡോക്ടർമാരുടെ ഒരു കേഡർ ഉണ്ടാക്കാവുന്നതാണ്.
8. തിരുമാറാടി P.H.C ആശുപത്രി നിലവാരത്തിലേക്കുയർത്തണം.
9. മണ്ണത്തൂർ സാമൂഹ്യക്ഷേമ കേന്ദ്രത്തിൽ P.H.C തുടങ്ങാവുന്നതാണ്.
10. പ്രാദേശികമായി കൂടുതലായി കാണുന്ന രോഗങ്ങൾക്ക് ആവശ്യമായ മരുന്ന് വിതരണം ഉറപ്പാക്കണം.


## ജനസംഖ്യ - തിരുമാറാടി പഞ്ചായത്ത്

| വില്ലേജിന്റെ പേർ | വിസ്തീർണ്ണം | വീടുകളുടെ എണ്ണം | മൊത്തം ജനസംഖ്യ | | പട്ടികജാതി | | പട്ടിക വർഗ്ഗം | |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | 5 | | 6 | |
| | | | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| തിരുമാറാടി | 2924.29 | 3465 | 8276 | 8186 | 761 | 694 | 2 | 3 |

ആധാരം - സെൻസ്സസ് - 1991

### സാദ്ധ്യതകൾ

1. ആശുപത്രികളെ കേന്ദ്രീകരിച്ചുള്ള വികസന സമിതികൾ കാര്യക്ഷമമാക്കുക.
2. പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യ വിദഗ്ധ സമിതി ഉണ്ടാകണം.
3. സ്ഥാപനങ്ങൾക്കാവശ്യമായ സൗകര്യങ്ങളും വികസനത്തിനാവശ്യമായ ഉപകരണങ്ങളും മറ്റും വികസനസമിതിയുടെ തീരുമാനമനുസരിച്ച് ഉണ്ടാകണം.
4. ഗവ. ഗ്രാന്റ് എങ്ങിനെ വിനിയോഗിക്കണമെന്നതും അധികച്ചെലവിന് ആവശ്യമായ വിഭവസമാഹരണം എങ്ങിനെ കണ്ടെത്താമെന്നതും വികസന സമിതിയുടെ തീരുമാനത്തിന് വിടണം.
5. പ്രാഥമിക തലത്തിൽ എന്തെല്ലാം സേവനങ്ങൾ ഉറപ്പാക്കണം എന്നത് പഞ്ചായത്ത് തല ആരോഗ്യ വിദഗ്ധസമിതിയുടെ അഭിപ്രായം പട്ടികപ്പെടുത്തി സേവനങ്ങൾ ലഭ്യമാക്കണം.
11. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്ക് ഉപകരണങ്ങളുടെ നിർമ്മാർജ്ജനവും, എല്ലാവീടുകളിലും സമ്പോസ്റ്റ് കുഴി എന്നതും സമയബന്ധിതമായി നടപ്പാക്കണം.



# കുടിവെള്ളം

ജലലഭ്യതയിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മെച്ചപ്പെട്ട കാലവർഷവും മോശമല്ലാത്ത തുലാവർഷവും ഉണ്ടാകുന്ന വർഷങ്ങളിലും അതിനു തൊട്ടുപുറകേ വരുന്ന വേനലിൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറയുന്നില്ല. ഒരു വർഷം ലഭ്യമാകുന്ന മഴവെള്ളം ഫലപ്രദമായി ശേഖരിച്ചു നിർത്തുവാൻ കഴിയാതെ പോകുന്നു. കാർഷിക രീതിയിൽ വന്ന മാറ്റവും, നിലങ്ങൾ ആവാസ കേന്ദ്രങ്ങളായി മാറിയതും ഇതിനു കാരണമായി. ഇതു കൂടാതെ ജലവിതരണത്തിനായുള്ള ശേഖരണത്തിന്റെ കുറവുകൂടി ആകുമ്പോൾ കുടിവെള്ളക്ഷാമം കടുത്തതും ബുദ്ധിമുട്ടുള്ളതുമായി മാറുന്നു.

തിരുമാറാടി പഞ്ചായത്തു കമ്മിറ്റിയുടെ ഉത്ഭവകാലം മുതൽ കുടിവെള്ളക്ഷാമം നേരിടുന്ന ഭാഗങ്ങളാണ് നാവോളിമറ്റവും, കുഴിക്കാട്ടുകുന്നും. കാലക്രമേണ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളപ്രശ്നം വ്യാപകമായിട്ടുണ്ട്. പഞ്ചായത്തിലെ മുഖ്യ കുടിവെള്ള ശ്രോതസ്സ് വീടുകളിലെ കിണറുകളും, കേരള വാട്ടർ അതോറിട്ടിയുടെ വിതരണ ശൃംഖലയുമാണ്. ഇവ തന്നെ കടുത്ത വേനലിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അപര്യാപ്തമാണ്.

വാട്ടർ സപ്ലേ സ്കീം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്നത് രണ്ടു ഘട്ടമായിട്ടാണ്. രാമമംഗലം പുഴയിലെ ജലം മെതിപാറയിൽ ശുദ്ധീകരിച്ച്, വെട്ടിമൂട് ശേഖരിച്ച് താഴ്ന്ന പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ താഴ്ന്ന പ്രദേശത്തേക്ക് വിതരണം ചെയ്യുന്ന ജലം ഒലിയപ്പുറത്ത് ശേഖരിച്ച്, ഉയർന്ന പ്രദേശങ്ങളായ കുഴിക്കാട്ടുകുന്ന്, കാഞ്ഞിരംപാറ, വെട്ടിക്കാട്ടുപാറ ഭാഗങ്ങളിലേക്ക് വിതരണം ചെയ്യുന്നു. പദ്ധതി പ്രദേശത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമായതുകൊണ്ടും, അവസാന കേന്ദ്രമെന്ന നിലയിലും നമ്മുടെ പഞ്ചായത്തിലേക്ക് വിതരണം ചെയ്യുന്ന ജലമെത്തുമ്പോഴേക്കും ലഭ്യത വിരളമാകുന്നു. തുടക്കത്തിൽ തിരുമാറാടി, പാമ്പാക്കുട പഞ്ചായത്തുകളെ ഉദ്ദേശിച്ചായിരുന്നു പദ്ധതി വിഭാവനം ചെയ്തതെങ്കിൽ, രാമമംഗലംപഞ്ചായത്തിനു കൂടി വിതരണം ചെയ്യുന്നതുവഴി തിരുമാറാടി പഞ്ചായത്തിനു ലഭിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വന്നിട്ടുണ്ട്. കേരള വാട്ടർ അതോറിട്ടി 248 പൊതുടാപ്പുകൾക്കും 276 വീടുകൾക്കും 18 സ്ഥാപനങ്ങൾക്കും ജലവിതരണം ചെയ്യുന്നുണ്ട്. 4 കുഴൽക്കിണറുകൾ പഞ്ചായത്തിലുണ്ട്. എങ്കിൽത്തന്നെയും അവ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമല്ല.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. അരീക്കൽ കാവിന്റെ സമീപത്തുള്ള പൊതുസ്ഥലത്തും, നാവോളിമറ്റത്തും, പുളിന്താനത്ത്താഴത്ത് പാടത്തും, വലിയ കുളങ്ങൾ നിർമ്മിച്ച് ഉയർന്ന പ്രദേശങ്ങളിലേക്ക് പമ്പ് ചെയ്ത് വെള്ളം ശേഖരിച്ച് വിതരണം ചെയ്യണം.
2. അണിപുത്രം കുളം വിപുലീകരിക്കണം.
3. തട്ടേക്കാട് നീർക്കാനയിലെ വെള്ളം കെട്ടിനിർത്തി സംരക്ഷിക്കണം.
4. കുഞ്ചുകുന്ന് ഭാഗത്ത് കുളം താഴ്ത്തി വാട്ടർടാങ്കിൽ ജലം ശേഖരിച്ച് വിതരണം ചെയ്യണം.
5. മണ്ണത്തൂർ പള്ളിത്താഴത്ത് MVIP അക്വഡേറ്റിന് സമീപം കുളം താഴ്ത്തി ജലവിതരണം നടത്തണം.
6. എടാക്കിൽഭാഗത്ത് കുളംതാഴ്ത്തി മൈലാടും പാറയിലേക്ക് വെള്ളമെത്തിക്കാം.
7. മറ്റംകുളം, മുട്ടപ്പിള്ളിക്കുളം, പൂതക്കുഴി, കണ്ടംകുളം എന്നീ കുളങ്ങൾ നന്നാക്കാനുള്ള പദ്ധതി ഉണ്ടാവണം.
8. വെട്ടിമൂട് നിന്നും ഒലിയപ്പുറം ജലസംഭരണിയിലേക്ക് പുതുതായ ഒരു പൈപ്പുലൈൻ കൂടി വേണം.
9. ഭജനമഠം ഭാഗത്തെ കിണർ താഴ്ത്തുകയോ, ഇൻടേക്ക് വെൽ കുഴിക്കുകയോ ചെയ്യുക.
10. കുരീക്കണ്ടം, കുഴികണ്ടം ഭാഗങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക.

11. എടത്തിപ്പറമ്പിൽ, ചാത്തനാട്ട്, മാളിയേക്കൽ എന്നി വിടങ്ങളിൽ കിണറുകൾ താഴ്ത്തണം.

12. പഞ്ചായത്തു കുളമായ കുരിയകുളം ഉപയോഗയോ ഗ്യമാക്കണം.

13. കപ്പിലാംകുന്ന് പഞ്ചായത്തു കിണർ റിംഗ് ഇറക്കി സംരക്ഷിക്കണം.

14. കിണർ കുഴിച്ച് ടാങ്കിൽ ജലം സംഭരിച്ച് വിതരണം ചെയ്യണം.

15. കാക്കൂർ ലക്ഷംവീട് കോളനിയിലെ കിണർ ഉപയോ ഗശൂന്യമായി കിടക്കുന്നു. അത് ആഴം കൂട്ടി നന്നാ ക്കണം.

16. കള്ളാട്ടുകുഴിക്കവല മുതൽ മനയ്ക്കപ്പാലം വരെയും മുകുളേകുന്നുവരെയും പൈപ്പ്ലൈൻ നീട്ടിക്കിട്ടണം.

17. കൈതാടിക്കടവിൽ മോട്ടോർ വച്ച് കൈതാടിമുകളേൽ ഭാഗത്തേക്ക് വിതരണം ചെയ്യണം.

18. കാക്കൂർ മാർക്കറ്റ് കിണർ ആഴം കൂട്ടി നെല്ലരികുന്നി ലേക്ക് ജലവിതരണം വേണം.

19. മുട്ടത്തുകുന്നേൽ കോളനിയിലും ഇഞ്ചിക്കാലഭാ ഗത്തും വെട്ടിക്കുഴി ഭാഗം പൊതുകിണർ കുഴി ക്കണം.

20. 9-ാം വാർഡിലെ ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ള മെത്തിക്കാൻ മണ്ഡലം മലയിലോ, കോൽക്കുന്നു മലയിലോ ടാങ്ക് കെട്ടണം.

21. നാലു സെന്റ് കോളനിയിലെ കിണർ റിംഗ് ഇറക്കി സംരക്ഷിക്കണം.

## സാദ്ധ്യതകൾ

1. ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും തിരുമാറാടി പഞ്ചായത്തിന് പ്രത്യേകമായി, ഉയർന്ന പ്രദേശമെന്ന പരിഗണന യോടെ, അധിക സമയം നൽകി ജലവിതരണം നട ത്തണം.

2. പഞ്ചായത്തിലെ ജലസംഭരണികളിലേക്ക് മാത്രമായി നേരിട്ട് ഓരോ ലൈൻ കൂടി ആവശ്യമുണ്ട്.

3. കേടു സംഭവിക്കുന്ന പൈപ്പുലൈൻ കാലതാമസം കൂടാതെ നന്നാക്കുവാനുള്ള കാര്യക്ഷമമായ സംവി ധാനം ഉണ്ടാകണം.

4. വാർഡുതല ജലസമിതികൾ രൂപീകരിച്ച് തോടുകളിൽ കഴിയുന്നത്ര തടയണ നിർമ്മാണം, പുരയിടങ്ങളിൽ നീർകുഴികളുടെ നിർമ്മാണം. വാർഡിലെ പൊതു കിണറുകളുടെ ആഴം കൂട്ടലും സംരക്ഷണവും ഉറ പ്പുവരുത്തണം.

5. നിലവിലുള്ള സ്കീമിന്റെ ഓഗ്മെന്റേഷനും, നിർദ്ദിഷ്ട കക്കാട് ഓഗ്മെന്റേഷനും ത്വരിതപ്പെടുത്തണം.

6. നാവോളിമറ്റം, പുറ്റുംപുറം, കുഴിക്കാട്ടുകുന്ന്, വെട്ടിക്കാ ട്ടുപാറ, ചേലയ്ക്കൽ, കപ്പിലാംകുന്ന്, കല്ലുവളവു ഭാഗം,തട്ടേക്കാട്, ആടുകുഴി, പട്ടിയാനിപ്പുഴ, പാല ത്താനം ഭാഗങ്ങളുടെ സമീപത്തുള്ള താഴ്ന്ന പ്രദേ ശങ്ങളിൽ നിന്ന് പമ്പുചെയ്ത് ഉയർന്ന ഭാഗങ്ങളി ലേക്ക് ജലം എത്തിക്കാൻ കഴിയണം.



# വിദ്യാഭ്യാസം

സമൂഹത്തിലെ അംഗങ്ങളായി നിലനില്ക്കാനുള്ള വളരുന്ന തലമുറയുടെ പരിശീലനമാണല്ലോ. വിദ്യാഭ്യാസം. സമൂഹത്തിൽ ജീവിക്കുമ്പോൾ അനുഷ്ഠിക്കേണ്ട കടമകളും, പാലിക്കേണ്ട മര്യാദകളും കയ്യാളാവുന്ന അവകാശങ്ങളെയും കുറിച്ചുള്ള ബോധവത്ക്കരണവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ഉല്പാദന പ്രവർത്തനത്തിനുവേണ്ട പരിശീലനവുമാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ. മേൽപ്പറഞ്ഞ പരിശീലനങ്ങൾ കേരളത്തിലെ കുട്ടികൾക്ക് ലഭിച്ചുവന്നിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ വരെ കുടുംബങ്ങളിൽ നിന്നായിരുന്നു. പടിപടിയായി സമൂഹത്തിൽ വന്ന മാറ്റങ്ങൾ ഉത്പ്പാദനം വൈവിധ്യവത്ക്കരിച്ചതും, വിദ്യാഭ്യാസത്തിന്റെ സാർവ്വത്രിക സ്ഥാപനവത്ക്കരണത്തിന് കാരണമായി.

വിദ്യാഭ്യാസത്തിന്റെ സാർവ്വത്രീകരണം നമ്മുടെ പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. മണ്ണത്തൂരിൽ കണിലകത്ത് കുട്ടൻ നായർ നടത്തിയിരുന്ന ആശാൻ കളരി ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ "മണ്ണത്തൂർ വെർണ്ണാക്കുലർ പ്രൈമറി സ്ക്കൂൾ" എന്ന പേരിൽ ആരംഭിച്ചു. ഇതോടൊപ്പം കാക്കൂർ സെന്റ് ജോസഫ്സ് പള്ളിയുടെ കീഴിൽ തുടങ്ങിയ തിരുമാറാടി പ്രൈമറി 1905ൽ സർക്കാരിന് കൈമാറി. 1916ൽ നാവോളിമറ്റത്ത് "പാമ്പാക്കുട റൂറൽ സ്ക്കൂൾ" എന്ന പേരിൽ തുടങ്ങിയ സ്ഥാപനം 1926ൽ ആത്താനിയിലേക്കു മാറ്റി."പാമ്പാക്കുട വെർണ്ണാക്കുലർ പ്രൈമറി സ്ക്കൂൾ" എന്ന മൊഴി മാറ്റത്തിലൂടെ ആത്താനിയിലാരംഭിച്ച സ്ക്കൂളാണ് ഇന്നത്തെ ഗവ. ഹൈസ്ക്കൂൾ.

പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടായതോടുകൂടി സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള ആവശ്യമുയരുകയുണ്ടായി. വടകര സെന്റ് ജോൺസ് പള്ളിയുടെ കീഴിൽ ഇംഗ്ളീഷ് അധ്യയന മാധ്യമത്തിൽ 1918 ൽ ആരംഭിച്ച സെന്റ് ജോൺസ് സിറിയൻ ഹൈസ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ സെക്കന്ററി സ്ക്കൂൾ. റവ. ഫാ. സി. എസ്. സ്ക്കറിയ ആയിരുന്നു ഈ സ്ക്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ. സ്ക്കൂളിന്റെ തുടക്കം മുതൽ 32 വർഷക്കാലം ഈ സ്ക്കൂളിലെ പ്രധാന അധ്യാപകനായിരുന്നു അദ്ദേഹം. തിരുമാറാടി പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം അദ്ദേഹത്തിനുണ്ട്.

വടകര സെന്റ് ജോൺസ് ഹൈസ്ക്കൂൾ, മൂവാറ്റുപുഴ താലൂക്കിലെ തന്നെ ആദ്യകാല ഹൈസ്ക്കൂളാണ് ബഹു: ഉപരാഷ്ട്രപതി ശ്രീ. കെ. ആർ നാരായണൻ, മുൻ സംസ്ഥാന മന്ത്രിമാരായ ശ്രീ. കെ. ടി. ജെക്കബ്, ശ്രീ. റ്റി. എം. ജെക്കബ്, ലോക കോടതി ജഡ്ജിംഗ് കമ്മറ്റി അംഗം ശ്രീ. എ. ടി. മർക്കോസ് എന്നിവരും മലയാളത്തിലെ പ്രശസ്ത ചിന്തകനും നാടകകൃത്തുമായിരുന്ന ശ്രീ. സി. ജെ. തോമസ്, ഫാ. എബ്രഹാം വടക്കേൽ, ഉലഹന്നാൻ മാപ്പിള, പ്രശസ്തനായ ചിത്രകാരനും ശില്പിയുമായ ശ്രീ. എൻ. എൻ. റിംസൺ തുടങ്ങിയവർ ഈ സ്ക്കൂളിന്റെ പൂർവ്വ വിദ്യാർദ്ധികളാണ്.

രാജ്യത്ത് മറ്റേത് സംസ്ഥാനത്തേക്കാളും വിദ്യാഭ്യാസ കാര്യത്തിൽ മുന്നിട്ടു നില്ക്കുന്നത് കേരളമാണ്. സാമൂഹ്യ പരിഷ്ക്കർത്താക്കളുടെയും, യൂറോപ്യൻ മിഷിനറിമാരുടെയും ശ്രമങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുവാൻ ആരംഭിക്കുകയും നിരക്ഷരരായ ജനങ്ങളിൽപ്പോലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും ക്രമമായി ഉയർന്നുവന്നു. നമ്മുടെ പഞ്ചായത്തിൽ 2 പ്രൈമറി സ്കൂളുകളും 3 ഹൈസ്കൂളുകളും 2 പ്രീ-പ്രൈമറി സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജുമാണ് ഉള്ളത്.

ഐക്യകേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസനിയമവും, കർഷകബന്ധങ്ങളിൽ ഉണ്ടായ മാറ്റവും, വിദ്യാഭ്യാസം 10 ക്ലാസ്സുവരെ സൗജന്യമാക്കിയതിന്റെയും ഫലമായി നാട്ടിൻപുറത്തെ കർഷകരുടെയും സാധാരണക്കാരുടെയും മക്കൾ സ്കൂളിലെത്തി. സൗജന്യവിദ്യാഭ്യാസവും, ഉച്ചക്കഞ്ഞിയും എല്ലാവിഭാഗം ജനങ്ങളുടെയും കുട്ടികളെ സ്കൂളിൽ എത്തിക്കുവാൻ ഒട്ടേറെ സഹായിച്ചു. ഏതാണ്ട് സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം നടപ്പിലായി. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വൻതോതിൽ കുറയ്ക്കുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിലെ 4 സ്കൂളുകളിലായി 1676 കുട്ടികൾ ആണ് ഉള്ളത്. ഇതിൽ

966 ആൺകുട്ടികളും 710 പെൺകുട്ടികളും, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളായി 202 കുട്ടികളും ഉണ്ട്. മൊത്തം കുട്ടികളിൽ 12.1% ആണിത്. പഞ്ചായത്തിലെ സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് 1%ത്തിൽ താഴെയാണ്. സാമൂഹ്യപരിഷ്കർത്താക്കളുടെ ശ്രമത്തിന്റെയും, ജനമുന്നേറ്റത്തിന്റെയും ഫലമായി സാംസ്കാരികവും, സാമ്പത്തികവുമായി എല്ലാ വിഭാഗങ്ങളിലും പെട്ട കുട്ടികൾ ഒരേ സ്കൂളിൽ, ഒരേ ബഞ്ചിൽ ഇരുന്ന് പഠിക്കുകയും, ഒന്നിച്ച് കളിക്കുകയും ചെയ്യുന്ന സ്ഥിതി വന്നു. എന്നാൽ ഇന്ന് സാമ്പത്തിക-സാമുദായിക അടിസ്ഥാനങ്ങളിൽ വിഭജിക്കപ്പെട്ട് അവർ വെവ്വേറെ സ്കൂളുകളിലാണ് പഠിക്കുന്നത്. സാമൂഹ്യ വിഭജനം പ്രീ സ്കൂളുകളിൽനിന്ന് തുടങ്ങുന്നു. ഉയർന്ന ഫീസ് ഈടാക്കുന്ന നഴ്സറി സ്കൂൾ ഒരു വശത്ത്, ഫീസ് ഒന്നും കൊടുക്കാതെ ചില ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സാധുകുട്ടികൾ പഠിക്കുന്ന അംഗനവാടികളും ബാലവാടികളും മറുവശത്ത്. ഈ ശോചനീയമായ അവസ്ഥയിൽനിന്നും വേറിട്ടുനിൽക്കുവാൻ നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ തിരുമാറാടി, ആത്താനി ഗവ: ഹൈസ്കൂളിനോടനുബന്ധിച്ച് 2 പ്രീ-പ്രൈമറി സ്കൂളുകളും 3 നിലത്തെഴുത്ത് കളരികളും 7 നഴ്സറികളും 3 ബാലവാടികളുമുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ കുട്ടികൾ പ്രീ-സ്കൂൾ വിദ്യാഭ്യാസം അഭ്യസിക്കുന്നു. ഇത്രത്തോളം കുട്ടികൾ പഞ്ചായത്തിന് പുറത്ത് ഇംഗ്ലീഷ് മീഡിയം നഴ്സറികളിൽ പഠിക്കുന്നുണ്ട്. പഞ്ചായത്തിലുള്ള സ്കൂളുകളിൽത്തന്നെ കുട്ടികളെ എത്തിക്കുവാൻ പ്രീ-പ്രൈമറി സ്കൂളുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ അതേ ഗൗരവത്തിൽ കാണുന്ന പ്രവണത മാറേണ്ടിയിരിക്കുന്നു. കുടുംബാന്തരീക്ഷത്തിൽ വളർന്ന രീതിയിൽത്തന്നെ ഔപചാരികതയുടെ കൃത്രിമത്വം ഒട്ടും കൂടാതെ നഴ്സറികൾ വളരേണ്ടിയിരിക്കുന്നു. സ്കൂളിനോട് അനുബന്ധിച്ചു നടത്തുന്ന പ്രീ-പ്രൈമറികളിലെ അദ്ധ്യാപകരുടെ വേതനം ക്ലിപ്തമല്ല. അദ്ധ്യാപക-രക്ഷകർതൃസമിതിയുടെ നിബന്ധനകൾക്ക് വിധേയമായി, കുട്ടികൾ നൽകുന്ന ഫീസുമായി ബന്ധപ്പെട്ടാണ് വേതനമെന്നതുകൊണ്ട്, കുട്ടികളുടെ കുറഞ്ഞ പ്രവേശനതോത്, കുറഞ്ഞ വേതനം ലഭ്യമാകുന്നു. പ്രീ-പ്രൈമറി തലത്തിൽ കുട്ടികൾക്ക് നൽകേണ്ട കായികവും വൈകാരികവും സർഗ്ഗാത്മകവുമായ വളർച്ച പലപ്പോഴും കിട്ടാതെ പോകുന്നു.

വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികത വിദ്യാലയത്തിൽ പ്രവേശിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചതോടൊപ്പം അവരുടെ പഠനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടില്ല എന്നു കാണാം. പഞ്ചായത്തിലെ മൊത്തം സ്കൂൾ വിദ്യാർത്ഥികളിൽ 28.95% പേർ പഠനത്തിൽ വളരെ പിന്നോട്ടാണ്. കേവലം 25.5% പേർ മാത്രമാണ് 60%ൽ കൂടുതൽ മാർക്ക് നേടുന്നത്. (പട്ടിക B കാണുക). പോയവർഷങ്ങളിലെ S.S.L.C വിജയശതമാനവും പിന്നോട്ടുപോക്കിനെ സൂചിപ്പിക്കുന്നു. (ബാർ ചാർട്ടുകൾ കാണുക). പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സർക്കാർ അനുവദിച്ച അദ്ധ്യാപകരുടെ എണ്ണം 81 ആണ്. എല്ലാ സ്കൂളുകളിലും എല്ലാ വിഷയങ്ങൾ പഠിപ്പിക്കുവാനും അദ്ധ്യാപകരുണ്ട്. ദീർഘകാല അവധിയിലുള്ള അദ്ധ്യാപകർ ഒരു സ്കൂളിലും ഇല്ല.

ബാഹ്യഘടനയിൽ കൈവരിച്ച നേട്ടങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ ആഭ്യന്തരഘടനയെ ബാധിച്ച ജീർണ്ണത വിദ്യാഭ്യാസത്തിന്റെ മൊത്തം ഫലത്തെ വല്ലാതെ ബാധിച്ചു. നമ്മുടെ പഠനബോധന രീതികൾ അങ്ങേയറ്റം പഴഞ്ചനാണ്. ക്ലാസ്സ് റൂം അനുഭവങ്ങൾ വിദ്യാർത്ഥിയെ സംബന്ധിച്ച് അത്യന്തം മുഷിപ്പനാണ്. അദ്ധ്യാപകസമൂഹത്തെ വൻതോതിലുള്ള അക്കാഡമിക ജാഡ്യം ബാധിച്ചിരിക്കുന്നു. മാർക്കിനെ ലക്ഷ്യം വച്ചുള്ള പരീക്ഷകളും അതിനായി സൃഷ്ടിക്കപ്പെട്ട ഗൈഡ് മാർക്കറ്റും നമ്മുടെ വിദ്യാഭ്യാസമേഖലയെ മൊത്തം വലയം ചെയ്തിരിക്കുന്നു. അതിരൂക്ഷമായ ഗുണനിലവാരത്തകർച്ചയാണ് നാം നേരിടുന്നത്. രക്ഷാകർതൃസമൂഹത്തിലെ നല്ലൊരു വിഭാഗമാകട്ടെ ഭീമമായ തെറ്റിദ്ധാരണയുടെ ഇരകളായിത്തീരുകയും "മെച്ചപ്പെട്ട വിദ്യാഭ്യാസം" തേടി സ്വകാര്യമേഖലകളിൽ തഴച്ചുവളരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ ആശ്രയിക്കുകയും ചെയ്യുന്നു.

സ്കൂൾ ലാബുകളിൽ വേണ്ടത്ര ഉപകരണങ്ങൾ ഉണ്ടെങ്കിൽത്തന്നെയും കുട്ടികളെ പരീക്ഷണശാലകളിൽ എത്തിക്കുന്ന രീതി ചില അദ്ധ്യാപകരിൽ മാത്രം ഒതുങ്ങുന്നു. എന്തിനേയും നിരീക്ഷിക്കുവാനും പരീക്ഷിക്കുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് ഇവ പ്രയോജനപ്പെടുത്തുന്നതോടൊപ്പം, സയൻസ് ക്ലബ്ബ് പ്രവർത്തനവും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

അദ്ധ്യാപക-രക്ഷകർതൃസംഘടനയും, മാതൃസംഗമവും എല്ലാ സ്കൂളുകളിലുമുണ്ടെങ്കിലും മാതൃസംഗമമാണ് സജീവമായി പ്രവർത്തിക്കുന്നത്. തിരുമാറാടി ഗവൺമെന്റ് ഹൈസ്കൂളിൽ സൗഹൃദസമിതിയും പ്രവർത്തിക്കുന്നുണ്ട്.

കലാകായിക രംഗത്തും പഞ്ചായത്തിലെ കുട്ടികൾ ചെറുതല്ലാത്ത നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ ഇവ പലപ്പോഴും സമൂഹത്തിന്റെയോ, രക്ഷകർത്താക്കളുടെയോ പ്രോത്സാഹനത്തിന്റെ ഫലമായിട്ടാണെന്ന് പറയുകവയ്യ. പലപ്പോഴും സ്കൂളിന്റെ നേട്ടവും കുട്ടികളുടം കഴിവും അളക്കുന്നത് അക്കാഡമിക് നിലവാരത്തെ നോക്കിയാണ്. അതുകൊണ്ടുതന്നെ എങ്ങനെയും മാർക്ക് നേടുക എന്ന കേവലലക്ഷ്യം ചില രക്ഷിതാക്കളിലും അതുവഴി കുട്ടികളിലേക്കും എത്തുന്നത്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരവേദികളിലെത്താൻ നമ്മുടെ കുട്ടികൾക്കാവുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തെ കണക്കു പറയുന്നത് സ്ഥിരമായി കുട്ടികൾ സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത നേടുന്നു എന്നാണ്. കായികരംഗത്ത് പ്രോത്സാഹനം കൊടുക്കാതെ വരുമ്പോൾപ്പോലും നമ്മുടെ കുട്ടികൾ മത്സരവേദികളിലെത്തുന്നു. മതിയായ പരിശീലനങ്ങളിലില്ലാതെ നീന്തൽമത്സരത്തിൽ കുട്ടികളെത്തുന്നു. പഞ്ചായത്തിൽ ഒരു സ്ഥലത്തും നല്ല സ്റ്റേഡിയമോ,

സ്കൂൾഗ്രൗണ്ടോ ഇല്ല.

വടകര സെന്റ് ജോൺസ് സിറിയൻ ടി.ടി.ഐ.യിൽ കഴിഞ്ഞവർഷം 14 ആൺകുട്ടികളും 20 പെൺകുട്ടികളും ഉണ്ടായിരുന്നു. കെട്ടിടസൗകര്യം വേണ്ടത്ര ഇല്ല.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, തിരുമാറാടി ഗവ: ഹൈസ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ആകെ 66 കുട്ടികളുണ്ട്. 19 ആൺകുട്ടികളും, 47 പെൺകുട്ടികളും. കൃഷിയാണ് ഐച്ഛികവിഷയം. ഗണിതവിഷയങ്ങൾക്ക് പ്രാധാന്യമുള്ള കമ്പ്യൂട്ടർ കോഴ്സ് കൂടി തുടങ്ങാവുന്നതാണ്.

## ഗവ:കോളേജ് മണിമലക്കുന്ന്

പഞ്ചായത്തിൽ ഒലിയപ്പുറത്ത് സ്ഥിതി ചെയ്യുന്ന ഗവ: കോളേജ് 1981 സ്ഥാപിച്ചതാണ്. 1976ൽ പ്രവർത്തനമാരംഭിച്ച റൂറൽ എഡ്യുക്കേഷണൽ സൊസൈറ്റിയാണ് ഈ കോളേജ് സ്ഥാപിക്കുന്നതിന് പ്രാരംഭപ്രവർത്തനം നടത്തിയത്.പിറവം-കൂത്താട്ടുകുളം മേഖലയിലെ ജനങ്ങളുടെ സഹകരണത്തോടുകൂടു സൊസൈറ്റി വാങ്ങിയ 15 ഏക്കർ സ്ഥലം ഇന്ന് കോളേജിനുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളുടെ സംഗമസ്ഥാനത്തുള്ള ഈ കോളേജിന് ഇനിയും ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ആവശ്യമാണ്. കോളേജിന് കെട്ടിട സൗകര്യം ഉണ്ടാകണം. ഇവിടെ നിയമനം കിട്ടുന്ന അദ്ധ്യാപകർ നേരിടുന്ന പ്രധാന പ്രശ്നം അവർക്ക് താമസസൗകര്യമില്ല എന്നതാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് ആവശ്യമാണ്. പോസ്റ്റ് ഗ്രാജേറ്റ് അടക്കമുള്ള പുതിയ കോഴ്സുകൾ തുടങ്ങണം. അതുപോലെ സർവ്വകലാശാലാ കായികമത്സരം നടത്തത്തക്ക സൗകര്യങ്ങളോടുകൂടിയ സ്റ്റേഡിയവും നിർമ്മിക്കാനുള്ള ഭൗതികസാഹചര്യമുണ്ട്. 1984-ൽ ഫസ്റ്റ് ഗ്രേഡ് കോളേജായി മാറി. 30 അദ്ധ്യാപകരും 809 കുട്ടികളുമുണ്ട്.

## സാങ്കേതികവിദ്യാലയം

സർക്കാർ അംഗീകൃത സ്വകാര്യ സാങ്കേതികവിദ്യാലയം തിരുമാറാടിയിലുണ്ട്. 85 കുട്ടികൾ പഠിക്കുന്നു. ആൺകുട്ടികൾ-83, പെൺകുട്ടികൾ-2. ട്രൈസം തൊഴിൽ പരിശീലനത്തിൽ 6 കുട്ടികളും ഇവിടെയുണ്ട്.

## ഗ്രാമസഭകളിൽവന്ന മറ്റു പ്രശ്നങ്ങൾ

1. ഗൈഡുകളെ അവലംബിക്കുന്ന ക്ലാസ്സ് നോട്ട് നൽകുന്നു.
2. ചുറ്റുമതിൽ, കളിസ്ഥലം, പൊതുസ്റ്റേജ് തുടങ്ങിയ ഭൗതികസാഹചര്യങ്ങളുടെ കുറവ്.
3. പ്രപഞ്ചബോധം വളർത്താനായി "ടെലസ്കോപ്പ്" ഇല്ല.
4. ലൈബ്രറിയും ലാബും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
5. അംഗൻവാടികൾ വാർഡുകളിൽ ഇല്ല.
6. സ്കൂളിൽ കലാ-സാഹിത്യ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.
7. പ്രീ-പ്രൈമറികളിൽ പാഠ്യോപകരണങ്ങൾ ആവശ്യത്തിനില്ല.
8. വ്യാകരണപഠനത്തിന് വേണ്ടത്ര ഗൗരവം നൽകുന്നില്ല.
9. അദ്ധ്യാപക-വിദ്യാർഥി സംഘടനകളുടെ രാഷ്ട്രീയ അതിപ്രസരം.
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എല്ലാ സ്കൂളിലും വേണം.

## സാദ്ധ്യതകൾ

1. സ്കൂൾ തലത്തിൽ അദ്ധ്യാപകരും, രക്ഷകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും,സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന ജനകീയസമിതികൾ രൂപീകരിക്കുക.
2. പഞ്ചായത്തുതലത്തിൽ "അക്കാഡമിക് കമ്മറ്റി" രൂപീകരിക്കുക.
3. സ്കൂളുകളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുക-രക്ഷകർത്താക്കളുടെ ശ്രദ്ധ വിദ്യാഭ്യാസകാര്യത്തിൽ വളർത്തിയെടുക്കുക.
4. അദ്ധ്യയനത്തിന് പഞ്ചായത്തുതല മാതൃക തയ്യാറാക്കലും പഠനോപകരണങ്ങളും ഉണ്ടാക്കുകയും ചെയ്യുക.
5. വിദ്യാഭ്യാസ കോംപ്ലക്സ് പരിപാടി തുടങ്ങുക.
6. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്.
7. മാതൃക നഴ്സറി സ്കൂൾ.
8. പഞ്ചായത്തുതല അദ്ധ്യാപകപരിശീലനം.
9. അക്ഷരവേദി പ്രവർത്തനം.
10. അവശജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടാക്കണം.

# പട്ടിക A അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ,ചാർട്ടുകൾ,ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയനദിനങ്ങൾ | പ്രത്യേക പൊതുഅവധി കളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ്റ്റർ, പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റിക്കോർഡുകൾ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ഗവ:എച്ച്.എസ്, ആത്താനിക്കൽ | ഉണ്ട് | ഉണ്ട് | കുറവാണ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 5 | 18 | 195 | ഇല്ല | 2 | സജീവം | പ്രവർത്തിക്കുന്നു |
| സെന്റ് ജോൺസ് എച്ച്.എസ്, വടകര | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 12 | 196 | ഇല്ല | 5 | സജീവമല്ല | ഭാഗികം. |
| ഗവ:എച്ച്.എസ്, തിരുമാറാടി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | പ്രവർത്തനക്ഷമമല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 24 | 20 | 1895 | 5 | 12 | സജീവം | പ്രവർത്തിക്കുന്നു |
| ഗവ:എൽ.പി. സ്കൂൾ മണ്ണത്തൂർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | സ്റ്റാൻഡ് ഇല്ലാത്തത് 4 | 195 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| ഗവ:എൽ.പി സ്കൂൾ, കാക്കൂർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 2 | 194 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |

# അക്കാദമിക് നിലവാരം

## പട്ടിക B

| സ്കൂൾ | ആകെ കുട്ടികൾ | പൊതു നിലവാരം | | | | | S.S.L.C വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | (3 മുതൽ) | 30% മാർക്കിൽ താഴെ | 30-40%മാർക്ക് നേടുന്നവർ | 40-50% | 50-60% | 60% ന് മുകളിൽ | 91-92 | 92-93(%) | 93-94(% | 94-95(%) | 96- 96(%) |
| ഗവ.ഹൈസ്കൂൾ-ആത്താനിക്കൽ | 523 | 167 | 104 | 98 | 67 | 87 | - | 85 | 69 | 68 | 71 |
| സെന്റ് ജോൺസ് സിറിയൻ-ഹൈസ്കൂൾ വടകര | 305 | 85 | 78 | 48 | 44 | 50 | 90 | 92 | 74 | 84.5 | 86.5 |
| ഗവ.വി.എച്ച്.സ് സ്കൂൾ-തിരുമാറാടി | 532 | 156 | 75 | 71 | 51 | 179 | 80.52 | 73.5 | 63.86 | 60 | 40.3 |
| ഗവ.എൽ.പി. സ്കൂൾ-മണ്ണത്തൂർ | 31 | - | - | - | 2 | 29 | - | - | - | - | - |
| ഗവ.എൽ.പി. സ്കൂൾ-കാക്കൂർ | 18 | - | - | - | 03 | 15 | - | - | - | - | - |
| | 1409 (28.95%) | 257 (18.23%) | 217 (15.40%) | 167 (11.85%) | 360 (25.55%) | 85.26 | 83.5 | 68.95 | 70.83 | 65.93 | |

പട്ടിക 1.

## സ്ക്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | | | | | | | | | | | | | | | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അർദ്ധസ്ഥിരം, | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം, | താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകും/ഇല്ല | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഗവ. H.S. ആത്താനിക്കൽ | 20 | 2 | 4 | 1 | 15 | 10 | 1 | 1 | ഇല്ല | 2 | 12 | 1 | 2 | 1 | ഉണ്ട് കിണർ | ഭാഗികമായി | താൽക്കാലികമായി | ഉണ്ട് | ഇല്ല | 50 | 50 | 30 | 35 | അലമാരി 3 |
| സെന്റ് ജോൺസ് ഹൈസ്ക്കൂൾ വടകര | 10 | 2 | - | - | 23 | - | - | ഇല്ല | ഉണ്ട് | 3 | 7 | 2 | 1 | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | - | - | - | - | ആവശ്യമില്ല |
| ഗവ. H.S. തിരുമാറാടി | 21 | 5 | - | - | 37 | - | - | ഇല്ല | ഇല്ല | 3 | 14 | 1 | 5 | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 3 | 15 | ആവശ്യമില്ല |
| L.P. സ്ക്കൂൾ മണ്ണത്തൂർ | 4 | - | 1 | - | - | 1 | - | 1 | ഉണ്ട് | 2 | 2 | 1 | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | - | - | 1 | 10 | 2 |
| L.P. സ്ക്കൂൾ കാക്കൂർ | 4 | 1 | - | - | 5 | - | 1 | ഇല്ല | - | 1 | 2 | - | ഇല്ല | - | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് താൽക്കാലികം | ഉണ്ട് | മതിയാകും | - | - | 1 | 3 | 2 |


| സ്ക്കൂളിന്റെ പേര് | HS/UP/ LP/Pre-Primary | സ്ക്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | തരിശ് ഭൂമി | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| ഗവ. ഹൈസ്ക്കൂൾHS ആത്താനിക്കൽ | HS UP LP | | - | - | - | 315 | 299 | 614 | 26 | 26 | ഇല്ല | ഇല്ല | 126 സെന്റ് | ഇല്ല | ഇല്ല |
| സെന്റ് ജോൺസ് സിറിയൻ ഹൈസ്ക്കൂൾ, വടകര | UP & HS | - | - | - | - | 237 | 68 | 305 | 16 | 16 | ഇല്ല | ഇല്ല | 724.5 സെന്റ് | 150 സെന്റ് | 250 സെന്റ് |
| ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ, തിരുമാറാടി | Pre-Pri. LP UP HS VHS | | - | - | - | 363 | 307 | 670 | 30 | 30 | ഇല്ല | ഇല്ല | 209സെന്റ് | ഇല്ല | 53 സെന്റ് |
| ഗവ. എൽ. പി. സ്ക്കൂൾ മണ്ണത്തൂർ | LP | | - | - | - | 32 | 22 | 54 | 5 | 5 | ഇല്ല | ഇല്ല | 50 സെന്റ് | ഇല്ല | 10 സെന്റ് |
| ഗവ. എൽ. പി. സ്ക്കൂൾ, കാക്കൂർ | LP | | - | - | - | 19 | 14 | 33 | 4 | 4 | ഇല്ല | ഇല്ല | 50 സെന്റ് | ഇല്ല | 10സെന്റ് |
| | - 3 HS, 3UP 4 LP | 4 | 1 | - | - | 966 | 710 | 1676 | 81 | 81 | - | - | 1159.5 സെന്റ് | 150 | 323 സെന്റ് |

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | മെരിറ്റ് സ്ക്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ളീം | വികലാംഗ സ്ക്കോളർഷിപ്പ് | ജവാൻ | ബീഡി | മത്സ്യ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | ഗവ. H.S. ആത്താനിക്കൽ | 4 | 130 | - | - | - | - | - | LSS-3<br>USS-2 |
| 2 | സെന്റ് ജോൺസ് H.S. വടകര | 4*40=160 | 52 Rs.5640 | - | 4 Nos Rs. 4650 | - | - | - | - |
| 3 | ഗവ. H.S. തിരുമാറാടി | Nil | 116 | - | 8 | - | - | - | LSS-5<br>USS-2 |
| 4 | ഗവ. L.P. സ്ക്കൂൾ, മണ്ണത്തൂർ | - | 10 | - | - | - | - | - | - |
| 5 | ഗവ. L.P. സ്ക്കൂൾ കാക്കൂർ | - | 1 | - | - | - | - | - | - |


## എസ്.എസ്.എൽ.സി. വിജയശതമാനം

പഞ്ചായത്തിൽപ്പെടുന്ന സ്കൂളുകളുടെ ശരാശരി






## പഞ്ചായത്തിൽപ്പെടുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ


ആൺ–പെൺ



## എസ്.എസ്.എൽ.സി. വിജയശതമാനം



## തിരുമാറാടി ഗ്രാമ പഞ്ചായത്ത്

## ഗവ: കോളേജ് - മണിമലകുന്ന് - പൊതുവിവരം.......................1996

| കോളേജ് സ്ഥാപിച്ച വർഷം | ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തിയ വർഷം | വിദ്യാർത്ഥികൾ | | | | | | കോളേജ് കാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റു വിവരങ്ങൾ / പോരായ്മകൾ |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | |
| 1981 | 1984 | 403 | 406 | 809 | 100 | 3 | 103 | 15 ഏക്കർ | 2 ഏക്കർ | 1. വേണ്ടത്ര കെട്ടിടങ്ങളും സ്റ്റേഡിയവും സ്റ്റാഫ് ക്വാർട്ടേഴ്സുകളും ഇല്ല.<br>2. കോളേജിന്റെ ജലവിതരണ സംവിധാനം അപര്യാപ്തമാണ്.<br>3. വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം മതിയായതല്ല.<br>4. പോസ്റ്റു ഗ്രാജ്വേറ്റു ലവലിലുള്ളതും തൊഴിലധിഷ്ഠിതമായതും, ഇതര കോഴ്സുകളും ആരംഭിക്കേണ്ടതായുണ്ട്. |



# സംസ്കാരം

ക്രിസ്ത്യൻ - ഹൈന്ദവ വിഭാഗങ്ങളിൽ പെട്ടവരാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ. എണ്ണം കൊണ്ട് ഇരുവിഭാഗങ്ങളും ഏറെക്കുറെ സംതുലനം പാലിക്കുന്നു. തിരുമാറാടി മഹാദേവക്ഷേത്രം, തിരുമാറാടി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, എടപ്രക്കാവ്, ആമ്പശ്ശേരിക്കാവ്, മണ്ണത്തൂർക്കാവ്, ഒലിയപുറം കാവ്, താന്നിച്ചുവട് ക്ഷേത്രം തുടങ്ങിയവയാണ് പ്രധാന ഹൈന്ദവ ആരാധനാ കേന്ദ്രങ്ങൾ. ഇവയുടെ ഉത്സവങ്ങളോടനുബന്ധിച്ച് മുടിയേറ്റ്, ഗരുഢൻ തൂക്കം, കഥകളി തുടങ്ങിയ പല അടിസ്ഥാന കലകളും മുടങ്ങാതെ നടന്നുവരുന്നു. നാവോളി മറ്റം നെല്ലിക്കുന്ന് പള്ളി, മണ്ണത്തൂർ പള്ളി, ആട്ടിൻകുന്ന് പള്ളി, കുഴിക്കാട്ട് പള്ളി തുടങ്ങിയവയും കാക്കൂർ സെന്റ് ജോസഫ് പള്ളി തിരുമാറാടി സെന്റ് മേരീസ് പള്ളിയുമാണ് പ്രധാനമായ ക്രിസ്തീയ ആരാധനാകേന്ദ്രങ്ങൾ. കൂടാതെ നമ്മുടെ പഞ്ചായത്ത് അതിർത്തിക്ക് വെളിയിലാണെങ്കിലും വടകരയിലെ 2 പള്ളികളും നമ്മുടെ ആളുകളെ സംബന്ധിച്ച് പ്രസ്ക്തമാണ്.

കേരളത്തിലും ഗ്രാമീണ സംസ്കാരത്തിന്റ ഭാഗമായിരുന്ന ക്ഷേത്രോത്സവ മേളകളിലാണ് നമ്മുടെ പഞ്ചായത്തിന്റെ കലാപരിപാടികൾ നടന്നു വന്നത്. അപൂർവ്വം അനുഷ്ഠാനകലകൾ ഇന്നും അരങ്ങേറുന്നുണ്ട്. മേളങ്ങളുയുറയുന്ന ഉത്സവരാവുകൾ നമുക്കും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നാടുവാഴിത്ത ബന്ധങ്ങൾ ശിഥിലമായപ്പോൾ തീയറ്ററുകളും, കലാസമിതികളും ഫൈൻ ആർട്ട്സ് സൊസൈറ്റികളും സജീവമായി.

മണ്ണത്തൂരിൽ പ്രവർത്തിച്ചിരുന്ന പുഷ്പ കലാ തീയറ്ററും, ഉദയാ ആർട്ട്സും, തിരുമാറാടിയിലെ കലാസദനവും അങ്ങനെ രൂപംകൊണ്ട സമിതികളായിരുന്നു. തിരുമാറാടിയിൽ പിന്നീട് ചൈതന്യയും, സമന്വയ സാംസാകാരിക സമിതിയും ശ്രദ്ധേയങ്ങളായ കലാ സാഹിത്യസംവാദ വേദികളായി വളർന്നു. മണ്ണത്തൂർ കേന്ദ്രമായി ദേശാഭിമാനി സ്റ്റഡി സർക്കിളും, പുരോഗമന കലാ സാഹിത്യ സംഘവും സംവാദങ്ങളുടെ വേദികളൊരുക്കി. സർഗ്ഗസംവാദത്തിന്റെ വേദികൾ ഇന്ന് സജീവമല്ല.

നമ്മുടെ പഞ്ചായത്തിൽ കാക്കൂരും മണ്ണത്തൂരും സിനിമാശാലകൾ ആരംഭിച്ചു എങ്കിലും മിനിസ്ക്രീനുകൾ വ്യാപക മായതോടെ കാക്കൂർ തീയറ്റർ പ്രവർത്തനം നിലച്ചു.

നാടകപരിശീലനവും, നൃത്തപഠനവും നടത്തുന്ന മീഡിയ ആർട്ട്സ് മാത്രമാണ് ഇന്ന് നിലവിലുള്ള കലാസമിതി. 1956 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച അത്ലറ്റിക് ക്ലബ്ബ് നാവോളി മറ്റം മുതൽ 'ടൈമ്' തിരുമാറാടി വരെ കായിക കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന 18 ക്ലബ്ബുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മിക്ക ക്ലബ്ബുകളും ഓണാഘോഷങ്ങളും മറ്റും മാത്രംസംഘടിപ്പിക്കുന്നതിൽ പ്രവർത്തനം ഒതുക്കുന്നു. മണ്ണത്തൂർ പബ്ലിക്ക് ലൈബ്രറി, മഹാത്മജി വായനശാല വടകര, തിരുമാറാടി പഞ്ചായത്ത് വായനശാല എന്നിവ ഏറെക്കുറെ പ്രവർത്തനങ്ങൾ നടത്തുന്നു. നിലച്ചുപോയ കാക്കൂർ ഗ്രാമീണ വായനശാല പഞ്ചായത്ത് സഹായത്തോടെ കെട്ടിടം പുതുക്കിപ്പണിയുകയും സഹൃദയരുടെ സഹായത്തോടെ പുസ്തകസമാഹരണം നടത്തി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. പഞ്ചായത്ത് കെട്ടിടം പണിതു കൊടുത്തിട്ടും കുറെക്കാലം വെട്ടിമൂട് പബ്ലിക് ലൈബ്രറി പ്രവർത്തനരഹിതമായിരുന്നു. അടുത്തകാലത്തായി പുസ്തക വിതരണം പുനരാരംഭിച്ചിട്ടുണ്ട്. പുസ്തകവില വർദ്ധനവിനനുസരിച്ച് പുസ്ത ഗ്രന്റ് ലഭിക്കാത്തതായിരുന്നു പ്രധാനതടസ്സമായിരുന്നത്. ലൈബ്രേറിയനൻ അലവൻസും ഗ്രാന്റും വർദ്ധിപ്പിച്ചു കിട്ടുന്നതോടൊപ്പം ജനപങ്കാളിത്തത്തോടെ നിലച്ചുപോയ വായനാശീലം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ പരിമിതമാണ്. മണിമലക്കുന്ന് ഗവ. കോളേജിൽ മെച്ചപ്പെട്ട ലൈബ്രറി സൗകര്യങ്ങൾ ഉണ്ട്.

അടുത്തകാലത്തായി മണ്ണത്തൂർ മർച്ചൻസ് അസ്സോസിയേഷനും വിവിധ കലാ സാംസ്കാരിക സംഘടനകളും സംയുക്തമായി സംഘടിപ്പിച്ചു വരുന്ന ഓണാഘോഷ മേളകൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ്.

ഈ വർഷം "പ്രതിഭാ സംഗമം" എന്ന പേരിൽ ശ്രീ. പി.കെ. നരേന്ദ്രദേവിന്റെ നേതൃത്വത്തിൽ തിരുമാറാടിയിൽ നടത്തിയ സംസ്ഥാന ചെറുകഥാ ക്യമ്

സാഹിത്യ രംഗത്ത് നമ്മുടെ സാദ്ധ്യതകളിലേക്കുള്ള സൂചകമാണ്.

പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്ന ദൃശ്യ ഫൈൻ ആർട്ട്സ് സൊസൈറ്റി നമ്മുടെ ഗ്രാമത്തിന്റെ നാഗര സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. പരിപാടികൾ അവതരിപ്പിക്കുവാൻ കഴിയുന്ന നല്ല ഒരു ആഡിറ്റോറിയത്തിന്റെ അഭാവം അവരുടെ പ്രവർത്തനങ്ങൾക്ക് വലിയ പ്രതിബന്ധമാണ്.

കായിക രംഗത്ത് പരിശീലനം നടത്തുവാൻ ഉതകുന്ന സ്റ്റേഡിയങ്ങളുടെ അഭാവം നിരന്തര പരിശീലനത്തിന് തടസ്സമാണ്. പരിമിതമായ സ്കൂൾ കോളേജ് ഗ്രൗണ്ടുകൾ മാത്രമാണ് നമുക്കുള്ളത്. കൊയ്ത്ത് കഴിയുന്ന പാടശേഖരങ്ങളിലും മറ്റുമാണ് വേനൽക്കാലത്ത് മാത്രം കായിക വിനോദങ്ങൾക്ക് സൗകര്യം കിട്ടുന്നത്. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായി ആരംഭിച്ച പ്രസിദ്ധമായ കാക്കൂർ കാളവയൽ നമ്മുടെ ഗ്രാമത്തിന്റെ പ്രശസ്തി ദേശാന്തരങ്ങളിലെത്തിക്കുന്നു. കാളവയൽ കാർഷീകോത്സവമായി എങ്ങനെ നിലനിർത്താം എന്ന ഗൗരവമായ ചർച്ച നടക്കേണ്ട കാലം അതിക്രമിച്ചു.

മണ്ണത്തൂർ, നാവോളി മറ്റം, കുഴിക്കാട്ടു കുന്ന് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് കം റീഡിംഗ് റൂം പണിതിട്ടുണ്ടെങ്കിലും നാവോളിമറ്റം റീഡിംഗ് റൂം പ്രവർത്തനമാരംഭിച്ചിട്ടില്ല. കളപ്പാറയിലും, വാളിയപ്പാടം നാലുസെന്റ് കോളനിയിലും ഉള്ള സാംസ്കാരിക നിലയങ്ങളും മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിന് തദ്ദേശീയരുടെ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിപാടികൾ ആവിഷ്കരിക്കണം.

സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന ശ്രീ.കെ.എൻ. വാസുദേവൻ നമ്പൂതിരി മുതൽ പ്രശസ്തരായ നിരവധി കലാസാഹിത്യപ്രവർത്തകരെ സംഭാവന ചെയ്യുവാൻ നമുക്ക് കഴിഞ്ഞു. ചിത്ര - ശില്പകലകളിൽ അന്താരാഷ്ട്ര ബഹുമതി നേടിയ എൻ.എൻ. റിംസണും സംസ്ഥാന അവാർഡു നേടിയ സാജു മണ്ണത്തൂരും മറ്റനേകം കലാകാരന്മാരും നമ്മുടെ അഭിമാന ഭാജനങ്ങളാണ്. കലാ സാഹിത്യരംഗത്ത് പ്രവർത്തിക്കുന്ന ഇവരെ ആദരിക്കുവാനും ഇവരുടെടൊക്കെ സേവനം നമ്മുടെ കലാ സാംസ്കാരിക രംഗത്ത് മുതൽക്കൂട്ടാക്കുവാനുമുള്ള പദ്ധിതകൾ രൂപ കല്പന ചെയ്യണം.

ആമ്പിശ്ശേരിൽ കാവിൽ ഉത്സവത്തോടനുബന്ധിച്ച് നൂറ്റാണ്ടിനപ്പുറം ആരംഭിച്ച കാക്കൂർ കാളവയലും ഓണക്കാലത്തും മറ്റും സംഘടിപ്പിക്കപ്പെടുന്ന കലാകായിക മത്സരങ്ങളും മറ്റ് ആഘോഷങ്ങളും ദേശീയോത്ഗ്രദനാത്മകമാണ്.

## സാദ്ധ്യതകൾ

1. പഞ്ചായത്തു തലത്തിൽ കലാ - സാംസ്കാരിക സമിതി ഉണ്ടാക്കലും നിലവിലുള്ളയുടെ ഏകീകരണവും.
2. തിരുമാറാടി പബ്ലിക് ലൈബ്രറിക്ക് പുതിയ കെട്ടിടവും എല്ലാ ഗ്രന്ഥശാലകുളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൽ
3. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് സബ്കമ്മറ്റി.

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

ജാതീയമായ കാരണങ്ങളാൽ സമൂഹത്തിൽ നിന്ന് ഏറെപിന്നോക്കം പോയവരാണ് പട്ടികജാതി-പട്ടിക വർഗ്ഗക്കാർ. ജന്മിമാരും ഭൂവുടമകളും അവരുടെ പാടത്തും പറമ്പിലും പണിയെടുപ്പിക്കുന്നതിനായി വില കൊടുത്തും അല്ലാതെയും കൊണ്ടു വന്ന് വിളനിലത്തി നടുത്ത് താമസിപ്പിച്ചവരാണ് ഇവരിലധികവും.അവർ കൂട്ടായി താമസിക്കുന്ന പ്രദേശങ്ങളാണ് ഇന്ന് ഹരിജൻ കോളനികളായി അറിയപ്പെടുന്നത്.ചെറുതും വലുതുമായ ഹരിജൻ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ പുലയ വിഭാഗത്തിൽ പെട്ടവരാണധികവും.തനതായ ആചാരങ്ങളും അനുഷ്ടാനങ്ങളും ഇവർക്കുണ്ട്. പരിച മുട്ടുകളി, കാളകളി, കോലടി തുടങ്ങിയ കായികപ്രധാന മായ വിനോദങ്ങളും തുടിയുടെയും മറ്റും രൗദ്രതാളത്തി നിണങ്ങുന്ന നാടൻ പാട്ടുകളും മറ്റും ഇവരുടെ സ്വന്ത മാണ്.'ശ്വക്കൊള്ളികൾ' എന്നറിയപ്പെടുന്ന പൊതു ശ്മശാനങ്ങളുമുണ്ട്.

തീണ്ടൽ, തൊടീൽ തുടങ്ങിയ ജാത്യാചാരങ്ങൾ സൃഷ്ടിച്ച പീഢനങ്ങൾ ഏറ്റവും അനുഭവിച്ചതും ഇവ രാണ്.ജോലി ചെയ്യുകയല്ലാതെ കൂലി ചോദിക്കാനും മറ്റു മുള്ള അറിവോ ധൈര്യമോ അവർക്കുണ്ടായിരുന്നില്ല.ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അയ്യങ്കാളിയുടെ നേതൃത്വ ത്തിൽ തിരുവനന്തപുരത്താരംഭിച്ച പ്രക്ഷോഭങ്ങളും, ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഹരിജൻ സേവാ പ്രവർത്തനങ്ങൾ , അംബേദ്ക്കറുടെ നേതൃത്വത്തിൽ സംവരണത്തിന് വേണ്ടി നടന്ന പ്രക്ഷോഭങ്ങളും ക്ഷേത്ര പ്രവേശനത്തിന് വേണ്ടി നടന്ന മറ്റു പ്രവർത്തനങ്ങളുടെ യെല്ലാം ഫലമായി പട്ടികജാതിക്കാരും മനുഷ്യരാണ്, അവർക്കും ജീവിതസൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ് എന്ന ആശയത്തിന് പ്രചാരം കിട്ടി.അന്ധവിശ്വാസ ങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കലാസാഹിത്യ നായകരും തങ്ങളാലാവുന്ന സംഭാവനകൾ നൽകി.സംവ രണത്തിന്റെയും മറ്റും ആനുകൂല്യങ്ങളോടെയാണ് കുട്ടി കളെ സ്ക്കൂളിലും മറ്റും അയയ്ക്കാൻ കഴിഞ്ഞത്. പഠനം പൂർത്തീകരിച്ച കുറെപ്പേർക്കെങ്കിലും സർക്കാർ ജോലി കളിൽ പ്രവേശിക്കാൻ കഴിഞ്ഞു.

1991-ലെ സെൻസസ് അനുസരിച്ച് 1455 പട്ടി കജാതിക്കാരും പട്ടിക വർഗ്ഗത്തിൽപ്പെട്ട 5 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. കുടികിടപ്പവകാശം കിട്ടിയതിന് ശേഷം ബഹുഭൂരിപക്ഷം കുടുംബങ്ങളും നാമമാത്രഭൂമി യുടെ ഉടമകളായി.റോഡ് പുറമ്പോക്കുകളിലും പാറ പുറ മ്പോക്കുകളിലും താമസിക്കുന്ന 15 ഓളം കുടുംബ ങ്ങൾക്ക് ഇനിയും പട്ടയം കിട്ടേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ നിശ്ചിത ശത മാനം തുക പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി മാറ്റി വയ്ക്കുന്നുണ്ട്.കുറെയൊക്കെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.ചില വാർഡുകളിലെ ങ്കിലും എല്ലാ ഹരിജൻ കുടുംബങ്ങൾക്കും പുര പണിയു വാൻ സൗജന്യമായി സഹായം നൽകിക്കഴിഞ്ഞു.

25 ലധികം കുടുംബങ്ങൾ താമസിക്കുന്ന മണ്ണ ത്തൂർ കുറ്റത്തിനാൽ ഹരിജൻ കോളനിയാണ് ഏറ്റവും വലിയ കോളനി. I.H.D.P.യിൽപ്പെടുത്തിയെങ്കിലും, വഴി യുടെ പണി പൂർത്തീകരിച്ചിട്ടില്ല. ഉയർന്ന പ്രദേശത്ത് കുടി വെള്ളവും എത്തിയിട്ടില്ല.ഇനിയും രജിസ്റ്റർ ചെയ്യാത്ത ഹരിജൻകോളനികളുണ്ട്. കുറ്റത്തിനാൽ, കുഞ്ചുകുന്ന്, ആടുകുഴി, നാവേളിമറ്റം, മുട്ടത്തുകുന്ന്, മണ്ണത്തൂർ ചെറ്റ യിൽ, തിരുമാറാടി ചെറ്റയിൽ, ഓലിയപ്പുറം ചെറ്റയിൽ തുടങ്ങി പല കോളനികളിലും സമ്പൂർണ്ണമായി, സൗജ ന്യമായി വൈദ്യുതി കൊടുത്തു കഴിഞ്ഞു.പൊതുവായി ബാധിക്കുന്ന വെള്ളം, വെളിച്ചം, വഴി തുടങ്ങിയ പ്രാഥ മിക സൗകര്യങ്ങൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.

പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും, പരിഷ്കൃതാശയങ്ങളുടേയുമെല്ലാം മുൻകൈയോടെ നട ത്തിയ പ്രവർത്തനങ്ങളുടെ ഫലമായി, ഹരിജനങ്ങളുടെ വീടുകളിലെ വിവാഹങ്ങളിലും മറ്റു ചടങ്ങുകളിലും പങ്കെ ടുക്കുകയും അവരോടൊത്ത് ആഹാരം കഴിക്കുകയും ചെയ്യുന്ന നിലയുണ്ടായിട്ടുണ്ട്. എന്നാൽ ഇതിന് മടിക്കുന്ന അപൂർവ്വം യാഥാസ്ഥിതികർ ഇന്നും നമ്മുടെ പഞ്ചായ ത്തിലുണ്ട്.രാഷ്ട്രീയപാർട്ടികളിലും ബഹുജനസംഘടന കളിലും പ്രവർത്തിക്കുന്ന ഹരിജനങ്ങളുണ്ട്.

ഹരിജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി തൊഴില വസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടെ 1982 ൽ ഓലിയപ്പുറം കേന്ദ്രമായി ഹരിജൻ Co-operative society രൂപീകരിച്ചു. ആദ്യ കാലഘട്ടങ്ങളിൽ ഭേദപ്പെട്ട പ്രവർത്തനങ്ങൾ നടന്നു. പിന്നീട് കാര്യമായ പ്രവർത്ത നങ്ങൾ നടന്നിരുന്നില്ല. എന്നാൽ ഇപ്പോൾ നേരത്തെ വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുകയും പ്രവർത്തനം പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ചില നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. വീടില്ലാത്ത ഹരിജനങ്ങൾക്ക് 2000 ആണ്ടിന് മുമ്പ് വീടും കക്കൂസും അനുവദിച്ചു കൊടുക്കണം.
2. വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികളിൽ വൈദ്യുതി സൗജന്യമായി എത്തിക്കണം.
3. കുഞ്ചുകുന്നു പോലുള്ള കോളനികളിൽ വൈദ്യുതി സൗജന്യമായി എത്തിക്കണം.
4. ശുദ്ധജലമെത്താത്ത കോളനികളിൽ ജലമെത്തിക്കണം.
5. പൊതുശ്മശാനങ്ങൾക്ക് ചുറ്റുമതിൽ പണിയണം.
6. കൃഷിഭൂമിയുള്ള ഹരിജനങ്ങൾക്ക് വിത്തും വളവും യഥാസമയം സൗജന്യമായി നൽകണം.
7. ഹരിജനങ്ങളുടെ പ്രശ്നം ചർച്ച ചെയ്യുന്നതിന് പഞ്ചായത്ത് നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കണം.

# വനിതാക്ഷേമം

ഭാര്യയെ സഹധർമ്മിണി എന്നു വിശേഷിപ്പിച്ചിരുന്ന നാടാണ് നമ്മുടേത്. എന്നാൽ കാലാന്തരത്തിൽ ഭാര്യ വസ്ത്രം കഴുകുന്നവളും ഭർത്താവ് വസ്ത്രം ധരിക്കുന്നവനും, ഭാര്യ ഭക്ഷണം പാകം ചെയ്യുന്നവളും, ഭർത്താവ് ഭക്ഷണം കഴിക്കുന്നവനും എന്നതായി രീതി. പുരുഷമേധാവിത്തപരമായ ഘടന സ്വീകരിച്ചിട്ട് സ്ത്രീ-പുരുഷസമത്വം അനുഷ്ഠിക്കുന്നു എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കുക. കാർഷിക സമ്പദ്ഘടന സുസ്ഥിതമായ നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെ പ്രാധാന്യം എടുത്തുപറയേണ്ടതുണ്ട്. നെൽകൃഷി ഇറക്കുന്നതിനുവേണ്ടി ചാറൊടി, ചാണകം ചുമട്, ഞാറുപറി, നടീൽ എന്നീ ജോലികൾ ചെയ്തുവന്നത് സ്ത്രീകൾ തന്നെയാണ് കളകൾ പറിച്ച് വിളകൾ സംരക്ഷിച്ചത്. കൊയ്ത്തും, മെതിയും, നെല്ലുണങ്ങലും, പുഴുങ്ങലും, കുത്തലും എല്ലാം അവരുടെ കായികാദ്ധ്വാനത്തിന്റെ ഭാഗമായിരുന്നു.

ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്യുന്നിടത്തും ഇഞ്ചിപ്പുല്ല് മുറിക്കുന്നിടത്തും സ്ത്രീകളുടെ അദ്ധ്വാനം നിർണ്ണായകമായിരുന്നു. പനമ്പ്, പായ്, കുട്ട, വട്ടി തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളിലും മൺപാത്രനിർമ്മാണം,പപ്പടനിർമ്മാണം തുടങ്ങിയ രംഗത്തും സ്ത്രീകൾ അവരുടെ പങ്ക് വഹിച്ചുപോന്നു. തൊഴിലാളികളും കുടിയാന്മാരുമായ അധ:സ്ഥിതരായ കുടുംബങ്ങളിലെ സ്ത്രീകളാണ് ഇത്തരം ജോലികൾ ചെയ്തിരുന്നതെങ്കിൽ ഇടത്തരം കർഷക കുടുംബങ്ങളിലെ സ്ത്രീകൾ "ഗൃഹജോലികൾ" എന്ന ഓമനപ്പേരിൽ 14ഉം 16ഉം മണിക്കൂർ മിണ്ടാപ്രാണികളെപ്പോലെ അത്യധ്വാനം ചെയ്തുപോന്നിരുന്നു.

നമ്മുടേതുപോലുള്ള പഞ്ചായത്തിൽ ജാതീയമായും സാമ്പത്തികമായും ഉന്നതമായ കുടുംബങ്ങൾ 10% നു താഴെയായിരുന്നു. അവർ മാത്രമാണ് വലിയ കായികാദ്ധ്വാനമില്ലാതെ സുകുമാരകലകളിലും മറ്റും ഏർപ്പെട്ടത്. പൊതുവെ സ്ത്രീകൾ ഉന്നതവിദ്യാഭ്യാസത്തിന് പോയിരുന്നില്ല.

കാർഷിക പരിഷ്കരണത്തിന്റെയും, റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളുടെയും വ്യാപകമായ ഉത്പാദനം നമ്മുടെ സാമ്പത്തിക ബന്ധങ്ങളിൽ ഘടനാപരമായി മാറ്റങ്ങളുണ്ടാക്കി. സ്ത്രീധനം സ്വത്തവകാശം എന്ന ഓമനപ്പേരിൽ ആണെങ്കിലും ഒരു ഭീഷണിയായി അനുഭവപ്പെട്ടു. ഉന്നത വിദ്യാഭ്യാസം നേടുന്നുതിലൂടെ സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടായാൽ സ്വാശ്രയത്വമുണ്ടാകും എന്ന ധാരണ പരന്നതോടെ ഉന്നത സാങ്കേതിക വിദ്യാഭ്യാസരംഗങ്ങളിൽ സാർവ്വത്രികമായി സ്ത്രീകളും പങ്കാളികളായി. അതിന് കുറെയൊക്കെ ഫലം ഉണ്ടാകുകയും ചെയ്തു.

കായികാദ്ധ്വാനം കൂടുതൽ ഉപയോഗിച്ചിരുന്ന കൃഷിയുടെ മേഖലയിൽ വളർന്ന് വന്ന നൂതന പ്രവണതകൾ തൊഴിലവസരങ്ങൾ കുറച്ചു. നിർമ്മാണരംഗത്തേക്ക് അവർ പറിച്ച് മാറ്റപ്പെട്ടു. കല്ല് ചുമക്കുന്നവനും, തടി ചുമക്കുന്നവരുമെല്ലാം അധികവും സ്ത്രീകളാണ്. ഇത്തരം ജോലിക്ക് പോകാൻ മടിയുള്ളവർ അല്പമാത്ര വരുമാനമുള്ള നെയ്ത്ത് കേന്ദ്രങ്ങളിലും, തീപ്പെട്ടി, പെൻസിൽ, തടി നിർമ്മാണ കേന്ദ്രങ്ങളിലും മറ്റും ജോലിക്ക് പോകുന്നു. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള കടകളിൽ "സെയിൽസ് ഗേൾ" ആയി ജോലി നോക്കുന്നവരുമുണ്ട്.

തുന്നൽജോലികളും എംബ്രോയഡറിയും പഠിച്ച് വസ്ത്ര നിർമ്മാണ സ്ഥാപനങ്ങളിലും സ്വന്തമായി തയ്യൽ ജോലികൾ ചെയ്യുന്ന സ്ത്രീകളുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലായി 92 വനിതാ ജീവനക്കാരുണ്ട്. കോളേജ് പ്രൊഫസർമാരും പ്രിൻസിപ്പലും ഡോക്ടർമാരും തുടങ്ങി നിരവധി ഉന്നതതസ്തികകളിൽ പ്രവർത്തിക്കുന്നത് വനിതകൾ ആണ്. നമ്മുടെ പഞ്ചായത്തിനു പുറത്ത് ജോലിചെയ്യുന്ന വനിതാ ജീവനക്കാർ വേറെയുണ്ട്.എന്നാൽ ഇവരാകെ ചേരുന്നതിനേക്കാൾ കൂടുതൽ ഇന്നും കർഷക കുടുംബങ്ങളിൽ ഗൃഹജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ് എന്നു കാണാം.

പഞ്ചായത്ത് രാജ് സംവിധാനങ്ങൾ നിലവിൽ വന്നപ്പോൾ 1/3 സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടു. അസംബ്ലി പാർലമെന്റ് സീറ്റുകളിലും സംവരണതോത് ഉയർത്തുവാനുള്ള ചർച്ചകൾ നടന്നുവരുന്നു. ഇങ്ങനെയൊക്കൊ ആയിട്ടും പൊതുപ്രവർത്തനരംഗത്തേക്ക് വനിതകൾ കുടുതൽ കടന്നു വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാൽ നൂറ്റാണ്ടിനു മുമ്പ് ശ്രീമതി പെണ്ണമ്മ ജേക്കബ് MLA ആയി നിയമസഭയിലെത്തിയിട്ടും നമ്മുടെ നാട്ടിൽ പൊതുപ്രവർത്തനരംഗത്ത് സ്ത്രീകൾ കടന്നുവരാത്തതിന്റെ കാരണം പഠനാർഹമാണ്. പഠനകാലത്തും ജോലിക്കുവേണ്ടി എഴുത്തു പരീക്ഷകൾക്ക് തയ്യാറാക്കുന്ന കാലഘട്ടത്തിലും കരഗതമാകുന്ന പൊതുവിജ്ഞാനവും യുക്തിബോധവും ഗൃഹസ്ഥാശ്രമപ്രവേശത്തോടെ പ്രായേണ ക്ഷയോന്മുഖമായിത്തീരുന്നു. അവർ വായിക്കുന്ന ജനപ്രീതിയുള്ള ആനുകാലികങ്ങളോ ടി.വി. പോലുള്ള മാധ്യമങ്ങളിലെ ജനപ്രിയ കലാപരിപാ

ടികളോ അവരെ തെല്ലും സഹായിക്കുന്നില്ല. ആകസ്മികമായി പൊതുപ്രവർത്തനരംഗത്ത് കടന്നുവരുമ്പോൾ ഇത്തരം പരിമിതികൾ അവരെ വിഷമിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സെൻട്രൽ മഹിളാ സമാജം പോലെ കുറെയൊക്കെ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുണ്ട്. SNDP, NSS കരയോഗങ്ങളോടനുബന്ധിച്ചും പള്ളികളിലും ചില വനിതാ സംഘടനകൾ പ്രവർത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികളോടാഭിമുഖ്യമുള്ള അപൂർവ്വം മഹിളാസംഘടനാ പ്രവർത്തരുണ്ട് ഒരു കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ച സ്വാശ്രയപോലുള്ള തൊഴിലധിഷ്ഠിത മഹിളാ സംരംഭങ്ങളും പ്രവർത്തനങ്ങളും ഇന്ന് നിലവിലില്ല.

## ചില നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനിതാ സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. റിട്ടയർ ചെയ്ത കാര്യപ്രാപ്തിയുള്ള വനിതകളുടെ നേതൃത്വത്തിൽ സബ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.
2. മണ്ണത്തൂർ, ഒലിയപ്പുറം, തിരുമാറാടി, കാക്കൂർ എന്നീ കരകൾ കേന്ദ്രീകരിച്ച് വനിതാ വ്യവസായ സൊസൈറ്റികൾ ആരംഭിക്കണം. വെൽഫേയർ സെന്ററുകൾ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അധികമുള്ള സ്ഥലങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണം.
3. PH സെന്ററിന്റെയും സബ് സെന്ററുകളുടെയും പ്രവർത്തനം അമ്മമാരുടെയും കുട്ടികളുടെയും പരിപാലനത്തിന് പ്രാധാന്യം നൽകണം. ബോധവത്ക്കരണ ക്യാമ്പുകൾ നടത്തണം.
4. സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകണം. മുഴുവൻ വീടുകളിലും അടുക്കളതോട്ടങ്ങൾ അമ്മമാർ മുൻകൈയെടുത്ത് നിർമ്മിക്കണം.

# സഹകരണ മേഖല

തിരുമാറാടി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെയാണ്. പഞ്ചായത്തിലെ ആദ്യ സഹകരണ സംഘം 1922 രൂപീകൃതമായ കാക്കൂർ സർവ്വീസ് സഹകരണസംഘമാണ്. സംസ്ഥാന അവാർഡ് ലഭിച്ച സംഘമാണിത്.

നമ്മുടെ പഞ്ചായത്തിൽ കാക്കൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന "കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്", "പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്" പഞ്ചായത്തിലെ 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, ഹരിജൻ സഹകരണ സംഘം, ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം എന്നിവയാണ് സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ. ഇവ കൂടാതെ റബ്ബർ ഉൽപ്പാദക സംഘങ്ങൾ മൂന്നെണ്ണമുണ്ട്.

## കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക്

മേൽപ്പറഞ്ഞവയിൽ ക്രെഡിറ്റ് സൊസൈറ്റിയുടെ പരിധിയിൽ വരുന്നത് കാക്കൂർ സർവ്വീസ് സഹകരണ ബാങ്കാണ്. 74 വർഷം മുമ്പ് തുടങ്ങിയ ഈ സംഘത്തിന് നിലവിൽ 7485 അംഗങ്ങൾ ഉണ്ട്. അംഗീകൃത മൂലധനം 26,50,000 രൂപയും പത്തുരൂപ ഓഹരി വഴി 24,80,025 രൂപയും മൂലധനമായുണ്ട്. വായ്പകളിലൂടെയും നിക്ഷേപങ്ങളിലൂടേയും 3,54 ,40,846 രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ബാങ്കിന്റെ പ്രവർത്തനങ്ങളിൽ മുഖ്യമായും അംഗങ്ങൾക്ക് കാർഷിക - കാർഷികേതര വായ്പകൾ നൽകുന്നതും, നിക്ഷേപങ്ങൾ സ്വീകരിക്കുന്നതുമാണ്. സംഘം ചിട്ടികൾ നടത്തുന്നതോടൊപ്പം എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു. കൺസ്യൂമർ സ്റ്റോറുകളും, വളം ഡിപ്പോകളും നടത്തുന്നുണ്ട്.

ബാങ്കിന്റെ ശാഖകൾ ഒലിയപ്പുറം, മണ്ണത്തൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ബാങ്കിൽ 15 ജീവനക്കാരുണ്ട്.

## പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രി

നോൺ ക്രെഡിറ്റ് സ്വഭാവത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഘമാണിത്. 1959 ൽ സ്ഥാപിച്ച ഈ സൊസൈറ്റിയുടെ പ്രവർത്തന പരിധി പാമ്പാക്കുട ബ്ലോക്കും, മുളന്തുരുത്തി വടവുകോട് ബ്ലോക്കുകൾ ഭാഗികമായും ഉൾപ്പെടുന്നതാണ്. സൊസൈറ്റി എടുത്ത പ്രധാന വായ്പകൾ വെൽഫെയർ ലോൺ, സി.ഇ. ലോൺ, എസ്.ഇ. ലോൺ തുടങ്ങിയവയാണ്.

**ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളുടെ** തുടക്കം വെട്ടിമൂട് സംഘത്തിൽ നിന്നാണ്. 1978 ൽ രൂപം കൊണ്ട വെട്ടിമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘമാണ് പഞ്ചായത്തിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭം. ഇപ്പോൾ ചെറ്റേപ്പീടിക, തിരുമാറാടി, ഒലിയപ്പുറം എന്നിവിടങ്ങളിലുമായി നാലു സംഘങ്ങൾ പ്രവർത്തിക്കുന്നു.

## ഹരിജൻ സൊസൈറ്റി:

പ്രവർത്തനമില്ലായിരുന്നു. 1982ൽ സൊസൈറ്റി രൂപംകൊണ്ടെങ്കിലും ചില ചടങ്ങുകളിൽ ഒതുങ്ങി നിൽക്കുന്ന സംഘമായി മാറി. ഇപ്പോൾ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമം നടക്കുന്നുണ്ട്.

## ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി

എല്ലാവിധ നാണ്യവിളകളുടേയും പ്രത്യേകിച്ച് റബ്ബറിന്റേയും വിപണനവും, സംസ്കരണവും, ശേഖരണവും ലക്ഷ്യമിട്ട് 1996-ലാണ് തുടങ്ങിയത്. അംഗങ്ങൾ 157, മൂലധനം 1,09,150 രൂപ ആണ്.

## നിർദ്ദേശങ്ങൾ

1. നാണ്യവിളകളുടെ വിപണനത്തെ അടിസ്ഥാനമാക്കി വാർഡുതല വിപണന സഹകരണ സംഘങ്ങൾ.
2. പച്ചക്കറിക്കും, പശുവളർത്തലിനും സഹകരണ സംഘം വഴി ലോൺ.
3. ഖാദിയുടെ ഒരു ശാഖ ഒലിയപ്പുറത്ത്.
4. പാൽഉൽപ്പന്ന വ്യവസായം സഹകരണാടിസ്ഥാനത്തിൽ.
5. കൃഷി വായ്പയുടെ പലിശനിരക്ക് കുറക്കണം.
6. ബ്രാഞ്ച് ഓഫീസ് വഴി സ്വർണ്ണത്തിന്മേലുള്ള വായ്പ വിതരണം ചെയ്യാൻ കഴിയണം.
7. ഹരിജൻ സൊസൈറ്റികൾ ശക്തമാക്കണം.

സാദ്ധ്യതകൾ

1. സംഘം വഴി വിതരണം ചെയ്യുന്ന വായ്പകൾ എത്രത്തോളം പ്രത്യുൽപ്പാദനപരമായി ഉപയോഗപ്പെടുത്തുന്നു എന്നത് ഉറപ്പാക്കണം.
2. നിലനിൽക്കുന്ന വായ്പാരീതികളിൽ നിന്നും മാറ്റം വരുത്തി പ്രാമുഖ്യം കൊടുക്കേണ്ട വികസനമേഖലയിലെ ആവശ്യങ്ങൾക്ക്, വായ്പ സൗകര്യം ലളിതമാക്കുക.
3. പൊതു നിലവാരം പിടിച്ചുനിർത്തുവാൻ സഹകരണ സ്റ്റോറുകളുടെ ഘടനാപരമായ മാറ്റം.

# വിഭവ സമാഹരണം

തിരുമാറാടി പഞ്ചായത്തിന്റെ രൂപീകരണകാലത്ത് 10,000 രൂപയായിരുന്ന വാർഷിക വരുമാനം വർദ്ധിച്ചിട്ടുണ്ട്. അവ ഇന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. പരിമിതമായ ധനാഗമ മാർഗ്ഗങ്ങളും, മുൻകാല ബാദ്ധ്യതകളും വർദ്ധിച്ചു വരുന്ന ചെലവുകളും പ്രധാന തടസ്സങ്ങളായി മാറിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് ഇപ്പോൾ മൈനസ് 163112 രൂപയാണ്.

തൊഴിൽ നികുതി, വിനോദനികുതി എന്നിവയും സർക്കാർ ധനസഹായങ്ങളും പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളാണ്. ജനസംഖ്യാനുപാതത്തിൽ ഉപാധിരഹിത ഫണ്ടുകൾ അനുവദിക്കുന്നു. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന് ശേഷം സർക്കാർ ധനസഹായത്തിൽ വർദ്ധനവുണ്ടായീട്ടുണ്ട്. പഞ്ചായത്ത് ചെലവിൽ ഏറെയും പൊതുമരാമത്തിന് വേണ്ടിയാണ്. അവയിൽ തന്നെ സിംഹവിഭാഗം റോഡുകൾക്കായീട്ടാണ് ചെലവിടുന്നത്. കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്നും വായ്പയെടുത്ത് പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് സെന്ററുകൾ വായ്പ തിരിച്ചടക്കുന്നതിൽ വലിയ ബാദ്ധ്യത ആക്കി മാറ്റിയിരിക്കുന്നു. പൊതുവാട്ടർ ടാപ്പുകളിലുള്ള വർദ്ധനവും ബാദ്ധ്യത കൂട്ടുന്നതായിരിക്കുന്നു. വിഭവശേഷി വർദ്ധിപ്പിക്കാനുള്ള കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

കാക്കൂർ സർവ്വീസ് സഹകരണ സംഘം, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂർ - കാക്കൂർ ശാഖ, കാത്തലിക് സിറിയൻ ബാങ്ക് മണ്ണത്തൂർ ശാഖ, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. നിക്ഷേപത്തുകയിൽ ഏറ്റവും കൂടുതൽ വായ്പ നൽകുന്നത് കാക്കൂർ സഹകരണ സംഘമാണ്. വാണിജ്യ ബാങ്കുകൾ 30% തുക കാർഷിക വായ്പയായി നൽകുന്നു - 48% തുക മറ്റ് വായ്പകളായും ചെലവഴിക്കുന്നു.

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ എല്ലാം തന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്നു. കാക്കൂർ സർവ്വീസ് സഹകരണ സംഘം 3 വർഷങ്ങളിൽ സംസ്ഥാന അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. കാർഷിക വായ്പകളും, മറ്റ് മുൻഗണനാ വായ്പകളും ലക്ഷ്യമിട്ടതിന്റെ ഇരട്ടിയിലധികം കൈവരിച്ചതിന് നബാർഡിന്റെ അവാർഡ് SBT യ്ക്ക് ലഭിച്ചിട്ടുണ്ട്. നിക്ഷേപ സമാഹരണത്തിൽ 3 ബാങ്കുകളും അവരുടെ ലക്ഷ്യം ഓരോ വർഷവും മറികടക്കാറുണ്ട്. കാർഷികവായ്പകൾ കൊടുക്കുന്ന കാര്യത്തിൽ ധനകാര്യസ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വിദേശ നിക്ഷേപങ്ങൾ നല്ലൊരു ശതമാനം പഞ്ചായത്തിന് പുറത്തുള്ള നഗരപ്രദേശത്തേക്ക് പോകുന്നതായി കാണുന്നു.

പഞ്ചായത്തിന്റെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിദേശനിക്ഷേപങ്ങൾ പഞ്ചായത്തിൽ തന്നെ നിക്ഷേപിക്കാൻ.കാരഷിക - വ്യവസായിക മേഖലയിൽ അവസരവും, പ്രോത്സാഹനവും വേണം. മണ്ണത്തൂരും വട്ടിമൂടും ഓരോ ഷോപ്പിംഗ് കോപ്ലക്സ് ആലോചിക്കാവുന്നതാണ്.

കലാകായിക സമിതികൾ, യുവജനങ്ങൾ എന്നിവ പോലുള്ള ജനകീയ സംഘടനകളുടെ ഐക്യനിരയുണ്ടാക്കി വികസന പ്രർത്തനങ്ങളിൽ വിനിയോഗിക്കാൻ നമുക്ക് സാധിയ്ക്കണം.

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപം രൂപ | വായ്പകൾ | |
|---|---|---|---|
| | | കാർഷികം | മറ്റുള്ള |
| സ്റ്റേറ്റ് ബാങ്ക് ഓഫ്-ട്രാവൻ കൂർ,കാക്കൂർ | 2,80,15,000 | 86,21,000 | 1,35,07,000 |
| കാത്തലിക് സിറിയൻ-ബാങ്ക് - മണ്ണത്തൂർ | 3,10,00,000 | 9,31,000 | 1,49,60,000 |
| സർവ്വീസ് - സഹകരണ സംഘം | 5,68,49,912 | 50,68,499 | 2,42,61,609 |

## ഗ്രാന്റ് വിവരങ്ങൾ

| ഇനം | തുക |
|---|---|
| V.T.C | 1,57,293.00 |
| V.R.M | 17,491.00 |
| M.I | 7,985.00 |
| അടിസ്ഥാന നികുതി | 57,527.00 |
| അൺടൈഡ് | 2,76,700 |
| 75% ഡ്യൂട്ടി | 1,52,694.00 |
| ലൈബ്രറി | 5,000.00 |
| ആകെ | 6,74,690.00 |

## ലേല വിവരം

| ഇനം | തുക |
|---|---|
| ചന്ത | 8,595.00 |
| ഷോപ്പിംഗ്-കോംപ്ലക്സ് | 42,200.00 |
| പലവക | 2,706.00 |
| ആകെ | 57,501.00 |

## പൊതുമരാമത്ത് പണി സംബന്ധിച്ച ചെലവ്

| ഇനം | തുക |
|---|---|
| കെട്ടിടം | 13,831.00 |
| റോഡ് | 8,28,290.00 |
| **ആകെ** | **9,42,121.00** |

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,37,280.00 | 1,00,193.00 | 37,087.00 |
| തൊഴിൽ നികുതി | 1,10,210.00 | 1,00,915.00 | 9,295.00 |
| വിനോദ നികുതി | 5,838.45 | 5,728.50 | 109.95 |
| അഡി: വിനോദ നികുതി | 3,892.30 | 3,819.30 | 73.00 |
| പ്രദർശന നികുതി | 1,056.00 | 1,040.00 | 16.00 |
| പ്രദർശന നികുതി -- മേലുള്ള സർചാർജ് | 264.00 | 260.00 | 4.00 |
| ചന്തവരവ് | 8,595.00 | 8,595.00 | - |
| ലൈസൻസ് ഫീസ് | 3,177.50 | 2,483.00 | 694.50 |
| കെട്ടിട നികുതി- സർചാർജ് | 7,543.10 | 5,408.10 | 2,135.00 |
| വസ്തു കൈമാറ്റ- നികുതി 75% | 1,54,694.00 | 1,54,694.00 | - |
| വസ്തു കൈമാറ്റ- നികുതി 25 | % | 73,707.00 | 73,707.00 |
| ഡെപ്പോസിറ്റ് | 44,530.00 | 44,530.00 | - |
| ആകെ | 550787.35 | 501372.90 | 49414.45 |

## ചെലവിനെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 3,99,796.00 |
| പൊതുമരാമത്ത് | 8,42,121.00 |
| വിദ്യാഭ്യാസം | 1,43,971.00 |
| ജലസേചനം | 41,002.00 |
| തെരുവ് വിളക്ക് | 39,563.00 |
| മറ്റുള്ളവ | 5,10,113.00 |
| ആകെ | 19,76,566.00 |

**മറ്റ് വകുപ്പുകളിൽ നിന്നും പഞ്ചായത്ത് രാജ് നിയമപ്രകാരം അനുവദിച്ച തുക 1995-96.**

| ഇനം | തുക |
|---|---|
| മൃഗസംരക്ഷണ വകുപ്പ് | 1,250.00 |
| കൃഷി | 3,66,565.00 |
| ഡയറി ഫാം | 23,140.00 |
| പൊതുജനാരോഗ്യം കേന്ദ്രം | 1,600.00 |
| പൊതുമരാമത്ത് | 1,30,178.00 |
| വാർദ്ധ്യക കാല പെൻഷൻ | 9,450.00 |
| ആയുർ വേദം | 13,240.00 |
| ഹോമിയോ | 449.00 |
| ആകെ | 5,45,872.00 |

അനുബന്ധം 13

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| I 1) സ്ഥാപനത്തിന്റെ പേര് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 163 |
| 2) പ്രവർത്തന പരിധി | തിരുമാറാടി പഞ്ചായത്ത് |
| 3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് - | ക്രെഡിറ്റ് |
| 4) പ്രവർത്തനം ആരംഭിച്ച വർഷം | 1-6-1097 (ME) |
| 5) ആകെ അംഗങ്ങൾ | 7485 |
| 6) ഒരു ഓഹരിയുടെ വില | 10/- |
| 7) അംഗീകൃത ഓഹരി മൂലധനം | 26,50,000/- |
| 8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 2480025 |
| 9) സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| 10) ഉണ്ടെങ്കിൽ ലഭിച്ച തുക | 1,00,000/- |
| 11) പരമാവധി കടം എടുക്കാവുന്ന തുക | 90922895/- |

| | |
|---|---|
| II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | 28424956.00 |
| a) സ്ഥിരം - | 25976888.00 |
| b) ഹ്രസ്വകാലം - | 2448068.00 |

III നൽകിയിട്ടുള്ള വായ്പകൾ - 29503708.00

**a) കാർഷിക വായ്പകൾ**

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. ഹ്യസ്വകാല വായ്പ | - | 4487809.00 |
| 3. മദ്ധ്യകാല വായ്പ | - | 378825.00 |
| 4. ദീർഘകാല വായ്പ | - | 201865.00 |

**b) മറ്റ് വായ്പകൾ**

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. സാധാരണ വായ്പ | - | 18001479.00 |
| 3. ഭവന നിർമ്മാണ വായ്പ | - | 1834977.00 |
| 4. സ്വർണ്ണപ്പണയം | - | 1934640.00 |
| 5. മറ്റുള്ളവ | - | 2490513.00 |

**c) പ്രത്യകവായ്പകൾ**

| | | |
|---|---|---|
| 1. ഇനം | | തുക |
| 2. ഐ.ആർ.ഡി.പി | - | 173600.00 |

**IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. Ernakulam Dist- | | |
| Co-op Bank. | ഹ്യസ്വകാല വായ്പ | 2924600 |
| | മദ്ധ്യകാല ,, | 408621 |
| | ദീർഘകാല ,, | 184628 |
| | മദ്ധ്യകാല കാർഷികേതര ,, | 1270446 |
| | ദീർഘകാല ,, | 1777161 |
| | ഓവർ ഡ്രാഫ്റ്റ് ,, | 450434 |
| ആകെ | | 7015890 |

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1. ഹൃസ്വകാല കാർഷിക വായ്പ | 216514 |
| 2. മദ്ധ്യകാല ,, | 27315 |
| 3. ദീർഘകാല ,, | - |
| 4. സാധാരണ വായ്പ | 3042475 |
| 5. ഭവന നിർമ്മാണ വായ്പ | 35740 |
| 6. സ്വർണ്ണപ്പണയ വായ്പ | 133480 |
| 7. ഐ.ആർ.ഡി.പി | 39235 |
| 8. മറ്റുള്ളവ | 59675 |
| ആകെ | 3554434 |

VI) സ്ഥാപനത്തിന്റെ ചെലവുകൾ


1) Establishment charges - 785726

2) Contingennies- 368436

VII) വായ്പാ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ.

1. അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ വിതരണം ചെയ്യുന്നു.
2. നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
3. കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ എന്നിവ നടത്തുന്നു.
4. എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു
5. ചിട്ടികൾ നടത്തുന്നു.

# THIRUMARADY GRAMA PANCHAYATH




SCALE - 1:6000

96




കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്



ലക്ഷക്കണക്കിന് ഗ്രാമങ്ങളിലാണ് ഇൻഡ്യ
യുടെ ആത്മാവ് കുടികൊള്ളുന്നത്.
ഗ്രാമസ്വരാജിലൂടെ മാത്രമേ ഇൻഡ്യ സ്വയം
പര്യാപ്തമാകൂ........

- രാഷ്ട്രപിതാവ്

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 5 |
| ഭരണചരിത്രം | 7 |
| സാമൂഹിക, സാംസ്കാരിക, ചരിത്ര പശ്ചാത്തലം | 9 |
| ഭൂപ്രകൃതിയും വിഭവങ്ങളും | 13 |
| **പ്രാഥമിക മേഖല** | |
| കൃഷി | 21 |
| ജലസേചനം | 31 |
| മൃഗസംരക്ഷണം | 38 |
| മത്സ്യബന്ധനം | 40 |
| **ദ്വിതീയ മേഖല** | |
| വ്യവസായം | 44 |
| ഊർജ്ജം | 45 |
| ഗതാഗതം | 48 |
| മാർക്കറ്റ് | 54 |
| പാർപ്പിടം | 55 |
| **സേവന മേഖല** | |
| ആരോഗ്യം | 59 |
| കുടിവെള്ളം | 63 |
| വിദ്യാഭ്യാസം | 68 |
| സംസ്കാരം | 70 |
| പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 74 |
| വനിത | 77 |
| സാമൂഹ്യക്ഷേമം | 79 |
| സഹകരണമേഖല | 82 |
| വിഭവസമാഹരണം | 85 |
| ഗ്രാമസഭകളിലൂടെ | 89 |


Typesetting & Layout: OXFORD DTP SERVICES MVPA    Printing: CLASSIC OFFSET MVPA

# അധികാരം ജനങ്ങളിലേക്ക്



ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴി തുറക്കുന്ന നൂതന സംരംഭമാണ് സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം. ഓരോ പ്രദേശത്തിന്റെയും, ഭൂപ്രകൃതിക്കും, ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴേത്തട്ടിൽനിന്ന്, ജനപങ്കാളിത്തത്തോടെ, പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്, ആവിഷ്കരിച്ചിട്ടുള്ള ഈ കർമ്മപരിപാടി കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിജയകരമായി മുന്നേറുന്നു. അധികാര വികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായി പൂർത്തിയായിരിക്കുന്നു. സകല വിഭാഗീയ പ്രവണതകൾക്കും അതീതമായി വികസന കാര്യങ്ങൾ ഗ്രാമസഭകളിലൂടെ ചർച്ച ചെയ്ത് പുതിയൊരു വികസന സംസ്ക്കാരത്തിന് നാന്ദി കുറിച്ചിരിക്കുന്നു. ഗ്രാമസഭാ നിർദ്ദേശങ്ങളും, നാട്ടറിവുകളും, വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരക്കണക്കുകളും ചേർത്ത് വികസന മേഖലയെ കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. വിവിധ വികസന മേഖലകളിലെ അവസ്ഥ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്ന പരിഹാര സാധ്യതകൾ പരിശോധിച്ച് മുൻഗണനാ ക്രമം നിശ്ചയിക്കുകയാണ് വികസന സെമിനാറിന്റെ മുഖ്യചുമതല.

ജനകീയാസൂത്രണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള 9ാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതി അടങ്കലിന്റെ 40 ശതമാനത്തോളം തുക പ്രാദേശിക സമിതികൾക്കായി മാറ്റിവച്ചിരിക്കുന്നു. സാമൂഹ്യക്ഷേമ മേഖലയ്ക്ക് ഊന്നൽ നൽകിയിരുന്ന മുൻ പദ്ധതികളിൽനിന്നും വ്യത്യസ്തമായി, കൃഷിക്കും വ്യവസായത്തിനുമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ മറ്റൊരു സവിശേഷത പദ്ധതി പ്രവർത്തനം, സമൂഹത്തിലെ സമസ്ത മേഖലയിലും പെട്ടവർ ഒത്തുചേർന്നുള്ള പ്രവർത്തനമാണ്. ഇവിടെ അധികാരവികേന്ദ്രീകരണത്തോടൊപ്പം അറിവിന്റെ വികേന്ദ്രീകരണവും നടക്കുന്നു. ഇത്തരത്തിലുള്ള ഒരു പ്രവർത്തനം ഇന്ത്യയിലാദ്യമാണ്.

കേരളം നേരിടുന്ന വലിയൊരു വെല്ലുവിളി കൂട്ടായ്മയിലൂടെ പരിഹരിക്കപ്പെടുമ്പോൾ ജനാധികാരം യാഥാർത്ഥ്യമാകുകയാണ്. വിഭാഗീയ ചിന്തകൾക്കതീതമായി ഉയർന്നുവരുന്ന സ്വാശ്രയത്വ ബോധവും, അതുവഴിയുള്ള പുതിയ ദേശാഭിമാന ബോധവും ജനങ്ങളിൽ പുതിയ വികസന സംസ്ക്കാരം വളർത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്.

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഓരോ ഘട്ടത്തിലും പങ്കെടുത്ത് സഹായിച്ച ജില്ലാതല പരിശീലകരേയും പഞ്ചായത്തുതല പരിശീലകരേയും വിവിധ വകുപ്പുദ്യോഗസ്ഥന്മാരേയും, പഞ്ചായത്ത് ജീവനക്കാരേയും ഹാർദ്ദമായി അനുമോദിക്കുന്നു. സെമിനാറിൽ അവ

തരിപ്പിക്കേണ്ട വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സജീവമായി പ്രവർത്തിച്ച റിട്ട: അസി. എക്സി. എഞ്ചിനീയർ തോമസ് ചെറിയാൻ, പി. ആർ മഹാരാജപിള്ള, എം.ആർ സുരേന്ദ്രനാഥ് എന്നിവരെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വിജയപ്രദമാക്കുന്നതിന് മുൻനിന്നു പ്രവർത്തിച്ച പഞ്ചായത്ത് വൈസ് പ്രസിഡന്റും സെമിനാറിന്റെ ജനറൽ കൺവീനറുമായ എം.യു. ജോണിനേയും, പഞ്ചായത്തു സമിതി അംഗങ്ങളേയും വിലയേറിയ നിർദ്ദേശങ്ങൾ നൽകി ഗ്രാമസഭകളെ സമ്പുഷ്ടമാക്കിയ ഗ്രാമസഭാംഗങ്ങളേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.


തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടേയും സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

Nandini Amma

കെ. നന്ദിനി അമ്മ
പ്രസിഡന്റ്
കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്

കൂത്താട്ടുകുളം
12.12.'96.



എറണാകുളം ജില്ല.
തിരുമാറാടി പഞ്ചായത്ത്.
പാലക്കുഴ
പഞ്ചായത്ത്.
N
എം.സി.റോഡ്
പാമ്പാക്കുട
7
വടകര
6
8
ഇടയാർ
9
4
3
കൂത്താട്ടുകുളം
കിഴകൊമ്പ്
5
2.
1
ചോരക്കുഴി
ഇലഞ്ഞി പഞ്ചായത്ത്.
വെളിയന്നൂർ
പഞ്ചായത്ത്
x-x-x- ജില്ല അതിർത്തി.
- പഞ്ചായത്ത് അതിർത്തി.
..... - 1-9. വാർഡ്.
കൊച്ചി
കൂത്താട്ടുകുളം
തിരുവനന്തപുരം
എം.സി.റോഡ്
കോട്ടയം ജില്ല.

# ആമുഖം

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് മാത്രമല്ല ലോകരാഷ്ട്രങ്ങൾക്കുപോലും മാതൃകയായിത്തീരുന്ന ഒരു മഹാപ്രസ്ഥാനം കേരളത്തിൽ സമാരംഭിക്കുകയാണ്. "അധികാരം ജനങ്ങളിലേക്ക്" എന്ന മുദ്രാവാക്യവുമായി കേരളത്തിലെ 3 കോടിയിലധികം ജനങ്ങൾ കേരളത്തിന്റെ സാമ്പത്തിക വികസനത്തിനുവേണ്ടി കൂട്ടായി ചർച്ച ചെയ്യുകയും വികസന പദ്ധതികൾക്ക് രൂപം കൊടുക്കുകയും അവ ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുന്ന ഒരു പുതിയ വികസന സംസ്കാരത്തിന്റെ കേളികൊട്ട് കേരളമെമ്പാടും അലയടിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ 8 പഞ്ചവത്സര പദ്ധതികളിൽനിന്നും വിഭിന്നമായി ഒൻപതാം പദ്ധതി ഒരു ജനകീയ പദ്ധതിയായി രൂപപ്പെടുന്നു. മേലേത്തട്ടിൽനിന്നുമാത്രം തീരുമാനങ്ങളെടുക്കുകയും ഉദ്യോഗസ്ഥതലത്തിൽമാത്രം നടപ്പാക്കുകയും ചെയ്തിരുന്ന രീതി മാറ്റി പാർലമെന്ററി ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ മുൻഗണനാക്രമത്തിൽ ചൂണ്ടിക്കാണിച്ച വികസനപ്രശ്നങ്ങൾക്ക് അവർതന്നെ പരിഹാരനിർദ്ദേശങ്ങൾ കണ്ടെത്തുന്നു. ഇവിടെ അതിരുകവിഞ്ഞ അധികാരകേന്ദ്രീകരണവും, ഡിപ്പാർട്ടുമെന്റലിസവും തക

രുന്നു. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും ജനകീയ ആവശ്യങ്ങൾക്കും അനുസൃതമായ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം കൈവരുന്നു.

ഭൂപരിഷ്കരണം, ആരോഗ്യപരിപാലനം, സാക്ഷരത തുടങ്ങിയ സാമൂഹ്യ പുരോഗതിയുടെ മേഖലകളിൽ കേരളത്തിന്റെ നേട്ടങ്ങൾ ലോകമെമ്പാടും പ്രകീർത്തിക്കപ്പെടുന്നതാണല്ലോ. സാമൂഹ്യപുരോഗതിയിലുണ്ടായ നേട്ടങ്ങൾ സാമ്പത്തിക പുരോഗതിയുടെ രംഗത്ത് കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ വികസനരംഗത്ത് ഇന്ന് അനുഭവപ്പെടുന്ന മുരടിപ്പ് അകറ്റുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് കേരളസർക്കാരും ആസൂത്രണബോർഡും ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്. ഇതിന്റെ ആദ്യപടിയായി ഈ പഞ്ചായത്തിൽ 3 ഏകദിന പരിശീലനപരിപാടികളും നിരവധി ചർച്ചായോഗങ്ങളും സംഘാടകസമിതി യോഗങ്ങളും പ്രാഥമിക, ദ്വിതീയ വിവരശേഖരത്തിനുള്ള കമ്മിറ്റികൾ വാർഡുതലത്തിലും, പഞ്ചായത്തുതലത്തിലും രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പഞ്ചായത്തിന്റെ 9 വാർഡുകളിലും 1996 ഒക്ടോബർ 5 മുതൽ 13 വരെ വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഒട്ടാകെ 1217 പേർ പങ്കെടുത്തതിൽ 313 പേർ വനിതകളും 175 പേർ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരുമാണ്. ഗ്രാമസഭകളിൽ അതതുപ്രദേശത്തെ വികസനപ്രവർത്തനങ്ങൾ തിട്ടപ്പെടുത്തുകയും സാദ്ധ്യമായ പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. മൂന്ന് പഞ്ചായത്ത് അംഗങ്ങൾ അടക്കം ഏഴ് ജില്ലാ പരിശീലനം ലഭിച്ചവരുടെ സേവനം ഇതിലേക്കായി ലഭിക്കുന്നുണ്ട്.

## പഞ്ചായത്തിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| റവന്യു വില്ലേജ് | : | കൂത്താട്ടുകുളം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കൂത്താട്ടുകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | പാമ്പാക്കുട |
| താലൂക്ക് | : | മുവാറ്റുപുഴ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | മുവാറ്റുപുഴ |
| വിസ്തീർണ്ണം | : | 23.18 ച.കിലോമീറ്റർ |
| ജനസംഖ്യ | : | 16828 (91 ലെ സെൻസസ്) |
| വാർഡുകളുടെ എണ്ണം | : | ഒൻപത് |
| പ്രസിഡന്റ് | : | കെ. നന്ദിനി അമ്മ |
| വൈസ് പ്രസിഡന്റ് | : | എം.യു. ജോൺ |

# ഭരണചരിത്രം

മൂവാറ്റുപുഴ തഹസിൽദാർ പ്രസിഡന്റായും അഗ്രിക്കൾച്ചറൽ ഡിവിഷണൽ ഓഫീസർ വൈസ് പ്രസിഡന്റായും ഭരണനിർവ്വഹണം നടത്തിവന്നിരുന്ന കൂത്താട്ടുകുളം വില്ലേജ് യൂണിയന്റെ ഒരു പ്രത്യേക മീറ്റിംഗ് 24-9-1121 വ്യാഴാഴ്ച 3 പി.എം ന് കൂത്താട്ടുകുളം സത്രത്തിൽ കൂടി സർക്കാർ അനുവാദത്തോടെ (G.O. Roc No 2178/45 LGA dated 2-4-1946) കൂത്താട്ടുകുളം അത്തിമണ്ണില്ലത്തെ യശശ്ശരീരനായ കെ. കേശവൻ നമ്പൂതിരിയെ നിയമാനുസൃതമായി (G.O Roc No 1987/44/LGA 28-8- 1945) അനൗദ്യോഗിക പ്രസിഡന്റായി തിരഞ്ഞെടുത്തു.

**യോഗത്തിൽ ഹാജരുണ്ടായിരുന്ന വില്ലേജ് യൂണിയൻ പ്രതിനിധികൾ**

1. തഹസീൽദാർ (പ്രസിഡന്റ്)
2. അഗ്രിക്കൾച്ചറൽ ഡിവിഷണൽ ഓഫീസർ (വൈസ് പ്രസിഡന്റ്)
3. കെ. കേശവൻ നമ്പൂതിരി, അത്തിമണ്ണില്ലം
4. ഏ.എൻ രാമൻപിള്ള, വാട്ടപ്പിള്ളിൽ
5. മാത്തുണ്ണി മത്തായി, എടറാത്ത് പുത്തൻപുര
6. ജോസഫ് വർഗ്ഗീസ്, കുന്നുമ്മേൽ
7. വർഗ്ഗീസ് പൈലി, വലിയകുളങ്ങര
8. പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസർ
9. സാനിട്ടറി സെക്ഷൻ ഓഫീസർ
10. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ

വില്ലേജ് യൂണിയനുകൾ നാട്ടുവഴക്കുകളും, വസ്തുത്തർക്കങ്ങളും പറഞ്ഞുതീർക്കുകമാത്രമല്ല, റോഡും പാലവും നിർമ്മിക്കുന്നതിന്റെയും, യുദ്ധകാലത്ത് ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണയും വിതരണം ചെയ്യുന്നതിന്റെ ചുമതലയും ഏറ്റെടുത്തിരുന്നു. 1949 (2-7-'49) ലെ തിരു-കൊച്ചി സംയോജനത്തെത്തുടർന്ന് 1950ൽ തിരുകൊച്ചി പഞ്ചായത്ത് ആക്ട് (1950ലെ 11-ാം ആക്ട്) നിലവിൽ വന്നു. അക്കാലത്ത് വില്ലേജ് യൂണിയനുകൾക്ക് ജനകീയ സ്വഭാവം കൈവന്നു. യശ്ശശരീരനായ ഇട്ടൻതോമസ് പ്രസിഡന്റായി ഭരണനിർവ്വഹണം നടത്തിയിരുന്ന കൂത്താട്ടുകുളം വില്ലേജ് യൂണിയൻ പഞ്ചായത്തായപ്പോൾ 1953 മുതൽ 1963 വരെ പ്രഥമപ്രസിഡന്റ് പദം അലങ്കരിച്ചത് സ്വാതന്ത്ര്യസമരസേനാനിയും, ചിന്തകനും, കമ്മ്യൂണിസ്റ്റ് നേതാവും, വാർത്താചിത്രലോകത്ത് പുതിയൊരു പാത തെളിയിച്ചയാളുമായ യശ്ശശരീരനായ ജേക്കബ് ഫിലിപ്പാണ്. 1964 മുതൽ 15 വർഷക്കാലം കോൺഗ്രസ് നേതാവും, മൂവാറ്റുപുഴ നിർമ്മല കോളേജ് അദ്ധ്യാപകനുമായിരുന്ന എൻ. ഐ.ഏബ്രഹാം ഈ പഞ്ചായത്തിന്റെ അദ്ധ്യക്ഷനായി. 1979 മുതൽ '84 വരെയും അതിനുശേഷം 3 വർഷക്കാലത്തെ ഉദ്യോഗസ്ഥ ഭരണത്തെത്തുടർന്ന് '87 മുതൽ '90 വരെയും കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി നേതാവായ എം. ഫിലിപ്പ് ജോർജ്ജ് പ്രസിഡന്റായി. 1990 ഒക്ടോബർ 27-ാം തീയതി കൂത്താട്ടുകുളം പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി (G.O. No. (Ms) 175/90/LAD dated 27-10-'90). ഫിലിപ്പ് ജോർജ്ജ് ചെയർമാനായി മുനിസിപ്പൽ അഡ്വൈസറി കമ്മറ്റി പ്രവർത്തനമാരംഭിച്ചുവെങ്കിലും 31-3- 93ലെ സർക്കാർ ഉത്തരവുപ്രകാരം കൂത്താട്ടുകുളം മുനിസിപ്പാലിറ്റി വീണ്ടും പഞ്ചായത്തായി (G.O. No.(Ms) 70/93/LAD dated 31-3-'93). അഡ്വൈസറി കമ്മറ്റി പിരിച്ചുവിട്ട് ഉദ്യോഗസ്ഥഭരണം നിലവിൽ വന്നു.

208

# ഭരണസമിതികൾ

**1953 മുതൽ '63 വരെ**

ജേക്കബ് ഫിലിപ്പ് (പ്രസിഡന്റ്)
എം.എൻ. നായർ (വൈസ് പ്രസിഡന്റ്)
എം.ആർ. കൃഷ്ണപിള്ള
വി.കെ. കോരപ്പൻ
കെ.എം. ജോസഫ്
എസ്. മാധവൻ
പി.എ. മത്തായി
യു.കെ. യോഹന്നാൻ (2 വർഷം)
വി.ഐ.പൗലോസ് (2 വർഷം)

**1964 മുതൽ '79 വരെ**

എൻ.ഐ. ഏബ്രഹാം (പ്രസിഡന്റ്)
കെ.എം. ഏബ്രഹാം (വൈസ് പ്രസിഡന്റ്)
ജേക്കബ് ഫിലിപ്പ്
ജോസഫ് ദാവീദ്
ഇട്ടൻ തോമസ്
കെ.സി. ഏബ്രഹാം
കമലാക്ഷി അമ്മ

**1979 മുതൽ '84 വരെ**

എം. ഫിലിപ്പ് ജോർജ്ജ് (പ്രസിഡന്റ്)
കെ.ജെ. ഏലിയാസ് (വൈസ് പ്രസിഡന്റ്)
പി. ആർ മഹാരാജപിള്ള
കെ. ദാനിയേൽ
കെ. ഐ. മാധവൻ
രാജു യോഹന്നാൻ
എൻ.വി. ജോർജ്ജ്
സാറാമ്മ ജോൺ

**1987 മുതൽ '90 വരെ**

എം. ഫിലിപ്പ് ജോർജ്ജ് (പ്രസിഡന്റ്)
പി.വി. മത്തായി വർക്കി (വൈസ് പ്രസിഡന്റ്)
കെ. ഐ. മാധവൻ
കെ. ചന്ദ്രശേഖരൻ
റ്റി. എൻ. പ്രസാദ്
കെ. ജെ. ഏലിയാസ്
ഫ്രാൻസിസ് അഗസ്റ്റിൻ
എം. എസ്. അന്നമ്മ
ശൂശാമ്മ ജോൺ

**1995 ഒക്ടോബർ മുതൽ**

കെ. നന്ദിനി അമ്മ (പ്രസിഡന്റ്)
എം. യു. ജോൺ (വൈസ് പ്രസിഡന്റ്)
കെ. എം. ഏബ്രഹാം
കെ. ചന്ദ്രശേഖരൻ
പി. എം. ഹരികുമാർ
കെ. എ. ബേബി
പി. ജെ. ജോസഫ്
എ. കെ. ശാരദാമ്മ ടീച്ചർ
അല്ലി ബേബി

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ഒരിക്കൽ അത്തിമണ്ണില്ലം, കൊറ്റനാട്ട്, കട്ടിമുട്ടം, പരിയാരം എന്നീ ബ്രാഹ്മണ കുടുംബങ്ങളുടെ അധീനതയിലായിരുന്നതും നിലവിൽ ഏകദേശം 17700ഓളം ജനങ്ങൾ അധിവസിക്കുന്നതുമായ കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രദേശം കൂത്താട്ടുകുളം, വടകര - പെറ്റക്കുളം, കിഴകൊമ്പ്, ഇടയാർ എന്നീ നാലു പ്രധാന കരകൾ ചേർന്നതാണ്. ഈ കരകളുടെ പേരുകളുമായി ബന്ധപ്പെട്ട് ഐതിഹ്യങ്ങൾ നിലനില്ക്കുന്നു. കുന്നിൻമുകളിൽ കിഴങ്ങുമാന്താൻ പോയ ഒരു സ്ത്രീ പാരകൊണ്ട് മണ്ണ് ഇളക്കിയപ്പോൾ മറഞ്ഞുകിടന്നിരുന്ന വിഗ്രഹത്തിന്റെ തലയിൽ പാര കൊണ്ടുവെന്നും അവിടെ നിന്നുണ്ടായ രക്തപ്രവാഹം കണ്ട് ഭയന്നോടിയ സ്ത്രീ സമനില തെറ്റി കൂത്താടി നടന്ന സ്ഥലത്തിന് 'കൂത്താട്ടക്കള' മെന്ന പേരുണ്ടായെന്നും കാലക്രമത്തിൽ അത് കൂത്താട്ടുകുളമായി മാറിയെന്നുമാണ് ഒരു വാമൊഴി ഐതിഹ്യം. ചോരയൊഴുകിപ്പതിച്ച സ്ഥലത്തിന് ചോരക്കുഴിയെന്നും പേരുണ്ടായത്രെ.

മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജ്യം വിസ്തൃതമാക്കുന്നതിനു മുമ്പ് വടക്കുംകൂർ രാജാക്കൻമാരുടെ അധികാരപരിധിയിലായിരുന്നു കൂത്താട്ടുകുളം പ്രദേശം. ഓണക്കൂർ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന അവരുടെ ആയോധനക്കളരി നിലനിന്നിരുന്ന പ്രദേശം ക്രമേണ 'പയറ്റ്കളം', പയറ്റക്കളം എന്നീ പേരുകളിലറിയപ്പെടുകയും അവസാനം പൈറ്റക്കുളമായി മാറുകയും ചെയ്തുവെന്നാണ് വിശ്വസിക്കുന്നത്. ആനപിടുത്തം തൊഴിലാക്കിയിരുന്ന കീഴക്കൊമ്പിൽ കുടുംബത്തിൽ പെട്ട ചിലർ ഇലഞ്ഞിയിൽ നിന്നും കുടിമാറ്റം നടത്തിയ സ്ഥലമാണ് പിന്നീട് കിഴകൊമ്പായി മാറിയെന്നതാണ് അവിടത്തെ സ്ഥലപുരാണം. ആധുനിക രാഷ്ട്രീയ ചരിത്രങ്ങൾക്കപ്പുറം ബുദ്ധ, ജൈന കാലഘട്ടത്തിന്റെ സാംസ്ക്കാരിക പാരമ്പര്യങ്ങളും അവകാശപ്പെടാനുള്ള ഒരു പ്രദേശമാണ് കൂത്താട്ടുകുളമെന്ന് പ്രശസ്ത ഗവേഷകനായ പി. വി. കെ. വാലത്ത് 'കേരളത്തിലെ സ്ഥലചരിത്രങ്ങൾ' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്.

മൂവാറ്റുപുഴ താലൂക്കിലെ 2318.71 ഹെക്ടർ സ്ഥലത്ത് രൂപീകൃതമായ കൂത്താട്ടുകുളം വില്ലേജ് മുഴുവൻ ഉൾപ്പെട്ടതാണ് ഇന്നത്തെ കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്. മൂവാറ്റുപുഴയിൽ നിന്നും 17 കി. മീറ്റർ തെക്കും കോട്ടയത്തുനിന്ന് 38 കി. മീറ്റർ വടക്കും സ്ഥിതിചെയ്യുന്ന ഈ ഗ്രാമപഞ്ചായത്തിൽകൂടി എം. സി. റോഡ് കടന്നുപോകുന്നു. ഇവിടെനിന്ന് എറണാകുളത്തിന് പിറവം വഴി 50 കി. മീറ്ററും പാലാ, തൊടുപുഴ പ്രദേശങ്ങളിലേക്ക് 18 കി. മീറ്ററുമാണ് ദൈർഘ്യം.

എറണാകുളം ജില്ലയുടെ തെക്കു കിഴക്കേയറ്റത്ത് കോട്ടയം, ഇടുക്കി ജില്ലകളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്തെ പ്രധാന പട്ടണം കൂത്താട്ടുകുളമാണ്. ഒരിക്കൽ കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന ഈ പ്രദേശത്തിന്റെ അയൽപഞ്ചായത്തുകൾ പാലക്കുഴ, തിരുമാറാടി, വെളിയന്നൂർ, ഇലഞ്ഞി എന്നിവയാണ്. ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ ഇവിടത്തെ വാർഷികവരുമാനം ഇരുപത് ലക്ഷത്തിൽപരം രൂപയാണ്. നാണ്യവിളകൾ മുഖ്യമായി റബ്ബർ, നാളികേരം, അടക്ക, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക് തുടങ്ങിയവയാണ്. ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരം കൃഷിക്കാരും.

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിൽ അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും, രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും, മൂന്ന് ഹൈസ്കൂളുകളുമുണ്ട്. ഗവൺമെന്റ് അലോപ്പതി ആശുപത്രി, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി എന്നിവ കൂടാതെ സഹകരണാശുപത്രി ദേവമാതാ, ഗുഡ്‌വിൽ, ആയുസ് എന്നിവയാണ് ഇവിടത്തെ പ്രധാന വൈദ്യശുശ്രൂഷാകേന്ദ്രങ്ങൾ. പോലീസ് സ്റ്റേഷൻ, പോസ്റ്റ് ആൻഡ് ടെലഗ്രാഫ് ഓഫീസ്, ടെലഫോൺ സബ്ഡിവിഷൻ ഓഫീസ്, ടെലികോം സെന്റർ, സബ്-ട്രഷറി, പൊന്നും

വില തഹസീൽദാർ ഓഫീസ്, റവന്യൂ ഇൻസ്പെക്ടർ ഓഫീസ്, വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, മൈനർ ഇറിഗേഷൻ ഓഫീസ്, വാട്ടർ അതോറിട്ടി ഓഫീസ്, എം.വി.ഐ.പി. ഓഫീസുകൾ, പി.ഡബ്ല്യു.ഡി. ഓഫീസുകൾ, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ മേജർ സെക്ഷൻ ഓഫീസ്, ഏ.ഇ.ഓ. ഓഫീസ്, 66 കെ.വി. സബ്സ്റ്റേഷൻ, വെറ്റിനറി ഹോസ്പിറ്റൽ, കെ.റ്റി. ജേക്കബ് മെമ്മോറിയൽ ടൗൺഹാൾ, ഇൻസ്പെക്ഷൻ ബംഗ്ലാവ്, ടൂറിസ്റ്റ് ബംഗ്ലാവ്, കൃഷിഭവൻ എന്നീ സ്ഥാപനങ്ങളും കൂത്താട്ടുകുളത്ത് സ്ഥിതിചെയ്യുന്നു. ഒട്ടേറെ സഹകരണസ്ഥാപനങ്ങൾകൊണ്ട് ഈ പ്രദേശം അനുഗൃഹീതമാണ്. കൂത്താട്ടുകുളം ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്, എറണാകുളം ജില്ലാ സഹകരണബാങ്കിന്റെ ശാഖ, വിവിധ സഹകരണസ്റ്റോറുകൾ, ഗവ: സർവ്വന്റ്സ് സഹകരണസംഘം, ഭവന നിർമ്മാണ സഹകരണസംഘം, ഹരിജൻ വിവിധോദ്ദേശ സഹകരണസംഘങ്ങൾ, ക്ഷീരവ്യവസായ സഹകരണസംഘം, സഹകരണാശുപത്രി എന്നിവയാണ് പ്രധാന സഹകരണസ്ഥാപനങ്ങൾ. പ്രാദേശികമായ ധാരാളം ബാങ്കിംഗ് സ്ഥാപനങ്ങൾ കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നിവയുടെ ശാഖകളും ഇവിടെ പ്രവർത്തിക്കുന്നു.

തെക്കേ ഇന്ത്യയിലെ ഏക മാംസസംസ്കരണശാല ഈ പഞ്ചായത്തിൽ ഇടയാറിൽ പ്രവർത്തിക്കുന്നു. ഇവിടത്തെ ഏക പൊതുമേഖല സ്ഥാപനമാണിത്. മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ (M.P.I)യുടെ അധീനതയിലുള്ള ഈ സ്ഥാപനം പഞ്ചായത്തിൽനിന്നും വിട്ടുകൊടുത്ത ഇരുപത്തഞ്ച് ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ സ്വകാര്യ ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ളക്സും കൂത്താട്ടുകുളത്ത് സ്ഥിതി ചെയ്യുന്നു. മലനാടിന്റെയും ഇടനാടിന്റെയും സംഗമവേദിയായ കൂത്താട്ടുകുളം മലഞ്ചരക്കിന്റെ പ്രധാന വിപണനകേന്ദ്രമാണ്. ഇവിടത്തെ ചന്ത വളരെ പ്രസിദ്ധമാണ്. ബുധനാഴ്ച തോറും നടക്കുന്ന കാളച്ചന്തയിൽ ആട്, പോത്ത്, കോഴി, പന്നിക്കുഞ്ഞ് എന്നിവയുടെ കച്ചവടവും നടക്കുന്നു. ദൂരെ സ്ഥലങ്ങളിൽനിന്നുപോലും ആളുകൾ ഇവിടെ എത്തിച്ചേരുന്നു. ശ്രീമൂലം തിരുനാളിന്റെ കാലത്ത് സ്ഥാപിച്ച ഈ ചന്തയുടെ പേര് ശ്രീരാമവർമ്മപുരം മാർക്കറ്റ് എന്നാണ്.

നൂറു വർഷം മുമ്പ് മുതൽക്കുതന്നെ പകുതിക്കച്ചേരി, ആശുപത്രി, സബ്രജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, അഞ്ചലാഫീസ്, സത്രം, റ്റി.ബി., ദേവസ്വം ഓഫീസ്, എക്സൈസ് ഇൻസ്പെക്ടർ ഓഫീസ് തുടങ്ങി ഒരു താലൂക്ക് ആസ്ഥാനത്തിനു താഴെയുള്ള ഭരണസംവിധാനങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രദേശമായിരുന്നു കൂത്താട്ടുകുളം.

പുരാതനമായ ക്ഷേത്രങ്ങളും പള്ളികളും ഈ പ്രദേശത്തിന്റെ പാരമ്പര്യത്തെത്തന്നെ വിളിച്ചറിയിക്കുന്നു. ജീർണ്ണപ്രായമായിക്കൊണ്ടിരിക്കുന്ന കൂത്താട്ടുകുളം മഹാദേവക്ഷേത്രം മാർത്താണ്ഡവർമ്മയുടെ കാലത്ത് രാമയ്യൻ ദളവ പുതുക്കിപ്പണിതു. കൂത്താട്ടുകുളത്തെയും പരിസരപ്രദേശത്തെയും ഭൂസ്വത്തുക്കളത്രയും ഈ ക്ഷേത്രം വകയായിരുന്നു എന്നാണ് പഴയ രേഖകൾ. എൻ.എസ്സ്.എസ്സ് ന്റെ വകയായ ഓണംകുന്ന് ഭഗവതിക്ഷേത്രവും, ഉള്ളാട മഹാസഭ ഭരണനിർവ്വഹണം നടത്തുന്ന അർജ്ജുനൻമല ശിവക്ഷേത്രവും കൂത്താട്ടുകുളത്തിന്റെ പുരാതനചരിത്രത്തിലേക്കുള്ള മാർഗ്ഗദർശികളായി നിലകൊള്ളുന്നു. 1986ൽ വിഗ്രഹ പ്രതിഷ്ഠ നടന്ന സർവ്വമത ആരാധനാകേന്ദ്രമായ ഷിർദ്ദിസായി ക്ഷേത്രവും ഇവിടെയുണ്ട്. വടക്കൻകൂറിന്റെ കാലത്തു സ്ഥാപിച്ച കുന്നത്ത് ദേവസ്വം ക്ഷേത്രം ഇടയാറിൽ നിലനിൽക്കുന്നു.

ചിരപുരാതനവും പ്രശസ്തവുമായ വടകര പള്ളി ചരിത്രപ്രസിദ്ധമാണ്. ഇവിടെ ഇന്ന് രണ്ട് പള്ളികൾ സ്ഥിതി ചെയ്യുന്നു. ഒന്ന് യാക്കോബായ സമുദായം വകയും മറ്റേത് കത്തോലിക്കാ സമുദായം വകയും. പത്താം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് ഇവിടെ ആദ്യത്തെ പള്ളി സ്ഥാപിച്ചത്. 1953ലെ കൂനൻകുരിശ് സത്യത്തിനുശേഷം സഭ പുത്തൻകൂറെന്നും, പഴയ കൂറെന്നും രണ്ടായി പിരിഞ്ഞു. എങ്കിലും ഇരുവിഭാഗവും സൗഹാർദ്ദത്തോടുകൂടി ഏകദേശം 125 വർഷം ഒരു പള്ളിയിൽ തന്നെ ആരാധന നടത്തിപ്പോന്നു.

കൂത്താട്ടുകുളത്തിന് അഭിമാനിക്കത്തക്ക ഒരു സാംസ്ക്കാരിക പാരമ്പര്യമുണ്ട്. പ്രശസ്ത സാഹിത്യകാരനും ചിന്തകനുമായിരുന്ന സി.ജെ. തോമസ്സും, അദ്ദേഹത്തിന്റെ സഹോദരിയും കവയിത്രിയുമായ കൂത്താട്ടുകുളം മേരി ജോണും ഈ നാട്ടുകാരാണ്. പ്രശസ്ത ഫോട്ടോഗ്രാഫറും, കലാകാരനുമായിരുന്ന ജേക്കബ് ഫിലിപ്പ് കൂത്താട്ടുകുളത്തിന്റെ അഭിമാനഭാജനമാണ്. പണ്ഡിതനും, വാഗ്മിയും, സാഹിത്യമർമ്മജ്ഞനുമായിരുന്ന റൈറ്റ് റവ: ഏബ്രഹാം വടക്കേൽ ഈ നാട്ടുകാരനാണ്. പ്രൊ. ഉലഹന്നൻ മാപ്പിളയുടെ പ്രശസ്തിയും കൂത്താട്ടുകുളംകാർക്ക് അവകാശപ്പെടാവുന്നതാണ്.

കൊല്ലവർഷം 1074ൽ റ്റി.കെ. മാധവന്റെ നേതൃത്വത്തിലുള്ള മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ കടന്നുവരവോടെ ഈ പ്രദേശത്ത് സംഘടിതപ്രവർത്തനത്തിന് തുടക്കം കുറിച്ചു. നാണ്യവിളകൾക്കൊപ്പം വിപ്ലവപുരോഗമനാശയങ്ങളും തഴച്ചുവളർന്ന ഈ മണ്ണ് നിരവധി രാഷ്ട്രീയസമരങ്ങളുടെ തീച്ചൂളയായിരുന്നു. കേരളത്തിലെ ഇരുപതിനായിരത്തോളം സ്വാതന്ത്ര്യസമരസേനാനികളിൽ ഇരുനൂറിലെറെ പേർ ഇന്നാട്ടുകാരായിരുന്നുവെന്നുള്ളത് ഈ നാടിന്റെ സമരപാരമ്പര്യത്തിന്റെ തെളിവാണ്. 1947ൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം തിരുവനന്തപുരം സെൻട്രൽ ജയിലിൽനിന്നും പുറത്തുവന്ന രാഷ്ട്രീയ തടവുകാരിൽ നല്ല ശതമാനം കൂത്താട്ടുകുളംകാരായിരുന്നു എന്നുള്ളത് ഇവിടത്തെ രാഷ്ട്രീയ പാരമ്പര്യത്തിന്റെ തെളിവാണ്. നിവർത്തനപ്രസ്ഥാനത്തിന്റെ കാലം മുതൽ തിരുക്കൊച്ചിയിലെ പ്രഗത്ഭ രാഷ്ട്രീയ നേതാക്കളായ സി. കേശവൻ, ടി.എം. വർഗ്ഗീസ്, പട്ടം താണുപിള്ള, ആനി മസ്ക്രീൻ, കുമ്പളത്ത് ശങ്കുപ്പിള്ള, അക്കാമ്മ ചെറിയാൻ തുടങ്ങിയവർ ഇവിടെ പ്രസംഗിക്കുവാനും പ്രവർത്തിക്കുവാനും എത്തിയിട്ടുണ്ട്.

ഉത്തരവാദ ഭരണ പ്രക്ഷോഭകാലത്ത് അന്നത്തെ ദിവാൻ സർ സി.പി. രാമസ്വാമിക്കെതിരെ കടുത്ത ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് തയ്യാറാക്കിയ മെമ്മോറാണ്ഡം, നിരോധനം ലംഘിച്ച്, ചൊള്ളമ്പേൽ പിള്ളയും (സി.ജെ. ജോസഫ്), റ്റി.കെ. നീലകണ്ഠനും, 1939 ജനുവരി 16ന് കൂത്താട്ടുകുളം വി.എം. സ്കൂൾ മൈതാനത്ത് പരസ്യമായി വായിച്ചു. ഇരുവരെയും അറസ്റ്റു ചെയ്ത് ഇരുമ്പഴിക്കുള്ളിലാക്കി. പോലീസ് മർദ്ദനമേറ്റ് മരിച്ച ചോള്ളമ്പേൽ പിള്ള സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭത്തിലെ ആദ്യത്തെ അറിയപ്പെടുന്ന രക്തസാക്ഷികളിൽ ഒരാളാണ്.


രണ്ടാം ലോകമഹായുദ്ധം സൃഷ്ടിച്ച പട്ടിണിയും ക്ഷാമവും നേരിടാൻ സർ. സി.പി. യുടെ സർക്കാർ ഏർപ്പെടുത്തിയ നെല്ലെടുപ്പ് നിയമത്തിനെതിരെ ഈ പ്രദേശത്തെ ചെറുകിടകർഷകർ ചേർന്നുണ്ടാക്കിയ കർഷകപ്രസ്ഥാനം ഈ നാടിന്റെ ഗതി മാറ്റി. അക്കാലത്തുതന്നെ എക്സൈസുകാരിൽനിന്നും, ഷാപ്പുടമകളിൽനിന്നും നിരന്തരം ശല്യം സഹിച്ചുവന്നിരുന്ന ചെത്തുതൊഴിലാളികൾ 1945ൽ കൂത്താട്ടുകുളത്ത് യോഗം ചേർന്ന് സംഘടിതകർഷകരോടും കർഷകതൊഴിലാളികളോടും അണിചേർന്നു. വൈകാതെ കമ്യൂണിസ്റ്റു പ്രസ്ഥാനം ഇവിടെ വേരുപിടിച്ചു. പി. കൃഷ്ണപിള്ള, ഏ.കെ.ജി., ഇ.എം.എസ്., അച്യുതമേനോൻ, എം.എൻ ഗോവിന്ദൻനായർ തുടങ്ങിയ നേതാക്കളെല്ലാം രാഷ്ട്രീയപ്രവർത്തനം നടത്തിയിട്ടുണ്ട്. സി.പി.യുടെ അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ വടകര സെന്റ് ജോൺസ് ഹൈസ്കൂൾ 1947 ഓഗസ്റ്റ് 1ന് പ്രതിഷേധപ്രകടനം നടത്തി. അന്ന് പോലീസ് ലാത്തിചാർജ്ജിൽ പരിക്കേറ്റ് 35 ഓളം വിദ്യാർത്ഥി വിദ്യാർത്ഥികൾ കുത്താട്ടുകളത്തെ തെരുവിൽ വീണു. അങ്ങനെ ഉത്തരവാദ പ്രക്ഷോഭകാലത്തെ അവസാന മർദ്ദനത്തിനും കൂത്താട്ടുകളം സാക്ഷ്യം വഹിച്ചു.

കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിന്റ ചരിത്രം 1912 ജൂലൈ 12 (1087 മിഥുനം 13)ന് ആരംഭിച്ച വെർണക്കുലർ മലയാളം സ്കൂളിൽനിന്നും (V.M. സ്കൂൾ) ആരംഭിക്കുന്നു. ഇന്ന് ഈ പഞ്ചായത്തിൽ 9 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ മേഖലയിലും കൂത്താട്ടുകുളം മികവ് തെളിയിച്ചിട്ടുണ്ട്. ശ്രീനാരായണ പ്രസ്ഥാനങ്ങളും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും ഈ രംഗത്ത് തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. രണ്ടുതവണ ദിവാൻഭരണം കണ്ടുകെട്ടിയ ശിവരാജപാണ്ഡ്യൻ മെമ്മോറിയൽ വായനശാല ഈ പ്രദേശത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ഉണർവ്വിന് കളമൊരുക്കിയിട്ടുണ്ട്. ഇതിന്റെ പിൻഗാമിയായി സി.ജെ സ്മാരക ലൈബ്രറി നിലനിൽക്കുന്നു. 1961ൽ രൂപം കൊണ്ട സി.ജെ. സ്മാരക പ്രസംഗസമിതി കൂത്താട്ടുകുളത്തെ കേരളത്തിലെ എണ്ണപ്പെട്ട കലാസാഹിത്യപഠനവേദിയാക്കി. ഇത് ഈ നാടിന്റെ യശ്ശസ് വർദ്ധിപ്പിച്ചു. ടിക്കറ്റു വച്ച് പ്രസംഗം നടത്തുന്ന ഏകസ്ഥലം കൂത്താട്ടുകുളമാണ്. സംസ്ഥാനതലത്തിൽ പ്രവർത്തിച്ച് പേരുകേട്ട നവജീവൻ ആർട്സ് ക്ലബ്ബ്, ആർട്ട് ഹോം തുടങ്ങിയ സംഘടനകൾ ഈ മണ്ണിലാണ് രൂപം കൊണ്ടത്. ഇന്ന് കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 4 വായനശാലകളും 30ലധികം സാംസാകാരിക സംഘടനകളും പ്രവർത്തിക്കുന്നു. ഇന്ത്യയുടെ ശാപമായ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് ജനപങ്കാളിത്തത്തോടെ നടത്തേണ്ട കർമ്മപദ്ധതിയുടെ പരീക്ഷണം 1989ൽ എറണാകുളം ജില്ലയിൽ നടത്തിയപ്പോൾ കൂത്താട്ടുകുളം പഞ്ചായത്ത് ആ യജ്ഞത്തിൽ പങ്കുചേർന്നു.

തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും വിവിധ ഭാഗങ്ങളിൽ സാമൂഹ്യാനാചാരങ്ങൾക്കതിരായ സംഘടിത സമരങ്ങൾ വളർന്നുവന്ന കാലത്ത് കൂത്താട്ടുകുളത്തും അടിച്ചമർത്തപ്പെട്ട അവർണ്ണ ജനവിഭാഗങ്ങളുടെ മോചനത്തിനായി നിരവധി പ്രക്ഷോഭ സമരങ്ങൾ നടക്കുകയുണ്ടായി. വൈക്കം സത്യാഗ്രഹത്തിൽ ഒരു വാളണ്ടിയറായി പങ്കെടുക്കുകയും അവിടെവച്ച് സവർണ്ണ ഗുണ്ടകൾ

കണ്ണിൽ ചുണ്ണാമ്പെഴുതി പീഡിപ്പിക്കുകയും ചെയ്ത കീഴേട്ട് രാമൻ ഇളയതിന്റെ നേതൃത്വത്തിലായിരുന്നു കൂത്താട്ടുകുളത്തും സമീപപ്രദേശങ്ങളിലും ഹരിജനോദ്ധാരാണത്തിനും അയിത്തോച്ചാടനത്തിനും വേണ്ടിയുള്ള സംഘടിതസമരങ്ങൾ വളർന്നുവന്നത്. അത്തരം സമരങ്ങളുടെ തുടർച്ചയെന്നവണ്ണം സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളും ഇവിടെ കൊടുമ്പിരികൊണ്ടു ഐ.എം. വർക്കി, കെ.റ്റി.ജേക്കബ്, ചൊള്ളമ്പേൽ പിള്ള, കെ.വി.ജോൺ, ഡേവിഡ് രാജൻ, പി.ജെ. സ്കറിയ, ജോസഫ് സാർ, സി.എം.കുര്യൻ, സി. ഐ. ആൻഡ്രൂസ്, മാത്യു ജോൺ തുടങ്ങിയ പ്രക്ഷോഭക നേതൃത്വം മുൻനിരയിലുണ്ടായിരുന്നു. കൊടിയ മർദ്ദനവും ജയിൽ ശിക്ഷയും അനുഭവിച്ചിട്ടുള്ളവരിവിടെ നിരവധിയാണ്. 'രക്തസാക്ഷികളുടെ നാട് ' എന്ന വിശേഷണം പോലും കൂത്താട്ടുകുളത്തിനുണ്ട്.

കഴിഞ്ഞകാലചരിത്രം പരിശോധിക്കുമ്പോൾ കൂത്താട്ടുകുളം പഞ്ചായത്ത് കുടിവെള്ളം, വസ്ത്രം, പാർപ്പിടം, ഗതാഗതം തുടങ്ങിയ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ എടുത്തുപറയാവുന്നതാണ്. ഒരു പഞ്ചായത്ത് സ്വന്തമായി ശുദ്ധജലവിതരണ പദ്ധതി ഏർപ്പെടുത്തിയത് ഇവിടെയാണ്. ചുരുക്കത്തിൽ സമ്പന്നമായ ഒരു ഭൂതകാല പശ്ചാത്തലം നിലനിൽക്കുമ്പോഴും വികസനത്തിനായി ഇനിയും നാം മുന്നേറേണ്ടതുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് പുരോഗതി ഉണ്ടായിട്ടും നമ്മുടെ ഉത്പാദനമേഖല മുരടിച്ചുനിൽക്കുന്നതും തൊഴിലില്ലായ്മ പെരുകുന്നതും നാം കാണുന്നു. ഇനിയുള്ള പ്രയത്നം സാമ്പത്തിക നേട്ടം കൈവരിക്കുന്നതിലാവട്ടെ. അതിലേക്കുള്ള നമ്മുടെ യാത്രയിൽ ഇന്നലെകളുടെ മാതൃക നമുക്ക് ശക്തി ശ്രോതസ്സുകളാവട്ടെ.




കൂത്താട്ടുകുളം ഉഴവൂർ തോടുകളുടെ നീർമറി പ്രദേശം. 44 ച. കി. മീ.

214

# ഭൂപ്രകൃതിയും വിഭവങ്ങളും

## 1. ഭൂപ്രകൃതി

എറണാകുളം ജില്ലയുടെ കിഴക്കുഭാഗത്തുള്ള അതിർത്തിഗ്രാമമാണ് കൂത്താട്ടുകുളം. സമുദ്രനിരപ്പിൽനിന്ന് 100 മീറ്ററിലധികം ഉയരം വരുന്ന കുന്നുകളും അതിനിടയിലെ രണ്ട് താഴ്വരകളും ചേർന്നാണ് ഈ ഗ്രാമപ്രദേശം രൂപപ്പെട്ടിരിക്കുന്നത്. കൂത്താട്ടുകുളം ഗ്രാമപ്രദേശത്തെ രണ്ട് താഴ്വരകളായി തിരിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന ഏറ്റവും വലിയ കുന്നായ അർജ്ജുനൻ മലയ്ക്ക് സമുദ്രനിരപ്പിൽനിന്ന് 130 മീറ്റർ ഉയരമുണ്ട്. താഴ്വരകൾ രണ്ടും കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ക്രമേണ ഉയരം കുറഞ്ഞുവരുന്ന ചരിവു പ്രദേശമാണ്. തെക്കുഭാഗത്തുള്ള വലിയ താഴ്വര കോട്ടയം ജില്ലയിലെ ഉഴവൂർ പ്രദേശം വരെ നീണ്ടുകിടക്കുന്നു. ഇവിടെനിന്നുത്ഭവിക്കുന്ന ഉഴവൂർ തോട് വെളിയന്നൂർ പഞ്ചായത്ത് പ്രദേശവും കടന്ന് കൂത്താട്ടുകുളത്ത് എത്തുന്നു. അർജ്ജുനൻ മലയുടെ തെക്കൻ ചരിവിലുള്ള ചെറിയതോട് ചോരക്കുഴി ഭാഗത്ത് ഉഴവൂർ തോടുമായി ചേരുന്നു. പ്രധാന തോട് രാമപുരം പഞ്ചായത്തിലെ താമരക്കാടുനിന്ന് ഉത്ഭവിച്ച് കൂത്താട്ടുകുളം ടൗണിന് ഒരു കിലോമീറ്റർ താഴെ ഉഴവൂർ തോടുമായി ചേരുന്നു. രണ്ടു തോടും കൂടി വലിയതോട് എന്ന പേരിൽ ഈ പഞ്ചായത്തിലെ കിഴകൊമ്പ്, ഇടയാർ പ്രദേശത്തിലൂടെ കടന്ന് അടുത്ത പഞ്ചായത്ത് പ്രദേശങ്ങളായ തിരുമാറാടി, ഓണക്കൂർ, പിറവം എന്നിവിടങ്ങളിലൂടെ ഒഴുകി മുവാറ്റുപുഴ നദിയിൽ ചേരുന്നു.

വടക്കുഭാഗത്ത് കീരികുന്ന് (+123), തളിക്കണ്ടം, കുങ്കുമശ്ശേരി, വാളായിക്കുന്ന് മലകളും, കിഴക്കുഭാഗത്ത് കോഴിപ്പിള്ളി, പൂവക്കുളം മലകളും (+140), തെക്കുഭാഗത്ത് ചമ്പമലയും (+150) ആട്ടക്കുന്ന് - നരിപ്പാറ വേളുമലയും (+189), മദ്ധ്യഭാഗത്തായി അർജ്ജുനൻ മല, വള്ളിയാങ്കമല, എരുമക്കുളം, നെടുമ്പാറ, മുട്ടുമുഖം മലകളും അമ്പാട്ടുകുന്ന്, തുറപ്പാറ മുതലായ കുന്നിൻ പ്രദേശങ്ങളും ചോരക്കുഴി, കിഴകൊമ്പ്, ഇടയാർ, വടകര, പൈറ്റക്കുളം എന്നീ താഴ്വരകളും ചേർന്നതാണ് കൂത്താട്ടുകുളം പഞ്ചായത്ത് പ്രദേശം.

കേരളത്തെ 13 കാർഷിക മേഖലകളായി തിരിച്ചിട്ടുള്ളതിൽ സെൻട്രൽ മിഡ്ലാൻഡ് സോൺ വിഭാഗത്തിൽ പെടുന്ന ഭൂപ്രകൃതിയാണ് കൂത്താട്ടുളത്തിന്റേത്. വലിയ ചതുപ്പുകൾ ഈ പ്രദേശത്ത് ഇല്ല. മലമുകളിലും ചരിവുകളിലും പാറക്കെട്ടുകൾ ഉണ്ട്. പാറക്കെട്ടിനോട് ചേർന്ന ഭാഗങ്ങളിലെ മൺപാളികൾ ഘനം കുറഞ്ഞവയാണ്. കുന്നിൻമുകളിലും ചരിവുകളിലും മുഴുവൻതന്നെ റബ്ബർ കൃഷി ചെയ്തിരിക്കുന്നു. ഇടക്ക് ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, ആഞ്ഞിലി, മുതലായവയും, തേക്കും ഉണ്ട്. തോടിനോട് ചേർന്ന് നെൽപ്പാടങ്ങളും അതിനടുത്ത ഉയർന്ന തട്ടുകളിൽ തെങ്ങും റബ്ബറും ഇടകലർന്ന് കൃഷി ചെയ്തിട്ടുണ്ട്.

നിർമ്മാണ വസ്തുക്കളായ കരിങ്കൽ, ചെങ്കൽ ഖനന പ്രദേശങ്ങളും ഇവിടെ ഉണ്ട്. തോടുകളിൽ മണൽ വന്ന് അടിയുന്നതുകൊണ്ട് തോടിന്റെ ആഴം പല ഭാഗത്തും വളരെ കുറഞ്ഞിട്ടുണ്ട്.

താഴ്വരയുടെ മദ്ധ്യഭാഗത്തുനിന്ന് അല്പം കിഴക്കുമാറി തെക്കുവടക്കു കിടക്കുന്ന എം. സി. റോഡും (189 കിലോ മീറ്ററിനും 192 കിലോ മീറ്ററിനും ഇടയിൽ വരുന്ന ഭാഗം) പടിഞ്ഞാറ് പിറവം, എറണാകുളവുമായി യോജിക്കുന്ന റോഡും, കിഴക്ക് രാമപുരം പാല എന്നിവിടങ്ങളുമായി യോജിക്കുന്ന റോഡും ഇവിടെ സംഗമിക്കുന്നു. ഒരു വലിയ വാണിജ്യമേഖലയായി രൂപാന്തരപ്പെട്ട കൂത്താട്ടുളത്തെ ടൗണിനോട് ചേർന്നു കിടക്കുന്ന തോട്ടിലെ ജലം മലിനീകരിക്കപ്പെടുന്നു. മഴക്കാലം കഴിയുന്നതോടെ മലിനീകരണ സാന്ദ്രത കൂടുകയും തൽഫലമായി തോട്ടിലെ ജലം കുളിക്കുന്നതിനും അതുപോലുള്ള മറ്റാവശ്യങ്ങൾക്കും പ്രയോജനപ്പെടാത്തതായി മാറുന്നു.

215

# 2. കാലാവസ്ഥ

ട്രോപ്പിക്കൽ കാലാവസ്ഥാ വിഭാഗത്തിൽ പെടുന്ന ഈ പ്രദേശത്തെ റിലേറ്റീവ് ഹ്യുമിഡിറ്റി 70% ആണ്. ഇടവപ്പാതിയും തുലാവർഷവും കൂടി 90% മഴ ലഭിക്കുന്നു.

**മഴയുടെ അളവ് മാസാടിസ്ഥാനത്തിൽ (മി. മീറ്റർ സ്കെയിൽ)**

| മാസം | പാമ്പാക്കുട ബ്ലോക്ക് പ്രദേശം | മൂവാറ്റുപുഴ നദീതടം |
|---|---|---|
| ജനുവരി | 15 | 16.75 |
| ഫെബ്രുവരി | 17 | 24.40 |
| മാർച്ച് | 41 | 57.65 |
| ഏപ്രിൽ | 134 | 169.65 |
| മെയ് | 318 | 323.35 |
| ജൂൺ | 740 | 654.80 |
| ജൂലൈ | 721 | 683.60 |
| ആഗസ്റ്റ് | 451 | 447.30 |
| സെപ്തംബർ | 228 | 449.85 |
| ഒക്ടോബർ | 312 | 391.65 |
| നവംബർ | 172 | 189.75 |
| ഡിസംബർ | 45 | 53.60 |
| മൊത്തം | 3254 | 3462.25 |

ജനുവരി മുതൽ മെയ് വരെ ലഭിക്കുന്നത് വേനൽ മഴയാണ്. എല്ലാ വർഷങ്ങളിലും ഈ തോതിൽ ലഭിക്കാറില്ല.

ജൂൺ മുതൽ ഓഗസ്റ്റ് വരെ മൊത്തം ലഭിക്കുന്ന ഇടവപ്പാതി 1912

സെപ്തംബർ മുതൽ നവംബർ വരെ മൊത്തം ലഭിക്കുന്ന തുലാവർഷം 772

**ഊഷ്മാവ് 1994ലെ കണക്ക് പ്രകാരം**

| മാസം | കൊച്ചി | | കോട്ടയം | |
|---|---|---|---|---|
| | കൂടിയത് | കുറഞ്ഞത് | കൂടിയത് | കുറഞ്ഞത് |
| ജനുവരി | 30.80 | 22.90 | 32.20 | 22.10 |
| ഫെബ്രുവരി | 31.60 | 24.70 | 33.00 | 22.90 |
| മാർച്ച് | 32.40 | 25.30 | 34.00 | 24.10 |
| ഏപ്രിൽ | 32.50 | 25.20 | 33.40 | 24.00 |
| മെയ് | 32.20 | 26.00 | 32.80 | 23.50 |
| ജൂൺ | 30.00 | 24.10 | 29.50 | 21.10 |
| ജൂലൈ | 29.30 | 23.40 | 29.10 | 20.80 |
| ആഗസ്റ്റ് | 29.50 | 23.90 | 30.10 | 22.00 |
| സെപ്തംബർ | 30.80 | 24.30 | 32.10 | 23.70 |
| ഒക്ടോബർ | 30.90 | 23.80 | 31.50 | 23.50 |
| നവംബർ | 31.70 | 24.20 | 32.10 | 24.00 |
| ഡിസംബർ | 31.90 | 22.90 | 32.70 | 23.70 |

## റിലേറ്റീവ് ഹ്യുമിഡിറ്റി

| | കൊച്ചി IST | | കോട്ടയം IST | |
|---|---|---|---|---|
| | 8.30 | 17.30 | 8.30 | 17.30 |
| ജനുവരി | 75 | 64 | 52 | 67 |
| ഫെബ്രുവരി | 82 | 67 | 81 | 63 |
| മാർച്ച് | 78 | 69 | 74 | 61 |
| ഏപ്രിൽ | 79 | 76 | 77 | 66 |
| മെയ് | 82 | 75 | 78 | 65 |
| ജൂൺ | 93 | 85 | 91 | 80 |
| ജൂലൈ | 93 | 86 | 93 | 82 |
| ആഗസ്റ്റ് | 91 | 82 | 89 | 75 |
| സെപ്തംബർ | 85 | 79 | 80 | 68 |
| ഒക്ടോബർ | 84 | 79 | 86 | 75 |
| നവംബർ | 78 | 72 | 82 | 67 |
| ഡിസംബർ | 71 | 61 | 84 | 65 |

# 3. ജലലഭ്യത

ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 23.18 ച.കി.മീറ്ററാണ്. എം.സി. റോഡിലുള്ള കൂത്താട്ടുകുളം ടൗൺ കലുങ്കിന് മുകൾഭാഗത്ത് നീർത്തടവിസ്തീർണ്ണം 7.75 ച.കി.മീറ്ററും വലിയ തോടിന്റെ ഇടയാർ ഭാഗത്തുവരുന്ന ചിറയുടെ (ക്രോസ്ബാർ) മുകൾഭാഗത്ത് മൊത്ത നീർതടവിസ്തീർണ്ണം 44 ച.കി.മീറ്ററുമാണ്. വലിയ തോടുവഴി ഒഴുകുന്ന ജലം ഈ ചിറഭാഗത്ത് എത്തുമ്പോൾ ഇടവപ്പാതി സമയത്ത് 336 ലക്ഷം ഘനമീറ്ററും തുലാവർഷസമയത്ത് 136 ലക്ഷം ഘനമീറ്ററുമാണ്. ഈ ജലസമ്പത്ത് തടഞ്ഞുനിർത്തി ദീർഘകാലത്തേക്ക് സംഭരിക്കാൻ കഴിയുന്ന പ്രകൃതിദത്ത സൗകര്യങ്ങളൊന്നും ഇവിടെയില്ല. നിലവിലുള്ള ക്രോസ്ബാർ വഴി കുറെയൊക്കെ തോടിനുള്ളിൽ സംഭരിച്ചുനിർത്താൻ കഴിയും. മലയിടുക്കുകളിലെ ഓലികളും. ദീർഘകാലത്ത് ഉതകുന്ന ജലസംഭരണികളാക്കി മാറ്റാൻ കഴിയുന്നവയല്ല.

താഴ്വരയിലെ തോടുകളിൽ ജലമുയർത്തി സമീപപാടങ്ങളിൽ കൃഷിചെയ്യുന്നതിന് ക്രോസ്ബാറുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ മഴക്കാലത്തിനുശേഷം ദീർഘകാലത്തേക്ക് നീരൊഴുക്ക് നിലനിർത്താനാകുന്നില്ല. കുടിവെള്ളത്തിന് ഈ പഞ്ചായത്തിൽ ഭൂഗർഭജലം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടുതൽ കുഴൽ കിണറുകൾക്ക് ഇവിടെ സാദ്ധ്യതയുണ്ട്. ഗുണനിലവാരം മോശമായ കുഴൽകിണറുകളും നിലവിലുണ്ട്.

**ആഴത്തിൽ** വേരോട്ടം ഉണ്ടായിരുന്ന വൻമരങ്ങളും ഫലവൃക്ഷങ്ങളും കൊണ്ട് നിബിഢമായിരുന്നു ഇവിടുത്തെ കുന്നിൻചെരിവുകൾ, ഈ ചെരിവുകൾ റബ്ബർകൃഷിക്ക് വഴിമാറിയതുകൊണ്ട് മണ്ണിൽ ആഴത്തിൽ ജലം സംഭരിക്കുന്നില്ല. കിണറുകളിലും കുളങ്ങളിലും മുമ്പ് ഉണ്ടായിരുന്നതുപോലുള്ള നീരൊഴുക്ക് ഇപ്പോൾ ഇല്ല. അടുത്തടുത്ത് നിർമ്മിക്കപ്പെട്ട കുളങ്ങളും വർദ്ധമാനരീതിയിലുള്ള പമ്പിംഗും ചുരുങ്ങിയ സമയം കൊണ്ട് ജലസ്ത്രോതസ്സുകൾ വറ്റിപ്പോകാൻ കാരണമാകുന്നു.

മുവാറ്റുപുഴ നദീതടജലസേചന പദ്ധതിയുടെ പരിധിയിൽ വരുന്ന ഈ പഞ്ചായത്തു പ്രദേശത്തിന്റെ മധ്യഭാഗത്തുകൂടി ഇടതുകര മെയിൻ കനാൽ കടന്നുപോകുന്നു. ഇടതുകര കനാൽ മൂന്നാം ഭാഗത്തിന്റെ ശേഷി ഒരു സെക്കന്റിൽ 17.738 ഘനമീറ്റർ ആണ്. സമുദ്രനിരപ്പിൽനിന്ന് 30 മീറ്റർ വരെ ഉയരമുള്ള പ്രദേശത്ത് ജലം ലഭിക്കുമെന്നുള്ളതുകൊണ്ട് 389 ഹെക്ടർ സ്ഥലത്ത് ജലം കൂടുതലായി സംഭരിക്കപ്പെടും. ഈ പ്രദേശത്ത് നിലവിലുള്ള കുളങ്ങളും കിണറുകളും വറ്റാത്ത അവസ്ഥ ഉണ്ടാകു

കയും തന്മൂലം കൂടുതൽ ഉയർന്ന സ്ഥലത്തേക്ക് പമ്പ് ചെയ്ത് ജലമെത്തിക്കാനുള്ള സാധ്യതയും വളർന്നു വന്നിട്ടുണ്ട്.

**കനാലിന്റെ പരിധിയിൽ വരുന്ന കൂത്താട്ടുകുളം പഞ്ചായത്തിലെ അയക്കട്ട്**

| | |
|---|---|
| നിലം | 230 ഹെക്ടർ |
| പുരയിടം | 159 ,, |
| മൊത്തം | 389 ഹെക്ടർ |

ലഭിക്കേണ്ട ജലം = 389/9663 x 17.738 = 0.714ഘനമീറ്റർ/സെക്കന്റ്

(പ്രൊജക്ട് റിപ്പോർട്ട്: മുവാറ്റുപുഴ നദീതട ജലസേചന പദ്ധതി മെയ് 1990)

**ലിഫ്റ്റ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന സ്ഥലം**

| | |
|---|---|
| നിലം - | 148.5 ഹെക്ടർ |
| പുരയിടം | 426 ,, |
| മൊത്തം | 574 ഹെക്ടർ |
| ലഭിക്കേണ്ട ജലം = | 0.426 ഘനമീറ്റർ/സെക്കന്റ് |

(പ്രൊജക്ട് റിപ്പോർട്ട്: കൂത്താട്ടുകുളം ഉപകനാൽ 1993, സിവിൽ എഞ്ചിനിയറിംഗ് ഡിപ്പാർട്ടു മെന്റ്, മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം). സമുദ്രനിരപ്പിൽനിന്നും 45 മീ. ഉയരത്തിലുള്ള പ്രദേശം വരെ ജലം ലഭിക്കത്തക്കവിധമാണ് ഈ റിപ്പോർട്ടിൽ വിഭാവന ചെയ്തിരിക്കുന്നത്.

## 4. മണ്ണ്

പാടശേഖരങ്ങൾക്ക് തൊട്ടുമുകളിലുള്ള പ്രദേശവും കുന്നിൻചരിവുകളും ലാറ്ററൈറ്റ് വിഭാഗ ത്തിൽപ്പെടുന്ന മൺപാളികളും അതിനുമുകളിൽ ഇളക്കമുള്ള ചരൽ കലർന്ന ചുവന്ന മണ്ണും ജൈവപ ദാർത്ഥങ്ങളും ചേർന്നുള്ളതാണ്. പാറക്കെട്ടുകൾക്ക് തുടർച്ചയായി ക്രിസ്റ്റലൈൻ റോക്ക് ബെൽറ്റുണ്ട്. പാടത്ത് ചെറിയ മണൽത്തരികളും കളിമണ്ണും കൂടിച്ചേർന്നിട്ടുള്ള ഉപരിതലവും താഴോട്ട് ലാറ്ററൈറ്റ് മുതൽ വെളുത്ത കുമ്മായ മണ്ണുപോലുള്ള മൺതരങ്ങളും കണ്ടുവരുന്നു.

## 5. ഭൂവിനിയോഗം

| | | |
|---|---|---|
| കാർഷികഭൂമി - | നിലം - | 325ഹെക്ടർ |
| | പുരയിടം | 1748.54 ഹെക്ടർ |
| | മൊത്തം | 2073.54 ഹെക്ടർ. |
| കാർഷികേതരഭൂമി | | |
| | കൃഷിയോഗ്യത്തിന് | 102 ഹെക്ടർ |
| | കൃഷിയോഗ്യമല്ലത്തത് | 68.70 ഹെ. |
| | പുറമ്പോക്ക് മൈതാനങ്ങൾ, കാവുകൾ | 44.88 ഹെ. |
| | റോഡ് | 28.93 ഹെ. |
| | മൊത്തം | 244.46 ഹെക്ടർ |
| | **ആകെ വിസ്തൃതി -** | **2318 ഹെക്ടർ** |

മൊത്തവിളകൾ സംബന്ധിച്ച വിവരങ്ങളും അവയുടെ വിസ്തൃതിയും കൃഷിവിഭാഗത്തിൽ ചേർത്തി ട്ടുണ്ട്.

## 6. ജൈവസമ്പത്ത്

കുറ്റിക്കാടുകളും വൻവൃക്ഷങ്ങളും നിറഞ്ഞ നിബിഢമായ പ്രദേശങ്ങൾ ഉൾപ്പെട്ട ഒരു ഭൂവിഭാഗ മായിരുന്നു. കൃഷി വ്യാപിക്കുകയും വിളക്രമത്തിൽ റബ്ബറിന് പ്രാമുഖ്യം വരികയും ചെയ്തതോടെ ജൈവ

സമ്പത്ത് ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായി. ബയോ ഡൈവേഴ്സിറ്റി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ തക്കവിധം സസ്യങ്ങൾ നിലവിലില്ല എങ്കിലും തെങ്ങ്, കമുക്, പ്ലാവ്, വിവിധയിനം മാവുകൾ, ആഞ്ഞിലി, തേക്ക്, അറയാഞ്ഞിലി, തമ്പകം, ഇരിപ്പ, ചേര്, തെള്ളി(വെള്ളപൈൻ), മണിമരുത്, മഹാ: .നി, കശുമാവ്, ആല്, പയ്യാനി, വട്ട, പേഴ്, പൊങ്ങല്യം, പാല, ഇലവ്, അക്കേഷ്യ, മാഞ്ചിയം, ഈട്ടി. ജാതി, ഗ്രാമ്പൂ, പേര, ചാമ്പ, ഞാവൽ, കറിവേപ്പ്, ആര്യവേപ്പ്, ബദാം, മുള്ളുവേങ്ങ, പഞ്ഞിമരം, ഇലവ്, കാഞ്ഞിരം, കറവേങ്ങ, പയ്യാനി, കലയം, വള്ളിച്ചേല, ഓടം, വെണ്ണില്, കുരികില്, മുരിങ്ങ, കറുവപ്പട്ട തുടങ്ങിയ സസ്യജാലങ്ങൾ ഇവിടെയുണ്ട്. അപൂർവ്വം വിട്ടുവളപ്പുകളിൽ ചില ഒറ്റപ്പെട്ട ഔഷധസസ്യങ്ങൾ നിലനിൽക്കുന്നുണ്ട്. കിഴകൊമ്പ് കാവിലും ജൈവവൈവിധ്യം നിലനിൽക്കുന്നുണ്ട്. വൻവൃക്ഷങ്ങളുടെ അഭാവവും ഫലവൃക്ഷങ്ങളുടെ കുറവും പക്ഷികളുടെ നിലനിൽപ്പിനെ ബാധിച്ചിട്ടുണ്ട്.


പക്ഷികളുടെ ഇടയിൽ കാക്ക കൂടുതലായും അതിനോടൊപ്പം പരുന്ത്, നത്ത്, മൂങ്ങ, കിളിതത്ത, പച്ചിലക്കുടുക്ക, പ്രാവ്, മരംകൊത്തി, ഉപ്പൻ(ചെമ്പോത്ത്), കരികില, കാട, കുറുക്കൻ, കാക്കക്കുയിൽ, പുള്ള്, കുയിൽ, മഞ്ഞക്കിളി, കുളക്കോഴി, ഇരട്ടവാലൻ, ഉരണ്ട, ഓലഞ്ഞാലി കുരുവി, കൊക്ക്, വെളിര്, തവിട്ട് കൊക്ക്, വവ്വാൽ എന്നിവയും അപൂർവ്വമായി കാണപ്പെടുന്നു. അണ്ണാൻ, കാട്ടുമുയൽ, ഇഴജന്തുക്കൾ, എലി എന്നിവ കൂടുതലായും കുറുക്കൻ, ഉടുമ്പ്, വെരുക്, പാക്കാൻ എന്നിവ വളരെ വിരളവും എന്ന നിലക്കാണ് വന്യജീവികൾ കാണപ്പെടുന്നത്.

## 7. മനുഷ്യവിഭവം


നാടിന്റെ ഏറ്റവും വലിയ വിഭവമായ മനുഷ്യസമ്പത്തിനെക്കുറിച്ചുകൂടി ഇവിടെ പ്രതിപാദിക്കേണ്ടതുണ്ട്. കാരണം ഗ്രാമതല ആസൂത്രണത്തിന് മനുഷ്യവിഭവശേഷി, മാനുഷിക പ്രശ്നങ്ങൾ, ഗ്രാമത്തിന്റെ സംഘടനാശക്തി, ജനങ്ങളുടെ മൂല്യം എന്നിവയെക്കുറിച്ച് വ്യക്തമായ അറിവ് ആവശ്യമാണ്. സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, ചെറുകിട കർഷകർ, ഭൂരഹിത തൊഴിലാളികൾ, ഗ്രാമീണ കൈത്തൊഴിലുകാർ എന്നിവരെക്കുറിച്ച് ആസൂത്രകർക്ക് വ്യക്തമായ അറിവുണ്ടായിരിക്കണം. 1971ലെ സെൻസസ് പ്രകാരം ഇവിടെ 13605 പേരുണ്ടായിരുന്നത് പത്ത് വർഷം പിന്നിട്ടപ്പോൾ 1452 പേരുടെ വർദ്ധനവോടെ 15057 ആയി. 1991ൽ കണക്കെടുത്തപ്പോൾ വീണ്ടും 1771 പേരുടെ വർദ്ധനവ് ഇവിടത്തെ ജനസംഖ്യയിലുണ്ടായതായി കണ്ടു. നിലവിൽ ഏകദേശം 17700 പേർ ഈ പഞ്ചായത്തിൽ ജീവിച്ചിരിക്കുന്നുവെന്നാണ് ഒരു ഏകദേശ കണക്ക്. പൊതുവെ പറഞ്ഞാൽ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായ ഉയർച്ചയും കുടുംബാസൂത്രണ രംഗത്ത് ഈ പ്രദേശത്തുണ്ടായ ഉണർവ്വും ജനസംഖ്യാ നിയന്ത്രണരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

1991ലെ സെൻസസ് പ്രകാരം 3612 പേർ ഇവിടെ കാർഷികമേഖലകൊണ്ട് ജീവിതം നയിക്കുന്നവരാണ്. എന്നാൽ ഈ മേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മുരടിപ്പ് ജനങ്ങളെ മറ്റു മേഖലകളിലേക്ക് കടക്കുവാൻ പ്രേരിപ്പിക്കുന്നു. തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് സംഭവിക്കുന്നുണ്ടെങ്കിലും അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ ഈ നാട് കൈവരിച്ച നേട്ടങ്ങളുടെ ഫലമായി സ്വയംതൊഴിൽ കണ്ടെത്താനുള്ള പ്രവണത ജനങ്ങളിൽ വളർന്നുവരുന്നുണ്ട്. സാങ്കേതിക ജ്ഞാനത്തിന്റെ അപര്യാപ്തത ഈ ഉദ്യമത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. വെല്ലുവിളികളെ നേരിടാൻ എക്കാലവും ധീരത കാട്ടിയിട്ടുള്ള ഈ പ്രദേശം ഈ രംഗത്തും മുന്നേറുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്
ഭൂപ്രകൃതി.



കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്
സസ്യപ്രകൃതി.



221

കൂത്താട്ടുകുളം

ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

# പ്രാഥമിക മേഖല

# കൃഷി

പഞ്ചവത്സര പദ്ധതികൾ തുടങ്ങുന്നതിന് മുൻപ് നെൽക്കൃഷി ആയിരുന്നു ഇവിടത്തെ മുഖ്യ കാർഷികവൃത്തി. കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും ഉപഭോഗത്തിന് ആവശ്യമുള്ള നെല്ല് ഈ പ്രദേശത്തുനിന്നു തന്നെ ഉൽപ്പാദിപ്പിച്ചിരുന്നു. ആയതിലേക്ക് ഇന്ന് കൃഷിചെയ്യുന്ന സ്ഥലത്തേക്കാൾ കൂടുതൽ പ്രദേശത്ത് നെൽക്കൃഷി ചെയ്തിരുന്നു. ഉയരം കൂടിയ മ്യാൽ സ്ഥലത്ത് തേകി ജലം എത്തിച്ചാണ് കൃഷിചെയ്തിരുന്നത്. വാണിജ്യ ആവശ്യത്തിന് കുരുമുളക്, കമുക്, ഇഞ്ചിപ്പുല്ല് മുതലായവയും നെൽപ്പാടങ്ങൾക്ക് മുകളിലുള്ള തട്ടുകളിൽ ദീർഘകാലവിളയായി കൃഷിചെയ്തിരുന്നു. തെങ്ങ്, റബ്ബർ എന്നിവ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളൂ. തോട്ടവിളയായി തെങ്ങ് രൂപപ്പെട്ടിരുന്നില്ല.

നെൽവിത്തിനങ്ങളായ ആര്യൻ, ചാര, അന്ന, ചെമ്പാവ്, ചുവന്നാര്യൻ, ഞവര തുടങ്ങിയവ ഒന്നാം വിളയിലും മുണ്ടകൻ, കൂട്ടമുണ്ടകൻ, കരിമുണ്ടകൻ, ഇട്ടിക്കണ്ണൻ, ഐനി തുടങ്ങിയവ രണ്ടാം വിളയിലും കൃഷിക്ക് ഉപയോഗിച്ചിരുന്നു. നിലം ഒരുക്കുന്നതിന് കാളയും, കലപ്പയും, ഞൗരിയും ഉപയോഗിച്ചിരുന്നു. വളമായി ചവറും ചാണകവും മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. നെല്ലിലെ കുറുക്ക് പുഴുക്കളെ രാവിലെ കുട്ട ഉപയോഗിച്ച് വീശിക്കളയുകയും ചാഴിക്കെതിരെ ഈന്തിൻ ചക്ക പാടത്ത് കുത്തുക, പന്തം കത്തിക്കുക എന്നീ മാർഗ്ഗങ്ങളും ഉപയോഗിച്ചിരുന്നു. ഒരു ഹെക്ടർ പ്രദേശത്തുനിന്ന് 1 - 1.5 ടണ്ണിന് ഇടക്കുള്ള ആദായമേ ലഭിച്ചിരുന്നുള്ളൂ. തെങ്ങിനെ ആക്രമിക്കുന്ന കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ ഉപയോഗിച്ച് നീക്കം ചെയ്തിരുന്നു. ഇന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ആദായം തെങ്ങിൽ നിന്ന് ലഭിച്ചിരുന്നു. കുന്നിൻ ചെരിവുകളിൽ , പുല്ലും കുറ്റിച്ചെടികളും നിറഞ്ഞ മറ്റുപ്രദേശങ്ങളിലും ആടുകൾ മേഞ്ഞുനടന്നിരുന്നു.

ഒന്നാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തോടെ എൻ. ഈ. എസ്. ബ്ലോക്കുകൾ വഴി പഠന ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുകയും, പ്രദർശന പ്ലോട്ടുകൾ നിർമ്മിച്ച് ജപ്പാൻ കൃഷിരീതി പ്രചരിപ്പിക്കുകയും ചെയ്തു. പുഴുപ്പൊടിയുടെ ഉപയോഗം ഈ കാലത്ത് ആരംഭിച്ചു. ഇതിന്റെ എല്ലാം ഫലമായി 30% ഉൽപ്പാദന വർദ്ധനവ് ഉണ്ടായി. കൃഷിക്കാരുടെ ഇടയിൽ തെങ്ങിൻ തൈകൾ വ്യാപകമയി വിതരണം ചെയ്തു. തേകി നനച്ച് നെൽക്കൃഷി ചെയ്യുവാൻ ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന സ്ഥലങ്ങളിൽ തെങ്ങുകൃഷി ചെയ്യുവാൻ തുടങ്ങി. മാർക്കറ്റിൽ പുറമേ നിന്ന് അരി വന്നു തുടങ്ങിയതും ഈ രീതിയിലുള്ള വിളമാറ്റം വരുത്തുന്നതിന് പ്രേരകമായിത്തീർന്നു.

1965 ന് ശേഷം അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ ഗവേഷണ കേന്ദ്രത്തിൽ നിന്ന് പുറത്തിറക്കുകയും വ്യാപകമായി പ്രചാരത്തിൽ വരുത്തുകയും ചെയ്തു. തുടക്കം പശയരിയുള്ള തൈനാൻ-3 ൽ നിന്നായിരുന്നു. മെതിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന ഈ ഇനം കർഷകർ ഉൾക്കൊണ്ടില്ല. തുടർന്ന് IR-8 ഇനങ്ങളും, കൾച്ചറൽ ഇനങ്ങളും, പട്ടാമ്പി, മങ്കൊമ്പ് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറക്കി. രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം വ്യപകമായി. നെല്ലുൽപ്പാദനം ഹെക്ടറിന് 4-4 .5 ടൺ എന്ന നിലയിൽ എത്തി. ഉഴവിന് യന്ത്രവൽക്കരണം ആരംഭിച്ചു. ഈ കാലഘട്ടത്തിൽ ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞു. ചവറ്റുമലകൾ റബ്ബർക്കൃഷിക്ക് വഴിമാറി. റബ്ബർബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിച്ചുതുടങ്ങിയതോടെ കുന്നിൻ മണ്ടയിലും ചരിവുകളിലും റബ്ബർക്കൃഷി വ്യാപകമായി. ഈ കാലഘട്ടത്തിൽ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ആരംഭിച്ചു. 1980ന് ശേഷം ഉൽപ്പാദനക്ഷമത കുറഞ്ഞുതുടങ്ങി. ഇപ്പോൾ നെല്ലുൽപ്പാദനം ഹെക്ടറിന് 2-2.5 ടൺ എന്ന നിലയിൽ എത്തിയിരിക്കുന്നു. വിത്തിന്റെ പരിണാമവും രാസവളത്തോടൊപ്പം ആവശ്യമായ ജൈവവളം ഉപയോഗിക്കാതിരുന്നതും, ജലലഭ്യതയിൽ വന്ന കുറവും ഇതിന് കാരണങ്ങളായി കൃഷിക്കാർ ചൂണ്ടിക്കാണിക്കുന്നു. മുൻകാലങ്ങളിൽ നടന്നിരുന്നതു പോലെ നിശ്ചിത സമയത്ത് യോജിച്ചകൃഷിയിറക്കലും കീടനിയന്ത്രണവും കർഷകത്തൊഴിലാളികളുടെ കുറവുമൂലം നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നു. ഉഴവിന് ടില്ലറും, ട്രാക്ടറും ഉപയോഗിച്ചുതുടങ്ങിയപ്പോൾ തൊഴിൽ

ദിനങ്ങളിൽ വന്ന കുറവ് കർഷകത്തൊഴിലാളികൾക്ക് മറ്റ് മേഖലകളിലേക്ക് തൊഴിൽ തേടേണ്ട അവസ്ഥ വന്നു. മറ്റു മേഖലകളിലെ കൂലിനിരക്ക് ആകർഷകമാകുകയും, നിർമ്മാണ മേഖലകളിൽ സ്ഥിരം ജോലികൾ ലഭ്യമാവുകയും ചെയ്തതോടെ ഈ മാറ്റം തൊഴിലാളികൾക്ക് സൗകര്യമായി. നിശ്ചിത സമയത്തിനുള്ളിൽ തീർക്കേണ്ട കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ട കൂട്ടായ്മ നഷ്ടപ്പെട്ടു. കൊയ്ത്തിന് 1/5 പതമായി നെല്ല് നൽകുന്ന വ്യവസ്ഥ തൊഴിലാളികൾക്ക് അനാകർഷകമാവുകയും തന്മൂലം സമയത്ത് കൊയ്ത്ത് നടക്കാത്തത് കൊണ്ടുള്ള ഉൽപ്പാദന നഷ്ടം കർഷകരെ ബുദ്ധിമുട്ടിലാക്കുകയും ചെയ്തു. മാർക്കറ്റിൽ പുറമേ നിന്ന് അരി സുലഭമായതോടെ സ്വന്തം ആവശ്യത്തിന് പോലും നെൽക്കൃഷി തുടരാൻ കർഷകന് താൽപര്യം ഇല്ലാത്ത അവസ്ഥ വന്നുചേർന്നിട്ടുണ്ട്.

റബ്ബർകൃഷിക്ക് അത്യുൽപ്പാദനശേഷിയുള്ള പുതിയഇനം RR11-105 ലേക്ക് മാറുകയും, റബ്ബർ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ഉറപ്പാവുകയും ചെയ്തതോടെ ഈ കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിച്ചു. നെൽപ്പാടങ്ങൾ മണ്ണിട്ടുയർത്തി കരഭൂമിയാക്കുന്നതിനുള്ള പ്രവണതയും വർദ്ധിച്ചു. 0.2 ഹെക്ടർ സ്ഥലമുള്ള ഉടമസ്ഥൻ മററ് ഏത് വിളയും മാറ്റി റബ്ബർ വച്ചുപിടിപ്പിക്കുന്ന രീതിയിലെത്തി. തെങ്ങിന് രോഗം വ്യാപകമായതോടെ അതിനിടയിൽ കൊക്കോ വളർത്തുക എന്ന രീതി ഇടക്കാലത്ത് വന്നിരുന്നു. കൊക്കോയ്ക്ക് വിലയിടിഞ്ഞ അവസരത്തിൽ പലരും ഈ കൃഷി ഉപേക്ഷിച്ചു. റബ്ബർ കൃഷിയിലേക്ക് ഈ സ്ഥലങ്ങൾ കൂടി മാറ്റപ്പെട്ടു. തെങ്ങുരോഗം മാറ്റമില്ലാതെ തുടരുന്നതും കൃഷിഭവനുകളിൽ നിന്നും വിതരണം ചെയ്യുന്ന തെങ്ങിൻ തൈകളിൽ കർഷകന് വിശ്വാസം നഷ്ടപ്പെട്ടതും തെങ്ങുകൃഷി കുറയാൻ കാരണമായിരിക്കുന്നു. രോഗം ബാധിച്ചതെങ്ങുകൾ പൂർണ്ണമായും വെട്ടിമാറ്റാതെ പുതിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുന്നത് ഗുണകരമാകില്ല. ദീർഘകാലത്തോളം വരുമാനം നൽകുന്ന റബ്ബർക്കൃഷി ഈ പ്രദേശത്തെ തോടിനോട് ചേർന്ന് കിടക്കുന്ന നെൽപ്പാടങ്ങളൊഴികെയുള്ള ഭാഗങ്ങളെ പൂർണ്ണമായും കയ്യടക്കിക്കഴിഞ്ഞു. മുൻകാലങ്ങളിൽ പറമ്പുകൃഷിയായി ചെയ്തിരുന്ന ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നിവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ അടുത്ത മാർക്കറ്റുകളിലേക്കു കൂടി കയറ്റി അയയ്ക്കാൻ കഴിയും വിധം മൂന്നാം വിളയായി പയറും, പച്ചക്കറികളും കൃഷ്ചെയ്തിരുന്നു. ഇപ്പോൾ കൂത്താട്ടുകുളം മാർക്കറ്റിലേക്ക് ഇവ ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലാണ്.

## വിളചേരുവ

കൃഷിഭവൻ രേഖയ്ക്കനുസരിച്ച്

| ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|
| നെല്ല് | നെല്ല് | പയർ എള്ള് പച്ചക്കറികൾ |
| 201ഹെ | 173ഹെ | 137+23+40 = 200 ഹെ |

**വാർഷിക വിള**

| വാഴ | | മരച്ചീനി | | |
|---|---|---|---|---|
| 48 | + | 24 | = | 72 ഹെക്ടർ |

നിലത്തിന്റെ വിസ്തീർണ്ണം – 325 ഹെ

കൃഷി ചെയ്യുന്നത് – 201 + 72 = 273 ഹെ

**ദീർഘകാലവിള**

| തെങ്ങ് | കുരുമുളക് | പ്ലാവ് | കശുമാവ് | മാവ് | റബ്ബർ | കമുക് | |
|---|---|---|---|---|---|---|---|
| 420 | 25.8 | 12 | 11.2 | 19.2 | 570 | 30 | =1088.2 ഹെക്ടർ. |

പുരയിടം - 1748.54 ഹെക്ടർ

കൃഷിയോഗ്യ തരിശ് - 102 ഹെക്ടർ

ആകെ 1850.5 ഹെക്ടർ ഉള്ളതിൽ 1088.2 ഹെക്ടർ കൃഷിചെയ്യുന്നു.

റബ്ബർ കൃഷിയിടം വർദ്ധിച്ചതും തെങ്ങുകൃഷി ചുരുങ്ങിയതും അനുസരിച്ചുള്ള മാറ്റങ്ങൾ കൃഷി ഭവൻ രേഖയിൽ വന്നിട്ടില്ല. പുതിയതായി പ്രാഥമിക വിവര ശേഖരണം നടത്തി രേഖ കൃത്യമാക്കി ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർക്കേണ്ടതുണ്ട്

## ഉത്പാദന ക്ഷമത

കൃഷിഭവൻ രേഖയുടേയും കൃഷിക്കാരിൽ നിന്ന് നേരിട്ട് ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ

**(ഹെക്ടർ ഒന്നിന്)**

| | |
|---|---|
| ഒന്നാം വിള നെല്ല് | 2600കി |
| രണ്ടാം വിള നെല്ല് | 2500 കി |
| മൂന്നാം വിള | |
| പയർ | 600കി |
| എള്ള് | 200കി |
| പച്ചക്കറി | 4500കി |
| വാർഷിക വിള | |
| വാഴ | 4800കി |
| മരച്ചീനി | 8000കി |
| ദീർഘകാല വിള | |
| കുരുമുളക് | 250കി |
| കശുമാവ് | 500കി |
| റബ്ബർ | 2250കി |
| തെങ്ങ് | 3600തേങ്ങ |

ഈ പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ വിപണനം പ്രധാനമായും കൂത്താട്ടുകുളം ടൗൺ മാർക്കറ്റ് വഴിയാണ് നടക്കുന്നത്. കർഷകന് സ്ഥിരമായ വില ലഭിക്കുന്നില്ല എന്നുള്ളതാണ് വിപണന രംഗത്തെ പ്രധാന പ്രശ്നം. പച്ചക്കറി, വാഴക്കുല തുടങ്ങിയവ സംഭരിക്കുന്നതിനുള്ള ശീതീകരിച്ച സൂക്ഷിപ്പുസ്ഥലം ഇവിടെയില്ല. ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ ഇടത്തട്ടുകാരന് മുൻകൈ ലഭിക്കുന്നു. ഈ വക പ്രശ്നങ്ങൾക്ക് പരിഹാരമാകാവുന്ന മാർക്കറ്റിംഗ് സൊസൈറ്റികൾ ഇവിടെ രൂപപ്പെട്ടിട്ടില്ല. മോനിപ്പിള്ളി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ശേഖരണ വിഭാഗം മാത്രം പ്രവർത്തിക്കുന്നു.

## നെൽക്കൃഷി - ഉൽപ്പാദനച്ചെലവ് സംബന്ധിച്ച കണക്ക്

(ഒരു ഹെക്ടർ സ്ഥലത്ത്)

| നഴ്സറി | | രൂപ |
|---|---|---|
| 10 പറ വിത്ത് | | 1050 |
| ഉഴവ് -5 മണിക്കൂർ | | 500 |
| 4 കർഷകതൊഴിലാളി ജോലി | | 400 |
| കീടനാശിനി - വിലയും കൂലിച്ചെലവും | | 200 |
| വളം | | 100 |
| നഴ്സറി മൊത്തം ചെലവ് | | 2250 |
| | | |
| **പാടത്ത്** | | |
| ഉഴവ് - 25 മണിക്കൂർ - | | 2500 |
| നിലം ഒരുക്കൽ - 6 പേർ | | - 600 |
| വരമ്പ് പിടിപ്പിക്കൽ | | - 1700 |
| ഞാറുപറിക്കൽ -20 സ്ത്രീകൾ | | - 1500 |
| ഞാറു നടീൽ -20 സ്ത്രീകൾ | | - 1500 |
| വളംവില | | - 2000 |
| വളം ഇടുന്നതിന് 4 പേർ | | - 400 |
| കീടനാശിനി | | - 250 |
| കൂലിച്ചിലവ് 2 പേർ | | - 200 |
| കളനീക്കുന്നതിന്-15 സ്ത്രീകൾ | | - 1125 |
| മൊത്തം ചെലവ് | | - 14025 |
| കൊയ്ത് കിട്ടുന്ന നെല്ല് | | - 2500കി |
| കൊയ്ത്ത് മെതി ചെലവ് (1/5പതം) | | 500കി |
| കിട്ടുന്ന നെല്ല് | | - 2000കി |
| നെല്ലുവില | 2000X5 | - 10,000രൂ. |
| വൈക്കോൽ | | -4000 |
| **മൊത്തം** | | **- 14000രൂ.** |

കർഷകൻ നേരിട്ടുനിർവ്വഹിക്കുന്ന മേൽനോട്ടം, ജലസേചന നിർവ്വഹണം കർഷകത്തൊഴിലാളികളുടെ ഭക്ഷണം ഇനത്തിൽ വരുന്ന ചെലവ്, ഭക്ഷണം തയ്യാറാക്കുന്നതിൽ വീട്ടമ്മയുടെ ജോലി ഇവ

യൊന്നും കൂലി ലഭിക്കാത്ത പ്രവർത്തനങ്ങളാണ്. ഇന്നത്തെ അവസ്ഥയിൽ റബ്ബർകൃഷിയോ കച്ചവട സ്ഥാപനങ്ങളൊ, മറ്റു വരുമാന മാർഗ്ഗങ്ങളോ ഉള്ളവർക്കുമാത്രമേ നെൽപ്പാടം നിലനിർത്താൻ കഴിയുന്നുള്ളൂ. നാമമാത്രകർഷകർക്ക് സ്വന്തം പാടത്തെ കൃഷിപ്പണിക്ക് പുറമേ മറ്റുജോലി കൂടി കണ്ടെത്തിയെങ്കിൽ മാത്രമേ കൃഷി നിലനിർത്താൻ കഴിയുന്നുള്ളൂ. ഉൽപ്പാദനക്ഷമത വളരെയധികം വർദ്ധിപ്പിക്കുകയും നെല്ലിന് മെച്ചപ്പെട്ട വിലഉറപ്പാക്കുകയും ചെയ്യാതെ പാടം നികത്തി കരഭൂമിയാക്കിമാറ്റുന്ന പ്രവണത കുറച്ചുകൊണ്ടു വരുവാൻ കഴിയുന്നതല്ല.

## കാർഷിക ബന്ധങ്ങൾ

**കർഷകരുടെ എണ്ണം - കൃഷിഭവൻ രേഖ അനുസരിച്ച്**

| വാർഡ് | നാമമാത്രകർഷകർ (1ഹെക്ടർ) | ചെറുകിട കർഷകർ (1-2ഹെക്ടർ) | വൻകിട കർഷകർ (2ഹെ. ൽ കൂടുതൽ) | ആകെ |
|---|---|---|---|---|
| 1 | 203 | 186 | 62 | |
| 2 | 179 | 196 | 83 | |
| 3 | 263 | 86 | 64 | |
| 4 | 187 | 160 | 97 | |
| 5 | 200 | 150 | 100 | |
| 6 | 190 | 113 | 80 | |
| 7 | 213 | 127 | 36 | |
| 8 | 280 | 210 | 60 | |
| 9 | 297 | 187 | 48 | |
| പഞ്ചായത്തിൽ മൊത്തം | 2012 | 1415 | 630 | 4057 |
| റവന്യൂ കണക്ക് പ്രകാരം കുടുംബങ്ങൾ | 4941 | 1069 | 490 | 6500 |

വസ്തുവിന്റെ പോക്കുവരവുകൾ ഇനിയും വരുത്തേണ്ടതുള്ളതു കൊണ്ട് ഈ കണക്കുകൾ കൃത്യമായി എടുക്കുവാൻ കഴിയുന്നതല്ല. നാമമാത്ര കർഷക കുടുംബങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് ഭൂമി തുണ്ടുകളാക്കപ്പെടുന്ന പ്രക്രിയ കൂടിവരും.

## കൂലി - സേവന വ്യവസ്ഥകൾ

ഓരോ കൃഷിപ്പണിക്കും നൽകേണ്ടിവരുന്ന കൂലി

ഉഴവ് ടില്ലർ, ട്രാക്ടർ മണിക്കൂറിന് 100രൂ.

| | ആണ് | പെണ്ണ് |
|---|---|---|
| കിളക്കൽ –വരമ്പിടൽ | 100 | |

227

| | | ആണ് | പെണ്ണ് |
|---|---|---|---|
| ഞാറ് നടീൽ | | | 80 |
| കളപറിക്കൽ | | | 65 |
| കൊയ്ത്ത് , മെതി | | 1/5 പതം | 1/5 പതം |
| തേങ്ങയിടൽ - | തെങ്ങൊന്നിന് | 3 | |
| റബ്ബർ വെട്ട്-100 മരത്തിന് | | 25 | 25 |

## വളം ഉപഭോഗം

രാസവളങ്ങൾ എളുപ്പം ലഭിക്കുന്നു. എല്ലുപൊടി, കോഴിവളം, ചാണകം മുതലായവയും പുറമേ നിന്ന് കൊണ്ടു വരുന്നുണ്ട്. ജൈവവളത്തിന്റെ ഉൽപ്പാദനവും ഉപഭോഗവും വളരെ കുറവാണ്.

**കൃഷിഭവൻ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രോഗ്രാമുകൾ.**

1, കുരുമുളക് കൃഷി വ്യാപിപ്പിക്കൽ.

5 കൃഷിക്കാരെ കണ്ടത്തി ഉദ്ദേശം ഒരു ഹെക്ടർ സ്ഥലത്തേക്ക് കൃഷി വികസിപ്പിച്ചിട്ടുണ്ട്. 50 ശതമാനം സബ്സിഡി കൃഷിഭവൻ മുഖേന കൊടുക്കുന്ന പദ്ധതിയാണ്. രണ്ടാം വർഷത്തേക്ക് 25% സബ്സിഡി കൊടുത്ത് 3 ഹെക്ടർ സ്ഥലവും മൂന്നാം വർഷത്തേക്ക് 25 ശതമാനം സബ്സിഡി കൊടുത്ത് 6 ഹെക്ടർ സ്ഥലവും ഈ പ്രോഗ്രാമിൽ നിലനിൽക്കുന്നു. മൊത്തം 79 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

2. നെൽക്കൃഷി സഹായ ധനം.

മുണ്ടകൻകൃഷിക്ക് 376 പേരും വിരിപ്പ്കൃഷിക്ക് 403 പേരും ഇത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രൂപ്പ് ജലസേചനം

4 a. ഗ്രൂപ്പുകൾക്ക് കുളം കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും 10,000 രൂപ വച്ച് നൽകിയിട്ടുണ്ട്.

b. യുവജനങ്ങൾക്ക് തൊഴിൽ അവസരം നൽകുന്ന പദ്ധതി.

* തേനീച്ച വളർത്തൽ - 2പേർ
* പ്ലാന്റ് പ്രൊട്ടക്ഷന് വേണ്ട ബക്കറ്റും സ്പയർ പമ്പും -2പേർ
* ഇളനീർ പാർലർ തുടങ്ങന്നതിന് - 2പേർ
* കുറ്റിമുല്ല പിടിപ്പിക്കുന്നതിന് - ഒരാൾ
* പച്ചക്കറി കൃഷിക്ക്(കിണർ, പമ്പ്)- ഒരാൾ
* വെറ്റിലകൃഷി - ഒരാൾ

5. ചാണക വാതക പ്ലാന്റ് സ്ഥാപിക്കുന്നതിന് സഹായധനം - 5പേർക്ക് ലഭിച്ചു.

6. ജൈവവളം നിർമ്മിക്കുന്നതിന് - 5 പാടശേഖര സമിതികൾക്ക് ധനസഹായം നൽകി.

7. വിത്തിനങ്ങൾ നൽകിയത്

WCT -505 എണ്ണം, കുരുമുളക് വള്ളി- 550 എണ്ണം. വളത്തിനുള്ള പെർമിറ്റ് - 1790 രൂപ.

8. ട്രൈബൽ മേഖലയിൽ WCT -85 എണ്ണം, കുരുമുളക് വള്ളി 340 എണ്ണം, മാവ് 51 എണ്ണം.

9. കിണർ നന്നാക്കിയത് - 3എണ്ണം.

10. പമ്പ് സെറ്റ് വച്ചത് - 2എണ്ണം.

11. കൊക്കോ കൃഷിയുടെ പുനരുദ്ധാരണം

    (a) ഒന്നാം വർഷം - 1ഹെക്ടർ സ്ഥലം - 5പേർക്ക് പ്രയോജനം.

    (b) രണ്ടാം വർഷം - ,, ,,

12. ഡ്രിപ്പ് ഇറിഗേഷൻ - 2 പേർക്ക്

    50% സഹായം, ഏക്കറിന് 15000 രൂപ എന്ന തോതിൽ 37412 രൂ.

13. തെങ്ങ് വികസന പ്രോഗ്രാം

    (CCDP) സ്പ്രേയർ - 2 പേർക്ക്

    കുളം നിർമ്മിക്കുന്നതിന് - 19 ,,

    പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 18 ,,

## നിലവിലുള്ള പദ്ധതികൾ

1. രോഗബാധിതമായ തെങ്ങ് വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 200രൂപാ വച്ച് 520 എണ്ണം.

2. തെങ്ങ് വികസനം (CCDP)

   കുളവും പമ്പ് സെറ്റും കൂടി ഒരാൾക്ക് 2500 രൂ. പ്രകാരം.

3. കേര സമിതി വഴി വളം കിറ്റ് നൽകുന്നതിന് തെങ്ങൊന്നിന് 8 രൂപ സഹായം.

4. ക്രോപ്പ് ഇൻഷുറൻസ് - നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല.

## പ്രശ്നങ്ങൾ

- പറമ്പുകളിലെ ജലനിർഗ്ഗമനത്തിന് ഉപയുക്തമായിരുന്ന ഇടത്തൊണ്ടുകൾ പലതും റോഡുകളായി മാറി. ഈ റോഡുകളുടെ കുത്തനേയുള്ള ഭാഗങ്ങളുടെ സംരക്ഷണം ശരിയായ വിധം നിർവഹിക്കാത്തത് കൊണ്ട് മണ്ണൊലിപ്പ് തോത് വർദ്ധിച്ചിട്ടുണ്ട്. ചരിവ് പ്രദേശം നിരത്തിയുള്ള വീട് നിർമ്മാണ ഘട്ടത്തിലും മണ്ണൊലിപ്പ് ഉണ്ടാകുന്നു.
- കുളങ്ങളിലും കിണറുകളിലും നിന്ന് പമ്പ് ഉപയോഗിച്ച് വർദ്ധമാനമായ ജല ഉപഭോഗവും വേനൽക്കാല വറുതിയും കൂടിച്ചേർന്ന് മൂന്നാം വിളയ്ക്കും തെങ്ങിനും ജലസേചനം നിർവ്വഹിക്കാനുള്ള വെള്ളം ലഭ്യമല്ലാതെ വന്നിരിക്കുന്നു.
- പാടങ്ങൾ നികത്തുന്നത് വർദ്ധിച്ച് വന്നിരിക്കുന്നു. റോഡുകൾക്ക് സമീപമുള്ള പാടങ്ങൾ എല്ലാം തന്നെ നികത്തപ്പെട്ടു കഴിഞ്ഞു. ഇതുമൂലം ഈ ഭാഗങ്ങളുടെ പിന്നിലുള്ള പാടങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിനും വളമെത്തിക്കുന്നതിനും മറ്റും വീണ്ടും പുതിയ റോഡുകൾ നിർമ്മിക്കേണ്ട ആവശ്യം വന്നിരിക്കുന്നു.
- പാടങ്ങളിൽ മൂന്നാം വിളയായി ചെയ്തിരുന്ന പയർ, പച്ചക്കറിക്കൃഷികൾ ശോഷിച്ചിരിക്കുന്നു.

229

- കീടബാധകൾ ഫലപ്രദമായി തടയാൻ സാധിക്കുന്നില്ല. രോഗം വന്ന തെങ്ങുകൾ നിലനിൽക്കുന്നു.
- ഇന്ന് കൃഷിഭവനിൽ നിന്നും ലഭിക്കുന്ന നടീൽ വസ്തുക്കളിൽ കൃഷിക്കാരന് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു.
- നെല്ല്, പയർ, പച്ചക്കറി, തെങ്ങ് തുടങ്ങിയവയുടെ ഉൽപ്പാദനക്ഷമത ഗണ്യമായി കുറഞ്ഞിരിക്കുന്നു.
- കർഷക തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു.
- ജൈവവളങ്ങൾ ഇറക്കുമതി ചെയ്യുന്നു.
- കാർഷികോൽപ്പന്നങ്ങളുടെ വില കുറയുകയും കർഷകർ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളുടേയും വില കൂടുകയും ചെയ്തിരിക്കുന്നു.
- ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും സൗകര്യങ്ങൾ നിലവിലില്ല.
- കൃഷിഭവൻ, നടീൽ വസ്തുക്കളുടെ വിതരണം, വളം കിറ്റ് വിതരണം, സഹായധനവിതരണം എന്നിങ്ങനെയുള്ള വിതരണ നിർവ്വഹണ ഏജൻസിയായി മാറിയിരിക്കുന്നു.

## സാദ്ധ്യതകൾ

- റോഡുകളിലെ കാനകൾ കുത്തിയൊഴുക്ക് ഉണ്ടാകാത്ത രീതിയിൽ ശാസ്ത്രീയമായി സംവിധാനം ചെയ്യണം.. കാനകൾ നശിപ്പിക്കുന്ന എല്ലാ ഏജൻസികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം. വാർഡുതലത്തിൽ ഓവുചാൽ സംരക്ഷണ സമിതി പ്രവർത്തിക്കണം. പാടത്തും ജലസേചന തോടുകളിലും അടിയുന്ന മണൽ ഈ വിധം നിയന്ത്രിക്കേണ്ടതുണ്ട്.
- പാടങ്ങളിൽ പൂർണ്ണമായും ജലസേചന സംവിധാനം നിലവിലുണ്ട്. മുവാറ്റുപുഴ നദീതടജലസേചനപദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുമ്പോൾ താഴ്ന്ന പ്രദേശങ്ങളിലെ ജലലഭ്യത വളരെ വർദ്ധിക്കും. ഇത് ഉപയോഗിച്ച് കുന്നിൻ മണ്ടയിലും ചരിവുകളിലും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്നതാണ്.
- നെൽപ്പാടങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്തും റവന്യൂ ഡിപ്പാർട്ട് മെന്റും കൂടി ഫലപ്രദമായി പ്രവർത്തിക്കണം. നെൽപ്പാടം റവന്യൂ റിക്കോഡ് പ്രകാരം കൈമാറ്റം ചെയ്യുന്ന ഇന്നത്തെ രീതി മാറ്റണം. നെൽപ്പാടത്ത് മൂന്നാം വിളയായി ഈ പഞ്ചായത്തിന്റെ ആവശ്യങ്ങൾ കഴിഞ്ഞ് കയറ്റി അയക്കാൻ കഴിയുന്ന വിധം പച്ചക്കറികൃഷിചെയ്യാനുള്ള സൗകര്യമുണ്ട്. പാടശേഖര സമിതികൾ വഴി പച്ചക്കറിക്കൃഷി പുനരുദ്ധരിക്കേണ്ടതാണ്. കൃഷിഭവനും ഇതിന് വേണ്ട മാർഗ്ഗനിർദ്ദശങ്ങൾ നൽകേണ്ടതാണ്.
- റോഡു വക്കിലുള്ള വീട്ടുവളപ്പുകളിൽ ഔഷധസസ്യക്കൃഷിക്ക് സാദ്ധ്യതയുണ്ട്. ഔഷധസസ്യ വിപണന മേഖലയുമായി ബന്ധപ്പെട്ട് വീട്ടുവളപ്പുകളിൽ കൃഷിചെയ്യുവാൻ വേണ്ട പദ്ധതി തയ്യാറാക്കണം
- രോഗബാധയെ ചെറുക്കാൻ കഴിവുള്ള പുതിയഇനം വിത്തുകൾ കർഷകരുടെ മേൽനോട്ടത്തിൽ തയ്യാറാക്കാനുള്ള പദ്ധതി വേണം. രോഗം വന്ന തെങ്ങുകൾ പൂർണ്ണമായും വെട്ടിമാറ്റുന്ന പദ്ധതി നടപ്പിലാക്കണം. (കൃഷിഭവൻ രേഖകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.)
- കൊയ്ത്തുമെതിയന്ത്രങ്ങൾ പാടശേഖരസമിതികൾ വഴി ലഭ്യമാക്കണം.
- കീടനിയന്ത്രണം ഫലവത്താക്കുന്നതിന് ഒരേ തോതിൽ എല്ലായിടത്തും ഒരേസമയം കീടനാശിനി പ്രയോഗം നടത്തണം. കാർഷികപ്രവർത്തനത്തിന്റെ എല്ലാഘട്ടത്തിലും നിരീക്ഷണത്തിനും തക്ക സമയത്ത് നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും കരുത്തുള്ള കർഷക കാരണവരെ പാടശേഖരസമിതികൾ കണ്ടെത്തണം. കൃഷിഭവൻ ഉദ്യോഗസ്ഥരെ കൃഷിസ്ഥലത്ത് എത്തിക്കാനും കഴിയണം.

- കൃഷിയിടങ്ങളിലെ അതിരുകളിൽ കൂടുതൽ പച്ചില നൽകുന്ന ചെടികൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യണം. കൂത്താട്ടുകുളം ടൗൺ മാർക്കറ്റു പ്രദേശത്തുനിന്ന് ജൈവപദാർത്ഥങ്ങൾ മാറ്റി ജൈവവളമാക്കുന്ന സംരംഭങ്ങൾക്കും കൃഷിഭവൻ സഹായം നൽകിയാൽ ഈ സ്ഥലത്തെ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും കൂടുതൽ ജൈവവളം ഉൽപാദിപ്പിക്കുന്നതിനും സഹായിക്കും.

- കാർഷികഉൽപന്നങ്ങൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ കൂത്താട്ടുകളം മാർക്കറ്റിൽ വിപണന സൊസൈറ്റിയും , പച്ചക്കറി, വാഴക്കുല മുതലായവ കേടുകൂടാതെ സൂക്ഷിക്കുന്ന ശീതീകരണ സംഭരണശാലകളും നിർമ്മിക്കണം.

- എല്ലാ പാടശേഖരസമിതിക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കൃഷിഭവനുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുതല കർഷകസമിതി രൂപപ്പെടുത്തണം. യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് അഗ്രോ ക്ലിനിക്കും സ്ഥാപിക്കണം.കുന്നിൻ മണ്ടയിലും ചരിവിലും റബ്ബർകൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കയ്യാലകൾ പുനരുദ്ധരിക്കേണ്ടതുണ്ട്.കയ്യാലകളുടെ ഉയരം കൂട്ടി ജലം കുത്തിയൊലിച്ച് ഒഴുകുന്നത് തടയണം.

- ഇളനീർ പാർലറുകൾ തുടങ്ങാൻ നൽകുന്ന സഹായ ധനം പഞ്ചായത്ത് പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിന് ഉതകും വിധമായിരിക്കണം.

- കൃഷിഭവനും മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ചേർന്ന് പഞ്ചായത്തുതല ജലസേചന സംവിധാനങ്ങൾ പോഷിപ്പിക്കണം.

- മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതികളുടെ ഭാഗമായി ഉണ്ടാക്കേണ്ട ഉപകനാലുകളുടെയും മൈനറുകളുടെയും ഒരുവശത്തുള്ള ബണ്ട്, യന്ത്രങ്ങൾ പാടങ്ങളിലേക്ക് ഇറക്കുവാൻ സൗകര്യമാകും വിധം സംവിധാനം ചെയ്യണം.

- സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം, എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്ക് സ്പൈസസ് ബോർഡും കൃഷിഭവനും കർഷകരെ പ്രോൽസാഹിപ്പിക്കണം.

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് WCT | 400 | 375 | 475 |
| T x D | Nil | 62 | 225 |
| D x T | 10 | 25 | 31 |
| കശുമാവ് | Nil | Nil | 160 |
| | | 10000m | |
| കുരുമുളക് | 1000<br>2000<br>3000 | 2500 | |
| കവുങ്ങ് | Muyala-250 m | -60m | 10 m<br>10 m |

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റ വിസ്തീർണ്ണം(ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | Natural Calamities | | - | | 60m | 23374-00 |
| 1994-95 | Natural Calamities | | - | | 92m | 33991-00 |
| 1995-96 | Natural Calamities | | - | | 15 | B.3389-00 |

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 35ha | 1230 | 4370 | 5600 | 360 | 110 | 78 | 39 | 29 | 616m |
| 2 | 26ha | 580 | 3580 | 4160 | 202 | 83 | 47 | 21 | 30 | 383m |
| 3 | 28ha | 730 | 3750 | 4480 | 318 | 97 | 52 | 31 | 48 | 546m |
| 4 | 19ha | 417 | 2623 | 3040 | 247 | 65 | 39 | 18 | 23 | 392m |
| 5 | 53ha | 1420 | 7060 | 8480 | 527 | 83 | 22 | 12 | 37 | 681m |
| 6 | 60ha | 1710 | 7890 | 9600 | 613 | 62 | 50 | 8 | 44 | 777m |
| 7 | 70ha | 1080 | 10120 | 11200 | 847 | 97 | 43 | 27 | 63 | 1077m |
| 8 | 62ha | 890 | 9030 | 9920 | 918 | 136 | 87 | 46 | 39 | 1226m |
| 9 | 67ha | 930 | 9790 | 10720 | 1023 | 218 | 92 | 39 | 88 | 1460m |
| | 420ha | 8987 | 58213 | 67200 | 5055 | 951 | 510 | 241 | 401 | 7158 |

## കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്ലാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | Nil | 1 | 83 | 8 | 43 | - | - | - | 93 |
| 2 | Nil | 2 | 97 | 12 | 67 | - | - | - | 62 |
| 3 | Nil | 1 | 62 | 10 | 48 | - | - | - | 89 |
| 4 | 1 | 3 | 58 | 6 | 28 | - | - | - | 103 |
| 5 | Nil | 2 | 31 | 12 | 30 | - | - | - | 168 |
| 6 | Nil | 2 | 27 | 6 | 23 | - | - | - | 112 |
| 7 | 1 | 3 | 18 | 4 | 18 | - | - | - | 87 |
| 8 | Nil | 2 | 23 | 6 | 37 | - | - | - | 69 |
| 9 | 1 | 3 | 62 | 16 | 53 | - | - | - | 76 |
| ആകെ | 2 | 19 | 461 | 80 | 347 | - | - | - | 859 |

# ജലസേചനം

നെൽകൃഷി രണ്ടാംവിളയ്ക്കാണ് ജലസേചനസൗകര്യം നിലവിലുള്ളത്. തോടുകളിൽ പണി തീർത്തിട്ടുള്ള ക്രോസ്ബാറിൽനിന്ന് ചാലുകൾ വഴി ജലം ഒഴുക്കിയാണ് ജലസേചനം നിർവ്വഹിക്കുന്നത്. കൂത്താട്ടുകുളം പഞ്ചായത്ത് പ്രദേശം മുഖ്യമായി കൂത്താട്ടുകുളം തോട്, ഉഴവൂർ തോട്, എന്നിവയുടെ നീർത്തടഭാഗമായി വരുന്നു. കൂത്താട്ടുകുളം തോടും ഉഴവൂർ തോടും കിഴകൊമ്പ് ഭാഗത്ത് ഒന്നായി ചേർന്ന് വീണ്ടും പടിഞ്ഞാറോട്ട് ഒഴുകി പാലക്കുഴ, മണ്ണത്തൂർ, ഒലിയപ്പുറം വഴി ഒഴുകിവരുന്ന കവലാമറ്റം തോടുമായി ചേർന്ന് വലിയതോടായി തിരുമാറാടി, കാക്കൂർ പ്രദേശത്തുകൂടി ഒഴുകി മുവാറ്റുപുഴ നദിയിൽ എത്തുന്നു.

നിലവിലുള്ള ക്രോസ്ബാർ/ചിറകളുടെ പുനരുദ്ധാരണവും തോടിന്റെ ഇരുവശവുമുള്ള ബണ്ടുകളുടെ ബലപ്പെടുത്തലും മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നിർവ്വഹിക്കുന്നു. ഇപ്പോൾ നിലവിലുള്ളതും തീർന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.

**പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | മഞ്ചിറ ക്രോസ്ബാറിന്റെ അറ്റകുറ്റപ്പണികൾ | 1993 | 1993 | 200000 | 13 | കൃഷി |
| 2. | പുത്തൻചിറ ക്രോസ്ബാറിന്റെ അറ്റകുറ്റപ്പണികൾ | 1992 | 1993 | 102000 | 7 | " |
| 3. | മുട്ടുമുഖം ക്രോസ്ബാറിന്റെ പുനരുദ്ധാരണപണികൾ | 1994 | 1996 | 192000 | 14.72 | " |
| 4. | കൂത്താട്ടുകുളം ചന്ത തോടിന്റെ പാർശ്വസംരക്ഷണം | 1994 | 1995 | 183000 | 10 | " |
| 5. | പെരുമറ്റംചിറ, രാമൻചിറ, പുത്തൻചിറയുടെ പാർശ്വസംരക്ഷണ പണികൾ ഒന്നാംഭാഗം | 1994 | 1994 | 167000 | 10 | " |
| 6. | പെരുമറ്റംചിറ, രാമൻചിറ പുത്തൻ ചിറയുടെ പാർശ്വസംരക്ഷണപണികൾ രണ്ടാംഭാഗം ചിറയുടെ മുകൾഭാഗം | 1994 | 1994 | 150000 | 14 | " |
| 7. | പെരുമറ്റംചിറ, രാമൻചിറ പുത്തൻ ചിറയുടെ പാർശ്വസംരക്ഷണ പണികൾ മൂന്നാംഭാഗം | 1994 | 1994 | 170000 | 10 | " |
| 8. | പെരുമറ്റംചിറയുടെ ക്രോസ്ബാറിന്റെ പുനരുദ്ധാരണപണികൾ | 1994 | 1995 | 153000 | 10 | " |
| 9. | കോതോട്മച്ചമറ്റം നിലത്തിന്റെ പാർശ്വസംരക്ഷണപണികൾ | 1994 | 1994 | 165000 | 9 | " |
| 10. | പുത്തൻകുടിലിൽചിറയുടെ പുനരുദ്ധാരണപണികൾ | 1996 | 1996 | 137000 | 10 | " |
| 11. | വടകര പൈറ്റക്കുളം ഫാംബണ്ട് നിർമ്മാണം | 1995 | 1996 | 334000 | 42 | " |
| 12. | കിഴകൊമ്പ് പാടശേഖരത്തിന്റെ സൈഡ്ബണ്ട് നിർമ്മാണം | 1995 | In progress | 195000 | 14 | |
| **ജലധാരാപദ്ധതി** | | | | | | |
| 13. | JD-93-94 പെരുമറ്റം ചിറയിൽ ഫീഡിംഗ് ചാനൽ | 1994 | 1995 | 336000 | 25 | 4 |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 14. | JD ഹൈസ്കൂൾ നെല്ലിക്കത്താഴം ഫാംബണ്ട് നിർമ്മാണം | 1995 | 1995 | 300000 | 24 | 4 |
| 15. | JD-95-96 പെരുമറ്റം ഫാംബണ്ട് നിർമ്മാണം | 1996 | 1996 | 231000 | 981 | |
| 16. | JDഉഴവൂർ തോട് കോരംകടവ് പാർശ്വസംരക്ഷണപണികളും കുളം നിർമ്മാണവും | 1995 | 1996 | 105000 | 6 | |
| 17. | JDഇടമലയാർ അഞ്ചിച്ചിറ ഫാംബണ്ട് നിർമ്മാണം | 1994 | 1995 | 355000 | 20 | |
| 18. | JDഓപ്ലാൻചിറ ക്രോസ്ബാറിന്റെ പുനരുദ്ധാരണപണികൾ | 1996 | 1996 | 134000 | 6 | |
| 19. | JDകുന്നുമ്പുറത്താഴം, ചോനമ്മലത്താഴം ഫാംബണ്ട് | 1995 | 1996 | 385000 | 34 | |
| 20. | പൈറ്റക്കുളം പാടശേഖരത്തിന്റെ പാർശ്വസംരക്ഷണപണികൾ | 1994 | 1996 | 149000 | 10 | |

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചനപദ്ധതികൾ

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം(ഹെ) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | I.H.D.P മാഞ്ചിറ അർജുനൻകവലചെക്ക്ഡാം നിർമ്മാണം | 40 | 380000 | കൃഷി |
| 2. | കരിപ്പമറ്റം പാടശേഖരത്തിന്റെ പാർശ്വസംരക്ഷണപണികൾ | 5 | 162000 | ,, |
| 3. | മേനാമറ്റം പാടശേഖരത്തിന്റെ പാർശ്വസംരക്ഷണവും കലുങ്ക് നിർമ്മാണവും | 10 | 162000 | ,, |
| 4. | കൂത്താട്ടുകുളം ചന്തത്തോട്ടിൽ പാലത്തിന് മുകൾവശം പാർശ്വസംരക്ഷണപണികൾ | 10 | 200000 | ,, |
| 5. | കലയത്തിനാനിക്കൽ തോടിന്റെ (സബ്സ്റ്റേഷനുസമീപം) സംരക്ഷണപണികൾ | 10 | 200000 | ,, |

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം(ഹെ) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 6. | കരിമ്പനാടി കുളവയൽ പാടശേഖരത്തിന്റെ പാർശ്വസംരക്ഷണപണികൾ | 10 | 200000 | ,, |
| 7. | ചേർക്കോട് പാടശേഖരത്തിൽ ഫീഡിംഗ് ചാനലും പാർശ്വസംരക്ഷണപണികളും | 9 | 100000 | ,, |
| 8. | ഉഴവൂർ തോട്ടിൽ ചോരക്കുഴി ഭാഗത്ത് ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം | 19 | 200000 | ,, |
| 9. | വടകര പഞ്ചായത്തുകുളത്തിന്റെ അറ്റകുറ്റപണികൾ | 10 | 40000 | ,, |
| 10. | കുറ്റിപ്പാലയ്ക്കൽ ക്രോസ്ബാറിന്റെ പുനരുദ്ധാരണപണികൾ | 10 | 50000 | ,, |
| 11. | മാരിച്ചിറയിൽ ക്രോസ്ബാർ നിർമ്മാണം | 10 | 200000 | ,, |
| 12. | ചെറ്റേച്ചിറയുടെ പുനരുദ്ധാരണപണികൾ | 10 | 100000 | ,, |
| 13. | തോണിപ്പാറച്ചിറയുടെ അറ്റകുറ്റപ്പണികൾ | 10 | 75000 | ,, |
| 14. | വലിയകളപ്പുര ക്രോസ്ബാർ നിർമ്മാണം | 8 | 50000 | ,, |
| 15. | പാറച്ചിറഭാഗത്ത് ക്രോസ്ബാർ നിർമ്മാണം ട്രാക്ടർപാലം | 16 | 400000 | ,, |
| 16. | വടകര പഞ്ചായത്ത്കുളം പുനരുദ്ധാരണപണി | 4 | 30000 | ,, |
| 17. | പാറമുള്ളിച്ചിറയുടെ അറ്റകുറ്റപ്പണികൾ | 4 | 25000 | ,, |

നിലവിലുള്ള പൊതുകുളങ്ങൾ ജലസേചനം നിർവ്വഹിക്കത്തക്കവിധം ജലലഭ്യതയുള്ളവയല്ല. മലയിടുക്കുകളിൽ ഓലികൾ എന്ന പേരിൽ നിലനിന്നിരുന്ന കുളങ്ങൾക്ക് പിന്നിലുള്ള നീർമറിയിൽ വന്ന മാറ്റം ജലലഭ്യത ഉറപ്പുനൽകുന്നില്ല. ഇവയിൽനിന്ന് ജലസേചനം നിർവ്വഹിച്ചിരുന്ന ഉയർന്ന തട്ടിലുള്ള നെൽപാടങ്ങൾ മറ്റുകൃഷിയിലേക്ക് വഴി മാറി. ഡിസംബർ അവസാനത്തോടെ ഇവയിലെ ജലം വറ്റിപ്പോകുന്നു.

കുളങ്ങൾക്ക് ചുറ്റും കെട്ടിസംരക്ഷിക്കുന്നതുകൊണ്ട് അടിയിലൂടെ താഴേക്ക് വലിഞ്ഞുപോകുന്ന ജലം സംരക്ഷിക്കുവാൻ കഴിയുന്നതല്ല.

ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള മുഖ്യ ജലസ്രോതസ് മുവാറ്റുപുഴ നദീതടജലസേചനപദ്ധതി പ്രകാരം ഇടതുകര കനാൽ വഴി ഈ പ്രദേശത്ത് എത്തുന്ന ജലമാണ്. കനാലിന്റെ 3-ാംഭാഗത്തെ ജലനിരപ്പ് അനുസരിച്ച് സമുദ്രനിരപ്പിൽനിന്ന് 30 മീറ്റർ ഉയരം വരെയുള്ള സ്ഥലങ്ങളിൽ ജലം ലഭിക്കും. നേരിട്ടും ഉപകനാലുകൾ വഴിയും 389 ഹെക്ടർ സ്ഥലത്ത് ജലം ലഭിക്കാൻ ഇത് ഉപകരിക്കും. (നിലം 230 ഹെ. കര 159 ഹെ). കമാൻഡ് ഏരിയയിൽപ്പെട്ട 10 ഹെക്ടർ പ്ലോട്ട് വരെ ഫീൽഡ് ചാനൽ വഴി ജലം എത്തിക്കുന്നതിനുള്ള തുക ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (പുറം 128, പ്രൊജക്ട് റിപ്പോർട്ട് മെയ് 1990). പ്രൊജക്ട് റിപ്പോർട്ട് അനുസരിച്ച് ഇടതുകര കനാലിന്റെ 3-ാം ഭാഗം 1993-94 ൽ പണി പൂർത്തീകരിച്ച് (പുറം 141) ഉദ്ദേശം 3360 ഹെക്ടർ സ്ഥലത്ത് (പുറം 162) ജലസേചനം നിർവ്വഹിക്കേണ്ടതായി

രുന്നു. 3360 ഹെക്ടറിൽ കൂത്താട്ടുകുളം പഞ്ചായത്തിലെ 389 ഹെക്ടർ ഉൾപ്പെടും. കൂടാതെ കൂത്താട്ടുകുളം ഉപകനാലിൽ കുളമ്പാടം ഭാഗത്ത് വിഭാവനം ചെയ്തിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം എം.സി. റോഡിന് കിഴക്കുഭാഗത്ത് സമുദ്രനിരപ്പിൽനിന്ന് 45 മീറ്റർ ഉയർന്ന ഭാഗം വരെ ഉദ്ദേശം 575 ഹെക്ടർ സ്ഥലത്ത് ജലസേചനം നിർവ്വഹിക്കാൻ കഴിയുന്നതാണ്. ലിഫ്റ്റ് ഇറിഗേഷന് ആവശ്യമുള്ള ജലം മുവാറ്റുപുഴ നദീതടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (പുറം 83). പദ്ധതിയുടെ ഇടതുകര കനാലിലും വലതുകര കനാലിലും കൂടി ഒഴുക്കാവുന്ന ജലം ഒരു സെക്കൻഡിൽ - 33.585 ഘനമീറ്റർ.

ഏറ്റവും കൂടുതൽ ആവശ്യം അനുഭവപ്പെടുന്ന ഡിസംബർ ആദ്യരണ്ടാഴ്ചകൾ (36.262 മില്യൻ ഘനമീറ്റർ)- 27.980 ഘനമീറ്റർ പ്രതി സെക്കന്റ്.

അതുകൊണ്ട് അധികം ഒഴുക്കാവുന്ന ജലം - 5.605 ഘനമീറ്റർ പ്രതി സെക്കന്റ്.

അധികം ഒഴുക്കാവുന്ന ഈ ജലം നദീതടത്തിലെ ഉൾഗ്രാമപ്രദേശങ്ങളിലെ ലിഫ്റ്റ് ഇറിഗേഷനും കൂടി ഉതകുന്നതാണ്. ഇതനുസരിച്ച് പാലക്കുഴ പഞ്ചായത്തിൽ തുടങ്ങിവച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷന് 530 ഹെക്ടർ സ്ഥലത്ത് ജലസേചനം നിർവ്വഹിക്കാൻ ഒരു മാസം 270000 യൂണിറ്റ് വൈദ്യുതിയും 45 കി.മി.നീളം വരുന്ന കനാൽ ശൃംഖലയും ആവശ്യമുണ്ട്. ഇതിനേക്കാൾ കുറഞ്ഞ ചെലവിൽ കൂടുതൽ പ്രദേശത്ത് ജലസേചനം നിർവ്വഹിക്കാൻ കഴിയുന്ന കൂത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി നൽകിയിട്ടില്ല. മുൻഗണനാക്രമം ശരിയായി നിശ്ചയിക്കാതുള്ള പദ്ധതി നടത്തിപ്പിന് ഇതൊരു ഉദാഹരണമാണ്. കുടിവെള്ളക്ഷാമത്തിന് പരിഹാരമായും കനാലുകളിൽനിന്ന് ജലം പമ്പു ചെയ്യാവുന്നതാണ്.ഇതെല്ലാം ഉൾപ്പെടുത്തി മുവാറ്റുപുഴ നദീതടപദ്ധതി പുതിയ രീതിയിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

സെൻട്രൽ വാട്ടർ കമ്മീഷൻ ശരിയായ രീതിയിൽ പദ്ധതി മോണിട്ടറിംഗ് (സൂക്ഷ്മമായ അവലോകനവും ഇടപെടലും) നിർവ്വഹിക്കാത്തത് പദ്ധതി പ്രദേശത്തുള്ള പാടങ്ങളിൽ ജലം എത്താതെയുള്ള കമ്മീഷനിംഗ്ന് വഴിയൊരുക്കിയിരിക്കുന്നു. താൽക്കാലിക ആശ്വാസമായി കൂത്താട്ടുകുളം ഉപകനാൽ ഉടനേ പണിതീർത്ത് ജലം ഉഴവൂർ തോട്ടിലേക്ക് തുറന്നുവിട്ട് നിലവിലുള്ള മൈനർ ഇറിഗേഷൻ (ക്രോസ് ബാർ) വഴി ജലസേചനം നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമസഭകൾ ഉയർത്തിയിട്ടുണ്ട്. ചരിവ് പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പ്രയോജനപ്പെടുത്തുമ്പോൾ ജലനഷ്ടം ഒഴിവാക്കുന്നതിന് ഡ്രിപ്പ് ഇറിഗേഷൻ മാർഗ്ഗം വ്യാപകമായി കൃഷിയിടങ്ങളിൽ ഉപയോഗിക്കണം. ഇത് ഉറപ്പുവരുത്തിയില്ലെങ്കിൽ വൈദ്യുതി ഊർജ്ജ ഉപഭോഗത്തിൽ അനാവശ്യമായ നഷ്ടം വരുത്തിവയ്ക്കും. കനാൽ വഴി ജലസേചനം നിർവ്വഹിക്കുമ്പോൾ വിളകൾക്ക് ലഭിക്കുന്നത് 42% ആണ്. 58% ജലം വിവിധതലത്തിൽ നഷ്ടപ്പെടുന്നു (മുവാറ്റുപുഴ നദീതട ജലസേചന റിപ്പോർട്ടിൽനിന്നുള്ള കണക്ക്). മുവാറ്റുപുഴ നദീതട ജലസേചന പദ്ധതിപ്രകാരം കൂത്താട്ടുകുളം വില്ലേജിൽ വരുന്ന അയക്കെട്ട്

നിലം - 230 ഹെ. + പുരയിടം - 159 ഹെ. = 389 ഹെ.
നൽകുന്ന ജലം 389/9663x17.738 = 0.714 ക്യൂമെക്സ്.

കൂത്താട്ടുകുളം ഉപകനാലിന്റെയും വില്ലേജിന്റെ മററുഭാഗങ്ങളിലെയും 10 ഹെക്ടർ പ്ലോട്ടുതിരിച്ച കണക്ക് എം.വി.ഐ.പി. പ്രൊജക്ട് റിപ്പോർട്ടിൽനിന്നും ലഭ്യമല്ല.

കൂത്താട്ടുകുളം ഉപകനാൽ സംബന്ധിച്ച് കോതമംഗലം എഞ്ചിനിയറിംഗ് കോളേജ് രേഖ ചുവടെ ചേർക്കുന്നു.

| നമ്പർ | ചെയിനേജ് മീറ്റർ | നിലം ഹെക്ടർ | പുരയിടം ഹെക്ടർ | ജലം ഒഴുകുന്ന കണക്ക് ഹെക്ടർ ക്യൂമെക്സ് |
|---|---|---|---|---|
| 01 | 60 | 10.80 | 22.82 | 0.0261 |
| 02 | 590 | 13.85 | 26.15 | 0.0317 |
| 03 | 1480 | 12.10 | 25.56 | 0.0292 |
| 04 | 1720 | 4.55 | 8.09 | 0.0104 |
| 05 | 25.30 | 45.50 | 53.77 | 0.0851 |
| 06 | 2720 | 9.60 | 6.87 | 0.0153 |
| 07 | 3210 | 15.20 | 16.21 | 0.0279 |
| 08 | 4550 | 15.80 | 15.25 | 0.0276 |
| 09 | 4870 | 17.70 | 7.01 | 0.0248 |
| 10 | 5250 | 22.25 | 0 | 0.0262 |
| ആകെ | | 167.351 | 181.73 | 0.3043 |

(ഇതിൽ പുതുവേലി, വെളിയന്നൂർ ഭാഗത്തെ സ്ഥലങ്ങളും ഉൾപ്പെടുന്നു.)


ഇതിൽ 80% പ്രദേശം കൂത്താട്ടുകുളം വില്ലേജിൽ വരുന്നതായി കണക്കാക്കിയാൽ 279 ഹെ. സ്ഥലത്ത് മാത്രമേ ഈ ഉപകനാൽ വഴി ജലം ലഭിക്കുകയുള്ളു. മൊത്തം കണക്കാക്കിയിട്ടുള്ളത് 389 ഹെ. പ്രദേശമാണ്. ഉഴവൂർ തോടിന്റെ ഇടതുകരയിലും ഇടതുകര മൂന്നാം റീച്ച് കനാൽ ഭാഗത്തിന് വലതുഭാഗത്തുള്ള ഇടയാർഭാഗത്തിനും ജലം എത്തിക്കുന്നതിന് 2 ഉപകനാലുകൾ (മൈനർ) കൂടി മൂവാറ്റുപുഴ നദീതട പദ്ധതിപ്രകാരം ചെയ്യേണ്ടതുണ്ട്. എങ്കിൽമാത്രമേ ഈ പദ്ധതി കൂത്താട്ടുകുളം പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും കമ്മീഷൻ ചെയ്യപ്പെടുകയുള്ളൂ. കൂത്താട്ടുകുളം ഉപകനാൽ വഴി പ്രയോജനം ലഭിക്കുക 2,6,7,8 വാർഡുകളിലെ താഴ്ന്ന പ്രദേശത്തുമാത്രമാണ്. 5, 9 വാർഡുകൾക്കും 7, 8 വാർഡുകളിലെ ബാക്കി ഭാഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം 2 ഉപകനാലുകളുടെ ആവശ്യമുണ്ട്. 1, 3 വാർഡുകൾക്ക് പ്രയോജനം ലഭിക്കാൻ കൂത്താട്ടുകുളം ഉപകനാലിന്റെ അറ്റത്തുനിന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആസൂത്രണം ചെയ്യണം. 4,5,6,7,8,9 വാർഡുകളിലെ ഉയർന്ന പ്രദേശങ്ങൾക്കും ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കേണ്ടതാണ്. (ഇടതുകര കനാൽ 3-ാം റീച്ച്, കൂത്താട്ടുകുളം ഉപകനാൽ ഇവ അടയാളപ്പെടുത്തിയ പ്ലാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്).

മൺസൂൺ കാലയളവിൽ കൂത്താട്ടുകുളം പ്രദേശത്തുനിന്ന് (23.18 ച.കി.) തോടുകളിൽ എത്തുന്ന ജലം.

| | |
|---|---|
| ജൂൺ | y=0.969x-11.241 |
| ജൂലൈ | y=0.392x+3.209 |
| ആഗസ്റ്റ് | y=0.711x-1.554 |
| സെപ്റ്റംബർ ഒക്ടോബർ | y=0.615x-0.137 |
| നവംബർ | y=0.691x+0.403 |

Run off formula y&x in inches

കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത്
എം. വി. ഐ. പി. കനാലും അയക്കട്ടും.



| മാസം | സാമാന്യമായി ലഭിക്കുന്ന മഴ (മി.മീറ്റർ) | മഴയുടെ കണക്ക് (ഇഞ്ച്) | ഒഴുകുന്ന ജലം (ഇഞ്ച്) | ഒഴുകുന്ന ജലം (മില്യൺ ക്യൂബിക് മീറ്റർ) |
|---|---|---|---|---|
| ജൂൺ | 740 | 29.13 | 16.98 | 10.00 |
| ജൂലൈ | 721 | 28.38 | 14.34 | 8.44 |
| ആഗസ്റ്റ് | 451 | 17.75 | 11.07 | 6.52 |
| സെപ്റ്റംബർ | 288 | 11.34 | 6.84 | 4.03 |
| ഒക്ടോബർ | 312 | 12.28 | 7.41 | 4.36 |
| നവംബർ | 172 | 6.77 | 5.08 | 2.99 |

## പ്രശ്നങ്ങൾ

- വേനൽക്കാലത്ത് തോടുകളിലുള്ള ക്രോസ് ബാറുകളിൽ ജലം നിലനിർത്താൻ കഴിയാത്തതു കൊണ്ട് സമീപത്തുള്ള കുളങ്ങളിലെയും കിണറുകളിലെയും ജലനിരപ്പ് താഴുന്നു.
- ക്രോസ്ബാർ തോടുകളിൽ വരുത്തിയ പരിസ്ഥിതിമാറ്റം അനുസരിച്ച് മുൻഭാഗത്ത് കൂടുതൽ മണൽ അടിയുകയും താഴെ കുഴികൾ രൂപം കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം മഴക്കാലത്ത് വെള്ള പ്പൊക്കനിരക്ക് കൂടുന്നു. ഷട്ടർ ഇട്ട് ജലം ഉയർത്തുന്ന അവസരങ്ങളിൽ ജലം കോൺക്രീറ്റ് തറ യുടെ അടിഭാഗത്തുകൂടി കൂടുതൽ വേഗത്തിൽ ഒഴുകിപ്പോകുകയും ചെയ്യുന്നു.
- മുവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ഭാഗമായി 10 ഹെക്ടർ പ്ലോട്ടുവരെ നിർമ്മിക്കേണ്ട മൈനർ കൺവേയൻസ് സിസ്റ്റത്തിന്റെ ആസൂത്രണവും പ്ലാനുകളും തയ്യാറാക്കിയിട്ടില്ല.
- ഓരോ പാടവിഭാഗത്തിലേക്കും നിലവിലുള്ള ജലസേചന ചാലുകൾ പുനരുദ്ധരിക്കേണ്ടതുണ്ട്.

## സാദ്ധ്യതകൾ

- മുവാറ്റുപുഴ നദീതട ജലസേചന പദ്ധതിപ്രകാരം ഉടനെതന്നെ കൂത്താട്ടുകുളം ഉപകനാൽ തീർത്ത് ഉഴവൂർ തോട്ടിലേക്ക് ജലം തുറന്നുവിടുക. നിലവിലുള്ള പമ്പുസെറ്റുകൾ പ്രയോജനപ്പെടുത്തി പറമ്പുകൃഷി വികസിപ്പിക്കുക. ഇരുപ്പുനിലങ്ങൾ മുപ്പു ആക്കി നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാം.
- മൈനർ ഇറിഗേഷൻ വിഭാഗം തോടുകളിലെ ക്രോസ്ബാറുകളുടെ നിർമ്മാണവും പുനരുദ്ധാര ണവും പഞ്ചായത്ത് വികസനസമിതിയുടെയും പാടശേഖരസമിതികളുടെയും അഭിപ്രായം സമ ന്വയിപ്പിച്ച് നടപ്പിലാക്കുക.
- എം.വി.ഐ.പി. ചെയ്യേണ്ട മൈനർ കൺവേയൻസുകൾ ഇപ്പോൾ നിലവിലുള്ള ജലസേചനചാ ലുകളുമായി ബന്ധിപ്പിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്യുക.
- കുന്നിൻചെരിവുകളിൽ മൈനർ ഇറിഗേഷൻ പ്രോഗ്രാം അനുസരിച്ച് നിർമ്മിച്ചിട്ടുള്ള കുളങ്ങളി ലേക്ക് ആവശ്യത്തിന് ജലം പമ്പുചെയ്യാനുള്ള സാദ്ധ്യതകൾ തിട്ടപ്പെടുത്തുക.
- പമ്പിംഗ് ഊർജ്ജ ഉപഭോഗത്തിന്റെ ഭാഗമായതുകൊണ്ട് പറമ്പ് ജലസേചനത്തിന് ഡ്രിപ് ഇറിഗേ ഷൻ പ്രോത്സാഹിപ്പിക്കുക.
- മണ്ണിന്റെ അടിയിലൂടെയുള്ള നീരൊഴുക്കിന്റെ ദൈർഘ്യം കൂട്ടുന്നതിന് ക്രോസ്ബാറുകൾക്ക് മുമ്പിൽ നിലവിലുള്ള കോൺക്രീറ്റ് തറയുടെ തുടർച്ചയായി മണ്ണിനടിയിൽ കൂടുതൽ ആഴത്തിൽ കോൺക്രീറ്റ് ഭിത്തി കെട്ടുക. ക്രോസ്ബാറുകളിൽ യന്ത്രവൽകൃത ഷട്ടറുകൾ ഘടിപ്പിക്കുക.

# മൃഗസംരക്ഷണം

മൃഗ പരിപാലന രംഗത്ത്, പ്രത്യേകിച്ചും പശു വളർത്തൽ പരിപാടിയിൽ പ്രകടമായ പുരോഗതി ക്രമാനുഗതമായി കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള പശുക്കളെയാണ് ഇപ്പോൾ പൂർണ്ണമായും വളർത്തുന്നത്. ഈ രംഗത്തുനിന്നും നാടൻ പശുക്കൾ അപ്രത്യക്ഷമായ സ്ഥിതിയാണുള്ളത്. ഇതിന്റെ ഫലമായി ഉത്പാദനക്ഷമതയിൽ വർദ്ധനവുണ്ടായി. നിരവധി കുടുംബങ്ങൾ പാൽ വിപണനം മുഖ്യ തൊഴിലായിസ്വീകരിക്കുകയും അതിൽ നിന്നുമുള്ള വരുമാനം കൊണ്ട് മാത്രം ജീവിക്കുകയും ചെയ്യുന്നു. പക്ഷേ പ്രസ്തുത മേഖലയിൽ നിരവധി പ്രശ്നങ്ങൾ അവരെ അഭിമുഖീകരിക്കുന്നു. നാടൻ പശു പരിപാലന രീതിയിൽ നിന്നും തികച്ചും വിഭിന്നമായ രീതിയാണല്ലോ പുതിയ ജനുസ്സുകളുടേത്. അതിന്റെ ഫലമായി ചെലവിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നു. നാടൻ ഇനങ്ങൾക്ക് പുല്ലും വൈക്കോലും കറവ സമയത്ത് മാത്രം പിണ്ണാക്കും ആഹാരമായിരുന്നു. എന്നാൽ പുതിയ ഇനങ്ങളിലേക്കുള്ള മാറ്റത്തിന്റെ ഫലമായി കന്നുകാലിതീറ്റ പ്രധാന ആഹാരമായി മാറി. അതോടൊപ്പം പുളിങ്കുരു, പരുത്തിക്കുരു, പിണ്ണാക്ക് തുടങ്ങിയവയും സ്ഥിരമായി കൊടുക്കുന്നു. നാടൻ ഇനങ്ങൾ രോഗ പ്രതിരോധശേഷി കൂടുതലുള്ളവയാണ്. പുതിയ ഇനങ്ങളാകട്ടെ നേരേ മറിച്ചും. ഇത്തരം ജനുസ്സുകളെ വളർത്തുന്നതിൽ കൂടുതൽ സമയവും, ശ്രദ്ധയും, ചെലവും ആവശ്യമായി വരുന്നു. അതിനനുസരിച്ചുള്ള വരുമാനം ഉണ്ടാകാത്തതുകൊണ്ടും നിലവിലുള്ള സർക്കാർ പദ്ധതികളുടെ അപര്യാപ്തത കൊണ്ടും, പദ്ധതികളെ സംബന്ധിച്ച ബോധവത്ക്കരണം സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ വരുന്ന പാകപ്പിഴകൊണ്ടും ക്ഷീരകർഷകർക്കുണ്ടാവുന്ന പ്രയാസങ്ങൾ നിരവധിയാണ്. കന്നുകാലി തീറ്റയുടെ അമിതമായ വിലവർദ്ധനവ് ഏററവും പ്രധാനപ്പെട്ട പ്രശ്നമാകുന്നു. ഇന്ന് സ്വകാര്യ മേഖല കൈയടക്കിവച്ചിരിക്കുന്ന ഈ രംഗത്ത് പൊതുമേഖലയും സഹകരണമേഖലയും മൽസരബുദ്ധ്യ കടന്നുവന്നാൽ മാത്രമേ പ്രശ്നത്തിന് മുഴുവനായിട്ടല്ലെങ്കിൽ പോലും പരിഹാരം കാണാൻ കഴിയുകയുള്ളു. മരുന്നുകളുടെ ലഭ്യതക്കുറവ് മൃഗാശുപത്രികളിൽ അനുഭവപ്പെടുന്നതാണ് മറ്റൊരു പ്രശ്നം. കർഷകർക്ക് താങ്ങാനാവാത്ത വിലയിൽ മരുന്ന് കടകളിൽ നിന്നും വാങ്ങേണ്ടി വരുന്നു. ലബോറട്ടറി സൗകര്യം മൃഗാശുപത്രിയിൽ ഇല്ലാത്ത സ്ഥിതിയും മറ്റൊരു പ്രശ്നമാണ്. റബ്ബർ കൃഷി വ്യാപകമായതോടെ തീറ്റപ്പുല്ല് കിട്ടാത്ത സ്ഥിതിയുണ്ട്. സ്ഥലപരിമിതിയുടെ പ്രശ്നം നിലനില്ക്കുമ്പോൾ പോലും തീറ്റപ്പുൽവിത്ത് കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും അനുഭവപ്പെടുന്നു. ഇത്തരത്തിലുള്ള നാനാവിധങ്ങളായ പ്രയാസങ്ങൾ ക്ഷീരകർഷകർ അനുഭവിക്കുന്നു.

കോഴിവളർത്തൽ രംഗത്ത് ബഹുഭൂരിപക്ഷം വീടുകളിലും മൂന്നോ നാലോ കോഴികളെ വീട്ടുമുറ്റത്ത് വളർത്തുന്നതല്ലാതെ ഒരു വ്യവസായമെന്ന നിലയിൽ ഇനിയും വികസിച്ചിട്ടില്ല. ഇറച്ചിയ്ക്കും മുട്ടക്കും കച്ചവട സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. നാടൻ കോഴികൾക്ക് രോഗപ്രതിരോധ ശക്തി കൂടുതലായി കാണപ്പെടുന്നു. സബ്സിഡിയോടുകൂടിയും സൗജന്യമായും സർക്കാർ പദ്ധതി പ്രകാരം ലഭിക്കുന്ന കോഴിക്കുഞ്ഞുങ്ങൾ വ്യാപകമായി ചത്തുപോകുന്നതായും പരാതികൾ ഉണ്ട്. നാടൻ കോഴികളെ പൊരുന്ന വെച്ച് മുട്ട വിരിയിക്കുന്ന മുതൽ മുടക്കില്ലാത്ത പഴയ സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ നടത്താൻ കഴിയണം. ഇറച്ചി, മുട്ട ഇവക്കായി അന്യ നാടുകളെ ആശ്രയിക്കുന്ന സ്വഭാവം അവസാനിപ്പിച്ചേ മതിയാകൂ. സ്വയം പര്യാപ്തത വലിയ മുതൽ മുടക്കില്ലാതെ നേടാൻ കഴിയുന്ന രംഗമാണിത്. മൂന്ന് സ്വകാര്യ ബ്രോയിലർ ഫാമുകളാണ് ഇവിടെ ഉള്ളത്. ഇറച്ചിക്കുവേണ്ടി നാടൻ കോഴികളെയും ലഭ്യമാകുന്ന ഫാമുകൾ സഹകരണാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞേ പറ്റൂ. ആട്, പന്നി, മുയൽ, കാട എന്നിവയുടെ കാര്യത്തിലും സ്ഥിതി ഇതു തന്നെ. കൂത്താട്ടുകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന M.P.I. ഫാക്ടറിയുടെ കീഴിൽ ഇവകളെ സൗജന്യമായി നൽകുന്ന പദ്ധതിയുണ്ട്. ചെറിയ കുടുംബങ്ങൾക്കു പോലും നടത്താൻ കഴിയുന്നതും ലാഭകരവുമായ ഈ പദ്ധതിക്ക് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. മാനേജുമെന്റ് രംഗത്തെ താൽപര്യക്കുറവും ജനമനസ്സുകളിലെ അലംഭാവവും പ്രകടമാണ്.

കൂത്താട്ടുകുളം പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. സ്വന്തമായ കെട്ടിത്തിന്റെ അഭാവം, വാടകക്കെട്ടിടത്തിന്റെ സ്ഥലസൗകര്യക്കുറവ്, കെട്ടിടം ഒഴിവായിക്കൊടുക്കണമെന്നുള്ള ഉടമയുടെ നിരന്തരമായ ആവശ്യം തുടങ്ങിയ പരിമതികൾ ഏറെയുണ്ടീ ആശുപത്രിക്ക്. ലാബറട്ടറി സൗകര്യം ആശുപത്രിയിലില്ല. മരുന്നുകളുടെ ലഭ്യതയിലും വമ്പിച്ച കുറവ് അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ പദ്ധതിക്കാലത്ത് മൃഗസംരക്ഷണത്തിലേക്ക് വിവിധ പരിപാടികൾ മൃഗാശുപത്രിയിൽ നിന്നും നടപ്പാക്കിയിട്ടുണ്ട്.

## കൂത്താട്ടുകുളം മൃഗാശുപത്രി

95-96

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. ARTIFICIAL INSEMINATION | 1978 | 1841 | 1786 | 1903 | 2100 |
| 2. PATIENTS | | | | | |
| a. Inpatients | * | * | * | * | * |
| b Out Patients | 8368 | 8515 | 8309 | 9544 | 13194 |
| 3. OPERATIONS | | | | | |
| a. Major | 7 | 4 | 12 | 1 | 20 |
| b. Minor | 102 | 112 | 136 | 85 | 125 |
| 4. GYNOLOGICAL DISEASES | 39 | 265 | 402 | 390 | 496 |
| 5. VACCINATIONS | | | | | |
| A. Cattle - 1. ANTHRA | * | 111 | 196 | * | * |
| 2. F+M | 171 | 158 | 1153 | 700 | 200 |
| 3. R.P. | 1006 | 1461 | 403 | 571 | * |
| 4. B.Q. | * | 65 | * | 116 | * |
| 5. H.S. | * | 72 | * | 60 | 87 |
| B. Poultry 1. R.D. | 3267 | 3672 | 3866 | 2379 | 1215 |
| 2. F.P. | 374 | * | 68 | * | * |
| C. Dog 1. PAR | 31 | 139 | 194 | 43 | 300 |
| 2. AR | 12 | * | 1 | * | * |
| 6. LAB EXAMINATIONS | | | | | |
| 1. Milk | 147 | 213 | 209 | 190 | 210 |
| 2. Urene | 138 | 89 | 72 | 79 | 98 |
| 3. Dung | 72 | 163 | 139 | 150 | 169 |
| 4. Blood | 7 | 23 | 14 | 10 | 6 |
| 5. Skin Scraping | 39 | 18 | 19 | 17 | 19 |

1. കന്നുക്കുട്ടി പരിപാലന പദ്ധതിപ്രകാരം 66 കിടാരികൾക്ക് 32 മാസം പ്രായമാകുന്നതുവരെ സബ്സിഡിയോടുകൂടി തീറ്റകൊടുത്തു.
2. കൂത്താട്ടുകുളം ഹരിജൻ കോളനി, കീരുകുന്ന് കോളനി, പറമ്പക്കാട് കോളനി എന്നിവിടങ്ങളിൽ ഹരിജനങ്ങൾക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ നൽകി.
3. കീരുകുന്ന് കോളനിയിൽ പത്ത് ഹരിജൻ കുടുംബങ്ങളിൽ രണ്ട് വയസ്സ് പ്രായമുള്ള പശുക്കുട്ടികളെ പൂർണ്ണമായും സൗജന്യത്തോടെ വിതരണം നടത്തി.
4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി പ്രകാരം 50 കർഷകർക്ക് 100 പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.
5. പിഗ് ബ്രീഡിംഗ് പദ്ധതിപ്രകാരം ഏഴ് യൂണിറ്റുകൾ വിതരണം നടത്തി (5 പെൺ കുഞ്ഞുങ്ങളും ഒരാൺകുഞ്ഞുമാണ് ഒരു യൂണിറ്റ്).

6. പൂറ്റാനിമല കോളനിയിൽ 10 ഹരിജൻ കുടുംബങ്ങൾക്കായി 20 പെൺ ആട്ടിൻകുട്ടികളെയും ഒരു മുട്ടനാടിനേയും സൗജന്യമായി നൽകി.
7. വീട്ടുമുറ്റത്തെ കോഴി വളർത്തൽ പ്രോൽസാഹിക്കുന്നതിനായി 333 കുടുംബങ്ങൾക്ക് മൂന്ന് കോഴി ക്കുഞ്ഞുങ്ങളെ വീതം പകുതി വിലക്ക് കൊടുത്തു.
8. ബീജസങ്കലന രംഗത്ത് കഴിഞ്ഞ 5 വർഷത്തെ പട്ടിക താഴെ ചേർക്കുന്നു.

| വർഷം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| പശു | 1904 | 1772 | 1693 | 1811 | 1992 |
| എരുമ | 74 | 69 | 93 | 92 | 108 |
| ആകെ | 1978 | 1841 | 1786 | 1903 | 2100 |

9. പ്രജനന രോഗങ്ങൾക്കുള്ള ചികിത്സയും, കുളമ്പ് ദീനം, ആന്ത്രാസ്, റിങ്ങർ പെസ്റ്റ്, ബ്ളാക്ക് ക്വാർട്ടർ, എന്നീ രോഗങ്ങൾക്കുവേണ്ട പ്രതിരോധ കുത്തിവയ്പ്പും, മറ്റു മൃഗ ചികിത്സകളും യഥാസമയങ്ങ ളിൽ നടത്തിവരുന്നുണ്ട്. കോഴിയ്ക്ക് R.D.F.P. എന്നിവക്കുള്ള പ്രതിരോധ കുത്തിവയ്പും, പേയ് വിഷബാധക്കെതിരായ കുത്തിവയ്പും നടത്തപ്പെടുന്നു.

## സാദ്ധ്യതകൾ

- സഹകകണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക (വിശദമായ റിപ്പോർട്ട് വ്യവ സായ ഘടകത്തിൽ വരും).
- പാലുല്പന്നങ്ങൾ (ഐസ്ക്രീം etc) നിർമ്മിക്കുന്ന വ്യവസായങ്ങൾ തുടങ്ങുക.
- തീറ്റപ്പുൽ വിത്ത് സൗജന്യമായി വിതരണം ചെയ്യുക.
- കൂത്താട്ടുകുളം ആസ്ഥാനമായ M.P.I. ഫാക്ടറിയുടെ സൗജന്യ പദ്ധതികൾക്ക് കൂത്താട്ടുകുളത്തെ ജനങ്ങൾക്ക് മുൻഗണന നല്കുക.
- ഇടയാർ, കിഴകൊമ്പ്, വടകര എന്നീ മേഖലകളിൽ ബീജസങ്കലന കേന്ദ്രങ്ങൾ തുടങ്ങുക.
- മൃഗ പരിപാലന രംഗത്ത് എട്ടാം പദ്ധതിക്കാലത്ത് സർക്കാർ നടപ്പാക്കിയ മുഴുവൻ പദ്ധതികളും കൂടുതൽ സൗജന്യങ്ങളോടെ ഒൻപതാം പദ്ധതിയിലും നടപ്പാക്കണം.
- സൗജന്യങ്ങൾ ദാരിദ്രരേഖക്ക് താഴെയുള്ള മുഴുവൻ വിഭാഗത്തിനും അനുവദിക്കുക.
- പിഗ് ബ്രീഡിംഗ് യൂണിറ്റ് ഒരു വാർഡിന് രണ്ടു വീതം ആരംഭിക്കുക.
- സഹകരണ മേഖലയിൽ ബ്രോയിലർ ഫാമുകൾ ആരംഭിക്കുക.
- രോഗപ്രതിരോധ കുത്തിവയ്പ്പുകൾ ഷെഡ്യൂൾ പ്രകാരം ഓരോ വാർഡ് കേന്ദ്രത്തിലും വച്ച് നട ത്തുക.
- നായ്ക്കൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ഇല്ലാത്തവയെ കൊന്നൊടുക്കു ന്നതിനുള്ള തീവ്രയത്നപരിപാടികളും നടപ്പാക്കുക.
- ഇടയാർ. കിഴകൊമ്പ്, വടകര എന്നീ സ്ഥലങ്ങളിൽ സഹകരണസംഘങ്ങൾ മുഖാന്തിരം കാലി ത്തീറ്റ വിതരണം നടപ്പാക്കുക.
- ഓരോ വാർഡിലും 2 വീതം ഡയറി യൂണിറ്റുകൾ അനുവദിക്കുക.

# മത്സ്യബന്ധനം

സമുദ്രതീരവും, കായലും, പുഴയും ഇല്ലാത്ത ഈ പഞ്ചായത്തിൽ മത്സ്യബന്ധന പ്രവർത്തന രംഗത്ത് എടുത്തുപറയത്തക്ക ചരിത്രമൊന്നുമില്ല. ഇവിടത്തെ തോടുകളിലും, കുളങ്ങളിലും, പാടശേഖരങ്ങളിലും വളർന്നിരുന്ന വരാൽ, മുഴി, കാരി, പരൽ, കുറുവ, ആരോൻ, മനഞ്ഞിൽ, പള്ളത്തി എന്നീ മത്സ്യങ്ങളും, പുതുമഴക്കാലത്ത് പിറവം പുഴയിൽ നിന്നും മുഖ്യമായും നാടൻവലകൾ,

ചേര്, കൂട, ഒറ്റാൽ, ചൂണ്ട എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതികളാണ് ഇവിടെ നിലനിന്നിരുന്നത്. ഇവിടെ നിലനിന്നിരുന്നത്. കാർഷികമേഖലയിലെ പുതിയ കീടനാശിനിപ്രയോഗവും ജലസ്രോതസ്സുകളുടെ കുറവും നമ്മുടെ നാടൻ മത്സ്യസമ്പത്തിനെയും, അതോടൊപ്പം നാടൻ മത്സ്യബന്ധനരീതികളേയും അന്യമാക്കി. ഈ പ്രദേശത്തെ മത്സ്യോപഭോഗം മുഖ്യമായും പിറവം, മൂവാറ്റുപുഴ,വൈക്കം ഭാഗത്തുള്ള മാർക്കറ്റുകളാണ് നിറവേറ്റിയിരുന്നത്. അവിടങ്ങളിൽനിന്ന് സൈക്കിളിലും തലച്ചുമടായും ഇവിടെ മത്സ്യമെത്തിച്ച് കച്ചവടം നടത്തിയിരുന്നു. ഇന്നും ആ രീതിക്ക് കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല. കൂത്താട്ടുകുളത്തെ പ്രശസ്തമായ ആഴ്ചച്ചന്തയിൽ ഉണക്കമത്സ്യം സുലഭമാണ്.

ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന അനിയന്ത്രിതവും, അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളും ജനസംഖ്യാവർദ്ധനവുംമൂലം മത്സ്യലഭ്യതയും ആളോഹരി മത്സ്യഉപഭോഗവും ഗണ്യമായി കുറഞ്ഞുവരുന്നതായിക്കാണാം. ഈ സ്ഥിതിവിശേഷത്തെ തരണം ചെയ്യുന്നതിനുള്ള ഏകമാർഗ്ഗമാണ് ശാസ്ത്രീയ ഉൾനാടൻ മത്സ്യകൃഷിയുടെ വികസനം. നമ്മുടെ പഞ്ചായത്തിൽ 5 ഹെക്ടർ പ്രദേശത്ത് പഞ്ചായത്ത് കുളങ്ങൾ നിലവിലുണ്ട്.കൂടാതെ കൃഷിയിടങ്ങളിൽ ധാരാളം ചെറുകുളങ്ങളും സ്വകാര്യ വ്യക്തികളുടേതായിട്ടുണ്ട്. വർഷകാലത്ത് കര കവിഞ്ഞൊഴുകാത്തതും ജലമലിനീകരണത്തിന് സാദ്ധ്യതയില്ലാത്തതുമായ കുളങ്ങൾ ശുദ്ധജലമത്സ്യകൃഷിക്ക് അനുയോജ്യമാണ്. എട്ടാം വാർഡിൽ കണിയാലിപ്പടി ഭാഗത്ത് 7 ഏക്കർ പ്രദേശത്ത് ശാസ്ത്രീയ മത്സ്യകൃഷി നടന്നുവരുന്നു. അതുപോലെ മൂന്നാം വാർഡിൽ ഒന്നര ഏക്കർ സ്ഥലത്തും കൃഷി നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ വീട്ടുവളപ്പുകളിലുള്ള ചെറുകുളങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്. സ്വാദിഷ്ഠമായ ഒരുത്തമാഹാരം എന്നതിനുപുറമെ നമ്മുടെ പ്രദേശത്തിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്നതിലും മത്സ്യത്തിന് ഉന്നതസ്ഥാനമുണ്ട്. വേനൽക്കാലത്ത് വറ്റിപ്പോകാത്ത വീട്ടുകുളങ്ങൾ ഇതിലേക്കായി തെരഞ്ഞെടുക്കാവുന്നതാണ്. ചുരുങ്ങിയ കാലയളവിൽ നല്ല വളർച്ച പ്രാപിക്കുന്ന മത്സ്യങ്ങളെ ശുദ്ധജലമത്സ്യകൃഷിക്ക് ഉപയോഗിക്കാം.

| പേര് | വാർഷിക വളർച്ചനിരക്ക് | മുഖ്യാഹാരം |
|---|---|---|
| കട്‌ല | 2 കിലോ | ജലോപനിരപ്പിലുള്ള ജന്തുപ്ലവങ്ങൾ |
| റോഹു | 11/2 കിലോ | കരയോടടുത്ത ആഴം കുറഞ്ഞ ഭാഗങ്ങളിലും ജലമധ്യഭാഗങ്ങളിലുമുള്ള സസ്യപ്ലവങ്ങൾ |
| മൃഗാല | | ജലാശയത്തിന്റെ അടിത്തട്ടിലുള്ള ജൈവവസ്തുക്കൾ |
| സൈപ്രിനസ് (കോമൺ കാർപ്) | 1 കിലോ | ജലാശയത്തിന്റെ എല്ലാതട്ടുകളിൽനിന്നും അഴുകിയ ജന്തുസസ്യഭാഗങ്ങളും വിരകളും ചെറുജീവികളും |
| വെള്ളിമീൻ (സിൽവർ കാർപ്) | 1 കിലോ | ജലോപരിതലത്തിലെ സസ്യപ്ലവങ്ങൾ |
| പുൽമീൻ (ഗ്രാസ് കാർപ്) | 2 കിലോ | ജലസസ്യങ്ങൾ |

## മത്സ്യകർഷക വികസനസമിതി

ഈ നടപ്പു പദ്ധതിയുടെ ലക്ഷ്യം ഉൾനാടൻ മത്സ്യമേഖലയുടെ വികസനമാണ്.

1. ചാൽനിലങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് ഹെക്ടർ ഒന്നിന് 4000 രൂപ സബ്സിഡി.
2. കുളങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 10000 രൂപ ബാങ്ക് വായ്പയും 25% സബ്സിഡിയും.

3. സംരംഭകർക്ക് പ്രതിദിനം 25 രൂപ അലവൻസോടുകൂടി 15 ദിവസത്തെ പരിശീലനം.

4. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതികസഹായവും ലഭ്യമാണ്.

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന FFDA ഓഫീസിൽനിന്നും ഈ പദ്ധതിയേക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാണ്.

## മത്സ്യകൃഷി കലണ്ടർ

| മാസം | ചെയ്യേണ്ട ജോലികൾ |
|---|---|
| ഏപ്രിൽ-മെയ് | കുളം തയ്യാറാക്കുക, കൃഷിക്കു വേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തുക. |
| ജൂൺ-ജൂലൈ | വളപ്രയോഗം നടത്തുക, കുഞ്ഞുങ്ങളെ നിക്ഷേപിക്കുക, കൃത്രിമാഹാരം നൽകുക. |
| സെപ്റ്റംബർ മുതൽ ഡിസംബർ വരെ | വളർച്ച പരിശോധിക്കുക. കൃത്യമായ ആഹാരം നൽകുക, പരിപാലന മുറകൾ സ്വീകരിക്കുക |
| ജനുവരി-ഫെബ്രുവരി | ഭാഗികമായ വിളവെടുപ്പ് |
| മാർച്ച് | പൂർണ്ണമായ വിളവെടുപ്പ് നടത്തുക. അടുത്ത കൃഷിക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിക്കുക. |

മുവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ ഈ പഞ്ചായത്ത് പ്രദേശത്തെ ജലസ്ത്രോതസ്സുകൾ സമൃദ്ധമാവും. ശാസ്ത്രീയ മത്സ്യകൃഷിയോടൊപ്പം അലങ്കാര മത്സ്യകൃഷിയും വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. അധികം മുതൽമുടക്ക് വേണ്ടാത്ത ഈ വക കൃഷികൾ കുടുംബത്തിന്റെ വരുമാനവർദ്ധനവിന് സഹായകമാകും.

കൂത്താട്ടുകുളം
ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

# ദ്വിതീയ മേഖല

# വ്യവസായം

ഗ്രാമത്തിന്റെ സൗന്ദര്യവും പട്ടണത്തിന്റെ പ്രസരിപ്പും ഒത്തിണങ്ങിയ ഒരു ഗ്രാമപഞ്ചായത്താണ് കൂത്താട്ടുകുളം. വ്യാവസായികമായി പരിശോധിക്കുമ്പോൾ പരമ്പരാഗതരംഗം ഇല്ലെന്ന് തന്നെ പറയാം. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഒന്നുമില്ലാത്ത ഒരു പഞ്ചായത്താണിത്. ചൂരൽ കൊണ്ടുള്ള കുട്ട, പനമ്പ്നെയ്ത്ത് ഒറ്റപ്പെട്ട കുടുംബക്കാർ ഉപജീവനത്തിനു വേണ്ടി ഇപ്പോഴും നടത്തുന്നുണ്ടെങ്കിലും ലാഭകരമല്ലാത്ത രംഗം ആയതുകൊണ്ടും അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യതയും നിമിത്തം അടുത്ത തലമുറയിലേക്ക് ഇത് കൈമാറാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

ഈ പഞ്ചായത്ത് അതിർത്തിക്കകത്ത് തലയുയർത്തി നിൽക്കുന്ന ഏകവ്യവസായ ഫാക്ടറി 'മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ' . മാംസ സംസ്കരണ രംഗത്ത് പൊതുമേഖലയിലുള്ള പ്രസ്തുത വ്യവസായം കേരളത്തിലെ തന്നെ ഇത്തരത്തിലുള്ള ഒന്നു മാത്രമാണ്. സഹകരണ മേഖലയിലും, സ്വകാര്യ മേഖലയിലും മറ്റൊരു വ്യാവസായ സ്ഥാപനവും ഇവിടെ ഇല്ല.

1966 -ലാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ബേക്കൺ ഫാക്ടറി എന്ന സ്ഥാപനം സ്ഥാപിതമായത്. കൂത്താട്ടുകുളം പഞ്ചായത്തിലെ ഇടയാർ കരയിലാണ് ഫാക്ടറി സ്ഥാപിച്ചത്. പഞ്ചായത്ത് ഭരണസമിതി നാട്ടുകാരിൽ നിന്നും സമാഹരിച്ച പണവും, പഞ്ചായത്ത് ഫണ്ടും ചേർത്ത് വാങ്ങി സർക്കാരിന് സൗജന്യമായി കൈമാറിയ 25 ഏക്കർ സ്ഥലത്താണ് ഫാക്ടറി നിലകൊള്ളുന്നത്. 1968 ൽ കെട്ടിടവും മെഷിനറികളും സ്ഥാപിക്കുകയും ട്രെയിനികളായി 30 തൊഴിലാളികളെ നിയമിക്കുകയും ചെയ്തു. ഇറച്ചിസംസ്കരണത്തിൽ വിദഗ്ധനായ ഒരു സ്വീഡൻകാരനായിരുന്നു പരിശീലകനായി നിയോഗിക്കപ്പെട്ടിരുന്നത്. സർക്കാരിന്റെ വ്യവസായ നയം കമ്പനിയെ നഷ്ടത്തിലാക്കുകയും ജോലി ഇല്ലാത്തതിന്റെ പേരിൽ 12 തൊഴിലാളികൾ പിരിഞ്ഞു പോവുകയും ചെയ്തു. ആഴ്ചയിൽ 2 ദിവസം മാത്രം പ്രവർത്തിക്കുന്ന സ്ഥിതിയിലേക്ക് കമ്പനി എത്തിച്ചേർന്നു. അവശേഷിച്ച 18 തൊഴിലാളികൾ സംഘടന രൂപീകരിക്കുകയും , സംഘടനയുടെ സമ്മർദ്ദത്താൽ 1976ൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ "മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ" എന്ന നാമധേയത്തിൽ ലിമിറ്റഡ് കമ്പനിയായി ബേക്കൺ ഫാക്ടറി പുനഃസംഘടിപ്പിക്കപ്പെട്ടു. ഒരു പ്രോജക്ട് ഓഫീസറും ഒരു ജനറൽ മാനേജറും പുതിയതായി നിയമിക്കപ്പെടുകയും ഓഫീസ് എറണാകുളം പട്ടണത്തിൽ തുടങ്ങുകയും ചെയ്തു. 1979ൽ എസ്റ്റാബ്ലിഷ് മെന്റ് ചിലവ് കുറക്കുന്നതിന് വേണ്ടി ഓഫീസ് ഫാക്ടറിയിലേക്ക് മാറ്റി. ഉദ്യോഗസ്ഥ മേധാവികളുടെ കെടുകാര്യസ്ഥതക്ക് ഈ കമ്പനി ഒരു ഉത്തമ ഉദാഹരണമാണ്. നഷ്ടത്തിലേക്ക് മുതലക്കൂപ്പ് നടത്തി അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ സ്ഥാപനത്തെ നല്ലരീതിയിലാക്കാൻ ഇടക്കാലത്ത് ശ്രമമുണ്ടാവുകയും നേരിയലാഭത്തിലേക്ക് പ്രവേശിക്കുകയും ചെയ്ത അവസരത്തിൽ തന്നെ പഴയ കാര്യസ്ഥന്മാരെ വീണ്ടും നിയമിച്ച് കടബാദ്ധ്യതയിലേക്ക് കടന്നുകയറിയ സ്ഥിതി വിശേഷമാണ് കാണാൻ കഴിഞ്ഞത്. ഇപ്പോൾ രണ്ടുകോടി രൂപയോളം കട ബാദ്ധ്യതയിലാണ് ഫാക്ടറി. കഴിഞ്ഞ മാനേജ്മെന്റിന്റെ ദുർഭരണത്തിന്റെ ഫലമാണിതെന്ന് എല്ലാ തൊഴിലാളി സംഘടനകളും ഏക സ്വരത്തിൽ പ്രസ്താവിക്കുന്നു.

നഷ്ടത്തിലായ വ്യവസായത്തെ രക്ഷിക്കുവാൻ പ്രധാനമായും മാനേജ്മെന്റിൽ അഴിച്ചുപണി നടത്തണം. മാനേജിംഗ് ഡയറക്ടറെ ഇപ്പോൾ സ്ഥാനത്ത് നിന്ന് മാറ്റിയിട്ടുണ്ടെങ്കിലും നിരവധി പരിഷ്കരണ നടപടികൾ നടത്തിയാൽ ഈ വ്യവസായസ്ഥാപനത്തെ രക്ഷിച്ചെടുക്കാൻ കഴിയും. ഏറ്റവും പ്രധാനമായി നടപ്പാക്കേണ്ടത് മാനേജ്മെന്റ് വൈദഗ്ധ്യം കൈവരിക്കലാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കത്തക്കവണ്ണം ആധുനിക മെഷിനറികൾ സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്. കമ്പനി സ്ഥാപിച്ച കാലത്തെ യന്ത്രങ്ങളാണ് തുരുമ്പു പിടിച്ച അവസ്ഥയിലും പ്രവർത്തിക്കുന്നത്. ആധുനിക രീതിയിലുള്ള ഫീഡ് മിക്സിങ് യൂണിറ്റ് സ്ഥാപിക്കുന്നതടക്കം കമ്പനിയുടെ ത്വരിതമായ വികസനം നടത്തിയാൽ നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. അനുബന്ധ വ്യവസായമായ കാലിത്തീറ്റ

ഫാക്ടറി, എല്ലുപൊടി വ്യവസായ യൂണിറ്റ് എന്നിവ തുടങ്ങാനുള്ള സാദ്ധ്യതയുണ്ട്. രണ്ടുകോടി രൂപ മൂലധനവും രണ്ടരക്കോടി രൂപയുടെ നഷ്ടവുമുള്ള കമ്പനിയെ ലാഭകരമാക്കേണ്ടതുണ്ട്. സർക്കാരിന്റെ പുതിയ വ്യവസായ നയം പ്രസ്തുത ദിശയിലേക്കാണെന്നുള്ള സൂചനയുണ്ടെങ്കിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനങ്ങൾ സംഭാവനയായി നൽകിയ സ്ഥലത്ത് സ്ഥിതിചെയ്യുന്ന വ്യവസായത്തെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുവാൻ തൊഴിലാളികളും നാട്ടുകാരും ഒന്നായിട്ട് അണിനിരക്കണം.

സ്വകാര്യവ്യവസായ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയുകയില്ലെങ്കിലും സിമന്റിഷ്ടിക നിർമ്മിക്കുന്ന 6 സ്വകാര്യ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. തൊഴിലാളികളുടെ അംഗസംഖ്യ വളരെ കുറവാണ് ഈ രംഗത്ത്. സനാതന ബ്രഡ് ഫാക്ടറി എന്നൊരു സ്വകാര്യസ്ഥാപനം സ്ഥാപിച്ചിട്ടുണ്ടെങ്കിലും തദ്ദേശവാസികളായ തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നില്ല. കൊക്കോ സംഭരിച്ച്, സംസ്കരിച്ച് ഫാകാടറികളിലേക്ക് കൈമാറുന്ന ഒരു കേന്ദ്രം ഉള്ളതിൽ 50 ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. എട്ടാം വാർഡിൽ ഗീതാഞ്ജലി വനിതാസംഘം ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് നിർമ്മാണ രംഗത്ത് പുതിയതായി ആരംഭിച്ചിട്ടുണ്ട്.

റബ്ബർക്കൃഷിയുടെ ഒരു കേന്ദ്രമെന്ന നിലയിൽ റബ്ബർ അധിഷ്ഠിത വ്യാവസായങ്ങൾ തുടങ്ങുവാൻ ഏറെ സാദ്ധ്യതയുണ്ടിവിടെ. സ്ഥലസൗകര്യങ്ങളുടെ അഭാവം ഇവിടെ ഇല്ല. വൈദ്യുതിയുടെ കുറവ്, സാങ്കേതിക നൂലാമാലകളുടെ കെണികൾ തുടങ്ങിയ പ്രശ്നങ്ങൾ പൊതുവായി കാണപ്പെടുന്നുണ്ട്. സാങ്കേതിക വിദ്യയും വൈദഗ്ധ്യവും ലഭിച്ചവരുണ്ടെങ്കിലും ഗൾഫ് മോഹവുമായി കഴിയുന്നവരാണിവർ. സ്വകാര്യ നിക്ഷേപകർ രംഗത്ത് വരാൻ മടിക്കുന്ന പ്രവണതയും നിലവിലുണ്ട്. വളരെപെട്ടെന്ന് ലാഭം കൊയ്യാമെന്ന് കരുതുന്ന "ബ്ലേഡ് കമ്പനി" സംസ്ക്കാരത്തിനാണ് മുൻതൂക്കം.

### സാദ്ധ്യതകൾ

- സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
- ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.
- റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുക.
- കുട്ട, പനമ്പ്നെയ്ത്ത് വ്യവസായം നവീകരിക്കുക.
- വനിതാവ്യവസായ സംരംഭങ്ങൾ ഓരോ വാർഡിലും ഒന്നുവീതം ആരംഭിക്കണം.
- സാമ്പത്തികശേഷിയുള്ളവരെ പുതിയ വ്യവസായങ്ങളാരംഭിക്കുവാൻ പ്രേരിപ്പിക്കുക.
- കെട്ടിടനിർമ്മാണസാമഗ്രികൾ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണമേഖലയിൽ ആരംഭിക്കണം.

# ഊർജ്ജം

ഗാർഹിക, കാർഷിക, വാണിജ്യ മേഖലകളിലെ ഊർജ്ജ ഉപഭോഗവും ലഭ്യതയും സംബന്ധിച്ച വിലയിരുത്തലാണ് ഗ്രാമസഭകളിൽ മുഖ്യമായും നടന്നത്. വൈദ്യുതി എത്താത്ത പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളിലെ എല്ലാ പ്രവർത്തനങ്ങൾക്കും വൈദ്യുതോർജ്ജം തന്നെയാണ് ഉപയോഗിക്കുന്നത്. വൈദ്യുതി ലഭ്യമല്ലാത്ത സമയങ്ങളിൽ പ്രവർത്തനം തുടരുന്നതിന് എണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജനറേറ്റർ സെറ്റുകൾ ഈ യൂണിറ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

വെളിച്ചത്തിന് എല്ലാ മേഖലകളിലും വൈദ്യുതി തന്നെയാണ് ആശ്രയം. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ മണ്ണെണ്ണയാണ് വിലകുറഞ്ഞ ഇന്ധനം. മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ നിലവിലില്ല.

# വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

**1. നിലവിലുള്ള ഉപഭോക്താക്കൾ**

| | |
|---|---|
| a. ഗാർഹികം | 3143 എണ്ണം |
| b. വ്യാപാരം | 908 " |
| c. വ്യാവസായികം | 91 " |
| d. കാർഷികം | 458 " |

**2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| | |
|---|---|
| a. ഓർഡിനറി | 312 എണ്ണം |
| b. ഒ. റ്റി. പി. | 14 " |
| c. ഒ. വൈ. ഇ. ഡി. | 72 " |
| d. കാർഷികം | 11 " |

**അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തീയതി.**

| | |
|---|---|
| a. ഓർഡിനറി | 18-11-'91 |
| b. ഒ. റ്റി. പി. | 29-5-'95 |
| c. ഒ.വൈ.ഇ.സി. | 19-12-'95 |

**3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**

| | |
|---|---|
| a. ബൾബ് 40w. | 208 എണ്ണം |
| b. ട്യൂബ് | 143 എണ്ണം |
| c. മെർക്കുറി വേപ്പർ | 4 എണ്ണം |
| d. സോഡിയം വേപ്പർ | 5 എണ്ണം |

**4 ആകെ വൈദ്യുതീകരിച്ച SC/ST കോളനികൾ** — **ഇല്ല**

**5 തൻവർഷത്തെ കണക്ഷൻ**

| | |
|---|---|
| ഓർഡിനറി | 21 എണ്ണം |
| ഒ.റ്റി.പി. | 5 എണ്ണം |
| ഒ.വൈ.ഇ.സി. | 70 എണ്ണം |

**6 പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

1. എച്ച്. എസ്. റോഡ്
2. ഗവൺമെന്റ് ഹോസ്പിറ്റൽ
3. കാളച്ചന്ത റോഡ്
4. അശ്വതി തിയേറ്റർ
5. പൈറ്റക്കുളം.
6. വടകര
7. ഒലിയപ്പുറം
8. വളപ്പ്
9. ഇടയാർ
10. ഇടയാർ പടിഞ്ഞാറ് ഭാഗം
11. മീറ്റ് പ്രൊഡക്റ്റ് ഓഫ് ഇൻഡ്യ ഇടയാർ
12. മങ്ങാട്ട് അമ്പലം
13. കൂത്താട്ടുകുളം കിഴകൊമ്പ് റോഡ്
14. കൂത്താട്ടുകുളം രാമപുരം റോഡ്
15. മംഗലത്തുതാഴം
16. ചോരക്കുഴി
17. ടെലിഫോൺ സബ് ഡിവിഷൻ

18. സബ്ബ് സ്റ്റേഷൻ റോഡ്
19. മുണ്ടക്കാപ്പിള്ളി

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി അടക്കുന്ന തുക.

| | |
|---|---|
| തൻവർഷം അടച്ച തുക | Rs. 85242 |
| ഇത് വരുമാനത്തിന്റെ | 3.22% |

**നിലവിലുള്ള ഉപഭോക്താക്കളുടെ അടിസ്ഥാനത്തിൽ ശരാശരി മാസ ഉപഭോഗം**

| | | | |
|---|---|---|---|
| ഗാർഹികം | 1,47,000 യൂണിററ് | ഒരു കണക്ഷനിൽ പ്രതിമാസം | 47 യൂണിറ്റ് |
| വ്യാപാരം | 74000 " | do | 81 " |
| വ്യാവസായികം | 24600 " | do | 270 " |
| കാർഷികം | 21100 " | do | 46 " |

ജലസേചനം നിർവ്വഹിച്ചു കൊണ്ടുള്ള കൃഷി കുറഞ്ഞതാണ് കാർഷിക മേഖലയിൽ ഉപഭോഗം കുറയാൻ കാരണം. തോടുകളിൽ കുഴിയെടുത്ത ശേഷം ഡീസൽ എൻജിൻ പമ്പ് സെറ്റുകൾ ഉപയോഗിച്ച് ജലസേചനം നിർവ്വഹിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

**8 ാം പദ്ധതിക്കാലത്ത് വൈദ്യുതി ബോർഡ് കൂത്താട്ടുകുളം പഞ്ചായത്ത് പ്രദേശത്ത് ചെയ്ത പ്രവർത്തനങ്ങൾ**

1. വോൾട്ടേജ് മെച്ചപ്പെടുത്താനായി സബ്സ്റ്റേഷൻ റോഡിൽ 100 കെ. വി. എ ട്രാൻസ്ഫോർമറും 1.2 കി. മീ. LT ലൈനും .
2. ടെലിഫോൺ സബ് ഡിവിഷന്റെ ആവശ്യത്തിന് ഒ.വൈ.ഇ.സി. സ്കീമിൽ 160 കെ. വി. എ ട്രാൻസ്ഫോമർ സ്ഥാപിച്ചു.
3. ചോരക്കുഴി അറക്കമില്ലിന് 100 കെ. വി. എ ട്രാൻസ്ഫോമറും 50 മീ. 11 കെ.വി. ലൈനും 50 മീ. LT ലൈനും എസ്. എസ്. ഐ. സ്കീം .
4. വഴിവിളക്കുകൾ ഇടയാർ കാട്ടുപ്പാടം റോഡ് 1 കി. മീ. ഭാഗത്ത് 10 എണ്ണവും സബ്സ്റ്റേഷൻ റോഡ് 0,5 കി. മീ. ഭാഗത്ത് 5 എണ്ണവും.
5. കോളനികളിലേക്കുള്ള വൈദ്യുതി ലൈനുകളും കണക്ഷനുകളും.
   a. പറമ്പക്കാട്ട് ഇടയാർ കോളനിയിലേക്ക് 0.8 കി. മീ. ദൂരം. പുതിയ LT ലൈനും 10 കണക്ഷനുകളും
   b. പുറ്റാനിമല കോളനിയിലേക്ക് 0.9 കി. മീ. ദൂരം LT ലൈനും 19 കണക്ഷനുകളും
   c. അർജ്ജുനൻ മല ട്രൈബൽ കോളനിയിലേക്ക് 0.65 കി. മീ. ദൂരം LT ലൈനും 3 കണക്ഷനുകളും
   d. ചമ്പമലയിൽ വോൾട്ടത മെച്ചപ്പെടുത്തുന്നതിന് 100 കെ. വി. എ ട്രാൻസ്ഫോമർ സ്ഥാപിച്ച് 1.3 കി. മീ. 11 കെ. വി. ലൈനും 650 മീ. LT ലൈനും ഇടുന്ന ജോലിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

**അനുമതിക്ക് സമർപ്പിച്ചിരിക്കുന്ന പദ്ധതികൾ**

1. വോൾട്ടത മെച്ചപ്പെടുത്തൽ - കൽപകയിൽ 100 KVA ട്രാൻസ്ഫോമറും 750 മീ. LT ലൈനും
2. do പൈറ്റക്കുളത്ത് 100 KVA ട്രാൻഫോമറും 800 മീ. സിംഗിൾ സർക്യൂട്ടും
3. do ദേവമാത ഹോസ്പിറ്റൽ പൈറ്റക്കുളത്തിന് മദ്ധ്യത്തിലുള്ള ഐ. ബി. ഭാഗത്തേക്ക് ട്രാൻസ്ഫോമർ മാറ്റുകയും ലൈൻ മെച്ചപ്പെടുത്തലും
4. ടൗണിലെ വിതരണം മെച്ചപ്പെടുത്തുന്ന ജോലികൾ
   a. 100 KVA ട്രാൻഫോമറും 900 മീ. ഡബിൾ സർക്യൂട്ടും.
   b. അമ്പലം കവല ഭാഗത്തും 1200 മീ. സിംഗിൾ സർക്ക്യൂട്ടും ട്രാൻഫോമറുകളും
   c. വടകര, എം. വി. ഐ. പി. IB ഭാഗങ്ങളിലേക്ക് 3. 25 കി. മി. നീളം വരുന്ന സിംഗിൾ സർക്യൂട്ടും ട്രാൻഫോമറുകളും

ജനറേറ്ററുകൾ, ജലസേചന പമ്പുകൾ ഇവ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന

ഡീസലിന്റെ ഉപഭോഗം തിട്ടപ്പെടുത്തിയിട്ടില്ല. വീടുകളിലും ഹോട്ടലുകളിലും പാചകാവശ്യത്തിന് ഉപയോഗിക്കുന്ന വാതക ഇന്ധനം ഈ മേഖലയിലെ മുഖ്യ ഊർജ്ജ ഉപഭോഗത്തിന്റെ 20 % ആണ്. 80% ഊർജ്ജ ഉപഭോഗം വിറകിനെ ആശ്രയിച്ചാണ്. തെങ്ങ്, റബ്ബർ തോട്ടങ്ങളിൽ നിന്നാണ് മുഖ്യമായും വിറക് ശേഖരിക്കുന്നത്. ടൗൺ പ്രദേശത്തുള്ള ഹോട്ടലുകളും പച്ച റബ്ബർ ഷീറ്റുകൾ വാങ്ങി പുകച്ച് ഉണക്കുന്ന റബ്ബർ വ്യാപാരികളും പുറമെ നിന്ന് വിറക് ഇറക്കുന്നു.

ദക്ഷത കൂടിയ അടുപ്പുകളും പുകപ്പുരകളും 5% വീടുകളിൽ നിലവിൽ വന്നിട്ടുണ്ട്. 95% വീടുകളിൽ പാചകത്തിനോടൊപ്പം മുഖ്യ ഉൽപന്നമായ റബ്ബർഷീറ്റു കൂടി പുകച്ച് ഉണക്കാൻ സൗകര്യമുള്ള തുറന്ന അടുപ്പുകൾ തന്നെ ഉപയോഗിച്ചു വരുന്നു. റബ്ബർ ഷീറ്റ് പുകച്ച് ഉണക്കാൻ പ്രത്യേകം പണിതിട്ടുള്ള പഴയ രീതിയിലുള്ള പുകപ്പുരകൾ ഇപ്പോഴും ഉപയോഗത്തിലിരിക്കുന്നു.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ പാചക വാതക പ്ലാന്റുകൾ വളരെ വിരളമായി ഉപയോഗിച്ചു വരുന്നു. ആവശ്യത്തിന് കന്നു കാലികളെ നിലനിർത്താൻ കഴിയാത്ത അവസ്ഥ മൂലം പലതും ഉപയോഗശൂന്യമായി കിടക്കുകയാണ്. ബയോഗ്യാസ് അടുപ്പുകൾ നിലവിൽ വന്നിട്ടില്ല.

## ഊർജ്ജരംഗത്തെ മുഖ്യപ്രശ്നങ്ങൾ

- വോൾട്ടതയുടെ കുറവും തുടരെയുള്ള അപ്രഖ്യാപിത കട്ടുകളും നില നിൽക്കുന്നു.
- വിറക് ലഭ്യതയുടെ കുറവ് തോട്ടങ്ങളിലെ റബ്ബർ മരങ്ങളിലേക്ക് കടന്നു കയറ്റം സൃഷ്ടിക്കുന്നു.
- പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം, ഊർജ്ജസംരക്ഷണം ഇവസംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ നിലവിലില്ല.
- ഒരു കാലത്ത് പ്രാമുഖ്യം സിദ്ധിച്ച ചാണകവാതക പ്ലാന്റുകൾ നിലനിർത്തുന്നതിനും പുതിയവ തുടങ്ങുന്നതിനും ആവശ്യമായ കന്നു കാലി എണ്ണം നില നിർത്താൻ കഴിയുന്നില്ല.
- മെച്ചപ്പെട്ട വിറക് അടുപ്പുകളുടെ വ്യാപനം, സോളാർ ഡ്രയർ ഗാർഹിക സൂര്യവിളക്ക്, സൗരവിളക്ക് മുതലായവക്ക് ലഭിക്കുന്ന സഹായധനം സംബന്ധിച്ച വിവരങ്ങളും ജനങ്ങളുടെ ഇടയിൽ എത്തിയിട്ടില്ല.
- ജൈവവള മാലിന്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണ രീതികൾ ലഭ്യമല്ല. വീടു വീട്ടുവളപ്പുകളിൽ വച്ചു പിടിപ്പിക്കാൻ കഴിയുന്നതും മറ്റു കഷികൾക്ക് തടസ്സം വരാത്തതുമായ വിറകിന് ഉപയോഗിക്കാവുന്ന ചെടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
- സാമൂഹ്യവനവൽക്കരണത്തിന് പറ്റിയ പൊതുസ്ഥലങ്ങൾ കുറഞ്ഞ് വരുന്നു. വച്ചു പിടിപ്പിക്കുന്ന മരങ്ങൾ വളർച്ചയെത്തും മുമ്പ് നശിപ്പിക്കപ്പെടുന്നു.

## സാദ്ധ്യതകൾ

- വോൾട്ടത കുറവ് പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡ് കൂത്താട്ടുകുളം മേജർ സെക്ഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുക.
- വിറകിന്റെ ഉപഭോഗം കുറയ്ക്കുന്ന കച്ചിപ്പെട്ടി, പ്രഷർ കുക്കർ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണം ആരംഭിക്കുക.
- ഇടവേലികളുടെ സ്ഥാനങ്ങളിൽ വിറക് ആവശ്യം കൂടി നിർവ്വഹിക്കുന്ന മരങ്ങൾ വച്ച് പിടിപ്പിക്കുന്നത് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമാക്കുക.
- റബ്ബർഷീറ്റുകൾ പുകച്ച് ഉണക്കുന്നതിന് കൂടിയ ദക്ഷത നൽകുന്ന പുതിയ രീതിയിലുള്ള പുകപ്പുരകൾ പണിയുന്നതിന് റബ്ബർ ബോർഡ് നൽകുന്ന സഹായങ്ങൾ പ്രയോജനപ്പെടുത്തുക.
- കോളനികളിൽപ്പെട്ട എല്ലാ വീടുകളിലും ദക്ഷത കൂടിയ പരിഷത്ത് അടുപ്പ് സ്ഥാപിക്കുന്നതിന് പഞ്ചായത്തു തലത്തിൽ മുൻകൈ എടുക്കുക.
- കൂത്താട്ടുകുളം ടൗണിൽ പരിസര മലിനീകരണം സൃഷ്ടിക്കുന്ന മാർക്കറ്റ് ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുള്ള സാധ്യത കൃഷിഭവൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയും കൂട്ടിയിണക്കി നടപ്പിലാക്കുക.

- ഇത് വരെയും വൈദ്യുതി എത്താത്ത മുട്ടനോലി, നരിപ്പാറ, നെടുമ്പാറ പ്രദേശങ്ങളിൽ അനേർട്ട്, ഐ. ആർ. ഇ. പി ഓഫീസുകളുമായി ബന്ധപ്പെട്ട് സൗരവിളക്കുകൾ സ്ഥാപിക്കുക. വൈദ്യുതി ലൈൻ എത്താത്ത പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് സൗര ടെലിവിഷൻ സ്ഥാപിച്ചു കൊടുക്കുക.

# ഗതാഗതം

കേരളസംസ്ഥാനത്തിന്റെ തെക്കും വടക്കും പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എം.സി. റോഡിന്റെ 187.8 കി.മീ. 192.5 കി.മീ. വരെയുള്ള ഭാഗം ഈ പഞ്ചായത്തതിർത്തിയിൽ വരുന്നു.പടിഞ്ഞാറ് വൈക്കം, പിറവം, എറണാകുളം കിഴക്ക് രാമപുരം, പാല, തൊടുപുഴ ഭാഗങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള റോഡുകളും ഈ പ്രദേശത്തു കൂടി കടന്ന് പോകുന്നു. ഇങ്ങനെ രൂപപ്പെട്ട കവലകളും മാർക്കറ്റും കൂടിച്ചേർന്ന് എം. സി. റോഡിന്റെ ഇരുഭാഗങ്ങളും ടൗൺ പ്രദേശമായി തീർന്നിരിക്കുന്നു. പ്രധാനപ്പെട്ട ഈ റോഡുകളുടെ സംരക്ഷണം ഈ പഞ്ചായത്തിൽ തന്നെയുള്ള P.W.D റോഡ് വിഭാഗം നിർവ്വഹിക്കുന്നു.

## റോഡ് സെക്ഷൻ കീഴിലുള്ള റോഡുകൾ

| | നീളം (കി.മീ) | വീതി (മീറ്റർ) | ടാർ വീതി (മീറ്റർ) | പ്രയോജനം ലഭിക്കുന്ന വാർഡ് |
|---|---|---|---|---|
| **കസ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ** | | | | |
| എം. സി. റോഡ് (187.8-192.5) | 4.7 | 12 | 6 | 1,2,3,4 |
| **ക്ഷമേജർ ഡിസ്ട്രിക്ട് റോഡ്** | | | | |
| 1. കൂത്താട്ടുകുളം-ഒലിയപ്പുറം | 3.6 | 11 | 5.50 | 4,5,6 |
| 2. കൂത്താട്ടുകുളം-പിറവം (ഇടയാർ വഴി) | 6.8 | 8 | 3.80 | 6,7,8,9 |
| 3. കൂത്താട്ടുകുളം-രാമപുരം | 3.6 | 11 | 5.50 | 1,3 |
| 4. മൂവാറ്റുപുഴ-കൂത്താട്ടുകളം (14.3-15.6) | 1.3 | 8 | 3.80 | 3 |
| | 15.3 | | | |
| **ക്ഷമ്മറ്റ് ഡിസ്ട്രിക്ട് റോഡുകൾ** | | | | |
| 1. കൂത്താട്ടുകുളം-കിഴകൊമ്പ് | 3 | 6 | 3.8 | 2,5 |
| 2. വടകര-ചക്കാലപ്പാറ | 3 | 8 | 3.8 | 5,6,7,8 |
| 3. കിഴകൊമ്പ്-മുത്തോലപുരം (ചമ്പമല നെല്ലിക്കാനം ഭാഗം) | 1.60 | 8 | | 5 |
| 4. മുത്തോലപുരം-കിഴകൊമ്പ് (കണ്ണായ്ക്കാട്) | 2.1 | 8 | 3.8 | 5 |
| 5. മുത്തോലപുരം- ഇടയാർ | 2.2 | 8 | 3.8 | 5,9 |
| 6. ഇടയാർ- തിരുമാറടി | 1.6 | 8 | 3.8 | 7,8 |
| 7. പൈറ്റക്കുളം-കുങ്കുമശ്ശേരി | 1.6 | 8 | 3.3 | 6,7 |
| 8. കൂത്താട്ടുകുളം (മംഗലത്തുതാഴം)-മാറിക | 2 | 7 | 3.8 | 3 |
| 9. ഉഴവൂർ-കൂത്താട്ടുകുളം (11-12.6) | 1.6 | 8 | 3.8 | 1 |
| | 18.7 | | | |

ഇവയിൽ കിഴകൊമ്പ് മുത്തോലപുരം റോഡ് ടാർ ചെയ്തിട്ടില്ല. കൂടാതെ പൈറ്റക്കുളം - കുങ്കു മശ്ശേരി റോഡ് 200 മീ. നീളം കൂടി ടാർ ചെയ്താൽ എം.സി. റോഡുമായി ബന്ധിപ്പിക്കാം.

നിലവിലുള്ള റോഡുകളിൽ സംരക്ഷണഭിത്തി കെട്ടി ബലപ്പെടുത്തേണ്ട ഭാഗങ്ങളും കലുങ്കു കൾ നിർമ്മിക്കേണ്ട ഭാഗങ്ങളും ഉണ്ട്. ഇവയെല്ലാം ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ചെയ്യാനുള്ള നിർദ്ദേശ ങ്ങൾ റോഡ് സെക്ഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

**ഏറ്റെടുക്കേണ്ട പുതിയ പദ്ധതികൾ**

1. എം. സി. റോഡ് 187.8 മുതൽ 192 വരെ നാലു വരി ഗതാഗതത്തിന് യോഗ്യമായ രീതിയിൽ നിലവി ലുള്ള 6 മീ. ടാർ വീതി 9 മീറ്ററാക്കി ഉയർത്തുന്നതിന് Rs. 20 ലക്ഷം.
2. എം. സി. റോഡ് കൂത്താട്ടുകുളം ടൗൺ ഭാഗങ്ങളിൽ നടപ്പു പാതയും ബസ്ബേയും നിർമ്മിക്കുന്ന തിന് Rs. 10 ലക്ഷം.
3. എം. സി. റോഡ് കൂത്താട്ടുകളം ബൈപാസ് നിർമ്മിക്കുന്നതിന് -2 കി. മീ. ദൈർഘ്യം സ്ഥലം എടു ക്കൽ ഉൾപ്പെടെ Rs.150 ലക്ഷം.
4. മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ് 14-300 മുതൽ 15-600 വരെ അഭിവൃദ്ധിപ്പെടുത്തുന്ന വേലകൾ Rs. 20 ലക്ഷം.
5. കൂത്താട്ടുകുളം-രാമപുരം റോഡ് വടക്കു നിന്ന് എം. സി. റോഡ് വഴി ശബരിമലക്ക് പോകുന്ന വാഹ നങ്ങൾ ഈ റോഡ് ഉപയോഗപ്പെടുത്തുന്നു. ട്രാഫിക് സർവ്വെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശബരിമല സീസണിൽ ഉണ്ടാകുന്ന അധിക ട്രാഫിക് ഉൾക്കൊള്ളാൻ നിലവിലുള്ള റോഡിന് കഴി യുന്നില്ല. നാലുവരി ഗതാഗതത്തിന് ഉതകും വിധം ഈ ഭാഗം അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ഈ പ്രദേശത്തെ ജനസാന്ദ്രതയും കൂടുതലാണ്. റോഡ് സെക്ഷൻ തയ്യാറാക്കിയ പദ്ധതിപ്രകാരം 50 ലക്ഷം രൂപയുടെ പണികൾ നിർവ്വഹിക്കേണ്ടതുണ്ട്.
6. കൂത്താട്ടുകളം (മംഗലത്തുതാഴം)-മാറിക റോഡ് നിലവിൽ വില്ലേജ് റോഡ് നിലവാരമാണുള്ളത്. ഈ വഴി ബസ്റൂട്ട് അനുവദിച്ചിട്ടുണ്ട്. എം. ഡി. ആർ. നിലവാരത്തിലേക്ക് ഉയർത്താൻ 20 ലക്ഷം രൂപ.
7. കൂത്താട്ടുകുളം - പിറവം (ഇടയാർ വഴി)
   കിഴക്കൻ മേഖലകളിൽ നിന്ന് എറണാകുളവുമായി ബന്ധിക്കുന്ന ദൈർഘ്യം കുറഞ്ഞ റൂട്ടാണിത്. നിലവിൽ ഓ. ഡി. ആർ. സൗകര്യം മാത്രമേയുള്ളു. ലിസ്റ്റ് ചെയ്തിരിക്കുന്ന എം. ഡി. ആർ. സൗക ര്യത്തിലേക്ക് വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ.
8. ഉഴവൂർ - കൂത്താട്ടുകുളം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന വേലകൾക്ക് 20 ലക്ഷം രൂപ.
9. കൂത്താട്ടുകുളം - കിഴകൊമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന വേലകൾക്ക് 20 ലക്ഷം രൂപ .
10. കരിപ്പാൽ പാലം നിർമ്മാണവും നിലവിലുള്ള P.W.D റോഡുകൾ തമ്മിൽ ബന്ധിപ്പിക്കലും - 46 ലക്ഷം രൂപ (1988 മുതൽ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്)

മേൽ നിർദ്ദേശിച്ചിട്ടുള്ള ജോലികൾ റോഡ് വിഭാഗം ഏറ്റെടുത്ത് ചെയ്യേണ്ടവയാണ്.

## പഞ്ചായത്ത് റോഡുകൾ പഞ്ചായത്ത് രജിസ്റ്റർ പ്രകാരം


| | നീളം കി. മീ. | വീതി മീറ്റർ | വാർഡ് |
|---|---|---|---|
| 1. മറ്റക്കാട്ടുതാഴം - ചോരക്കുഴി | 1.60 | 3 | 1 |
| 2. കൂത്താട്ടുകുളം - പാലക്കുഴ | 0.91 | 4 | 3 (ടാർ ചെയ്തത്) |
| 3. കൂത്താട്ടുകുളം ചാരംചിറ - മംഗലത്തുതാഴം | 2.01 | 4 | 3 |
| 4. ചാരംചിറ - മുണ്ടാണി | 0.50 | 4 | 3 |
| 5. കൂത്താട്ടുകുളം ഹോസ്പിറ്റൽ - വരകുപാറ | 1.80 | 4 | 4 |

| | | | |
|---|---|---|---|
| 6. എം. സി. റോഡ് (ഹോസ്പിറ്റൽ) - മാർക്കറ്റ് | 0.35 | 4 | 4 |
| 7. കൂത്താട്ടുകളം - തലയോലപ്പറമ്പ് | 0.35 | 4 | 4 |
| 8. പായിക്കണ്ടം - പൊക്കാട്ടേൽ | 0.914 | 5 | 8 |
| 9. മഞ്ചേരിക്കുന്ന് - പാലമറ്റം | 1.015 | 4 | 6, 8 |
| 10. നാലുകണ്ടം - നെല്ലിക്കാനം | 1.235 | 3 | 7, 5 |
| 11. കണ്ണായ്ക്കാട് - കാരുകുന്ന് | 1.00 | 5 | 7, 5 |
| 12. വലിയവിരുപ്പ് - വേങ്ങച്ചുവട് | 1.00 | 4 | 7, 5 |
| 13. ഇടുകുന്ന് - മണ്ഡോത്തിക്കുന്നുംപുറം | 1.22 | 4 | 7, 5 |
| 14. ഇടയാർ - കീഴചിറ | 1.093 | 4 | 9 |
| 15. കാട്ടൂപ്പാടം - പെരിയപ്പുറം | 1.260 | 4 | 9 |
| 16. ഇടയാർ - കാരുകുന്ന് | 1.093 | 4 | 5 |
| 17. ഇടയാർ - പുന്നമറ്റം | 1.75 | 4 | 9 |
| 18. ആത്താനിപൈറ്റക്കുളം - കുങ്കുമശ്ശേരി | 2.25 | 4 | 6, 7 |
| 19. കിഴകൊമ്പ് - മുത്തുപതി | 1.72 | 4 | 9 |
| 20. ഇടയാർ - പന്നപ്പുറം | 0.300 | 4 | 7 |
| 21. പൈറ്റക്കുളം - സെന്റ് ജോൺസ് എച്ച്. എസ്. | 0.540 | 5 | 7 |
| 22. കാട്ടൂപ്പാടം - പെരിയപ്പുറം | 1.60 | 4 | 9 |
| 23. ഇടയാർ - പൂന്നിലം | 1.692 | 3 | 9 |
| 24. വലിയവിരുപ്പ് - മഞ്ചിറി | 0.550 | 4 | 2 |
| 25. മാഞ്ചുവട്ടിൽ - കുളമ്പാടം | 0.480 | 4 | 2 |
| 26. വടകര - കുങ്കുമശ്ശേരി | 1.405 | 5 | 7 |
| 27. കമ്മിനിയിൽ താഴം - കണ്ടന്താനം | 0.735 | 4 | 5 |
| 28. വേങ്ങച്ചുവട് - മുരിക്കനോലി | 0.290 | 3 | 7 |
| 29. ചെള്ളക്കൽ താഴം - തിരുമാറാടി | 0.210 | 3 | 9 |
| 30. അള്ളുമുഖം - കീരുകുന്ന് | 0.747 | 3 | 7 |
| 31. കണ്ടത്തിപ്പടി - കരിങ്ങമറ്റം | 1.000 | 5 | 8 |
| 32. ചൊള്ളമ്പേൽ - ചെരുകുന്ന് | 0.640 | 4 | 2 |
| 33. ഓണംകുന്ന് - ചുടുമാലി | 0.530 | 6 | 2 |
| 34. ജയന്തി റോഡ്(ഓണംകുന്ന് - മാർക്കറ്റ്) | 1.100 | 5 | 2, 4 |
| 35. കൂത്താട്ടുകുളം മുട്ടനോലി റോഡ് | 0.453 | 6 | 4 |
| 36. ഇഞ്ചക്കുഴി - കാട്ടുപ്പാടം | 0.820 | 4 | 9 |
| 37. ചെള്ളക്കൽപ്പടി - മൈലംകടവിൽത്താഴം | 1.350 | 3 | 8 |
| 38. വടകര - കീരുകുന്ന് | 0.980 | 4 | 7 |
| 39. വഴങ്ങാട് വളവ് - ചീനിക്കുഴി | 0.520 | 4 | 1 |
| 40. പായിക്കണ്ടം - മുടയാനി(പൊക്കാട്ടേൽ റോഡ്) | 0.500 | 4 | 8 |
| 41. ചോരക്കുഴി - വെളിയന്നൂർ | 0.200 | 4.5 | 1 |
| 42. ഇടിഞ്ഞുകുഴി താഴം - കുളമ്പാടം കിഴകൊമ്പ് | 1.000 | 4 | 2 |

| | | | |
|---|---|---|---|
| 43. പൈമറ്റം - ചെള്ളക്കത്താഴം | 1.070 | 5 | 7 |
| 44. കളപ്പുരത്താഴം - പുത്തൻകുടിലിൽ | 0.195 | 1.7 | 3 |
| 45. കണ്ണായിക്കാട് - മുത്തോലപുരം | 0.915 | 4 | 5 |
| 46. സബ്സ്റ്റേഷൻ - കോഴിപ്പിള്ളി | 1.000 | 4 | 3 |
| 47. കിഴകൊമ്പ് - മുത്തോലപുരം (മൈലാടികുന്ന് - നെല്ലിക്കാനം) | 1.125 | 4 | 5 |
| 48. പാറേത്താഴം - വരകുപാറ | 0.990 | 4 | 4 |
| 49. വെട്ടിക്കാപ്പറമ്പിൽതാഴം - കരിങ്ങമറ്റം | 1.300 | 4 | 5 |
| 50. കല്ലിടുക്കിൽ താഴം - കണ്ണായിക്കാട് | 1.000 | 4 | 5 |
| 51. മഞ്ചേരികുന്ന് - പൈറ്റക്കുളം | 0.915 | 4 | 6 |
| 52. ഇടയാർവായനശാല - അമ്പലംകടവ് | 0.400 | 4 | 9 |
| 53. പൈറ്റക്കുളം ജെ.പി. നഗർ കോളനി | 0.600 | 4 | 4 |
| 54. കൂത്താട്ടുകുളം അമ്പലം - കോളനി | 0.380 | 3.50 | 3 |
| 55. കുന്നുംചിറ താഴം - വരകുകാല | 0.990 | 5 | 3 |
| 56. കർഷക ജംഗ്ഷൻ - നരിപ്പാറ | 0.798 | 4 | 5 |
| 57. ഓണംകുന്ന് - യു.പി സ്കൂൾ(ചുക്കുമാലി) | 0.400 | 3 | 2 |
| 58. ഹൈസ്കൂൾ - നെല്ലിക്കത്താഴം | 0.377 | 3.5 | 1 |
| 59. അർജ്ജുൻ മല - ട്രൈബൽ കോളനി | 0.896 | 3.6 | 1 |
| 60. മംഗലത്തുതാഴം - കുരിശുപള്ളി | 0.350 | 5 | 1 |
| 61. തെക്കേടത്തുതാഴം - അർജ്ജുൻ മല | 0.358 | 3 | 1 |
| 62. അമ്പലം - സബ്സ്റ്റേഷൻ റോഡ് | 0.775 | 3.5 | 3 |
| 63. പുറ്റാനിമല കോളനി റോഡ് | 0.550 | 3 | 2 |
| 64. മാർ ഇവാനിയോസ് ചാപ്പൽ - ചമ്പമല റോഡ് | 0.320 | 4 | 5,8 |
| 65. പാലയ്ക്കത്തടം - നെല്ലിക്കാട്ടുമന | 0.600 | 3.2 | 6,8 |
| 66. കിഴകൊമ്പ് പോസ്റ്റോഫീസ് - തളിക്കുന്ന് പാലമറ്റം റോഡ് | 1.020 | 5.3 | 5,8 |
| 67. പാറമുള്ളിച്ചിറ - അർജ്ജുനൻമല | 0.100 | 3 | 1 |
| 68. നമ്പേലി കോളനി റോഡ് | 0.325 | 3 | 5 |
| 69. വടകര - കിഴകൊമ്പ് | 0.395 | 3.5 | 7 |
| 70. ആത്താനി - കൊച്ചുകുന്നേൽ താഴം | 0.424 | 4 | 1 |

| | |
|---|---|
| കച്ച വിഭാഗത്തിൽ പെടുന്ന പഞ്ചായത്തു റോഡുകളുടെ നീളം | 56.221 കി.മി. |
| ടാർ ചെയ്ത പഞ്ചായത്തു റോഡുകളുടെ നീളം | 4.194 കി.മി. |
| പഞ്ചായത്തുറോഡുകളുടെ മൊത്തം നീളം | 60.415 കി.മി. |

ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്തിന് 2.6 കി.മി. നീളം പഞ്ചായത്തുറോഡുകൾ നിലവിലുണ്ട്. ശരാശരി 4 മീറ്റർ വീതി വരുന്ന ഈ റോഡുകളിൽ ആവശ്യത്തിന് കാനകളില്ല. മൺസൂൺ കാലത്ത് പറ


കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത്
റോഡുകൾ.
തിരുമാറാടി
ഒലിയപ്പുറം
M.C. റോഡ്
N
പാലക്കുഴ
വടകര
ODR-7
4
ODR-2
7.
6
ODR-6
എറണാകുളം ജില്ല
ഇടയാർ
8
MDR-2
MDR-1
3
MDR-4
കോഴിപ്പിള്ളി
9
ODR-5
ODR-4
ODR-1
കൂത്താട്ടുകുളം
കിഴകൊമ്പ്
MDR-3
2
5
ODR-3
ODR-8
1
ചോരക്കുഴി
ODR-9
ഇലഞ്ഞി.
M.C. റോഡ്
കോട്ടയം ജില്ല
വെളിയന്നൂർ.
കൊച്ചി
കൂത്താട്ടുകുളം.
തിരുവനന്ത
പുരം

മ്പുകളിൽ നിന്നും പഞ്ചായത്തു റോഡുകളിലേക്ക് ഒഴുകി വരുന്ന വെള്ളം ക്രമം വിട്ടൊഴുകി റോഡുമദ്ധ്യത്തിൽ ചാലുകളും കുഴികളും സൃഷ്ടിക്കുന്നു. അറ്റകുറ്റപ്പണികൾ നടത്തിയപ്പോൾ ഇട്ടുറപ്പിച്ച മണ്ണെല്ലാം ഒഴുകിപ്പോയി റോഡ് വാഹനഗതാഗതത്തിന് യോഗ്യമല്ലാത്ത അവസ്ഥയിൽ എത്തുന്നു. ആദ്യകാലങ്ങളിൽ ജലനിർഗ്ഗമനത്തിന് ഉപയോഗിച്ചിരുന്ന അതിർത്തി തൊണ്ടുകൾ വീതികൂട്ടി നിർമ്മിച്ചവയാണ് ഈ റോഡുകൾ എല്ലാംതന്നെ.

## പ്രശ്നങ്ങൾ

- റോഡിന്റെ കുത്തനെയുള്ള ഭാഗത്തും നിരപ്പു പ്രദേശങ്ങളിലും ഒരേ രീതിയിലുള്ള കാനകളാണ് അറ്റകുറ്റപ്പണി സമയത്ത് ഉണ്ടാക്കുന്നത്.
- വാഹനങ്ങൾ, ട്രാക്ടറുകൾ, മെതിയന്ത്രങ്ങൾ ഇവ ഉപയോഗിക്കാൻ അനുയോജ്യമല്ലാത്ത റോഡുഭാഗങ്ങളും നിലവിലുണ്ട്.
- നെൽപ്പാടത്തേക്ക് റോഡുസൗകര്യം വികസിപ്പിക്കേണ്ട ആവശ്യമുള്ള പല ഭാഗങ്ങളും പഞ്ചായത്തിലുണ്ട്.
- വാഹന ഗതാഗതം വർദ്ധിച്ചതും റോഡുകളിലെ വീതിക്കുറവും ടൗൺഭാഗത്ത് ഗതാഗത തടസ്സം ഉണ്ടാക്കുന്നു.
- ഓട്ടോറിക്ഷ സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ് എന്നിവയില്ല. വളരെ തിരക്കുള്ള എം.സി. റോഡിന്റെ അരികിൽ വാഹനങ്ങൾ നിരത്തിയിടുന്നതുമൂലം കാൽനടയാത്രക്കാർക്ക് ടൗൺ പ്രദേശത്ത് ഫുട്പാത്തുകളില്ല.
- മഴ നനയാതെ കയറി നിൽക്കാനുള്ള ഷെൽട്ടറുകൾ ഉണ്ടാക്കേണ്ട ബസ് സ്റ്റോപ്പുകൾ ഉണ്ട്.
- രാത്രികാലങ്ങളിൽ ദീർഘദൂര ട്രാൻസ്പോർട്ട് ബസുകളിൽ യാത്ര ചെയ്യുന്നവർക്ക് ബസ് സ്റ്റേഷൻ സൗകര്യം ഇല്ല.
- കടകളിലെയും വർക്ക് ഷോപ്പുകളിലെയും ഉപയോഗശൂന്യവസ്തുക്കൾ തൊട്ട് മുൻപിലുള്ള ഓടയിലേക്ക് തള്ളിയിടുന്നതുമൂലം ഓടകളുടെ ജലനിർഗ്ഗമന ശേഷി തടയുന്നു.
- റോഡ് വളരെ മോശമായശേഷം നടത്തുന്ന അറ്റകുറ്റപ്പണികൾ യാതൊരു പ്രയോജനവും നൽകുന്നില്ല. കുറഞ്ഞ ചെലവിൽ നിർവ്വഹിക്കാവുന്ന ജോലി തക്കസമയത്ത ചെയ്യിക്കാത്ത ഡിപ്പാർട്ട്മെന്റലിസ്റ്റ് മനോഭാവം ഇതിന് കാരണമാണ്.
- ജലവിതരണ വിഭാഗം, ടെലികോം, ഇലക്ട്രിസിറ്റി ബോർഡ്, എന്നീ ഏജൻസികളുടെ ആവശ്യത്തിന് റോഡും അരികും റോഡിനു കുറുകേയും വെട്ടിപ്പൊളിച്ച ശേഷം ശരിയായ രീതിയിൽ പുന:സ്ഥാപനം നിർവ്വഹിക്കാതെ ദീർഘകാലം കിടക്കുന്നതുമൂലം ടാർ അരികുവരെ മണ്ണൊലിച്ച് വലിയ ഗട്ടറുകൾ ഉണ്ടാകുന്നു. വാഹന അപകടങ്ങൾക്ക് ഇതു കാരണമാകുന്നു. റോഡ് അരിക് കുഴിക്കാനും, കുറുകെ മുറിക്കാനും അനുവാദം കൊടുക്കുക എന്ന ജോലി മാത്രമേ സംസ്ഥാന റോഡു വിഭാഗം ഇപ്പോൾ നിർവ്വഹിക്കുന്നുള്ളു.

## സാദ്ധ്യതകൾ

- പഞ്ചായത്തു റോഡുകളുടെ പ്ലാനുകൾ തയ്യാറാക്കി വളരെ മോശപ്പെട്ട ഭാഗങ്ങൾ അടയാളപ്പെടുത്തുകയും അവ പരിഹരിക്കാനുള്ള ജോലികൾക്ക് മുൻഗണന നിശ്ചയിക്കുകയും ചെയ്യുക.
- പ്രാദേശിക റോഡു സംരക്ഷണസമിതികൾ രൂപീകരിച്ച് അതുവഴി ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കുക. മൺസൂൺ കാലഘട്ടം മുഴുവനും കാനകൾ നല്ല രീതിയിൽ സംരക്ഷിക്കേണ്ടത് പ്രാദേശിക സമിതികളുടെ ചുമതലയായിരിക്കണം.
- റോഡ്, കാന മുതലായവ പൊതുമുതലായി കണക്കാക്കുകയും ഇവയ്ക്ക് കേടുപാടു വരുത്തുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പേരിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് P.W.D റോഡ് വിഭാഗവും പഞ്ചായത്തു സമിതിയും ഒത്തുചേർന്ന് പ്രവർത്തിക്കുക.
- കാനകളിൽ തടസ്സം സൃഷ്ടിക്കുന്നവരുടെ പക്കൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണം.
- ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള പൊതുസ്ഥലം കണ്ടെത്തണം.
- നിലവിലുള്ള പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കൂടുതൽ കുടുംബങ്ങൾ ഉപയോഗിക്കുന്നതും സന്നദ്ധ പ്രവർത്തനം വഴി കാന നിർമ്മിച്ച് ആവശ്യത്തിന് റോഡ് വീതി ലഭ്യമാക്കുന്ന റോഡുകൾക്ക് മുൻഗണന നിശ്ചയിച്ച് ടാർ ചെയ്യുന്നതിനുള്ള നടപടിക്രമം സ്വീകരിക്കണം.

256

# മാർക്കറ്റ്

എം. സി റോഡിന്റെ പടിഞ്ഞാറു ഭാഗത്ത് കൂത്താട്ടുകുളം ഒലിയപ്പുറം റോഡിന്റെ ഇടതുവശത്തായി പ്രധാന മാർക്കറ്റ് സ്ഥിതിചെയ്യുന്നു. മുൻപ് ചെറിയ മൈതാനമായിരുന്ന ഈ ഭാഗത്ത് ഓലഷെഡുകളിലായിരുന്നു കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തിയിരുന്നത് ഇതിനോട് ചേർന്ന് മാംസ മത്സ്യ വിപണനവും നടത്തിയിരുന്നു. ആടുമാടുകളുടെ വിപണനത്തിനും ഈ ചുരുങ്ങിയ സ്ഥലം ഉപയോഗിക്കുന്നത് വളരെ അസൗകര്യം സൃഷ്ടിച്ചതു കൊണ്ട് തൊട്ടടുത്തുള്ള ഹോസ്പിറ്റൽ റോഡ് ഭാഗത്തെ സ്ഥലം കാളമാർക്കറ്റായി നിശ്ചയിച്ചു. പിന്നീട് ഈ മൈതാനത്തിനോട് ചേർന്നു കിടന്ന പാടങ്ങൾ വാങ്ങി മാർക്കറ്റ് വിപുലീകരിച്ചു. പഴയ മൈതാനഭാഗത്ത് ബസ്റ്റാൻഡ് നിർമ്മിച്ചു. പുതിയതായി വാങ്ങിയ സ്ഥലം നികത്തി മാർക്കറ്റിനുവേണ്ടി കോൺക്രീറ്റ് ഷെഡുകൾ തീർത്തു. ഈ ബസ്റ്റാൻഡും മാർക്കറ്റും വികസിപ്പിക്കുന്നതിന് പഞ്ചായത്ത് വിഭവത്തിന്റെ നല്ലഭാഗം ചിലവഴിക്കപ്പെട്ടു. അവശേഷിച്ച കടം നിലനിന്ന് മറ്റു വികസന പ്രവർത്തനങ്ങൾക്ക് പണം മാറ്റിവക്കാൻ പറ്റാത്ത അവസ്ഥയിലും എത്തിച്ചിരുക്കുന്നു. വിഭവസമാഹരണ വിഷയ ഭാഗത്ത് ഇതു സംബന്ധിച്ച കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നാട്ടിലേക്ക് ഇറക്കുമതി ചെയ്യുന്ന ഫാക്ടറി ഉൽപ്പന്നങ്ങളും മറ്റു പലചരക്കുകളും റോഡിനിരുവശവും നിരനിരയായി പണിതീർത്തിട്ടുള്ള കടകൾ വഴി വിപണനം നടത്തുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള ഓരോ കവലയിലും ഈ രീതിയിലുള്ള വിപണന സൗകര്യം വികസിച്ചുവരുന്നു.

## പ്രശ്നങ്ങൾ

- ആഴ്ചയിലൊരു ദിവസം (ബുധനാഴ്ച) കാർഷിക ഉൽപ്പന്നങ്ങളുടെ വാങ്ങലും വിൽപ്പനയും നടത്തുന്ന മാർക്കറ്റിൽ പച്ചക്കറി സ്റ്റാളുകൾക്കും മാംസ വിപണനത്തിനും കോൺക്രീറ്റ് മേൽപ്പുരയോടുകൂടിയ ഷെഡുകൾ ഉപയോഗിക്കുന്നു. വൻ മുതൽമുടക്കുള്ള ഈ ഷെഡുകൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്യാതെ നിർമ്മിച്ചതു കൊണ്ട് പണ്ടെന്നപോലെ ഇപ്പോഴും ജനങ്ങൾ മഴയിലും ചെളിയിലും പെട്ടുവലയുന്ന അവസ്ഥയിലാണ്.
- കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച ഉടൻ കയറ്റിക്കൊണ്ടു പോകുന്നു. ന്യായവില കിട്ടാത്ത അവസരത്തിൽ (ഉൽപ്പന്നങ്ങൾ കൂടുതലായി മാർക്കറ്റിൽ കൃത്രിമമായി സൃഷ്ടിക്കുന്ന വിലക്കുറവ്) ഉൽപ്പന്നങ്ങൾ സംഭരിച്ചു സൂക്ഷിക്കാൻ കർഷകന് സൗകര്യം ലഭിക്കുന്നില്ല.
- ജൈവമാലിന്യങ്ങളും മാംസ മത്സ്യാവശിഷ്ങ്ങളും അവയുടെ പാക്കിംഗ് സാമഗ്രികളും മാർക്കറ്റിന് സമീപം കിടന്ന് അഴുകുന്നു. സമീപതോട്ടിലേക്ക് ഇവ നീക്കംചെയ്യുന്ന അവസ്ഥയും ഉണ്ട്. താഴെ കാർഷിക മേഖലയുടെ ജീവനാഡിയായ ഉഴവൂർ തോട്ടിലേക്ക് ഈ മാലിന്യം കടന്നു വരുന്നതിന്റെ ഫലമായി കുളിക്കുന്നതിനും വസ്ത്രം കഴുകുന്നതിനും തോട്ടിലെ ജലം ഉപയോഗിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

- വാങ്ങാനെത്തുന്നവർക്കും മഴക്കാലത്ത് ഷെൽട്ടർ ഉണ്ടാക്കണം.
- നിലവിലുള്ള ഷെഡുകൾ ജലനിർഗ്ഗമനത്തെ തടസ്സപ്പെടുത്തുന്നു. ഓടകൾ നിർമ്മിക്കുകയും അവയിൽ ജൈവാവശിഷ്ടങ്ങൾ നിക്ഷേപിക്കാതെ ശ്രദ്ധിക്കുകയും വേണം.
- മാംസ സംസ്കരണം വൃത്തിയോടെ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
- കാർഷിക ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ശീതീകരിച്ച സംഭരണ ഷെഡുകൾ മാർക്കറ്റിന്റെ ഭാഗമായി ഉണ്ടാക്കണം. വിപണന സൊസൈറ്റികൾക്ക് രൂപം കൊടുത്തുകൊണ്ടു വേണം ഇത് നിർമ്മിക്കാൻ.
- കളിസ്ഥലത്തിനും കൂടെ ഉദ്ദേശിച്ച് എടുത്തിട്ടുള്ള പ്രദേശത്തേക്ക് കടന്നുകയറ്റമില്ലാതെ ഇത് നിർവ്വഹിക്കേണ്ടതാണ്. ഷട്ടറിട്ട് പണിതീർത്ത പഞ്ചായത്ത് വക കടകൾക്ക് ശീതീകരണ സംവിധാനം ഏർപ്പെടുത്തി അവ കാർഷിക ഉൽപ്പന്ന സംഭരണികളാക്കി മാറ്റണം.
- ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. ഇവയിൽ നിന്ന് കിട്ടുന്ന ഗ്യാസ് അടുത്തുള്ള ഹോട്ടലുകൾക്ക് വിൽക്കാൻ കഴിയുന്നതാണ്.

# പാർപ്പിടം

സ്വന്തമായിട്ടൊരു വീട് നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും ഒരു പ്രശ്നമായി അവശേഷിക്കുന്നു. 8 പഞ്ചവൽസര പദ്ധതികൾ പൂർത്തീകരിക്കാറായിട്ടും പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ ഓലയിൽ നിന്നും ഓടിലേക്കും പിന്നീട് കോൺക്രീറ്റ് ഭവനങ്ങളിലേക്കുമുള്ള കുതിപ്പ് വളരെ വേഗത്തിലായിരുന്നു. ആധുനിക വാസ്തുശിൽപ കലകളോടുകൂടിയ മനോഹരങ്ങളായ രമ്യഹർമ്യങ്ങൾ ഇവിടെ കാണാൻ കഴിയും. അതേ സമയത്തു തന്നെ ചോർന്നൊലിക്കുന്ന പുരകെട്ടി മേയുന്നതിനു പോലും കഴിവില്ലാത്ത പാവപ്പെട്ടവരുടെ ചെറിയ കുടിലുകളും ധാരാളമായിട്ട് ഇവിടെയുണ്ട്. പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണവും അവയുടെ നിലവാരവും വാർഡ് തിരിച്ച് താഴെ ചേർക്കുന്നു.

| വാർഡ് | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ഭവന ദൗർലഭ്യം | ഭവന നിർമ്മാണ വർദ്ധനവ് | പുറമ്പോക്കു വാസികൾ | കോൺക്രീറ്റ് | ഓട് | ഷീറ്റ് | ഓല |
|---|---|---|---|---|---|---|---|---|---|
| 1 | 560 | 643 | 83 | 1.8% | Nil | 190 | 350 | 5 | 15 |
| 2 | 765 | 840 | 75 | 1.8% | 1 | 186 | 507 | 9 | 62 |
| 3 | 598 | 665 | 67 | 1.8% | 14 | 128 | 433 | 8 | 29 |
| 4 | 531 | 609 | 78 | 1.8% | 1 | 162 | 346 | 12 | 11 |
| 5 | 492 | 603 | 111 | 2% | Nil | 144 | 315 | 4 | 19 |
| 6 | 318 | 364 | 46 | 2% | 1 | 118 | 185 | 5 | 10 |
| 7 | 401 | 472 | 71 | 2% | Nil | 132 | 250 | 6 | 13 |
| 8 | 492 | 576 | 84 | 2% | Nil | 112 | 344 | 15 | 21 |
| 9 | 598 | 678 | 80 | 2% | Nil | 119 | 448 | 18 | 18 |

കൂത്താട്ടുകുളം പഞ്ചായത്തിൽ ആകെ 16 കോളനികൾ നിലവിലുണ്ട്. മിക്ക കോളനികളിലേയും വീടുകളുടെ നില പരിതാപകരമാണ്. ബ്ലോക്കിൽ നിന്നും വിവിധ പദ്ധതിപ്രകാരം പണിതിട്ടുള്ള ഈ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന ഈ കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സഹായം ലഭ്യമാക്കണം. IRDP പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള വിവിധകുടുംബങ്ങൾക്ക് കഴിഞ്ഞവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വർഡ്നമ്പർ | വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ളവ |
|---|---|---|---|
| 1 | 2 | 2 | - |
| 2 | 6 | 5 | 1 |
| 3 | 2 | 2 | - |
| 4 | 4 | 3 | 1 |
| 5 | 2 | 2 | - |
| 6 | 3 | 3 | - |
| 7 | 2 | 1 | 1 |
| 8 | 3 | 2 | 1 |
| 9 | 6 | 6 | - |

ഈ പഞ്ചായത്തിലെ ഭവനനിർമ്മാണ വർദ്ധനവിന്റെ നിരക്ക് ഏകദേശം 2% ആണെന്ന് നാം മനസ്സിലാക്കി. സമീപ പഞ്ചായത്തുകളിൽ നിന്നും ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിലേക്ക് വരികയും വീടുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ഇനി വാസയോഗ്യമല്ലാത്ത വീടുകൾ ഇല്ലാത്തത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽ പെടാത്തവരുമായിട്ടുള്ള ജനവിഭാഗത്തിനാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണത്തിന് സർക്കാർ നീക്കിവയ്ക്കുന്ന പണത്തിന്റെ അപര്യാപ്തതയാണ് ഇതിന് കാരണം. IRDP പദ്ധതിപ്രകാരം ഇവർക്ക് അനുവദിക്കുന്ന വീടുകളുടെ എണ്ണം കുറവാണ്. മറ്റൊരു പ്രധാന പ്രശ്നം പല കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി ഇല്ല എന്നതാണ്. വസ്തു സംബന്ധമായ രേഖകളിലുള്ള അപാകതകൾ ലോണുകൾ ലഭിക്കുന്നതിനുള്ള കാര്യത്തിന് തടസ്സമാകാറുണ്ട്. ഇനിയും ഏകദേശം 25% കുടുംബങ്ങൾക്ക് ഈ പഞ്ചായത്തിൽ വാസയോഗ്യമായ വീടുകൾ നിർമ്മിക്കേണ്ടതുണ്ട്. ഈ കുടുംബങ്ങൾ സ്വന്തമായി വീടു നിർമ്മിക്കുവാൻ സാമ്പത്തികശേഷി ഇല്ലാത്തവരുമാണ്.

കൂത്താട്ടുകുളം ഭവനനിർമ്മാണ സഹകരണസംഘമാണ് ഈ രംഗത്ത് പ്രധാനമായും പ്രവർത്തിക്കുന്നത്. താഴേക്കിടയിലുള്ളവർക്ക് പണം കടം ലഭിക്കുന്നതിന് നിലവിലുള്ള പല നിയമങ്ങളും തടസ്സമാകാറുണ്ട്.ഹൗസിംഗ് ബോർഡ് നടപ്പാക്കിവന്ന രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയനുസരിച്ചും കുറെ വീടുകൾ ഈ പഞ്ചായത്തിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൗസിംഗ് കോളനികൾ ഈ പഞ്ചായത്തിൽ ഇല്ല. ഇവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ നിലവിലുണ്ട്. ലക്ഷം വീടു കോളനികളുടെ നില വളരെ പരിതാപകരമാണ്. താഴ്ന്ന വരുമാനക്കാർ താമസിക്കുന്ന ഈ വീടുകൾ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. പലതും തകർന്നു വീണു കൊണ്ടിരിക്കുന്നു. ഇവയുടെ പുരോഗമന പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായമൊന്നും ഇതു വരെയും വിതരണം ചെയ്തിട്ടില്ല. ഉള്ള വീടുകളിൽ തന്നെ പല കുടുംബങ്ങൾ ഒന്നിച്ച് ഞെരുങ്ങി ജീവിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പഞ്ചായത്തിലെ കോളനികളിൽ 50ശതമാനത്തോളം വീടുകൾ ഇനിയും പണിയാനുണ്ട്. IRDP പദ്ധതി പ്രകാരമാണ് ഇവിടെ ഭൂരിഭാഗം വീടുകളും നിർമ്മിച്ചിരിക്കുന്നത്. ഇവ പലതും മോശമായി പണിതിരിക്കുന്നതിനാൽ ഇപ്പോൾ തന്നെ വാസ യോഗ്യമല്ലാതായിരിക്കുന്നു. ഗവ:സാമ്പത്തിക സഹായം ലഭിക്കണം എന്നാണ് ഇവരുടെ ആവശ്യം. കോളനികളിൽ നിലവിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള കാല താമസം ഭവനനിർമ്മാണത്തിന് സഹായം ലഭിക്കുന്നതിന് തടസ്സമാകാറുണ്ട്. കോളനി വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനാൽ പട്ടയം നൽകാൻ താമസം നേരിടുന്നു എന്നാണ് അധികാരികളുടെ ഭാഷ്യം. പൊതുവിൽ കോളനികളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

ചേരിപ്രദേശങ്ങൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ പുറമ്പോക്കിൽ തമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം 17 ആണ്. ഇവരെ പുനരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. 100 ഓളം ആളുകൾ ടൗണിലെ കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവരായുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കാലാവസ്ഥാക്കെടുതികൾ മൂലം ധാരാളം ആളുകൾ ഇവിടെ വരികയും കടത്തിണ്ണകളിലും ടെന്റുകൾ കെട്ടിയും ജീവിക്കുന്നു. ഇവരിൽ കൂടുതലും തമിഴ്നാട്ടുകാരാണ്. ഇങ്ങനെ വന്നിട്ടുള്ള പലരും ഇന്ന് കച്ചവടസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചെറിയ ചെറിയ ജോലികൾ ചെയ്യുന്നു. ഇവർ കുടുംബങ്ങളായി കോളനികളിലും മറ്റും മുറികൾ വാടകക്കെടുത്ത് ജീവിക്കുന്നു.

പഞ്ചായത്തിൽ ആകെ വലിയ കോൺക്രീറ്റ് ഭവനങ്ങൾ പടുത്തുയർത്തലും മോടി പിടിപ്പിക്കലും ഒരു വിഭാഗത്തിന്റെ ഹരമായി മാറിയിട്ടുണ്ട്. സാമ്പത്തിക നിലവാരത്തിന്റെ ഒരു മാനദണ്ഡമായി സ്വന്തം ഭവനങ്ങൾ മാറുന്നു. ചെലവ് കുറഞ്ഞ ഭവന നിർമ്മാണ ശൈലിക്ക് വേണ്ടത്ര പ്രചാരം ഇവിടെ കാണുന്നില്ല. സമ്പത്തിന്റെ കൂടുതൽ പങ്കും ഈ മേഖലയിലേക്കാണ് മാറുന്നത്. ഇത് ഉൽപാദനമേഖലയിലേക്ക് തിരിച്ച് വിടുകയും ചെലവ് കുറഞ്ഞ ഭവനനിർമ്മാണരീതികൾ വളർത്തിയെടുക്കുകയും വേണം.

സിമന്റിഷ്ടിക, വെട്ടുകല്ല്(ചെങ്കല്ല്), മരഉരുപ്പടികൾ എന്നിവ ധാരാളമായി ഇവിടെ ലഭ്യമാണ്. ഇവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ധാരാളം ചെറുകിട സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വില സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്നുണ്ട്. മര ഉരുപ്പടികൾക്ക് പകരം കോൺക്രീറ്റ് ഉരുപ്പടികളുടെ ഉപയോഗം ഗണ്യമായി വർദ്ധിച്ചു വരുന്നതായി കാണാം. ചെലവ് കുറഞ്ഞ രീതിയിൽ ഇവ ഉൽപാദിപ്പിക്കുകയും കുറഞ്ഞ വിലയിൽ വിതരണം ചെയ്യുകയുമാണെങ്കിൽ സാധാരണ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് കൂടുതൽ ഗുണകരമായിരിക്കും. ഗ്രാമപ്രദേശങ്ങളിൽ ജൈവവേലികളാണ് അതിരുകൾ തിരിക്കുന്നതിന് പ്രധാനമായും ഉപയോഗിക്കുന്നതെങ്കിലും

പ്രധാനറോഡുകളുടെ സമീപത്തും ടൗണിലും ഉറപ്പുള്ള കോൺക്രീറ്റുമതിലുകൾ തന്നെയാണ് ഇപ്പോഴും നിർമ്മിക്കുന്നത്.

കെട്ടിട നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നവർ ധാരാളമായി ഇവിടെയുണ്ട്. കാർഷികമേഖലയിൽ ജോലിചെയ്തിരുന്ന ധാരാളം പേർ ഈ രംഗത്തേക്ക് കടന്നു വന്നുകൊണ്ടിരിക്കുന്നു. ഇവർ തന്നെ സംഘടിത പ്രസ്ഥാനങ്ങളിൽ നിൽക്കുന്നവരും അല്ലാത്തവരുമുണ്ട്. സംഘടിത മേഖലകളിലുള്ളവർക്ക് ക്ഷേമനിധി പോലുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. കോൺട്രാക്ട് വ്യവസ്ഥയാണ് ഈ രംഗത്ത് കൂടുതലും നില നിൽക്കുന്നത്. ആയതിനാൽ ജോലിക്കാനുപാതികമായിട്ടുള്ള വേതനം തൊഴിലാളിക്ക് ലഭിക്കുന്നില്ല. തൊഴിലാളികൾ ഈ രംഗത്ത് സാമാന്യവൈദഗ്ധ്യം ഉള്ളവരാണ്. തമിഴ്നാട്ടിൽ നിന്നും വന്ന വളരെയധികം ആളുകൾ ഈ രംഗത്ത് ഇവിടെ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഒരു പുരുഷതൊഴിലാളിക്ക് 125 രൂപയും സ്ത്രീ തൊഴിലാളിക്ക് 100 രൂപയുമാണ് പ്രതിദിനം വേതനമായി ലഭിക്കുന്നത്. കോൺക്രീറ്റ് വേലകൾക്ക് ഇതിലും കൂടുതൽ നിരക്ക് കിട്ടുന്നുണ്ട്.

## പ്രശ്നങ്ങൾ

- കെട്ടിട നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം
- കൂത്താട്ടുകളം ഭവനനിർമ്മാണ സഹകരണസംഘം വഴി വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
- 4 സെന്റ് കോളനികളിൽ പട്ടയം വിതരണം ചെയ്യുവാനുണ്ട്.
- കോളനികളിലേയും ലക്ഷംവീടുകളിലേയും ഭവനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.
- വളരെ വലിയ വീടുകൾ നിർമ്മിക്കുന്നതിനാൽ ധാരാളം സ്ഥലം ഉപയോഗശൂന്യമാകുന്നു.
- കൃഷിഭൂമി നികത്തി വീടു വയ്ക്കുന്നു
- കോൺക്രീറ്റ് മതിലുകൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
- സാധ്യതകൾ
- കെട്ടിട നിർമ്മാണസാമഗ്രികൾ സഹകരണസംഘങ്ങൾ വഴി ലഭ്യമാക്കുക.
- നിർമ്മിതി കേന്ദ്രങ്ങൾ വ്യാപകമാക്കുക.
- മൈത്രീ ഭവനനിർമ്മാണ പദ്ധതിപ്രകാരം വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുവയ്ക്കാൻ സാമ്പത്തികസഹായം ലഭ്യമാക്കുക.
- 4 സെന്റ് കോളനികൾ കൂടുതൽ അനുവദിക്കുക.
- കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്താൻ സാമ്പത്തികസഹായം നൽകുക.
- 2 ലക്ഷത്തിൽ കുറവ് ചെലവുള്ള വീടുകളെ കെട്ടിട നികുതിയിൽ നിന്നും ലൈസൻസ് ഫീസിൻ നിന്നും ഒഴിവാക്കുകയും 5 ലക്ഷത്തിൽ കൂടുതൽ ചെലവുള്ള വീടുകൾക്ക് നികുതിയും ലൈസൻസ് ഫീസും ഇപ്പോഴുള്ളതിന്റെ 100% വർദ്ധിപ്പിക്കുകയും ചെയ്യുക.
- 10 ലക്ഷത്തിൽ കൂടുതൽ രൂപ ചെലവേറിയ വീടുകൾക്ക് പ്രത്യേകനികുതി ഏർപ്പെടുത്തുകയും പ്രസ്തുത തുക കൊണ്ട് നിർദ്ധനർക്ക് സൗജന്യമായി വീട് നിർമ്മിച്ച് കൊടുക്കുകയും ചെയ്യുക.
- വിവിധ ഏജൻസികൾ നൽകുന്ന ഭവനനിർമ്മാണ വായ്പത്തുകയുടെ പലിശ 9% ആയി നിജപ്പെടുത്തുക.
- ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സഹായം നൽകുക.

260

കൂത്താട്ടുകുളം

ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

# സേവനമേഖല

# ആരോഗ്യം

പരമ്പരാഗതമായി ലഭിച്ചിരുന്ന ആയുർവ്വേദ വിധിപ്രകാരം നാട്ടുവൈദ്യൻമാർ നടത്തിവന്നിരുന്ന ചികിൽസാരീതിയായിരുന്നു ഈ പഞ്ചായത്തിൽ നില നിന്നിരുന്നത്. ഇതിൽ നിന്നും അലോപ്പതി ചികിൽസാ സമ്പ്രദായത്തിലേക്കുള്ള മാറ്റം വളരെ വേഗത്തിലായിരുന്നു. ഇന്നുള്ള അത്യാധുനിക ചികിൽസാ സംവിധാനങ്ങളുള്ള അലോപ്പതി ആശുപത്രികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രധാനമായും കൂത്താട്ടുകുളം ഗവ:ആശുപത്രിയാണ് സാധാരണക്കാരന് ചികിൽസ ലഭിക്കുന്ന സ്ഥാപനം. ഇതിനും പുറമെ നിരവധി സ്ഥാപനങ്ങൾ ആരോഗ്യ രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള ജനന മരണങ്ങളുടെ കണക്കുകൾ താഴെ സൂചിപ്പിക്കുന്നു.

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 759 | 199 | 7 |
| 1994-95 | 775 | 218 | 3 |
| 1995-96 | 832 | 252 | 8 |

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 16828 ആണ്. ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ജനനമരണ നിരക്കിൽ കാര്യമായ വ്യതിയാനം ഉണ്ടായിട്ടില്ല എന്നു കാണാം.

**ഈ പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ പ്രായ ഘടന താഴെ ചേർക്കുന്നു.**

| മൊത്തം ജനസംഖ്യ | 1 വയസ്സിന് താഴെ | 1-5 വയസ്സു വരെ | 6-12വയസ്സു വരെ | 12-60വയസ്സു വരെ | 60ന് മുകളിൽ |
|---|---|---|---|---|---|
| 16828 (1991ലെ സെൻസസ്) | 4% | 9% | 18% | 56% | 13% |

## വൈകല്യ നിരക്ക്

1996-ലെ സർവ്വെ അനുസരിച്ച് ഈ പഞ്ചായത്തിലെ മൊത്തം വികലാംഗരുടെ എണ്ണം 140 ആണ്. 87പേർ പുരുഷൻമാരും 53 പേർ സ്ത്രീകളുമാണ്. വിവിധ തരത്തിലുള്ള ശാരീരിക അംഗവൈകല്യം സംഭവിച്ചവരും, മന്ദബുദ്ധികളും ഇതിൽപ്പെടും. ഇത്തരക്കാർക്ക് വേണ്ടി പ്രത്യേക പുനരധിവാസ സ്ഥാപനങ്ങളോ പ്രവർത്തനങ്ങളോ ഈ പഞ്ചായത്തിൽ നിലവിലില്ല.

## രോഗാതുരത

പഞ്ചായത്തിലെ രോഗാതുരത മനസ്സിലാക്കുന്നതിന് ഇവിടത്തെ പ്രധാന ആരോഗ്യസ്ഥാപനങ്ങളിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ചികിൽസയ്ക്കായി എത്തിയവരുടെ കണക്കുകൾ പരിശോധിക്കാം.

**കൂത്താട്ടുകളം ഗവ:ആശുപത്രി:**

| വർഷം | IPഎണ്ണം | OPഎണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം /വർഷം(എണ്ണം) | | | | |
|---|---|---|---|---|---|---|---|
| | | | വാത രോഗം | പകർച്ച വ്യാധികൾ | ത്വക്ക് രോഗം | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1993-94 | 5560 | 59931 | 4105 | 1674 | 8014 | 46138 | 59931 |
| 1994-95 | 4014 | 71625 | 3947 | 1510 | 6741 | 59427 | 71625 |
| 1995-96 | 3201 | 56846 | 4108 | 1713 | 4814 | 46211 | 56846 |

### ദേവമാതാ ആശുപത്രി

| വർഷം | IPഎണ്ണം | OPഎണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം /വർഷം(എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1993-94 | 32936 | 73171 | 1731 | - | 28950 | 65 | 42425 | 73171 |
| 1994-95 | 33560 | 76886 | 1912 | 4608 | 21577 | 70 | 48719 | 76886 |
| 1995-96 | 39914 | 78586 | 2291 | 3846 | 21245 | 65 | 51139 | 78586 |

### സഹകരണ ആശുപത്രി

| വർഷം | IPഎണ്ണം | OPഎണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം /വർഷം(എണ്ണം) | | | | |
|---|---|---|---|---|---|---|---|
| | | | വാത രോഗം | പകർച്ച വ്യാധികൾ | ത്വക്ക് രോഗം | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1993-94 | 8375 | 31455 | | | | | |
| 1994-95 | 8095 | 35450 | | | | | |
| 1995-96 | 8483 | 37733 | | | | | |

### ഗുഡ് വിൽ ആശുപത്രി

| വർഷം | IPഎണ്ണം | OPഎണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം /വർഷം(എണ്ണം) | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1993-94 | 723 | 7496 | 880 | 1435 | 2960 | 2221 | 7496 |
| 1994-95 | 665 | 6854 | 763 | 1456 | 2785 | 1850 | 6854 |
| 1995-96 | 591 | 5206 | 695 | 1334 | 2230 | 947 | 5206 |

മുകളിൽ കൊടുത്തിട്ടുള്ള കണക്ക് പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവരുടെ കണക്കുകൾ ലഭിക്കുമെങ്കിലും ഇവിടെ മറ്റു പഞ്ചായത്തുകളിൽ നിന്നും അത് പോലെ സംസ്ഥാനത്തിന് പുറത്തു നിന്നു പോലും രോഗികൾ എത്തുന്നുണ്ട് എന്നതാണ് വസ്തുത. പ്രധാനമായും പനി, ചുമ, വയറിളക്കം എന്നീ രോഗങ്ങളാണ് ഈ പഞ്ചായത്തിലെ ജനങ്ങളിൽ കണ്ടു വരുന്നത്. ചില പ്രത്യേക കാലാവസ്ഥകളിൽ ചിക്കൻ പോക്സ്, ചെങ്കണ്ണ് തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പടർന്നു പിടിക്കാറുണ്ട്. കുഷ്ഠരോഗം, മലമ്പനി തുടങ്ങിയ മാരക രോഗങ്ങൾ ഇവിടെ കാണാറില്ല.

## കുട്ടികളുടെ പോഷണ നിലവാരം.

നമ്മുടെ പഞ്ചായത്തിലെ ശിശു മരണ നിരക്ക് സംസ്ഥാന [illegible]ശരിയിലും താഴെയാണ് എന്നു മനസ്സിലാക്കാം. ഇവിടത്തെ പ്രധാന ആശുപത്രികളിലെല്ലാം ശിശു സം[illegible]ക്ഷണ പരിപാടികൾ കാര്യക്ഷമമായി നടക്കാറുണ്ടെങ്കിലും ഇത് സാധാരണക്കാരായ ജനങ്ങളുടെ [illegible]യിലേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. 1995 ഡിസംബർ 18നും 1996 ജനുവരി 20നും അഖിലേന്ത്യാ [illegible]ത്തിൽ നടന്ന "പൾസ് പോളിയോ

263

ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമി"ൽ പഞ്ചായത്തിലെ 1000 കുട്ടികൾക്ക് 2010 പോളിയോ വാക്സിൻ കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിലെ സ്ക്കൂളുകളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകാറുണ്ട്. നമ്മുടെ പഞ്ചായത്തിൽ അംഗൻ വാടികൾ ഇല്ലാത്തതിനാൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമുള്ള പോഷകാഹാര വിതരണ പരിപാടി കാര്യക്ഷമമായി നടത്തുവാൻ സാധിച്ചിട്ടില്ല. 2 കേന്ദ്രങ്ങളിൽ മാത്രമാണ് ഇത് നിലവിലുള്ളത്. ഈ പരിപാടി കൂടുതൽ വ്യാപകമാക്കി സാധാരണ ക്കാരായ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം വിതരണം ചെയ്യേണ്ടതാണ്. മാത്രമല്ല, വിവിധ തരത്തിലുള്ള ആരോഗ്യ രക്ഷാക്ലാസ്സുകൾ നടത്തി അമ്മമാരെ ബോധവൽക്കരിക്കേണ്ടത് കുഞ്ഞുങ്ങ ളുടെ ആരോഗ്യകരമായ വളർച്ചക്ക് അത്യന്താപേക്ഷിതമായിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നിലനിൽക്കുന്നുണ്ട്. എങ്കിലും ചില അപാകതകൾ നിലനിൽക്കുന്നതായി P.T.A സംഘടനകളുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാ യിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സ്ഥാപനങ്ങളെ ക്കുറിച്ചും അവയുടെ അവസ്ഥയെക്കുറിച്ചും ഇനി പരിശോധിക്കാം.

| സ്ഥാപനം | സർക്കാർ (എണ്ണം) | സ്വകാര്യം(എണ്ണം) | സഹകരണം(എണ്ണം) |
|---|---|---|---|
| ആശുപത്രി (അലോപ്പതി) | 1 | 2 | 1 |
| കുടുംബക്ഷേമകേന്ദ്രം | 2 | - | - |
| ഡിസ്പെൻസറി (അലോപ്പതി) | - | 2 | - |
| ഡിസ്പെൻസറി (ആയുർവ്വേദം) | 1 | 4 | - |
| ഡിസ്പെൻസറി (ഹോമിയോ) | - | 5 | - |
| ദന്താശുപത്രി | - | 5 | - |
| മെഡിക്കൽ സ്റ്റോർ | - | 9 | 1 |
| മെഡിക്കൽസ്റ്റോർ (ആയുർവ്വേദം) | - | 13 | - |

ദിവസേന 200ന് മുകളിൽ രോഗികൾ വന്നുപോകുന്ന ആരോഗ്യസ്ഥാപനമാണ് കൂത്താട്ടുകുളം ഗവ:ആശുപത്രി. 90 ബെഡുകൾ ഉള്ള ഈ സ്ഥാപനത്തിൽ 1 ഡോക്ടർ മാത്രമാണ് ഇപ്പോൾ സേവന ത്തിനുള്ളത്. പേവാർഡ്, ഓപ്പറേഷൻ തീയറ്റർ, പ്രസവവാർഡ്, മോർച്ചറി എന്നിവ ഈ ആശുപത്രിയി ലുണ്ട്. കൂടുതലും സ്ത്രീകളാണ് ഇവിടെ ചികിത്സക്കായി എത്തുന്നത്. പാലക്കുഴ, ഇലഞ്ഞി, തിരുമാ റാടി, വെളിയന്നൂർ തുടങ്ങിയ പഞ്ചായത്തിൽ നിന്നും ധാരാളം ആളുകൾ നിത്യേന ഇവിടെ ചികിത്സ ക്കായി എത്തുന്നു.

ഗവ. ആശുപത്രിയിരിക്കുന്ന 1 ഏക്കർ 56 സെന്റ് സ്ഥലം 1 രൂപ പ്രതിഫലം പറ്റി ശ്രീ. കല്ലിടു ക്കിൽ മത്തച്ചൻ സർക്കാരിന് വിട്ടുകൊടുത്തതാണ്. സർക്കാർ ആശുപത്രിക്ക് നാട്ടുകാർ സംഭാവന ചെയ്ത കെട്ടിടങ്ങളല്ലാതെ ഒന്നും സർക്കാർ നൽകിയിട്ടില്ല. ആശുപത്രി വികസനത്തിന് നാട്ടുകാരുടെ പങ്കാളി ത്തത്തോടെ എം. സി റോഡിനോട് ചേർന്നുള്ള ഭാഗത്ത് ഷോപ്പിംഗ് കോപ്ലക്സ് ആന്റ് പേവാർഡ് പണിയുന്നതിനുള്ള അനുവാദം കിട്ടാൻ കാത്തു കഴിയുകയാണ്.

വലിയ സ്ഥാപനമാണെങ്കിൽ കൂടി വളരെയേറെ പരിമിതികൾ ഇന്നും ഇവിടെ നിലനിൽക്കുന്നു. പ്രധാനമായും ആവശ്യത്തിന് ഡോക്ടർമാർ ഇല്ലെന്നുള്ളതു തന്നെയാണ്. ചികിത്സക്കെത്തുന്നവർ മണിക്കൂറുകളോളം ക്യൂവിൽ നിന്ന് ബുദ്ധിമുട്ടുന്നു എന്നത് ഇവിടത്തെ നിത്യ സംഭവമാണ്. ഒരു ഗൈനക്കോളജിസ്റ്റിന്റെ അഭാവം ഇവിടെയെത്തുന്ന സ്ത്രീകളെ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ട്. പ്രസവാവശ്യങ്ങൾക്കായി ഇവിടെയുള്ള സ്ത്രീകൾ മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയേയോ, ഇവിടെയുള്ള സ്വകാര്യ ആശുപത്രികളേയോ ആശ്രയിക്കേണ്ടി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് ഇത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഓപ്പറേഷൻ തീയറ്റർ, ജലക്ഷാമം ഇവ ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുന്നു. ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ ഇവിടുത്തെ ശുചീകരണ പ്രവർത്തനങ്ങൾ വരെ താറുമാറായി കിടക്കുന്നു. അത്യാവശ്യ ചികിത്സാ, പരിശോധനാ സംവിധാനങ്ങൾ ഇവിടെയില്ല. വേണ്ടത്ര മരുന്നുകൾ പലപ്പോഴും ഇവിടെ ലഭിക്കാറില്ല.

ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുക എന്നുള്ളത് വർഷങ്ങളായി ഇവിടുത്തെ ജനങ്ങളുടെ ഒരു ആവശ്യമാണ്. 12 ബെഡ്ഡുകൾ കൂടി ഉണ്ടെങ്കിൽ 102 ബെഡ്ഡുകൾ ആകുന്ന ഈ സ്ഥാപനത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായി തീർക്കേണ്ടതായിട്ടുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ദേവമാത, ഗുഡ് വിൽ ആശുപത്രികളും, സഹകരണ സ്ഥാപനമായ സഹകരണ ആശുപത്രിയും ഇവിടെ ആരോഗ്യ പ്രവർത്തനത്തിൽ മുന്നിട്ടു നിൽക്കുന്നു. സഹകരണ ആശുപത്രിയിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ കുറെയേറെ ഉണ്ടെങ്കിലും അമിതമായ സാമ്പത്തിക ബാദ്ധ്യത ഈ സാഥാപനത്തിന്റെ വളർച്ചക്ക് വിഘാതമായി നിൽക്കുന്നു. ദേവമാതാ ആശുപത്രി കേരളത്തിൽ ആകെത്തന്നെ പ്രശസ്തി ആർജ്ജിച്ച സ്ഥാപനമാണ്. ഇവിടെ ഒരു നഴ്സിംഗ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്. അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ എല്ലാമുള്ള ഈ സ്ഥാപനത്തിൽ ദിവസേന ആയിരക്കണക്കിനാളുകളാണ് വന്നു പോകുന്നത്. സംസ്ഥാനത്തിനു പുറത്തുനിന്നുപോലും ധാരാള ആളുകൾ ഇവിടെ ചികിത്സക്കായി എത്തുന്നുണ്ട്. മറ്റൊരു സ്ഥാപനമായ ഗുഡ് വിൽ ആശുപത്രിയിലും ദിവസേന നൂറുകണക്കിന് ആളുകൾ എത്തുന്നു.

മറ്റൊരു പ്രധാന സ്ഥാപനം കിഴകൊമ്പിലുള്ള ജേക്കബ്ബ് ഫിലിപ്പ് മെമ്മോറിയൽ ഗവ: ആയുർവ്വേദ ഡിസ്പെൻസറിയാണ് ധാരാളം ആളുകൾ ഇവിടെ ചികിത്സക്കായി എത്തുന്നുണ്ട്. ഇവിടെ ഒരു ആശുപത്രി വാർഡിന്റെ നിർമ്മാണം ധ്രുതഗതിയിൽ നടക്കുന്നുണ്ട്. കൂത്താട്ടുകുളം പഞ്ചായത്തിന് കൈമാറിയിട്ടുള്ള ഈ സ്ഥാപനത്തിന്റെ വളർച്ചക്ക് പൊതുജനങ്ങളുടെ നിർല്ലോഭമായ സഹകരണവും ലഭിക്കേണ്ടതുണ്ട്. ഇവയൊന്നും കൂടാതെ ധാരാളം സ്വകാര്യ ഡിസ്പെൻസറികളും, സ്ഥാപനങ്ങളും ഈ പഞ്ചായത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്നുണ്ട്. ഏതാണ്ട് 500 ഓളം പേർ ഈ സ്ഥാപനങ്ങളിലെല്ലാമായി ജോലിനോക്കുന്നു. ഇതൊക്കെ ആയാലും ഈ സ്ഥാപനങ്ങളെല്ലാം തന്നെ കൂത്താട്ടുകുളം ടൗണിൽ ആയതിനാൽ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായ ഇടയാർ, കിഴകൊമ്പ് പ്രദേശങ്ങളിലുള്ളവർക്ക് 5-8 കിലോമീറ്റർ സഞ്ചരിച്ചു വേണം ഈ സ്ഥാപനങ്ങളിൽ എത്തിച്ചേരുവാൻ. അതിനാൽ ഈ ഭാഗത്ത് ഒരു ഹോമിയോ ആശുപത്രി കഴിവതുംവേഗം തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ചില സന്നദ്ധ സംഘടനകൾ നേത്രപരിശോധനാ ക്യാമ്പുകളും, മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. ഇതിലെല്ലാം ധാരാളമായി ആളുകൾ പങ്കെടുക്കുന്നതായി മനസ്സിലാക്കാം.

ആരോഗ്യപ്രവർത്തനങ്ങളേക്കുറിച്ച് പ്രതിപാദിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ജനങ്ങൾ ഉപയോഗിക്കുന്ന 40% കിണറുകളും ചുറ്റുമതിൽ ഇല്ലാത്തവയും, കാലാകാലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താത്തവയുമാണ്. ഇവിടെ നിന്നും ലഭിക്കുന്ന ജലത്തിലൂടെ വയറിളക്കം പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കാറുണ്ട്. മറ്റൊരു പ്രശ്നം ഇവിടെ ഏതാണ്ട് 45% കുടുംബങ്ങൾക്കും സ്വന്തമായി സാനിട്ടറി കക്കൂസുകൾ ഇല്ല എന്നുള്ളതാണ്. പൊതുവായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നവരാണ് ഇവരിലധികവും. ഇതും രോഗങ്ങൾ പടർന്നു പിടിക്കുവാൻ കാരണമാകാറുണ്ട്. ജനങ്ങൾ കൂട്ടമായി വസിക്കുന്ന കോളനി പ്രദേശങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുന്നത് സാമ്പത്തിക ലാഭവും, അതുപോലെ സ്ഥല നഷ്ടം ഒഴിവാക്കുന്നതിനും നല്ല മാർഗ്ഗമാണ്.

കൂത്താട്ടുകുളം ടൗണിലെ പ്രധാന പ്രശ്നം ഇവിടുത്തെ ഓടകളുടെ ശോച്യാവസ്ഥയാണ്.

പുതിയ പഞ്ചായത്ത് സമിതി വന്നതിന് ശേഷം ജനപങ്കാളിത്തത്തോടെ ടൗണിലെ മിക്കവാറും ഓടകൾ വൃത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും തൃപ്തികരമല്ല. ഇവിടുത്തെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഈ ഓടകളിലേക്ക് വലിച്ചെറിയുന്നതിനാൽ ഇവ പെട്ടെന്ന് നിറയുന്നതിനും മഴക്കാലങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊതുക് ഉണ്ടാകുന്നതിനും കാരണമാകുന്നു. ഇതിന് ടൗണിലെ വ്യാപാരികളുടെ സഹകരണം ഉണ്ടെങ്കിൽ മാത്രമേ പരിഹാരം ഉണ്ടാവുകയുള്ളൂ.

ഈ ടൗണിൽക്കൂടി കടന്നുപോകുന്ന തോട്ടിലേക്ക് ടൗണിലുള്ള വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നതും, ഇറച്ചിമാർക്കറ്റിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ തോട്ടിലേക്ക് ഒഴുക്കിവിടുന്നതും ഇതിലെ വെള്ളം മലിനമാകുന്നതിന് കാരണമാകുന്നുണ്ട്. ഇതുമൂലം ഈ വെള്ളം ഉപയോഗിച്ച് കൃഷിചെയ്യുന്ന പാടശേഖരങ്ങളിൽ ജോലിചെയ്യുന്ന കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കൈകാലുകളിൽ തടിപ്പും, ചൊറിച്ചിലും അനുഭവപ്പെടാറുണ്ട്. ഈ തോട് സൈഡ് കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. അതുപോലെ കന്നുകാലികളെ കശാപ്പുചെയ്യുന്നതിന് ആധുനിക അറവുശാല നിർമ്മിക്കുകയും അവശിഷ്ടങ്ങൾ തോട്ടിലേക്ക് ഒഴുക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

കൂത്താട്ടുകുളം പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങക്ക് 2 പഞ്ചായത്ത് ജീവനക്കാരാണ് ഉള്ളത്. 2 മൂത്രപ്പുരകളും 3 കക്കൂസുകളും പൊതുവായിട്ടുണ്ട്. K.S.R.T.C സ്റ്റേഷൻ മാസ്റ്റർ ആഫീസിനടുത്തുള്ള സ്ത്രീകളുടെ മൂത്രപ്പുര നാളുകളായി അടഞ്ഞുകിടക്കുന്നു. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ടൗണിൽ പര്യാപ്തമല്ല. പൊതുവഴികളിലാണ് മിക്കവാറും ആളുകൾ ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. പൊതു കക്കൂസുകളും, മൂത്രപ്പുരകളും ടൗണിൽ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

ഇടയാറിലുള്ള MPI യിലെ അവശിഷ്ടങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ സമീപപ്രദേശങ്ങളിലുള്ള കിണറുകളിലും, കുളങ്ങളിലും മാലിന്യങ്ങൾ നിറയുന്നതായി പരാതി ഉയർന്നിട്ടുണ്ട്. ഇത് ഇല്ലാതാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചെയ്യേണ്ടതാണ്.

കൂത്താട്ടുകുളം പഞ്ചായത്തിലെ നിലവിലുള്ള ആരോഗ്യപ്രശ്നങ്ങളും, സംവിധാനങ്ങളും ഈ റിപ്പോർട്ടിലൂടെ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. വരുന്ന പദ്ധതി കാലയളവിനുള്ളിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ പരിപാലന രംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് ഉതകുന്നതരത്തിലുള്ള പഠനങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതാണ്.

# കുടിവെള്ളം

കൂത്താട്ടുകുളം പഞ്ചായത്ത് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് കുടിവെള്ളക്ഷാമം. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പൊതുകിണറുകളും, കുഴൽകിണറുകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടാക്കിയിട്ടും ഇന്നും പൂർണ്ണമായ അർത്ഥത്തിൽ അവ പ്രയോജനത്തിൽ എത്തിയിട്ടില്ല. മൊത്തം വിസ്തീർണ്ണത്തിന്റെ 2/3 ഭാഗവും കുന്നിൻപ്രദേശവും, അതിനോടനുബന്ധിച്ചുള്ള ചരിവുകളുമുള്ള ഈ പഞ്ചായത്തിൽ, ഉഴവൂർ തോടുമായി ബന്ധപ്പെട്ടുകിടക്കുന്ന സമതലങ്ങളിലാണ് വേനൽക്കാലത്തും താരതമ്യേന ജലക്ഷാമം അനുഭവപ്പെടാത്തത്. എന്നിരുന്നാലും ജനുവരി, ഫെബ്രുവരി മാസത്തോടുകൂടി ഉഴവൂർ തോട്ടിൽ ജലനിരപ്പ് താഴുന്നതോടുകൂടി ഇതിന് സമീപത്തുള്ള കിണറുകളിലെയും, കുളങ്ങളിലെയും ജലനിരപ്പ് താഴ്ന്നുതുടങ്ങുന്നു. അങ്ങനെ നോക്കിയാൽ ഈ പഞ്ചായത്തിലെ കിണറുകളിലെയും, കുളങ്ങളിലെയും ജലലഭ്യത പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ഉഴവൂർ തോടിനെയാണ് എന്നു മനസ്സിലാക്കാം.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 60% പേർ സ്വന്തം വീട്ടുവളപ്പിലുള്ള കിണറുകളെയും,

20% പേർ അയൽപക്കത്തുള്ള കിണറുകളെയും ആണ് ആശ്രയിക്കുന്നത്. പൊതുകിണറുകളും, കുഴൽകിണറുകളും ആശ്രയിക്കുന്നവർ 15%വും, പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്നവർ 5%വും ആണ്. ഭൂരിഭാഗം കിണറുകളും ചുറ്റുമതിൽ ഇല്ലാത്തവയും, മറ്റു സുരക്ഷിതത്വമാർഗ്ഗങ്ങൾ ഇല്ലാത്തവയുമാണ്. ഫെബ്രുവരി മാസത്തോടെ ഭൂരിഭാഗം കിണറുകളും വറ്റിത്തുടങ്ങുന്നു. ഈ സാഹചര്യങ്ങളിൽ ഏകദേശം 50% ജനങ്ങളും പൈപ്പുവെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നു. വേനലിന്റെ കാഠിന്യം കൂടുന്ന സാഹചര്യങ്ങളിൽ രണ്ടും, മൂന്നും കിലോമീറ്റർവരെ അകലെചെന്ന് കുടിവെള്ളം ശേഖരിക്കേണ്ട പല പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്.

## പൊതുകിണറുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | പൊതുകിണറുകൾ | കുഴൽകിണറുകൾ |
|---|---|---|
| 1 | 3 | 3 |
| 2 | 7 | 4 |
| 3 | 3 | 1 |
| 4 | 4 | 2 |
| 5 | 2 | |
| 6 | 1 | 1 |
| 7 | 1 | 1 |
| 8 | 5 | 2 |
| 9 | 2 | 2 |

പഞ്ചായത്തിലെ 9 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന 28 പൊതുകിണറുകളും, 16 കുഴൽകിണറുകളുമാണ് മറ്റൊരു പ്രധാന കുടിവെള്ളസ്ത്രോതസ്സ്. ഭൂരിഭാഗം കോളനികളിലും, ജനങ്ങൾ കൂട്ടമായി താമസിക്കുന്ന മറ്റു പ്രദേശങ്ങളിലും പ്രധാനമായും ഇത്തരത്തിലുള്ള കിണറുകളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഈ കിണറുകളിൽത്തന്നെ മിക്കവയും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. പൊതുകിണറുകളായതിനാൽ ഇവ കൂടുതൽ താഴ്ത്തി വെള്ളം കിട്ടുമോ എന്ന് പരീക്ഷിക്കുവാൻ ഉപഭോക്താക്കൾ പോലും തയ്യാറാവുന്നില്ല. പലതിന്റെയും ചുറ്റുമതിലുകൾ ഇനിയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള കിണറുകൾ താഴ്ത്തുന്നതിനും, ചുറ്റുമതിലുകൾ ഉണ്ടാക്കി ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങൾ സന്നദ്ധത കാണിക്കേണ്ടതായിട്ടുണ്ട്. കുഴൽക്കിണറുകളിൽ മിക്ക എണ്ണവും ഇന്ന് പൂർണ്ണമായും ഉപയോഗിക്കുന്നില്ല. പലതിനും അറ്റകുറ്റപ്പണികൾ നടത്തി ഹാൻഡ്പമ്പുകൾ ശരിയാക്കേണ്ടതായിട്ടുണ്ട്. ചിലതെല്ലാം താഴ്ച കുറവായതിനാൽ വളരെ കുറവ് വെള്ളം കിട്ടുന്നവയാണ്. ഇങ്ങനെയുള്ളവ കൂടുതൽ താഴ്ത്താനുള്ള പദ്ധതികൾ ഉണ്ടേവേണ്ടതാണ്. ഇത്തരം കിണറുകളിൽ ഇരുമ്പ് പൈപ്പ് ഉപയോഗിച്ചിരിക്കുന്നതിനാൽ വെള്ളത്തിന് രുചിവ്യത്യാസം ഉണ്ടാവുന്നുണ്ട്. ഈ വെള്ളം ജനങ്ങൾ കുടിക്കുവാൻ ഉപയോഗിക്കാറില്ല. ഇവ ശുചീകരിച്ച് പ്ലാസ്റ്റിക് പൈപ്പുകൾ ഇട്ടാൽ വളരെയേറെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും. പൊതുകിണറുകളുടെ ശുചീകരണവും, സംരക്ഷണവും അതാത് പ്രദേശത്തെ ജനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ 135 പൊതുടാപ്പുകളാണ് മറ്റൊരു പ്രധാന ജലസ്ത്രോതസ്സ്. പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ കുറവാണ്. പ്രധാനമായും വേനൽക്കാലങ്ങളിലാണ് പൊതുടാപ്പുകളെ ജനങ്ങൾ ആശ്രയിക്കുന്നത്. ആകെ ഹൗസ് കണക്ഷനുകളുടെ എണ്ണം 441 ആണ്.

വടകര, ബസ്റ്റാന്റ്, കൂത്താട്ടുകുളം ഹൈസ്കൂൾഭാഗം, കോഴിപ്പിള്ളി, മംഗലത്തുതാഴം എന്നിവിടങ്ങളിലുള്ള 5 കുഴൽ കിണറുകളെ ആശ്രയിച്ചാണ് വാട്ടർ അതോറിട്ടിയുടെ ജലവിതരണം നിലനിൽക്കു

ന്നത്. ഇതിൽ പൂർണ്ണമായും മുഴുവൻ സമയവും ഉപയോഗിക്കുന്നത് വടകരയിലുള്ള കുഴൽകിണർ മാത്രമാണ്. ഇതിൽനിന്നും ഹൈലെവൽ ഏരിയകളായ കിഴകൊമ്പ്-ചെള്ളക്കപ്പടി, വളപ്പ്, കല്ലോലിക്കൽത്താഴം, മഞ്ചേരിക്കുന്ന്, എരുമക്കുളം, നെടുമ്പാറ, വടകര-പൈറ്റക്കുളം, കിരുകുന്ന് J.P.കോളനി എന്നിവിടങ്ങളിലേക്ക് നേരിട്ട് പമ്പ് ചെയ്ത് വെള്ളം എത്തിക്കുന്നു. ഗവ: യു.പി. സ്കൂളിനടുത്തുള്ള ടാങ്കിൽ വെള്ളം എത്തിച്ചതിനുശേഷം അവിടെനിന്നും കുളമ്പാടം, കുന്നപ്പിള്ളിഭാഗം, പഴയറോഡ്, ഹരിജൻ കോളനി, ചോരക്കുഴി ഇവിടങ്ങളിലേക്ക് വിതരണം നടത്തുന്നു. ലോലെവൽ ഏരിയകളായ കൂത്താട്ടുകുളം ടൗൺ, മംഗലത്തുതാഴം, അമ്പലംഭാഗം എന്നിവിടങ്ങളിലേക്ക് ഹൈസ്കൂൾ, കോഴിപ്പിള്ളി, മംഗലത്തുതാഴം എന്നീ സ്ഥലങ്ങളിലുള്ള കുഴൽകിണറുകളിൽനിന്നും ജലവിതരണം നടത്തുന്നു. ബസ്സ്റ്റാന്റിലുള്ള കുഴൽകിണറിൽനിന്നും ഗവ: ആശുപത്രിയിലേക്ക് മാത്രമാണ് വെള്ളം കൊടുക്കുന്നത്.

വേനൽക്കാലങ്ങളിൽ ടാങ്കർലോറികളിൽ പല പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കാറുണ്ടെങ്കിലും ഇത് കുടിവെള്ളക്ഷാമത്തിന് പരിഹാരമാകാറില്ല. വടകര ഒഴികെയുള്ള എല്ലാ കുഴൽക്കിണറുകളും, രണ്ടോ, മൂന്നോ മണിക്കൂറിൽ കൂടുതൽ നമുക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. ഇവയിൽനിന്നെല്ലാമുള്ള ജലലഭ്യത വളരെ കുറവാണ്. പൊതുടാപ്പുകളുടെ കാര്യമാണെങ്കിൽ കൂടുതലും ഉപയോഗശൂന്യമായി കിടക്കുന്നവയാണ്. ശരാശരി 100 മീറ്ററിനുള്ളിൽ ഒരു ടാപ്പ് എന്നുള്ള രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നതെങ്കിലും ആവശ്യസമയത്ത് വെള്ളം കിട്ടാറില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. വേനൽക്കാലങ്ങളിൽ പൈപ്പുലൈനുകൾ പൊട്ടി ധാരാളം ജലം ഉപയോഗശൂന്യമായിപ്പോകാറുണ്ട്. ടാപ്പുകളുടെയും, ലൈനുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടത്തുന്നതിന് അധികാരികൾ ശ്രദ്ധിക്കാറില്ല. ചില സമയങ്ങളിൽ ആഴ്ചകളോളം ജലവിതരണം സ്തംഭിക്കാറുണ്ട്. വേനൽക്കാലങ്ങളിൽ ഒന്നിടവിട്ട ദിവസം 1 മണിക്കൂർ എന്നുള്ള ടൈംടേബിളിൽ വിതരണത്തിന് ശ്രമിക്കാറുണ്ടെങ്കിലും ഇതു പലപ്പോഴും രണ്ടോ, മൂന്നോ ദിവസത്തിൽ ഒരിക്കൽ എന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരാറുണ്ട്. പുതിയ ജലസ്രോതസുകൾ കണ്ടെത്താതെ അമിതമായി വർദ്ധിച്ചുവരുന്ന ഹൗസ് കണക്ഷനുകൾ ഇന്ന് ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. ഇത്തരം കണക്ഷനുകൾ പലപ്പോഴും ദുർവ്വിനിയോഗം ചെയ്യുന്നതായി മനസ്സിലായിട്ടുണ്ട്. ചിലർ കിണറുകളിലേക്ക് ലൈൻ ഇട്ടുകൊണ്ട് കണക്കിൽ കൂടുതൽ ജലം സംഭരിക്കുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ട്. അതുപോലെ കൃഷി ആവശ്യത്തിനു വരെ പൈപ്പുവെള്ളം ജനങ്ങൾ ഉപയോഗിക്കുന്നതിനാൽ സാധാരണക്കാരന് പലപ്പോഴും കുടിവെള്ളം ലഭിക്കാറില്ല എന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇത്തരത്തിലുള്ള പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളും ഓരോ പ്രദേശത്തെ ജനങ്ങളും മുൻകൈ എടുക്കണം.

## ഗ്രാമസഭാ റിപ്പോർട്ട് അവലോകനം:-

നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലുള്ള ജലക്ഷാമത്തെക്കുറിച്ചാണ് അടുത്തതായി പ്രതിപാദിക്കുന്നത്. ഗ്രാമങ്ങളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവ സംക്ഷിപ്തമായി ഇവിടെ രേഖപ്പെടുത്തുന്നത്.

ഒന്നാം വാർഡിൽ ഏറ്റവും ജലക്ഷാമം അനുഭവപ്പെടുന്നത് മുട്ടപ്പിള്ളി ഭാഗത്താണ്. ഇവിടെ കുഴൽക്കിണർ സ്ഥാപിക്കണം. ആത്താനിഭാഗത്ത് കുഴൽക്കിണർ താഴ്ത്തി അവിടെനിന്നും വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള പൈപ്പുമായി ബന്ധിപ്പിക്കുകയും, കോഴിപ്പിള്ളി കുഴൽകിണറിൽനിന്നും വരുന്ന പൈപ്പുലൈൻ 50 മീറ്റർ നീട്ടി അരഞ്ഞാണി ഭാഗത്ത് യോജിപ്പിക്കുകയും, മഞ്ചിറഭാഗത്ത് കിണർ താഴ്ത്തി അർജ്ജുനൻ മലയിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുകയും ചെയ്താൽ ഒന്നാം വാർഡിലെ കുടിവെള്ളക്ഷാമം ഏകദേശം പരിഹരിക്കാൻ സാധിക്കും എന്നാണ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നത്.

2-ാം വാർഡിൽ കുടിവെള്ളക്ഷാമം ഏറ്റവും കൂടുതലായുള്ളത് നമ്പേലി കോളനി, ചെരുകുന്നു മല, ഓണംകുന്ന് ലക്ഷംവീട്, പുറ്റാനിമല എന്നീ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളുടെയെല്ലാം താഴ്വാരം ഉഴവൂർ തോടുമായി ബന്ധപ്പെട്ടുകിടക്കുന്ന താരതമ്യേന ജലലഭ്യതയുള്ള സമതലങ്ങളാണ്. നമ്പേലി കോളനിയിൽ പൊതുകിണറും, കുഴൽക്കിണറും താഴ്ത്തി എങ്കിലും വേനൽക്കാലത്ത് വെള്ളം കിട്ടുന്നില്ല. ഇനിയുള്ള ഏകമാർഗ്ഗം നമ്പേലി കോളനി റോഡിന്റെ പകുതിഭാഗംവരെ എത്തിനിൽക്കുന്ന പൈപ്പുലൈൻ നീട്ടി കോളനിയിൽ ടാങ്കു കെട്ടി വലിയപാലത്തിന് സമീപത്തുള്ള കുഴൽകിണറിൽനിന്നും വെള്ളം

പമ്പ് ചെയ്ത് ടാങ്കിലെത്തിക്കുക എന്നുള്ളതാണ്. ഉഴവൂർ തോടിന് സമീപത്തുള്ള കുളമ്പാടത്ത് കുളം താഴ്ത്തി അവിടെനിന്ന് പമ്പ് ചെയ്ത് ചെരുകുന്ന് മലയിൽ എത്തിക്കുക, ഓണംകുന്ന് മലയുടെ താഴ്വാരത്ത് പാടത്ത് കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് ലക്ഷംവീട്ടിൽ എത്തിക്കുക, പഴയറോഡ് ഭാഗത്ത് കുഴൽക്കിണർ നിർമ്മിക്കുക മുതലായവയാണ് ഇവിടുത്തെ ജനങ്ങളുടെ ആവശ്യം.

3-ാം വാർഡിൽ വട്ടക്കുന്നു ഭാഗത്താണ് കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളത്. ഇവിടെ വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കുക. പണ്ടാരംപടി ഭാഗത്ത് കുഴൽക്കിണർ താഴ്ത്തി നിലവിലുള്ള പൈപ്പുലൈനുമായി ബന്ധിപ്പിച്ച് പമ്പ് ചെയ്യുക, പാലകുന്നേൽ താഴത്ത് സ്ഥിതിചെയ്യുന്ന ടാങ്കിലേക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കുകയും അവിടെനിന്നും വിതരണം ചെയ്യുവാൻ തക്കവണ്ണം കുഴൽക്കിണർ താഴ്ത്തി വെള്ളം പമ്പ് ചെയ്യുക. ഇത്രയും ചെയ്താൽ 3-ാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും എന്നാണ് കണക്കാക്കുന്നത്.

4-ാം വാർഡിൽ ദേവമാതാഭാഗവും, അംബേദ്കർ കോളനി ഭാഗവും, വരകുപാറ ഭാഗവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. JP കോളനിയിൽ ഉള്ള പൊതുടാപ്പിൽ ദിവസവും നിശ്ചിത സമയത്ത് വെള്ളം ലഭിച്ചാൽ അവിടുത്തെ പ്രശ്നം പരിഹരിക്കപ്പെടും. അംബേദ്കർ കോളനിയിലെ പൊതുകിണർ നന്നാക്കി ഉപയോഗിച്ചാൽ ജലക്ഷാമത്തിന് കുറെയൊക്കെ പരിഹാരമാകും. ദേവമാതാ ഭാഗത്ത് ടാങ്കുകെട്ടി അവിടെ വെള്ളം സംഭരിക്കുകയും അവിടെനിന്നും വിതരണം നടത്തുകയും ചെയ്തെങ്കിലേ പൂർണ്ണമായും ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുകയുള്ളു.

അംബേദ്കർ കോളനിയിലെ കുഴൽക്കിണർ നന്നാക്കുക. വരകുപാറ ഭാഗത്ത് സബ്സെന്റർ (ഹെൽത്ത്) കുഴൽക്കിണർ കുഴിക്കുക. പൈറ്റക്കുളം കുങ്കുമശേരി റോഡിൽ 4 ടാപ്പുകൾ സ്ഥാപിക്കുക. JP കോളനിക്ക് താഴെ സ്ഥിതി ചെയ്യുന്ന കുഴൽക്കിണർ നന്നാക്കുക.

5-ാം വാർഡിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ചമ്പമല, വെൺകുളംമല, കാരികുന്ന്, കണ്ടന്താനം, നെടുവേലി എന്നീ ഭാഗങ്ങൾ. വേനൽക്കാലമാകുന്നതോടെ ഇവിടെയുള്ള എല്ലാ കിണറുകളും വറ്റിവരളുന്നു. MVIP കനാൽ ഈ പ്രദേശത്തുകൂടി കടന്നുപോകുന്നതുകൊണ്ട് ഈ പ്രദേശത്തെ വാട്ടർ ലെവൽ താഴുകയും അത് എല്ലാ ജലാശയങ്ങളുടെയും വരൾച്ചക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. കടമ്മാട്ടുകുഴി ഭാഗത്ത് വലിയ ഒരു കുളം നിർമ്മിച്ച് ചമ്പമലയിൽ ഒരു ടാങ്കുകെട്ടി അവിടേക്ക് വെള്ളം പമ്പുചെയ്യുകയും അവിടെനിന്ന് വിതരണം ചെയ്യുകയും ആണെങ്കിൽ കിഴകൊമ്പ് പ്രദേശത്തെ കുടിവെള്ളക്ഷാമം 75% പരിഹരിക്കുവാൻ സാധിക്കും. അതുപോലെ വെൺകുളം കുളം താഴ്ത്തിയാൽ ധാരാളം ജലം അവിടെനിന്നും ലഭിക്കും. പഴയ ജില്ലാകൗൺസിലിന്റെ കാലത്ത് ഈ പ്രദേശത്തെ ഒരു പ്രത്യേക കുടിവെള്ളപദ്ധതിയുടെ അനുവാദം ഉണ്ടായിരുന്ന വിവരം റിപ്പോർട്ടിൽ പ്രത്യേകം എടുത്തുപറയുന്നു.

6-ാം വാർഡിൽ നെടുമ്പാറ, പുളിക്കത്തടം, എരുമക്കുളം പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. നെടുമ്പാറയിൽ ടാങ്ക് നിർമ്മിച്ച് പൈറ്റക്കുളത്ത് പൂട്ടിയിട്ടിരിക്കുന്ന കുഴൽക്കിണറിൽനിന്നും വെള്ളം പമ്പ് ചെയ്ത് ആ ടാങ്കിലേക്ക് അടിച്ച് വിതരണം ചെയ്യുക. സെറ്റിൽമെന്റ് കോളനിയിൽ വടകര കുഴൽക്കിണറിൽനിന്നുള്ള വെള്ളമെത്തിക്കുക, കീരുകുന്നുഭാഗത്തുള്ള പൈപ്പ്ലൈൻ തലവടിത്താഴംവരെ നീട്ടുക, തളിക്കുന്ന് അമ്പലത്തിനു മുതലായവ ഈ വാർഡിലെ കുടിവെള്ളക്ഷാമം അവസാനിപ്പിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളാണ്.

7-ാം വാർഡിൽ നിലവിലുള്ള പൊതുടാപ്പുകളിൽക്കൂടി ആവശ്യാനുസരണം വെള്ളം എത്തിക്കുവാൻ സാധിച്ചാൽ കുടിവെള്ളപ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാർഗ്ഗം ആകുന്നതാണ്. കല്ലോലിക്കുളം, പേരൂർക്കുളം, ഇവ നന്നാക്കി പമ്പ് ചെയ്ത് കീരുകുന്ന്, കുങ്കുമശ്ശേരി പ്രദേശത്ത് വെള്ളം നൽകുവാൻ സാധിക്കും.

8-ാം വാർഡിൽ കിഴകൊമ്പ് കാവിനടുത്തുള്ള കിണർ താഴ്ത്തി ഉയർന്ന പ്രദേശത്ത് ടാങ്കുകെട്ടി വെള്ളം പമ്പ്ചെയ്താൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. അതുപോലെ അമ്പാട്ടുകുന്ന്, തുറപ്പാറമല, ഇവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക, കൂടുതൽ സ്ഥലങ്ങളിൽ സാധാരണ കിണറുകൾ കുഴിക്കുന്നതിനാവശ്യമായ ധനം ലഭ്യമാക്കുക ഇവയൊക്കെയാണ് 8ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

കാട്ടുപാടം പാറയുടെ ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളം. ചിറകുളം താഴ്ത്തി പമ്പു ചെയ്താൽ ആ പ്രദേശത്തെ കുടിവെള്ളത്തിന് പരിഹാരമാകും. തൊട്ടുവേലിമല,-മുത്തപതിമല, വില ങ്ങപ്പാറകുന്ന് എന്നീ ഭാഗങ്ങളിൽ വെള്ളം എത്തിക്കുവാൻ കുളങ്ങര കുളം നന്നാക്കി പമ്പ് ചെയ്താൽ ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കുറുക്കൻകുന്നിൽ കുഴൽക്കിണർ താഴ്ത്തണം.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന മേൽപ്പറഞ്ഞ വിലപ്പെട്ട നിർദ്ദേശങ്ങൾ കൂടി കണക്കിലെ ടുത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ വിശകലനം ചെയ്യാം. നമ്മുടെ പഞ്ചായ ത്തിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിട്ടി LIC യുടെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് UWSS. 4.5 കോടി രൂപയാണ് ഈ പദ്ധതിയുടെ മൊത്തം ചെലവ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതി അനുസരിച്ച് ആരക്കുഴ പഞ്ചായ ത്തിലെ മൂഴിയിൽ ഒരു കിണർ ഉണ്ടാക്കുകയും, അവിടെ നിന്നും പമ്പ് ചെയ്യുന്ന ജലം അവിടെത്തന്നെ ശുദ്ധീകരണം നടത്തി പാലക്കുഴ പഞ്ചായത്തിലെ വാളായികുന്നിൽ പണിയുന്ന ടാങ്കിലെത്തിക്കുകയും, അവിടെനിന്നും ഗവ: യു.പി. സ്കൂളിനടുത്തുള്ള ടാങ്കിലേക്കും, പിന്നീട് കിഴകൊമ്പ് നരിപ്പാറമല ടാങ്കി ലേക്കും വെള്ളം എത്തിക്കുകയും ഈ ടാങ്കുകളിൽനിന്നും ഈ പഞ്ചായത്തിലാകെ ജലവിതരണം നട ത്തുകയും ചെയ്യണം എന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ കിണറിനും, പ്ലാറ്റിനും, ടാങ്കുകൾക്കും ഉള്ള സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. നിരപ്പുമല യിലുള്ള ടാങ്കുമാത്രം സ്ഥലം അഡ്വാൻസായി ലഭിച്ചതുകൊണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടാങ്കി ലേക്കുള്ള പമ്പിംഗ് ലൈനിന്റെ 60% പണി പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുന്നത്. ഈ പദ്ധതി തീരുന്നതോടെ ഈ പഞ്ചായ ത്തിലെ കുടിവെള്ളപ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഉയർന്ന പ്രദേശങ്ങളായ അള്ളുമുഖം, കുങ്കുമശ്ശേരി, എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുന്നതിന് ഈ പദ്ധതികൊണ്ട് കഴിയുകയില്ല. ഇവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്ത് നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തെക്കുറിച്ച് സംക്ഷിപ്തമായി ഇവിടെ രേഖപ്പെടുത്തിക്കഴിഞ്ഞു. നിലവിലുള്ള സംവിധാനങ്ങളും വരാനിരിക്കുന്ന പദ്ധതികളും എല്ലാം പരിശോധിച്ചാലും പൂർണ്ണമായും നമ്മളുദ്ദേശിക്കുന്ന തരത്തിലേക്ക് ഈ പ്രശ്നം പരിഹരിക്കപ്പെടുവാൻ കഴിയും എന്ന വിശ്വാസം നമുക്കില്ല. ആയതിനാൽ നമ്മുടെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരി ക്കുന്നതിന് നാം തന്നെ സന്നദ്ധരായി മുന്നോട്ടുവരേണ്ടതുണ്ട്. ഇതിനായി ഒന്നു രണ്ടു ചെറിയ നിർദ്ദേശ ങ്ങൾ നാം മുന്നോട്ടുവയ്ക്കുന്നു.

മഴക്കാലങ്ങളിൽ നമ്മുടെ പുരയിടങ്ങളിൽ വീഴുന്ന ജലം നമ്മുടെ സ്ഥലത്തുതന്നെ താഴുന്ന തിനും അങ്ങനെ മണ്ണിലെ ജലനിരപ്പ് ഉയർത്തിക്കൊണ്ടുവരുന്നതിനും ശ്രമിക്കുക. ഇതിനായി മഴവെള്ളം പുറത്തേക്ക് ഒഴുക്കിക്കളയാതെ പുരയിടത്തിനുചുറ്റും കയ്യാലകൾ തീർക്കുക, വെള്ളം സംഭരിച്ച് താഴു ന്നതിനാവശ്യമായ കുഴികൾ തീർക്കുക തുടങ്ങിയ പരീക്ഷണങ്ങൾ നടത്താവുന്നതാണ്. പല പ്രദേശ ങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകയും അത് വിജയകരമായി തീർന്നതിന്റെ അനുഭ വവും നമ്മുടെ മുന്നിലുണ്ട്. ഇത് നടത്തുവാൻ നമ്മൾ തയ്യാറായാൽ വരുംകാലങ്ങളിൽ നമ്മുടെ ജല സ്രോതസ്സുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയില്ല.

ജനങ്ങൾ ഒത്തുകൂടി ഒരു സൊസൈറ്റി രൂപീകരിക്കുകയും, വെള്ളം കിട്ടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കിണറുകൾ താഴ്ത്തി അത് ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുണ്ടാക്കി മോട്ടോർ ഉപയോ ഗിച്ച് പമ്പുചെയ്യുകയും, അതിൽനിന്നും വിവധ കുടുംബങ്ങൾക്ക് ആവശ്യമായ കണക്ഷനുകൾ കൊടു ക്കുകയും ചെയ്യുക. ഈ കണക്ഷനുകൾക്ക് നമ്മുടെ ഉത്പാദനചെലവിനനുസൃതമായ രീതിയിൽ ചാർജ്ജ് ഈടാക്കുകയും ചെയ്യുക. ഇത്തരത്തിൽ പല സ്ഥലങ്ങളിലും ആരംഭിച്ചാൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും സാധിക്കും.

ആയതിനാൽ ഈ പദ്ധതികളാകെ പ്രയോജനപ്പെടുത്തിക്കൊണ്ട് വരുംകാലങ്ങളിൽ 200 മീറ്ററി നുള്ളിൽ എല്ലാവർക്കും കുടിവെള്ളവും, അതുപോലെ ഒരു വ്യക്തിക്ക് പ്രതിദിനം 100 ലിറ്റർ എന്ന സംസ്ഥാനശരാശരിയിലേക്ക് നമുക്ക് എത്താൻ കഴിയണം. ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒത്തൊ രുമയോടെയുള്ള ഒരു പ്രവർത്തനം നടത്തിക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരി ഹരിക്കുവാൻ സാധിക്കട്ടെ.

270

# വിദ്യാഭ്യാസം

തിരുവിതാംകൂർ സർക്കാർ നാട്ടുഭാഷാ വിദ്യാഭ്യാസം പോഷിപ്പിക്കുവാൻ തീരുമാനിച്ച കാലത്താണ് കൂത്താട്ടുകുളത്ത് ആദ്യമായി ഒരു സ്കൂൾ ആരംഭിച്ചത്. 1912 ൽ പള്ളിക്കെട്ടിടത്തിലും സംഘം കെട്ടിടത്തിലുമായി (മൃഗാശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം) പ്രവർത്തിച്ചിരുന്ന വെർണക്കുലർ മലയാളം സ്കൂൾ വി.എം സ്കൂൾ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്നു. ഈ സ്കൂൾ പിന്നീട് 1914 ൽ ആരംഭം കുറിച്ച കൂത്താട്ടുകുളം ഗവ: യു.പി സ്കൂളിനോട് ചേർക്കപ്പെട്ടു.

കൂത്താട്ടുകുളം മഹാദേവ ക്ഷേത്രത്തിന്റെ ഊട്ടുപുരയിൽ തുടക്കംകുറിച്ച എലിമെന്ററി ഹിന്ദു മിഷൻ സ്കൂളാണ് ഇന്നത്തെ കൂത്താട്ടുകുളം ഹൈസ്കൂളായി മാറിയത്. ആദ്യഘട്ടത്തിൽ മറ്റെവിടുത്തേയും പോലെ സവർണ്ണവിഭാഗത്തിൽ പെട്ട ഭൂവുടമകളുടെ മക്കളാണ് വിദ്യാർത്ഥികളായി കടന്നുവന്നത്. അക്കാലത്ത് അവർണ്ണവിഭാഗത്തിൽ പെട്ട കുട്ടികൾക്കായി പ്രത്യേകം ഹരിജൻ സ്കൂളുകൾ ഉണ്ടായിരുന്നു. എന്നാൽ കാലക്രമേണ ഭൂവുടമാ സമ്പ്രദായത്തിൽ വന്ന മാറ്റം ഇവിടത്തെ വിദ്യാഭ്യാസ മേഖലയിലും മാറ്റങ്ങൾ വരുത്തി. സാധാരണക്കാരന്റെ കുട്ടികളും അക്ഷര ലോകത്തേക്ക് കടന്നു വന്നു.

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യത്യസ്ത സ്വഭാവം പുലർത്തുന്ന മൂന്ന് ഹൈസ്കൂളുകൾ ഉൾപ്പെടെ ഒൻപത് സ്കൂളുകളും ഒരു സമാന്തര വിദ്യാലയവുമാണുള്ളത്. ടൗണിനോട് ചേർന്ന് മൂന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന കൂത്താട്ടുകുളം ഹൈസ്കൂളും, ഒന്നാം വാർഡിൽ 1975 ൽ ആരംഭിച്ച ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂളും (ഹൈസ്കൂൾ) ഏഴാം വാർഡിൽ വടകര ഭാഗത്ത് പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്കൂളും പഠനനിലവാരം പുലർത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ 9 സ്കൂളുകളിൽ 4 എണ്ണം സർക്കാർ സ്കൂളുകളും 4 എണ്ണം എയ്ഡഡ് സ്കൂളുകളും ഒരെണ്ണം സ്വകാര്യ അൺ എയ്ഡഡ് സ്കൂളുമാണ്. കിഴകൊമ്പിൽ പ്രവർത്തിച്ചിരുന്ന മാർ ഇവാനിയോസ് എൽ. പി. സ്കൂൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കരയായ കിഴകൊമ്പിൽ നിന്ന് അടുത്ത സ്കൂളുലേക്ക് കൊച്ചുകുട്ടികൾക്ക് 6 കാലോമീറ്റർ ദൂരം നടന്നു പോകേണ്ട അവസ്ഥ നിലവിലുണ്ട്.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് വടകര ഗവ: എൽ. പി. സ്കൂളാണ്. ആവശ്യമായ മുറികളോ ഫർണിച്ചറുകളോ ഇല്ല. മൂത്രപ്പുര കക്കൂസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. സ്കൂളിന് ചുറ്റുമതിൽ കെട്ടുക, വാതിലും ജനലും പണിയുക, തേപ്പ് നടത്തി ഭിത്തികൾ സംരക്ഷിക്കുക എന്നീ കാര്യങ്ങൾ അടിയന്തിര ശ്രദ്ധ അർഹിക്കുന്നതാണ്. ഇടയാർ ഗവ.എൽ. പി. സ്കൂൾ മഴക്കാലത്ത് ചോർന്നൊലിക്കുന്നു. സ്കൂളുകളിലേക്കുള്ള നട സുരക്ഷിത മല്ലാതായിരിക്കുന്നു. ഈ പഞ്ചായത്തിലെ പല സ്കൂളുകൾക്കും വേണ്ടത്ര കായിക പരിശീലന സൗകര്യങ്ങളില്ല. പൊതുവെ ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തതകൾ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ 9 സ്കൂളുകളിലായി 3256 കുട്ടികൾ പഠിക്കുന്നു. അതിൽ 1187 പേർ ആൺകുട്ടികളും 1769 പേർ പെൺകുട്ടികളുമാണ്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാരായി 207 കുട്ടികൾ പഠനം നടത്തുന്നു. അദ്ധ്യാപകരിൽ 104 പേർ സ്ത്രീകളും 21 പേർ പുരുഷന്മാരുമാണ്. 61 കുട്ടികൾ മെരിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്. കൂടാതെ 405 കുട്ടികൾക്ക് ലംസംഗ്രാന്റും ലഭിച്ചു വരുന്നു. സമീപ പഞ്ചായത്ത് പ്രദേശങ്ങളിലെല്ലാം സ്കൂൾ സൗകര്യങ്ങളുള്ളപ്പോൾ തന്നെ അവിടങ്ങളിൽ നിന്ന് ഈ പഞ്ചായത്തിലേക്ക് കുട്ടികളെ ആകർഷിക്കുന്ന സ്ഥാപനങ്ങളാണ് ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്കൂളും, ബാപ്പുജി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്കൂളുകളുടെ എണ്ണത്തിൽ ഇവിടെ വർദ്ധനവുണ്ടായിട്ടുണ്ട്. സി. ബി. എസ്. ഈ സിലബസ് അനുസരിച്ച് പഠനം നടത്തുന്ന സ്ഥാപനങ്ങളും ഇവിടെ ഉദയം ചെയ്തിട്ടുണ്ട്. പൊതുവെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താൽപ്പര്യം കൂടി വരുന്നതായി കാണുന്നു.

സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കോത്താരി കമ്മീഷൻ മുന്നോട്ടു വച്ച നിർദ്ദേശങ്ങളിലൊന്നായ സ്കൂൾ കോംപ്ലക്സ് പദ്ധതി ഇവിടെ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിവിധ സ്കൂളുകളുടെ കൂട്ടായ പ്രയത്നത്തിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൂത്താട്ടുകുളം ഹൈസ്കൂൾ നേതൃസ്കൂളായി പരിഗണിച്ചുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ രംഗത്ത് വളരെ പ്രതീക്ഷ പുലർത്താവുന്ന ഈ പദ്ധതി പ്രവർത്തന രംഗത്ത് വേണ്ടത്ര സജീവത കൈവരിച്ചിട്ടില്ല. എല്ലാ സ്കൂളുകളിലും അദ്ധ്യാപക - രക്ഷാകർത്തൃ സംഘടന നിലവിലുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങളും പല നിർമ്മാണ പ്രവർത്തനങ്ങളും അവരുടെ മേൽനോട്ടത്തിൽ നടക്കുന്നു. കൂത്താട്ടുകുളം ഗവ: യു. പി. സ്കൂളിൽ ലൈബ്രറി മന്ദിരം, കക്കൂസ്, ചുറ്റുമതിൽ എന്നിവയുടെ പണികൾ പൂർത്തിയായി വരുന്നു. ഇത് പി.റ്റി.എ പ്രവർത്തനത്തിനൊരു മാതൃകയാണ്. ഒന്നൊഴികെ എല്ലാ സ്കൂളുകളിലും മാതൃസംഗമം സജീവമാണ്. ജനകീയ ഇടപെടലുകളിലൂടെ സർക്കാർ സംവിധാനത്തെ കാര്യക്ഷമമാക്കാനും പുതിയ വികസന മോഡൽ ഉരുത്തിരിയാനും ഇത്തരം പ്രവർത്തനങ്ങൾ സന്ദർഭമൊരുക്കും.

എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ഇവിടത്തെ മൂന്ന് ഹൈസ്കൂളുകളും ഉന്നത നിലവാരം പുലർത്തുന്നുണ്ട്. കലാമത്സരങ്ങളിൽ ഇവിടത്തെ സ്കൂളുകൾ മുൻകാലങ്ങളിലെ ഖ്യാതി നിലനിർത്തുന്നു. എന്നാൽ കളിസ്ഥലങ്ങളുടെ അപര്യാപ്തത കായിക പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ട്. സ്കൂൾ കോംപ്ലക്സ് ഈ രംഗത്ത് കൂടുതൽ ശ്രദ്ധചെലുത്തിയാൽ കായിക ശേഷിയുള്ള യുവ തലമുറയെ വാർത്തെടുക്കാനാകും. സ്കൂളുകളിൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുന്ന കാര്യത്തിൽ പഞ്ചായത്ത് സമിതിയുടെ കാലോചിതമായ ഇടപെടലുകൾ ഉണ്ടായാൽ ഇവിടുത്തെ വിദ്യാഭ്യാസ രംഗം കൂടുതൽ അഭിമാനാർഹമാകും. കാലാനുസൃതമായ വളർച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടില്ല. സ്വകാര്യ മേഖലയിൽ രണ്ട് കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങൾ ഉണ്ടെങ്കിലും സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ഉപരിപഠനത്തിനുള്ള കോളേജുകളൊന്നുമില്ലെങ്കിലും സമീപപ്രദേശങ്ങളിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കുന്നുണ്ട്.

ശിശുവിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് മീഡിയത്തിനാണ് കൂടുതൽ പ്രാമുഖ്യം കൊടുത്തിട്ടുള്ളത്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് അഭിമാനാർഹമായ പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇവിടുത്തെ വായനശാലകളും കലാ കായിക, സാഹിത്യപ്രസ്ഥാനങ്ങളും, ശാസ്ത്രസാഹിത്യപരിഷത്തും ഈ രംഗത്ത് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സി.ജെ.സ്മാരകപ്രസംഗസമിതി, കേളി ഫൈൻ ആർട്സ് സൊസൈറ്റി, സ്പോർട്ടൽ ക്ലബ്ബ് എന്നീ സംഘടനകൾ വിവിധ വിഷയങ്ങളിൽ പുതിയ തലമുറയെ വിദ്യാഭ്യാസം ചെയ്യിക്കുന്ന പ്രവർത്തനങ്ങൾ ബോധപൂർവ്വം സംഘടിപ്പിച്ചു വരുന്നു. 1989-ൽ തുടക്കം കുറിച്ച സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ ഈ പഞ്ചായത്തിൽ നിന്നും 160 ഇൻസ്ട്രക്ടർമാരും നൂറുകണക്കിന് സംഘാടകരും സന്നദ്ധസേവകരായി പ്രവർത്തിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും പഠന മത്സരങ്ങൾ, കലാമേളകൾ, സാക്ഷരതാ റാലികൾ, സൗഹൃദമേളകൾ, അക്ഷരകലാജാഥകൾ എന്നിവ നടത്തി നിരക്ഷരതാ നിർമാർജ്ജന പ്രവർത്തനത്തിൽ ഈ പ്രദേശം പങ്ക് ചേർന്നു. എന്നാൽ സാക്ഷരതാപ്രവർത്തനത്തിന്റെ ഇന്നത്തെ അവസ്ഥ ആശാവഹമല്ല. രണ്ട് ജനവിദ്യാകേന്ദ്രങ്ങളും വാർഡ് അടിസ്ഥാനത്തിലുള്ള അക്ഷരസംഘങ്ങളും നിലനിൽക്കുമ്പോഴും തുടർവിദ്യാഭ്യാസം നൽകുന്നതിൽ വന്ന അലംഭാവം പൊതുവെ സാക്ഷരതാപ്രവർത്തനങ്ങളെ മോശമായി ബാധിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത ബാലവാടി നഴ്സറി സ്കൂളായി മാറിയിരിക്കുന്നു. ഒന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ 17 കുട്ടികൾ പഠനം നടത്തുന്നു. സ്വന്തമായി കെട്ടിടവും കളിക്കോപ്പുകളും ഉണ്ടെങ്കിലും പരാധീനതകൾ ഏറെയാണ്. കുട്ടികൾക്ക് ഭക്ഷണം നൽകി വരുന്നുണ്ടെങ്കിലും അത് പാകം ചെയ്യുവാനുള്ള അടുക്കള സൗകര്യം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കേണ്ടതുമാണ്. ഏഴാം വാർഡിൽ കിഴകൊമ്പ് മഹിളാ സമാജത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ബാലവാടിക്കും കുറവുകൾ ഏറെയാണ്. 30 കുട്ടികൾ പഠിക്കുന്ന ഇവിടെ ആവശ്യമായ പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളുമില്ല. ആഹാരം പാകം ചെയ്യാൻ

ഉപയോഗിക്കുന്ന പാത്രങ്ങൾ പഴക്കം ചെന്നവയാണ്. ബാലവാടി കുട്ടികൾക്ക് മൂന്ന് മാസക്കാലം കുടിവെള്ളം സുലഭമല്ല. ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ചുറ്റുമതിൽ, കറന്റ് എന്നിവ അനിവാര്യമാണ്. പഞ്ചായത്തിലെ രണ്ട് സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാം മാതൃഭാഷയിലാണ് പാഠങ്ങൾ പഠിക്കുന്നത്..

സാദ്ധ്യതകൾ

- സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.
- സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക.
- ജനകീയ മോണിറ്ററിംഗ് ഏർപ്പെടുത്തുക.
- പഞ്ചായത്തുതല സ്കൂൾ കായിക മൽസരം സംഘടിപ്പിക്കുക. പഞ്ചായത്തു സ്റ്റേഡിയം പണി എത്രയും വേഗം പൂർത്തിയാക്കുക.
- സ്കൂളിനെ കൃഷിഭവനുമായി ബന്ധിപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുക.
- സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുക.
- എല്ലാ സ്കൂളുകളിലും മാതൃഭാഷാ പഠനം നിർബന്ധമാക്കുക.
- അനൗപചാരിക വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുക.
- ഗ്രന്ഥശാലകളിൽ റഫറൻസ് ഗ്രന്ഥങ്ങളുടെ കുറവ് പരിഹരിക്കുക.
- പുത്തൻ വികസന സംസ്കാരത്തിന്റെ പാഠങ്ങൾ കുട്ടികളിലേക്ക് പകരുക.
- ഗ്രാമദർശനം, സാംസ്കാരികേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വിനോദയാത്ര എന്നിവ നടത്തുക.
- മാതൃകാ നേഴ്സറി സ്കൂളുകൾ ആരംഭിക്കുക.
- നിലത്തെഴുത്ത് കളരികളെ പ്രോൽസാഹിപ്പിക്കുക.

# സംസ്ക്കാരം

കൂത്താട്ടുകുളത്തിന് തിളക്കമാർന്ന ഒരു സാംസ്ക്കാരിക പാരമ്പര്യമുണ്ട്. കൂത്താട്ടുകുളം എന്ന പേരുതന്നെ ഇവിടുത്തെ സാംസ്ക്കാരിക പൈതൃകം വിളിച്ചറിയിക്കുന്നതാണ്. സ്ഥലപുരാണം എന്തുതന്നെയാണെങ്കിലും ഈ നാട് കൂത്തിന്റെയും ആട്ടത്തിന്റെയും കളമായിരുന്നു എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. പുതിയ തലമുറയ്ക്ക് പോലും നൈസർഗ്ഗികമായി ലഭിച്ചിട്ടുള്ള കലാസാഹിത്യാഭിരുചി കണക്കാക്കുമ്പോൾ നമ്മുടെ പാരമ്പര്യത്തിന്റെ വേരുകൾ കണ്ടെത്താൻ പ്രയാസമില്ല.

ജനങ്ങൾ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ പുലർത്തുന്നു എങ്കിലും അനുഷ്ഠാനങ്ങൾക്കെല്ലാം പൊതുവിൽ സമാനത കാണാവുന്നതാണ്. വിദ്യാസമ്പന്നർക്കിടയിൽപ്പോലും അന്ധവിശ്വാസങ്ങൾക്ക് വേരോട്ടമുണ്ട്. ഹസ്തരേഖാശാസ്ത്രം, പ്രശ്നംവയ്ക്കൽ, മുഹൂർത്തം നോക്കൽ, ദേവപ്രീതിക്കായുള്ള വഴിപാടുകൾ ഇവ ജാതിമതഭേദമന്യേ എല്ലാവിഭാഗക്കാരുടെയും ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. വിവാഹം, മരണം, പിള്ളയൂട്ട്, വീടുകയറി താമസം, മുതലായ ചടങ്ങുകളും ആചാരബന്ധിതങ്ങളും ആഘോഷങ്ങളുമാണ്. രജിസ്റ്റർ വിവാഹങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല.

വിവാഹം, മരണം എന്നീ അവസരങ്ങളിൽ ഹരിജനങ്ങളുടെ പാട്ടും കരച്ചിലും ഒരു ചടങ്ങായി നിലനിന്നിരുന്നു. വച്ചുസേവ പോലുള്ള അനാചാരങ്ങൾ അവരുടെ ഇടയിൽ ഇന്നും നിലനിൽക്കുന്നുണ്ട്. നാടൻ കലകളിൽ പ്രഗത്ഭരായിരുന്നു പൂർവ്വികരെങ്കിലും മാറിയ സാമ്പത്തിക സാഹചര്യത്തിൽ അവയെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒത്തൊരുമയോടെ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ മുസ്ലീം മത വിഭാഗം താമസമാക്കിയിട്ടില്ല. ക്രിസ്തുമതവിശ്വാസികൾക്ക് എണ്ണത്തിൽ ഭൂരിപക്ഷമുള്ള ഇവിടെ ഇരു വിഭാഗങ്ങളുടെയും ധാരാളം ആരാധനാലയങ്ങളുണ്ട്. കൂത്താട്ടുകുളം മഹാദേവക്ഷേത്രം, ഓണംകുന്ന് കാവ്, അർജ്ജുനൻമല ശിവക്ഷേത്രം, കിഴകൊമ്പ് ദേവീക്ഷേത്രം, വടകരയിലെ സെന്റ് ജോൺസ് ജാക്കബൈറ്റ് സിറിയൻ ചർച്ച് തുടങ്ങിയവയെല്ലാം ചിരപുരാതനങ്ങളാണ്. സർവ്വമത ആരാധനാകേന്ദ്രമായ ഷിർദ്ദിസായ് ക്ഷേത്രവും ഇവിടെ നിലകൊള്ളുന്നു.

ത്രേതായുഗത്തിൽ സ്വയംഭൂവായ ശൈവചൈതന്യമാണ് കൂത്താട്ടുകുളം മഹാദേവക്ഷേത്രത്തിലുള്ളതെന്ന് ക്ഷേത്രസംബന്ധമായ രേഖകളിൽ കാണുന്നു. കേരളത്തിലെ മഹാക്ഷേത്രങ്ങളുടെ ഗണത്തിൽപ്പെട്ടിട്ടുള്ള ഈ ദേവാലയത്തിലെ ദാരുശില്പങ്ങളും, മറ്റു സവിശേഷതകളും ആകർഷണീയങ്ങളും പഠനാർഹങ്ങളുമാണ്. രാമായണം കഥ തടിയിൽ കൊത്തിവച്ചിട്ടുള്ളത് കാലപ്പഴക്കത്താലും സൂക്ഷ്മതക്കുറവുകൊണ്ടും നശിച്ചുകൊണ്ടിരിക്കുകയാണ്. മുൻപ് എട്ട് ദിവസക്കാലം നീണ്ടുനിന്നിരുന്ന ഉത്സവം നടന്നിരുന്നു.

500 വർഷം പഴക്കമുള്ളതായി വിശ്വസിക്കുന്ന അർജ്ജുനൻമല ശിവക്ഷേത്രത്തിലെ പൂജാരികൾ ഗിരിജനസമുദായക്കാരാണ്. ആദ്യകാലത്ത് ക്ഷേത്രഭരണം നടത്തിയിരുന്നവർ 'എട്ടുമുട്ടന്മാർ' എന്നറിയപ്പെട്ടിരുന്നു. ഒരു കുടുംബത്തിലെ തന്നെ എട്ട് ആൺമക്കളെയാണ് ഈ പേരിൽ വിളിച്ചിരുന്നത്. ഇവർ വെയിൽ കായാൻ ഇരുന്നത് എന്ന് വിശ്വസിക്കപ്പെടുന്ന എട്ട് കല്ലുകൾ ഇന്നും ക്ഷേത്രപരിസരത്ത് കാണുവാൻ കഴിയും. ക്ഷേത്രത്തിനടുത്തുള്ള ചന്ദനക്കുളം പ്രസിദ്ധമാണ്. 150 വർഷം മുമ്പ് പുതുക്കിപ്പണിത ക്ഷേത്രത്തിൽ ദേവപ്രീതിക്കായി കോലടികളി, പാളകൊട്ടിപ്പാട്ട് എന്നിവ ഇന്നും നടത്തപ്പെടുന്നു. കൂത്താട്ടുകുളം ടൗണിൽനിന്നും നാല് കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കിഴകൊമ്പ് ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠ വനദുർഗ്ഗയാണ്. ദ്രാവിഡ കാലഘട്ടത്തോളം പഴക്കമുള്ള ഈ ക്ഷേത്രത്തിന്റെ പരിസരം പല അപൂർവ്വ വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളുംകൊണ്ട് നിബിഢമാണ്. ഇവിടത്തെ ഉത്സവാഘോഷങ്ങൾ ഈ പ്രദേശത്തെ മതസൗഹാർദ്ദത്തിന്റെ നിദർശനമാണ്. മീനമാസത്തിലെ പൂരം നാളിലെ ഉത്സവത്തിനോടനുബന്ധിച്ച് പാനതുള്ളൽ, ഐവർകളി എന്നീ നാടൻകലാരൂപങ്ങൾ നടത്താറുണ്ട്. കുംഭമാസത്തിലെ കാർത്തിക, രോഹിണി നാളുകളിൽ ഉത്സവമാഘോഷിക്കുന്ന ഓണംകുന്ന് ഭഗവതീ ക്ഷേത്രത്തിലെ പ്രതിഷ്ഠ രുദ്രകാളിയാണ്. ഉത്സവങ്ങളുടെ ഭാഗമായി എല്ലാ വർഷവും മുടിയേറ്റ് നടത്തുന്നു. ഇവിടത്തെ പ്രധാന വഴിപാട് ഗരുഡൻതൂക്കമാണ്. ഇവകൂടാതെ കൂത്താട്ടുകുളത്തിന്റെ സാംസ്ക്കാരിക ചരിത്രം വിളിച്ചോതുന്ന ധാരാളം ഹൈന്ദവക്ഷേത്രങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായുണ്ട്. ദക്ഷിണേന്ത്യയിലെ ഏക ഷിർദി സായി ക്ഷേത്രം കൂത്താട്ടുകുളത്ത് സ്ഥിതി ചെയ്യുന്നു. ഇവിടം സർവ്വമത പ്രാർത്ഥനാകേന്ദ്രമാണ്.

പത്താം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മലബാർ വടകരയിൽ നിന്നും യോഹന്നാൻ മുദാസയുടെ ചിത്രവുമായി കുറവിലങ്ങാട്ട് പള്ളിയിലേക്ക് യാത്ര തിരിച്ച ഒരു കൂട്ടം സിദ്ധന്മാർ പെറ്റക്കുളം കരയിൽ വിശ്രമിച്ചു. അന്നവരുടെ കൈവശമുണ്ടായിരുന്ന ചിത്രം സ്ഥാപിച്ച് പ്രാർത്ഥന നടത്തിയ സ്ഥലത്തിന് പിന്നീട് 'വടകര' എന്ന പേര് ലഭിച്ചു. ഇന്നവിടെ രണ്ട് പള്ളികളുണ്ട്. 1775 ൽ പഴയകൂറ്റുകാർ സ്ഥാപിച്ച ചെറിയ പള്ളിയുടെ സ്ഥാനത്ത് പേർഷ്യൻ വാസ്തുശില്പ മാതൃകയിൽ പണിതിട്ടുള്ള മനോഹരമായ ഒരു ദേവാലയം തന്നെ ഉയർന്നിരിക്കുന്നു. സെന്റ് ജോൺസ് ജാക്കബൈറ്റ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ പള്ളിയുടെ അധീനതയിൽ സപ്തതി പൂർത്തിയാക്കിയ ഒരു ഹൈസ്കൂളും, ഒരു ലോവർ പ്രൈമറി സ്കൂളും, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളും പ്രവർത്തിക്കുന്നു. ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ, അന്താരാഷ്ട്ര ലോ ബോർഡ് മെമ്പർ എ.റ്റി. മർക്കോസ്, മുൻ റവന്യൂമന്ത്രി കെ.റ്റി. ജേക്കബ്ബ്, മുൻ മന്ത്രി റ്റി.എം. ജേക്കബ്ബ് എന്നിവർ ഈ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. വടകര പള്ളികൾ കൂടാതെ പത്തോളം ക്രിസ്തീയ ദേവാലയങ്ങൾ ഈ പ്രദേശത്തുണ്ട്.

കൂത്താട്ടുകുളം പഞ്ചായത്തിലെ വായനശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. മറ്റു കലാ-കായിക സംഘടനകളും അവയുടെ പ്രവർത്തനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വായനയുടെ ലോകം ശുഷ്കമാണെന്നുകാണാം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം ജനങ്ങളുടെ വായനാശീലത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഗൗരവമുള്ള വായനയുടെ അനിവാര്യത ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനം ഈ രംഗത്ത് നടത്തേണ്ടതുണ്ട്. ഉത്തരവാദ ഭരണപ്രക്ഷോഭകാലത്ത് കൊല്ലം കസ്ബ പോലീസ് സ്റ്റേഷനിൽവച്ച് കൊല്ലപ്പെട്ട, തമിഴ്നാട്ടുകാരനായ ശിവരാജപാണ്ഡ്യന്റെ ഓർമ്മക്കായി കൂത്താ

274

ട്ടുകുളത്ത് സ്ഥാപിച്ച 'ശിവരാജപാണ്ഡ്യൻ മെമ്മോറിയൽ വായനശാല'യാണ് ഇന്നത്തെ സി.ജെ. സ്മാരക പഞ്ചായത്ത് ലൈബ്രററിയായി മാറിയത്. ഈ ലൈബ്രററി ഈടുറ്റ അനവധി ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ബൃഹത്തായ ഗ്രന്ഥശാലയാണ്. നാഗരിക ജീർണ്ണതകളുടെ കടന്നുകയറ്റം ഈ ഗ്രന്ഥശാലയുടെ പ്രസക്തിയേയും ബാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ വായന മുഖ്യമായും ആനുകാലികങ്ങളിൽ ഒതുങ്ങുന്നു. ബാലപ്രസിദ്ധീകരണങ്ങൾ ധാരാളമായി ഈ പ്രദേശത്ത് വിറ്റഴിക്കുന്നുണ്ടെങ്കിലും ആ രംഗത്തും വേണ്ടത്ര ദിശാബോധം നിലനിൽക്കുന്നില്ല. കൂത്താട്ടുകുളത്ത് നിലവിലുള്ള വായനശാലകൾക്ക് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ല. അതിനാൽ വിലപ്പെട്ട പുസ്തകങ്ങൾ പലതും നശിച്ചുപോകുന്നു.

മലയാളമനോരമ, മാതൃഭൂമി, ദേശാഭിമാനി, ദീപിക എന്നിവയാണ് കൂടുതൽപേരും വായിക്കുന്ന പത്രങ്ങൾ. പല സുവനീറുകളും പുസ്തകങ്ങളും ഈ പ്രദേശത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഷ്ടപദി, കാമന, പൂജ്യം, ലാവ എന്നീ മാസികകളും അനുരഞ്ജനം എന്ന സായാഹ്നദിനപ്പത്രവും ഇവിടെ നിന്ന് പ്രസിദ്ധീകരിച്ചവയാണ്. 1978ൽ പുറത്തിറങ്ങിയ കെ.റ്റി. ജേക്കബ്ബ് സ്മരണിക, ജോസ് കരിമ്പന രചിച്ച "രക്തസാക്ഷികളുടെ നാട്" ഇവയിലെല്ലാം ഈ പ്രദേശത്തിന്റെ രാഷ്ട്രീയ സാംസ്കാരികചിത്രം നിറഞ്ഞുനിൽക്കുന്നു. കൂത്താട്ടുകുളം ചന്ദ്രൻ, റ്റി.സി. ഉലഹന്നൻ എന്നിവരുടെ സംഭാവനകളും ശ്രദ്ധേയങ്ങളാണ്. പുതിയ തലമുറയിലെ എഴുത്തുകാരനായ എം.കെ ഹരികുമാറിന്റെ "മനുഷ്യാംബരാന്തങ്ങൾ" എന്ന കൃതിക്ക് 1990ൽ അങ്കണം അവാർഡ് ലഭിച്ചു.

സി.ജെ സ്മാരക പ്രസംഗസമിതി 1961 മുതൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. സി.ജെ സ്മാരക പ്രസംഗങ്ങളിൽ ഇതിനോടകം സാഹിത്യത്തിലെ സമസ്ത വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നാടകം, കഥകളി, കൂത്ത് തുടങ്ങിയ വിവിധ കലാപരിപാടികളും പ്രശസ്ത കവികൾ പങ്കെടുത്ത കവിയരങ്ങുകളും മിക്ക വർഷങ്ങളിലും സംഘടിപ്പിക്കാറുണ്ട്. ഇന്ന് ജീവിച്ചിരിക്കുന്നവരും, യശശ്ശരീരരുമായ മിക്ക സാഹിത്യ സാംസ്കാരിക നായകന്മാരും പ്രസംഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സമിതി ഇതിനോടകം ഈടുറ്റ പല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. "നാടകം ഒരു പഠനം" കേരള സർവ്വകലാശാലയിൽ ബി.എ., ബി.എസ്.സി.യുടെ ടെക്സ്റ്റായിരുന്നു. 'ജവഹർലാൽനെഹ്റു' കേരള, മധുര സർവ്വകലാശാലകളുടെ ടെക്സ്റ്റായിരുന്നിട്ടുണ്ട്. സമിതി 1979ൽ റവ: ഡോക്ടർ എബ്രഹാം വടക്കേലിന്റെ പേരിൽ ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തി. 1968ൽ 10 ദിവസക്കാലം നീണ്ടുനിന്ന നാടകപഠന ക്ലാസ്സ് (നാടകക്കളരി) നടത്തി. സി. എൻ ശ്രീകണ്ഠൻനായർ, ജി. ശങ്കരപ്പിള്ള, എൻ കൃഷ്ണപിള്ള, അയ്യപ്പപ്പണിക്കർ, വേണുക്കുട്ടൻനായർ, ഡോ. രാമാനുജം, മധു, സാവിത്രിക്കുട്ടി എന്നിവർ ക്ലാസ്സുകളെടുത്തു. ഭരത് ഗോപി, ബാബു നമ്പൂതിരി തുടങ്ങിയ 35 പേർ വിദ്യാർത്ഥികളായിരുന്നു. 35ൽ പരം വർഷത്തെ പാരമ്പര്യമുള്ള ഈ സാംസ്കാരിക സ്ഥാപനം സ്വന്തമായൊരു ഓഡിറ്റോറിയം സ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിലാണ്.

1990ൽ പ്രവർത്തനമാരംഭിച്ച കേളി ഫൈനാർട്സ് സൊസൈറ്റി (ER 77/90) ക്ക് '93ൽ കേരള സംഗീതനാടക അക്കാദമി അഫിലിയേഷൻ നൽകി. ഈ സൊസൈറ്റി പ്രതിമാസ കലാപരിപാടികൾ സംഘടിപ്പിക്കുന്നതുകൂടാതെ ശാസ്ത്രീയ കലകൾ അഭ്യസിപ്പിക്കുന്ന ഒരു സ്കൂൾ (കേളി സ്കൂൾ ഓഫ് ഫൈനാർട്സ്) നടത്തുന്നുണ്ട്. സ്കൂളിൽ നൂറ്റി അൻപതോളം കുട്ടികൾ സംഗീതം, നൃത്തം, വയലിൻ, മൃദംഗം, തബല എന്നീ വിഷയങ്ങളിൽ പഠനം നടത്തുന്നു. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ അരങ്ങേറ്റം, വിവിധ കലാസാഹിത്യമത്സരങ്ങൾ എന്നിവ നടത്താറുണ്ട്. പ്രഭാഷണങ്ങൾ, പ്രദർശനങ്ങൾ, നവരാത്രി ആഘോഷങ്ങൾ എന്നിവ മുടങ്ങാതെ നടത്തുന്നുണ്ട്. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംഗീത കച്ചേരി, കഥകളി, ഓട്ടൻതുള്ളൽ എന്നിവ നടത്താറുണ്ട്. 1994 മുതൽ എസ്.എസ്.എൽ.സി ഉന്നതവിജയികൾക്ക് അവാർഡ് വിതരണം ചെയ്തുവരുന്നു. 1991ൽ കുടമാളൂർ സ്ത്രീപഠനകേന്ദ്രത്തിന്റെ സഹകരണത്തോടെ 7 ദിവസക്കാലം നീണ്ടുനിന്ന "സ്ത്രീനാടകക്യാമ്പ്" സംഘടിപ്പിച്ചു. ക്യാമ്പിൽ കേരളത്തിന്റെ വിവിധഭാഗങ്ങളിലുള്ള എഴുപതോളം സ്ത്രീകൾ പങ്കെടുത്തു. സ്കൂൾ നടത്തുന്നതിനുള്ള സ്ഥലവും, ഓഡിറ്റോറിയവും സ്വന്തമായിട്ടില്ല എന്നുള്ള പരിമിതി കേളിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

1990ൽ രൂപം കൊണ്ട പുതുമ ആർട്സ് പ്രൊഫഷണൽ നാടകമത്സരങ്ങൾ, ഗാനമേള ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിക്കുന്നു. ഇതൊരു മാനേജ്മെന്റ് സ്ഥാപനമാണ്. ഇവിടത്തെ മറ്റ് രണ്ട് പ്രൊഫണൽ സ്ഥാപനങ്ങളാണ് കാർത്തിക കലാകേന്ദ്രവും ശംഖൊലി തീയറ്റേഴ്സും. 1974 ൽ പ്രവർത്തനം

ആരംഭിച്ച കൂത്താട്ടുകുളം യംഗ് മെൻസ് അസ്സോസിയേഷൻ (കൈമ) ജില്ലയിലെ പ്രശസ്ത ഫുഡ്ബോൾ ക്ലബ്ബായിരുന്നു. തുടർന്ന് കലാ - സാംസ്കാരിക മേഖലകളിലേക്കും, സാമൂഹ്യ സേവന രംഗത്തേക്കും പ്രവർത്തനം വ്യപിപ്പിച്ചു. ജിംനേഷ്യവും, സംഗീതോപകരണങ്ങൾ അഭ്യസിപ്പിക്കുന്ന സ്കൂളും ക്ലബ്ബിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്നു. കൈമ ഓണക്കാലത്ത് നടത്തിയിരുന്ന സാംസ്കാരിക ഘോഷയാത്ര വളരെ പ്രശസ്തമാണ്. ഏറെ പ്രതീക്ഷ നൽകിയ ഈ ക്ലബ്ബിന്റെ പ്രവർത്തനം ഇന്ന് മന്ദീഭവിച്ചിരിക്കുന്നു. ഇവ കൂടാതെ കലാ-കായിക സംസ്കാരം വളർത്താനുതകുന്ന സന്നദ്ധപ്രവർത്തനങ്ങൾക്ക് തയ്യാറെടുത്തിട്ടുള്ള പല സംഘടനകളും കൂത്താട്ടുകുളത്ത് ഉണ്ട്. ഇവയുടെ എല്ലാം പ്രവർത്തനത്തിലെ മുരടിപ്പിന് കാരണം ഭൗതിക സാഹചര്യങ്ങളുടെ അഭാവമാണ്. ഒട്ടു മിക്ക സംഘടനകൾക്കും പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുവാനുള്ള ഓഫീസോ, തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള പൊതുവേദിയോ ഇല്ല. അതുപോലെതന്നെ പ്രവർത്തനഫണ്ടിന്റെ അഭാവം വളർച്ചക്ക് വിഘാതമാണ്.

കൂത്താട്ടുകുളത്തിന് അഭിമാനിക്കത്തക്ക ഒരു കായിക ചരിത്രമുണ്ട്. 1966 മുതൽ 69 വരെ ചാക്കപ്പൻ മെമ്മോറിയൽ അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റ് ഇവിടെ സംഘടിപ്പിച്ചു. ഇന്ത്യയിലെ പ്രമുഖരായ പഞ്ചാബ് പോലീസ്, ആന്ധ്രാ പോലീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ റയിൽവെ എന്നീ ടീമുകൾ ഇവിടെ മത്സരിക്കാനെത്തി. അതിനുശേഷം നടന്ന കോരപ്പൻ ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റ്, കൈമ ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റ്, സ്പാർട്ടൻസ് ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റ് ഇവയെല്ലാം ഈ നാടിനെ മധ്യകേരളത്തിലെ ശ്രദ്ധാകേന്ദ്രമാക്കിത്തീർത്തു. ഫുട്ബോളിന്റെ രംഗത്ത് ഏറെ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞിട്ടുള്ള ക്ലബ്ബാണ് സ്പാർട്ടൻസ് കൂത്താട്ടുകുളം. 1987ൽ (ER 478/87) പ്രവർത്തനം തുടങ്ങിയ സ്പാർട്ടൻസ് കുട്ടികൾക്ക് ശാസ്ത്രീയ ഫുട്ബോളിന്റെ ബാലപാഠം പകർന്നു കൊടുത്തു. ജില്ലയിലെ രജിസ്റ്റേർഡ് ടൂർണ്ണമെന്റുകളിൽ പങ്കെടുത്തിട്ടുള്ള ക്ലബ്ബിന് 1989ൽ എറണാകുളം ജില്ല ഫുട്ബോൾ അസ്സോസിയേഷനിലും, കേരള ഫുട്ബോൾ അസ്സോസിയേഷനിലും അഫിലിയേഷൻ നേടാൻ കഴിഞ്ഞു. ഇതുവരെ 6 ടൂർണ്ണമെന്റുകൾ സംഘടപ്പിച്ചു. 2 സെന്റ് സ്ഥലം വാങ്ങി ഓഫീസ് കെട്ടിടംപണി ആരംഭിച്ചുവെങ്കിലും പൂർത്തിയായിട്ടില്ല.

1990 മുതൽ പ്രവർത്തിച്ചുവരുന്ന ബോൾ ബാഡ്മിന്റൺ ക്ലബ്ബ് (ബി.ബി.സി.) എല്ലാ വർഷവും അഖില കേരളാടിസ്ഥാനത്തിൽ ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കുന്നു. അതുപോലെതന്നെ ക്രിക്കറ്റിന്റെ രംഗത്ത് കൂത്താട്ടുകുളം ക്രിക്കറ്റ് ക്ലബ്ബും കാര്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഈ നാട്ടുകാരായ പലരും പല കാലഘട്ടങ്ങളിലും സ്റ്റേറ്റ് യൂണിവേഴ്സിറ്റിതല കായികതാരങ്ങളായിരുന്നിട്ടുണ്ട്. കെ.എ. സൈമൺ, കെ.എ. ഏബ്രഹാം, കെ.കെ. രവി എന്നിനരും പുതിയ തലമുറയിൽപെട്ട അശോകൻ, രാജേഷ് മാധവൻ, സണ്ണി ഐസക് എന്നിവർ ഇവിടത്തെ കായികരംഗത്ത് മികച്ച സംഭാവനകൾ നൽകിയവരാണ്. ഇവിടത്തെ കായികരംഗം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കളിസ്ഥലത്തിന്റെ അഭാവമാണ്. ഏറെ പ്രതീക്ഷ നൽകുന്ന പഞ്ചായത്ത് സ്റ്റേഡിയം ഇനിയും പണി പൂർത്തീകരിച്ചിട്ടില്ല.

കരാട്ടേ പരിശീലന രംഗത്ത് നമ്മുടെ നാടിന് ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ബ്ലാക്ക് ബെൽറ്റ് നേടിയ ധാരാളം ചെറുപ്പക്കാർ ഇവിടെയുണ്ട്. ഇവിടെ പ്രവർത്തിച്ചുവരുന്ന കരാട്ടേ സ്കൂളുകൾ പ്രദർശനമത്സരങ്ങളും സംസ്ഥാനതലത്തിലുള്ള ടൂർണ്ണമെന്റുകളും സംഘടിപ്പിക്കുന്നു. 1978ൽ ആരംഭിച്ച ഷോട്ടോകാൻ കരാട്ടേ സ്കൂൾ ബ്ലാക്ക്ബെൽറ്റ് കരാട്ടേ ഇന്റർനാഷണൽ അസ്സോസിയേഷൻ-കേരളയുടെ ബ്രാഞ്ചായി പ്രവർത്തിച്ചുവരുന്നു.

തേക്കുപാട്ടിന്റെയും കൊയ്ത്തുപാട്ടിന്റെയും ശീലുകൾ നിറഞ്ഞുനിന്നിരുന്ന ഗ്രാമാന്തരീക്ഷത്തിൽനിന്നും അപ്പാച്ചെയുടെയും മൈക്കിൾ ജാക്സന്റെയും യുഗത്തിലേക്ക് നാട് സാവധാനം മാറുകയാണ്. കൂട്ടുകുടുംബവ്യവസ്ഥയിൽനിന്നും അണുകുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റത്തിൽ നൈസർഗ്ഗികമായ നന്മകൾ പലതും നഷ്ടപ്പെടുകയാണ്.

നവോത്ഥാനപരമ്പരയിൽ ശ്രീ. കൂത്താട്ടുകുളം കൊച്ചുനാരായണനാശാൻ, ഇന്ദിര-സുശീല സഹോദരിമാർ, ലീലാബിന്ദു സഹോദരിമാർ സംഗീതാനാടക രംഗങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുള്ളവരാണ്. മൺമറഞ്ഞ കലാകാരന്മാരായ സി.എം. ഏബ്രഹാം, കെ.ജെ. ഏബ്രഹാം എന്നിവരും ശ്രദ്ധേയരായിരുന്നു. കെ സുകുമാരൻനായർ, കെ.ജി. മുരളീധരൻനായർ, മാത്യു പള്ളിപ്പറമ്പിൽ, ചെമ്മനം ജോസഫ്, ടി.വി.ഭാസി, പി.സി. രാമൻകുട്ടി, എം.ആർ. സുരേന്ദ്രനാഥ് എന്നിവർ കലാസാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. പ്രശസ്ത ചിത്രകാരനും ശില്പിയുമായ ജീവൻ തോമസ്, ദാരുശില്പി

യായ ഷാജി എം.എസ്, പ്രശസ്ത ഫോട്ടോഗ്രാഫറായ പീറ്റർ എന്നിവരും നാടിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നു. ഗായത്രി ജയരാജ്, സുനിത സോമൻ, വൈശാഖ് എന്നീ ബാലപ്രതിഭകൾ സംഗീത-നൃത്ത രംഗത്തെ പുതിയ പ്രതീക്ഷകളാണ്.

കോട്ടങ്ങൾ ഏറെയുണ്ടെങ്കിലും രാഷ്ട്രീയ-സാംസ്കാരിക മേഖലകളിലെ സംഭാവനകളാണ് നാടിന്റെ യശ്ശസ് നിലനിർത്തുന്നത്. വിഭാഗീയചിന്തകൾക്കടിപ്പെടാതെ ജീർണ്ണതകളെ അതിജീവിക്കുവാനും, സമൂലമായ മനുഷ്യപുരോഗതിക്കുവേണ്ടി നിലകൊള്ളുവാനും പുതിയ തലമുറ സന്നദ്ധമാണ് എന്നുള്ളതുതന്നെ ഭാവിയെക്കുറിച്ചുള്ള നല്ല പ്രതീക്ഷ വളർത്തുന്നു.

### സാദ്ധ്യതകൾ

- ഗ്രന്ഥശാലകളെ നവീകരിക്കുക, സഞ്ചരിക്കുന്ന വായനശാലകൾ ആരംഭിക്കുക.
- പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.
- കായിയ വിനോദസൗകര്യങ്ങളും, സ്പോർട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- കലാ കായിക സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുക.
- കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക.
- അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.
- മതസൗഹാർദ്ദം വളർത്തുവാനുതകുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- നാടൻകലകളെ പരിപോഷിപ്പിക്കുക.
- പ്രാദേശിക പ്രസിദ്ധീകരണം ആരംഭിക്കുക.
- കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.
- നാടക പഠനകേന്ദ്രം ആരംഭിക്കുക.
- കലാരംഗത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുക.
- വനിതകളുടെയും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും സാന്നിദ്ധ്യം സാംസ്ക്കാരിക രംഗത്ത് ഉറപ്പു വരുത്തുക.

# പട്ടികജാതി/പട്ടിക വർഗ്ഗക്ഷേമം

ചാതുർ വർണ്യ വ്യവസ്ഥ നിലനിന്ന കാലഘട്ടത്തിൽ എല്ലായിടത്തേയും പോലെ എല്ലാവരാലും അടിച്ചമർത്തപ്പെട്ടവരായിരുന്നു ഈ പഞ്ചായത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ. ജാതീയമായ ഉച്ചനീചത്വങ്ങൾ ഇവിടേയും നിലനിന്നിരുന്നു. കാർഷിക രംഗത്തെ ജോലികൾ ചെയ്യിക്കുന്നതിനായിരുന്നു പ്രധാനമായും ഇവരെ ഉപയോഗിച്ചിരുന്നത്. ജോലിക്കനുസരണമായ കൂലിയോ, ആരോഗ്യം നിലനിർത്തുന്നതിനാവശ്യമായ ഭക്ഷണമോ ഇവർക്ക് ലഭിച്ചിരുന്നില്ല. ജാതീയമായ ഈ അസമത്വത്തിനെതിരെ കേരളത്തിലാകെ ഉയർന്നുവന്ന സമരങ്ങൾ ഈ പ്രദേശത്തും ഗുണകരമായ മാറ്റങ്ങൾക്ക് കാരണമായി. ദേശീയ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ വളർന്നു വന്ന രാഷ്ട്രീയ ബോധം ഈ മാറ്റങ്ങൾക്ക് ആക്കം കൂട്ടുന്നതിന് സഹായിച്ചു. രാഷ്ട്രീയ രംഗത്തുണ്ടായ വളർച്ച ഇവിടെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിൽ പെട്ടവരെ സമൂഹത്തിലേക്ക് ഇറക്കിക്കൊണ്ടുവരുന്നതിന് സഹായിച്ചു. രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഇവരുടെ പ്രശ്നങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞതിനാൽ സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം ഇവരേയും വളർത്തിവലുതാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസപരമായും. സാംസ്കാരികമായും ഈ പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗവിഭാഗങ്ങൾ വളരെയേറെ പുരോഗതി നേടിയിട്ടുണ്ട്. ആകെ പരിശോധിച്ചാൽ ഈ പഞ്ചായത്തിലെ രാഷ്ട്രീയ, സാമൂഹിക,സാംസ്കാരിക രംഗങ്ങളിൽ ഉണ്ടായ കുതിച്ചുകയറ്റം ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിയെ വളരെയേറെ സഹായിച്ചു എന്ന് മനസ്സിലാക്കാവുന്നതാണ്.

IRDP സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ ആകെ 415 പട്ടികജാതി കുടുംബങ്ങളും 25 പട്ടിക വർഗ്ഗ കുടുംബങ്ങളുമാണുള്ളത്. എറണാകുളം ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂട്ടമായി താമസി ക്കുന്ന അർജ്ജുനൻമല ഈ പഞ്ചായത്തിലാണ്. IRDP സർവ്വെ അനുസരിച്ച് ഈ വിഭാഗത്തിൽപ്പെടുന്ന 111 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 72 കുടുംബങ്ങൾക്ക് കഴിഞ്ഞ പദ്ധ തിക്കാലത്ത് സഹായം ലഭിച്ചിട്ടുണ്ട്. വാർഡുതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള SC/ST കുടുംബങ്ങൾ | സഹായംലഭിച്ചകുടുംബങ്ങൾ |
|---|---|---|
| 1 | 10 | 10 |
| 2 | 19 | 14 |
| 3 | 08 | 02 |
| 4 | 14 | 08 |
| 5 | 06 | 03 |
| 6 | 08 | 05 |
| 7 | 17 | 10 |
| 8 | 12 | 08 |
| 9 | 15 | 09 |

കാർഷികരംഗത്ത് ജോലി ചെയ്തുവന്നിരുന്നവരായിരുന്നു ഈ കുടുംബങ്ങളിൽ ഭൂരിഭാഗവും. എന്നാൽ ഈ മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞുവരുന്ന സാഹചര്യമാണ് ഇവിടെ ഉണ്ടായിക്കൊ ണ്ടിരിക്കുന്നത്. ഇതുമൂലം പലരും നിർമ്മാണത്തൊഴിലാളി മേഖലകളിലേക്ക് മാറിപ്പോകുന്ന കാഴ്ച യാണ് കാണുവാൻ സാധിക്കുന്നത്. സർക്കാർ/അർദ്ധസർക്കാർ ജീവനക്കാരുള്ള കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്. കൂടുതൽ വേതനം ലഭിക്കുന്ന തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും അതിനനുസരണമാ യുള്ള മെച്ചപ്പെട്ട ജീവിതനിലവാരത്തിലേക്ക് പലർക്കും എത്തിച്ചേരുവാൻ കഴിയുന്നില്ല. ഈ പോരായ്മ നിലനിൽക്കുകയാണ്.

വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തിലുള്ളവർ ഉന്നതനിലവാരം പുലർത്തുന്നുണ്ട് എന്നു പറ യുവാൻ കഴിയില്ല. ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നവരുടെ എണ്ണം കുറവാണ്. മിക്കവാറും സ്കൂൾ തലത്തിൽ വച്ച് പഠനം നിർത്തുന്നവരാണ് അധികവും. ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

SC/ST വിദ്യാർത്ഥികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 14 | 17 | 31 |
| II | 14 | 10 | 24 |
| III | 10 | 14 | 24 |
| IV | 15 | 15 | 30 |
| V | 11 | 16 | 27 |

| | | | |
|---|---|---|---|
| VI | 16 | 14 | 30 |
| VII | 13 | 16 | 29 |
| VIII | 05 | 12 | 17 |
| IX | 01 | 09 | 10 |
| X | 03 | 12 | 15 |

വിദ്യാർത്ഥികളിൽ 80% താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിൽനിന്നും വരുന്നവരാണ്. കുടുംബങ്ങളിലെ പഠനസൗകര്യങ്ങളുടെ അപര്യാപ്തത, മാതാപിതാക്കളുടെ നിരക്ഷരത ഇവയെല്ലാം കുട്ടികളുടെ പഠനത്തെയും സാരമായി ബാധിക്കുന്നുണ്ട്.

ഒന്നാം വാർഡിലെ ഹരിജൻകോളനി, രണ്ടാംവാർഡിലെ പുറ്റാനിമല കോളനി, നാലാംവാർഡിലെ അംബേദ്കർ കോളനി എന്നിങ്ങനെ 3 പട്ടികജാതി കോളനികളാണ് ഈ പഞ്ചായത്തിലുള്ളത്. ഈ കോളനികളിലെ 85% പട്ടികജാതി കുടുംബങ്ങളും വീട് ഓട് മേഞ്ഞതും വൈദ്യുതി ലഭിച്ചിട്ടുള്ളവയുമാണ്. എന്നാൽ പല വീടുകളും അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. ഇതിനുള്ള പദ്ധതികൾ ഉണ്ടാകണം. ഈ കോളനികളെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവയാണ്. ഇതിന് പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാവണം. മറ്റൊരു പ്രധാന പ്രശ്നം ഇവിടത്തെ സാനിട്ടറി കക്കൂസുകളുടെ അഭാവമാണ്. ഹരിജൻ കോളനിയിൽ ഒരു ബാലവാടിയും, TV സെന്ററും പ്രവർത്തിക്കുന്നു. മറ്റ് കോളനികളിലും TV സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്. ഈ കോളനികളിൽ അംഗനവാടികൾ സ്ഥാപിച്ച് അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പുറ്റാനിമല കോളനി, IHDP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കോളനികളിലല്ലാതെ ഒറ്റയായി താമസിക്കുന്ന ഈ വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് എല്ലാ സഹായങ്ങളും ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാകണം.

എറണാകുളം ജില്ലയിലെ ഏക ഗിരിവർഗ്ഗപ്രദേശമായ അർജ്ജുനൻ മലയിൽ ഇരുപത്തഞ്ചോളം പട്ടികവർഗ്ഗകുടുംബങ്ങൾ താമസിക്കുന്നു. പുരാതനമായ പല ഐതിഹ്യങ്ങളുടെയും ഉറവിടമായ ഈ പ്രദേശത്ത് ഇവരുടേതായ ഒരു അമ്പലം സ്ഥിതി ചെയ്യുന്നുണ്ട്. ഇവർക്കായി ഒരു കമ്മ്യൂണിറ്റി ഹാൾ ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്. ഇവിടെ ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. സാമൂഹ്യ/വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം വളരെയേറെ പുരോഗതി പ്രാപിക്കുവാൻ ഇവിടെയുള്ളവർക്ക് സാധിച്ചിട്ടുണ്ട്.

പൊതുവിൽ ഈ പഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ, സാമൂഹ്യമായും, സാംസ്ക്കാരികമായും പുരോഗതി പ്രാപിച്ചവരാണ്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇവിടെ പ്രകടമാകാറില്ല. ജാതിപരമായ അവഹേളനങ്ങൾ ഉണ്ടാകാറില്ല. ഈ വിഭാഗത്തിലുള്ളവരുടെ ഒരു സൊസൈറ്റി കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണസംഘത്തിനു കീഴിൽ ഒരു പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്. യുവതീയുവാക്കൾക്ക് തൊഴിലവസരം ഉണ്ടാക്കിയെടുക്കാൻ തക്കവണ്ണം ഗവ: ഭാഗത്തുനിന്നും സഹായങ്ങൾ ലഭ്യമാക്കണം. ഈ സൊസൈറ്റിക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ല എന്നുള്ള ഒരു പോരായ്മ ഇന്നും നിലനിൽക്കുന്നു. ജനകീയ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഒരു സമിതിയാണ് ഇതിന്റെ ഭരണം നടത്തുന്നത്.

ഇങ്ങനെ ക്രമാനുസൃതമായ വളർച്ചയിലൂടെ നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ വരും പദ്ധതിക്കാലത്ത് പുരോഗതിയുടെ പാതയിലേക്ക് നയിക്കുന്നതിനാവശ്യമായ നയസമീപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## സാദ്ധ്യതകൾ

- അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. (വഴി, വെള്ളം, വൈദ്യുതി, വീട്, കക്കൂസ് മുതലായവ)(ത്രിതല പഞ്ചായത്തുകൾ ഇതിനായി ഫണ്ട് മാറ്റിവയ്ക്കുക).

- സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകണം.
- വായനശാലകൾ, നേഴ്സറി സ്കൂൾ, ബാലവാടി, അംഗൻവാടി എന്നിവ ആരംഭിക്കുക.
- സാക്ഷരത നടപ്പിലാക്കുക.
- കൃഷി, മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പഞ്ചായത്ത് വഴിയാക്കുക.
- പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക.
- വിദ്യാർത്ഥികളുടെ ലംസം ഗ്രാന്റ് വർദ്ധിപ്പിക്കുക.
- കോളനികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- 4സെന്റ് കോളനികളിൽ താമസിക്കുന്നവർക്ക് അടിയന്തിരമായി പട്ടയം നൽകുക.
- I.H.D.P പദ്ധതി പ്രദേശമായ അർജ്ജുനൻ മല, പുറ്റനി മല കോളനികൾക്ക് അർഹമായ ആനുകൂല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കുക.
- 10-ാം സ്റ്റാൻഡേർഡിലുള്ള കുട്ടികൾക്ക് സൗജന്യമായി പഞ്ചായത്തിൽനിന്നും ട്യൂഷൻ നൽകുക. ട്യൂഷൻ സെന്ററുകളിൽ വായനശാലകൾ ആരംഭിക്കുക.
- IRDP പ്രോജക്ട് തുക വർദ്ധിപ്പിക്കണം.
- വിവിധ ആനുകൂല്യങ്ങൾ മനസ്സിലാക്കുവാൻ സെമിനാറുകളും, ക്ലാസ്സുകളും സംഘടിപ്പിക്കുക.

# വനിത

ജീവിതത്തിന്റെ എല്ലാതുറകളിലും സ്ത്രീകളുടെ സ്ഥാനമാനങ്ങളെ സംബന്ധിച്ച് സജീവമായ ചർച്ച നടക്കുന്ന കാലഘട്ടമാണല്ലോ. സാഹിത്യം, കല, തൊഴിൽ, സംഘടന, ഭരണം തുടങ്ങിയ മേഖലകളിലെല്ലാം തുല്യസ്ഥാനവും പങ്കാളിത്തവും നേതൃത്വവും ആവശ്യപ്പെട്ടുകൊണ്ടുള്ള മുദ്രാവാക്യം വനിതാരംഗത്തുനിന്നു തന്നെ മുമ്പത്തേതിനേക്കാൾ ശക്തിയായി ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. സാമൂഹ്യപുരോഗതിയിൽ ചേർന്ന നിലവാരം കൈവരിച്ചിട്ടുള്ള കേരളത്തിൽ പോലും ഇത്തരം സ്ഥിതിവിശേഷം നിലനിൽക്കുന്നത് അഭിലഷണീയമല്ല. പഞ്ചായത്തീരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റു ഭൂരിപക്ഷം രംഗങ്ങളിലും സ്ഥിതി മറിച്ചാണ്. എല്ലാരംഗങ്ങളിലും സ്ത്രീകളുടെ തുല്യപങ്കാളിത്തവും നേതൃത്വവും അനിവാര്യമാണ്. ജനസംഖ്യയിൽ 50%-ൽ ഏറെ വരുന്ന സ്ത്രീകളുടെ സാമ്പത്തിക പുരോഗതിയും സ്വയം പര്യാപ്തതയും കൈവരിച്ചുകൊണ്ടല്ലാതെ രാജ്യപുരോഗതി നേടാനാവില്ല. പുരുഷവിഭാഗത്തിന്റെ ധാരണയിലും കാഴ്ചപ്പാടിലും മാറ്റമുണ്ടാകത്തക്ക വിധത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രധാന വിഷയമായി ഇതിനെ കാണണം.

**ജനസംഖ്യ (സെൻസസ് റിപ്പോർട്ടിലൂടെ)**

| സെൻസസ് വർഷം | പരുഷൻ | സ്ത്രീ | ആകെ | അനുപാതം |
|---|---|---|---|---|
| 1971 | 6805 | 6800 | 13605 | |
| 1981 | 7462 | 7495 | 15057 | |
| 1991 | 8362 | 8466 | 16828 | 1000-m<br>1012-fm |

ഈ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കൂടി വരുന്നു. കഴിഞ്ഞ കാലത്തെ കാനേഷുമാരികണക്കുകൾ ഇത് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ വിദ്യാർത്ഥികൾ, അദ്ധ്യാ

പകർ എന്നിവരുടെ എണ്ണത്തിലും സ്ത്രീകളുടെ മുൻതൂക്കം കാണാവുന്നതാണ്. രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ ഈ പഞ്ചായത്തിൽ പൊതുവെ മോശമാണ്. ഇവിടെ പ്രവർത്തിക്കുന്ന വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കൂടുതലാണ്. വിദ്യാഭ്യാസമുണ്ടായിട്ടും, കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന തൊഴിലുകളിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.

**തൊഴിൽ പങ്കാളിത്ത നിരക്ക് (91-ലെ കാനേഷുമാരി)**

| മേഖല | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 1672 | 43 | 1715 |
| കർഷകതൊഴിലാളികൾ | 1379 | 518 | 1879 |
| വ്യവസായ തൊഴിലാളികൾ | 114 | 57 | 171 |
| ഇതരവിഭാഗം | 3325 | 704 | 4029 |

പരമ്പരാഗത വ്യവസായത്തിലും മുഖ്യമായും കാർഷിക മേഖലയിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഈ പ്രദേശത്തെ തൊഴിലാളികൾ വിളമാറ്റം മൂലവും പരമ്പരാഗത വ്യവസായങ്ങൾ ക്ഷയിച്ചതുമൂലവും തൊഴിൽ അവസരങ്ങൾ കുറഞ്ഞതിനാൽ നിർമ്മാണപ്രവർത്തന രംഗത്തേക്ക് കടന്നിരിക്കുന്നു. മെച്ചപ്പെട്ട കൂലിനിരക്കും, ജോലിസ്ഥിരതയുമാണ് അവരെ ആ രംഗത്തേക്ക് കൂടുതൽ ആകർഷിക്കാൻ കാരണമായത് . ഇവിടത്തെ വ്യാപാരസ്ഥാപനങ്ങളിൽ സെയിൽസ് ഗേളായി ഒട്ടനവധി യുവതികൾ പണിയെടുക്കുന്നു. അസംഘടിതമായ ഈ മേഖലയിൽ വേതനവും മറ്റാനുകൂല്യങ്ങളും തുലോം കുറവാണ്. കാർഷികമേഖലയിലും കെട്ടിട നിർമ്മാണ രംഗത്തും വേതനത്തിന്റെ കാര്യത്തിൽ സ്ത്രീപുരുഷവ്യത്യാസമുണ്ട്. 25% വെരെ സ്ത്രീകളുടെ കൂലിയിൽ കുറവനുഭവപ്പെടുന്നു.

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകളേയും ബാധിച്ചിട്ടുണ്ട്. ആടുമാടുകളെ വ ളർത്തി കുടുംബം പോറ്റുന്ന ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. തൊഴിലില്ലാത്ത സ്ത്രീകൾ സാധാരണ കുടുംബ ജോലികളിലേർപ്പെട്ടിരിക്കുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള ഈ പഞ്ചായത്തിൽ സ്ത്രീകളുടെ കഷ്ടപ്പാട് വലുതാണ്. ചിലപ്പോൾ കിലോമീറ്ററുകൾ അകലെ നിന്നുതന്നെ വെള്ളം ശേഖരിക്കേണ്ട ഉത്തരവാദിത്തം സ്ത്രീകളിൽ വന്നുചേരുന്നു. സ്ത്രീകൾ നാഥകളായിട്ടുള്ള ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിധവാപെൻഷന് അർഹരായ 32 പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ടെങ്കിലും തുക അലോട്ടു ചെയ്യാത്തത് മൂലം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൂടുതൽ സഹായമാകേണ്ട അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്താൻ സാധിക്കുന്ന വനിതാവ്യവസായ സംരംഭങ്ങൾ ഇവിടെ നാമമാത്രമാണ്. 2-ാം വാർഡിലും 8-ാം വാർഡിലും രണ്ട് D.W.C.R.A യൂണിറ്റുകൾ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. 2-ാം വാർഡിൽ പുറ്റാനിമല കോളനിയിൽ 9 വനിതകൾ ചേർന്ന് ഇഷ്ടിക നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൽ ഇവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെങ്കിലും ഇഷ്ടിക വിൽപന കുറവായതിനാൽ ഇവിടെ പ്രവർത്തനം മന്ദഗതിയിലാണ്.

8-ാം വാർഡിൽ കിഴാകാമ്പിൽ ER. 601/96-ാം നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്ന ഗീതാഞ്ജലി വനിതാസംഘം D.W.C.R.A പദ്ധതിപ്രകാരം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. 11 വനിതകളാണ് ഈ സംഘത്തിൽ പ്രവർത്തിക്കുന്നത്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണത്തിന് ലക്ഷ്യമിട്ടിരിക്കുന്ന ഈ സ്ഥാപനം '97 ജനുവരിയോടെ ഉൽപാദനം ആരംഭിക്കും. സ്വന്തമായി കെട്ടിടമില്ലായെന്നുള്ളത് ഈ സ്ഥാപനത്തിന്റെ ഒരു പ്രശ്നമാണ്. മൂന്ന് മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും സംഘടന എന്ന രീതിയിൽ അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

കൂത്താട്ടുകുളം പഞ്ചായത്തിൽ ഒരു വനിത പ്രസിഡന്റുസ്ഥാനം അലങ്കരിക്കുന്നു. അതുപോലെ ബ്ലോക്ക് ജില്ലാപഞ്ചായത്തു ഡിവിഷനുകളും വനിതാസംവരണ മണ്ഡലങ്ങളാണ്.ബഹുജനസംഘട

നകളിൽ വനിതാപങ്കാളിത്തം കുറവാണ്. സഹകരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാനങ്ങളിൽ വനിതാപ്രാതിനിധ്യമുണ്ട്. സാംസ്ക്കാരിക രംഗത്ത് ഈ പ്രദേശം ഏറെ മുന്നേറിയിട്ടും സാമൂഹ്യരംഗത്തേക്കുള്ള സ്ത്രീകളുടെ വൈമുഖ്യം വിട്ടുമാറിയിട്ടില്ല. എന്നാൽ സ്ത്രീപീഠനവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമവും താരതമേന്യ കുറവാണ്. സ്ത്രീകൾക്കു വേണ്ടി മാത്രമുള്ള പ്രസ്ഥാനങ്ങൾ ഇവിടെ കുറവാണെങ്കിലും കലാസാഹിത്യ സംഘടനകൾ ധാരാളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്ത് സ്ത്രകളുടെ മുന്നേറ്റത്തിന് ധാരാളം സാധ്യതകളുണ്ട്.

### സാദ്ധ്യതകൾ

- എല്ലാ സംഘടനകളിലും വനിതകളുടെ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുക.
- കൂത്താട്ടുകളത്ത് പാമ്പാക്കുട ബ്ലോക്കിന്റെ കീഴിലുള്ള വനിതാഗ്രാമീണ കുടിൽവ്യവസായ സഹകരണ സംഘം പുനരുദ്ധരിക്കുക.
- പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകം കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
- എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാപോലീസിനെ നിയമിക്കുക.
- പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പഞ്ചായത്തു കമ്മിറ്റി മുൻകൈയെടുത്ത് മഹിളാസമാജങ്ങൾ രൂപീകരിക്കുക.
- എല്ലാ വാർഡുകളിലും വനിതാ സഹകരണസംഘങ്ങൾ സ്ഥാപിച്ച് സ്വയം തൊഴിൽ സംരഭങ്ങൾ സ്ഥാപിക്കുക.
- മാതൃശിശു, ബാലവാടി, അംഗൻവാടി, ഡേകെയർ സെന്റർ എന്നിവ ആരംഭിക്കുക.
- പച്ചക്കറികൃഷിരംഗത്ത് വീട്ടമ്മമാർക്ക് പ്രോൽസാഹനവും നിർദ്ദേശങ്ങളും ആനുകൂല്യങ്ങളും നൽകുക.
- വനിതകളുടെ നേതൃത്വത്തിൽ ഡയറി യൂണിറ്റുകളും പാൽ ഉൽപന്നങ്ങളുടെ നിർമ്മാണയൂണിറ്റുകളും ആരംഭിക്കുക.
- റെഡിമെയ്ഡുകൾ, അച്ചാറുകൾ, പലഹാരങ്ങൾ, കുട, ചെരുപ്പുകൾ, പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ മഹിളാസമാജങ്ങളുടെ നേതൃത്വത്തിലോ, വനിതാസഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലോ ആരംഭിക്കുക.
- പ്രഥമ ശുശ്രൂഷയിൽ സ്ത്രീകൾക്ക് പരിശീലനം നൽകുക.
- മദ്യ നിരോധനം, സ്ത്രീ പീഠനം, സ്ത്രീധനസമ്പ്രദായം, തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയമായ ബോധവൽക്കരണം നടത്തുക.
- കാർഷിക, വ്യവസായ, സേവന മേഖലകളിൽ വിവിധ സ്വയം തൊഴിൽ പദ്ധതികളും തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളും ആരംഭിക്കുക.
- മഹിളാ സമാജങ്ങൾക്കും വനിതാസഹകരണ സംഘങ്ങൾക്കും വായ്പയും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.
- സ്ത്രീകൾക്കാവശ്യമായ എല്ലാ വിഷയങ്ങളിലും അവരെ സഹായിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ സെൽ (ഉപദേശക സമിതി) രൂപീകരിക്കുക.

# സാമൂഹ്യക്ഷേമം

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിൽ 50% ആളുകൾ സാധാരണ ജനവിഭാഗമാണ്. ഇവരിൽ തന്നെ ദാരിദ്രരേഖക്ക് മുകളിലുള്ളവരും താഴെയുള്ളവരും ഉണ്ട്. IRDP പദ്ധതിയെക്കുറിച്ചുള്ള അജ്ഞതമൂലം ധാരാളം കുടുംബങ്ങൾ ഇതിൽ അംഗങ്ങളായിട്ടില്ല. എല്ലാ വിഭാഗത്തിൽപ്പെട്ടവരിലും മുന്നോക്കം നില്ക്കുന്നവരും പിന്നോക്കം നില്ക്കുന്നവരുമുണ്ട്. പ്രധാനമായും തൊഴിലിനെ ആശ്രയിച്ചാണ് കുടുംബങ്ങളുടെ സ്ഥിതി. പരമ്പരാഗതമായി ലഭിച്ചിട്ടുള്ള വസ്തുവകകൾ കുടുംബ വരുമാനത്തിന്റെ പ്രധാന ഘടകമാണ്. IRDP സർവ്വെ ദാരിദ്ര രേഖക്കു താഴെയുള്ളവരുടെ കണക്കുകൾ സൂചിപ്പിക്കുന്നത് അവരുടെ അവസ്ഥ മനസ്സിലാക്കുവാൻ സഹായകമാണ്.

282

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്ക് താഴെയുള്ളകുടുംബങ്ങൾ |
|---|---|---|---|---|
| 1 | 120 | 15 | 13 | 107 |
| 2 | 178 | 23 | 20 | 156 |
| 3 | 138 | 10 | 10 | 128 |
| 4 | 146 | 12 | 12 | 134 |
| 5 | 34 | 10 | 6 | 117 |
| 6 | 132 | 13 | 8 | 142 |
| 7 | 117 | 25 | 18 | 136 |
| 8 | 133 | 16 | 9 | 150 |
| 9 | 145 | 14 | 2 | 160 |

ദരിദ്ര ജനവിഭാഗമാണെങ്കിലും സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇവിടെ നിലവിലില്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെങ്കിലും വിദ്യാഭ്യാസത്തിലും മറ്റും എല്ലാവരോടും കിടപിടിക്കുന്ന നിലവാരത്തിലെക്ക് ഇവർ എത്തിച്ചേർന്നിട്ടുണ്ട്. പൊതുപ്രവർത്തന രംഗത്തും മറ്റു സാമൂഹ്യസേവന രംഗങ്ങളിലും എല്ലാം അവരുടെ പങ്കാളിത്തം ഉണ്ടാവാറുണ്ട്. ഇവരിൽ ചെറിയൊരു ഭാഗം മദ്യപാനത്തിനോട് ആസക്തി കാണിക്കുന്നതായ് മനസ്സിലാക്കാവുന്നതാൺ. ഇത് ഒരു പരിധിവരെ യുവജനങ്ങളിലാണ് കൂടുതലായി കാണുന്നത്. ഇതുമൂലം ധാരാളം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അധ്വാന ശീലരാണെങ്കിലും നാളേക്ക് മിച്ചം വെക്കുന്ന ഒരു പ്രവണത ഈ വിഭാഗത്തിന് കാണാനില്ല. സാമ്പത്തിക രംഗത്ത് സ്ഥായിയായ ഒരു വളർച്ച ഇവരിൽ കാണുന്നില്ല. ഇവർക്കു മാത്രമുള്ള പ്രത്യേക സംവിധാനങ്ങളോ, സംഘടനകളോ ഇല്ല. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ഇവർ കൂട്ടമായി വസിക്കുന്ന സ്ഥിതിയുണ്ട്.

പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയിൽ IRDP ലിസ്റ്റിലുള്ള എത്ര കുടുംബങ്ങൾക്ക് സഹായം ലഭിച്ചു എന്നു നാം മനസ്സിലാക്കി. ഇനി കഴിഞ്ഞ പദ്ധതിക്കാലത്ത് ട്രൈസം, DWCRA മുതലായ പരിപാടികളിലൂടെ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ പരിശോധിക്കാം.

| വാർഡ് നമ്പർ- | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവകരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|---|
| 1 | ഡ്രൈവിംഗ് | 2 | 2 |
| | ഓട്ടോ ഇലക്ട്രീഷ്യൻ | 1 | 1 |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | തയ്യൽ | 4 | 4 |
| 6 | വയറിംഹഗ് | 2 | 2 |
| 7 | ഖാദി-നെയ്ത് | 1 | 1 |
| 8 | പ്രിന്റിംഗ്-കമ്പോസിങ്ങ് | 33 | |
| 9 | തയ്യൽ | 2 | 2 |

ട്രൈസം പദ്ധതിയിലൂടെ തൊഴിൽ പരിശീലനം ലഭിച്ച മുഴുവൻ പേരും സ്വയം തൊഴിൽ കണ്ടെത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് വളരെയേറെ പ്രയോജനം ലഭിക്കുന്ന ഈ പരിപാടിക്ക് വേണ്ടത്ര പ്രാധാന്യവും പ്രചാരണവും നൽകുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നു.

'95-'96 വർഷം DWCRA പദ്ധതിപ്രകാരം രണ്ട് വനിതാ യൂണിറ്റുകളാണ് നമുക്ക് ആരംഭിക്കാൻ കഴിഞ്ഞത്.ഇതിൽ 9 വനിതകൾ ചേർന്ന്പുറ്റാനി മല കോളനിയിൽ ആരംഭിച്ചിരിക്കുന്ന ധന്യ DWCRA യൂണിറ്റ് സിമന്റിഷ്ടിക നിർമ്മാണമാണ് ഏറ്റെടുത്തിരിക്കുന്നത്.പ്രതിദിനം 100 ഇഷ്ടിക ഇവിടെ നിർമ്മിക്കുന്നു.മുഴുവൻ സമയങ്ങളിലും ഇവർ പ്രവർത്തനങ്ങളിൽ മുഴുകുന്നില്ല എങ്കിലും കുടുംബത്തിന്റെ സഹായത്തിനായി ഒരു .ചെറിയ വരുമാനം ഇവർ ഉണ്ടാക്കുന്നു.എന്നിരുന്നാലും ഉൽപാദിപ്പിച്ച ഇഷ്ടികകൾ വിൽക്കുവാൻ കഴിയാത്തതിനാൽ ചെറിയ ഒരു മാന്ദ്യം ഈ യൂണിറ്റിനെ ബാധച്ചു തുടങ്ങിയിട്ടുണ്ട്. കിഴകൊമ്പ് വളവിൽ ആരംഭിച്ചിരിക്കുന്ന ഗീതാഞ്ജലി DWCRA യൂണിറ്റ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.11 വനിതകൾ ചേർന്ന് നടത്തുന്ന ഈ യൂണിറ്റ് '97 ജനുവരിയിൽ ഉൽപാദനം ആരംഭിക്കാൻ കഴിയും എന്ന പ്രതീക്ഷയിലാണ്.

IRDP സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലും കൂടി ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം 78 ആണ്. ഇതിൽ 7 പേർക്കു മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള 71 പേർക്കും ഇനി സഹായം ലഭിക്കേണ്ടിയിരിക്കുന്നു.

വിവിധ സഹായ പദ്ധതികളെക്കുറിച്ച് ഇനി വിലയിരുത്താം.

ഈ സഹയങ്ങൾ ലഭിക്കുന്നവരിൽ കുറെപ്പേർ ഇതിന് അർഹരല്ല.അർഹതയുള്ളവരിൽ 45% പേർക്കേ ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ.വിധവാപെൻഷൻ നിശ്ചിത പ്രായപരിധി കഴിഞ്ഞേ കൊടുക്കൂ എന്ന നിയമം ഉള്ളതിനാൽ അർഹിക്കുന്ന പലർക്കും സമയത്ത് വിതരണം ചെയ്യുവാൻ കഴിയുന്നില്ല.അത് പോലെ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള പല നിയമങ്ങളും പല നിയമങ്ങളും അർഹരായവരെ അർഹരായവരെ ഒഴിവാക്കുന്നതിനാണ് പ്രയോഗിക്കപ്പെടുന്നത്. സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലക്കിവരുന്ന പലപദ്ധതികളും സാധാരണ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ല.ഇതുമൂലം അർഹമായ പലതും നഷ്ടപ്പെട്ടിട്ടുണ്ട്.ഈ പദ്ധതികളെക്കുറിച്ച് സാമാന്യജനങ്ങൾക്കു മനസ്സിലാക്കുവാൻ ആവശ്യമായ പഠനക്ലാസ്സുകൾ ഗ്രാമതലത്തിൽ നടത്തണം.

മഹിളാസമാജങ്ങൾ ബാലവാടികൾ ഇവയുടെ പ്രവർത്തനം വിശദമായി മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

- അർഹതയുള്ള പലരും IRDP സർവ്വെയിൽ ഉൾപ്പെട്ടിട്ടില്ല.
- ഉദ്യോഗസ്ഥതലത്തിലെ അഴിമതി മൂലം പദ്ധതികളുടെ യഥാർത്ഥഗുണം.ഗുണഭോക്താവിന് ലഭിക്കുന്നില്ല.
- വിവിധ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത.
- ആനുകൂല്യങ്ങൾ ലഭിക്കുവാൻ കാലതാമസം.

## സാധ്യതകൾ

- അർഹരായവരെ മുഴുവൻ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുക.
- എല്ലാവാർഡുകളിലും DWCRA യൂണിറ്റുകൾ ആരംഭിക്കുക.
- ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ചവർക്ക് ടൂൾ കിറ്റുകൾ വിതരണം ചെയ്യുക.
- ഗുണഭോക്താക്കളെ ജനകീയ സമിതികൾ, ഗ്രാമസഭകൾ ഇവയിലൂടെ തെരെഞ്ഞെടുക്കുക.
- എല്ലാ വാർഡിലും മഹിളാസമാജങ്ങൾ, ബാലവാടികൾ ഇവ ആരംഭിക്കുക.
- DWCRA യൂണിറ്റുകളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിൽ പഞ്ചായത്തുസമിതികൾ സഹായിക്കുക.

# സഹകരണ മേഖല

കൂത്താട്ടുകുളം പഞ്ചായത്തിൽ സഹകരണ രംഗത്ത് ഒട്ടേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. 1930കളിലാണ് ഈ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് ആദ്യമായി തുടക്കം കുറിച്ചത്. കോഴിപ്ലാക്കൽ ഇട്ടൻ പിള്ള പ്രസിഡന്റായും, സഖറിയ പടിഞ്ഞാറയിൽ, ഉലഹന്നാൻ കല്ലോലിക്കൽ, കുര്യൻ കളത്തനാൽ, വറുഗീസ് തോട്ടുപുറത്ത്, കുര്യൻ ചമ്പോന്തയിൽ, ജോൺ ചമ്പോന്തയിൽ എന്നിവർ ഭരണസമിതി അംഗങ്ങളായി മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ പരസ്പര സഹായ സഹകരണ സംഘം ഇവിടെ പ്രവർത്തിച്ചിരുന്നു. 1950 കളിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, മൾട്ടി പർപ്പസ് സഹകരണ സംഘം, ചെത്തുതൊഴിലാളി സഹകരണ സംഘം എന്നിവ രൂപം കൊണ്ടു. എന്നാൽ അധികകാലം മുന്നോട്ടുപോകാൻ ഈ സംഘങ്ങൾക്കായില്ല. ഈ കാലയളവിൽ നമ്മുടെ സംസ്ഥാന ഗവണ്മെന്റ് വില്ലേജ് സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളും ബൈലോയും കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും അയച്ചുകൊടുത്തു. എന്നാൽ മുൻപറഞ്ഞ സൊസൈറ്റികളുടെ തകർച്ച പുതിയ സംരംഭത്തിനു കുറച്ചു താമസം വരുത്തിയെങ്കിലും 1960ൽ വില്ലേജ് സഹകരണ സംഘം രൂപീകരിക്കപ്പെട്ടു. അന്ന് കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന കൂത്താട്ടുകുളം സൊസൈറ്റി രൂപം കൊണ്ട് രണ്ടു മാസത്തിനകം എറണാകുളം ജില്ലയുടെ ഭാഗമായി.

ശ്രീ എം. എ. ചാക്കോ പ്രസിഡന്റും, സണ്ണി എബ്രഹാം സെക്രട്ടറിയുമായി അഡ്ഹോക്ക് കമ്മറ്റി രൂപീകരിക്കുകയും 15-9-1960ൽ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ചെയ്തു. ശേഷം നടന്ന പൊതുയോഗത്തിൽ ശ്രീ എം. എ. ചാക്കോ പ്രസിഡന്റും, യു. കെ. യോഹന്നാൻ ഓണററി സെക്രട്ടറിയുമായി 2.1.1960ൽ 59 മെമ്പർമാരുമായി സംഘം പ്രവർത്തനം ആരംഭിച്ചു.

കൂത്താട്ടുകുളം പഞ്ചായത്തിൽ ഇപ്പോൾ ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് വിഭാഗങ്ങളിലായി 10 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചും ഇവിടെ തൃപ്തികരമായി പ്രവർത്തിക്കുന്നു.

### ഫാർമേഴ്സ് ബാങ്ക്

കൂത്താട്ടുകുളം പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികരംഗത്തെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായി ഇതു മാറിയിട്ടുണ്ട്. 1960ൽ പ്രവർത്തനമാരംഭിച്ച സൊസൈറ്റി 1984 മുതൽ ഫാർമേഴ്സ് ബാങ്കായി ഉയർന്നു. 1991-92 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ രംഗത്ത് സംസ്ഥാനത്ത് 7-ാം സ്ഥാനവും, ജില്ലയിൽ പ്രഥമ സ്ഥാനവും കരസ്ഥമാക്കി. കൂത്താട്ടുകുളം പഞ്ചായത്ത് പ്രവർത്തന മേഖലയായിട്ടുള്ള ബാങ്കിന്റെ ഹെഡ് ആഫീസ് കെട്ടിടം, കൂത്താട്ടുകുളം, കിഴക്കൊമ്പ് ബ്രാഞ്ച് ആഫീസ് കെട്ടിടങ്ങൾ, വ്യാപാരസ്ഥാപനങ്ങളായ മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ജനറൽ സ്റ്റോർ, ടെക്സ്റ്റയിൽ, പ്രൊവിഷൻ സ്റ്റോർ, ഇടയാറിലുള്ള വളം ഡിപ്പോ, കിഴകൊമ്പിലുള്ള പ്രൊവിഷൻ സ്റ്റോർ ഇവയെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ശരാശരി ഒരു കോടി ഇരുപതു ലക്ഷം രൂപയുടെ ടേൺ ഓവർ വ്യാപാര സ്ഥാപനങ്ങളിൽ മാത്രമായിട്ടുണ്ട്.

ബാങ്കിന്റെ കഴിഞ്ഞ 10 വർഷകാലത്തെ പുരോഗതി സൂചിപ്പിക്കുന്ന സ്റ്റേറ്റുമെന്റും, വായ്പകളുടെ സ്വഭാവവും, പ്രവർത്തനവർഷത്തിൽ കൊടുത്തിട്ടുള്ള വായ്പയും ചുവടെ ചേർക്കുന്നു.

| വായ്പാ ഇനം | നല്കിയ തുക | കുടിശിക |
|---|---|---|
| ഹൃസ്വകാല കാർഷിക വായ്പ | 27,33,350.00 | 3,18,025.00 |
| മധ്യകാല കാർഷിക വായ്പ | 1,31,266.00 | 35,007 |
| ഭവന വായ്പ | 3,82,770.00 | 64,967.00 |
| സ്വർണ്ണ പണയം | 13,34,440.00 | - |
| ഹൃസ്വകാല കാർഷിക വായ്പ | 179,82,315.00 | 42,48,828.00 |
| ദീർഘകാല കാർഷിക വായ്പ | 2,04,093.00 | 20,115.00 |



Table

## ഹൗസിംഗ് സൊസൈററി

1980 ഡിസംബർ 2ന് പ്രവർത്തനം ആരംഭിച്ചു. നാല് പഞ്ചായത്തുകൾ പ്രവർത്തന മേഖല യായി കൂത്താട്ടുകുളം കേന്ദ്രമായുള്ള സൊസൈറ്റിയിൽ ഇപ്പോൾ 912 മെമ്പർമാരാണുള്ളത്. കൂത്താട്ടുകുളം പഞ്ചായത്തിൽ മാത്രമായി 1 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. 220 വീടുകൾ പൂർത്തീ കരിച്ചിട്ടുണ്ട്. ഗവ: ജീവനക്കാരായ വായ്പക്കാർക്ക് 3% പലിശ ഇളവു നൽകുന്നു. വായ്പ എടുത്തി ട്ടുള്ള എല്ലാവർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നു എന്നുള്ളത് പ്രത്യേകമായി എടുത്തു പറയേണ്ട സവിശേഷതയാണ്. 1 കോടി രൂപ മുതൽമുടക്കി 50 വീടുകൾ ഉൾപ്പെടുന്ന ഹൗസിംഗ് കോളനി നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനം നടന്നുവരുന്നു.

## ഗവ: സർവ്വീസ് സഹകരണസംഘം

കൂത്താട്ടുകുളം, തിരുമാറാടി, പാലക്കുഴ, ഇലഞ്ഞി പഞ്ചായത്തുകൾ പ്രവർത്തനമേഖലയാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. ഈ പ്രദേശങ്ങളിൽ ഗവ: സർവ്വീസിൽ ജോലി ചെയ്യുന്ന സംസ്ഥാ നത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആളുകൾക്ക് പ്രാദേശിക തലങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന ഇല്ലാത്തതായിരുന്നു പ്രധാനമായും ഇത്തരം ഒരു സൊസൈ റ്റിക്ക് രൂപം നല്കാൻ സ്ഥാപക പ്രസിഡന്റായിരുന്ന ശ്രീ ആർ. എസ്. പൊതുവാളിനെ പോലെയുള്ള അന്നത്തെ പ്രവർത്തകരെ പ്രേരിപ്പിച്ചത്. 1967ൽ പ്രവർത്തനം ആരംഭിച്ച സൊസൈറ്റി ഇന്ന് നല്ല നില യിൽ പ്രവർത്തിക്കുന്നു. ഒരാൾക്കു പരമാവധി 50,000 രൂപ വരെ സാധാരണ വായ്പ കൂടാതെ 25,000 രൂപയുടെ ഗോൾഡ് ലോൺ, 15,000 രൂപയുടെ വാഹന വായ്പ എന്നിവയും കൊടുക്കുന്നുണ്ട്. സംഘ ത്തിന്റെ കീഴിൽ ഒരു പ്രൊവിഷൻ സ്റ്റോറും, ഇരുമ്പുകടയും ലാഭകരമായി പ്രവർത്തിക്കുന്നു. 45 ലക്ഷം രൂപയുടെ ടേൺ ഓവർ നടക്കുന്നുണ്ട്. 2025 മെമ്പർമാരുള്ള സംഘത്തിൽ 10% ഡിവിഡന്റ് അംഗങ്ങൾക്ക് കൊടുക്കാൻ കഴിയുന്നു.

ഒട്ടേറെ സാദ്ധ്യതകളുള്ള മറ്റ് സംഘങ്ങളാണ് ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘവും, കൂത്താട്ടുകുളം ആട്ടോമൊബൈൽ വർക്കേഴ്സ് സഹകരണ സംഘവും. എന്നാൽ ആത്മധൈര്യത്തോ ടുകൂടി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നതായി കാണാൻ കഴിയും. അതു മാറ്റിയെടുത്തു മുന്നോട്ടു പോകേണ്ടതുണ്ട്. ഹരിജൻ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രന്റിംഗ് പ്രസ്സിൽ സ്ഥിരമായി ജോലിക്കാരുള്ള അവസ്ഥ ഉണ്ടാകുകയും കൂത്താട്ടുകുളത്തും സമീപപ്ര ദേശത്തുള്ള സംഘങ്ങളുടേയും അച്ചടി ജോലി ടി പ്രസ്സിൽ കൊടുക്കുകയും ചെയ്താൽ അതിവേഗ ത്തിൽ പുരോഗതി ഉണ്ടാക്കാൻ കഴിയും.

## ക്ഷീരസംഘം

നമ്മുടെ പഞ്ചായത്തിൽ അപ്കോസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് ക്ഷീരോല്പാദക സഹക രണ സംഘവും ഒരു ക്ഷീര വ്യവസായ സംഘവും പ്രവർത്തിക്കുന്നുണ്ട്. മൂന്ന് സംഘങ്ങളിലായി പ്രതി ദിനം 1200 ലിറ്റർ പാൽ സംഭരിക്കുന്നു.

## കൂത്താട്ടുകുളം സഹകരണ ആശുപത്രി

നാട്ടുകാരുടെ ശ്രമഫലമായി കൂത്താട്ടുകുളത്ത് 1969 ലെ കേരള സഹകരണ സംഘം ആക്ട് അനുസരിച്ച് 04.09.1972-ൽ രെജിസ്റ്റർ ചെയ്തു. 10.12.1973-ൽ ഒരു ഡോക്ടറും 7 കിടക്കകളുമായി സഹകരണ രംഗത്ത് ആശുപത്രി പ്രവർത്തനം ആരംഭിച്ചു. 1982-ൽ കേരള ഗവൺമെന്റിൽ നിന്ന് 34.250 സെന്റ് സ്ഥലം ലഭിച്ചതിൽ 3106.23 Sq.meter-ൽ ഒരു പുതിയ ബഹുനില കെട്ടിടം നിർമ്മിച്ച് 25.02.1987-ൽ ഉദ്ഘാടനം ചെയ്തു. ഇപ്പോൾ പേ വാർഡും, ജനറൽ വാർഡും ഉൾപ്പെടെ 150 കിടക്കകളുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ആയി പ്രവർത്തിക്കുന്നു.

നിലവിലുള്ള പ്രധാന ഡിപ്പാർട്ടുമെന്റുകൾ മെഡിസിൻ, സർജറി, ഗൈനക്കോളജി ആന്റ് ഒബ്സ്റ്റെ ട്രിക്സ്, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, അനസ്തേഷ്യോളജി, എന്നിവയാണ്. ഇപ്പോൾ ഇവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും, ഫാർമസിയും, ആംബുലൻസ് സർവ്വീസും ഉണ്ട്. കൂടാതെ 300 എം. എം. എക്സ്-റേ യൂണിറ്റ്, പോർട്ടബിൾ എം. എം. എക്സ്-റേ യൂണിറ്റ്, ഇന്റൻസീവ് കെയർ യൂണിറ്റ്, ആധുനിക ഉപകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയറ്റർ, ഫിസിയോ തെറാപ്പി,

ഫോട്ടോ തെറാപ്പി, ലബോറട്ടറി, മൈക്രോ- ബയോളജി വിഭാഗം മുതലായവ പ്രവർത്തിക്കുന്നു. ഒരു ഡയബറ്റിക് റിസേർച്ച് സെന്റർ, ഗവൺമെന്റ് അംഗീകാരമുള്ള ഫാമിലി വെൽഫയർ സെന്റർ എന്നിവയും പ്രവർത്തിക്കുന്നു.

ആനുകാലിക പ്രസക്തിയുള്ള ആരോഗ്യപരമായ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി യൂനിസെഫും ഗവൺമെന്റും ഈ ആശുപത്രിയെ "ബേബി ഫ്രണ്ട്‌ലി" ആയി അംഗീകരിച്ചിട്ടുണ്ട്.
കൂടുതൽ സൗജന്യത്തിനും, നല്ല സേവനത്തിനുമായി ആശുപത്രി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്.

മേൽപറഞ്ഞ സൗകര്യങ്ങൾ ഉണ്ടായിട്ടു കൂടി 1 കോടി 15 ലക്ഷം രൂപയുടെ ബാദ്ധ്യത ഈ സ്ഥാപനത്തിനുണ്ട്. ബാദ്ധ്യത തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## സാദ്ധ്യതകൾ

■ **ഫാർമേഴ്സ് ബാങ്ക്**

1. മാനേജ്മെന്റിൽ യോഗ്യത ഉള്ളവരെ നിയമിക്കുക.
2. പ്രായപൂർത്തിയായ എല്ലാ ആളുകളെയും അംഗങ്ങളാക്കുക.
3. പ്രാതിനിധ്യ സഭയുടെ ഘടന മാറ്റുക. (വാർഡ് തലത്തിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രൂപ്പിന്റെ സ്വഭാവം നിർണ്ണയിക്കുക.)
4. കാർഷിക ഉപകരണങ്ങളുടെ വിപണനം ഏറ്റെടുക്കുക.
5. കോ-ഓപ്പറേറ്റീവ് മെഡിക്കൽ സ്റ്റോറിന്റെ ഒരു ബ്രാഞ്ചുകൂടി ആരംഭിക്കുക.
6. പച്ചക്കറിക്ക് താത്പര്യമുള്ള കൃഷിക്കാരെ കണ്ടെത്തുകയും കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കുകയും ചെയ്യുക. പച്ചക്കറിയുടെ വിപണനം സൊസൈറ്റി ഏറ്റെടുക്കുക.
7. കാർഷിക വായ്പയുടെ തിരിച്ചടവ് വിളവെടുപ്പ് സമയത്താക്കുക.
8. ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുക.

■ **ഹൗസിംഗ് സൊസൈറ്റി**

1. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുക.

■ **ആട്ടോ മൊബയിൽ**

1. ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. സർവ്വീസ് സ്റ്റേഷൻ ആരംഭിക്കുക.
3. സംഘത്തിന്റെ കീഴിലുള്ള സ്റ്റോർ വിപുലീകരിക്കുക.

■ **ഹരിജൻ വിവിധോദ്ദ്യേശ സംഘം**

1. ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. സംഘത്തിന്റെ കീഴിലുള്ള പ്രസ്റ്റിംഗ് പ്രസ്സിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുക.
3. ഓഫ്സെറ്റ് പ്രസ്സാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
4. Co-Operative College ആരംഭിക്കുക.
5. കമ്പ്യൂട്ടർ സ്റ്റഡിസെന്റർ തുടങ്ങുക.

■ **ക്ഷീരം**

1. നല്ല ഇനം പശുക്കളെ വിതരണം ചെയ്യുക.
2. പോഷകമൂല്യമുള്ള കാലിത്തീറ്റ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.
3. ഡയറി യൂണിറ്റ് ആരംഭിക്കുക.

## ■ സഹകരണ ആശുപത്രി

1. കേരളത്തിലെ സഹകരണ ആശുപത്രികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗവ: തലത്തിൽ ബന്ധപ്പെട്ട സംഘങ്ങളുടെ ഭരണസമിതിയുമായി ചർച്ച ചെയ്യുക.
2. നേഴ്സിങ്ങ് സ്ക്കൂൾ / പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുക.
3. സ്കാനിംഗ് വിഭാഗം പ്രവർത്തനമാരംഭിക്കുക.
4. ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

# വിഭവസമാഹരണം

14-11-1996ൽ കൂത്താട്ടുകുളം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 1995 -'96ലെ വാർഷിക ധന കാര്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച്

## A. പൊതുകണക്ക്

| വരവിനത്തിൽ സമാഹരിച്ച തുക | | ചെലവ് | |
|---|---|---|---|
| 1. കെട്ടിട നികുതി | 596690-10 | a) സിറ്റിംഗ് ഫീ, ശമ്പളം | 607873.25 |
| 2. തൊഴിൽ നികുതി | 262677 | b) ശമ്പളം എഞ്ചിനിയറിംഗ് വിഭാഗം | 31164 |
| 3. പ്രദർശനനികുതി | 7981 | c) ശമ്പളം ലൈബ്രേറിയൻ | 27506 |
| 4. ലാന്റ് സെസ്സ് | 6402 | d) തൂപ്പ് മുതലായവക്ക് | 59412 |
| 5. വസ്തു കൈമാറ്റ നികുതി | 86216 | e) സിനിമ ചെക്കിംഗ്, ലൈബ്രറി, | |
| എൽ .ഐ.സി പ്രീമിയം | 43903.35 | | |
| 6.a) പി.എഫ്.എ. ആക്റ്റ് | 612 | ആകെ (a+b+c+d+e) | 769858.60 |
| b) വിനോദ നികുതി | 98079 - 50 | 2. ജലവിതരണം | 72244 |
| 7. പഞ്ചായത്ത് സ്വത്തിൽനിന്നുള്ള റവന്യൂ | | | |
| a) ഷോപ്പിംഗ് കോംപ്ലക്സ് | 379447 | 3. തെരുവുവിളക്ക് | 93737 |
| b) ചന്തവരവ് | 270936 | 4. മറ്റുള്ളവ | |
| | | കടം തിരിച്ചടക്കൽ(RDB & KUFDC) | 1131767 |
| c) വണ്ടിതാവളം | 25710 | | |
| 8. പഞ്ചായത്ത് ഫീസ് | 72833.50 | | |
| 9. പലവക വരവ് | 197585.30 | | |
| **മൊത്തം പഞ്ചായത്ത് തനതു വരവ്** | **2005169.40** | | **206766.60** |

## B. ഗ്രാന്റ് & മറ്റു വിഹിതങ്ങൾ

| വരവ് | ചെലവ് | |
|---|---|---|
| 519398 | 1. അൺ ടൈഡ് ഫണ്ട്(SCP) | 3584 |
| | 2. do ജനറൽ | 206938 |
| | 3. ടാറിംഗ് | 283978 |
| | 4. മറ്റു റോഡുകൾ | 7547 |
| | 5. മറ്റു ജോലികൾ | 57112 |
| | ആകെ | 559159 |
| പഞ്ചായത്ത്തല ഉദ്യോഗസ്ഥർ | - 17 | |
| ഭരണനിർവ്വഹണ ചെലവ് | | - 769858.60 |
| വരവ് | a) പഞ്ചായത്ത് തനത് | - 2005169.40 |
| | b) ഗ്രാന്റ് | - 519398 |
| | **മൊത്തം** | **2524567.40** |

ഭരണനിർവ്വഹണത്തിന് മൊത്തവരുമാനത്തിന്റെ 30.5 % ചിലവഴിക്കുന്നുണ്ട്.
കടം തിരിച്ചടക്കുന്നത Rs. 1131767
ഈ ചെലവ് മൊത്ത പഞ്ചായത്ത് വരുമാനം (Rs. 2005169.40)ത്തിന്റെ 56.4% വരുന്നു.
റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന് ബസ് സ്റ്റാന്റും ചന്ത ഷെഡുകളും പണിത വകയിൽ വന്ന കടവും മുൻസിപ്പാലിറ്റി ആയിരുന്ന സമയത്ത് KUFDC ൽനിന്ന് എടുത്ത കടവും തിരിച്ചടക്കുന്ന വകയിലാണ് ഈ ചെലവ്.
റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന് '95-'96ൽ നൽകിയത് - 11 ലക്ഷം രൂപ.
ഈ തുക നൽകിയ ശേഷവും 5062336 രൂപ കടമായി നിലനിൽക്കുന്നു. ഇതുവരെ എത്ര അടച്ചു എന്നത് തിട്ടപ്പെടുത്തേണ്ടതുണ്ട്. ഈ തുകയും ഇതിൻമേലുള്ള പലിശയും ഒരു കൊല്ലത്തിൽ രണ്ടു ഗഡുക്കളായി 15 കൊല്ലം കൊണ്ട് (30 ) അടച്ചു തീർക്കേണ്ട ഷെഡ്യൂൾ

## SCHEDULE

Name of Panchayat -Koothattukulam
Name of District - Ernakulam
Name of Scheme - Market cum Bus Stand
Total Principal - Rs. 5062336/-
No. of instalments - 30

| Due date | Principal | Interest | Outstanding Principal | |
|---|---|---|---|---|
| 30.9.96 | 168744 | 367019 | 4893592 | |
| 31.3.97 | ,, | 354785 | 4724848 | |
| 30.9.97 | ,, | 342551 | 4556104 | |
| 31.3.98 | ,, | 330318 | 4387360 | |
| 30.9.98 | ,, | 318084 | 4218616 | |
| 31.3.99 | ,, | 305850 | 4049872 | |
| 30.9.99 | ,, | 293616 | 3881128 | |
| 31.3.2000 | ,, | 281382 | 3712384 | |
| 30.9.2000 | ,, | 269148 | 3543640 | |
| 31.3.2001 | ,, | 256914 | 3374896 | |
| 30.9.2001 | ,, | 244860 | 3206152 | |
| 31.3.2002 | ,, | 232446 | 3037408 | |
| 30.9.2002 | ,, | 220212 | 2868664 | |
| 31.3.2003 | ,, | 207978 | 2699920 | |
| 30.9.2003 | ,, | 195744 | 2531176 | |
| 31.3.2004 | ,, | 183510 | 2362432 | |
| 30.9.2004 | ,, | 171276 | 2193688 | |
| 31.3.2005 | ,, | 159042 | 2024944 | |
| 30.9.2005 | ,, | 146808 | 1856200 | |
| 31.3.2006 | ,, | 134575 | 1687456 | |
| 30.9.2006 | ,, | 122341 | 1518712 | |
| 31.3.2007 | ,, | 110107 | 1349968 | |
| 20.9.2007 | ,, | 97873 | 1181224 | |
| 31.3.2008 | ,, | 85639 | 1012480 | |
| 30.9.2008 | ,, | 73405 | 843736 | |
| 31.3.2009 | ,, | 61171 | 674992 | |
| 30.9.2009 | ,, | 48937 | 506248 | |
| 31.3.2010 | ,, | 36703 | 337504 | |
| 30.9.2010 | ,, | 24469 | 168760 | |
| 31.3. | 2011 | 168760 | 12235 | NIL |

ACCOUNTS OFFICER

ഈ ഷെഡ്യൂൾ പരിശോധിച്ചാൽ പഞ്ചായത്തിന് തനത് കൊല്ലം ('96-'97) ൽ 1059292 രൂപ അടക്കേണ്ട തുണ്ട്.

| | |
|---|---|
| 15 കൊല്ലം കൊണ്ട് അടക്കേണ്ട മുതൽ | 5062336 രൂപ |
| പലിശ | 5688818 രൂപ |
| ആകെ | 10751154 |

1984ൽ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് റൂറൽ ഡെവലപ്പ്മെന്റ് ബോർഡിന് അപേക്ഷ നൽകി. 31-3-'89ൽ തീർക്കേണ്ട പണി 15-1-'90ൽ പൂർത്തിയായി. 3-'92 വരെ 1340901 പഞ്ചായത്ത് അടച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിന് ചിലവഴിച്ച 84000 രൂപയുടെ നഷ്ടവും 10-1-'90 വരെ ഈടാക്കിയ 374000 രൂപയുടെ പലിശയും മുതലിൽനിന്ന് കുറച്ചു ചെയ്യണമെന്ന് കാണിച്ച് പഞ്ചായത്തിൽനിന്ന് 5-12-'92ലെ 2-ാം നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതായിക്കാണുന്നു. യഥാർത്ഥത്തിൽ കെട്ടിടത്തിന് ചിലവായ തുകയും മറ്റു വിശദാംശങ്ങളും പഞ്ചായത്തിനെ ബോധ്യപ്പെടുത്തിയിട്ടില്ല. മുൻസിപ്പാലിറ്റിയായും പിന്നീട് വീണ്ടും പഞ്ചായത്തായും മാറിയതുകൊണ്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് വേണ്ട നടപടികൾ എടുക്കാൻ കഴിഞ്ഞില്ല. ഈ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം റൂറൽ ഡെവലപ്പ്മെന്റിന് പകരം റൂറൽ ഡിസ്ട്രക്ഷനാണ് സംഭവിച്ചിരിക്കുന്നത്.

ഈ കടക്കെണിയുടെ മുമ്പിൽ വികസന പരിപാടികൾ മാറ്റിവെയ്ക്കേണ്ട അവസ്ഥയാണ്. വികസനം നടക്കുന്നില്ലെങ്കിൽ വിഭവ സമാഹരണത്തെപ്പറ്റിയും ചിന്തിക്കേണ്ട കാര്യമില്ല.

## നിലവിലുള്ള കൊമേർഷ്യൽ ബാങ്കുകളുടെ പ്രവർത്തനം

**1. സ്റ്റേറ്റ് ബാങ്ക് ട്രാവൻകൂർ**

| | |
|---|---|
| ആരംഭിച്ചത് | 1969 |
| ആകെ നിക്ഷേപകം | 6400 |
| ആകെ ലോൺ | 945 എണ്ണം |
| കാർഷികം | 220 എണ്ണം |
| ആകെ ലോൺ തുക | 2.45 കോടി |
| കാർഷികം | 43 ലക്ഷം |
| N.R.I നിക്ഷേപം | 5.5 കോടി |
| മൊത്ത നിക്ഷേപം | 7.5 കോടി |

**2. കാത്തലിക് സിറിയൻ ബാങ്ക്**

| | |
|---|---|
| ആകെ നിക്ഷേപം | 7.05 കോടി |
| ലോൺ | 4.25 കോടി |
| കാർഷികം | 60 ലക്ഷം |
| N.R.I നിക്ഷേപം | 2.20 കോടി |

**3. ഫെഡറൽ ബാങ്ക്**

| | |
|---|---|
| ആകെ നിക്ഷേപം | 10.70 കോടി |
| ലോൺ | 6.50 കോടി |
| കാർഷികം | 85 ലക്ഷം |
| N.R.I നിക്ഷേപം | 3.50 കോടി |

10 കൊല്ലത്തെ പഞ്ചായത്തിന്റെ വരവുചെലവ് കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.

290

## വരവ് '85-'86 മുതൽ '94='95വരെ

| ഇനം | 85–86 | 86–87 | 87–88 | 88–89 | 89–90 | 90–91 | 91–92 | 93–94 | 94–95 |
|---|---|---|---|---|---|---|---|---|---|
| മൊത്ത വരുമാനം | 555063 | 786788 | 849401 | 877462 | 1436374 | 1515700 | 2748373 | 1857491 | 3253057 |
| കെട്ടിടനികുതി | 102849 | 117430 | 132493 | 178772 | 214279 | 210610 | 253479 | 105165 | 768011 |
| തൊഴിൽ നികുതി | 75388 | 90509 | 97691 | 100838 | 110543 | 106029 | 129724 | 19748 | 276401 |
| വിനോദ നികുതി | 75345 | 74471 | 79613 | 69519 | 84300 | 122739 | 143767 | 174509 | 156175 |
| ലൈസൻസ് ഫീ | 5020 | 7103 | 5687 | 4939 | 5374 | 6673 | 106433 | 23140 | 67999 |
| V.T.E. | Nil | Nil | Nil | Nil | Nil | Nil | Nil | 23000 | 23000 |
| 75% Duty | 50722 | 52667 | 88834 | 66992 | 129586 | Nil | Nil | Nil | 37395 |
| 25% Duty | Nil | Nil | 21846 | Nil | Nil | Nil | Nil | 100000 | 89587 |
| Basic Tax | Nil | 41926 | 51588 | 25794 | 36066 | Nil | Nil | 100000 | 46575 |
| V.R.M. | 44750 | Nil | 22632 | 16000 | 16752 | Nil | Nil | 19963 | Nil |
| M.I. | 3855 | 4077 | 11793 | 12095 | 7963 | Nil | Nil | 7963 | 7963 |
| Special | 24000 | Nil | Nil | Nil | Nil | 200000 | 82628 | Nil | Nil |
| Others | 173104 | 398605 | 337224 | 472232 | 831115 | 869049 | 2032342 | 1274003 | 177995 |
| Total | 555063 | 786788 | 849401 | 877462 | 1436374 | 1515700 | 2748373 | 1857491 | 3253057 |

## ചെലവ്

### 85-'86 to 94-'95 (10 വർഷം)

| ഇനം | 85-'86 | 86-'87 | 87-'88 | 88-'89 | 89-'90 | 90-'91 മുനിസി പ്പാലിറ്റി | 91-'92 മുനിസി പ്പാലിറ്റി | 92-'93 മുനിസി പ്പാലിറ്റി | 93-'94 | 94-'95 | 94-95 |
|---|---|---|---|---|---|---|---|---|---|---|---|
| ഭരണ ചെലവ് | 149281 | -227888 | 276603 | 269003- | 308489- | 373873- | 644250- | | 380509- | 516665- | |
| പൊതുമരാമത്ത് | 19849 | 99788 | 43420 | 89616 | 51040 | 67995 | 49663 | 109410 | 232967 | 19680- | 34456 |
| കറന്റ് ചാർജ് | 55667 | 57077 | 57032 | 51145 | 60874 | 3732 | 113549 | | 126140 | 81231- | |
| മറ്റിനം | --- | 14950- | --- | 10000- | 406094- | 218525- | 111651- | --- | 380620- | 978563- | |
| | | Furniture | | Furniture | | Loan | Furniture | | Loan | Loan | |
| | 250294- | 132596- | 162574 | - 824440- | 378011- | 796714- | 1633835- | | 375783- | 1163516- | |
| ആകെ | 475091- | 532299- | 579571- | 1244204- | 1204508- | 1594479- | 2552948- | | 1496019- | 2939655- | |

## സാദ്ധ്യതകൾ

- സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിന് കൈമാറുകയും അവിടെ ബഹുനില കെട്ടിടം പണിയുകയും ചെയ്യുക. (സബ് രജിസ്ട്രർ ആഫീസിന് പഞ്ചായത്ത് പകരം സ്ഥലവും കെട്ടിടവും നിർമ്മിച്ചു കൊടുക്കണം.)
- ഗവ: ആശുപത്രിയുടെ മൂന്ന് വശങ്ങളും പബ്ലിക് റോഡുകളാണ്. റോഡ് സൈഡിൽ പഞ്ചായത്ത് ബഹുനില കെട്ടിടം പണിയുകയും അതിൽ ഒരു നില ആശുപത്രി വാർഡായി ഉപയോഗിക്കുകയും ഒരു നില ഷോപ്പിംഗ് കോംപ്ലക്സാക്കി പഞ്ചായത്ത് മുതൽക്കൂട്ടുകയും ചെയ്യുക.
- സിനിമാശാലകളുടെ നികുതി പിരിവ് ശാസ്ത്രീയാടിസ്ഥാനത്തിലാക്കുക.
- മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് വികസിപ്പിക്കുകയും പുനർലേലം ചെയ്യുകയും വേണം.
- പഞ്ചായത്തുവക ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ പാട്ടത്തിന് നൽകുക.
- പഞ്ചായത്തുവക പുറമ്പോക്ക് സ്ഥലങ്ങളിലുള്ള പ്രായാധിക്യമായ മരങ്ങൾ വിൽക്കുകയും പുതിയ തൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്യുക.
- ഭൂമി കൈമാറ്റ വിലനിശ്ചയം പഞ്ചായത്തിന്റെ കീഴിലാക്കുക.
- ചിട്ടി ലൈസൻസിംഗ് അടക്കമുള്ള എല്ലാവിധ അധികാരങ്ങളും പഞ്ചായത്തിന് കൈമാറുക.

# ഗ്രാമസഭകളിലൂടെ

വിഷയം :- **കൃഷിയും ജലസേചനവും**

- പാടങ്ങളിൽ ഒരേ ഇനം വിത്തു കൃഷി ചെയ്യുക.
- രാസവളം, കീടനാശിനി ഇവയുടെ സബ്സിഡി വർദ്ധിപ്പിക്കുക.
- മണ്ണു പരിശോധന നടത്തുക.
- മണ്ണൊലിപ്പു നിവാരണ പദ്ധതി നടപ്പാക്കുക.
- ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക.
- ഉഴവ്, കൊയ്ത്ത്, മെതിയന്ത്രങ്ങൾ പാടശേഖര സമിതി വഴി ലഭ്യമാക്കുക.
- പമ്പുസെറ്റ്, സ്പെയർ പലിശയില്ലാത്ത വായ്പയിൽ അനുവദിക്കുക.
- ജലസേചന സൗകര്യമുള്ളിടത്ത് മുപ്പൂ കൃഷി നിർബന്ധമാക്കുക.
- കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുല്പാദനശേഷിയും പ്രതിരോധശേഷിയുമുള്ള തെങ്ങിൻ തൈകൾ നടുന്നതിന് ധനസഹായം ചെയ്യുക.
- കേരവികസന സമിതിയുടെ നേതൃത്വത്തിൽ എണ്ണയാട്ട് കേന്ദ്രം സ്ഥാപിക്കുക.
- തെങ്ങുകൃഷി ഒരു ബോർഡിന്റെ കീഴിൽ ആക്കുക, (റബ്ബർ ബോർഡു മാതൃക).
- ഇളനീർ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പച്ചക്കറി കൃഷി വ്യാപകമാക്കുക.
- നല്ല വിത്തുകൾ യഥാസമയത്ത് വിതരണം ചെയ്യുക.
- എല്ലാ വീട്ടിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുക.

292

- കാർഷികവിളകളുടെ സംഭരണ വിതരണ കേന്ദ്രങ്ങൾ തുടങ്ങുക.
- വാർഡുതലത്തിൽ ഫാർമേഴ്സ് ക്ലബ് സംഘടിപ്പിക്കുക.
- റബ്ബർ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- വാനില കൃഷി പ്രോത്സാഹിപ്പിക്കുക.
- ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക് എന്നീ കൃഷികൾക്ക് ധനസഹായം ഏർപ്പെടുത്തുക.
- കർഷകർക്ക് പഞ്ചായത്തുതലത്തിൽ വിവിധയിനം അവാർഡുകൾ ഏർപ്പെടുത്തുക.
- M.V.I.P. ഇടതുകര കനാൽ പണി ഉടനെ പൂർത്തിയാക്കുക.
- ഉഴവൂർ തോടിന്റെ സൈഡ് കെട്ടി ആഴം കൂട്ടുക.
- എല്ലാ ക്രോസ് ബാറുകളുടേയും (ചിറ) അറ്റകുറ്റപ്പണി തീർക്കുക.
- കനാൽ വെള്ളം കൃഷി ആവശ്യത്തിന് ഉഴവൂർ തോട്ടിലേക്ക് ഒഴുക്കുക.
- ലീഡിംഗ് ചാനലുകൾ നിർമ്മിച്ച് അറ്റകുറ്റപ്പണി നടത്തുക.
- കുളങ്ങളും, കിണറുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നല്കുക.

## വാർഡ് I

- പെരുംകുറ്റി-മംഗലത്തുതാഴം തോടിന്റെ വീതിയും ആഴവും കൂട്ടുക.
- മൺചിറ ഭാഗത്ത് ചെക്ക് ഡാം പണിയുക.
- വഴങ്ങാട്ടുതാഴം കുളം ആഴം കൂട്ടി അറ്റകുറ്റപ്പണി തീർക്കുക.
- ആമ്പക്കാട്ടുഭാഗം തോടിന്റെ സൈഡ് കെട്ടുക.

## വാർഡ് II

- പുതിയാമറ്റം, മൺചിറ ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണി നടത്തുക.
- ഇഞ്ചക്കാക്കുഴി പള്ളി, പ്ലാത്തോട്ടത്തിൽ ഭാഗം നടപ്പാലം നിർമ്മിക്കുക.

## വാർഡ് III

- അമ്പലക്കുളം വൃത്തിയാക്കുക.
- ചാരംചിറയിലും പാത്തിക്കപാറയിലും ചിറപ്പാട്ടുതാഴത്തും മേനാമറ്റം താഴത്തും മിനി ഡാം പണിയുക.
- മാരീച്ചിറ പുതുക്കി പണിയുക.

## വാർഡ് V

- ചെറ്റേചിറയുടെ അറ്റകുറ്റപ്പണി നടത്തുക.
- പാലത്താനം തോടിനു കുറുകെ ട്രാക്ടർ കടത്തുന്നതിന് പാലം പണിയുക.
- ലീഡിംഗ് ചാനലുകൾ പണിയുക.

## വാർഡ് VI

- മുളന്താനം കുളം, വടകര പഞ്ചായത്തു കുളം, തലവടി കുളം എന്നിവ നന്നാക്കുക.

## വാർഡ് VII

- കല്ലോലി ചെക്ക് ഡാം കെട്ടുക
- പേരൂർ കുളം നന്നാക്കുക.
- കിഴകൊമ്പ് മെയിൻ കനാലിൽ നിന്നും 29000 ചെയിനേജ് പടിഞ്ഞാറു ഭാഗത്തേക്ക് (ചെള്ളുക്കപ്പടി, കണിയാലിപ്പടി, ഉഴലക്കാടു ഭാഗത്തേക്ക്) ഉപ കനാൽ നിർമ്മിക്കുക.
- അമ്പലംകുന്നിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി കുങ്കുമശ്ശേരി, കീരികുന്നു പ്രദേശത്ത് വെള്ളം എത്തിക്കുക.

## വാർഡ് VIII

- ചാലിങ്കര നിലത്തിന് (ചന്തതോട്ടിൽ) ക്രോസ്ബാർ നിർമ്മിക്കുക.
- പാലമറ്റം, മുട്ടുംമുഖംചിറ, രാമൻചിറ, പുത്തൻചിറ, ഇവകളുടെ അററകുററപണി തീർത്ത് ലീഡിംഗ് ചാനലുകൾ നിർമ്മിക്കുക. മുട്ടുംമുഖം ചിറയുടെ ഉപതോടിൽ വലിയമുട്ട്, കൊച്ചുമുട്ട് എന്നിവിടങ്ങളിൽ മിനിക്രോസ് ബാറുകളും, ലീഡിംഗ് ചാനലുകളും നിർമ്മിക്കുക. മണലം പടവ്, കരിക്കുമറ്റം, പമ്പഴ ഭാഗങ്ങളിൽ അക്വഡേറ്ററുകൾ നിർമ്മിക്കുക. മധുരമറ്റം ചേലാപറമ്പത്ത് താഴത്ത് നടപ്പാലം നിർമ്മിക്കുക.

## വാർഡ് IX

- M.P.I. ലെ തരിശുഭൂമിയിൽ ഔഷധചെടി വച്ചുപിടിപ്പിക്കുക.

# മൃഗസംരക്ഷണം മത്സ്യബന്ധനം

- എല്ലാ വാർഡിലും ക്ഷീരോല്പാദക സഹകരണസംഘം സ്ഥാപിക്കുക.
- മിതമായ വിലക്ക് കാലിത്തീറ്റ, കോഴിത്തീററ ലഭ്യമാക്കുക.
- ഇറച്ചിക്കോഴി, മുയൽ, പന്നി ഇവയെ വളർത്താൻ ധനസഹായം നല്കുക.
- ക്ഷീര കർഷകർക്ക്സങ്കര ഇനം പശുക്കളെ വിതരണം ചെയ്യുക.
- മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക.
- മൃഗാശുപത്രിയിലെ സൗകര്യം മെച്ചപ്പെടുത്തുക.
- M.P.I. യിൽ നിന്നും ലഭിക്കുന്ന കോഴി, പന്നി എന്നിവകളെ വ്യവസായ
- രീതിയിൽ വളർത്തുന്നതിന് ഈ പഞ്ചായത്തിലുള്ള കർഷകർക്ക് മുൻഗണന നല്കുക.
- ദുർബല വിഭാഗങ്ങൾക്ക് ആട്, പശു, പന്നി, കോഴി, മുയൽ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുക.
- മൃഗസംരക്ഷണത്തിന് നേതൃത്വം നല്കാൻ യുവതീ യുവാക്കൾക്ക് പരിശീലനം നല്കുക.
- വളർത്തുമൃഗങ്ങൾക്ക് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവയ്പ് നടത്തുക.
- പുൽകൃഷി പ്രോത്സാഹിപ്പിക്കുക.

294

- പഞ്ചായത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
- പൊതു, സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്താൻ പ്രോത്സാഹനവും അതിനുവേണ്ട പരിശീലനവും കൊടുക്കുക.
- I.C.D.P. സെന്റർ സ്ഥാപിക്കുക.
- പേ വിഷബാധക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുക.
- അലഞ്ഞുതിരിഞ്ഞു നടക്കുന്ന പന്നി, നായ്ക്കൾ ഇവകളെ നശിപ്പിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുക.

## വിദ്യാഭ്യാസം

- പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലാക്കുക.
- തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് മുൻഗണന നല്കുക.
- പി.റ്റി.എ യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
- ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ലാബറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
- കലാ-കായിക രംഗത്ത് എല്ലാ കുട്ടികൾക്കും അവസരം കൊടുക്കുക.
- ഉച്ച ഭക്ഷണ പരിപാടി കാര്യക്ഷമമാക്കുക.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
- സ്കൂളുകളിൽ വായനശാലകൾ നിർബന്ധമാക്കുകയും പൊതു വിജ്ഞാന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുക.
- കായിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക.
- എല്ലാവാർഡിലും അംഗൻവാടികൾ ആരംഭിക്കുക.
- നിലവിലുള്ള ബാലവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുക.
- വാർഡ് അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക.
- കിഴകൊമ്പിൽ എൽ. പി. സ്കൂൾ ആരംഭിക്കുക.
- നിലത്തെഴുത്ത് ആശാന്റെ ഗ്രാന്റ് വർദ്ധിപ്പിക്കുക.
- വടകര, മംഗലത്തുതാഴം എൽ. പി. സ്കൂളുകളുടെ അറ്റകുറ്റപ്പണി തീർക്കുക.
- കളിസ്ഥലം ചുറ്റുമതിൽ തീർക്കുക.
- കൂത്താട്ടുകുളം ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കുക.
- പ്രവർത്തനം നിലച്ചുപോയ വായനശാലകൾ തുടർന്ന് നടത്തുകയും പുതിയ വായന ശാലകൾ ആരംഭിക്കുകയും ചെയ്യുക.
- പഞ്ചായത്തിൽ നിന്നും വായനശാലകൾക്കും ക്ലബ്ബുകൾക്കും ഗ്രാന്റ് അനുവദിക്കുക.
- പുതിയ ഡേ കെയർ യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിക്കുക.

# വ്യവസായം

- കുടിൽ വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.
- ചെറുകിട വ്യവസായങ്ങൾക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
- റബ്ബർ ഉൽപ്പന്ന വ്യവസായം ആരംഭിക്കാൻ പരിശീലനം നല്കുക.
- ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റുകൾ വ്യാപകമാക്കുകയും ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
- ഫർണീച്ചർ വ്യവസായ രംഗം വിപുലീകരിക്കുക.
- പച്ചക്കറി പഴവർഗ്ഗ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുക.
- എം.പി.ഐ.യു മായി ബന്ധപ്പെട്ട് തുകൽ വ്യവസായവും വളംനിർമ്മാണവും ആരംഭിക്കുക.
- തേനീച്ച വളർത്തൽ വ്യാപകമാക്കി പ്രോത്സാഹിപ്പിക്കുക.
- കൂത്താട്ടുകുളത്തുള്ള പാമ്പാക്കുട വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം പുനരാരംഭിച്ച് തൊഴിൽ അവസരങ്ങൾ നൽകുക.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## വാർഡ് I

- രാമപുരം കവലമുതൽ മംഗലത്തുതാഴം വരെ റോഡിന് ഓട നിർമ്മിക്കുക.
- ലക്ഷംവീട് - ചോരക്കുഴി, അർജ്ജുനൻ മല - ഗിരിജൻ സെറ്റിൽമെന്റ്, അർജ്ജുനൻ മല - പാറമുള്ളിച്ചിറ ഇവകൾ ടാർ ചെയ്യുക.
- ഗവ: യു.പി. സ്കൂൾ - മാരുതി ജംഗ്ഷൻ റോഡ് സഞ്ചാര യോഗ്യമാക്കുക.
- മുട്ടപ്പിള്ളിത്താഴത്തും, മാരുതി ജംഗ്ഷനിലും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
- മംഗലത്തു താഴം - ചോരക്കുഴി റോഡിൽ വഴിവിളക്ക് സ്ഥാപിക്കുക.
- മലഞ്ചരക്ക് കച്ചവടത്തിന് മാർക്കറ്റ് സ്ഥാപിക്കണം.

## വാർഡ് II

- ടാർ ചെയ്യേണ്ട റോഡുകൾ
- ഓണംകുന്ന്-ഗവ: യു.പി സ്കൂൾ റോഡ്
- ചൊള്ളമ്പേൽ - ചെറുകുന്ന് റോഡ്
- മാഞ്ചോട്ടിത്താഴം - കുളമ്പാടം റോഡ്
- നമ്പേലി കോളനി - പള്ളിത്താഴം കോളനി, ഓണംകുന്ന് ലക്ഷംവീട് റോഡുകൾ
- മേനാമറ്റം-ഹൈസ്കൂൾ റോഡ്, കുളമ്പാടം-വലിയവിരിപ്പ്.
- മഞ്ചിറ ഭാഗത്ത് പാലം പണിയുക.
- പുറ്റാനി മലയിലേക്ക് റോഡ് വെട്ടുക.
- റ്റി.ബി. ജംഗ്ഷനിൽ നിന്നും റോഡുവെട്ടി ജയന്തിറോഡുമായി ബന്ധിപ്പിക്കുക.
- ബാപ്പുജി ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക.

296

- കുളമ്പാടം, പുറ്റാനിമല, ചെരുകുന്ന് പള്ളിത്താഴം കോളനി, പുത്തൻകണ്ടത്തിൻഭാഗം, വലിയ വിരിപ്പ് ഇവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
- പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക.
- എല്ലാ കോളനികളും വൈദ്യുതീകരിക്കുക.
- കിഴകൊമ്പ് മുത്തോലപുരം റോഡിൽ വഴിവിളക്കു സ്ഥാപിക്കുക.

## വാർഡ് III

- അമ്പലക്കുളം-മംഗലത്തുതാഴം, അമ്പലം-സബ്സ്റ്റേഷൻ, നിരപ്പുമ്യാലിൽ- ചിറപ്പാട്ടുതാഴം, പാല കുന്നേൽതാഴം-കോഴിപ്പിള്ളി, ഗവ: ആശുപത്രി- അമ്പലം, അമ്പലം-കോഴിക്കാട്ട് കോളനി റോഡുകൾ ടാർ ചെയ്യുക.
- വാളായ്മലയിൽ നിന്നും എം.സി. റോഡിലേക്ക് പുതിയ റോഡു വെട്ടണം. തെക്കേടത്തുതാഴം-ഹൈസ്കൂൾ റോഡ് പൂർത്തിയാക്കുക. പാലകുന്നേൽത്താഴം-വാളായ്മലത്താഴം റോഡു തീർക്കുക. അമ്പലംഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

## വാർഡ് IV

- അശ്വതി-മുട്ടനോലി-വരകുപാറ റോഡ്.
- ദേവമാതാ വരകുപാറ റോഡ്, കാലിക്കട്ട്-ഇടപ്പുതുശ്ശേരി റോഡ് ടാറു ചെയ്യുക.
- ജെ.പി. കോളനി, കരിമ്പിച്ചി പുരയിടം, വരകുപാറ പുതിയ റോഡു നിർമ്മിക്കുക.
- വരകുപാറ-തളിക്കണ്ടം അമ്പലംകുന്ന് റോഡ് പണിയുക.
- ടാക്സിസ്റ്റാൻഡ് നിർമ്മിക്കുകയും, കെ.എസ്.ആർ.ടി.സി.സ്റ്റേഷൻമാസ്റ്റർആഫീസ് പ്രവർത്ത നക്ഷമമാക്കുകയും ചെയ്യുക.
- അംബേദ്കർ കോളനി, ജെ.പി. കോളനി, ഹെൽത്ത് സെന്റർ എന്നിവ വൈദ്യുതീകരിക്കുക.
- അശ്വതി, മുട്ടനോലി, ജെ.പി. കോളനി വരകുപാറ ഭാഗത്തേക്ക് ത്രി ഫെയ്സ് ലൈൻ വലിക്കുക.
- ദേവമാതാ, വരകുപാറ, അശ്വതി കവല, മലങ്കര ക്രിസ്ത്യൻപള്ളി റോഡുകളിൽ വഴിവിളക്ക് സ്ഥാപി ക്കുക.
- കാളച്ചന്ത സൗകര്യപ്രദമായി പരിഷ്കരിക്കുക.
- സസ്യ-മത്സ്യ മാർക്കറ്റുകൾ പുന:സംവിധാനം ചെയ്യുക.
- ആധുനിക അറവുശാലക്ക് രൂപം കൊടുക്കുക.
- ട്രഷറി-മാർക്കറ്റ് റോഡ് സഞ്ചാരയോഗ്യമാക്കുക.

## വാർഡ് V

- എല്ലാ റോഡുകളും ടാറു ചെയ്യുക. കൂത്താട്ടുകുളം, കിഴകൊമ്പ്, ചമ്പമല റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ് ഓടിക്കുക.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- കണ്ണായിക്കാട്, ഓലിപ്പാട്, നരിപ്പാറ, മണ്ടോത്തിക്കുന്ന്, തകടിത്താഴം ഇട്ടുകുന്നു പടി, ഇടയാർപ ള്ളിപ്പടി, കാരിക്കുന്ന് പോസ്റ്റോഫീസ്, നെല്ലിക്കാനം ഈ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

297

## വാർഡ് VI

- കിഴകൊമ്പ്, നെടുമ്പാറ-പൈറ്റക്കുളം റോഡ്, ആശാരി കവല - നെടുമ്പാറ, പൈറ്റക്കുളം - തേമാനാകുന്ന്, വടകര - വളപ്പുറോഡ് റീ-ടാറു ചെയ്യണം.
- പൈറ്റക്കുളം-മഞ്ചേരിക്കുന്നു റോഡ് പൂർത്തിയാക്കുക.
- ഇടയാർ റോഡിൽ എരുമക്കുളത്ത് ബസ്സ്റ്റോപ്പ് അനുവദിക്കുക.
- നെടുമ്പാറയിൽ വൈദ്യുതി എത്തിക്കുക.

## വാർഡ് VII

- മുടപ്ലാശ്ശേരിത്താഴം, കല്ലോലിത്താഴം റോഡ് സഞ്ചാരയോഗ്യമാക്കുക.
- അള്ളുംമുഖം കിഴുകുന്ന് റോഡ്, പാലക്കത്തടം-പാലത്താനം റോഡ്, വടകര പള്ളി-ഉപ്പുകണ്ടം റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുക.
- വരകുപാറ, അമ്പലംകുന്ന്, ചേന്നാട്ടേത്താഴം-പുതിയ റോഡ് നിർമ്മിക്കുക.
- ഐ.എം. വർക്കി കോളനി വൈദ്യുതീകരിക്കുക.
- ഷാലോം കവല, തലവടിക്കവല, കുങ്കുമശ്ശേരിക്കവല ഇവിടങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.
- കുങ്കുമശ്ശേരി, കല്ലോലിക്കൽ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- മാർക്കറ്റിലെ അളവുതൂക്കനിയമങ്ങൾ കർശനമാക്കുക.

## വാർഡ് VIII

- കണ്ടത്തിൽപ്പടി-കരിങ്ങമറ്റം റോഡ്,
- വെള്ളുക്കാട്ടേൽ പടി-മൈലംകടവ്,
- കൊച്ചുപറമ്പിൽ-പുന്നക്കുളം.
- ഫാ: കെ.ഐ. തോമസ് റോഡ്.
- പുത്തൻചിറ കല്പക റോഡ്.
- പുത്തൻചിറ-കാഞ്ഞിരത്തിങ്കത്താഴം.
- ഇടയാർ ലക്ഷംവീട് റോഡ്.
- മഞ്ചേരിക്കുന്ന്-മുട്ടുമുഖം റോഡ്.
- തളിക്കുന്ന്-മഞ്ചേരിക്കുന്ന് റോഡ്.
- നെല്ലിക്കാട്-കടുവാക്കുഴി റോഡ്.
- കിഴകൊ മ്പ് പള്ളി-മൈലാടിക്കവല റോഡ്.
- പോസ്റ്റോഫീസ്-കരിപ്പാൽ-പാലമറ്റം റോഡ്.
- മേൽപ്പറഞ്ഞ റോഡുകൾ പണികൾ തീർത്ത് ടാർ ചെയ്യുക.
- കരിപ്പാൽ പാലം അടിയന്തിരമായി തീർക്കുക.
- കൂത്താട്ടുകുളം ഇടയാർ-പിറവം റോഡിൽ ഇടയാർ പള്ളിത്താഴം മുതൽ കൂത്താട്ടുകുളം ചമ്പോന്തയിൽ കവലവരെ വഴിവിളക്കുകൾ കത്തിക്കുക (സ്ഥാപിക്കുക).
- റോഡിനു പാരലലായി നിലവിലുള്ള വൈദ്യുതി ലൈനുകൾ റോഡരുകിൽക്കൂടി ആക്കുക.
- പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.

- അനർട്ടിന്റെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കുക.
- നിലവിലുള്ള വൈദ്യുതി ലൈനുകൾ ക്ലിയറൻസ് നടത്തി റീഷാക്കിൽ ചെയ്ത് പ്രസരണ നഷ്ടം ഒഴിവാക്കുക.
- ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് നിർമ്മാണ സബ്സിഡി വർദ്ധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികോത്പന്നമേള സംഘടിപ്പിക്കുക.
- കാർഷിക ഉത്പന്നങ്ങൾക്ക് ഉല്പാദനചെലവിന്റെ അടിസ്ഥാനത്തിൽ വില ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

### വാർഡ് IX

- കൂത്താട്ടുകുളം ഇടയാർ റോഡിന്റെ വീതി കൂട്ടുക.
- പഞ്ചായത്തുറോഡുകൾ ടാറു ചെയ്യുക.
- ഓലക്കാട് കാരിക്കുഴി ഓലിഭാഗത്തേക്ക് നടപ്പാത വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.
- ഇടയാർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുക.
- വഴിവിളക്കുകൾ സ്ഥാപിക്കുക.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

## ഭവന നിർമ്മാണം സാമൂഹ്യക്ഷേമം

- ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുക.
- കക്കൂസ് ഇല്ലാത്തവർക്ക് നിർമ്മിച്ചുകൊടുക്കുക.
- ബ്ലോക്കു മുഖേന പണികഴിപ്പിച്ച വീടുകൾക്ക് അറ്റകുറ്റ പണികൾക്ക് സഹായധനം കൊടുക്കുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും ലഭിക്കത്തക്ക രീതിയിൽ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുക.
- നാല് സെന്റ് കോളനിയിലെ മുഴുവൻ ആളുകൾക്കും പട്ടയം നൽകുക.
- ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുക.
- കെട്ടിടനിർമ്മാണനിയമത്തിൽ അയവു വരുത്തുക.
- പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കുക.
- അർഹതയുള്ളവർക്ക് പെൻഷൻ അനുവദിക്കുക.
- യാചകർക്ക് പുനരധിവാസ പദ്ധതി ആവിഷ്കരിക്കുക.
- എല്ലാ വാർഡുകളിലും മഹിളാസമാജം സ്ഥാപിക്കുക.

## സംസ്ക്കാരം

- എല്ലാ വാർഡിലും സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

- കലാ-സാംസ്ക്കാരിക രംഗങ്ങളിലെ കഴിവുകൾ തെളിയിക്കുന്നതിനുള്ള വേദി ഒരുക്കുക.
- ക്ലബ്ബുകൾക്കും വായനശാലകൾക്കും സ്ഥലം വാങ്ങുന്നതിനും കെട്ടിടം വയ്ക്കുന്നതിനും സഹായം നൽകുക.
- പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുക.
- സി.ജെ സ്മാരകപ്രസംഗസമിതിക്ക് സ്വന്തമായി കെട്ടിടം പണിയുക.
- പഞ്ചായത്തു സ്റ്റേഡിയം പൂർത്തിയാക്കുക.
- പാർക്കു നിർമ്മിക്കുക.
- പാരമ്പര്യകലകൾ നിലനിർത്തുന്നതിന് പഞ്ചായത്തുതലത്തിൽ പ്രോത്സാഹനം നൽകുക.
- കിഴകൊമ്പിലെ കാവ് ടൂറിസം മെഖലയിൽ ഉൾപ്പെടുത്തുക.
- സ്വന്തമായി സ്ഥലമുള്ള വായനശാലക്ക് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് സഹായം നൽകുക.

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

- സ്വന്തമായി സ്ഥലവും വീടും ഉണ്ടാക്കുവാൻ സാമ്പത്തിക സഹായം നൽകുക.
- വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.
- അറ്റകുറ്റപ്പണിക്ക് സഹായം നൽകുക.
- ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കുക.
- തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക.
- ബഹുജനപങ്കാളിത്തത്തോടെ നടക്കുന്ന പരിപാടിയിൽ പ്രത്യേക പരിഗണന കൊടുക്കുക.
- എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുക.
- അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകുക.
- അർജ്ജുനൻമല ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുക.

## വനിത

- സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിരോധിക്കണം.
- മഹിളാസമാജങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാൻ സഹായം നൽകണം.
- കുടിൽ വ്യവസായരംഗത്ത് പരിശീലനം നൽകുക.
- പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് കക്കൂസ് മൂത്രപ്പുര നിർമ്മിക്കുക.
- സ്ത്രീധനനിരോധനം പ്രാവർത്തികമാക്കണം.
- തുല്യവേലക്ക് തുല്യവേതനം നൽകുക.
- വിധവാ പെൻഷൻ അർഹരായവർക്ക് നൽകുക.
- മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുക.
- പുഷ്പഫലകൃഷി വ്യവസായാടിസ്ഥാനത്തിൽ വീട്ടുവളപ്പിൽ ചെയ്യുന്നതിന് ധനസഹായം നൽകുക.

300

## സഹകരണസംഘങ്ങൾ

- കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും സംഘങ്ങൾ വഴി വിതരണം ചെയ്യുക.
- സഹകരസംഘങ്ങളുടെ മേൽനോട്ടത്തിൽ പച്ചക്കറി സ്റ്റാളുകൾ സ്ഥിരം സംവിധാനങ്ങളാക്കി മാറ്റുക.
- സാങ്കേതിക പരിശീലനം ലഭിച്ച യുവതീയുവാക്കൾക്ക് വ്യവസായം ആരംഭിക്കുവാൻ സഹകര ണസംഘങ്ങൾ ലഘൂകരിച്ച് വായ്പാ സമ്പ്രദായം നടപ്പാക്കുക.
- സഹകരണമേഖലയിൽ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുക.
- ആദായകരമായ വികസനപ്രവർത്തനങ്ങളിൽ സഹകരണസംഘങ്ങൾ വായ്പകൾ നൽകുന്ന തിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- കൂത്താട്ടുകുളം ഹരിജൻ സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിച്ച് തൊഴിലവസ രങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.
- വസ്തു ഈടിന്മേൽ നൽകുന്ന കാർഷികേതര വായ്പ പത്തുലക്ഷമായി വർദ്ധിപ്പിക്കുക.
- സഹകരണസംഘങ്ങളിലെ നിയമനങ്ങൾ പി.എസ്,സി. ക്കു വിടുക.
- സഹകരണസംഘങ്ങളിലെ വായ്പകൾ വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

## വിഭവസമാഹരണം

- വിദേശ മലയാളികളെ ഉൾപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.
- ഗുണമേന്മ അനുസരിച്ച് വീടുകൾക്ക് നികുതി ഈടാക്കുക.
- തിയേറ്റർ പോലുള്ള സ്ഥാപനങ്ങളിലെ നികുതി പിരിവ് കാര്യക്ഷമമാക്കുക.
- രജിസ്റ്ററാഫീസും വില്ലേജാഫീസും സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ബഹുനിലകെട്ടിടം പണിയുന്ന തിന് നടപടി സ്വീകരിക്കുക.
- വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുക.
- പുറമ്പോക്കുകൾ ഏറ്റെടുക്കുക.
- വീട്ടുകരം അപാകതയില്ലാതെ പിരിച്ചെടുക്കുക.
- തൊഴിൽകരം പിരിക്കുക.
- ഷോപ്പിംഗ് കോംപ്ലക്സിലെ വാടക പുതുക്കി നിശ്ചയിക്കുക.
- ടാക്സി സ്റ്റാന്റ് നിർമ്മിച്ച് ഫീസ് പിരിക്കുക.
- ഗവ: ആശുപത്രി സ്ഥലത്ത് എം. സി. റോഡിന് അഭിമുഖമായി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മി ക്കുക.
- പരസ്യനികുതി ഏർപ്പെടുത്തുക.
- ചിട്ടി രജിസ്ട്രേഷൻ പഞ്ചായത്തിനെ ഏല്പിക്കുക.
- പഞ്ചായത്തുതലത്തിൽ ഭൂമിക്ക് വില നിശ്ചയിക്കുക.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| H.S | 5 | 26 | 31 | 198 | 529 | 727 |
| U.P.S | 12 | 37 | 49 | 598 | 548 | 1146 |
| L.P.S | 4 | 39 | 43 | 691 | 692 | 1383 |
| Pre-primary | - | 2 | 2 | - | - | - |
| ആകെ | 21 | 104 | 125 | 1487 | 1769 | 3256 |

302

## കൂത്താട്ടുകുളം പഞ്ചായത്തിലെ സ്ക്കൂളുകളുടെ പൊതുവിവരം

| സ്ക്കൂളിന്റെ പേര് | ഹൈസ്ക്കൂൾ യു.പി/എൽ.പി പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയ്ഡഡ് | അംഗീകാര മില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ബാപ്പുജി ഇംഗ്ലീഷ്മീഡിയം | ഹൈസ്കൂൾ | - | - | * | - | 226 | 224 | 490 | 26 | 26 |
| കൂത്താട്ടുകുളം ഹൈസ്കൂൾ | ഹൈസ്കൂൾ | - | * | - | - | 176 | 121 | 297 | 17 | 17 |
| ലിറ്റിൽഫ്ളവർ ഗേൾസ്ഹൈസ്കൂൾ | ഹൈസ്കൂൾ | - | * | - | - | 180 | 636 | 816 | 29 | 29 |
| ലിറ്റിൽഫ്ളവർ LPസ്കൂൾ | LP | - | * | - | - | 208 | 253 | 461 | 12 | 12 |
| ഗവ:LPS മംഗലത്തുതാഴം | LP | * | - | - | - | 68 | 64 | 132 | 4 | 4 |
| ഗവ:UPS കൂത്താട്ടുകുളം | UP | * | - | - | - | 370 | 282 | 652 | 22 | 22 |
| ഗവ:LPS ഇടയാർ | LP | * | - | - | - | 88 | 92 | 180 | 6 | 6 |
| ജവഹർ UPS ഇടയാർ | UP | - | * | - | - | 102 | 64 | 166 | 9 | 9 |
| വടകര ഗവ:LPS | LP | * | - | - | - | 29 | 33 | 62 | 4 | 4 |
| | | 4 | 4 | 1 | - | 1487 | 1769 | 3256 | 129 | 129 |

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ പഠനം | | | നിർത്തിയവരുടെ മൊത്തം എണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 156 | 162 | 318 | 14 | 17 | 31 | - | - | - | - | - - | | 2 | 0 | 2 | 5 | 6 | 11 | 13 |
| II | 186 | 182 | 368 | 14 | 10 | 24 | 2 | 1 | 3 | 12 | 8 | 20 | - | - | - | - | - | - | - |
| III | 152 | 171 | 323 | 10 | 14 | 24 | 2 | 2 | 4 | 10 | 12 | 22 | 1 | 0 | 1 | 3 | 1 | 4 | 5 |
| IV | 197 | 177 | 374 | 15 | 15 | 30 | 2 | 3 | 5 | 11 | 4 | 15 | - | - | - | - | - | - | - |
| V | 192 | 165 | 357 | 11 | 16 | 27 | - | 2 | 2 | 9 | 11 | 20 | 2 | 1 | 3 | - | 1 | 1 | 4 |
| VI | 221 | 190 | 411 | 16 | 14 | 30 | 2 | 1 | 3 | 4 | 9 | 13 | 3 | 0 | 3 | 8 | 1 | 9 | 12 |
| VII | 185 | 193 | 378 | 13 | 16 | 29 | - | 2 | 2 | 13 | 9 | 22 | 1 | 1 | 2 | 13 | 6 | 19 | 21 |
| VIII | 80 | 166 | 246 | 5 | 12 | 17 | - | 1 | 1 | 9 | 2 | 11 | 4 | 2 | 6 | 23 | 7 | 3 | 36 |
| IX | 70 | 184 | 254 | 1 | 9 | 10 | 1 | 2 | 3 | 11 | 25 | 36 | 5 | 2 | 7 | 15 | 13 | 28 | 35 |
| X | 48 | 179 | 227 | 3 | 12 | 15 | - | - | - | - | - | - | - | - | - | 4 | 3 | 7 | 7 |
| ആകെ | 1487 | 1769 | 3256 | 102 | 105 | 237 | 9 | 14 | 23 | 79 | 80 | 159 | 18 | 6 | 24 | 71 | 38 | 109 | 133 |

## ഗ്രന്ഥശാലകളും വായനശാലകളും

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെഎണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| സി.ജെ. സ്മാരക പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം | 1956 | എ | 13914 | 750 | പത്രങ്ങൾ-9 ആനുകാലിക പ്രസിദ്ധീകരണങ്ങൾ23 | ഇല്ല. |
| ജീനിയസ്സ് ലൈബ്രറി & റീഡിംഗ് റൂം | 1972 | സി | 2565 | 350 | പത്രങ്ങൾ- 3 | ഇല്ല. |
| ഗ്രാമീണ വായനശാല ഇടയാർ | 1932 | സി | 1500 | | | വോളിബോൾ, കരാട്ടേ പരിശീലനം, സാക്ഷരതാ പ്രവർത്തനങ്ങൾ, ബാലവാടി |
| പുരോഗമന സാഹിത്യ ഗ്രന്ഥശാല കിഴകൊമ്പ് | 1950 | സി | 800 | നിലവിൽ പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല |
| ജയ് ഹിന്ദ് റീഡിംഗ് റൂം | 1976 | | | | പത്രങ്ങൾ -2 ആനുകാലികങ്ങൾ - 2 | ഇല്ല |

30

## കലാ-കായിക സമിതികൾ

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെഎണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടം ഉണ്ടോ? | റേഡിയോ/ടി.വി തുടങ്ങിയവ ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | അർജ്ജുന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1987 | 40 | ഇല്ല | ഇല്ല | ഇല്ല | യുവജനങ്ങളുടെ കലാ-കായിക രംഗത്തെ കഴിവിനെ പ്രോത്സാഹിപ്പിക്കുക. |
| 2. | അംബേദ്കർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ചോരക്കുഴി | | 27 | ഇല്ല | ഇല്ല | ഇല്ല | സാക്ഷരതാ പ്രവർത്തനങ്ങൾ, ശ്രമദാനം. |
| 3. | ഓലിപ്പാട് ചിൽഡ്രൻസ് അസോസിയേഷൻ & റിക്രിയേഷൻ ക്ലബ്ബ് - ഇടയാർ | 1982 | 21 | ഇല്ല | ഉണ്ട് | ഇല്ല | ഗ്രന്ഥശാലാ പ്രവർത്തനം, കലാ-കായിക മത്സരങ്ങൾ. |
| 4. | കേളി ഫൈനാർട്സ് സൊസൈറ്റി കൂത്താട്ടുകുളം | 1990 | 515 | ഉണ്ട് | ഇല്ല | ഇല്ല | ശാസ്ത്രീയ കലകൾ അഭ്യസിപ്പിക്കുന്ന സ്കൂൾ, പ്രതിമാസ കലാ പരിപാടികൾ, പ്രഭാഷണങ്ങൾ, സാംസ്കാരിക വിനിമയ പരിപാടികൾ, കലാ മത്സരങ്ങൾ. |
| 5. | കാർത്തിക കലാകേന്ദ്രം കൂത്താട്ടുകുളം | 1996 | മാനേജ്മെന്റ് | ഇല്ല | ഇല്ല | ഇല്ല | ബാലെ അവതരണം. |
| 6. | കൈമ - കൂത്താട്ടുകുളം | 1974 | 60 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷം, രക്തദാനം. |
| 7. | കിഴകൊമ്പ് യൂത്ത് ഓർഗനൈസേഷൻ കിഴകൊമ്പ് | 1993 | 63 | ഇല്ല | ഇല്ല | ഇല്ല | സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക, രക്തദാനം. |


306

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെഎണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടം ഉണ്ടോ? | റേഡിയോ/ടി.വി തുടങ്ങിയവ ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 8. | കുത്താട്ടുകുളം ക്രിക്കറ്റ് ക്ലബ്ബ് | 1986 | 30 | ഇല്ല | ഇല്ല | ഇല്ല | ക്രിക്കറ്റ് പരിശീലനം, ടൂർണ്ണമെന്റ്. |
| 9. | കിഴകൊമ്പ് ക്രിക്കറ്റ് ക്ലബ്ബ് | 1995 | 20 | ഇല്ല | ഇല്ല | ഇല്ല | ക്രിക്കറ്റ് പരിശീലനവും ടൂർണ്ണമെന്റുകളും. |
| 10. | കലാകേളി ചെണ്ടവാദ്യ സംഘം | 1992 | 15 | ഇല്ല | ഇല്ല | ഇല്ല | പരിശീലനം, അവതരണം. |
| 11. | കേളി ചെണ്ടവാദ്യ സംഘം | 1989 | 20 | ഇല്ല | ഇല്ല | ഇല്ല | പരിശീലനം, അവതരണം. |
| 12. | നെഹ്റു മെമ്മോറിയൽ യംവക് മണ്ഡൽ, ചോരക്കുഴി | 1980 | 60 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബോൾ, വടംവലി മത്സരങ്ങൾ സംഘടിപ്പിക്കുക, രക്തദാനം, ശ്രമദാനം. |
| 13. | പുതുമ ആർട്ട്സ് കുത്താട്ടുകുളം | 1989 | മാനേജ്മെന്റ് | ഇല്ല | ഇല്ല | ഇല്ല | പ്രഫഷണൽ നാടകമത്സരവും, ഗാനമേള മത്സരവും സംഘടിപ്പിക്കുക. |
| 14. | പെരുങ്കുറ്റി യംഗ്‌വേവ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് - പെരുങ്കുറ്റി | 1984 | 34 | ഇല്ല | ഉണ്ട് | ഇല്ല | ഓണാഘോഷങ്ങൾ, കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. |
| 15. | പൗർണ്ണമി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് -നെടുമ്പാറ | 1990 | 51 | ഇല്ല | ഇല്ല | ഇല്ല | നൃത്തക്ലാസ്സ് നടത്തുക, പരിചമുട്ടുകളി, കോലടികളി എന്നിവ അവതരിപ്പിക്കുക. |
| 16. | പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് - പൈറ്റക്കുളം | 1989 | 32 | ഇല്ല | ഇല്ല | ഇല്ല | രക്തദാനം, സാമൂഹ്യ സേവനം, കായികമത്സരങ്ങൾ. |

307

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെഎണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടം ഉണ്ടോ? | റേഡിയോ/ടി.വി തുടങ്ങിയവ ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 17. | പയനിയർ - കിഴകൊമ്പ് | 1978 | 40 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബോൾ പരിശീലനം, ടൂർണ്ണമെന്റുകൾ, ഓണാഘോഷങ്ങൾ. |
| 18. | മധുരമറ്റം മണപ്പുറം ക്ലബ്ബ് - ഇടയാർ | 1990 | 17 | ഇല്ല | ഇല്ല | ഇല്ല | കലാ- കായിക മത്സരങ്ങൾ നടത്തുക, കോലടികളി, കൈകൊട്ടിക്കളി, കാളകെട്ടിക്കളി എന്നിവ സംഘടിപ്പിക്കുക. |
| 19. | മൈനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കൂത്താട്ടുകുളം | 1988 | 60 | ഇല്ല | ഇല്ല | ഇല്ല | വാർഷികാഘോഷം, കലാ-കായിക മത്സരം, ഓണാഘോഷം |
| 20. | മാതൃഭൂമി സ്റ്റഡി സർക്കിൾ കൂത്താട്ടുകുളം | 1994 | 32 | ഉണ്ട് | ഇല്ല | ഇല്ല | സാമൂഹ്യസേവന പ്രവർത്തനങ്ങൾ. |
| 21. | മാരുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് - മംഗലത്തുതാഴം | 1996 | 30 | ഇല്ല | ഇല്ല | ഇല്ല | കലാ-കായിക മത്സരങ്ങൾ, ഓണാഘോഷം. |
| 22. | മംഗളം കലാസാഹിത്യവേദി കൂത്താട്ടുകുളം | 1988 | 300 | ഇല്ല | ഇല്ല | ഇല്ല | കലാസാഹിത്യ മത്സരങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, സാഹിത്യക്യാമ്പുകൾ, നേത്രദാനം, രക്തദാനം, വൃക്ഷങ്ങൾ വളർത്തുക. |
| 23. | യുവധാര കലാസാംസ്ക്കാരിക സമിതി കൂത്താട്ടുകുളം | 1994 | 25 | ഇല്ല | ഇല്ല | ഇല്ല | സംവാദങ്ങൾ. |
| 24. | യുവസംസ്കൃതി കൂത്താട്ടുകുളം | 1988 | 60 | ഇല്ല | ഇല്ല | ഇല്ല | നാടകമത്സരം, ഓണാഘോഷം. |
| 25. | YMCA കൂത്താട്ടുകുളം | 1946 | 100 | ഉണ്ട് | ഇല്ല | ഇല്ല | പ്രതിഭകൾക്കായി കലാമത്സരങ്ങൾ, പ്രസിദ്ധീകരണങ്ങൾ, S.S.L.C അവാർഡ്. |

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെഎണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടം ഉണ്ടോ? | റേഡിയോ/ടി.വി തുടങ്ങിയവ ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 26. | ലയൺസ് ക്ലബ്ബ് കൂത്താട്ടുകുളം | 1974 | 40 | ഇല്ല | ഉണ്ട് | ഇല്ല | സാമൂഹ്യസേവന പ്രവർത്തനങ്ങൾ. |
| 27. | B.B.C കൂത്താട്ടുകുളം | 1990 | 30 | ഇല്ല | ഇല്ല | ഇല്ല | ബാഡ്മിന്റൺ പരിശീലനവും, ടൂർണ്ണമെന്റുകളും. |
| 28. | വർണ്ണിമ സ്കൂൾ ഓഫ് ആർട്ട്സ് കൂത്താട്ടുകുളം | 1974 | മാനേജ്മെന്റ് | ഇല്ല | ഇല്ല | ഇല്ല | ചിത്രരചനാ ക്ലാസ്സുകൾ. |
| 29. | വെൺകുളം ദീപ്തി ആർട്ട്സ് & സ്പോട്ട്സ് ക്ലബ്ബ് - ചമ്പമല | 1989 | 51 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷങ്ങൾ. |
| 30. | ശംഖൊലി തിയറ്റേഴ്സ് | 1995 | 15 | ഇല്ല | ഇല്ല | ഇല്ല | നാടകം, ഗാനമേള, ബാലെ അവതരണം. |
| 31. | സി. ജെ സ്മാരക പ്രസംഗസമിതി | 1961 | | ഇല്ല | ഇല്ല | ഇല്ല | സി.ജെ അനുസ്മരണ പ്രസംഗങ്ങൾ, പാഠക്ലാസ്സുകൾ, പുസ്തക പ്രകാശനം, എൻഡോവ്മെന്റ്. |
| 32. | സിതാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1989 | 30 | ഇല്ല | ഇല്ല | ഇല്ല | വാർഷികാഘോഷങ്ങൾ, സാക്ഷരതാപ്രവർത്തനങ്ങൾ. |
| 33. | സ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1994 | 52 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷം, വിനോദയാത്രകൾ, സാമൂഹ്യ സേവനപ്രവർത്തനങ്ങൾ. |
| 34. | സ്പാർട്ടൻസ് കൂത്താട്ടുകുളം | 1987 | 31 | ഉണ്ട് | ഇല്ല | ഇല്ല | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, ടൂർണ്ണമെന്റുകൾ. |



Classic Offset Printers, Muvattupuzha. Phone: 233958

അധികാരം ജനങ്ങളിലേക്ക്



# 9-ാം പദ്ധതി
# ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

## പാലക്കുഴ ഗ്രാമ പഞ്ചായത്ത്

# വികസനറിപ്പോർട്ട്

# ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 1996

1. ശ്രീമതി ഏ.കെ. ലക്ഷ്മിക്കുട്ടി (പ്രസിഡന്റ്)
2. ശ്രീ. വി.ജെ. എബ്രഹാം (വൈസ് പ്രസിഡന്റ്)
3. ശ്രീ. വക്കച്ചൻ ജോസഫ് (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
4. ശ്രീമതി. ജയിനമ്മ ജോർജ്ജ് (മെമ്പർ)
5. ശ്രീമതി. ആലിസ് സണ്ണി (മെമ്പർ)
6. ശ്രീ. ഉല്ലാസ് തോമസ് (മെമ്പർ)
7. ശ്രീ. എം. മാത്യു (മെമ്പർ)
8. ശ്രീമതി മേരി ഉലഹന്നൻ (മെമ്പർ)

# ഉള്ളടക്കം

1. ആമുഖം - ചരിത്രപശ്ചാത്തലം

2. കൃഷിയും ജലസേചനവും

3. മൃഗസംരക്ഷണവും മത്സ്യബന്ധനവും

4. വ്യവസായം

5. ഊർജ്ജവും ഗതാഗതവും

6. വിദ്യാഭ്യാസം

7. കുടിവെള്ളവും പൊതുജനാരോഗ്യവും

8. പാർപ്പിടവും സാമൂഹ്യ ക്ഷേമവും

9. സംസ്കാരം


10. വനിത

11. സഹകരണ മേഖല

12. പട്ടികജാതി പട്ടിക വർഗ്ഗം

13. വിഭവ സമാഹരണം

14. ഉപന്



# പാലക്കുഴ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

## ആമുഖം

'ഒൻപതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ സംസ്ഥാന പ്ലാനിംഗ് ബോർഡും, ഗവൺമെൻറും തീരുമാനമെടുത്തിരിക്കുന്നതിന്റെ വെളിച്ചത്തിൽ പാലക്കുഴപഞ്ചായത്തിലും വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തൽഫലമായി പഞ്ചായത്തിലെ എട്ടു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ഫലപ്രദമായ ചർച്ചകൾക്ക് വഴിയൊരുക്കുകയും ചെയ്തു. 70 മുതൽ 150 വരെ അംഗങ്ങൾ പങ്കെടുത്ത ഗ്രാമസഭകളിൽ സ്ത്രീപങ്കാളിത്തം 25% വും പട്ടികജാതി/വർഗ്ഗ പങ്കാളിത്തം 5% ആയിരുന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളെ പ്രശ്നങ്ങളായി കാണുകയും പ്രശ്നങ്ങളെ നിർദ്ദേശങ്ങളും പദ്ധതികളാക്കി മാററുക എന്ന ലക്ഷ്യത്തെ മുൻനിർത്തി നടത്താൻ പോകുന്ന വികസന സെമിനാറിൽ ഫലപ്രദമായ ചർച്ചയും നിർദ്ദേശങ്ങളും ഉയർന്നുവരുന്നതിന് സഹായകമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതുമാണ് ഈ റിപ്പോർട്ടിന്റെ ലക്ഷ്യവും ഉദ്ദേശവും. വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിച്ച സ്ഥിതിവിവരക്കണക്കുകളും പഠന പര്യടനം വഴി ശേഖരിച്ച വിവരങ്ങളും മുതിർന്ന തലമുറയിൽ നിന്ന് കേട്ടറിഞ്ഞ വിവരങ്ങളും ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | പാലക്കുഴ ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | – | പാലക്കുഴ വില്ലേജ്. |
| ബ്ലോക്കുപഞ്ചായത്ത് | – | പാമ്പാക്കുട |
| താലൂക്ക് | – | മൂവാററുപുഴ. |
| ജില്ല | – | എറണാകുളം. |
| അസംബ്ലിമണ്ഡലം | – | മൂവാററുപുഴ. |
| വിസ്തീർണ്ണം | – | 22.27 ച: കി· മീ: |
| അതിരുകൾ | – | വടക്ക് – ആരക്കുഴ പഞ്ചായത്ത് |
| | | കിഴക്ക് – മണക്കാട്, പുറപ്പുഴ പഞ്ചായത്തുകൾ. |
| | | തെക്ക് – വെളിയന്നൂർ പഞ്ചായത്ത്. |
| | | പടിഞ്ഞാറ് – തിരുമാറാടി, കൂത്താട്ടുകുളം പഞ്ചായത്തുകൾ |
| ജനസംഖ്യ | – | 12773 (1991 സെൻസസ്) |
| വർഡുകൾ | – | 8 (എട്ട്) |

പ്രസിഡൻറ്. ശ്രീമതി, എ. കെ ലക്ഷ്മിക്കുട്ടി ശ്രീധരൻ.

വൈസ്പ്രസിഡൻറ്. ശ്രീ. വി. ജെ. എബ്രാഹം.

പാലക്കുഴ പഞ്ചായത്ത് രൂപീകൃതമായത് 1961 ൽ ആണ്. അന്നുമുതൽ ഇന്നുവരെയും പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിലും അതിരുകളിലും മാററമൊന്നുമുണ്ടായിട്ടില്ല. ആദ്യപഞ്ചായത്തുപ്രസിഡൻറ് റവ: ഫാ: വി. എം. ജോസഫ്, വെട്ടിനാൽ ആയിരുന്നു. പിൽക്കാലത്ത് ശ്രീ പി ററി. മത്തായി, ശ്രീ. കെ. എ തോമസ് എന്നിവർ പ്രസിഡൻറുമാരായി സേവനമനുഷ്ടിച്ചിട്ടുണ്ട്. വിവിധ

വികസന മേഖലകളിൽ സഫലീകരിച്ച വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 1982-83 വർഷത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത് പാലക്കുഴപഞ്ചായത്തിനാണ്. ശ്രീ. കെ. എ. തോമസ് പ്രസിഡൻറായിരുന്ന കാലയളവിലാണ് ഈ ബഹുമതി ലഭിച്ചത്.



## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഈ നൂററാണ്ടിൻെറ ആരംഭത്തിൽ കൃഷിയും അനുബന്ധ പ്രശ്നങ്ങളും മാത്രം കൈകാര്യം ചെയ്ത് ജീവിച്ചുപോന്നിരുന്ന പാലക്കുഴയിലെ ജനസമൂഹത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ കുറെ നേട്ടങ്ങൾ അവകാശപ്പെടാനുണ്ട്. കിഴക്കേക്കര കൃഷ്ണപിള്ളസാർ സ്ഥാപിച്ച പരുമല കുടിപ്പള്ളിക്കൂടവും തിരുമേനിയുടെ നാമത്തിൽ പാലക്കുഴ കവലയിൽ ഒരു കുരിശുപള്ളി സ്ഥാപിച്ച് അതിനോടനുബന്ധിച്ച് പാലക്കുഴ സെൻറ് ജോൺസ് പള്ളിവക ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിതമായതും, ഈ നൂററാണ്ടിൻെറ ആരംഭത്തിലാണ്. അന്നത്തെ ആ ചെറുവിദ്യാലയമാണ് ഇന്ന് പാലക്കുഴയുടെ സിരാ കേന്ദ്രത്തിൽ തലയുയർത്തി നിൽക്കുന്ന ഗവ: മോഡൽ ഹൈസ്ക്കൂൾ. വിജയ ശതമാനത്തിൽ സർക്കാർ സ്ക്കൂളുകളുടെ മുൻപന്തിയിൽ നില്ക്കുന്നഈ സ്ഥാപനം പാലക്കുഴയിലെ ജനസഹസ്രങ്ങളുടെ സ്വപ്ന സാക്ഷാൽക്കാരമാണ്.

വർഷങ്ങൾക്കുമുൻപ് പാലക്കുഴയിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് ഈ പഞ്ചായത്തിൽ നിന്നും ആറുകിലോമീററിലധികം ദൂരെ തിരുമാറാടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വടകര സെൻറ് ജോൺസ് ഹൈസ്ക്കൂളിനെ ആയിരുന്നു.

1946-47 കളിൽ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് നടന്ന പ്രക്ഷോഭണങ്ങളിൽ വടകര ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് നേതൃത്വം നൽകിയിരുന്നവരിൽ പലരും പാലക്കുഴ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളായിരുന്നു. 1947 ഓഗസ്ററ് 1-ാം തീയതി വെള്ളിയാഴ്ച കുത്താട്ടുകുളം പോലീസ് വടകര ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കെതിരെ നടത്തിയ ക്രൂരമായ ലാത്തിചാർജിൽ സാരമായ പരുക്കേററ പലരും ഇന്നും യാതൊരു രാഷ്ട്രീയലാഭേച്ഛയുമില്ലാതെ പാലക്കുഴ പഞ്ചായത്തിൻെറ വിവിധ കോണുകളിൽ നിശബ്ദരായി ജീവിക്കുന്നുണ്ട് അനുവാദമില്ലാത്തതിനാൽ പലരുടേയും പേരുകൾ ഇവിടെ പകർത്തുന്നില്ല. കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന നാടക, സിനിമാനടനായിരുന്ന എൻ എസ് ഇട്ടൻ' കല്ലിരിക്കുംകണ്ടത്തിൽ ററി ജെ. ചാക്കോ തുടങ്ങിയവർ അന്നു മർദ്ദനമേററ വിദ്യാർത്ഥികളിൽ പെട്ടവരാണ്. സ്വാതന്ത്ര്യസമര മുഖങ്ങളെ സജീവമാക്കിയ 22 സ്വാതന്ത്ര്യസമരസേനാനികൾക്ക് ഈപഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നുണ്ട്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അയിത്തോച്ഛാടന പ്രസ്ഥാനം പാലക്കുഴയിലെ ജനങ്ങളിൽ ഒരു വിഭാഗത്തെ ആവേശഭരിതരാക്കി. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിൻെറപേരിൽ സവർണ്ണ മേധാവികളുടെ ആജ്ഞാനുവർത്തികളാൽ കണ്ണിൽ ചുണ്ണാമ്പുതേയ്ക്കപ്പെട്ട പാലക്കുഴ കീഴേട്ടില്ലത്ത് രാമനിളയതിൻെറ എഴുതാത്ത കഥ അദ്ദേഹത്തിൻെറ സമകാലികർക്ക് മന:പ്പാഠമാണ്. വർണ്ണവർഗ്ഗഭേദമില്ലാതെ, ഹീനജാതിക്കാരെന്നു ധരിച്ചിരുന്നവരോടൊത്ത് പന്തിഭോജനം നടത്തിയ പാലക്കുഴയിലെ ആദ്യ ബ്രാഹ്മണ കുലജാതനായിരുന്നു അദ്ദേഹം യാഥാസ്ഥിതികരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് സ്വന്തം ഇല്ലപ്പറമ്പിൽ ഒരു വലിയ നെടുമ്പുരകെട്ടിയുണ്ടാക്കി അയിത്തജാതിക്കാരെ അതിലിരുത്തി അക്ഷരം പഠിപ്പിക്കാൻ തൻേറടംകാണിച്ച ഒരു ധീരനായിരുന്നു അദ്ദേഹം. മേൽജാതിക്കാരുടെ എതിർപ്പുമൂലം പഠിതാക്കൾ കുറവായിരുന്നെങ്കിലും അദ്ദേഹത്തിൻെറ ശ്രമഫലമായി കുറേകുട്ടികൾക്കെങ്കിലും അക്ഷരാഭ്യാസം നൽകുന്നതിന് അദ്ദേഹത്തിനുസാധിച്ചു.

സ്വാതന്ത്ര്യസമര കാലത്തും വിവിധ രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനങ്ങൾ പാലക്കുഴയുടെ മണ്ണിൽ വേരുപിടിച്ചുനിന്നു. ഇവയ്ക്കൊക്കെ നേതൃത്വം കൊടുക്കുകയും പ്രസ്ഥാനങ്ങൾക്കുവേണ്ടി ത്യാഗവും വേദനയും സഹിക്കുകയും ജീവനും സ്വന്തുക്കളും നഷ്ടപ്പെടുത്തുകയും ചെയ്യുകവഴി പാലക്കുഴയുടെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയമണ്ഡലങ്ങളിൽ നവോത്ഥാനത്തിൻെറ പുതുപൂക്കൾ വിതറിയ ധീരദേശാഭിമാനികൾ ഇന്നും സമരണീയരാണ്.

പാലക്കുഴയുടെ സാമൂഹ്യ, സാംസ്ക്കാരിക രാഷ്ട്രീയരംഗത്ത് സജീവ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ചില വ്യക്തികളാണ് ഡോ. കെ. തോമസ്, കുളിരാങ്കൽ, റവ: ഫാ വി. എം. ജോസഫ്, വെട്ടിനാൽ, ശ്രീ ഉലഹന്നൻ പുടവക്കര ശ്രീ പരമേശ്വരമാരാർ ശരണാലയം തുടങ്ങിയവർ.

ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിൻെറ പേരി കള്ളക്കേസുകളിൽ

കുടുക്കപ്പെടുകയും ക്രൂരമായ പോലീസ് മർദ്ദനം അനുഭവിക്കുകയും ചെയ്ത പലരും പിൽക്കാലത്ത് നിത്യരോഗികളായി മാറുകയും മരണമടയുകയും ചെയ്തിട്ടുണ്ട്. 1948-ൽ നടന്ന ഉമ്മൻ കൊലക്കേസും അതിനോടു അനുബന്ധിച്ചുണ്ടായ കൊടിയ മർദ്ദനവും ചരിത്രത്താളുകളിൽ നിലനിൽക്കുന്നു.

പുത്തിരിക്കൽ വൈദ്യൻ, ശ്രീ. എം. ജെ. ജോൺ, മാന്താനത്ത്, ശ്രീമതി വി. സി. മേരി വെട്ടീനാൽ, ശ്രീ രാഘവൻ നിരപ്പത്ത്, ശ്രീ. ജോർജ് കൂരുവേലിൽ, ശ്രീ. വി. റ്റി. വർക്കി വാട്ടപ്പിള്ളിൽ, ശ്രീ. കണ്ട ഐക്കരക്കുന്നേൽ തുടങ്ങിയവർ ഇവരിൽ ചിലരാണ്.

1957-മുതൽ 71 വരെ രൂപംകൊണ്ടതും നടപ്പിലായതുമായ ഭൂപരിഷ്കരണനിയമങ്ങളും സാമൂഹ്യ രാഷ്ട്രീയപ്രവർത്തനങ്ങളും പാലക്കുഴയിലെ ജന ജീവിതത്തിൽ സാരമായമാററങ്ങൾ വരുത്തിയിട്ടുണ്ട്. തൊഴിലുടമ തൊഴിലാളി ബന്ധങ്ങളിൽ ഇവിടെ യജമാന ദാസ്യ മനോഭാവം പ്രകടമല്ല. വേതനവും ജോലിസമയവും നിജപ്പെടുത്തുന്നതിൽ തൊഴിലാളികളുടെ അവകാശവാദത്തിനുതന്നെയാണ് മുൻതൂക്കം. ചുമടെടുക്കുന്നവരും മരം മുറിക്കുന്നവരുമൊക്കെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അറുപതുകളിൽ ആരംഭിച്ച റബ്ബർകൃഷി ഇന്ന് പഞ്ചായത്തിലാകെ പടർന്നുപന്തലിച്ചു നിൽക്കുന്നു. കർഷക കുടുംബങ്ങളിലെ മുഖ്യവരുമാനം റബ്ബർകൃഷിയിൽ നിന്നുതന്നെയാണ്. അറുപതുകൾക്കു മുൻപ് പുരയിടം നിറഞ്ഞുനിന്നിരുന്ന തെങ്ങും കമുങ്ങും കരുമുളകുമൊക്കെ കീടബാധയേററ് നശിച്ചില്ലാതായിക്കൊണ്ടിരിക്കുന്നു. അഭ്യസ്ത വിദ്യരുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളുടേയും കർഷകതൊഴിലാളികളുടേയും എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് ഉല്പാദനക്ഷമതയെ കാര്യമായി ബാധിക്കുന്നു. പലരും നെൽകൃഷി ഉപേക്ഷിച്ച് മററു നാണ്യവിളകൾ കൃഷിചെയ്തുവരുന്നു. ജന്മിയെന്നു പേരിട്ടുവിളിക്കാൻ ഇന്ന് ആരുംതന്നെ ഇവിടെയില്ല. കൃഷിക്കാരിൽ അധികവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. പലരും സ്വന്തമായി കൃഷിയിടങ്ങളിൽ ജോലിചെയ്യുന്നു. ഒരു തുണ്ടുഭൂമി പോലും സ്വന്തമായില്ലാത്ത 130-ഓളം കുടുംബങ്ങൾ നിലനില്ക്കുന്നു ജനങ്ങളിൽ 95%സാക്ഷരരാണ്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടാൻ അഭ്യസ്തവിദ്യരും താണവരുമാനക്കാരുമായ യുവതലമുറ മടിച്ചുനില്ക്കുന്നു. അവർ കൂടുതൽ മാന്യതയുള്ള തൊഴിൽ അന്വേഷിക്കുന്നു. കാര്യമായ ഒരു വ്യവസായ സ്ഥാപനമോ, മാർക്കററോ ഇല്ലാത്ത പഞ്ചായത്താണ് പാലക്കുഴ.

ഇന്നലെയുടെ പ്രശ്നങ്ങളെ മാററിനിർത്തിക്കൊണ്ട് ഇന്നിനെപ്പററിചിന്തിക്കുമ്പോൾ പാലക്കുഴ ഇന്നഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1 കാർഷിക മേഖലയുടെ പ്രത്യേകിച്ച് തെങ്ങ്, നെല്ല് തുടങ്ങിയ കൃഷിയിടങ്ങളിലെ ശോചനീയാവസ്ഥയും താഴ്ന്ന ഉത്പ്പാദനക്ഷമതയും.

2 കാർഷിക മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

3 അഭ്യസ്ത വിദ്യരുടെ ഇടയിലെ രൂക്ഷമായ തൊഴിലില്ലായ്മ.

4) കുടിവെള്ളത്തിന്റെയും ജലസേചനസൗകര്യങ്ങളുടേയും അപര്യപ്തത,

5) സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീപങ്കാളിത്തത്തിന്റെ പോരായ്മ.

## ഭൂപ്രകൃതി:-

ഭൂപ്രകൃതിയനുസരിച്ച് പാലക്കുഴയെ നാലുമേഖലകളായി തിരിക്കാം.

1) മലകളും കുന്നുകളും

2) മലഞ്ചെരിവുകൾ

3) മലഞ്ചെരിവുകളോടുചേർന്നുകിടക്കുന്ന ചെറുപാടങ്ങൾ

4) പാറക്കൂട്ടങ്ങൾ, വെള്ളാരൻകൽ പ്രദേശങ്ങൾ

പട്ടിക-1

| | തരം | വിസ്തീർണ്ണം (ച: കി. മീ) | ശതമാനം |
|---|---|---|---|
| 1 | മലകളും കുന്നുകളും | 6.68 | 30 |

| | | | |
|---|---|---|---|
| 2 | മലഞ്ചെരിവുകൾ | 10.00 | 45 |
| 3 | നെൽപ്പാടങ്ങൾ | 3.35 | 15 |
| 4 | പാറക്കൂട്ടങ്ങൾ മററിനങ്ങൾ | 2.24 | 10 |
| | ആകെ | 22.27 | 100 |

317

## 1 മലകളും കുന്നുകളും -

മൊത്തം വിസ്തൃതിയിൽ 30% വരുന്നു. സമുദ്രനിരപ്പിൽ നിന്നും 160 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇല്ലിക്കുന്ന്, ഏലച്ചിക്കുന്ന്, വാളായിക്കുന്ന്, അമ്പലംകുന്ന്, വാഴമല, ഇടമനക്കുന്ന് തുടങ്ങിയ ഉയരം കൂടിയ പ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ സമൃദ്ധമായി വളരാൻ പററിയ മണ്ണുള്ളസ്ഥലമാണ്. ഇവിടെ റബ്ബർക്കൃഷി വ്യാപകമായി ചെയ്തുവരുന്നു. മാവ്, പ്ലാവ്, ആഞ്ഞിലി തേക്ക് തുടങ്ങിയ വൃക്ഷങ്ങളും ഇവിടെ വളരുന്നു. തെങ്ങും പ്രധാന കൃഷിയിനമാണ്. കറുപ്പും ചെമപ്പും കലർന്ന മണ്ണാണിവിടെ കണ്ടുവരുന്നത്.

## 2 മലഞ്ചെരിവുകൾ

ചെരിവുകളെ കല്ലുകയ്യാലകൾകെട്ടി മണ്ണൊലിപ്പിൽ നിന്നും സംരക്ഷിച്ച് റബ്ബർ, തെങ്ങ്, കമുക എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്തു വരുന്നു. വളക്കൂറുള്ള ഇവിടത്തെ മണ്ണ് ചെറിയ കറുപ്പു നിറത്തോടുകൂടിയതാണ് .

## 3 നെൽപ്പാടങ്ങൾ

കുന്നുകൾക്കും മലകൾക്കുമിടയിൽ ചെറിയ ചെറിയ പാടശേഖരങ്ങൾ ഒററപ്പെട്ടുകിടക്കുന്നു. മഴയിൽനിന്നും ലഭിക്കുന്ന വെള്ളം ശേഖരിച്ച് നിലനിർത്താൻ കഴിയുന്ന പാടങ്ങളിൽ നെൽകൃഷി ചെയ്ത് വരുന്നു. വെള്ളത്തിൻെറ ലഭ്യതയനുസരിച്ച് ഒരുപ്പൂ, ഇരുപ്പൂ കൃഷികൾ നടത്തുന്ന പാടശേഖരങ്ങളുണ്ട്. മാറികപ്പാടം, മൂങ്ങാംകുന്ന്പാടം, പാട്ടുപാളത്താഴംപാടം, പുത്തൻപുരത്താഴംപാടം, കോഴിപ്പിള്ളികാവു ഭാഗം പാലക്കുഴകാവും ഭാഗം തുടങ്ങിയ പാടശേഖരങ്ങൾ നെൽകൃഷിക്ക് ഉപയുക്തമായ മണ്ണുള്ളവയാണ്. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ മററു നാണ്യവിളകളിലേക്ക് പാടങ്ങൾ മാററപ്പെട്ടുകൊണ്ടിരിക്കുന്നു.

## 4 പാറക്കൂട്ടങ്ങൾ മററിനങ്ങൾ

മൺ പാളികളില്ലാത്തതുകൊണ്ട് ഇവിടം കൃഷിക്കുപയുക്തമല്ല.

## ജനപ്രകൃതി

1991 കാനേഷുമാരി കണക്കനുസരിച്ച് പാലക്കുഴയിലെ ജനസംഖ്യ 12773 ആണ്. ഇതിൽ 6358 പുരുഷൻമാരും 6415 സ്ത്രീകളുമാണ്. വാർഡുതിരിച്ചുള്ള കണക്കുകൾ പട്ടികയിൽ കാണാം. ശരാശരി വീടൊന്നിന് അംഗസംഖ്യ 4 ആണ്. സംസ്ഥാന ശരാശരി 5.6 ആണ്. ച. കി. മീററിന് 574 ആണ് ജന സാന്ദ്രത.

പട്ടിക II

| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 885 | 905 | 1790 |
| II | 875 | 875 | 1748 |
| III | 795 | 773 | 1568 |
| IV | 908 | 882 | 1790 |

| | | | |
|---|---|---|---|
| V | 882 | 856 | 1738 |
| VI | 566 | 599 | 1165 |
| VII | 696 | 753 | 1449 |
| VIII | 753 | 772 | 1525 |
| ആകെ | 6358 | 6415 | 12773 |

സാക്ഷരതാ നിരക്ക് 95% ആണ്. 15 വയസിനുമേൽ പ്രായമുള്ളവരിൽ 55% S. S. L. C. പാസായവരാണ്. ബിരുദധാരികൾ 421 പേർ ഉണ്ട്. ബിരുദാനന്തര ബിരുദമുള്ളവരുടെ എണ്ണം 96 ആണ്. ജനസംഖ്യയിൽ 35% ആളുകൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

പട്ടിക III–തൊഴിലെടുക്കുന്നവരുടെ എണ്ണം (കാനേഷുമാരി'91)

| | പു | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 3323 | 613 | 3936 |
| ഭാഗികതൊഴിലുകൾ | 262 | 166 | 528 |
| ആകെ | 3585 | 779 | 4464 |

സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 15% ആണ്.

പട്ടികയിൽ നിന്നും പ്രകടമാകുന്നത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷൻമാരുടേതിനെ അപേക്ഷിച്ച് കുറവാണെന്നതാണ്. പ്രത്യക്ഷ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ് തൊഴിലാളികളുടെ എണ്ണം വിവിധമേഖലകളിൽ മുഖ്യ തൊഴിലുകാർ മാത്രം (കാനേഷുമാരി 1991)

പട്ടിക IV

| | തൊഴിൽ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | കൃഷിക്കാർ | 1159 | 60 | 1219 |
| 2 | കർഷകതൊഴിലാളികൾ | 819 | 253 | 1072 |
| 3 | മൃഗ പരിപാലനം | 343 | 17 | 360 |
| 4 | പാറപൊട്ടിക്കൽ | 50 | — | 50 |
| 5 | വ്യവസായം | 36 | 60 | 96 |
| 6 | കെട്ടിട, റോഡ് നിർമ്മാണം | 104 | 29 | 133 |
| 7 | ഫർണീച്ചർ നിർമ്മാണം | 323 | 18 | 341 |
| 8 | ഗതാഗതം, വാർത്താവിനിമയം | 134 | 5 | 139 |
| 9 | മററുസേവനങ്ങൾ | 355 | 171 | 526 |
| | ആകെ | 3323 | 613 | 3936 |

മൊത്തം തൊഴിലാളികളിൽ സ്ത്രീകൾ 15% മാത്രമേ വരുന്നുള്ളു. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര രജിസ്ററർ ചെയ്തിട്ടുള്ളവർ 1344 ആണ്. അഭ്യസ്തവിദ്യരാണധികവും തൊഴിലെടുക്കുവാൻ കഴിവുള്ളവരിൽ 25% വും ജോലിയില്ലാത്തവരാണ്. തൊഴിലില്ലായ്മ സ്ത്രീകളിലാണ് രൂക്ഷം. ജന സംഖ്യയിൽ 50% ഹിന്ദുക്കളും 44% ക്രിസ്ത്യാനികളും 6% പട്ടികജാതി/വർഗവുമാണ്. എല്ലാ ജാതികളിലും പാവപ്പെട്ടവരും പണക്കാരുമുണ്ട്. ജാതിമതഭേദമെന്യേ സൗഹൃദാന്തരീക്ഷത്തിൽ ജീവിക്കുന്നു

## ജലവിഭവങ്ങൾ

മുഖ്യമായും മഴയെ ആശ്രയിച്ചാണ് പാലക്കുഴയിൽ കാർഷികവ്യവസ്ഥ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 3500 മി. മീററർ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷത്തിൽ നിന്നാണ് അധികമഴ ലഭിക്കുന്നത്. ജനുവരി മുതൽ മെയ് അവസാനം വരെയും സാധാരണയായി ജലക്ഷാമം, പ്രത്യേകിച്ചും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു മാറികത്തോട്, അല്ലക്കുഴത്തോട് എന്നിവയാണ പ്രധാനപ്പെട്ട തോടുകൾ വേനൽക്കാലാരംഭത്തോടുകൂടി വററി വരളുന്ന തോടുകളാണിവ മണിക്കുഴിപ്പാടം, മററപ്പനാട്, പുളിയാനിത്താഴം, വള്ളിത്തടം, പാലിയക്കുളം, വലിയകുളംചരത്താഴം, മാരാംകണ്ടംതാഴം, കല്ലിരിക്കാംകണ്ടംകുളം, വാരിശ്ശേരിത്താഴംകുളം, ഇടത്തിത്താഴംകുളം തുടങ്ങിയ കുളങ്ങളും സ്വകാര്യകിണറുകളുമാണ് പഞ്ചായത്തിൻെറ ജലസമ്പത്ത് വേനൽക്കാലത്ത് ചുരുക്കം ചിലവയൊഴിച്ചു ബാക്കിയെല്ലാം വററപ്പോകുന്നു. വാററാത്ത കുളങ്ങളിൽ നിന്നുള്ള ജലലഭ്യത വളരെ കുറവാണ്.

## കൃഷി

മിക്കപ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരിക്കുന്നു. തരിശുഭൂമി 6% വരും. 321 ഹെക്ടർ നെൽക്കൃഷിയുണ്ടായിരുന്നത് ഇപ്പോൾ 105 ഹെക്ടർ ആയിചുരുങ്ങി. റബ്ബർ, കൊക്കോ, തെങ്ങ്, കപ്പ, കന്നാര തുടങ്ങിയ മററുവിളകൾക്കു വേണ്ടി പാടങ്ങൾ ഉപയോഗിച്ചുവരുന്നു.

### പട്ടിക V ഭൂവിനിയോഗം

| | വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് ഒന്നാം വിള | 87 |
| 2. | നെല്ല് രണ്ടാം വിള | 87 |
| 3. | നെല്ല് മൂന്നാം വിള | ഇല്ല |
| 4. | തെങ്ങ് | 484 |
| 5. | മിശ്രിതവൃക്ഷങ്ങൾ | 260 |
| 6 | തരിശ് (കൃഷിചെയ്യാത്തത്) | 13 |
| 7. | പയറും പച്ചക്കറികളും | 35 |
| 8. | ജലാശയങ്ങൾ (കുളം, കിണറ്) | 9 |
| 9. | ചതുപ്പ് | ഇല്ല |
| 10. | കുരുമുളക് | 30 |
| 11. | കമുക് | 10 |
| 12. | കശുമാവ് | 1 |
| 13. | ചെങ്കൽക്വാറി | ഇല്ല |

| | | |
|---|---|---|
| 14. | കപ്പ (മരച്ചീനി) | 60 |
| 15. | വാഴ | 25 |
| 16. | റബ്ബർ | 1125 |
| 17. | കന്നാര | 60 |
| | ആകെ | 2286 |

പൊതുജല സ്രോതസ്സുകളുടെ സംരക്ഷണം ഇല്ലാതായിരിക്കുന്നു. സ്വകാര്യ ജല സ്രോതസ്സുകൾ മററുളളവർക്ക് തുറന്നുകിട്ടുക വിഷമമാണ്.

കൃഷിയിടങ്ങളുടെ വിസ്തൃതി അനുസരിച്ച് കർഷകരെ മൂന്നായി വിഭജിക്കാം.

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 1 മുതൽ 2 ഹെക്ടർ വരെ കൃഷിയുളളവർ | 2 ഹെക്ടറിൽ കൂടുതൽ ഉളള കൃഷിക്കാർ |
|---|---|---|
| 1243 | 794 | 280 |

## നിലവിലുളള കാർഷികോപകരണങ്ങൾ

1) ട്രാക്ടർ – ഇല്ല
2) ടില്ലർ – 6
3) നാടൻകലപ്പ – 70
4) റോക്കർ സ്പ്രെയർ – 15
5) നാപ്സാക് സ്പ്രെയർ – 41
6) മെതിയന്ത്രം – ഇല്ല
7) തെങ്ങുകയററയന്ത്രം – ഇല്ല
8) പോർട്ടബിൾ പമ്പ്സെററ് – 10
9) തോടുകളിലും കുളങ്ങളിലും സ്ഥാപിച്ചിട്ടുളള സ്ഥിരം പമ്പു സെററുകൾ –96

പുളിക്കച്ചാൽ, മാറിക, വടക്കൻപാലക്കുഴ, മൂങ്ങാംകുന്ന്, പാലക്കുഴസെൻട്രൽ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ രാസവളകടകൾ പ്രവർത്തിക്കുന്നു. രാസവളത്തിൽ നിന്നും ജൈവവളത്തിലേക്ക് മാറാനുളള പ്രവണത കർഷകരിൽ ഈയിടെയായി കണ്ടുവരുന്നു. വർഷത്തിൽ ശരാശരി 260-ടൺ രാസവളം കർഷകർ ഉപയോഗിക്കുന്നു. ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ കാർഷിക രംഗത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുളള നിർദ്ദേശങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

### പ്രശ്നങ്ങൾ

1) നെൽകൃഷി പൊതുവെ ലാഭകരമല്ല.
2) കൃഷിയാവശ്യത്തിനുളള ജലദൗർല്ലഭ്യം.

3) ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
4) യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
5) രാസവളത്തിന്റെ വിലക്കൂടുതലും ജൈവവളത്തിന്റെ അഭാവവും.
6) കർഷകതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു.
7) തെങ്ങുകൃഷിയെ കൊപ്പുവേ ബാധിക്കുന്ന രോഗങ്ങൾ.

## നിർദ്ദേശങ്ങൾ – സാദ്ധ്യതകൾ

1) രണ്ടാം വാർഡിൽ തുടങ്ങി ഒന്നാം വാർഡിൽക്കൂടിപ്പോകുന്ന എം. വി. ഐ. പി യുടെ ഉപകനാൽ വല്ലൻപുഴ, പാറക്കാനം വഴി മെയിൻകനാൽ വരെ നീട്ടുക.
2) മണ്ണുകുഴിപ്പാടം, മറ്റപ്പനാട്, പുളിയാനിത്താഴം ഇവിടങ്ങളിൽ പൊതുകുളങ്ങൾ വേണം. പാട്ടുപാളത്താഴത്ത് നിലവിലുള്ള കുളം വിപുലപ്പെടുത്തണം.
3) പുതിയ ഇനം കൃഷികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും മണ്ണൊലിപ്പ് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.
4) കാർഷിക വിളകൾ വിററഴിക്കുന്നതിനുള്ള വിപണന സൗകര്യം കുറവാണ്. (മാർക്കററിംഗ് സൗകര്യമില്ല) പൊതുമാർക്കററ് സ്ഥാപിക്കണം.
5) വള്ളിത്തടത്തിൽ ജലസേചനത്തിനുവേണ്ടി ഒരു പുതിയ കുളം നിർമ്മിക്കണം.
6) നെൽകൃഷിക്കു ലഭിക്കുന്ന സബ്സിഡി നിരക്ക് ഉയർത്തണം.
7) അല്ലക്കുഴ തോടിന് സംരക്ഷണഭിത്തി കെട്ടണം.
8) ചാണാപ്പാടം തോട്ടിൽ ഒരു ചെക്ക് ഡാം കെട്ടണം, മാറിക തോട്ടിലും അല്ലക്കുഴതോട്ടിൽ ഭൂതക്കുഴി, തണുപ്പുംകുഴി (ലക്ഷംവീടുകോളനിക്കുതാഴെ) എന്നിവിടങ്ങളിൽ ചെക്കുഡാം കെട്ടണം.
9) കാനംമലയിൽ ലിഫ്ററ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തണം
10) ഇലച്ചിക്കുന്നു ഭാഗത്തേക്ക് ഉപകനാൽ നിർമ്മിക്കണം
11) ചേലപ്പുഴ ഭാഗത്ത് കുഴൽക്കിണർ നിർമ്മിക്കണം.
12) പാലിയക്കുളത്തിലെ ചെളിയെടുത്തു മാററി കുളം വൃത്തിയാക്കണം.
13) ആശുപത്രി, സ്ക്കൂൾകോമ്പൗണ്ടുകളിൽ പച്ചക്കറിക്കൃഷി നടത്തണം.
14) നെരിച്ചിനാൽ പാടത്തിന്റെ അരികിലൂടെ ഒഴുകുന്ന തോടിന് സംരക്ഷണഭിത്തി കെട്ടുക,
15) പച്ചക്കറിക്കൃഷികളിൽ ഗ്രൂപ്പ്ഫാമിംഗ് ഏർപ്പെടുത്തുകയും സൗജന്യമായി വിത്തും വളവും ലഭ്യമാക്കുകയും വേണം.
16) വലിയ കുളങ്ങരത്താഴംകുളം മണ്ണെടുത്തുനീക്കി ഉപയോഗയോഗ്യമാക്കണം.
17) നെൽക്കൃഷിക്ക് വിത്തും വളവും സൗജന്യമാക്കണം.
18) ഇല്ലിക്കുന്ന് ഉപകനാൽ വിപുലമാക്കണം.
19) ഔഷധ സസ്യക്കൃഷിയും, തീററപ്പുൽക്കൃഷിയും, പുഷ്പക്കൃഷിയും ആരംഭിക്കണം.
20) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കണം.

21 മണ്ണുപരിശോധനാ സൗകര്യം വേണം

22) മാറികപ്പള്ളിത്താഴം-മഞ്ചാടി-ഇല്ലിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ വേണം.

23) പാതിരിക്കര ഔസേപ്പിന്റെ വീടിനടുത്ത് കുളംകുഴിച്ച് കണ്ണാടികണ്ടം മുതൽ മാറികവരെ ജലസേചന സൗകര്യമുണ്ടാക്കുകയും പാടങ്ങൾക്ക് സംരക്ഷണഭിത്തികൾ കെട്ടുകയും വേണം.

24) തേക്കനാൽ ചെക്കുഡാമിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യമുണ്ടാക്കണം.

25) വളത്തിനും കീടനാശിനിക്കും സബ്സിഡി ഏർപ്പെടുത്തണം.

26) തെങ്ങ്, കവുക കൃഷിക്കാർക്ക് പമ്പ്സെറ്റ് സൗജന്യമായി നൽകണം.

27) പാറക്കടവ തേക്കനാൽചിറ ഉപകനാൽ പണിതീർക്കുക.

28) കല്ലറിക്കുംകണ്ടം പഞ്ചായത്തുകുളം സൈഡ് ഭിത്തി കെട്ടി ജലസേചനത്തിന് ഉപയുക്തമാക്കുക.

29) കാർഷികാവശ്യങ്ങൾക്ക് യന്ത്രങ്ങൾ വിതരണം ചെയ്യുക.

30) നെൽപ്പാടങ്ങൾ മററു കൃഷികൾക്ക് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക.

31) കൃഷിക്കാർക്ക് 55 വയസ്സു കഴിയുമ്പോൾ പെൻഷൻ അനുവദിക്കുക.

32) കൃഷിഭവനിൽ നിന്നു നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി പരസ്യപ്പെടുത്തുക

33) ൺകൃഷി വ്യാപകമായ തോതിൽ പ്രോത്സാഹിപ്പിക്കുക

34) നല്ലയിനം വിത്തുകൾ വിതരണത്തിനുവേണ്ടി പ്രാദേശികമായി ശേഖരിക്കുക.

35) നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള വാട്ടർടാങ്കുകളിൽ എത്രയും വേഗം വെള്ളമെത്തിച്ച് വിതരണം നടത്തുക.

36) ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

37) കുഴിയാമ്പിത്താഴംകുളം പുനരുദ്ധരിക്കുക.

38) കേടുവന്ന തെങ്ങുകൾ വെട്ടിമാററുന്നതിന് ധനസഹായം വർദ്ധിപ്പിക്കുക

39) അടുക്കളത്തോട്ടനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

40) കൃഷിഭവന്റെ നേതൃത്വത്തിൽ നേഴ്സറി തുടങ്ങുക

41) 7 ാം വാർഡിൽ നിർമ്മിക്കുന്ന കനാൽ ഇടത്തിൽ താഴം വരെ നീട്ടുക.

42) ഇടത്തിത്താഴംകുളം ആഴം കൂട്ടി ജല ലഭ്യത വർദ്ധിപ്പിക്കുക.

43) VII ാം വാർഡിൽ മരോട്ടിച്ചുവട് ഭാഗത്തും തടയണ നിർമ്മിക്കണം.

44) പാറക്കാവ് കുളത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുക.

45) അല്ലക്കുഴത്താഴം. നടയോഗം. വേലത്തിത്തുറ, പേനാട്ടുതാഴം, ആമിക്കമെത്താഴം, എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുക

46) കൃഷ്യാവശ്യത്തിനുള്ള ലഘുയന്ത്രങ്ങൾ, സ്പ്രെയറുകൾ തുടങ്ങിയവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം

47) മണ്ണൊലിപ്പു തടയാൻ ധനസഹായം നൽകണം

## കാർഷിക രംഗത്തെ നടപ്പു പദ്ധതികളെക്കുറിച്ചുള്ള അവലോകനം

| ലക്ഷ്യം | | നേട്ടങ്ങൾ |
|---|---|---|
| **C. C. D. P.** | | |
| 1) ജലസേചന കിണറുകൾക്ക് സഹായം നൽകൽ | – 25 എണ്ണം | അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടേയുള്ളു |
| 2) ജലസേചന പമ്പുസെററുകൾ | – 25 എണ്ണം | ,, |
| 3) ഫെർട്ടിലൈസർ കിററ് – തെങ്ങുകൃഷി | -645 കിററ് -645 കർഷകർക്ക് | നടപടികൾ ആരംഭിച്ചു. |
| 4) തെങ്ങുകയററ യന്ത്രത്തിനു സഹായം | - 1 എണ്ണം | ,, |
| 5) റോക്കർ സ്പ്രെയർ | – 1 എണ്ണം | ,, |
| 6) ഇഞ്ചിക്കൃഷിവികസനം | - 1 ഹെക്ടർ | നടപടികൾ സ്വീകരിച്ചു. |
| 7) മഞ്ഞൾ പ്രദർശനത്തോട്ടം | - | |
| 8) നെല്ലുത്പാദന ബോണസ് | -110 ഏക്കർ | ഫണ്ട് ലഭിച്ചിട്ടുണ്ട്. |
| **I. D. P. S.** | | |
| കുരുമുളകു പുനരുദ്ധാരണം | — | നടപടികൾ പൂർത്തീകരിച്ചു. |
| (3-ാം വർഷം) 3 ഹെക്ടറിന് | | വിതരണം തുടങ്ങിയില്ല. |
| 1-ാം വർഷം 2 ഹെക്ടറിന് — | | ,, |

## മൂവാററുപുഴ വാലിഇറിഗേഷൻ പദ്ധതിയുടെ കീഴിൽ പാലക്കുഴ ലിഫ്ററ് ഇറിഗേഷൻ സ്ക്കീം

| | |
|---|---|
| 1) പാലക്കുഴ ലിഫ്ററ്ഇറിഗേഷൻ സ്ക്കീമിൽ ലിഫ്ററിനു ശേഷം Ch O മുതൽ 2300 മീററർ വരെ C. D- വർക്ക് ഉൾപ്പടെ | അടങ്കൽത്തുക 225 ലക്ഷം രൂപാ സർവ്വേ നടത്തി സ്ഥലം ഏറെറടുക്കൽ പൂർത്തിയായി |
| 2) പാലക്കുഴ ലിഫ്ററ്ഇറിഗേഷൻ സ്കീമിൽ സംബുവെൽ, പമ്പ് ഹൗസ് തുടങ്ങിയ പണികൾ. | 200 ലക്ഷം രൂപാ സർവ്വേ നടത്തി സ്ഥലം ഏറെറടുക്കൽ പൂർത്തിയായി |
| 3) ടി പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ പണികൾ | 10 ലക്ഷം |
| 4) ടി സ്ക്കീമിൽ പാലക്കുഴ നോർത്ത് ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 250 മീ. റഗുലേററും അക്വിഡക്ററും ഉൾപ്പടെ | 20 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

| | |
|---|---|
| 5) ടി സ്കീമിൽ നോർത്ത ഡിസ്ട്രിബ്യൂട്ടറി Ch 250 മീ. മുതൽ 1700 മീ. വരെ | 40 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 6) ടി സ്കീമിൽ Ch 1700 മീ: മുതൽ 1900 മീ. വരെ അക്വിഡക്റ്റ് ഉൾപ്പടെ | 20 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 7) ടി സ്കീമിൽ Ch 1900 മീ മുതൽ 3400 മീ വരെ | 48 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 8) ടി സ്കീമിൽ Ch 3400 മീ. മുതൽ 3600 മീ. ടെയിൽ എൻഡ് ഉൾപ്പടെ | 15 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 9) ടി സ്കീമിൽ കോഴിപ്പിള്ളി മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 2000 മീ. വരെ | 31 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 10) ടി സ്കീമിൽ കോഴിപ്പിള്ളി മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch 2000 മുതൽ 4107 മീ. | 35 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 11) ടി സ്കീമിൽ ഇല്ലിക്കുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1000 മീ. | 47 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 12) ടി സ്കീമിൽ Ch 1200 മീ മുതൽ 2000 മീ വരര | [illegible]0 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 13) ടി സ്കീമിൽ Ch 2000 മീ. മുതൽ 3160 മീ. വരെ | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 14) ടി സ്കീമിൽ അമ്പലംകുന്ന് ദേവമാതാകുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി 3 കി മീ. Ch 1500 മീ, മുതൽ 3000 മീ. | 1 കോടി രൂപാ സർവ്വേ പൂർത്തിയായി<br>സർവ്വേ പൂർത്തിയായി |
| 15) ടി സ്കീമിൽ ഹെഡ് റഗുലേറ്റർ, പാലക്കുഴ മെയിൻ ഡിസ്ട്രിബ്യൂട്ടറി ക്രോസ റഗുലേറ്ററും ഇടതുകര റൈറ്റ് കനാലിന്റെ Ch 18710മയിീമ | 8 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 16) ടി സ്കീമിൽ വാളായിക്കുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1500 മീ. വരെ | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

| | |
|---|---|
| 17) ടി സ്ക്കീമിൽ വാളായിക്കുന്ന് മെയിൻ ഡിസ്ടിബ്യൂട്ടറിഷകം്ല03 Ch: 1500 മീ. മുതൽ 3000 മീ. | രൂപാ 30 ലക്ഷം രൂപ |
| 18) ടി സ്ക്കീമിൽ മൂങ്ങാംകുന്ന് മെയിൻ ഡിസ്ടിബ്യൂട്ടറി Ch O മുതൽ 1500 മീ. വരെ | 0 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 19) മൂങ്ങാംകുന്ന് മെയിൻ ഡിസ്ടിബ്യൂട്ടറി Ch 1500 മുതൽ 3000 മീ. വരെ | 40 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 20) കൂത്താട്ടുകുളം മെയിൻ ഡിസ്ടിബ്യൂട്ടറി 4 കി. മീ. | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 21) ടി സ്ക്കീമിൽ മാറിക ഡിസ്ടിബ്യൂട്ടറി Ch O മുതൽ 1945 മീ. (അകചിഡേററുകൂടാതെ) | 35 5 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 22) ടി സ്ക്കീമിൽ 1945 മുതൽ 3803 മീ. (അകചിഡേററുകൂടാതെ) | 37 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 23) അകചിഡേററ് 265 മീ മുതൽ 405 മീററർ 965 മീ. മുതൽ 1100 മീ 2135 മീ. മുതൽ 2365 മീ | 60 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

## മൃഗസംരക്ഷണം

പശു, എരുമ, ആട്, പന്നി എന്നിവയാണ് പാലക്കുഴിയിലെ പ്രധാന വളർത്തുമൃഗങ്ങ പക്ഷികളിൽ പ്രധാനപ്പെട്ടത് കോഴിയാണ്.

### പട്ടിക

| വളർത്തുമൃഗങ്ങളും പക്ഷികളും | എണ്ണത്തിൽ |
|---|---|
| 1980 | 1996 |
| പശു – 1834 | 1576 |
| കന്നുകുട്ടികൾ 420 | 380 |
| എരുമ – 65 | 40 |
| കാള – 1200 | 12 |
| ആട് – 2200 | 1112 |
| കോഴി – 13500 | 14800 |
| താറാവ് – 760 | 170 |

326

കാളവണ്ടി – 28 ഇല്ല

കലപ്പ – 2600 198

വളർത്തുമൃഗങ്ങളുടെ സംഖ്യയിൽ വന്ന സാരമായ മാററങ്ങളെ കുറിച്ച് മേൽ പട്ടികയിൽ നിന്നും മനസിലാക്കാം. കാളകൾ തീരെ ഇല്ലാതായിരിക്കുന്നു. കാളവണ്ടിയും കലപ്പയും അപൂർവ്വമായി മാത്രം ഉപയോഗിക്കപ്പെടുന്നു. മേച്ചിൽ പുറങ്ങൾ കുറവായതിനാൽ ആടുവളർത്തലിലും സാരമായ കുറവ് ഉണ്ടായിട്ടുണ്ട്. കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞു. നിലവിലുള്ള പശുക്കളിൽ 95% അത്യുല്പാദന ശേഷിയുള്ളതായതുകൊണ്ട് പാലിന്റെ ഉത്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 1500 ഓളം കുടുംബങ്ങൾ പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലാകെയുള്ള മൃഗ സംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പാലക്കുഴ സെൻററിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയാണ്. ഇവിടെ സ്ഥിരം ഡോക്ടറില്ലാത്തത് ഒരു ന്യൂനതയാണ്.

5) സ്വകാര്യ ഇറച്ചിക്കോഴി വളർത്താൻ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്തതൃത്തിക്കുന്നിൽ ഇപ്പോൾ 4 ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഷ്ക്കോല്, പുല്ല, തുടങ്ങിയവയുടെ ദൗർലഭ്യവും കാലിതീററയുടെ അമിതമായ വർദ്ധനയുമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. മുട്ടക്കോഴി വളർത്തൽ വ്യവസായ അടിസ്ഥാനത്തിൽ നടത്തുന്നില്ല.

## പ്രധാനപ്രശ്നങ്ങൾ

1) കാലിതീററയിടെ വിലവർദ്ധനക്ക് ആനുപാതികമായി പാൽവില വർദ്ധിപിച്ചിട്ടില്ല
2) കോഴിതീററയുടെ വിലകൂടുതലായ കാരണം കോഴിവളർത്തൽ വേണ്ടത്ര ലാഭകരമല്ല.
3) മൃഗാസ്പത്രിയിൽ സ്ഥിരമായി ഡോക്ടറില്ലാത്തതിനാൽ നേരിടുന്ന അസൗകര്യങ്ങൾ.

## നിർദ്ദേശങ്ങളും സാധ്യതകളും

1. കാലിതീററ കുറഞ്ഞവിലക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക
2. കാലിതീററ, കോഴിതീററ നിർമ്മിണയൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ സ്വീകരിക്കുക.
3. ആസ്പത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുക.
4. കോഴിവളർത്തലു, ഹാച്ചറിയും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുകു
5. അലഞ്ഞുതുരുഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക
6. മാറികയിൽ I. C. D. P. സെൻറർ വേണം
7. ഇല്ലിക്കുന്നിൽ മൃഗാശുപത്രി വേണം
8. വടക്കൻ പാറക്കുഴയിൽ കൃത്രിമബീജകേന്ദ്രവും പാൽസൊസൈററിയും മൃഗാശുപത്രുയും വേണം.

## മത്സ്യബന്ധം

വേനൽക്കാലത്ത വളരെ രൂക്ഷമായ ജല ദൗർലഭ്യവും നേരിടുന്ന ഈ പഞ്ചായത്തിൽ മത്സ്യബന്ധനം വിജയകരമായി നടത്തുവാനുള്ള സാദ്ധ്യതകൾ വളരെ വിരളമാണ്. മത്സ്യബന്ധനം ഈ പഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഈ വിഷയവുമായിബന്ധപ്പെട്ട പ്രശ്നങ്ങൾ ഒന്നും തന്നെഇല്ല.

| പ്രശ്നങ്ങൾ | നിർദ്ദേശങ്ങളും സാദ്ധ്യതകളും |
|---|---|
| ഇല്ല | 1) ചുരുക്കം ചില വെള്ളം വററാത്ത കിണറുകളിലും കുളങ്ങളിലും ചെറിയതോതിൽ മത്സ്യം വളർത്തുക.<br>2) താഴ്ന്ന പാടങ്ങളിലെ കന്നാര കൃഷിക്ക് ഇടയിൽ വെള്ളത്തിൽ 6-മാസക്കാലം കൊണ്ട് വളർച്ച പൂർത്തിയാകുന്നഇനം മത്സ്യങ്ങളെ വളർത്താവുന്നതാണ് |

## വ്യവസായം

എടുത്തുപറയത്തക്ക വ്യവസായസംരംഭങ്ങളൊന്നും നിലവിലില്ലാത്ത ഒരു പഞ്ചായത്താണ് പാലക്കുഴ. വ്യവസായസംരംഭങ്ങളിൽ ഏർപ്പെടുവാൻ മുന്നോട്ടുവന്ന സംരഭകരും ഇവിടെ കുറവാണ . വിദേശത്തുജോലിചെയ്യുന്നവർ 100-ൽപ്പരം പേരും അവരും ഈ പഞ്ചായത്തിൽ പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ താല്പര്യം കാണിക്കുന്നില്ല പലരും പറമ്പുകൾ വാങ്ങുകയും വീടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിൽ കൂടുതൽ താല്പര്യം കാണിക്കുന്നു ആയതിനാൽ ഭൂമിയുടെ വില സാരമായി ഉയർന്നിട്ടുണ്ട്.

### വ്യവസായ യൂണിററുകളെ സംബന്ധിക്കുന്ന പട്ടിക

| വ്യവസായത്തിന്റെ തരം എണ്ണം | തൊഴിലാളികളുടെ എണ്ണം | 20-ൽ താഴെ | 20-നും 50-നും ഇടക്ക് | 50-നു മുകളിൽ | മൊത്തം യൂണിററ് | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|---|
| റൈസ് മിൽ-16 | 20 പേർ | 16 | — | — | 16 | 20 |
| ഓയിൽമിൽ -1 | 3 പേർ | 1 | — | — | 1 | 3 |
| തേങ്ങാവെട്ട് - 8 | 20 ,, | 8 | — | — | 8 | 20 |
| ബേക്കറി - 4 | 6 ,, | 4 | — | — | 4 | 6 |
| പലഹാരം ഉണ്ടാക്കി വില്ക്കുന്ന യൂണിററ് - 1 | 6 ,, | 1 | — | — | 1 | 6 |
| അലൂമിനിയ പാത്രം നിർമ്മിച്ച് വില്ക്കുന്ന യൂണിററ് - 1 | 3 ,, | 1 | — | — | 1 | 3 |
| ഫർണിച്ചർ നിർമ്മാണം - 1 | 8 ,, | 1 | — | — | 1 | 8 |
| പാക്കുവെട്ട് - 1 | 5 ,, | 1 | — | — | 1 | 5 |
| ആയുർവേദ മരുന്നു നിർമ്മിണം - 1 | 6 ,, | 1 | — | .. . | 1 | 6 |
| റബ്ബർബാന്റ് നിർമ്മാണം - 1 | 5 ,, | 1 | — | — | 1 | 5 |
| പ്രിൻറിംഗ് പ്രസ് - 1 | 1 ,, | 1 | — | — | 1 | 1 |
| ഓട്ടോ വർക്ക്ഷോപ്പ് - 1 | 3 ,, | 1 | — | — | 1 | 3 |
| ഈർച്ച മില്ല് - 1 | 7 ,, | 2 | — | — | 2 | 7 |
| പ്ലാസ്ററിക് ഉൽപ്പന്ന നിർമ്മാണ യൂണിററ് - 1 | 3 ,, | 1 | — | — | 1 | 3 |
| | | 40 | | — | 40 | 96 |

# വ്യവസായം II

സഹകരണമേഖലയിലോ പൊതു മേഖലയിലോ വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

## പ്രശ്നങ്ങൾ

1. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കാനുള്ള സംവിധാനം ഇല്ല.
2. കാർഷികോൽപ്പന്നങ്ങളായ റബ്ബർ, തെങ്ങ് എന്നിവയെ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
3. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ, ജലം സുലഭമായി ലഭിക്കുന്ന സ്ഥലമില്ല.
4. വ്യവസായ വികസന പ്ലോട്ടോ എസ്റ്റേറ്റോ ഇല്ല.
5. ഊർജ്ജ പ്രതിസന്ധി മറ്റൊരു പ്രശ്നമാണ്.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

1. റബ്ബർ സംസ്കരണ ഫാക്ടറി ആരംഭിക്കുക.
2. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
3. സഹകരാണാടിസ്ഥാനത്തിൽ പൈനാപ്പിൾ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
4. ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുകയും പൈനാപ്പിൾ നാരുപയോഗിച്ച് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
5. ഇല്ലിക്കുന്നിൽ പാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
6. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ യൂണിറ്റ് ആരംഭിക്കുക.
7. കൊപ്രാ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
8. വനിതാ വ്യവസായ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കുക.
9. വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് പ്ലാസ്റ്റിക് അധിഷ്ടിത വ്യവസായങ്ങള്, തീപ്പെട്ടി വ്യവസായം, മെഴുകു തിരി വ്യവസായം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.
10. ബലൂൺ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

# വ്യവസായം III

വിദഗ്ദരെ പങ്കെടുപ്പിച്ചു കൊണ്ട് വ്യവസായ ബോധവൽക്കരണ സെമിനാർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുക.

## ഊർജ്ജവും ഗതാഗതവും

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് കൂത്താട്ടുകുളം 66KV സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡർ വഴിയാണ്. പഞ്ചായത്തിനുള്ളിൽ 16 ട്രാൻഫോർമറുകൾ ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. ഉപഭോഗത്തിന്റെ 70% ഗാർഹിക വ്യവസായങ്ങൾക്കാണ്. 15 % കാർഷിക ആവശ്യങ്ങൾക്കും 8% വ്യാപാര ആവശ്യങ്ങൾക്കും 7% ചെറുകിട വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗിച്ചു വരുന്നു.

## ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള പട്ടിക

| ഗാർഹികം | വ്യാപാരം | വ്യവസായ യൂണിറ്റുകൾ | കാർഷികം |
|---|---|---|---|
| 2057 | 187 | 28 | 89 |

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 68% വീടുകളിലും വൈദ്യുതി കണക്ഷൻ ഉണ്ട്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറു മൂലമാണ്. നഷ്ടം കുറക്കാനുള്ള സാധ്യതകൾ ഇവിടെ ധാരാളമുണ്ട്. ജംമ്പർ മെച്ചപ്പെടുത്തുക, വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനവും ശേഷിയും പുനർ ക്രമീകരിക്കുക എന്നിവയാണ്. പല പോസ്റ്റുകളും വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചവയാണ്. അവ കാലപ്പഴക്കം കൊണ്ട് ദ്രവിച്ച് ലൈൻ താങ്ങി നിർത്തുവാൻ കെൽപ്പില്ലാത്തവയായിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് 33 ട്യൂബുകളും 79 ബൾബുകളും ഉപയോഗിക്കുന്നുണ്ട്. പാചക വാതകം പഞ്ചായത്തിൽ ലഭ്യമാകാൻ തുടങ്ങിയത് 1985 നു ശേഷമാണ്.120 കുടുംബങ്ങൾ പാചക വാതകം ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയുടെ അധിക ഉപയോഗവും വെളിച്ചത്തിനു വേണ്ടിയാണ്. 15 വീടുകളിൽ ഇന്ധനമായി ഗോവർ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. മിക്ക വീടുകളിലും പാചകാവശ്യങ്ങൾക്ക് വിറകാണുപയോഗിക്കുന്നത്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിത കട്ടും 2. വിറകിന്റെ ലഭ്യതക്കുറവും വില വർദ്ധനവും.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. രണ്ടാം വാർഡിൽ കാവും ഭാഗത്ത് ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.
2. പള്ളിത്താഴം ഇല്ലിക്കുന്ന് റോഡിൽ 150 ത്രീ ഫേസ് ലൈൻ വലിക്കുക. എല്ലാ വാർഡിലേയും പ്രധാന റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുക.
3. ചേലപ്പുഴ ഞറളംകുലുക്കി ഭാഗത്തേക്ക് പുതിയ ലൈൻ വലിക്കുക.
4. കാനംമല ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.
5. മാറിക പാറക്കടവ് റോഡിൽ സഞ്ചാര തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
6. എല്ലാ വാർഡുകളിലേയും പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
7. പുകയില്ലാത്ത അടുപ്പുകളും സോളാർ കുക്കറുകളും സൗജന്യനിരക്കിൽ നൽകുക.
8. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ എത്തിക്കുക.

11. കണ്ണാടികണ്ടം, പള്ളിത്താഴം,മണ്ണാറക്കുന്ന്, അച്ചിലാം കുന്ന്, എന്നിവടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
12. സോഫിയാ ജംഗ്ഷൻ വാളായിക്കുന്ന് ഭാഗത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

# ഗതാഗതം – റോഡുകൾ

33 കിലോമീറ്റർ ദൈർഘ്യമുള്ള പഞ്ചായത്തിലെ P.W.D. റോഡുകൾ പൊതുവെ സഞ്ചാര യോഗ്യമാണ്. എങ്കിലും വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്താഞ്ഞതു മൂലം യാത്രാ ക്ലേശം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തു റോഡുകളുടെ മൊത്തം ദൈർഘ്യം 87 കിലോ മീറ്റർ ആണ്.

### ഗതാഗതം

ഇതിൽ 12.5 കിലോമീറ്റർ ദൂരം ടാർ റോഡുകൾ ആണ്. എല്ലാ റോഡും അടിയന്തര അറ്റകുറ്റപ്പണികൾ അർഹിക്കുന്നവയാണ്. റോഡുകൾ മിക്കവയും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. കഴിയുന്ന ടാർ റോഡുകൾ നിർമ്മിക്കുകയും ഓടകൾ, കലുങ്കുകൾ എന്നിവ കൃത്യമായി കാത്തു സൂക്ഷിക്കുകയും ചെയ്താൽ റോഡുകളുടെ സ്ഥിതി മെച്ചപ്പെടും.

### പ്രശ്നങ്ങൾ

### നിർദ്ദേശങ്ങൾ/സാധ്യതകൾ

കരിമ്പന- മരുതനാട്ടുതാഴം, മരുതനാട്ടുതാഴം- കൊരങ്ങോലിത്തടം, മണ്ണത്തൂർക്കവല- വില്ലൻപുഴ, കരിമ്പന- ഓലിയാംകുന്ന്, മേരിഗിരി- ചാന്ത്യം എലച്ചിക്കുന്ന്, അഞ്ചുപങ്ക്- നെടുംപാറ, വടക്കൻ പാലക്കുഴ- മറ്റഷനാട്ട്, കണ്ണന്താഴത്ത്- എലച്ചിക്കുന്ന്, കരിമ്പന, കുഴക്കാട്ട് കുന്ന് ഉറുകുഴി- കുളിരാങ്കൽത്താഴം- വാളായിക്കുന്ന്- അമ്പലക്കുന്ന്, കുറുമുള്ളിപ്പാടം- കളപ്പുരയ്ക്കൽത്താഴം, പുടവക്കര മെമ്മോറിയൽ ഈന്തലാംകുഴി അമ്പലഞ്ഞാംകുന്ന്, കോഴിപ്പള്ളി- ഇടമനക്കുന്ന് എന്നീ റോഡുകൾ നിർമ്മിക്കുക.

# ഗതാഗതം

### നിർദ്ദേശങ്ങൾ/ സാധ്യതകൾ

| | | |
|---|---|---|
| 2) നിരപ്പനത്താഴത്ത് | - | M.C.റോഡ് |
| ഉറുകുഴിത്താഴം | - | അമ്പാട്ടുതാഴം |
| വള്ളിത്തടം | - | കാവുംഭാഗം |
| കരിമ്പന | - | മരുതനാട്ടുതാഴം |
| കാവുംഭാഗം | - | കൂരംകുന്നുതാഴം |
| ഉപ്പുകണ്ടം | - | വട്ടക്കുഴിത്താഴം |
| വൻപിള്ളി | - | മൈലാടുംപാറ |
| കാനംമല | - | ചേലപ്പുഴത്താഴം |
| മൂങ്ങാംകുന്ന് | - | കാവുംഭാഗം |
| പമ്പുഹൗസ് | - | ഇടപ്പാട്ടുമല |
| പാലക്കുഴ | - | തമ്പിക്കോട്ടുചാൽ |
| പുത്തരിക്കത്തടം | - | മൂങ്ങാംകുന്ന് |
| ഇല്ലിക്കുന്ന് | - | പള്ളിത്താഴം |
| കന്നുള്ളംപാറ | - | മാറിക |
| കരിയിലത്തോട് | - | ഇല്ലിക്കുന്ന് |
| മാറിക | - | പാറക്കടവ് |
| പുഞ്ഞരിക്കത്തടം | - | മാറിക |
| കണങ്ങംപതി | - | ഇല്ലിക്കുന്ന് |
| വള്ളോപ്പിള്ളി | - | കാട്ടിൽഭാഗം |
| വള്ളോപ്പിള്ളി | - | വമ്പേനാട് |
| രണ്ടിലവുകൽ | - | അമ്പാട്ടുകണ്ടം |
| കണ്ണമംഗലം | - | വെള്ളിലാച്ചാൽ |
| തലച്ചിറത്താഴം | - | ഉദിയപ്പാറ |
| മാധവിപ്പാറ | - | തലച്ചിറത്താഴം |
| കേളക്കൊമ്പിത്താഴം | - | വമ്പേനാട് |
| കോച്ചുരുനിരപ്പ് | - | വെള്ളിലാത്തടം |
| വാരിശ്ശേരിത്താഴം | - | പുളിക്കമ്യാൽ |
| പരിത്തിപ്പള്ളി | - | കോച്ചുരുനിരപ്പ് |
| വരിശ്ശേരിത്താഴം | - | കോച്ചുരുനിരപ്പ് (കുഴിയോലിപ്പാടം) |
| കാരമല | - | ചിറ്റേത്തുകുടി |
| കുളംകണ്ടം | - | കുമ്പളംപൊയ്ക |
| വമ്പേനാട് | - | വേങ്ങത്താനം |
| അയിനുമാക്കിൽ | - | വണ്ടമ്പ്ര റോഡ് |
| മണ്ണാറകുന്ന് | - | അച്ചിലാംകുന്ന് |
| ആലക്കത്തടം | - | അമ്പാട്ടുതാഴം |
| അമ്പലംകുന്ന് | - | കളപ്പുരത്താഴം |
| അമ്പാട്ടുകണ്ടം | - | മംഗലശ്ശേരിത്താഴം |
| കണ്ണമംഗലം | - | ഇടത്തിതാഴം |
| തേക്കനാച്ചിറ | - | മംഗലശ്ശേരിത്താഴം |
| ഇടത്തിത്താഴം | - | ആത്താനിക്കൽ |
| മൃഗാശുപത്രി | - | കാവുംഭാഗം (പുടവക്കരമെമ്മോറിയൽ) |
| പൊടിപാറ | - | ശ്മശാനം |
| ഹെൽത്ത്സെന്റർ | - | നെല്ലിക്കുന്ന് |
| കാരമല | - | പൂവക്കുളം |
| ചോനംമല | - | കൂത്താട്ടുകുളം |
| പാക്കുംപാറ | - | വാളായിക്കുന്ന് |
| അമ്പലംകുന്ന് | - | കുളിരാങ്കൽതാഴം |
| സോഫിയാ ജംഗ്ഷൻ | - | വടക്കുന്നേൽതാഴം |

എന്നീ റോഡുകൾ അറ്റകുറ്റപണികൾ നടത്തി ടാറുചെയ്ത് സഞ്ചാര യോഗ്യമാക്കുക.

കളപ്പുരത്താഴം - ചാന്ത്യംറോഡ് ടാർ ചെയ്യുക മാറിക- വടക്കുംമറ്റം, കുളങ്ങരത്താഴം- കാഞ്ഞിരക്കുഴി എന്നീ

# വിദ്യാഭ്യാസം

പഞ്ചായത്തിൽ സ്കൂളുകളുടെ ആവിർഭാവത്തിന് മുൻപുള്ള കാലങ്ങളിൽ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയിരുന്നത് കളരികളിലെ നാട്ടാശാൻമാരായിരുന്നു. ആക്കൂട്ടത്തിൽ കിഴക്കേക്കര ആശാനും, ഐക്യര ആശാനുമൊക്കെ ഇന്നും പലരുടേയും ഓർമ്മകളിൽ നിലനിൽക്കുന്നു.

ആധുനികവിദ്യാഭ്യാസരംഗത്ത് നേട്ടങ്ങളുണ്ടാക്കിയത് പഞ്ചായത്തിൽ പിന്നീട് നിലവിൽ വന്ന സ്കൂളുകളും അവിടുത്തെ അദ്ധ്യാപകരുമാണ്. പാലക്കുഴയിൽ സെന്റ്.ജോൺസ് പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച എൽ.പി. സ്കൂൾ ആണ് ആദ്യത്തെ വിദ്യാലയം. ഈ സ്ഥാപനം വളർന്ന് വലുതായതാണ് ഇന്നത്തെ ഗവ. മോഡൽ ഹൈസ്ക്കൂൾ. ഇതിനു പുറമേ ഈ പഞ്ചായത്തിൽ മൂന്ന് യു.പി. സ്കൂളുകളും ഒരു എൽ.പി. സ്കൂളും ഇപ്പോൾ നിലവിലുണ്ട്.

**പട്ടിക**

**വിദ്യാലയ വിവരങ്ങൾ**

| 1 | 2 | 3 | 4 | 5 | 6 | |
|---|---|---|---|---|---|---|
| S.L.No. | പേര് | സ്ഥലം വിസ്ത്രിതി | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | പരിശീലന യോഗ്യത | |
| | | | | | B. Ed | TTC |
| 1) | ഗവ.മോഡൽ ഹൈസ്ക്കൂൾ പാലക്കുഴ | 6 ഏക്കർ | 1690 | 53 | 21 | 32 |
| 2) | യു.പി. സ്കൂൾ കാരമല | 1.5 ഏക്കർ | 196 | 11 | | 11 |
| 3) | യു.പി. സ്കൂൾ ഉപ്പുകണ്ടം | 1.25 ഏക്കർ | 170 | 8 | | 8 |
| 4) | എൽ.പി. സ്കൂൾ മാറിക | 1ഏക്കർ | 119 | 4 | | 4 |
| 5) | യു.പി. സ്കൂൾ ആരൂർ | 1.5 ഏക്കർ | 181 | 8 | | 8 |
| | ആകെ | 11.25ഏക്കർ | 2356 | 84 | 21 | 63 |

കഴിഞ്ഞ വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയപ്പോൾ പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ അംഗസംഖ്യയിൽ 2.4% കുറവായിക്കാണുന്നു. ആൺകുട്ടികൾ 1290 ഉം പെൺകുട്ടികൾ 1066ഉം ആണ്.

**പട്ടിക**

**വിദ്യാലയ സൗകര്യങ്ങൾ**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| SL.No | പേര് | ആഫീസ് സൗകര്യം | സ്റ്റാഫ് മുറി | ലാബ്രട്ടറി | മൂത്രപ്പുര | ലൈബ്രറി | കക്കൂസ് | പാചക മുറി |
| 1) | G.M.H.S. പാലക്കുഴ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2) | U.P.S കാരമല | .. | .. | ഇല്ല | .. | .. | .. | .. |
| 3) | U.P.S. ഉപ്പുകണ്ടം | .. | .. | .. | .. | .. | .. | .. |
| 4) | U.P.S. മാറിക | | . | | .. | .. | .. | .. |
| 5) | U.P.S. ആരൂർ | .. | .. | .. | . | . | .. | .. |

സാമ്പത്തികമായി ഉയർന്ന നിലവാരമുള്ള കുടുംബങ്ങളിലെ 50 ഓളം കുട്ടികൾ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്ന് പഠിച്ചു വരുന്നു. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നുള്ള 100 കുട്ടികൾ പഞ്ചായത്തിന് വെളിയിലുള്ള സമീപ പ്രദേശങ്ങളായ വഴിത്തല, കൂത്താട്ടുകുളം, വടകര, ആരക്കുഴ തുടങ്ങിയ സ്ഥല

ങ്ങളിലെ സ്കൂളുകളിൽ ചേർന്ന് പഠിച്ചുവരുന്നു

സ്കൂളുകളിലേയ്ക്കുള്ള ശരാശരി യാത്രാ ദൂരം താഴെ കാണിയ്ക്കും പ്രകാരമാണ്

| തരം | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| ലോവർ പ്രൈമറി | 1.5 KM | 2 KM |
| അപ്പർ പ്രൈമറി | 2.5 KM | 3KM |
| ഹൈസ്ക്കൂൾ | 3KM | 5KM |

പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്

S.S.L.C. വിജയശതമാനം

1971 ൽ സ്ഥാപിതമായ ഹൈസ്ക്കൂളിലെ വിജയ ശതമാനം വർഷങ്ങളായി 90 ന് മുകളിലാണ്

പട്ടിക

| | 2 | 3 | 4 |
|---|---|---|---|
| വർഷം | മൊത്ത വിദ്യാർത്ഥികൾ | വിജയിച്ചവർ | % |
| 1992 | 229 | 22[illegible] | 96.8 |
| 1993 | 233 | 227 | 97.4 |
| 1994 | 238 | 234 | 98.3 |
| 1995 | 243 | [illegible]39 | [illegible]8.4 |
| 1996 | 224 | [illegible] | 97.3 |

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 3 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് സ്കൂളുകളോടനുബന്ധിച്ച് 3 പ്രൈമറി സ്കൂളുകളുണ്ട്

പ്രശ്നങ്ങൾ

1) മോഡൽ ഹൈസ്ക്കൂളിൽ ആവശ്യത്തിന് ക്ലാസ്സ് മുറികളും ഫർണിച്ചറുകളും ഇല്ല.

2) കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യത മിക്ക സ്കൂളിലും നിലനിൽക്കുന്നു

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1) പാലക്കുഴ ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് ടെക്നിക്കൽ സ്കൂൾ അനുവദിക്കുക

2) പ്ലസ് 2 അനുവദിക്കുക

3) ആരൂർ U.P. സ്കൂളിലേയ്ക്കുള്ള വഴി നന്നാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കണം

# കുടിവെള്ളവും പൊതുജനാരോഗ്യവും

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ് സ്വകാര്യകിണറുകളും, ഉറവകളും, കുഴൽ കിണറുകളും പൊതുകിണറുകളും ആണ്. കുഴൽകിണറുകളിൽ നിന്ന് പ്രത്യേകിച്ച് കോഴിപ്പിള്ളിക്കാവുംഭാഗത്തുനിന്ന് ലഭിക്കുന്ന ജലമാണ് പഞ്ചായത്തിന്റെ ചുരുക്കം ചില ഭാഗങ്ങളിൽ ടാപ്പുകൾ വഴി ലഭിക്കുന്നത്. സ്വകാര്യകിണറുകൾ 1965 എണ്ണം ഉണ്ട് മൊത്തം കുടുംബങ്ങളിൽ 67%നും സ്വന്തമായി കിണറുകൾ ഉണ്ട്. അതിൽ 25% കിണറുകളിൽ മാത്രമേ വേനൽക്കാലത്തും ആവശ്യത്തിന് വെള്ളം ലഭിക്കുകയുള്ളു. ജലലഭ്യതയുള്ള ഈ കിണറുകളെ ഉടമസ്ഥർക്കു പുറമേ അയൽവാസികളും കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്നു. മീൻകോൾനിലം, കല്ലോലിത്താഴം തുടങ്ങി ചില സ്ഥലങ്ങളിലെ നീരുറവുകൾ വേനൽക്കാലത്ത് നിരവധി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നുണ്ട്.

പഞ്ചായത്തിന് മൊത്തം 12 പൊതുകിണറുകൾ ഉണ്ട്. ഇതും വേനൽക്കാലത്ത് ഒരു പരിധിവരെ കുടിവെള്ള ആവശ്യം നിറവേറ്റുന്നു. പഞ്ചായത്തിൽ അഞ്ച് കുഴൽകിണറുകൾ ഉള്ളതിൽ രണ്ടെണ്ണത്തിൽ നിന്ന് മാത്രമേ വേനൽക്കാലത്തു ജലം ലഭിക്കുന്നുള്ളു. അതിൽ വാലമ്പാറയിലുള്ള കുഴൽകിണറ്റിലെ ജലത്തിന് ദുസ്വാദുള്ളതിനാൽ കുടിവെള്ളത്തിന്

ഉപയുക്തമല്ല. ഇപ്പോൾ ഉപയോഗ യോഗ്യമായിട്ടുള്ളത് കോഴിപ്പിള്ളിക്കാവുംഭാഗത്തെ കുഴൽകിണർ മാത്രമാണ്. കുഴൽകിണറുകളുടെ ആവിർഭാവത്തോടെ പരിസര പ്രദേശങ്ങളിലെ സാധാരണ കുളങ്ങളും കിണറുകളും തീരെ വറ്റിപ്പോയിരിക്കുന്നു. വേനൽക്കാലത്ത് ലോറികളിൽ കുടിവെള്ളം എത്തിച്ചു കൊടുക്കുന്ന പതിവ് കഴിഞ്ഞ ഏതാനും വർഷമായി പഞ്ചായത്തിൽ തുടർന്ന് വരുന്നു.

## പ്രശ്നങ്ങൾ

1) മണ്ണിനടിയിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.

2) കുഴൽ കിണറുകളിൽ പ്രതീക്ഷിച്ചത്ര വെള്ളം കിട്ടുന്നില്ല.

3) കുഴൽകിണറികൾ നിലവിലുള്ള നീരുറവകൾ വറ്റുന്നതിന് കാരണമാകുന്നു.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1) എലച്ചിക്കുന്നു മലയിലെ വാട്ടർ ടാങ്കിന്റെ പണിപൂർത്തീകരിച്ച് ആരക്കുഴയിൽ നിന്നും വെള്ളമെത്തിക്കുക. അഞ്ചു പങ്ക്, പാറക്കാനം, മരുതനാട്ഭാഗം, ഓലിയാംകുന്ന് ഹരിജൻ കോളനി, വില്ലന്താനം ഭാഗം എന്നിവിടങ്ങളിൽ ടി ടാങ്കിൽ നിന്നും കുടിവെള്ളം എത്തിക്കുക.

2) കാവും ഭാഗത്ത് വാട്ടർ ടാങ്ക് പണിത് കൊല്ലിത്താഴം, നിരപ്പിൽഭാഗം, കക്കാട് ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക.

3) ഇലച്ചിക്കുന്നിൽ നിന്നും പുത്തിരിക്കൽ ഭാഗത്തേയ്ക്കു വരുന്ന പൈപ്പു ലൈൻ കിഴേടത്ത് ഭാഗം വരെ നീട്ടുക.

4) ചാരംചിറ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക.

5) പമ്പ് ഹൗസിൽ നിന്നും ഇടപ്പാട്ട് മലയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക.

6) കാനം മലയിൽ കുടിവെള്ളം എത്തിക്കുക.

7) ഇല്ലിക്കുന്ന് ഭാഗത്ത് നിലവിലുള്ള ടാപ്പുകൾ പുനർനിർണ്ണയം ചെയ്യുക

8) ഭൂഗർഭ സർവ്വേ നടത്തി പുതിയ കുഴൽ കിണറുകൾ നിർമ്മിയ്ക്കുക

9) മഞ്ചാടി ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക

10) കന്നുംഉള്ളംപാറ, മാറിക കവല എന്നിവിടങ്ങളിലുള്ള പൈപ്പുകളിൽ കുടിവെള്ളം ലഭ്യമാക്കണം.

11) അച്ചിലാംകുന്ന്, പമ്പേനാട്ട്, വള്ളോപ്പിള്ളി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കണം.

12) കണ്ണാടികണ്ടം, ദ്വീപ് എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കണം.

13) തലച്ചിറ, കിഴക്കൻമല ഭാഗങ്ങളിലെ പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക

14) വെളളാംചാൽ, കണ്ണമംഗലം ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

15) ആലയ്ക്കാതടം, അമ്പാട്ടുകോളനി പൈപ്പ് ലൈൻ 700 മീറ്റർ കൂടി നീട്ടുക.

16) മണ്ണാർകുന്ന്, അച്ചിലാംകുന്ന് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക.

17) കാട്ടിൽ ഭാഗത്ത് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക.

18) വണ്ടമ്പ്ര ടാങ്കിൽ നിന്ന് വെളളം അയിനുമാക്കിത്താഴം രണ്ടിലവുകൽതാഴം, മാന്നാനത്തുതാഴം എന്നിവിടങ്ങളിൽ എത്തിക്കുക.

19) പൊടിപാറയിൽ നിന്നും പൊതു സ്മശാനത്തിലേയ്ക്കുള്ള വഴിയിൽ കുടിവെള്ളം എത്തിക്കുക.

20) എടത്തിൽതാഴത്തുനിന്നും ആത്താനിക്കൽതാഴത്തേയ്ക്കു പൈപ്പു ലൈൻ നീട്ടുക.

21) വാളായിക്കുന്നിൽ ഹൈലെവൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തുക.

22) വെട്ടിക്കാട്ടുമല, കൂവക്കാട്ടുകുന്നു ഭാഗത്തേയ്ക്ക് സോഫിയാ ജംഗ്ഷനിൽ നിന്നും പൈപ്പ് ലൈൻ നീട്ടുക.

23) പുടവക്കര മെമ്മോറിയൽ റോഡിലെ പൈപ്പു ലൈൻ 400 മീറ്റർ കൂടി നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

24) മംഗലത്തിപ്പാറയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

25) ആരക്കുഴ. പാലക്കുഴ വാട്ടർ സപ്ലൈ സ്കീം എത്രയും വേഗം പൂർത്തിയാക്കുക.

26) വടക്കൻ പാലക്കുഴയിൽ നിന്ന് കാവുംഭാഗത്തിന് 1000 മീറ്റർ പൈപ്പ് ലൈൻ നീട്ടിയിടുക

27) ടി ലൈനിൽ നിന്നും മരുതനാട്ട്താഴം. കരിമ്പന റൂട്ടിൽ 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

28) ടി ലൈനിൽ കാവുംഭാഗം കൊല്ലത്താഴം റോഡിൽ 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

29) കല്ലോലിക്കൽഭാഗത്തേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക

30) ഉപ്പുകണ്ടം ഭാഗത്തുനിന്നും കുങ്കുമശേരിക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

31) വെട്ടിക്കാട്ടു ഭാഗത്തേയ്ക്കു കുടി വെള്ളം എത്തിയ്ക്കുക.

32) മൂങ്ങാംകുന്ന് മംഗലത്ത് ഭാഗത്തേയ്ക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

33) വൈമ്പിള്ളിത്താഴം - പാപ്പിളിക്കണ്ടം ഭാഗത്തേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

34) ചേലപ്പുഴ- കാരക്കുന്നു ഭാഗത്തേയ്ക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക

35) അമ്പാട്ടുകണ്ടം വള്ളോപ്പിള്ളി ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക

36) പാലക്കുഴ തോട്ടിൽ ലക്ഷം വീടിന് മുൻവശത്ത് കുളിക്കടവ് നിർമ്മിയ്ക്കുക

37) പാലക്കുഴ തോട്ടിൽ ഓലിയാംകുന്ന് ഭാഗത്ത് കുളികടവ് നന്നാക്കുക.

38) മാറിക തേക്കനാച്ചിറ ചെക്കുഡാമിന് സമീപം കുളിക്കടവ് നിർമ്മിക്കുക.

39) മൂങ്ങാംകുന്നിൽ മാനന്തയിൽതാഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക.

40) 1-ാം വാർഡിൽ മിറ്റത്തനാനിക്കൽതാഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക.

41) 2-ാം വാർഡിൽ വട്ടക്കുഴിത്താഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക.

42) 5-ാം വാർഡിൽ തെക്കേടത്ത്താഴെ കുളിക്കടവ് നിർമ്മിയ്ക്കുക.

43) 4-ാം വാർഡിൽ മാറികക്കവലയിൽ കുളിക്കടവ് നിർമ്മിയ്ക്കുക.

ചെറുകിട ജലസേചന പദ്ധതി

പാലക്കുഴ. മാറിക. മണുക്കുഴി എന്നീ തോടുകളുടെ ഇരുപുറവും സംരക്ഷണ ഭിത്തി കെട്ടുക

# പൊതുജനാരോഗ്യം.

പാലക്കുഴയിലുള്ള P.H. സെന്റർ, കാവും ഭാഗത്തുള്ള ആയുർവ്വേദ ആശുപത്രി, കോഴിപ്പിള്ളി പുളുയ്ക്കാമ്യാലിലുള്ള ഹോമിയോ ഡിസ്പെൻസറി എന്നിവയാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനങ്ങൾ. ഇതിന് പുറമെ മൂന്ന് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും നിലവിലുണ്ട്. ഹോമിയോ ഡിസ്പെൻസറിയുടെ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. വൈദ്യുതിയും വെള്ളവും ലഭിച്ചാൽ ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റാവുന്നതാണ്. P.H. സെന്ററിന് സ്വന്തമായി കെട്ടിടവും, ഡോക്ടർക്ക് താമസിക്കാനുള്ള കെട്ടിടവും 10 കിടക്കകളുടെ വാർഡുമുണ്ട്. വരൾച്ചമാസങ്ങളിൽ ജല ദൗർലഭ്യം മൂലം രോഗികളെ കിടത്തി ചികൽസിപ്പിക്കുവാൻ സാധിക്കുന്നില്ല. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം കെട്ടിടവും 15 കിടക്കകളുള്ള വർഡും നിലവിലുണ്ട്.

## പ്രശ്നങ്ങൾ

1) P.H. സെന്ററിൽ അത്യാവശ്യ മരുന്നുകൾ എല്ലാ സമയത്തും ലഭ്യമല്ല.

2) സ്വന്തമായി കക്കൂസ് ഇല്ലാത്ത 20% വീടുകൾ മറ്റൊരു പ്രശ്നമാണ്.

3) ആശുപത്രിയിൽ സ്ഥിരം ഡോക്ടറില്ല.

4) ആശുപത്രി വാർഡും ക്വാർട്ടേഴ്സും ചോർന്നൊലിക്കുന്നതു മൂലം രോഗികളെ കിടത്തി ചികൽസിക്കുന്നതിനും ജീവനക്കാർക്ക് താമസിക്കുന്നതിനും സൗകര്യമില്ല

ജല ദൗർലഭ്യവും രോഗികളെ കിടത്തി ചികൽസിക്കുന്നതിന് തടസ്സം നിൽക്കുന്നു.

**ർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക

ആശുപത്രി പരിസരങ്ങൾ വൃത്തിയാക്കുക.

നിലവിലുളള ക്വാർട്ടേഴ്സ് ചോർച്ചമാറ്റി താമസ യോഗ്യമാക്കുക

) കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുക

) ആരോഗ്യ ബോധവൽക്കരണം നടത്തുക

) അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ സ്ഥിരം സംവിധാനം വേണം.

') ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് വർക്ക് കാര്യക്ഷമമാക്കുക.

8) മാറികയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുക

9) ആയുർവ്വേദ ആശുപത്രിയിൽ 2 ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക. സാനിട്ടറി വർക്കറും പാചകക്കാരനും വേണം.

10) ആയുർവ്വേദ ആശുപത്രിയിൽ സ്ത്രീ പുരുഷൻമാർക്ക് പ്രത്യേക വാർഡുകൾ വേണം.

11) ആയുർവ്വേദ ആശുപത്രിയിൽ കൂടുതൽ കക്കൂസുകൾ വേണം.

ക്യാൻസർ

ക്ഷയം

ഹൃദ്രോഗം

ഒരു വയസ്സിൽ താഴെയുളള കുട്ടികളുടെ എണ്ണം

153

**പകർച്ചവ്യാധിവിവരങ്ങൾ**

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | മറ്റുളളവ |
|---|---|---|---|
| 1993-94 | 247 | 839 | 8224 |
| 1994-95 | 185 | 4021 | 5523 |
| 1995-96 | 258 | 4194 | 3048 |

**P.H. സെന്ററിൽ ചികിൽസ ലഭിച്ച രോഗികളുടെ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ.**

| വർഷം | ചികിൽസയ്ക്ക് വന്നവർ | ത്വക്‌രോഗം | വാതം | പകർച്ചവ്യാധികൾ | മറ്റിനങ്ങൾ |
|---|---|---|---|---|---|
| 1992-93 | 10642 | 935 | 0 | 3520 | 6147 |
| 1993-94 | 9310 | - | - | 1160 | 8150 |
| 1994-95 | 9729 | 265 | 12 | 4343 | 5109 |
| 1995-96 | 7500 | 326 | 10 | 4904 | 2260 |

**ദമ്പതിമാർ പ്രായാടിസ്ഥാനത്തിൽ**

| | |
|---|---|
| 15 വയസ്സിനും 19നും ഇടയ്ക്ക് | 39 |
| 20-24 | 235 |
| 25-29 | 702 |
| 30-34 | 390 |
| 35-39 | |
| 40-44 | |

**ഹോമിയോ ചികിൽസയ്ക്ക് വിധേയരായവർ**

| വർഷം | ചികിൽസയ്ക്ക് വന്നവർ | ത്വക്രോഗം | വാതം | പകർച്ചവ്യാധി | മറ്റിനങ്ങൾ |
|---|---|---|---|---|---|
| 1994-95 | 26229 | 15% | 25% | 40% | 20% |
| 1995-96 | 28617 | 18% | 14% | 45% | 23% |

**ജനന മരണ വിവരങ്ങൾ**

| വർഷം | ജനനം | മരണം |
|---|---|---|
| 1993-94 | 153 | 92 |
| 1994-95 | 112 | 99 |
| 1995-96 | 148 | 91 |

P.H. സെന്ററിൽ വിലകുറഞ്ഞ മരുന്നുകൾ മാത്രമേ രോഗികൾക്ക് ലഭ്യമാകുന്നുള്ളു. വില കൂടിയ മരുന്നുകൾ ഇങ്ങോട്ട് അനുവദിക്കുന്നുണ്ടെങ്കിലും അത് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലേയ്ക്ക് മാറ്റപ്പെടുന്നു.

**അമ്മമാരുടെ എണ്ണം**

| | | |
|---|---|---|
| 124 | - | ഒരു കുട്ടി വീതം ഉള്ളവർ |
| 399 | - | രണ്ട് കുട്ടികൾ വീതം ഉള്ളവർ |
| 73 | - | രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ |

**അംഗവൈകല്യം ഉള്ളവർ**

| | |
|---|---|
| അന്ധർ | 3 |
| ബധിരർ | ഇല്ല |
| മൂകർ | 5 |
| ബധിരമൂകർ | 6 |
| ചലനവൈകല്യമുള്ളവർ | 3 |

**മന്ദബുദ്ധികൾ**

| | |
|---|---|
| 5 വയസ്സിൽ താഴെ | 1 |
| 6-10 | ഇല്ല |
| 11-15 | 1 |
| 16 നു മുകളിൽ | 3 |

**സ്ഥായിയായികാണപ്പെടുന്ന രോഗങ്ങൾ**

രക്തസമ്മർദ്ദം

പ്രമേഹം

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 70% ഓടു മേഞ്ഞതാണ്. 15% ഓല മേഞ്ഞതും ബാക്കി കോൺക്രീറ്റ് മേല്പുരയുള്ളതുമാണ്. 5% വീടുകൾ മൊസൈക്ക് തറയുള്ളവയാണ്. 20% വീടുകൾ അടിയന്തിരമായി പുനർ നിർമ്മാണം അർഹിക്കുന്നവയാണ്. അധിക വീടുകളുടേയും ഭിത്തികൾ വെട്ടുകല്ലുകൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. ഓല മേഞ്ഞ ചെറിയ വീടുകളിൽ ഭൂരിഭാഗവും മൺഇഷ്ടിക കൊണ്ട് നിർമ്മിയ്ക്കപ്പെട്ടവയാണ്. ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല. കൂത്താട്ടുകുളം ഭവന നിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തം ഉൾപ്പെടുന്നു.

സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി 258 പേർക്ക് കക്കൂസ് പണിയാൻ ധന സഹായം നൽകിയിട്ടുണ്ട്. ദാരിദ്ര രേഖയ്ക്ക് താഴെ 1362 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 48 കുടുംബങ്ങൾ SC/ST വിഭാഗത്തിൽ പെടുന്നു. വാർദ്ധക്യകാല പെൻഷൻ 7 പേർക്ക് നൽകി. ദാരിദ്രരേഖയ്ക്ക് താഴെയുള്ള 101 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 45 പേർ SC/ST വിഭാഗത്തിൽപ്പെടുന്നു.യ 107 പേർക്ക് കർഷകതൊഴിലാളി പെൻഷനും ഒരാൾക്ക് ക്യാൻസർ ചികിൽസക്കുള്ള ധനസഹായവും നൽകി.

**പ്രശ്നങ്ങൾ**

1. അർഹതയുള്ള ധാരാളം പേർ അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല

2. ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നില്ല

3. കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്നും 3 മീറ്റർ അകലം ഇടണമെന്നുള്ള നിബന്ധന മതിൽ നിർമ്മിക്കുന്നതിലും കർശനമാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു

4. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നില്ല.

**നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

1. പുറമ്പോക്കിൽ നിന്ന് കുടിയൊഴിപ്പിച്ചവരെ വീട് നിർമ്മിച്ച് പുനരധിവസിപ്പിക്കുക

2. കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

3. ഓല മേഞ്ഞ വീടുകൾക്ക് ഓടു മേയുന്നതിന് സഹായം നല്കുക.

4. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് വീട് പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകുക.

5. ദുർബല വിഭാഗങ്ങൾക്ക് സർക്കാർ ചിലവിൽ ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. ദുർബ്ബലവിഭാഗങ്ങളെ സഹായിക്കുവാൻ പ്രത്യേക ഫണ്ട് രൂപീകരിക്കുക

7. അനാഥർക്ക് വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.

8. പ്രകൃതി ക്ഷോഭം, അപകടമരണം തുടങ്ങിയവയ്ക്കുള്ള നഷ്ടപരിഹാരം പഞ്ചായത്ത് മുഖേന നൽകുക.

# സംസ്കാരം

പഞ്ചായത്തിൽ നാല് ലൈബ്രറികളും റീഡിങ് റൂമുകളും നിലവിലുണ്ട്. കലാ കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന 13 ക്ലബ്ബുകൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. ടി.വി. ദൃശ്യ കേന്ദ്രങ്ങൾ 3 എണ്ണമുണ്ട്. പഞ്ചായത്തിൽ നാലു ക്ഷേത്രങ്ങളും എട്ട് പള്ളികളും ഉൾപ്പടെ 12 ആരാധനാലയങ്ങൾ ഉണ്ട്. കോൽക്കളി, അയ്യർക്കളി, ശാസ്താം പാട്ട്, ചവിട്ടു നാടകം, പരിച മുട്ടു കളി, മുടിയാട്ടക്കളി, ഉറക്കു പാട്ട്, ഗരുഡൻ തൂക്കം, ഓട്ടൻ തുള്ളൽ, കിളിപ്പാട്ട് തേക്കുപാട്ട്, ഞാറു നടീൽപ്പാട്ട് തുടങ്ങിയ കലകൾ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നവയും ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നവയുമാണ്. ജാതി മത ഭേദമന്യേ ജനങ്ങൾ സൗഹൃദ അന്തരീക്ഷത്തിൽ ജീവിക്കുന്നു

**പ്രശ്നങ്ങൾ**

1. സാംസ്കാരിക രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഏജൻസികളില്ല.

2. വായന ശാലകളും റീഡിംഗ് റൂമുകളും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടില്ല

**നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

1. മൂങ്ങാം കുന്നിൽ ടി.വി. സ്ഥാപിക്കണം.

2. വടക്കൻ പാലക്കുഴ N.K.A.C. ക്ലബ്ബിൽ വായനശാല തുടങ്ങാൻ സാമ്പത്തിക സഹായം വേണം.

3. കാവും ഭാഗത്ത് വായനശാല വേണം.

4. സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കണം.

5. പാലനിൽക്കും തടം കോളനിയിൽ ഒരു ടി. വി. സ്ഥാപിക്കണം.

6. വാലംപാറ വികാസ് ക്ലബ്ബിന് ഗ്രാന്റ് അനുവദിക്കുക.

7. മാറിക കവലയിൽ ഒരു ടി.വി. കേന്ദ്രവും വായനശാലയും വേണം.

8. എല്ലാ ക്ലബ്ബുകൾക്കും ഗ്രാന്റ് അനുവദിക്കണം.

9. N.S. ഇട്ടൻ സ്മാരക മന്ദിരത്തിന് പുനരുദ്ധാരണ സഹായം നൽകുക. വായന ശാലയും ടി.വി. യും സ്ഥാപിക്കണം

10. ഉപ്പുകണ്ടത്തിൽ 8.5 സെന്റ് പുറമ്പോക്ക് ഭൂമി വായനശാലക്ക് പതിച്ചു കൊടുക്കണം.

11. സ്വാതന്ത്ര സമര സേനാനി രാമൻ ഇളയതിന്റെ പേരിൽ ഒരു സ്മാരകം ഉപ്പുകണ്ടം പുറമ്പോക്കിൽ സ്ഥാപിക്കണം

12. പുളിക്കമ്യാലിൽ ഒരു ലൈബ്രറി വേണം.

13. വടക്കും പാലക്കുഴയിൽ ടി.വി. സ്ഥാപിക്കുക.

14. കുമാരനാശാൻ മെമ്മോറിയൽ ക്ലബ്ബിന് ഗ്രാന്റ് അനുവദിക്കുക

15. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

# വനിത

ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. 6415 സ്ത്രീകളും 6358 പുരുഷന്മാരുമുണ്ട്. കർഷക തൊഴിലാളികൾ, അദ്ധ്യാപകർ എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്. 10% കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലാണ്. പ്രത്യേക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ 15% മാത്രമാണ. ബാക്കിയുള്ളവർ സ്വന്തം വീട്ടുപണികളിൽ 100% വ്യാപൃതരാണെങ്കിൽ കൂടി ആദായകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരായി പരിഗണിക്കപ്പെടുന്നില്ല. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്ന ഒരു D.W.C.R.A. യൂണിറ്റും ചുരുക്കം ചില തയ്യൽ കേന്ദങ്ങളും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. അഭ്യസ്തവിദ്യരായ വന[illegible] മിക്കവരും തൊഴിലില്ലാത്തവരാണ്.

### പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.

3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെ[illegible]ത്തിൽ സംഘടിതമായ ശ്രമങ്ങൾ വളരെക്കുറവാണ്.

4. രാഷ്ട്രീയ പാർ[illegible]പോലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം കാണുന്നില്ല.

### നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. ഒന്നാം വാർഡിൽ വനിതാ വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

2. സ്ത്രീ പീഡനത്തെക്കുറിച്ച് പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഉന്നതാധികാരകമ്മറ്റി പഞ്ചായത്ത് തലത്തിൽ വേണം.

3. സ്ത്രീ തൊഴിലാളികൾക്ക് കൂലി വർദ്ധന വേണം.

4. D.W.C.R.A. യൂണിറ്റുകൾ തുടങ്ങണം.

5. സ്ത്രീകൾക്ക് വേണ്ടി ബുക്ക് ബയന്റിംഗ് തുടങ്ങിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

6. സ്ത്രീകളെ അപമാനിക്കുന്ന അശ്ലീല പ്രദർശനങ്ങൾ തടയുക.

7. നിർദ്ധനരായ സ്ത്രീകൾക്ക് വിവാഹസഹായം നൽകുക.

8. അഭ്യസ്ത വിദ്യരായ വനിതകളേക്കുറിച്ച് സർവ്വേ നടത്തണം.

9. എട്ടാം വാർഡിൽ മഹിളാ സമാജം വേണം.

# സഹകരണമേഖല

പഞ്ചായത്തിലെ പ്രധാന സഹകരണ സ്ഥാപനം 1961 ൽ പ്രവർത്തനം ആരംഭിച്ച പാലക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ആണ്. 7286 ഓഹരി ഉടമകളാണ് ഇപ്പോൾ ഇവിടെ നിലവിലുള്ളത്. ബാങ്കിന്റെ ഒരു ബ്രാഞ്ച് മാറികയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 3 ജനറൽ സ്റ്റോറുകളും 5 രാസവള ഡിപ്പോകളും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു ജീവനക്കാരുടെ എണ്ണം 26 ആണ്. 13829674 രൂപ കാർഷിക ആവശ്യങ്ങൾക്കും 23273013 രൂപ മറ്റിനങ്ങൾക്കും വായ്പയായി ഈ സംഘത്തിലെ ഓഹരി ഉടമകൾക്ക് നൽകിയിട്ടുണ്ട്. കർഷകർക്ക് വേണ്ടി 95 - 96 ൽ 266 ടൺ രാസവളം വിതരണം നടത്തിയിട്ടുണ്ട്. പൊതുവെ സംഘത്തിന്റെ പ്രവർത്തനം ഓഹരി ഉടമകൾക്ക് പ്രയോജനപ്രദമാണ്. ഇതിനും പുറമേ പഞ്ചായത്തിൽ 4 ക്ഷീരസഹകരണ സംഘങ്ങൾപ്രവർത്തിക്കുന്നുണ്ട്. ദിവസം 1000 ലിറ്ററിലധികം പാൽ ഈ സംഘങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ സംഘങ്ങളും കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നു.

പ്രശ്നങ്ങൾ

1. വികസന പ്രവർത്തനങ്ങളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്കില്ല.

2. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ സാദ്ധ്യതകൾ ഉണ്ട്. അത് പ്രയോജനപ്പെടുത്തുന്നില്ല.

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1 വടക്കൻ പാലക്കുഴയിൽ ബാങ്കിന്റെ ശാഖ വേണം.

2. എല്ലാ വാർഡിലും വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങണം.

# പട്ടികജാതി പട്ടികവർഗ്ഗം

പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാരും ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസക്കാരായിട്ടില്ല. 750 പേരാണ് 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ഇവിടെ സ്ഥിരതാമസമാക്കിയിട്ടുള്ള പട്ടിക ജാതി വിഭാഗക്കാർ. ഇവരിൽ 373 പുരുഷന്മാരും 377 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ ജനസം ഖ്യയിൽ 5.87% മാത്രമാണ് പട്ടികജാതിക്കാർ. ഇവർ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി താമസിക്കുന്നു. അറിയപ്പെടുന്നതായി 2 ഹരിജൻ കോളനികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇല്ലിക്കുന്ന് കോളനിയും പാലനിൽക്കുംതടം ഹരിജൻ കോളനിയും. ഈ കോളനികളിൽ നിന്നും സ്കൂളുകളിലേക്കുള്ള ദൂരം 1 കിലോമീറ്ററിനുള്ളിലായതു കൊണ്ട് അവിടുത്തെ കുട്ടികൾ സ്കൂളിൽ പോകുന്നവരാണ്. അഞ്ചും ആറും വീടുകൾ മാത്ര മുള്ള ഈ കോളനികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നതു കൊണ്ട് കോളനികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളൊന്നും തന്നെ ഇവകൾക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഭാഗത്തിൽ പെട്ടവരുടെ പ്രധാന തൊഴിൽ മേഖല കൃഷിയാണ്.

പ്രശ്നങ്ങൾ

എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീടുകളില്ല.

വൈദ്യുതി കണക്ഷൻ ലഭിച്ച വീടുകൾ വളരെ കുറവാണ്.

പല വീടുകളിലും കുടിവെള്ളം ഒരു പ്രശ്നമാണ്.

കാർഷികേതര മേഖലകളിലുള്ള തൊഴിൽ പങ്കാളിത്തം നാമ മാത്രമാണ്.

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. വീടില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും വീട് നിർമ്മിച്ച് കൊടുക്കുക.

2. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസിന് ധനസഹായം നല്കുക.

3. കുടിവെള്ളം ലഭ്യമല്ലാത്ത കോളനികളിൽ കുടിവെള്ളമെത്തിക്കുക.

4. പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങളേപ്പറ്റി ബോധവൽക്കരിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുക.

5. വൈദ്യുതി ഇല്ലാത്ത കോളനികൾ വൈദ്യുതീകരിക്കുക.

6. കോളനി സമ്പ്രദായത്തിലെ വീടുകളുടെ എണ്ണം പുനർ നിർണ്ണയം ചെയ്യുക.

7. പട്ടിക ജാതിക്കാർക്കു വേണ്ടി വ്യവസായ സഹകരണസംഘം രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

8. പാരമ്പര്യതൊഴിലുകൾക്ക് പ്രോത്സാഹനം നൽകുക.

9. വള്ളോപ്പിള്ളിൽ ഹരിജൻ ഭാഗത്തേക്ക് വഴി വെട്ടുക.

10. നാടൻ കലാ രൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ എടുക്കുക. (തുടികൊട്ട് പാട്ട്, മുടിയാട്ട് പാട്ട് തുടങ്ങിയവ)

11. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.

12. ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഉടൻ ഭൂമിയും കിടപ്പാടവും കൊടുക്കുക.

# വിഭവ സമാഹരണം.

നൂറ്റാണ്ടുകളായി കൃഷിയെ മാത്രം ആശ്രയിച്ച് കഴിഞ്ഞു പോന്ന ഈ ഗ്രാമത്തിലെ മുഖ്യ വരുമാനമാർഗ്ഗം ഇപ്പോഴും കാർഷിക വിളകൾ മാത്രമാണ്. തെങ്ങും, കവുങ്ങും, കുരുമുളകും, പുൽത്തൈലവും സമൃദ്ധമായി വിളഞ്ഞിരുന്ന ഈ നാട്ടിൽ അടുത്ത കാലത്തായി കാർഷിക വിളകളുടെ സ്വഭാവത്തിൽ സമൂലമായ മാറ്റം ദൃശ്യമായിക്കൊണ്ടിരിക്കുകയാണ്. കമുക്, കുരുമുളക്, പുൽത്തൈലം എന്നിവ നാട്ടിൽ നിന്ന് ഏതാണ്ട് പൂർണ്ണമായും റബ്ബർ കൃഷിക്കും കന്നാര കൃഷിക്കും വഴി മാറിക്കഴിഞ്ഞു. തെങ്ങുകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞു കൊണ്ടിരിക്കുന്നു. സേവനതുറയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ തോത് ഈ പ്രദേശത്തിന്റെ സാമ്പത്തിക മേഖലയിൽ മുൻകാല ങ്ങളെ അപേക്ഷിച്ച് ഗണ്യമായ സ്വാധീന ശക്തിയായി വളർന്നു കൊണ്ടിരിക്കുന്നു. സംസ്ഥാനത്തിനു പുറത്തും വിദേശരാജ്യങ്ങളിലും വിവിധ സേവന തുറകളിലേർപ്പെട്ടിരിക്കുന്നവരുടെ വരുമാനം ഫലപ്രദ മായി ഈ പഞ്ചായത്തിന്റെ സാമ്പത്തിക ആസൂത്രണത്തിന്റെ പരിധിയിൽ വിനിയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനാവശ്യങ്ങൾക്ക് കഴിഞ്ഞ നാലു വർഷമായി ലഭിച്ചു കൊണ്ടി രുന്ന വരുമാനത്തിന്റെ വിവരങ്ങളും അവയുടെ ചിലവിനങ്ങളും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. പ്രധാന വരവിനങ്ങൾ

## പ്രധാന വരവിനങ്ങൾ

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. കെട്ടിട നികുതി Rs | 62232 | 102408 | 1067019 | 118482 |
| 2. തൊഴിൽക്കരം ഞതെ | 53655 | 58375 | 69020 | 79435 |
| 3. വസ്തു കൈമാറ്റ നികുതി | 90704 | 171380 | 100729 | 45645 |
| 4. ലൈസൻസ് ഫീ | 7778 | 7875 | 9141 | 9395 |
| 5. വാടക | 2280 | 28[illegible] | 22542 | 53444 |
| 6. അമ് ടൈഡ് ഫണ്ട് | 200200 | 197920 | 266100 | 254790 |
| 7. ഗ്രാന്റ് | 130851 | 558450 | 808462 | 503543 |
| 8. പലിശ | 62 | 3666 | 9115 | 43189 |
| 9. ലൈബ്രറി | 843 | 1236 | 1180 | 1857 |

## പ്രധാന ചിലവിനങ്ങൾ

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| | Rs | Rs | Rs | Rs |
| 1. എസ്റ്റാബ്ളിഷ്മെന്റ് ചിലവുകൾ | 207170 | 300395 | 238104 | 368763 |
| 2. റോഡ് | 340546 | 302680 | 355621 | 855262 |
| 3. ഇലക്ട്രിസിറ്റി | 16924 | 16344 | 39941 | 29144 |
| 4. ലക്ഷം വീട് | | 240893 | 29711 | |

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സാമ്പത്തിക വരുമാനം ഇല്ല.

2. പഞ്ചായത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങളേക്കൂടി വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നില്ല.

3. ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിലെടുക്കുന്നവരുടെ വരുമാനം പൊതു വികസന പ്രവർത്തനങ്ങൾക്കുപയുക്തമാകുന്നില്ല.

4. സന്നദ്ധ പ്രവർത്തകരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

5. സംഭാവനകൾ (പണം, ഭൂമി, അധ്വാനം എന്നിവ) പരിഗണിക്കപ്പെടുന്നില്ല.

**നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

1. 9ാം പദ്ധതിയിൽ പഞ്ചായത്തിനുള്ള വിഹിതം ഫലപ്രദമായി വിനിയോഗിക്കുക.

2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി പ്രത്യുൽപ്പാദനപരമായ വികസനാവശ്യങ്ങൾക്ക് പണം കണ്ടെത്തുവാൻ ശ്രമിക്കുക.

3. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാനം പഞ്ചായത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങളിലേക്കാകർഷിക്കുക. പഞ്ചായത്തിൽ സുലഭമായി കൃഷി ചെയ്തു വരുന്ന റബ്ബർ, നാളികേരം, കന്നാര തുടങ്ങിയവ അസംസ്കൃത വസ്തുവായി പുതിയ വ്യവസായങ്ങൾക്ക് നേതൃത്വം കൊടുക്കാവുന്നതാണ്. റബ്ബർ ഉൽപ്പന്നങ്ങൾക്ക് വൻപിച്ച വിപണന സാദ്ധ്യതകൾ ഉള്ള ഈ കാലത്ത് ഇവയുടെ ഉൽപ്പാദനത്തിനു വേണ്ടി പഞ്ചായത്താഭിമുഖ്യത്തിൽ ഒരു ലിമിറ്റഡ് കമ്പനി പരിഗണിക്കാവുന്നതാണ്.

4. വികസന പ്രവർത്തനങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ എന്നിവയെ പങ്കാളികളാക്കുക.

5. സന്നദ്ധ പ്രവർത്തകരുടേയും പെൻഷൻ പറ്റി കഴിയുന്നവരുടേയും സേവനം വിനിയോഗിക്കുക.

6. സംഭാവനകൾ (ഭൂമി, അദ്ധ്വാനം, പണം) സമാഹരിച്ച് വികസന പദ്ധതികളിൽ വിനിയോഗിക്കുക. പണമായും സ്ഥലമായും അദ്ധ്വാനമായും പൊതു ആവശ്യങ്ങൾക്ക് സംഭാവനകൾ നൽകുന്നതിന് പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളും തന്നെ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട് എന്നുള്ളത് ഒരു നല്ല നാളെയുടെ ശുഭോദർക്കമായ വാഗ്ദാനമായി പരിഗണിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

# ഉപസംഹാരം

വികസന റിപ്പോർട്ടിൽ നിരവധി ആവശ്യങ്ങളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇവയൊക്കെ ഒന്നിച്ച് പരിഗണിക്കാനുള്ള മാന്ത്രിക വിദ്യകളൊന്നും നമ്മുടെ കൈവശമില്ല. അലാവുദ്ദീന്റെ അത്ഭുതവിളക്ക് അറബിക്കഥകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ആയതു കൊണ്ട് മുൻഗണനാ ക്രമം നിശ്ചയിച്ച് വിഭവങ്ങളുടെ ലഭ്യതക്കനുസരണമായി പ്രശ്നങ്ങൾ പരിഹരിക്കുവാൻ മാത്രമേ നമുക്ക് കഴിയൂ. പ്രശ്നങ്ങളേപ്പറ്റി ചിന്തിക്കുമ്പോൾ ജല ദൗർലഭ്യമാണ് മുഖ്യ പ്രശ്നമെന്ന് കാണാൻ കഴിയും. ഇത് പരിഹരിക്കുന്നതിന് നടപ്പു പദ്ധതികളായ ആരക്കുഴ ശുദ്ധജലപദ്ധതിയും പാലക്കുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ പദ്ധതികൾ സഫലീകരിച്ച് കാണുന്നതിന് പാലക്കുഴയിലെ ജനങ്ങൾ ചിരകാലമായി കാത്തിരിക്കുന്നു. പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും എന്നതു പോലെ തന്നെ വിഭവ സമാഹരണത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.ശ്രമദാനം വഴിയും ധനസഹായം കൊണ്ടും പദ്ധതികളുടെ പൂർത്തീകരണത്തിൽ യത്നിക്കണമെന്ന് എവരോടും അഭ്യർത്ഥിച്ചു കൊണ്ട് ഈ റിപ്പോർട്ട് ചർച്ചക്കും പഠനത്തിനും വേണ്ടി പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിക്കുന്നു.

341

# ഒമ്പതാം പദ്ധതി

# ജനകീയ പദ്ധതി



## മണീട് ഗ്രാമപഞ്ചായത്ത്

എറണാകുളം ജില്ല

## വികസന റിപ്പോർട്ട് - 1996.

# ഗ്രാമപഞ്ചായത്ത് - മണീട്

ജില്ല :- എറണാകുളം
താലൂക്ക് :- മൂവാറ്റുപുഴ
വില്ലേജ് :- മണീട്


വാർഡ് എണ്ണം - 9 -

വിസ്തീർണ്ണം } 2619.67.96 ഹെക്ടർ
6473.22.829 ഏക്കർ

വിസ്തൃതി 26.19 ച. കി. മീ.

ജനസംഖ്യ } പുരുഷന്മാർ → 7696
സ്ത്രീകൾ → 7733
ആകെ 15,429

പ്രധാന വിളകൾ → (1, 2, 3)




A – അലോപ്പതി ഡിസ്പെൻസറി
Ay – ആയുർവേദ ഡിസ്പെൻസറി
H – ഹോമിയോ ഡിസ്പെൻസറി

സൂചകം.

- പഞ്ചായത്ത് അതിർത്തി
- → ടെലിഫോൺ ലൈൻ
- → മൂവാറ്റുപുഴ റോഡ്
- പള്ളി
- ക്ഷേത്രം
- ഹൈസ്കൂൾ
- P – പഞ്ചായത്ത് ഓഫീസ്
- → വില്ലേജ് ഓഫീസ്
- → പോസ്റ്റ് ഓഫീസ്



പ്രിയമുള്ളവരെ.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന നിലയിൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുവാനുള്ള ശ്രമങ്ങൾ നമ്മുടെ സംസ്ഥാനത്തു നടന്നു വരികയാണല്ലോ. പദ്ധതി പ്രവർത്തനങ്ങൾ സമൂഹത്തിലെ മുഴുവൻ ജനങ്ങളുടെയും അറിവോടും പങ്കാളിത്തത്തോടും കൂടി നടപ്പാക്കുവാനുള്ള യജ്ഞത്തിലാണ് നാമിപ്പോൾ. കഴിഞ്ഞ പദ്ധതി പ്രവർത്തനങ്ങളിലുണ്ടായ കുറവുകൾ കണ്ടെത്തിയും നാട്ടിന്റെ ആവശ്യങ്ങൾ ജനങ്ങളിൽ നിന്നുതന്നെ അറിഞ്ഞ് കൂടുതൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുവാനും നടപ്പാക്കുവാനും ഇതോടെ ആരംഭം കുറിക്കുകയാണ്. കഴിഞ്ഞ വിശേഷാൽ ഗ്രാമ സഭകളിലൂടെ നമ്മുടെ നാട്ടിന്റെ വളർച്ചക്കാവശ്യമായ ഒട്ടേറെ പദ്ധതികൾ ഉയർന്നുവന്നിട്ടുണ്ട്. ചെറുതും വലുതുമായവയെല്ലാം നമുക്ക് അനിവാര്യവുമാണ്. ഒമ്പതാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട വിവിധങ്ങളായ പദ്ധതികൾ ഇവിടെ ക്രോഡീകരിച്ച് നിങ്ങളുടെ അറിവിനും സജീവമായ ചർച്ചയ്ക്കുമായി ഈ വികസന റിപ്പോർട്ടിലൂടെ സമർപ്പിക്കുകയാണ്. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ആയത് വികസന സെമിനാറിൽ നിർദ്ദേശിക്കപ്പെട്ടാൽ നമുക്ക് ചേർക്കാവുന്നതാണ്.

മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് പൂർണ്ണതയിലെത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ഇന്ന് പഞ്ചായത്തീരാജ് ഭരണസംവിധാനം ഇന്ത്യയിൽ മുഴുവൻ പ്രാബല്യത്തിൽ വന്നിരിക്കുന്നു. മഹാനുഭാവനായിരുന്ന ശ്രീ രാജീവ് ഗാന്ധി അവതരിപ്പിച്ച പഞ്ചായത്തിരാജ് നഗരപാലികാ നിയമം പിന്നീട് കുറെയൊക്കെ ഭേദഗതികളോടെയാണെങ്കിലും ശ്രീ നരസിംഹ റാവു ഗവ: പാസ്സാക്കി നിയമമാക്കിയതിനാൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ ഒരു ഹരിജൻ വനിതയായ എനിക്ക് ഈ പഞ്ചായത്തിന്റെ സാരഥ്യം ഏറ്റെടുക്കുവാനുള്ള അവസരമുണ്ടായി. സമ്പന്നവും സ്വയംപര്യാപ്തവുമായ ഗ്രാമങ്ങളായിരുന്നു മഹാത്മജിയുടെ സങ്കൽപം. ആ സ്വപ്ന സാക്ഷാൽക്കാരത്തിനായുള്ള തുടക്കമാണ് ജനകീയ ആസൂത്രണം.

വളരെ പെട്ടന്ന് വിളിച്ചുചേർത്ത വിശേഷാൽ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന നൂറുകണക്കിന് വിലപ്പെട്ട നിർദ്ദേശങ്ങൾ ദ്രുതഗതിയിൽ തന്നെ ക്രോഡീകരിച്ച് ഈ വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ അണിയറയിൽ പ്രവർത്തിച്ച ബഹുമാന്യരായ എല്ലാ ജനനേതാക്കളോടും ഉദ്യോഗസ്ഥൻമാരോടും പഞ്ചായത്ത് കമ്മറ്റിക്കുള്ള സ്നേഹവും നന്ദിയും ഇവിടെ പ്രത്യേകം അറിയിക്കട്ടെ. ഒമ്പതാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ടിയിരുന്ന വികസന പദ്ധതികൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കുവാനും വികസനറിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചയിൽ നിങ്ങളുടെ സജീവമായ ഉപഭേദഗതി നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ടും നിങ്ങളുടെ അംഗീകാരത്തിനായി ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

മണീട്.

3-12-96.

സ്നേഹപൂർവ്വം.

**സുജാത ശശി**

പ്രസിഡന്റ്, മണീട് ഗ്രാമപഞ്ചായത്ത്

# മണീട് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് - 96

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | മണീട് |
| പഞ്ചായത്തിലുൾപ്പെടുന്ന വില്ലേജ് | — | മണീട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | മണീട് |
| ബ്ലോക്ക് പഞ്ചായത്ത് | — | പാമ്പാക്കുട |
| താലൂക്ക് | — | മൂവാറ്റുപുഴ |
| ജില്ല | — | എറണാകുളം |
| അസംബ്ലി മണ്ഡലം | — | പിറവം |
| വിസ്തീർണ്ണം | — | 26.19 ച. കി. മീ. |
| ജനസംഖ്യ | — | 15,515 |
| വാർഡുകളുടെ എണ്ണം | — | 9 |
| കരകൾ | — | 8 |
| ഇപ്പോഴത്തെ അതിരുകൾ | — | വടക്ക് — പൂത്തൃക്ക, തിരുവാണിയൂർ പഞ്ചായത്തുകൾ |
| | | തെക്ക് — എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി, പിറവം പഞ്ചായത്തുകൾ |
| | | കിഴക്ക് — മൂവാറ്റുപുഴയാറ് |
| | | പടിഞ്ഞാറ് — മുളന്തുരുത്തി, തിരുവാണിയൂർ പഞ്ചായത്തുകൾ |

## ഇപ്പോഴത്തെ ഭരണസമിതി

| വാർഡ് | മെമ്പർ | വീട്ടുപേര് |
|---|---|---|
| I | ആനിയമ്മ ചാക്കോ | തപ്രാചിറയിൽ |
| II | പി. വി. സ്കറിയ | പുല്ലുകോട്ട് |
| III | വി. ജെ. ജോസഫ് | വാകത്താനയിൽ |
| IV | ബിജു സൈമൺ | കള്ളിയാട്ടിൽ |
| V | എ. ഡി. ഗോപി | അണ്ണാംകുഴിയിൽ |
| VI | കെ. എസ്. രാജു | കണ്ണിക്കുളം |
| VII | സൈമൺ റ്റി. ജോർജ്ജ് | കിളിയമംഗലത്ത് |
| VIII | വിജയമ്മ നാരായണൻ | പാലേക്കോട്ടിൽ |
| IX | സുജാത ശശി | കുന്നേൽ |

പ്രസിഡണ്ട് — സുജാത ശശി

വൈസ് പ്രസിഡണ്ട് — വി. ജെ. ജോസഫ്

സ്റ്റാന്റിങ്ങ് കമ്മറ്റി **ചെയർമാൻ** — പി. വി. സ്കറിയ

# ആമുഖം

9-ാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലൊ. താഴെതട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ അഭാവവും നടത്തിപ്പിൽ ജനകീയ പങ്കാളിത്തമില്ലായ്മയും വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളും വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണത്തിന്റേയും ഏകോപനത്തിന്റേതുമായ കുറവുകൾ നമ്മുടെ പിന്നിട്ടുപോയ പദ്ധതികളുടെ വലിയ പോരായ്മകളായിരുന്നു. ഈ പോരായ്മകൾ പരിഹരിക്കുകയെന്നത് 9-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.

പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിലും ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ രൂപപ്പെടുത്തേണ്ടത്. ഈ പദ്ധതിയുടെ രൂപീകരണം മുതൽ നടത്തിപ്പുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുമെന്നതുകൊണ്ട് ഇന്നലെകളിൽനിന്ന് വ്യത്യസ്തമായതും അർത്ഥപൂർണ്ണവുമായ ഒരു വികസന കാഴ്ചപ്പാടും രൂപപ്പെടുന്നു. ഈ കാഴ്ചപ്പാട് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പഞ്ചായത്തു സമിതികളെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ആവശ്യകതകളേയും 9-ാം പദ്ധതിയേയും കുറിച്ച് പഠിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽനിന്നും തിരഞ്ഞെടുത്തയച്ചവരും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഓരോ വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ്പേഴ്സൺസും ചേർന്ന് നമ്മുടെ മുഴുവൻ ഗ്രാമസഭാ സമ്മേളനങ്ങളും പൂർത്തിയാക്കി. ഗ്രാമസഭാ സമ്മേളനങ്ങൾക്കുശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഗ്രാമസഭകളിൽനിന്നുള്ള റിപ്പോർട്ടുകളുടെ ക്രോഡീകരണം, ദ്വിതീയ വിവരശേഖരണം എന്നിവയായിരുന്നു ഇതിൽ പ്രധാനമായിരുന്നത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പരിശീലന പരിപാടിയും നാം വേണ്ടവിധം നടത്തിയിട്ടുണ്ട്.

1996 ഡിസംബർ 6 ന് നടക്കുന്ന വികസന സെമിനാറിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായുള്ള സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. ഈ സ്വാഗതസംഘത്തിന്റെ നേതൃത്വത്തിലാണ് വികസന സെമിനാറിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുള്ളത്.

ഗ്രാമസഭകളിൽനിന്നുള്ള വിവരങ്ങളും ദ്വിതീയ വിവരക്കണക്കുകളും വിവിധ വകുപ്പുകളിൽനിന്ന് ശേഖരിച്ചിട്ടുള്ള വിവരങ്ങളും പഠന റിപ്പോർട്ടുകളും വിവിധ വ്യക്തികളിൽനിന്ന് ശേഖരിച്ചിട്ടുള്ള അറിവുകളും അവലംബമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി സാമൂഹിക സാംസ്ക്കാരികമായ ചരിത്രം എന്നിവ കൂടി ലഘുവായി പ്രതിപാദിച്ചിട്ടുണ്ട്.

ഇന്നുനടക്കുന്ന ഈ സെമിനാറിനുശേഷം വകുപ്പുദ്യോഗസ്ഥന്മാരേയും സാങ്കേതിക വിദഗ്ധന്മാരേയും ഉൾപ്പെടുത്തിക്കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന കർമ്മ സമിതികളായിരിക്കും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പ്രശ്ന പരിഹാരങ്ങൾക്കുവേണ്ടി പഞ്ചായത്തു സമിതികളെ സഹായിക്കുന്നത്.

റിപ്പോർട്ടിൽ നൽകുന്ന സാധ്യതകളും നിർദ്ദേശങ്ങളും പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. വകുപ്പുദ്യോഗസ്ഥന്മാരുടേയും വിദഗ്ധന്മാരുടേയും നിർദ്ദേശങ്ങളുടേയും വികസന സെമിനാറിൽനിന്നുണ്ടാകുന്ന സജ്ജീവമായ ചർച്ചകളിലൂടെയും ഇത് സ്പഷ്ടമാക്കേണ്ടതുണ്ട്.

മണീടിൽ പഞ്ചായത്ത് രൂപം കൊള്ളുന്നത് 1953ലാണ്. അന്ന് സംവരണത്തിന് പ്രത്യേകം വാർഡുകളുണ്ടായിരുന്നില്ല. വെട്ടിത്ത വാർഡ് ദ്വയാംഗ വാർഡായി കണക്കാക്കിക്കൊണ്ട് ഹരിജൻ പ്രതിനിധിയെ കൂടി തെരഞ്ഞെടുത്തു.

രണ്ടാമത്തെ ഭരണ സമിതിയിൽ മണീട് ദ്വയാംഗവാർഡായി പരിഗണിച്ചുകൊണ്ട് ഹരിജൻ പ്രതിനിധിയെ തെരഞ്ഞെടുത്തു.

രണ്ടാമത്തെ ഭരണ സമിതിയിൽ വനിതാ പ്രതിനിധിയെ നോമിനേറ്റു ചെയ്യുകയായിരുന്നു.

## പഞ്ചായത്ത് പ്രസിഡന്റുമാർ

1) T.J. എബ്രഹാം തോട്ടത്തിക്കുന്നത്ത്
2) K.M. മൈക്കിൾ കുഴിക്കണ്ടത്തിൽ
3) J.C. ചാലി, ചാലിയിൽ പാമ്പ്ര
4) M.U. പൗലോസ്, മാരിയിൽ
5) Fr. V.C. വറുഗ്ഗീസ് ചീർണ്ണം കോട്ടിൽ
6) N.P. പൗലോസ്, നെല്ലിക്കുഴിയിൽ
7) ശ്രീമതി സുജാത ശശി, കുന്നേൽ

## ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ സ്ഥാപനങ്ങൾ

1. വില്ലേജ് ഓഫീസ്, മണീട്
2. പ്രാധമികാരോഗ്യകേന്ദ്രം, മണീട്, ആനമുന്തി
3. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ഏഴയ്ക്കരനാട്
4. ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, നെച്ചൂർ
5. കൃഷിഭവൻ, ഏഴയ്ക്കരനാട്
6. ടെലിഫോൺ എക്സ്ചേഞ്ച്, മണീട്
7. പോസ്റ്റ് ഓഫീസുകൾ – ഏഴയ്ക്കരനാട്, ഏഴയ്ക്കരനാട് സൗത്ത്, നെച്ചൂർ, മണീട്
8. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് – ഏഴയ്ക്കരനാട്, മണീട്
9. മാവേലി സ്റ്റോർ, മണീട്
10. കുടുംബക്ഷേമ കേന്ദ്രം – ഏഴയ്ക്കരനാട്, പാമ്പ്ര
11. ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ്, മണീട്
12. മൃഗാശുപത്രി, മണീട്

### ധനകാര്യസ്ഥാപനങ്ങൾ

1. സർവ്വീസ് സഹകരണ ബാങ്ക്, മണീട്
2. ഫെഡറൽ ബാങ്ക്, മണീട്

### വിദ്യാലയങ്ങൾ

1. ഗവൺമെന്റ് ഹൈസ്ക്കൂൾ, മണീട്
2. V. H. S. C., മണീട്
3. ഗവൺമെന്റ് U. P. സ്ക്കൂൾ, ഏഴയ്ക്കരനാട്
4. മാർ ഗ്രീഗോറിയോസ് U. P. സ്ക്കൂൾ, കാരൂർ
5. ആസാദ് മെമ്മോറിയൽ L. P. സ്ക്കൂൾ, ഏഴയ്ക്കരനാട്
6. ഗവൺമെന്റ് L. P. S., നെച്ചൂർ
7. ഗവൺമെന്റ് L. P. S., മണീട്

### ആപ്കോസ് സംഘങ്ങൾ

1. ഏഴയ്ക്കരനാട്
2. മണീട്

## ചരിത്ര പശ്ചാത്തലം

മണീട് എന്ന സ്ഥലം പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു. പഞ്ചായത്ത് രൂപീകരിക്കുന്നത് 1953 ലാണ്. 1953 ഏപ്രിൽ മാസം 22 ന് തെരഞ്ഞെടുപ്പു നടന്നു. പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത് 1953 ആഗസ്റ്റ് 15 നാണ്. മണീടിന്റെ പ്രഥമ പഞ്ചായത്തു പ്രസിഡന്റെ ശ്രീ. T. J. എബ്രഹാം തോട്ടത്തിക്കുന്നത്ത് ആണ്. 1959 ൽ മണീട് വില്ലേജ് രൂപീകൃതമായി. മണീട് വില്ലേജ് രൂപീകരണത്തിനു മുമ്പ് ഈ പ്രദേശം രാമമംഗലം വില്ലേജിന്റെ ഭാഗമായിരുന്നു. ഈ പഞ്ചായത്തിന്റേയും വില്ലേജിന്റേയും റവന്യൂ അതിരുകൾ ഒരേ വിധത്തിലാണ്. ഈ പഞ്ചായത്തിന്റെ കിഴക്കേ അതിരിലൂടെ സുന്ദരമായ മൂവാറ്റുപുഴയാർ ഒഴുകുന്നു. ഈ പഞ്ചായത്തിൽ 8 കരകളാണുള്ളത്.

പരമ്പരാഗതമായിട്ടുള്ള സാമൂഹ്യഘടനകളും സവർണ നാടുവാഴി ജന്മി നാടുവാഴിത്ത മേധാവിത്വവും അനുസ്യൂതം തുടർന്നു വരികയായിരുന്നു. ഇതിനൊരുമാറ്റം വരുത്തിയത് പ്രധാനമായും കാർഷിക ഭൂപരിക്ഷ്ക്കരണ നിയമങ്ങളും കൊല്ലവർഷം 1080 ലും 1081 ലും ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട രണ്ടു സ്ക്കൂളുകളുടെ ആരംഭത്തോടെയുമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഈ പഞ്ചായത്തു പ്രദേശത്ത് കാര്യമായി പ്രകടമായിരുന്നില്ലെങ്കിലും ചെറിയ ചെറിയ സംഘടിത രൂപങ്ങളും പ്രവർത്തനങ്ങളും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു.

കൊല്ലവർഷം 1114 ചിങ്ങമാസത്തിൽ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കുവാൻ വേണ്ടിയുള്ള എ. കെ. ജി യുടെ വരവ് ഈ പ്രദേശത്ത് ഒരു പുത്തനുണർവ്വ് ഉണ്ടാക്കി. ഈ സമ്മേളനത്തോടെ ബ്രിട്ടീഷ് കോയ്മക്കെതിരായ സ്വാതന്ത്രാഭിവാഞ്ജ ജനങ്ങളിൽ ഉണർത്താനും 1114 ലെ വട്ടിയൂർക്കാവ് സമ്മേളനത്തിൽ പങ്കെടുക്കാൻ കോൺഗ്രസ് വോളണ്ടിയർമാർ തയ്യാറാവുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുത്ത ആറുപേരിൽ ശ്രീ. എൻ. പി. കുര്യാക്കോസ് വെട്ടിക്കുഴി, കെ. സി. വർക്കി കുന്നുമ്മേൽ, കുര്യാച്ചൻ വടക്കേവീട്ടിൽ എന്നിവർ ഇന്നും ജീവിച്ചിരിക്കുന്നുണ്ട്.

ദേശീയ പ്രസ്ഥാനത്തോട് നല്ല ബന്ധം പുലർത്തിയിരുന്ന മാമലശ്ശേരിമന ഈ പഞ്ചായത്തിലെ മേമ്മുഖത്താണ്. ഇ. എം. എസ്സ് ഈ വീട്ടിൽ 7 ദിവസം ഒളിവിൽ താമസിക്കുകയുണ്ടായി.

സ്വാതന്ത്ര്യാനന്തരകാലത്ത് ബഹുജന പ്രസ്ഥാനങ്ങളുടെ മുഖ്യധാര ഭൂമിക്കും കുടികിടപ്പവകാശങ്ങൾക്കും വേണ്ടിയുള്ള സമരമായിരുന്നു. 1952 മുതൽ 1971 വരെയുള്ള കാലയളവിൽ വിവിധ ഭൂപരിഷ്ക്കരണ നിയമങ്ങൾ രൂപം കൊള്ളുക വഴി ഉണ്ടായ ഭൂപരിഷ്ക്കരണ നടപടികളും ബഹുജന പ്രസ്ഥാനങ്ങളുടെ രൂപം കൊള്ളലും ഈ പഞ്ചായത്തിന്റെ കാർഷികമേഖലയെ പുഷ്ടിപ്പെടുത്തുവാൻ ഉതകിയെന്നു മാത്രമല്ല ഈ പ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റാൻ അത് ഉപകരിച്ചു.

ഫ്യൂഡൽ ജന്മിത്വം അവസാനിക്കുന്നതിനുമുമ്പ് കൃഷിഭൂമി ഏതാനും ദേവസ്വംകാരുടേയും ജന്മികളുടേയും വകയായിരുന്നു. ഭൂപരിഷ്ക്കരണത്തിലൂടെ അനവധി കുടികിടപ്പുകാരും കുടിയാന്മാരും സ്വന്തം ഭൂമിയുടെ ഉടമസ്ഥരായി മാറി. ഭൂവുടമാബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണ മേധാവിത്വത്തിന്റേയും ജന്മിത്വത്തിന്റേയും അടിത്തറ തോണ്ടി.

ആദിശങ്കരന്റെ അമ്മവീടായ മേല്പാഴൂർമന സമീപ പഞ്ചായത്തിലാണ്. പ്രസിദ്ധമായ 'പാഴൂർ പടിപ്പുര' യും സമീപ പഞ്ചായത്തിലാണ്. കേട്ടറിഞ്ഞും കണ്ടറിഞ്ഞതുമായ ബന്ധങ്ങൾ മേല്പാഴൂർ മനയുമായും പാഴൂർ പടിപ്പുരയുമായി മണീട് ഗ്രാമവാസികൾക്കുണ്ട്.

ആയിരക്കണക്കിന് പറ നെല്ല് പാട്ടം ലഭിച്ചിരുന്ന ദേവസ്വങ്ങൾക്കും ജന്മികൾക്കും പഴയ പ്രതാപാശ്വര്യങ്ങൾ ഇന്നില്ല. മൂവായിരം പറ നെല്ലിന്റെ പാട്ടവും മുപ്പത്തി ആറര കരയുടെ ഉടമസ്ഥാവകാശവും വടക്കിൽ ദേവസ്വത്തിന് ഉണ്ടായിരുന്നു. ഈ പ്രദേശത്തെ ഒരു വലിയ ജന്മിത്തറവാടായിരുന്ന പാലക്കോട്ട് തറവാടിന് കുറ്റവിചാരണ നടത്തി ശിക്ഷ വിധിക്കാനുള്ള അവകാശം ഉണ്ടായിരുന്നു. ഈ അർത്ഥത്തിൽ 'പാലക്കോർട്ട്' എന്നും പറയാറുണ്ട്. ഈ കുടുംബത്തിന് ഉണ്ടായിരുന്ന ധനസ്ഥിതിയേയും പ്രതാപത്തേയും കുറിച്ച് 'തലയാട്ടം, മുടിയാട്ടം' എന്നൊക്കെ പറയുന്ന നാടൻ കലകളിൽനിന്ന് സൂചനകൾ ലഭിക്കുന്നു.

ഭൂസ്വത്തിൽ ഒരു ന്യൂനപക്ഷത്തിനുമാത്രം അവകാശികളായിരുന്ന ഗ്രാമവാസികളിൽ ഭൂരിപക്ഷം വരുന്ന അവർണ്ണജാതിക്കാർ ഭൂപരിഷ്ക്കരണത്തിലൂടെ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും നിലനിന്നിരുന്ന പിന്നോക്കാവസ്ഥയിൽനിന്ന് വ്യത്യാസം വരുത്തുവാൻ തുടങ്ങി. കൃഷിഭൂമി സ്വന്തമായതുവഴി സ്വന്തം ഭൂമിയിൽ അദ്ധ്വാനിച്ച് കിട്ടുന്ന വരുമാനം ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസം നേടാൻ കഴിഞ്ഞുവെന്നത് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നിദാനമായി.

ജാതി സമ്പ്രദായങ്ങളും അനാചാരങ്ങളും കൊടികുത്തി വാണിരുന്ന നാടാണ് ഇത്. കേരളത്തിൽ ഒട്ടാകെ ഉണ്ടായ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടേയും വ്യക്തികളുടേയും പ്രചാരണ പ്രവർത്തനങ്ങളുടെ സ്വാധീനം തന്നെ ഈ സമ്പ്രദായങ്ങളെ മാറ്റിത്തീർക്കാൻ സഹായിച്ചത്.

കൃഷിഭൂമി സ്വന്തമാക്കുന്നതിനും കുടികിടപ്പവകാശം ലഭിക്കുന്നതിനും വേണ്ടിയുള്ള സമരങ്ങൾ ഈ ഗ്രാമത്തിൽ നടന്നിട്ടുണ്ട്.

സ്വാതന്ത്ര്യത്തിനുശേഷം മണീടിൽ നടന്നിട്ടുള്ള തോട്ടം തൊഴിലാളിസമരം മണീടിൽ നടന്നിട്ടുള്ള സമരങ്ങളിൽ ഏറ്റവും പ്രധാനമായി എടുത്തു പറയേണ്ടതാണ്. ഈ സമരം ഒന്നരമാസക്കാലം നീണ്ടുനിന്നു. ഒന്നര അണ കൂലി കൂടുതലിനുവേണ്ടിയായിരുന്നു സമരം. 38 തൊഴിലാളികൾക്ക് ഒരു ബ്ലോക്കുമരം ഒരു തൊഴിലാളിക്ക് അര ബ്ലോക്കു മരവും എന്ന നിലയിൽ ജോലി ചെയ്തിരുന്നതുകൊണ്ട് ഈ സമരത്തെ മുപ്പത്തി എട്ടര സമരമെന്ന് നാട്ടുകാർ വിശേഷിപ്പിച്ചിരുന്നു.

കൊല്ലവർഷം 1080ൽ തന്നെ വിദ്യാലയം തുടങ്ങാൻ കഴിഞ്ഞിരുന്നുവെങ്കിലും വേണ്ടത്ര ഹൈസ്ക്കൂളുകൾ ഇവിടില്ല. വിദ്യാഭ്യാസരംഗത്ത് ഇനിയും മുന്നോട്ടു പോകാൻ കഴിയണം. പാർപ്പിട പ്രശ്നങ്ങളും ഇനിയും നമുക്ക് പരിഹരിക്കേണ്ടതായിട്ടുണ്ട്. ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിതന്നെ ഗതാഗത പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണ്. ഈ പഞ്ചായത്തിൽ ഏഴക്കരനാട്, മേമ്മുഖം, നെച്ചൂർ തുടങ്ങിയ വായനശാലകൾ വളരെ പഴക്കമുള്ളവയാണ്. അടുത്തകാലങ്ങളിലൊന്നും ഈ ഗ്രാമത്തിൽ പുതിയ ഗ്രന്ഥശാല ഉണ്ടായിട്ടില്ലെന്നത് വിദ്യാഭാസ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് സഹായകരമാണ്.

സാമൂഹ്യ സാംസ്ക്കാരിക രംഗത്തും കലാകായിക രംഗത്തും ഈ ഗ്രാമത്തിന്റേതായ വലിയ സംഭാവനകൾ ഇല്ല. ഈ പഞ്ചായത്തിലെ കുഴികണ്ടം കുടുംബാംഗമായി ശ്രീ. k.M. കുര്യാക്കോസ് 1112ൽ തിരുവിതാകൂറിലെ ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ K.M. പോൾ 1943ൽ ഇതേ അസംബ്ലിയിൽ അംഗമായിരുന്നു. അന്ന് മണീട് പ്രദേശം മൂവാറ്റുപുഴ-ദേവികുളം നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു. ഇപ്പോൾ കേരള അസംബ്ലിയിൽ അംഗമായിട്ടുള്ള ശ്രീ. V.J. പൗലോസ് ഈ പഞ്ചായത്തു നിവാസിയാണ്.

മതങ്ങളും ജാതികളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധമാണ് ഇവിടെയുള്ളത്. ക്രിസ്ത്യൻ പള്ളികളും ഹൈന്ദവക്ഷേത്രങ്ങളും ധാരാളമായി ഇവിടെ ഉണ്ട്. മണീടു പഞ്ചായത്തിൽ നെച്ചൂരിലുള്ള സെന്റ് തോമസ് സിറിയൻ ഓർത്തഡോക്സ് പള്ളിയുടെ സ്ഥാപനം കൊല്ലവർഷം 630 ലാണെന്നു കരുതപ്പെടുന്നു. ഈ പള്ളിയുടെ ഏകദേശം ഒരു കിലോമീറ്ററിൽ അടുത്തായി സുന്ദരമായ മൂവാറ്റുപുഴയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന മടക്കിൽ ശ്രീഭദ്രകാളി ക്ഷേത്രം 500ൽ അധികം വർഷം പഴക്കമുള്ളതാണെന്നു കരുതപ്പെടുന്നു. എല്ലാ വർഷവും മകരമാസത്തിൽ മണീട് മാർ കുര്യാക്കോസ് സഹദാ പള്ളിയിലെ പെരുന്നാളും മഞ്ഞനിക്കര (ഓമല്ലൂർ) തീർത്ഥയാത്ര വളരെ പ്രസിദ്ധമാണ്. മഞ്ഞനിക്കര തീർത്ഥയാത്രയുടെ ആരംഭം ഈ പള്ളിയിൽ നിന്നാണെന്ന് പറയപ്പെടുന്നു. ഈ തീർത്ഥയാത്രയിൽ നാനാ ജാതിമതസ്ഥർ പങ്കെടുക്കുന്നു. വെട്ടിത്തറ അയ്യപ്പൻകുന്ന് ശാസ്താ ക്ഷേത്രത്തിലെ പേട്ടതുള്ളലും മണീട് മാർ കുര്യാക്കോസ് സഹദാപള്ളിയിൽ നിന്നുള്ള മഞ്ഞനിക്കര തീർത്ഥയാത്രയും ഹിന്ദു-ക്രിസ്ത്യൻ മതമൈത്രിയുടെ പ്രതീകമായി ജനങ്ങൾ ഉയർത്തിക്കാട്ടുന്നു.

ഐതീഹ്യങ്ങളിൽ നിന്നും നാട്ടറിവുകളിൽ നിന്നുമാണ് ഈ നാടിന്റെ ചരിത്രത്തെക്കുറിച്ച് ഒരേകദേശ ചിത്രം കിട്ടുന്നത്. മണീട് എന്ന സ്ഥലനാമത്തിന്റെ ഉത്പത്തിയെക്കുറിച്ചുതന്നെ മനോഹരമായ ഒരു ഐതിഹ്യം പഴയ തലമുറ പറഞ്ഞുതന്നിട്ടുണ്ട്.

നൂറ്റാണ്ടുകൾക്ക് മുൻപ് മണീടിന്റെ ഭൂപ്രകൃതി ഇന്നത്തേതിൽ നിന്ന് വളരെ വ്യത്യസ്ഥമായിരുന്നുവെന്ന് ഊഹിക്കാമല്ലോ. ചെറുതും വലുതുമായ കാടുകളായിരുന്നു ഭൂരിപക്ഷം പ്രദേശത്തെന്നും ഊഹിക്കാം. ഉദയംപേരൂർ എന്ന സ്ഥലത്തുനിന്നും ഹിന്ദുക്കൾ കൂട്ടത്തോടെ ക്രിസ്തുമതം സ്വീകരിച്ചുവെന്നും, അതിനാൽ സവർണ്ണ ഹിന്ദുക്കളുടെ പീഢനം സഹിക്കാൻ കഴിയാതെ സ്വദേശത്തുനിന്നും കൂട്ടത്തോടെ പലായനം ചെയ്തുവെന്നും മണീടിലെ നെച്ചൂരിലെത്തുകയും കൂട്ടം പിരിഞ്ഞുപോയവരെ ഒന്നിപ്പിക്കുന്നതിനുവേണ്ടി വലിയ ഉച്ചത്തിൽ മണിയടിക്കുകയും ചെയ്തു. മണിയടിച്ച സ്ഥലം ക്രമേണ 'മണീട്' ആയി എന്നാണ് ഐതീഹ്യം. മണിയൊച്ച കേട്ടിട്ടും സംഘം പിരിഞ്ഞവരെ കാണാതായപ്പോൾ ഉമി കൂട്ടി തീയിട്ടു. ഉമി കൂട്ടി തീയിട്ട സ്ഥലം 'ഉമിക്കുന്ന്' എന്ന് അറിയപ്പെടുന്നു. അതേ സ്ഥലത്ത് നെച്ചൂർ സെന്റ് തോമസ് പള്ളിയുടെ ഒരു കുരിശുപള്ളി സ്ഥാപിച്ചിട്ടുണ്ട്. മണീട് എന്ന് സ്ഥലനാമം എങ്ങനെ ഉണ്ടായി എന്നതിന് ഇനിയും ധാരാളം ഐതീഹ്യങ്ങൾ കേട്ടിട്ടുണ്ട്. പലതും വിട്ടുപോയേക്കാം. ഞങ്ങളുടെ അറിവിൽ കിട്ടിയ വിവരങ്ങൾ ചുരുക്കമായി പ്രദിപാദിച്ചുകൊണ്ട് നിറുത്തട്ടെ. ❐

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് മണീട് ഗ്രാമപഞ്ചായത്തു പ്രദേശത്തെ അഞ്ച് മേഖലകളായി തിരിക്കാം.

ഉയർന്ന കുന്നിൻ പ്രദേശം, കുന്നിൻ ചരിവുകൾ, താഴ്‌വരകൾ, വെള്ളക്കെട്ടുകൾ, താഴ്ന്ന നിലങ്ങൾ

മണീട് ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 26.19 ചതുരശ്ര കിലോമീറ്ററാണ് (1619.67 ഹെക്ടർ). ഇതിൽ 516 ഹെക്ടർ സ്ഥലം നിലവും 1947 ഹെക്ടർ പുരയിടവുമാണ്. 157.69 ഹെക്ടർ വിവിധ പുറമ്പോക്കുകളും 5 ഹെക്ടർ തരിശുമാണ്.

ഗ്രാമപ്രദേശത്തിലെ പുരയിടത്തിൽ ഏകദേശം 75 ശതമാനവും ഉയർന്ന പ്രദേശങ്ങളാണ്. ഈ പഞ്ചായത്തിലെ പോത്തോളിമലയ്ക്ക് സമുദ്രനിരപ്പിൽനിന്നും 500 മീറ്റർ ഉയരമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പാമ്പാക്കുട ബ്ലോക്കിലെ അംബേദ്കർ ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശമാണിത്.

### മണീട് പഞ്ചായത്തിന്റെ അതിരുകൾ

- വടക്ക് — പൂത്തൃക്ക, തിരുവാണിയൂർ പഞ്ചായത്തുകൾ
- കിഴക്ക — മൂവാറ്റുപുഴയാറ്
- തെക്ക് — എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾ
- പടിഞ്ഞാറ് — തിരുവാണിയൂർ, മുളന്തുരുത്തി പഞ്ചായത്തുകൾ

### ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരിവു പ്രദേശങ്ങളും

ഉയർന്ന കുന്നിൻ പ്രദേശങ്ങളായ പോത്തോളിമല, ഉമിക്കുന്നുമല, കൂനഞ്ചേരിമല, നിരപ്പന്താനംമല, കുഞ്ഞൻമല, വേട്ടക്കല്ലേൽ മല, നീറാംമുകൾകുന്ന്, മഞ്ഞംകുഴിമല, നെല്ലിക്കുഴിമല മുതലായവയാണ് ഉയർന്ന പ്രദേശങ്ങൾ. ഈ മലകൾ ഒരുകാലത്ത് തരിശായിരുന്നു. ചരൽ കലർന്ന ചെമ്മണ്ണുള്ള ഈ ഉയർന്ന പ്രദേശങ്ങളിൽ പ്രധാന വിള റബ്ബറാണ്.

പാമ്പ്ര ഓലിമലയുടെ വടക്കുനിന്നും തുടങ്ങി തെക്കോട്ട് അവസാനിക്കുന്ന ഒരു താഴ്‌വര ഉണ്ട്.

കുന്നിൻ ചരിവുകളിൽ തെങ്ങ്, കുരുമുളക്, വാഴ എന്നിവയാണ് പ്രധാന കൃഷികൾ. റബ്ബർകൃഷിക്കും പറ്റിയ മണ്ണായതിനാൽ റബ്ബർ കൃഷിയും ധാരാളമായി ഉണ്ട്.

പാമ്പ്ര പാടശേഖരം ചീരന്താനത്തുതാഴം, മേമ്മുഖം പാടശേഖരം, കാരൂർ പാടശേഖരം, മണീടു പുഞ്ച, വലിയ പാടശേഖരം, നെച്ചൂർ പാടശേഖരം, നീർക്കുഴി പാടശേഖരം, കുട്ടണംപുറം പാടശേഖരം, ഏഴയ്ക്കരനാട് സൗത്ത് ബ്ലോക്ക് പാടശേഖരം, വെട്ടിത്തറ പാടശേഖരം, ശ്രാപ്പിള്ളി പാടശേഖരം, ഏഴക്കരനാട് പാടശേഖരം, പേരിചപ്പാടം പാടശേഖരം, മാളിക്കൽത്താഴം പാടശേഖരം, പാറശ്ശേരിത്താഴം പാടശേഖരം, പുത്തൻ പുരകുടി പാടശേഖരം തുടങ്ങിയ പാടശേഖരങ്ങൾ മണീട് പഞ്ചായത്തു പ്രദേശത്തെ പാടശേഖര സമ്പത്തുക്കളാണ്. മഴവെള്ളം ശേഖരിക്കപ്പെടുന്നതിനാൽ മേൽപ്പറഞ്ഞവയിലെ മിക്ക പ്രദേശങ്ങളും കളിമണ്ണ് ചേർന്ന മണ്ണാണ്. അതുപോലെ എക്കലും കാണുന്നുണ്ട്. മിക്ക പാടശേഖരങ്ങളിലും ഇരുപ്പൂ നെൽകൃഷിയും മൂന്നാം വിളയായി പയറുമാണ് സാധാരണയായി കാണുന്നത്.

### വെള്ളക്കെട്ടുകൾ

മൂവാറ്റുപുഴയാറിന്റെ സാമീപ്യം ഉള്ളതി

നാൽ വർഷക്കാലത്തെ വെള്ളപ്പൊക്കമുണ്ടാവുന്നതു നിമിത്തം സ്ഥിരമായി വെള്ളക്കെട്ടായിക്കിടക്കുന്ന ചാലുകളും പെരുംതോടുകളും ഉണ്ടെന്നത് ഇവിടുത്തെ ഒരു പ്രത്യേകതയാണ്. പ്രധാനമായും മണീടു പുഞ്ചച്ചാൽ, വട്ടച്ചാൽ, വെട്ടിത്തറ വലിയ ചാൽ, ചെറിയ ചാൽ തുടങ്ങി ഏകദേശം 40 ഹെക്ടർ സ്ഥലം വെള്ളക്കെട്ടു ഭീഷണി ഉള്ളവയാണ്. പാമ്പ്ര പാടശേഖരത്തിലൂടെ ഈ പാമ്പ്രത്തോട് പാണാറ്റിലും ശ്രാപ്പിള്ളിയിൽനിന്ന് ഏത്തപ്പാടം വഴി ഒഴുകുന്ന തോട് കുന്ദപ്പിള്ളി തോട്ടിലും പതിക്കുന്നു. മറ്റുള്ള മുഴുവൻ പാടശേഖരങ്ങളിലെ തോടുകളും കിഴക്കോട്ടൊഴുകി മൂവാറ്റുപുഴയാറിൽ പതിക്കുന്നു.

ഇവിടുത്തെ മണ്ണ് പൊതുവെ വെട്ടുകല്ല് (ചെമ്മണ്ണ്) ചേർന്നതാണ്. എന്നാൽ ഈ പഞ്ചായത്തിലെ വടക്കുപടിഞ്ഞാറുഭാഗം ധാരാളമായി കരിങ്കല്ലുള്ള പ്രദേശമാണ്.

ഈ പഞ്ചായത്തിന്റെ 4, 5, 6 വാർഡുകൾ പെടുന്നതായ വെട്ടിത്തറ മുതൽ കാരൂർ വരെയുള്ള പ്രദേശം മൂവാറ്റുപുഴയാറിന്റെ തീരപ്രദേശങ്ങൾ ചേർന്നതാണ്. ഈ പ്രദേശങ്ങളിൽ ചെറുസസ്യങ്ങൾ മുതൽ വിലപിടിപ്പുള്ള ആഞ്ഞിലി, പ്ലാവ്, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളും ധാരാളമായി ഉണ്ട്. കൂടാതെ കൊക്കോ, ജാതി എന്നിവയുടെ കൃഷിയും ഈ പ്രദേശങ്ങളിൽ കാണാം.

### ജനപ്രകൃതി

1991 ലെ സെൻസ് അനുസരിച്ച് മണീട് പഞ്ചായത്തിലെ ആകെ ജനസംഖ്യ 15515 ആണ്. ഇതിൽ പുരുഷന്മാർ 7822 ഉം സ്ത്രീകൾ 7693 ഉം ആണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 1410 പുരുഷന്മാരും 1454 സ്ത്രീകളും ഉൾപ്പെടുന്നു. ആകെ വീടുകളുടെ എണ്ണം 3245 ആണ്. ❑

## കൃഷിയും ജലസേചനവും

പ്രകൃതിദത്തമായി രൂപംകൊണ്ട കുന്നുകളും ചെരുവുകളും സമതലങ്ങളും നീർത്തടങ്ങളുമടങ്ങുന്ന ഈ പഞ്ചായത്തിന്റെ കിഴക്കേ അതിരിൽക്കൂടി ഒഴുകുന്ന മൂവാറ്റുപുഴയാറ് ഈ പ്രദേശത്തെ സമ്പന്നമാക്കുന്നു. ഈ പ്രദേശത്തിന്റെ ഉടമസ്ഥാവകാശം പ്രധാനമായും മുടക്കിൽ കാവ്, പഴതൃക്കോവിൽ, മേമ്മുഖം, മുതലായ ദേവസ്വങ്ങളുടെയും പടുതോൾ മന, മേൽപാഴൂർ മന, പോർക്കളാമറ്റം മുതലായ ജന്മികളുടേതുമായിരുന്നു. റവന്യൂ രേഖകൾ അനുസരിച്ചുള്ള ഈ പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയിൽ 516 ഹെക്ടർ നെൽകൃഷിയ്ക്കായി ഉപയോഗിച്ചിരുന്നു. ഭൂരിഭാഗം സ്വത്തിന്റെയും ഉടമകളായിരുന്ന ജന്മിമാർ കാണം – വെറുംപാട്ടം – പണയ വ്യവസ്ഥകളിൽ കുടിയാന്മാർക്ക് കൃഷിഭൂമി പതിച്ച് നൽകിയിരുന്നു.

**ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ (റവന്യൂരേഖ)**

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നിലം | 516.54 |
| പുരയിടം | 1946.62 |
| പുറമ്പോക്ക് | 152.13 |
| തരിശ് | 4.38 |
| ആകെ | 2619.67 |

കാർഷിക മേഖലയിൽ സമൂല പരിവർത്തനത്തിന് കുടിയായ്മ നിയമവും ഭൂപരിഷ്ക്കരണ നിയമവും വിത്തുപാകി തുടർന്നുണ്ടായ ഭൂപരിഷ്ക്കരണ നടപടികൾ ഭൂരഹിത കർഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരുത്തുകയും തദ്വാര കർഷകരിൽ ഉണർന്ന കർമ്മശേഷി കാർഷികരംഗത്തെ പരിവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു

മുഖ്യ വരുമാന മാർഗ്ഗം നെല്ലായിരുന്നുവെങ്കിൽ തന്നെ; നാണ്യവിളകളായ തെങ്ങ്, കശുവണ്ടി – സുഗന്ധവിളകളായ തെരുവ

പുല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം മുതലായവയും വരുമാന മാർഗ്ഗങ്ങളായി രുന്നു. ചില സ്ഥലങ്ങളിൽ കരിമ്പും കൃഷി ചെയ്തിരുന്നു. പക്ഷെ ആഹാരക്രമത്തെ സമ്പന്നമാക്കിയിരുന്നത് മരച്ചീനി, ചേമ്പ്, കാച്ചിൽ, ചേന, ചെറുകിഴങ്ങ്, മധുരകിഴങ്ങ് തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളും മുതിര, പയർ, ഉഴുന്ന് തുടങ്ങി പയർവർഗ്ഗങ്ങളും ചക്ക, മാങ്ങ, വാഴ തുടങ്ങിയ ഫലങ്ങളുമായിരുന്നു.

1920കളുടെ തുടക്കത്തിൽ ഈ പഞ്ചാ യത്തിൽ റബ്ബർ കൃഷി ആരംഭിച്ചു. കൊള്ളി നാൽ ശ്രീ. വി.എം. പീറ്റർ ആണ് ഈ കൃഷി തുടങ്ങിയത്. റബ്ബർ കൃഷിയുടെ വ്യാപനം ഇന്ന് കശുമാവ്, തെരുവപ്പുൽ കൃഷി തുട ങ്ങിയ തനി വിളകളേയും പയറുവർഗ്ഗങ്ങൾ തുടങ്ങിയ ഇടവിളകളേയും ഒരു പരിധി വരെ നാമാവശേഷമാക്കിയിട്ടുണ്ട്. തെരുവപ്പുൽ കൃഷി നിശ്ശേഷം ഇല്ലാതായി. മലമേടുകൾ റബ്ബർ കൃഷി കയ്യടക്കിയതോടുകൂടി മണ്ണിനെ സജീവമാക്കിയിരുന്ന ജൈവവളം പ്രദാനം ചെയ്ത പച്ചിലകുന്നുകളും നാമാവശേഷ മായി. ഇത് ഇവിടുത്തെ കാലിസമ്പത്തി നെയും ബാധിക്കും

ഏറെ മനുഷ്യ പ്രയത്നം ആവശ്യമായി രുന്ന കാള, പോത്ത് തുടങ്ങിയ മൃഗങ്ങളെ ഉപയോഗിച്ചുള്ള ഉഴുവ് രീതികളും തലാ ക്കൊട്ട, കയറ്റുക്കൊട്ട, ചക്രം തുടങ്ങിയവ ഉപയോഗിച്ചുള്ള ജലസേചന, ജലനിർഗമന രീതികളുമാണ് മുൻപ് ഉപയോഗിച്ചിരുന്നത്.

ഇന്ന് ഈ പഞ്ചായത്തിലെ ജനവിഭാഗ ങ്ങളുടെ മുഖ്യ വരുമാനം റബ്ബർ കൃഷിയിൽ നിന്നാണ് . റബ്ബർ ലാഭകരവും ദൈനംദിന വരുമാന മാർഗ്ഗവുമായതോടെ മുഖ്യവരുമാന മാർഗ്ഗമായിരുന്ന നെൽകൃഷിയിൽ നിന്നും കർഷകരുടെ ശ്രദ്ധ റബ്ബറിലേയ്ക്കു തിരി ഞ്ഞു. 1990ലെ റവന്യൂ രേഖകൾ കൃഷിഭ വൻ രജിസ്റ്ററുകൾ എന്നിവ പ്രകാരം പാട ങ്ങളുടെ വിസ്തീർണ്ണം 516 ഹെക്ടറിൽ നിന്നും 320 ഹെക്ടർ ആയി കുറഞ്ഞിരിക്കു ന്നതായി കാണുന്നു. എന്നാൽ ഉത്പാദന ക്ഷമതയിൽ പടിപടിയായുള്ള വർദ്ധനവ് ദൃശ്യമാകുന്നുണ്ട്.

ആദ്യകാലത്ത് ഗാർഹീക ആവശ്യത്തി നുമാത്രം ഉൽപ്പാദിപ്പിച്ചിരുന്ന നാളികേരം വരുമാനം ലക്ഷ്യമാക്കിയുള്ള മുഖ്യ കൃഷി യായിയെങ്കിൽത്തന്നെ ഈ പഞ്ചായത്തിലെ തെങ്ങുകൃഷിയെ കാറ്റുവീഴ്ച രോഗം ഇന്ന് തകർച്ചയുടെ വക്കിൽ എത്തിച്ചിരിക്കുന്നു. കൂടാതെ റബ്ബർ കൃഷി വ്യാപിച്ചത് തെങ്ങിൻ തോപ്പുകളേയും കീഴടക്കി. പല പഴയ തെങ്ങിൻ തോപ്പുകളും റബ്ബർ തോട്ടങ്ങളായി മാറിയിരിക്കുന്നു.

നെല്ല്, തെങ്ങ്, റബ്ബർ എന്നിവയെപ്പോലെ തന്നെ ഈ പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയായിരുന്ന കുരുമുളക് ദ്രുതവാട്ടം പോലുള്ള രോഗങ്ങളെ നേരിടുന്നു. അതു കൊണ്ട് തന്നെ കർഷകർ ഈ കൃഷിയോട് വിമുഖത കാട്ടുന്നു. എടുത്തുപറയാവുന്ന മറ്റു പ്രധാനകൃഷികൾ വാഴ, കമുക്, മര ച്ചീനി കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ്.

യുവതലമുറ കാർഷിക രംഗത്തുനിന്നും അകന്നതും കർഷക തൊഴിലാളികൾ കൂടു തൽ പ്രതിഫലം ലഭിക്കുന്ന മറ്റ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറിയതും കൃഷി ച്ചെലവ് വർദ്ധിച്ചതും ഇന്ന് ഈ പഞ്ചായ ത്തിലെ കാർഷിക മേഖലയെ സ്തംഭനാവ സ്ഥയിൽ എത്തിച്ചിരിക്കുകയാണ്.

പരമ്പരാഗത ജല സ്രോതസ്സുകളായ തോടുകളും കുളങ്ങളും ചാലുകളും ആവ ശ്യമായ സംരക്ഷണം ലഭിക്കാതെ നാശോ ന്മുഖമായിരിക്കുകയാണ്. റബ്ബർ കൃഷിയുടെ വ്യാപനം പരിസ്ഥിതിയുടെ അസന്തുലിതാ വസ്ഥയ്ക്ക് ഇടയാക്കുകയും സമീപസ്ഥമായ ജലസ്രോതസ്സുകൾ ഊഷരമാവുകയും ചെയ്തിരിക്കുന്നു. മൂവാറ്റുപുഴയാറിൽ നിന്നും ജലം പമ്പു ചെയ്യുന്നതിനുള്ള ജല സേചനപദ്ധതികളിലൂടെ ഏകദേശം 110 ഹെക്ടർ സ്ഥലം ഇരുപ്പുകൃഷി ചെയ്യുന്നുണ്ട്. 80 ഹെക്ടർ കരഭൂമിയിലും ഈ സൗകര്യം പ്രയോജനപ്പെടുന്നു. കൂടാതെ നിരവധി പമ്പുസെറ്റുകൾ സ്വകാര്യ വ്യക്തികൾ ജലസേചനത്തിനായി ഉപയോഗിക്കുന്നുണ്ട്. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്

354

| വിള വിസ്തീർണ്ണം (കാരണവർ ചർച്ച. കൃഷിഭവൻ, റവന്യൂ) | | |
|---|---|---|
| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ 1950 |
| 1) | നെല്ല് | 516.54 |
| 2) | തെരുവ് പുല്ല് | 376.00 |
| 3) | റബ്ബർ | 10.00 |
| 4) | തെങ്ങ് | 160.00 |
| 5) | കമുക് | 109.00 |
| 6) | കശുമാവ് | 52.00 |
| 7) | വാഴ | 132.00 |
| 8) | മരച്ചീനി | 303.00 |
| 9) | കിഴങ്ങ് വർഗ്ഗങ്ങൾ | 76.00 |
| 10) | ഇഞ്ചി, മഞ്ഞൾ | 110.00 |
| 11) | എള്ള്, കരിമ്പ് | 40.00 |
| 12) | പച്ചക്കറികൾ | 10.00 |
| 13) | മറ്റ് ഫലവൃക്ഷങ്ങൾ | 36.00 |

പഞ്ചായത്തിന്റെ 30% പ്രദേശങ്ങൾക്ക് ഉപകാരപ്രദമാണ്. എന്നാൽ ജലനിർഗ്ഗമന സൗകര്യം കുറവായ കാരൂർ പ്രദേശത്ത് (മണീട് പുഞ്ചപ്പാടം) ഈ പ്രോജക്ടിന്റെ കനാലുകളിൽ നിന്നുള്ള ജലം വെള്ളക്കെട്ടു പ്രശ്നം സൃഷ്ടിക്കുന്നുമുണ്ട്.

## വിപണനം

പല വെല്ലുവിളികളേയും അതിജീവിച്ച് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളുടെ വിപണനത്തിനുള്ള ബുദ്ധിമുട്ട് ഈ പഞ്ചായത്ത് അഭിമുഖീകരിയ്ക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. വിപണനത്തിന് കാലതാമസം വരുന്നതു മൂലം ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം കുറയുകയും ചെയ്യുന്നു. അതുകൊണ്ട് കർഷകന് ലാഭം എന്നും അന്യമാകുന്നു. മുൻകാലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ഏഴയ്ക്കരനാട് മണീട് മുതലായ വിപണന കേന്ദ്രങ്ങൾ (ചന്ത) ഇന്ന് നിർജ്ജീവമാണ്. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ഇടനിലക്കാരെ ആശ്രയിക്കുന്നതുമൂലം കർഷകർക്ക് അർഹമായ വില തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്നില്ല. തന്മൂലം പരോക്ഷമായ ചൂഷണം സമൂഹത്തിൽ നടമാടുന്നു. കാർഷികോൽപ്പന്നങ്ങളുടെ ശരിയായ സംസ്ക്കരണ, വിപണനതന്ത്രങ്ങളുടെ അഭാവവും വിലനിലവാരത്തിൽ വരുന്ന വ്യാപകമായ ഏറ്റക്കുറച്ചിലും പല വിളകളേയും പ്രതികൂലമായി തന്നെ ബാധിച്ചിട്ടുണ്ട്.

| വിള വിസ്തീർണ്ണവും ഉല്പാദനക്ഷമതയും (കൃഷിഭവൻ റിക്കോഡ്) | | | |
|---|---|---|---|
| ക്രമ നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉല്പാദന ക്ഷമത |
| 1) | നെല്ല് | 320 | 2500 kg\He |
| 2) | തെങ്ങ് | 469 | 4000 Nuts |
| 3) | റബ്ബർ | 321 | 1500 കിലോ |
| 4) | വാഴ | 42 | 7500 കിലോ |
| 5) | കുരുമുളക് | 71 | 240 കിലോ |
| 6) | കമുക് | 42 | 1.4 ലക്ഷം Nuts |
| 7) | ജാതി | 10 | " |
| 8) | കൊക്കോ | 5 | " |
| 9) | ഇഞ്ചി, മഞ്ഞൾ | 15 | " |
| 10) | പൈനാപ്പിൾ | 80 | " |
| 11) | പയർ | 36 | 350 കിലോ |
| 12) | എള്ള് | 21 | 250 കിലോ |
| 13) | പച്ചക്കറികൾ | 22 | 2 M.T\Hec. |
| 14) | മരച്ചീനി | 30 | 20 M.T\Hec. |
| 15) | വെറ്റില | 2 | Hec. |
| 16) | കശുമാവ് | 5 | Hec. |
| 17) | മറ്റ് ഫല വൃക്ഷങ്ങൾ | 12 | Hec |

## രാസവളങ്ങളുടെ ഉപയോഗം

കാർഷികവൃത്തിയ്ക്ക് മുഖ്യമായും രാസ വളം മാത്രം ഉപയോഗിച്ചുവരുന്ന ഈ കാലത്ത് തൽസംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാൻ ഈ പഞ്ചായത്തതിർത്തിയ്ക്കു ള്ളിൽ മണീട് സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് രാസവള, കീടനാശിനി വിൽപ്പന കേന്ദ്രങ്ങളുൾപ്പടെ ആറ് വിൽപ്പന ശാലകൾ പ്രവർത്തിച്ചുവരുന്നു. മണ്ണു പരി ശോധനയുടെ അടിസ്ഥാനത്തിൽ വളപ്ര യോഗം ശാസ്ത്രീയമാക്കുന്നതിനുള്ള സംവി ധാനം അപര്യാപ്തമാണ്. ജൈവ കീടനാ ശിനിയുടെ ഉപയോഗം പാടെ നിന്നുപോവു കയും രാസകീടനാശിനിയുടെ ഉപയോഗം അശാസ്ത്രീയമാവുകയും ചെയ്തതോടെ കർഷകന്റെ മിത്ര കീടങ്ങൾ പാടെ നശിച്ചു. അങ്ങിനെ കീടരോഗബാധ പതിന്മടങ്ങ് വർദ്ധിക്കാൻ ഇടയായി.

## രോഗബാധ

ഇവിടെ കൃഷി ചെയ്യുന്ന പ്രധാന വിളക ളിൽ പലതും ഇന്ന് മാരകമായ രോഗങ്ങ ളുടെ പിടിയിലാണ്. തെങ്ങിന്റെ കാറ്റുവീഴ്ച, കുരുമുളകിന്റെ ദ്രുതവാട്ടം, വാഴയുടെ മണ്ട യടപ്പ് ചെല്ലിയാക്രമണം, റബ്ബറിന്റെ പട്ടമ രപ്പ്, നെല്ലിന്റെ പോളരോഗം, പച്ചക്കറികളുടെ വൈറസ്സ് ബാധ എന്നിവയെ യുദ്ധകാല അടി സ്ഥാനത്തിൽ നേരിട്ടില്ലെങ്കിൽ ഈ മേഖല കളിൽനിന്നുള്ള കാർഷികോൽപ്പാദനം തന്നെ കുറയുകയും തന്മൂലം കർഷക ന്റെയും നാടിന്റെയും വരുമാനത്തെ ബാധി ക്കുകയും ചെയ്യും.

## വായ്പാ സൗകര്യങ്ങൾ

•മണീട് സർവ്വീസ് സഹകരണ ബാങ്ക്, ഫെഡറൽ ബാങ്കിന്റെ മണീട് ശാഖ, കാനറാ ബാങ്ക് രാമമംഗലം എന്നിവയാണ് മണീട് മേഖലയിൽ വായ്പാ സൗകര്യങ്ങൾ ലഭ്യ മാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ.

മണീട് പഞ്ചായത്തിന്റെ അതിർത്തിക്കു ള്ളിൽ കർഷകരെ സഹായിക്കുന്നതിനുത കുന്ന ഏറ്റവും പ്രധാന സ്ഥാപനം മണീട് സർവ്വീസ് സഹകരണ ബാങ്കാണ്. എന്നാൽ ബാങ്കിന് യഥാർത്ഥ കർഷകരുടെ മുഴുവൻ താൽപ്പര്യങ്ങളും സംരക്ഷിക്കാൻ കഴിയു ന്നില്ല. ഒരു ദേശസാൽകൃത ബാങ്കിന്റെ അഭാവം കർഷകരെ പ്രതികൂലമായിത്തന്നെ ബാധിക്കുന്നു.

പഞ്ചായത്തിൽ വ്യത്യസ്ത സേവന വ്യവ സ്ഥകളാണ് നിലവിലുള്ളത്. കർഷക തൊഴി ലാളികളുടെ കൂലി നിരക്ക് ചുവടെ കൊടു ക്കുന്നു.

*(ഗ്രാമസഭ ചർച്ചകൾ)*

| നമ്പർ | ജോലി | നിരക്ക് സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1 | ഉഴവ് | | 150 |
| 2 | കിള | | 100 |
| 3 | നടീൽ | 70 | |
| 4 | കളപറിക്കൽ | 60 | |
| 5 | കൊയ്ത്ത്, | ¼ | |
| 6 | മെതി പനമ്പ് | | |
| 7 | തേങ്ങ ഇടീൽ | | Rs. 3/- per tree |
| 8 | റബ്ബർ വെട്ട് 100 | 23 | 23 |

## കൃഷിഭവൻ

കാർഷിക മേഖലയായ മണീട് പഞ്ചായ ത്തിലെ കർഷകർക്കും കാർഷികവൃത്തി യ്ക്കും പുത്തൻ ഉണർവ്വും ഉന്മേഷവും പകർന്ന് 1987ൽ മണീട് പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തനമാരംഭിച്ചു. നാളിതു വരെയുള്ള പ്രവർത്തനങ്ങളിലൂടെ കർഷ കന്റെ അത്താണിയായി മാറുന്നതിൽ കൃഷി ഭവൻ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. കൃഷി ഭവന്റെ നേതൃത്വത്തിൽ കർഷകരെ ബോധ വൽക്കരിയ്ക്കുന്നതിനുവേണ്ടി പഠനയാത്ര കളടക്കമുള്ള നാനാവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എന്നാൽ കർഷകരുടെ ഇട യിലേയ്ക്കിറങ്ങി ചെന്ന് അവരുടെ പ്രശ്ന

ങ്ങൾ എന്തെന്ന് പഠിയ്ക്കുന്നതിനും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനും ഇന്നത്തെ ഉദ്യോഗസ്ഥ സംവിധാനം പര്യാപ്തമല്ല.

## നടപ്പുപദ്ധതികൾ

### 1. ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിയ്ക്കൽ

നെല്ലുൽപ്പാദനം വർദ്ധിപ്പിയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച പദ്ധതിയാണ് ഗ്രൂപ്പ് ഫാമിംഗ്. വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയം നൽകുക. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുക എന്നീ ചില പ്രവർത്തനങ്ങൾ നടപ്പിലാക്കി വിജയിപ്പിച്ചു എങ്കിലും സർക്കാരിൽ നിന്നുമുള്ള ധനസഹായം വേണ്ടത്ര പിന്നീട് ലഭിച്ചില്ല.

### 2. വിത്തുൽപ്പാദനപദ്ധതി

അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ പ്രചരിപ്പിയ്ക്കുന്നതിനും, ഓരോ പാടശേഖരത്തിനും ആവശ്യമായ അടിസ്ഥാന വിത്തുകൾ വേണ്ടത്ര ഉൽപാദിപ്പിക്കുന്നതിനുമുള്ള പദ്ധതി ഉണ്ടെങ്കിലും കർഷകർക്ക് ഈ പദ്ധതി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

## നെൽകൃഷിയ്ക്കുള്ള ഉല്പാദന ബോണസ്സ്

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു പുവിന് ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ ഉല്പാദന ബോണസ്സ് നൽകി വരുന്നത് പ്രോത്സാഹജനകമാണ്.

## ചെറുകിട യന്ത്രവൽക്കരണം

ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കാർഷിക യന്ത്രങ്ങളായ പവർട്രല്ലറുകൾ, ട്രാക്ടറുകൾ, മെതിയന്ത്രങ്ങൾ, കൊയ്ത്തുയന്ത്രം എന്നിവ സബ്സിഡി നിരക്കിൽ മുഖേന വിതരണം ചെയ്യുന്ന പരിപാടി. കാർഷിക രംഗത്തുള്ള തൊഴിൽപരമായ മുരടിപ്പിനെ ഒരു പരിധിവരെ നിയന്ത്രിക്കുന്നു.

## സമഗ്ര നാളികേര വികസന പദ്ധതി

അടിസ്ഥാന സൗകര്യങ്ങൾക്കായി ധനസഹായം നൽകി തെങ്ങു കൃഷി വ്യാപിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. സാമൂഹ്യ ജലസേചപരിപാടി, ഗ്രൂപ്പ് ജലസേച പദ്ധതി, വ്യക്തികൾക്കുള്ള കിണർ, പമ്പുസെറ്റുകൾ, കൂടാതെ, തെങ്ങുകയറ്റ യന്ത്രങ്ങൾ, റോക്കർ സ്പ്രേയറുകൾ, രാസവള കിറ്റുകൾ, പച്ചില വള വിത്ത് എന്നിവയുടെ വിതരണവും ഈ പദ്ധതിയുടെ ഭാഗമാണ് പഞ്ചായത്തുതല കേരവികസന സമിതി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കുരുമുളക് കൃഷിയുടെ പുനഃരുദ്ധാരണം, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നീ കൃഷി വിളകളുടെ വ്യാപനം എന്നീ കാര്യങ്ങളാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഈ പദ്ധതി ഒരു പരിധിവരെ പ്രയോജനപ്രദമാണ്.

## പ്രത്യേക ഘടകപദ്ധതി

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകരുടെ കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികജാതി കർഷക കുടുംബങ്ങൾ ഏറെയുള്ള മണീട് പഞ്ചായത്തിൽ ഈ പദ്ധതി വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

### 3. വിള ഇൻഷ്വറൻസ്

പ്രകൃതിക്ഷോഭം മൂലം കർഷകരുടെ വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇത് കർഷകർക്ക് വളരെ പ്രയോജനപ്രദമാണ്.

## കർഷക സംരംഭങ്ങൾ

മണീട് ഗ്രാമപഞ്ചായത്തിലെ കർഷക മേഖലയുടെ സമൂല പരിവർത്തനം ലക്ഷ്യമാക്കി 13 പാടശേഖര നെല്ലുൽപ്പാദക സമതികൾ പ്രവർത്തിക്കുന്നു. ഈ സമതിയിൽ 90% കർഷകരും അംഗങ്ങളാണ്. കൂടാതെ, ഒരു പഞ്ചായത്തുതല കേര വികസന സമതിയും ഒരു കുരുമുളകു വികസന സമതിയും പ്രവർത്തിച്ചു വരുന്നു. കൃഷിഭവൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് സമതികളുടെ സഹകരണം നല്ല രീതിയിൽ ലഭിക്കുന്നുണ്ട്. തന്മൂലം നല്ല രീതിയിൽ മിക്ക പ്രവർത്തനങ്ങളും വിജയിപ്പിക്കുവാൻ കഴിയുന്നു.

## വാർഡ് I

1. കാവനാൽ കുളം വീതിയും ആഴവും കൂട്ടി നന്നാക്കുക. ചത്രവേലി കുളത്തിന്റെ കേടുപാടുകൾ നന്നാക്കി ആഴം കൂട്ടുക.
2. പ്രാപ്പിള്ളി L. I. സ്കീം നടപ്പാക്കുക.
3. i. മേക്കണ്ണായി തോടിന്റെ ബണ്ട് നിർമ്മാണം.
   ii. ഏഴക്കരനാട് പാടത്തിന്റെ ബണ്ട് നിർമ്മാണം.
4. പ്രാപ്പിള്ളി പാടത്തേക്കും ഏഴക്കരനാട് പാടത്തേക്കും ട്രാക്ടർ, ടില്ലർ ഇറങ്ങുന്നതിനുള്ള റാമ്പ് നിർമ്മിക്കുക.

## വാർഡ് II

1. ഇരട്ടച്ചിറ, കുഴുപ്പിള്ളിച്ചിറ, പുളിക്കച്ച, വേലാൻ കുഴിച്ചിറ, അണിക്കുഴിച്ചിറ എന്നീ കുളങ്ങൾ വീതി കൂട്ടി താഴ്ത്തിക്കെട്ടി സംരക്ഷിക്കുക.
2. മാളിയേക്കൽത്താഴം – മുക്കടേത്തുതാഴം തോടിന്റെ സംരക്ഷണജോലി ചെയ്യുക.
3. P.V.I.P. നെച്ചൂർ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ പാർശ്വങ്ങളിൽ പാടത്തേക്ക് ഇറങ്ങുവാൻ റാമ്പുകൾ നിർമ്മിക്കുക. താഴത്തേരി, മാനക്കത്താഴം പ്രദേശങ്ങളിൽ റാമ്പ് കെട്ടുക.
4. തെക്കനേത്തുതാഴം വരെ വന്നുനിൽക്കുന്ന കാഡ ചാനൽ മാളിയേക്കൽത്താഴം വരെ നീട്ടി പണിയുക.

## വാർഡ് III

1. കാട്ടുകുളം, കാട്ടാലിക്കുളം, കടുങ്ങോൻകുളം എന്നിവ വീതി കൂട്ടി ആഴം കൂട്ടി കെട്ടി സംരക്ഷിക്കുക.
2. i. പുതുമന L. S. സ്കീമിന്റെ നീലനാൽത്താഴം ലീഡിങ്ങ് ചാനൽ പൂർത്തീകരിക്കുക.
   ii. പുതുമന L. I. സ്കീമിലെ സ്പൗട്ട് നം. 2, 3, 4 എന്നിവയിലെ വെള്ളം കൊണ്ടുപോകുന്നതിന് ആവശ്യമായ ലീഡിങ്ങ് ചാനൽ നിർമ്മിക്കുക.
   iii. PVIP നെച്ചൂർ ഡിസ്ട്രിബ്യൂട്ടറി സ്പൗട്ട് നമ്പർ 7 ൽ നിന്ന് മൂലമറ്റം അറിയാലക്കുറ്റി നിലത്തിലേക്കും ഫീൽഡ് ചാനൽ നിർമ്മിക്കുക.
   iv. PVIP നെച്ചൂർ ഡിസ്ട്രിബ്യൂട്ടറി സ്പൗട്ട് നമ്പർ 8 ൽ നിന്ന് 1500 മീറ്റർ ലീഡിങ്ങ് ചാനൽ നിർമ്മിക്കുക.
   v. കാശിമനപ്പടി ഭാഗത്തുനിന്നും പാറശ്ശേരിത്താഴം ഭാഗത്തേക്കുള്ള കനാൽ പണി പൂർത്തിയാക്കുക..
   vi. മാമ്മലത്താഴം മുതൽ ഉറുമ്പേത്തുനട വരെ തോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കുക.
   vii. ചീർണംകോട്ടിൽത്താഴം മുതൽ പാറശ്ശേരിത്താഴം വരെ തോടിന്റെ സൈഡ് കെട്ടുക.
   viii. ശ്ങ്കരവേലിത്താഴം മുതൽ പേരിയാപ്പാടം വരെ തോടിന്റെ സൈഡ് കെട്ടുക.
   ix. വിലങ്ങാരത്തുതാഴം മുതൽ ചെട്ടേ

ത്തുമറ്റം വരെയുള്ള തോടിന്റെ സൈഡ് കെട്ടുക.

x. ബ്ലായിത്താഴം-മാലിത്രപ്പാടം-ഉറുമ്പേത്തുനട-കരിയാലിപ്പാടം എന്നിവിടങ്ങളിൽ ചീപ്പും ക്രോസ്സ്ബാറും നിർമ്മിക്കുക.

xi. മാമ്മലത്താഴത്ത് മൂന്ന് തോട് ഭാഗത്ത് പെരിയപാടത്തേക്കും ചെറുനിലത്തിലേക്കും ചെട്ടേത്തുമറ്റം പാടശേഖരത്തിലേക്കും ട്രാക്ടർ ഇറങ്ങുന്നതിന് പാലം നിർമ്മിക്കുക.

## വാർഡ് IV

1. കൈപ്പാറകുളം ഉറവുകുഴി അണ്ണാംകുഴി കുളം, കൊമ്പൻ കുളം, അരികില കുളം, മാരിയത്താറ്റുകുളം എന്നിവ വീതികൂട്ടി താഴ്ത്തികെട്ടി സംരക്ഷിക്കുക.
2. നീർക്കുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ജോലികൾ കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ എത്രയും വേഗം പൂർത്തീകരിക്കുക.
3. കന്നാക്കഞ്ചേരിക്കടവിൽ കൃഷി ഭവനിൽ നിന്നും ലഭിച്ചിട്ടുള്ള 10HP മോട്ടോറിന് എത്രയും വേഗം വൈദ്യുതി കണക്ഷൻ നൽകുക.
4. ഞാളിയത്ത് മലയിൽ 50 HP മോട്ടോർ സ്ഥാപിച്ച് നീർക്കുഴി O.L.H. മുകളിൽ വെള്ളം ശേഖരിച്ച് കൃഷിയിടങ്ങളിൽ എത്തിക്കുക.
5. അറക്കത്തോട്ടിൽ ആറ്റുതീരത്ത് ചീപ്പ് നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കുക.

## വാർഡ് V

1. അരകുളം ചാലുവേലികുളം നീരോലിക്കുളം എന്നിവ ആഴം കൂട്ടി കെട്ടി സംരക്ഷിക്കുക.
2. അതിക്കരാഴിപ്പാടം പെരുംതോട്ടിൽ ഇരുവശവും ബണ്ടുകെട്ടി സംരക്ഷിക്കുക.
3. നീർക്കുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണി എത്രയും വേഗം പുനഃരാരംഭിക്കുക.
4. ആര്യപാടം തോട് കെട്ടി സംരക്ഷിക്കുക.
5. അതിക്കരാഴിപ്പാടം പെരുംതോട്ടിൽ കുന്നുമ്മേൽത്താഴത്ത് ക്രോസ് ബാർ നിർമ്മിക്കുക.
6. പോത്തോളിൽ അംബേദ്കർ ഗ്രാമത്തിന് മുകളിൽ മൂവാറ്റുപുഴയാറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് കൃഷിക്കുപയുക്തമാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കുക.
7. പുത്തൻ നട ക്രോസ് ബാറിന്റെ ഫൗണ്ടേഷൻ താഴ്ത്തുക.
8. നെച്ചൂർ മൈനർ ഇറിഗേഷൻ സ്കീമിന്റെ മോട്ടോറുകൾ രണ്ടും മാറ്റി പുതിയവ സ്ഥാപിക്കുക. പമ്പ് ഹൗസിന്റെ കേടുപാടുകൾ തീർക്കുക.

## വാർഡ് VI

***ഉദയംചിറകുളം***

കൊരങ്ങിപ്പിള്ളി പഞ്ചായത്തുകുളം, കൊടുംമ്പൂർ ചിറ എന്നിവ കെട്ടി സംരക്ഷിക്കുക. പാമ്പ്ര തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുക. കൊടുംമ്പൂർ ചിറയിൽ നിന്നും പാമ്പ്ര ഹരിജൻ കോളനിക്കും പരിസര പ്രദേശങ്ങൾക്കും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. പാമ്പ്ര കോളനി ലിഫ്റ്റ് ഇറിഗേഷൻ സ്കീം SCP യിൽ നടപ്പാക്കുക.

കാടാ പദ്ധതിയിൽ ഇപ്പോൾ ചെയ്തു നിർത്തിയിട്ടുള്ള ലീഡിംഗ് ചാനലുകൾ പുതിയാൽത്താഴം-വിച്ചാട്ടുത്താഴം വരെ ദീർഘിപ്പിക്കുക. P.V.I.P കാഞ്ഞിരമറ്റം ഡിസ്ട്രിബ്യൂട്ടറിയിൽ വാണിയേത്ത് താഴത്ത് ഒരു സ്പൗട്ട് നിർമ്മിക്കുക. പുതിയാൽത്താഴം-പാറമുറി എന്നിവിടങ്ങളിൽ ചീപ്പും ക്രോസ്സ് ബാറും നിർമ്മിക്കുക. കുമുള്ളിത്താഴം, മാത്തുപടവ്, കൊടുമ്പൂർ ക്ഷേത്രം, പാമ്പ്രപാടം, ചാലിത്താഴം എന്നിവിടങ്ങളിൽ ട്രാക്ടർ, ടില്ലർ ഇറ

ങ്ങുവാനുള്ള റാമ്പ് നിർമ്മിക്കുക.

## വാർഡ് VII

### കൃഷി

*പുനഃരുദ്ധരിക്കേണ്ട കുളങ്ങൾ*

1. കാവുംപാടു കുളം
2. മന്നംകുഴിച്ചിറ

*തോടുകൾ*

1. മുളയംപാടം തോട്
2. കിഴുവേലി-ഇടവേലി നിലങ്ങളുടെ മദ്ധ്യത്തിലുള്ള തോടുകളുടെ ബണ്ട് നിർമ്മാണം.

നിലവിലുള്ള നെച്ചൂർ മൈനർ ഇറിഗേഷനിൽപ്പെടുന്ന കാരൂർ മേമ്മുഖം ഭാഗത്തുള്ള കനാൽ മെയിന്റനൻസ് നടത്തുക.

*വെള്ളക്കെട്ട്*

മണീട് പുഞ്ചപ്പാടത്തെ വെള്ളക്കെട്ട് നീക്കം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. പുത്തൻനട ചീപ്പുപ്പാട്ടുള്ള കലിങ്ക് തുടങ്ങി കോഴിക്കുറ്റി വരെയുള്ള ഭാഗത്തെ തോട് സംരക്ഷിക്കുക.

## വാർഡ് VIII

*പുനരുദ്ധരിക്കേണ്ട കുളങ്ങൾ*

1) ചാത്തൻ കുളം
2) മൈക്കാട്ടിൽ ചിറ
3) കുന്നംകുളം
4) ചിറമുഖത്തു ചിറ
5) കശ്ലേത്തിക്കുളം

*ലിഫ്റ്റ് ഇറിഗേഷൻ*

നീർക്കുഴി ലിഫ്റ്റ് ഇറിഗേഷൻ എക്റ്റൻഷൻ നടത്തി കല്ലേത്തുകുഴി കുളവുമായി ബന്ധപ്പെടുത്തിയാൽ കൃഷിയ്ക്ക് ഉപയുക്തമാണ്.

കുന്നംകുളം മുതൽ കിഴക്കോട്ടു മണീട് പുഞ്ചവരെയുള്ള തോടിന്റെ വീതി കൂട്ടുകയും ആഴം വർദ്ധിപ്പിക്കുകയും ചെയ്യുക.

## വാർഡ് IV

### കൃഷി

*പുനഃരുദ്ധരിക്കേണ്ട കുളങ്ങൾ*

1) മൂലപുഞ്ചക്കുളം
2) തുറച്ചാൽ
3) മാണിക്കത്തോടു തളിക്കുളം
4) മുടക്കോട്ടിച്ചിറ
5) കാട്ടുച്ചിറ
6) മറ്റപ്പിള്ളിക്കുളം
7) തന്നങ്ങാട്ടിക്കുളം

തുടങ്ങിയ കുളങ്ങൾ സൈഡു കെട്ടിയും ആഴം വർദ്ധിപ്പിച്ചും സംരക്ഷിച്ചാൽ കൃഷിയ്ക്ക് ഉപയുക്തമാക്കാവുന്നതാണ്.

വെള്ളക്കെട്ടുകൾ മൂലം കൃഷി നടത്താൻ പറ്റാത്തതും കൃഷി നാശം വരുത്തുന്നതുമായ സ്ഥലങ്ങൾ.

1) മൂലപ്പുഞ്ച നിലം
2) തെക്കേപ്പുറം പുഞ്ച
3) വടക്കേപ്പുറം പുഞ്ച
4) വെങ്ങളത്തുചാൽ
5) പടിഞ്ഞാറെ ചാൽ വിസ്താരപ്പെടുത്തി ഇരുവശവും കെട്ടി സംരക്ഷിച്ചാൽ വെള്ളക്കെട്ടുപ്രശ്നം പരിഹരിക്കാവുന്നതാണ്.

*ട്രില്ലർ പാത നിർമ്മാണം*

നിലങ്ങളിലേക്ക് ട്രില്ലർ ഇറക്കുന്നതിന് താഴെ പറയുന്ന പാതകൾ നിർമ്മിക്കണം.

1) പെരുന്തോടിന് കുറുകെ
2) നിർമ്മലി നിലം
3) മാളിക്കൽപ്പടവ്

4) തിരുവേലി ക്ഷേത്രത്തിന് അടുത്തുള്ള മുണ്ടുചിറ.

5) കുളങ്ങാട്ടുനിലം

6) വേലാങ്കുഴിമറ്റം

7) വടക്കേപ്പുറം പുഞ്ച

***കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം***

കേരകൃഷി വികസിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുക.

1) അയ്യപ്പൻ കുന്ന് ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണം ത്വരിതപ്പെടുത്തുക.

2) മൂലപ്പുഞ്ചുകുളത്ത് മോട്ടോർ സ്ഥാപിക്കുക.

3) കാട്ടുചിറയിൽ മോട്ടോർ സ്ഥാപിക്കുക.

4) പടാത്തുതാഴം ഭാഗം

## പ്രശ്നങ്ങൾ

1) മണ്ണിന്റെ ഫലപുഷ്ടി പൊതുവെ കുറവാണ്.

2) കർഷക തൊഴിലാളികളെ പാടത്ത് പണികൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

3) പല പാടശേഖരങ്ങളിലും മുമ്പുണ്ടായിരുന്ന തോട് വീതി കുറഞ്ഞ് ജലനിർഗമനത്തിന് മാർഗ്ഗമില്ലാതെ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

4) പെരിയാൽ വാലി കനാലുകൾ പല സ്ഥലത്തും പൂർത്തീകരിച്ചിട്ടില്ല.

5) ഉൽപ്പാദനച്ചെലവ് കൂടുന്നതിനാനുപാതികമായി ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.

6) എല്ലാ വാർഡുകളിലും മണ്ണൊലിപ്പുണ്ട്.

7) കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്.

8) കുളങ്ങളും ചാലുകളും ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.

9) തെങ്ങിന്റെ രോഗബാധ.

*സാധ്യത*

1) തോടുകളുടെ സംരക്ഷണഭിത്തി നിർമ്മിക്കണം.

2) കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കണം.

3) ഫാം റോഡുകൾ നിർമ്മിക്കുക.

4) കാർഷിക യന്ത്രങ്ങൾ സഹായധനത്തോടെ വിതരണം ചെയ്യണം.

5) തോട്, കുളം എന്നിവ അരികുകെട്ടി സംരക്ഷിക്കുക.

6) ജൈവവളം, ജൈവ കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്.

7) അഗ്രോ ക്ലിനിക്, അഗ്രോ സൊസൈറ്റി എന്നിവ പ്രവർത്തനം ആരംഭിക്കണം.

8) മണ്ണൊലിപ്പ് തടയുന്നതിന് സമഗ്രമായ വാട്ടർ ഷെഡ് വികസന പദ്ധതി നടപ്പിലാക്കുക.

9) പച്ചക്കറി കൃഷിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. എല്ലാ വീട്ടിലും അടുക്കളത്തോട്ടം നിർമ്മിക്കുക.

10) കേടുവന്ന തെങ്ങ് വെട്ടിമാറ്റി പകരം തൈ വയ്ക്കാൻ ധനസഹായം ലഭിക്കണം.

11) എലി നശീകരണ പദ്ധതി ഊർജ്ജിതമാക്കുക. ❐

## മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തിനുള്ളിൽ മണീട് പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഗുണപരവും പ്രകടവുമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഉൽപ്പാദനശേഷി കുറഞ്ഞ വളരെയേറെ നാടൻ കന്നുകാലികൾ ഉണ്ടാ

യിരുന്ന ഈ പ്രദേശത്തെ കാലി സമ്പത്തിൽ, അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൃത്രിമ ബീജസങ്കലനത്തിലൂടെയാണ് ഇതു കൈവരിച്ചിട്ടുള്ളത്.

സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവു പോലെയാണ് കോഴികളുടെ എണ്ണത്തിൽ ഉണ്ടായിറ്റുള്ള വർദ്ധനവും. നാടൻ കോഴികൾ കുറയുകയും അതേ സ്ഥാനത്ത് അത്യുല്പാദനശേഷിയുള്ള ബ്രോഡ്ഡോവൈറ്റ്, ആസ്ട്രോവൈറ്റ്, കലിംഗാ ബ്രൗൺ ഗിരിരാജ തുടങ്ങിയ ഇനം കോഴികളെ കൂടുതലായി വീടുകളിൽ വളർത്തുന്നു.

8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മണീട് വെറ്റിനറി ഡിസ്പെൻസറിയിലൂടെ ഒട്ടേറെ പദ്ധതികൾ ഈ പപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അടുക്കള മുറ്റത്തെ കോഴിവളർത്തൽ, പിഗ് ബ്രീഡിംഗ്, യൂണിറ്റ്, സ്കൂളുകളിലെ പൗൾട്രി ക്ലബ്.

ഹരിജൻ കോളനികളിലെ സൗജന്യ ആടു വിതരണം, ഇറച്ചി ആവശ്യത്തിനുള്ള വന്നി വളർത്തൽ, പേവിഷ നിർമ്മാർജ്ജന പ്രതിരോധകുത്തിവയ്പ്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയവ മൃഗസംരക്ഷണ വകുപ്പ് ഈ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ്.

പശു പരിപാലനം ഒരു ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്ന കർഷകർ ഈ പഞ്ചായത്തിൽ അനവധിയാണ്. കാലിത്തീറ്റ, പിണ്ണാക്ക്, വയ്ക്കോൽ തുടങ്ങിയവ കടകളിൽ നിന്നും വാങ്ങിയും പറമ്പ്, പാടം എന്നിവിടങ്ങളിൽ നിന്നു പുല്ലും ശേഖരിച്ചുമാണ് പശുക്കളെ വളർത്തുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം പ്രശ്നമെന്നോണം കാലിത്തീറ്റയുടെ ഉപയോഗത്തിൽ വന്ന ക്രമാതീതമായ വർദ്ധനയും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും പാലിന് മതിയായ വില ലഭിക്കാത്തതും ഈ മേഖലയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. വരും കാലങ്ങളിൽ തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പാടശേഖരങ്ങളിലെ വരമ്പുകൾ. കയ്യാലകൾ, ബണ്ടുകൾ തുടങ്ങിയവയിൽ പുൽകൃഷി വ്യാപകമാക്കണം. നല്ലയിനം പുൽവിത്തകളുടെ അഭാവവും വിജ്ഞാനവ്യാപനത്തിൽ വന്ന തകരാറുമാണ് പുൽകൃഷിയിൽ കർഷകർ ശ്രദ്ധ ചേലുത്താതെ പോയതിനു കാരണം.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ എന്ന സമ്പ്രദായം ഈ പഞ്ചായത്തിൽ വളരെ വ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം തന്നെ ഏകദേശം 1000 മുട്ടക്കോഴി കുഞ്ഞുങ്ങളെ മണീട് മൃഗാശുപത്രി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോഴും വളരെയേറെ കർഷകർ താല്പര്യം കാണിക്കുന്ന ഒരു മേഖലയാണിത്. എന്നാൽ അടിക്കടി ഉണ്ടാകുന്ന രോഗം മൂലം വളരെയേറെ കോഴികൾ നഷ്ടമായിക്കൊണ്ടിരിക്കുന്നു. പുറത്തു നിന്നും വരുന്ന മുട്ടയുടെ എണ്ണം കുറക്കണമെങ്കിൽ കോഴിവളർത്തലിൽ താല്പര്യമുള്ളവർക്ക് നല്ലയിനം മുട്ടക്കോഴികളെ വിതരണം ചെയ്യണം.

ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ ഈ പഞ്ചായത്തിൽ അധിക പ്രാധാന്യം കൊടുത്തിട്ടില്ല. തൊഴിൽ സാദ്ധ്യതയുള്ളതും ലാഭകരവുമായ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. ഇറച്ചിയുടെ വിപണനമാണ്, ഈ മേഖലയിലെ ഒരു പ്രധാന പ്രശ്നം. ഇതിനൊരു പരിഹാരം എന്ന നിലക്ക് ഇറച്ചി ഉല്പാദക വിപണന സഹകരണസംഘം പഞ്ചായത്തുതലത്തിലോ ബ്ലോക്കുതലത്തിലോ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും കർഷകർ രക്ഷപെടൂ.

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിനു തയ്യാറാകുന്ന ഏറ്റൂർ പദ്ധതി വളരെ പ്രായോഗികമയി നടപ്പാക്കാവുന്നതാണ്.

പന്നി വളർത്തലിൽ, താല്പര്യമുള്ള കർഷകർ ഏറെയുണ്ടെങ്കിലും ആവശ്യമായ പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയു

ന്നില്ല എന്നതാണ് പ്രശ്നം. പൂർണ്ണമായും സർക്കാർ ഫാമുകളെ ആശ്രയിക്കാതെ സ്വകാര്യ സ്ഥാപനങ്ങലുടേയും മറ്റ് ഏജൻസികളുടേയും സഹായം ഇതിനു സ്വീകരിക്കണം. അതുപോലെ തന്നെ ഇതിനൊരു പരിഹാരമെന്ന നിലയിൽ പ്രജനന യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം. ഇങ്ങനെ തുടങ്ങുന്ന യൂണിറ്റിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം.

വളരേയധികം പ്രോത്സാഹിപ്പിക്കേണ്ട ഒരു മേഖലയാണ് ആടുവളർത്തൽ. നമ്മുടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടേയും ഇടത്തരം കർഷകരുടേയും സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമായതു കൊണ്ടും വൈവിധ്യമാർന്ന പരിതസ്ഥിതികളോട് വേഗം ഇണങ്ങിച്ചേരുന്നതുകൊണ്ടും പരക്കെ അംഗീകരിക്കപ്പെട്ട കാര്യമാണ് ആടുവളർത്തൽ. ആട്ടിറച്ചിയുടെ വർദ്ധിതമായ ആവശ്യം നിറവേറ്റുന്നതിനും, ഔഷധഗുണമുള്ള ആട്ടിൻപാലിന്റെ ലഭ്യത ഉറപ്പാകുന്നതിനും ആടുവളർത്തൽ പ്രോത്സാഹിപ്പിക്കണം. ആട്ടിൻകാട്ടം നല്ല വളമാണ്. ആട്ടിൻതോൽ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നു. മുയൽ വളർത്തലും ഈ മേഖലയിൽ പ്രയോജനപ്രദമായി നടപ്പിലാക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. പാൽ സംഭരണ കേന്ദ്രങ്ങളുടെ കുറവ്
2. കാലിത്തീറ്റയുടെ അമിതവില
3. കോഴികൾക്കുണ്ടാകുന്ന രോഗബാധ
4. മൃഗസംരക്ഷണവകുപ്പിൽ അഗ്രോക്ലിനിക്കിന്റെ അപര്യാപ്തത.
5. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളുടെ ലഭ്യത.
   1) ലഭ്യത ഉറപ്പുവരുത്തുക
   (2) അമിതമായ വില നിയന്ത്രിയ്ക്കുന്നതിന് സബ്സീഡി.
6. ഗോവർദ്ധന കേന്ദ്രങ്ങളുടെ അപര്യാപ്തത.
7. മൃഗാശുപത്രിയുടെ പ്രവർത്തനം വ്യാപിപ്പിക്കുക.

   സ്ഥിരമായി വെറ്ററിനറി സർജനെ നിയമിക്കുക.
8. ബോധവൽക്കരണ ക്ലാസ്സുകളുടെയും, സെമിനാറുകളുടെയും കുറവ്.
9. ലൈസൻസ് സമ്പ്രദായം (നായ്ക്കൾക്കും) ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിയ്ക്കുക.
10. പേ വിഷവാക്സിന്റെ ദൗർലഭ്യം

### *പരിഹാരമാർഗ്ഗങ്ങൾ*

പാൽസംഭരണ യൂണിറ്റുകൾ തുടങ്ങുക.

1. മണീടു പ്രവർത്തിയ്ക്കുന്ന പാൽ സംഭരണ കേന്ദ്രത്തിന്റെ ഒരു ശാഖ കാരൂർക്കാവിലും പാമ്പ്രയിലും മറ്റൊരു ശാഖ നെച്ചൂർ കടവിലും തുടങ്ങുക. അതുപോലെ ഏഴയ്ക്കാരനാട് പ്രവർത്തിച്ചു വരുന്ന പാൽ ശേഖരണ ശാലയുടെ ഓരോ ശാഖ കാഗിമനപ്പടിയിലും, വെട്ടിത്തിറയിലും തുടങ്ങുക വഴി കർഷകർക്ക് ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കാൻ കഴിയും.
2. കാലിത്തീറ്റയുടെ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങുക.
   (1) മുഴുവൻ കർഷകർക്കും കാലിത്തീറ്റയിൽ സബ്സീഡി അനുവദിയ്ക്കുക.
3. ഗോവർദ്ധന കേന്ദ്രങ്ങൾ തുടങ്ങുക
4. 3 മാസമോ, ആറുമാസമോ ചേരുമ്പോൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിയ്ക്കുക.
5. ലൈസൻസ് സമ്പ്രദായം ഊർജിതപ്പെടുത്തുക.

അടിയ്ക്കടി വളർത്തുമൃഗങ്ങൾക്കുണ്ടാ

കുന്ന രോഗബാധ നിയന്ത്രിയ്ക്കുന്നതിന് ആവശ്യമായ പ്രതിരോധ മരുന്ന് പ്രയോഗിയ്ക്കാൻ കഴിവുള്ളവനാക്കി, കർഷകനെ വളർത്തിക്കൊണ്ടു വരുക. കോഴികൾക്കും പിടിപെടുന്ന രോഗബാധയ്ക്കും സൗജന്യ നിരക്കിൽ വാക്സിൻ വിതരണം ചെയ്യുകയും സൗജന്യ നിരക്കിൽ വളർത്തു മൃഗങ്ങലെ ഇൻഷ്വറൻസ് ചെയ്യണം.

7. മൃഗസംരക്ഷണ വകുപ്പിൽ അഗ്രോക്ലിനിക് സ്ഥാപിയ്ക്കുക.

8. അത്യുല്പാദനശേഷിയുള്ള വളർത്തു മൃഗ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും അതിന്റെ അമിത വില നിയന്ത്രിയ്ക്കുകയും ചെയ്യുക.

9. കുഞ്ഞുങ്ങളുടെ ലഭ്യതയ്ക്ക് എല്ലാ മൃഗങ്ങളുടെയും ഓരോ പ്രജനന യൂണീറ്റ് പഞ്ചായത്തിൽ തുടങ്ങുക.

10. മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

11. ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന അറവുശാല (കശാപ്പുശാല) ഓരോ വാർഡിലും തുടങ്ങുക

(അനധികൃത കശാപ്പ് തടഞ്ഞ് ഈ രംഗം കാര്യക്ഷമമാക്കുക)

12. പരിസ്ഥിതി സന്തുലനാവസ്ഥയ്ക്ക മറ്റു പക്ഷിമൃഗാദികൾ അത്യാവശ്യമാണെന്ന കാര്യം മുഴുവൻ ജനങ്ങളെയും ബോധവാൻ ആക്കുന്നതിനുള്ള പ്രചരണം നടത്തുക.

13. തീറ്റപുൽ കൃഷി വ്യാപിപ്പിയ്ക്കുക.

വയൽവരമ്പുകൾ, കയ്യാലകൾ, കനാൽ, ബണ്ടുകള്ഡ മുതലായ സ്ഥലങ്ങളിൽ നല്ലയിനം പുൽവിത്തുകൾ കർഷകർക്ക് കൊടുത്ത് കൃഷിചെയ്യിക്കുകയും അതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

14. കന്നുകാലിവ്യാപനം.

ഓരോ വാർഡിലും 10% കുടുംബങ്ങൾക്കും 3-4 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നൽകുക.

15. 'ഇറച്ചി ഉല്പാദക വിപണന സഹകരണ സംഘം തുടങ്ങുക.'

16. എഗ്ഗർ നേഴ്സറി തുടങ്ങുക (പഞ്ചായത്തടിസ്ഥാനത്തിൽ).

17. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിലെ 50% ഭവനങ്ങളിലേയ്ക്കും വ്യാപിപ്പിയ്ക്കുക.

18. പേവിഷബാധ തടയുന്നതിനുതകുന്ന വാക്സിൻ ആവശ്യാനുസരണം ഡിസ്പെൻസറിയിൽ എത്തിയ്ക്കുക. ❐

## മത്സ്യബന്ധനം

മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ ഈ പഞ്ചായത്തിൽ തുലോം കുറവാണ്. ഉദ്ദേശം 40-ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ. നെച്ചൂർ, നീർക്കുഴി പ്രദേശത്ത് അധിവസിക്കുന്നു. നാടൻ വള്ളങ്ങൾ ഉപയോഗിച്ചും ചെറിയ തരം വലകൾ ഉപയോഗിച്ചും മത്സ്യബന്ധനം നടത്തിയാണ് ഇവർ ഉപജീവനം നടത്തിയിരുന്നത്. എന്നാൽ ഇടുക്കി ജലവൈദ്യുതി പദ്ധതി മുഖാന്തിരം മൂവാറ്റുപുഴയാറിലെ ജലവിതാനം ഉയർന്നതിനാൽ ഇപ്പോൾ ഇതൊരു ഉപജീവനമാർഗ്ഗം അല്ലാതായിട്ടുണ്ട്. പുഴയോരത്ത് അധിവസിക്കുന്ന ഈ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോൾ ആറ്റുതീരം ഇടിയുന്നതു കൊണ്ടുള്ള ഭീഷണിയുടെ നിഴലിലാണ്.

പരമ്പരാഗത ജലസ്രോതസ്സുകൾ ഈ പഞ്ചായത്തിൽ ഒട്ടനവധി ഉണ്ടെങ്കിലും ഉൾനാടൻ മത്സ്യകൃഷി ഇന്നും അന്യമാണ്. മത്സ്യം വളർത്തലിന് പ്രോത്സാഹനം നൽകി പ്രചരിപ്പിച്ചാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ഉയരുകയും ഒരു നല്ല തൊഴിൽ മേഖല തുറന്നു കിട്ടുകയും ചെയ്യും. അത് തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ അറുതിവരുത്താൻ സഹായിക്കും. മീൻ വളർ

ത്തൽ പ്രചരിക്കുമ്പോൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ പുനരുദ്ധീകരിക്കപ്പെടുകയും അത് കാർഷിക മേഖലയ്ക്ക് ഗുണകരമാവുകയും ചെയ്യും.

ജനങ്ങളുടെ ആഹാരക്രമത്തിൽ മത്സ്യത്തിന് മുഖ്യപങ്കുണ്ട്. അതുകൊണ്ട് ഇവിടെ ഉൽപാദിപ്പിക്കുന്ന മത്സ്യം ഇവിടെത്തന്നെ വിപണനം നടത്തുന്നതിനും സാധിക്കും.

മത്സ്യസമ്പത്തിനെ അശാസ്ത്രീയമായി ചൂഷണം ചെയ്യുന്ന സ്ഥിതി പെരുകിവരുന്നുണ്ട്. പുഴയിൽ തോട്ടയിട്ടും തോടുകളിലും കുളങ്ങളിലും 'നഞ്ചു' പോലുള്ള മാരക വിഷം കലക്കിയും മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നു. ഈ അശാസ്ത്രീയ രീതികൾ കർക്കശമായി തടഞ്ഞാൽ മാത്രമേ ഈ മേഖലയിൽ മുന്നേറാൻ നമുക്ക് കഴിയൂ. കൂടാതെ മത്സ്യങ്ങളുടെ ഇടയിൽ പടർന്നു പിടിക്കുന്ന ഒരു തരം മാരകരോഗം മത്സ്യങ്ങൾ കുളങ്ങളിലും തോടുകളിലും ചത്തുപൊങ്ങുന്നതിന് കാരണമാകുന്നു. കീടനാശിനികളുടെ അമിതമായ ഉപയോഗവും ഈ മേഖലയെ ദോഷമായി ബാധിക്കുന്നു. ഈ ദുരവസ്ഥ മത്സ്യസമ്പത്തിനെ ബാധിക്കും. മാത്രമല്ല പഞ്ചായത്തിന്റെ പരിസ്ഥിതി മലിനമാക്കുകയും ജനങ്ങൾക്ക് ദോഷകരമായി ഭവിക്കുകയും ചെയ്യുന്നു. പുറത്തുനിന്നും ഈ പഞ്ചായത്തിൽ കൊണ്ടുവരുന്ന മത്സ്യം വിപണനം ചെയ്യുവാനുള്ള അഭാവവും പരിഹരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യസമ്പത്തിനെ ഹാനികരമായി ബാധിക്കുന്നു.
2. മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നു.
3. മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ അഭാവം.
4. രോഗബാധ മൂലം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു.
5. ശാസ്ത്രീയ മത്സ്യകൃഷിയെപ്പറ്റിയുള്ള അജ്ഞത.
6. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
7. മത്സ്യമാർക്കറ്റുകളുടെ അഭാവം.
8. മത്സ്യകൃഷിയ്ക്കുള്ള സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
9. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം.

### *നിർദ്ദേശങ്ങൾ*

1. അശാസ്ത്രീയമായ മത്സ്യബന്ധനവും കീടനാശിനികളുടെ അമിത ഉപയോഗവും നിയന്ത്രിക്കുക.
2. പഞ്ചായത്തിന്റെ ജലസ്രോതസ്സുകളിലും സ്വകാര്യകുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിന് നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സർക്കാർ ആനുകൂല്യത്തോടെ വിതരണം ചെയ്യുക.
3. എല്ലാവിധ മത്സ്യകൃഷിയ്ക്കും സാമ്പത്തികസഹായം വർദ്ധിപ്പിച്ച് നിലവിലുള്ള പദ്ധതി വിപുലപ്പെടുത്തുക.
4. മത്സ്യത്തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.
5. മത്സ്യരോഗത്തെക്കുറിച്ച് പഠനം നടത്തി പരിഹാരം നിർദ്ദേശിക്കുക.
6. ശാസ്ത്രീയ മത്സ്യകൃഷിയെപ്പറ്റി ബോധവൽക്കരണം നടത്തുക.
7. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.
8. അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ ആരംഭിക്കുക.
9. മൂവ്വാറ്റുപുഴയാറിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുക.
10. മത്സ്യത്തൊഴിലാളി കോളനി നെച്ചൂർ

ഭാഗത്ത് സ്ഥാപിക്കുക.

11. മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന മൂവ്വാറ്റുപുഴയാറിന്റെ തീരം കെട്ടി സംരക്ഷിക്കുക.
12. വെള്ളക്കെട്ടു പ്രദേശങ്ങളിൽ മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ച് പഠനം നടത്തുക.
13. മത്സ്യകൃഷി വികസനത്തിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന F.F.D.A യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ❒

## വ്യവസായം

വ്യവസായ മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് ആണ് മണീട്. കൂടുതൽ ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിലെ വ്യവസായ രംഗത്തെ അവലോകനം ചെയ്യുമ്പോൾ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന യാതൊരുവിധ ആധുനിക വ്യവസായവും ഇല്ലാ എന്നുള്ളത് യാഥാർത്ഥ്യമാണ്. പരമ്പരാഗത കുടിൽ വ്യവസായമായ നെയ്ത് (പനമ്പ്, കുട്ട, മുറം) ഇന്നും ഇവിടുത്തെ ഒരു വിഭാഗം ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഏതാനും ചെറുകിട വ്യവസായങ്ങളെ ഒഴിവാക്കിയാൽ ആധുനിക വ്യവസായങ്ങൾ ഒന്നുംതന്നെ സ്വകാര്യ സഹകരണ പൊതു മേഖലകളിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

പരമ്പരാഗത മേഖലയിൽ മുമ്പ് സജീവമായിരുന്ന തഴപ്പായ നിർമ്മാണത്തിലും കളിമൺപാത്ര നിർമ്മാണവും ഇന്ന് വളരെ ശുഷ്ക്കമായി തീർന്നിരിക്കുന്നു. തഴപ്പായ്ക്കായി ഉപയോഗിച്ചിരുന്ന കൈതയുടെ അഭാവം നെയ്തിനെ ബാധിച്ചു. എന്നാൽ കളിമൺപാത്ര നിർമ്മാണം ഇപ്പോഴും നാമമാത്രിമായി നടക്കുന്നുണ്ട്. ഭൂമിശാസ്ത്രിപരമായി പാറകൾ നിറഞ്ഞ 1.5.8 വാർഡുകളിൽ കൂടുതലായി കരിങ്കൽ സ്രോതസ്സുകൾ ഉണ്ട്. മൂന്ന് മെറ്റൽ ക്രഷറുകളും വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. തൊഴിലവസരങ്ങളുടെ കാര്യത്തിലും പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളിലും വളരെയേറെ സാധ്യതകൾ ഉള്ള ഈ മേഖലയെ വിദഗ്ധമായ രീതിയിൽ ഉപയോഗിക്കുവാനുള്ള സംവിധാനങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ധാരാളം കരിങ്കൽ ക്വാറികൾ പ്രധാനമായും അമ്പലംതകിടി പരിസരത്തുണ്ട്.

സാങ്കേതിക പരിജ്ഞാനം ഒന്നുമില്ലാതിരുന്ന ഒരു സാധാരണ കർഷകൻ 1930 കളിൽ ആരംഭിച്ച് പ്രശസ്തമായ രീതിയിൽ വർഷങ്ങളോളം പ്രവർത്തിച്ച വെട്ടിത്തറയിലുള്ള രാമമംഗലം ഓട്ടുകമ്പനി സാമ്പത്തിക പ്രതിസന്ധി മൂലം നിർജീവാവസ്ഥയിലാണ്. തീപ്പെട്ടിക്കമ്പനി, അലൂമിനിയ-ചെമ്പുപാത്ര നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, നൈലോൺ വല കമ്പനി, റബ്ബർ ബന്റ്-ഗ്ലൗസ്സ് കമ്പനികൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ഗൃഹോപകരണ നിർമ്മാണ യൂണിറ്റ് തുടങ്ങിയവ സ്വകാര്യ രംഗത്ത് ഈ പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങളായി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, തൊഴിലവസരങ്ങൾ കൂട്ടുന്നതിന് ഈ സ്ഥാപനങ്ങൾക്കൊന്നും കാര്യമായ സംഭാവന നൽകുവാൻ സാധിക്കുന്നില്ല.

നെച്ചൂർ കൈത്തറി കരകൗശല സഹകരണ സംഘം, വെട്ടിത്തറ വനിതാ വ്യവസായ സഹകരണ സംഘങ്ങളുടെ മൂന്ന് യൂണിറ്റുകൾ, പാമ്പാക്കുട കൈത്തറി സഹകരണ സംഘത്തിന്റെ കീഴിലുള്ള നൂലുൽപ്പാദക കേന്ദ്രം എന്നിവ മാത്രമാണ് സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ തൊഴിലവസരങ്ങൾ നൽകുന്ന മേൽപ്പറഞ്ഞ വ്യവസായ സംരംഭങ്ങളെല്ലാം പൊതുവെ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്. വളരെയേറെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ ഇതുപോലുള്ള ചെറുകിട വ്യവസായ സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് എന്തുകൊണ്ടും അഭിലഷ

ണീയമാണ്. പക്ഷെ, സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം, മൂലധന വിഭവ സമാഹരണത്തിനുള്ള മാർഗ്ഗമില്ലായ്മ, ആസൂത്രിതമായ ബോധവൽക്കരണ പരിപാടിയുടേയും മാർഗ്ഗനിർദ്ദേശങ്ങളുടേയും അപര്യാപ്തത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള സർക്കാർ ഏജൻസികളുടെ അഭാവവും പദ്ധതികളുടെ അവ്യക്തതയും ഈ രംഗത്ത് മുരടിപ്പ് ഉളവാക്കുന്നു. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട സംരംഭങ്ങളിൽത്തന്നെ സ്ത്രീപുരുഷന്മാർ തമ്മിലുള്ള വേതനത്തിന്റെ അന്തരം ചെറിയതോതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന ഒരേ വൈദഗ്ധ്യം ആവശ്യമായ സ്ത്രീയും പുരുഷനും ലഭിക്കുന്ന കൂലിയിൽ ചെറിയ അന്തരം നിലനില്ക്കുന്നു.

കൃഷി പ്രധാന ജീവിത മാർഗ്ഗമായ ജനങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലെന്നുള്ളത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്.

## പ്രശ്നങ്ങൾ

1. ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്
2. പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ ശോച്യാവസ്ഥ
3. സാങ്കേതിക പരിജ്ഞാനക്കുറവ്
4. പദ്ധതികളുടെ വ്യക്തതയില്ലായ്മ
5. ശരിയായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം
6. വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും നടപടി ക്രമങ്ങളുടെ സങ്കീർണ്ണതയും
7. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം
8. കുറഞ്ഞ ഉൽപ്പാദനക്ഷമത

*സാധ്യതകൾ*

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഏറെ സാധ്യത (തടി സംസ്ക്കരണം, ക്രമ്പ്, സ്ക്രാപ്പ്)
2. കൊപ്ര, എണ്ണയാട്ട് വ്യവസായസഹകരണ സംഘ യൂണിറ്റ്
3. നെല്ല് സംസ്ക്കരണ യൂണിറ്റ്
4. കാർഷികോൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിൽ അധിഷ്ഠിതമായ യൂണിറ്റുകൾ
5. കാർഷിക ഉപകരണങ്ങളുടെ നിർമ്മാണവും വിപണനവും
6. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക
7. കന്നുകാലി കോഴിത്തീറ്റ നിർമ്മാണ യൂണറ്റുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക
8. കൈത്തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക്
9. വനിതാ സഹകരണ സംഘം
10. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റുകൾ
11. വനിതാ വ്യവസായ യൂണിറ്റുകൾ
12. ബേക്കറി, പപ്പടം, കുട, തുകൽ ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായ യൂണിറ്റുകൾ
13. പൂട്ടിക്കിടക്കുന്ന ടൈൽ ഫാക്ടറിയുടെ പുനഃരുദ്ധാരണം.
14. ആധുനിക രീതിയിലുള്ള മെറ്റൽ ക്രഷറുകൾ സ്ഥാപിക്കുക.
15. കാശിമനപ്പടിയിൽ പ്രവർത്തിക്കുന്ന ഖാദി നൂൽ നൂൽപ്പ് വ്യവസായ യൂണിറ്റ് കൂടുതൽ ഘടങ്ങൾ ഉൾപ്പെടത്തി വികസിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ❐

## ഊർജ്ജം

പഞ്ചായത്തിൽ 1952 ലാണ് ആദ്യമായി വൈദ്യുതി ലഭിക്കുന്നത്. പിറവം, വൈറ്റില, പുത്തൻകുരിശ് എന്നീ 110 KV സബ്സ്റ്റേഷനുകളിൽ നിന്നാണ് ഇന്ന് വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ കൂടുതൽ വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പാചക വാതക വിതരണ ഏജൻസികൾ ഇവിടെ പ്രവർത്തിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടി വരുന്നു. മണ്ണെണ്ണ സ്റ്റൗവിന്റെ ഉപയോഗവും ഈ അടുത്ത നാളുകളിലായി വർദ്ധിച്ചിട്ടുണ്ട്. എങ്കിൽത്തന്നെ പുകയില്ലാത്ത അടുപ്പുകൾ മറ്റു മെച്ചപ്പെട്ട വിറക് അടുപ്പുകൾ മുതലായവയെല്ലാം പരിമിതമായിട്ടുമാത്രമെ ഉപയോഗിക്കുന്നുള്ളു.

ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 17 ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്. അതുകൊണ്ട് വോൾട്ടേജ് ക്ഷാമം എല്ലാ വീടുകളിലും അനുഭവപ്പെടുന്നു. വൈദ്യുതി ബോർഡിന്റെ കണക്കുകൾ അനുസരിച്ച് ഏതാണ്ട് 2700 ഓളം വീടുകൾ ഈ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ട്. എങ്കിലും വൈദ്യുതീകരിച്ച വീടുകളിൽപ്പോലും മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ട ഗതികേടിലാണ്. 250 ഓളം തെരുവുവിളക്കുകളും ഈ പഞ്ചായത്തിൽ ഉണ്ട്. കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന പമ്പുസെറ്റുകളും വ്യാപാര സ്ഥാപനങ്ങളും കൂടി ഏതാണ്ട് 800 ഓളം ഗുണഭോക്താക്കൾ ഈ മേഖലയിൽ വേറെയുണ്ട്. ഈ പഞ്ചായത്തിലുള്ള 17 ഹരിജൻ കോളനികളിലും വൈദ്യുതി ലഭ്യമാണെങ്കിൽത്തന്നെ എല്ലാ വീടുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. നിലം ഒരുക്കുന്നതിന് മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്ന കന്നുകാലികളുടെ പങ്കാളിത്തം നിശ്ശേഷം കുറയുകയും ആ സ്ഥാനം ട്രാക്ടറുകളും പവർ ടില്ലറുകളും കയ്യടക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഡീസൽ, പെട്രോൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഒന്നും ഈ പ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഹോട്ടൽ പോലുള്ള വാണിജ്യ സ്ഥാപനങ്ങളിൽ പ്രധാനമായും ഉപയോഗിക്കുന്ന ഇന്ധനം വിറകാണം. പാചകവാതകവും മണ്ണെണ്ണയും ഉപയോഗിക്കുന്ന സ്ഥാപനങ്ങളും ഉണ്ട്.

വ്യവസായ മേഖല കൂടുതലായി ആശ്രയിക്കുന്നത് വൈദ്യുതിയെ ആണ്. ജനറേറ്ററുകളുടെ ഉപയോഗവും ഇല്ലാതില്ല. ജൈവദ്രവ്യങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. ഈ മേഖലയിലും ഊർജ്ജ സ്രോതസ്സുകളായി വർത്തിക്കുന്നത് വൈദ്യുതിയും പെട്രോളിയം ഉൽപ്പന്നങ്ങളുമാണ്.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ മുഴുവൻ വിതരണം ചെയ്യുന്നത് റേഷൻ കടകളിലൂടെയാണ്. ഊർജ്ജ സ്രോതസ്സുകളുടെ ചേരുവയിൽ പ്രകടമായ മാറ്റങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ദൃശ്യമല്ല.

പാചകവാതകവും മണ്ണെണ്ണയും കൂടുതലായി വിറകും ഉപയോഗപ്പെടുത്തുമ്പോഴും പാരമ്പര്യേതര ഊർജ്ജോപകരണങ്ങളുടെയും ഊർജ്ജം ലാഭിക്കുന്ന തരത്തിലുള്ള ഉപകരണങ്ങളുടെയും പ്രചാരണം ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം.

ഗാർഹിക മേഖലയിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറക്, വൈദ്യുതി, പാചക വാതകം, മണ്ണെണ്ണ, ബയോഗ്യാസ് എന്നിവയാണ്. കൂടുതൽ വീടുകളിലും ഉപയോഗിക്കുന്ന ജൈവഇന്ധനമായ വിറകിന്റെ ദൗർലഭ്യം ഈയിടയായി വ്യാപകമായിട്ടുണ്ട്. റബ്ബർ തോട്ടങ്ങളാണ് ഈ ക്ഷാമത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നത്. സമീപ പഞ്ചായത്തുകളിലുള്ള പാചക വാതക ഏജൻസികളുടെ പരിധിയിൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വരുന്നില്ല എന്നതുകൊണ്ടും പാചക വാതകത്തിനും ദൗർലഭ്യം നേരിടുന്നു. മേൽ വിവരിച്ച പ്രശ്നങ്ങളെ ഒരു പരിധിവരെ തടഞ്ഞുനിർത്തുവാൻ കഴിയുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ഉപയോഗവും വ്യാപകമായിട്ടില്ല. ഏകദേശം 25 ഓളം

ബയോഗ്യാസ് പ്ലാന്റുകളാണ് ഇന്ന് പ്രവർത്തനക്ഷമമായിട്ടുള്ളത്. കാലിസമ്പത്തിന്റെ എണ്ണത്തിൽ വന്ന കുറവാണ് ഇതിന്റെ വ്യാപനത്തിനുള്ള പ്രധാന തടസ്സം.

കാർഷിക മേഖലയിൽ ജലസേചനത്തിനുള്ള ഊർജ്ജ സ്രോതസ്സ് വൈദ്യുതിയാണ് മണ്ണെണ്ണയും ഡീസലും പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും ജൈവോർജ്ജം, സൗരോർജ്ജം എന്നിവ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ഒരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ല.

### പ്രശ്നങ്ങൾ

1. വിറകിന്റെ ദൗർലഭ്യം ഗാർഹിക ആവശ്യം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്.
2. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം നേരിടുന്നു.
3. വൈദ്യുതി രംഗത്തുണ്ടാകന്ന പ്രസരണ നഷ്ടം.
4. L. P. G. ഏജൻസികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
5. അനർട്ടിന്റെ ഓഫീസ്സുകൾ ഈ പഞ്ചായത്തിൽ ഇല്ല.
6. പെട്രോൾ, ഡീസൽ പമ്പുകൾ ഈ പഞ്ചായത്തിൽ ഇല്ല.
7. തെരുവുവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.
8. എല്ലാ ഹരിജൻ കോളനികളിലും തെരുവുവിളക്കും വൈദ്യുതിയും എത്തിയിട്ടില്ല.
9. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം.
10. വൈദ്യുതി ബോർഡിന്റെ ഓഫീസ്സുകൾ പഞ്ചായത്തിൽ ഇല്ല.
11. ബയോഗ്യാസ് പ്ലാന്റിന്റെ വർദ്ധിച്ച നിർമ്മാണം ചെലവും കുറഞ്ഞ സഹായ ധനവും.

### *സാധ്യതകൾ*


1. സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കുക.
2. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടിയും പ്രസരണ നഷ്ടം ഒഴിവാക്കിയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. അനർട്ടിന്റെ ഓഫീസ് പ്രവർത്തനമാരംഭിക്കുക.
4. പെട്രോൾ, ഡീസൽ പമ്പ് സ്ഥാപിക്കുക.
5. L. P. G. ഏജൻസി പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുക. അതുവരെ സമീപ പഞ്ചായത്തുകളിലുള്ള ഏജൻസികളുടെ പരിധിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.
6. ദക്ഷത കൂടിയ വിറകടുപ്പ് പ്രചരിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കുക.
7. വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ്സ് സ്ഥാപിക്കുക.
8. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഉടൻ നൽകുക; കൃഷിക്ക് വൈദ്യുതി സൗജന്യമാക്കുക.
9. തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കുക.
10. ഹരിജൻ കോളനികൾ പൂർണ്ണമായും വൈദ്യുതീകരിക്കുക.
11. പ്രഷർ കുക്കർ, മണ്ണെണ്ണ സ്റ്റൗ, മുതലായ ഇന്ധനം ലാഭിക്കുന്ന ഉപകരണങ്ങൾ എല്ലാ വീടുകൾക്കും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുക.
12. വോൾട്ടേജ് ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലൽ അടിയന്തിരമായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. ❐


## പാർപ്പിടം

മണീട് പഞ്ചായത്തിൽ സെൻസസ് കണക്കുകൾ പ്രകാരം ആകെ 4634 കുടുംബ

369

# ഗ്രാമപഞ്ചായത്ത് മണീട്




ഗ്രാമപഞ്ചായത്ത് മണീട്
പ്രധാന-വിളകൾ-ഭൂപടം
ജില്ല - എറണാകുളം
താലൂക്ക് - മൂവാറ്റുപുഴ
വില്ലേജ് - മണീട്
നെൽകൃഷി

ങ്ങൾ ഉണ്ട്. എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യമായിട്ടില്ല. 2935 വീടുകൾ ഓട് മേഞ്ഞവയും 1221 വീടുകൾ കോൺക്രീറ്റ് മേൽപ്പുരയുള്ളതും ശേഷിക്കുന്ന 478 വീടുകൾ ഓല മേഞ്ഞവയുമാണ്. വീടുകൾ നിർമ്മിക്കുന്നതിന് കൂടുതലും വെട്ടുകല്ല്, ഇഷ്ടിക, സിമന്റിഷ്ടിക എന്നിവയാണ് സാധാരണയായി ഉപയോഗിക്കുന്നത്. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്താണ് മണീട്. 17 അംഗീകൃത കോളനികളിലായി ഏതാണ്ട് 635 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്നു. പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷത പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വസ്തുത ഏറെ പരിഗണനയർഹിക്കുന്നു.

പിറവം ഭവന നിർമ്മാണ സഹകരണ സംഘം, ഹൗസിംഗ് ബോർഡ്, മണീട് സർവ്വീസ് സഹകരണ ബാങ്ക്, മൂവാറ്റുപുഴ കാർഷിക വികസന ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും സർക്കാർ പദ്ധതികളിലൂടെയുമാണ് ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. ഭവന രഹിതരുടെ എണ്ണവും കൂടി പരിഗണിക്കുമ്പോൾ മണീട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പാർപ്പിട പ്രശ്നം രൂക്ഷമായ ഒന്നാണ്. ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക സംവിധാനങ്ങളോടൊപ്പം തന്നെ മറ്റ് ജനകീയ സംരംഭങ്ങളും സന്നദ്ധ സംഘടനകളും മുന്നോട്ട് വരേണ്ടതുണ്ട്.

പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആവശ്യമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് അനുവദിക്കുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതോടൊപ്പം തന്നെ പഞ്ചായത്തിന് അനുവദിച്ച ലക്ഷം വീടുകളുടെ പൂർത്തീകരണവും (70 എണ്ണം) നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം.
2. വിദഗ്ധ നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്.
4. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം.
5. ചെലവ് കുറഞ്ഞ വീടുകളെക്കുറിച്ച് അവബോധമില്ലായ്മ.
6. കുടികിടപ്പ് അവകാശവും ഭൂമിയുടെ പട്ടയവും ലഭിക്കാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

*സാധ്യതകൾ*

1. കെട്ടിട നിർമ്മാണ സാമഗ്രികൾ ചെലവ് കുറഞ്ഞ രീതിയിൽ ലഭ്യമാക്കണം.
2. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങലിൽ ആഭിമുഖ്യമുള്ളവർക്ക് പഞ്ചായത്തുതലത്തിൽ പരിശീലനം നൽകാം.
3. വായ്പാ പദ്ധതികൾ ഉദാരവൽക്കരിക്കുന്നതോടൊപ്പം നിലവിലുള്ള വായ്പാ തുക ആനുപാതികമായി വർദ്ധിപ്പിക്കുകയും വേണം.
4. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
5. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
6. എല്ലാ ജനവിഭാഗത്തിനും വേണ്ടിയുള്ള ഹൗസിംഗ് കോളനികൾ സ്ഥാപിക്കണം.
7. ആഡംബര വീടുകൾക്ക് കൂടുതൽ നികുതി ചുമത്താവുന്നതാണ്.
8. സാമ്പത്തികമായി പിന്നോക്കം നിൽ

ക്കുന്ന മുഴുവൻ ജനങ്ങൾക്കുവേണ്ടി സബ്സിഡിയോടുകൂടിയ ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തണം.

9. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം സ്ഥാപിക്കുക.

10. ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ സഹായധനം നേരിട്ട് നൽകുവാൻ ഉതകുന്ന പദ്ധതി ഉണ്ടാക്കണം.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് പദ്ധതി ആവിഷ്ക്കരിക്കുക. ❐

## ആരോഗ്യം

പാരമ്പര്യമായി ലഭിച്ച അറിവുകൾ വെച്ചുകൊണ്ടുള്ള നാട്ടുവൈദ്യവും ആയുർവ്വേദ ചികിത്സകളും ആയിരുന്നു ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. 1960 കളിൽ പേപ്പതിയിൽ സ്ഥാപിതമായ കാരൂർ ആയുർവ്വേദ ഡിസ്പെൻസറിയാണ് സർക്കാർ അനുവദിച്ച ഈ പഞ്ചായത്തിലെ ആദ്യത്തെ ചികിത്സാകേന്ദ്ര. ശിശുമരണവും മാതൃമരണവും തുലോം കുറവായ ഈ പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ പനി, ചുമ, വയറിളക്കം എന്നിവയാണ്. പകർച്ച വ്യാധികളായ ചിക്കൻപോക്സ്, മഞ്ഞപ്പിത്തം മുതലായവയും ഇടയ്ക്കിടെ കാണപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 15515 ആണ്. ജനന മരണ നിരക്കുകൾ സംസ്ഥാനത്തിന്റെ പൊതുവായ നിരക്കിൽനിന്നും കൂടുതലായി കാണുന്നില്ല. ഒരു വയസ്സിൽ താഴെയുള്ള ഈ പഞ്ചായത്തിലെ എല്ലാ കുട്ടികളും പ്രതിരോധ കുത്തിവയ്പ് നൽകപ്പെട്ടവരാണ്. കുഷ്ഠം, ക്ഷയം മുതലായ സ്ഥായിയായ രോഗം ബാധിച്ചവർ അരശതമാനം പോലും ഇവിടെയില്ല. വൈകല്യങ്ങളും വളരെ കുറവാണ്.

കാരൂർ ആയുർവ്വേദ ഡിസ്പെൻസറി ഏഴക്കരനാട്ടിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1962 ൽ ഗവ: റൂറൽ ഡിസ്പെൻസറിയും ഇവിടെ പ്രവർത്തനം ആരംഭിച്ചു. ഡിസ്പെൻസറിക്കുവേണ്ടി നാട്ടുകാർ സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്ത് 10 കിടക്കകളുള്ള വാർഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും രോഗികളെ കിടത്തി വിദഗ്ധ ചികിത്സ നൽകുന്നതിനുള്ള സൗകര്യം ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ആധുനിക ചികിത്സാ സൗകര്യങ്ങൾക്കായി സമീപ സ്ഥലങ്ങളിലെ സർക്കാർ/സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. സർക്കാർ ആശുപത്രി കൂടാതെ രണ്ടു മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും ഒരു സ്വകാര്യ അലോപ്പതി ക്ലിനിക്കും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ശരാശരി 100 രോഗികൾ ഗവ: പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കായി ദിവസേന എത്തുന്നുണ്ട്. 1984 ൽ നെച്ചൂരിൽ സ്ഥാപിച്ച പാർട്ട് ടൈം ഹോമിയോ ഡിസ്പെൻസറി രണ്ട് വർഷത്തിനുശേഷം ഫുൾ ടൈം ഡിസ്പെൻസറിയായി മാറി. അമ്പതോളം രോഗികൾ ഈ ആശുപത്രിയിലും ആയുർവ്വേദ ആശുപത്രിയിലും നിത്യേന ചികിത്സയ്ക്കായി എത്തുന്നുണ്ട്. കൂടാതെ 3 സ്വകാര്യ ഹോമിയോ ക്ലിനിക്കും ഈ പഞ്ചായത്തിലുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഗവ: ഹോമിയോ ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ ഏകദേശം 16% വീടുകൾക്കും സ്വന്തമായി കക്കൂസ് ഉണ്ട്. മാലിന്യങ്ങൾ ഇല്ലാത്ത കുടിവെള്ള സ്രോതസ്സുകൾ ഇവിടെ ധാരാളമായി ഉണ്ടെങ്കിലും ചില ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുമുണ്ട്.

### പ്രശ്നങ്ങൾ

1. ആയുർവ്വേദ മരുന്നുകളുടെ വില വർദ്ധ

നവ്.

2. ഹോമിയോ ഡിസ്പെൻസറിയുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല.

3. കക്കൂസുകൾ എല്ലാ വീടുകളിലും നിർമ്മിച്ചിട്ടില്ല.

4. മണീട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറും ഒരു നേഴ്സും മാത്രമുള്ള ഇന്നത്തെ സ്ഥിതി അപര്യാപ്തമാണ്.

5. മണീടിലെ മുഴുവൻ ആളുകൾക്കും വിദഗ്ധ ചികിത്സ ലഭിക്കാനുള്ള സാഹചര്യങ്ങൾ ഇല്ല.

6. വിദ്യാലയങ്ങളിൽ ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് അനുബന്ധ പരിപാടികളും നടത്തുന്നില്ല.

7. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം.

8. രാത്രികാലങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

9. പൈപ്പുവെള്ളം എല്ലാ പ്രദേശത്തും എത്തിച്ചേർന്നിട്ടില്ല.

10. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ചില സ്ഥലങ്ങളിൽ രൂക്ഷമായി അനുഭവപ്പെടുന്നു.

11. കളിക്കളങ്ങൾ ഇല്ല.

12. പോഷകാഹാരക്കുറവ്.

13. പൊതുശ്മശാനമില്ല.

***നിർദ്ദേശങ്ങൾ***

1. മണീട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷൻ, സ്കിൻ സ്പെഷ്യലിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പുവരുത്തുക. ആവശ്യത്തിന് നേഴ്സുമാരെയും മറ്റു സ്റ്റാഫിനേയും നിയമിക്കുകയും ചെയ്യുക. വാർഡ് തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

2. X-Ray, E.C.G. മുതലായ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

3. ആശുപത്രികളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുക.

4. ലൈസൻസില്ലാത്ത അറവുശാലകളുടെ പ്രവർത്തനം നിരോധിക്കുകയും ആധുനിക സജ്ജീകരണങ്ങളോടെ അറവുശാല സ്ഥാപിക്കുകയും ചെയ്യുക.

5. മുഴുവൻ വീടുകൾക്കും കക്കൂസുണ്ടാക്കുക.

6. പൊതുശ്മശാനം നിർമ്മിക്കുക.

7. എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

8. വിഷചികിത്സ, പേവിഷ ചികിത്സ എന്നിവയ്ക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സൗകര്യമുണ്ടാക്കുക.

9. ആരോഗ്യ സർവ്വേ സംഘടിപ്പിച്ച് എല്ലാ വീടുകൾക്കും ഹെൽത്ത് കാർഡുകൾ നൽകുക.

10. ഹോമിയോ ഡിസ്പെൻസറിയുടെ ഉപകേന്ദ്രങ്ങൾ ചീരക്കാട്ടുപാറ, ശ്രാപ്പിള്ളി, പാമ്പ്ര, വെട്ടിത്തറ എന്നിവിടങ്ങളിൽ ആരംഭിക്കുക.

11. ഏഴയ്ക്കരനാട് ആയുർവ്വേദ ഡിസ്പെൻസറിയിൽ 20 കിടക്കകളുള്ള വാർഡ് പണിയുക.

12. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ സേവനം കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ലഭ്യമാക്കുക. ❐

## വിദ്യാഭ്യാസം

ജാതി സമ്പ്രദായങ്ങൾ കൊടികുത്തി വാണിരുന്ന പ്രദേശമാണ് മണീട്. തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും അതിരുകൾ ഉള്ള പ്രദേശമാണിത്. ഹരിജന പിന്നോക്കാദി വിഭാഗങ്ങൾക്ക് തിരുവിതാംകൂറിൽ വിദ്യാഭ്യാസം ചെയ്യാൻ അനുവാദം ഇല്ലാതിരുന്ന കാലത്ത് കൊച്ചി പ്രദേശത്തു പെടുന്ന പുളിക്കമാലി സ്ക്കൂളിൽ വിദ്യാഭ്യാസം ചെയ്തവർ ധാരാളം മണീടിലുണ്ട്. മണീടിൽ സ്ക്കൂൾ ആരംഭിക്കുന്നതിന് മുമ്പ് കുടിൽ പള്ളിക്കൂടങ്ങളും നിലത്തെഴുത്തു കളരികളും ഉണ്ടായിരുന്നു. അക്കാലങ്ങളിൽ സംസ്കൃത സംബന്ധമായ രീതിയാണ് മിക്കവാറും ഉണ്ടായിരുന്നത്.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം വെട്ടിത്തറ (മുക്കാത്തറ) യിലാണ്. കൊല്ലവർഷം 1080 - മാണ്ടിൽ ആരംഭിച്ചു. കൊല്ലവർഷം 1081 ൽ മണീടിൽ ഒരു മലയാളം സ്ക്കൂൾ കൂടി അനുവദിച്ചു. ഈ സ്ക്കൂൾ 1962 ൽ ഹൈസ്ക്കൂളായി ഉയർത്തി. 1964 ൽ ആദ്യ ബാച്ച് S. S. L. C. പരീക്ഷ എഴുതി. 1988 ൽ പ്രിന്റിംഗ് & ടെക്നോളജി കോഴ്സ് തുടങ്ങിക്കൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തി. ഈ സ്ക്കൂളിൽനിന്ന് L. P. വിഭാഗം 300 മീറ്റർ അകലത്തായി ആനമുന്തിയിലാണ് സ്ഥിതിചെയ്യുന്നത്.

കേരളത്തിൽ നിലവിൽവന്ന ഭൂവുടമാ സമ്പ്രദായവും കാർഷിക പരിഷ്ക്കാരങ്ങളും നമ്മുടെ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടി. ഇതുവഴി വളർന്നുവന്ന ഉണർവ്വിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എണ്ണം കൂടി. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ മണീട്, ഗവ: എൽ. പി. സ്ക്കൂൾ മണീട്, ഗവ: എൽ. പി. സ്ക്കൂൾ നെച്ചൂർ, ഗവ: യു. പി. സ്ക്കൂൾ വെട്ടിത്തറ (ഏഴയ്ക്കരനാട്), ആസാദ് മെമ്മോറിയൽ എൽ. പി. സ്ക്കൂൾ ഏഴയ്ക്കരനാട്, സെന്റ് ഗ്രിഗോറിയോസ് യു. പി. സ്ക്കൂൾ കാരൂർ എന്നിവയാണ് നമ്മുടെ വിദ്യാലയങ്ങൾ.

മണീടിൽ ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനുമുമ്പ് മുളന്തുരുത്തി, വടുകോട്, കൂത്താട്ടുകുളത്തിനടുത്തുള്ള വടകര എന്നിവിടങ്ങളിൽ നിന്നാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്. അനൗപചാരിക വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ നാമമാത്രമാണ്. ഉന്നത വിദ്യാഭ്യാസത്തിന് എറണാകുളം, കോലഞ്ചേരി, തൃപ്പൂണിത്തുറ, കൂത്താട്ടുകുളം തുടങ്ങിയ സമീപ പ്രദേശങ്ങളെ ആശ്രയിക്കുന്നു. സമാന്തര കോളെജുകൾ ഒന്നും ഇവിടെ ഇല്ല. ഈ പഞ്ചായത്തിന്റെ 2, 3 വാർഡുകളിൽനിന്നും സമീപ പഞ്ചായത്തായ പൂത്തൃക്കയിലെ പൂത്തൃക്ക ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ 5 ഇംഗ്ലീഷ് മീഡിയം നഴ്സറികളും 3 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്.

ഓരോ വർഷത്തേയും കണക്കുകൾ പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവ് വരുന്നത് കാണാം. ജനനനിരക്കിന്റെ കുറവ്, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് രക്ഷിതാക്കൾ കാണിക്കുന്ന താത്പര്യം എന്നിവ ഇതിനു കാരണങ്ങളാണ്. നമ്മുടെ എല്ലാ സ്ക്കൂളുകളിലും ഭൗതികസൗകര്യങ്ങളുടെ കുറവുണ്ട്. വിദ്യാലയങ്ങളുടെ പ്രവർത്തനം ശരാശരി നിലവാരം പുലർത്തുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ S. S. L. C. വിജയശതമാനം താഴെ പട്ടികയിൽ കൊടുക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. പത്താം ക്ലാസ്സിലെ മത്സര പരീക്ഷ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഇനിയും സജീവമായ ചർച്ച ആവശ്യമുള്ള വിഷയമാണ്. നമ്മുടെ സിലബസ്സിൽത്തന്നെ മാറ്റങ്ങൾ ആവശ്യമാണ്. പരീക്ഷയ്ക്കു വരാവുന്നവ മാത്രം പഠി

ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന രീതിയിലും മാർക്കുമാത്രം കണക്കാക്കുന്ന രക്ഷിതാക്കളുടെ മനോഭാവത്തിലും മാറ്റം ആവശ്യമാണ്. ഈ പ്രവണത നമ്മുടെ വിദ്യാഭ്യാസ ഗുണനിലവാരത്തെ ഇല്ലാതാക്കുന്നു.

വിദ്യാഭ്യാസം ഇന്ന് ഒരു കച്ചവടച്ചരക്കായി മാറിക്കൊണ്ടിരിക്കുകയാണ്. വലിയ വില കൊടുത്തുവാങ്ങുന്നവയെ മേന്മയുള്ളതെന്നു കരുതുന്നതുപോലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ കാണുന്നരീതി ഇന്ന് വളരെ പ്രകടമാണ്. സർക്കാർ വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനാവില്ലെന്ന ധാരണയും കെട്ടിച്ചമയ്ക്കപ്പെടുന്നതാണെന്ന് കണ്ടറിയാനുള്ള വിജ്ഞാനം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ച് നിലനിർത്തുവാനുള്ള കൂട്ടായ പ്രവർത്തനം എല്ലാ കോണുകളിൽനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

| വർഷം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം. | 147 | 105 | 115 | 116 | 145 |
| വിജയിച്ചവർ | 52% | 80% | 73% | 87% | 46% |

## പ്രശ്നങ്ങൾ

1. മണീടിൽ ഒരു ഹൈസ്ക്കൂളേ ഉള്ളൂ.
2. പിന്നോക്ക സമുദായങ്ങളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക്.
3. ഭൗതിക സൗകര്യങ്ങളുടെ കുറവ്.
4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.
5. സമീപ പ്രദേശങ്ങളിൽ അൺ എയിഡഡ് വിദ്യാലയങ്ങളുടെ അതിപ്രസരം.
6. അദ്ധ്യയന നിലവാരത്തളർച്ച.

## *നിർദ്ദേശങ്ങൾ*

1. ഏഴയ്ക്കരനാട് യു. പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.
2. ആസാദ് എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളായി ഉയർത്തുക.
3. കൊഴിഞ്ഞുപോക്കിനെതിരായി, വിശേഷിച്ച് പിന്നോക്ക സമുദായങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക.
4. എല്ലാ എൽ. പി. സ്ക്കൂൾ തലത്തിലും പ്രീ. പ്രൈമറി വിദ്യാഭ്യാസം നടപ്പാക്കുക.
5. മണീടിൽ ഒരു പോളി ടെക്നിക് ആരംഭിക്കുക.
6. സ്പോർട്ട്സിന് കുറച്ചുകൂടി പ്രാധാന്യം കൊടുക്കുക.
7. കലാപരമായ വാസനകൾ പോഷിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
8. ലൈബ്രറി നിർബന്ധമാക്കുക.
9. ഹൈസ്ക്കൂൾ വിഭാഗത്തിനും യു. പി. വിഭാഗത്തിനും ലബോറട്ടറി സൗകര്യം ഉണ്ടാക്കുക.
10. മണീട് ഗവ: ഹൈസ്ക്കൂളിന് പുതിയ ഒരു കെട്ടിടം കൂടി ഉണ്ടാക്കുക.
11. ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് ഒരു സ്റ്റേഡിയം നിർമ്മിക്കുക.
12. P. T. A. ശക്തമാക്കുക.
13. മണീട് ഗവ: സ്ക്കൂളിൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുക. ❐

## സംസ്ക്കാരം

ഒരു പ്രദേശത്തിന്റെ സാംസ്ക്കാരികമായ വളർച്ച അവിടുത്ത ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ, കലാപരമായ മികവ്, ധാർമ്മീക മൂല്യങ്ങൾ, ജീവിത നിലവാരം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടത്തെ പഴയകാല സാംസ്ക്കാരിക പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും ഈ കാര്യത്തിൽ ഭിന്നമായിരുന്നില്ല.

പഴയ തിരുവിതാംകൂറിനേയും കൊച്ചിയേയും വേർതിരിക്കുന്ന അതിരുകൾ നമ്മുടെ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുകൂടി കടന്നുപോയിരുന്നു. പഴയ തിരുവിതാംകൂറും കൊച്ചിയും സവർണ്ണ മേധാവിത്വത്തിന്റെ പിടിയിലായിരുന്നുവെങ്കിലും വിദ്യാഭ്യാസം പോലുള്ള പ്രശ്നങ്ങളിൽ ചില വ്യത്യാസങ്ങൾ ഈ രാജ്യങ്ങൾ തമ്മിലുണ്ടായിരുന്നു. പണ്ടുകാലത്ത് മണീട് പ്രദേശത്തെ പിന്നോക്ക ജാതിക്കാർ കൊച്ചി പ്രദേശത്തുള്ള സ്ക്കൂളുകളിൽ പോയി വിദ്യാഭ്യാസം ചെയ്തിരുന്നു. സവർണ്ണ ജാതികളുടെ കുട്ടികൾ പഠിച്ചിരുന്ന സ്ക്കൂളുകളിൽ അവർണ്ണ ജാതികളുടെ കുട്ടികൾക്ക് പഠിക്കാൻ കഴിഞ്ഞിരുന്നില്ല. മണീടിൽ ആദ്യമായി സ്ക്കൂൾ സ്ഥാപിതമായത് കൊല്ലവർഷം 1080 ലാണ്. തുടർന്ന് പല സ്ക്കൂളുകളും സ്ഥാപിതമായതോടെ വിദ്യാഭ്യാസം ചെയ്യുവാനുള്ള സൗകര്യം കിട്ടി. ഇവിടേയും തുടക്കത്തിൽ അവർണ്ണ ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു.

ഹിന്ദുക്കളും ക്രിസ്ത്യാനികളും സൗഹാർദ്ദത്തോടെ വസിക്കുന്ന പ്രദേശമാണ് ഇത്. ഇവിടത്തെ ജനസാംഖ്യയിൽ ഏകദേശം 65% ഹിന്ദുക്കളും 35% ക്രിസ്ത്യാനികളുമാണ്. പാമ്പാക്കുട ബ്ലോക്കിൽ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വസിക്കുന്ന പഞ്ചായത്താണ് ഇത്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് അയിത്തം തുടങ്ങിയ അനാചാരങ്ങൾ ഈ പ്രദേശത്ത് നിലനിന്നിരുന്നു. ഹൈന്ദവ ക്ഷേത്രങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ഈ പ്രദേശത്ത് ധാരാളമായിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളുകളും എല്ലാ ജാതിമത വിഭാഗക്കാരും ഒത്തുചേർന്നാണ് ആഘോഷിക്കാറുള്ളത്. വെട്ടിത്തറയിലുള്ള അയ്യപ്പൻ കുന്നേൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിന്റെ ഭരണം വിവിധ ജാതിമത വിഭാഗങ്ങൾ ഉൾപ്പെടുന്ന ജനകീയ കമ്മറ്റിയാണ് നടത്തുന്നത്. ഇത് മതസൗഹാർദ്ദത്തിന്റെ ഒരു ഉദാത്ത മാതൃകയാണ്. അതിപുരാതനമായ നെച്ചൂർ സെന്റ് തോമസ് പള്ളിയും തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുവേലി ശിവക്ഷേത്രവും ഈ പ്രദേശത്താണ്. മഞ്ഞനിക്കര തീർത്ഥയാത്ര ആദ്യമായി ആരംഭിച്ചത് മണീട് പള്ളിയിൽ നിന്നാണത്രെ. ഇപ്പോഴും എല്ലാവർഷവും തീർത്ഥയാത്ര നടത്തുകയും എല്ലാ മതവിഭാഗങ്ങളിലുംപെട്ട ആളുകൾ ഇതിൽ പങ്കെടുക്കുകയും ചെയ്യുന്നു.

നാട്ടിലെ കലാകാരന്മാരെ സംഘടിപ്പിച്ചുകൊണ്ടുള്ള ചെറുനാടക സംഘങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. സാമൂഹ്യ നാടകങ്ങളായിരുന്നു ഇവയിൽ പ്രധാനം. കർഷക തൊഴിലാളികളുടെ പണിയിടങ്ങളിലെ ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, തേക്കുപാട്ട് എന്നീ നാടൻ പാട്ടുകൾ പ്രചാരത്തിൽ ഉണ്ടായിരുന്നു. ഈ പ്രദേശത്തെ കലാപ്രവർത്തനങ്ങളെ ജാതിഭേദം അൽപ്പംപോലും ബാധിച്ചിരുന്നില്ല. നമ്മുടെ രാജ്യത്തെ അതിപുരാതനമായ ഒരു ആരാധനാലയം വർഗ്ഗീയ വിഷക്കാറ്റിൽ തകർന്നു വീണപ്പോഴും മതസൗഹാർദ്ദത്തിന്റെ ദീപശിഖ കെടാതെ കാത്തുസൂക്ഷിച്ച പ്രദേശമാണ് നമ്മുടേത്. ഇതിനു കാരമം പുരോഗമന രാഷ്ട്രീയ സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെ സജീവ സാന്നിദ്ധ്യവും ഇടപെടലുകളുമായിരുന്നു.

1940 കളിൽ ഗ്രാമ പ്രദേശങ്ങളിൽ രൂപം കൊണ്ട ഗ്രന്ഥശാലകൾ കേരളത്തിന്റെ സാംസ്ക്കാരിക വളർച്ചയിൽ ഗണനീയ സ്ഥാനം വഹിച്ചവയാണ്. ഈ പഞ്ചായത്തിൽ ആകെ നാല് ഗ്രന്ഥശാലകളാണ്

ഉള്ളത്. ഇതിൽ ഒരെണ്ണം പഞ്ചായത്ത് നടത്തുന്നതാണ്. എന്നാൽ ഇത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒട്ടനവധി പരിമിതികൾ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഏറ്റവും നന്നാടി പ്രവർത്തിക്കുന്ന വായനശാലയാണ്. 1948 ൽ ആരംഭിച്ച V. A. വായനശാല, നെച്ചൂർ നേതാജി ലൈബ്രറി, പാമ്പ്ര ഉദയ ലൈബ്രറി, ഗ്രാമീണ വായനശാല മേമ്മുഖം എന്നിവ സാമാന്യം ഭേദമായി പ്രവർത്തിക്കുന്ന ഗ്രന്ധശാലകളാണ്.

സാക്ഷരതാ പ്രസ്ഥാനം ഈ പഞ്ചായത്തിൽ നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ തുടർ സാക്ഷരതാ പ്രസ്ഥാനത്തിന്റെ അഭാവം സാക്ഷരതാ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഇരുപതോളം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ ഉണ്ട്. എന്നാൽ ഇവയിൽ പലതും ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. ഈ ക്ലബ്ബുകൾ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വാർഷികാഘോഷങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. ക്ലബ്ബുകളും വായനശാലകളും ഓണാഘോഷ പരിപാടികളും നടത്താറുണ്ട്. ഇതുകൂടാതെ Y. M. C. A യുടെ പ്രവർത്തനവും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ ഭൂരിപക്ഷം വാർഡുകളിലും പൊതു ടെലിവിഷൻ സൗകര്യം ഇല്ല.

ധാരാളം നാടൻ കലാരൂപങ്ങളും ക്ഷേത്രകലകളും നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നു. ചെറുനാടക സംഘങ്ങൾ, കോൽകളി, തുടികൊട്ട്, പാലപ്പൽ കാലകളി, ഗരുഡൻ തൂക്കം എന്നിവ ഇന്ന നാശത്തിന്റെ വക്കിലാണ്.

ഓണവും ക്രിസ്തുമസ്സും ഈ പഞ്ചായത്തിൽ എല്ലാ വിഭാഗക്കാരും ആഘോഷിക്കുന്നു. മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് മണീട് പള്ളിയിൽ കൊടുക്കുന്ന സ്വീകരണവും സമൂഹസദ്യയും അയ്യപ്പൻകുന്നേൽ ക്ഷേത്രത്തിലെ 'പേട്ട'യും എടുത്തുപറയേണ്ടവയാണ്. തിരുവേലി ശിവക്ഷേത്രത്തിൽ കർക്കിടകമാസത്തിലെ കറുത്തവാവിന് കേരളത്തിന്റെ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ഭക്തജനങ്ങൾ വന്നെത്താറുണ്ട്.

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ധനസഹായം കുറവാണ്.
2. എല്ലാ വാർഡുകളിലും വായനശാലകൾ ഇല്ല.
3. വായനശാലകളിൽ സ്ത്രീകളുടെയും വിദ്യാർത്ഥികളുടെയും അംഗത്വം കുറവാണ്.
4. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം ഇല്ല.
5. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ധനസഹായം ലഭ്യമല്ല.
6. കായിക മത്സരങ്ങൾ നടത്തുന്നതിന് പൊതു കളിസ്ഥലങ്ങളില്ല.
7. മദ്യത്തിന്റെ വർദ്ധിച്ച ഉപയോഗം.

### *നിർദ്ദേശങ്ങളും സാധ്യതകളും*

1. ഗ്രന്ഥശാലകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുക.
2. എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക.
3. മഹിളാ സമാജങ്ങളുമായി യോജിച്ച് സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ നടപടികൾ എടുക്കണം. വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പുക്കുവാൻ സ്ക്കൂൾ ലൈബ്രറികൾ പ്രവർത്തന ക്ഷമമാക്കുകയും നിർബന്ധ പുസ്തക വിതരണം നടത്തുകയും ചെയ്യണം.
4. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.
5. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ധനസഹായം നൽകുവാനുള്ള സംവി

ധാനം ഉണ്ടാക്കണം.

6. കായിക മത്സരങ്ങൾ നടത്തുന്നതിന് എല്ലാ വാർഡുകളിലും പൊതു കളി സ്ഥലങ്ങൾ നിർമ്മിക്കണം.

7. മദ്യത്തിനും സാംസ്ക്കീരിക ജീർണ്ണ തയ്ക്കും എതിരെ പ്രചരണം സംഘടി പ്പിക്കണം.

9. പഞ്ചായത്തുതലത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിന് സാംസ്ക്കാരിക സമിതി രൂപീകരി ക്കണം.

10. ഈ പഞ്ചായത്തിലെ 3-ാം വാർഡിൽ പൊതു കളിസ്ഥലങ്ങൾ ഒന്നുമില്ലാത്ത തിനാൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.

## ഗതാഗതം

ഗ്രാമവികസനത്തിൽ ഏറെ പ്രാധാന്യ മുള്ള മേഖലയാണ് ഗതാഗതം. കാളവണ്ടി കളും കൈവണ്ടികളുമാണ് ഈ പഞ്ചായ ത്തിൽ മുൻകാലങ്ങളിൽ ഉപയോഗിച്ചിരു ന്നത്. ഇന്ന് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങ ളിലും റോഡുവഴി ചെന്നെത്താവുന്ന സൗകര്യം ഇവിടെയുണ്ട്. പക്ഷെ, യാത്രാ സൗകര്യം വളരെ കുറവാണ്. പഞ്ചായ ത്തിലെ പ്രധാന റോഡുകളിൽ പലതും ടാറി ളകി സഞ്ചാര യോഗ്യമല്ലതായിത്തീർന്നിരി ക്കുന്നു. എറണാകുളം ഭാഗത്തേക്കും പെരു മ്പാവൂർ, കോട്ടയം ഭാഗങ്ങളിലേക്കും ഈ പഞ്ചായത്തിൽക്കൂടി പരിമിതമായ ബസ് സർവ്വീസുകളേ ഇന്ന് നടക്കുന്നുള്ളൂ. താലൂക്ക് ആസ്ഥാനമായ മൂവാറ്റുപുഴയി ലേക്ക് ബസ്സുകളെ ഇല്ല. ഒരു K. S. R. T. C ബസ്സ് ഇതിലെ സർവ്വീസ് നടത്തുന്നുണ്ട്. ബസ്സ് സ്റ്റാൻഡോ ടാക്സി സ്റ്റാൻഡോ പഞ്ചാ യത്തിൽ എങ്ങുമില്ല. അതുപോലെ പ്രധാന ബസ്സ് സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡു കൾ ഇല്ല.

റെയിൽവെ ഗതാഗതം ഈ പഞ്ചായത്തി ലില്ല. തൊട്ടടുത്ത റെയിൽവേ സ്റ്റേഷനുക ളായ മുളന്തുരുത്തിക്ക് ആവശ്യത്തിന് ബസ്സ് സർവ്വീസുകൾ ഇല്ലാത്തതും 16 കിലോമീ റ്റർ മാത്രം ദൂരമുള്ള പിറവം റോഡിലേക്ക് ബസ്സ് സർവ്വീസ് ഒന്നുംതന്നെ ഇല്ലാത്തതു മാണ്. മൂവാറ്റുപുഴയാറിൽക്കൂടി പിറവ ത്തേക്കും രാമമംഗലത്തേക്കും യാത്ര ചെയ്യാ വുന്ന കിഴുമുറി കടവ്, നീർക്കുഴി കടവ് എന്നിവ ആവശ്യമായ സംരക്ഷണമില്ലാതെ ശോചനീയാവസ്ഥയിലാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി P. W. D. റോഡുകളാവട്ടെ മറ്റ് റോഡുകളിലാവട്ടെ കാര്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. അതുപോലെ പുതിയ റോഡുകൾ നിർമ്മി ക്കുന്നതിനുള്ള ആവശ്യങ്ങളും ഗ്രാമസഭ യിൽ ഉയർന്നുവന്നിട്ടുണ്ട്.

## P. W. D. റോഡുകൾ

1. പിറവം - മാമല
2. പിറവം - വെട്ടിക്കൽ
3. മണീട് - പാമ്പ്ര
4. ആനമുന്തി - മീമ്പാറ
5. പാണ്ടിയൻപാറ - മണീട്
6. കാരൂർ - പേപ്പതി

## ഫാം റോഡുകൾ

1. വട്ടപ്പനം - ഉദയംചിറ റോഡ്
2. പാമ്പ്രക്കവല - ആരക്കുന്നം റോഡ്
3. എടയ്ക്കാട്ടുവയൽ ഡിസ്ട്രിബ്യൂട്ടറി കനാൽ ബണ്ട് റോഡ്
4. ചേറ്റൂർ - കമ്പനിപ്പടി റോഡ്
5. ആശാൻ പടി - കാശി മതപ്പടി റോഡ്
6. നെച്ചൂർ ഡിസ്ട്രിബ്യൂട്ടറി കനാൽ ബണ്ട് റോഡ്
7. ശ്രാപ്പിള്ളി - വെട്ടിത്തറ കൊച്ചു പള്ളി പ്പടി റോഡ്
8. കാശി മനപ്പടി - പാറശ്ശേരിത്താഴം റോഡ്

9. പഞ്ചായത്തുകവല - ഉദയംചിറ റോഡ്
10. ചിരക്കാട്ടുപാറ - ഉദയാ ക്ലബ്ബ് റോഡ്
11. കാഞ്ഞിരമറ്റം ഡിസ്ട്രിബ്യൂട്ടറി കനാൽ ബണ്ട് റോഡ്
12. ശ്രാപ്പിള്ളി - കാശി മനപ്പടി റോഡ്

## പഞ്ചായത്ത് റോഡുകൾ ടാറിംഗ് നടത്തിയവ

1. തൽപ്പന - പാമ്പ്ര റോഡ്
2. തിരുവാണിയൂർ - ചങ്ങലാമറ്റം റോഡ്
3. മേമ്മുഖം - ആരക്കുന്നം റോഡ്
4. ചിരക്കാട്ടുപാറ - ഏഴയ്ക്കരനാട് റോഡ്
5. കുന്നഞ്ചേരി - മുടക്കിൽ കടവ് റോഡ്
6. ഏഴയ്ക്കരനാട് - കിഴുമുറി കടവ് റോഡ്
7. ഏഴയ്ക്കരനാട് - കുടുംബനാട് റോഡ്
8. ശ്രാപ്പിള്ളി - പറമ്പാത്തുപടി റോഡ്
9. കരിക്കാട്ടുപടി - തിരുവാണിയൂർ റോഡ്

## ടാറിംഗ് വേലകൾ നടത്തുവാനുള്ള റോഡുകൾ

1. നെച്ചൂർ - പുത്തൻനട റോഡ്
2. പോത്തോളിൽ ഹരിജൻ കോളനി റോഡ്
3. ആനമുന്തി - ഏഴയ്ക്കരനാട് റോഡ്
4. ഏഴയ്ക്കരനാട് - നീർക്കുഴി റോഡ്
5. നെച്ചൂർ - ചോളോത്തിക്കടവ് റോഡ്
6. നീറാംമുകൾ ചർച്ച് റോഡ്
7. നെച്ചൂർ ചിൽഡ്രൻസ് ക്ലബ്ബ് റോഡ്
8. നീറാംമുകൾ പുളിക്കച്ചിറ റോഡ്
9. തല്പന പാമ്പ്ര പുതിയാൽത്താഴം റോഡ്
10. നെച്ചൂർ - മഠത്തിപ്പുറം റോഡ്
11. വെട്ടിത്തറ - നാരകത്തും കാട്ടിൽ കടവ് റോഡ്
12. പാത്തിക്കൽ മണിയാമ്പുറം റോഡ്
13. പാമ്പ്രക്കവല - ചാത്തൻകുളം റോഡ്
14. ശ്രാപ്പിള്ളി - അരോടി റോഡ്
15. കാക്കരേത്തുപടി - പീടികമുകൾ റോഡ്
16. നീർക്കുഴി - നെച്ചൂർ കടവ് റോഡ്
17. എടയാലിത്താഴം OLH റോഡ്
18. ചാലപ്പുറത്തുപടി - നാടിച്ചാമുകൾ റോഡ്
19. മേമ്മുഖം - മഞ്ഞുംകുഴി റോഡ്
20. വില്ലംകുഴി കോളനി റോഡ്
21. പാമ്പ്ര കുഞ്ഞിമറ്റം റോഡ്
22. പാമ്പ്ര ഹരിജൻ കോളനി റോഡ്
23. കൊച്ചുപള്ളിത്താഴം - ചേറ്റൂർ പടി റോഡ്
24. കൊച്ചുപള്ളിത്താഴം - നീലനാൽത്താഴം റോഡ്
25. ചേലയ്ക്കൽത്താഴം - പുത്തൻനട നെച്ചൂർ റോഡ്
26. പാമ്പ്ര ഉദയഗിരി ചർച്ച് റോഡ്
27. തല്പന വാഴക്കുളങ്ങര റോഡ്
28. പാളായി കണ്ണിക്കുളം റോഡ്
29. തണ്ടാപ്പിള്ളി ഓട്ടുകമ്പനിപ്പടി
30. ആയുർവ്വേദപ്പടി - ഓട്ടുകമ്പനിപ്പടി
31. ഏഴയ്ക്കരനാട് ആയുർവ്വേദ ഡിസ്പൻസറിറോഡ്
32. ചേറ്റൂർപ്പടി - കമ്പനിത്താഴം റോഡിൽ കാഞ്ഞിരമറ്റം L.I. പമ്പ്ഹൗസ് വരെയുള്ള റോഡ്
33. കുന്നത്ത് മറ്റം - ഹരിജൻ കോളനി റോഡ്
34. ആനമുത്തികല്ലിടിമുകൾ റോഡ്
35. നെച്ചൂർ കടവ് - ശ്രീഭദ്രാക്ഷേത്രംമുടക്കിൽ കടവ് റോഡ്
36. കീഴേത്ത്കുഴി ഹരിജൻ കോളനി റോഡ്
37. കൂനഞ്ചേരി പള്ളിക്കത്തടം കോളനി നെച്ചൂർ കടവ് റോഡ്
38. കൂനഞ്ചേരി O L H കോളനി റോഡ്

39. മുടക്കോട്ടിച്ചിറ – ഓട്ടുകമ്പനി പടി റോഡ്
40. മണീട് പള്ളിപ്പടി – സെമിത്തേരി റോഡ്
41. മേമ്മുഖം – ശ്രീകൃഷ്ണക്ഷേത്രം റോഡ്
42. പാത്തിക്കൽ മണീട് പുഞ്ചപ്പാടം റോഡ്
43. കുറവൻ കുടികോനാട്ട് താഴം റോഡ്
44. കുന്നേൽത്താഴം – കണ്ണുകുഴി കോളനി പ്പടി റോഡ്
45. പുളിക്കച്ചിറ – തെക്കേടത്തുതാഴം റോഡ്
46. മേമ്മുഖം – പേപ്പതി റോഡ്
47. പുളിക്കത്താഴം – തച്ചിരുകുഴി റോഡ്
48. പുറ്റൂർകുഴി – തെക്കനേത്തുപടി റോഡ്
49. കുളച്ചിറപ്പടി – അരികുപുറത്തുതാഴം റോഡ്
50. മേമ്മുഖം വടക്കേവീട്ടിൽ താഴം പുഞ്ച പ്പാടം റോഡ്
51. ഉദയഞ്ചിറ – മണിയാമ്പുറം റോഡ്
52. പള്ളിപ്പുറം കാവ് – പാക്കുന്നേൽത്താഴം റോഡ്
53. പാമ്പ്ര – ചിറ്റേത്ത് മുകൾ റോഡ്
54. വെങ്ങളത്തുചാൽ – പുതുമന കടവ് റോഡ്
55. പാമ്പ്ര – പരമ്പേമുകൾ റോഡ്
56. പറമ്പേമുകൾ – ചാത്തൻകാല റോഡ്
57. മാളിക്കത്താഴം – ആറ്റുപുറത്തുപടി റോഡ്
58. പാറേപൊട്ടത്താഴം – പെരിയപ്പാടം റോഡ്

## നിർമ്മിക്കേണ്ട പുതിയ റോഡുകൾ

1. കോനാട്ടുതാഴം – നീലനാൽ താഴം
2. കണക്കഞ്ചേരി – കമ്പനിത്താഴം
3. ഓട്ടുകമ്പനി – ചേറ്റൂർപ്പടി
4. കുരുത്തോലതണ്ട് – ഏഴയ്ക്കരനാട് യു. പി. എസ്.
5. പറശ്ശേരിത്താഴം – നീലനാൽ താഴം
6. കുന്നത്തുമറ്റം – പാറമല
7. അരോടിതാഴം – കൃഷിഭവൻ റോഡ്
8. ആനമുന്തി – മേമ്മുഖം
9. പാമ്പ്രക്കവല – ചാത്തൻകുളം
10. വാഴക്കുളങ്ങരത്താഴം – ഉദയഗിരി ചർച്ച്
11. നെച്ചൂർ റേഷൻ പടി – ഉഴവുംമൂട്
12. ചേലായിത്താഴം – പൂത്തൃക്ക
13. കാരൂർ – പമ്പ് ഹൗസ് റോഡ്
14. നീലനാൽ താഴം – ഉറുമ്പേത്ത് നട
15. തച്ചേത്തിത്താഴം – തെക്കിനേത്തുതാഴം റോഡ്
16. കുഞ്ഞൻമല – ആലിങ്കൽത്താഴം
17. ചിറക്കാട്ടുപാറ – വെട്ടത്ത് മനക്കുടി റോഡ്
18. വലിയ പള്ളിത്താഴം – പറമ്പാത്തു താഴം

## പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കേണ്ടത്

1. മൂവാറ്റുപുഴ – എറണാകുളം (രാമമംഗലം, വെട്ടിത്തറ, ഏഴയ്ക്കരനാട്, മണീട് വഴി)
2. രാമമംഗലം – കോട്ടയം (കാശിമനപ്പടി, ശ്രാപ്പിള്ളി, ഏഴയ്ക്കരനാട്, മണീട് വഴി)
3. വൈക്കം – ഗുരുവായൂർ (മണീട്)
4. കൂത്താട്ടുകുളം – എറണാകുളം (അഞ്ചൽപ്പെട്ടി, പിറവം, മണീട് വഴി)
5. തലയോലപ്പറമ്പ് – പെരുമ്പാവൂർ (കോലഞ്ചേരി, പൂത്തൃക്ക, കാശിമനപ്പടി, മണീട് വഴി)
6. ആലുവ – പിറവം (മണീട്, ഏഴയ്ക്കരനാട് വഴി)
7. നെച്ചൂർക്കടവ് – എറണാകുളം (തിരുവാണിയൂർ വഴി)

## പാലം

പാണ്ടിയൻ പാറ – മണീട് റോഡിൽ നെച്ചൂർക്കടവിൽ പാലം പണിയുക.

## പ്രശ്നങ്ങൾ

1. റോഡുകൾ മോശമാണ്. (P. W. D., പഞ്ചായത്ത്)
2. ഭൂരിപക്ഷം റോഡുകൾക്കും കാന സംവിധാനം ഇല്ല.
3. ചില വാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യങ്ങൾ ഇല്ല.
4. പ്രധാന പല ബസ്സ് സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡ് ഇല്ല.
5. റോഡുകൾക്ക് വീതി കുറവാണ്.
6. ആവശ്യമായ യാത്രാസൗകര്യങ്ങളില്ല.

*നിർദ്ദേശങ്ങൾ*

1. കൊച്ചി – ശബരിമല ദേശീയപാത മണീട് – നെച്ചൂർക്കടവ് വഴി പോകുക.
2. മുളന്തുരുത്തി റെയിൽവേ സ്റ്റേഷൻ – രാമമംഗലം ബ്രിഡ്ജ് റോഡ് (മുളന്തുരുത്തി – വെട്ടിക്കൽ – ചീരക്കാട്ടുപാറ – ഏഴയ്ക്കരനാട് – വെട്ടിത്തറ വഴി) P. W. D. ഏറ്റെടുക്കുക.
2. പൂത്തൃക്ക – തിരുവാണിയൂർ റോഡ് – (ഒപ്പായിപ്പടി, ശ്രാപ്പിള്ളി, കരിക്കാട്ടുപടി വഴി) P. W. D. ഏറ്റെടുക്കുക.
3. പ്രധാനപ്പെട്ട റോഡുകൾ ടാറിംഗ് വേലകൾ നടത്തുക.
4. ചങ്ങലാമറ്റം റോഡ് ഉയർത്തി വീതി കൂട്ടുക.
5. P. W. D. റോഡുകളുടെ വീതി കൂട്ടി ഓടകളും കാനകളും നിർമ്മിക്കുക.
6. റോഡ് പുറമ്പോക്ക് അളന്നുതിരിച്ച് സംരക്ഷിക്കുക.
6. പഞ്ചായത്തിൽ കാഡാ ഫാം റോഡ് പദ്ധതി പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതും ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചശേഷം മാറ്റിവെയ്ക്കപ്പെട്ടവയുമായ ഫാം റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുക. □

## പട്ടികജാതി

1991-ലെ സെൻസസ് കണക്കുകൾ അനുസരിച്ച് പാമ്പാക്കുട ബ്ലോക്കിൽ ഏറ്റവും അധികം ഹരിജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് മണീട്. ഈ പഞ്ചായത്തിലെ 17 ഹരിജൻ കോളനികളിലും കൂടിയുള്ള ജനസംഖ്യ 2864 ആണ്. ഇതിൽ 1410 പുരുഷന്മാരും 1454 സ്ത്രീകളും ആണ്.

കൃഷി ഭൂമി സ്വന്തമായിട്ടുള്ളവരും, കാർഷികവൃത്തിയും അനുബന്ധ പ്രവർത്തനങ്ങളും ജീവിതമാർഗ്ഗമായി സ്വീകരിച്ചവരുമാണ് ഇവരെല്ലാം തന്നെ. സാക്ഷരതയിലും വിദ്യാഭ്യാസ രംഗത്തും ഇവരുടെ നിലവാരം മോശമല്ല. സാമൂഹ്യ-രാഷ്ട്രീയ, കലാസാംസ്കാരിക രംഗങ്ങളിൽ എല്ലാം തന്നെ ഇവർ വളരെയധികം താല്പര്യം പുലർത്തുന്നുണ്ട്. കുട്ട, പനമ്പ്, മുറം, തഴപ്പായ്, ചൂരൽകസേര തുടങ്ങിയ നെയ്ത്ത് ജോലികൾ ഇവരുടെ പ്രധാന തൊഴിൽ ആണ്. സ്ത്രീകളും, പുരുഷന്മാരും, ഒരേ പോലെ തൊഴിലുകളിലേർപ്പെടുന്നു. കാർഷികവൃത്തി കൂടാതെ, റബ്ബർ വെട്ട്, കെട്ടിട നിർമ്മാണം, കല്ലുവെട്ട്, കല്ലുമട, തുടങ്ങിയ തൊഴിൽ മേഖലകളിലെല്ലാം ഇവർ സുഗമമായി പ്രവർത്തിച്ചു വരുന്നു. രാഷ്ട്രീയ രംഗത്തും, ബഹുജന സംഘടനാ നേതൃത്വത്തിലും പ്രവർത്തിക്കുന്നവർ വിരളമല്ല. ചെണ്ട, തപ്പ്, കോലുകളി, ഗരുഡൻ തൂക്കം, കാളകളി തുടങ്ങിയ നാടൻ കലാ രംഗങ്ങളിൽ പരമ്പരാഗതമായിത്തന്നെ ഇവിടുത്തെ പട്ടികജാതി വർഗ്ഗക്കാർ പ്രാവീണ്യമുള്ളവരാണ്.

കുട്ടികളെ വിദ്യാലയങ്ങളിൽ അയയ്ക്കുന്നതിൽ താല്പര്യമുള്ളവരും വിദ്യാഭ്യാസ മേഖലയിൽ നിതാന്തശ്രദ്ധ പുലർത്തുന്നവരുമായ ഇവരുടെ ഇടയിൽ സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ വലിയ ഒരളവോളം ഇല്ല യെന്നുള്ളതാണ് വാസ്തവം. സമൂഹത്തിലെ ഗണനീയമായ വർഗ്ഗമെന്ന നിലയിൽ മറ്റുള്ള സമുദായങ്ങളും ഇവരുമായി സൗഹാർദ്ദത്തിലേർപ്പെടുന്നു.

പക്ഷെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഈ കോളനികളുടെ അവസ്ഥ തൃപ്തികരമാണെന്ന് പറയാൻ വയ്യ. സ്വന്തമായി കിണറുകൾ ഏറെയുണ്ട്. ജലവിതരണ സംവിധാനത്തിന്റെ അഭാവം പലസ്ഥലങ്ങളിലും വേനൽക്കാലത്ത് കുടിവെള്ള പ്രശ്നത്തെ രൂക്ഷമാക്കുന്നു. എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിൽ തന്നെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. ഏറിയ പങ്ക് വീടുകളില്ലും കക്കൂസുകൾ ഉണ്ട്. ഓടുമേഞ്ഞ വീടുകൾ ഉണ്ടെങ്കിലും ഉറപ്പുള്ള വീടുകൾ സ്വന്തമായി ഇല്ലാത്തവരും വീടുകളേ ഇല്ലാത്തവരും ഏറെയുണ്ട്. വായനശാല, T.V., കളിക്കളം മുതലായ വിനോദ സാംസ്കാരിക ഉപാധികൾ കോളനികളിൽ വളരെ കുറവാണ്. ഈ കോളനികളിലേക്ക് ഒന്നും തന്നെ സഞ്ചാരയോഗ്യമായ വഴികളും വഴിവിളക്കുകളും ഇല്ല.

കേരളത്തിൽ ആദ്യമായി ഡോ. ബി. ആർ. അംബേദ്കറുടെ പൂർണ്ണകായ പ്രതിമ സ്ഥാപിച്ചത് മണീടിൽ ആനമുന്തിയിലാണ്. പോത്തോളി ഹരിജൻ കോളനി അംബേദ്കർ ഗ്രാമമായി കേരളാ ഗവൺമെന്റ് പ്രഖ്യാപക്കുകയുണ്ടായി.

പട്ടികജാതികൾക്കുള്ള പ്രത്യേക ഘടക പദ്ധതിയിൽപ്പെടുന്ന I.H.D.P പദ്ധതി പാമ്പ്രാ കോളനിയിൽ നടപ്പാക്കുന്നു.

അഭ്യസ്ത വിദ്യരും ജിജ്ഞാസുക്കളുമായ തൊഴിൽ ഇല്ലാത്ത യുവജനങ്ങൾ ഏറെയുള്ള ഈ കോളനികളിൽ തൊഴിൽപരിമായും വ്യവസായികമായും പുതിയ പന്ഥാവുകൾ വെട്ടിത്തുറന്ന് സാമൂഹിക പുരോഗതിയ്ക്ക് ആക്കം കൂട്ടുവാനുള്ള പരിശ്രമങ്ങൾ ഇനിയും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1) ഹരിജൻ കോളനികളിലെ ഗതാഗത സൗകര്യക്കുറവ്
2) ഹരിജനങ്ങളുടെ പാർപ്പിട പ്രശ്നം
3) കക്കൂസ്, കുളിമുറി എന്നിവയുടെ അഭാവം.
4) കുടിവെള്ള ക്ഷാമം
5) പൊതു ശ്മശാനത്തിന്റെ അപര്യാപ്തത
6) കർഷകതൊഴിലാളികളുടെ തൊഴിലില്ലായ്മ
7) പരമ്പരാഗത കൈതൊഴിലുകാർ നേരിടുന്ന പ്രതിസന്ധി
8) ഭൂരഹിതരുടെ പുനരധിവാസം
9) നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വരുന്നു.

### *നിർദ്ദേശങ്ങൾ*

1) പാമ്പ്ര IHDP കോളനിക്കകത്തെ റോഡുകൾ ടാർ ചെയ്യുക.
2) പോത്തോളിൽ അംബേദ്കർ കോളനിയിലേക്കുള്ള റോഡുകൾ ടാർ ചെയ്യുക.
3) കുരുത്തോല തണ്ട് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
4) കുന്നത്തുമറ്റം ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
5) കൂനഞ്ചേരി OLH കോളനി റോഡ് ടാർ ചെയ്യുക.
6) തണ്ടാപ്പിള്ളി ഓട്ടുകമ്പനിപടി റോഡ് ടാർ ചെയ്യുക.
7) കൂനഞ്ചേരി നെച്ചൂർ കടവ് റോഡ് ടാർ ചെയ്യുക.
8) തുറേമുകൾ ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
9) വില്ലൻ കുഴി ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.
10) ആതുകുഴി കോളനി റോഡുകൾ ടാർ ചെയ്യുക.
11) രാജീവ് കോളനി റോഡ് ടാർ ചെയ്യുക.
12) വഞ്ചിമുകൾ കോളനി റോഡ് ടാർ ചെയ്യുക.

13) തേക്കുമല കോളനി റോഡ് ടാർ ചെയ്യുക.

14) ആശാൻപടി കോനാട്ട് താഴം റോഡ് ടാർ ചെയ്യുക.

15) മഞ്ഞാംകുഴി കുഴി കോളനി റോഡ് ടാർ ചെയ്യുക.

16) പാറമല കോളനി റോഡ് ടാർ ചെയ്യുക.

17) കുന്നേതാഴം കണ്ണുകുഴിമല റോഡ് ടാർ ചെയ്യുക.

II. (1) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടുവെയ്ക്കുന്നതിനാവശ്യമായ ഭൂമി വാങ്ങാൻ ധനസഹായം ഹരിജൻ ക്ഷേമ വകുപ്പിൽ നിന്നും നൽകുക.

(2) ഭവനരഹിതർക്ക് വീടുവെയ്ക്കുന്നതിന് അമ്പതിനായിരം രൂപയെങ്കിലും സർക്കാരിൽ നിന്നനുവദിക്കുക.

III. (1) ഹരിജൻ കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും, കക്കൂസും, കുളിമുറിയും നിർമ്മിച്ചു നൽകുക.

IV. കുടിവെള്ളം എത്താത്ത പോത്തോളി, തുറേമുകൾ, വില്ലം കുഴി, വഞ്ചിമുകൾ, രാജീവ് കോളനി, കുരുത്തോലതണ്ട്, പള്ളിക്കാതടം കോളനി എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക.

V. (1) 50 സെന്റ് സ്ഥലം വീതം എങ്കിലും വാങ്ങിച്ചു രണ്ടു പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.

(2) നിലവിലുള്ള ശ്മശാനങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

VI. (1) ഭൂരഹിതരും, കർഷകതൊഴിലാളികളുമായ ഹരിജനങ്ങൾക്ക് മിച്ചഭൂമി, വനഭൂമി വിതരണം ചെയ്യുക.

(2) നെച്ചൂർ ഹരിജൻ കരകൗശല വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, വിപുലപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം കൈതൊഴിൽ പദ്ധതി വിപുലപ്പെടുത്തുക. ഈറ്റ, ചൂരൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ ഒരു സബ്ഡിപ്പോ മണീടിൽ സ്ഥാപിക്കുക.

യുവകർഷക തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുക.

SCP ഫണ്ട് ഉപയോഗിച്ച് ഈ പഞ്ചായത്തിൽ ആധുനീക സൗകര്യങ്ങൾ ഉള്ള ഒരു ആശുപത്രി ആരംഭിക്കുക.

I.H.D.P., അംബേദ്കർ കോളനി എന്നിവിടങ്ങളിൽ സാംസ്കാരീക നിലയങ്ങൾ സ്ഥാപിക്കുക. എല്ലാ ഹരിജൻ കോളനികളിലും T.V. സ്ഥാപിക്കുക.

## പട്ടികജാതി-പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

പട്ടികജാതി-പട്ടികവർഗ്ഗത്തിലെ പട്ടികജാതി വിഭാഗത്തിലുള്ളവരേ ഈ പഞ്ചായത്തിലുള്ള ഹരിജനങ്ങളുടെ പട്ടികയിൽ വരുന്നുള്ളൂ. ഇതിൽ പ്രധാനപ്പെട്ട വിഭാഗങ്ങൾ പുലയർ, സാംബവ, പരവ, വേല, കാക്കാല തുടങ്ങിയ സമുദായങ്ങളാണ്. ഈ പഞ്ചായത്തിലെ ഹരിജനങ്ങളിൽ ഭൂരിഭാഗവും പുലയ സമുദായത്തിൽപ്പെട്ടവരാണ്. തൊട്ടടുത്ത സ്ഥാനം സാംബവർക്കാണ്. മറ്റിതര സമുദായത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾ ഏതാണ്ട് ഒന്നുരണ്ട് പ്രദേശങ്ങളിലായി അധിവസിക്കുന്നു.

സമൂഹത്തിന്റെ അടിസ്ഥാന വർഗ്ഗമായ കർഷകത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരാണ് ഹരിജനങ്ങളിൽ ഭൂരിഭാഗവും. ഏതാണ്ട് പരമ്പരാഗത രീതിയിൽത്തന്നെ ഈ നില ഇന്നും തുടർന്നുവരികയാണ്. പൈതൃകമായി ലഭിച്ചുപോന്ന ഈറ്റപ്പണി, (കുട്ട, മുറം, പനമ്പ് തുടങ്ങിയവ) അലക്ക്ജോലി, തെങ്ങ് കയറ്റം, തയ്യൽ തുടങ്ങി തനതായി ഓരോ സമുദായങ്ങൾക്കും പരമ്പരാഗതമായി ലഭിച്ച തൊഴിലുകൾ അതാതു

സമുദായങ്ങൾ നില നിർത്തിവരുന്നു. ഇതിൽ കാർഷിക മേഖലയിൽ മാത്രമാണ് മറ്റിതര സമുദായത്തിൽപ്പെട്ട ആളുകൾ കടന്നുവ ന്നിട്ടുള്ളതെന്ന് കാണാൻ കഴിയും. കൂടാതെ, നിർമ്മാണജോലികളായ, ചെങ്കൽവെട്ട്, കരി ങ്കൽമട, കെട്ടിടനിർമ്മാണം, റബ്ബർടാപ്പിംഗ്, തുടങ്ങിയ മേഖലകളിലായി പണിയെടുക്കു ന്നവരും ഈ വിഭാഗങ്ങളിൽ ധാരാളമുണ്ട്. പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകളും ജോലിചെയ്താണ് ഒരു പരിധിവരെ കുടും ബം പുലർത്തുന്നത്. ചുരുക്കി പറഞ്ഞാൽ പട്ടികജാതി വിഭാഗത്തിലുള്ള ജനങ്ങളിൽ ഭൂരിപക്ഷവും കൂലിപ്പണിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്.

വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ജോലി നോക്കുന്ന സർക്കാർ ജീവനക്കാരും ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തി ലുണ്ട്. എങ്കിലും ഉയർന്ന തസ്തികകളിൽ ഈ വിഭാഗത്തിലുള്ള ആളുകൾ ഇനിയും എത്തിച്ചേരേണ്ടതുണ്ട്.

കലാസാംസ്ക്കാരിക രംഗങ്ങളിൽ, മുന്നോക്ക പിന്നോക്ക ചേരിതിരിവ് ഈ പഞ്ചായത്തിൽ ഇല്ല. ഈ രംഗങ്ങളിലെല്ലാം എല്ലാ ജനവിഭാഗങ്ങളുടെയും സഹകര ണവും സഹായങ്ങളുമാണ് ഉള്ളത്. പിന്നോക്ക സമുദായങ്ങളുടേതെന്ന് പറയാ വുന്ന തുടികൊട്ട്, പാലപ്പൻകാളകളി, മുടി യാട്ടം തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ ഇന്നും തുടരുന്നുണ്ടെങ്കിലും ഈ കലക ളെല്ലാം നാശത്തിന്റെ വക്കിലാണ്. പുലയ സമുദായത്തിന്റെ കല്ല്യാണങ്ങൾക്കും, മര ണാനന്തര ചടങ്ങുകളിലും തുടികൊട്ടിപ്പാട്ടും കുഴലൂത്തും അടുത്ത നാളുകൾ വരെ നില നിന്നിരുന്നു. കർഷകത്തൊഴിലാളികളുടെ ചേലൊത്ത നാടൻപാട്ടുകളും, ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, കിളിപ്പാട്ട് തുടങ്ങിയവ പഴ യകാല കർഷത്തൊഴിലാളി കാരണവന്മാ രോടൊപ്പം മൺമറയുകയാണ്. നെച്ചൂർ സെന്റ് തോമസ് പള്ളിയിലെ വലിയ പെരു നാളിനോടനുബന്ധിച്ച് പുലയ സമുദായ ത്തിലെ സ്ത്രീപുരുഷന്മാർ അനുഷ്ടിച്ച് വരുന്ന തുടിക്കൊട്ടിപ്പാട്ടും മുടിയാട്ടും കാല ങ്ങളായി തുടർന്ന് വരുന്നതാണ്. മടക്കിൽ ശ്രീ ഭദ്രാക്ഷേത്രത്തിലും ഈ കലാരൂപവും കോഴിവെട്ടും ഈ സമുദായത്തിന്റെ തന്നെ ആചാരങ്ങളിൽ വരുന്നതാണ്. ക്ഷേത്രകലാ രൂപമായ ചെണ്ടമേളം പിന്നോക്ക വിഭാഗ ത്തിൽ സാംബവ സമുദായം തനതായി ത്തന്നെ നിലനിർത്തിവരുന്നു. കൂടാതെ കോൽക്കളി, തപ്പുമേളം തുടങ്ങിയ നാടൻ കലകളും ഹരിജനങ്ങളുടേതെന്ന് പറയാ വുന്നതാണ്.

വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യ ത്തിൽ ഏതാണ്ട് 80% ആളുകളും സാക്ഷര രാണ്. ഉന്നതവിദ്യാസമ്പാദനത്തിന്റെ കാര്യ ത്തിൽ ഈ വിഭാഗത്തിലുള്ളവർ ഇനിയും മുന്നോട്ടു വരികയും, നിലവിലുള്ള വിദ്യാ ഭ്യാസാനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തേ ണ്ടതുമുണ്ട്.

സാമൂഹ്യ രാഷ്ട്രീയ നേതൃത്വത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്നത് യഥാർത്ഥ്യമാണെങ്കിലും സംവരണാനുകൂ ല്യങ്ങൾ വഴിയാണ് പാർലമെന്ററി രംഗ ത്തേക്ക് പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തി ലുള്ള ആളുകൾ ഉയർന്നുവരുന്നത്. ഹരി ജൻ റിസർവേഷൻ പഞ്ചായത്ത് എന്ന നിലക്ക് മണീട് പഞ്ചായത്ത് സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു.

കേരളത്തിലാദ്യമായി ഭരണഘടനാ ശില്പിയായ ഡോ. ബി. ആർ. അംബേദ്ക റുടെ പൂർണ്ണകായ പ്രതിമ സ്ഥാവിച്ചത് മണീടു പഞ്ചാത്തിലെ ആനമുത്തിയിലാണ്. കാരൂർ പോത്തോളി ഹരിജൻ കോളനി അംബേദ്കർ ഗ്രാമമായി സർക്കാർ പ്രഖ്യാ പിക്കുകയുണ്ടായി. കൂടാതെ പാമ്പ്ര ഹരിജൻ കോളനി I. H. D. P പദ്ധതിയിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

ഹരിജൻ കോളനികളിലെ, അടിസ്ഥാന സൗകര്യങ്ങൾ പരിതാപകരമായ അവസ്ഥ യിലാണ്. പാർപ്പിടം, കുടിവെള്ള ക്ഷാമം, കക്കൂസ്, വീട് വൈദ്യുതീകരണം അടക്കം എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ഹരിജൻ കോളനികളിൽ നിര

വധിയാണ്. കൂടുതൽ കാര്യങ്ങൾ പ്രശ്ന പരിഹാര നിർദ്ദേശങ്ങളുടെ പട്ടികയിൽ ച്ചേർക്കുന്നതാണ്. ഹരിജൻ കോളനികളിൽ പോത്തോളി, പാമ്പ്ര എന്നിവയിൽ T.V. ഉണ്ടെങ്കിലും രണ്ടും പ്രവർത്തനരഹിത മാണ്.

ഈ വിഭാഗത്തിലുള്ള അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരായ യുവതീ-യുവാ ക്കൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുകവഴി അതിരൂക്ഷമായ തൊഴിലി ല്ലായ്മക്ക് പരിഹാരം കാണുവാൻ കഴിയേ ണ്ടതാണ്.

മണീട് കേന്ദ്രീകരിച്ച് നെച്ചൂർ ഹരിജൻ കരകൗശല സഹകരണ സംഘം പ്രവർത്തി ച്ചുവരുന്നു. ഇത് പ്രധാനമായും ഈറ്റ വിപ ണനകേന്ദ്രമായി പ്രവർത്തി ക്കുന്നു. കൂടാതെ ചൂരൽക്കസേര തുടങ്ങിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ഇതിനുള്ള പരിശീലവും ഈ സംഘത്തിലൂടെ നടന്നു വരുന്നു. എല്ലാ ഹരിജൻ വിഭാഗങ്ങളേയും ഉൾക്കൊള്ളിച്ച് കരകൗശല സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ട തുണ്ട്.

പതിനേഴ് ഹരിജൻ കോളനികളിലും അല്ലാതെയുമായി താമസിക്കുന്ന ഹരിജന ങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടു കൊണ്ട് സമൂഹത്തിലെ ഗണനീയ വർഗ്ഗ മെന്ന നിലയിൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി പൂർണ്ണ അർത്ഥത്തിൽ കൈവരിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ സമീപനത്തിലൂടേയും, പദ്ധതി ആവിഷ്ക്കരണത്തിലൂടേയും ദ്രുത ഗതിയിലുള്ള നടത്തിപ്പിലൂടേയും ഈ പരി ശ്രമങ്ങൾക്കാകെ ആക്കം കൂട്ടേണ്ടിയിരി ക്കുന്നു.

## പ്രശ്നങ്ങൾ

1. ഹരിജൻ കോളനികളിൽ എത്തപ്പെടാ നുള്ള ഗതാഗതസൗകര്യങ്ങളുടെ കുറവ്
2. ഹരിജനങ്ങളുടെ പാർപ്പിടപ്രശ്നം
3. അതിരൂക്ഷമായ കുടിവെള്ള ക്ഷാമം
4. ആളുകൾ തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനികളിലെ കക്കൂസ്, കുളിമുറി എന്നിവയുടെ അഭാവം
5. പൊതുശ്മശാനത്തിന്റെ അഭാവം
6. കർഷകത്തൊഴിലാളികളുടെ തൊഴിലി ല്ലായ്മ
7. പരമ്പരാഗത തൊഴിലുകൾ നേരിടുന്ന പ്രതിസന്ധികൾ

   ഉദാ:- ഈറ്റ, ചൂരൽ തുടങ്ങിയവയുടെ ദൗർലഭ്യം
8. ഭൂരഹിതരുടെ പുനഃരധിവാസം
9. അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റവും കുറഞ്ഞ വേതനത്തിന് തൊഴിലെടുക്കു വാനുള്ള പ്രവണതയും മൂലം ഉളവായ അതിരൂക്ഷമായ തൊഴിലില്ലായ്മ.
10. ഇടയ്ക്കുവെച്ച് വിദ്യാഭ്യാസം നിലച്ചു പോകുന്ന ഹരിജൻ വിദ്യാർത്ഥികളുടെ പ്രശ്നം.
11. ആതുര ശുശ്രൂഷ രംഗത്തുളവായിട്ടുള്ള താങ്ങാനാവാത്ത ചികിത്സാ ചിലവുകൾ.
12. തലമുറകളായി താമസിച്ചുവരുന്ന സ്വന്തം ഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ലായെ ന്നത് വഴി ഭവന നിർമ്മാണം, സാമ്പ ത്തിക സഹായം തുടങ്ങി ഒട്ടനവധി സർക്കാർ ആനുകൂല്യങ്ങൾ നിഷേധി ക്കപ്പെട്ട നിരവധി ഹരിജനങ്ങളുടെ പ്രശ്നം.
13. ജീവിതത്തിന്റെ സിംഹഭാഗവും, സമൂ ഹത്തെ തീറ്റിപ്പോറ്റാൻ മണ്ണിൽ പണി യെടുത്ത വയോവൃദ്ധരായ കർഷക ത്തൊഴിലാളികളുടെ പെൻഷന്റെ പ്രശ്നം.
14. വർദ്ധിച്ചുവരുന്ന നിത്യോപയോഗസാധ നങ്ങളുടെ വിലവർദ്ധനവും കുറഞ്ഞ വരുമാനവും തമ്മിലുള്ള അന്തരം ജീവി തനിലവാരത്തിൽ വരുത്തിയ ഇടിവ്.

15. ഹരിജനങ്ങളുടേതായ സഹകരണ സംഘങ്ങളുടെ അപര്യാപ്തത.

16. സർക്കാരിൽ നിന്നും ധനസഹായങ്ങൾ കിട്ടുന്നതിലുള്ള കാലതാമസവും-സാങ്കേതിക നൂലാമാലകളും.

17. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്, താലൂക്ക് ആഫീസ് വരെ പോകേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ.

18. തുണ്ട് ഭൂമികളിൽ താമസിക്കുന്നവരുടെ ഹരിജൻ കോളനി റോഡുകളിലൂടെ കടന്നു പോകുന്ന SC.P റോഡുകൾക്ക് 6 മീറ്റർ വീതി വേണം എന്ന നിർബ്ബന്ധിത നിയമം.

*നിർദ്ദേശങ്ങൾ*

I താഴെപ്പറയുന്ന ഹരിജൻ കോളനിയിലേക്കുള്ള റോഡുകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക

(a) പാമ്പ്ര I. H. D. P കോളനി റോഡ്

(b) പോത്തോളി അംബേദ്കർ കോളനിയിലേക്കുള്ള റോഡുകൾ

(c) കുരുത്തോലത്തണ്ട് ഹരിജൻ കോളനി റോഡ്

(d) കുന്നത്തുമറ്റം ഹരിജൻ കോളനി റോഡ്

(e) കൂനംഞ്ചേരി O.L.H. കോളനി റോഡ്

(f) തണ്ടാപ്പിള്ളി ഓട്ടുകമ്പനിപ്പടി റോഡ്

(g) കൂനംഞ്ചേരി നെച്ചൂർക്കടവ് റോഡ്

(h) പെരുമറ്റം ഹരിജൻ കോളനി റോഡ് (നെച്ചൂർ മഠത്തിപ്പുറം, നെച്ചൂർക്കടവ് - പുത്തൻതട റോഡ്)

(i) തുറമുകൾ ഹരിജൻ കോളനി റോഡ്

(j) വില്ലൻകുഴി കോളനി റോഡ്

(k) ആതുകുഴി കോളനി റോഡ്

(l) രാജീവ് കോളനി റോഡ്

(m) വഞ്ചുമുകൾ കോളനി റോഡ്

(n) തേക്കുമല കോളനി റോഡ്

(o) ആശാൻപടി - കോനാട്ടുതാഴം റോഡ്

(p) മഞ്ഞംകുഴി കോളനി റോഡ്

(q) പാറമല കോളനി റോഡ്

(r) കുന്നേത്താഴം കന്നുകുഴിമല റോഡ്

(s) കച്ചേരിക്കുഴി ഹരിജൻ കോളനി റോഡ്

II (1) സ്വന്തമായ ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന്നാവശ്യമായ ധനസഹായം സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും നൽകുക.

(2) ഭവനരഹിതരായവർക്ക് നൽകുന്ന ധനസഹായം ചുരുങ്ങിയത് 50,000 രൂപയായെങ്കിലും വർദ്ധിപ്പിക്കുക

(3) മണീടു പഞ്ചായത്തിന് നൽകിവരുന്ന J.R.Y, ഉപാധിരഹിതഫണ്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുക.

III (1) ഹരിജൻ കോളനികളിൽ സമ്പൂർണ്ണ ഭവന നിർമ്മാണപദ്ധതി ആവിഷ്കരിക്കുക.

(2) പുതിയതായി നിർമ്മിക്കുന്നതും, നിലവിലുള്ളതുമായ മുഴുവൻ വീടുകളിലും പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, കുളിമുറി തുടങ്ങിയവ നിർമ്മിച്ച് കൊടുക്കുക.

(3) വൈദ്യുതി എത്താത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.

IV (1) കുടിവെള്ളക്ഷാമം അതിരൂക്ഷമായ പോത്തോളിൽ, തുറമുകൾ, വില്ലങ്കുഴി, വഞ്ചുമുകൾ, രാജീവ് കോളനി, കുരുത്തോലത്തണ്ട്, പള്ളിക്കത്തടം, കച്ചേരിക്കുഴി, പെരുമറ്റം എന്നീ ഹരിജൻ കോളനികളിൽ കുടിവെള്ളം എത്തിക്കുക.

V. വഴിവിളക്കുകൾ സ്ഥാപിക്കാത്ത കോളനി റോഡുകളിൽ വഴിവിളക്കുകൾ

സ്ഥാപിക്കുക.

VI (1) അര ഏക്കർ സ്ഥലം വീതമുള്ള രണ്ടു പൊതുശ്മശാനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

(2) നിലവിലുള്ള ശ്മശാനത്തിന്റെ ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുക.

VII (1) ഭൂരഹിതരും കർഷകതൊഴിലാളികളുമായ ഹരിജനങ്ങൾക്ക് മിച്ചഭൂമി പതിച്ചു നൽകുക.

(2) നെച്ചൂർ ഹരിജൻ കരകൗശല വ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം കൈത്തൊഴിൽ പദ്ധതി വിപുലപ്പടുത്തുക. ഈറ്റ, ചൂരൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ ഒരു സബ് ഡിപ്പോ മണീടിൽ സ്ഥാപിക്കുക.

(3) യുവ കർഷക തൊഴിലാളികൾക്കുള്ള കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് Agro Service Centre ആരംഭിക്കുക.

(4) S.C.P ഫണ്ടുപയോഗിച്ച് പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങൾ ഉള്ള ഒരു ആശുപത്രി സ്ഥാപിക്കുക.

(5) I.H.D.P, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക. എല്ലാ ഹരിജൻ കോളനികളിലും ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

(6) കർഷകത്തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിക്കുക

(7) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ, കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്നതിലൂടെയുള്ള തൊഴിലില്ലായ്മ പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കണം.

(8) ഇടയ്ക്കു വെച്ച് വിദ്യാഭ്യാസം നിർത്തുന്ന ഹരിജൻ വിദ്യാർത്ഥികളെ പുനഃർചിന്തിപ്പിക്കുവാനും, വിദ്യാഭ്യാസം പുനർക്രമീകരിക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

(9) കുടികിടപ്പ് നിയമപ്രകാരം ഭൂമിക്ക് പട്ടയം കിട്ടാത്ത ഹരിജനങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

(10) നിലവിലുള്ള മണീടു P.H.C ഏഴക്കരനാട് ആയുർവ്വേദാശുപത്രി, നെച്ചൂർ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലെ ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും രോഗികൾക്കാവശ്യമുള്ള മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തുക. മണീട് P.H.Cയിൽ, X-Ray ലാബ്, E.C.G സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഇവയുടെ സേവനം സൗജന്യമാക്കുകയും ചെയ്യുക. മണീട് P.H.C ക്കു വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള വാർഡ് തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുക.

(11) കർഷകത്തൊഴിലാളികളുടെ - പെൻഷൻ കുടിശ്ശിക സഹിതം നൽകുകയും - പെൻഷൻ തുക വർദ്ധിപ്പിക്കുകയും - അർഹരായ മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ ലഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(12) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്താൻ - പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുക. റേഷൻകട വഴി എല്ലാവിധ സാധനങ്ങളും സാധാരണക്കാരന് ലഭ്യമാക്കുക. മാവേലി സ്റ്റോറിൽ പച്ചക്കറിയടക്കം വിതരണം ചെയ്യുകയും - നിലവിലുള്ള ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങൾ കൃത്യമായി വിതരണം നട

ത്തുക.

റേഷൻകട വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉയർത്തുന്നതിന് അടിയന്തിര പ്രാധാന്യം നൽകുക.

(13) സർക്കാരാനുകൂല്യങ്ങൾ കൂടുതൽ സുതാര്യമാക്കുക. സർക്കാർ ഓഫീസുകളിലെ കാലതാമസം അവസാനിപ്പിക്കുന്നതിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധതിരിയണം.

(14) ജാതിസർട്ടിഫിക്കറ്റ് വില്ലേജ് ആഫീസിൽ നിന്നും നൽകുക.

(15) S.C.P റോഡുകൾക്ക് ആറു മീറ്റർ വീതി നിർബ്ബന്ധമാണെന്നുള്ള നിബന്ധന എടുത്തു കളയുക.

(16) പഴയ നാടൻകലകളായ പാലപ്പൻ കാള, തുടികൊട്ടുപാട്ട്, കോൽക്കളി തുടങ്ങിയവയും, ഗ്രാമീണ കേരളത്തിന്റെ മുഖമുദ്ര ആയിരുന്ന കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, കിളിപ്പാട്ട് മുതലായവയും നിലനിർത്തുവാനും പ്രചരിപ്പിക്കാനും പ്രോത്സാഹനം നൽകണം. ❒

## വനിത

വനിതാ ക്ഷേമ രംഗത്ത് കേരളത്തിലെ മറ്റു പ്രദേശങ്ങളെപ്പോലെ തന്നെ ഈ പഞ്ചായത്തും പിന്നോക്കാവസ്ഥയിലാണ്. മരുമക്കത്തായ സമ്പ്രദായം നായർ തറവാടുകളിലെ വനിതകൾക്ക് മെച്ചപ്പെട്ട സ്ഥാനം നൽകിയിരുന്നു. നമ്പൂതിരി ഗൃഹങ്ങളിലെ അന്തർജനങ്ങൾ ഇല്ലങ്ങളിലെ അടുക്കളക്കെട്ടുകളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന അവസ്ഥയാണ് ഒരുകാലത്ത് നിലനിന്നത്. ഭൂവുടമകളുടെ കൃഷിയിടങ്ങളിൽ കൂലിപ്പണി ചെയ്യുന്നവരായിരുന്നു പിന്നോക്ക ജാതികളിൽപ്പെട്ട വനിതകൾ.

നായർ, ക്രിസ്ത്യൻ, സമുദായത്തിലെ പെൺകുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുവാൻ എഴുത്തു പള്ളിക്കൂടങ്ങളെ ആശ്രയിച്ചിരുന്നപ്പോൾ പിന്നോക്ക ജാതിക്കാരുടെ വനിതകൾക്ക് വിദ്യാഭ്യാസമേ ലഭിച്ചിരുന്നില്ല.

ഇന്ന് ഈ പഞ്ചായത്തിലെ ഭൂരിഭാഗം വനിതകളും സാക്ഷരരും ശരാശരി വിദ്യാഭ്യാസം ലഭിച്ചവരുമാണ്. കാർഷികവൃത്തി, ഗൃഹജോലി, കെട്ടിട നിർമ്മാണം മുതലായവയാണ് ഇവരുടെ തൊഴിൽ മേഖലകൾ.

പഞ്ചായത്തീരാജ് ഭരണ സംവിധാനം നടപ്പായതോടുകൂടി മൂന്നിലൊന്നു സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ഏർപ്പെടുത്തുകയും ചെയ്തതിലൂടെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തന മണ്ഡലങ്ങളിൽ സ്ത്രീകൾ കൂടുതൽ പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

ഒരു ഹരിജൻ വനിത ഈ പഞ്ചായത്തിന്റെ പ്രസിഡന്റാണ് എന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. പാമ്പ്ര, ഏഴക്കരനാട്, വെട്ടിത്തറ എന്നിവിടങ്ങളിലായി മൂന്നു മഹിളാ സമാജങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര ഗവ: സഹായ പദ്ധതി പ്രകാരം മൂന്ന് DWCRA പദ്ധതികൾ പ്രവർത്തനമാരംഭിച്ചതോടെ മുപ്പതോളം വനിതകൾക്ക് ഒരു പരിധി വരെ തൊഴിൽ അവസരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വെട്ടിത്തറയിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘം മുപ്പതിൽപ്പരം വനിതകൾക്ക് ഭാഗീകമായി തൊഴിൽ നൽകി. തൊഴിലവസരം പൊതുവെ സ്ത്രീകൾക്ക് കുറവാണ് എന്നുള്ള കാര്യവും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. സാക്ഷരതാ രംഗത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിലാണ്. 1991 ലെ സെൻസസ് അനുസരിച്ച് പുരുഷന്മാരുടെ എണ്ണം സ്ത്രീകളെ അപേക്ഷിച്ച് കൂടുതലായിരുന്നുവെങ്കിലും പുതിയ വോട്ടർ പട്ടിക അനുസരിച്ച് സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിക്കോൾ കൂടുതലാണ്.

### പ്രശ്നങ്ങൾ

1. വ്യാപാര വ്യവസായിക രംഗത്ത് വനിത

കളുടെ പങ്കാളിത്തം തീരെ കുറവാണ്.

2. സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്.
3. വനിതകൾക്ക് തൊഴിൽ അവസരം കുറവാണ്.
4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
5. DWCRA വഴി നടത്തുന്ന പദ്ധതികൾ പ്രായോഗികമല്ലാതാവുന്നു.

***നിർദ്ദേശങ്ങൾ***

1. സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ പദ്ധതികൾ വ്യാപിപ്പിക്കുക.

ഇലക്ട്രോണിക്സ്, കൈത്തൊഴിൽ, കാലി വളർത്തൽ, കോഴിവളർത്തൽ, സെറികൾച്ചർ എന്നീ മേഖലകളിൽ വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ മേഖല വർദ്ധിപ്പിക്കുക.

2. സ്ത്രീകൾക്കുവേണ്ടി പ്രത്യക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
3. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ടുള്ള കൂടുതൽ പദ്ധതികൾ തയ്യാറാക്കുക. കൂടാതെ മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും എത്തിക്കുക.
5. DWCRA പദ്ധതികൾ ലഘൂകരിച്ച് വനിതകളെ ഈ രംഗത്തേക്ക് ആകർഷിക്കത്തക്ക വിധത്തിൽ പുനഃസംവിധാനം ചെയ്യുക.
6. സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ വനിതകളുടെ ക്ഷേ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ❒

## സാമൂഹ്യക്ഷേമം

ദാരിദ്ര നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള സംയോജിത ഗ്രാമവികസന പദ്ധതിയുടെ 1992,1995 വർഷങ്ങളിലെ സർവെ കണക്കുകൾ അനുസരിച്ച് ദാരിദ്രരേഖയ്ക്ക് താഴെയുള്ള മൊത്തം കുടുംബങ്ങളുടെ പഞ്ചായത്തിലെ എണ്ണം 1477 ആണ്. പ്രതി വർഷം 50 കുടുംബങ്ങൾക്ക് ആണ് സാമ്പത്തികാനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹരായ വളരെയധികം കുടുംബങ്ങൾക്ക് ഇനിയും ഈ പദ്ധതിയുടെ സഹായം ലഭിക്കേണ്ടതായിട്ടുണ്ട്. 8-ാം പദ്ധതിക്കാലത്ത് ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങൾ 501 ആണ്. I.R.D.P യുടെ അനുബന്ധ പദ്ധതിയായ ട്രൈസം (തൊഴിൽ പരിശീലന പദ്ധതി) അനുസരിച്ച് ഈ പഞ്ചായത്തിൽ മൊത്തം 42 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 12 പേർ ദിവസക്കൂലി വ്യവസ്ഥയിലും 14 പേർ സ്വയം തൊഴിൽ പദ്ധതിപ്രകാരവും ജോലി ചെയ്യുന്നു. ഡി.ഡബ്ല്യു, സി.ആർ.എ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. പോസ്റ്റ് മെട്രിക്ക് തലത്തിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നല്കാനുള്ള പദ്ധതി, മില്ല്യൺ വെൽസ്കി മുതലായ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുവരുന്നു. ഇനിയും വളരെയധികം ആളുകൾക്ക് ഈ ആനുകൂല്യം ലഭിക്കാനുണ്ട്. എല്ലാ വാർഡുകളിലും അംഗനവാടികളുടെ പ്രവർത്തനമാരംഭിക്കണമെന്ന് ഗ്രാമസഭകളിലെ ചർച്ചകളിൽ അഭിപ്രായമുണ്ടായി. 2 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1) അംഗനവാടികൾ ഇല്ല.

2) I.R.D.P പദ്ധതി പ്രകാരമുള്ള ആനുകൂല്യം എല്ലാവർക്കും ലഭിക്കുന്നില്ല.

3) തൊഴിൽ പരിശീലന പദ്ധതി ഫലപ്രദമായി നടക്കുന്നില്ല.

4) വിവിധ പെൻഷനുകൾ യഥാകാലം കിട്ടുന്നില്ല.

*നിർദ്ദേശങ്ങൾ*

1) എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കുക.

2) I.R.D.P പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എല്ലാവർക്കും എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3) ട്രൈസം പദ്ധതി നടപ്പിലാക്കുക.

4) വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

5) കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ യഥാസമയങ്ങളിൽ എത്തിക്കുക.

6) ഹരിജൻ കോളനികളിൽ T.V. സ്ഥാപിക്കുക.

7) പൊതുവായ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

8) വയോവൃദ്ധ കേന്ദ്രം സ്ഥാപിക്കുക.

9) V.E.O ഓഫീസുകൾക്കായി സറണ്ടർ ചെയ്ത സ്ഥലത്ത് ഓഫീസും ക്വാർട്ടേഴ്സും നിർമ്മിക്കുക.

10) സിനിമാ തീയ്യറ്റർ സ്ഥാപിക്കുക.

11) കാഗിമനപ്പടി ഖാദി സെന്ററിൽ ഒരു പോളിംഗ് സ്റ്റേഷൻ ആരംഭിക്കുക. ❒

## സഹകരണ മേഖല

സഹകരണ പ്രസ്ഥാനം വ്യാപകമായി വളർച്ച പ്രാപിക്കുന്നതിനുമുമ്പേ ഈ പഞ്ചായത്തിലെ കർഷകരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാൻ ഒരു വിവിധോദ്ദേശ സഹകരണസംഘം 1930 ൽ ആരംഭിച്ചു. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 1950 കളുടെ അവസാനത്തോടെ ഭരണവൈകല്യം മൂലം ഈ സ്ഥാപനം തകർച്ചയെ നേരിട്ടു. തുടർന്ന് 27-12-1960 ൽ മണീട് സർവ്വീസ് സഹകരണ ബാങ്ക് (E No 59) ഇവിടെ സ്ഥാപിതമായി. തുടക്കത്തിൽ ഒരു മുരടിപ്പിനെ നേരിട്ടിരുന്നുവെങ്കിലും ഇപ്പോൾ മൂന്ന് കോടി രൂപയോളം നിക്ഷേപമായി സ്വരൂപിക്കുവാനും അത്രയും തന്നെ തുക വായ്പയായി നൽകുവാനും കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ ഹ്രസ്വകാല വായ്പകൾ, ദീർഘകാല വായ്പകൾ, വാഹന വായ്പ, ക്യാഷ് ക്രെഡിറ്റ്, ബിസിനസ്സ് ഓവർ ഡ്രാഫ്റ്റുകളും ഇതര വായ്പകളായ IRDP വായ്പ, സ്വയം തൊഴിൽ വായ്പ, വിവിധ ഡിപ്പാർട്ടുമെന്റു പദ്ധതി പ്രകാരമുള്ള വായ്പകൾ, ഭവന നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പകൾ മുതലായവ നൽകിവരുന്നു. 1995-96 ൽ എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ IRDP വായ്പ നൽകിയ ബാങ്കുകളിൽ ഒന്നാണ് മണീട് സർവ്വീസ് സഹകരണ ബാങ്ക്. ഇപ്പോൾ 5200 ഓളം അംഗങ്ങൾ ഉള്ള ഈ സ്ഥാപനം വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിക്കേണ്ടിയിരിക്കുന്നു. ഏഴയ്ക്കരനാട്ടിൽ ഒരു വളം സബ് ഡിപ്പോ സ്വന്തമായ കെട്ടിടത്തിൽ ഉണ്ടെങ്കിലും ബ്രാഞ്ച് തുടങ്ങുവാനുള്ള അനുമതി ലഭിച്ചിട്ടില്ല.

ഈ പഞ്ചായത്തിൽ ഇതുകൂടാതെ ഏഴയ്ക്കരനാട്, മണീട് എന്നിവിടങ്ങളിൽ ക്ഷീര അപ്ക്കോസ് സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സംഘങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം

ഇവയുടെ പ്രവർത്തനം ഏറെ സഹായകരമാണ്.

എറണാകുളം ജില്ലയിൽ ആദ്യമായി രജിസ്റ്റർ ചെയ്ത ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി ഈ പഞ്ചായത്തിൽ ആണെങ്കിലും പ്രവർത്തന ക്ഷമത ഇല്ലാത്തതിനാൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. വെട്ടിത്തറ കേന്ദ്രമായി ഒരു വനിത വ്യവസായ സഹകരണ സംഘം, നെച്ചൂർ കേന്ദ്രമായി ഹരിജൻ കരകൗശല സഹകരണ സംഘം, പാമ്പാക്കുട ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ രണ്ട് നൂൽ ഉൽപ്പന്ന കേന്ദ്രങ്ങൾ മുതലായ പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. No. E 59 സഹകരണ ബാങ്കിന് ഏഴയ്ക്കരനാട്, കാരൂർ, പാമ്പ്ര ബ്രാഞ്ചുകളുടെ കുറവ്.
2. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം, സംസ്ക്കരണം എന്നിവയുടെ അഭാവം.
3. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ഇല്ലായ്ക.
4. ഖാദി സംഘങ്ങളുടെ പോരായ്മകൾ.
5. വനിതാ സഹകരണ സംഘങ്ങളുടേയും ഹരിജൻ സഹകരണ സംഘങ്ങളുടേയും ഇല്ലായ്ക.

*സാദ്ധ്യതകൾ*

1. കാരൂർ, പാമ്പ്ര, ഏഴയ്ക്കരനാട് എന്നീ പ്രദേശങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങുകയാണെങ്കിൽ എല്ലാ കർഷകർക്കും പ്രയോജനം ലഭിക്കുകയും അതുവഴി സഹകരണ ബാങ്കിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മാർക്കറ്റിംഗ് സഹകരണ സംഘം സ്ഥാപിച്ചാൽ റബ്ബർ, നാളികേരം, മലഞ്ചരക്ക്, പച്ചക്കറി എന്നിവ ആദായകരമായി വിപണനം ചെയ്യുവാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ ഒഴിവാക്കുവാനും കഴിയും.
3. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉള്ള ഈ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ സാദ്ധ്യതകൾ ഏറെയുണ്ട്.
4. ലിക്വിഡേറ്റ് ചെയ്ത ഖാദി സൊസൈറ്റി (E. I) പുനഃരുദ്ധീകരിക്കുകയും അതിന്റെ കീഴിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്താൽ തൊഴിൽ രഹിതരയാ യുവജനങ്ങളുടെ എണ്ണം കുറയ്ക്കുവാനും കഴിയും.
5. പുതിയ ആപ്ക്കോസ് സംഘങ്ങൾ പാമ്പ്ര, കാരൂർ, വെട്ടിത്തറ തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിക്കുക. ❒

## വിഭവസമാഹരണം

എറണാകുളം ജില്ലയിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മണീട് പഞ്ചായത്ത്. ഇപ്പോഴും രണ്ടാം ഗ്രേഡ് പഞ്ചായത്തായി പ്രവർത്തിച്ചുവരുന്നു. വ്യാപാരപരമോ വ്യാവസായികപരമോ ആയ ഉന്നമനങ്ങൾ ഒന്നും ഇവിയെ ഉണ്ടായിട്ടില്ല. ഏഴയ്ക്കരനാട്, മണീട് എന്നീ മാർക്കറ്റുകളിൽനിന്നും ലേലം ചെയ്തു കിട്ടിയിട്ടുള്ള തുക 925 രൂപ മാത്രമാണെന്നത് ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയുടെ സൂചനയാണ്. സമീപ പ്രദേശ പഞ്ചായത്തുകളിലൊക്കെ ടൗൺഷിപ്പുകൾ വളർന്നുവന്നുവെന്നത് ഈ പഞ്ചായത്തിന്റെ മുരടിപ്പിന് കാരണമായി. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ഇവിടെ അധിവസിക്കുന്നതിൽ ഭൂരിപക്ഷമെന്നതുകൊണ്ട് പഞ്ചായത്തിന്റെ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ താരതമ്യേന കുറവാണ്. മൂവാറ്റുപുഴയാറിന്റെ രണ്ടു കടവുകളിലെ മണൽ ലേലം ചെയ്തു കിട്ടുന്ന തുകയാണ് ഈ പഞ്ചായത്തിന്റെ

പ്രധാന വരുമാന മാർഗ്ഗം. ഗവൺമെന്റ് ഗ്രാന്റുകൾ ഒഴിച്ചുള്ള പഞ്ചായത്തിന്റെ തന്മാത്രവരുമാനം 22 ലക്ഷം രൂപയും ഗ്രാന്റിനത്തിൽ 4 ലക്ഷം രൂപയുമാണ് പഞ്ചായത്തിന്റെ പ്രതിവർഷ വരുമാനം. വെള്ളക്കരം, കറന്റുചാർജ്ജ്, ശമ്പളം എന്നിവയടക്കം 10 ലക്ഷം രൂപയോളം പ്രതിവർഷം ചെലവാക്കിക്കഴിഞ്ഞാൽ വികസന ആവശ്യത്തിനായി 19 ലക്ഷം രൂപ മാത്രമെ വിനിയോഗിക്കാൻ ആവുന്നുള്ളു. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഈ തുക തീരെ അപര്യാപ്തമാണ്.

പഞ്ചായത്തിൽ പ്രധാനമായും രണ്ടു ധനകാര്യ സ്ഥാപനങ്ങളേ പ്രവർത്തിക്കുന്നുള്ളു. ഫെഡറൽ ബാങ്കിന്റെ മണീടു ശാഖയും മണീട് സർവ്വീസ് സഹകരണ ബാങ്കുമാണ് അവ. ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് സഹകരണ ബാങ്കാണ്. മറ്റൊരു ബാങ്കായ ഫെഡറൽ ബാങ്ക് നാട്ടിലെ ജനങ്ങളിൽനിന്ന് നിക്ഷേപം പരമാവധി സ്വീകരിക്കുന്നുവെങ്കിലും വായ്പാ വിതരണ കാര്യത്തിലും പിന്നോക്കമാണ്. മൂന്ന് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ

1. ധനകാര്യ സ്ഥാപനങ്ങളുടെ (നാഷണലൈസ്ഡ്) കാർഷിക കാർഷികേതര വായ്പ ലഭിക്കുന്നതിന് താമസമുണ്ടാക്കുന്നു.
2. ഏക കോമേഷ്യൽ ബാങ്ക് വായ്പ കൊടുക്കുന്നതിന് വിമുഖത കാണിക്കുന്നു.
3. വിദേശ മലയാളികളുടെ എണ്ണം താരതമ്യേന ഈ പഞ്ചായത്തിൽ കുറവാണ്.
4. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനും മാർക്കറ്റുകളുടെ പുനഃരുദ്ധാരണത്തിനുമുള്ള പണത്തിന്റെ കുറവ്.
5. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാവുന്നില്ല.

### *സാധ്യതകൾ*

1. നികുതി പിരിവ് കാര്യക്ഷമമാക്കുക.
2. വലിയ കെട്ടിടങ്ങൾക്ക് ആഡംബര നികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക.
3. വഴിവിളക്കുകൾക്ക് ഈടാക്കുന്ന അമിത ചാർജ്ജിൽ കുറവു വരുത്തുക.
4. ഗവൺമെന്റിൽനിന്നും പലിശയില്ലാ വായ്പകൾ നൽകി മാർക്കറ്റുകൾ പണിയുന്നതിനുള്ള സഹായം നൽകുക.
5. വികസന പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. വികസന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹായം ഉറപ്പുവരു

**വരവ് സംബന്ധിക്കുന്ന വിവരങ്ങൾ**

| | ഇനം | ധനാഭ്യർത്ഥന | രൂപ പിരിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | കെട്ടിട നികുതി | 1,27,810 | 1,27,810 | |
| 2. | തൊഴിൽ നികുതി | 69,135 | 69,135 | |
| 3. | ചന്ത വരവ് | 925 | 925 | |
| 4. | ലൈസൻസ് ഫീഡ് | 1,487 | 1,487 | |
| 5. | വസ്തുകൈമാറ്റ നികുതി | 63,921 | 63,921 | |
| 6. | സർക്കാർ ഗ്രാന്റ് ഒഴിച്ചുള്ള വരവ് | 22,17,890 | 22,17,890 | |
| 7. | ഡിപ്പോസിറ്റ് | 62,520 | 62,520 | |
| 5. | മറ്റ് ഗ്രാന്റുകൾ | 7,18,419 | 7,18,419 | |
| | ആകെ | 32,62,007 | | |


ത്തുക.

ജില്ലാ സഹകരണ ബാങ്കിന്റെ പിറവം ശാഖ, കാനറാ ബാങ്കിന്റെ ആരക്കുന്നം, രാമമംഗലം ശാഖകൾ, ഭൂപണയ ബാങ്കിന്റെ മൂവാറ്റുപുഴ ശാഖ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കാർഷിക വായ്പകളും ഭവന നിർമ്മാണ വായ്പകളും മണീട് ഗ്രാമവാസികൾക്ക് പ്രയോജനപ്പെടുന്നുണ്ട്. ❒

| ചെലവ് | |
|---|---|
| ഭരണം | 3,55,476 |
| പൊതുമരാമത്ത് | 8,80,332 |
| വിദ്യാഭ്യാസം | 6,020 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 24,288 |
| മറ്റുള്ളവ | 2,93,342 |
| ആകെ | 9,60,091 |

## ഗ്രാമ പഞ്ചായത്ത് 'മണീട്' ജലവിഭവ ഭൂപടം

ജില്ല - എറണാകുളം
താലൂക്ക് - മൂവാറ്റുപുഴ
വില്ലേജ് - മണീട്



315

# സമഗ്ര ഗ്രാമ വികസനം

**സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം**

**ഗ്രാമ വികസനത്തിന് വിഭവം ആവശ്യം**

**വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല**

ഗ്രാമ വികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

*വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക*

*പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക*

*അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക*

*ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക.*


ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.
ഇത് നിർബന്ധിതമാണ്.

PULARI OFFSET PRINTERS PH: 0484-779

396

പാമ്പാക്കുട
ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്



വികസന സെമിനാറിൽ
സമർപ്പിക്കുന്നതിനു വേണ്ടി
തയ്യാറാക്കിയത്

1996

**ഒമ്പതാം പദ്ധതി**
**ജനകീയ പദ്ധതി**

അധികാരം ജനങ്ങളിലേയ്ക്ക്

നാം നേടുന്നു
നമ്മൾ അറിയുന്നു
ഭരണവും
വികസനവും
ജനങ്ങളിലൂടെ.

ഗ്രാമ വികസനവുമായി ബന്ധപ്പെട്ട
29 വകുപ്പിലെ ചുമതലകൾ
പഞ്ചായത്തുകൾക്ക്


ഓരോ ഗ്രാമപഞ്ചായത്തിലും വാർഡുതോറും
മുഴുവൻ വോട്ടറന്മാരും
അംഗങ്ങളായുള്ള ഗ്രാമസഭകൾ

അഞ്ചുവർഷം കൂടുമ്പോൾ
നിർബന്ധമായും തെരഞ്ഞെടുപ്പ്

മൊത്തം സീറ്റുകളിൽ മൂന്നിലൊന്ന്
വനിതകൾക്ക്.

ജനസംഖ്യാനുപാതത്തിൽ
പട്ടികജാതി, പട്ടികവർഗ്ഗ
വിഭാഗങ്ങൾക്ക്
സംവരണം.

ആവശ്യങ്ങൾ ഉന്നയിക്കാൻ
സാധാരണ ജനങ്ങൾക്കും
അവസരം.



**ഭരണം**
**വികേന്ദ്രീകരിക്കുമ്പോഴേ**
**ജനാധിപത്യസ്വഭാവം**
**ഉണ്ടാകുകയുള്ളൂ**

# പൊതുവിവരം

## ഭരണം - ചരിത്രം - വർത്തമാനം

പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ
നമ്പർ - 13446/52/EHLS
തീയതി - 10-1-1953.
മൊത്തം വാർഡ് - 6

*പ്രഥമ കമ്മറ്റി അംഗങ്ങളുടെ പേര് :*

എം.പി. ശങ്കരൻ നായർ,
കെ.കെ.പീലിപ്പോസ്
കെ.പി. പൗലോസ്
സി.ജി. ശങ്കരൻ
വി.എൻ. പരമേശ്വരൻ നായർ
റവ. ഫാദർ എബ്രാഹം കോനാട്ട്

*മുൻകാല പ്രസിഡണ്ടുമാർ:*

റവ. ഫാദർ എബ്രാഹം കോനാട്ട് മല്പാൻ
ശ്രീ. ജോസഫ് ജോൺ
ശ്രീ.എം.പി.ജേക്കബ്
ശ്രീ.കെ.യു.ചാക്കോ

പുതിയ ഭരണസമിതി 1995 സെപ്തംബർ മാസം 30-ാം തീയതി **ശ്രീ. ഓണക്കൂർ രാധാകൃഷ്ണൻ** പ്രസിഡന്റായി നിലവിൽ വന്നു.

*ജീവനക്കാർ*

ശ്രീ. പി.ജെ.ആന്റണി (സെക്രട്ടറി)
ശ്രീ. ഇ.എൻ. സുകുമാരൻ (യു.ഡി.ക്ലാർക്ക്)
ശ്രീ.കെ.എൻ.വിജയൻ (എൽ.ഡി. ക്ലാർക്ക്)
ശ്രീ. എ.വി. ദേവൻ (പ്യൂൺ)
ശ്രീ.എം.കെ. അയ്യപ്പൻ (പാർട്ടൈം സ്വീപ്പർ)
ശ്രീമതി. ടി.ഡി. സരോജിനി (ഹെഡ് ക്ലാർക്ക്)
ശ്രീമതി. എസ്.സരോജ (യു.ഡി. ക്ലാർക്ക്)
ശ്രീമതി.എം. ബീമ (എൽ.ഡി. ക്ലാർക്ക്)
ശ്രീ. കെ.എൻ. ഗോപാലകൃഷ്ണൻ ( പാർടൈം ലൈബ്രേറിയൻ)

*വികസന റിപ്പോർട്ടു തയ്യാറാക്കിയവർ :*

സർവ്വശ്രീ. പാറയിൽ ഗോപാലകൃഷ്ണൻ നായർ
എം.പി. ബാലകൃഷ്ണൻ നായർ
ഇ.കെ. യോഹന്നാൻ
എം.എ. പരമേശ്വരൻ നായർ
ആർ. രാമചന്ദ്രമേനോൻ
കെ.കെ. കുര്യാക്കോസ്

*ടൈപ്പ്സെറ്റിംഗ്*
ഓക്സ്ഫോർഡ് ഡിറ്റിപി സർവീസസ്സ്
*അച്ചടി*
കുറ്റിച്ചിറ, പിറവം പ്രിന്റ് പ്രോസസ്സ്

400

ടെലിഫോൺ : 273028

കോഡ് : 0485

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

പാമ്പാക്കുട – 686 667

## വികസന സെമിനാർ

സ്ഥലം :

തീയതി :

# വികസന റിപ്പോർട്ട്
## രൂപം കൊണ്ടതിന്റെ പിന്നിൽ

സ്പെഷ്യൽ ഗ്രാമസഭക്ക്
പഞ്ചായത്തു കമ്മറ്റി തീരുമാനമെടുത്ത തീയതി - 3-8-96
മൂവാറ്റുപുഴ വച്ച് D.R.P. മാരുടെ ഏകദിന സെമിനാർ പരിശീലനം നടന്നത് - 9,10,11 ആഗസ്റ്റ്, 96
ഗ്രാമസഭകൾ നടന്നത് - 13-9-96

| വാർഡ് | സ്ഥലം | തീയതി | ഹാജർ |
|---|---|---|---|
| 1 | ഓണക്കൂർ (S) U.P.S. | 28/9/96 | 62 |
| 2 | രാഗം, കക്കയം | 2/10/96 | 119 |
| 3 | ഓണക്കൂർ (N) U.P.S. | 29/9/96 | 66 |
| 4 | U.P.S.അഞ്ചൽപ്പെട്ടി | 28/9/96 | 106 |
| 5 | മോനാട്ട് മല്പാൻ ഹോൾ | 5/10/96 | 63 |
| 6 | G.H.S പാമ്പാക്കുട | 28/9/96 | 104 |
| 7 | G.H.S പാമ്പാക്കുട | 6/10/96 | 131 |
| 8 | M.T.M.H.S. | 2/10/96 | 221 |
| 9 | പിറമാടം (N) U.P.S. | 20/9/96 | 98 |

DRP, PRP ഗ്രൂപ്പുലീഡറന്മാർ എന്നിവരുടെ യോഗം - 6/11/96
ക്രോഡീകരണം - 8/11/96

*ഡേറ്റാ കളക്ഷനു വേണ്ടിയുള്ള കമ്മറ്റിയും വികസന റിപ്പോർട്ടും എഴുതിയുണ്ടാക്കാനുള്ള കമ്മറ്റിയും ഒന്നിലധികം ആഴ്ചകൾ നിരന്തരമായി പണിയെടുത്തു.*

DRPമാർ
PRP മാർ
ബ്ലോക്ക് പഞ്ചാ: പ്രസിഡണ്ട്
ബ്ലോക്ക് മെംബറന്മാർ
ജില്ലാ മെംബറന്മാർ
ഗ്രൂപ്പു ലീഡറന്മാർ ഉൾക്കൊള്ളുന്ന അനേകം കമ്മറ്റികൾ
വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
ഡോക്ടറന്മാർ
അദ്ധ്യാപകർ
പഞ്ചായത്തു ജീവനക്കാർ
സാമൂഹ്യപ്രവർത്തകർ
എന്നിങ്ങനെ നൂറുകണക്കിനാളുകൾ നൽകിയ
നിസ്സീമമായ സഹായങ്ങൾ
വിലതീരാത്തവയെത്രെ...............




ഓണക്കൂർ രാധാകൃഷ്ണൻ
പ്രസിഡന്റ്

# ഞങ്ങൾക്കു പറയാനുള്ളത്...

മാന്യരെ,
വികസന റിപ്പോർട്ടിന്റെ പടിക്കൽ നാം
എത്തിയിരിക്കുകയാണ്.
ഇനിയുമുണ്ട് ഒരുപാടു ദൂരം
9–ാം പദ്ധതിയുടെ ഉള്ളടക്കത്തിൽ
നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾക്കും
ഇടമായി – അതും, ജനപങ്കാളിത്തത്തിന്റെ
സമ്പൂർണ്ണ സാന്നിദ്ധ്യത്തിൽ
രൂപപ്പെട്ട പ്രശ്നങ്ങൾക്ക്.



ബേബി ജോസഫ്
വൈസ് പ്രസിഡന്റ്



ഇ.എ.പൈങ്കൻ
സ്റ്റാന്റിംഗ് കമ്മറ്റി

തുഴയാം, നമുക്ക് ഒത്തു തുഴയാം .......
ഇവിടെ നിതാന്ത ശ്രദ്ധ, അർപ്പണം, ത്യാഗം, സുതാര്യത
അർപ്പണബോധത്തോടെ പണിയെടുക്കാനുള്ള മനസ്സ്,
ഒടുങ്ങാത്ത രാജ്യ സ്നേഹം,
കത്തിജ്വലിക്കുന്ന പ്രതിബദ്ധത, എല്ലാം വേണം,
ഞങ്ങൾ അതിനെല്ലാം തയ്യാറാണെന്ന്–
വിനയപൂർവ്വം ഒരു ഉറപ്പ്.
ഞങ്ങളൊടൊപ്പം
നിങ്ങളുമുണ്ടാകണം –
ഉത്തിഷ്ഠത ... ജാഗ്രത .......



എബ്രഹാം ചാക്കോ
1-ാം വാർഡ്




സലോമി പൈലി
2-ാം വാർഡ്



തോമസ് തടത്തിൽ
5-ാം വാർഡ്



ചിന്നമ്മ മത്തായി
7-ാം വാർഡ്



തങ്കച്ചൻ കുര്യാക്കോസ്
8-ാം വാർഡ്

**ഉയരങ്ങളിൽ ദൈവത്തിന്റെ സ്വർഗ്ഗം !**
**മണ്ണിൽ വികസനത്തിന്റെ മാർഗ്ഗം!!**



സാറാക്കുട്ടി വർക്കി
9-ാം വാർഡ്

# ഉള്ളടക്കം

അദ്ധ്യായം 1

1. ആമുഖം
2. സാമൂഹിക - സാംസ്കാരിക - ചരിത്രപശ്ചാത്തലം
   പഴയതിന്റെ മുഖങ്ങൾ.
3. വസ്ത്രം - പാർപ്പിടം - ഗതാഗതം.
4. ഭൂപ്രകൃതിയും വിഭവങ്ങളും

അദ്ധ്യായം 2

**പ്രാഥമിക മേഖല**

5. കൃഷിയും ജലസേചനവും
   A. കൃഷി
   B. ജലസേചനം
6. മൃഗപരിപാലനം.
7. മത്സ്യബന്ധനം

**ദ്വിതീയ മേഖല**

8. വ്യവസായം.
9. ഊർജ്ജം - ഗതാഗതം.
10. ആരോഗ്യം
11. കുടിവെള്ളം
12. പരിസരശുചിത്വം
13. വിദ്യാഭ്യാസം
14. സംസ്കാരം
15. പട്ടികജാതി - പട്ടികവർഗ്ഗം
16. സ്ത്രീകളും സാമൂഹ്യ സാമ്പത്തിക പദവിയും
17. സാമൂഹ്യക്ഷേമം
18. വിഭവ സമാഹരണം

*പഞ്ചായത്ത് കമ്മറ്റി ചർച്ച*
*DRP, PRP മാരുടെ പരിശീലനം*
*ഏകദിന സെമിനാർ*
*ഗ്രാമസഭകൾ*
*ഗ്രാമസഭകൾ നൽകിയ വികസന നിർദ്ദേശങ്ങൾ*
*അവയുടെ ക്രോഡീകരണം*
*ഡേറ്റാ കളക്ഷൻസ്*
*റിപ്പോർട്ട് തയ്യാറാക്കൽ*
*കമ്മറ്റിയുടെ അംഗീകാരം*
*വിവിധ ഡിപ്പാർട്ടുമെന്റിന്റെയും*
*ഉദ്യോഗസ്ഥന്മാരുടേയും നിർദ്ദേശങ്ങൾ*
*അച്ചടി*
*എന്നിവക്കെല്ലാം കൂടി നൂറുകണക്കിന് മനുഷ്യ ദിനങ്ങൾ*
*വേണ്ടി വന്നു.*
*സഹായിച്ചവർക്കും സഹകരിച്ചവർക്കും*
*വിനയം നിറഞ്ഞ നന്ദി.*
*സ്നേഹം നിറഞ്ഞ നമസ്കാരം !!*

ഇ. കെ. നായനാർ
കേരള മുഖ്യമന്ത്രി

തിരുവനന്തപുരം

2-12-96

## ആശംസ

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വികസന സെമിനാറിന് ഞാൻ എല്ലാ വിജയവും ആശംസിക്കുന്നു. ഒമ്പതാം പദ്ധതി മുൻനിറുത്തിയാണല്ലോ സെമിനാർ നടക്കുന്നത്. വികേന്ദ്രീകൃതവും ജനകീയവുമായ ആസൂത്രണം എന്ന നൂതന സങ്കല്പത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ ഇത്തരം സെമിനാറുകൾ സഹായിക്കും.


എന്റെ ആശംസകൾ.


(ഒപ്പ്)
മുഖ്യമന്ത്രി.


ശ്രീ. ബേബി ജോസഫ്,
വൈസ് പ്രസിഡന്റ്,
പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്,
പി.ഒ. പാമ്പാക്കുട,
എറണാകുളം - 686 667.


# പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

## റോഡുകൾ




പാമ്പാക്കുട പഞ്ചായത്ത്
ഭൂപടം
വാർഡുകളും പ്രധാന സ്ഥലങ്ങളും
N
S
8
9
7
6
4
3
1
2
UPS
M.T.M. H.S
U.P.S
പിറമാടം
പാമ്പാക്കുട
SNAP
NES
ICDP
GUPS
പിറവം പഞ്ചായത്ത്


N
S
പാമ്പാക്കുട പഞ്ചായത്ത്
കാർഷിക ഭൂപടം
നെല്ല്.
തെങ്ങ്
റബ്ബർ
വെള്ളക്കെട്ട്ചാൽ



# ആമുഖം

പാമ്പാക്കുട-
കൃഷിക്കാരുടെ സംഗമഭൂമിയായ ഒരു കൊച്ചു
ഗ്രാമപഞ്ചായത്ത്.
ഇവിടെ രണ്ടു വില്ലേജുകൾ കണ്ണികോർക്കുന്നു-
ഓണക്കൂറും, മേമ്മുറിയും.
പ്രതീക്ഷയുടെ മന്ത്രം ഉരുവിടുന്ന മനസ്സ്
വികസനത്തിന്റെ മെതിയടി ഒച്ചകൾക്കു വേണ്ടി
തുറന്നിട്ട ശ്രവണങ്ങൾ.....
കാലം ഉരുളുന്നു.
എന്തൊക്കെയോ നേടി. പക്ഷെ ഒന്നുമായിട്ടില്ല.
ഇപ്പോഴിതാ 9-ാം പദ്ധതിയുടെ പടിപ്പുര ചവിട്ടിക്കേറാൻ
കാലുയുർത്തി നില്കുകയാണ് ഈ ഗ്രാമം.
ഒഴിവാക്കാൻ വയ്യാത്ത ജീവിതാവശ്യങ്ങൾ എഴുതിവച്ച
കടലാസുചീന്തുകളാണ് കൈനിറയെ.
പ്രശ്നപരിഹാരങ്ങൾ കോറിയിട്ട താളിയോലകൾ.
ഒരു പ്രത്യേകത.
എല്ലാം സ്വന്തമാത്മാവിൽ നിന്നും ഉയിർക്കൊണ്ടതാണ്
ഇവിടത്തെ സാധാരണക്കാരുടെ ചൂരും ചൂടുമാർന്നവ.
മേൽത്തട്ടിൽ നിന്നുമുള്ള രൂപകല്പനകൾക്കെല്ലാം വി
അധികാരം ജനങ്ങളിലേക്ക് !
ആവശ്യങ്ങൾ അടിത്തട്ടിൽ നിന്ന് !!

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ഓണക്കൂർ, മേമ്മുറി വില്ലേജിലെ മേമ്മുറിക്കര |
| ബ്ലോക്കു പഞ്ചായത്ത് | : | പാമ്പാക്കുട |
| താലൂക്ക് | : | മൂവാറ്റുപുഴ |
| അസംബ്ലി മണ്ഡലം | : | പിറവം |
| വിസ്തീർണ്ണം | : | 30.09 ച.കി.മീ. |

അതിരുകൾ

| | | |
|---|---|---|
| പടിഞ്ഞാറ് | – | രാമമംഗലം, പിറവം പഞ്ചായത്തുകൾ |
| കിഴക്ക് | – | തിരുമാറാടി പഞ്ചായത്ത് |
| തെക്ക് | – | പിറവം, ഇലഞ്ഞി പഞ്ചായത്തുകൾ |
| വടക്ക് | – | മാറാടി പഞ്ചാ. |

| | | |
|---|---|---|
| ആസ്ഥാനം | : | 6–ാം വാർഡിലുള്ള പാമ്പാക്കുട ടൗൺ |
| ജനസംഖ്യ | : | 16811 (1991 ലെ കാനേഷുമാരി പ്രകാരം) |
| വാർഡുകൾ | : | 9 |
| പ്രസിഡന്റ് | : | ശ്രീ. ഓണക്കൂർ രാധാകൃഷ്ണൻ |
| വൈ. പ്രസിഡന്റ് | : | ശ്രീ. ബേബി ജോസഫ് |
| മെംമ്പേഴ്സ് | : | |

ശ്രീ. എബ്രാഹം ചാക്കോ , ശ്രീമതി. ശലോമി പൈലി,
ശ്രീ. തോമസ് തടത്തിൽ, ശ്രീ. ഇ.എ. പൈങ്കൻ (സ്റ്റാ. ക. ചെയർമാൻ), ശ്രീമതി. ചിന്നമ്മ മത്തായി,
ശ്രീ. തങ്കച്ചൻ കുര്യാക്കോസ്, ശ്രീമതി. സാറാക്കുട്ടി വർക്കി

ബ്ലോക്കു മെമ്പേഴ്സ് :
ശ്രീമതി ഏലിയാമ്മ ഫിലിപ്പ്, ശ്രീ. ജോസഫ് ജോൺ

ജില്ലാ മെമ്പേഴ്സ്.
ശ്രീമതി മോളി വർഗ്ഗീസ്, പി.പി. സുധാദേവി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്:
അനിൽ ചെറിയാൻ

# സാമൂഹിക – സാംസ്കാരിക ചരിത്രപശ്ചാത്തലം

## പഴയതിന്റെ മുഖങ്ങൾ

### 1. സ്ഥലനാമം

ദേശങ്ങൾക്കു പേരുണ്ടാകുന്നതിനു പിന്നിൽ പല കഥകളുമുണ്ട്. പക്ഷെ ഇന്ന് അവ പല ഐതിഹ്യത്തിന്റെയും ചരിത്രത്തിന്റെയുമൊക്കെ മൂടൽ മഞ്ഞിൽ രൂപം നഷ്ടപ്പെട്ടിരിക്കുന്നു. അവയെല്ലാം തെളിച്ചെടുക്കുക വളരെ ശ്രമകരമാണ്. യുക്തിയുടെ താമര നൂലുകൾ ഏതുനിമിഷവും പൊട്ടിവീഴാം. സഞ്ചയിക്കാൻ കഴിഞ്ഞ ഏതാനും ചരിത്രകഥകൾ ഇവിടെ രേഖപ്പെടുത്തട്ടെ – സ്ഥലനാമ പുരാണങ്ങൾ.

ഈ പ്രദേശം ഒരിക്കൽ പെരുമാക്കന്മാരുടെ ഭരണത്തിലായിരുന്നു. ഒടുവിലത്തെ പെരുമാളായ ചേരമാൻ പെരുമാൾ ബ്രാഹ്മണർക്കും നാട്ടുപ്രമാണിമാർക്കും തന്റെ നാട് വിട്ടുകൊടുത്തിട്ട് ഇവിടത്തെ ഭരണം അവസാനിപ്പിച്ചു. ഇസ്ലാമതം സ്വീകരിച്ച് അദ്ദേഹം മെക്കയിലേക്ക് പോയി. കാർഷിക ആവശ്യത്തിന് ഏതോ പെരുമാൾ വെട്ടിച്ചുകൊടുത്തതാണ് ഈ പഞ്ചായത്തിലുള്ള വിശാലമായ പെരുമാൾചിറ – പെരുമാൾചിറ കാലപ്പഴക്കത്തിൽ പെരുമാഞ്ചിറയുമായി.

കളരി വിദ്യാഭ്യാസത്തിന് അക്കാലത്ത് വളരെ പ്രാധാന്യമുണ്ടായിരുന്നു.

പെരുമാക്കന്മാരുടെ ഭരണശേഷം കോട്ടയിൽ കർത്താക്കന്മാരുടെ നിയന്ത്രണത്തിലായി ഈ നാട്. അവരുടെ അറയ്ക്കുള്ളിൽ ഒരു വലിയ നിധി കുംഭം സൂക്ഷിച്ചുവച്ചിരുന്നു. അതിനു കാവൽ നിന്നത് വിഷം ചീറ്റുന്ന പാമ്പുകളായിരുന്നു. ബ്രാഹ്മണരും ബന്ധുജനങ്ങളും ഉൾപ്പടെ അനേകം ആളുകളെ ആണ്ടിലൊരിക്കൽ ക്ഷണിച്ചുവരുത്തി സദ്യയും ദാനധർമ്മങ്ങളും നൽകുന്ന പതിവ് ഈ കർത്താക്കന്മാർക്കുണ്ടായിരുന്നു. ആ കൂട്ടത്തിൽ ചുറ്റും പത്തിവിടർത്തി നില്ക്കുന്ന പാമ്പുകളേയും കുടത്തേയും അതിഥികൾക്ക് കാട്ടിക്കൊടുത്തിരുന്നു. നാടുവാഴികളുടെ പ്രതാപൈശ്വര്യങ്ങൾ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തികൊടുത്തതാവാം ഇതിന്റെ പിന്നിലുള്ള താല്പര്യം. ഏതായാലും ഈ നാടിനെ നിധി കുംഭം കണ്ടവരെല്ലാം പാമ്പുംകുടമെന്ന് പേരുചെല്ലി വിളിക്കാൻ തുടങ്ങി – പാമ്പുംകുടം പിന്നീട് ഉച്ചരണഭേദങ്ങളിലൂടെ പാമ്പാക്കുടയായി മാറിയത്രെ.

ചിത്രലിപിയിൽ ഈ പ്രദേശത്തിന്റെ നാമം എഴുതിക്കാണിച്ചിരുന്നത് പാമ്പിന്റെയും കുടയുടെയും പടം വരച്ചാണ്. ഈ നാടിന് പാമ്പാക്കുട എന്നു പേരുണ്ടായതിന് ഇതും ഒരു കാരണമായി ഇവിടുള്ളവർ കരുതുന്നു.

പാമ്പാക്കുടയെ നാഗഛത്രമെന്നു സംസ്കൃതീകരിച്ചു കൊണ്ടുള്ള പ്രയോഗങ്ങൾ നിലനിൽക്കുന്നതിനാലും മേൽ ഐതിഹ്യം യുക്തിസഹമായി കരുതാം.

ശ്രീകൃഷ്ണൻ കുട്ടിയായിരുന്നപ്പോൾ മഴനനയാതെ അനന്തൻ തന്റെ ഫണങ്ങൾ വിടർത്തി കുടചൂടിച്ചതായ സംഭവം പുരാണ പ്രസിദ്ധമാണല്ലോ. ആ സംഭവം നടന്നത് ഈ പ്രദേശത്ത് വച്ചായതുകൊണ്ടാണ് പാമ്പാക്കുട എന്ന പേർ ലഭിച്ചതെന്നും വിശ്വസിക്കുന്നവർ ധാരാളമാണ്.

### ചരിത്രവഴികൾ- സാംസ്കാരിക ചിത്രങ്ങൾ - സാമൂഹ്യ സ്ഥിതികൾ.

പോയകാലത്തിന്റെ വായാതനങ്ങൾ തുറക്കട്ടെ. വളരെയധികം പുറകോട്ടു പോകുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നോളം വരെ.

ദേശീയതലത്തിൽ ഈ നൂറ്റാണ്ട് സംഭവബഹുലമാണ്. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച - ഇൻഡ്യയുടെ

സ്വാതന്ത്ര്യലബ്ധി - മഹാത്മാഗാന്ധി എന്ന യുഗ പുരുഷന്റെ അവതാരം. 600-ൽ അധികം നാട്ടുരാജ്യങ്ങൾ ഒത്തു ചേർന്ന് ഇന്ത്യൻ യൂണിയൻ നിലവിൽ വന്നത്, അഭയാർത്ഥീ പ്രവാഹം, ഇന്ത്യ - പാക് യുദ്ധം, ഇന്ത്യ - ചൈന യുദ്ധം, സോഷ്യലിസ്റ്റ് ആദർശങ്ങൾക്കുണ്ടായ പ്രചാരം, രാഷ്ട്രശില്പി നെഹ്യവിന്റെ നേതൃത്വം, ഭരണരംഗത്ത് നെഹ്യകുടുംബത്തിന്റെ കുത്തകയ്ക്കേറ്റ പ്രഹരം,കോൺഗ്രസസ്സേതര പാർട്ടികൾ ഇന്ത്യയിൽ അധികാരത്തിൽ വന്നത്. ടാഗോർ, സത്യജിത് റേ തുടങ്ങിയ വിശ്വകലാകാരന്മാരുടെ പ്രതിഭാവിലാസം അങ്ങിനെ പലതും പലതും.

സംസ്ഥാനതലത്തിലുമുണ്ടായി ഒട്ടേറെ സംഭവങ്ങളും പ്രവർത്തനങ്ങളും. സ്റ്റേറ്റു കോൺഗ്രസ്സിന്റെ രൂപം കൊള്ളൽ മലയാളി മെമ്മോറിയൽ നിവർത്തനപ്രക്ഷോഭം, കമ്മ്യൂണിസ്റ്റാശയങ്ങളുടെ പ്രചാരം, ഐക്യകേരള രൂപീ കരണം ശ്രീനാരായണഗുരുദേവന്റെ സാമുദായിക പരിഷ്ക്കരണം, അയ്യങ്കാളിയുടെ ഹരിജനോദ്ധാരണ പ്രവർത്ത നങ്ങൾ, ക്ഷേത്രപ്രവേശന വിളംബരം, E.M.S. ന്റെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, കാർഷിക നിയമങ്ങൾ പരി ഷ്ക്കരിച്ചത്, വിദ്യാഭ്യാസ ബില്ല് അങ്ങനെ പലതും പലതും.

സാംസ്ക്കാരിക രംഗത്തും ആശാവഹമായ മാറ്റങ്ങൾ ഉണ്ടായി. പലതരം അക്കാദമികളുടെ രൂപീകരണവും ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനവും ഉദാഹരണമത്രേ.

പാമ്പാക്കുട അന്നും ഇന്നും ശാലീനയാണ് സ്വച്ഛന്ദയാണ്. ചുറ്റുപാടുമുള്ള നവോത്ഥാന പ്രവണതകളെ ആഴത്തിൽ ഉൾക്കൊള്ളുവാൻ കഴിയാത്ത ഒരു നാണം കുണുങ്ങി. വിധിയിൽ വിശ്വസിച്ചും കിട്ടുന്നതിൽ തൃപ്തി പ്പെട്ടുമുള്ള ഒരു തരം കീഴടങ്ങൽ ജീവിതമെന്ന് ഇതിനെ വിളിക്കാം. എന്നിരുന്നാലും മാറ്റത്തിന്റെ സംഘടിത പ്രവർത്ത നങ്ങൾ ഇവിടെ ഒട്ടും തന്നെ നടന്നിട്ടില്ലെന്ന് പറയാനാവില്ല.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജന്മികളുടേയും, ഇടപ്രഭുക്കന്മാരുടേയും കൈവശമായിരുന്നു കൃഷിഭൂമി യുടെ സിംഹഭാഗവും. തന്മൂലം ഇവിടത്തെ സാധാരണക്കാർ അവർക്കു വേണ്ടി പണിചെയ്യുന്നവരായിരുന്നു. കടവും, കഷ്ടപ്പാടും, ദാരിദ്ര്യവും നിസ്സഹായതയുമെല്ലാം അക്കൂട്ടർക്ക് സർവ്വസാധാരണമായിരുന്നു. കാർഷിക പരിഷ്ക്കര ണങ്ങൾ നടപ്പിലായതോടെയാണ് ജന്മികുടിയാൻ ബന്ധങ്ങൾക്കും പാട്ടസമ്പ്രദായങ്ങൾക്കുമെല്ലാം മാറ്റം വന്നത്.

കേരള കർഷക സംഘത്തിന്റെ ഇവിടുത്തെപ്രവർത്തനം മിച്ചഭൂമി പതിപ്പിച്ച് ഭൂരഹിതർക്ക് നൽകാനും, പാട്ടവ്യവസ്ഥകൾ അവസാനിപ്പിച്ച് യഥാർത്ഥ കർഷകന് കൃഷിഭൂമിലഭ്യമാക്കാനും കുടികിടപ്പവകാശം സ്ഥാപിച്ചെ ടുക്കാനും ഒട്ടേറെ സഹായിച്ചിട്ടുണ്ട്. പ്രക്ഷോഭപണവും കൃഷിഭൂമിയിൽ കയ്യേറിയും സത്യഗ്രഹ സമരപരിപാടി കൾ നടത്തിയും കൃഷിക്കാരുടെ സംഘടിത പ്രവർത്തനത്തെ ഇവിടെ ആ സംഘം സജീവമാക്കി. നിയമങ്ങൾ നട പ്പിലാക്കിക്കിട്ടാൻ സംഘടിത ശ്രമങ്ങൾ ആവശ്യമാണെന്നുള്ളതിന്റെ ഒരു തെളിവ്.

കഴിഞ്ഞ നാലു പതിറ്റാണ്ടുകൾക്കിടയിലാണ് വിദ്യാഭ്യാസ പുരോഗതിയുടെ ചരിത്രം തുടങ്ങുന്നത്. പള്ളി ക്കൂടങ്ങളുടെ എണ്ണം വർദ്ധിച്ചു. വിദ്യാഭ്യാസം സാർവ്വത്രീകമായി സ്വീകരിക്കപ്പെട്ടു. ഗ്രന്ഥശാലകൾ രൂപം കൊണ്ടു. പലയിടത്തും ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിച്ചു തുടങ്ങി. ഗ്രാമി, സ്വാതി എന്നീ രണ്ടു ഫൈൻ ആർട്സ് സൊസൈറ്റികൾ കലാവിരുന്നുകളുടെ തണ്ണീർ പന്തലുകൾ തീർത്തുതുടങ്ങിയത് ഈ അടുത്തകാലം തൊട്ടാണ്.

ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം രാജഭരണകാലമായിരുന്നല്ലൊ. കരപ്രമാണിമാർ, മാടമ്പികൾ, നാട്ടുമദ്ധ്യ സ്ഥന്മാർ എന്നിവരുടെ നിയന്ത്രണത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും വിധേയമായിട്ടാണ് ഗ്രമഭരണം നടന്നിരുന്നത്. ജനായത്തഭരണം വന്നപ്പോൾ മാടമ്പികൾക്കും മറ്റു ധനികവർഗ്ഗത്തിനും പ്രാധാന്യം കുറഞ്ഞെങ്കിലും തെരഞ്ഞെടു പ്പുകളിൽ പണമിറക്കി ജയിച്ചുവരാനും ഭരണകർത്താക്കളാകാനും അവരിൽ ധാരാളം പേർക്കും സാധിച്ചിട്ടുണ്ട്. തന്മൂലം അക്കൂട്ടരുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് ഭരണകൂടത്തെ ഉപയോഗപ്പെടുത്തിയിരുന്ന പഴയപ്രവണതയ്ക്ക് അറുതി വന്നിട്ടില്ല.

ഒരു ചെറിയ ഉദാഹരണം

ഉഴവൂർതോട് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ഒരു ജലസ്രോതസ്സാണ്. ഇതിൽ വേനൽക്കാലത്ത് വെള്ളം കെട്ടി നിൽക്കണമെങ്കിൽ ഊരനാട്ടുചിറ ചീപ്പിട്ടു മുറുക്കണം

ഇവിടെ പതിറ്റാണ്ടുകളായി വേനക്ക് ചിറ അടച്ചിടുന്നതിനു പകരം തുറന്നിടുന്ന സമ്പ്രദായമാണ് ഭരണാ ധികാരികൾ സ്വീകരിച്ചത്. പത്ത് ഏക്കറിൽ താഴെ വിസ്തീർണ്ണമുള്ള പുഞ്ചനിലത്ത് ആ കാലയളവിൽ കൃഷിയിറ ക്കാനുള്ള ധനിക വർഗ്ഗത്തിന്റെ താൽവപര്യം സംരക്ഷിക്കാനാണ് അധികാരികൾ അങ്ങനെ ചെയ്തത്. നൂറുകണ ക്കിനാളുകൾക്കു കുളിക്കാനും, തോട്ടുതീരത്തുള്ള അസംഖ്യം കിണറുകളിൽ കുടിവെള്ളം വറ്റാതിരിക്കാനും അതു വഴി നാടിന്റെ മൊത്തം വരൾച്ച തടയാനും സഹായിക്കുന്ന പൊതുതാൽപര്യത്തെ പാടേ അവഗണിച്ചു കളഞ്ഞു. കർഷകരുടേയും തദ്ദേശവാസികളായ സാധാരണക്കാരുടേയും ഏകോപിച്ചുള്ള ബഹുജനപ്രക്ഷോഭങ്ങൾ ഉയർന്ന് പ്രചണ്ഡമായെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല. ഒടുവിൽ നിയമയുദ്ധം വഴിയാണ് അധികാരി വർഗ്ഗത്തേ

ക്കൊണ്ട് ചിറ 12 മാസവും അടച്ചിടാൻ കഴിഞ്ഞത്. ഈ കേസുമായി മുന്നോട്ടുപോയ ശ്രീ. ചെറുവത്തൂർ.സി.ആർ. ദാമോദരൻ നായരെ ഇത്തരുണത്തിൽ ഗ്രാമം നന്ദിയോടെ സ്മരിക്കുന്നു.

ധനികവർഗ്ഗ താൽപര്യങ്ങൾ മാത്രം ചിന്തിക്കാതെ പ്രവർത്തിച്ച ഏതാനും മഹത് വ്യക്തികളെക്കൂടി ഇവിടെ അനുസ്മരിക്കട്ടെ.

ഈ പഞ്ചായത്തിന്റെ പ്രഥമപ്രസിഡണ്ടായിരുന്ന ദിവ്യ ശ്രീ. കോനാട്ടു എബ്രാഹാം മല്പാനാണ് അതിലൊരാൾ.

പബ്ലിക്ക് മാർക്കറ്റിനും, പഞ്ചായത്തു കെട്ടിടം സ്ഥാപിക്കുന്നതിനുമുള്ള സ്ഥലങ്ങൾ നൽകി, MTM ഹൈസ്ക്കൂൾ, സർവീസ് സഹകരണബാങ്ക് പോസ്റ്റാഫീസ് മുതലായവ സ്ഥാപിക്കുന്നതിനു നേതൃത്വമരുളി പാമ്പാക്കുടയിലും അഞ്ചൽപെട്ടിയിലുമുള്ള ലൈബ്രറികെട്ടിടങ്ങൾ പഞ്ചായത്തിനെക്കൊണ്ട് പണിയിപ്പിച്ചുകൊടുത്തു.

മംഗലത്ത് ശ്രീ. എം. വി. ചെറിയാൻ EX. MLA. പാമ്പാക്കുടക്കാരനായ ഏക M.L.A ആയിരുന്നു. അദ്ധ്യാപകനെന്ന നിലയിൽ നൂറുകണക്കിനാളുടെ കണ്ണുതെളിയിച്ചുകൊടുത്തതല്ല അദ്ദേഹത്തിന്റെ മുഖ്യമായ മഹത്വം പാമ്പാക്കുട എന്ന പേരിൽ ഒരു വികസന ബ്ലോക്ക് അനുവദിപ്പിച്ചു. കേരളത്തിന്റെ വികസന മാപ്പിൽ പാമ്പാക്കുടയുടെ പേരുതുന്നിവച്ചതുവഴി ഈ നാടിനുണ്ടായ പ്രയോജനവും പ്രശസ്തിയും ചില്ലറയല്ല. ഇവിടത്തെ പ്രൈമറി ഹെൽത്ത് സെന്റർ അദ്ദേഹത്തിന്റെ ശ്രമഫലമായിരുന്നു. ആവശ്യമായ സ്ഥലവും ആ സ്ഥാപനത്തിന് അദ്ദേഹം സംഭാവന ചെയ്തു.

പാമ്പാക്കുട പബ്ലിക്ക് ലൈബ്രറി സർവ്വീസ് സഹകരണ ബാങ്ക് മുതലായവയ്ക്കുടെ ത്യാഗമനുഷ്ഠിച്ചു പ്രവർത്തിച്ചിട്ടുള്ള നാടിന്റെ മറ്റൊരു പ്രിയപുത്രനാണ് അദ്ധ്യാപകനും സഹൃദയനുമായ ശ്രീ. M.C. തൊമ്മൻ മേലേത്ത്.

സ്വാതന്ത്ര്യ സമ്പാദനത്തിന്റെ ആക്കം കൂട്ടുന്നതിന് കോൺഗ്രസ്സ് വളന്റിയറന്മാരെ സംഘടിപ്പിക്കുകയും അവർക്കുവേണ്ട ഖദർ തൊപ്പിയും ഉടുവസ്ത്രവും സ്വന്തം പോക്കറ്റിൽ നിന്നും പണമെടുത്തുവാങ്ങികൊടുക്കുകയും മഹാത്മഗാന്ധി കി ജയ് വിളിച്ച് ഇവിടത്തെ തെരുവീഥികളിലൂടെ പദയാത്ര സംഘടിപ്പിക്കുകയും ചെയ്ത ഇടത്തൊട്ടിയിൽ ഇത്താക്കു വൈദ്യൻ മറ്റൊരു സ്മരണീയനത്രെ.

നാടകവും സിനിമയും സർവ്വസാധാരണമായ ഇക്കാലത്ത് പ്രാധാന്യമില്ലെങ്കിലും 40 - 50 കളിൽ നാടകങ്ങൾ അവതരിപ്പിച്ചും സിനിമാനടനായി മാറുകയും ചെയ്ത ചന്ത്രത്തിൽ ചിന്നക്കുട്ടി സി. ജോർജ്ജ് ഈ ശുദ്ധനാട്ടുമ്പറത്ത് കലയുടെ നുറുങ്ങുവെട്ടം വാരിയെറിഞ്ഞതിൽ പ്രമുഖനത്രെ.

പ്രജാസഭാംഗങ്ങളായിരുന്ന ഫാദർ ജോൺ പുലയംകാട്ടിൽ കോനാട്ടു മാത്തൻ മല്പാൻ എന്നിവരെ കൂടാതെ പോയ തലമുറയിൽ മാരേക്കാട്ടു ജോസഫ് വക്കീൽ, പാലപ്പിള്ളിൽ ഇത്താപ്പിരി വൈദ്യർ കുന്നപ്പിള്ളിൽ രാഘവമേനോൻ മുതലായവരും സമൂഹതാല്പര്യത്തിനു നിലകൊണ്ടിരുന്നവരത്രെ.

കമ്യൂണിസം വളർന്നുതുടങ്ങിയ കാലഘട്ടത്തിൽ പാമ്പാക്കുടയിൽ ആ പ്രസ്ഥാനത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച പാമ്പാക്കുട അയ്യപ്പൻ ഈ നാടിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അവിസ്മരണീയനത്രെ.

ഏതാനും പ്രമുഖ കടുംബങ്ങളെക്കൂടി സ്മരിക്കാതിരിക്കാൻ കഴിയില്ല. അവ വിലമതിക്കാനാവാത്ത സഹായങ്ങളാണ് സമൂഹത്തിന് നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| ഒന്ന് കണികുന്നേൽ | രണ്ട് കാട്ടുമറ്റം | |
| മൂന്ന് ഊത്തുകുഴി | നാല് കുറ്റിച്ചിറ | അഞ്ച് കുമരംചിറ |

ഇവയെല്ലാം പ്രസിദ്ധ വൈദ്യകുടുംബങ്ങളാകുന്നു. ആരോഗ്യപരിപാലനവും രോഗനിവാരണവും ഒരു കീറാമുട്ടിയായിരുന്ന പഴയകാലത്ത്, ആധുനിക വൈദ്യസമ്പ്രദായം രൂപപ്പെടുകയും പ്രചരിക്കുകയും ചെയ്തിരുന്ന ദശാസന്ധികളിൽ നമ്മുടെ പൂർവികർക്ക് മേൽ കുടുംബങ്ങളിൽ നിന്നുമുണ്ടായ വൈദ്യ സംരക്ഷണം എങ്ങനെ അവിസ്മരണീയമല്ലാതാവും.

കോനാട്ടു മല്പാൻ കുടുംബം ക്രിസ്തീയ സമുദായത്തിനു നൽകിയ സേവനങ്ങൾ അനന്യമത്രെ. ഇവിടത്തെ മല്പാൻ പരമ്പര സംസ്ഥാനമൊട്ടാകെയുള്ള അസംഖ്യം വേദപഠിതാക്കൾക്ക് സുറിയാനിയും സമുദായ ചരിത്രവും പഠിപ്പിച്ചുകൊടുത്തു. വിദേശികൾ പോലും ഇവിടെ താമസിച്ചു വേദം പഠിച്ച് പോയിട്ടുണ്ട്. മല്പാൻകുടുംബം പണ്ടത്തെ ഗുരുകുല സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഇവിടത്തെ ഏക പുണ്യാശ്രമം തന്നെ. യൂറോപ്യൻ നാടുകളിൽപ്പോലും കാണാത്തതും മതസംബന്ധിയായിട്ടുള്ളതും വിവിധ ഭാഷകളിലുള്ളതുമായ ഒരു വലിയ പുസ്തക ശേഖരം ഇവിടെയുണ്ട്. അച്ചടി സമ്പ്രദായം സമീപദേശത്തെങ്ങും ഇല്ലാതിരുന്ന കാലത്ത് സഭാനിയമങ്ങളും, കുർബാന ക്രമങ്ങളും മലയാളീകരിച്ച സങ്കീർത്തനസാരങ്ങളും വേദപുസ്തകങ്ങളും മല്പാൻ കുടുംബ

വക പ്രസ്സിൽ നിന്നും ധാരാളമായി അച്ചടിച്ചിറക്കിയിട്ടുണ്ട്. വിശ്വാസിൾക്ക് ജ്യോതിഷം വേദാംഗങ്ങളിലൊന്നാണ്. ആ വിഷയം വളരെ വിദഗ്ധമായി കൈകാര്യം ചെയ്യുന്നതിൽ പേരുകേട്ടതാണ്, കൈപ്പിള്ളിൽ കുടുംബം പാഴൂർ പടിപ്പുരയിൽ പ്രശ്നക്കാരായി സേവനം അനുഷ്ഠിച്ചിരുന്നതും ഈ കുടുംബാംഗങ്ങളായിരുന്നു. ദൂരദിക്കുകളിൽ നിന്നും ധാരാളം ആളുകൾ ഇവിടെ ഇന്നും വന്നുപോകുന്നതായി അറിയാം.

## വസ്ത്രം - പാർപ്പിടം - ഗതാഗതം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സമ്പന്ന കുടുംബങ്ങൾ വിരലിൽ എണ്ണുവാനേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ഇവിടെ രാജഭരണമായിരുന്നല്ലോ നിലവിലിരുന്നത്.

ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ ജന്മിയെ ആശ്രയിച്ച് കഴിഞ്ഞുപോന്നു. കൃഷിപ്പണി തന്നെ അവർക്ക് മുഖ്യം. കുട്ട, വട്ടിനെയ്ത്ത്, ആശാരിപ്പണി, വാണിയൻ, ചക്കുകളിൽ കൊപ്രയാട്ട്, കലം മെനയൽ, പാനെയ്ത്ത്, കല്ലുവെട്ട് തുടങ്ങിയ പണികൾ ചെയ്ത് ജീവിത മാർഗ്ഗം കണ്ടെത്തിയ പാവങ്ങൾ.

വീടുകൾ മിക്കവയും പുല്ലും വൈക്കോലും മേഞ്ഞവയായിരുന്നു. ചാണകം മെഴുകിയ തറ. പാവങ്ങളും ഹരിജനങ്ങളും മെടലപ്പുരകളിൽ വസിച്ചു. കല്ലുകെട്ടിപണിത കെട്ടിടങ്ങൾ ചുരുക്കമായിരുന്നു. അത്തരം വീടികളിലെ മുറികൾക്ക് വേണ്ടത്ര വായുവും, വെളിച്ചവും കിട്ടിയിരുന്നില്ല. തലമുട്ടുന്ന വാതിലുകൾ. ഓടുമേഞ്ഞവ വിരലിൽ എണ്ണാവുന്നതും.

ഇന്ന് സ്ഥിതിയാകെ മാറി. വാർക്കകെട്ടിടങ്ങൾ പെരുകി മേൽക്കൂരയിൽ നിന്ന് മിക്കവയും ഓടുകളെ ഒഴിവാക്കി. ചാണകത്തിന് പകരം മാർബിളും ചിപ്സും സ്ഥാനമേറ്റു. വീടുകൾ രാജോചിതമാക്കുന്നതിൽ ഒരു മത്സരം തന്നെ നടക്കുന്ന്തായിട്ടുവേണം ഇന്ന് കരുതാൻ.

മാറ്റത്തിന്റെ ഈ ബഹളത്തിനിടയിൽ വീടും കുടിയും സ്വന്തമായിട്ടില്ലാത്ത ദരിദ്രർ ജനസംഖ്യയുടെ 10 ശതമാനമെങ്കിലും വരുമെന്നാണ് കണക്ക്. പുറമ്പോക്ക് വാസികളും ഇല്ലാതില്ല.

പണ്ടത്തെ പുരുഷന്മാർ അരമുണ്ട് മാത്രം ധരിക്കുന്നവരായിരുന്നു. വീട്ടിലിരിക്കുമ്പോഴും പുറത്തുപോകുമ്പോഴും തോൾമുണ്ടിടുന്നവർ നന്നേ ചുരുക്കം. കൃഷിപ്പണിയുടെ വേളയിൽ കച്ചത്തോർത്ത് മാത്രമായിരുന്നു ധരിച്ചിരുന്നത്. പാളതൊപ്പിയും, ഓലക്കുടയും അവർ ധാരാളമായി ഉപയോഗിച്ചിരുന്നു.

ജനങ്ങൾ ക്രിസ്ത്യാനികളും ഹിന്ദുക്കളും മാത്രമാണ്. മറ്റു മതക്കാരിവിടെയില്ല.

ക്രിസ്ത്യൻ സ്ത്രീകൾ മുണ്ടും ചട്ടയും ധരിക്കുന്നവരായിരുന്നു. ഹിന്ദു സ്ത്രീകൾക്ക് മുണ്ടും റൗക്കയും. മദ്ധ്യവയസ്സിനു മേലുള്ള ഹിന്ദു സ്ത്രീകൾ മാറിടം നഗ്നമാക്കിയിട്ടു നടന്നു വന്നു. പല വീടുകളിലും കന്യകമാർ മാറുമറച്ചിരുന്നില്ലെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. താണ ജാതിക്കാർക്ക് മാറുമറക്കാനുള്ള അവകാശം നിഷേധിച്ചിരുന്നതായും കേട്ടിട്ടുണ്ട്.

തീണ്ടലും തൊടീലും അന്ധവിശ്വാസവും അനാചാരവും പണ്ട് വളരെ കൂടുതലായിരുന്നു. എല്ലായിടത്തേയും പോലെ ഇവിടെയും ബ്രാഹ്മണരെയാണ് മുന്തിയ ജാതിക്കാരായി കണക്കാക്കുന്നത്.

ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ വസ്ത്രധാരണ രംഗത്ത് വൻപിച്ചമാറ്റം ഉണ്ടായതായി കാണാം. മണ്ണിൽ പണിയെടുക്കുന്ന വേളയിലും ഇന്നുള്ളവർ ഷർട്ട് ധരിക്കുന്നു. സ്ത്രീകൾ വീട്ടുവേഷം സാരിയിലാക്കി, നൈറ്റിയെന്ന പുത്തനുടയാട ധരിക്കുന്ന കുടുംബിനികളും സുലഭം. പാവാടയ്ക്കു പകരം ചെറുപ്പക്കാരികൾ ചുരിദാറിലേക്കും പൈജാമയിലേക്കും വഴിമാറി.

ഓലക്കുടയും തൊപ്പിപ്പാളയും ഇന്നു തീർത്തും അപ്രത്യക്ഷം. ശീലക്കുടകൾ പല രൂപങ്ങളിൽ പെരുകി.

ആദികാലത്തു പൊതുവഴികൾ വളരെ വിരളമായിരുന്നു. ടാർ വഴികൾ ഉണ്ടായിരുന്നേ ഇല്ല. തൊണ്ടുകളും ഇടവഴികളും ചെമ്മൺപാതകളും നടവരമ്പുകളും മാത്രമായിരുന്നു സഞ്ചാരപഥങ്ങൾ. ഏവരും കാൽനട യാത്രക്കാർ. മഞ്ചലുകൾ മാടമ്പിമാർക്ക് മാത്രമുള്ള സൗകര്യമായിരുന്നു.

ഇന്ന് ഗ്രാമീണ റോഡുകൾ നൂറുകണക്കിനുണ്ടായി. ടാർ വീഥികൾ വളരെയേറെയും. തൊണ്ടുകൾ ഗ്രാമവീഥികളാക്കി വിപുലീകരിച്ചതിനു കണക്കില്ല.

കാളവണ്ടിയും കട്ടവണ്ടിയും ഇന്നു കണികാണാനില്ല. ബസ്സും ലോറിയും സൈക്കിളും ജീപ്പും ഓട്ടോറിക്ഷയും കാറും ഉൾനാടൻ വീഥികളിൽപ്പോലും തിരക്കിന്റെ ബഹളം നിറച്ചുകൊണ്ടിരിക്കുന്നു.

കാൽനടയാത്രക്കാർ ഇപ്പോൾ തീരെയില്ല. ഈ വിധം ഗതാഗത രംഗത്ത് ഈ അടുത്ത കാലത്തുണ്ടായ വമ്പിച്ച പുരോഗതി ഭയപ്പെടുത്തുന്ന വിധം പെരുകിക്കൊണ്ടിരിക്കുകയാണെന്നു വേണമെങ്കിൽ പറയാം.

സാമൂഹ്യ ക്ഷേമരംഗത്ത് നാനാതരത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്തെ ഉൽപാദന മേഖല മുരടിച്ചു നിൽക്കുകയാണ്. തൊഴിലില്ലായ്മ പെരുകിവരുന്നു. സ്ത്രീകളോടുള്ള അവഗണനയ്ക്ക് കുറവുവന്നിട്ടില്ല. ജലക്ഷാമം അസഹ്യമാണ്. ലക്ഷ്യബോധത്തോടെയുള്ള കൂട്ടായ്മയ്ക്കു മാത്രമേ ഇതിനെല്ലാം പരിഹാരമുണ്ടാക്കാനാവൂ.

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിന്റെ ഭൂ പ്രകൃതി പൊതുവായി വിലയിരുത്തട്ടെ. കിഴക്കു നിന്നു പടിഞ്ഞാട്ടും വടക്കു നിന്നു തെക്കോട്ടും ചരിഞ്ഞു കിടക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ ധാരാളമായി ചെങ്കല്ലും കരിങ്കല്ലുമുണ്ട്. എന്നിരുന്നാലും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ആ പ്രദേശങ്ങളിൽ 95% വും റബ്ബർ കൃഷി നടത്തിയിട്ടുണ്ട്. മണ്ണും ചരൽക്കല്ലുകളും കലർന്ന സമതലങ്ങളിൽ തെങ്ങ്, കുരുമുളക്, വാഴ, കന്നാര, അപൂർവ്വം ജാതി ചെടികൾ, ഇടയ്ക്കിടെ റബ്ബർ എന്നിവയുടെ കൃഷിയുണ്ട്. ഇഞ്ചി, മഞ്ഞൾ, ചേന, കപ്പ മുതലായ കൃഷികൾ പണ്ടത്തേതിനെക്കാൾ നേർപകുതിയിൽ കൂടുതലായി കുറഞ്ഞിട്ടുണ്ട്. തനി മണ്ണ് നിറഞ്ഞതും ഏറ്റവും താഴ്ന്നതുമായ പ്രദേശങ്ങളിൽ നെല്ലും പച്ചക്കറിയു വിളയിക്കുന്നു.

30.09 ചതുരശ്ര കിലോമീറ്റർ മൊത്തം വിസ്തൃതിയുള്ള ഈ പ്രദേശത്ത് 15 ചതുരശ്ര കിലോമീറ്റർ ഭൂമിയിലും റബ്ബർ കൃഷിയാണുള്ളത്. 10 ച. കിലോ മീറ്റർ വിസ്തൃതിയാണ് മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ വിളയിക്കുന്നതിനുപയോഗിക്കുന്നതിന്. 5 ചതുരശ്ര കിലോമീറ്റർ വരുന്ന നെൽപ്പാടങ്ങളിൽ മാത്രമേ നെല്ലും പച്ചക്കറികളും ഉല്പാദപ്പിക്കുന്നെള്ളു. നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കാലം ചെല്ലുന്തോറും കുറഞ്ഞ് കുറഞ്ഞ് വരികയാണ്. മണ്ണിട്ട് നികത്തി പുരയിടമാക്കുകയും, വീടുവയ്ക്കുകയും തേക്കുമാരികളിൽ റബ്ബർ നടുകയും മറ്റും ചെയ്യുന്നതുകൊണ്ടാണ് നെൽപ്പാടങ്ങൾ കുറഞ്ഞുവരുന്നത്. മാത്രവുമല്ല നെൽക്കൃഷി മുതൽ മുടക്കുമായി പൊരുത്തപ്പെടാത്തതിനാൽ മറ്റു കൃഷിചെയ്യാൻ കൃഷിക്കാർ നിർബന്ധിതരാവുന്നു. ഭാവിയിൽ നെൽപ്പാടങ്ങൾ പൂർണ്ണമായും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകാൻ ഇടയുണ്ടെന്നുപോലും സംശയിക്കാം.

കേരളത്തെ 13 കാർഷിക മേഖലകളായി തിരിച്ചിട്ടുണ്ട്. അതിൽ ഈ പഞ്ചായത്ത് സെൻട്രൽ മിഡ്ലാന്റ് സോയിൽ മേഖലയിൽ ഉൾപ്പെടുന്നു.

## കാലാവസ്ഥ

ഈ പ്രദേശത്ത് ഒരു വർഷം ഉദ്ദേശം 2800 മുതൽ 3000 ml വരെ മഴ ലഭ്യമാണ്. 25 മുതൽ 30 ഡിഗ്രി സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടുന്നു.

മഴക്കാലം ജൂൺ മുതൽ സെപ്തംബർ വരെ മാസങ്ങളാണ്. ഒക്ടോബർ മുതൽ ഡിസംബർ വരെ മഞ്ഞു കാലം. ജനുവരി മുതൽ വേനലാരംഭിക്കുന്നു. ഏറിയും കുറഞ്ഞും ജൂൺ വരെ അത് തുടരുന്നു.

കാലവർഷമാണ് കൂടുതൽ മഴതരുന്നത്. 3 മാസക്കാലം വരെ അതു നീളും. തുലാവർഷം ഒരു മാസത്തിൽ കൂടുതൽ കൂടാറില്ല. ചിലപ്പോൾ ഒക്ടോബർ നവംബർ മാസത്തിന്റെ പൂർവ്വാർദ്ധം എന്നീ സമയങ്ങളിലും പെയ്യാറുണ്ട്. ശക്തിയായ ഇടിയും മിന്നലും തുലാവർഷത്തിന്റെ പ്രത്യേകതയത്രെ. ചിലകൊല്ലങ്ങളിൽ ആവശ്യത്തിനാവശ്യത്തിന് ഇടമഴകളും ലഭിക്കാറുണ്ട്. സ്ഥിരതയില്ല.

മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് ഇവിടുള്ളത്. മഴയുടെ 70% കാലവർഷത്തിൽ നിന്നും ബാക്കിയുള്ളത് തുലാവർഷം ഇടമഴകൾ എന്നിവയിൽ നിന്നും ലഭിക്കുന്നു. വേനൽക്കാലത്ത് വരൾച്ചയും ജലക്ഷാമവും അതിരൂക്ഷമത്രെ. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഏറിയും കുറഞ്ഞും ജലക്ഷാമവുമുണ്ട്.

## ജല ലഭ്യത

മഴയെക്കൂടാതെ ജലലഭ്യതയ്ക്കുള്ള മാർഗ്ഗങ്ങൾ കിണറുകൾ തോടുകൾ കുളങ്ങൾ കുഴൽക്കിണറുകൾ തുടങ്ങിയവയത്രെ. ഇവയുടെ ഒരു പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്. ഇവയുടെയെല്ലാം പ്രയോജനക്ഷമത വർദ്ധിപ്പി

ക്കുകയാണ് ഏറ്റവും അടിയന്തിരമായി ചെയ്യാനുള്ളത്. കൂടുതൽ കിണറുകൾ നിർമ്മിക്കുക, വറ്റാത്ത കുളങ്ങൾ ആഴം കൂട്ടി സൈഡുകെട്ടി സംരക്ഷിക്കുക, കാലാന്തരത്തിൽ നികന്നു പോയ കുളങ്ങൾ എവിടെയെല്ലാമുണ്ടോ അവയെല്ലാം കണ്ടെത്തി വീണ്ടും ഉപയോഗയോഗ്യമാക്കുക. നീർച്ചാലുകളും തോടുകളും തടയണകെട്ടിയും ആഴം കൂട്ടിയും കൂടുതൽ പ്രയോജനകരമാക്കി മാറ്റുക, പണി പൂർത്തിയാകാതെ കിടക്കുന്ന എം.വി.ഐ.പി. യുടെ ഇറിഗേഷൻ കനാലുകൾ പൂർത്തീകരിച്ചു ജല വിതരണം നടത്തുക, കുഴൽക്കിണറുകളുടെ എണ്ണം കൂട്ടുക, എല്ലാ വാർഡുകളിലുമുള്ള ഉയർന്ന കുന്നിൻപുറങ്ങളിൽ പ്രത്രേക പരിഗണന വച്ച് ജലം എത്തിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് അടിയന്തിരമായി ശ്രമിക്കുക മുതലായവയാണ് ജല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

പ്രസിദ്ധമായ അരുവിയ്ക്കൽ വെള്ളച്ചാട്ടം ഈ പഞ്ചായത്തിലാണ്. ഉദ്ദേശ്യം നൂറടിയോളം താഴ്ച വരും - ഇതിന്റെ ദർശനപരമായ ഘടകങ്ങൾ പരിഷ്കരിച്ച് ഒരു നല്ല ടൂറിസ്റ്റ് കേന്ദ്രം രൂപപ്പെടുത്താവുന്നതാണ്. വൈദ്യുതി ഉത്പാദനത്തിനുള്ള സാദ്ധ്യതകൾക്കും വേണ്ടി ഇവിടം പഠന വിധേയമാക്കേണ്ടതാണ്. വേനൽക്ക് ജലത്തിന്റെ അളവു കുറയുന്നതിനാൽ, നിലവിലുള്ള എം.വി.ഐ.പി.യുടെ ഏതെങ്കിലും ഒരു കനാൽ തുറന്നു വിട്ട് പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ കഴിയും. ആവശ്യമായ പരസ്യവും പ്രചരണവും ഇല്ലാത്തതുകൊണ്ടാണ് ഈ വെള്ളച്ചാട്ടത്തിന്റെ പിന്നോക്കനിലയ്ക്കുള്ള കാരണങ്ങളെല്ലാം.

## മണ്ണ്

മലംകൃഷിയ്ക്കും റബറിനും തെങ്ങ് നെല്ല് മുതലായവയ്ക്കും ഉതകുന്നതാണ് ഇവിടുത്തെ മണ്ണ്. ചതുപ്പുകൾ ഒന്നും തന്നെയില്ല. മണൽ പ്രദേശങ്ങളും ഇല്ല. നിരന്ന പാറകളും ഇല്ല - അവയുടെ പോക്കറ്റുകൾ കുറെയെല്ലാമുണ്ട്-വെട്ടുകല്ലു നിറഞ്ഞ പ്രദേശങ്ങൾ ഉണ്ട്. അത്ര ശ്രമകരമല്ലാത്ത തരത്തിൽ കൃഷി ഭൂമിയാക്കി മാറ്റാൻ കഴിയുമെങ്കിലും സാധാരണ കൃഷിക്കാർക്ക് താങ്ങാനാവാത്ത അവസ്ഥയുണ്ട്. വളരെക്കാലമായതുകൊണ്ട് വീര്യം നഷ്ടപ്പെട്ടതല്ലാതെ, മണ്ണ് തീർത്തും വെയിസ്റ്റായി മാറിയിട്ടില്ല.

## ഭൂവിനിയോഗം

ഇതുസംബന്ധിച്ച പരാമർശങ്ങൾ ആരംഭത്തിലുണ്ട്. വിസ്തൃതിയുടെ മുഴുവൻഭാഗവും പലതരം കൃഷിയ്ക്കായി ഉപയോഗിച്ചുവരുന്നു. എല്ലാം സ്വകാര്യ വ്യക്തികളുടെ മേൽനോട്ടത്തിലും ഉടമസ്ഥതയിലുമാണ്. സർക്കാർ തോട്ടങ്ങളൊന്നും ഇവിടെയില്ല. മൈതാനങ്ങളുമില്ല. അമ്പലം പള്ളി മുതലായവയോടു ചേർന്ന് തരിശ്ശു ഭൂമികൾ ഒരുസ്ഥലത്തുമില്ല. തെങ്ങോ, റബറോ, അനുബന്ധ കൃഷികളോ ചെയ്തു വരുന്നു. ഉത്സവപ്പറമ്പുകൾ എന്ന നിലയിൽ ഒരിടത്തും ഒഴിവു പ്രദേശങ്ങൾ കാണുന്നില്ല.

റോഡ്, തോട്, അമ്പലം, പള്ളി, പുറംമ്പോക്കുകൾ എന്നിവയെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ പത്ത് ശതമാനത്തിൽ താഴെ വരുന്ന ഭാഗമേ വിനിയോഗത്തിന്-കാർഷിക വിനിയോഗിക്കാതെ കിടപ്പുള്ളു.

## ജൈവസമ്പത്ത്

തത്സംബന്ധമായ സ്ഥിതിവിവരങ്ങൾ പട്ടികാരൂപത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്.

## മനുഷ്യ വിഭവം

ഇതു സംബന്ധിച്ചും ഈ റിപ്പോർട്ടിന്റെ പലയിടത്തും പിന്നാലെ വരുന്നതിനാൽ ഇവിടെ പ്രത്യേക പരാമർശ വിധേയമാക്കുന്നില്ല. പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ പരിഗണിക്കാൻ പറ്റിയത് പാമ്പാക്കുടയാകന്നു. ഇവിടെയുള്ള ബ്ലോക്കാസ്ഥാനത്ത് ആവശ്യത്തിന് സർക്കാർ ഭൂമിയുണ്ട്.

## അധ്യായം - 2

# പ്രാഥമിക മേഖല

## കൃഷിയും ജലസേചനവും

**തികച്ചും ഒരു കർഷക ഗ്രാമമാണ് ഈ വഞ്ചായത്ത്. കുന്നുകൾ, ചരിവുകൾ, സമതലങ്ങൾ, പാടശേഖരങ്ങൾ ഇവയാണ് സമ്പന്നം. മുഖ്യ കൃഷി നെല്ലാണ്. കുന്നുകളിൽ റബ്ബർ. സമതലങ്ങളിൽ തെങ്ങ്, കമുക്, കുരുമുളക്, ജാതി, വാനില, കൊക്കോ എന്നിവയും ഇടവിളയായി വാഴ, കന്നാര, ഇഞ്ചി, മഞ്ഞൾ, മരച്ചീനി മുതലായവയും ഉല്പാദിപ്പിച്ചുവരുന്നു.**

**ചെറുകിട പരിമിത കർഷകരാണ് ഭൂരിഭാഗവും. 5 പാടശേഖര സമിതികൾ 12 നെല്ലുല്പാദക സമിതികൾ, 1 കേരവികസന സമിതി, 1 കു രുമുളകുവികസന സമിതി, 3 റബ്ബർ ഉല്പാദക സമിതി എന്നിവയാണ് ഇന്നു നിലവിലുള്ള കർഷക സംഘങ്ങൾ. 325 ഹെക്ടർ നിലവും, 2475 ഹെക്ടർ പുരയിടവും, 82 ഹെക്ടർ പുറമ്പോക്കും, 17 ഹെക്ടർ തരിശുമുൾപ്പെടെ 2899 ഹെക്ടർ സ്ഥലമാണ് ആകെയുള്ളത്.**

**പട്ടിക 5**

**ഭൂവിനിയോഗം**

| | വിനിയോഗം | വിസ്തീർണ്ണം |
|---|---|---|
| 1) | നെല്ല് 1 വിള (വിരിപ്പ്) | 300 ഹെക്ടർ |
| 2) | നെല്ല് 2 വിള (മുണ്ടകൻ) | 325 ഹെക്ടർ |
| 3) | നെല്ല് 3 വിള (പുഞ്ച) | 5 ഹെക്ടർ |
| 4) | പയർ | 175 ഹെക്ടർ |
| 5) | എള്ള് | 25 ഹെക്ടർ |
| 6) | പച്ചക്കറികൾ | 20 ഹെക്ടർ |
| 7) | തെങ്ങ് | 650 ഹെക്ടർ |
| 8) | വാഴ | 85 ഹെക്ടർ |
| 9) | മരച്ചീനി | 69 ഹെക്ടർ |
| 10) | കുരുമുളക് | 60 ഹെക്ടർ |
| 11) | പ്ലാവ് | 2 ഹെക്ടർ |
| 12) | കശുമാവ് | 1 ഹെക്ടർ |
| 13) | മാവ് | 1 ഹെക്ടർ |
| 14) | റബ്ബർ | 1256- |
| 15) | കമുക് | 5 - |
| 16) | കൊക്കോ | 10 - |
| 17) | ഇഞ്ചി | 10 - |
| 18) | ജാതി | 10 - |
| 19) | ഗ്രാമ്പു | 1 - |
| 20) | പൈനാപ്പിൾ | 44 - |

# കൃഷി

## 1. നെല്ല്

ഈ പഞ്ചായത്തിൽ മൊത്തം 325 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. നെൽകൃഷി സ്ഥലത്തെ 5 പാടശേഖരങ്ങളായി തിരിച്ചിരിക്കുന്നു. അവ (1) മേമുറി പാടശേഖരം (100 ഹെക്ടർ) (2) പിറമാടം പാടശേഖരം (50 ഹെക്ടർ) (3) ഓണക്കൂർ പാടശേഖരം (50 ഹെക്ടർ) (4) പെരിയപ്പുറം പാടശേഖരം (50 ഹെക്ടർ) (5) പാമ്പാക്കുട പാടശേഖരം 7 ഹെക്ടർ. ഈ പാടശേഖരങ്ങളിലെ കൃഷി നിർവഹിക്കുന്നതിന് 12 പാടശേഖര സമിതികളാണ്.

വർദ്ധിച്ച കൂലിചെലവ്, കർഷകതൊഴിലാളികളുടെ അഭാവം, ജൈവവളത്തിന്റെ ദൗർലഭ്യം, രാസവളങ്ങളുടേയും കീടനാശിനികളുടേയും വിലവർധനവ്, ജലസേചനത്തിനുള്ള അസൗകര്യം, യുവതലമുറക്ക് കാർഷിക വൃത്തിയിൽ താല്പര്യമില്ലായ്മ ഇവ മൂലം നെൽപാടങ്ങൾ നാണ്യവിളക്കായി പരിവർത്തനം ചെയ്തിട്ടുണ്ട്. നെൽകൃഷിക്ക് ലാഭകരമല്ലാത്തതിനാൽ യുവതലമുറയെ ആകർഷിക്കുവാൻ കഴയുന്നില്ല. കൃഷിഭൂമി തുണ്ടുതുണ്ടകളായി കിടക്കുന്നതുകൊണ്ടും മൂപ്പുവ്യത്യാസമുള്ള വിവിധയിനം വിത്തുകൾ കൃഷിചെയ്യുന്നതുകൊണ്ടും കീടബാധ ഒഴിയാതെ നില്ക്കുന്നു. തൻമൂലം പൊതുവെ വിളവ് കുറവാകുന്നു. കൃഷിഭവൻ മുഖേന പാടശേഖര കമ്മറ്റികൾക്ക് സബ്സിഡിയോടുകൂടി ലഭിക്കുന്ന അത്യുപല്പാദന ശേഷിയുള്ള വിത്തുകൾ, രാസവള കിറ്റുകൾ, കീടനാശിനികൾ, പമ്പുസെറ്റുകൾ, ഇവ ഇന്ന് കൃഷിക്ക് പൊതുവെ സഹായകരമാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം, കൃഷിക്ക് സൗജന്യ വൈദ്യുതി, കർഷക യുവാക്കൾക്ക് തൊഴിൽദാന പദ്ധതി, വിള ഇൻഷുറൻസ് മുതലായവയാണ് നിലവിലുള്ള കൃഷി വികസന പരിപാടികൾ. എന്നാൽ ഇവ തീരെ അപര്യാപ്തവുമാണ്.

മേമുറി പാടശേഖരത്തിന് 5 നെല്ലുല്പാദക സമിതികളും പിറമാടം പാടശെശേഖരത്തിൽ 2 നെല്ലുല്പാദക സമിതികളും ഓണക്കൂർ പാടശേഖരത്തിൽ 4 നെല്ലുല്പാദക സമിതികളും പാമ്പാക്കുട പാടശേഖരത്തിൽ 1 നെല്ലുല്പാദക സമിതിയും പിറമാടം പാടശേഖരത്തിൽ 2 നെല്ലുല്പാദക സമിതികളും നിലവിലുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 2 ഹെക്ടറിൽ മേൽ കൃഷി ചെയ്യുന്ന 170 വൻകിട കർഷകരും 1 ഹെക്ടറിനു മുകളിൽ 2 ഹെക്ടറിൽ താഴെ കൃഷി ചെയ്യുമന്ന ആയിരത്തോളം ചെറുകിട കർഷകരും 1 ഹെക്ടറിൽ താഴെ കൃഷി ചെയ്യുന്ന ആയിരത്തോളം കർഷകരും 1960 നാമമാത്ര കർഷകരും ഉണ്ട്. ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം സ്വീകരിച്ച് ട്രാക്ടറുകൾ (12) ടില്ലറുകൾ (14) എന്നിവ ഉപയോഗിച്ചു കൃഷിയിറക്കിനുള്ള സമയം ലാഭിക്കുകയും കൂലിചെലവ് ഒരു പരിധിവരെ കുറക്കുവാൻ സാധിക്കുകയും ചെയ്യുന്നു. കീടബാധയെ തടയുന്നതിന് പാടശേഖര കമ്മറ്റികൾ 130 സ്പെയറുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നു.

1,3,4 എന്നീ വാർഡുകളിൽ കൂടി ഉഴവൂർ തോട് ഒഴുകുന്നു. ഒന്നാം വാർഡിലുള്ള കുളവയൽ - പുഞ്ചത്തോട് പടിഞ്ഞാറ് ഒഴുകി ഉഴവൂർ തോട്ടിൽ പതിക്കുന്നു. മറ്റൊന്നു വടക്കോട്ട് ഒഴുകി നാലാനിക്കുന്ന് - പുളിന്താനം കുന്ന് - അണ്ടിച്ചിറ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് ഉഴവൂർ തോട്ടിന്റെ മറ്റൊരു ഭാഗത്തു പതിക്കുന്നു. വാർഡ് 4 ൽ കുമ്പളക്കുന്നേൽപ്പടി മുതൽ പൂങ്കോട്ട് പടി വരെ ചെറുതോടൊഴുകുന്നു. 5,6 വാർഡുകളിൽ ഒഴുകി നാലാം വാർഡിനെ സ്പർശിച്ച് മുടക്കി തോട്ടിൽ ചേരുന്നതാണ് അരുവിക്കൽ - മുടക്ക് തോട് 4,5,6 വാർഡുകളിൽക്കൂടി 'മലയാം' തോടും ഒഴുകുന്നു. അരുവിക്കൽ നിന്നും വെള്ളംചേരി ഭാഗത്തു കൂടി പഴയ നാട്ടുതോട് അഞ്ചാം വാർഡിൽക്കൂടി ഒഴുകുന്നു. അരുവിക്കൽ കോനാട്ടു താഴം ചെറുതോട്, ഉറവുംപാടം ഇവ 5 ഉം 7ഉം വാർഡുകളിൽ കൂടി കടന്നു പോകുന്നു. 5 ൽക്കൂടി പാലപ്പിള്ളിത്താഴം എന്ന ചെറുതോടും ഒഴുകുന്നു. പൂങ്കോട്ട് - കവുങ്കോട്ടു തോട് കണികുന്നേൽ താഴം - ചുരാലിൽ താഴം തോട്, തൊണ്ടൽ - കളപ്പുരത്താഴം കുഴുപ്പിള്ളിത്താഴം ചുരാലിത്താഴം തോടുകൾ കൂടി 5-ാം വാർഡിൽ കാണുന്നു.

6-ാം വാർഡിൽ പാണ്ടിപ്പിള്ളിത്താഴം - താറ്റുപാടം മടത്തേക്കാവ് - താറ്റുപാടം തോട് ഇവയുണ്ട്. ആശുപത്രിപ്പടി - മക്കിത്താഴം കാഞ്ഞിരം കുഴിത്തോട് ഇവ മറ്റുതോടുകളാണ്. 7--ാം വാർഡിലൂടെ പറക്കുളം - പെരുമാഞ്ചിറ വഴി മേമ്മുറിപ്പാടം നാട്ടുതോടൊഴുകുന്നു.

8-ാം വാർഡിലൂടെ ചെട്ടിക്കണ്ടം - ആറ്റുവേലിത്തോടൊഴുകുന്നു. ചേലയ്ക്കത്താഴം - ചാലുങ്കരത്താഴം മറ്റൊരു തോടാണ്. നെടുന്തടത്തിൽത്താഴം - മൂന്നുമുക്ക്, കുനംകുഴിത്താഴം - മൂന്നുമുക്കു തോട്, കരിങ്കുറ്റിക്കൽത്താഴം - കക്കാട്ടേൽത്താഴം തോട് എന്നിവ മറ്റ തോടുകളാണ്.

9-ാം വാർഡിലൂടെ പെരുങ്കുറ്റിക്കൽത്താഴം - കദളിമറ്റത്താഴം, കൊച്ചരീക്കൽ - ഇടുമുക്കുതോട്, നാമ്പടം - വലിയരീക്കൽ തോട് (ചെറുതും വലുതും), ചാലിക്കുളം - അരീക്കൽ തോട്, ഐക്കരക്കണ്ടം - മുന്നാനിക്കുഴി തോട്

എന്നിവയുമൊഴുകുന്നു. മേൽ തോടുകളിൽ ഉഴവൂർ തോട്ടിൽ മാത്രമാണ് 12 മാസവും ജലമുള്ളത്.

## ചിറകളെ സംബന്ധിച്ച വിശദാംശങ്ങൾ.

ഉഴവൂർ തോട്ടിൽ മൂന്നു ചിറകൾ:-

1) ചെമ്മിക്കാട്ട്, 2) മൂട്ടുചിറ, 3) ഊരനാട്ടുചിറ.

അരീക്കൽ - മുടക്കുതോട്:-

1)കുന്നുമ്മേൽത്താഴം, 2) കാഞ്ഞിരംകുഴിത്താഴം,
3) കല്ലംപ്ലാക്കിൽത്താഴം, 4) പാലക്കോട്, 5) പത്തുപറപ്പടവ്, 6) ചേലക്കോട്.
7) കുമ്പളക്കുന്നേൽത്താഴം

## വറ്റാത്തകുളങ്ങൾ

വാർഡ് - 1

പെരിഞ്ചറക്കുളം, ഇർട്ടനാൽക്കുളം, പുഞ്ചക്കുളം

വാർഡ് - 2

മുട്ടത്തുകുളം, പുള്ളോലിക്കുളം, വിരിയപ്പള്ളിച്ചാല്, ചാലിക്കുളം, പെരുമ്മനം.

വാർഡ് - 3

കാരമലക്കുളം, വിച്ചാടൻ കുളം. കണ്ണൻ കുളം.

വാർഡ് - 4

മനയ്ക്കക്കുളം, മംഗലത്തുകുളം, പാറയ്ക്കാട്ടുകുഴിക്കുളം, ഇലവുങ്കൽക്കുളം, നടുവിലേടത്തുകുളം.

വാർഡ് - 5

കുഴിപ്പിള്ളിക്കുളം,മാനംകുളം, പുല്ലാന്തിക്കുളം, കുളങ്ങരക്കുളം.

വാർഡ് - 6

എരട്ടക്കുളം, നെടുമ്പാമ്പാക്കുടക്കുളം, മാക്കീക്കുളം.

വാർഡ് - 7

പെരുമാഞ്ചിറ, നീറുചിറ, വേലത്തിച്ചിറ, കുന്നത്തുകുളം, പറക്കുളം, വാര്യത്തുകുളം.

വാർഡ് - 8

പൊട്ടക്കുളം, ഒലിനാൽച്ചിറ, കല്ലിടുക്കിൽച്ചിറ, തടത്തിച്ചിറ.

വാർഡ് - 9

ചാലിക്കുളം, മുറിവായ്ക്കുളം, നെടുമ്പുറത്തുചിറ.

### തെങ്ങ്

നെൽക്കൃഷിയുൽപ്പാദനം ആദായകരമല്ലാത്തത് കൊണ്ട് നാണ്യവിള എന്ന നിലയിൽ നേരത്തെ ഉണ്ടായിരുന്നതിൽ കൂടുതൽ സ്ഥലങ്ങൾ തെങ്ങുകൃഷി ചെയ്യാൻ കർഷകർക്കു പ്രേരണ നൽകി. ഇന്ന് ഉദ്ദേശം 650 ഹെക്ടർ സ്ഥലം ഇതിനായി ഉപയോഗിച്ച് വരുന്നു 130026 തെങ്ങുകൾ ഈ സ്ഥലത്തുവളരുന്നു. ഇതിൽ നിന്നുമുള്ള ശരാശരി തന്നാണ്ടുൽപ്പാദനം 3150650 നാളികേരമാണ്. 5201040 നാളികേരം കിട്ടേണ്ട സ്ഥാനത്ത് മേൽ സൂചിപ്പിച്ച വിളവാണുണ്ടായത്.

തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയുന്നതിനുള്ള കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ കാർഷിക മുറകളാണ്. മറ്റൊരു ഘടകമാണ് വൃക്ഷസാന്ദ്രത. ഇടവിള കൃഷി സാധിക്കത്തക്കവിധത്തിൽ ഏക്കറിന് 75- 80 തെങ്ങകൾ വരെ നടാം. പക്ഷെ ഇവിടെ ഏക്കറിന് ശരാശരി 120 തെങ്ങുകൾ വരെ കാണുന്നു. വീടിനു നീക്കി വച്ച സ്ഥലം കൂടി കണക്കാക്കിയാൽ സാന്ദ്രത വീണ്ടും കൂടും. പുരയിടത്തിന്റെ വിസ്തീർണ്ണം കൂടുന്നതിനനുസരിച്ച് സാന്ദ്രത വീണ്ടും കൂടുന്നതായി കാണുന്നു. വൃക്ഷസാന്ദ്രത കൂടിയാൽ ഉൽപ്പാദനം കുറയുമെങ്കിലും, ആകെ ഫലം കൂടുമെന്ന് ഒരു കണക്കുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം അതാണ് ആദായകരം. ഈ സാഹചര്യത്തിൽ

ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുക വളരെ പ്രയാസമാണ്. ഇടവിളക്കൃഷിയും ശാസ്ത്രീയമായ കൃഷി മുറകളും സ്വീകരിക്കാതെ കൃത്യമയ അകലം സൃഷ്ടിച്ചതു കൊണ്ട്മാത്രം കൃഷിക്കാരുടെ മൊത്ത വരുമാനം വർദ്ധിക്കുകയില്ല.

ഈ അകലത്തിന്റെ കാര്യത്തിൽ മാത്രമല്ല നടീൽ സമ്പ്രദായത്തിലുമുണ്ട് തകരാറുകൾ. നികത്തിയ പാടശേഖരങ്ങളിലാണ് ഈ പ്രശ്നം കൂടുതലായീട്ടുള്ളത്. നല്ല വായുസഞ്ചാരവും നീർവാർചയുമുള്ള മണ്ണാണ് തെങ്ങു കൃഷിക്ക് ഏറ്റവും അനുയോജ്യം. ജലാംശം കൂടുതലുള്ള സ്ഥലത്തു തെങ്ങിന്റെ തടിയിൽ വേരുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനാൽ നീർക്കെട്ടുള്ള സ്ഥലങ്ങളിൽ മൺകൂനകളിലാണ് ചെറുതൈകൾ നടേണ്ടത്. എന്നാൽ ഇവിടെ നീർക്കെട്ടുള്ള സ്ഥലങ്ങളിലും കുഴികൾ എടുത്തു തൈകൾ നടുന്നതായി കണ്ടുവരുന്നു. ചിലേടത്ത് കൂനകളിൽ നടുന്ന രീതി നിലവിൽ വന്നിട്ടുണ്ടങ്കിലും അത് അപര്യാപ്തമാണ്. നീർക്കെട്ട് തീർക്കുന്നതിൽ കാര്യമായ ശ്രദ്ധ ഇതു വരെ ഉണ്ടയിട്ടില്ല.

ഉപയോഗിക്കുന്ന നടീൽ വസ്തു ഗുണനിലവാരം കുറഞ്ഞതാണ്. അത്യുല്പാദന ശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങൾ നടുന്നതിലാണ് കൃഷിക്കാർക്കു താല്പര്യം. കൂടുതൽ കാലം വിളവു നൽകുന്നതിനു നാടൻ ഇനങ്ങൾക്കു കഴിവുണ്ട് എന്നതാണ്. മറ്റൊന്ന് രോഗപ്രധിരോധശക്തി കൂടുതൽ ഉണ്ട്. നാടൻ ഇനങ്ങളിൽ തന്നെ മെച്ചപ്പെട്ട വിത്തുകൾ തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം നിലവിലില്ല. കൂടാതെ ജലസേചന സൗകര്യവും കുറവാണ്.

ഇതിനെല്ലാം പരിഹാരമെന്നോണം 1992 ൽ സർക്കാർ സമഗ്രകേര വികസന പദ്ധതി നടപ്പിലാക്കി (C.C.D.P) 1995-96 സാമ്പത്തീക വർഷത്തിൽ ഈ പദ്ധതി പ്രകാരം 33 കർഷകർക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് 77995 രൂപയും ജലസേചന സൗകര്യത്തിനായി കിണർകുഴിക്കുന്നതിന്35 കർഷകർക്ക് 52120 രൂപയും സഹായം കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. കേരവികസന സമിതി മുഖേന 3 സ്പ്രേയറുകൾ വാങ്ങുന്നതിന് 3000/- രൂപാ സബ്സിഡി അനുവദിച്ചിട്ടുണ്ട്.1995-96 വർഷത്തെ ഫണ്ടിൽ പമ്പ് സെറ്റ് വാങ്ങുന്നതിന് 7005 ബാക്കിയുള്ളതും ഉടൽ ചിലവഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 1995-96 വർഷത്തെ അപേക്ഷകൾ കേരസമിതികൾ മുഖേന സ്വീകരിച്ച് കിണർ, പമ്പുസെററു എന്നിവയ്ക്കുള്ള അനുകൂല്യങ്ങൾ പഞ്ചായത്തു മുഖേന നടപ്പിലാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ഷ്യമിട്ടിരിക്കുന്നത് 25 കിണർ, 30 പമ്പ്സെറ്റ് ഗ്രൂപ്പ് ഇറിഗേഷൻ സ്കീം ഒന്ന്.

കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയിൽ സബ്സിഡിയായി 3060,00/- രൂപാ പഞ്ചായത്ത് അനുവദിക്കുകയും ശ്രീ. എം.എ. പരമേശ്വരൻ നായർ കൺവീനറായുള്ള കമ്മറ്റിക്ക് കുളത്തിന്റെ നിർമ്മാണത്തിനായി 24225 രൂപാ അഡ്വാൻസായി അനുവദിക്കുകയും ചെയ്തു. പമ്പ്സെറ്റ് സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതി അനുസരിച്ച് പഞ്ചായത്തുമുഖേന ബാക്കി പണം വിനിയോഗിക്കാവുന്നതാണ്.

1996-97 വർഷം കേര കർഷകർക്ക് നൽകുന്നതിനായി 645 രാസവള കിറ്റുകൾക്കുള്ള അപേക്ഷ കേരസമിതി മുഖേന സ്വീകരിച്ചു വരുന്നു. പഞ്ചായത്തിൽ 3 സ്വകാര്യ മേഖലയിലും ഒരു സഹകരണമേഖലയിലുമായീട്ട് 4 രാസവല കേന്ദ്രങ്ങളാണുള്ളത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും നാളിതുവരെ ഉണ്ടായീട്ടില്ല. ജൈവവളപ്രയോഗമാവട്ടെ കാലിസമ്പത്ത് ശോഷിച്ചതോടു കൂടി വളരെ കുറഞ്ഞുപോവുകയും ചെയ്തു.

വിദഗ്ദ്ധ കർഷക തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയാണിന്നുള്ളത്. ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗവും ഈ പ്രദേശത്തുണ്ടായീട്ടില്ല.

അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ ലഭ്യമാക്കുക. ശാസ്ത്രീയകൃഷിരീതി കർഷകർക്കു നൽകുക. നേഴ്സറികൾ നിർമ്മിച്ച് വിത്തുകൾ ഇവിടെ തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക. രോഗപ്രധിരോധ മാർഗ്ഗങ്ങൾ കാര്യക്ഷമമായി നടത്തുക. വിദഗ്ധ ഉപദേശം ലഭ്യമാക്കുക. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി നല്ലയിനം തൈകൾ കൃഷിചെയ്യുക. ജലസേചന സൗകര്യം ഉണ്ടാക്കുക. കാലാകാലങ്ങളിൽ വളപ്രയോഗം ശാസ്ത്രീയമായി നൽകുക. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുകയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.

## റബ്ബർ

ഉയർന്ന ഭാഗങ്ങൾ മുഴുവനും തെങ്ങ്, നെല്ല് കൃഷി ചെയ്തിരുന്ന കുറെ ഭാഗങ്ങളും ഇന്ന് ആളുകൾ റബ്ബർ കൃഷി ചെയ്തു വരുന്നു. 1256 ഹെക്ടർ സ്ഥലത്തു ഈ കൃഷി ചെയ്തു വരുന്നുണ്ട്. മൊത്തം ഉൽപ്പാദനം ഏകദേശം 1004,8 ടൺ ആണ്. തെങ്ങ്, നെല്ല് എന്നിവയെ അപേക്ഷിച്ച് കൂടുതൽ സാമ്പത്തിക നേട്ടം അനുഭവപ്പെട്ടതിനെ തുടർന്ന് നല്ലൊരു വിഭാഗം ആളുകൾ ഈ കൃഷിയിലേക്കു മാറിക്കൊണ്ടിരിക്കുന്നു. മറ്റു രംഗങ്ങളിൽ കിട്ടുന്ന ധനസഹായത്തേക്കാൾ കൂടുതൽ ഈ കൃഷിക്കു റബ്ബർ ബോർഡിൽ നിന്നും അനുകൂല്യങ്ങൾ ലഭിച്ചു കൊണ്ടിരി

ക്കുന്നു. റബർ കർഷക സംഘങ്ങൾ രൂപീകരിച്ചും ഇല, മണ്ണ് ഇവ പരിശോധിച്ചും കർഷകർക്കു വേണ്ടമാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും റബർകൃഷിക്കാരെ പ്രോത്സാഹിപ്പിക്കാൻ റബ്ബർ ബോർഡ് നിരന്തരം ശ്രദ്ധിക്കുന്നുണ്ട്.

തെങ്ങിൻ തോപ്പുകളിലും പുരയിടങ്ങളിലും ഇടവിളയായി കാച്ചിൽ, ചെറുകിഴങ്ങ്, കന്നാര, വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചേന, ചേമ്പ്, മരച്ചീനി മുതലായവ കൃഷിചെയ്യുന്നുണ്ട്.

## കുരുമുളക്

കുരുമുളക് സമീപകാലത്ത് ദ്രുതവാട്ടം എന്ന രോഗത്തിന് അടിമപ്പെട്ടിരിക്കുകയാണ്. ഇതിനു പ്രതിവിധി നാളിതു വരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. കറുത്ത പൊന്ന് എന്ന് അറിയപ്പെടുന്ന കുരുമുളകിന്റെ നാശം കർഷകന്റെ തീരാനഷ്ടമാണ്. കുരുമുളക് ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനും മറ്റുമായി കൃഷിവകുപ്പിൽ നിന്നും സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നല്ലയിനം വിത്തുകൾ ഉൽപ്പാദിപ്പിച്ച് കർഷകന് നൽകുവാനുള്ള സംവിധാനം ഇന്നും കൈക്കൊണ്ടിട്ടില്ല. കുറെ നാമമാത്രമായ വളക്കിറ്റുകൾ നൽകുന്നുണ്ടെങ്കിലും അതെന്നും ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടത്ര സഹായകമാകുന്നില്ല. ഇന്നത്തെ നിലയിൽ പോവുകയാണെങ്കിൽ ഈ കൃഷി ഈ നാട്ടിൽ നിന്നും അപ്രത്യക്ഷ മാകാനാണ് സാദ്ധ്യത. മറ്റ് കാർഷിക മേഖലയെ അപേക്ഷിച്ച് ഈ കൃഷിക്ക് താരതമ്യേന ചിലവും അദ്ധ്വാനവും കുറവാണ്. എന്നാൽ ആദായം താരതമ്യേന കൂടുതലുമാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1) തുണ്ടുഭൂമികൾ ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. നെൽക്കൃഷിചെയ്യുന്ന തുണ്ടുതുണ്ടു ഭൂമികൾ കൂട്ടുകൃഷി സമ്പ്രദായത്തിൽ വിത്തിറക്കലും വിളവെടുക്കലും ഒരുമിച്ചാക്കിയാൽ കൂടുതൽ ലാഭകരമാക്കാം.
2) മണ്ണു പരിശോധനാ കാലാകാലങ്ങളിൽ നടത്തി വളപ്രയോഗം നിർദ്ദശിക്കണം.
3) അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം വിത്തുകൾ കർഷകസമിതിക്ക് സൗജന്യമായി നൽകണം.
4) നെൽക്കൃഷിക്കാവശ്യമായ ജൈവവളവും രാസവളവും കീടനാശനികളും യഥാസമയം സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

# ജലസേചനം

1) ഈ പഞ്ചായത്തിൽ ധാരാളം കുളങ്ങളും ചിറകളും ഉണ്ടങ്കിലും വേണ്ടവണ്ണം പ്രയോജനപ്പെടുന്നില്ല. അതിനാൽ കുളങ്ങൾ താഴ്ത്തി വശങ്ങൾ കെട്ടുകയും, തോടുകളിൽ തടയിണകൾ നിർമ്മിച്ചും, ഉചിതസ്ഥാനങ്ങളിൽ പമ്പു സെറ്റുകൾ സ്ഥാപിച്ചും M.V.I.P യുടെ പണി പൂർത്തിയാകാത്ത കനാലുകൾ എത്രയും വേഗം പണിപൂർത്തിയാക്കി ലിംഗ് കനാലുകൾ സ്ഥാപിച്ചും അവ വഴി ജലം ഒഴുക്കിയും പഞ്ചായത്തുതലത്തിൽ ജീവനക്കാരെ നിശ്ചയിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. നാട്ടുതോടുകൾ തെളിച്ചും കെട്ടിയും അപൂർണ്ണമായിക്കിടക്കുന്നത് പൂർണ്ണമാക്കുകയും ചെയ്യേണ്ടതാണ്.
2) കൃഷിനാശം ഉണ്ടാകാത്ത രീതിയിൽ ഡ്രൈനേജുകൾ പരിഷ്കരിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ നിർമ്മിക്കുകയും ചെയ്യുക.
3) ഈ പഞ്ചായത്തിൽ ആവശ്യമായ വിത്തുകൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് ഇവിടെത്തന്നെ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
4) പാടശേഖരങ്ങളിലേക്ക് അത്യാവശ്യമായ ഫാം റോഡുകൾ നിർമ്മിക്കണം.
5) കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുവാനും വിതരണം ചെയ്യുവാനുമുള്ള പൊതു കേന്ദ്രം ആരംഭിക്കണം.
6) കൃഷിക്കാർക്കുള്ള വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുകയും എളുപ്പത്തിൽ ലഭ്യമാക്കാനുള്ള സൗകര്യങ്ങളും

ഉണ്ടാകണം.

7) പ്രകൃതിക്ഷോഭം മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം തക്ക സമയത്തു മുഴുവനായും നഷ്ടപരിഹാരമായി നല്കണം.

8) വിള ഇൻഷുറൻസിന്റെ ചുമതല ഗ്രാമപഞ്ചായത്തു ഏറ്റെടുക്കുന്നു.

9) കാർഷികവൃത്തി മാന്യമായ തൊഴിലായി പ്രഖ്യാപിക്കുകയും അർഹരായ കർഷകരെ കാലാകാലങ്ങളിൽ ആരംഭിക്കുകയും ചെയ്യുക.

10. നാളികേരത്തിത്തിനെ എണ്ണക്കുരുവായി പ്രഖ്യാപിച്ചിരിക്കുന്ന തറവില പുനഃപരിശോധിച്ച് അയ്യായിരമായി മാറ്റുകും ചെയ്യണം.

11. കാർഷികത്തൊഴിലാളികളുടെ കൂലിനിരക്കി പഞ്ചായത്തടിസ്ഥാനത്തിൽ ഏകീകരിക്കുക.

12. ഒരേ സ്വഭാവമുള്ള തൊഴിലുകൾക്ക് സ്ത്രീ പുരുഷ ഭേദമന്യെകൂലി നിശ്ചയിക്കുക.

13. പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വാർഡുകൾ തോറും ജൈവവള യൂണിറ്റുകൾ ആരംഭിക്കണം.

14. കൃഷിക്കാർക്കാവശ്യമായ ട്രാക്ടർ, സ്പെയർ പമ്പുകൾ, കൊയ്യുന്നതിനും, മെതിക്കുന്നതിനുമുള്ള യന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ എന്നിവ കർഷകസമിതികൾക്കും വ്യക്തിക്കൾക്കും നൽകണം.

15. പഞ്ചായത്ത് തലത്തിൽ തെങ്ങുകയറ്റ തൊഴിലാളികൾക്കു പരിശീലനവും സൗജന്യ ഇൻഷുറൻസും നൽകണം.

16. കർഷകന് സാങ്കേതിക ഉപദേശം കൃഷിവകുപ്പിൽ നിന്നും യഥാസമയം ലഭിക്കണം.

## ജലസേചനം പൂർത്തിയാക്കിയ പദ്ധതികൾ

1. 6-ാം വാർഡിൽ കല്ലംപ്ലാക്കൽ താഴത്തു ഒരു ക്രോസ് ബാർ 1993 ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഏകദേശം 3 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

2. 7-ാം വാർഡിൽ മേമ്മുറി പാടം നടുതോടിന് വിസ്താരം വിസ്താരംകൂട്ടുകയും വശങ്ങൾ കെട്ടുകയും ചെയ്തു പൂർത്തിയാക്കി 6 ഹെക്ടർ സ്ഥലത്തു ഇതിന്റെ പ്രയോജനങ്ങൾ ലഭിക്കുന്നുണ്ട്.

3. വാതൃത്തു കുളത്തിന്റെ സംരക്ഷണം 3 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

4. മനയ്ക്കൽ - പുഞ്ചത്തോട് സൈഡ് സംരക്ഷണം ജോലികൾ പൂർത്തിയാക്കി - 5 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

5. (1) പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽപ്പെടുത്തി മോട്ടോറും പമ്പുസെറ്റും സ്ഥാപിച്ചു. പ്രയോജനം 18 ഹെക്ടർ സ്ഥലത്ത്.

6. (2) ,,

7. ഒന്നാം വാർഡിൽ മുട്ടത്തുകുളം നന്നാക്കി 4 ഹെക്ടർ സ്ഥലത്തു പ്രയോജനം കിട്ടുന്നു.

8. എട്ടാം വാർഡിൽ തെക്കേത്താഴം പുഞ്ച - വശം കെട്ടി സംരക്ഷിച്ചു 1994 ൽ. പ്രയോജനം 6 ഹെക്ടർ സ്ഥല്ത്തു കിട്ടുന്നു.

9. മാടപ്പറമ്പിൽ താഴത്തു അരീക്കൽ - മുടക്കിൽ തോടിൽ ഒരു ക്രോസ്സ് ബാർ നിർമ്മിച്ചു. 9 സ്ഥലത്തു പ്രയോ ജനം.

10. അരീക്കൽ - മുടക്കിൽ തോടിലുള്ള മൂന്നു മുക്കിൽ സംരക്ഷിക്കുന്ന ഭിത്തികെട്ടി ക്രോസ്സ് ബാർ നിർമ്മിച്ചു. പ്രയോജനം 8 ഹെക്ടർ സ്ഥലത്തു ലഭിക്കുന്നു.

11. പുല്ലാന്തിക്കുളം നന്നാക്കി. പ്രയോജനം 4 ഹെക്ടർ സ്ഥലത്തു കിട്ടുന്നു.

12. ഊറനാട്ടു ചിറ നന്നാക്കി പ്രയോജനം 54.58 ഹെക്ടർ സ്ഥലത്തു ലഭിക്കുന്നു.

13. അഞ്ചാം വാർഡിൽ മരങ്ങാട്ട് പാടം തൊട്ട് തോടു നന്നാക്കി 8 ഹെക്ടർ സ്ഥലത്തു പ്രയോജനം.

14. ആറാം വാർഡിൽ - അരീക്കൽ - മുടക്കിത്തോടു നന്നാക്കുകയും സൈഡ് സംരക്ഷണ ജോലികൾ ചെയ്തു. 6 ഹെക്ടർ സ്ഥലത്തു പ്രയോജനം.

15. മാമ്പലായി താഴം തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷണ ജോലികൾ നിർവ്വഹിച്ചു. 402 ഹെക്ടർ സ്ഥലത്തു

പ്രയോജനം.

16. ആനാട്ടേൽ താഴെ തോട് സൈഡ് സംരക്ഷണം. 8 ഹെക്ടർ സ്ഥലത്തു പ്രയോജനം.

17. കുളവയൽ പുഞ്ച ആഴവും വിസ്താരവും കൂട്ടി വശങ്ങൾ കെട്ടി. 40 ഹെക്ടർ സ്ഥലത്തു പ്രയോജനം കിട്ടി.

18. ആറാം വാർഡിൽ തോട്ടുങ്കൽ താഴം കാഞ്ഞിരം കുഴിത്താഴം തോടിന്റെ വശങ്ങൾ കെട്ടി 6 ഹെക്ടർ സ്ഥലത്തു പ്രയോജനം.

19. ഊറനാട്ടു തോടിന്റെ സംരക്ഷണ ഭിത്തി കെട്ടി. 25 ഹെക്ടർ സ്ഥലത്തു പ്രയോജനം.

20. ഏഴാം വാർഡിൽ മേമ്മുറിപ്പാടംനാട്ടു തോടിന്റെ വശങ്ങൾ സംരക്ഷണഭിത്തി കെട്ടി. 2ഹെക്ടർ സ്ഥലത്തിനു പ്രയോജനം. മറിയായി കരട്ട തൊട്ടിൽ നിന്നും.

22. ഏഴാം വാർഡിൽ തൃക്കോത്താഴം പുഞ്ചത്തോടിന്റെ വീതിയും ആഴവും കൂട്ടി സംരക്ഷണഭിത്തി കെട്ടി. 16 ഹെക്ടർ സ്ഥലത്തു പ്രയോജനം.

23. ഒമ്പതാം വാർഡിൽ കൊച്ചരിക്കൽ വാട്ടർ ഷെഡ് പദ്ധതിയിൽ കയ്യാല സബ്സിഡിയായി 77000 രൂപയും തെങ്ങിന് തടം എടുക്കുന്നതിന് 109988 രൂപയും വളക്കുഴി നിർമ്മാണത്തിന് 2289 രൂപയും അനുവദിച്ചു. കക്ക, തുരിശ്, വളം എന്നിവയ്ക്കായി 40713 രൂപ ചിലവഴിച്ചു. 91200 രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തു. 1000 രൂപ സബ്സിഡി നിരക്കിൽ 75 തയ്യൽ മെഷിൻ വിതരണം ചെയ്തു. 3400 രൂപയുടെ മിനറൽ മിക്സ്ചർ വിതരണം ചെയ്തു. സോയിൽ കൺസർവ്വേഷൻ മുഖേന കയ്യാല, തെങ്ങിനു തടം, സോയിൽ കിറ്റ് എന്നിവയ്ക്കായി മൊത്തം 73000/- രൂപയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പച്ചക്കറി വികസനത്തിനായി 5500/- നടപ്പുവർഷം ചിലവഴിച്ചു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം കർഷകർക്കായി 13500 സബ്സിഡി അനുവദിച്ചു. കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## നിർദ്ദേശങ്ങൾ

1. വട്ടക്കുന്നേൽ ഭാഗം നാലാനിക്കുന്ന്, പുളിന്താനംകുന്ന് എന്നീ സ്ഥലങ്ങളിൽ കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കണം. ഇരട്ടനാൽക്കുളം, പെരുഞ്ചറക്കുളം ഇവ താഴ്ത്തി വശങ്ങൾ കെട്ടി ജലസേചനം വർദ്ധിപ്പിക്കുക.

2. ഒന്നാം വാർഡിലെ ചിറകളും കൈതോടുകളും നന്നാക്കി ജലസേചനത്തിന് സൗകര്യം ഉണ്ടാക്കുക.

3. ഓണക്കൂർ ചത്തംപടവ് പാടത്തിന്റെ നട കെട്ടുക, കുളവയൽ പുഞ്ചത്തോടിന്റെ വശം കെട്ടുക, കടലായിത്തോട് വീതികൂട്ടി ജലംസംഭരിച്ച് കൃഷിക്ക് ഉപയോഗിക്കത്തക്കവിധത്തിൽ ലീഡിംഗ് ചാനൽ നിർമ്മിക്കുക.

4. കിഴക്കനടി വെള്ളനടി നിലങ്ങളുടെ വശങ്ങൾ കെട്ടുക, ഇരുവാക്കത്തോട് വശം കെട്ടുക. പുള്ളോലിക്കുളം, പെരുമാനത്തുകുളം, ഞാറക്കുളം, വിരിയപ്പിള്ളിച്ചാൽ ഇവ താഴ്ത്തി കെട്ടി ലീഡിംഗ് ചാനൽ നിർമ്മിച്ച് ഉഴവൂർ തോട്ടിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

5. ഉഴവൂർ തോടിന്റെ ഇരു സൈഡും കെട്ടി മണ്ണിടിച്ചിൽ തടയുക. ഊറനാട്ട് ചിറയിൽ നിന്നുംപടിഞ്ഞാറോട്ടും കിഴക്കോട്ടുമുള്ള ലീഡിംഗ് ചാനൽ താഴ്ത്തുകയും ചെയ്യുക.

6. ഉഴവൂർ തോട്ടിൽ സ്ഥാപിക്കുന്ന ലിഫ്റ്റ് ഇറിഗേഷന്റെ പ്രയോജനം മൂന്നാം വാർഡിലെ പാടശേഖരങ്ങൾക്കും ലഭ്യമാക്കുക. ഊറനാട്ടുചിറ പാടശേഖരങ്ങളിലുള്ള മുഴുവൻ ലീഡിംഗ് ചാനലുകളും താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

7. താമരച്ചാൽനിന്നും തോട് നിർമ്മിക്കുക.

8. ഉഴവൂർ തോടുമുതൽ വടക്കോട്ട് എണ്ണക്കലോടി വരെ വശങ്ങൾ കെട്ടുക.

9. പൂവള്ളി മുതൽ പുഞ്ചത്തോടുവരെ വശങ്ങൾ കെട്ടുക.

10. കാരിക്കുഴി മുതൽ ചാലിതു ചിറ വരേയും താമരച്ചാൽ മുതൽ വാരിക്കാട്ട് വരേയും വശങ്ങൾ കെട്ടുക.

11. ഉഴവൂർ തോട്ടിൽ ചാലിയത്തു ചിറയിൽ ചെക്കുഡാം നിർമ്മിക്കുക.

12. ഫാം റോഡുകൾ നിർമ്മിക്കുക.

13. ചെമ്മിക്കാട് ചിറ വരെ വശങ്ങൾ കെട്ടുക.

14. അരുവിക്കൽ - മുടക്കനാട്ടുതോട്ടിൽ വശങ്ങൾ കെട്ടുക.

15. കുമ്പതു കുന്നേൽപ്പടി മുതൽ പൂങ്കോട്ടു പടി വരെ തോടിന്റെ വശങ്ങൾ കെട്ടുക.

16. ഇലവനാൽ പാടത്തു ലീഡിംഗ് ചാനൽ നിർമ്മിക്കുക.

17. M.V.I.P. യിൽ നിന്ന് കല്ലറപ്പാടം , ചാലിയത്തുചിറ റോഡ് പുതിയന്തടം ഭാഗത്തു നിന്നും വടക്കനാൽപ്പാടം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം.

18. അരുവിക്കൽ, വാഴമറ്റം, ഊത്തുകുഴി, പുതുവാ, ചെറുകുറ്റിക്കാട്, ചന്ത്രത്തിൽത്താഴം അരുവിക്കൽ മുടക്കുനാട്ടു തോട് എന്നീ ഭാഗങ്ങളിൽ ക്രോസ്സ് ബാറുകളും ട്രാക്ടർ പാലങ്ങളും നിർമ്മിക്കുക.

19. പാലക്കാട്ട് കുഴി മുതൽ താക്കോലിപ്പാടം വരെ ഉപകനാൽ നിർമ്മിക്കുക.

20. തോട്ടത്തിൽപ്പടി, ചാലിയത്തുചിറ റോഡ് മുറിച്ചുകയക്കുന്ന ഭാഗത്തു നിന്നും പാഴുക്കോട്ടിൽത്താഴം വരെ ഉപകനാൽ നിർമ്മിക്കുക.

21. ചെമ്മിക്കാവു ചിറയിൽ നിന്നും മുട്ടത്തുപാടത്തേയ്ക്കു വെള്ളം കൊണ്ടു പോകുന്ന തോടിന്റെ വശങ്ങൾ കെട്ടുക.

22. പഞ്ചായത്തു മോട്ടറിൽ നിന്നും വെള്ളം കൊണ്ടു പോകുന്ന ചാനലിന്റെ വശങ്ങൾ കെട്ടുക.

23. M.V.I.P യുടെ രാമംഗലം ബ്രഞ്ചുകനാലിൽ നിന്നും അരുവിക്കൽ ഭാതത്തുനിന്നും 200 മീറ്റർ പടിഞ്ഞാട്ട് മാറി മാളികയിൽതാഴം, പാലപ്പിള്ളിത്താഴം കയാനി ലക്ഷം വീടു കോളനി, കണികുന്നെൽത്താഴം, കൂടി താറ്റു പാടം ഭാഗത്തേക്ക് ഒരു സബ് കനാൽ ആരംഭിക്കണം.

24. ഉറവുപാടം മുതൽ കോനാട്ടു താഴം വരേയും കളപ്പുരത്താഴം മുതൽ ആലുങ്കൽത്താഴം വരെയും മുതുകുളം മുതൽ ചന്ദ്രത്തിൻ താഴം വരേയും കുഴുപ്പള്ളിത്താഴം മുതൽ ചൂരാലിത്താഴം വരെയും പുല്ലാന്തിക്കുളം മുതൽ ചന്ദ്രത്തിൻ താഴം വരേയും വശങ്ങളിലെ ഭിത്തികെട്ടുക.

25. അഞ്ചൽപ്പെട്ടി - കയനി റോഡ് മുതൽ കുഴൂപ്പള്ളിത്താഴം വരേയും തോടിന്റെ വശം കെട്ടേണ്ടതാണ്.

26. വട്ടക്കുളം മുതൽ പടിഞ്ഞറ് കുഴുപ്പള്ളിത്തോട് വഴി ചൂരാലിത്താഴം വരെയും, ആശുപത്രിപ്പടി - കോച്ചേരിപ്പടിക്കുളം റോഡിന് താഴെ ചൂരാലിൽ താഴം മുതൽ ആശുപത്രി വരെയും റോഡിന്റെ സൈഡ് കെട്ടി ബലപ്പെടുത്തുക.

27. രാമമംഗലം, പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷന്റെ അവസാന ഭാഗത്തുനിന്നും ആളോത്തുമാരി വരെ ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കണം.

28. അരീക്കൽ മുതൽ മുട്ടത്തുതാഴം വരെയും നടപ്പുറത്തുനിന്നും പറയൻക്കുടിതാഴംവഴി ഞാറ്റുതൊട്ടിവരെയും പറയൻക്കുടിതാഴം മുതൽ പറയിടം വരെയും വീണ്ടും പറയൻക്കുടിതാഴം മുതൽതൊണൽ വരെയും പാലപ്പിള്ളിത്താഴം വരെയും അരുവിക്കൽത്താഴം മുതൽ വലതുവശത്തു കരിം തകരമാരി ഞവരാൽ പുത്തംകുളങ്ങര കോളനി ഭാഗത്തേയ്ക്കും ഓരോ ലീഡിംഗ് ചാനൽ നിർമ്മിച്ച് ജലസേചന സൗകര്യം നിലനിറുത്തണം.

29. കുഴുപ്പിള്ളിത്താഴം പഞ്ചായത്തുകുളം മുതൽ ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കുക.

30. M.V.I.P. യുടെ മാമലശ്ശരി കനാലിൽനിന്നും എറുമ്പേത്തുപടി ഇരട്ടക്കുളം ഭാഗത്തുകൂടി കുളവേലി പുഞ്ചയിലേക്കും ലീഡിംഗ് കനാൽ അനുവദിക്കണം. ടി കനാലിന്റെ എഴുമോളേൽ ഭാഗത്തു നിന്നും ഒരു ലീഡിംഗ് ചാനൽ തെക്കോട്ടുപോയി താററുപാടം ഭാഗം വരെ എത്തണം. മടത്തേക്കാവ് താഴം റോഡ് ചാലുനിലം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം.

31. ആലുഞ്ചരിത്താഴത്തു നിന്നും ആനാട്ടേൽത്താഴം വരെ ലീഡിംഗ് ചാനൽ നിർമ്മിക്കണം. ആനാട്ടേൽത്താഴം ചാറ്റുപാടം റോഡിന്റെ വശംകെട്ടുക. തോട്ടുങ്കൽ കല്ലുംപ്ലാക്കൽത്താഴം, ചൂരാലിത്താഴം-മാക്കിത്താഴം, പൊമ്മിക്കര മലത്താഴം-കാളക്കുഴിത്താഴം, എന്നീ തോടുകൾ ഇരു സൈഡും കെട്ടുക.

32. പെരുമാംചിറ, കുന്നത്തുകുളം, കണിയാൻ കുളം എന്നിവ നന്നാക്കി ജലസേചനത്തിന് സൗകര്യപ്പെടുത്തണം. നീറുചിറയുടെ താഴേട്ടുള്ള ഭാഗത്തു തോടിന്റെ വശങ്ങൾ കെട്ടുക. പറക്കുളം മുതൽ പെരുമാൾ ചിറവരെ ലീഡിംഗ് ചാനൽ നിർമ്മിച്ച് വശങ്ങൾ കെട്ടുക. വാര്യത്തുകുളത്തിന്റെ താഴെയുള്ള ലീഡിംഗ് ചാനലിന്റെ പണിപൂർത്തിയാക്കുക. പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നും ലീഡിംഗ് ചാനൽ തെക്കോട്ടും പടിഞ്ഞാട്ടും നീട്ടുക.പെരുമാഞ്ചിറ - പഴപ്പുരത്താഴം വരെയുള്ള തോടിന്റെ കെട്ടാത്ത ഭാഗങ്ങൾ സൈഡ്ഭിത്തി കെട്ടുകയും വശങ്ങൾ കോൺക്രീറ്റ് ചെയ്യുകയും ചെയ്യുക.

33. M.V.I.P. യുടെ മാമ്മലശ്ശേരി M.I.D യിൽ നിന്നും എറുമ്പോത്തുപടി - ആലുഞ്ചേരി ഭാഗത്തു ഒരു ലീഡിംഗ് ചാനൽ വെട്ടി ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുക.

34. നാലുകണ്ടം ഭാഗത്തേക്ക് കൃഷിയാവശ്യത്തിന് പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നും ലീഡിംഗ് ചാനൽ നിർമ്മിക്കുക.

35. ചുണ്ടൻ മലയിൻ താഴം മുതൽ കപ്പക്കാട്ട് താഴം വരെ പെരും തോടിന്റെ വശങ്ങൾ കെട്ടുക.

36. പുല്ലാട്ട് മഠം മുതൽ പടിഞ്ഞാറേക്കുടി വരയുള്ള തോട് കെട്ടി ജലസേചനം വർദ്ധിപ്പിക്കുക. കുട്ടൻ ചിറ വിസ്താരപ്പെടുത്തി ജലസേചന സൗകര്യം കൂട്ടുക. ചാലുങ്കൽ താഴം മുതൽ - ചേലക്കൽത്താഴം വരെ തോടിന്റെ വശങ്ങൾ കെട്ടുക. തച്ചിറ വശങ്ങൾ കെട്ടുക. പാമ്പാക്കുട ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും കല്ലേലി മറ്റം ഭാഗത്തേക്കും ചേലിക്കൽ ഭാഗത്തേക്കും സബ് കനാൽ നിർമ്മിക്കുക. നെയ്ത്തുശാലപ്പടി റോഡ് സൈഡിൽക്കൂടി ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കുക. മൂവാറ്റുപുഴ വാലിയുടെ രാമമംഗലം M.D പൂർത്തിയാക്കുക.

37. ചെത്തുനാൽ ചിറകെട്ടി സംരക്ഷിക്കുക. നെടുംതടത്തിൽ നിന്നും മൂന്നുമുക്കു വരെ തോട് സൈഡ് കെട്ടുക. മാതേക്കര ഭാഗത്തുനിന്നും തെക്കുഭാഗത്തേക്ക് ലീഡിംഗ് ചാനൽ നിർമ്മിക്കുക. വെളിനാൽ ചിറകെട്ടി സംരക്ഷിക്കുക. ഒലിപ്പാട് ഭാഗത്തുനിന്നും കക്ഷായിഭാഗം കൂടി മാരിത്താഴത്തെക്ക് സബ് കനാൽ നിർമ്മിക്കുക. കൂനം കുഴി കൊട്ടയിൽ നിന്നും വെള്ളം പോകുന്ന തോട്കെട്ടുക. കരീം കുറ്റിക്കൽ താഴം മുതൽ വെള്ളാപ്പിള്ളിത്താഴം വരെ തോട് സൈഡ് കെട്ടുക. ചേലക്കൽത്താഴം മുതൽ ചാലുങ്കൽ താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടുക. മൂന്നു മുക്കു മുതൽ കപ്പക്കാടു വരെ പെരും തോടിന്റെ വശങ്ങൾ കെട്ടുക. മാളിക ത്താഴം മുതൽ അറക്കക്കുളങ്ങര താഴം വരെ തോട് താഴ്ത്തി വീതികൂട്ടുക.

38. കനാലുകൾ ഇല്ലാത്ത ഉയർന്ന പ്രദേശമായ ഒമ്പതാം വാർഡിന്റെ ഭാഗങ്ങളിൽ നാവോളി മറ്റം വരെ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കി ജലസേചനസൗകര്യം ഉണ്ടാക്കുക.

39. അരീക്കൽ ചെക്കുഡാം എത്രയും വേഗം പൂർത്തിയാക്കുക. നാമ്പടം മുതൽ അരുവിക്കൽ വരെയും ചാലിക്കൽ മുതൽ അരുവിക്കൽ വരെയും കപ്പപ്പിള്ളിത്താഴം മുതൽ കദളിമറ്റം വരേയും പാറയ്ക്കാമാരി മുതൽ ഇടുമുക്ക് വരെയും ഉള്ള തോടിന്റെ സൈഡ് കെട്ടുക.

## മൃഗപരിപാലനം

അധികം പുറകോട്ടില്ല. ഏറിയാൽ 3 പതിറ്റാണ്ട് അല്ലെങ്കിൽ 4. അതിനകം ഈ രംഗത്തുണ്ടായ മാറ്റങ്ങളെ മാത്രമേ പരിശോധിക്കുന്നുള്ളു. അതും ഹ്രസ്വമായി. വളർത്തുന്നവയിൽ മുഖ്യം കന്നുകാലിയാണ്. കറവക്ക്, ഉഴവിന്, വണ്ടിക്ക്. ഇന്ന് കറവക്കാണ് പ്രാധാന്യം. ഉഴാൻ യന്ത്രങ്ങളും, ഗതാഗതത്തിന് മോട്ടോർ വാഹനങ്ങളും വന്നതോടെ കാളയ്ക്കുണ്ടോ വല്ല പ്രധാന്യവും? അപൂർവ്വം ചിലർ ഉഴവിന് ഉപയോഗിച്ചെങ്കിൽ ആയി. പണ്ട് നാടൻ പശുക്കൾ ധാരാളം. അവ തരുന്ന പാലിന്റെ അളവ് നിസ്സാരം. രണ്ടിടങ്ങഴിപ്പാൽ കറക്കുന്ന പശു ഒരു വലിയ അത്ഭുതം തന്നെ. ഇന്ന് 6ഉം 8ഉം 12ഉം ലിറ്റർ പാൽ കറക്കുന്ന പശുക്കൾ പോലും ഒരു വാർത്തയല്ല.

ഗുണമേന്മയുള്ള സങ്കരവർഗ്ഗം പ്രചാരത്തിലായതാണ് ഇതിനു കാരണം മിക്കവീടുകളിലും അത്യുല്പാദനശേഷിയുള്ള പശുക്കളാണ് ഇന്നുള്ളത്. പാലിന്റെ ഉപയോഗം ഇന്നു വളരെ കൂടിയിട്ടുണ്ട്. ക്ഷീരസംസ്ക്കരണ വ്യവസായം ഇന്നിന്റെ സൃഷ്ടിയാണ്. ചായ, കാപ്പി മുതലായവ പണ്ട് ഒരു അപൂർവ്വ പാനീയമായിരുന്നു. പഴങ്കഞ്ഞിയും, ചോറും മാത്രമാണ് മിക്കവീടുകളിലേയും ഭക്ഷ്യം. ഇന്ന് ആ നിലയില്ല. കാപ്പിയും ചായയും ഏതുസമയവും ഉപയോഗിച്ചു വരുന്നു. ചായപ്പീടികകൾ പെരുകി. പുറത്തു സഞ്ചരിക്കുന്നവർ ധാരാളം. ജനസംഖ്യയും അനേകം മടങ്ങായി. പാലിൽ നിന്നും പുതിയ പല ഉപജന്യപദാർത്ഥങ്ങളും വിപണിയിലായി.

മിൽമപോലെയുള്ള സംഭരണവിപണന പ്രസ്ഥാനങ്ങൾ നിലവിൽ വന്നു. വെണ്ണയുടേയും നെയ്യിന്റെയുമൊക്കെ ഉപയോഗം വർദ്ധിച്ചു. സ്വന്തം ആവശ്യത്തിനുള്ള പണ്ടത്തെ സമീപനം പൊയ്പോയി. നാട്ടിൻ പുറങ്ങളിൽ പാലുല്പാദനം ഒരു നല്ല ജീവനോപാധിയാക്കി മാറ്റാൻ സാദ്ധ്യത വളരെയാണ്. പിന്നോക്ക വരുമാനക്കാരായ ഗ്രാമീണരെ സംബന്ധിടിച്ചു പ്രത്യേകിച്ചും. പക്ഷേ ഈ രംഗവും ഒരുപാട് വെല്ലുവിളികളെ നേരിട്ടുവരുന്നു.

പണ്ട്, ചവറു മലകളും പുല്ലുനിറഞ്ഞ വെളിംപ്രദേശങ്ങളും പാടശേഖരവും സുലഭമായിരുന്നു. അവിടേക്കു

കാലികളെ അഴിച്ചുവിട്ടു തീറ്റിക്കാൻ സൗകര്യമുണ്ടായിരുന്നു. പുല്ലും പച്ചിലകളും വേണ്ടത്ര. ഇന്ന് അതെല്ലാം പൊയ്പോയി. റബ്ബർതോട്ടങ്ങൾ വന്നു. തരിശു ഭൂമികൾ തീർന്നു. പുൽപ്രദേശങ്ങൾ മാഞ്ഞു. ഇന്ന് പ്രകൃതിയിൽ നിന്നും നേരിട്ടു ഭക്ഷ്യം കിട്ടാത്ത അവസ്ഥ.

മനുഷ്യരേപ്പോലെ മൃഗങ്ങൾക്കും പ്രിപ്പേഡ് ഫുഡ്കൊണ്ടു ജീവിക്കേണ്ട സ്ഥിതി. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിൽപ്പനരംഗത്ത് സഹായം ചെയ്തുവരുന്നു. പക്ഷെ, പഞ്ചായത്തു പ്രദേശങ്ങളിൽക്കൂടി സംഘം പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. ഇല്ലങ്കിൽ വിപണനം ഫലപ്രദമാവില്ല. മൃഗാശുപത്രിയുടെ പ്രവർത്തനവും കാലിവളർത്തലിനെ പോഷിപ്പിക്കുന്ന ഘടകങ്ങൾ തന്നെ. കുറേക്കൂടി വ്യാപകമായാൽ ഏറെ നന്ന്. അതിന് യുക്തമായ സ്ഥാനങ്ങളിൽ പുതിയ ആശുപത്രികൾ ഒന്നോ രണ്ടോ കൂടി സ്ഥാപിച്ചാൽ മതിയാകും.

പശുവളർത്തൽ ഗ്രാമീണർ ഉപേക്ഷിക്കേണ്ട സ്ഥിതിയിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് തോന്നുന്നു. കാലിത്തീറ്റയുടെ അമിതവില സഹകരണസംഘങ്ങൾ ഉത്പാദകരുടെ താത്പര്യത്തിനല്ല, അവരുടെ വളർച്ചക്കാണ് ഇന്ന് ഊന്നൽ നല്കുന്നത്. പിണ്ണാക്ക് മുതലായവ ചില സീസണിൽ വിലക്കുതന്നെ കിട്ടാനില്ലാത്ത സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇവക്കെല്ലാം ഫലപ്രദമായ പരിഹാരമുണ്ടായാലേ ഈ രംഗം മെച്ചപ്പെടുത്തിയെടുക്കാനാവൂ. കാലികളുടെ ചാണകം ഒരു നല്ല ജൈവവളമാണല്ലോ. അതിനുവേണ്ടിയെങ്കിലും മൃഗപാലനം മെച്ചപ്പെടുത്തേണ്ടതുണ്ട്. പാലുപോലെതന്നെ കാലികളുടെ മാംസത്തിന് വളരെയധികം വില്പനസാധ്യതയുണ്ട്. ആ രംഗത്തെ വികസനവും സാധ്യമാകുന്ന തരത്തിലുള്ള നടപടികൾ ഉണ്ടാകണം. ഇറച്ചിക്കടകൾ, അറവുശാലകൾ, കോൾഡ്സ്റ്റോറേജുകൾ മുതലായവ സ്വകാര്യസ്ഥാപനങ്ങളായി തുടരുന്ന അവസ്ഥക്കു മാറ്റം വരണം. ലാഭേച്ഛ, ഉല്പാദകരെ ചൂഷണം ചെയ്യാനേ പോരൂ. ആടുവളർത്തലും കുറഞ്ഞുകൊണ്ടിരിക്കുന്നു. കാരണങ്ങൾ മുകളിൽപറഞ്ഞതുതന്നെ. തരിശായിക്കിടക്കുന്ന കുന്നിൻപുറങ്ങൾ ഇന്ന് ഇല്ലേ ഇല്ല.

ആടു കടിക്കാത്ത ഇലയോ ഭ്രാന്തൻ പറയാത്ത വാക്കോ ഇല്ലെന്നല്ലേ ചൊല്ല്. കുറ്റിച്ചെടികൾ ഇന്ന് ഒരിടത്തുമില്ല. പാലിനല്ല മാംസത്തിനു വേണ്ടിയാണ് അന്നും ഇന്നും അജപാലനം ചെയ്യുന്നത്. മാംസവും പാലും ആയുർവ്വേദത്തിൽ നല്ല ഔഷധങ്ങളായിട്ടാണ് വിധിച്ചിരിക്കുന്നത്. ആട്ടിൻ സൂപ്പ്, അജമാംസരസായനം പാൽക്കഷായങ്ങൾ ഇവയെപ്പറ്റി കേൾക്കാത്തവരില്ലല്ലോ. പോത്ത്, എരുമ എന്നിവയും നമ്മുടെ വളർത്തുമൃഗങ്ങളാണ്. പന്നിവളർത്തൽ നാട്ടിൽ കുറഞ്ഞുകൊണ്ടിരുക്കുന്നു. നാടൻ പന്നികളേക്കാൾ ആദായകരമാണ് ശീമപന്നികൾ. ഹോട്ടലിൽ നിന്നും മറ്റും വെയ്സ്റ്റുകൾ ധാരാളമായി കിട്ടാനുള്ള ഭാഗങ്ങളിൽ പന്നിവളർത്തൽ ചെലവുകുറഞ്ഞതും ആദായകരവുമാക്കാം.

വളർത്തുനായ്ക്കൾ വീട്ടുകാവലിനു വേണ്ടിയാണ് ഇന്നും ഉപാകാരപ്പെടുന്നത്. സങ്കരയിനം നായ്ക്കുട്ടികളെ ഉത്പാദിപ്പിച്ച് വിപണിയിലെത്തിച്ചാൽ നല്ല വില കിട്ടുമെന്നു പറയപ്പെടുന്നു. ഇവിടെ ആരും തന്നെ അത് ഒരു തൊഴിലായി സ്വീകരിച്ചിട്ടില്ല.

കോഴി ഒരു നല്ല വളർത്തുപക്ഷിയാണ്. പൗരാണികകാലത്തന്നെ ഇത് പ്രധാനപ്പെട്ടിരിക്കുന്നു. നാടൻ കോഴികൾ ഇല്ലാത്ത ഒരു വീടുപോലുമില്ല. ഇവയുടെ മാംസം മുട്ട എന്നിവ നല്ലവണ്ണം ഉപയോഗിച്ചു വരുന്ന ഭക്ഷ്യ വസ്തുക്കളത്രെ. മുട്ടക്കോഴികളും, ഇറച്ചിക്കോഴികളും വാണിജ്യാടിസ്ഥാലത്തിൽ വളർത്തപ്പെടുന്ന കേന്ദ്രങ്ങൾ ഉണ്ടാകണം. ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ ആറെണ്ണമാണ് ഇപ്പോൾ നിലവിലുള്ളത്. വാർഡുതോറും ഒരു കേന്ദ്രമെന്ന നിലയിൽ അതുവർദ്ധിക്കേണ്ടതുണ്ട്. മുട്ടക്കോഴികൾക്ക് പ്രത്യേക വളർത്തുകേന്ദ്രങ്ങളില്ല. അതും വാർഡുതോറും ഒന്നെങ്കിലും വച്ച് ഉണ്ടാകേണ്ടതുണ്ട്. ഗവൺമെന്റെ അംഗീകൃത പൗൾട്രിഫാമുകൾ ഒന്നു പോലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വസന്ത വന്ന് പെട്ടെന്ന് ചത്തൊടുങ്ങാൻ സാധ്യതയുള്ളതാണ് കോഴികൾ. ഇവയ്ക്കുള്ള കുത്തിവയ്പുകൾ സാർവ്വത്രീകമാക്കേണ്ടതുണ്ട്. ഒരു മൃഗാശുപത്രിയാണ് ഇവിടെയുള്ളത്. അതു വികസിപ്പിച്ചും കൂടുതൽ ഫീൽഡു സ്റ്റാഫുകളെ നിയമിച്ചും മേൽ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണം. പ്രയോജനക്ഷമത കൂടിയ സങ്കരയിനം കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ മേൽ നോട്ടത്തിൽ പഞ്ചായത്തു പ്രദേശത്താകെ വിതരണം ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പടുത്തണം. സ്വയംതൊഴിലിന്റെ മേഖലയിൽ ഗ്രാമീണർക്ക് കോഴിവളർത്തൽ ഏറെ യോജ്യം. വീട്ടു പരിസരങ്ങളിൽ ജല ലഭ്യതയുള്ളവർക്ക് ചുരുങ്ങിയ തോതിൽ താറാവു വളർത്താവുന്നതാണ്. മുയലുകളെ വളർത്തി മാംസ ഭക്ഷണത്തിന്റെ അളവു കൂട്ടാൻ കഴിയും. പുതിയവർഗ്ഗങ്ങളെ വിതരണം ചെയ്തും, ശാസ്ത്രീയ വളർത്തുരീതികൾ പഠിപ്പിച്ചും പ്രചാരണങ്ങൾ സംഘടിപ്പിച്ചും ഈ രംഗം മെച്ചപ്പെടുത്തിയെടുക്കേണ്ടതുണ്ട്. കാട, പ്രാവ്, അണ്ണാൻ, കാട്ടുകോഴി മുതലായവയെ പ്രകൃതിതന്നെ നല്ല രീതിയിൽ പോറ്റി വരുന്നു. ഇവയെ പിടിച്ചെടുത്ത് ഭക്ഷ്യമാക്കാൻ കഴിഞ്ഞാൽ പോഷകാഹാരക്കുറവ് ഒരു പരിധിവരെ നിയന്ത്രിക്കാനാവും. പിടിച്ചെടുക്കാനുള്ള തന്ത്രങ്ങൾ കൂടുതൽ സുഗമമാവണം. അതിനുള്ള കണ്ടുപിടുത്തങ്ങളിലേയ്ക്ക് നമ്മുടെ ശ്രദ്ധതിരിയേണ്ടിയിരിക്കുന്നു.

നായ വളർത്തൽ നമുക്കു പ്രിയപ്പെട്ടതുതന്നെ. മിക്കവീടുകളിലും അതിനെ കാണാം. പലരും ഇതിന്റെ സാമൂഹ്യ പ്രാധാന്യം ശ്രദ്ധിക്കാത്തവരത്രെ. അക്കൂട്ടരാണ് ഒന്നിലധികം നായ്ക്കളെ വളർത്തുന്നത്. 20 പട്ടികളെ വരെ പോറ്റുന്ന വീടുകൾ ഈ പഞ്ചായത്തിലുണ്ട്. പലരും വേണ്ടത്ര ആഹാരം കൊടുക്കുന്നില്ല. പിടിച്ചുകെട്ടുന്നില്ല.

സമയാ സമയങ്ങളിൽ പ്രധിരോധ കുത്തിവയ്പുകൾക്കു വിധേയമാക്കുന്നില്ല. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല. നാടൻ പ്രദേശങ്ങളിൽ പട്ടിശല്യം വിശിഷ്യ വളരെ കൂടുതലാണ്. പേപ്പട്ടിശല്യവും പെരുകിയിട്ടുണ്ട്. അത്യാവശ്യം കഴിച്ച് ബാക്കി വരുന്ന പട്ടികളെ കൊന്നുകളയാൻ വീട്ടുകാർ തയ്യാറായേ പറ്റൂ. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളമെ കൊന്നുകളയാനുള്ള ചുമതല മൃഗവകുപ്പും പഞ്ചായത്തും ഏറ്റെടുക്കണം. ആണ്ടിൽ ഒരു വട്ടം ഇപ്പോൾ പഞ്ചായത്ത് നായപിടുത്തം നടത്തിവരുന്നുണ്ട്. ഇത് കുറേക്കൂടി വർദ്ധിപ്പിക്കുകയും പ്രാധാന്യം കല്പിക്കുകയും വേണം. കുത്തിവയ്പുകൾക്കുള്ള മരുന്നുകൾക്കു കടുത്ത ക്ഷാമമാണ്. ഈ നില പരിഹരിച്ചേപറ്റൂ.

അനാവശ്യമായി പോറ്റുന്ന നായ്ക്കളുടെ ലിസ്റ്റെടുത്ത് അവയെ വീട്ടുടമകളേക്കൊണ്ട് കൊന്നൊടുപ്പിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിന് മുമ്പ് ഉഴവുകാളകളെ രൂപപ്പെടുത്തി ക്കൊണ്ടിരുന്നതിനേപ്പറ്റി അല്പം പ്രതിപാദിക്കട്ടെ. കൃഷി ആവശ്യത്തിനു വേണ്ടി മൂരിക്കുട്ടന്മാരെ രൂപപ്പെടുത്തി യെടുക്കേണ്ടിയിരുന്നു. അതിനു വേണ്ടി 3-4 വയസ്സു പ്രായമുള്ള മൂരിക്കുട്ടന്മാരെ അവയുടെ വൃഷ്ണം പ്രത്യേക രീതിയിൽ തയ്യാറാക്കിയ ഉടച്ച് (ഏരുതിട്ട്) അവയുടെ ഉൽപ്പാദന ശേഷി നശിപ്പിച്ചിരുന്നു. ഈ സമ്പ്രദായം അവയ്ക്ക് വളരെയേറെ വേദനയുളവാക്കിയിരുന്നതും പ്രാകൃതവുമായിരുന്നു. ഏരുതിട്ടതിനു ശേഷം കാളക്കുട്ടന് പ്രത്യേകരീ തിയിലുള്ള ഭക്ഷണങ്ങളും പരിചരണങ്ങളും നൽകിയിരുന്നു. ഇങ്ങനെ വളർത്തിയെടുത്ത മൂരിക്കുട്ടന്മാരെയാണ് നിലം ഉഴുന്നതിനും വണ്ടിവലിക്കുന്നതിനും ഉപയോഗിച്ചിരുന്നത്. ഒരു കാളക്കുട്ടിയെ ആദ്യമായി പാടത്തിറക്കി പൂട്ടുന്ന സമ്പ്രദായത്തിന് പൂണാരം പൂട്ടൽ എന്നാണ് പറഞ്ഞിരുന്നത്.

പശു പ്രസവിച്ചാൽ അക്കാലങ്ങളിൽ 16 രാവു കഴിഞ്ഞാൽ മാത്രമേ പാൽതിളപ്പിച്ച് ഉപയോഗിച്ചിരുന്നുള്ളു. പശു പ്രസവിച്ച് നാലാം ദിവസം മുതൽ കിട്ടുന്ന പാൽ മുഴുവൻ തിളപ്പിക്കാതെ ഉറയൊഴിച്ച് കട്ടത്തൈരാക്കി മഞ്ഞൾ കറിവേപ്പില ഇവ ചതച്ചിട്ട് പശുവിനു കൊടുക്കുകയും കിടാവിന്റെ വായിൽ തൊട്ടുതേക്കുകയും അയൽ വീടുക ളിൽ കൊടുക്കുകയും ചെയ്തിരുന്ന സമ്പ്രദായത്തിന് "കാടൻ ഊട്ട്" എന്നു പറഞ്ഞിരുന്നു.

**നല്ല സങ്കരയിനത്തിൽപ്പെട്ട ഏതാനും പശുക്കൾ**

1) ജെഴ്സി 2) സുനന്ദിനി 3)സ്വിസ്സ് ബ്രൗൺ.

**വിപണനവും മൃഗപരിപാലനവുമായി ബന്ധപ്പെട്ട ഏതാനും സ്ഥാപനങ്ങൾ**

1) 7-ാം വാർഡിലുള്ള മൃഗാശുപത്രി.

2) 1ഉം 2ഉം 3ഉം 4ഉം വാർഡുകൾ മുട്ടിയുരുമ്മുന്ന ഓണക്കൂർ പാലം പ്രദേശത്ത് ഒരു ഇന്റെൻസീവ് ക്യാറ്റിൽ ഡവലപ്പ്മെന്റ് കേന്ദ്രം.

3) ഓണക്കൂർ പാലത്തിങ്കലും പാമ്പാക്കുട ആശുപത്രി പടിക്കലും ഓരോ പാൽ സംഭരണകേന്ദ്രം.

## മത്സ്യബന്ധനം

ഈ സംഗതി ഇന്നോളം ഇവിടെ വിപുലമായ തരത്തിൽ ആരംഭിച്ചിട്ടില്ല. ആരംഭിക്കാൻ ഒട്ടേറെ സാദ്ധ്യതക ളുണ്ട്- എന്നിരുന്നാലും അവയിലേയ്ക്കാണ് ഈ അദ്ധ്യായത്തിന്റെ ചുവടുവയ്പ്. ഉപഭോഗം മുഴുവൻ ഇറക്കുമതി യിലൂടെയാണ് നടക്കുക. ശരാശരി 1100 കി.ഗ്രാം മത്സ്യം ഇവിടെ വിറ്റഴിക്കപ്പെടുന്നു. സൈക്കിളിലും, മോപ്പെടിലും, ഓട്ടോറിക്ഷയിലും, തലച്ചുമടായും ആണ് അന്യദിക്കിൽ നിന്നും അവ ഇവിടെ എത്തിച്ചേരുന്നത്. ശരാശരി 35 രൂപ കിലോയ്ക്ക് വില കൊടുക്കണം. ഇവിടത്തെ കുത്തരിച്ചോറും മീൻകറിയും വളരെ പ്രസിദ്ധമാണ്. ശരാശരി 38000 രൂപക്കുള്ള മത്സ്യവ്യാപാരം നിത്യവും ഇവിടെ നടക്കുന്നു. മത്സ്യബന്ധനത്തിനുള്ള പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കിയില്ലെങ്കിൽ നമ്മുടെ പണം മുഴുവൻ അന്യനാടുകളിലേക്ക് ഒഴുകിയകലും. ഈ പഞ്ചായത്തിലെ 9 വാർഡുകളിലും മത്സ്യകൃഷിക്കാവശ്യമായ ജലാശയങ്ങളും നീർത്തടങ്ങളുമുണ്ട്. മറ്റു കൃഷിക്കു പറ്റാത്ത അത്തരം ഭാഗങ്ങളിൽ മത്സ്യകൃഷിചെയ്യുന്നതിന് തടസ്സമാകുന്നില്ല. ഒന്നും രണ്ടും മൂന്നും വാർഡുകളിലുള്ള കുളവയൽ പുഞ്ച പ്രദേശം ഉൾനാടൻ മത്സ്യം വളർത്തലിന് തികച്ചും അനുയോജ്യമാണ്.

നാലാം വാർഡിൽ 8 1/2 ഏക്കർ വിസ്തീർണ്ണതയിൽ 7 അടിതാഴ്ചയുള്ളതും 12 മാസം വെള്ളം കെട്ടിക്കിടക്ക ന്നതും, മറ്റുകൃഷിയൊന്നു ചെയ്യാത്തതുമായ വെങ്ങളത്തുചാലിനെ മറ്റൊരു വളർത്തൽ കേന്ദ്രമാക്കാം. നാലാം വാർഡിൽ തന്നെയുള്ള മറ്റൊരു ജലാശയമാണ് കളപ്പുരച്ചാൽ. അഞ്ചാം വാർഡിലെ പുല്ലാന്തിക്കുളം, കുളങ്ങർക്കുളം,മാനംകുളം. ആറാം വാർഡിലെ ഇരട്ടക്കുളം, പൊട്ടയിൽക്കുളം. ഏഴാം വാർഡിലെ പൊരുമാഞ്ചിറ, നീർച്ചിറ. എട്ടാം വാർഡിലെ മാനാംകോട്ട് പുഞ്ച ഒമ്പതാം വാർഡിലെ നെടുമ്പുറത്തുചിറ ഇവയെല്ലാം മത്സ്യകൃഷിക്കു പറ്റിയതുതന്നെ.

427

| ജലാശയം / കുളം | വിസ്തീർണ്ണം | കൂടിയ താഴ്ച |
|---|---|---|
| കുളവയൽ പുഞ്ച | 50 ഏക്കർ | 6 അടി |
| വെങ്ങളത്തുചാൽ | 8 1/2 ഏക്കർ | 8 അടി |
| കളപ്പുരച്ചാൽ | 1 ഏക്കർ | 8 അടി |
| പുല്ലാന്തിക്കുളം | 8 സെ. | 10 അടി |
| കുളങ്ങരക്കുളം | 22 സെ. | 14 അടി |
| മാനംകുളം | 9സെ. | 12അടി |
| ഇരട്ടക്കുളം | 16 സെ. | 14 അടി |
| പൊട്ടയിൽക്കുളം | 9 സെ. | 12 അടി |
| പെരുമാഞ്ചിറ | 1 ഏക്കർ | 8 അടി |
| നീർച്ചിറ | 30 സെ. | 10 അടി |
| മാനാംകോട്ടുപുഞ്ച | 5 ഏക്കർ | 7 അടി |
| നെടുംപുറത്തു ചിറ | 41 സെ. | 10 അടി |

ഏലിയാമ്മ ഫിലിപ്പ്
ബ്ലോക്ക് മെമ്പർ



ജോസഫ് ജോൺ
ബ്ലോക്ക് മെമ്പർ

അനിൽ ചെറിയാൻ
ബ്ലോക്ക് പ്രസിഡന്റ്



സുധാദേവി പി.പി.
ജില്ലാ മെമ്പർ

മോളി വർഗീസ്
ജില്ലാ മെമ്പർ

# വ്യവസായം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിനും സമ്പദ്ഘടനക്കും ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യവസായം അനുപക്ഷമീയമാണ്. വൻകിട, ഇടത്തരം, ചെറുകിട വ്യവസായ രംഗതത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഏറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്താണ് നമ്മുടേത്. വ്യവസായ സാദ്ധ്യതകൾ ധാരാളമുള്ള ഒരു പ്രദേശമാണ് നമ്മുടേത്. വിഭവങ്ങളും മറ്റ് അനുയോജ്യമായ പിരിതസ്തിതികളും മുഴുവനായി ഉപയോഗപ്പെടുത്തി കൊണ്ട് വ്യവസായം പുരോഗതിക്ക് ആസൂത്രിതമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

ഈ പ്രദോശത്തെ വ്യവസായത്തിനാവശ്യമായ വിദ്യുച്ഛക്തിയും, സുലഭമായി ലഭിക്കുവാൻ അരിവക്കൽ വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ശ്രമം ആരംഭിച്ചാൽ മതിയകും. തികച്ചും കാർശിക പ്രദേശമായ ഈ ഗ്രാമം കൃഷിമേഖലയെ വ്യവസായമായി പ്രഖ്യാപിക്കേണ്ടതാണ്. കൃഷിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃസാധനങ്ങൾ ഉപയോഗിച്ച് ധാരാളം ചെറുകിട വ്യവസായങ്ങൾ ആരംബിക്കുവാൻ കഴിയും. പഞ്ചായത്ത് തലത്തിൽ വാർഡുകൾതോറും ഇവിടെ ലഭ്യമാകുന് അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ഓരോ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയം അവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിന് പഞ്ചായത്തു ആസ്ഥാനത്ത് വിപണന കേന്ദ്രം ആരംഭിക്കുകയും ചെയ്താൽ വികസനപുരോഗതിത്തും തദ്വാര ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരത്തിനും ഇത് കാരണമായിത്തീരും. വൻകിട വ്.വസായങ്ങളെ അപേക്ഷിച്ച് ചുരുങ്ങിയ മൂലധനം കൊണ്ട് കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സിദ്ധിക്കുന്നു. ചെറുകിട വ്യവസായങ്ങളുടെ ആസൂത്രിതവിതസനം കൊണ്ടു മാത്രമെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു.

കാർഷിക ഉല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന അസംസ്കൃത സാദനങ്ങൾക്ക് പുറമെ സഹകരണാടിസ്ഥാനത്തിൽ ഗേറ്റുകൾ, ജനലുകൾ, വെന്റിലേറ്ററുകൾ, ടാങ്കുകൾ, വീപ്പകൾ, ഷട്ടർ മുതലയവ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കാം.

അതുപോലെ തന്നെ ധാരാളം റബ്ബർ കർഷകർ ഉള്ള നാട്ടിൽ റബ്ബറിനെ അടിസ്ഥാനമാക്കി ചെറുകിടവ്യവസായങ്ങൾ പ്ലാസ്റ്റിക് ഉപകരണങ്ങൾ, പെയിന്റുകൾ, വാർണിഷ്, കീടനാശിനികൾ, സോപ്പ്, മെഴുകുതിരികൾ, ചന്ദനത്തിരികൾ എന്നിവ അടിസ്ഥാനമാക്കി വിവിധതരത്തിലുള്ള വ്യവസായങ്ങൾ വളരെയേറെ വികസന സാദ്ധ്യതയുണ്ട്. ഇതിനു പുറമെ അച്ചടി ശാലയും പഴസംസ്കരണ യൂണിറ്റകൾ, അച്ചാറുയൂണിറ്റുകൾ, കൊട്ട, പനമ്പ്, ഇഷ്ടിക, കയർ, കൈത്തറി, മുതലായ പാരമ്പര്യ വ്യവസായ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

അടുത്തതായി ധാരാളം കേരകർഷകർ ഉള്ള ഈ നാട്ടിൽ കേരോല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ച് ധാരാളം വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. വർഷങ്ങൾക്കു മുമ്പ് അഞ്ചൽപ്പെട്ടിയിൽ ത്രീകിംഗ്സ് ഫർണസ് പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്. തീപ്പെട്ടി വ്യവസായം, തടി വ്യവസായം, ഏതാനും മെഴുകുതിരി യൂണിറ്റുകൾ, വർക്കുഷോപ്പുകൾ എന്നിവ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതും പ്രൈവറ്റുമേഖലയിൽ മാത്രമാണ്. പരമ്പരാഗത വ്യവസായങ്ങളും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. കാർഷികോല്പന്നങ്ങളിൽ നിന്നും ലഭ്യമാകുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം ഇവിടം ഇല്ലെന്നുതന്നെ പറയാം. ഇതിനു പുറമെ പ്രൈവറ്റു മേഖലയിൽ ഏതാനും റെഡിമേയ്ഡ് യൂണിറ്റുകളുടെ ഒരു ശൃംഖല തന്നെയുണ്ട്.

അസംസ്കൃതസാധനങ്ങൾ ധാരാളമുണ്ടെങ്കിലും ഈ പ്രദേശത്തു വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പല പ്രശ്നങ്ങളും വേറെയുണ്ട്

1. ആവശ്യത്തിനുള്ള വൈദ്യുതിയുടെ അഭാവം
2. ബാങ്കുകളുടെ നിസ്സഹരണം.
3. പരിസ്ഥിതി – പ്രശ്നം

4. ഗതാഗത സൗകര്യകുറവ്
5. തൊഴിൽ പ്രശ്നങ്ങൾ
6. അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ

1. ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുവാൻ ആവശ്യമായ വൈദ്യുതി 30 ദിവസത്തിനകം ലഭ്യമാകുമെന്നുറപ്പു വരുത്തുക.
2. യഥാസമയം വായ്പകൾ ലഭ്യമാക്കുകയും അവയ്ക്കുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.
3. പരിസ്ഥിതി സംബന്ധിച്ച് വിദഗ്ദരുടെ സേവനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക. ലൈസൻസ് ഉൾപ്പടെയുള്ള വ്യവസായ അധിഷ്ടിത സംരംഭങ്ങൾക്കുള്ള അധികാരം പഞ്ചായത്തിന് നൽകുക.
4. ഇന്നുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക
5. തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ ഭദ്രമാക്കുക.
6. അനുയോജ്യമായ ഭൂമികൾ പിടിക്കുന്നതിനും ലഭ്യമാക്കുന്നതിനും വിലനിശ്ചയിക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കൊടുക്കുക.

## ആവശ്യങ്ങൾ

1. ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുക. ഈ എസ്റ്റേറ്റ് അർഹരായവർക്ക് ലഭ്യമാക്കുക. ഭൂമിയുടെ പരിപൂർണ്ണാധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക മാത്രമായിരിക്കേണ്ടതും യൂണിറ്റുകൾ 6 മാസം 8 മാസം കാലഘട്ടത്തിൽ പ്രവർത്തിക്കാതെ വരുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് മറ്റ് സംരംഭകർക്ക് ലഭ്യമാക്കുവാൻ ഉതകുന്ന അധികാരം നൽകുന്നു.
2. പാരമ്പര്യ കൈ തൊഴിലുകൾ പുനരുദ്ധരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
3. എല്ലാ വാർഡിലും വനിതാ വ്യവസായ സഹരണ സംഘങ്ങൾ സ്ഥാപിച്ച് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതോടനുബന്ധിച്ച് ബാലവാടി കൂടി ആരംഭിക്കക്കക.
4. തീപ്പെട്ടി, കരിപൗഡറുകൾ, മെഴുകുതിരി, കുടനിർമ്മാണം, സ്കൂൾ ബാഗ് നിർമ്മാണം എന്നീ യൂണിറ്റുകൾ ആരംഭിക്കുന്ന നടപടി സ്വീകരിക്കുക.
5. അഞ്ചൽപ്പെട്ടി കേന്ദ്രമാക്കി മാർക്കറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.
6. നാളികേരാധിഷ്ടിത വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.
7. നെല്ല് കുത്തു വ്യവസായം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
8. തൊഴിൽവേതന വാങ്ങുന്നവർ നിശ്ചിതകാലം തദ്ദേശ സേവനം അനുഷ്ഠിക്കാൻ വേണ്ട ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
9. സിമന്റ്, ഇഷ്ടിക നിർമ്മാണ യുണിറ്റ്, ബുക്ക് ബയിന്റിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ക്ഷീരവ്യവസയം എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
10. എല്ലാ വാർഡിലും റബ്ബറധിഷ്ടിതവ്യവസായ യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
11. പഞ്ചായത്തു തലത്തിൽ ഒരു പൈനാപ്പിൾ സംസ്കരണയൂണിറ്റ് ആരംഭിക്കുക.
12. ആട്ടോമൊബാൽ ഷോപ്പ് ഇലക്ട്രോണിക് ഉപകരണ നിർമ്മാണ യുണിറ്റ് എന്നിവ ആരംഭിക്കുക.
13. പഞ്ചായത്തു തലത്തിൽ ഖാദി ഗ്രാമവ്യവസായ കേന്ദ്രം നടത്തുക.
14. പഞ്ചായത്തുതലത്തിൽ ഒരു ഇരുമ്പ് ഉപകരണ യുണിറ്റ് സ്ഥാപിക്കുക.

# ഊർജ്ജം, ഗതാഗതം

വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വൈദ്യുതി. അനുഭവത്തിൽ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയും കൂടിയാണിത്. ഏറ്റവും അടുത്തകാലത്തെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ഒരാൾ കൊല്ലത്തിൽ ശരാശരി 80 കിലോവാട്ട് വൈദ്യുതി ഉപയോഗിക്കുന്നതായി കാണാം. മറ്റു രാജ്യങ്ങളിലെ ആളോഹരി വൈദ്യുതി ഉപയോഗം നോക്കുമ്പോൾ നമ്മൾ വളരെ താഴ്ന്നപടിയിലാണെന്നു കാണാം. വളരെ പ്രതികൂലമായ പരിതസ്ഥിതികളും പരിമിതമായ പ്രകൃതി വിഭവങ്ങളും മാത്രമുള്ള ജപ്പാനിലും സ്വീഡനിലും വൈദ്യുതി ഉൽപ്പാദനത്തിലും ഉപയോഗത്തിലും ഉള്ള വളർച്ച അത്ഭുതാ വഹമാണ്. അവർക്ക് ഇത്രയും പുരോഗതി ഉണ്ടാകുമ്പോൾ നമുക്ക് ഒരംശമെങ്കിലും പുരോഗതി കൈവരുത്തുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കണം.

വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് മുമ്പ് നാം ഊർജ്ജത്തിനു വേണ്ടി വിറക്. മണ്ണെണ്ണ, ഡീസൽ, പെട്രോൾ, കൽക്കരി എന്നിവയെ ആശ്രയിച്ചിരുന്നു. എന്നാൽ കാലം പുരോഗമിച്ചതോടുകൂടി വിറകിന് ദൗർലഭ്യവും വിലകൂടുതലും ഉപയോഗിക്കുവാനുള്ള അസൗകര്യവും കാരണം മറ്റ് ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുവാൻ തുടങ്ങി. പാചകാവശ്യത്തിന് മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുവാൻ തുടങ്ങി. കാലം പുരോഗമിച്ചതോടുകൂടി ഭക്ഷ്യാവശ്യത്തിന് വൈദ്യുതി ഹീറ്ററുകൾ ഉപയോഗിക്കുവാൻ തുടങ്ങി. വൈദ്യുതിയുടെ കുറവ്, അപകട സാധ്യത അമിതമായ സാമ്പത്തിക നഷ്ടം എന്നീ കാരണങ്ങളാൽ ഇന്ന് പാചക വാതക ഗ്യാസിനെ ആശ്രയിക്കാൻ തുടങ്ങി. ഇന്ന് ഗ്യാസിനും ക്ഷാമം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. മാത്രവുമല്ല വൈദ്യുതി ഉപയോഗവും ഇവിടെ ആവശ്യാനുസരണം നമുക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ നാം മറ്റു ഊർജ്ജസ്രോതസ്സുകളെ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 3572 ഗാർഹീക കണക്ഷനുകൾ നാളിതുവരെയായി നൽകിയിട്ടുണ്ട്. ഇനി 500 ൽപ്പരം കുടുംബങ്ങൾക്കുകൂടി വൈദ്യുതി എത്താനുണ്ട്. വ്യാപാരാവശ്യങ്ങൾക്ക് 925 ഉം കാർഷീകാവശ്യങ്ങൾക്ക് 1120 ഉം കണക്ഷനുകൾ നൽകിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. അവസാനമായി 22-10-96 ലാണ് ഈ പഞ്ചായത്തിൽ കണക്ഷൻ നൽകിയിട്ടുള്ളത്. തൻവർഷം ഓർഡിനറിയിൽ 9 ഉം O.T.P യിൽ 21 ഉം O.Y.E.C. യിൽ 116 ഉം കണക്ഷനുകൾ നൽകിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റായി പഞ്ചായത്തിൽ നിന്നും 228 ബൾബുകളും 30 ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ L.T.ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. താറ്റുപാടം 2. ഓണക്കൂർ പള്ളിപ്പടി 3. ഓണക്കൂർ പാലം 4. പെരിയപുറം 5. പുതുശ്ശേരിപ്പടി 6. അഞ്ചൽപെട്ടി 7. പാമ്പാക്കുട 250 K.V. 8. പപ്പുക്കവല (100K.V) 9. കൗതുക്കുഴി (100 K.V.) 10. പാമ്പാക്കുട ടൗൺ (250 K.V) 11. പിറമാടം (100 K.V) 12. വിലങ്ങുപാറ 13. സൗത്ത് പിറമാടം. 14. കൊച്ചു പമ്പാക്കുട.

പാമ്പക്കുട പഞ്ചാത്തിൽ 5 ലക്ഷം വീടു കോളനിയും ഏതാനും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും ഉണ്ട്.ഭൂരിഭാഗം ആളുകൾക്കും ഇനിയും വൈദ്യുതി കിട്ടേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്കും കൃഷിക്കും വ്യാപാരവ്യവസായ ആവശ്യങ്ങൾക്കും ഊർജ്ജം അത്യന്താപേക്ഷിതമാണ്. ഇന്ന് ആവശ്യമുള്ള ഊർജ്ജം വിവിധ മണ്ഡലങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ഇത് നമ്മുടെ ഇന്നത്തെ ആവശ്യത്തിന് പര്യാപ്തമാകുന്നില്ല. ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് കിട്ടിയാലും ഇവിടത്തെ ഇന്നത്തെ ഊർജ്ജാവശ്യം പരാഹരിക്കാൻ പര്യാപ്തമല്ല. ഇന്നത്തെ നിലയിൽ മന്നോട്ടുപോയാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ മനുഷ്യ ജീവിതം തന്നെ അസാദ്ധ്യമായിത്തീരും.അത്കൊണ്ട് കിട്ടാവുന്ന സ്രോതസ്സുകളിൽ നിന്നും പരമാവധി ഊർജ്ജം ഉൽപാദിപ്പിക്കുവാൻ യത്നിക്കേണ്ടിയിരിക്കുന്നു. ഊർജ്ജം ലഭിക്കാൻ സാദ്ധ്യതയുള്ള ഏതാനും സ്രോതസ്സുകളുടെ വിവരം താഴെ ചേർക്കുന്നു.

430A

1. വിറക് 2. പെട്രോളിയോൽപന്നങ്ങൾ 3. ബയോഗ്യാസ്
4. ജലവൈദ്യുതി 5. സൗരോർജ്ജം 6. കാറ്റിൽ നിന്ന് മുതലായവയാണ്.

ഇന്നുള്ള വൈദ്യുതി വിതരണ സമ്പ്രദായങ്ങളിൽ പ്രസരണനഷ്ടം വളരെ കൂടുതലാണ്. തൻമൂലം ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. യന്ത്രോപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മ, ചൂഷണം എന്നിവയും പ്രസരണനഷ്ടത്തിനു കാരണമാകുന്നു.

1. എല്ലാ ഭവനങ്ങളിലും ഗോബർഗ്യാസ് സ്ഥാപിച്ച് പാചകത്തിനും പ്രകാശത്തിനും പ്രയോചജനപ്പെടുത്തുക.
2. സോളാർ വിളക്കുകളും കുക്കറും പ്രചരിപ്പിക്കുക.
3. കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും സോളാർ മോട്ടോറുകൾ കൂടുതലായി ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.
4. സോളാർ പദ്ധതിപ്രകാരമുള്ള ഊർജ്ജോപകരണങ്ങൾ വാങ്ങുന്നതിന് കൂടുതൽ സബ്സിഡി ലഭ്യമാക്കുക.
5. പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വേണ്ടി വൈദ്യുതി ലൈനുകളിൽ തൊട്ടുകിടക്കുന്ന വൃക്ഷങ്ങൾ വെട്ടി മാറ്റുക.
6. പതിയതായി വലിക്കുന്ന ലൈനുകൾ കഴിയുന്നിടത്തോളം റോഡുസൈഡിലാക്കുന്നത് പ്രസരണ നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നു.
7. നിലവിലുള്ള ലൈൻ സൗകര്യപ്രദമായ രീതിയിൽ പുനഃക്യമീകരിച്ചാൽ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും സാമ്പത്തികനേട്ടം ഉണ്ടാക്കുവാനും സഹായിക്കുന്നു.
8. ട്രാൻസ്ഫോമറുകൾ ബോക്സിനകത്താക്കി ലോക്ക് ചെയ്യണം.
9. ഈ പഞ്ചായത്തിലെ അരിവിക്കൽ വെള്ളച്ചാട്ടം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപാദപ്പിക്കാനുള്ള പദ്ധതിക്കു രൂപം നൽകിയാൽ പാമ്പാക്കുട ഗ്രമപഞ്ചായത്തിൽ പൂർണമായും ബ്ലോക്കതിർത്തിയിൽ പെട്ട മറ്റു പഞ്ചായത്തു പ്രദേശത്തും ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതാണ്.
10. ഈ പഞ്ചായത്തിൽ കുന്നുകളുണ്ട് . ഇവിടെ കാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ച് 0കാറ്റിൽ നിന്ന് 1വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള സൗകര്യം പ്രയോജനപ്പെടുത്തണം.
11. സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സത്വര നടപടിയും ആരംഭിക്കുക.

## നിർദ്ദേശങ്ങൾ

1. ഓണക്കൂർ ഇടത്തൊട്ടിപ്പടി-ഇരട്ടനാൽകുളം ഭാഗത്ത് ഏകദേശം 20 വീടുകൾക്ക് വൈദ്യുതി ലഭിക്കാനുണ്ട്. ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുക.
2. അരിയപ്പുറത്തുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.
3. 7ഓണക്കൂർ സൗത്ത് കിരാതമംഗലം റോഡിലും മണ്ണാത്തിക്കുളംപടി കാക്കൂർ റോഡിൽ ഓണക്കൂർ സെഫിയോൺ പള്ളി മുതൽ പഞ്ചായത്ത് അതിർത്തി വരെ സ്ട്രീറ്റുലൈറ്റുകൾ സഅഥാപിക്കുക.
4. വാലെപ്പടി റോഡിന്റെ കീപ്പാള്ളി ഭാഗത്ത് 10 വീടുകൾ കൂടി വൈദ്യുതീകരിക്കണം. ഈ ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
5. പാണ്ടിയൻപാറ, നെച്ചൂർ കടവ് റോഡ്, വാലേപ്പടി-കീപ്പാള്ളി റോഡ് ഓണക്കൂർ കരിയില തോട് റോഡ് , കല്ലിൽതാഴാ റോഡ്, ഊരനാട്ട് ചിറ റോഡ്, പുളിക്കടവ് റോഡ്, ആലുംചിറ റോഡ് എന്നീ റോഡുകളിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുക.
6. കക്കയത്ത് അനുവദിച്ചിരിക്കുന്ന ട്രാൻസ്ഫോമർ എത്രയും വേഗം സ്ഥാപിക്കണം.
7. ഓണക്കൂർ ലക്ഷം വീടുകോളനിയിൽ വൈദ്യുതി ഇല്ലാത്ത വീടുകൾ വൈദ്യുതീകരിക്കാനും സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിക്കുക.
8. പുതുശ്ശേരിപ്പടി –മാമലശ്ശേരി റോഡിൽ S.N.D.P.ജംഗ്ഷൻ മുതലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി ചാലിയത്തുചിറ ട്രൻസ്ഫോമറുമായി ബന്ധിപ്പിക്കുകയും അവിടത്തെ ട്രാൻസ്ഫോമറിന്റെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യുക.

9. കല്ലറപ്പാടം ചാലിയത്തു റോഡിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക.

10. പുതുശ്ശേരി-മാമലശ്ശേരി റോഡിലെ സ്ട്രീറ്റുലൈറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

11. ചെറിയ പാമ്പാക്കുടയിൽ സ്ഥാപിച്ചിട്ടുള്ള മാതൃകാ ട്രാൻസ്ഫോമർവഴി ഇപ്പോൾ വൈദ്യുതി ലൈനുകൾ പോകുന്നത് റബ്ബർതോട്ടങ്ങളിലൂടെയാണ്.ഈ ലൈനുകൾ റോഡുകളിൽക്കൂടിയാക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുക.

12. മൂന്നാനിക്കുഴി, ചെറിയ പാമ്പാക്കുട, കയനിപറക്കോട്ടിൽ, എന്നീ ഭാഗങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോമ റുകൾ സ്ഥാപിക്കുക.

13. പട്ടികജാതി, പട്ടികവർഗ്ഗ കോളനി, ലക്ഷംവീട് കോളനി , പാമ്പാക്കുട ഈസ്റ്റ് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി കണക്ഷൻ എത്രയും വേഗം നൽകുക.

14. പാമ്പാക്കുട -ആത്താനിക്കൽ റോഡ്, ആശുപത്രി കൊച്ചേരിക്കുളം റോഡ്, അഞ്ചൽ പെട്ടി- കയനി റോഡ്, കാക്കൂർ -അരീക്കൽ റോഡ് , പുലക്കാവിൻ താഴം- കയനി റോഡ്, ചെറയപള്ളിക്കവല- പാറ റോഡ്, മൂന്നാനിക്കുഴി- ഞവരാലി റോഡ്, പാപ്പു കവല- മണ്ണത്തൂർ റോഡ് എന്നിവിടങ്ങളിൽ ഒന്നിടവിട്ട പോസ്റ്റുകളിൽ സ്ട്രീറ്റുലൈറ്റ് സ്ഥാപിക്കുക.

15. 1) തെങ്ങുപറമ്പ് ഹരിജൻ കോളനിയിൽ എല്ലാ ഭവനങ്ങൾക്കും കണക്ഷൻ ലഭ്യമാക്കണം.

2) മടത്തേക്കാവ്-മണലിപ്പടി റോഡ്, ആലുങ്ങേരിത്തടം-മണലിപ്പടി റോഡ്, എറുമ്പേത്തു പടി-പാലക്കോട് റോഡ്, ഗവ. ഹൈസ്കൂൾ പടി- പരുത്തിക്കുന്നുമല റോഡ്, കടയ്ക്കനാട്ടേൽ-പനച്ചിക്കോട് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ആറാം വാർഡിൽ വൈദ്യുതിക്കായി അപേക്ഷ നൽകിയ എല്ലാവർക്കും എത്രയും വേഗം കണക്ഷൻ നൽകണം.വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ ആലുങ്കരിത്താഴത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

16. പാമ്പാക്കുട -കിഴുമുറി റോഡിൽ വൈദ്യുതി ലൈൻ ഇല്ലത്ത ഭാഗം ലൈൻ ലിങ്ക് ചെയ്ത് ആവശ്യമായ സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുക. നെയ്തു ശാലപ്പടി-അയ്യന്താനം കോളനി,മുട്ടമല കോളനി, മരേക്കാട്ടുതാഴം - പുളിഞ്ചോട്,കഴഞ്ചിത്തടം ഈ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നെയ്തു ശാലപ്പടിയിൽ ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

ഓലിനാക്കുന്നുഭാഗത്ത് വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.

ആലുങ്കരിത്താഴം-പഴപുര-നെയ്തു ശാലപ്പടി റോഡ്,നീറുന്താനം- നെയ്തു ശാലപ്പടി റോഡ് എന്നിവയുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്ന പ്രദേശത്തെ വൈദ്യുതി നാളിതുവരെ എത്തിയിട്ടില്ല.വൈദ്യുതി ലഭിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുക.

പെരുമാൻചിറയുടെ ചുറ്റുപാടും താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുക.

പാമ്പാക്കുട ടൗൺ, പള്ളിത്താഴം P.H. സെന്റർ, അഞ്ചൽപെട്ടി, മാരേക്കാട്ടുകവല,നെയ്തു ശാലപ്പടി, ചെട്ടിക്കണ്ടം, വെട്ടിമൂട്കവല, കയനി, ഓണക്കൂർ പള്ളിപ്പടി, പെരിയപ്പുറം വലിയകുരിൾ,ഓണക്കൂർ പാലം, അരുവിക്കൽ കൊച്ചു പാമ്പാക്കുട, വടക്കൻ പിറമാടം, എറമ്പേത്ത് പടി (ഗാന്ധി ജംഗ്ഷൻ) എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. മേമ്മുറി-ഉള്ളോപ്പിള്ളി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

9-ാം വാർഡിലെ -ഇടുമുക്കിൽ -അരുവിക്കൽ ഭാഗത്ത് കണക്ഷന് അപേക്ഷിച്ചവർക്ക് എത്രയും വേഗം വൈദ്യുതി നൽകാൻ നടപടി സ്വീകരിക്കുക.

പാമ്പാക്കുട ടൗണിൽ ഒരു ഗ്യാസ് ഏജൻസി ആരംഭിക്കുവാനുള്ള നടപടി ഉടനെ സ്വീകരിക്കുക.പുകയില്ലാത്ത അടുപ്പ് സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങളും ഇവിടെ ലഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.

രാമമംഗലം-തൊടുപുഴ C.C. റോഡിൽ മണ്ണത്തൂർ ലൈനിൽ നിന്നുള്ള ലൈനും അരീക്കൽ ലൈനും താഴിൽ യോജിപ്പിക്കുക.

# ഗതാഗതം.

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ സൂചിക അവിടുത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുകയുടെ തോത് അനുസരിച്ചാണ് സ്ഥിതി ചെയ്യുന്നത് എന്ന് പറഞ്ഞാൽ തെല്ലും അതിശയോക്തിയായിരിക്കില്ല. എല്ലാ വകുപ്പുകൾക്കും അതിന്റേതായ വികസനപരിപാടികൾക്കനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ നട ക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഗണ്യമായ സ്ഥാനം കെട്ടിടങ്ങൾ നിർമ്മിക്കുക, ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവയാണ്.കൃഷി,വ്യവസായം,വാണിജ്യം എന്നു വേണ്ട നാനാ തുറകളിലുള്ള പ്രവർത്തനങ്ങൾക്ക് ഗതാഗത സൗകര്യം അനിവാര്യമാണ്.ഈ ഗതാഗതം എല്ലാക്കാലങ്ങളിലും എല്ലാ സമയങ്ങളിലും നിർബോധം സാധിക്കുന്നതിന് നിലവിലുള്ള റോഡുകളുടെ സംരക്ഷണം വളരെ പ്രാധന്യമർഹിക്കുന്നു. വർദ്ധിച്ച് വരുന്ന ഗതാഗതം സുഗമമാക്കുന്നതിന് പുതിയ റോഡുകളും ടാർ ഇട്ട റോഡുകളും അനിവാര്യമാണ് .അവികസിതമായ ഈ പ്രദേശത്ത് ഇനയും കൂടുതൽ റോഡുകളും യാത്രാസൗകര്യങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു.റോഡിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടു കൂടി ഈ പ്രദേശത്തിന് കൂടുതൽ പുരോഗതി ഉണ്ടാകുകയും തൽഫലമായി റോഡിന്റെ ഇരുവശത്തുമുള്ള ഭൂമിക്ക് വില വർദ്ധിക്കുകയും ചെയ്തു. പ്രശ്നങ്ങളുടെ എല്ലാ വശങ്ങളും കണക്കിലെടുത്ത് സമഗ്രമായ ഒരു പരിപാടി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.അതിനുള്ള ഒരു പരിശ്രമമാണ് നാമിവിടെ ആരംഭിക്കുന്നത്.

വികസനപ്രവർത്തനങ്ങൾ രണ്ടു വിധത്തിലുണ്ട് .ഒന്നാമതയി അവികസിത പ്രദേശങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക. രണ്ടാമതായി നിലവിലുള്ള റോഡുകളെ ഗതാഗതത്തിന്റെ ആധിക്യം കണക്കിലെടുത്ത് വീതി കൂട്ടുക, വളവ് നിവർത്തുക, ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാത നിർമ്മിക്കുക, മുതലായവയാണ്. നമ്മുടെ പ്രദ ശത്തെ കൃഷി, വ്യവസായങ്ങൾ ആരംഭിക്കുക, വാണിജ്യം മുതലായവ വികസിപ്പിക്കുന്നതിനും ആരംഭിക്കുന്നതിനും കൂടുതൽ യാത്രാസൗകര്യങ്ങൾ ആവശ്യമാണ്.ഇവിടത്തെയാളുകൾക്ക് നഗരത്തിൽ സ്ഥിതി ചെയ്യുന്ന വ്യവസായകേന്ദ്രങ്ങളിൽ നിത്യേന പോയി വരുവാനും വിദ്യാഭ്യസം, വൈദ്യസഹായം എന്നീ പ്രാഥമികാവശ്യങ്ങൾ സുലഭമായി ലഭിക്കുവാനും പുതിയ റോഡുകൾ അത്യന്താപേക്ഷിതമാണ്.

ഈ പഞ്ചായത്തിലെ നിലവിലിരിക്കുന്ന റോഡുകളുടെ ഏകദേശരൂപം താഴെ കൊടുക്കുന്നു.

Ward 1

പിറവം -- മൂവാറ്റുപുഴ

ഓണക്കൂർ -- അന്ത്യാൽ റോഡ്

ഓണക്കൂർ - -കാക്കൂർ റോഡ്

കണ്ണിക്കുളത്തിൽപടി - -കുളവയൽ പുഞ്ച

പുന്നശ്ശേരിപ്പടി - തകിടിത്താഴം റോഡ്

പള്ളിപ്പടി - കിരാതമംഗലം റോഡ്

അമ്പലം പടി - -എരട്ടനാക്കുളം റോഡ്

ചേലകത്തിനാൽ റോഡ്

അണ്ടിച്ചിറ --വിലങ്ങു പാറ റോഡ്

പാലച്ചുവട് - -കാക്കൂർ റോഡ്

Ward 2

പിറവം - -മൂവാറ്റുപുഴ റോഡ്

കാക്കൂർ - പാലച്ചുവട് റോഡ്

കരയോഗം --കക്കയം റോഡ്

ഓണക്കൂർ - കിരാതമംഗലം റോഡ്

ഓണക്കൂർ --ഇടപ്പള്ളിച്ചിറ റോഡ്

ഐറ്റിച്ചാലിപ്പടി --കൊമ്പനാമല റോഡ്

ചെന്നമ്പിള്ളി - -മുണ്ടൻപുതി റോഡ്

തൊടുവക്കുഴി - -ഇരുവാക്കൽ റോഡ്

ഓണക്കൂർ - ലക്ഷംവീടുകോളനി റോഡ്

ഓണക്കൂർ - -പള്ളിപ്പടി നാലുകണ്ടത്തിൻപടി റോഡ്

തൊടുവക്കുഴി --ചെള്ളിക്കുന്നേൽപ്പടി റോഡ്

## Ward 3.

ഓണക്കൂർ - പിറവം റോഡ്

ഓണക്കൂർ - നെച്ചൂർക്കടവ് റോഡ്

കണ്ണംകുളം - -വാലേപ്പടി റോഡ്

ബഥനിപ്പള്ളി - മുക്കംകാട്ടിൽ റോഡ്

ഊരനാട്ടുചിറ റോഡ് -

മോളേപ്പടി - -കഴക്കനേടത്തു കടവ് റോഡ്

പെരുമനത്തു പടി റോഡ്

കാലാപ്പിള്ളി --പുളിക്കൽ കടവ് റോഡ്

ആലുഞ്ചോട്--പുളിക്കൽകടവ് റോഡ്

## Ward 4.

മാമലശ്ശേരി--മാവിൻ ചോട് റോഡ്

അഞ്ചൽപെട്ടി--കുത്താട്ടുകുളം റോഡ്

മാവിൻചുവട്--പിറവം റോഡ്

മാമലശ്ശേരി-പുതുശ്ശേരിപ്പടി റോഡ്-N.E.S.ബ്ലോക്ക് റോഡ്

കളപ്പുരയിൽ-നടക്കൽ കോളനി ഫാം റോഡ്

## Ward 5

മൂവാറ്റുപുഴ--പിറവം റോഡ്

പാപ്പുകവല-അരീക്കൽ റോഡ്

പാമ്പാക്കുട -വെട്ടിമൂടുകവല --കൊച്ചുപാമ്പാക്കുട റോഡ്

ആശുപത്രിപ്പടി --കൊച്ചേരിക്കുളം റോഡ്

അഞ്ചൽപെട്ടി --കയനി റോഡ്

അഞ്ചൽപെട്ടി --കാക്കൂർ റോഡ്

അരീക്കൽ --കാക്കൂർ റോഡ്

കൊച്ചു പാമ്പാക്കുട --പാറ റോഡ്

പറയം കുടിതാഴം --അരീക്കൽ താഴം റോഡ്

പുലക്കാവിൻ താഴം --പുതുവ റോഡ്

കുന്നപ്പിള്ളിത്താഴം --ഇലഞ്ഞിക്കുഴിത്താഴം റോഡ്

പുലക്കാവിൻ താഴം --കയനി റോഡ്

കയനി - മൂക്കിനേത്ത ഭാഗം റോഡ്

കയനി --പാലപ്പിള്ളിത്താഴം റോഡ്

മൂന്നാനിക്കുഴി --ഞവരാൽ റോഡ്

ഇലഞ്ഞിക്കുഴിത്താഴം റോഡ്

## Ward 6

മൂവാറ്റുപുഴ --പിറവം റോഡ്

പാമ്പാക്കുട --കിഴുമുറി റോഡ്

പാമ്പാക്കുട --പരുത്തിക്കുന്നുമല റോഡ്

(ഗാന്ധിജംഗ്ഷൻ) എറുമ്പേത്തുപടി ---പാലക്കോടു റോഡ്

ആലഞ്ചേരിത്താഴം ---മണലിപ്പടി റോഡ്

മടത്തേക്കാവ് --മണലിപ്പടി റോഡ്

മാവിൻചുവട് ---മാമ്മലശ്ശേരി റോഡ്

Ward 7

Main Road Tar

പിറവം ---മൂവാറ്റുപുഴ റോഡ്

മാരേക്കാട്ട് കവല ---രാമമംഗലം റോഡ്

പാമ്പാക്കുട പള്ളിത്താഴം ---കീഴുമുറി റോഡ്

തിയേറ്റർ പടി ---മാർതോമപള്ളി റോഡ്

പാലത്തിങ്കൽപ്പടി --ചെന്നായ്കോട്

പാമ്പാക്കുട ടൗൺ ---പുള്ളോൻതടം കൂടി മാർത്തോമാപ്പള്ളി റോഡ്

വിഷവൈദ്യപ്പടി ---കീച്ചേരിത്താഴം റോഡ്

ആലുഞ്ചേരിത്താഴം --- അന്ത്യാലുങ്കൽ

നീറുന്താനം ---നെയ്ത്തുശാലപ്പടി

പഴപുരത്താഴം ---അമ്പലപ്പടി

ചിറക്കടവ് ---പെരുമാഞ്ചിറ റോഡ്

വാർഡ് VIII

മൂവാറ്റുപുഴ ---പിറവം

സി.എസ്.ഐ. പള്ളി ---മങ്ങാട്ടുകുഴമ്പിൽ അയ്യന്താനം റോഡ്

എഴുകാമറ്റം ---എലവും പാറ-അയ്യന്താനം

നെയ്ത്തുശാലപ്പടി ---ഊരമന

ചെട്ടിക്കണ്ടം ---പുളിഞ്ചോട്

നെയ്തുശാലപ്പടി ---ഉള്ളോപ്പടി

പുളിഞ്ചോട് ---കാർത്തുള്ളിപ്പടി

എലവുംപാറ ---കടമ്പനാട്ടുതാഴം

ചിറക്കടവ് ---ഐയ്യന്താനം കോളനി

പയ്യനാനിക്കൽപ്പടി --- പൊട്ടച്ചിറ

കക്ഷായിപ്പടി ---കമ്പനിപ്പടി

പുല്ല്യാട്ടുപടി ---അയ്യന്താനം

കക്ഷായിപ്പടി--മുട്ടമല

വാർഡ് iX

കോൽപ്പാറ--വിലങ്ങുപാറ

ഐക്കരക്കണ്ടം ---കടുവക്കാട്

പിറവം ---മൂവാറ്റുപുഴ

അരുവിയ്ക്കൽ --- വിലങ്ങുപാറ

എട്ടുപറപ്പടവ് ---ചക്കുംചിറ

ഈ പഞ്ചായത്തിൽ പഞ്ചായത്തു റോഡുകൾ 5 കി. മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ഉദ്ദേശ്യം 86 കി.മീ. ദൈർഘ്യം റോഡ് ടാർ ചെയ്യാത്തതാണ്. ഈ പഞ്ചായത്തിൽക്കൂടി 33 കി.മീ. ദൈർഘ്യം P.W.D. റോഡ് കടന്നു പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ മിക്ക വാർഡുകളിലും ഗതാഗത സൗകര്യം വളരെ കുറവാണ്. ചാലിയത്തുചിറ-കല്ലറകോട് റോഡിൽ അറ്റകുറ്റപ്പണി ചെയ്തതിന് 4500 രൂപയും ചെട്ടിക്കണ്ടം-ചിറപ്പാട് റോഡിന്റെ വികസനവേലയ്ക്കും ടാറിങ്ങിനും 4 ലക്ഷം രൂപയും അഞ്ചൽപ്പെട്ടി കയനി റോഡിന് 2 ലക്ഷം രൂപയും കോൽപ്പാറ-വിലങ്ങുപാറ റോഡിന് 1 ലക്ഷം രൂപയും അമ്പലംപടി-ഇരട്ടനാക്കുളം റോഡിന് അറ്റകുറ്റപ്പണിക്ക് 4500 രൂപയും ഐറ്റിചാലിപ്പടി-കൊമ്പനാമല റോഡിന്റെ അറ്റകുറ്റപ്പണിക്ക് 2500 രൂപയും ചേന്നമ്പിള്ളി-മുണ്ടൻപടി റോഡിന്റെ അറ്റകുറ്റഫ്ഫണിക്ക് 2500 രൂപയും പാലത്തിങ്കൽ-ചെന്നായ്കോട് റോഡിന്റെ അറ്റകുറ്റപ്പണിക്ക് 1500 രുപയും അഞ്ചൽപ്പെട്ടി-പാലക്കോട് റോഡിന്റെ അറ്റകുറ്റപ്പണിക്ക് 1500 രൂപയും എറുമ്പേത്തുപടി-പാലക്കോട് റോഡിന് 3000 രൂപയും ഉൾപ്പെടെ 724000 രൂപയും 6 മാസത്തിനുള്ളിൽ പഞ്ചായത്തിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പഞ്ചായത്തുവക പൊതുമാർക്കറ്റ് ഉണ്ട് ആഴ്ചയിൽ ചൊവ്വ ശനി ദിവസങ്ങളിൽ ചന്ത കൂടുന്നു. പൊതുവെ പറഞ്ഞാൽ ഈ പഞ്ചായത്ത് അതിർത്തിയിൽ ഉള്ള റോഡുകൾ മിക്കവയും ഗതാഗതത്തിനും സഞ്ചാരത്തിനും അപര്യാപ്തമാണ്. ഈ പഞ്ചായത്തിൽ ഏറ്റവും ഗതാഗതം കൂടുതലുള്ള റോഡുകൾ പിറവം-മൂവാറ്റുപുഴ, രാമമംഗലം-തൊടുപുഴ, പിറവം അഞ്ചൽപ്പെട്ടി വഴി കൂത്താട്ടുകുളം, കൂത്താട്ടുകുളം പാമ്പാക്കുട വഴി കോലഞ്ചേരി, കൂത്താട്ടുകുളം പാമ്പാക്കുട വഴി എറണാകുളം, ആലുവ പാമ്പാക്കുട വഴി കൂത്താട്ടുകുളം, കോലഞ്ചേരി പാമ്പാക്കുട വഴി കോട്ടയം, പിറവം കോതമംഗലം, പിറവം അഞ്ചൽപ്പെട്ടി വഴി സുൽത്താൻ ബത്തേരി, വൈയ്ക്കം-പൊൻമുടി എന്നിവയാകുന്നു.

ഗതാഗതത്തെ സംബന്ധിച്ച് ഈ പ്രദേശത്തുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ ചേർക്കുന്നു.

1. ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് ബസ്സുകൾ പാർക്കു ചെയ്യുന്നതിന് ഒരു ബസ്സ് സ്റ്റാന്റും, ഓട്ടോ, കാർ, ജീപ്പ് മുതലായ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് ആവശ്യമായ ടാക്സി സ്റ്റാന്റും അടിയന്തിരമായി നിർമ്മിക്കണം. ആവശ്യമായ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കേണ്ടതാണ്.

2. നാനാഭാഗത്തേയ്ക്കും ഗതാഗതസൗകര്യക്കിന് ഉതകും വിധം ഇവിടെ നിന്ന് പുറപ്പെടുന്ന ബസ്സുകൾ ആരംഭിക്കുവാൻ സത്വര നടപടികൾ ആരംഭിക്കുക.

3. കുണ്ടുകുഴിയമായി കിടക്കുന്ന എല്ലാ റോഡുകളും പുനരുദ്ധാരണംചെയ്തു ടാർ ചെയ്യുക.

4. തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേയ്ക്ക് അന്യനാടുകളിൽ നിന്നു പോലും ധാരാളം തീർത്ഥാടകരെ വഹിച്ചുകൊണ്ടുള്ള വാഹനങ്ങൾ ഈ പഞ്ചായത്തിൽക്കൂടി കടന്നു പോകുന്നു. അതിനാൽ പ്രധാന റോഡുകളുടെ വീതി കൂട്ടി വളവുകൾ നിവർത്തി വാഹനങ്ങൾ സുഗമമായി ഓടിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

5. നിർദ്ദിഷ്ട എറണാകുളം ശബരിമല ഹൈവേയും ആലപ്പുഴ-മൂവാറ്റുപുഴ ഹൈവേയും ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നു പോകുന്നത്. ഈ രണ്ടു ഹൈവേയുടേയും പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുന്ന ഏതാനും സർവ്വീസുകൾ എങ്കിലും പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽക്കൂടി (പാമ്പാക്കുട, പിറവം റോഡിൽക്കൂടി കടന്ന്) തിരുവനന്തപുരത്തേയ്ക്ക് എത്തിച്ചേരുന്നതിന് സർവ്വീസ് നടത്തുവാൻ നടപടികൾ സ്വീകരിക്കുക.

എറണാകുളത്തുനിന്നും പാമ്പാക്കുട വഴി തൊടുപുഴ ഇടുക്കി സ്ഥലങ്ങളിലേയ്ക്ക് ബസ് സർവ്വിസ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

436

**നിർദ്ദേശങ്ങൾ**

1. ഓണക്കൂർ–അനത്യാൽ റോഡിൽ പാലയ്ക്കൽ വളവിൽനിന്നും മനയ്ക്കപുഞ്ചവഴി ഓണക്കൂർ സെഹിയോൻ പള്ളിപ്പടിവരെയുള്ള റോഡിനുവേണ്ടി മനയ്ക്കപ്പുഞ്ചയിൽ ഒരു നടപ്പാത നിർമ്മിക്കുക.
2. കിരാതമംഗലം–ഇരട്ടനാൽകുളം റോഡിൽ രണ്ടര കി.മീ. നീളവും ഒണക്കൂർ സൗത്ത് യു.പി.എസ്സ്. ചേലകത്തിനാൽ റോഡും ഇരട്ടനാൽകുളം റോഡും വിലങ്ങുപാറ റോഡും, ഓണക്കൂർ–പെരിയപ്പുറം റോഡും പുന്നശ്ശേരി മുതൽ തകിടിത്താഴം വരെയുള്ള റോഡ് പാടത്തേയ്ക്ക് മുറിച്ച് വശം കെട്ടിയും ടാർ ചെയ്തും ഗതാഗതയോഗ്യമാക്കുക.
3. കണ്ണിക്കുളം മുതൽ–മാളിയേയ്ക്കൾതാഴം പാടംവരെയുള്ള റോഡ് വാഹനസഞ്ചാരയോഗ്യമാക്കുക.
4. പാണ്ടിയൻപാറ–നെച്ചൂർക്കടവ് റോഡ് കലുങ്കുഭിത്തിയും കെട്ടി റീ–ടാർചെയ്ത് റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുക.
5. വാലേപ്പടി റോഡ്–കല്ലീത്താഴം റോഡ് ഊറനാട്ടുചിറ റോഡ്, പുളിക്കക്കടവ്–ആലിഞ്ചുവട് റോഡ് ഇവ അറ്റകുറ്റപ്പണികൾ തീർത്ത് ടാർ ചെയ്യുക. മനയ്ക്കപ്പടി–മോളേൽപ്പടിറോഡ് മോളേൽപ്പടി–കിഴക്കിനേത്ത് റോഡ് ഇവയുടെ പുനരുദ്ധാരണവേലകൾ നടത്തുക.
6. കമ്പനിപ്പടി – മടത്തുംപടി റോഡ് പുതുയതായി നിർമ്മിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുക.
7. ഓണക്കൂർ ലക്ഷംവീട് കോളനിയിൽ കലുങ്ക് തീർത്തു് വശം കെട്ടി പുനരുദ്ധാരിക്കേണ്ടതും ആലപ്പാട്ടുപടു – പുള്ളോളിക്കുളങ്ങര റോഡ് കുന്നുകൾ താഴ്ത്തി കലുങ്ക് തീർത്തു പുനരുദ്ധരിക്കേണ്ടതാണ്.
8. ഐെറ്റിച്ചാലിപ്പടു റോഡ് – കൊമ്പനാൽ മല റോഡ് അറ്റകുറ്റ പണികൾ ചെയ്തു ടാർ ചെയ്യുക.
9. ചേന്നാമ്പള്ളി – മുണ്ടൻപതി റോഡ് – പെരിയപ്പുറം – പ്രിയദർശിനി നഗർ റോഡ്, ഓണക്കൂർ പള്ളിപ്പടി – നാലുകണ്ടത്തിൻപടി കിരാതമംഗലം റോഡ്, തൊട്ടാവാക്കുഴി – ഇരുവായിക്കൽ റോഡ്, ആർക്കാക്കുന്ന് – കോഴിപ്പാറ ഹരിജൻ കോളനി റോഡ്, എന്നിവയിൽ ആവശ്യമുള്ള സ്ഥലത്ത് കലുങ്കുകൾ തീർത്ത് വശങ്ങൾ കെട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
10. കുന്നപ്പാാമറ്റം – താമാച്ചാൽ റോഡ്, കല്ലറപാടം, – ചാലിയത്തുചിറ റോഡ്, പുതുശ്ശേരിപ്പടി – മൈലാടുംനിരപ്പ് റോഡ്, അഞ്ചൽപ്പെട്ടി– മംഗലത്തുത്താഴം റോഡ്, ബ്ലോക്ക് റോഡ്, കാക്കനാട്ട് പടി – മേമുട്ടത്തുപാടം റോഡ്, വാക്കശ്ശേരി പടി – നാർക്കോലി പാടം റോഡ്, എന്നിവ പുനഃരുദ്ധരിച്ച് സൈഡ് കെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
11. അഞ്ചൽപ്പെട്ടി – എസ്.എൻ.ഡി.പി. ജെഗ്ഷനിൽ കലുങ്കും കാനയും നിർമ്മിക്കുക. പുലക്കാവിൽ താഴം – കയനി റെഡ്, ആശുപത്രി പടി – കോച്ചേരിക്കുളം, അഞ്ചൽപ്പെട്ടി – കയനി, വാഴമറ്റം– താന്നികുന്നേൽതാഴം, ചെറളയപള്ളിക്കവല – പാറ, പുലക്കാവിൽപടി – പുതുവാ, പറയൻകുടിതാഴം – അരീക്കൽ താഴം, കയനി–മൂക്കനേത്തുപടി, കയനി – കാക്കൂർ, കുന്നപ്പിള്ളി താഴം, ഇലഞ്ഞിക്കുഴി, മൂന്നാണിക്കുഴി–ഞവരാൽ, കല്ലുവളവിൽ – പാറക്കോട്ടിൽ, പള്ളിത്താഴം– ഇലഞ്ഞിക്കുഴി എന്നീ റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ചെയ്ത് ടാറിംഗ് നടത്തുക.
12. കരിമ്പനായ്ക്കാൽ തഴത്തുനിന്ന് ഈസ്റ്റ് SC/ST കോളനി ഇലഞ്ഞിക്കുഴി താഴം വെട്ടിമൂട് കവല കൂടി ആലുങ്കൽതാഴത്തു വരെ മുൻപുണ്ടായിരുന്നതും ഇപ്പോൾ നിലവിൽ ഇല്ലാത്തതുമായ റോഡ് പുതിയതായി നിർമ്മിക്കുക. ( ഈഭാഗത്തു വുറംമ്പോക്ക് ഭൂമി പലരും കൈവശും വച്ചിരിക്കുന്നു) അതുങ്ങ് തിട്പ്പെടുത്തി ഈ ഭൂമി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുക. അരീക്കൽ നിന്നും നെടും പാമ്പാക്കുട ഭഗത്തേക്ക് പോകുന്ന കൈതോടിന്റെ വശത്തു പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തി സൈഡിൽ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുക.
13. മടത്തേക്കാവ് – മണലിപ്പടി റോഡ്, ആലുഞ്ചേരിത്താഴം – മണലിപ്പടി ഹരിജൻ കോളനി, എറുമ്പേത്തുപടി – പാലക്കോട്, അഞ്ചൽപ്പെട്ടി – പാലക്കോട്, ഗവ. ഹൈസ്കൂൾ പടി – നെട്ടലംകുടിതാഴം, കടക്കനാട്ടേൽ പടി – പനച്ചിൽകോട് എന്നീ റോഡുകളുടെ അറ്റകുറ്റ പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കുക.
14. ചുവടുകാലായിൽ താഴം, ആനാട്ടേൽ താഴം, കാളക്കുഴി താഴം, പാണ്ടിപ്പിള്ളി താഴം എന്നീ പുതിയ റോഡുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുക.

എറുമ്പത്തുപടി – പാലക്കോട് റോഡ്,അഞ്ചൽപ്പെട്ടി – പാലകോട് റോഡു വഴി ബന്ധിപ്പിച്ച് ഒരു ലിങ്ക് റോഡ് നിർമ്മിക്കുക.

15. പാമ്പാക്കുട കിഴുമുറി റോഡിൽ ഗവ. ഹൈസ്കൂളിന് പടിഞ്ഞാറു വശത്തു അസഹ്യമായ വെള്ളകകെട്ട് ഒഴിവാക്കി റോഡ് സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

പഴപുര – നീറുന്താനത്ത് പടി

പാമ്പാക്കുട - നെയ്ത്തുശാലപ്പടി

പാലത്തിങ്കൽപടി – ചെന്നായ്കോട്

കൊള്ളിക്കാട്ട് പടി – മോളേൽ പടി

എന്നീ റോഡുകൾ അറ്റകുറ്റ പണികൾ ചെയ്തു ടാർ ചെയ്യുക.

16. കൊള്ളിക്കാലപടി – മോളേൽ പടി റോഡ് ഗവ.ഹൈസ്കൂളിന്റെ വശത്തുകൂടി പാമ്പാക്കുട കിഴിമുറി റോഡലേക്ക് ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.

പാലത്തിങ്കൽപടി – ചെന്നായ്കോട് റോഡ് തീയേറ്റർ പടി റോഡുമായി ഉഴുന്നുമലപ്പടി – മേമ്മുറി പാടം റോഡ് പാമ്പാക്കുട രാമമംഗലം റഓഡുമായി ബന്ധിപ്പിക്കുവാൻ വാണ്ട സത്വര നടപടികൾ സ്വീകരിക്കുക.

17. 7–ാം വാർഡിലെ ലക്ഷം വീട് കോളനിയിലെക്കുള്ള 100 മീറ്റർ റോഡ് ടാർ ചെയ്യുക.

18. കൊള്ളിക്കാട്ടിൽ പടിക്കൽ നിന്നും CSI പള്ളിപ്പടിയിലേക്ക് ഒരു ലിങ്ക് റോഡ് നിർമ്മിക്കുക.

19. വിഷവൈദ്യശാലപ്പടി മുതൽ കീച്ചേരിതാഴം വരെ വന്നിനിൽക്കുന്ന റോഡ് പെരുമാൾചിറ ഭാഗത്ത വന്നു നിൽക്കുന്ന റഓഡുമായി ബന്ധിപ്പിക്കാൻ സത്വരനടപടികൾ സ്വീകരിക്കുക.

20. നെയ്ത്തുശാലപ്പടി – ഉള്ളാപ്പിള്ളി, ചെട്ടിക്കണ്ടം, ചിറപ്പാടം, റോഡിന്റെ അവശേഷിക്കുന്ന 100 മൂറ്റർ നീളം റോഡ്, പുളിംചുവട് – കാർത്തിള്ളി പിട, CSI പള്ളിപ്പടിഅയ്യന്താനംമ ഹരിജൻ കോളനി, ഇലവം പാറ – കടമ്പുനാട് താഴം – അയ്യന്താനം ഹരിജൻ കോളനി, എഴുകാമറ്റം – അയ്യന്താനം ഹരിജൻ കോളനി

പയ്യാനിക്കൽ പടി – പൊട്ടച്ചിറ

കക്ഷായി പടി – കമ്പനിപ്പടി

നെയ്ത്തുശാലപ്പടി – ചേലക്കൽതാഴം– ഉള്ളാപ്പിള്ളി

പുല്യാട്ടുമഠം – അയ്യന്താനം ഹരിജൻ കോളനി

മാനാം കോട്ടുതാഴം – വട്ടത്തുരുത്തേൽ

കക്ഷായി പടി – മുട്ടമല ഹരിജൻ കോളനി

എന്നീ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്തു ടാർ ചെയ്യുക.

21. മേമ്മുറി സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ സൗകര്യങ്ങളാർത്ഥം മാനാം കോട്ടുതാഴം – കരീംകുറ്റിക്കൽ റോഡ് പുനരുദ്ധരിച്ച് സഞ്ചാരയോഗ്യമാക്കുക.

22. എലവുംപാറത്താഴം – ഓലിനാൽകുന്ന് റോഡ് നിർമ്മിക്കുക.

23. 8– ാം വാർഡിൽകൂടി പോകുന്ന MVIPബ്രാഞ്ച് കനാലിന്റെ ഒരു വശത്ത് കൂടി ഇൻസ്പെക്ഷൻ റോഡ് നിർമ്മിക്കുക.

24. നെയ്ത്തുശാലപ്പടി – ഊരമന PWD റോഡിന്റെ മേമ്മുറി സ്കൂളിന് സമീപം പൂർത്തിയാകാതെ കിടക്കന്ന പണി എത്രയും വേഗം തീർക്കുക.

25. കോൽപാറ – വിലങ്ങുപാറ റോഡ് പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുക.

26. ഐക്കരണ്ടം – കടുവാക്കാട് റോഡ് സഞ്ചാരയോഗ്യമാക്കുക.

27. മൂവാറ്റുപുഴ – പിറവം റോഡ് പാമ്പാക്കുട മാരേക്കാട് കവല മുതൽ അഞ്ചൽപ്പെട്ടി കവല വരെ (പാമ്പാക്കുട ടൗൺ) റോഡിന്റെ ഇരുവശവും കാന നിർമ്മിച്ച് സ്ലാബ് ഇടുക.

28. ഓണക്കൂർ – ഇടപ്പിള്ളിച്ചിറ റോഡ് ടാർ ചെയ്യുക.

29. പഞ്ചായത്തിലെ PWD റോഡുകളുടെ സൈഡ് കാനകൾ നിർമ്മിച്ച് നീരൊഴുക്ക് ഉറപ്പുവരുത്തി റോഡ് സുരക്ഷിതവും ഭദ്രവുമാക്കുക.

30. അഞ്ചൽപ്പെട്ടിയിൽ ഒരു മിനി ടാക്സി സ്റ്റാന്റ് നിർമ്മിക്കുകയും കവലയിൽ ഒരു ട്രാഫിക് ഐലന്റ്

ഏർപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്തതിർത്തിയിൽ പയ്യാനിപ്പടി, പാപ്പുകവല, വെട്ടിമൂട് കവല, മാവിൻചുവട്, പുതുശ്ശേരിപ്പടി, കരയോഗപ്പടി, ലക്ഷംവീട് കോളനി, നിരപ്പ് താറ്റുപാടം, മണലിപ്പടി, മടത്തേക്കാവ്, ആലുഞ്ചേരിത്താഴം, എറുമ്പേത്തുപടി (ഗാന്ധി ജംഗ്ഷൻ) ചിറക്കടവ്, പെരിയപ്പുറം, അരീക്കൽ, വിലങ്ങപാറ, ശാസ്താംപടി, പരുമല കുരിശ്, മൂന്നാണിക്കുഴി, കയനി, എന്നിവിയങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

31. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥലം പൊന്നും വിലക്ക് എടുത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

32. പാമ്പാക്കുടയുടെ ഹൃദയഭാഗത്ത് പഞ്ചായത്തു അതിർത്തിയിൽപെട്ട എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിക്കാനുള്ള ആസൂത്രണം ചെയ്യുക.

33. നേരത്തെ ഉണ്ടായിരുന്ന എറണാകുളം – മൂവാറ്റുപുഴ KSRTC സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

34. പിറവത്തുനിന്നും മൂവാറ്റുപുഴ നിന്നും കരയോഗപടി – കക്കയും കൂടിയും ആയൂർവേദാശുപത്രിപടി പെരിയപ്പുറം കൂടിയും ഓരോ സർവ്വീസ് ബസുകൾ വീതം ആരംഭിക്കാൻ സത്വരനടപടിതകൾ സ്വീകരിക്കുക.

35. പിറവും മുവാറ്റുപുഴ റൂട്ടിൽ പാമ്പാക്കുട പള്ളിത്താഴത്തുനിന്നും കിഴുമുറി, മാമ്മലശ്ശരി കൂടി സർവ്വീസ് ആരംഭിക്കുക.

36. എറണാകുളം – പാമ്പാക്കുട വഴി തൊടുപുഴ

എറണാകുളം – പാമ്പാക്കുട വഴി കൂത്താട്ടുകുളം

ആലുവാ – പാമ്പാക്കുട വഴി കോട്ടയം

എന്നീ KSRTC സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

37. ജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്നും രാമമംഗലം ആശുപത്രി ജംഗ്ഷൻ വരെ സർവ്വീസ് നടത്ത കൊണ്ടിരിക്കുന്ന ബസ്സുകൾ പാമ്പാക്കുട വഴി കൂത്താട്ടുകുളം വരെ നീട്ടാൻ നടപടികൾ സ്വീകരിക്കുക.

38. പിറവം – മൂവാറ്റുപുഴ കയനി കൂടിയുള്ള 2 ബസ്സുകൾ സർവ്വീസ് ഉടനടി ആരംഭിക്കുക.

39. നിലവിലുണ്ടായിരുന്ന പാമ്പാക്കുട– എറണാകുളം KSRTC സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുക.

# ആരോഗ്യം

ഏതൊരു പ്രദേശത്തിന്റെയും വികസനപരിപാടികളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം ലഭിക്കേണ്ട ഒന്നാണ് പൊതുജനാരോഗ്യം.എന്നാൽ ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുവെന്ന കാര്യം സംശയമാണ്. ആരോഗ്യസമ്പന്നരായ ഒരു ജനസമൂഹത്തിന് മാത്രമേ വികസനപ്രക്രിയയിൽ അവരവരുടെ പങ്ക് വിജയകരമായും ഫലപ്രദമായും നിർവ്വഹിക്കുവാൻ കഴിയൂ. ഇവിടത്തെ ജനസാന്ദ്രത വച്ച് നോക്കുമ്പോൾ ഈ പ്രദേശത്തെ പൊതു ജനാരോഗ്യപ്രവർത്തനങ്ങൾ തികച്ചും അപര്യാപ്തമാണ്. 6.11.1956 ലാണ് ഈ പഞ്ചായത്തതൃത്തിയിൽ NES ബ്ലോക്ക് രൂപം കൊണ്ടത്. ഇതിന് ശേഷമാണ് ഇവിടെ ഒരു സർക്കാർ ആശുപത്രിയും കാലക്രമത്തിൽ ഒരു ആയൂർവേദ ഡിസ്പെൻസറിയും ആരംഭിച്ചത്.

ഇതിന് മുമ്പ് ഈ പ്രദേശത്ത് പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിച്ചിരുന്നത് ചില വൈദ്യൻമാരും പാരമ്പര്യവൈദ്യൻമാരുമായിരുന്നു.ഇവിടെ ഒരു സർക്കാർ ആശുപത്രിക്കും ആയൂർവേദ ഡിസ്പെൻസറിക്കും പുറമെ 4 മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ കൂടിയുണ്ട്. സർക്കാർ ആശുപത്രിയിലും മാതൃശിശുകേന്ദ്രത്തിലുമായി മൊത്തം മുപ്പത് ജീവനക്കാർ സേവനമനുഷ്ടിക്കുന്നു. ആയുർവേദാശുപത്രജീവനക്കാരായി 4 പേരുണ്ട്.കൂടതെ ഗ്രന്റ് ഇൻ- എയിഡ് വിഷവൈദ്യശാലയും പ്രവർത്തിക്കുന്നുണ്ട്.ആയൂർവേദ സർക്കാർ ആശുപത്രയിൽ രോഗി കളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം തുലോം പരിമിതമാണ്.ജനസംഖ്യാനുപാതികമായി ചികിൽസാർത്ഥി കളുടെ എണ്ണം കൂടുമ്പോൾ ഈ വർദ്ധിച്ചു വരുന്ന ആവശ്യത്തിന് അനുസരണമായി ചികിൽസാസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നതാണ് സത്യം.

സാമാന്യമായിരോഗചികിൽസ എന്നത് സങ്കീർണ്ണമായ പൊതുജനാരോഗ്യപ്രവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. ആനുകാലികചികിൽസക്കു പുറമെ രോഗഭീതിയില്ലാത്ത ഒരുജനസമൂഹത്തെ വാർത്തെ ടുക്കുക എന്നതായിരിക്കണം പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ പരമലക്ഷ്യം. ഈ വഴിക്ക് തിരിയുമ്പോൾ ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും പ്രധാനചുമതല പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനുള്ള പ്രതി രോധ നടപടികളാകുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങളിൽ പ്രധാന്യമർഹിക്കുന്നവ മസ്സൂരി നിർമ്മാർജ്ജനം, കുഷ്ടരോഗ നിവാരണം, ക്ഷയരോഗ നിവാരണം, കോളറ, മഞ്ഞപ്പിത്തം എന്നിവയുടെ നിയന്ത്രണവുമാകുന്നു.

ശാസ്ത്രീയ രോഗനിർണ്ണയത്തിന്റെയും സാമൂഹ്യ ശുചിത്വ സംരക്ഷണം എന്നിവയെ സംബന്ധിച്ചും ജന ങ്ങളെ ബോധവാൻമാരാക്കുക എന്നതാണ് ഡിപ്പാർട്ടുമെന്റിന്റെ മറ്റൊരു കർത്തവ്യം.ആരോഗ്യ വകുപ്പിന്റെ അധീന തയിലുള്ള പരമപ്രധാനമായ മറ്റൊന്നാണ് കുടംബാസൂത്രണം.

1. ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്.
2. ആധുനിക ചികിൽസക്കും മറ്റും ദൂര സ്ഥലങ്ങളിൽ പോകുന്നതിന് ബുദ്ധിമുട്ടുണ്ട്.
3. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
4. ഉള്ള ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുകളും നഴ്സുമാരും ഇല്ല.
5. ഇന്നുള്ള ആയുർവേദാശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്തു സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തു നിന്നും ആളുകൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ട്.

ഈപരിതസ്ഥിതിയിൽ താഴെപറയുന്ന നിർദേശങ്ങൾ വക്കുവാൻ ആഗ്രഹിക്കുന്നു.

1) നിലവിലുള്ള ആശുപത്രി പരിഷ്കരിച്ചു കൂടുതൽ രോഗികളെ കിടത്തിച്ചികിൽസിക്കാനുള്ള സൗകര്യം വർദ്ധി പ്പിക്കുക.
2) ഓരോ വിഭാഗത്തിലും വൈദഗ്ധ്യം നേടിയ ഡോക്ടർമാരെ നിയമിക്കുക.ലേഡി ഡോക്ടർമാരുൾപ്പെടെ 4 പേരെ നിയമിക്കുക.
3) ആവശ്യമുള്ള മരുന്നുകളും അത്യാവശ്യ ഉപകരണങ്ങളും ലഭ്യമാക്കുക.
4) ആശുപത്രിയോടനുബന്ധിച്ച് ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5) നിലവിലുള്ള പ്രൈമറിഹെൽത്ത് സെന്റർ 40 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.
6) ആശുപത്രിക്കകത്തുള്ള ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

7) ആശുപത്രിയിലെ ഓരോ വാർഡിലും കക്കൂസും കുളിമറിയും ഏർപ്പെടുത്തുക.

8) ഭൂപ്രകൃതിയെ മാത്രം ആശ്രയിച്ച് നിവസിക്കുന്ന പാമ്പാക്കുടപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് നിലവിലുള്ള ആരോഗ്യസംരക്ഷണകേന്ദ്രം ഗുണനിലവാരം കുറഞ്ഞതും മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതും വൈദ്യുതിക്ഷാമം, പവർക്കട്ട്, എന്നിവയാൽ പീഡിതവുമാണ്.ആകയാൽ രോഗികളെ കിടത്തി ചികൽസിക്കുവാൻ സൗകര്യമില്ല.

9) ദിനംപ്രതി ഉണ്ടാകുന്ന വാഹനാപകടത്തിലൂടെ ഗുരുതരമായ പരിക്കുകൾ സംഭവിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വരുന്ന അത്യാസന്നർക്ക് യാതൊരുവിധ ചികിൽസാസൗകര്യങ്ങളും ചെയ്യുവാൻ സാധിക്കുന്നില്ല. തൻമൂലം നിരവധി ജീവഹാനികൾ സംഭവിക്കുന്നു. അതിനാൽ Troazenna Unit സ്ഥാപിക്കണം.

10) ഡോക്ടേഴ്സിന്റെയും നേഴ്സിന്റെയും സേവനം 24 മണക്കൂറും ലഭ്യമാക്കണം.

11) എല്ലാ വാർഡിലും ഓരോ മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ആരംഭിക്കണം. ഇവരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഉണ്ടാകണം.

12) നിലവിവുള്ള ആശുപത്രിയിൽ ശുദ്ധജലവിതരണത്തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

13) പാമ്പാക്കുട പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

14) പാമ്പാക്കുട P.H.C. യിൽ കുട്ടകളുടെ വാർഡ് നിർമ്മിക്കുക.

15) ആശുപത്രയിൽ X-Ray സൗകര്യം ഉണ്ടാക്കുക.

16) എല്ലാ ഭവനങ്ങളിലും കക്കൂസുണ്ടെന്ന് ഉറപ്പു വരുത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി നിർമിച്ച് നൽകുകയും ചെയ്യുക.

17) ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വർഷം തോറും രോഗനിർണ്ണയക്യാമ്പുകളും സെമിനാറകളും സംഘടിപ്പിക്കുക.

18) കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടക്കുമെന്ന് ഉറപ്പ് വരുത്തുക.

19) ആധുനികരീതിയിലുള്ള Sraughter House സ്ഥാപിക്കുക. (Public Market)

20) പാരമ്പര്യവൈദ്യൻമാർക്കും പ്രകൃതിചികിൽസകർക്കും ഗ്രാന്റ് നല്കുക്.

## കുടിവെള്ളം

മനുഷ്യനും ജീവജാലങ്ങൾക്കും ജീവൻ നിലനിർത്തുവാൻ ശുദ്ധജലം അനിവാര്യമാണ്. ശുദ്ധജലവാഹികളായ നദീതടങ്ങളിലാണ് ആദിമ മനുഷ്യ സംസ്കാരം രൂപം കൊണ്ടത് .നദീതടങ്ങളിൽ നിന്നും അകന്ന് ജനപഥങ്ങൾ വളർന്നപ്പോൾ ശുദ്ധജലാവശ്യങ്ങൾ നിറവേറ്റിയത് കിണറുകൾ ,കുളങ്ങൾ, മുതലായവ നിർമ്മിച്ച് ഭൂഗർഭജലം ചൂഷണം ചെയ്ത് കൊണ്ടാണ്. ജനപ്പെരുപ്പം മൂലം ഭൂഗർഭ ജലാശയങ്ങൾ ആവശ്യത്തിന് മതിയാകാതെ വന്നപ്പോൾ അടുത്തുള്ള പുഴകളിൽ നിന്നും ശുദ്ധജലം കൊണ്ടു വരേണ്ടി വന്നിട്ടുണ്ട്. വ്യാവസായിക വിപ്ലവത്തോടു കൂടി നഗരങ്ങൾ വളരുകയും അത്യന്താപേക്ഷിതമായ ഒരു പ്രകൃതി വിഭവമാണ് ശദ്ധജലമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. മനുഷ്യന്റെ ശാരീരകവും ഇതരവുമായ ആവശ്യങ്ങൾക്ക് വെള്ളം ശുദ്ധി ചെയ്യുന്നത് ഒരുപൂർണ്ണ സാങ്കേതിക ശാസ്ത്രമായി വളർച്ച പ്രാപിക്കുകയും ചെയ്തു.

1. നമ്മെ സംബന്ധിച്ചിടത്തോളം മുഖ്യ കുടിനീർ സ്രോതസ് കിണറുകളാണ്. 70% കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ട്.15% കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുന്നു. 15% ആളുകൾ പൊതു കിണറുകളെ ആശ്രയിക്കുന്നു. ഉള്ള കുണറുകളിൽ 50% വർഷം മുഴുവൽ ജലം ലഭിക്കുന്നില്ല. ഏതാനും മാസം ജലം വറ്റിപോകുന്നു. ഈ പഞ്ചായത്തിലെ കുടിവെള്ളം ക്ഷാമമനുഭവപ്പെടുന്ന ഭാഗങ്ങൾ താഴെ പറയുന്നു :

നാലാനിക്കൽകുന്നു, അരിയപ്പുറം, പുളിന്താനംകുന്ന് ചേലകത്തിനാൽ ഭാഗം

2 നാരേക്കാട്ട്കുന്ന്, പെള്ളികുന്നേൽ ഭാഗം, ലക്ഷംവീട് കോളനി, പെരിയപ്പുറം പ്രിയദർശൻഗാർഡ് ഭാഗം, കക്കയം കവല, പുള്ളോലിക്കുളം, നാലുകണ്ടം, ഇടപ്പിള്ളിച്ചിറ റോഡ് ഭാഗം

3 പള്ളിപ്പടി, കണ്ണംകുളം, മൂകളേൽ ഭാഗം, ഊരനാട്, ചിറഭാഗം, അമ്പലം ഭാഗം, കുരുടുകാവ്

4 കൊച്ചുപയറ്റാട്ട് പടി, കൊള്ളിക്കാട്ടിൽ, വെള്ളൂർമല കോളനി, ഉണ്ട്യേക്കാട് ഭാഗം

5 കൈയനി ഭാഗം, മൂക്കിനേത്ത് ഭാഗം, പാലപ്പിള്ളി ഭാഗം, പാറഭാഗം, അരീക്കൽ ഭാഗം, ഇച്ചിപ്പിള്ളി ഭാഗം, മിച്ച ഭൂമി ഭാഗം, ഞരാൽ ഭാഗം, ഹരിജൻ സെറ്റിൽമെന്റ് ഭാഗം.

6 മാമ്പളമല, പനച്ചിക്കോട്, ഇരട്ടക്കുളങ്ങര, മാളിയേക്കൽ ഭാഗം, തെങ്ങുംപറമ്പു കോളനി, പെരിയലത്ത്പടി ഭാഗം വരെ.

7 കുന്നത്തുകുളം ഭാഗം, ലക്ഷംവീട് കോളനി, പുള്ളോന്തടം, ഗവ. ഹൈസ്കൂൾ മുതൽ എക്യുമെനിക്കിൽ സ്റ്റഡി സെന്റർ വരെ.

8 വെലിക്കുളം ഭാഗം, അയ്യന്താനം കോളനി, കഴഞ്ചിത്തടം, കൊല്ലൻകുടി പുലികുന്നേൽമട, മാക്കീത്തടം, ഇലവുംപാറ, ഓലിനാക്കുന്ന്, മങ്ങാട്ട്കുഴമ്പ് ഭാഗം, തടത്തിൽ താഴെ, കല്ലിടുക്കിൽ താഴെ കോൽപാറ, മനയ്ക്കകാലായിൽ, വാഴപ്പറമ്പ് മല, ഇടുമുക്ക്, കീരിമോളേൽ, വടക്കൻ യു.പി.എസ്. ഭാഗം, തെക്കൻ പിറമാടം, എൽ.പി.എസ്. ഭാഗം, ലക്ഷംവീട്, ആൽപ്പാറ, ഐക്കരക്കണ്ടം, കൂരാപ്പിള്ളി ഭാഗം, ത ണ്ട ു ം പുറം,ഓലിയ്ക്കത്തണ്ടേൽ, ഹരിജൻ കോളനി, പഴയകുടി.

ഈ പഞ്ചായത്തിൽകൂടി രാമമംഗലം തിരുമാറാടി പാമ്പാക്കുട ശുദ്ധജലവിതരണപദ്ധതി നിലവിൽ ഉണ്ടെങ്കിലും മുകളിൽ പറഞ്ഞഭാഗങ്ങളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകുന്നില്ല. ഇന്നത്തെ ജലവിതരണം അനുസരിച്ച് നൽകാൻ സാധിക്കുന്നതിൽ കൂടുതൽ ടാപ്പുകളാണ് കൊടുത്തിരിക്കുന്നത്. ഇതിൽ പൊതുടാപ്പുകളും വീട്ടുകണക്ഷനുകളും ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ കൊടുക്കുന്ന ടാപ്പുകളിൽതന്നെ ആവശ്യത്തിനു ജലം ഉപഭോക്താക്കൾക്ക് കാര്യമായി ലഭിക്കുന്നില്ല. ഈ പദ്ധതിയുടെ പ്രയോജനം കാര്യമായി ലഭിക്കുന്നത് തിരുമാറാടി പഞ്ചായത്തിനാണ്.

കുടിവെള്ളത്തിന് താഴെ പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. 1) ഒന്നാം വാർഡിൽ ചേലകത്തിനാൽ ഭാഗത്തും അരിയപ്പുറമ ഭാഗത്തും കുഴൽക്കിണർ സ്ഥാപിക്കുക.

2) ഇരട്ടനാൽകുഴൽ കിണർ ഉപയോഗയോഗ്യമാക്കുക. 2–ാം വാർഡിൽ തൊടുപക്കുഴി – ചെള്ളിക്കുന്നേൽപ്പടി, ലക്ഷം വീട് കോളനി, ഇടപ്പിള്ളിച്ചിറ – ഓണക്കൂർ റോഡ്, കരിക്കോത്തുമറ്റം കുരിശിങ്കൽ നിന്ന് 150 മീ. എക്സ്റ്റൻഷൻ, അറക്കടക്കുന്ന് കോളനി, ആലപ്പാട്ടുപടി, – പുള്ളോലിക്കുളം റോഡ്, കക്കയം – ഇടപ്പിള്ളിച്ചിറ റോഡ്, ചേന്നമ്പിള്ളി – മുണ്ടംപതി റോഡ്, പെരിയപ്പുറം പ്രിയദർശിനി റോഡ് എന്നിവിടെ പൈപ്പലൈൻ ഐക്കടക്കുന്ന് കോളനിയിൽ കുഴൽക്കിണർ.

3) പുന്നശ്ശോരി തകടിത്താഴം ഭാഗത്തു പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുന്നു.

2. രണ്ടാം വാർഡിൽ കുടിവെള്ളക്ഷാമമുള്ള എല്ലാ പ്രദേശത്തേക്കും പൈപ്പുലൈൻ സ്ഥാപിക്കുക.

3. മൂന്നാം വാർഡിൽ ആര്യാപ്പിള്ളിത്താഴം - പള്ളിപ്പടിവരെയും വഷപൈപ്പുലൈൻ സ്ഥാപിക്കുക. ജലവിതരണം എല്ലാ സമയത്തും ലഭ്യമാക്കണം.

4. ബ്ലോക്കാഫീസ് റോഡിലും പുതുശ്ശേരി - മാമ്മലശ്ശേരി റോഡിലെയും നിലവിലുള്ള പൈപ്പുലൈനിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കണം. കല്ലാറപ്പാടം, ചാലിയാത്തുചിറ റോഡിലും തോട്ടത്തിൽപ്പടി - ചാലിയത്തുചിറ റോഡിലും പൈയിറ്റാട്ട് പടി-വെങ്കുളത്തു ചാൽ ഭാഗത്തും ഇലവുങ്കൽപ്പടിയിൽ നിന്നും തെക്കോട്ടു പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കണം. കൊള്ളിക്കാട്ട് കുടി - എൽനാപ്പാടം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

5. അഞ്ചാംവാർഡിൽ പറക്കോട്ടിൽത്താഴം - ചെറിയ പാമ്പാക്കുട, കൈനി, ലക്ഷം വീട് കോളനി, എന്നിവിടങ്ങളിൽ കുഴൽക്കിണറ് സ്ഥാപിക്കുക. ഈസ്റ്റ് ഹരിജൻ സെറ്റിൽമെന്റ് കോളനി , കുന്നപ്പിള്ളിൽത്താഴം, കടുത്താൽഭാഗം, അഞ്ചൽപ്പെട്ടി - കയനി റോഡ് എന്നവടങ്ങളിൽ പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുക. വീട്ടുകണ്കഷൻ എടുത്തിട്ടുള്ള സർവ്വ വീടുകളിലും ജലം ലഭിക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കണം.

അരീക്കൽ - കാക്കൂർ പാമ്പാക്കുട വരെയും - ചെറിയ പള്ളിത്താഴം മുതൽ കയനി പാലപ്പിള്ളിത്താഴം വരെയും

പൈപ്പ് ലൈൻ സ്ഥാപിക്കുക.

6. ആറാം വാർഡിൽ ഗവ. ഹൈസ്കൂൾ പടി മുതൽ പരുത്തിക്കുന്നു മല വരെയും താനത്തുപടി മുതൽ ഇരട്ടക്കുളങ്ങരത്താഴം വരെയും വട്ടത്തറ മുതൽ മാളിയേക്കൽപടി വരെയും മടത്തിൽകുടി ജംഗ്ഷൻ മുതൽ കാളക്കുഴി പെരിയലത്തു പടി വരെയും കാളക്കുഴിത്താഴം മുതൽ ചൂതകാലായിൽപടി വരെയും കടക്കനാട്ടേൽ പടിമുതൽ പനച്ചിക്കോട്ട് വരെയും തെങ്ങുംപറമ്പ് ഹരിജൻ കോളനി പ്രദേശത്തും, പാറശ്ശേരികുടിയിൽ താമസിക്കുന്നവർക്കും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുക.

7. ഏഴാം വാർഡിൽ ലക്ഷംവീട് കോളനി ആലുഞ്ചേരിത്തടം, കുന്നത്തു ഭാഗം നെയ്ത്തുശാലപ്പടി - നീറുന്താനത്തു റോഡ് നെയ്ത്തുശാലപ്പടി - പഴയപുരത്താഴം, പാലത്തിങ്കൽ പടി - ചെന്നായ്ക്കോട് റോഡ് എന്നീ ഭാഗങ്ങളിൽ പൈപ്പുലൈൻ ഇട്ട് കുടിവെള്ളം ക്ഷാമം പരിഹരിക്കണം. വെലിക്കുളം ഭാഗത്തും നെയ്ത്തുശാല കമ്പനിപ്പടി തെക്കുംഭാഗം ഹരിജനങ്ങൾക്കും കുടിവെള്ളത്തിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക. പുള്ളോൻതടം കോളനിയിൽ ഒരു കുഴൽകിണർ സ്ഥാപിക്കണം.

8. എട്ടാം വാർഡിൽ മാനാംകോട് - പുലിക്കുന്നുമല മരുതനാക്കുഴിഭാഗത്തു കുടിവെള്ളം എത്തിക്കണം. തടത്തിൽതാഴം മുതൽ മല്ലപ്പിള്ളിത്താഴം വരെ പൈപ്പ്ലൈൻ നീട്ടണം. പാനക്കുന്നുമലയിലുംകക്ഷായിത്താഴത്തു നിന്നും ഓലിനാൽ മലയിലേക്കും പൈപ്പുലൈൻ ഇടണം.

മാനാംകോട്ട് നിലവിലുള്ള പഞ്ചായത്തു കിണർ നന്നാക്കി ഉപയോഗ യോഗ്യമാക്കുക. കക്ഷായിഭാഗത്തുള്ള കുഴൽകിണർ നന്നാക്കി ഉപയോഗ യോഗ്യമാക്കുക. മങ്ങാട്ടുകുഴമ്പിൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.

9. ഒൻപതാം വാർഡിൽ കളപ്പാറയിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ നിന്നും ജലവിതരണം തുടങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. വീട്ടുകണക്ഷ്നുകൾ അടിയന്തിരമായി നൽകുക. ആൽപ്പാറമാങ്കുളം റോഡിലും, കോൽപ്പാറ റോഡിലും കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കുക. പഞ്ചായത്തു കിണർ പാറതാഴ്ത്തി ഉപയോഗ യോഗ്യമാക്കുക. ഓലിയ്ക്കതണ്ടേൽ ഭാഗത്തും കാലാപ്പിള്ളിതാഴത്തും ഓരോ കുഴൽ കിണർ സ്ഥാപിക്കുക.

പിറമാടം ഓലിയ്ക്കതണ്ടേൽ മലയിൽ ഉയരം കൂടിയ ഭാഗത്തു ഒരു ജലസംഭരണി നിർമ്മിച്ച് ജലം സംഭരിച്ചാൽ വാർഡ് 5,6,7,8,9 എന്നീ വാർഡുകളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

മാമ്പിളമലയിൽ ജലം സംഭരിച്ച് 5,6,7 വാർഡുകളിൽ കുടിവെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കുക.

## പരിസരശുചിത്വം

പരിസര ശുചീകരണത്തിൽ ഒന്നാമത്തെ സ്ഥാനം കുടുംബത്തിനും അവിടെ അധിവസിക്കുന്ന വ്യക്തികൾക്കുമാണ്. നല്ല ആരോഗ്യമുള്ള വ്യക്തികൾ ഉണ്ടായാൽ മാത്രമെ സമൂഹനന്മക്കുവേണ്ടി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. ആ നിലക്ക് പരിസരശുചിത്വം കുടുംബങ്ങളിൽ നിന്നും ആരംഭിക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ആഹാരം, വസ്ത്രം എന്നിവ വൃത്തിയും ശുചിയുമായും ഉപയോഗിക്കുക. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം സൗകര്യമുണ്ടാക്കുക. കൊതുക്, ഈച്ച എന്നിവ പെരുകാതിരിക്കാൻ ജലനിർഗ്ഗമന ചാലുകൾ ഉണ്ടാക്കുക. മലമൂത്രവിസർജ്ജനം നിർബന്ധമായും കക്കൂസിൽ മാത്രം നടത്തുക. വീട്ടു പരിസരവും സദാസമയവും ശുചിയാക്കിയിടാൻ ശ്രദ്ധിക്കുക. അണുനാശിനി മിതമായ രീതിയിൽ ഉപയോഗിച്ച് തറകൾ വൃത്തിയാക്കിയിടുക. പഞ്ചായത്തിലെ എല്ലാ വീടുകളിലും ശുചിത്വം പാലിക്കണം. പൊതുസ്ഥലങ്ങൾ മാർക്കറ്റ്, സ്കൂളുകൾ, ആശുപത്രി, എന്നിവിടങ്ങളിൽ മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കരുത്. ഇപ്രകാരമായാൽ അടുത്ത കിണറുകളിലെ വെള്ളം മലിനമാകാതിരിക്കും. പൊതുകിണറിന്റെ സമീപം കുളിക്കുകയോ,അലക്കുകയോ ചെയ്യരുത്. കന്നുകാലികളെ കുളിപ്പിക്കുന്ന വെള്ളത്തിൽ മനുഷ്യർ കുളിക്കുകയോ വസ്ത്രങ്ങൾ അലക്കുകയോ ചെയ്യരുത്. പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ഇന്നത്തെ ആളുകൾ കൂടുതൽ ബോധവാന്മാരാണ്. എന്നിരുന്നാലും പൊതുസ്ഥലങ്ങൾ ഇന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്നതായി കാണുന്നു. തന്മൂലം പകർച്ചവ്യാധികൾ ഉൾപ്പെടെ പോലുള്ള പലവിധ മാരക രോഗങ്ങൾ പടർന്നു പിടിക്കുന്നതിനും സമൂഹത്തിനു തന്നെ വലിയ നാശനഷ്ടം സംഭവിക്കുന്നതിനും ഇടവരുന്നു.

പരിസരശുചീകരണത്തിനും പഞ്ചായത്തുതലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

1. വർഷത്തിൽ ഒരിക്കൽ പഞ്ചായത്തുതലത്തിൽ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ നടത്തുക.

2. പഞ്ചായത്തതിർത്തിയിലുള്ള കമ്പോളങ്ങളിൽ പലഭാഗത്തായി ചപ്പുചവറുകൾ സൂക്ഷിക്കുന്നതിനുള്ള വീപ്പകൾ സ്ഥാപിക്കുകയും കാലാകാലങ്ങളിൽ അവനീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. പ്രധാന കമ്പോളങ്ങളും മാർക്കറ്റും റോഡ് സൈഡും വൃത്തിയാക്കുന്നതിനും ഒരു മുഴുവൻ സമയ ജീവനക്കാരനെ നിയമിക്കുക. എല്ലാ റോഡുകളുടെയും വശങ്ങളിലുള്ള കാനകൾ നീരൊഴുക്ക് ഉറപ്പു വരുത്തുക. ഹോട്ടലുകളിലും മറ്റും ഉണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുന്നതിനും സംവിധാനം ഉണ്ടാക്കുകയും ഗുണമേന്മയുള്ള ആഹാരപദാർത്ഥങ്ങളാണ് നൽകുന്നത് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. അറവുശാലകൾ ഉണ്ടെങ്കിൽ അവ പൊതു നിരത്തിന് സമീപത്തു നിന്നും മാറ്റി പഞ്ചായത്തു നിർദ്ദേശിക്കുന്ന പ്രത്യേക സ്ഥലത്തു മാത്രം ചെയ്യുന്നതിനും ഏർപ്പാടാക്കുക. അറവുശാലകളിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ ചിന്നിച്ചിതറി പരിസര മലിനീകരണം ഉണ്ടാകാതെ മാറ്റുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

ആശുപത്രികളിൽ വരുന്നവരുടെ ശ്രദ്ധക്കായി പരിസര ശുചീകരണത്തെപ്പറ്റിയുള്ള ബോർഡ് വക്കുകയും നിർദ്ദേശമനുസരിച്ച് ആളുകൾ പെരുമാറുന്നുണ്ടോ എന്നു ആശുപത്രി ചുമതലക്കാർ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ഹോട്ടലുകളിൽ നിന്നും മറ്റും പൊതുസ്ഥാപനങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനജലം പ്രത്യേകം കിഴികൾ കുത്തി അതിൽ വീഴിച്ച് സ്ലാബിട്ട് മൂടുന്നതിനും ഏർപ്പാടുകൾ ചെയ്യണം.

ഈ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന ചപ്പുചവറുകൾ പ്രയോജനപ്പെടുത്തി വാർഡുതോറും ഓരോ ജൈവവള യൂണിറ്റുകൾ ആരംഭിച്ച് മലിനീകരണം ഒഴുവാക്കുന്നതിനും കുറെയാളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും സഹായകരമാകും.

# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രതിബദ്ധതയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഉത്തമ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഒരു വികസനപ്രവർത്തനംകൂടിയാണ് വിദ്യാഭ്യാസം. ആയതുകൊണ്ട് ഒരു പ്രദേശത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടകുവാൻ വിദ്യാഭ്യാസത്തിന് കഴിയണം.

വിദ്യാഭ്യാസ രംഗത്ത് വളരെയധികം നേട്ടങ്ങൾ കാഴ്ചവച്ച പ്രദേശമാണ് നമ്മുടേത്. നൂറുശതമാനം സാക്ഷരത കൈവരിച്ച ആദ്യത്തെ ജില്ലയായ എറണാകുളം ജില്ലയിലെ ഒരു പഞ്ചായത്താണിത്. 5 വയസ്സ് കഴിഞ്ഞ എല്ലാ കുട്ടികളും ഒന്നാം ക്ലാസ്സിൽ എത്തിച്ചേരുന്നു. തുടർന്നുള്ള ക്ലാസ്സുകളിലെ കൊഴിഞ്ഞു പോക്കും വളരെ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമാകണമെന്ന ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളം നേടിയെടുത്തു. നമ്മുടെ പഞ്ചായത്തിലും 5 വയസ്സ് പൂർത്തിയായി സ്കൂളിൽ പോകാത്ത കുട്ടികൾ ആരും തന്നെയില്ല.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം ഗണനീയമായ രീതിയിൽ വർദ്ധിച്ചു എങ്കിലും അതിന്റെ ഗുണനിലവാരം താഴേക്കുപോയിക്കൊണ്ടിരിക്കുന്നു. 25 - 30% കുട്ടികളും അക്ഷരമുറയ്ക്കാത്തവരാണ് എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. S.S.L.C പരീക്ഷയെഴുതുന്ന 60% കുട്ടികളും നിശ്ചിത പാസ്സ് മാർക്കു വാങ്ങുന്നില്ല. ഈ യാഥാർത്ഥ്യം വിസ്മരിക്കരുത്.

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാൻ സഹായകമായ പല സഹായഘടകങ്ങളും ഉണ്ടയിട്ടും തദനുസൃതമായി നമുക്കുമുന്നേറുവാൻ കഴിയുന്നില്ല. നിലവാരത്തകർച്ചക്ക് കാരണ മെന്തെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തീരാജ് നഗരപാലിക നിയമം നടപ്പിൽ വന്നതോടുകൂടി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള അധികാരം വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് സംവിധാനങ്ങൾക്കു കൈവന്നിരിക്കുന്നു. ഒരു പ്രദേശത്തെ മൊത്തം സമൂഹത്തിന്റെ കൂട്ടായ്മയിലൂടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള അവസരം കൈവ

ന്നിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സർക്കാർ നിയമിച്ച കമ്മീഷനുകൾ വിദ്യാഭ്യാസരംഗത്ത് ക്രിയാത്മകമായ അനവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 1966 കോത്താരി കമ്മീഷൻ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സ്കൂൾ കോംപ്ലക്സുകൾ ശുപാർശ ചെയ്തു. തന്മൂലം സ്കൂളുകൾ തമ്മിലുള്ള അകൽച്ചകൾ അവസാനിക്കുന്നതിനും പരസ്പരം ചേർന്ന് ചെറുഗ്രൂപ്പുകളായി പ്രവർത്തിക്കുന്നതിനും വിദ്യാഭ്യാസവകുപ്പിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരങ്ങൾ കുറെ വികേന്ദ്രീകരിക്കുവാനും സാധിക്കുന്നു. എന്നാൽ ഈ നിർദ്ദേശമനുസരിച്ച് കോംപ്ലക്സുകൾ ആരംഭിച്ചെങ്കിലും പലകാരണങ്ങളാൽ കൂടുതൽ കാലം നിലനിന്നില്ല.

വിദ്യാഭ്യാസം ഏത് പൗരന്റെയും അവകാശമായി മാറി. ഈ അവകാശങ്ങളൊക്കെ ഇന്ന് ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഒരു സമാന്തരവിദ്യാഭ്യാസ ശൃംഖല ഇവിടെ തുടർന്നു വരുന്നുണ്ട്. പല സ്കൂളുകളും ആദായകരമല്ലാത്തതായി തീർന്നിരിക്കുന്നു. വിദ്യാലയം നിലനിറുത്തണമെങ്കിൽ സമൂഹം തന്നെ മുൻകൈ എടുക്കണം. അതിനായി പഞ്ചായത്തു തലത്തിൽ സമഗ്രമായ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കണം.

പ്രീ പ്രൈമറി രംഗത്തും തുടർവിദ്യാഭ്യാസ രംഗത്തും ഈ പ്രദേശത്തിന് അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ നമുക്കു കഴിയണം. ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായി സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിനെ വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുമ്പ് തന്നെ പൊതുവിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

ഒരു പഞ്ചായത്ത് ലൈബ്രറി അടക്കം മൊത്തം അഞ്ചുവായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ ഒന്നും തന്നെ കാര്യക്ഷമമായി നടക്കുന്നില്ല. ഈ ഗ്രാമപഞ്ചായത്തിൽ ആദ്യമായി 1894 ൽ ഒരു സർക്കാർ മലയാളം സ്കൂൾ സ്ഥാപിക്കുകയുണ്ടായിട്ടുണ്ട്. ഈ വിദ്യാലയം 1947 വരെ മലയാളം ഏഴാം ക്ലാസ്സുള്ള സ്കൂളായിരുന്നു. ഇത് പിന്നെ 1980 ൽ ഹൈസ്കൂളായി ഉയർന്നു. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. ഈ പഞ്ചായത്തിൽ 2 ഹൈസ്കൂളുകളും 6 യു.പി. സ്കൂളുകളും ഒരു L.P. സ്കൂളും ഉൾപ്പെടെ ആകെ 9 സ്കൂളുകൾ സ്ഥിതിചെയ്യുന്നു.

17262 ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ 9 വിദ്യാലയങ്ങളിലായി 3258 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. 124 അദ്ധ്യാപകർ ഈ സ്കൂളുകളിലായി സേവനം അനുഷ്ടിക്കുന്നു. ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ ഒരു type writing institute ഉം ഒരു ട്യൂട്ടോറിയൽ കോളേജും പ്രവർത്തിക്കുന്നു. ഇതിനു പുറമെ വിവിധ കലാ സാംസ്ക്കാരിക പരിപാടികൾ ഉൾക്കൊള്ളുന്ന 2 ഫൈൻ ആട്സ് സൊസൈറ്റികളും ഏതാനും ആർട്ട് & സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളുടെ 150ഓളം വിദ്യാർത്ഥികൾ, പുത്തൻകുരിശ്, മൂവാറ്റുവുഴ, പിറവം എന്നീ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു പോകുന്നതായി കണക്കാക്കിയിരിക്കുന്നു. ഇവിടെയുള്ള സ്പ്രിങ്ങ് ഡെയിൽ ഇംഗ്ലീഷ് മീഡിയത്തിൽ 400 കുട്ടികൾ പഠിക്കുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ്, കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതാവേശം, ഇവയൊക്കെ ഇതിന്റെ കാരണങ്ങളായി പറയാം. ഈ പഞ്ചായത്തിൽ ഏറ്റവും കുറവ് വിദ്യാർത്ഥികൾ പഠിക്കുന്ന ഓണക്കൂർ ഗവ. യുപി സ്കൂളും പിറമാടം New L.P. സ്കൂളുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പിറമാടം New L. P. സ്കൂൾ അൺ എക്കണോമിക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ നാലു ക്ലാസ്സുകളിലായി 36 കുട്ടികൾ മാത്രമാണ് അധ്യയനം നടത്തുന്നത്. ഇത്രയും കുട്ടികൾക്കായി 4 അധ്യാപകർ സേവനം അനുഷ്ടിക്കുന്നുണ്ട്. 9 കുട്ടികൾക്ക് ഒരധ്യാപകൻ!

**പട്ടിക 12**

**സ്കൂളുകളിലേക്കുള്ള യാത്രാദൂരം**

| തരം | ശരാശരി k.m. | പരമാവധി k.m. |
|---|---|---|
| ലോവർ പ്രൈമറി സ്ക്കൂൾ | .52 | 2.0 |
| അപ്പർ പ്രൈമറി സ്ക്കൂൾ | .8 | 1.5 |
| ഹൈസ്ക്കൂൾ | 2.0 | 3.5 |

പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു സ്ക്കൂൾ ഒഴികെ മറ്റ് എല്ലാ സ്ക്കൂളുകളിലും വൈദ്യുത കണക്ഷൻ ഉണ്ട്. സ്റ്റാഫ് റൂം, കക്കൂസ്, പാചകപുര, കളി സ്ഥലം, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ കുടിവെള്ള സൗകര്യം, എന്നിവയും എല്ലാ സ്ക്കൂളുകളിലും പൂർണ്ണമല്ല.

ഈ പഞ്ചായത്തിൽ ബാലവാടികളോടനുബന്ധിച്ചുള്ള 4 നേഴ്സറി സ്ക്കൂളുകളും പ്രതിമാസം 100 രൂ വീതം ഗ്രാന്റ് ലഭിക്കുന്ന 3 നിലത്തെഴുത്താശാൻ പള്ളിക്കൂടങ്ങളും 2 പ്രീ പ്രൈമറി സ്ക്കൂളുകളും ഉൾപ്പെടെ 9 ശിശു വിദ്യാലയങ്ങളുമാണ് ഉള്ളത്.

ഈ പഞ്ചായത്തിലെ കഴിഞ്ഞ S.S.L.C. ശരാശരി വിജയശതമാനം താഴെ കൊടുക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 92-93 | 86% |
| 93-94 | 74% |
| 94-95 | 80% |
| 95-96 | 91% |

92-93 വർഷത്തെ വിജയശതമാനം അടുത്ത വർഷങ്ങളിൽ കുറഞ്ഞുപോയെങ്കിലും 95-96 വർഷം ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകരെ ഈ അവസരത്തിൽ സ്മരിക്കുന്നു.

പാഠ്യേതര വിഷയങ്ങളിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ അത്ര പിന്നിലല്ലെന്ന് കഴിഞ്ഞ വർഷത്തെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവർക്ക് ലഭിച്ച അവാർഡുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം പാമ്പാക്കുട ഗവ. ഹൈസ്ക്കൂളിൽ നിന്നും ഡ്രോയിംഗിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് മനോജ് ആണ്. നീന്തൽ മത്സരത്തിൽ 5 ആൺകുട്ടികളും 3 പെൺകുട്ടികളും ഉൾപ്പെടെ 8 പേർക്ക് അവാർഡ് കിട്ടിയിട്ടുണ്ട്. കലാതിലകത്തിന് ഒരു പെൺകുട്ടി അർഹയായി. M.T.M. ഹൈസ്ക്കൂളിൽനിന്നും കായികമത്സരങ്ങൾക്കു ജില്ലാടിസ്ഥാനത്തിൽ 20 ആൺകുട്ടികളും 36 പെൺകുട്ടികളും ഉൾപ്പെടെ 56 പേർക്ക് അവാർഡുണ്ട്. സംസ്ഥാനതലത്തിൽ 4 പെൺകുട്ടികൾ അവാർഡിന് അർഹരായി. നീന്തൽ മത്സരത്തിൽ 6 ആൺകുട്ടികളും4 പെൺകുട്ടികളും ഉൾപ്പെടെ 10 പേർ വിജയിച്ചു. കലാമത്സരങ്ങളിൽ ജല്ലാതലത്തിൽ 10 ആൺകുട്ടികളും 15പെൺകുട്ടികളും ഉൾപ്പെടെ 25 പേർ അവാർഡ് കരസ്ഥമാക്കി.

കലാമത്സരത്തിൽ ജില്ലാതലത്തിൽ 4 ആൺകുട്ടികളും 9 പെൺകുട്ടികളും ഉൾപ്പെടെ 13 പേർ അവാർഡിന് അർഹരായി. പാമ്പാക്കുട ഗവ. ഹൈസ്ക്കൂളിൽ 12 കുട്ടികളും M.T.M. ഹൈസ്ക്കൂളിൽ 13 കുട്ടികളും ഓണക്കൂർ (N)ൽ 3ഉം ഓണക്കൂർ (S)ൽ 3ഉം മേമുറി U.P.S.ൽ 8ഉം, St. Mary's U.P.S. അഞ്ചൽപ്പെട്ടി 15 കുട്ടികളും മെറിറ്റ് സ്കോളർഷപ്പ് നേടിയിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം 504 കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്. വികലാംഗ സ്കോളർഷപ്പ് വാങ്ങുന്ന 8+14 കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. 4+25 കുട്ടികൾ ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം വാങ്ങുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്ന പ്രതിമാസ സ്റ്റൈപ്പെന്റ് 2 കുട്ടികൾ വാങ്ങുന്നു. 7 കുട്ടികൾ L.S.S. സ്കോളർഷപ്പിനും 3 കുട്ടികൾ U.S.S. സ്കോളർഷിപ്പിനും അർഹരായിട്ടുള്ളവരാണ്. മുൻകാലങ്ങളിൽ വിദ്യാഭ്യാസ നിലവാരം മോശമായിരുന്നു എങ്കിലും അടുത്തകാലത്തായി നിലവാരം ഉയർന്നതായി കാണുന്നുണ്ട്.

## പ്രശ്നങ്ങൾ

1) പല സ്ക്കൂളുകളിലും ഇന്നുള്ള ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയുന്നതിനുള്ള സാധ്യത മിക്ക സ്ക്കൂളുകളിലും നിലനിൽക്കുന്നു.
2) ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കു പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
3) തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ ഉന്നത വിദ്യാഭ്യാസമോ നൽകുന്നതിനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ല.
4) അധ്യാപകരുടെ ഗുണനിലവാരം അധ്യയനത്തെ ബാധിക്കുന്നു.
5) നിരക്ഷരത കുറക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഗണ്യമായ അളവിൽ ഇപ്പോഴും നിലനിൽക്കുന്നു.
6) ശിശു വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ തീരെയില്ല.
7) ഒരു അങ്കൻവാടി പോലും ഈ പഞ്ചായത്തിലില്ല.
8) അനൗപചാരിക വിദ്യാഭ്യാസം വേണ്ടത്ര രീതിയിൽ ആസൂത്രിതമായി നടപ്പാക്കുന്നില്ല.

9) ഈ പഞ്ചായത്തിൽ കലാഭ്യാസനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

10) പഞ്ചായത്തിനകത്ത് ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പോലുമില്ല.

11) പാഠ്യേതര വിഷയങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

12) വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് മിടുക്കരായ യുവതിയുവാക്കളെ കായികരംഗത്തേക്ക് ആകർഷക്കുവാൻ കഴിയുന്നില്ല.

## പ്രശ്നപരിഹാരത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

ഓണക്കൂർ ഗവ.യു.പി. സ്കൂളിന് (south) കളിസ്ഥലം നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം ലഭ്യമാക്കുക. കുടിവെള്ളത്തിനുവേണ്ടി വാട്ടർ ടാങ്ക് നിർമ്മിക്കുക. ചുറ്റു മതിൽ നിർമ്മിക്കുക. ലാബറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ഓണക്കൂർ നോർത്ത് യു.പി.സ്കൂളിന് ചുറ്റുമതിലും ഗെയിറ്റും നിർമ്മിക്കുക. (2) ഗ്രൗണ്ട് നിരപ്പാക്കി കളി സ്ഥലം സൗകര്യപ്പെടുത്തുക 3) പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ഒരു പ്രത്യേക മുറി നിർമ്മിക്കുക. 4) സ്കൂളിന്റെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

പാമ്പാക്കുട ഗവ. സ്കൂളിലെ ലാബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. 2) സ്കൂളിലെ L.P., U.P. വിഭാഗത്തു ചുറ്റുമതിൽ കെട്ടി സരക്ഷിക്കുക. 3) ഹൈസ്കൂൾ ലൈബ്രറിക്ക് ഒരു റീഡിംഗ് റൂം കുടുതൽ പുസ്തകങ്ങളും അനുവദിക്കുക. ഇന്ന് ഹൈസ്കൂളിൽ നിലവിലുള്ള കംപ്യൂട്ടർ പഠനം ഒരു തൊഴിലധിഷ്ടിത കോഴ്സായി അംഗീകരിക്കുകയും ആയതിന് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പ്ലസ്ടു കോഴ്സ് ആരംഭിക്കുക. മേമ്മുറി സ്കൂളിന് ചുറ്റുമതിൽ കെട്ടുക 2) ആവശ്യമായ ഫർണിച്ചറും പഠനോപകരങ്ങളും അനുവദിക്കുക. 3) കളി സ്ഥലം നിർമ്മിക്കുക 4) ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കളയും സ്റ്റോറും നിർമ്മിക്കുക. 5) ഗേററു വലുതാക്കി പണിയുക. പിറമാടം ഗവ. യു.പി. സ്കൂളിന് ചുറ്റുമതിൽ പണിയുക. നിലവിലുള്ള കേടുപറ്റിയ വാട്ടർ ടാങ്കിന്റെ അറ്റകുറ്റ പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുക. മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. പൂർത്തിയാകാത്ത സ്കൂൾ കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുക.

പിറമാടം ഗവ. എൽ. പി. സ്കൂളിന്റെ പരിസരത്തുകൂടി പോകുന്ന പൈപ് ലൈനിൽ നിന്നും സ്കൂളിലേക്ക് കുടിവെള്ളം ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പ്രൈമറി സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഡിഗ്രിയും അദ്ധ്യാപക പരിശീലനവും ഉണ്ടായിരിക്കണം. അദ്ധ്യാപകർക്ക് വർഷത്തിൽ ഒരിക്കലെങ്കിലും റീ ഓറിയന്റേൽ കോഴ്സ് നിർബന്ധമായും നൽകിയിരിക്കണം. കോഴ്സ് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം. ഓരോ വിഷയങ്ങളിലും പരിശീലനം നേടിയ അദ്ധ്യാപകരെക്കൊണ്ടു മാത്രമേ ആ വിഷയങ്ങൾ പഠിപ്പിക്കുവാൻ അനുവദിക്കാവൂ.

പാഠ്യേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ തന്നെ പ്രത്യേക വിഭാഗം ഏർപ്പെടുത്തണം. എല്ലാ സ്കൂളുകളിലും കലാകായികസാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും നിർബന്ധിതവും ആക്കണം. എല്ലാ സ്കൂളുകളിലും നിർബന്ധമായും ഒരു തെഴിൽ അധിഷ്ഠിത കോഴ്സ് ആരംഭിക്കണം. ഇത് യു. പി. വിഭാഗം മുതൽ ആരംഭിക്കണം.

രണ്ടുതരം പൗരന്മാരെ നിർമ്മിക്കുന്ന ഇന്നത്തെ അശാസ്ത്രീയ രീതി ഉപേക്ഷിച്ച് പ്രൈവറ്റ് മേഖലയിൽ ആരംഭിക്കുന്ന വിദ്യാലയങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ആവശ്യമായ നിയമനിർമ്മാണം എത്രയും വേഗം സ്വീകരിക്കണം.

ഏഴാം സ്ററാന്റേർഡ് വരെ മാതൃഭാഷയിൽ മാത്രമേ അദ്ധ്യയനം നടത്താവൂ. ഹൈസ്കൂൾ തലം മുതൽ രാഷ്ട്രഭാഷയും ഇംഗ്ലീഷ് ഭാഷയും ആരംഭിക്കാം.

പഞ്ചായത്തു തലത്തിൽ ചുരങ്ങിയത് ഒരു I.T.I / I.T.C യും ഒരു സാങ്കേതിക കോളേജും ആരംഭിക്കണം. എല്ലാവാർഡിലും ഒരു അംഗൻ വാടിയോ ബാലവാടിയോ ആരംഭിക്കണം. എല്ലാവാർഡിലും നിർബന്ധമായും ഒരു ലോവർ പ്രൈമറി സ്കൂൾ ഉണ്ടായിരിക്കണം.

പഞ്ചായത്ത് അതിർത്തികളിലുള്ള ലക്ഷംവീട് കോളനികളിലും പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലും വയോജനവിദ്യാഭ്യാസം നിർബന്ധമാക്കുകയും ഫീഡിംഗ് സെന്റർ ആരംഭിക്കുകയും ചെയ്യുക.

നിലവിലുള്ള പഞ്ചായത്ത് ലൈബ്രറി റീഡിംഗ് മുറിയോടുകൂടി പുതുക്കി പണിത് അപ്ഗ്രേഡ് ചെയ്യുക. അവിടെ ഒരു ഫുൾടൈം ലൈബ്രറേറിയനെ നിയമിക്കുകയും ചെയ്യുക. ആനുകാലിയ പ്രസിദ്ധീകരണങ്ങളും പത്രങ്ങളും ഗവ. പ്രസിദ്ധീകരണങ്ങളും കൃഷിസംബന്ധമായ പ്രസിദ്ധീകരണങ്ങളും പൊതുജനങ്ങൾക്ക് സദാസമയവും ലഭി

ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. എല്ലാ വാർഡിലും ഓരോ സാംസ്കാരിക നിലയങ്ങൾ ആരംഭിക്കണം. ജനവിദ്യാ കേന്ദ്രങ്ങളും സ്ഥാപിക്കണം.

നിലവിലുള്ള ബാലവാടികൾ പുതുക്കിപ്പണിത് സൗകര്യം വർദ്ധിപ്പിക്കണം. പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും കലാ സാംസ്കാരിക പ്രവത്തനങ്ങൾക്ക് ഒരു കമ്മ്യൂണിറ്റി ഹാളും ഇവ നിർമ്മിക്കുക.

വിദ്യാലയങ്ങളിൽ നിന്ന് രാഷ്ട്രീയം നിർബന്ധമായും ഒഴിവാക്കണം. അത്തരത്തിലുള്ള തെരഞ്ഞെടുപ്പ് ഒരു വിദ്യാലയത്തിലും അനുവദിക്കരുത്. സ്കൂളിലെ അച്ചടക്കം കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ വിദ്യാലയത്തിലും പി.റ്റി.എ യും മദേഴ്സ് ഫോറവും നിർബന്ധമായും ഉണ്ടായിരിക്കുകയും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തുകയും ചെയ്യണം.

പി.റ്റി.എ യും മദേഴ്സ് ഫോറവും യോഗങ്ങൾ മാസം തോറും നടത്തുകയും അതിന്റെ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുകയും സ്കൂളിനെ സംബന്ധിക്കുന്ന അദ്ധ്യയനം ഉൾപ്പെടെയുള്ള സർവ്വകാര്യങ്ങളും വിലയിരുത്തുകയും അദ്ധ്യാപക രക്ഷകർത്താ സഹകരണത്തോടുകൂടി ന്യൂനതകൾ പരിഹരിച്ചു പോവുകയും ചെയ്യണം.

കുട്ടികളിൽ മിത വ്യയം വളർത്തി എടുക്കുന്നതിന് സഞ്ചയിക പോലുള്ള സമ്പാദ്യ പദ്ധതികൾ നിർബന്ധമായും സ്കൂളിൽ തുടങ്ങണം. പഞ്ചായത്തു തലത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിദ്യാലയത്തിനും കുട്ടിക്കും അദ്ധ്യാപകനും പ്രത്യേകം പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകണം.

വിദ്യാഭ്യാസ നിലവാരം മോശമാകുന്നതിന്റെ ഒരു പ്രധാനകാരണം ഇന്നത്തെ രീതിയിലുള്ള പരിശോധനാ സമ്പ്രദായമാണ്. പരിശോധനാ ഉദ്യോഗസ്ഥന് ഇതിന് സമയം കിട്ടുന്നില്ല. മാസത്തിൽ ഒരിക്കൽ അക്കാഡമിക് കാര്യങ്ങളേക്കുറിച്ച് സ്കൂളുകൾ പരിശോധിച്ച് പോരായ്മകൾ ഉണ്ടങ്കിൽ അദ്ധ്യാപക രക്ഷാകർത്ത്യ സമിതി കൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

പാമ്പാക്കുട കേന്ദ്രീകരിച്ച് ഒരു ഉപവിദ്യാഭ്യാസ ജില്ലാ ഓഫീസ് എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## സംസ്ക്കാരം

പുരോഗതിയുടെ മാനദണ്ഡം സാമ്പത്തിക ഭദ്രത മാത്രമല്ല. ആരോഗ്യമെന്നു പറയുന്നത് രോഗമില്ലായ്മ മാത്രമല്ല. ശാരീരികവും, സാമൂഹികവുമ, മാനസീകവും, സാമൂഹികവുമായ ഏകീഭാവം (Well being) ആണെന്നു പറയുന്നതുപോലെ സാമ്പത്തിക ഭദ്രതയോടൊപ്പം സാംസ്കാരിക ഉയർച്ചയും ചേർന്നാലേ പുരോഗതി യഥാർത്ഥമാവുകയുള്ളൂ. ഇവിടെ എന്താണു സംസ്ക്കാരമെന്നു വിലയിരുത്തേണ്ടി വരുന്നന്നു. കാലാകാലങ്ങളായി, മനുഷ്യന്റെ അനുഭവങ്ങളിൽ നിന്നും, ചിന്തയിൽ നിന്നും, വിദ്യാഭ്യാസത്തിൽ നിന്നും മനുഷ്യമനസ്സിൽ രൂപപ്പെടുന്ന അറിവിന്റെയും, നല്ല പെരുമാറ്റത്തിന്റെയും , നന്മ ചെയ്യുവാനുള്ള വാഞ്ഛയുടേയും, അനീതിയെ ചെറുക്കുവാനുള്ള ആത്മധൈര്യത്തിന്റെയും സത്യസന്ധതയുടേയും ഒക്കെ ബഹിർസ്ഭുരണമായ ഒരു ചൈതന്യസിദ്ധിയാണ് സംസ്ക്കാരം എന്നു പറയാം.

പ്രാചീന മനുഷ്യൻ പടിപടിയായ പല ഘട്ടങ്ങളും കടന്നാണ് ഇന്നത്തെ പുരോഗതിയിലും സംസ്ക്കാരത്തിലും എത്തിയത്. യുഗയുഗങ്ങളായി സംസ്ക്കാരത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ കൂടുതൽ കൂടുതൽ ചിന്തിച്ചു തുടങ്ങിയതോടുകൂടി സംസ്ക്കാരാചാരങ്ങൾ തിരുത്തിക്കുറിക്കപ്പെട്ടുകൊണ്ടിരുന്നു. ക്രമേണ സംസ്ക്കാരം കലയുമായി ബന്ധപ്പെടാൻ തുടങ്ങി. കല ഉടലെടുത്തത് സംതൃപ്തിയിൽ നിന്നാണെന്നു കാണാൻ കഴിയും. പ്രാകൃത മനുഷ്യരും സുഭിക്ഷമായ ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ ആടുകയും പാടുകയും ഒക്കെ ചെയ്തിരുന്നു. അതിന് അന്ന് അർത്ഥവും താളവും ഒന്നും ഉണ്ടായിരുന്നില്ല. പാട്ട് എന്നു പറയുന്നത് പ്രാകൃത ശബ്ദം പുറപ്പെടുവിക്കൽ മാത്രമായിരുന്നു. ചരിത്രാതീതകാലത്ത് പരസ്പരം അറിയപ്പെടാതെയും ബന്ധപ്പെടാതെയും ലോകത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യസമൂഹങ്ങൾ ഇങ്ങനെ കഴിഞ്ഞുകൂടിയിരുന്നു. ചരിത്രങ്ങൾ രേഖപ്പെടുത്തുകയും ശാസ്ത്രപുരോഗതിയിലൂടെ ഗതാഗത-വാർത്താവിനിമയ ബന്ധങ്ങൾ ഉടലെടുക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മനുഷ്യർ പരസ്പരം ബന്ധപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്തതോടുകൂടി കലക്കും സംസ്ക്കാരത്തിനും ഐകരൂപ്യവും അർത്ഥവ്യാപ്തിയും ഉണ്ടായി. സാംസ്ക്കാരിക ബന്ധങ്ങൾ കൂടുതൽ സുദൃ

ഢമാകുന്നതിനുവേണ്ടി വിവിധ രാജ്യങ്ങൾ തമ്മിൽ ഇന്ന് കലാസാംസ്ക്കാരിക മണ്ഡലങ്ങളിൽ കൂടുതൽ സഹ വർത്തിത്വം പുലർത്തുന്നു.

കലയിലും സംസ്കാരത്തിലും കാലാകാലങ്ങളിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽത്തന്നെ ഈ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയും. പ്രാചീന ഭാരതീയ കലകൾ മിക്കതും ആചാര-വിശ്വാസാനുഷ്ഠാനങ്ങളിൽ കൂടിയാണ് രൂപപ്പെട്ടിട്ടുള്ളത്. ഹിന്ദു ക്ഷേത്രങ്ങൾ ഇതിൽ മുൻപന്തിയിലായിരുന്നു. കാർഷികപ്രധാനമായ തൊഴിലുകളുള്ള എല്ലാ രംഗങ്ങളിലും പാട്ടും നൃത്തവും മറ്റു പലതര വിനോദങ്ങളും സ്ഥാനം പിടിച്ചിരുന്നു. കൃഷിയിറക്കു സമയത്തും വിളവെടുപ്പു കാലത്തും ഇവ പ്രചാരത്തിലിരുന്നു. ഏതാണ്ട് അൻപതുവർഷങ്ങൾക്കു മുൻപുവരെ പാമ്പാക്കുട പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും കേരളത്തിൽ മൊത്തത്തിലും കൃഷിക്കാർ നെല്ലുൽപ്പാദനത്തിലാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്. പാടങ്ങളിൽ മാത്രമല്ല കരപ്രദേശങ്ങളിലും കുന്നിൻ ചരുവുകളിലും മഴയെ ആശ്രയിച്ച് വിരിപ്പ് (പൊടി) കൃഷി നടത്തിയിരുന്നു. ഈ അവസരത്തിൽ പത്തും ഇരുപതും കിളക്കാർ രണ്ടുസെറ്റായി തിരിഞ്ഞുനിന്ന് കൂത്തുപാട്ടുകൾ പാടി പരസ്പരം കളിയാക്കി ഉത്സാഹത്തോടുകൂടി കിളിയ്ക്കുമായിരുന്നു.

*നിന്റെയമ്മ നത്തുകണ്ണി*
*ചത്തുപോയാൽ ദുഃഖമില്ല*
*എന്റെയമ്മ പൊന്നുകണ്ണി*
*ചത്തുപോയാൽ ദുഃഖമുണ്ട്*

*'തുമ്പാ പൊക്കി കിളക്കട*
*ഈച്ചമൂഞ്ചി കിളക്കാരെ'*

ഇതുപോലെ ഞാറു പറിയ്ക്കലിലും നടീലിലും കൊയ്ത്തിനുമെല്ലാം പ്രചാരത്തിലിരുന്ന നാടൻ പാട്ടുകൾ ഉണ്ടായിരുന്നു. വിളവെടുപ്പുകാലത്തോടനുബന്ധിച്ചും ഓണം വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിലും ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ചും പാടുന്ന ധാരാളം നാടൻ പാട്ടുകളും കളികളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തു പ്രദേശങ്ങളിൽ തടിയിൽ നിർമ്മിച്ച കാളയുടെ രൂപങ്ങളെ തണ്ടുകളിൽ ഉറപ്പിച്ച് തോളിലേറ്റി നടത്തിയിരുന്ന കാളകളി, കോൽക്കളി, പരിചമുട്ടുകളി, പുലികളി, ഗരുഡൻ തൂക്കം മുതലായവ എടുത്തു പറയേണ്ടവയാണ്. ചില പ്രത്യേക സമുദായക്കാർ പരമ്പരാഗതമായി ചില പാട്ടുകളും കലകളും നടത്തിയിരുന്നു. പുള്ളുവനും പുള്ളുവത്തിയും വീണയും കുടവുമായി പുള്ളുവൻ പാട്ട് (സർപ്പപ്പാട്ട്) മാർഗ്ഗംകളി തുടങ്ങിയവ പ്രചാരത്തിലിരുന്നു. 50 വർഷങ്ങൾക്കു മുൻപ് ഈ പ്രദേശത്തും ശൈശവ വിവാഹം നിലവിലിരുന്നു.

എന്നാൽ ശാസ്ത്ര പുരോഗതിയും നവീനകൃഷിസമ്പ്രദായങ്ങളും സാർവത്രിക വിദ്യാഭ്യാസവും ഒക്കെ വന്നതോടുകൂടി രംഗമാകെ മാറാൻ തുടങ്ങി. കർഷകർക്ക് നെൽകൃഷി അനാദായകരമായി അനുഭവപ്പെടുകയും നെൽകൃഷി നാണ്യവിളകൾക്ക് വഴിമാറിക്കൊടുക്കുകയും ചെയ്തു. മക്കൾക്ക് വിദ്യാഭ്യാസവും മറ്റ് തൊഴിൽ സാദ്ധ്യതകളും ഉണ്ടായതോടുകൂടി പാരമ്പര്യകലകളിലും തൊഴിലുകളിലും ഏർപ്പെട്ടിരുന്നവർ ക്രമേണ അവ ഉപേക്ഷിക്കുകയും മറ്റു രംഗങ്ങളുലെയ്ക്ക് മാറുകയും ചെയ്തു. റേഡിയോ, T.V. തുടങ്ങിയ ശ്രാവ്യ-ദൃശ്യ മാദ്ധ്യമങ്ങളുടെ വരവോടുകൂടി സ്ഥിതിയാകെ മാറി-പണ്ട് പാടത്ത് പണിയെടുക്കുന്ന പക്ഷാകർത്താക്കളോടുകൂടി ചെളിയിൽ ഓടിക്കളിച്ചും കാളപൂട്ടു പരിശീലിച്ചും ഉഴവുകഴിഞ്ഞ് കാളയെ കുളിപ്പിക്കുമ്പോൾ തോട്ടിലും കുളത്തിലും ചാടിക്കളിച്ച് സ്വാഭാവികമായി നീന്തലും മറ്റും വളരെ ചെറുപ്പത്തിലേ വശമാക്കിയിരുന്നു. ഇന്ന് ആധുനീക വീടുകളും സൗകര്യങ്ങളും ഉണ്ടായതോടുകൂടി കുളിമുറിയിലായി കുളി. നീന്തൽ എന്ന അതിപ്രധാനമായ അഭ്യാസം ഇന്ന് മിക്ക കുട്ടികൾക്കും നേടാൻ സാധിക്കാതെയായി. സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങൾ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

മദ്ധ്യകേരളത്തിൽപ്പെട്ട പാമ്പാക്കുടപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്. സാംസ്കാരിക നിലവാരത്തിൽ ഉയർന്ന മാനദണ്ഡം പുലർത്തുന്നവരാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 11 ആർട്ട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും പ്രവർത്തനം ആശാവഹമല്ല. പാമ്പാക്കുട ടൗൺ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗ്രാമി, സ്വാതി എന്നീ സാംസ്കാരിക സംഘടനകൾ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ഇവ ഭാവിയിൽ പാമ്പാക്കുടയുടെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ കൂടുതൽ പ്രതീ

ക്ഷയ്ക്ക് വകനൽകുന്നു. ഇവരെ പഞ്ചായത്തുതലചത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അടുത്തകാലത്ത് പണികഴിപ്പിക്കപ്പെട്ട കോനാട്ടു മൽപ്പാൻ ഹാൾ പാമ്പാക്കുടയുടെ ഒരു മുതൽക്കൂട്ടാണെന്ന് നിസ്സംശം പറയാം. ഇതിന്റെ ഉടമസ്ഥത സ്വകാര്യ വ്യക്തിയ്ക്കാണ്. പഞ്ചായത്തിന്റെ വകയായി ഒരു സാംസ്കാരിക നിലയം പണിയാൻ ശ്രമിക്കേണ്ടതാണ്. പൊതു റേഡിയോ ടെലിവിഷൻ സെറ്റുകൾ പരിമിതമാണ്. വായനശാലയുടെ സ്ഥിതിയും അത്ര ആശാവഹമല്ല. വായിച്ചുവളരുക എന്ന ആശയം അത്ര വിലകൽപ്പിക്കപ്പെടുന്നില്ല എന്നു തോന്നുന്നു. ടെലിവിഷൻ സർവ്വസാധാരണമായതോടുകൂടി സാമൂഹ്യ- സാംസ്കാരിക യുവജന സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് മങ്ങലേറ്റിരിക്കുന്നു. മാനസീകോല്ലാസത്തിന് റ്റി.വി.യെ ആശ്രയിക്കുന്നുണ്ട് നല്ലൊരു ശതമാനം ജനങ്ങൾ. ടെലിവിഷന്റെ അതിപ്രസരം ഒരു പരിധിവരെ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. എന്നാൽ ടി.വി. പരിപാടികൾ കാണുന്നതിൽ നിന്ന് വിദ്യാർത്ഥികളെ വിലക്കുന്നതും പ്രശ്നങ്ങൾ സ്രഷ്ടിക്കും. അച്ഛനും അമ്മയും ടി.വി. കാണുകയും മക്കൾക്ക് അത് വിലക്കിക്കൊണ്ട് പഠിക്കണം എന്നു വന്നാൽ അത് കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് പ്രതികൂലമായി ബാധിക്കും. ഈ പ്രശ്നം വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിലെ വിദഗ്ദ്ധ സമിതി കൈകാര്യം ചെയ്യേണ്ടതാണ്.

വിദ്യാലയങ്ങൾ, മതസ്ഥാപനങ്ങൾ, കലാസാംസ്കാരിക സംഘടനകൾ ഇവ വാർഷികോത്സവങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ജനങ്ങൾ പണ്ടു കാണിച്ചിരുന്ന താത്പര്യം ഇന്ന് പലയിടത്തും കാണുന്നില്ല.

## പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

ഒരു കാലഘട്ടത്തിൽ അടിമത്തത്തിലും അസമത്വത്തിലും കഴിഞ്ഞിരുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതി / പട്ടികവർഗ്ഗം. ഇവരുടം നാനാവിധമായ പുരോഗതിയെ ലാക്കാക്കി 1958ൽ ജില്ലാ പരിജനക്ഷേമഓഫീസ് എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ വിദ്യാഭ്യാസപരവും സംസ്കാരികവും സാമൂഹ്യവും സാമ്പത്തികവും ആയ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും അവരിൽ മതപരിവർത്തനം ചെയ്തവർക്കും സർവ്വവിധമായ വിദ്യാഭ്യാസസൗകര്യങ്ങൾക്ക് ആനുകൂല്യങ്ങളും അതിനുവേണ്ട എല്ലാ ചെലവുകളും നിയമാനുസൃതം ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിവരുന്നു. പട്ടികജാതിയിൽപെട്ടവർ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നിലാണ്. ഇവർക്കുവേണ്ടി ആശ്രമവിദ്യാലയങ്ങൾ സ്ഥാപിച്ചു അദ്ധ്യയനം ചെയ്യുന്ന കുട്ടികളുടെ എല്ലാ ചെലവുകളും ഡിപ്പാർട്ടുമെന്റ് വഹിക്കുന്നു.

വാസനയ്ക്കനുസരിച്ച് കൈതൊഴിൽ, കുടിൽ വ്യവസായം എന്നിവയിൽ പരിശീലനം നൽകുന്നതിന് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ അഭ്യസിക്കുന്നവർക്ക് മാസാന്ത്യ സ്റ്റൈപെന്റ് നൽകുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി പതിച്ചുകൊടുത്തു കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂനിയമ നടപ്പിൽ വന്നതോടെ പാർപ്പിട സൗകര്യമില്ലായ്മ കുറഞ്ഞതു കാണുന്നുണ്ട്. ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കായി പൊതു ശ്മശാനങ്ങൾ നിർമ്മിച്ചിട്ടണ്ട്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കിണറുകുഴിച്ചുകൊടുത്തിട്ടുണ്ട്. ഇനിയും പല സ്ഥലങ്ങളിലും ആവശ്യമായിട്ടുണ്ട്.

കോളനികളിൽ വൈദ്യുതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുട്ടുണ്ട്. സാമ്പത്തിക ഉന്നമനത്തിനായി സൗജന്യധനസഹായവും വായ്പാ സൗകര്യങ്ങളും ഡിപ്പാർട്ടുമെന്റ് ചെയ്തുവരുന്നു. മിശ്രവിവാഹതരായ ദമ്പതികൾക്ക് ധനസഹായവും നൽകി വരുന്നുണ്ട്. കാർഷികോപകരണങ്ങൾ നൽകവരുന്നതിന് സഹായധനം നൽകുന്നുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ 3,7 എന്നീ വാർഡുകകൾ ഒഴികെ മറ്റ് എല്ലാ വാർഡുകളിലും ഹരിജൻ രജിസ്ട്രേഡ് കോളനികളിലും 2,5,7,8,9 എന്നീ പാർഡുകളിൽ ഓരോ ലക്ഷം വീട് കോളനികളും നിലവലുണ്ട്. ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും 10 പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1100 ആയിരത്തി ഒരുനൂറോളം (1100) പട്ടികജാതി പട്ടികവർഗ്ഗക്കാർ ഈ കോളനികളായി മറ്റുമായി താമസിക്കുന്നു. ഉദ്ദേശ അറപതോളം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുമാണ്. I.R.D.P.യിൽപ്പെടുത്തി 58 കുടുംബങ്ങൾക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സഹായധനം കൊടുത്തിട്ടുണ്ട്.

450

ലക്ഷം വീടുകളിൽ യാത്രാസൗകര്യങ്ങളും ഉണ്ടെങ്കിലും പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുടിവെള്ളം, കക്കൂസ്, വൈദ്യുതി,ഗതാഗതം, പൂർണ്ണമായിട്ടില്ല.

പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനും വേണ്ടി വളരെയധികം വികസനപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും തദനുസരണമായി അഭിവൃദ്ധി അവരിൽ കാണുന്നില്ല. വിദ്യാഭ്യാസത്തിനും എല്ലാ വിധമായ സൗകര്യങ്ങളും ആനുകൂല്യങ്ങളും ഉണ്ടെങ്കിലും 100% കുട്ടികളും ഉന്നതവിദ്യാഭ്യാസം പ്രയോജനപ്പെടുത്തുന്നില്ല.

ഈ വിഭാഗക്കാർക്ക് ഇന്ന് കൃഷിമേഖല വിട്ട് റബ്ബർ ടാപ്പിഗ്, ആട്ടോഡ്രൈവർ, എന്നീ മേഖലകിളിലേക്ക് മാറക്കൊണ്ടിരിക്കുകയാണ്. ഇവരിൽ 22% നിരക്ഷരരാണ്. കേരളപുലയമഹാസഭ ( KPMS) എന്ന സംഘടന കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജാതിപരമായി ഉച്ചനീചത്വം ഈ പഞ്ചായത്തിൽ ഇല്ല. സമൂഹത്തിൽ ഇന്ന് അവർക്ക് മാന്യമായ സ്ഥാനമുണ്ട്.

1. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ കോളനികളിലല്ലാതെ ഒറ്റതിരിഞ്ഞ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് വെള്ളം,വെളിച്ചം, ഗതാഗതാസൗകര്യങ്ങൾ എന്നിവയില്ല. ഇവ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

2. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ പെൺമക്കളുടെ വിവാഹധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.
3. അനാഥരും ആലംബഹീനരുമായ വൃദ്ധജനങ്ങൾക്ക് ഒരു അഗതി മന്ദിരം പണിത് സംരക്ഷണം ഏറ്റെടുക്കണം.
4. നിലവിലുള്ള വീടുകളുടെ അററകുററപണികളും കിണറിന്റെ സംരക്ഷണവും ഉറപ്പുവരുത്തുക.
5. വർഷത്തിൽ ഒരിക്കൽ ആനുകൂല്യങ്ങളെ സംബന്ധിച്ചും മറ്റും പഞ്ചായത്തുതലത്തിൽ ബോധവത്കരണ സെമിനർ നടത്തുക.
6. എല്ലാ കോളനികളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
7. റജിസ്റ്റർ കോളനികളിൽ ലഭിക്കുന്ന കോളനികളിലെ പട്ടികജാതി പട്ടികവർഗ്ഗ ജനങ്ങൾക്ക് ലഭിക്കന്ന എലല ആനുകൂല്യങ്ങൾ രജിസ്റ്റർ ചെയ്യാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിക്കാൻ നടപടി സ്വീകരിക്കുക.
8. എല്ലാ പട്ടിതജാതി പട്ടികവർഗ്ഗ കോളനികളിലും ലക്ഷം വീട് കോളനികളിലും സൗജന്യമായി ടെലവിഷൻ സെറ്റുകളും വയോജനവിദ്യാഭ്യാസ സൗകര്യങ്ങളും ചെയ്തുകൊടുക്കുക.
9. പുകയില്ലാത്ത് അടുപ്പുകൾ സൗജന്യമായി നിർമ്മിച്ചുകൊടുക്കുക.
10. പട്ടിതജാതി പട്ടികവർഗ്ഗക്കാർക്കായി മാത്രമായി പഞ്ചായത്തുതലത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയതു പ്രവർത്തിക്കാൻവേണ്ട നടപടി സ്വീകരിക്കുക.
11. വിദ്യാസമ്പന്നരായ യുവതി യുവാക്കൾ തൊഴിൽകേന്ദ്രങ്ങൾ ആരംഭിക്കുക.
12. SC/ST വിദ്യാർത്ഥികൾക്ക് പഠനോകരണങ്ങൾ മുഴുവനായും സൗജന്യമായി നൽകണം.
13. SC/ST വിധവ, അംഗവൈകല്യമുള്ളവർ എന്നിവരുടെ സംരക്ഷണം പഞ്ചായത്തുതലത്തിൽ ഏറ്റെടുകകാൻ നടപടി സ്വീകരിക്കുക.
14. SSLC ക്ക് ഏറ്റവും കൂടിതൽ മാർക്കു കിട്ടുന്ന SC/ST വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകുണം.
15. 5ൽ കൂടുതൽ ഹരിജനങ്ങൾ പാർക്കുന്നഭാഗങ്ങളിൽ ഹരിജൻ കോളനി രജിസ്റ്റർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം.
16. SC/ST വർഗ്ഗക്കാർക്കും ഒരു പൊതു ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
17. പരംപരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമ്പത്തികസഹായം സ്വീകരിക്കു. ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കുക.
18. ഭവനരഹിതരായ SC/ST കുടുംബങ്ങള്ടക്ക് വീടുകളും കക്കൂസുകളും അനുവദിക്കുക.
119. കക്ഷായി ചിറഭാഗത്ത് പഞ്ചായത്തു പുറംപോക്ക് സ്ഥലത്ത് വനിതാവ്യവസായ യൂണിറ്റ് ആരംഭിക്കാൻ നട

പടി സ്വീകരിക്കുക.

20. നിലവിൽ ഉള്ള പറക്കുടി ശ്മശാനം (പിറമാടം നോർത്ത്)അതിർത്തി തിരിച്ച് മതിൽകെട്ടി ഉപയോഗ യോഗ്യമാക്കുക.

21. ഓലിക്കതണ്ടേൽ ഭാഗത്ത് നടത്തുന്ന പരമ്പരാഗത വ്യവസായം പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുക.

## സ്ത്രീകളും സാമൂഹ്യസാമ്പത്തിക പദവിയും

കുടുംബ ജീവിതം നിലനില്കുന്ന രാജ്യമാണ് നമ്മുടേത്. നൂറ്റാണ്ടുകളുടെ പിന്തുടർച്ച ഇതിന്റെ പിന്നിൽ കാണാം. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ ഈ രംഗം തകർച്ചയുടെ വക്കിലാണ്. ആ മാറ്റം ഇവിടേയും ബാധിക്കുന്നതാണ്.

ഈശ്വരസങ്കല്പത്തിൽ വനിതകൾക്കു സ്ഥാനമുണ്ട്. വിദ്യയുടെ ദേവത പോലും സ്ത്രീയാണ്. സരസ്വതി ദേവി. കന്യാമറിയവും നമുക്കു ദൈവം തന്നെ- സ്ത്രീ ശക്തിയാണെന്നും ഒരു ചൊല്ലുണ്ട്. വീടിന്റെ വിളക്ക് കുടുംബിനിയാണെന്നും നാം പറയാറുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ വികസനപ്രക്രിയയിൽ അനുഭവപ്പെടുന്ന ദൗർബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. ഇതു ശരിയൊ? വിശദമായ പഠനം അവശ്യമാണ്. മിക്ക പഞ്ചായത്തുകളിലും സ്ത്രീകളുടെ എണ്ണമാണ് കൂടിനിൽക്കുന്നത്. പക്ഷെ, ഈ ബഞ്ചായത്തിൽ എണ്ണത്തിൽ പുരുഷന്മാരാണ് കൂടുതൽ. പൊതുസ്ഥിതിയിൽ നിന്നുംമുള്ള ഈ വ്യത്യാസം എങ്ങനെ സംഭവിച്ചു? ശാസ്ത്രീയമായ ഒരു കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസപരമായി സ്ത്രീകളുടെ നില പിന്നോക്കമാണ്. പത്താംക്ലാസ്സുവരെ പക്ഷെ, നമ്മുടെ പ്രദേശത്ത് എല്ലാ പെൺകുട്ടികളെയും രക്ഷകർത്താക്കൾ ആൺകുട്ടികളെപ്പോലെതന്നെ പഠിക്കാൻ അയക്കുന്നുണ്ട്. നേരത്തെ വിവാഹം നടക്കുന്നത് പെൺകുട്ടികൾക്കാണ്. തന്നെയുമല്ല, പെൺകുട്ടികളെ വിവാഹം ചെയ്തു പറഞ്ഞയക്കാനുള്ളതായതിനാൽ സ്വാർത്ഥരായ മാതാപിതാക്കൾ അവർക്കുവേണ്ടി കൂടുതൽ ശ്രദ്ധയ്ക്കൊ മുതൽമുടക്കിനോ തയ്യാറെടുക്കാറുമില്ല.

ഇപ്പോൾ ആനില കുറെയെല്ലാം മാറി പഠിപ്പും ജോലിയുമുള്ള പെൺകുട്ടികളെ വിവാഹക്കമ്പോളത്തിൽ വിറ്റഴിക്കാൻ പ്രയാസമില്ലാത്തതിനാൽ വിദ്യാഭ്യാസപരമായി മെച്ചപ്പെടുത്താൻ രക്ഷിതാക്കൾ ശ്രദ്ധിച്ചു തുടങ്ങി. എന്നാൽ ജീവിതകാലം മുഴുവൻ സ്ത്രീകളെ അന്തർജ്ജനങ്ങളായി നിലനിർത്തുന്ന മതവിശ്വാസവും ചിലർ പുലർത്തുന്നുണ്ട്.

ആരോഗ്യപരമായി സ്ത്രീകൾ എന്നും പിൻനിരയിൽത്തന്നെ. പ്രസവം, കുടുംബഭാരം മുതലായവകൊണ്ടും പുരുഷന്മാരുടെ ശ്രദ്ധക്കുറവുകൊണ്ടും പരാശ്രയജീവിതം നയിക്കുന്നതുംകൊണ്ടുമാണ് ഇത്. ആശുപത്രികളിലും മറ്റും ചികിത്സയ്ക്കായി സ്ത്രീകളെയാണ് കൂടുതലും കണ്ടുവരുന്നത്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്കും പുരുഷന്മാരേക്കാൾ കുറവാണ്. കൂലിനിരക്കിലുള്ള വ്യത്യാസവും വീട്ടുവീഴ്ചക്കു സൗകര്യമില്ലാത്തതിനാലുമാണ് പങ്കാളിത്തക്കുറവ് വരുന്നത്. തൊഴിൽ ദായകർക്ക് സ്ത്രീ തൊഴിലാളികൾ പുരുഷന്മാരേക്കാൾ ലാഭം കുറഞ്ഞവരാണെന്നുള്ള കാഴ്ചപ്പാടും വച്ചുപുലർത്തുന്നുണ്ട്.

ജീവിതത്തിലെ അകൽച്ച സ്ത്രീകളുടെ മേൽ പുരുഷന്മാർക്കും പുരുഷന്മാരുടെ മേൽ സ്ത്രീകൾക്കും ഒട്ടേറെ കോംപ്ലക്സുകൾ വളരാൻ സഹായിച്ചിട്ടുണ്ട്. ഇതു ഏറെ ദോഷകരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. അവരുടെ നോട്ടവും നടപ്പും സ്വതന്ത്രമായ പെരുമാറ്റവും മറ്റും അനേകം തെറ്റിദ്ധാരണകൾക്കും അപവാദപ്രചരണങ്ങൾക്കും വേണ്ടി പുരുഷന്മാരെ ഈ കോംപ്ലക്സ് തെറ്റായി നയിക്കുന്നു. ഇതിനു പരിഹാരം സ്വതന്ത്രമായ ഇടപെടലുകൾ തന്നെയാണ്. സ്ത്രീപുരുഷഭേദമില്ലാത്ത സാമൂഹ്യാന്തരീക്ഷം വളർത്തലാണ്.

വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന പണികളിലേർപ്പെടുന്ന

സ്ത്രീകളുടെ എണ്ണം വളരെകുറവാണ്. കുടുംബാന്തരീക്ഷത്തിന്റെ പ്രത്യേകതകൾ ഒരു പക്ഷെ തൊഴിൽതേടാൻവിടാത്തതാവാം ഇതിന്റെ കാരണം. സ്ത്രീകളുടെ സാമൂഹ്യപദവി ഉയരണമെങ്കിൽ അവർക്ക് മേത്തരം ഉദ്യോങ്ങൾ ലഭ്യമായിരിക്കണം. ഭരണരംഗങ്ങളിലേക്കു കടന്നു വരണം. 33 ശതമാനം സംവരണമേർപ്പെടുത്തിക്കൊണ്ട് പൊതുരംഗത്തേക്കും ഭരണരംഗത്തേക്കും സ്ത്രീകളെ അകർഷിക്കുന്നതിനുള്ള ഏർപ്പാടുകൾ നിലവിൽ വന്നിട്ടുണ്ട്. അത്രയും നന്ന്. ഉദ്യോഗകാര്യങ്ങളിൽ സ്ത്രീകൾക്കു മാത്രം സംവരണമേർപ്പെത്തിയാൽ ആ രംഗം കുടുതൽ ചലനാത്മകമാക്കാം. അതുക്രമേണ സാമൂഹ്യ പദവി ഉയർത്താനും പുരുഷനൊപ്പംസ്ത്രീക്ക് സ്ഥാനം ലഭിക്കുന്നതിനും ഇടവരുത്തും.

ഇതു ഭാവിയിൽ ചെയ്യേണ്ടതായ കാര്യം. പക്ഷെ ഇന്നത്തെ സ്ഥിതിയൊ? ഇന്നു സ്ത്രീകളുടെ ഇടയിൽതൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രതിസന്ധിയാണ്. ഒരേ തൊഴിലിന് പുരുഷന്മാരുടെ ഒപ്പം സ്ത്രീകൾക്കും തുല്യവേതനം കിട്ടുന്നില്ല. ചാരായനിരോധനം കൊണ്ട് ഒരു പരിധിവരെ സ്ത്രീകൾക്ക് ശാരീരികപീഢനം ഒഴിവായിക്കിട്ടിയിട്ടുണ്ട്. എന്നിരുന്നാലും വ്യാജമദ്യവും മറ്റു മദ്യങ്ങളും നിലവിലുള്ളതുകൊണ്ട് സ്ത്രീപീഢനം അളവിൽ കുറഞ്ഞിട്ടില്ല. സ്ത്രീകൾക്ക് പിതൃസ്വത്തിൽ തുല്യഅവാകാശനിയമം നിലവിൽ ഉണ്ടെങ്കിലും പ്രാബല്യത്തിൽ വന്നിട്ടില്ല. ഈ പഞ്ചായത്തിൽ വിവിധ സർക്കാർ ഓഫീസുകളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന കുറഞ്ഞവരുമാനക്കാരായ മഹിളാ ജോലിക്കാർക്ക് മിതമായതോതിൽ താമസസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അവർക്കു മാത്രമായി ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണം.സ്ത്രീതൊഴിലാളിൾക്ക് തൊഴിലെടുക്കുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് ഡേ.കെയർ കേന്ദ്രങ്ങൾ ആവശ്യമാണ്. ഈ പഞ്ചായത്തിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം രൂക്ഷമായ ഒരു പ്രതിസന്ധിയാണ് കുടിവെള്ളം. ജീവിത സായാഹ്നത്തിലെത്തിയ അശരണരായ വനിതകൾക്ക് ഒരു അഗതി മന്ദിരം ഈ പഞ്ചായത്തിൽ ഇല്ല. ഈ പഞ്ചായത്തിൽ മഹിളാ സമാജങ്ങളുടെ പ്രവർത്തനം വിരളമായതുകോണ്ട് സ്ത്രീകളുടെ ഇടയിൽ ബോധവത്കരണം നടക്കുന്നില്ല.

പ്രശ്നപരിഹാരത്തിനായി പാമ്പാക്കുട പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക. അതുപോലെ എല്ലാ വാർഡിലും വനിതകളുടെ ഉന്നമനത്തിന് തയ്യൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക. വാർദ്ധ്യക്യം കൊണ്ടും ശാരീരിക ഗൗർബല്യം കൊണ്ടും അശരണായ സ്ത്രീകൾക്ക് താമസിക്കുന്നതിനുള്ള ഒരു അഗതിമന്ദിരം ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. സ്ത്രീകളെ സംബന്ധിക്കുന്ന വിഷമപ്രശ്നങ്ങളിൽ നിന്നുമുള്ള മോചനത്തിന് സഹായിക്കുന്ന ഒരു പ്രധാനഘടകമാണ് സംമ്പൂർണ്ണ മദ്യനിരോധനം.

ഒരേ തൊഴിലിന് പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും തുല്യവേതനം ലഭിക്കണം. തൊഴിൽ രഹിതരായ വനിതകൾക്ക് സൗജന്യമായി തയ്യൽ മെഷീൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വനിതാ ചെറുകിട യൂണിറ്റുകൾ എല്ലാ വാർഡിലും ഒവശ്യമാണ്. പാമ്പാക്കുടയിലും അഞ്ചൽപെട്ടിയിലും വനിതകൾക്കായി ഓരോ മൂത്രപുര സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ മിഡ് വൈഫറി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ എല്ലാ വാർലും കുടുവെള്ളപ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക. DWCRA യൂണിറ്റുകൾ വിപുലീകരിക്കുക.

സ്ത്രീകളെ ഇന്ന് സമൂഹം ഒരു ഉപഭോഗ വസ്തുവായി കണ്ട് അവരുടെ വിലയിടിച്ചുകളഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് അനുവദിച്ചുകൂടാ. സിനിമയിലും സൗന്ദര്യമത്സരത്തിലും പോസ്റ്റർ പരസ്യങ്ങളിലുമൊക്കെ സ്ത്രീകളുടെ ഓരോ ഇഞ്ചു ശരീരവും കച്ചവടസാദ്ധ്യതയുള്ള ഉപഭോഗത്തിനുമായി ഉപയോഗപ്പെടുത്തുവാൻ ശക്തിയായി ശ്രമിച്ചുവരുന്ന കാലയളവിലാണ് നമ്മൾ ജീവിക്കുന്നത്. ഇതിനെ നഖശിഖാന്തം ചെറുത്തുതോല്പിക്കേണ്ടത് കടമയാകുന്നു.

മഹിളാ സമാജങ്ങൾ വാർഡുതോറും രൂപീകരിച്ച് ബോധവത്കരണ കേന്ദ്രങ്ങൾ തുറക്കുക ഒരു നല്ല പരിഹാര നടപടിയായിരിക്കും. പോഷകാഹാരം, പ്രതിരോധ ചികിത്സാ സമ്പ്രദായം എന്നിവക്കും ഇങ്ങനെയുള്ള സമാജങ്ങളും ബാലവാടികളും സ്ഥിരം സംവിധാനങ്ങളായി മാറ്റാവുന്നതാണ്. സാമൂഹ്യക്ഷേമവകുപ്പിന്റെ നേതൃത്വത്തിലുള്ള വിവിധയിനം സഹായപദ്ധതികളെപ്പറ്റിയും ഈ കേന്ദ്രങ്ങളിൽ നിന്ന് വിവരം നൽകാനാവും. ഇത് അഴിമതിയേയും ഇടത്തട്ടകാരുടെ ചൂഷണത്തേയും ഒരു പരിധയോളം കുറയ്ക്കാം.

ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്കും ഈ കേന്ദ്രങ്ങളെ വനിതകൾക്ക് മാറ്റിയെടുക്കാവുന്നതാണ്. വനിതാ ശിശു ആരോഗ്യമേഖലക്ക് മുന്തിയ പരിഗണന ലഭിച്ചേ മതിയാകു. ശിശു പരിചരണത്തിന് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുമുള്ള ബാലവാടികൾ, പോഷകാഹാരവിതരണകേന്ദ്രങ്ങൾ, സമഗ്ര മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ - കുഞ്ഞുങ്ങൾ - ഗർഭിണികൾ - മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുവേണ്ടി ഓരോ വാർഡിലും ആരംഭിക്കേണ്ടതുണ്ട്. ഓരോ വാർഡിലും മഹിളാസമാജങ്ങൾ രൂപീകരിക്കാൻ ബന്ധപ്പെട്ട സ്ഥലങ്ങളിലെ വനിതകൾ മുമ്പോട്ടുവരണം. വികസന ബ്ലോക്കിന്റെ മാർഗ്ഗദർശനം ഈ കാര്യത്തിൽ ലഭ്യമാണ്. പോഷണം, പ്രതിരോധചികിത്സാ, സമ്പാദ്യശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങി സ്ത്രീകളുടെ

പദവി സമൂഹത്തിലുയർത്തുന്നതിനും വനിതാ പീഢനങ്ങളെ സംഘടിതമായി ചെറുക്കുന്നതിനും പോംവഴി കണ്ടെത്തുന്നതിനും വികസനപദ്ധതികളെ സംബന്ധിച്ചുള്ള ബോധവത്കരണം നടത്തുന്നതിനും വനവത്കരണത്തിന്റെ ഭാഗമായി കമ്യൂണിറ്റി നഴ്സറികൾ തയ്യാറാക്കുന്നതിനും ഒക്കെ ഉപകാരപ്പെടുന്നതാണ് വനിതാ സമാജങ്ങൾ എന്നു കാണാൻ നമ്മുടെ മഹിളകൾക്കു സാധിക്കുമല്ലോ? ഇല്ലെങ്കിൽ സാധിക്കണം.

## സാമൂഹ്യക്ഷേമം

ദരിദ്രജനവിഭാഗങ്ങളെയാണ് നാം രക്ഷിക്കേണ്ടതും സഹായിക്കേണ്ടതും. ആ വിഭാഗത്തിന്റെ ക്ഷേമം തന്നെ യഥാർത്ഥസാമൂഹ്യക്ഷേമവും.

ദാരിദ്രരേഖക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ കണ്ടെത്താനുള്ള സർവ്വെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. 1992 ലാണ് ആദ്യത്തെ സർവ്വെ നടന്നത്. 1995 ൽ ആ ലിസ്റ്റു പുതുക്കി കാലോചിതമാക്കിയിട്ടുണ്ട്. വീടുവീടാന്തരം കയറിയിറങ്ങി ഈ സർവ്വെ നടത്തിയത് ഈ പഞ്ചായത്തിന്റെ കാര്യങ്ങൾക്കുള്ള രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറന്മാരാണ്.

ജില്ലാ ഗ്രാമവികസന ഏജൻസിയാണ് (DRDA) ഇതിന്റെയെല്ലാം മുഖ്യചുമതലക്കാർ.വികസന ബ്ലോക്കുകൾ വഴിയാണ് അവർ പ്രവർത്തിക്കുന്നത്. കളക്ടറും കീഴിൽ പ്ലാനിംഗ് ഓഫീസറുമാണ് നേതൃനിരയിലിരുന്ന് ഈ ഏജൻസിയുടെ ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥർ.

കുടുംബവരുമാനമാണ് ദാരിദ്രരേഖനിർണയിക്കുനന്നതിൽ അടിസ്ഥാനമാക്കിയിരിക്കുന്നത്. വർഷം 11000 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളെയെല്ലാം ദാരിദ്രരേഖക്ക് താഴെപ്പെടുത്തിയിരിക്കുന്നു. ഇതിൽപ്പെട്ടവർക്ക് അനുയോജ്യവും വരുമാനദായകവുമായ ചെറുപദ്ധതികൾക്ക് ധമനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയും ഗവൺമെന്റിൽ നിന്ന് സബ്സിഡിയും ലഭ്യമാക്കുകയാണ് ഗ്രാമവികസനവകുപ്പുകളുടെ പ്രവർത്തന ലക്ഷ്യം.

ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിക്കാണ് I.R.D.P. അഥവാ സംയോജിത ഗ്രാമവികസന പരിപാടി എന്ന് അറിയപ്പെടുന്ന പദ്ധതി. ഈ പദ്ധതിയിൽപ്പെട്ടതാണ് ദാരിദ്രരേഖാ സർവ്വെ. അത്തരം സർവ്വെ ലിസ്റ്റ് ബ്ലോക്കോഫീസിലും വി.ഇ.ഒ. (ഗ്രാമസേവകൻ) ഓഫീസിലും സൂക്ഷിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ 4000ത്തിൽപരം വീടുകളാണുള്ളത്. ദാരിദ്രരേഖക്ക് താഴെ 1900 വരും. ലഭ്യമായ ഫണ്ടിന്റെ തോത് അനുസരിച്ചാണ് IRDP കുടുംബസഹായമെത്തിക്കുക. ഇതിന് സർവ്വെ ലിസ്റ്റിൽ നിന്നും അന്തോദായ സമീപനപ്രകാരം ഗുണഭോക്താക്കളെ ഉദ്യോഗസ്ഥന്മാർ നിശ്ചയിക്കുന്നു.

ഈ ലിസ്റ്റ് പഞ്ചായത്തു സമിതിയുടെ അംഗീകാരം വാങ്ങിച്ച് അവർക്ക് സഹായങ്ങൾ നൽകുന്നു. ഗുണഭോക്താക്കളിൽ 50% പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽ നിന്ന് വേണം. 40% പേർ സ്ത്രീ വിഭാഗത്തിൽ നിന്നും 3% വികലാംഗരുടെ കൂട്ടത്തിൽ നിന്നുമായിരിക്കണം. ഇത് IRDP യുടെ മാർഗ്ഗനിർദ്ദേശമാണ്.

പെട്ടിക കട നടത്തുക, പശുവിനെ വാങ്ങുക തുടങ്ങിയ ചെറുകിട തൊഴിൽ ദാന പദ്ധതിക്കായി 80ൽ താഴെ ഗുണഭോക്താക്കളെയാണ് തന്നാണ്ട് പദ്ധതിയിൽപ്പെടുത്തി സഹായിച്ചത്. വായ്പ ലഘു തവണകാളായി 1 മുതൽ 5 വർഷംകൊണ്ട് അടച്ചു തീർത്താൽ മതി. പലിശ 12% .

IRDP യുടെ മറ്റൊരു സഹായപദ്ധതിയാണ് കുടുംബവായ്പാ പദ്ധതി. 15000 രൂപ മുതൽ 30000 രൂപ വരെ ഓരോ കുടുംബത്തിനും മുതൽ മുടക്കുവാനുള്ള പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ വളരെ വിരളമായ കുടുംബങ്ങൾക്കെ ഈ പദ്ധതിപ്രകാരം സഹായം കിട്ടിയിട്ടുള്ളു.

### സൗജന്യ ഇൻഷ്വറൻസ്

ഈ പദ്ധതിയിൻ കീഴിൽ സഹായം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് 5 വർഷക്കാലത്തേക്ക് ഗവൺമെന്റ് ചിലവിൽ ഇൻഷ്വർ ചെയ്യന്ന ഒരു പദ്ധതിയാണിത്. ഇവിടെ ഈ സഹായം കിട്ടിയിട്ടുള്ള ആരേയും പറ്റി പഞ്ചായത്തിനറിഞ്ഞുകൂടാ.

## ട്രൈസം

ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ 18നും 35നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കാനോ സ്വയം തൊഴിലിൽ ഏർപ്പെടാനെ വേണ്ട പരിശീലിനമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. 200 മുതൽ 500 രൂപ വരെ പ്രതിമാസം സ്റ്റൈപ്പന്റ് ലഭിക്കുന്നു. സ്ഥാപനത്തിന് 190 രൂപ മുതൽ 300 രൂപ വരെ എന്ന കണക്കിന് പ്രതിഫലവും നൽകുന്നു.

വേണ്ടത്ര പ്രചാരം കിട്ടാതെ ഈ പദ്ധതി ഇന്ന് ജനശ്രദ്ധയിൽ നിന്ന് വിസ്മൃതവും പ്രയോജനരഹിതവുമായിട്ടാണ് ഈ പഞ്ചായത്തിലെ സ്ഥിതി.

## ഗ്രാമീണ വനിത ശിശു വികസന പരിപാടി (DWCRA)

IRDP ലിസ്റ്റിലുള്ള ഗ്രാമീണ കുടുംബങ്ങളിലെ വനിതകളുടെ കൂട്ടായ തൊഴിൽ സംരഭകർക്ക് പ്രോത്സാഹനം നൽകുന്ന പരിപാടിയാണിത്. ഇതിനായി വനിതാ സംഘങ്ങൾ രൂപം കൊള്ളണം. 10 മുതൽ 15 വരെ വനിതകൾ ഓരോ സംഘത്തിലും ഉണ്ടായിരിക്കും. ഇവർക്ക് ആവശ്യമായ പരിശീലനം ട്രൈസം പദ്ധിതിയിൻ കീഴിൽ നൽകുന്നു.

വായ്പയും സബ്സിഡിയുമാണ് സംഘങ്ങൾക്ക് തരമാവുക. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇപ്പോൾ 25000 രൂപ വരെ പലിശയില്ലാത്ത റിവോൾവിംഗ് ഫണ്ട് നൽകുന്നു. ഈഫണ്ടിൽ നിന്ന് സംഘം കൺവീനർമാർക്ക് പ്രതിഫലവും യാത്രാബത്തയും എടുക്കാം.ഈ പഞ്ചായത്തിൽ അഞ്ചോളം സംഘങ്ങൾക്ക് ഇന്ന് ഈ സഹായം കിട്ടിയവരായുണ്ട്. JRY എന്ന പേരിലുള്ള പദ്ധതി തൊഴിൽ രഹിതരായ ദരിദ്രർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി തന്നാണ്ട് 5.5 ലക്ഷത്തിന്റെ വികസനപരിപാടികൾ നടത്തിയിട്ടുണ്ട്.

## ഇന്ദിരാവികാസ് യോജന (IVY)

IRDPയിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായത്തിൽപ്പെട്ടവർക്കും വേണ്ടിയുള്ള സൗജന്യ ഭവന നിർമ്മാണ പദ്ധതിയാണിത്. ഗുണഭോക്താക്കൾക്ക് 2 സെന്റ് ഭൂമിയെങ്കിലും സ്വന്താമായിട്ടുണ്ടായിരിക്കണം. മൊത്തം വിഹിതത്തിന്റെ 40%ത്തിൽ കവിയാത്ത തുകയെ ഇതരസമുദായത്തിൽപ്പെട്ടവർക്ക് ലഭിക്കുകയുള്ളു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു പരിപാടിയാണിത്. ഗ്രാമപഞ്ചയത്തിലേക്കാണ് ഇതിന്റെ ചുമതല യഥാർത്ഥത്തിൽ ചെന്നെത്തേണ്ടത്. അതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. 15800 രൂപയാണ് സഹായധനമായി ഗുണഭോക്താവിന് ലഭിക്കുന്നത്. ഇന്ന് ഒരു വീടിന്റെ രൂപത്തിൽ എന്തൊകിലും ഒന്ന് ഇണക്കണമെങ്കിൽ 30000 രൂപയെങ്കിലും ഇല്ലെങ്കിൽ നടക്കില്ല. ഈ സാഹചര്യത്തിൽ സൗജന്യസഹായധനം 30000 രൂപയായി വർദ്ധിപ്പിക്കേണ്ടത് കേവലമര്യാദമാത്രമാകുന്നു.

## ദശലക്ഷം കിണർ പദ്ധതി (MWS)

ജവഹർതൊഴിൽദാനപദ്ധതിക്കായി ലഭിക്കുന്ന മൊത്തം വിഹിതത്തിന്റെ ഒരു ഭാഗമാണ് ദശലക്ഷം കിണർ പദ്ധതിക്ക് ഉപയോഗിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും IRDP ലിസ്റ്റിലുള്ളവരുമായവരുമാണ് പ്രധാന ഗുണഭോക്താക്കൾ. മറ്റു സമുദായത്തിൽപ്പെട്ടവരും ചെറുകിട നാമമാത്ര കർഷകർക്കും ഈ പദ്ധതിയിൽ നിന്ന് സഹായത്തിനർഹതയുണ്ട്.

ഗുണഭോക്താവിനെ ഭക്ഷ്യവിളകളോ നാണ്യവിളകളോ പച്ചക്കറികളോ കൃഷിചെയ്യാനുള്ള ഭൂമിയുണ്ടായിരിക്കണം. കിണറുകൾ ടാങ്കുകൾ കനാലുകൾ മുതലായവ നിർമ്മിക്കാം. അസിസ്റ്റന്റ് എഞ്ചിനിയർ അംഗീകരിച്ച ഒരു എസ്റ്റിമേറ്റുണ്ടായിരിക്കണം. സ്റ്റേജുവാലുവേഷൻ തയ്യാറാക്കേണ്ടതും എഞ്ചിനിയർതന്നെ.

സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകാൻ ജനപ്രതിനിധികൾക്ക് അധികാരം കൊടുക്കണം. ആവശ്യമായ നിബന്ധനകൾ അടങ്ങിയ ഫോറങ്ങൾ പൂരിപ്പിച്ചാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് രൂപം കൊള്ളുന്ന വിധം അറേഞ്ച് ചെയ്താൽ സാങ്കേതിക ജ്ഞാനത്തിന്റെ ആവശ്യം വരികയില്ലാ.

## കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (CRSP)

കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി കക്കൂസ് നിർമ്മിക്കാനുള്ള സഹായമാണ് ലഭ്യമാക്കുന്നത്. ആകെ ഫണ്ടിന്റെ 24% പട്ടികജാതിക്കാർക്കും 6% പട്ടികവർഗ്ഗക്കാർക്കും. ഗുണഭോക്താക്കൾക്ക് 2000 രൂപയാണ് ധനസഹായമെത്തിക്കുക. 500 രൂപ ഗുണഭോക്താവിന്റെ വിഹിതം.

4000 രൂപ മുടക്കിയാൽപോലും സ്ലാബിട്ട് കുഴി മൂടി ക്ലോസറ്റ് പിടിപ്പിച്ച് കല്ലിന് ഭിത്തികെട്ടി മറച്ച് മേലെചൂടിയ ഒരു കക്കൂസുണ്ടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക വർദ്ധിപ്പിക്കേണ്ടത് എത്രയും വേഗമായിരിക്കണം. മാത്രമല്ല പഞ്ചായത്തുതലത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൃത്യമായി എത്തിനോക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വികസനവകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും നേതൃത്വത്തിൽ നിലവിലുള്ള വിവിധ പെൻഷൻ പദ്ധതിയെ പറ്റിയാണ് ഇനി വിലയിരുത്തേണ്ടത്. വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, മിശ്രിതവിവാഹത്തിനുള്ള ധനസഹായം, അവശകലാകാരന്മാർക്കുള്ള പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവ നിലവിലുണ്ട്. ഗുണഭോക്താക്കൾക്ക് ആ പെൻഷനുകൾ മുടങ്ങാതെ കൊടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. അങ്ങനെ ഒരു കാരണവശാലും സംഭവിച്ചുകൂടാ. കാരണം മറ്റെല്ലാ സഹായമാർഗ്ഗങ്ങളും ആവശ്യമായവരാണല്ലോ. തൊഴിലില്ലായ്മ വേതനക്കാർ ഒഴിച്ചു മറ്റുള്ളവരെല്ലാം.

പെൻഷനും വേതനവും അനർഹരായവർക്കു ലഭിക്കുന്നുണ്ട്. അവർ ആരൊക്കെയാണെന്ന് കണ്ടുപിടിച്ച് തട്ടിയെടുക്കുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് തലത്തിൽ നിർത്തലാക്കണം. തൊഴിലില്ലാത്തവർക്ക് വേതനം കൊടുക്കുമ്പോൾ ആ തുകക്ക് ഉചിതമായ തൊഴിലുകൾ ചെയ്യിച്ചശേഷമെ കൊടുക്കാവൂ. റൊട്ടിവേണമെങ്കിൽ ജോലി ചെയ്യണം.

വികസന മേഖലകളിൽ ജനപങ്കാളിത്തവും സൗജന്യമനുഷ്യ ശക്തിയുമൊക്കെ പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാടാണല്ലോ 9- ാം പദ്ധതിക്കുള്ളത്. പൊതുമാനദണ്ഡത്തിന് രൂപം നൽകി വേതനം ലഭിക്കുന്നവരെ ടി. ആവശ്യത്തിന് ഉപയോഗക്കുന്ന സ്ഥിതിയിലേക്ക് നാം നീങ്ങാതെ രക്ഷയില്ല.

ബാലവാടികൾ, അംഗനവാടികൾ, പൊതു മൈതാനങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായവ ആവശ്യാനുസരണം ഓരോ വാർഡിലും വേണ്ടതാണ്. കാലതാമസം ഒഴിവാക്കാൻ എല്ലാവിധ ധനസഹായ പദ്ധതികളുടെയും ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ടതാണ്.

സമൂഹത്തിന്റെ കലാകായികാഭിരുചികൾക്ക് വളർച്ചകിട്ടാൻ ഓണം സ്പോർട്ട്സ് ഫെസ്റ്റിവൽ, കേരളോത്സവം മുതലായവ ഏർപ്പെടുത്തിയുട്ടുണ്ടെങ്കിലും ഇന്ന് അത് വെറും വഴിപാടായി ഭരണാധികാരികൾ മാറ്റിയിരിക്കുകയാണ്.

ആചരണത്തിന് നിശ്ചയിച്ച തീയതി കഴിഞ്ഞ് ആചരിക്കാനുള്ള ഗവൺമെന്റ് ഉത്തരവുകൾ വരുന്നു. പിന്നെ കാര്യങ്ങൾ എങ്ങനെ നടക്കും. പഞ്ചായത്തുതോറും കുറഞ്ഞത് ഒരു വൃദ്ധസദനവും ഒരു പൊതു ശ്മശാനവും ഉണ്ടായിരിക്കണം. വികലാംഗർക്ക് യാത്രാവേളയിലും തൊഴിൽദാനരംഗത്തും മറ്റും നൽകിവരുന്ന ആനുകൂല്യങ്ങൾ പതിന്മടങ്ങ് വർദ്ധിപപ്പിക്കണം

സാമൂഹ്യക്ഷേമവകുപ്പുവഴി നടപ്പാക്കുന്ന സഹായപദ്ധതിപ്രകാരം ഗുണം ലഭിച്ചവരുടെ സ്ഥിതി വിവരം പഞ്ചായത്തിനെ യഥാസമയങ്ങളിൽ അറിയിക്കണം.

**താഴെപ്പറയുന്നവയാണ് സഹായപദ്ധതികൾ**

1. വികലാംഗർക്കുള്ള യാത്രാബത്ത
2. വികലാംഗവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (കേന്ദ്രം - സംസ്ഥാനം)
3. ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.
4. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്.
5. വികലാംഗ സംരക്ഷണത്തിന് ഭവനങ്ങൾക്കുള്ള സ്കോളർഷിപ്പ്
6. പിന്നോക്കക്കാരല്ലാത്തവരായ മിശ്രവിവാഹിതർക്കുള്ള ധനസഹായ പദ്ധതി
7. വികലാംഗർക്കാവശ്യമായ പ്രത്യേകോപകരണങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

സാമൂഹ്യക്ഷേമവകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗക്ഷേമോദ്ധാരോണ വകുപ്പിന്റെയും പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ ഇനിയും ഇവിടെ വേണ്ടവണ്ണം എത്തിയിട്ടില്ല.

# സഹകരണമേഖല

ഈ പഞ്ചായത്തിൽ സഹകരണമേഖല ആവശ്യത്തിന് വികസിച്ചിട്ടില്ല. ഇതിന്റെ കാരണം ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം നടക്കാത്തതാണ്. താല്പര്യമെടുത്ത് പ്രവർത്തിക്കാൻ ആളുകളുണ്ടെങ്കിൽ സ്ഥിതിമെച്ചപ്പെടുത്താവുന്നതാണ്.

ഏറ്റവും കൂടുതൽ സഹകരണ സംഘങ്ങൾ ഉയർന്നു വന്നിട്ടുള്ളത് തൊട്ടടുത്ത ഒന്നര പതിറ്റാണ്ടിനിടയിലാണ്. ഡിപ്പാർട്ടുമെന്റിന്റെ കേവലപരിപാടിയെന്നുള്ള നിലയിൽ ഈ മേഖലയോട് പൂർവ്വകാലത്തുജനങ്ങൾക്ക് ആഭിമുഖ്യവും കുറഞ്ഞിട്ടുണ്ട്. ഇന്ന് ജനങ്ങൾക്കിടയിൽ സഹകരണപ്രസ്ഥാനത്തോട് താല്പര്യം ഏറിക്കൊണ്ടിരിക്കുന്നു.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണസ്ഥാപനങ്ങളാണ് പാമ്പാക്കുട സർവ്വീസ് സഹകരണ ബാങ്കും, ഗവർമെന്റ് സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും. സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത വർഷം 1955 ആണ്. പ്രവർത്തനമാരംഭിച്ച വർഷം1958 .

1995 - 96 ൽ ബാങ്കിന് 3291 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 1040505 രൂപയുണ്ട്.

മൂന്നുവർഷം മുമ്പുള്ള സ്ഥിതി വിവരങ്ങളും കൂടി താഴെ ചേർക്കുന്നു.

അംഗങ്ങൾ - 2669 ഓഹരി മൂലധനം - 592715 രൂപ

1992 - 93 ൽ വിവിധയിനങ്ങളിലായി ബാക്കി വന്ന നിക്ഷേപം -1988209 രൂപ

1995- 96ൽ ബാക്കി വന്ന നിക്ഷേപം - 3669623.19 രൂപ.

ഈ പ്രസ്ഥാനം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നീങ്ങുകയാണെന്ന് മേൽകാണണിച്ച കണക്കുകളിൽ നിന്നും മനസ്സിലാക്കാം.

ഗവർമെന്റ് സർവെന്റ്സ് സഹകരണ സംഘം ആരംഭിച്ചതും നാലുപതിറ്റാണ്ടു മുമ്പാണ്. സർക്കാർ ജീവനക്കർക്കുമാത്രം അംഗത്വമുള്ള ടി. സ്ഥആപനവും നല്ലരീതിയുൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, സമസ്തജനതക്കും അംഗത്വം ലഭ്യമല്ലാത്തതിനാൽ പ്രയോജനത്തിന്റം വൃത്തം ചെറതാണെന്ന് മാത്രം.

രണ്ടു ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കൂടി ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. ഒന്ന് മൂന്നാം വാർഡിലും മറ്റൊന്ന് 5-ാം വാർഡിലും പാലളക്കുന്നവർക്കുമാത്രമെ അംഗത്വം ലഭിക്കുകയുള്ളു. അതു സ്വാഭാവികമായും അക്കൂട്ടർ അംഗത്വത്തിൽ നിന്ന് സ്വാഭാവികമായ പുരത്താവുകയും ചെയ്യും. പാലുല്പാദകർക്ക് ഗണ്യമായ സഹായം നല്കി വളർച്ചയിലേക്ക തന്നെ നടന്നു കേറിക്കൊണ്ടരിക്കുകയാണ്.

മരപ്പണി - കൊല്ലപ്പണി മുതലായവ ചെയ്യുന്ന വരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു കാർപ്പെന്റേഴ്സ് ഇൻഡസ്ട്രിയൽ സർവ്വീസ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി 56-57 കാലത്ത് അഞ്ചൽപ്പെട്ടി ആസ്ഥാനമാക്ക രൂപം കൊള്ളുകയുണ്ടായി. സ്വന്തമായി സ്ഥവും കെട്ടിടവും യന്ത്രോപകരങ്ങളും ആ സ്ഥാപനത്തിനും ഉണ്ടീയിരുന്നു. 4 - 5 വർഷം അതു പ്രവർത്തിക്കുകയും ചെയ്തു. പിന്നെ പ്രർത്തിക്കാണ്ടായി. അംഗങ്ങളും ഭാരവാഹികളും അങ്ങനെയൊരു പ്രസ്ഥാനം നടത്തിയിരുന്നതായി ഇന്നു ഭാവിക്കുന്നുപലുമില്ല.

ഇങ്ങനെ സംഭവിച്ചതിന്റെ കാരണം ഇനിയും പരിശോധിച്ചറിയേണ്ടതായിരിക്കുകയാണ്. ഒരു പക്ഷെ അത് ഒരു ഡിപ്പാർട്ടുമെന്റ് പിരിപാടിയായിരുന്നതുകൊണ്ടാവാം. അല്ലെങ്കിൽ കൂട്ടായ്മയിലൂടെ തൊഴിലെടുക്കുന്നത് നഷ്ടവും വ്യക്തിപരമായി സമൂഹത്തിന്മേലുള്ള സ്വാധീനത്തിന് അംങ്ങൾക്ക് ഇടിച്ചിലുണ്ടാക്കിയതുകൊണ്ടാകാം. മരപ്പണി, കൊല്ലപ്പണി, മുതലായവ വ്യക്തിസാമർത്ഥ്യത്തിന്റെ കൂടി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാകയാൽ സ്വമേധയാ പ്രവർത്തകരും അംഗങ്ങളും നിരുത്സാഹപ്പെടുന്നത് സ്വാഭാവികം തന്നെ.

അനാഥമായി അഞ്ചൽപ്പെട്ടിയിൽ സ്ഥിതിചെയ്യുന്ന ആസ്ഥാപനത്തെ പഞ്ചായത്തിനേല്പിച്ചു കട്ടാൻ വല്ല മാർഗ്ഗവുംമുണ്ടോ എന്ന് ആരായണം. അതു പുനഃസ്ഥാപിച്ച് തൊഴിലും സാമ്പത്തിക വളർച്ചയും നാട്ടുകാർക്ക് നല്കാൻ കഴിയുമോ എന്നത് ഒരു വിലപ്പെട്ട പരീക്ഷണം തന്നെ.

അഴിമതി, സ്വജനപക്ഷപാതം, ദുർവ്യയം മുതലായവയാണ് സഹകരണ മേഖലയുടെ മുരടിപ്പിനും പരാജയത്തിനുമുള്ള കാരണങ്ങൾ. സാമൂഹ്യ താല്പര്യങ്ങൾ ഇനിയും ഉൾക്കൊള്ളാനും ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്ക് നല്ല നേതൃത്വം ഇല്ലാത്തതുമാണ് വേറെ അനുഭവപ്പെടുന്ന വെല്ലുവിളികൾ.

ആരംഭപ്രവർത്തനങ്ങൾക്കു ചിലവേറുന്നതിനാലും ആ തുക മുടക്കാൻ താല്പര്യപ്പെട്ടുവരുന്നവർ വിരളമായതിനാലും ത്യാഗത്തിന്റെ കൂടിയായ സംഘങ്ങൾ സ്ഥാപിക്കപ്പെടാതെ പോകും.

ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സഹകരണസംഘങ്ങൾ വഴി ഉദ്ദേശിക്കുന്ന പുരഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇതിന്റ കാരണങ്ങൾ ഈ പഞ്ചായത്തിലെ കർഷകർക്ക് സ്ഥാസമയങ്ങളിൽ അവരുടെ കൃഷിവികസിപ്പിക്കുന്നതിന് തക്കസമയത്ത് സഹകരണസംഘങ്ങളിൽ നിന്നും സഹായം ലഭിക്കുകയോ, ആവശ്യത്തിന് തികയുകയോ ചെയ്യുന്നില്ല. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സഹകരണസംഘത്തിന്റെ ശാഖകൾ ആരംഭിക്കുകയാണെങ്കിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വായ്പകൾ വിതരണം ചെയ്യുന്നതിനും കഴിയും. അതോടൊപ്പം കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. ഈ പഞ്ചായത്തിലെ കർഷകരുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരികകന്നതിന് വേണ്ട ഒരു ഭൂപണയ ബാങ്ക് ആരംഭിക്കണം. ഇപ്പോൾ സഹകരണ സ്ഥാപനത്തുനിന്ന് ലഭിക്കുന്നത് ഹ്രസ്വകാല വായ്പയാണ്. അതു ദീർഘകാല വായ്പയായി ലഭിക്കുന്നതിന് വേണ്ട സത്വരനമടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിൽ എല്ലാ വാർഡിലും ഓരോ ക്ഷീരോല്പാദക സഹകരണ സംഘം ആരംഭിക്കണം. ഇതിന് ചട്ടങ്ങളും വ്യവസ്ഥകളും ഉദാരമാക്കണം.

നമ്മുടെ പഞ്ചായത്തിൽ ഒരു റബർ മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കുന്നതിനുള്ള നടപട സ്വീകരിക്കുക. ഈ പഞ്ചായത്തിൽ പാമ്പാക്കുട കേന്ദ്രീതകരിച്ച് ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം ആരംഭിക്കുക. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പാമ്പാക്കുടയലും മറ്റുസ്ഥലങ്ങളിലും ഒരു ഡിപപാർട്ടമെന്റ് സ്റ്റോറ് ആരംഭിക്കുക. എല്ലാ വാർഡിലും ഓരോ വനിതാ സഹകരണസംഘവും ആരംഭിക്കുക. ഈ പഞ്ചായത്തിൽ ഒരു ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘവും എല്ലാ വാരഡിലും ഓരോ യൂണിറ്റും സ്ഥാപിക്കുക. എല്ലാ വാർഡുകളിലും ഓരോ വനിതാ തയ്യൽ സഹകരണസംഘവും ആരംഭിക്കുക. എല്ലാ വാർഡുകളിലും സഹകരണ ബാങ്കിന്റെ കീഴിൽ ഓരോ വളം ഡിപ്പോ ആരംഭിക്കുക. കാർഷികോല്പാദനവും സമാഹരണ വിപണനവും ലക്ഷ്യമാക്കി കാർഷികോല്പാദനവിപണ സഹകരണസംഘം രൂപീകരിക്കണം. കർഷകർക്ക് കരം തീർത്ത രസീതിന്റെ മാത്രം ജാമ്യത്തിൽ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കണം. പാമ്പാക്കുട പഞ്ചായത്തിൽ പാമ്പാക്കുട കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു ആശുപത്രി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിന്റെ ഓരോ വാർഡിലും ഓരോ ബാമ്പൂ സഹകരണസംഘങ്ങൾ ആരംഭിക്കണം. ഈ മേഖലയുടെ വികസനചിന്ത ഇങ്ങനെ ഇവിടെ അവസാനിപ്പിക്കാം.

## വിഭവസമാഹരണം

വിഭവസമൃദ്ധമായ രാഷ്ട്രങ്ങളോടൊപ്പം വളരാനും വികസിക്കാനും ഉള്ള ആഗ്രഹം അരനൂറ്റാണ്ടുകാലമായി ശക്തിയായി പ്രവർത്തുച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക ക്ളേശങ്ങളെ തരണം ചെയ്യാൻ വികസിതരാഷ്ട്രങ്ങളുടെ സഹായം തേടുന്നതോടൊപ്പം അഭ്യന്തരശേഷിയും വർദ്ധിപ്പിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു കൊണ്ടരിക്കുകയാണ്. സ്വന്തം കഴിവുകളെമാത്രം ഉപയോഗപ്പെടുത്തി ആസൂത്രിതപദ്ധതികൾ നിർവ്വഹിക്കപ്പെടുന്നകാലം നമ്മെ സംബന്ധിച്ചിടത്തോളം വന്നെത്തിയിരിക്കുകയാണ്. പ്രാദേശികമായ വളർച്ചയുടെ ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഓരോ പ്രദേശത്തിന്റെയും ഭാവി വികസനപ്രവർത്തനങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കും. പക്ഷെ സാമ്പത്തികശേഷി സമാഹരിക്കുന്നതിലും പൊതു വിഭവങ്ങൾ ഉപയുക്താമക്കുന്നതിലും മൗലീകമായി രാഷ്ട്രം ഒട്ടാകെയുള്ള പൊതു ആസൂത്രണത്തെ മാത്രമെ ആശ്രയിക്കുവാൻ സാധ്യമാകൂ. ഇന്ന് ക്രമാനുസൃതമായി വർദ്ധിച്ചുവരുന്ന മാനുഷിക ശക്തി നമുക്ക് ആശക്ക് വകനൽകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ ഗ്രാമപ്രദേശത്തിന്റെ ഭാവി വിതകസനത്തിനുവേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾക്ക് പ്രാധാനമായും ആഭ്യന്തര ധനാഗമമാർഗ്ഗങ്ങളിൽ നിക്ഷിപ്തമാക്കിയാണ് ആസൂത്രണം ചെയ്യേണ്ടത്. ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടി എത്രമാത്രം സാമ്പത്തികസഹായം ലഭിക്കും എന്ന് കണക്കുകൂട്ടുന്നതോടെപ്പം അത് എത്രമാത്രം ഫലപ്രദമായ വിനിയോഗിക്കാമെന്നത് എന്നതുൾപ്പടെ ഏതൊരു ആസൂത്രിത പദ്ധതിയുടെയും വിജയകരമായി നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ ഈ ഗ്രാമ പഞ്ചായത്തിന്റെ ഭാവിവികസനം രൂപം പ്രാപിക്കുന്നത് പ്രധാനമായും അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പിലാക്കൻ ഉദ്ദേശിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതികളുടെ പശ്ചാത്തലത്തിൽ നിന്നു

കൊണ്ടാണ്.

ഉല്പാദനക്ഷമമായ പ്രവർത്തനങ്ങൾക്കായി മനുഷ്യശക്തിയെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഏതൊരു വികസനപദ്ധതിയുടെയും പരമമായ ലക്ഷ്യം.അതുകൊണ്ടുതന്നെ ഒരു പദ്ധതിയുടെ ആസൂത്രണത്തിൽ മനുഷ്യശക്തിയുടെ ശരിയായ വിനിയോഗത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ അനിവാര്യമാണ്. കുതിച്ചുകയറുന്ന ജനപ്പെരുപ്പവും അതിനനുസൃതമല്ലാത്ത സാമ്പത്തികപുരോഗതിയും മൂലം ദിനംപ്രതി തൊഴിൽരഹിതരുടെ എണ്ണം പെരുകി വരുകയാണ്. ഇന്നത്തെ യുവതലമുറയിൽ കാണുന്ന അസ്വസ്ഥതകളുടെയും അക്രവാസനകളുടെയും മൂലകാരണങ്ങളിൽ പ്രധാനം തൊഴിൽരാഹിത്യമാണ്. തൊഴിലില്ലായ്മ നേരിടുന്നതിന് ഇതിന്റെ നാനാവശങ്ങളെക്കുറിച്ചും സമഗ്രമായ ഒരറിവ് ആവശ്യമാണ്. തൊഴിൽരഹിതരുടെ ശരിയായ കണക്ക് അവരുടെ പ്രായം ലിംഗഭേദം, വിദ്യാഭ്യാസയോഗ്യത എന്നിവയെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തൊഴിൽരഹിതരായ യുവാക്കളെ പ്രയോജനപ്പെടുത്താൻ ഒരു പരിധിവരെ സാധികകും.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗം കാർഷികോല്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനമാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽകരം, വിനോദനികുതി എന്നിവയിൽ നിന്നുള്ളതാണ്. പഞ്ചായത്തിന്റെ മൊത്തം വരുമാനം 304481 രൂപയാകുന്നു.

പഞ്ചായത്തു പ്രദേശത്ത് S.B.T. Bank of India എന്നീ ധനകാര്യസ്ഥാപനങ്ങൾക്കു പുറമെ ഒരു സഹകരണ ബാങ്കുമുണ്ട്. ഈ പഞ്ചായത്തിലെ കുറെയാളുകൾ വിദേശങ്ങളിൽ പോയി സേവനം ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിലുള്ള വാർഡുകളിലെ ആവശ്യങ്ങൾ ഒരു പരിധിവരെ നിർവഹിക്കുവാൻ ഈ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. താരതമ്യേന വരുമാനം ഏറ്റവും കുറഞ്ഞ ഒരു പഞ്ചായത്താണിത്. നമ്മുടെ ഈ അടുത്തകാലത്തൊന്നും പഞ്ചായത്തിലെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ആവശ്യമായ പണം ലഭിക്കുമെന്നുള്ള വിശ്വാസമില്ല.

പഞ്ചായത്തുതലത്തിൽ സേവന സന്നദ്ധരായ യുവജനങ്ങളുടെ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തു അവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

റോഡുകൾ നന്നാക്കുന്നതിനും അറ്റകുറ്റപണികൾ ചെയ്യുന്നതിനും സന്നദ്ധരായ സംഘടനകളുടെ സഹകരണവും ധനവും മനുഷ്യശക്തിയും ലഭ്യമാക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും യഥാസമയം ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. സഞ്ചയികപോലുള്ള സമ്പാദ്യപദ്ധതികൾ എല്ലാ ഭവനങ്ങളിലും നടത്താൻ വേണ്ട പ്രേരണ ചെലുത്തുകയും അതിന്റെ ഒരു വിഹിതം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുക.

സഹകരണസംഘങ്ങളിലും ബാങ്കുകളിലും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുവാൻ പ്രേരണ ചെലത്തുകയും ഇവയിൽ നിന്നും പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം ലഭ്യമാക്കാൻ ആവശ്യമായ നടപടിയും സ്വീകരിക്കുക.

പഞ്ചായത്ത് അധീനതിയിൽപെട്ട പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുകയും ഉല്പാദകരമായ കാര്യങ്ങൾക്കു വിനിയോഗിക്കുകയും ഭൂമിയില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

## വിളവിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം(ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഹെക്ടറിൽ ഉൽപ്പാദനക്ഷമത |
|---|---|---|---|
| (നെല്ല് )ഒന്നാം വിള | 300 | 1050 ടൺ | 3500 Kg/ Hector |
| ,, രണ്ടാം വിള | 325 | 1300 ,, | 4000 ,, |
| ,, മൂന്നാം വിള | 5 | 17 ,, | 3500 ,, |
| പയർ | 175 | 61 ,, | 439 ,, |
| എള്ള് | 25 | 500 ,, | 2000 ,, |
| പച്ചക്കറികൾ | 20 | 7 ,, | 350 ,, |
| തെങ്ങ് | 1150 | 4000000 എണ്ണം | 3500എണ്ണം/ഹെക്ടർ |
| വാഴ | 650 | 682500 ,, | 1050 ,, |
| മരച്ചീനി | 85 | 212.5 ടൺ | 2500 kg/ hecter |
| കുരുമുളക് | 69 | 20.7 ,, | 300 ,, |
| പ്ലാവ് | 60 | 7.2 ,, | 1200 ,, |
| കശുമാവ് | 2 | 2000kg | 1000 ,, |
| മാവ് | 1 | 5000 ,, | 5000 |
| റബ്ബർ | 1020 | 2386.8 ടൺ | 2.34 ടൺ / ഹെക്ടർ |
| കമുക് | 50 | 40 ,, | 80 kg/hector |
| വാനില | 3 | | |
| കൊക്കോ | 5 | 3.25 ടൺ | 65 ,, |
| ഇഞ്ചി | 2 | 6.5 ,, | 3.25 ,, |
| ജാതി | 5 | 20 ടൺ | 400 ,, |
| ഗ്രാമ്പൂ | 2 | 1 ,, | 500 ,, |
| പൈനാപ്പിൾ | 40 | 120 ,, | 3 ടൺ/ഹെക്ടർ |



## സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം(സെന്റ്) |
|---|---|---|---|
| 1. | പഞ്ചായത്ത് ഓഫീസ് കെട്ടിടം | മേമുറി വില്ലജ് | 25 |
| 2. | പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് | ,, | 16 |
| 3. | ആയുർവ്വേദ ആശുപത്രി | ഓണക്കൂർ | 20 |
| 4. | പഞ്ചായത്ത് മാർക്കറ്റ് | മേമ്മുറി | 58 |
| 5. | കക്കയം, അഞ്ചൽപ്പെട്ടി, പിറമാടം N, പിറമാടം S വെയിറ്റിംഗ് ഷെഡുകൾ | ഓണക്കൂർ | 7 1/2 |
| 6. | പാമ്പാക്കുട പള്ളിത്താഴം നെയ്ത്ത്ശാലപ്പടി വെയിറ്റിംഗ് ഷെഡ്, ചെടിക്കണ്ടം വെയിറ്റിംഗ് ഷെഡ് | ,, | 3+3= 6 |
| 7. | പുറമ്പോക്ക് പുനരധിവാസത്തിനായുള്ള സ്ഥലം | ഓണക്കൂർ | 60 |

## വിദ്യാലയങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു
## സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര് ഹൈസ്കൂൾ യു.പി/എൽ.പി. പ്രൈമറി കുട്ടികളുടെ എണ്ണം അദ്ധ്യാപകരുടെ എണ്ണം
ആൺ പെൺ ആകെ ആകെ അനുവദിച്ച പോസ്റ്റ് ആൺ പെൺആകെ സ്കൂൾ ക്യാമ്പിന്റെ മൊത്തം
വിസ്തീർണ്ണംകളിസ്ഥലത്തിന്റെ വിസ്തീർണ്ണം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം

| | | | | | | |
|---|---|---|---|---|---|---|
| M.T.M.H.S പാമ്പാക്കുട | H.S | 387 | 338 | 725 | 31 | 7.750 5.600 sq.m - |
| സ്പ്രിംഗ് ഡൈയൽസ് | U.P | 2211 | 79 | 400 | 11 | 4.40 1.40 |
| ഗവ. U.P.S പിറമാടം | U.P | 94 89 | 183 | 9 1.5 | 0.60 | 0.15 |
| ഗവ. ന്യൂ. L.P.S പിറമാടം | L.P17 19 36 4 0.54 - - | | | | | |
| ഗവ. യു.പി. ഓണക്കൂർ S. | U.P 100 72 172 8 0.50 - - | | | | | |
| ഗവ. ഹൈസ്കൂൾ പാമ്പാക്കുട | H.S 336 325 657 28 3 1 - | | | | | |
| ഗവ. U.P.S ഓണക്കൂർ N. | U.P 113 122 235 10 1.50 0.80 - | | | | | |
| സെന്റ് മേരീസ് അഞ്ചൽപ്പെട്ടി | U.P 357 359 717 17 3 0.50 | | | | | |
| ഗവ. യു. പി. സ്കൂൾ. മേമുറി | U.P 97 124 221 8 1.50 240 0.50 | | | | | |

## പുറമ്പോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ
### വിസ്തീർണ്ണം ഏക്കറിൽ

| വില്ലേജിന്റെപേര് | റോഡ് | തോട് | കുളം | പുഴ | റവന്യൂ | പാറ | ചിറ | ആകെ | തരിശ് |
|---|---|---|---|---|---|---|---|---|---|
| മേമ്മുറി | 14.48 | 6.60 | 1.87 | | 79.88 | 1.41 | 0.46 | 104.70 | 44.01 |
| ഓണക്കൂർ | 36.3 | 45.05 | 12.13 | | 168.82 | 2.42 | | 264.72 | 6.59 |

## നടീൽ വസ്തുക്കളുടെ വിതരണം സംബന്ധിച്ച്

| ഇനം | എണ്ണം/ തൂക്കം/ പാക്കറ്റ് 1993–94 | 1994–95 | 1995–96 |
|---|---|---|---|
| തെങ്ങ് | 1410 No. | 334 No. | 639 No. |
| കശുമാവ് | – | – | – |
| കുരുമുളക് | 8000 No. | – | 2250 No. |
| പച്ചക്കറി വിത്ത് | 2010 Packet | 1400 Packet | 950 Packet |
| നെല്ല് | 1020 Kg. | – | 750 Kg. |
| പയർവിത്ത് | 992 Kg. | 488 Kg. | 872 Kg. |
| പ്ലാവ് (ഗ്രാഫ്റ്റ്) | 6 No. | – | – |
| മാവ് (ഗ്രാഫ്റ്റ്) | 15 No. | – | – |
| സപ്പോട്ട | 4 No. | – | – |

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 16811 |
| പുരുഷന്മാർ | 8566 |
| സ്ത്രീകൾ | 4245 |
| പട്ടികജാതി ജനസംഖ്യ | 1776 |
| പട്ടികവർഗ്ഗം ജനസംഖ്യ | 65 |
| ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | 733 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 433 |
| കഴിഞ്ഞ വർഷം ആകെ ജനനങ്ങൾ | 540 |
| ഒരു വയസ്സിൽ താഴെ മരിച്ച കുട്ടികൾ (95–96) | 2 |
| പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 733 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 733 |

## പേവിഷബാധ - പ്രതിരോധചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1. പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | – | – | – | 400 | – | – |
| 2. കടിയേറ്റതിനു ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 2 | – | 4 | – | – | – |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | | മറ്റുള്ളവ (മെഡിക്കൽ ഷോപ്പ്) | | | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|---|---|---|
| | | | കൂൾ ബാർ/ ബേക്കറി | റേഷൻ കട | റൈസ് മിൽ | വർക്ക്ഷോപ്പ് | | | |
| 1 | 2 | 2 | – | 1 | – | 2 | | 7 | |
| 2 | 2 | – | – | 1 | – | 1 | 1 | 5 | |
| 3 | 1 | – | 1 | 1 | 4 | | | 7 | |
| 4 | 4 | 2 | 3 | 1 | – | 3 | 1 | 16 | |
| 5 | 19 | 3 | 5 | 2 | – | 4 | 3 | 38 | |
| 6 | 5 | 1 | 1 | 1 | 1 | – | 1 | 10 | |
| 7 | 12 | 4 | 3 | 1 | 1 | 2 | 2 | 26 | |
| 8 | 4 | – | 1 | 1 | 2 | – | | 8 | |
| 9 | 2 | 1 | 2 | 2 | 4 | – | – | 11 | |
| | | | | | | | | 128 | 9975/- |

## പഞ്ചായത്തു രാജ് പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുഭവിച്ച തുക (1995 – 96)

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംഗക്ഷണം | 2600 | | |
| ആരോഗ്യം | 36843 | | |
| | 1600 | | |
| | 5284 | | |
| കൃഷി | 507930 | | |
| പി.ഡബ്ല്യു.ഡി. | 15523 | | |
| പട്ടികജാതി /പട്ടികവർഗ്ഗം ക്ഷേമം | 100 | | |
| മറ്റുള്ളവ (Old Age Pension) | 10500 | | |
| ആകെ | 5,41937 | | |

## തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിളക്കുകളുടെ എണ്ണം | | |
|---|---|---|---|
| | ഫ്ളൂ ട്യൂബ് | ബൾബ് | ആകെ |
| 1 to 9 | | | |
| | 40 | 354 | 394 |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993–94 | 1144 | 67 | – |
| 1994–95 | 429 | 89 | – |
| 1995–96 | 540 | 62 | – |

## പകർച്ചവ്യാധി രോഗവിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993– 94 | 394 | 63 | 17 (മലേറിയ) | – |
| 1994 – 95 | 396 | 60 | 10 | – |
| 1995 –96 | 400 | 56 | 12 | – |

## രോഗവിവരങ്ങൾ

| ക്രമ നം. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | ദഹനസംബന്ധമായ | 160 | 20 | 60 | 10 | 10 | 4 | | | |
| 2. | ശ്വാസകോശ സംബന്ധം | 30 | 4 | 40 | 5 | 5 | | | | |
| 3. | ഉപാപചയ സംബന്ധം | 95 | 5 | 20 | | | | | | |
| 4. | ത്വക്ക് രോഗങ്ങൾ | 28 | 6 | 12 | 2 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 75 | 15 | 10 | 10 | | | | | |
| 6. | പരാദരോഗങ്ങൾ | 400 | 40 | 160 | 100 | 75 | 75 | | | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവർ | 184 | 6 | 30 | 5 | | | | | |
| 8. | വന്ധ്യത | 10 | 1 | | | | | | | |
| 9. | അകിട് വീക്കം | 100 | – | 30 | | | | | | |
| 10 | മുടന്തൻ പനി | 94 | – | – | | | | | | |
| 11 | പകർച്ചവ്യാധികൾ | 6 | 4 | 3 | – | 200 | | | | |

# ആരോഗ്യ സ്ഥിതി വിവരങ്ങൾ

| പ്രായാടിസ്ഥാനത്തിൽ.ദമ്പതിമാർ | എണ്ണം |
|---|---|
| (സ്ത്രീകളുടെ പ്രായക്രമം) | |
| (1) 15 - 19 | 114 |
| (2) 20 - 24 | 1581 |
| (3) 25 - 29 | 3115 |
| (4) 30 - 34 | 2736 |
| (5) 35 - 39 | 1870 |
| (6)40 - 44 | 928 |
| ആകെ | 10344 |

| | |
|---|---|
| അമ്മമാരുടെ എണ്ണം | 9764 |
| എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | അമ്മമാർ |
| (1) 1 കുട്ടി | 2402 |
| (2) 2 കുട്ടികൾ | 5359 |
| (3) 3ൽ കൂടുതൽ കുട്ടികൾ | 2003 |

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

| | |
|---|---|
| 1. കുട്ടി | 1316 |
| 2. 2 കുട്ടികൾ | 4800 |
| 3. 2ൽ കൂടുതൽ കുട്ടികൾ | 1707 |

## അംഗവൈകല്യമുള്ളവർ

| | |
|---|---|
| 1) അന്ധർ | 16 |
| 2) ബധിരർ | 10 |
| 3) മൂകർ | 12 |
| 4) ബധിര - മൂകർ | 17 |
| 5) ചലന വൈകല്യമുള്ളവർ | 60 |

| | |
|---|---|
| മന്ദബുദ്ധികളുടെ എണ്ണം | 10 |

## സ്ഥായിയായ രോഗ ബാധിതർ

| | |
|---|---|
| 1) 1 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | 733 |
| 2) പ്രതിരോധകുത്തിവയ്പ് നടത്തിയവർ | 168 |
| 3) ആകെ ഗർഭിണികൾ | 439 - 30-9-96 വരെ |

## പഞ്ചായത്ത് രാജ്യനിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുക - (1995 -'96)

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 2600 | | |
| ആരോഗ്യം | 36842 1600 | 5284 | |
| കൃഷി | 507930 | | |
| പി. ഡബ്ള്യൂ. ഡി | 15523 | | |
| പട്ടികജാതി / വർഗ്ഗം | | | |
| ക്ഷേമം | 100 | | |
| മറ്റുള്ളവ | 10500 | | |
| old age pension | | | |
| ആകെ | 5,41937 | | |

## പൊതു സാമ്പത്തിക നില
## up to 31-3-96

| ഇനം | പൊതുകണക്ക് (രൂപ) | മൂലധനകണക്ക് | കടംസംബന്ധിച്ചകണക്ക് |
|---|---|---|---|
| വരവ് | 29,30,178,25 | Nil | Nil |
| ചെലവ് | 29,30,178,25 | | |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | ഗ്രാന്റ് തുക | യഥാർത്ഥ ചെലവ് പഞ്ചായത്ത്ഫണ്ട് | ബാക്കി |
|---|---|---|---|---|
| റോഡ് | 28,895 | 28,895 | 24,000 | 4,895 |
| തോട് | 13,800 | 13,800 | 13,800 | |
| കെട്ടിടം | - | - | - | |
| മറ്റുള്ളവ | 2,34,228 | 2,34,228 | Nil | 234228 |
| ആകെ | 2,76,923 | 2,76,923 | 37,800 | 2,39,123 |

## ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

| ചന്ത രൂപ | സ്റ്റാൾ രൂപ | ഷോപ്പിംഗ് കോംപ്ലക്സ് രൂപ | മറ്റു ലേലങ്ങൾ | ആകെ രൂപ |
|---|---|---|---|---|
| 9275 | 11145 | | | |
| ആകെ | 20420 | 78,259.80 | 26380 | 1,25059.80 |

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം (തന്നാണ്ട്)

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീട് |
|---|---|---|---|---|---|
| 1 | 33 | 2 | 1 | 1 | 31 |
| 2 | 41 | 4 | 3 | 1 | 37 |
| 3 | 18 | 1 | 1 | - | 17 |
| 4 | 36 | 4 | 4 | - | 32 |
| 5 | 38 | 7 | 6 | 1 | 31 |
| 6 | 21 | 3 | 3 | - | 18 |
| 7 | 18 | 7 | 6 | 1 | 11 |
| 8 | 31 | 3 | 2 | 1 | 28 |
| 9 | 38 | 2 | 2 | - | 36 |
| ആകെ | 274 | 33 | 28 | 5 | 241 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചവ കക്കൂസ് | വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 38 | 12 | 12 | 50 |
| 2 | 48 | 13 | 13 | 45 |
| 3 | 21 | 12 | 12 | 48 |
| 4 | 45 | 15 | 15 | 45 |
| 5 | 48 | 14 | 14 | 50 |
| 6 | 28 | 13 | 13 | 40 |
| 7 | 24 | 12 | 12 | 35 |
| 8 | 39 | 11 | 11 | 39 |
| 9 | 49 | 12 | 12 | 60 |

## വരവു സംബന്ധിച്ച വിവരങ്ങൾ

1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 147621.50 | 147621.50 | |
| സർവ്വീസ് ചാർജ്ജ് | - | - | |
| തൊഴിൽ നികുതി | 104605 | 104605 | |
| വിനോദ നികുതി | 75 | 75 | |
| അഡീ. വിനോദ നികുതി | 9 | 9 | |
| പ്രദർശന നികുതി | 2.25 | 2.25 | |
| പന്ത വരവ്, ലൈസൻസ് ഫീസ് | 9975 | 9975 | |
| വസ്തു കൈമാറ്റ നികുതി(75%) | 72722 | 72722 | |
| ഡെപ്പോസിറ്റ് | 412928 | 412928 | |

## IRDP സർവ്വെപ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ള വരുടെ വിവരം

| വാർഡ് | ആകെ കുടുംബും | SC/ST സാമ്പത്തിക സഹായം ലഭിച്ചവ | SC/ST സഹായം ലഭിച്ച | ദാരിദ്രരേഖക്ക് മുകളിൽ ഉള്ള കുടുംബങ്ങൾ | ദാരിദ്രരേഖക്ക് താഴെ സഹായം ലഭിച്ചവർ ഉൾപ്പെടെ | ആകെ |
|---|---|---|---|---|---|---|
| 1 | 165 | 8 | 21 | 5 | 17 | 148 |
| 2 | 214 | 7 | 36 | 6 | 27 | 187 |
| 3 | 128 | - | 12 | - | 9 | 119 |
| 4 | 175 | 15 | 32 | 15 | 26 | 149 |
| 5 | 185 | 9 | 22 | 6 | 24 | 161 |
| 6 | 120 | 6 | 14 | 6 | 18 | 102 |
| 7 | 107 | 4 | 12 | 4 | 19 | 88 |
| 8 | 154 | 9 | 28 | 9 | 28 | 126 |
| 9 | 161 | 10 | 24 | 7 | 29 | 132 |

## വളർത്തുപക്ഷി

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് |
|---|---|---|---|---|
| | | മുട്ടയിടുന്നത് | ഇടാത്തത് | |
| 1to 995 | 5000 | 10000 | 10000 | 150 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഗുണഭോക്താക്കൾ

ഗാർഹികം 3112

വ്യാപാരം 344

വ്യാവസായികം 64

കാർഷികം 415

അവസാനം നൽകിയ കണക്ഷൻ - 20-10-96

സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം

ബൾബ് 25W -215

40 W - 139

ട്യൂബ് 80W -40 എണ്ണം

സ്ട്രീറ്റ് ലൈറ്റിന് പ്രതിമാസം അടക്കുന്ന തുക - 4635

പഞ്ചായത്താഫീസ് + പബ്ലിക്ക്ലൈബ്രറി = 82

ആകെ - 4717

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണ നിർവ്വഹണം : 3,50,173.75

പൊതു മരാമത്ത് വേലകൾ : 4,96,730.00

വിദ്യാഭ്യാസം, കുട്ടികൾക്ക് നൽകുന്ന സമ്മാനം ഉൾപ്പെടെ : 3900.00

ജലവിതരണം, ഓടശുചീകരണം, പൊതുജനാരോഗ്യം :696.00

തെരുവ് വിളക്ക് : 55620

മറ്റുള്ളവ : 7,30,187.50

**ആകെ : 1637307.25**

467

## IRDP സർവ്വെപ്രകാരം - ദാരിദ്രരേഖക്ക് താഴെയുള്ള വരുടെ വിവരം

| വാർഡ് | ആകെ കുടുംബം | SC/ST | സാമ്പത്തിക സഹായം ലഭിച്ചവ | SC/ST സഹായം ലഭിച്ച | ദാരിദ്രരേഖക്ക് മുകളിൽ ഉള്ള കുടുംബങ്ങൾ | ദാരിദ്രരേഖക്ക് താഴെ സഹായം ലഭിച്ചവർ ഉൾപ്പെടെ ആകെ |
|---|---|---|---|---|---|---|
| 1 | 165 | 8 | 21 | 5 | 17 | 148 |
| 2 | 214 | 7 | 36 | 6 | 27 | 187 |
| 3 | 128 | - | 12 | - | 9 | 119 |
| 4 | 175 | 15 | 32 | 15 | 26 | 149 |
| 5 | 185 | 9 | 22 | 6 | 24 | 161 |
| 6 | 120 | 6 | 14 | 6 | 18 | 102 |
| 7 | 107 | 4 | 12 | 4 | 19 | 88 |
| 8 | 154 | 9 | 28 | 9 | 28 | 126 |
| 9 | 161 | 10 | 24 | 7 | 29 | 132 |

## വളർത്തുപക്ഷി

| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് |
|---|---|---|---|---|
| | | മുട്ടയിടുന്നത് | ഇടാത്തത് | |
| 1to 995 | 5000 | 10000 | 10000 | 150 |

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള ഗുണഭോക്താക്കൾ

ഗാർഹികം 3112

വ്യാപാരം 344

വ്യാവസായികം 64

കാർഷികം 415

അവസാനം നൽകിയ കണക്ഷൻ - 20-10-96

സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം

ബൾബ് 25W -215

40 W - 139

ട്യൂബ് 80W -40 എണ്ണം

സ്ട്രീറ്റ് ലൈറ്റിന് പ്രതിമാസം അടക്കുന്ന തുക - 4635

പഞ്ചായത്താഫീസ് + പബ്ലിക്ക്ലൈബ്രറി = 82

ആകെ - 4717

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണ നിർവ്വഹണം : 3,50,173.75

പൊതു മരാമത്ത് വേലകൾ : 4,96,730.00

വിദ്യാഭ്യാസം, കുട്ടികൾക്ക് നൽകുന്ന സമ്മാനം ഉൾപ്പെടെ : 3900.00

ജലവിതരണം, ഓടശുചീകരണം, പൊതുജനാരോഗ്യം :696.00

തെരുവ് വിളക്ക് : 55620

മറ്റുള്ളവ : 7,30,187.50

**ആകെ : 1637307.25**

468

നമ്മുടെ ഗ്രാമങ്ങൾ ഉയിർത്തെഴുന്നേൽക്കണം
ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്.
ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കും.
നശിക്കാതിരിക്കാൻ അധികാര
വികേന്ദ്രീകരണം വന്നേ പറ്റൂ.

1992 ഡിസംബറിൽ പാസായ 73-ാം
ഭരണഘടനാ ഭേദഗതി അതിനാണ്.

9-ാം പദ്ധതി 35 - 40 ശതമാനം തുക
പഞ്ചായത്തുകൾക്കു വേണ്ടിയാണ്.
ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മറ്റുള്ളവരും അണിചേരുന്നു.
ഗ്രാമസഭ
വികസന സെമിനാർ
ചർച്ച.
വികസന താല്പര്യങ്ങൾ പദ്ധതികളായി മാറുന്നു.
വിഭവ സമാഹരണത്തിന് പഞ്ചായത്തുകളെ സഹായിക്കാൻ
ബഹുജനങ്ങളുടെ കടമ വർദ്ധിക്കുന്നു.
നാടിനുവേണ്ടി നമുക്കാവുന്നതു നാം തന്നെ ചെയ്യുക
കൂട്ടായ്മയാണ് പ്രശ്നപരിഹാരങ്ങൾക്കുള്ള ഒറ്റമൂലി
നാം മനസ്സിലാക്കി ത്യാഗം ചെയ്യാൻ ഒരുങ്ങണം.

469

## 73–ാം ഭരണഘടനാ ഭേദഗതി
## കേരള സർക്കാർ പാസാക്കിയ പഞ്ചായത്തു രാജ് നിയമം

അന്തിമ ലക്ഷ്യം
വികസനത്തിലും
ഭരണത്തിലും
പദ്ധതിനടത്തിപ്പിലും
പങ്കാളിത്തം

ഗ്രാമസഭകൾ വഴി സാമൂഹ്യ നിയന്ത്രണം.
അതു അഴിമതിയെ തടയുന്നു. സമാധാനം നിലനിർത്തുന്നു.

ദുർബ്ബല വിഭാഗങ്ങൾക്കു
ശക്തി ലഭിക്കുന്നു
ലക്ഷ്യം
തെറ്റുന്ന വികസനം
ലക്ഷ്യം പ്രാപിക്കുന്നു

തന്മൂലം ഭൗതിക പുരോഗതി ജീവിതത്തിൽ ഉറപ്പുവരുത്തുന്നു.
കർമ്മങ്ങൾ അർത്ഥവത്താക്കുന്നു.

ഭരണ രംഗത്തു
സ്ത്രീകൾക്കു
പ്രാതിനിധ്യമേറുന്നു
പിന്തള്ളപ്പെട്ട സ്ത്രീ
മുൻപന്തിയിലെത്തുന്നു.

**പാമ്പാക്കുട പഞ്ചായത്ത് വികസന റിപ്പോർട്ട്**

470

# ഒൻപതാം പദ്ധതി

# ജനകീയ പദ്ധതി

## രാമമംഗലം ഗ്രാമപഞ്ചായത്ത്

### എറണാകുളം ജില്ല

## വികസന റിപ്പോർട്ട് 1996



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

ടെലിഫോൺ നമ്പർ : 0485-277242
പിൻകോഡ് - 686 663

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## രാമമംഗലം ഗ്രാമപഞ്ചായത്ത്
രാമമംഗലം


# വികസന റിപ്പോർട്ട് 1996

## വികസന സെമിനാർ

സ്ഥലം : ഹൈസ്ക്കൂൾ, രാമമംഗലം

തീയതി : 1996 നവംബർ 24

473


RAMAMANGALAM VILLAGE
ONAKKOOL VILLAGE
KALLUMPALY
HIGH LEVEL ZONE
WEST ZONE
EAST ZONE
PIRAVOM VILLAGE
EDAKKATTUVAYAL VILLAGE
MULAKULAM VILLAGE
ELANJI VILLAGE
To KOTTAYAM
N
INDEX
500 MM AC PIPE
400 MM
350 MM
300 MM
250 MM
200 MM
141 MM
125 MM
124 MM PVC PIPE
97 MM
79 MM
KERALA WATER AUTHORITY
SCALE 1 16000
EXECUTIVE ENGINEER

# ഒരുവാക്ക്



പ്രിയമുള്ളവരെ,

ഒമ്പതാം പഞ്ചവത്സര പദ്ധതി സമാഗതമായിരിക്കുകയാണല്ലോ. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ പദ്ധതി ജനകീയ പദ്ധതിയായിട്ടാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം താഴെ തട്ടിൽനിന്നുള്ള ആസൂത്രണ പ്രവർത്തനങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇതോടനുബന്ധിച്ച് ഗ്രാമതലത്തിൽ നടക്കേണ്ടുന്ന വികസന സെമിനാറിൽ സമർപ്പിക്കുവാനുള്ള വികസന റിപ്പോർട്ട് തയ്യാറായിരിക്കുന്നു. അടുത്ത അഞ്ച് വർഷത്തേക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയാകട്ടെ, വിശേഷാൽ ഗ്രാമസഭകളിൽ നിങ്ങൾ നിർദ്ദേശിച്ചവയുമാണ്. ഈ വികസന റിപ്പോർട്ട് സമഗ്രമാണെന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ ഉണ്ടായിരിക്കാം. അവ ചൂണ്ടിക്കാണിച്ചാൽ വീണ്ടും ഉൾപ്പെടുത്തി റിപ്പോർട്ട് സമഗ്രമാക്കാൻ കഴിയും. സ്വയംപര്യാപ്തവും സമ്പൽ സമൃദ്ധവുമായ ഒരു നല്ല നാളെയാണ് നാം വിഭാവനം ചെയ്യുന്നത്.

ഈ വികസന റിപ്പോർട്ടിനു പിന്നിൽ അഹോരാത്രം പ്രവർത്തിച്ച പഞ്ചായത്ത് സമിതി അംഗങ്ങൾ, സേവന സന്നദ്ധതയോടെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജില്ലാ/പഞ്ചായത്തുതല ഉദ്യോഗസ്ഥന്മാർ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച ഗ്രാമസഭാംഗങ്ങൾ, വിവിധ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തകർ വിലപ്പെട്ട മാർഗ്ഗനിർദ്ദേശം തന്ന ബ്ലോക്ക് പഞ്ചായത്ത് സമിതി പ്രസിഡന്റ് ശ്രീ. അനിൽ ചെറിയാൻ എന്നിവരെ ഹൃദയപൂർവ്വം സ്മരിക്കുന്നു.


ഈ സംരംഭത്തിന്റെ ഇനിയങ്ങോട്ടുള്ള നടത്തിപ്പിനും നിങ്ങളേവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

KNN Nampoothiri

കെ. എൻ. എൻ. നമ്പൂതിരി
(പഞ്ചായത്ത് പ്രസിഡന്റ്
രാമമംഗലം ഗ്രാമപഞ്ചായത്ത്)

രാമമംഗലം,
18-11-1996


N
രാമമംഗലം
ഗ്രാമ പഞ്ചായത്ത്
ആകെ ജനസംഖ്യ - 14340
വിസ്തീർണ്ണം - 23.40 ച.കി.മീ.
വാർഡുകൾ - 8
പ്രധാന കൃഷികൾ - നെല്ല്, തെങ്ങ്
റബ്ബർ
ആശുപത്രി
സ്കൂൾ
പ്രധാന സ്ഥലങ്ങൾ
അമ്പലം
പള്ളി
പ്രധാന റോഡ്
പഞ്ചായത്ത് അതിർത്തി
വാർഡുകളുടെ അതിർത്തി
ജലാശയങ്ങൾ
കടവുകൾ
ചെറുതോടുകൾ

# ആമുഖം

കേരള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ളതും സ്ഥായിയായതും ധൃതഗതിയിലുള്ള തുമായ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ഒമ്പതാം പദ്ധതി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജനകീയാ സൂത്രണ പരിപാടിക്ക് രൂപം കൊടുത്തിരിക്കുകയാണ്. ഈ പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന പദ്ധതി അടങ്കലിന്റെ 35-40 ശതമാനം വരെ പഞ്ചായത്തുരാജ് സ്ഥാ പനങ്ങൾ അവരുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ടു തയ്യാറാക്കുന്ന വികസന പദ്ധ തികൾക്കായി നീക്കിവെയ്ക്കുന്നു എന്നതാണ്. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെ തട്ടിൽനിന്ന്, ജനപങ്കാളിത്വത്തോടെ, പദ്ധ തികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആവിഷ്ക്ക രിച്ചിട്ടുള്ള ഈ കർമ്മ പരിപാടി വിജയകരമായി മുന്നേറുന്നു.

ജില്ലാതലത്തിൽ പരിശീലനം ലഭിച്ച സർവ്വശ്രീ. ടി. വി. തോമസ്, വി. പി. ചാക്കോ, പി. എം. വർക്കി, എം. യു. വർഗീസ്, എൻ. ഐ. തോമസ്, കെ. എൻ. ഗോപി, വി. എൻ. വത്സൻ എന്നിവരുടെ നേതൃത്വത്തിൽ ഈ ഗ്രാമപഞ്ചായത്തിലുള്ള എൺപത് പേർക്ക് പരിശീലനം നല്കി. ഇവരുടെ നേതൃത്വത്തിലാണ് ഗ്രാമസഭകളിലെ ചർച്ചകൾ നടന്നത്.

## ഒമ്പതാം പദ്ധതി രൂപവല്ക്കരണത്തിനുവേണ്ടി കൂടിയ വിശേഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവർ |
|---|---|---|---|
| I | ഗവ: ഹൈസ്ക്കൂൾ, ഊരമന | 28-9-96 | 87 |
| II | ഗവ: എൽ. പി. സ്ക്കൂൾ, ഊരമന | 28-9-96 | 134 |
| III | ഹൈസ്ക്കൂൾ, രാമമംഗലം | 28-9-96 | 114 |
| IV | ഹൈസ്ക്കൂൾ, രാമമംഗലം | 29-9-96 | 173 |
| V | ഗവ: എൽ. പി. സ്ക്കൂൾ, കിഴുമുറി | 2-10-96 | 155 |
| VI | മുടയംകാട്ടിൽ കെട്ടിടം | 26-9-96 | 115 |
| VII | ഗവ: എൽ. പി. സ്ക്കൂൾ, കിഴുമുറി | 6-10-96 | 115 |
| VIII | ഗവ: എൽ. പി. സ്ക്കൂൾ, മാമലശ്ശേരി | 29-9-96 | 92 |

ഈ ഗ്രാമസഭകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പ്രശ്ന പരിഹാരങ്ങളും ക്രോഡീകരിക്കുന്നതിനുവേണ്ടി ജില്ലാതല പരിശീലകരും പഞ്ചായത്തിലെ ആസൂത്രണ വിദഗ്ധരും ദിവസങ്ങളോളം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണ് ഈ വികസന റി പ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | രാമമംഗലം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ഗ്രേഡ് | : | ഒന്നാം ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | രാമമംഗലം, മേമ്മുറി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | രാമമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : | പാമ്പാക്കുട |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പിറവം |
| താലൂക്ക് | : | മൂവാറ്റുപുഴ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | പിറവം |
| ലോകസഭാ മണ്ഡലം | : | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | : | 23.40 ച: കി. മീ. |
| അതിരുകൾ | : | വടക്ക് : മൂവാറ്റുപുഴയാറ് |
| | | കിഴക്ക് : മാറാടി, പാമ്പാക്കുട ഗ്രാമ പഞ്ചായത്തുകൾ |
| | | തെക്ക് : പിറവം ഗ്രാമപഞ്ചായത്ത് |
| | | പടിഞ്ഞാറ് : മൂവാറ്റുപുഴയാറ് |
| ജനസംഖ്യ (1991 കാനേഷുമാരി) | : | പുരുഷന്മാർ : 7351 |
| | | സ്ത്രീകൾ : 6989 |
| | | ആകെ : 14340 |
| വാർഡുകൾ | : | എട്ട് |
| പ്രസിഡന്റ് | : | കെ. എൻ. നാരായണൻ നമ്പൂതിരി |
| വൈസ് പ്രസിഡന്റ് | : | ജോർജ്ജുകുട്ടി പോൾ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | പി. എം. വർക്കി |
| പഞ്ചായത്ത് സമിതി അംഗങ്ങൾ | : | 1. ഷേർലി സ്റ്റീഫൻ |
| | | 2. മേഴ്സി കുര്യാക്കോസ് |
| | | 3. പി. റ്റി. രാമദാസ് |
| | | 4. എം. പി. പത്മിനിയമ്മ |
| | | 5. ജോസഫ് മത്തായി |
| സെക്രട്ടറി | : | പി. എൻ. അബൂബക്കർ സിദ്ധിക്ക് |

1995 സെപ്തംബർ മാസം 30-ാം തീയതി ശ്രീ. കെ. എൻ. നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽ വന്നു. 1960 ലെ കേരള പഞ്ചായത്ത് നിയമപ്ര

കാരം കേരള സർക്കാരിന്റെ 28-12-1961 ലെ ജി. ഒ (എം. എസ്സ്) 192/61/തഭവ/തിരുവനന്തപുരം നമ്പർ ഉത്തരവ് അനുസരിച്ച് 28-12-1961 ൽ രാമമംഗലം പഞ്ചായത്ത് രൂപം കൊണ്ടു. ആരംഭകാലത്ത് ആറ് വാർഡുകളാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്. 1979 ൽ എട്ട് വാർഡുകളായി ഈ പഞ്ചായത്തിനെ വിഭജിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ആകെയുള്ള കൃഷിഭൂമിയിൽ ഏകദേശം 40% വും നെല്പാടങ്ങളാണ്. പഞ്ചായത്തിന്റെ രണ്ടതിരുകളും പൂർണ്ണമായി 14 കി. മീ. നീളത്തിൽ മുവാറ്റുപുഴയാർ ഒഴുകുന്നു. 1952 ൽ 'രാമമംഗലം' അസംബ്ലി മണ്ഡലമായിരുന്നു. അതിനുശേഷം ഈ പഞ്ചായത്ത് മൂവാറ്റുപുഴ അസംബ്ലി മണ്ഡലത്തിന്റെ കീഴിലായി. 1977 മുതൽ പിറവം അസംബ്ലി മണ്ഡലത്തിന്റെ കീഴിലാണ് ഈ പഞ്ചായത്ത്. 1953 ലാണ് ആദ്യമായി പഞ്ചായത്ത് പൊതു തെരഞ്ഞെടുപ്പ് നടക്കുന്നത്.

## മുൻകാല പഞ്ചായത്ത് പ്രസിഡന്റുമാർ

1. എം. പി. രാമൻ നമ്പൂതിരി
2. കെ. കെ. മത്തായി
3. വി. പി. ചാക്കോ
4. എ. റ്റി. പത്രോസ്
5. ടി. ഒ. കുര്യാക്കോസ്
6. യു. കെ. കുഞ്ഞിക്കുട്ടൻ
7. സി. യു. ചെറിയാൻ

1968 ൽ പഞ്ചായത്തിന്റെ ആഫിസ് പ്രവർത്തനങ്ങൾക്കായി സ്വന്തം നിലയിൽ ഇരുനില കെട്ടിടം നിർമ്മിച്ചു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും പഞ്ചായത്താഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിനുവേണ്ടി താഴെ പറയുന്ന ജീവനക്കാരാണ് ഇപ്പോഴുള്ളത്.

| | | |
|---|---|---|
| ഹെഡ് ക്ലാർക്ക് | — | 1 |
| യു. ഡി. ക്ലാർക്ക് | — | 2 |
| എൽ. ഡി. ക്ലാർക്ക് | — | 2 |
| പ്യൂൺ | — | 1 |
| സ്വീപ്പർ | — | 1 |
| ലൈബ്രേറിയൻ | — | 1 |

## പഞ്ചായത്തിലെ പ്രധാന കടത്തുകടവുകൾ

1. പയ്യാറ്റേൽ കടവ്
2. പരവൻ കടവ്
3. പള്ളിപ്പുറത്ത് കടവ്
4. മംഗലത്തുകടവ്

} ഗ്രാമപഞ്ചായത്ത് കടവുകൾ

5. പെരുവം മുഴികടവ്
6. കോരങ്കടവ്
7. അപ്പാട്ടുകടവ്
8. കിഴുമുറി കടവ്

} പൊതുമരാമത്ത് കടവുകൾ

അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് അറിവിന്റെ ആദ്യക്ഷരങ്ങൾ പഠിപ്പിക്കുന്നതിനായി അഞ്ച് ആശാൻകളരികൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പഞ്ചായത്തിൽനിന്നും പ്രതിമാസഗ്രാന്റ് നല്കിവരുന്നു. ഇതിനുപുറമെ, കിഴുമുറിയിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതിനായി പട്ടികജാതി ബാലവാടി പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾ 100% സാക്ഷരരാണെന്ന് പറയാം. ആകെയുള്ള 4160 കുടുംബങ്ങളിൽ 3253 പേരുടെ വീടുകൾ വൈദ്യുതീകരിച്ചതാണ്. 345 കുടുംബങ്ങളിൽ ടെലിഫോൺ സൗകര്യമുള്ളതാണ്. എന്നാൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത 140 കുടുംബങ്ങളും സ്വന്തമായി വീടുകളില്ലാത്ത 240 കുടുംബവും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 784 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസില്ലാത്തവരും 908 വീടുകൾ വൈദ്യുതീകരിക്കാത്തതുമാണ്. ഈ ഗ്രാമപഞ്ചായത്തിൽ ആകെ 16 പട്ടികജാതി കോളനികളുണ്ട്.

## പ്രധാനമായും താഴെ പറയുന്ന സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

1. പോലീസ് സ്റ്റേഷൻ, രാമമംഗലം
2. വില്ലേജ് ആഫീസ്, രാമമംഗലം
3. കൃഷിഭവൻ, രാമമംഗലം
4. ടെലിഫോൺ എക്സ്ചേഞ്ച്, രാമമംഗലം
5. പ്രാഥമിക ആരോഗ്യകേന്ദ്രം, രാമമംഗലം
6. ഗവ: ഹോമിയോ ഡിസ്പെൻസറി, മാമലശ്ശേരി
7. ഗവ: ആയുർവ്വേദ ഡിസ്പെൻസറി, കീഴുമുറി
8. ഗവ: വെറ്ററിനറി ഡിസ്പെൻസറി, ഊരമന
9. പോസ്റ്റാഫീസ്, രാമമംഗലം, ഊരമന, കീഴുമുറി, മാമലശ്ശേരി
10. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രൊജക്ട് സബ് ഡിവിഷൻ ഓഫീസ്, രാമമംഗലം
11. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രൊജക്ട് സെക്ഷൻ ഓഫീസുകൾ 1/9, 2/9, 3/9, രാമമംഗലം
12. ഇലക്ട്രിക്കൽ ലിഫ്റ്റ് ഇറിഗേഷൻ ഓഫീസ്, രാമമംഗലം
13. റബർ ബോർഡ് ഫീൽഡ് ആഫീസ്, രാമമംഗലം
14. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് (2 എണ്ണം), രാമമംഗലം
15. ഐ. സി. ഡി. പി. സബ് സെന്റർ, രാമമംഗലം
16. മാവേലി സ്റ്റോർ, രാമമംഗലം
17. സെൻട്രൽ വാട്ടർ കമ്മീഷൻ റിവേഴ്സ് സബ് ഡിവിഷൻ നമ്പർ I, രാമമംഗലം

## പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്

രാമമംഗലം ആശുപത്രിക്കവലയിൽ പഞ്ചായത്തുവക സ്ഥലത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ വിവിധ സർക്കാർ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു.

**പ്രധാന ധനകാര്യ സ്ഥാപനങ്ങൾ**

1. കാനറാ ബാങ്ക്, രാമമംഗലം
2. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഊരമന
3. രാമമംഗലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 2156

**വിദ്യാലയങ്ങൾ**

1. ഗവ: ഹൈസ്ക്കൂൾ, ഊരമന
2. ഗവ: ഹൈസ്ക്കൂൾ, മാമലശ്ശേരി
3. ഹൈസ്ക്കൂൾ, രാമമംഗലം
4. ഗവ: എൽ. പി. സ്ക്കൂൾ, രാമമംഗലം
5. ഗവ: എൽ. പി. സ്ക്കൂൾ, കീഴുമുറി
6. ഗവ: എൽ. പി. സ്ക്കൂൾ, ഊരമന ഈസ്റ്റ്

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

വടക്കുപടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന മൂവാറ്റുപുഴയാറിന്റെ വരദാനമാണ് കാർഷിക മേഖലയായ ഈ പഞ്ചായത്ത്. വർഷത്തിൽ മുഴുവൻ കാലവും വറ്റാത്ത തെളിനീരുമായി ഇന്നാടിനെ കാത്തുരക്ഷിക്കുന്ന ഈ പുഴ ഇവിടുത്തെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലും സമ്പദ് ഘടനയിലും ചെലുത്തിയിട്ടുള്ള സ്വാധീനം വളരെ വലുതാണ്. ഏകദേശം 14 കിലോമീറ്ററോളം ദൈർഘ്യത്തിൽ പുഴയോരമുള്ള ഈ പഞ്ചായത്തിലെ 8 വാർഡുകളിൽ 5 എണ്ണവും പുഴയോര പ്രദേശമാണ്. ഫലഭൂയിഷ്ഠമായ ആറ്റുതീരവും നെടുനീളത്തിൽ പരന്നുകിടക്കുന്ന വയലേലകളും റബ്ബറും തെങ്ങും നിറഞ്ഞ കുന്നിൻ പ്രദേശങ്ങളും കൊണ്ട് അനുഗ്രഹീതമാണ് ഈ പ്രദേശം.

ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കിയാൽ ദീപ്തമായ ഒരു ഭൂതകാലം ഈ പ്രദേശത്തിനുണ്ടെന്ന് വ്യക്തമാകും. പഴയ തെക്കുംകൂറിനേയും വടക്കുംകൂറിനേയും വേർതിരിച്ചിരുന്ന നെടുങ്കോട്ട ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലൂടെയും കടന്നുപോകുന്നു.

അതിപുരാതനമായ രാമമംഗലം പെരുംതൃക്കോവിൽ ക്ഷേത്രത്തിന്റെ പഴക്കം ചേരമാൻ പെരുമാളിനോടൊപ്പമെത്തി നില്ക്കുന്നു. ഇസ്ലാംമതം സ്വീകരിച്ച് മക്കയിലേക്ക് പോയ ചേരമാൻ പെരുമാളാണ് ഈ ക്ഷേത്രം പണികഴിപ്പിച്ചതെന്ന് ചരിത്രം പറയുന്നു. ബാലനരസിംഹ മൂർത്തിയുടെ പ്രതിഷ്ഠയുള്ള ഈ ക്ഷേത്രോപാന്തപ്രദേശത്ത് സംഗീതവും ക്ഷേത്രകലകളും ഒരുകാലത്ത് സർവ്വവിധ പ്രതാപങ്ങളോടും കൂടി വിരാജിച്ചിരുന്നു.

തമിഴകത്തും തെലുങ്കദേശത്തും ഒരുപോലെ പുകൾപ്പെറ്റ സംഗീത സാർവ്വഭൗമൻ ശ്രീ. ഷട്കാല ഗോവിന്ദമാരാരുടെ ജന്മം കൊണ്ട് പവിത്രമായ നാടാണ് രാമമംഗലം. സംഗീതത്തിലെ അപൂർവ്വസിദ്ധിയായ ആറുകാലങ്ങളിൽ പാടാനുള്ള കഴിവ് സ്വായത്തമാക്കിയ ആ യോഗിവര്യൻ തന്റെ കൊടി കെട്ടിയ ഏഴ് തന്ത്രികളുള്ള വിഖ്യാതമായ തംബുരുവുമായി ദേശാടനത്തിന് ഇറങ്ങിത്തിരിച്ചത് ഇവിടെ നിന്നാണ്. ശ്രീ. സ്വാതിതിരുനാളിന്റെ സദസ്യനായിരുന്നു അദ്ദേഹം. പിന്നീട് തിരുവയ്യാറിൽ ശ്രീ. ത്യാഗരാജ സവിധത്തിലെത്തിച്ചേർന്ന അദ്ദേഹം തന്റെ ആലാപന പാടവം കൊണ്ട് ശ്രീ. ത്യാഗരാജസ്വാമികളെപ്പോലും അതിശയിപ്പിച്ചതായും ഗോവിന്ദമാരാരുടെ ഗാനധാരയിൽ സ്വയം മറന്ന് ശ്രീ. ത്യാഗരാജസ്വാമികൾ 'എന്തരോമഹാനുഭാവലു' എന്ന ശ്രീരാഗത്തിലുള്ള കീർത്തനം ആലപിക്കുകയും ചെയ്തുവെന്ന് ദക്ഷിണേന്ത്യൻ സംഗീത ചരിത്രം പറയുന്നു. അദ്ദേഹം 1843 ലാണ് പൂനയ്ക്കടുത്ത പണ്ടരീപുരത്ത് സമാധിയായത്.

ക്ഷേത്രകലകളുടെ കേളീരംഗമായ രാമമംഗലത്ത് ജീവിച്ചിരുന്ന പ്രസിദ്ധ മേള വിദഗ്ധരായിരുന്ന 'പഞ്ചഗോവിന്ദന്മാർ' കൊട്ടിക്കയറിയത് പ്രശസ്തിയുടെ ഔന്നത്യങ്ങളിലേക്കാണ്. അനുഗ്രഹീതരായ സോപാന സംഗീതജ്ഞർ ഇവിടെ ജീവിച്ചിരുന്നു. ആ ശൃംഖലയിലെ അവസാനത്തെ കണ്ണിയും കേന്ദ്ര സർക്കാരിന്റെ ജൂനിയർ ഫെലോഷിപ്പിനാൽ പുരസ്കൃതനുമായ ശ്രീ. തൃക്കാച്ചുറം കൃഷ്ണൻകുട്ടി മാരാർ പ്രാചീന സംഗീതോപകരണമായ കുടുക്കവീണയുടെ പുനരുദ്ധാരണത്തിലും പ്രയോഗത്തിലും ബദ്ധശ്രദ്ധനാണ്. ഓട്ടൻതുള്ളൽ, കുറത്തിയാട്ടം, ഗരുഡൻതൂക്കം, മാർഗ്ഗംകളി മറ്റ് നാടൻ കലകൾ എന്നിവ അഭ്യസിപ്പിച്ചും അവതരിപ്പിച്ചും കാലക്ഷേപം ചെയ്ത കുറെയധികം കലാകാരന്മാർ ഇവിടെ ജീവിച്ചിരുന്നു.

ക്നാനായ യാക്കോബായ സുറിയാനി സമുദായത്തിന്റെ വടക്കൻ തിരുവിതാംകൂറിലെ 150 വർഷത്തോളം പഴക്കമുള്ള ഒരു പള്ളിയാണ് രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളി. ഇതിനോടടുത്തുതന്നെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിയും സ്ഥിതി ചെയ്യുന്നു.

കുന്നും മലകളും നിറഞ്ഞ ഊരമന പ്രദേശത്തെ പുരാതന ദേവാലയങ്ങളാണ് ഊരമന ക്ഷേത്രം. എ. ഡി. 135 ൽ സ്ഥാപിതമായ കുഴിമാടം പള്ളി, ഗലീലാക്കുന്ന് പള്ളി, സാൽവേ

ഷൻ ആർമി പള്ളി, താബോർ പള്ളി എന്നിവ. ഊരമന ശിവലിയിലുള്ള സുബ്രഹ്മണ്യസ്വാമി ക്ഷേത്രവും വള്ളൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും ക്ഷേത്രങ്ങളുടെ പട്ടികയിൽ പഴക്കം ചെന്നവയാണ്. ഭൂതത്താന്മാരാൽ പണി കഴിപ്പിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്ന ഊരമന മഹാവിഷ്ണുശാസ്താ ക്ഷേത്രങ്ങളുടെ നിർമ്മാണ കാലഘട്ടവും ഒരുകാലത്ത് ഊരമനയിൽ നിലനിന്നിരുന്നതും പിന്നീട് ക്ഷയിച്ചുപോയവയുമായ 72 നമ്പൂതിരി ഇല്ലങ്ങളുടെ ചരിത്രവും പരസ്പരം ഇഴചേർന്ന് നില്ക്കുന്നു. ഈ ക്ഷേത്രസമുച്ചയത്തിൽ കാണുന്ന ചുവർ ചിത്രങ്ങൾ പുരാണങ്ങളിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശുന്നു. ഇപ്പോൾ ഈ ക്ഷേത്ര സമുച്ചയം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണ്. ഊരമന കൊടികുത്തി മലയിലുള്ള പ്രാചീന ഗുഹാസങ്കേതം ജനശ്രദ്ധയാകർഷിച്ചു വരുന്നു.

പ്രസിദ്ധ സംസ്കൃത പണ്ഡിതനായ ശ്രീ. കാക്കശ്ശേരി ഭട്ടതിരിയുടെ ഇല്ലം കീഴുമിറിയിലായിരുന്നുവെന്ന് പറയപ്പെടുന്നു. പ്രസിദ്ധമായ കീഴുമുറി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിക്കു സമീപം പുഴ അക്കരെ കടന്നാൽ ഈ പ്രദേശത്തെ വളരെ പഴക്കമുള്ള രാമമംഗലം ഓട്ടുകമ്പനി സ്ഥിതിചെയ്യുന്നു.

ഏതാണ്ട് 500 വർഷം പഴക്കമുള്ള മാർ മീഖായേൽ പള്ളിയും ശ്രീരാമ പ്രതിഷ്ഠയുള്ള പുരാതന ക്ഷേത്രവും മാമലശ്ശേരിയിലുണ്ട്. ഏകദേശം പന്ത്രണ്ട് തലമുറയ്ക്ക് മുമ്പ് മാമലശ്ശേരിയിൽ ജീവിച്ചിരുന്ന വൈദ്യൻ മുത്തപ്പനെ അടക്കിയിരിക്കുന്ന മാർ മീഖേയൽ പള്ളിയ്ക്കകത്തുള്ള കബറിടത്തിൽ രോഗശാന്തിക്കായി ഇന്നും പ്രാർത്ഥനകൾ നടത്തിവരുന്നു.

നമ്പൂതിരി സമുദായത്തിലെ ഘോഷാ സമ്പ്രദായത്തിനും ബഹുഭാര്യാത്വത്തിനും എതിരെ സമരം ചെയ്ത സ്ത്രീരത്നങ്ങളായ നീലിമംഗലവും പാർവ്വതി കൊട്ടാരവും മലയാള മനോരമ പത്രത്തിന്റെ ആദ്യകാല പത്രാധിപ സമിതി അംഗവും പ്രസിദ്ധ സാഹിത്യകാരനുമായിരുന്ന വിദ്വാൻ ആർ. വാസുദേവൻ കർത്ത എന്നിവർ രാമമംഗലത്തിന്റെ പൂർവ്വസ്വത്താണ്. കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുത്ത വേദപണ്ഡിതനാണ് ഇന്ന് ജീവിച്ചിരിക്കുന്ന ബ്രഹ്മശ്രീ. എം.പി. രാമൻ നമ്പൂതിരി.

സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ രാമമംഗലത്തും എത്തിയിരുന്നു. അതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഏതാനും നേതാക്കന്മാർ നമുക്കുണ്ടായിരുന്നു. സർവ്വശ്രീ. പി. പി. രാമൻ നമ്പൂതിരി, പി. പി. നാരായണൻ നമ്പൂതിരി, കോടിയാട്ട് വർഗീസ്, കെ. കെ. മത്തായി, എം. പി. രാമൻ നമ്പൂതിരി, വി. പി. ചാക്കോ, കണ്ടക്കോട്ട് യോഹന്നാൻ, തുരുത്തേൽ പൈലി തുടങ്ങിയവർ ഇവരിൽ പ്രമുഖരായിരുന്നു. 1957 കാലഘട്ടത്തിൽ കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരങ്ങളിൽ നേതൃത്വം കൊടുത്തവരാണ് സർവ്വശ്രീ. പി. സി. ദാനിയേൽ, പി. കെ. ശങ്കു, ടി. പി. പൗലോസ്, സി. എൻ. അയ്യപ്പൻ, കെ. എൻ. എൻ. നമ്പൂതിരി, കുഞ്ഞപ്പൻ നായർ, ശിവരാമൻ നായർ, കുഞ്ഞാപ്പി ആശാൻ, കുര്യൻ ആശാൻ എന്നിവരാണ് ഈ സമരങ്ങൾക്ക് നേതൃത്വം കൊടുത്തത്. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ ഈ രംഗത്ത് രാമമംഗലത്തും ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. വളരെയധികം കുടിയാന്മാർ ഭൂവുടമകളായി. യശഃശരീരനായ സർവ്വോദയ നേതാവ് പ്രൊഫ. എം. പി. മന്മഥന്റെ നേതൃത്വത്തിൽ ഊരമനയിൽ നടന്ന മദ്യനിരോധന സമരം ഇന്നാട്ടിലെ ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്ത ഒരു ബഹുജന മുന്നേറ്റമായിരുന്നു. ഗതാഗതത്തിന് തുറന്നുകൊടുത്തുകഴിഞ്ഞ മാമലശ്ശേരിയിലെ മുടക്കിൽ പാലത്തിന്റേയും നിർമ്മാണം നടന്നുവരുന്ന പെരുവമ്മൂഴി പാലത്തിന്റേയും പിന്നിൽ പതിറ്റാണ്ടുകളുടെ സമരചരിത്രമുണ്ട്. പെരുവമ്മൂഴി പാലത്തിന്റെ പണി പൂർത്തിയാകുന്നതോടെ ഈ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറുമെന്ന് പ്രത്യാശിക്കുന്നു.

വിവിധ സമുദായങ്ങൾ പരസ്പര മൈത്രീബന്ധം പുലർത്തിപ്പോരുന്ന ഈ നാട് എന്നും മാറ്റങ്ങൾക്കായി കാതോർത്തിട്ടുണ്ട്. നാടിന്റെ സമ്പദ്ഘടനയിലും സാമൂഹിക സാംസ്ക്കാരിക കലാരംഗങ്ങളിലും സമഗ്രമായ, ശ്രദ്ധേയമായ മാറ്റങ്ങൾക്കായി അതുവഴി സ്വയം പര്യാപ്തവും സമ്പൽ സമൃദ്ധവുമായ ഒരു നല്ല നാളെയ്ക്കുവേണ്ടി രാമമംഗലം പഞ്ചായത്ത് കാത്തിരിക്കുന്നു.

## ഭൂപ്രകൃതി

അവലംബം - വിഭവഭൂപടങ്ങൾ, റവന്യൂരേഖകൾ, പഠനപര്യടനം

ഭൂപ്രകൃതിയനുസരിച്ച് രാമമംഗലം പഞ്ചായത്തിനെ നാലായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചരിവുപ്രദേശങ്ങൾ
3. താഴ്‌വരകൾ
4. തീരസമതലം

### 1. ഉയർന്ന സമതലം

കൊടികുത്തി മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ മല. മലയുടെ ഏറ്റവും ഉയർന്ന ഭാഗത്തായി അതിപുരാതീതമായ ഒരു ഗുഹയുണ്ട്. രാമമംഗലം പ്രദേശത്തിന്റെ ചരിത്രം ഇവിടെ ഉറങ്ങിക്കിടക്കുന്നു. മഞ്ഞപ്പിള്ളിക്കാട്, പറമ്പറക്കാട്, പാത്തിക്കൽ, മൂക്കിരിക്കൽ, കൂവയ്ക്കൽ, പറയനിപതി, മെതിപാറ, മൂട്ടമല എന്നീ ഭാഗങ്ങൾ പഞ്ചായത്തിന്റെ രണ്ട്, മൂന്ന് വാർഡുകളിലെ ഉയരം കൂടിയ ഭാഗങ്ങളാണ്. കൊള്ളിക്കാട്ടുമല, എരുമലക്കോട്, കൊമ്മലക്കോട്, നിർമ്മലഗിരി, ഉള്ളേലിക്കുന്ന് എന്നീ മലകൾ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കിടക്കുന്നു. പൊരുഞ്ഞോളിമല, ശീപായിക്കുന്ന്, കൊള്ളിമല, കൊട്ടാരത്തുംമല എന്നിവ പഞ്ചായത്തിന്റെ തെക്കുഭാഗത്തും കിടക്കുന്നു. ഈ മലകൾ ഒരു കാലത്ത് തരിശായിരുന്നു. ചരൽ കലർന്ന ചെമ്മണ്ണുള്ള ഈ ഉയർന്ന പ്രദേശങ്ങളിൽ റബർ കൃഷി ചെയ്യുന്നു. മാവ്, പ്ലാവ്, തെങ്ങ് എന്നീ ഫലവൃക്ഷങ്ങൾക്കും പറ്റിയ ഭാഗമാണിത്.


### 2. ചെരിവുകൾ

ഉയർന്ന പ്രദേശത്തെ താഴ്‌വരയുമായി ഈ ചെരിവുകൾ ബന്ധിപ്പിക്കുന്നു. ചരൽ കലർന്ന ചെമ്മണ്ണാണ് ഈ പ്രദേശത്തുമുള്ളത്. വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ കൂടുതലായതിനാൽ ജലക്ഷാമം അനുഭവപ്പെടുന്നില്ല. തെങ്ങ്, കശുവാവ്, കുരുമുളക്, വാഴ എന്നിവ കൂടുതലായി കൃഷി ചെയ്യുന്നു. റബറിനു പറ്റിയ മണ്ണായതിനാൽ റബറും ഈ പ്രദേശത്ത് നല്ലതുപോലെ വളരുന്നു.


### 3. താഴ്‌വര

ചെരിവുഭൂമിയേയും തീരസമതലത്തേയും വേർതിരിക്കുന്ന താഴ്‌വരയെ പ്രാദേശികമായി പാടം എന്നു പറയുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭാഗമായതിനാൽ കളിമൺ ചേർന്ന മണ്ണാണ് കൂടുതലും. ചെരിവിനോട് ചേർന്ന ഭാഗങ്ങൾ മണൽ കലർന്നതും. താഴ്‌വരകൾ പൊതുവേ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. ഈ പാടങ്ങളിൽ വർഷകാലത്ത് ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ ധാരാളമായി എക്കൽ കയറിയിരുന്നു. തന്മൂലം ഈ പാടശേഖരങ്ങൾ ഫലഭൂയിഷ്ഠങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ പുഴയിൽ വെള്ളപ്പൊക്കം കുറവായതിനാൽ നെൽപ്പാടങ്ങളിൽ എക്കൽ കയറുന്നില്ല. ഒരുപ്പൂ കൃഷിനിലങ്ങളായിരുന്നു ഇവയിൽ അധികവും. ലിഫ്റ്റ് ഇറിഗേഷൻ വന്നതോടുകൂടി ഈ പാടശേഖരങ്ങൾ ഇരുപ്പൂ നിലങ്ങളായി മാറി. വിപുലമായ ഒരു പാടശേഖരം ഈ പഞ്ചായത്തിലുണ്ട്. അവയിൽ പ്രധാന പാടശേഖരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ശിവലി, അമ്പലപ്പടി, നാച്ചേരിത്താഴം എന്നിവ ഒന്നാം വാർഡിൽ കിടക്കുന്നു. വലുപ്പത്തിൽ കുറവെങ്കിലും മൂക്കിരിക്കൽതാഴം, നെല്ലിക്കാപ്പറമ്പ്, പാത്തിയ്ക്കൽ എന്നിവ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്നു. മൂന്നാം വാർഡിൽ വള്ളൂർ പാടശേഖരം, ഉള്ളപ്പിള്ളി പാടം, കൊക്കോയിൽ പാടശേഖരം, പാഞ്ഞിരിക്കൽ പാടം, മുതവച്ചാൽ പാടശേഖരം എന്നിവയും. പാമ്പൂരിച്ചാൽ പാടശേഖരം, ഇളയപ്പാടം, വരണ്ടകൽപ്പാടം എന്നിവ നാലാം വാർഡിലും സ്ഥിതി ചെയ്യുന്നു. കുന്നപ്പിള്ളിച്ചാൽ പാടം, പാടത്തുതാഴം പാടശേഖരം, കുന്നത്തുതാഴം പാടം എന്നിവ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുമ്പോൾ മാമലശ്ശേരി പാടം ആറാം വാർഡിൽ കിടക്കുന്നു. നെട്ടുപ്പാടം, കോഴിച്ചാൽ, കാവുംതാഴം, തത്ത




പിറവം ഗ്രാമ പഞ്ചായത്ത്


രാമമംഗലം
ഗ്രാമ പഞ്ചായത്ത്
പ്രധാന കൃഷികൾ
N
ഐക്കരനാട് ഗ്രാമ പഞ്ചായത്ത്
മാറാടി ഗ്രാമപഞ്ചായത്ത്
പൂതൃക്ക ഗ്രാമ പഞ്ചായത്ത്
പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്
മണീട് ഗ്രാമപഞ്ചായത്ത്
പിറവം ഗ്രാമ പഞ്ചായത്ത്
വാഡ് 1
വാഡ് 2
വാഡ് 3
വാഡ് 4
വാഡ് 5
വാർഡ് 6
വാഡ് 7
വാഡ് 8
തെങ്ങ്
നെല്ല്
റബ്ബർ
വാനില

ഞാട്, കുന്നിത്താഴം എന്നീ പാടശേഖരങ്ങൾ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുമ്പോൾ കാർത്തിക പാടം, പതപ്പപ്പുഞ്ച എന്നിവ എട്ടാം വാർഡിൽ കിടക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ വന്നതോടുകൂടി ഈ പാടശേഖരങ്ങളിൽ പലതിലും വെള്ളക്കെട്ടുണ്ടാകുന്നു. പല ഭാഗങ്ങളും ചതുപ്പുനിലങ്ങളായി മാറിയിട്ടുണ്ട്.

**4. തീരസമതലങ്ങൾ**

പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിരുകളായി മൂവാറ്റുപുഴയാറ് ശാന്തഗംഭീരമായി ഒഴുകുന്നു. മൂവാറ്റുപുഴ-ഊരമന-പിറവം റോഡിന് ഇരുവശത്തും തെക്കുവടക്കായി ഈ സമതലം കിടക്കുന്നു. ഫലഭൂയിഷ്ഠിയുള്ള പ്രദേശമായതിനാൽ എല്ലാ വിളകളും സമൃദ്ധിയായി വിളയുന്നു. സമതല പ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് കൊണ്ടുവരുവാൻ നെൽകൃഷിക്കാർ പരിശ്രമിക്കുന്നതു കാണാം. നെൽപ്പാടങ്ങൾ നികത്തിയെടുത്താണ് സമതലത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നത്. തീരസമതലങ്ങളിൽ നെല്ല്, തെങ്ങ്, റബർ, വാഴ, കൊക്കോ, കുരുമുളക്, ജാതി എന്നിവ കൃഷി ചെയ്യുന്നു. അപൂർവ്വമായി കാണുന്ന വാനില ഈ ഭാഗത്ത് ധാരാളമായി ഇപ്പോൾ കൃഷി ചെയ്തുവരുന്നു.

## ജനപ്രകൃതി

അവലംബം : കാനേഷുമാരി 1991

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം രാമമംഗലം പഞ്ചായത്തിലെ ജനസംഖ്യ 14340 ആണ്. ഇതിൽ 7351 പുരുഷന്മാരും 6989 സ്ത്രീകളുമാകുന്നു. ആകെ 4160 വീടുകളും വീടൊന്നിന് ശരാശരി 3.5 ആളുകളുമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. പഞ്ചായത്തിലെ ജനസാന്ദ്രത 623 ഉം സംസ്ഥാന ജനസാന്ദ്രത 749 ഉം ആകുന്നു. ജാതിയുടെയും സമുദായത്തിന്റേയും ചേരിതിരിവു കുറഞ്ഞുവരുന്നു. ഇത്തരം ചേരിതിരിവുകൾ ഇന്നില്ല. വാർഡ് തിരിച്ചുള്ള ജനസംഖ്യ കണക്കുകൾ താഴെ കൊടുക്കുന്നു.

വാർഡ് തലത്തിൽ ജനസംഖ്യ (1991)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| (i) | 835 | 766 | 1601 |
| (ii) | 1002 | 905 | 1907 |
| (iii) | 1296 | 1234 | 2530 |
| (iv) | 962 | 947 | 1909 |
| (v) | 1022 | 957 | 1979 |
| (vi) | 678 | 663 | 1341 |
| (vii) | 841 | 827 | 1668 |
| (viii) | 715 | 690 | 1405 |
| ആകെ | 7351 | 6989 | 14, 340 |

## ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചു മാത്രമുള്ള ഒരു കാർഷിക വ്യവസ്ഥയല്ല രാമമംഗലം പഞ്ചായത്തിൽ നിലനില്ക്കുന്നത്. മഴ കൂടുതൽ ലഭിക്കുന്ന കാലങ്ങൾക്ക് വ്യതിയാനം വന്നിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നതിനാൽ ഉയർന്ന പ്രദേശങ്ങളൊഴിച്ച് ജലക്ഷാമം അനുഭവപ്പെടുന്നില്ല. വേനൽക്കാലത്ത് കുടിവെള്ളത്തിനുപോലും ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ പല വാർഡുകളിലുമുണ്ട്.

മൂവാറ്റുപുഴയാറും ആറ്റിലേക്ക് ഒഴുകിയെത്തുന്ന ചെറുതോടുകളും ധാരാളം ചാലുകളും കുളങ്ങളും ചേർന്നതാണ് ഇവിടത്തെ ജലസ്രോതസ്സുകൾ.

**പ്രധാനപ്പെട്ട ചാലുകൾ, തോടുകൾ**

ശിവലിച്ചാൽ, കൊക്കാച്ചാൽ, തൃക്കാച്ചാൽ, മുതേച്ചാൽ, പാമ്പൂരിച്ചാൽ, കുന്നപ്പിള്ളിച്ചാൽ, കൊട്ടിക്കച്ചാൽ, പതപ്പച്ചാൽ, മാമലശ്ശേരിച്ചാൽ എന്നിവയാണ് പ്രധാനപ്പെട്ട ചാലുകൾ.

**പ്രധാന കുളങ്ങളും ചിറകളും**

തട്ടാറുകുളം, ശിവലികുളം, വള്ളൂർ

487

കുളം, പാത്തിക്കൽചിറ, പടിക്കച്ചിറ, മുല്ല യ്ക്കൽകുളം, കോട്ടക്കാത്തകുളം, വളയൻ കുളം, തടിവീണകുളം, തുരുത്തിക്കുളം, ചെറ ക്കടകുന്നൽക്കുളം, തോട്ടാനിക്കുളം, കണിയ മ്പുറത്തുകുളം, മാമ്പിളികുളം, തെക്കേലിക്കു ളം, കൈതക്കുളം, വെള്ളാംകുളം, തൊറങ്ങ ടക്കുളം, കണ്യാട്ടുകുളം, ഇടശ്ശേരിക്കുളം, കൈപാലക്കാട്ടുചിറ, കല്ലുച്ചിറ, മാമലശ്ശേരി ച്ചിറ, കുമ്പളത്തുചിറ, കരിവാളത്തുചിറ.

#### മൂവാറ്റുപുഴയാറിൽ ഒഴുകിച്ചേരുന്ന ചെറുതോടുകൾ

ഓലിക്കാട്തോട്, പൊന്നുംകുഴിതോട്, ചൊക്ലായിത്താഴംതോട്, മനയ്ക്കത്താഴം തോട്, പാത്തിക്കൽതോട്, പാങ്ങാലിതോട്, പിറപ്പാടംതോട്, ഇള്ളേപ്പിള്ളിത്തോട്, തോട്ടാ നിതോട്, പൂത്തോട്ടിതോട്, പുളിക്കാമറ്റത്തി ത്തോട്, മുതയിച്ചാൽതോട്, വരണ്ടോംപാട ത്തുതോട്, പെരുംതോട്, നെട്ടൂപ്പാടം കോഴി ച്ചാൽത്തോട്, കോഴിച്ചാൽ ചവരംപ്ലാക്കിൽ താഴംതോട്, തണങ്ങാട്ട് തുണ്ണാത്താഴം തോട്, പാടത്തുതാഴം തോട്, പതപ്പപ്പുഞ്ച - കാർത്തികപ്പാടം തോട്, ഐൻതോട്, താറ്റു പാടം മുടക്കിൽ തോട്, മണലിത്തോട്, മാനാ ടി-മുടക്കിൽതോട്.

## വികസന മേഖലകൾ

പ്രാഥമിക വികസന മേഖലയിൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബ ന്ധനം ഇവയാണ് ഉൾപ്പെടുത്തിയിരിക്കു ന്നത്.

ദ്വിതീയ മേഖലയിൽ വ്യവസായം, ഊർ ജ്ജം, ഗതാഗതം, പാർപ്പിടം ഇവ ഉൾപ്പെടു ത്തിയിട്ടുണ്ട്.

തൃതീയ മേഖലയിൽ സേവനരംഗങ്ങ ളായ ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം, വിദ്യാഭ്യാസം, സംസ്ക്കാരം, പട്ടികവർഗ്ഗ പട്ടികജാതി ക്ഷേമം, വിഭവ സമാ ഹരണം, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങി യവയാണ് പ്രധാന പ്രതിപാദ്യം. ❒

## പ്രാഥമിക മേഖല

### 1. കൃഷി

ഈ പഞ്ചായത്തിൽ ആകെ 4160 കുടും ബങ്ങളാണുള്ളത്. ഇതിൽ 80 ശതമാനവും കാർഷിക കുടുംബങ്ങളാണ്. എന്നാൽ കൃഷിയെ മാത്രം ആശ്രയിക്കുന്ന കുടുംബ ങ്ങൾ വർഷം തോറും കുറഞ്ഞുവരുകയാണ്. വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ്, കർഷക ത്തൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്നങ്ങളുടെ വിലയിടിവും അനിശ്ചിത ത്വവും, ഉൾപ്പാദനത്തിലുള്ള മാന്ദ്യം, കഴിഞ്ഞ ഇരുപതുവർഷം കൊണ്ട് കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന 30% കുറവ്, കൃഷി ഭൂമി വിഭജിച്ച് ലാഭകരമായി കൃഷി ചെയ്യു വാൻ കഴിയാത്തവിധം വിസ്തൃതിക്കുറവ് ഇവ കാർഷികരംഗത്തെ തളർത്തിയിട്ടുണ്ട്. നെല്ല്, തെങ്ങ്, റബർ ഇവയാണ് ഈ ഗ്രാമപ ഞ്ചായത്തിലെ പ്രധാന കാർഷിക ഇനങ്ങൾ. കടുത്ത പ്രതിസന്ധിയെ നേരിടുന്നത് നെൽ ക്കൃഷിക്കാരും കേര കർഷകരുമാണ്. വിവിധ കാർഷികരംഗങ്ങളുടെ പ്രശ്നങ്ങളും പരി ഹാരമാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു.

#### പച്ചക്കറികൃഷി

ഒരു വാർഡിൽ ഒരു ദിവസം ശരാശരി 1500/- രൂപയുടെ പച്ചക്കറി വിൽക്കുന്നുണ്ട്.

ഇതിൽ 1200 രൂപയുടെ പച്ചക്കറിയെങ്കിലും അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളാണ്. വളരെ പരിമിതമായ ഈ നിരക്കു വെച്ചു നോക്കിയാൽപ്പോലും, രാമമംഗലം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിലും കൂടി ഒരു വർഷം, ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറിയാണ് വാങ്ങുന്നത്. ഈ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന അയൽ സംസ്ഥാനങ്ങളേക്കാൾ ഫലഭൂയിഷ്ഠമായ ഭൂമിയും ജലവും വൈദ്യുതിയും നമുക്കുണ്ട്. ലജ്ജാകരമായ ഈ നിലപാട് അപകടകരമാണ്. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഓരോ വാർഡും തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്തേ പറ്റൂ.

## നടപ്പുപദ്ധതി

1. ഗ്രാമപഞ്ചായത്തും, കൃഷിഭവനും സംയോജിച്ച് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള **'പച്ചക്കറി വികസന പദ്ധതി'** പഞ്ചായത്തിൽ നടപ്പാക്കണം. കൃഷിക്കാരെയും U. P. ഹൈസ്ക്കൂൾ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ കൊണ്ടുവരണം.
2. 'പച്ചക്കറിവിത്ത് ഉൽപ്പാദനം, വിതരണം' എന്ന പദ്ധതിക്ക് നൂറുശതമാനം കേന്ദ്ര സഹായം ലഭിക്കും. ഈ പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പാക്കണം.

## രാമമംഗലം പഞ്ചായത്തിൽ വിശേഷാൽ പദ്ധതി

ഉദാഹരണമായി ഓരോ വാർഡിലും പത്ത് കർഷകർക്കെങ്കിലും പച്ചക്കറികൃഷി ചെയ്യുവാൻ സൗജന്യമായി വിത്തും വളവും കൊടുക്കണം. പത്ത് സെന്റ് സ്ഥലമെങ്കിലും കൃഷി ചെയ്തിരിക്കണം. അങ്ങനെ പഞ്ചായത്തുതലത്തിൽ 80 കുടുംബങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരണം.

പദ്ധതിയുടെ അടങ്കൽ

| | | |
|---|---|---|
| വിത്തിന് 5 രൂപ x 80 | = | 400 രൂപ |
| വളത്തിന് 60 രൂപ x 80 | = | 4,800 രൂപ |
| ആകെ | = | 5,200 രൂപ |

സെപ്തംബർ മുതൽ മെയ്മാസം വരെ കരഭൂമിയിലും ജൂൺ മുതൽ ആഗസ്റ്റ് വരെ ഉയർന്ന നെൽകൃഷി സ്ഥലങ്ങളിൽ ഇടവിളയായും കൃഷി ചെയ്താൽ പഞ്ചായത്ത് 10,400 രൂപ പദ്ധതിക്കുവേണ്ടി ചെലവാക്കേണ്ടിവരും. മിതമായ നിരക്കിൽ കണക്കാക്കിയാൽപ്പോലും ഒരു പ്ലോട്ടിൽനിന്ന് 250 രൂപയുടെ വിളവ് ലഭിക്കും. ഇങ്ങനെ 40,000 രൂപയുടെ പച്ചക്കറി ഒന്നാം വർഷം തന്നെ 80 കുടുംബങ്ങളിൽ നിന്നുമായി ഉൽപ്പാദിപ്പിക്കാം. നടപ്പുപദ്ധതികളും പഞ്ചായത്ത് പദ്ധതികളും കൂടി ആകുമ്പോൾപ്പോലും സ്വയം പര്യാപ്തത നേടുവാൻ കഴിയുന്നില്ല.

മുന്ന്പൂ നെൽകൃഷി ചെയ്യുന്ന നിലങ്ങളിൽ ഒരുപൂ കൃഷി പച്ചക്കറി തോട്ടങ്ങളായിരിക്കണം. ഭാഗികമായി ജലദൗർലഭ്യം അനുഭവപ്പെടുന്ന ഉയർന്ന നെൽവയലുകൾ പച്ചക്കറികൃഷിക്ക് അനുയോജ്യമാണ്. ഇപ്രകാരമുള്ള ആവർത്തനകൃഷിക്ക് ബോണസ്സും വിളമത്സരവും ഏർപ്പെടുത്തണം. ചെറിയ തോതിലായാൽപ്പോലും ഒരു വീടിന് **'ഒരു അടുക്കളത്തോട്ടം'** എന്ന തത്വം പച്ചക്കറി ക്ഷാമം ഗണ്യമായ തോതിൽ പരിഹരിക്കും. കേരളത്തിലെ ഓരോ പഞ്ചായത്തും ശരാശരി 14 ലക്ഷം മുതൽ 20 ലക്ഷം വരെ വിലയ്ക്ക് പച്ചക്കറി വാങ്ങുന്നുണ്ട്. ഈ ചെലവ് നമ്മുടെ പഞ്ചായത്തിൽ അമ്പതു ശതമാനമായിട്ടെങ്കിലും കുറയ്ക്കുവാൻ പദ്ധതി സഹായിക്കണം.

### നെൽകൃഷി

ലോകത്തിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന അരി മാനദണ്ഡമായി എടുത്താൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമുണ്ട്. പക്ഷെ ശരാശരി ഹെക്ടർ വിളവിന്റെ കാര്യത്തിൽ ഇന്ത്യ 54--ാമത്തെ സ്ഥാനത്താണ്. ഇതര സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ് കേരളം. ഈ പഞ്ചായത്തിലെ നെൽകൃഷിയുടെ പ്രതിസന്ധി കേരളത്തിലെ ഇതര പഞ്ചായത്തുകളുടെ പ്രശ്നങ്ങളോട് സമാന സ്വഭാവമുള്ളതാണ്. നെൽക്കൃഷിക്കു മുടക്കുന്ന തുകയുടെ 80% മുടക്കിയാൽ അത്രയും അരി

കമ്പോളത്തിൽ നിന്ന് വാങ്ങുവാൻ സാധിക്കും.

പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. നെൽകൃഷി ചെയ്യുന്ന സ്ഥലം ഈ പഞ്ചായത്തിൽ കഴിഞ്ഞ 10 വർഷം കൊണ്ട് 30% കുറഞ്ഞിട്ടുണ്ട്.
2. പ്രസ്തുത കുറവ് പരിഹരിക്കാൻ പറ്റിയ ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടില്ല.
3. വർദ്ധിച്ച കൂലിച്ചെലവ്.
4. ആവശ്യത്തിന് കർഷകത്തൊഴിലാളികൾ ലഭ്യമല്ല.
5. ജലസേചന സൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ട് കൃഷി വ്യാപകമായി. എന്നാൽ വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ വർദ്ധിച്ചു.
6. 1992 ആഗസ്റ്റ് ഇരുപത്തിയഞ്ചു മുതൽ യൂറിയ ഒഴിച്ചുള്ള വളങ്ങളുടെ വില 3 ഇരട്ടി വർദ്ധിച്ചു.
7. ആവശ്യത്തിന് ജൈവവളങ്ങൾ ലഭ്യമല്ല; ലഭ്യമാക്കാവുന്നിടത്തോളം ശേഖരിക്കാൻ കൃഷിക്കാർ താല്പര്യം കാണിക്കുന്നുമില്ല.
8. കൃഷിഭവനുകളുടെ പ്രവർത്തനശൈലി വ്യത്യസ്ഥമാകണം.
9. നെൽകൃഷി രംഗത്തു പ്രവർത്തിക്കുന്ന പാടശേഖര സമിതികൾ ലക്ഷ്യത്തിൽ എത്തുന്നില്ല.

മേൽക്കാണുന്ന ഒൻപതു ന്യൂനതകളും അനുബന്ധമായ ഇതര ന്യൂനതകളും പരിഹരിച്ചേ പറ്റൂ. നിലവിലുള്ള പദ്ധതികളും പഞ്ചായത്തു തലത്തിലുള്ള പദ്ധതികളും ഗ്രാമ... കളിൽ പ്രകടമായിക്കണ്ട പരാതികൾക്ക് പരിഹാരം കാണുവാൻ പര്യാപ്തമായിരിക്കണം.

## A. നടപ്പു പദ്ധതികൾ

### 1. സമഗ്ര ധാന്യവികസന പദ്ധതി

75 ശതമാനം കേന്ദ്രസഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതി നെൽകൃഷിയെ സംബന്ധിച്ചാണ്. സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ഫീൽഡ് ഡെമോൺസ്ട്രേഷൻ വഴി കർഷകരിൽ എത്തിക്കുകയും സംയോജിത കീട നിയന്ത്രണത്തിൽ കർഷകർക്ക് പരശീലനം കൊടുക്കുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഇത് എങ്ങനെ നടപ്പാക്കാം?

1. ഓരോ പാടശേഖരങ്ങളിലും വിവിധ ഭാഗങ്ങളിലായി മൂന്ന് ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ വീതം തെരഞ്ഞെടുക്കണം. ഇവ കഴിയുന്നതും റോഡിനോടോ, പൊതുവഴിയുടെ സമീപത്തോ ആയിരിക്കുന്നത് നല്ലത്. പ്ലോട്ടുകളിൽ ബോർഡ് സ്ഥാപിക്കണം. നെല്ലിന്റെ ഇനം, പ്രയോഗിച്ച വളം കീട പ്രതിരോധത്തിന് എടുത്ത നടപടി, ഇവ വിളവിനെ എങ്ങനെ ബാധിച്ചു എന്ന വിവരങ്ങൾ അച്ചടിച്ച് പ്രസ്തുത പാടശേഖരത്തിലെ കൃഷിക്കാരുടെ ചർച്ചയ്ക്കായി വയ്ക്കണം. കൃഷി ഓഫീസർ ചർച്ചയിൽ സംബന്ധിക്കണം. പാടശേഖരത്തിലെ നെല്ലുൽപ്പാദക സമിതി ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യണം.
2. ഓരോ വിളയിലും പഞ്ചായത്തിലെ ഏറ്റവും നല്ല ഡെമോൺസ്ട്രേഷൻ പ്ലോട്ടിന്റെ ഉടമസ്ഥന് ഏക്കറിന് 1000 രൂപ നിരക്കിൽ ധനസഹായം കൊടുക്കണം.
3. സംയോജിത രോഗനിയന്ത്രണ പരിപാടിയിൽ സജീവ സഹകരണം കാണിച്ച പഞ്ചായത്തിലെ 30 കർഷകർക്ക് 100 രൂപ വിലയുള്ള ഒരു സസ്യ സംരക്ഷണ കിറ്റ് സൗജന്യമായി കൊടുക്കണം.
4. പ്രസ്തുത 30 കർഷകരും സംയോജിത കീടനിയന്ത്രണ പരിശീലന പരിപാടിയിൽ ഒരു ദിവസത്തെ പരിശീലനത്തിന് വിധേയരായവരായിരിക്കണം. ജൈവകീടനാശിനികളുടെ നിർമ്മാണവും പ്രയോഗവും പരിശീലനത്തിന്റെ ഒരു ഭാഗമായിരിക്കണം.
5. ബ്ലോക്കുതലത്തിൽ, കൂടുതൽ വിളവ് ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്തിന്, ഈ

പദ്ധതി പ്രകാരം 25,000 രൂപ ലഭിക്കുന്നതാണ്.

**2 . മിനി കിറ്റ് പദ്ധതി**

ഏതെങ്കിലും ഒരു പാടശേഖരത്തിന്റെ ഒരു ഭാഗത്ത് ഈ പദ്ധതി ആദ്യ വർഷം നടപ്പാക്കും. കൃഷി ചെയ്യണ്ട പുതിയ ഇനം വിത്ത് ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ കർഷകന് ലഭ്യമാക്കും. തുടർച്ചയായി 2-3 വർഷം ഈ കൃഷി ആവർത്തിച്ച് ഫലപ്രദമെന്നു കണ്ടാൽ ഇതര പാടശേഖരങ്ങളിലേക്കും വ്യാപിപ്പിക്കാം. പദ്ധതി നൂറു ശതമാനവും കേന്ദ്രാവിഷ്കൃതമാണ്.

**3. ഗ്രൂപ്പ് ഫാമിങ് പദ്ധതി**

വളം, വിത്ത്, കീടനാശിനികൾ, കളനാശിനികൾ ഇവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സമാഹരിച്ച് നിലവിലുള്ള പാടശേഖരങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുകയും അനുയോജ്യമായ സ്ഥലങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കയുമാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള പാടശേഖര സമിതികൾ പ്രവർത്തന ക്ഷമമാക്കി, പഞ്ചായത്തു വാർഡുമെമ്പറന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കണം. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രൂപ്പ് ഫാമിംഗ് സമിതികളായിരിക്കും. അഗ്രോ ക്ലിനിക്കുകൾ വഴി വിത്ത്, വളം, കീടനാശിനികൾ, കളനാശിനികൾ, ട്രാക്ടർ, ടില്ലർ, കുറ്റിപ്പമ്പ് ഇവ ലഭ്യമാക്കും. 1,600 ലക്ഷം രൂപ ഈ പദ്ധതിക്ക് നീക്കി വെച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു സമിതി എങ്കിലും ഇപ്രകാരം രൂപവൽക്കരിക്കുവാൻ പഞ്ചായത്തിന് അനുവാദം ലഭിക്കണം.

**4. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം**

ഗ്രൂപ്പ് ഫാമിംഗ് സമിതി വഴിയാണ് ഇത് നടപ്പാക്കേണ്ടത്.

**പദ്ധതിയുടെ ലക്ഷ്യം :**

- ബണ്ട് കെട്ടുക
- ജലസേചന ചാനലുകൾ നിർമ്മിക്കുക
- ജലനിർഗ്ഗമന ചാലുകൾ നിർമ്മിക്കുക
- പമ്പ്സെറ്റ് സ്ഥാപിക്കുക
- ജലസേചനം നടത്തുക

ഈ പദ്ധതി പ്രകാരം ചെലവുതുകയുടെ 75 ശതമാനം കേന്ദ്രത്തിൽനിന്ന് ലഭിക്കും. മൊത്തം പാടശേഖരത്തിന്റെ വിസ്തൃതി കണക്കാക്കി ഹെക്ടർ ഒന്നിന് 20,000 രൂപ എന്ന തോതിലായിരിക്കും സബ്സിഡി ലഭിക്കുക.

**5. ഉൽപ്പാദന ബോണസ്സ് പദ്ധതി**

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരുപൂ വിന് ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ്സ് ലഭ്യമാക്കും. നെൽകൃഷി ചെയ്യുന്ന എല്ലാ കർഷകരും ഗുണഭോക്താക്കളാണ്. കൃഷിഭവൻ വഴിയായിരിക്കും പദ്ധതി നടപ്പാക്കുക.

**കേരവികസനം**

പതിമ്മൂന്നര കിലോമീറ്റർ നീളത്തിൽ പുഴയുടെ തീരമുള്ള പഞ്ചായത്തായതുകൊണ്ട് കേരകൃഷി ഒരു പ്രധാന കാർഷികരംഗമാണ്. **വ്യാപകമായ തെങ്ങുരോഗം** വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഭീഷണിയാണ്. കേരവികസന സമിതികളുടെ രൂപികരണത്തോടുകൂടി ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന പ്രതീക്ഷ അനുഭവത്തിൽ കേരകർഷകരെ അസ്വസ്ഥരാക്കുന്നുണ്ട്. കേരവികസനത്തിന് ഇന്ന് നിലവിലുള്ള പദ്ധതികൾ തികച്ചും അപര്യാപ്തമാണ്.

## നടപ്പുപദ്ധതികൾ

**1. ചെറുകിട കർഷകർക്കുള്ള സംയോജിത കേരകൃഷി**

*ലക്ഷ്യങ്ങൾ :*

a) രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് തെങ്ങൊന്നിന് 200 രൂപ.

b) രാസവള കിറ്റുകൾ സൗജന്യവിലയ്ക്ക്

വിതരണം ചെയ്യുക.

c) തെങ്ങൊന്നിന് അഞ്ചുരൂപ രാസവള സബ്സിഡിയും മൂന്നുരൂപ സസ്യ സംരക്ഷണ സബ്സിഡിയും.

d) തെങ്ങിൻതോപ്പുകളിലെ ഇടവിള കൃഷിക്ക് ഹെക്ടർ ഒന്നിന് 200 രൂപ.

നൂറു ശതമാനവും കേന്ദ്രസഹായത്തോടെ നടത്തുന്ന പദ്ധതിയാണിത്.

വെറും കടലാസ് പദ്ധതി മാത്രമായി ഈ ഔദാര്യങ്ങൾ നിലകൊള്ളുന്നു. ഏകദേശം പതിമ്മൂവായിരം തെങ്ങ് വെട്ടിമാറ്റേണ്ടതായി ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഒന്നുപോലും വെട്ടിമാറ്റാൻ സാധിച്ചിട്ടില്ല. തെങ്ങൊന്നിന് ശരാശരി അരക്കിലോ വളം സബ്സിഡി നിരക്കിൽ ലഭിക്കുന്നുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായ കേരകർഷകരുടെ നേട്ടം ഇതുമാത്രമാണ്. വാട്ടർ ഷെഡ് പദ്ധതിയുടെ പേരിൽ പല സമീപ പഞ്ചായത്തുകളിലെ കേരകർഷകർക്കും ഉദാരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുവാൻ സത്വരനടപടികൾ ഇനിയെങ്കിലും അവലംബിക്കണം.

### 2. സമഗ്ര നാളികേരവികസന പദ്ധതി

*ലക്ഷ്യങ്ങൾ :*

a) ജലസേചനത്തിന് കിണർ കുഴിക്കുവാനും പമ്പുസെറ്റ് വെയ്ക്കുവാനും ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡി. ചുരുങ്ങിയത് മുപ്പതുസെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം. പരമാവധി സഹായം 5,000 രൂപ.

b) ഫിൽറ്റർ പോയിന്റ് ട്യൂബ് വെൽ നിർമ്മിക്കാൻ 800 രൂപയുടെ ധനസഹായം.

c) സാമൂഹ്യ ജലസേചന പദ്ധതി. പത്തിലേറെ കർഷകരും അഞ്ച് ഹെക്ടറിൽ കുറയാതെ സ്ഥലവും ഉണ്ടായിരിക്കണം. ഹെക്ടർ ഒന്നിന് 20,000 രൂപ നിരക്കിൽ 85 ശതമാനം സബ്സിഡി.

d) തെങ്ങുകയറ്റയന്ത്രം വാങ്ങുവാൻ 500 രൂപ സബ്സിഡി.

e) മരുന്നുതളിയന്ത്രം വാങ്ങുവാൻ 1,000 രൂപ സബ്സിഡി.

f) ജൈവവളവിത്ത് വാങ്ങുവാൻ കിലോഗ്രാമിന് അഞ്ചുരൂപ സബ്സിഡി.

g) കേരവികസന സമിതികൾക്കും സഹകരണ സംഘങ്ങൾക്കും കൊപ്ര സംസ്ക്കരണ ശാലകൾ നിർമ്മിക്കുവാൻ 25,000 രൂപ സബ്സിഡി.

h) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജലസേചന കിണർ നിർമ്മിക്കുവാൻ 10,000 രൂപ വരെ സബ്സിഡി.

i) ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി. 10,000 രൂപ വരെ സബ്സിഡി.

പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്തും കേരസമിതിയും സംയുക്തമായി.

പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് എല്ലാ വാർഡുകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

### 3. T x D തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും

ഈ പദ്ധതി പ്രകാരം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തെങ്ങിൻ തൈകൾ ലഭ്യമാക്കും.

### 4. 'ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും'

ഇതിൻപ്രകാരം തെങ്ങിൻ തൈ നേഴ്സറി സ്ഥാപിക്കേണ്ടത് ഗവൺമെന്റ് ഫാമുകളിലാണ്.

***ഇതരപദ്ധതികൾ*** : കേരഫെഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, കൃഷി വകുപ്പ് എന്നീ മൂന്ന് പ്രസ്ഥാനങ്ങളാണ് കേരകൃഷി വികസന രംഗത്ത് പ്രവർത്തിക്കുന്നത്. ഉദാഹരണമായി കൊപ്ര സംഭരണവും വെളിച്ചെണ്ണ നിർമ്മാണവും കേരഫെഡ് കൈ

കാര്യം ചെയ്യുന്നു. പുതിയ തെങ്ങിൻ തൈകൾ വെയ്ക്കുന്നതിന് ഡെവലപ്മെന്റ് ബോർഡ് ധനസഹായം ചെയ്യുന്നു. ഇതൊരു ബഹുജാലക സംവിധാനമാണ് (Multi-window system). പ്രവർത്തനങ്ങൾക്ക് ഐകരൂപ്യമില്ല. റബർ ഉൽപ്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തുവാൻ കാരണം റബർ ബോർഡ് മാത്രം ഈ രംഗത്ത് പ്രവർത്തിക്കുന്നതുകൊണ്ടാണ്. റബർ കൃഷിയിൽ ഏക ജാലകസംവിധാനം (Single-window system) വിജയപ്രദമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരവികസന രംഗത്ത് പുതിയ ആസൂത്രണങ്ങൾ പഞ്ചായത്തുതലത്തിൽ ആവിഷ്ക്കരിക്കേണ്ടതില്ല.

## ഔഷധസസ്യകൃഷി

നടപ്പുപദ്ധതിയിൽ തിപ്പലി, കച്ചോലം, ചിറ്റലോടകം, നീല അമരി, കുറുന്തോട്ടി മുതലായവ ഉൾപ്പെടും. എറണാകുളം ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ചുവരുന്ന ആവശ്യം മൂലം ആദായകരമായി ചെയ്യാവുന്ന കൃഷിയാണിവ. പഞ്ചായത്ത് വികസന പദ്ധതിയിൽ ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

### വെറ്റിലക്കൊടി വികസന പദ്ധതി

ഇത് നടപ്പുപദ്ധതിയിൽ ഉൾപ്പെട്ടതാണ്. നൂറുശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി സാമ്പത്തിക സഹായത്തിന് അർഹതപ്പെട്ടതാണ്.

*ലഭിക്കുന്ന സഹായങ്ങൾ :-*

a) മാതൃകാ കൃഷിത്തോട്ടത്തിന് 500 രൂപ ധനസഹായം.

b) കുഴൽക്കിണർ സ്ഥാപിക്കാൻ 15,00 രൂപ.

c) കുറ്റിപമ്പ് വാങ്ങാൻ 500 രൂപ.

d) വള്ളി പടർത്തുന്നതിന് 750 രൂപയുടെ ധനസഹായം.

### കൊക്കൊകൃഷി

ഇത് നടപ്പുപദ്ധതിയിൽ ഉൾപ്പെടും.

*ധനസഹായം :-*

a) ജലസേചനത്തിന് 25% നിരക്കിൽ പരമാവധി 4,000 രൂപ

b) കിണർ 2,500 രൂപ

c) പമ്പുസെറ്റ് 1,500 രൂപ

d) മാതൃകാതോട്ടത്തിന് 1-ാം വർഷം 700 രൂപ. രണ്ടാം വർഷം 300 രൂപ.

e) പഴയ തോട്ടങ്ങളുടെ പുനഃരുദ്ധാരണത്തിന് ആദ്യവർഷം 2,000 രൂപ. രണ്ടാം വർഷം 1,000 രൂപ.

പഞ്ചായത്തുതലത്തിൽ വികസന പദ്ധതി ആവശ്യമില്ല. എന്നാൽ നടപ്പുപദ്ധതിയുടെ ഗുണഭോക്താക്കളായി മുപ്പത് കർഷകരെയെങ്കിലും ഉൾപ്പെടുത്തുവാൻ നടപടിയെടുക്കണം. മൂന്നാം വർഷം മുതൽ വിളവുതരുന്ന കൃഷിയായതുകൊണ്ട് തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യാം.

### കുരുമുളക്

'കറുത്തപൊന്ന്' എന്ന് വിശേഷിപ്പിക്കുന്ന കുരുമുളകിന്റെ കലവറയായിരുന്നു കേരളം. വിദേശികളെ ഇങ്ങോട്ട് ആകർഷിച്ചത് കുരുമുളകായിരുന്നു. നാണ്യവിളകളിൽ കുരുമുളകിന്റെ സ്ഥാനം അദ്വിതീയമാണ്. വിവിധ കാരണങ്ങളാൽ കൃഷി അധോകദിയിലാണ്. കുരുമുളക് കൃഷി പുനഃരുദ്ധാരണത്തിനായി താഴെ കാണുന്ന നടപ്പുപദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കണം.

#### നടപ്പുപദ്ധതികൾ - 1

'കുരുമുളക് വികസന പദ്ധതി' എന്നാണ് പദ്ധതിയുടെ പേർ. നൂറുശതമാനം കേന്ദ്ര സഹായത്തോടെയാണ് പദ്ധതിയുടെ നടത്തിപ്പ്.

*ലക്ഷ്യങ്ങൾ :*

a) പഞ്ചായത്തുകളിൽ സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യുക.

b) ഒരു ഹെക്ടർ കൃഷി ചെയ്യുവാൻ താഴെ പറയുന്ന തോതിൽ ധനസഹായം മൂന്നു

വർഷത്തേക്ക് ലഭ്യമാകും. 1-ാം വർഷം ഒരു ഹെക്ടറിന് 5,000, രൂപ 2-ാം വർഷം 3,000 രൂപ, 3-ാം വർഷം 2,000 രൂപ.

1,500 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ കേന്ദ്രപദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്താൻ നടപടി എടുക്കണം.

### നടപ്പുപദ്ധതി - 2

സുഗന്ധവിള വികസന പദ്ധതി എന്ന പേരിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

*ലക്ഷ്യം :*

a) സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യുക.

b) പുനഃരുദ്ധാരണ പരിപാടികൾ നിലവിലുള്ള തോട്ടങ്ങൾക്ക് മൂന്നാം വർഷം ഒരു ഹെക്ടറിന് 1,500 രൂപ ധനസഹായം ലഭിക്കും.

### നടപ്പുപദ്ധതി - 3

മുകളിൽ വിവരിച്ച രണ്ടാം പദ്ധതിയുടെ ഭാഗമാണിത്. എറണാകുളം ജില്ല ഈ പദ്ധതിയിൻ കീഴിൽ വരും. ശാസ്ത്രീയമായി തോട്ടം സംരക്ഷിക്കുന്ന കർഷകന് ഹെക്ടർ ഒന്നിന് 1,500 രൂപയുടെ സബ്സിഡിക്ക് അർഹതയുണ്ട്.

### നടപ്പുപദ്ധതി - 4

ഇതും മുൻ വിവരിച്ച രണ്ടാം നടപ്പുപദ്ധതിയുടെ ഭാഗമാണ്. ലക്ഷ്യം കുരുമുളക് കൃഷി വ്യാപിപ്പിക്കുകയാണ്. മൂന്നുവർഷത്തേക്ക് തോട്ട സംരക്ഷണത്തിന് യഥാക്രമം 3,500 രൂപ, 1,300 രൂപ, 1,000 രൂപ എന്ന തോതിൽ സബ്സിഡി ലഭ്യമാണ്. 1,500 ലക്ഷം രൂപ നടപ്പുവർഷത്തേക്ക് വകയിരുത്തിയിട്ടുള്ള ഈ പദ്ധതി പഞ്ചായത്തിന് ലഭ്യമാക്കണം.

### നടപ്പുപദ്ധതി - 5

സുഗന്ധവിള വികസന പദ്ധതിയുടെ മറ്റൊരു ഭാഗമാണിത്.

*ലക്ഷ്യം :*

അമ്പത് താങ്ങുമരങ്ങളിൽ, മുന്തിയ ഇനം കുരുമുളകുവള്ളികൾ വെച്ചുപിടിപ്പിച്ച് മാതൃകാ കൃഷിത്തോട്ടം ഉണ്ടാക്കുക.

ചെലവിന്റെ 50 ശതമാനം സബ്സിഡിയാണ്.

മൂന്നുവർഷങ്ങളിലേക്ക് യഥാക്രമം 225 രൂപ, 140 രൂപ, 100 രൂപ എന്നീ നിരക്കിൽ സഹായധനം ലഭിക്കും.

***നോട്ട് :-*** പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പദ്ധതിയാണിത്. അടുത്ത അഞ്ച് വർഷം കൊണ്ട് 300 കർഷകരെയെങ്കിലും ഈ പദ്ധതിയിൽ കൊണ്ടുവരണം.

പഞ്ചായത്തുതല കുരുമുളക് വികസന സമിതി ഇപ്പോൾ നിലവിലില്ല. ഈ സമിതിയെ പുനഃരുദ്ധരിച്ചോ, അഥവാ പുതിയ സമിതി സംഘടിപ്പിച്ചോ കുരുമുളക് വികസന പദ്ധതികൾ പ്രായോഗികമാക്കുന്നത് സാമ്പത്തിക രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കും. അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാർഷികരംഗമാണിത്.

### ഇഞ്ചി, മഞ്ഞൾ, മുളക്, ജാതി, കറുകപ്പട്ട, വാനില

ഈ അഞ്ചിനം സുഗന്ധവ്യഞ്ജന കൃഷികൾക്കും കേന്ദ്രാവിഷ്ക്കരണ പദ്ധതികൾ നടപ്പിലുണ്ട്. എന്നാൽ ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.

**ഇഞ്ചി**

a) ഇരുപത്തിയഞ്ച് സെന്റ് സ്ഥലത്ത് പ്രദർശനത്തോട്ടം തയാർ ചെയ്ത്, വിത്ത് ഇരട്ടിപ്പിക്കുന്ന കർഷകർക്ക് 1,200 രൂപയുടെ സബ്സിഡി ലഭ്യമാണ്. ഉൽപ്പാദിപ്പിക്കുന്ന വിത്ത് കൃഷിഭവനിൽനിന്നും വില നൽകി എടുക്കും.

b) സസ്യസംരക്ഷണം നടത്തുന്നതിന് ഹെക്ടറിന് പരമാവധി 1,000 രൂപയുടെ

സബ്സിഡി.

c) 5 കിലോ ഇഞ്ചി വിത്തും കീടനാശിനിയും പകുതി വിലയ്ക്ക് കൃഷിഭവൻ വഴി ലഭ്യമാകും.

പഞ്ചായത്തുതലത്തിൽ 100 കർഷകരെ എങ്കിലും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ പരിപാടി ആസൂത്രണം ചെയ്യണം.

**മഞ്ഞൾ**

25 സെന്റ് സ്ഥലത്ത് മാതൃകാതോട്ടം സ്ഥാപിച്ച്, വിത്തുവിതരണം നടത്തുന്ന കർഷകന് 825 രൂപയിൽ അധികരിക്കാത്ത സബ്സിഡിക്ക് അർഹതയുണ്ട്.

പഞ്ചായത്തുതലത്തിൽ 100 കർഷകരെയെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**മുളക്**

25 സെന്റ് സ്ഥലത്ത് മാതൃകാത്തോട്ടം സ്ഥാപിക്കുന്നതിന് മൊത്തം വേണ്ടിവരുന്ന ചെലവിന്റെ അമ്പതു ശതമാനം സബ്സിഡിയായി ലഭിക്കും. പരമാവധി ലഭിക്കാവുന്ന സബ്സിഡി 700 രൂപയാണ്.

**ജാതി, ഗ്രാമ്പു, കറുവപ്പട്ട**

ഈ പഞ്ചായത്തിൽ ജാതി കൃഷി വ്യാപിപ്പിക്കേണ്ടതില്ല. ഇത് ഒരു ഇടവിളയാണെങ്കിലും 5 വർഷത്തിനുശേഷം മുഖ്യവിളയായി രൂപാന്തരപ്പെട്ട് മറ്റ് കൃഷികൾക്ക് സ്ഥലലഭ്യത ഇല്ലാതെ വരും. അന്തർദേശീയ വിപണിയുമായി മത്സരിക്കുവാൻ ജാതി കൃഷിക്കാർക്ക് ഇന്ന് സാധ്യമല്ല. സിലോൺ മുതലായ സ്ഥലങ്ങളിൽനിന്ന് അനധികൃതമായി ഇറക്കുമതി ചെയ്യുന്ന ജാതിക്ക ഉത്തരേന്ത്യൻ വിപണികളിൽ ആധിപത്യം ഉറപ്പിച്ചിരിക്കുകയാണ്. ഇറക്കുമതിയിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയ 1984, 1985 വർഷങ്ങൾ മാത്രമാണ് ജാതി കൃഷിക്കാർക്ക് അല്പമെങ്കിലും ആശ്വാസം നല്കിയത്.

നൂറുശതമാനം കേന്ദ്രസഹായത്തോടെ 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള മാതൃകാ കൃഷിത്തോട്ട പരിശീലന പരിപാടി നിലവിലുണ്ട്. അഞ്ചുവർഷം നീണ്ടുനില്ക്കുന്ന ഈ പരിപാടിയിലെ സഹായധനം താഴെക്കാണുന്ന പ്രകാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

| വർഷം | സബ്സിഡി നിരക്ക് | തുക |
|---|---|---|
| 1 | 33% | 400 രൂപ |
| 2 | 25% | 170 രൂപ |
| 3 | 20% | 150 രൂപ |
| 4 | 20% | 150 രൂപ |
| 5 | 20% | 150 രൂപ |

കൂടാതെ കുറ്റിപമ്പ് വാങ്ങുന്നതിന് 750 രൂപയുടെ പരമാവധി സബ്സിഡിയും സൗജന്യ നിരക്കിൽ തൈകളും കൃഷിഭവൻ വഴി ലഭ്യമാണ്.

**കമുക്**

ഈ പഞ്ചായത്തിലെ നദീതട പ്രദേശങ്ങൾ കാൽ നൂറ്റാണ്ട് മുമ്പുവരെ വിജയകരമായി കമുക് കൃഷി ചെയ്തിരുന്ന പ്രദേശങ്ങളായിരുന്നു. ഉൾപ്രദേശങ്ങളിലും കൃഷി വ്യാപൃതമായിരുന്നു. അടക്കയുടെ വിലക്കുറവും രോഗബാധയും മൂലം കമുക് കൃഷി 25 ശതമാനമായി കുറഞ്ഞു. എന്നാൽ ഇപ്പോൾ വിപണി താരതമ്യേന സജീവമാണ്. ലഭ്യമായ സ്ഥലങ്ങളിൽ തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളയായും അല്ലാതെയും കമുകുകൃഷി പഞ്ചായത്തുകളിൽ പുനഃരുദ്ധരിക്കേണ്ടതാണ്. ഇതിനായി നടപ്പുപദ്ധതികളെ ആശ്രയിക്കാം.

## നടപ്പുപദ്ധതി

നൂറുശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന 'കമുക് വികസന പദ്ധതി' ശാസ്ത്രീയ കമുകുകൃഷി പ്രോത്സാഹിപ്പിച്ച്, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. താഴെ പറയുന്ന സഹായങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

a) രോഗപ്രതിരോധ മരുന്നുതളിക്ക് ഹെക്ടർ

പ്രതി 400 രൂപ സബ്സിഡി.

b) റോക്കർ സ്പെയർ വാങ്ങുവാൻ 900 രൂപ സബ്സിഡി.

c) കേടുവന്ന കമുകുകൾ വെട്ടിമാറ്റാൻ മരമൊന്നിന് 100 രൂപ.

d) ജലസേചനത്തിന് കിണർ കുഴിക്കുവാൻ 2,500 രൂപ സബ്സിഡി.

e) പമ്പുസെറ്റ് വെയ്ക്കുവാൻ 1,500 രൂപ സബ്സിഡി.

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇരുപത്തിയഞ്ച് ഹെക്ടർ സ്ഥലത്തെങ്കിലും കമുകുകൃഷി ആരംഭിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. എറണാകുളം ജില്ല പദ്ധതിയുടെ പരിധിയിൽ വരുന്ന പ്രദേശമാണ്.

### വാനില

1991 ൽ കേരളത്തിലാദ്യമായി വാനില കൃഷി ആരംഭിച്ചത് രാമമംഗലം ഗ്രാമപഞ്ചായത്തിലാണ്. **അഖില കേരള അടിസ്ഥാനത്തിൽ All Kerala Association for Vanilla Cultivation and Marketing എന്ന കർഷകരുടെ രജിസ്റ്റർ ചെയ്ത സംഘടനയുടെ ആസ്ഥാനവും രാമമംഗലത്താണ്.** നമ്മുടെ തെങ്ങിൻതോപ്പുകളിലും കമുകിൻ തോപ്പുകളിലും വാനില ഇടവിളയായി കൃഷി ചെയ്യാം. വിളപരിപാലനം സ്ത്രീകൾക്കും കുട്ടികൾക്കും കൂടി ചെയ്യാവുന്ന പ്രക്രിയയാണ്. അതിനാൽ കൂലിച്ചെലവ് ഉണ്ടാകുന്നില്ല. വളം ചെയ്യുവാനും പണച്ചെലവില്ല. സ്പൈസസ് ബോർഡിന്റെ ധനസഹായത്തോടെയും അല്ലാതെയും കൃഷി ചെയ്യാം. 20 സെന്റ് സ്ഥലത്ത് 150 വള്ളികൾ വളർത്തിയാൽ പ്രതിവർഷം 40,000 രൂപ ആദായം പ്രതീക്ഷിക്കാം. പ്രാരംഭദശയിൽ ആകർഷകമായ വിപണി കണ്ടുപിടിക്കാൻ കുറെ ബുദ്ധിമുട്ടുകൾ ഉണ്ടാകാം. രാമമംഗലത്തെ വാനിലത്തോട്ടങ്ങൾ കാണുവാൻ സിക്കിമിൽനിന്ന് ഗവൺമെന്റ് അടുത്തകാലത്ത് പഠനസംഘത്തെ നിയോഗിക്കയുണ്ടായി.

ആദായകരമായ വാനില കൃഷി നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ആരംഭിച്ചിട്ടുണ്ട്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുന്നൂറ് കർഷകരെ എങ്കിലും ഈ ആധുനിക കൃഷി രംഗത്തേക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

### ഓർക്കിഡ്, മുല്ല, കൂൺ കൃഷി

കൃഷിഭവന്റെ സാങ്കേതിക സഹായത്തോടെ ആദായകരമായി നടത്താവുന്ന കൃഷികളാണിവ. ഒരു നല്ല ആന്തൂറിയം പൂവിന് 35 രൂപ വരെ വിലയുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ 20 കൃഷിക്കാർക്കെങ്കിലും കൂൺ വളർത്തൽ പരിശീലനം കൊടുക്കണം.

***പാടശേഖര സമിതികൾ :*** ഒരു പാടശേഖരം മുഴുവൻ ഒരു സമിതിയുടെ കീഴിൽ വന്നാൽ മാത്രമെ സമഗ്രമായ നെൽകൃഷി പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കുകയുള്ളൂ. 100 മുതൽ 200 വരെ ഏക്കർ നെൽകൃഷി ഒരു സമിതിയുടെ പരിധിയിൽ വരണം. നമ്മുടെ പാടശേഖരങ്ങളെ തുണ്ടുകളായി മുറിച്ചു പ്രത്യേക സമിതികൾ രൂപീകരിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. നെൽകൃഷിക്കാർക്കുള്ള സബ്സിഡി വിതരണത്തിൽ മാത്രമാണ് സമിതികളിൽ അധികവും ശ്രദ്ധിക്കുന്നത്. ഏതാനും വ്യക്തികളുടെ കയ്യിൽ ഒതുങ്ങുന്നവിധം പല സമിതികളും നിർജ്ജീവമായിട്ടുണ്ട്. ഇവയുടെ പുനഃരുദ്ധാരണത്തിന് മാർഗ്ഗരേഖകളുണ്ടാക്കി പദ്ധതികൾ പ്രായോഗികമാക്കുവാനുള്ള സന്നദ്ധ സംഘടനകളാക്കി മാറ്റുന്നതിന് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

***കൃഷിഭവൻ :*** എല്ലാ ഗ്രാമസഭകളിലും കൃഷിഭവന്റെ സേവനം പര്യാപ്തമല്ല എന്നാണ് പൊതു ആക്ഷേപം. സബ്സിഡി വിതരണവും നടീൽ വസ്തുവിതരണവും തന്നെ ഭാരിച്ച ജോലിയാണ്. ഈ കൃത്യനിർവഹണത്തിനിടയിൽ സാങ്കേതിക രംഗത്ത് ശ്രദ്ധിക്കുവാൻ ഒരു കൃഷി ഓഫീസർക്കും സാദ്ധ്യ

മല്ല. അതുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം ലഭ്യമാക്കാൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം.

പ്രാദേശികമായ ആവശ്യം കണക്കാക്കാതെ മേൽത്തട്ടുകളിൽനിന്ന് നടീൽവസ്തുക്കളും വിത്തുകളും കൃഷിഭവനിൽ എത്തിച്ച്, അവ വിറ്റഴിക്കേണ്ട ചുമതല ഉദ്യോഗസ്ഥന്മാരെ ഏൽപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് 4227 ജാതിത്തൈകൾ കൃഷിഭവൻ വഴി സൗജന്യ വിതരണം നടത്തി ഒരു തൈക്ക് 15 രൂപയെങ്കിലും ഡിപ്പാർട്ടുമെന്റ് നേഴ്സറികൾക്ക് വില കൊടുത്തുകാണും. ട്രാൻസ്പോർട്ടിംഗ് ചാർജ്ജുൾപ്പടെ 65,000 രൂപ ഈ വിധത്തിൽ ചെലവഴിച്ചിട്ടുണ്ട്. സൗജന്യമായോ നാമമാത്രമായ വിലയ്ക്കോ ഈ പഞ്ചായത്തിൽ ത്തന്നെ ജാതിത്തൈകൾ ലഭ്യമാകും. ഈ തരത്തിലുള്ള ചെലവ് നീതീകരിക്കുവാൻ കഴിയുകയില്ല. ഇക്കഴിഞ്ഞ 3 വർഷക്കാലം കൊണ്ട് 1404 കിലോ പയറുവിത്ത് സബ്സിഡി നിരക്കിൽ സ്ഥലം കൃഷിഭവൻ വഴി വിതരണം ചെയ്തു. കാർഷിക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വരുന്ന കൃഷിക്കാരെക്കൊണ്ട് ഇത് വാങ്ങിപ്പിക്കേണ്ട അസുഖകരമായ ചുമതല ഉദ്യോഗസ്ഥന്മാർ ഏറ്റെടുക്കാൻ നിർബന്ധിതരാകുന്നു.

ഓരോ കൃഷിഭവനും കർഷകരുടെ ആവശ്യം മുൻനിർത്തി ആവശ്യപ്പെടുന്ന നടീൽവസ്തു മാത്രം ഡിപ്പാർട്ടുമെന്റിൽ നിന്ന് ലഭിക്കത്തക്ക ക്രമീകരണം ഉണ്ടാകണം. ഇങ്ങനെ പാഴ്ച്ചെലവ് തടയേണ്ടതാണ്.

നടീൽവസ്തുക്കളുടെ വിതരണം ആവശ്യാധിഷ്ഠിതമായിരിക്കണം. പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാൻ വിതരണം ചെയ്യുന്ന തെങ്ങിൻതൈകൾ മുതലായ നടീൽ വസ്തുക്കൾ ആവശ്യാധിഷ്ഠിതമല്ല. ഇതിനു ചെലവാക്കുന്ന തുക പിന്നോക്ക വിഭാഗക്കാർക്ക് പ്രയോജനം ചെയ്യുന്ന മറ്റ് പരിപാടികൾക്കായി ചെലവാക്കണം. ഗ്രാമപഞ്ചായത്ത് ഇതിനായി നയപരിപാടികൾ ആവിഷ്ക്കരിക്കണം.

### കാർഷികരംഗത്തെ യന്ത്രവൽക്കരണം

കാർഷികരംഗത്തെ ചെലവ് കുറയ്ക്കാൻ യന്ത്രവൽക്കരണം ഒട്ടേറെ സഹായിക്കും. ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ടില്ലർ, സ്പ്രെയർ, മെതിയന്ത്രം മുതലായവ വാങ്ങുന്നതിന് നടപ്പുപദ്ധതി നിലവിലുണ്ട്. 50 ശതമാനം സബ്സിഡിയും ലഭ്യമാണ്. സബ്സിഡി കിഴിച്ചുള്ള തുക സമാഹരിക്കുവാൻ ഒരു കാർഷിക സമിതിക്കും സാമ്പത്തികശേഷി ഇല്ല എന്നതാണ് വസ്തുത. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉദാരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതികൾ തയാറാക്കണം. അല്ലാത്തപക്ഷം സമീപകാലത്തൊന്നും യന്ത്രവൽക്കരണം നടപ്പാകുകയില്ല.

രാമമംഗലം പഞ്ചായത്തിലെ സുഗന്ധവിളകൾ പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് സ്പൈസസ് ബോർഡിന്റെ ഒരു സബ് ഓഫീസ് പ്രവർത്തനം ആരംഭിക്കണം.

### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 312.00 |
| പുരയിടം | 1925.50 |
| പുറമ്പോക്ക് | 146.98 |
| കൃഷിയോഗ്യതരിശ് | 52.50 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 5.30 |
| **ആകെ** | **2442.28** |

## വിളവിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം (ഹെക്ടറിൽ) | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 50 | 130.000 ടൺ | 2600 Kg |
| നെല്ല് (രണ്ടാംവിള) | 312 | 873.600 ടൺ | 2800 Kg |
| നെല്ല് (മൂന്നാംവിള) | 312 | 655.200 ടൺ | 2100 Kg |
| പയർ | 15 | 11.225 ടൺ | |
| എള്ള് | 5 | 1.325 ടൺ | |
| പച്ചക്കറികൾ | 10 | 12.000 ടൺ | |
| തെങ്ങ് | 675 | 5197.000 per hectre | |
| വാഴ | 98 | 1568.000 ടൺ | |
| മരച്ചീനി | 20 | 24.000 ടൺ | |
| കുരുമുളക് | 51 | 600.000 Kg/H | |
| പ്ലാവ് | — | — | |
| കശുമാവ് | 2 | 750.000 Kg/H | |
| മാവ് | — | — | |
| റബർ | 802 | 1150.000 Kg/Acre | |
| കവുങ്ങ് | 72 | — | |
| വാനില | 5 | — | |
| കൊക്കൊ | 8 | — | |
| പൈനാപ്പിൾ | 20 | 20.000 ടൺ | |

## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം/തൂക്കം/പായ്ക്കറ്റ് | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 410 | 463 | 556 |
| കശുമാവ് | — | 27 | — |
| കുരുമുളക് | 3000 | 1000 | 12,500 |
| പച്ചക്കറിവിത്ത് | 500 | — | 500 |
| നെല്ല് | 1440 Kg | 1300 Kg | 980 Kg |
| പയർവിത്ത് | 960 Kg | 364 Kg | 80 Kg |
| പ്ലാവ് (ഗ്രാഫ്റ്റ്) | 8 | — | — |
| മാവ് (ഗ്രാഫ്റ്റ്) | 15 | — | — |
| സപ്പോർട്ട | 2 | — | — |

## ജലസേചനം

കൃഷിയുടെ അനുബന്ധ മേഖലയാണ് ജലസേചനം. ഈ പഞ്ചായത്തിലെ ജലസേചനാർത്ഥം മൂവാറ്റുപുഴയാറിന്റെ തീരത്ത് 56 സ്ഥലങ്ങളിൽ ചെറുകിട ജലസേചന പദ്ധതികൾ കാൽ നൂറ്റാണ്ട് മുമ്പേ ആവിഷ്ക്കരിച്ചു. ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ ഇതുമൂലം സാധിക്കുന്നുണ്ട്. എന്നാൽ താഴ്ന്ന പാടശേഖരങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യവും ഇതുമൂലം ഉണ്ടായിട്ടുണ്ട്. ഉയർന്ന സ്ഥലങ്ങളിലെ ജലസേചനവും താഴ്ന്ന സ്ഥലങ്ങളിൽ ജലനിർഗ്ഗമനവും ഈ പഞ്ചായത്തിൽ കാർഷിക മേഖല അനുഭവിക്കുന്ന രണ്ട് പ്രധാന വെല്ലുവിളികളാണ്. നടപ്പുപദ്ധതികൾ ഉപയോഗപ്പെടുത്തിയും പുതിയ പ്രാദേശിക പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ചും വേണം പ്രശ്നപരിഹാരം തേടുവാൻ. നിലവിലുള്ള ജലവിതരണ സമ്പ്രദായത്തിലും ഏറെ പാളിച്ചകൾ ഉണ്ട്. ഇവയ്ക്കും പരിഹാരം കണ്ടെത്തണം. ഗ്രാമസഭാ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതും അടുത്ത അഞ്ചുവർഷം കൊണ്ട് നടപ്പാക്കാവുന്നതുമായ പരിപാടികൾ ക്രോഡീകരിച്ച് പോംവഴികൾ നിർദ്ദേശിക്കയാണ് ഈ റിപ്പോർട്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. A വിഭാഗത്തിൽ ജലസേചനവും B വിഭാഗത്തിൽ ജലനിർഗ്ഗമനവുമാണ് പ്രതിപാദ്യം.

## A വിഭാഗം

### ജലസേചനം

ഗ്രാമസഭകളിൽ ജലസേചനം മെച്ചപ്പെടുത്തുന്നതിന് വളരെയേറെ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ ക്രോഡീകരിക്കുന്നതിനുമുമ്പ്, നിലവിലുള്ള നടപ്പുപദ്ധതികളെ അവലോകനം ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും.

**I *ക്ലാസ് I പദ്ധതികൾ***

50 ഹെക്ടർ മുതൽ 2000 ഹെക്ടർ വരെ ജലസേചനം നടത്തുന്ന പദ്ധതിയാണിത്.

*പ്രത്യേകതകൾ :*

a) സർക്കാർ ചെലവിൽ പദ്ധതി നടപ്പാക്കും.

b) ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെടണം.

c) ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പു വരുത്തണം.

d) ജലവിതരണവും ചെറിയ അറ്റകുറ്റപ്പണികളും ചെറുകിട കർഷകരുടെ സമിതിയിൽ നിക്ഷിപ്തമാണ്.

**II *ക്ലാസ് II പദ്ധതികൾ***

*പ്രത്യേകതകൾ :*

a) .50 ഹെക്ടറിനുതാഴെ ജലസേചനം നടപ്പാക്കും.

b) സർക്കാർ ചെലവിൽ വിൽപ്പന നടത്തും.

**III *ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി***

*പ്രത്യേകതകൾ :*

a) 40-50 ഏക്കർ വരെ വിസ്തീർണ്ണത്തിൽ ജലസേചനം.

b) സർക്കാർ ചെലവിൽ നടത്തുന്നു.

c) ചെറുകിട ജലസേചന ആഫീസ് വഴി നടപ്പാക്കാം.

**IV *ഏലാ വികസന ജലസേചന പദ്ധതി***

1995-96 മുതൽ നിർത്തി വെച്ചു.

**V *ജലധാരാ പദ്ധതി***

*ലക്ഷ്യം :*

a) നിലവിലുള്ള തോടുകളുടെയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

b) അടങ്കൽ തുകയുടെ 70 ശതമാനം സർക്കാരും 20 ശതമാനം കർഷകരും വഹിക്കണം. 10 ശതമാനം ലാഭത്തിൽ കുറവു ചെയ്യും.

c) സ്ഥലം M. L. A. വഴി ജലസേചന ഓഫീസുമായി ബന്ധപ്പെടണം.

d) M. L. A. യുടെ നേതൃത്വത്തിൽ രണ്ടംഗ ഔദ്യോഗിക സമിതിയാണ് സ്ഥലം നിശ്ചയിക്കുന്നത്. നടത്തുന്ന ഏജൻസി ബ്ലോക്ക് പഞ്ചായത്ത്.

**VI ചെക്ഡാം**

a) വർഷകാലങ്ങളിൽ തോടുകളിൽക്കൂടി ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിർത്തി ജലസേചനത്തിന് ഉപയോഗിക്കുക.

b) പൂർണ്ണമായി സർക്കാർ ചെലവ്.

c) സർക്കാർ നിയമിച്ച ചെക്ഡാം കമ്മറ്റിയാണ് അനുവാദം കൊടുക്കേണ്ടത്.

വാർഡുതലത്തിൽ നടപ്പാക്കേണ്ട ജോലികൾ

## വാർഡ് I

1) No. III സ്കീമിന്റെ ഒന്നാം സ്പൗട്ടിൽ നിന്നും പടിഞ്ഞാറോട്ടുള്ള സബ് ചാനൽ പൂർത്തിയാക്കുക.

2) തൃക്കെപ്പാടത്തിന് തൃക്കേച്ചാൽ വരെ ലീഡിംഗ് ചാനൽ നിർമ്മിക്കുക.

3) No III പമ്പ്ഹൗസ് വിസ്താരപ്പെടുത്തി മോട്ടോർ കയറ്റിവെക്കാൻ സ്ഥലമുണ്ടാക്കുക.

4) No IV സ്കീമിൽനിന്ന് താഴെക്കാണുന്ന സബ് ചാനലുകൾ നിർമ്മിക്കണം.

a) ശിവൻകുന്നിലേക്ക്

b) വേളാർ കോളനിയിൽക്കൂടി തോട്ട ഭാഗം

c) ചാക്യാർതുരുത്തിലേക്ക്

d) ഊരമന ഹൈസ്ക്കൂളിന്റെ പടിഞ്ഞാറുനിന്നും ശെവിലിയിലേക്ക്

e) കുഴിക്കണ്ടം മുതൽ ചാൽ വരെ.

5. നമ്പർ IV ൽ നിന്നും പടിഞ്ഞാറോട്ടുള്ള കനാലിന്റെ ബണ്ട് ഉയർത്തുക.

6. No. III സ്കീമിൽ പുതിയ മോട്ടോർ സ്ഥാപിക്കുക.

## വാർഡ് II

1. M. V. J. P. കനാലിൽനിന്ന് കൊടികുത്തി, ആനിയേടം, കാക്കേത്ത് പറമ്പക്കാട്ട് ഭാഗത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

2. പാത്തിക്കൽ ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

3. അള്ളുങ്കൽ തോടിൽ താണിക്കുഴി ഭാഗത്ത് ചെക്ഡാം പണിയുക.

4. പാത്തിക്കൽ ആറ്റുവേലിക്കുഴിത്തോട് കേന്ദ്രമാക്കി ജലധാരാ പദ്ധതി നടപ്പാക്കുക.

5. പറമ്പക്കാട്ട് ചിറ, പടിക്കൽ ചിറ, താണിച്ചിറക്കുഴി, ചൊക്ലായിച്ചിറ, തോട്ടിക്കുളം ഇവ കേന്ദ്രീകരിച്ച് ചെക്ഡാം പദ്ധതി ആവിഷ്ക്കരിക്കുക.

6. M. V. J. P. കനാലിൽ ചായേലിത്താഴത്തു നിന്ന് സബ് ചാനൽ വെട്ടി പുത്തൻചിറ വരെ വെള്ളമെത്തിക്കുക.

## വാർഡ് III

1. ആറ്റുവേലി കുഴിഭാഗത്തും ഉന്നേക്കാട് ഭാഗത്തും തോടിന് C ക്രോസ്ബാർ നിർമ്മിച്ച് ജലം നിയന്ത്രിക്കുക.

2. M. V. J. P. കനാലിൽ മഞ്ഞപ്പിള്ളിക്കാട്ടിൽനിന്ന് മനക്കത്താഴം വരെയും അവിടെനിന്ന് മടത്തിക്കുടി ഭാഗത്തേക്കും വെള്ളമെത്തിക്കുക.

3. മേമ്മുറി, മാരിത്താഴത്തുവരെ നിർമ്മിക്കുന്ന കനാൽ, പാറക്കത്താഴം വഴി ആറ്റുവേലിക്കുഴി വരെ എത്തിക്കുക.

4. ഊരമന No. III പമ്പിൽ പുതിയ മോട്ടോർ സ്ഥാപിക്കുക.

5. മെതിപാറ No. II ചാനലിൽനിന്നും തലമട്ടത്തിത്താഴം വഴി ലീമിംഗ് ചാനൽ നിർമ്മിച്ച് വട്ടംമുക്കുവരെ എത്തിക്കുക.

500

6. അമ്പലംപടി മുതൽ ആറ്റുവേലിത്താഴം വരെ കനാലിലെ ചോർച്ച മാറ്റുക.
7. കോട്ടപ്പുറം ആറ്റുവേലിക്കുഴി ചാനലിൽ അറ്റകുറ്റപ്പണി നടത്തി ചോർച്ച നിർത്തുക.

## വാർഡ് IV

1. വരണ്ടകം പാടം ബ്രാഞ്ച് കനാൽ ഇളയപ്പാടത്തേക്ക് നീട്ടി ഇളയപ്പാടത്ത് 2 CC ചാനൽ നിർമ്മിക്കുക.
2. വരണ്ടകം പാടത്ത് നെല്ലുൽപ്പാദക സമിതി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ 6 CC ചാനലുകൾ നിർമ്മിക്കുക.
3. മുതുകപ്പാടത്ത്, വെള്ളാത്തറ വഴി വട്ടംമുക്കിലേക്ക് CC ചാനൽ നിർമ്മിക്കുക. ഇത് പല്ലങ്ങാട്ടു ഭാഗത്തുനിന്ന് ആരംഭിക്കണം.
4. മുതുകപ്പാടം, വരണ്ടകം പാടം, ഇളയപ്പാടം ഇവിടങ്ങളിൽ ഓരോ കുളം തെരഞ്ഞെടുത്ത് താഴ്ത്തി ഭിത്തി കെട്ടി സംരക്ഷിക്കണം. മറ്റു കുളങ്ങൾ നികത്തി കൃഷിക്ക് യോഗ്യമാക്കാം.
5. കനാലുകളിൽ സ്പൗട്ടുകൾ നിർമ്മിക്കുക.
6. മുതുകപ്പാടം പുഞ്ചനിലങ്ങൾക്ക് ചാലിൽ നിന്നും സംരക്ഷണഭിത്തി പണിയുക.
7. തുരുത്തേൽത്താഴം, കിളിയൻ നിലം ഭാഗത്തുനിന്നുമുള്ള CC ചാനൽ, ആലുത്തുരുത്തി കുളം പുഞ്ച നിലങ്ങൾ വരെ നീട്ടണം.
8. മൂശാരിത്താഴത്തുനിന്നും ചക്രവേലിത്താഴം വഴി കൊട്ടാരത്തില്ലത്തിന് അടുത്തുവരെ CC ചാനൽ പണിയണം.
9. M. V. J. P. യുടെ കോട്ടപ്പുറം ഭാഗത്തുനിന്നും ഈ കനാൽ കൃഷിഭവന്റെ പിൻഭാഗം വരെ നീട്ടണം.

## വാർഡ് V

1. No. I സ്കീമിൽനിന്ന് ഉള്ളേലിക്കുന്ന് ഭാഗത്തേക്കുള്ള കനാൽ 150 മീറ്റർ കൂടി നീട്ടുക.
2. കനാലിൽ സ്പൗട്ടുകൾ നിർമ്മിക്കുക.
3. No. I പമ്പ് ഹൗസിൽനിന്ന് ഐക്കരാഴി പാടത്തേയ്ക്കുള്ള കനാൽ ബണ്ടിന്റെ അറ്റകുറ്റപ്പണി.
4. വള്ളിക്കുളം ഭാഗത്തുനിന്നും 500 മീറ്റർ താഴോട്ടും മുകളിലേക്കും തോടുതാഴ്ത്തി സംരക്ഷണഭിത്തി കെട്ടുക.
5. പാമ്പൂരിച്ചാലിന്റെ നിലങ്ങൾക്ക് സംരക്ഷണഭിത്തി കെട്ടുക.
6. ലിഫ്റ്റ് ഇറിഗേഷൻ അസ്സി. എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുക.
7. തച്ചിൽ കുളത്തിലെ വെള്ളം CC ചാനൽ വഴി അവത്തറത്തോട്ടിൽ വീഴിക്കുകയും അവിടെനിന്ന് പെരുന്തോട്ടിലേക്ക് വീഴിക്കുകയും ചെയ്യുക.

## വാർഡ് VI

1. കല്ലുച്ചിറ, കുഴപ്പിള്ളിച്ചിറ ഭാഗങ്ങളിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
2. മാമലശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് ഉയർത്തി ഒരു തട്ട് നിർമ്മിക്കുക.
3. കനാലിന്റെ വശങ്ങളും അടിത്തട്ടും കോൺക്രീറ്റ് ചെയ്യുക.
4. അമ്പലംപടിക്ക് സമീപമുള്ള പാത്തിയ്ക്ക് പകരം 'സൈഫൺവെൽ' നിർമ്മിക്കുക.
5. പുതിയ പാടത്തേയ്ക്കുള്ള കനാൽ നീട്ടുക.
6. പമ്പ് ഹൗസിലെ മോട്ടോർ മാറ്റി 150 HP ശക്തിയുള്ള 2 മോട്ടോറുകൾ സ്ഥാപിക്കുക.
7. പൂക്കോട്ട് പുഞ്ചയിൽനിന്നും മാനാടി നിലത്തേയ്ക്കുള്ള തോട് കോൺക്രീറ്റ് ചെയ്യുക.
8. വെൺമേലിച്ചിറയിൽ ചെക്ഡാം നിർമ്മിക്കുക.
9. മുടക്കിൽതോടിന് സമീപമുള്ള കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം പൂർത്തീകരിക്കുക.

## വാർഡ് VII

1. കീഴുമുറി മൈനർ ഇറിഗേഷൻ കനാലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുകയും ശക്തി കൂടിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്യുക.
2. ഈ വാർഡിൽക്കൂടി ഒഴുകുന്ന തോട് കേന്ദ്രീകരിച്ച് വാട്ടർ ഷെഡ് സ്കീം നടപ്പാക്കുക.
3. അന്ത്യാലുങ്കൽ പടിയിൽ തോടിന് കുറുകെ ചിറ കെട്ടി ജലസേചനം മെച്ചപ്പെടുത്തുക.
4. കാർഷിക പുരോഗതിയ്ക്കായി ടില്ലർ മുതലായ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
5. പണി ആരംഭിച്ചിരിക്കുന്ന എം. വി. ഐ. പി. കനാൽ കൂടുതൽ പ്രയോജനപ്പെടുമെങ്കിൽ റീസർവെ നടത്തി പരിഷ്ക്കരിക്കണം.
6. കൃഷി ചെയ്യുവാൻ തരിശുഭൂമി നികത്തി അനധികൃതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കണം.

## വാർഡ് VIII

1. അമ്പലംപടിയിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസിലെ മോട്ടോർ മാറ്റി വലിയ മോട്ടോർ വെക്കുക.
2. കാർത്തികപ്പാടം തോടിന് സംരക്ഷണ ഭിത്തി കെട്ടുക.
3. കുളങ്ങാട്ട് പാടത്ത് സ്ഥാപിച്ചിട്ടുള്ള പഞ്ചായത്ത് മോട്ടോറിൽനിന്നും വെള്ളം കൊണ്ടുപോകുന്നതിനുള്ള തോട് കോൺക്രീറ്റ് ചെയ്യുക.
4. വെൺമേലിച്ചിറയിലും വാളാടി ഭാഗത്തു കൂടി ഒഴുകുന്ന ചെറുതോട്ടിലും തടയണ കെട്ടുക.
5. കരിവാളത്ത് ചിറയും പള്ളിച്ചിറയും താഴ്ത്തി സംരക്ഷണഭിത്തി കെട്ടുക.
6. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായവും കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും വർദ്ധിപ്പിക്കുക.

## B ജലനിർഗ്ഗമന പദ്ധതികൾ

## വാർഡ് I

ശിവലിചാലിൽനിന്നും പുഴയിലേക്കുള്ള തോടിന് ആഴവും വീതിയും കൂട്ടുക. പ്രസ്തുത തോടിൽ ചീപ്പുകെട്ടി പുഴവെള്ളം കയറാതെ സൂക്ഷിക്കേണ്ടതാണ്.

## വാർഡ് II

ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ നിലവിലില്ല.

## വാർഡ് III

വള്ളൂർ പാടശേഖരം മുതൽ ആറ്റുവേലികുഴി വരെ നിലവിലുള്ള തോട് താഴ്ത്തി ബണ്ടുകെട്ടി ജലനിർഗ്ഗമന സൗകര്യമുണ്ടാക്കുക. മുതുകപ്പാടത്തുള്ള ആർത്താഴം മുതൽ വലിയമറവത്ത് താഴം വരെയുള്ള ഭാഗത്തും തലവട്ടത്തിൽ താഴം ഭാഗത്തു ജലനിർഗ്ഗമന തോടുകൾ നിർമ്മിച്ച് വെള്ളം പുഞ്ചയിലേക്ക് ഒഴുക്കുക.

## വാർഡ് IV

മുതുകപ്പാടത്തുനിന്നും പുഴയിലേക്കുള്ള ജലനിർഗ്ഗമന തോട് (പെരുംതൊണ്ട്) ആഴം കൂട്ടിയും സൈഡ് ഭിത്തി കെട്ടിയും ജലനിർഗ്ഗമനം സുഗമമാക്കുക. പ്രസ്തുത നിർഗ്ഗമന തോട് ചാലുവരെ നീട്ടേണ്ടതാണ്. ഈ തോട്ടിൽ കാരിയാഴി നടയുടെ ഭാഗത്ത് ക്രോസ്ബാർ പണിതു വെള്ളപ്പൊക്കം തടയുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യണം. വരണ്ടകം പാടത്തുനിന്നും പുഴയിലേക്കുള്ള തോട് ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി സംരക്ഷിച്ച് ഏല നിർഗ്ഗമനം എളുപ്പമാക്കണം. മണ്ഡോളിത്താഴത്തു നിന്നും ജലനിർഗ്ഗമനച്ചാൽ താഴോട്ടു നിർമ്മിച്ച് ജലനിർഗ്ഗമനം സുഗമമാക്കണം.

## വാർഡ് V

പാമ്പൂരിച്ചാലിൽനിന്നും പുഴയിലേക്കുള്ള

502

തോട് വീതിയും ആഴവും കൂട്ടി ജലനിർഗ്ഗമനം സുഗമമാക്കണം.

കുന്നപ്പിള്ളിച്ചാലിൽനിന്നും തോടിന് വീതിയും ആഴവും കൂട്ടേണ്ടത്

പള്ളിത്താഴത്തുള്ള നിലങ്ങളിൽനിന്നുമുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള തോടുകൾ നിർമ്മിക്കുക.

നാനാക്കുഴിപാടത്ത് നിന്നും റോഡിന് കുറുകെ കലുങ്ക് പണിത് വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കുക.

## വാർഡ് VI

1. മാമലശ്ശേരി പാടത്തുനിന്നും മുടക്കിൽ തോട്ടിലേക്കുള്ള ജലനിർഗ്ഗമനച്ചാൽ വീതിയും ആഴവും കൂട്ടി പുനഃരുദ്ധരിക്കുക.
2. മണലിത്തോട് മുളക്കാലിത്തോട് പൂക്കോട്ടുപുഞ്ചയിൽ നിന്നും മാനാടി നിലത്തുനിന്നും പോകുന്ന തോട് ഇവ ജലനിർഗ്ഗമനത്തിന് ഉപയോഗ യോഗ്യമാക്കുക.
3. കോഴിച്ചാൽ പുഞ്ചയിൽനിന്നും ജലനിർഗ്ഗമനത്തോട് നിർമ്മിക്കുക.

## വാർഡ് VII

1. താഴ്ന്ന പാടങ്ങളുടെ ഓരം ചേർന്നുള്ള തോടുകളും അന്ത്യലുങ്കൽ പടിയിൽ നിന്നും പാമ്പൂരിച്ചാലിലേക്കുള്ള തോടും ആഴവും വീതിയും കൂട്ടി ജലനിർഗ്ഗമനത്തിന് സജ്ജമാക്കണം.
2. നെട്ടുപ്പാടം പാടശേഖരത്തിൽനിന്നും കോഴിച്ചാലിലേക്കും അവിടെനിന്നും പുഴയിലേക്കുമുള്ള തോട് ജലനിർഗ്ഗമനത്തിന് സൗകര്യമുള്ളതാക്കണം. ഇറങ്ങടക്കുളം, വെള്ളാംകുളം, കൊടിയത്തുതാഴം കുളം, കഴുതക്കുളം, എടശ്ശേരിക്കുളം, കാണിയാടൻ കുളം ഇവ ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും ഉതകത്തക്കവിധത്തിൽ പുതുക്കി സംരക്ഷിക്കേണ്ടതാണ്.

## വാർഡ് VIII

പുന്നച്ചാൽകുഴി പുഞ്ചയിൽനിന്നും മെയിൻ തോട് താഴ്ത്തി ജലനിർഗ്ഗമന സൗകര്യം ചെയ്യുക.

നെടുംകോൾ പാടശേഖരത്തിൽനിന്നും പുന്നച്ചാൽകുഴി പുഞ്ചയിൽനിന്നും മേൽ പ്രകാരം തോടുകൾ നിർമ്മിക്കേണ്ടതാണ്.

പതപ്പച്ചാലിന് ആഴം കൂട്ടി സംരക്ഷണ ഭിത്തി കെട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തുതലത്തിൽ അവതരിപ്പിച്ച എല്ലാ പദ്ധതികളും ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞെന്നു വരികയില്ല. എല്ലാ വാർഡുകളോടും തുല്യനീതി പുലർത്തിക്കൊണ്ടുള്ള സമീപനമാണ് ആവശ്യം. ആവശ്യങ്ങൾ അനവധിയാണ്. നടപ്പാക്കാൻ വേണ്ട വിഭവശേഷി പരിമിതവുമാണ്. എല്ലാ ആവശ്യങ്ങളും ഒരുമിച്ചു നിറവേറ്റുകയാണെങ്കിൽ ഭാവിയിൽ നമുക്ക് പഞ്ചവത്സര പദ്ധതികളും ആസൂത്രണവും വേണ്ടി വരികയില്ല. ❒

## 2. മൃഗസംരക്ഷണം

നമ്മുടെ ദേശീയ സാമ്പത്തിക ഘടനയിൽ കന്നുകാലികൾക്ക്നിർണ്ണായകമായ പങ്കുണ്ടായിരുന്നു. മൊത്തം കാർഷിക ഉൽപ്പാദനത്തിൽ 8 മുതൽ 40 ശതമാനം വരെ ഈ മൃഗങ്ങളുടെ ഉപയോഗത്തിൽക്കൂടിയാണ് നാം നേടിയിരുന്നത്. നിലം ഉഴുവാനും ജലസേചനം നടത്തുവാനും എണ്ണ ആട്ടുവാനും കരിമ്പിൻ ചക്ക് പ്രവർത്തിപ്പിക്കുവാനും സർവ്വോപരി കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാനും മൃഗങ്ങളെ ഉപയോഗിച്ചുപോന്നു. കൃഷിഭൂമിയുടെ വിസ്തൃതി കുറയുകയും കാലിത്തീറ്റയ്ക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉൽപ്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗസംരക്ഷണമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. മൃഗസംരക്ഷണത്തിന്റെ ലക്ഷ്യം പാൽ, ഇറച്ചി, തുകൽ ഇവയുടെ ഉൽപ്പാദനമാണ്. ഇത് ലാഭകരമായി നടത്തുന്നതിന് സഹായിക്കുന്ന നടപ്പുപദ്ധതികൾ ഏറെയുണ്ട്. ഈ പദ്ധതികളും പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളും

502 A

പരസ്പര പൂരകങ്ങളാണ്.

## നടപ്പുപദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

*ലക്ഷ്യങ്ങൾ*

a) ഗുണമേന്മയുള്ള പശുക്കുട്ടികൾക്ക് മികച്ച പരിചരണം നൽകി, 30 മാസത്തിനുള്ളിൽ ആദ്യ പ്രസവം സാദ്ധ്യമാക്കുക.

b) ഗുണമേന്മയുള്ള കാലിത്തീറ്റ, പ്രതിരോധ കുത്തിവയ്പ്പ്, വിരമരുന്ന് ഇവയ്ക്ക് 50 ശതമാനം സബ്സിഡി ലഭ്യമാണ്.

c) സബ്സിഡിയോടു കൂടി ഒരു വർഷത്തെ കാലിത്തീറ്റ ലഭ്യമാണ്.

ഗുണഭോക്താക്കൾ ക്ഷീര സഹകരണ സംഘത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം. ഗുണഭോക്താവിന്റെ പ്രതിമാസ വരുമാനം 900 രൂപയിൽ അധികരിക്കരുത്. 10 ശതമാനം പട്ടികജാതി പട്ടികവർഗ്ഗത്തിനും 30 ശതമാനം വനിതകൾക്കും സംവരണം ലഭിക്കും. 500 ലക്ഷം രൂപ 96-97 ലേക്ക് വകകൊള്ളിച്ചിരിക്കുന്ന ഈ പദ്ധതി പഞ്ചായത്തിൽ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടികളെടുക്കണം.

2. കാലിവസന്ത നിർമാജനപദ്ധതി

രോഗപ്രതിരോധത്തിനുള്ള കുത്തിവയ്പ്പു സൗജന്യമാണ്. വരുമാനപരിധിയില്ല.

എറണാകുളം ജില്ല ഈ പദ്ധതിയിൽ വരുന്നില്ല. ഈ ജില്ലകൂടി ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് നടപടി എടുക്കണം.

3. ഊർജിത പന്നിവളർത്തൽ വികസന പരിപാടി

a) 5 പെൺപന്നികളും ഒരു ആൺ പന്നിയും ഉൾപ്പെട്ടതാണ് ഒരു യൂണിറ്റ്. പരമാവധി 1,200 രൂപ സബ്സിഡി ലഭിക്കും. പന്നിക്കൂട് നിർമ്മാണത്തിന് 7,000 രൂപയിൽ അധികരിക്കാത്ത സബ്സിഡിയും ലഭ്യമാണ്.

ഈ പഞ്ചായത്തിൻ ഇപ്രകാരമുള്ള പത്ത് യൂണിറ്റെങ്കിലും ഓരോ വർഷവും ആരംഭിക്കണം. ഗ്രാമപഞ്ചായത്ത് തലത്തിലാണ് ഇത് പ്രാവർത്തികമാക്കേണ്ടത്.

4. വിജ്ഞാന വ്യാപനവും പരിശീലനവും

മൃഗസംരക്ഷണ വകുപ്പ് ഏതാനും പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും കൃഷിക്കാർക്കും ഇവിടെ ട്രെയിനിംഗ് ലഭിക്കും. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാണ് ഈ പരിശീലനം. നമ്മുടെ പഞ്ചായത്തിൽനിന്നു പത്തുപേരെയങ്കിലും പരിശീലനത്തിന് നിയോഗിക്കേണ്ടതാണ്.

5. മുയൽ വളർത്തൽ

50 ശതമാനം കേന്ദ്രസഹായത്തോടെ നടത്തുന്ന ഈ പദ്ധതിയിൻ കീഴിൽ 20 കുടുംബങ്ങളെയെങ്കിലും ഉൾപ്പെടുത്തണം. ന്യായമായ വിലയ്ക്ക് മുയൽക്കുഞ്ഞുങ്ങളെ ലഭിക്കും. സൗജന്യമായ് ചികിത്സ ലഭിക്കും. പഞ്ചായത്ത് മൃഗാശുപത്രി വഴി പദ്ധതിയിൽ പങ്കാളിയാകാം.

6. വീട്ടുവളപ്പിലെ കോഴിവളർത്തൽ

60 ദിവസം പ്രായമുള്ള അഞ്ച് പിടക്കോഴികൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഓരോ കോഴിക്കും 15 രൂപ സബ്സിഡി ലഭിക്കും. കോഴിക്കുഞ്ഞുങ്ങളെ വീട്ടുപടിക്കൽ എത്തിച്ചുതരും. ഒരു ജില്ലയിൽ രണ്ട് ബ്ലോക്കുകൾ മാത്രമെ പദ്ധതിയിൽ വരികയുള്ളു.

ഈ പഞ്ചായത്തിൽനിന്ന് 500 ഗുണഭോക്താക്കളെ കണ്ടുപിടിച്ച് പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടതാണ്.

7. പേവിഷബാധ നിർമ്മാർജ്ജന പദ്ധതി

1996-97 ലേക്ക് 400 ലക്ഷം രൂപ പദ്ധതി വിഹിതമായി മാറ്റി വെച്ചിട്ടുണ്ട്. പകുതി വിലയ്ക്ക് വാക്സിൻ ലഭ്യമാക്കും. അലഞ്ഞു

നടക്കുന്ന പട്ടികളെ നശിക്കുകയും, ലൈസൻസ് ഉള്ള നായ്ക്കളെ മാത്രം സൂക്ഷിക്കുകയും ചെയ്യുക എന്നതാണ്. പദ്ധതി വിഭാവനം ചെയ്യുന്നത്.

ഗ്രാമസഭകളിൽ പ്രകടമായ ഒരു ആവശ്യം എന്ന നിലയിൽ **ഇത് പ്രാധാന്യം അർഹിക്കുന്നു.**

8. പുൽകൃഷി വികസനം

അമ്പതുശതമാനം സബ്സിഡിയോടു കൂടി നടത്താവുന്ന ഒരു നടപ്പുപദ്ധതിയാണിത്.

### നടപ്പുപദ്ധതികളിലെ ന്യൂനതകൾ

1960 കളുടെ മദ്ധ്യത്തിൽ കേരളത്തിലെ പാലുൽപ്പാദനം ഉദ്ദേശം 2 ലക്ഷം ടൺ ആയിരുന്നു. ഇപ്പോൾ ഉൽപ്പാദനം 12 ലക്ഷത്തിൽ എത്തിയിട്ടുണ്ട്. രണ്ടുമൂന്ന് വർഷത്തിനകം ഈ രംഗത്ത് ഒരു കുതിച്ചുകയറ്റത്തിനുള്ള പദ്ധതി ആസൂത്രണം ചെയ്യുകയാണ്. നാടൻ പശുക്കളിൽനിന്നുള്ള ഉൽപ്പാദനം 30 ശതമാനം മാത്രം കൂടിയപ്പോൾ 80 ശതമാനത്തിന്റെ വർദ്ധനവാണ് സങ്കര ഇനങ്ങളിൽനിന്നു ലഭിച്ചത്.

എന്നാൽ അസൂയാവഹമായ ഈ നേട്ടത്തിൽ സമൂഹത്തിലെ താഴെക്കിടയിലുള്ളവരെ ഭാഗഭാക്കാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്നത് ഒരു ദുഃഖകരമായ സത്യമാണ്. ചില നടപ്പുപദ്ധതികൾ പ്രയോജനപ്പെടുത്തണമെങ്കിൽ മാസവരുമാനം 900 രൂപയിൽ അധികരിക്കരുത് എന്നും ചില പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിൽ അശാസ്ത്രീയ മാനദണ്ഡം ഉന്നതതലത്തിൽ അംഗീകരിക്കുന്നു എന്നതും അശാസ്ത്രീയമാണ്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം.

വീട്ടുവളപ്പിലെ കോഴികൃഷി ബഹുജനശ്രദ്ധയാകർഷിച്ച ഒരു പരിപാടിയാണ്. എന്നാൽ ഈ പദ്ധതിപ്രകാരം വാങ്ങുന്ന കോഴികളിൽ 75 ശതമാനവും ആറുമാസത്തിനുള്ളിൽ രോഗബാധിതരായി ചത്തൊടുങ്ങുകയാണ്. രോഗപ്രതിരോധ നടപടി എങ്ങനെ കൂടുതൽ ഫലവത്താക്കാമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം.

ഗ്രാമസഭാതലത്തിൽ നിർദ്ദേശിക്കപ്പെട്ട ആവശ്യങ്ങളെ താഴെക്കാണുന്നവിധം ക്രോഡീകരിക്കാം.

### വാർഡ് I

1. 75 ശതമാനം വീടുകളിലും കന്നുകാലികളുണ്ട്.
2. 50 ശതമാനം പശുക്കളും അത്യുൽപ്പാദനശേഷിയുള്ളതാണ്.
3. വാർഡിൽ ക്ഷീരസഹകരണ സംഘമുണ്ട്. ന്യായമായ വില കിട്ടുന്നില്ല.
4. 80 ശതമാനം ആളുകളും കാലിത്തീറ്റ വിലയ്ക്കു വാങ്ങുന്നവരാണ്.
5. കറവപ്പശുക്കളെ വളർത്തി പാൽ വിൽക്കുന്നത് ലാഭകരമായ തൊഴിലല്ല.
6. സ്ഥലത്തുള്ള മൃഗാശുപത്രിക്ക് സ്വന്തമായ സ്ഥലമുണ്ട്; കെട്ടിടമില്ല. കെട്ടിടം അടിയന്തിരമായി നിർമ്മിക്കണം.

### വാർഡ് II

1. ഒന്നാം വാർഡിലെ 1 മുതൽ 5 വരെയുള്ള പ്രശ്നങ്ങൾ ഈ വാർഡിനും ബാധകമാണ്.
2. ചികിത്സാ സൗകര്യം കുറവാണ്. അകിടുവീക്കം, പുഴുക്കടി, വയറിളക്കം, ചുമ എന്നീ രോഗങ്ങൾ കന്നുകാലി വളർത്തുന്നവരെ അലട്ടുന്ന പ്രശ്നങ്ങളാണ്.
3. പേപ്പട്ടി വിഷബാധ തടയുന്നതിന് ഫലവത്തായ നടപടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിക്കണം.

### വാർഡ് III

1. രണ്ടാം വാർഡിലെ പോരായ്മകൾ എല്ലാം ഇവിടെയും ഉണ്ട്.
2. ഈ വാർഡിലെ ഊരമന ഉന്നേക്കാട് ഭാഗത്ത് ഒരു I.C.D.P. സെന്റർ ആരംഭിക്കണം.

## വാർഡ് IV

1. സങ്കരയിനം പശുക്കൾ 40 ശതമാനം ഉണ്ട്.
2. 50 ശതമാനം ആളുകൾ കാലിത്തീറ്റ വാങ്ങുന്നു.
3. ഏഴു സ്ഥലങ്ങളിൽ തീറ്റപ്പുല്ല് കൃഷി യുണ്ട്.
4. ഇതര പ്രശ്നങ്ങൾ പൊതുസ്വഭാവമുള്ള താണ്.

## വാർഡ് V

മുൻ വാർഡുകളിലുള്ളതുപോലെ പൊതുസ്വഭാവമുള്ള എല്ലാ പ്രശ്നങ്ങളും

## വാർഡ് VI

ഇതര വാർഡുകളിലെ പൊതുപ്രശ്നങ്ങൾ തന്നെ.

## വാർഡ് VII

കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കണം. മറ്റു പ്രശ്നങ്ങളെല്ലാം പൊതുസ്വഭാവമുള്ളതാണ്.

## വാർഡ് VIII

1. പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കണമെന്നതുൾപ്പടെ എല്ലാ പൊതുപ്രശ്നങ്ങളും.
2. മാമലശ്ശേരിയിൽ ഒരു I.C.D.P. സബ് സെന്റർ സ്ഥാപിക്കണം.

മൃഗസംരക്ഷണ രംഗത്തെ സമഗ്രമായ അഭിവൃദ്ധിയെ ലാക്കാക്കിയുള്ളതാണ് നടപ്പു പദ്ധതികൾ. ഇവയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്യണം. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമായ വ്യവസായമായി പാൽ ഉൽപ്പാദനം നടത്തുന്നതിനും പദ്ധതിയിൽ ഊന്നൽ കൊടുക്കണം. മൂന്നു പശുക്കളെ വളർത്തുന്ന **'മിനി ഡയറി ഫാം'** നടപ്പുപദ്ധതിയിൽ ഉണ്ട്. സബ്സിഡി ലഭ്യമാണ്. ഓരോ വാർഡിലും വർഷം തോറും അഞ്ച് യൂണിറ്റുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് പ്രൊജക്ട് റിപ്പോർട്ടിൽ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിക്കണം.

### വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | പശു | പോത്ത്/എരുമ | ആട് | പന്നി |
|---|---|---|---|---|
| I | 328 | 4 | 228 | 30 |
| II | 329 | 7 | 477 | 56 |
| III | 424 | 16 | 291 | 23 |
| IV | 318 | 14 | 267 | 15 |
| V | 271 | 6 | 228 | 8 |
| VI | 264 | 5 | 234 | 52 |
| VII | 289 | 7 | 174 | 13 |
| VIII | 286 | 7 | 233 | 57 |
| **ആകെ** | **2509** | **66** | **2132** | **254** |

## വളർത്തുപക്ഷി

| വാർഡ് | പൂവൻകോഴി | പിടക്കോഴി | താറാവ് |
|---|---|---|---|
| I | 258 | 1290 | 50 |
| II | 364 | 1820 | 10 |
| III | 296 | 1480 | 504 |
| IV | 257 | 1285 | 2048 |
| V | 250 | 1250 | 312 |
| VI | 197 | 985 | 28 |
| VII | 221 | 1105 | 162 |
| VIII | 266 | 1330 | 66 |
| **ആകെ** | **2109** | **10545** | **3180** |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിൽ രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|
| പശു | 1158 | 107 |
| കിടാരി | 381 | 37 |
| എരുമ | 15 | 2 |

505

## മത്സ്യമേഖല

മീൻപിടുത്തം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ആറ്റിലെ ഉയർന്ന ജലവിതാനവും നികന്നുവരുന്ന കുളങ്ങളും ചാലുകളും ഈ തൊഴിൽ ചെയ്യുന്നവർക്ക് ഒരു ഭീഷണിയാണ്. ഈ പഞ്ചായത്തിലെ 5 ശതമാനം കുടുംബങ്ങൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ പരിമിതമായ തോതിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. ചൂണ്ട, വിവിധയിനം വലകൾ, കെണികൾ ഇവയാണ് ഇവർ ഉപയോഗിക്കുന്നത്. നാടൻ മത്സ്യങ്ങളുടെ ലഭ്യത നമ്മുടെ ജലാശയങ്ങളിൽ 10 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇടവപ്പാതി കാലത്താണ് നാടൻ മത്സ്യങ്ങൾ മുട്ടയിട്ടു പെരുകുന്നത്. ഈ കാലത്ത് മത്സ്യബന്ധനം പാടശേഖരങ്ങളിലും ചാലിലും സുഗമമാണ്. എന്നാൽ വംശവർദ്ധനവിനെ ഇത് കാര്യമായി ബാധിക്കുന്നു.

### നടപ്പുപദ്ധതികൾ

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 59 നടപ്പുപദ്ധതികൾ നിലവിലുണ്ട്. എന്നാൽ ഇതിൽ രണ്ട് പദ്ധതികൾ മാത്രം, മത്സ്യബന്ധന മേഖലയിൽ പെടാത്ത നമുക്ക് ഉപകാര പ്രദമായിരിക്കും.

**1. സാമൂഹ്യ മത്സ്യകൃഷി**

1996-97 ലേക്ക് 45 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതി ഉൾനാടൻ മത്സ്യവികസനം സംബന്ധിച്ചാണ്. മത്സ്യക്കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**2. മത്സ്യ കർഷക വികസന സമിതി**

ഉൾനാടൻ മത്സ്യമേഖലയുടെ വികസനമാണ് ലക്ഷ്യം

1. ചാൽ നിലങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് ഹെക്ടർ ഒന്നിന് 4,000 രൂപ സബ്സിഡി.
2. കുളങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 10,000 രൂപ ബാങ്കുവായ്പയും 25 ശതമാനം സബ്സിഡിയും.
3. സംരംഭകർക്ക് പ്രതിദിനം 25 രൂപ അലവൻസോടുകൂടി 15 ദിവസത്തെ പരിശീലനം.
4. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതിക സഹായവും ലഭ്യമാണ്.

അറുപത് ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിയുടെ ആനുകൂല്യത്തിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു F.F.D.A ഓഫീസുമായി ബന്ധപ്പെടണം.

### പഞ്ചായത്ത് തലപദ്ധതികൾ

പത്തുസെന്റിൽ കൂടുതലുള്ള കുളങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാം. വിസ്തൃതമായ പുറമ്പോക്കുചാലുകൾ പഞ്ചായത്തിന്റെ പല വാർഡുകളിലുമുണ്ട്. ഒരുകാലത്ത് ഇവയിൽ സമൃദ്ധമായി നാടൻ മത്സ്യങ്ങൾ വളർന്നിരുന്നു. കീടനാശിനി കലർന്ന വെള്ളം വയലുകളിൽനിന്ന് ചാലുകളിലേക്ക് ഒഴുകിത്തുടങ്ങിയതോടെ, നാടൻ മത്സ്യങ്ങളുടെ എണ്ണം 25-30 ശതമാനമായി ചുരുങ്ങി.

ആറുമാസം കൊണ്ട് വളർച്ചയെത്തുന്ന മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഇവിടെ മത്സ്യകൃഷി നടത്തുവാൻ സാധിക്കും. ആറ്റുവെള്ളം കയറുന്നതുകൊണ്ട് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങൾ ഈ പഞ്ചായത്തിലെ ഒരു ചാലിലും മത്സ്യകൃഷി അത്ര പ്രായോഗികമല്ല. എന്നാൽത്തന്നെയും ചാൽ നിലങ്ങളും വിസ്തൃതമായ കുളങ്ങളും താഴ്ത്തി ഭിത്തികെട്ടി, മത്സ്യകൃഷിക്ക് ലേലം ചെയ്തു കൊടുക്കാവുന്നതാണ്.

രാമമംഗലം നാലാം വാർഡിലെ ചാൽ നിലങ്ങൾ അനധികൃതമായി പ്രവേശിച്ച് കൃഷി ചെയ്തിട്ടുണ്ട്. ഈ ചാലുകളുടെ സംരക്ഷണഭിത്തി കെട്ടി മത്സ്യകൃഷി പരീക്ഷിക്കേണ്ടതാണ്. ഊരമന, കിഴുമുറി, മാമലശ്ശേരി ഈ സ്ഥലങ്ങളിലും ആദായകരമായി മത്സ്യകൃഷി ചെയ്യുന്നതിന് പുറമ്പോക്ക് സ്ഥല

ങ്ങൾ ലഭ്യമാക്കിയാൽ അത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും. ഇക്കാരണങ്ങളാൽ ജലസേചനം എന്ന ഘട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള കുളങ്ങളുടെയും ചാലുകളുടെയും തോടുകളുടെയും സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം. ❒

## 3. വ്യവസായം

വ്യവസായം ഏതൊരു രാജ്യത്തിന്റേയും സാമ്പത്തികനിലയെ ബാധിക്കുന്ന ഒരു ഘടകമാണ്. വ്യവസായ വിപ്ലവത്തിനുശേഷം യൂറോപ്പിലെങ്ങും മുഴങ്ങിക്കേട്ട മുദ്രാവാക്യമായിരുന്നു **'വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക'** എന്നത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷമുള്ള ആദ്യ ദശകങ്ങളിൽ നമ്മളും ആ മുദ്രാവാക്യം മുറുകെ പിടിക്കുകയും പൊതു ഉടമസ്ഥതയിലുള്ള വൻകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്തു. ഗാന്ധിജി വിഭാവനം ചെയ്ത ചെറുകിട വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമ്പദ് വ്യവസ്ഥയുടെ സാദ്ധ്യത തികച്ചും അവഗണിക്കപ്പെട്ടു. പൊതുമേഖലയിലുള്ള വൻകിട വ്യവസായങ്ങളിൽ പലതും കുറഞ്ഞ ഉത്പാദനക്ഷമത നിമിത്തം വൻ നഷ്ടത്തിലേക്ക് കുതിച്ചതോടെ **'വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക'** എന്ന മുദ്രാവാക്യം **'വ്യവസായവൽക്കരിക്കുക, നശിക്കുക'** എന്ന് മാറ്റി പറയേണ്ടി വരുമോ എന്നുവരെ സംശയം ഉണ്ടായി. പരിസ്ഥിതിയ്ക്കും ജനജീവിതത്തിനും കോട്ടം തട്ടാത്തതും ഓരോ രാജ്യത്തിന്റേയും സാമ്പത്തികനിലയ്ക്ക് അനുയോജ്യമായതുമായ വ്യവസായങ്ങൾക്കായിരിക്കണം പ്രാധാന്യം എന്ന അഭിപ്രായത്തിന് പിന്തുണ ഏറിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ വൻ വ്യവസായശാലകളൊന്നും പ്രവർത്തിക്കുന്നില്ല. ചെറുകിട വ്യവസായശാലകളുടെ സാധ്യതയാണ് ഇവിടെ പ്രധാനമായും പരിശോധിക്കേണ്ടത്. പരമ്പരാഗതവും അല്ലാത്തതുമായ ഒട്ടേറെ രംഗങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ പലതും അതത് പ്രദേശത്തിന്റെ പ്രത്യേകതകളും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും കണക്കിലെടുത്തുകൊണ്ടാണ് എന്നതാണ് അഭിനന്ദനാർഹമായ വസ്തുത.

ഒന്നാം വാർഡിൽ **കളിമൺ വ്യവസായത്തിന്** അനുയോജ്യമായ പ്രദേശങ്ങളുണ്ട്. പരമ്പരാഗതമായി കുടവും കലവും മറ്റ് പാത്രങ്ങളും ഉണ്ടാക്കുന്നതിലുപരി സിറാമിക് ടൈൽസും മാറ്റ് ഉണ്ടാക്കുവാനുള്ള സാങ്കേതിക ജ്ഞാനവും പരിശീലനവും നൽകുക എന്നതാണ്. കുട്ട, മുറം, പനമ്പ് നെയ്ത്ത് വ്യവസായത്തിന് സാധ്യതകളുമുണ്ട്.

സ്ത്രീകളെ സഹായിക്കുന്നതിനായി റെഡിമെയ്ഡ് വ്യവസായവും അച്ചാറുകളും മധുര പലഹാരങ്ങളും നിർമ്മിക്കുന്ന വ്യവസായവും പ്രോത്സാഹിപ്പിക്കാവുന്നതാണ്. തയ്യൽ പരിശീലനം നേടിയ അനേകം സ്ത്രീകൾ സാമ്പത്തിക പരാധീനതകൾ മൂലം തയ്യൽ മിഷീൻ വാങ്ങുവാൻ സാധിക്കാത്തവരായിട്ടുണ്ട്. അവർക്ക് സാമ്പത്തിക സഹായം നല്കുവാൻ ശ്രമിക്കാവുന്നതാണ്.

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും റബർകൃഷി ഉള്ളതുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ സ്ഥാപനം ഈ രംഗത്ത് തുടങ്ങാവുന്നതാണ്. തേനീച്ച വളർത്തൽ 2-ാം വാർഡിലും 3-ാം വാർഡിലും ആരംഭിക്കുവാൻ പറ്റിയ സാഹചര്യമുണ്ട്. ക്ഷീരോൽപ്പാദകസംഘം സംഭരിക്കുന്ന പാൽ പായ്ക്കറ്റിലാക്കി പ്രാദേശികമായി വിതരണം ചെയ്യണം.

ആശാരിപ്പണി, കൊല്ലപ്പണി, തയ്യൽ എന്നിവ പഠിപ്പിക്കുവാനായിട്ട് ഒരു തൊഴിൽശാല തുടങ്ങണം. ബ്ലോക്ക് തലത്തിൽ നടക്കുന്ന ട്രൈസം പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിലാക്കുക. Central Board for Workers Education നുമായി ബന്ധപ്പെട്ട് റൂറൽ ക്യാമ്പ് സംഘടിപ്പിക്കുക.

താഴെ പറയുന്ന വ്യവസായങ്ങളുടെ

സാധ്യത പരിശോധിച്ച് അനുയോജ്യമായവ ആരംഭിക്കണം.

1. ഖാദി യൂണിറ്റ് - കീഴുമുറി ഹരിജൻ കോളനിയിൽ
2. തീപ്പെട്ടിക്കമ്പനി
3. ഓട്ടുകമ്പനി
4. മെഴുകുതിരി നിർമ്മാണം
5. ബട്ടനുകൾ ഉണ്ടാക്കുന്ന സ്ഥാപനം
6. കോഴിവളർത്തൽ, പന്നിവളർത്തൽ
7. ഇരുമ്പ്, കാർഷിക ഉപകരണങ്ങളുടെ നിർമ്മാണം
8. സിമന്റ് ഇഷ്ടിക നിർമ്മാണം തുടങ്ങിയവ അഞ്ചാം വാർഡിലും മറ്റു വാർഡുകളിലും തുടങ്ങണം
9. 8-ാം വാർഡിൽ DWCRA യുടെ ഒരു യൂണിറ്റ് സ്ഥാപിക്കണം ❐

## 4. ഊർജ്ജം ഗതാഗതം മാർക്കറ്റ്

### ഊർജ്ജം

നാടിന്റെ സമഗ്രവികസനത്തിന് അത്യാവശ്യമായ കാര്യമാണ് ഊർജ്ജം. പരമ്പരാഗതമായി നാം ആഹാരം പാകം ചെയ്യുന്നതിന് വിറക് കത്തിച്ച് ഊർജ്ജം ഉണ്ടാക്കുന്നു. വെളിച്ചം കാണുന്നതിന് മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്നു. കാലം മാറിയതോടെ വൈദ്യുതി സർവ്വസാധാരണമായി. നാം കേരളത്തിൽ ജലവൈദ്യുത പദ്ധതികളെയാണ് പ്രധാനമായും ആശ്രയിച്ചുവരുന്നത്. ഇടുക്കി പദ്ധതി 1976 ൽ കമ്മീഷൻ ചെയ്തതോടെ നാം വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായിരുന്നു. തുടർന്ന് ഉപഭോഗം വർദ്ധിക്കുകയും ഉല്പാദനരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ പറ്റാതെ വരികയും ചെയ്തതുകൊണ്ട് നാം വൈദ്യുതി പ്രതിസന്ധിയെ നേരിടുന്നു. കേരളത്തിന്റെ പ്രഥമ സംരംഭമായ 100 മെഗാവാട്ട് താപ വൈദ്യുതനിലയം ബ്രഹ്മപുരത്ത് ഉയർന്നു വരുന്നു. ഇതൊക്കെയായാലും നാം എന്നും വൈദ്യുത പ്രതിസന്ധിയിലായിരിക്കും. ഈ സാഹചര്യം തരണം ചെയ്യുന്നതിന് **സൗരോർജ്ജം** പോലുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ചൂഷണം ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏതാണ് 1950 കളിൽ വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ട്. ചില പ്രദേശങ്ങളൊഴിച്ചാൽ മിക്കവാറും എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത 908 വീടുകളാണുള്ളത്. ഇന്ന് നാം ഗാർഹികാവശ്യത്തിന് ഗോബർഗ്യാസ് പ്ലാന്റ്, പാചക വാതകം മുതലായവ ഊർജ്ജമായി ഉപയോഗിക്കുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് ഊർജ്ജോപഭോഗവും വർദ്ധിക്കുന്നു. വ്യവസായ വളർച്ചയ്ക്കും ഗാർഹികോപകരണങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും അടിസ്ഥാന ഊർജ്ജം വേണ്ടത്ര ലഭ്യമായാൽ വിദ്യാഭ്യാസം, വ്യവസായം, സംസ്ക്കാരം മുതലായ തുറകളിൽ നമ്മുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും.

*സാധ്യതകൾ : വാർഡ് I*

1. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമാ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
2. ഈ വാർഡിന്റെ കോലഞ്ചേരി സെക്ഷന്റെ കീഴിലുള്ള ഭാഗം പാമ്പാക്കുട എ. ഇ. യുടെ കീഴിലാക്കി രാമമംഗലത്ത് ഒരു പുതിയ സെഷൻ ഓഫീസ് അനുവദിക്കുക.
3. വഴിവിളക്കുകൾ വൈദ്യുതലൈൻ കടന്നുപോകുന്ന എല്ലാ റോഡുകളിലും സ്ഥാപിക്കണം.
4. എൽ. പി. ഗ്യാസ് എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

*വാർഡ് II*

1. പാത്തിക്കൽ ഡാമിന്റെ സംഭരണശേഷി

വർദ്ധിപ്പിച്ച് വൈദ്യുതോൽപ്പാദനം നടത്തിയാൽ വർഷത്തിൽആറുമാസത്തേക്ക് ഈ പ്രദേശത്ത് വിതരണം നടത്തുന്നതിന് ഊർജ്ജം ലഭിക്കും. ഈ സ്കീം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

2. കൊടികുത്തി മലയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. വൈദ്യുതി എത്തിച്ചേരാത്ത ഇടമല, ചിറക്കുഴിത്താഴം, കൊടികുത്തി, തണ്ടുംപുറം, കാക്കേത്തുമല, വെള്ളാരംപാറ, കൊള്ളിക്കാട്ടിൽ, ചാത്തംപ്ലാക്കിൽ എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
3. മഞ്ഞപ്പിള്ളിക്കാട് കേന്ദ്രമാക്കി കറന്റ് ചാർജ്ജ് കളക്ഷൻ കേന്ദ്രം സ്ഥാപിക്കണം.
4. സാൽവേഷൻ ആർമി, പാത്തിക്കൽ-മരിട്ടിത്തല, അമ്മേലിക്കൽ-കരിമ്പനാത്തടം, ഊരമന-ആറ്റുവേലിക്കുഴി-വിലങ്ങുപാറ എന്നീ റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.
5. നിലവിലുള്ള തെരുവുവിളക്കുകൾ എന്നും കത്തിക്കുക. ലക്ഷം വീട്, പറമ്പക്കാട്, മഞ്ഞപ്പിള്ളിക്കാട്, കൊടികുത്തി, മരട്ടിത്തല എന്നിവിടങ്ങളിൽ ഓരോ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.
6. ഒടിഞ്ഞുനില്ക്കുന്ന പോസ്റ്റുകൾ മാറ്റി ലൈൻ വലിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുക.

*വാർഡ് III*

**താഴെ പറയുന്ന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.**

1. കോട്ടപ്പുറം പൊട്ടേനിക്കാട് റോഡ്.
2. തവളയടി-മഞ്ഞപ്പിള്ളിക്കാട് റോഡ്..
3. ആറ്റുവേലിക്കുഴി-അറയ്ക്കാകുളങ്ങര റോഡ്
4. ഉന്നേക്കാട്-പാത്തിക്കൽ-മരോട്ടിത്തല റോഡ്.
5. ആറ്റുവേലിക്കുഴി--അമ്പലംപടി-പാത്തിക്കൽ റോഡ്.
6. ഉന്നേക്കാട്-പിറമാടം റോഡ്.
7. ആറ്റുവേലിക്കുഴി-മെതിപാറടാങ്ക്-കോട്ടപ്പുറം റോഡ്.
8. മെതിപാറ-വിരിപ്പുമല റോഡ്.
9. മെതിപാറ-തോട്ടാനി റോഡ്.
10. കമ്പനിപ്പടി-മൂട്ടമല റോഡ്.
11. കോട്ടപ്പുറം-നടുക്കര റോഡ്., കൂടാതെ
    a) നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ നിത്യേന കത്തിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.
    b) ആറ്റുവേലിക്കുഴി ഭാഗത്തുനിന്നും ഊരമന അമ്പലംപടി ഭാഗത്തേക്ക് പകുതിയോളം പണിചെയ്തിരിക്കുന്ന 11 Kv ലൈൻ പണി പൂർത്തീകരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
    c) ആറ്റുവേലിക്കുഴി, ഊരമന അമ്പലംപടി, ഉന്നേക്കാട്, കോട്ടപ്പുറം തുടങ്ങിയ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
    d) സമയബന്ധിതമായി എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.

*വാർഡ് IV*

1. കോരങ്കടവ് ഭാഗത്തും ഹൈസ്ക്കൂളിന്റെ തെക്കുവശത്തും വോൾട്ടേജ് മെച്ചപ്പെടുത്തണം.
2. ചെറുമുള്ളിത്താഴത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് നിലവാരം മെച്ചപ്പെടുത്തണം.
3. എല്ലാ പ്രധാന സ്ഥലങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക. പ്രത്യേകിച്ച് കോരങ്കടവ് ഭാഗത്ത് - നിലവിലുള്ള തെരുവുവിളക്കുകൾ കൃത്യമായി കത്തിക്കുക-
4. പഞ്ചായത്തുകവല, വെള്ളാത്ര, കണ്ടൻകാവ് വളവ്, കുഴിപ്പിള്ളിക്കാവ് കവല,

509

അപ്പാട്ടുകടവ്, കോരൻ കടവ് എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

*വാർഡ് V*

1. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ വഴിവിളക്കുകൾ ഉപയോഗപ്രദമാക്കുക.
2. രാമമംഗലം ഫീഡർ പുനഃസ്ഥാപിക്കുക. (കോലഞ്ചേരിയിൽനിന്ന്)
3. പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വേണ്ടതു ചെയ്യുക.
5. പുതിയ II Kv പോസ്റ്റുകൾ നാട്ടുക.
6. രാമമംഗലം പാലത്തിൽ സ്ട്രീറ്റുലൈറ്റ് സ്ഥാപിക്കുക.
7. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

*വാർഡ് VI*

1. മുടക്കിൽ തോടിന്റെ വടക്കേഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആ പ്രദേശത്ത വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. പുത്താട്ടേൽ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.
3. പാവപ്പെട്ടവരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം ചെയ്യുക.
4. തെളിയാത്ത സ്ട്രീറ്റുലൈറ്റുകൾ കത്തിക്കുക.
5. ആറ്റുതീരം റോഡ്, പമ്പുഹൗസിലേക്ക് തരിയുന്ന ഭാഗം മടത്തിമലയിങ്കൽ കുന്ന് എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
6. കാവുങ്കട, മുടക്കിൽത്താഴം, ഭണ്ഡാരപ്പടി, പച്ചാറ്റേപ്പടി, തുണ്ണാൽപ്പടി, കുമ്പളത്തുതാഴം കുളത്തിനുസമീപം എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റ് ഇടുക.
7. കേടുവന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടുക.
8. ആറ്റുതീരം റോഡിൽ 3 phase line വലിക്കുക.

*വാർഡ് VII*

1. അന്ത്യാലുങ്കൽ പടിയിലും തച്ചിലക്കണ്ടത്തിലും ഉള്ളേലിക്കുന്നിലും ഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. കോട്ടപ്പുറം മാമലശ്ശേരി റോഡിൽ നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.
3. പ്രധാന റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
4. പുകയില്ലാത്ത അടുപ്പുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

## തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിളക്കുകളുടെ എണ്ണം | | |
|---|---|---|---|
| | ഫ്ളൂ.റ്റ്യൂബ് | ബൾബ് | ആകെ |
| I | 1 | 12 | 13 |
| II | 1 | 35 | 36 |
| III | 5 | 45 | 50 |
| IV | 4 | 18 | 22 |
| V | 8 | 30 | 38 |
| VI | 1 | 30 | 31 |
| VII | 2 | 50 | 52 |
| VIII | 3 | 32 | 35 |
| ആകെ | 25 | 252 | 277 |

1. ആകെ വൈദ്യുത ലൈനിന്റെ നീളം : ഏകദേശം 100 k.m.
2. തെരുവു വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം ചെലവഴിച്ച തുക : 42,024 രൂപ
3. വരുമാനത്തിന്റെ എത്ര ശതമാനം : 2.48%

*വാർഡ് VIII*

1. വൈദ്യുതി എത്താത്ത പാലക്കുഴി-ചെറുകുന്നേൽ ഭാഗം, കല്ലറക്കോട്ടുഭാഗം, കോട്ടപ്പുറം റോഡ്, തുരുത്തിക്കാട്ടേൽപ്പറിമാബ്ലേഴിത്താഴം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. താഴെ പറയുന്ന ഭാഗങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
   a) കാവുങ്കട-അപ്പക്കോട്ടിൽത്താഴം
   b) മാമലശ്ശേരി പള്ളിത്താഴം-മേച്ചിരിൽത്താഴം റോഡ്
   c) കുന്നിൽത്താഴം-പള്ളിത്താഴം റോഡ്
   d) കോട്ടപ്പുറം (തച്ചിത്തല) യൂണിയൻ ഓഫീസ് ഭാഗം

തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

## ഗതാഗതം

യാത്രാ സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ വളരെ വിരളമായിരുന്നു. 1950 കളിൽ രാമമംഗലം പാമ്പാക്കുട റോഡിൽക്കൂടി പൊതുയാത്രാ സൗകര്യമുണ്ടായി. തുടർന്ന് മൂവാറ്റുപുഴയാറിന് കുറുകെ രാമമംഗലം പാലം ഉണ്ടായതോടുകൂടി ജില്ലാ തലസ്ഥാനത്തേക്ക് സൗകര്യമായി അല്പം കൂടുതൽ സഞ്ചരിച്ചിട്ടാണെങ്കിൽപ്പോലും എത്തിച്ചേരുവാൻ സാധിക്കുന്നു. സംസ്ഥാന തലസ്ഥാനത്തേക്ക് മൂവാറ്റുപുഴയിൽനിന്നും ഈ പഞ്ചായത്തിലെ ഏതാനും വാർഡുകൾ വഴി ഒരു ഫാസ്റ്റ് പാസ്സഞ്ചർ വണ്ടി സർവ്വീസ് നടത്തുന്നു.

പൊതു യാത്രാ സൗകര്യങ്ങളുടെ ദൗർലഭ്യത നിമിത്തം മിക്കവരും സ്വന്തം വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ നിർബന്ധിതരാകുന്നു. ഇതിനാൽ രാജ്യത്തിന് ഇന്ധനക്ഷാമവും വാഹനങ്ങളുടെ അമിതമായ പെരുപ്പവും ഉണ്ടാകുന്നു. ഉപരിപഠനത്തിന് സൗകര്യമില്ലാത്ത നമ്മുടേതുപോലുള്ള പഞ്ചായത്തിലെ വളർന്നുവരുന്ന തലമുറയ്ക്ക് സൗകര്യമുള്ള സ്ഥാനത്തുപോയി പഠിക്കുന്നതിനും അതുവഴി രാജ്യത്തിന്റെ മാനവിക വിഭവവർദ്ധനയക്കുംവേണ്ടി വിദ്യാർത്ഥികൾക്ക് സൗജന്യമായി സഞ്ചരിക്കുന്നതിന് അവസരമുണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിൽക്കൂടി നിലവിൽ എറണാകുളത്തിന് 10, ആലുവായ്ക്ക് 5, കൂത്താട്ടുകുളത്തിന് 10, മൂവാറ്റുപുഴയ്ക്ക് 7, പിറവത്തിന് 4, കോലഞ്ചേരിക്ക് 15, കോതമംഗലത്തിന് 4, കോട്ടയത്തിന് 4, തിരുവനന്തപുരത്തിന് 1 എന്നീ ഷെഡ്യൂളുകൾ ഓടുന്നുണ്ട്. എന്നിരുന്നാലും അത്യാവശ്യ സമയങ്ങളിൽ യാത്രാതിരക്ക് വളരെയേറെയാണ്. കൂടാതെ അശാസ്ത്രീയമായ Fare Stage സാധാരണക്കാരെ വളരെയേറെ ബാധിക്കുന്നു. ആകെ ഇതുവഴി പോകുന്ന ബസ്സുകളുടെ എണ്ണം 25 ആണ്. നിലവിൽ ഈ പഞ്ചായത്തിലെ സഞ്ചാരയോഗ്യമായ റോഡുകളുടെ നീളം 110-21 കി. മീ. ആണ്.

കഴിവതും സഹകരണാടിസ്ഥാനത്തിലോ സ്വാശ്രയാടിസ്ഥാനത്തിലോ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നത് ഉചിതമായിരിക്കും.

### സാധ്യതകൾ

*വാർഡ് I*

1. പെരുവംമൂഴി-കുന്നുംപുറം പമ്പുഹൗസ് റോഡ് ഒരു കി. മീ. നീളം ഗതാഗതയോഗ്യമാക്കണം.
2. തോട്ടാപ്പിള്ളി കടവിലേക്കുള്ള റോഡ് നന്നാക്കി ടാറിംഗ് നടത്തണം.
3. പള്ളിപ്പുറത്തുകടവ് റോഡ് പെരുവംമൂഴി-കിഴക്കേപ്പൊതി റോഡ് ഇവ സഞ്ചാരയോഗ്യമാക്കണം.
4. കരവട്ടേ പെരുവംമൂഴി കടവിലേക്കുള്ള വഴി, മറ്റംതൊട്ടി കടവ് റോഡ്, പൊതിയിൽ കടവ്, കോമേക്കടവ്, പൊന്നാൽ കടവ് തുടങ്ങിയ കടവിലേക്കുള്ള റോഡുകൾ ടാർ ചെയ്തും കടവുകൾ കെട്ടിയും സൂക്ഷിക്കണം.

5. കുന്നുംപുറം റോഡ്, വേളാർ കോളനി, കോളനി പറയൻ തുരുത്ത് റോഡ്, പ്ലാപ്പിള്ളിത്താഴത്തുനിന്നു ചിരക്കരത്തുരുത്തു വഴി മന്നമേൽ താഴത്തേക്ക് സാൽവേഷൻ ആർമിയിൽനിന്നും മറ്റംവഴി റോഡ് റേഷൻ കടയിൽനിന്നും ലക്ഷം വീട് ഭാഗം നാച്ചേരിത്താഴം ചൊക്ലായിത്താഴം തുടങ്ങിയ പുതിയ റോഡുകൾ നിർമ്മിക്കണം.
6. PWD റോഡുകൾ, പുതുക്കോൾ-ശിവലി റോഡ് ഇവ റീടാറിംഗ് ചെയ്ത് സൈഡ് കെട്ടി സംരക്ഷിക്കണം.

മാറാടി ഊരമന റോഡ് പാടിയേടത്തു താഴം ഭാഗത്ത് വളവുനിവർത്തി മണ്ണിട്ട് പൊക്കി സഞ്ചാരയോഗ്യമാക്കണം. പെരുവംമൂഴി-പിറവം റോഡിൽ ഒന്നര കിലോമീറ്റർ മുതൽ മണ്ണിട്ട് പൊക്കണം.

7. പെരുവംവഴി പാലത്തിന്റെ അപ്രോച്ചു റോഡിന്റെ ഓടയിൽക്കൂടി വരുന്ന മല വെള്ളം പാടത്തേക്ക് വീഴാതെ പെരും തോട്ടിലേക്ക് വീഴാൻ വേണ്ട സംവിധാനം ചെയ്യണം.
8. ഊരമന ഒന്നാം വാർഡിൽ ഒൻപത് വെയിറ്റിംഗ് ഷെഡ് പണിയണം.

*വാർഡ് II*

1. ശിവലി-തവളയടി റോഡ്, ശിവലി സാൽവേഷൻ ആർമി റോഡ്, പാത്തിക്കൽ-മരട്ടിത്തല റോഡ്, വാട്ടർ ടാങ്ക് റോഡ്, അമ്മോലിക്കൽ-കരിമ്പനാൽത്തടം റോഡ് എന്നിവ ടാർ ചെയ്യണം.
2. നെല്ലിക്കാപറമ്പ്-വെള്ളാരംപാറ വിലങ്ങുപാറ റോഡ്, മഞ്ഞപ്പിള്ളിക്കാട് പറമ്പ്രക്കാട് റോഡ്, താന്നിക്കുഴി-ഓലിക്കാട് റോഡ്, വെല്യാംകുഴി-കൊടികുത്തി റോഡ്, ചാത്തംപ്ലാക്കിൽ കൊടക്കാട്ടിൽത്താഴം റോഡ്, കാക്കേത്ത് ഓന്നിയൽ വയൽ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.
3. താഴെ പറയുന്ന പുതിയ റോഡുകൾ നിർമ്മിക്കുക.
   a) അമ്പലംപടി ആഞ്ഞിലിച്ചോട് റോഡിൽനിന്നും ഊരമന ഈസ്റ്റിലേക്ക്
   b) ചാത്താംപ്ലാക്കിൽ കണ്ണിപ്പിള്ളിത്താഴത്തേക്കും പാടത്തേക്കും
   c) വിലങ്ങുപാറ-കരിമ്പനാൽത്തടം ഭാഗത്തേക്ക്
   d) അള്ളുങ്കൽ നിന്നും പാമ്പാക്കുട പഞ്ചായത്തിലേക്ക് യോജിപ്പിക്കുന്ന റോഡ്
   e) കരിമ്പനാൽത്തടം-പാത്തിക്കൽ കോളനി
   f) ചീരകുഴിത്താഴം വല്യാർ കല്ലിങ്കൽ ഹരിജൻ കോളനി
   g) കാക്കേത്ത്-മടത്തിക്കുടിത്താഴം കൊടികുത്തി എല്ലാ റോഡുകൾക്കും ഓടകളും കലുങ്കുകളും ഉണ്ടാവണം. വിലങ്ങുപാറ ഉള്ളപ്പിള്ളി പാലം വഴി ബസ് സൗകര്യം ഉണ്ടാക്കണം.

*വാർഡ് III*

1. പെരുവംമൂഴി പാലം പണി തീരുന്നതോടൊപ്പം ആറ്റുവേലിക്കുഴി പാലം ഉയർത്തിപ്പണിയുക. ആറ്റുവേലിക്കുഴി-കോട്ടപ്പുറം-മാമലശ്ശേരി പിറവം റോഡ് 12 മീറ്റർ വീതിയിൽ ഗതാഗതയോഗ്യമാക്കുക.
2. ആനിവീട്ടിൽത്താഴത്തുനിന്നും No. 3 കനാലിന്റെ തെക്കുകിഴക്കോട്ടുള്ള ഭാഗം കവറിംഗ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
3. ചാത്തംപ്ലാക്കു കോളനിയിൽപ്പെട്ട കുറിച്ചാമല നിവാസികൾക്ക് റോഡ് നിർമ്മിക്കുക.
4. മെതിപാറ ലക്ഷം വീട് കോളനിയിൽ നിന്നും (കോട്ടപ്പുറം) മൂട്ടമല ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.
5. തട്ടുപുറം-മംഗളം കവലയിൽനിന്നും മനയ്ക്കത്താഴം റോഡ് പൂർത്തിയാക്കുക.

6. കോട്ടപ്പുറം--പൊട്ടേനിക്കാട് റോഡ് (മനയ്ക്കത്താഴം കൂടി) സഞ്ചാരയോഗ്യമാക്കുക.

7. മൂക്കിരിക്കൽ പാത്തിക്കൽ റോഡ് സഞ്ചാരയോഗ്യമാക്കുക.

8. പ്ലാപ്പിള്ളിത്താഴം ഉള്ളപ്പിള്ളിക്കാവ് റോഡ് നിർമ്മിക്കുക.

9. മെതിപാറ തോട്ടാനിപ്പടി റോഡ് നിർമ്മിക്കുക.

10. കമ്പനിപ്പടി-മുട്ടമല റോഡ് ഉണ്ടാക്കുക.

11. കോട്ടപ്പുറം മെതിപാറ കനാൽ (കോട്ടപ്പുറം ഭാഗം) കവറിംഗ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

12. കോട്ടപ്പുറം തുരുത്തേൽത്താഴം-കീരമ്പിടം ഭാഗത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

13. പറയംപതി-പാത്തിക്കൽ റോഡിൽ പറയംപതി ഭാഗത്തുനിന്നും പുല്യാട്ടുതാഴം അമ്പലംപടി ആനിച്ചുവട് റോഡിലേക്ക് റോഡ് നിർമ്മിക്കുക.

14. കോട്ടപ്പുറം ലക്ഷം വീട് ഭാഗത്തുനിന്നും മുലാത്തിപ്പിള്ളി വഴി മാരിത്താഴത്തേക്ക് റോഡ് നിർമ്മിക്കുക.

15. രാമമംഗലം പഞ്ചായത്തിൽ ആശുപത്രിപ്പടി കേന്ദ്രീകരിച്ച് ബസ് സ്റ്റാൻഡ് പണിയുക.

16. ആശുപത്രിപ്പടിയിൽ എത്തിച്ചേരുന്ന ഏതാനും ബസ്സുകൾ 2, 3 വാർഡുകളിൽ കൂടിക്കടന്ന് പിറമാടം വരെയുള്ള ജനങ്ങൾക്ക് യാത്രാസൗകര്യം ഉണ്ടാക്കുക.

17. കോട്ടപ്പുറം പൊട്ടേനിക്കാട് കനാൽ ബണ്ട് റോഡ് നിർമ്മിക്കുക.

*വാർഡ് IV*

1. കണ്ടൻകാവ് ക്ഷേത്രത്തിനു സമീപത്തുനിന്നും പുരാതീനമായി ഉണ്ടായിരുന്ന പഴയവഴി പുറമ്പോക്ക് ഒഴിപ്പിച്ച് റോഡാക്കി പണിത് ആശുപത്രിപ്പടി-കാട്ടലിക്കുരിശ് റോഡിൽ മൂത്തേടത്തുപടിയിൽ ബന്ധിപ്പിക്കണം. തുടർന്ന് നിലവിലുള്ള റോഡ് പടിഞ്ഞാറേക്ക് കാട്ടിലിക്കുരിശിനു സമീപം PWD റോഡിനെ ഖണ്ഡിച്ച് കോലത്തുപടിയിൽനിന്ന് പഴയ റോഡിലൂടെ മാലേത്തുഭാഗത്ത് എത്തിയശേഷം പെരുംതൃക്കോവിൽ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽനിന്നും കിഴക്കോട്ട് നടപ്പാത വീതികൂട്ടി ഇതുമായി ബന്ധിപ്പിക്കണം. ഇത് ഒരു By pass റോഡാണ്. ഉദ്ദേശ 1½ കി. മി. നീളം 51 മീറ്റർ വീതിയും ഉണ്ടായിരിക്കും. ഇതിന്റെ എല്ലാ പണികളും പഞ്ചായത്ത് ഏറ്റെടുക്കണം.

2. PWD റോഡിൽ നെല്ലാട്ടുപടിയിൽനിന്നും പ്രിയദർശിനി മഹിളാസമാജം, ബാലവാടി എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കും തുടർന്ന് പാടത്തേക്കും മൂന്നുമീറ്റർ വീതിയിൽ പുതിയ റോഡ് - ഉദ്ദേശം 500 മീ.

3. ആശുപത്രിപ്പടി കാട്ടാലിക്കുരിശ് റോഡിൽ തട്ടാനിയത്ത് പടിക്കൽനിന്നും പാമ്പുരി പാടത്തേക്ക് ഇപ്പോഴുള്ള റോഡ് വികസിപ്പിച്ച് വാഹനം ഇറങ്ങുന്നതിന് റാമ്പ് കെട്ടണം - ഉദ്ദേശം 500 മീ.

4. കുഴിപ്പിള്ളിക്കാവ്--കൈപ്പിള്ളികുന്നത്ത് റോഡിൽ കോരങ്കടവ് അപ്പാട്ടുകടവ് റോഡിൽ ബന്ധിക്കുന്ന വളവിൽനിന്ന് കിഴക്കോട്ടുള്ള വഴി വികസിപ്പിച്ച് 300 മീറ്റർ നീളത്തിൽ വരണ്ടകൻ പാടത്തേക്ക് റോഡ് പണിയണം.

5. മംഗലത്തു മനപ്പടി-പ്ലാവത്താഴം റോഡ് നിർമിച്ച് കോരങ്കടവ റോഡുമായി ബന്ധിപ്പിക്കണം - ഉദ്ദേശം 1 കി. മീ.

6. 4-ാം വാർഡിന്റെ മദ്ധ്യത്തിലൂടെയുള്ള PWD റോഡ് വീതികൂട്ടി അടിയന്തിരമായി ടാറിംഗ് ചെയ്യണം.

7. ആശുപത്രിയിൽനിന്നും PHC-യിലേക്കുള്ള റോഡ് ഉടനെ ടാർ ചെയ്ത് ഈ റോഡിലെ Auto Stand അവിടെനിന്നും മാറ്റി ആശുപത്രിപ്പടിയിലെ പുറമ്പോക്ക്

ഒഴിപ്പിച്ച് അവിടെ Auto Stand നിർമ്മിക്കുകയും അതോടനുബന്ധിച്ച് എല്ലാ സൗകര്യവുമുള്ള ഒരു കംഫർട്ട് സ്റ്റേഷൻ ഉണ്ടാക്കുകയും വേണം.

8. നടക്കാവ് സമീപത്തുനിന്നും വടക്കോട്ടു വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

9. ആശുപത്രിപ്പടി കാട്ടാലിക്കുരിശ് റോഡിൽ വാരനാട്ടുപടിയിൽ നിന്നുള്ള റോഡ് വികസിപ്പിച്ച് ചക്രവേലിത്താഴത്ത് പാടവുമായി ബന്ധിപ്പിക്കണം.

10. കാവുംപുരയ്ക്കൽ-പ്ലാന്തുരുത്തി റോഡ് വീതികൂട്ടി ആവശ്യമുള്ളിടത്ത് സംരക്ഷണഭിത്തി കെട്ടി, റോഡ് മെറ്റലും ടാറും ഇട്ട് റോഡ് അവസാനിക്കുന്നിടത്ത് റാമ്പ് കെട്ടി കുളിക്കടവും നിർമ്മിക്കണം.

11. ആശുപത്രിത്താഴം-പാറേത്താഴം റോഡ് വീതി കൂട്ടി ടാറിംഗ് നടത്തണം.

12. കോരങ്കടവ്-അപ്പാട്ടുകടവ് GLPS റോഡിലെ വളവുകൾ നിവർത്തി ബസ് ഗതാഗതത്തിന് യോഗ്യമാക്കണം - റോഡിലെ ഇല. പോസ്റ്റുകൾ അരികിലേക്ക് മാറ്റി സ്ഥാപിക്കണം. ഈ റോഡിൽനിന്നും വരണ്ടകൻ പാടത്തേക്ക് ഇറങ്ങുന്നതിന് സൗകര്യം ചെയ്യണം. റോഡിന്റെ ഉദ്ധാരണ വേലകൾക്ക് സന്നദ്ധസേവനം ഉപയോഗപ്പെടുത്തണം.

13. തൊട്ടിൽപ്പടി-വരണ്ടകംപാടം റോഡ് വികസിപ്പിച്ച് അവസാനിക്കുന്നിടത്ത് റാമ്പ് നിർമ്മിക്കണം.

14. YMCA - നടുക്കര റോഡ്, കോരങ്കടവ് റോഡ് ഇവയുടെ ടാറിംഗ് ഉടൻ പൂർത്തിയാക്കണം.

15. ബസ് സ്റ്റാൻഡ് ആശുപത്രിപ്പടിക്കു സമീപം തന്നെ സ്ഥലമെടുത്ത് മുൻ പഞ്ചായത്ത് തീരുമാനമനുസരിച്ച് നടത്തണം.

*വാർഡ് V*

1. പിറവം-രാമമംഗലം റോഡ് ഉയർത്തി വീതികൂട്ടി ടാർ ചെയ്യുക.
2. മാർക്കറ്റ് റോഡ് വികസിപ്പിക്കുക.
3. രാമമംഗലം പള്ളിത്താഴം മുതൽ എളമ്പാശ്ശേരിക്കടവ് വരെയുള്ള റോഡ് മെറ്റൽ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
4. മനക്കടവ് റോഡ് വികസിപ്പിക്കുകയും കടത്ത് സൗകര്യപ്രദമാക്കുകയും ചെയ്യുക.
5. കീഴുമുറി സ്ക്കൂൾ പടിക്കൽനിന്നും ആരംഭിക്കുന്ന ഉള്ളേലിക്കുന്നു റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
6. ഉള്ളേലിക്കുന്ന്-പാമ്പുരിച്ചാൽ റോഡും ചാലിന് കുറുകെ ഫുഡ് ബ്രിഡ്ജും നിർമ്മിക്കുക. ഉള്ളേലിക്കുന്ന് സെറ്റിൽമെന്റ് കോളനിയിൽനിന്നും കുപ്പാരത്തിൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
7. രാമമംഗലം കടവിൽനിന്നും ഒരു പുതിയ വഴി പള്ളിത്താഴത്ത് അവസാനിക്കുന്ന വിധത്തിൽ നിർമ്മിക്കുക.
8. കീഴുമുറി പള്ളിത്താഴത്ത് ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ സൈഫൺ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.
9. രാമമംഗലം മണൽക്കടവും കപ്പിങ്ങാട്ടു കടവും അമ്പലക്കടവും കെട്ടി സംരക്ഷിച്ച് ടാറിംഗ് പൂർത്തിയാകാത്ത ഭാഗത്ത് ടാർ ചെയ്യുക.
10. രാമമംഗലം കടവിൽ ടാക്സി സ്റ്റാൻഡും ബസ് സ്റ്റാൻഡും പണിയുക.
11. K. S. R. T. C. യുടെ ഒരു പുതിയ Schedule ഈ വാർഡിൽക്കൂടി എറണാകുളത്തിന് അനുവദിക്കുക.

*വാർഡ് VI*

**താഴെ പറയുന്ന റോഡുകൾ ടാറിടുക.**

a) മാമലശ്ശേരി ആറ്റുതീരം റോഡ്

b) പുത്തൻപുരകുടി-കുഴിപ്പിള്ളിത്താഴം

c) പുത്തൻപുരകുടി പള്ളിപ്പടി-പള്ളിച്ചിറ

d) മുടക്കിൽ പാലത്തിനുസമീപം തുണ്ണാൽ പീടിക തുടങ്ങി നന്ത്യേടത്ത് പടിയിൽ അവസാനിക്കുന്ന ഭാഗം

e) പുത്തൻപുരകുടി-പള്ളി മുതൽ 7-ാം വാർഡ് അതിർത്തിവരെ 100 മീറ്റർ

f) താഴത്തേക്കോട് പമ്പുഹൗസിലേക്ക് പോകുന്ന റോഡ്

**താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ റോഡ് ഉണ്ടാക്കുക**

1. മുടക്കിൽ PWD റോഡ് തൊണ്ടിക്കടവിലേക്ക് നീട്ടുക.
2. തുണ്ണാമലപ്പടിയിൽനിന്നും പുത്തൻപുരകുടി റോഡിലേക്ക് മുറിയുന്ന റോഡ് പൂർത്തിയാക്കുക.
3. നേനത്തെപ്പടിക്കൽനിന്നും മുടയംകാട്ടിൽ താഴത്തേക്കും ആറ്റുതീരം റോഡിലേക്കും മുറിയുന്ന റോഡ് പൂർത്തിയാക്കുക.
4. മഹിളാസമാജം പടിക്കൽനിന്നും കൈപ്പിള്ളിത്താഴം ഭാഗത്തേക്ക് റോഡ് ഒരു മീറ്റർ പൊക്കി സൈഡ് കെട്ടി സംരക്ഷിക്കണം.

കീഴുമുറി കടവിൽനിന്നും തെക്കോട്ട് ചൗരാപ്പാക്കിൽ പാടത്തേക്കുള്ള വഴി പൂർത്തിയാക്കുക. ടി റോഡിന്റെ സൈഡിൽക്കൂടി പോകുന്ന കനാൽ റോഡിനിരുവശവും കെട്ടി റോഡ് സഞ്ചാരയോഗ്യമാക്കുക.

5. കല്ലറയ്ക്കൽ പാടത്തേക്ക് വണ്ടി ഇറങ്ങുന്നതിന് റോഡ്
6. കക്കാട്ടേത്താഴത്തുനിന്നും മൂശാരിപറമ്പിലേക്കും റോഡ് പ്രധാന റോഡുകളിൽ ഓടകളും കലുങ്കുകളും നിർമ്മിക്കുക.
7. മട്ടമ്മേത്താഴം, മുടയംകാട്ടിൽത്താഴം എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.
8. ഭണ്ഡാരപ്പടി, കാവുങ്കട, തുണ്ണാൽപ്പടി, മുടയംകാട്ടിൽത്താഴം എന്നീ പ്രധാന സ്റ്റോപ്പുകളിൽ Waiting Shed പണിയുക.
9. കൂത്താട്ടുകുളം-എറണാകുളം K.S.R.T.C. ബസ് അനുവദിക്കുക.
10. കോട്ടയം-കോലഞ്ചേരി K.S.R.T.C. ബസ് സർവ്വീസ് പുനഃരാരംഭിക്കുക.
11. ആറ്റുതീരം റോഡിൽ Bus Service ആരംഭിക്കുക.
12. ആറ്റുതീരം റോഡിൽ കല്ലൂർ മനപ്പടിയിൽനിന്നും കനാൽ ബണ്ടിലേക്ക് റാമ്പ് കെട്ടുക.
13. മണീട് പഞ്ചായത്തിനേയും രാമമംഗലം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആറ്റുതീരം റോഡിൽ തൊണ്ടിക്കടവിന് സമീപം പാലം നിർമ്മിക്കുക.
14. ആറ്റുതീരം റോഡിൽ കുരുത്തോലപ്പടിക്കൽ കലുങ്ക് പണിയുക.
15. മാമ്പ്ലപ്പടി മുതൽ കണിയാർക്കാവ് പണി പൂർത്തിയാക്കുക.
16. കോട്ടമുറിപ്പടിയിൽനിന്നും മുടക്കിൽ കടവിലേക്ക് റോഡ് പൂർത്തിയാക്കുക.
17. കീഴുമുറി കടവിൽനിന്നും ഒടമ്പാടത്ത് താഴത്തുകുടി പാടത്തേക്ക് പോകുന്ന റോഡ് പൂർത്തിയാക്കുക.
18. പുത്തൻപുരകുടി ചാപ്പലിന്റെ പുറകിൽക്കൂടി തുണ്ണാൻപ്പടി കൂടി കോഴിച്ചാലിലേക്കുള്ള റോഡ് പൂർത്തിയാക്കുക.

കുമ്പളത്തുതാഴത്തുനിന്നും പള്ളിത്താഴത്തേക്ക് റോഡ് നിർമ്മിക്കുക.

19. തൊണ്ടിക്കടവ് കരിങ്കല്ല് കെട്ടി സംരക്ഷിക്കുക.

*വാർഡ് VII*

1. വാർഡിലെ പ്രധാനം കേന്ദ്രങ്ങളിൽക്കൂടി കടന്നുപോകുന്ന തരത്തിന് ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങണം.
2. കോട്ടപ്പുറം-അന്ത്യാലുങ്കൽപ്പടി-നെട്ടുപ്പാടം റോഡ് റീടാറിംഗ് നടത്തണം.
3. നെട്ടൂപ്പാടത്തുനിന്നും പടമറ്റം വഴി തച്ചി

ലുകണ്ടത്തിൽ താഴത്ത് സന്ധിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

4. പുത്തൻപുരകുടി-മാമലശ്ശേരി റോഡിലെ അവശേഷിക്കുന്ന 250 മീറ്റർ ടാറിംഗ് പൂർത്തീകരിക്കണം.

5. 7-ാം വാർഡിനേയും 6-ാം വാർഡിനേയും ബന്ധിപ്പിക്കുന്ന എരുമലക്കോട് പുല്യാട്ടേൽത്താഴം റോഡ് പുതിയതായി നിർമ്മിക്കണം.

6. തച്ചിലക്കണ്ടത്തുനിന്നും കൈലേലിയുമായി ബന്ധിപ്പിക്കുന്ന 'തച്ചിലുകണ്ടത്തിൽത്താഴം വണ്ടംകുഴിത്താഴം റോഡ്' പുതിയതായി ഉണ്ടാക്കണം.

7. പടമറ്റത്തുനിന്നും കുന്നയ്ക്കാത്തുപടിയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

8. ഉള്ളേലിക്കുന്നിലെ കുരിലിത്താഴത്തുനിന്നും പാടത്തേക്കുള്ള റോഡ് വീതി കൂട്ടി പണിയണം.

9. ഇടശ്ശേരി പാടശേഖരത്തിലേക്ക് കൃഷി സാധനങ്ങൾ എത്തിക്കുന്നതിന് റോഡ് ഉണ്ടാക്കുക.

10. അന്ത്യാലുങ്കൽപ്പടി-ആലുംചേരിത്താഴം റോഡ് പണി പൂർത്തീകരിക്കണം.

11. കിഴക്കേടത്ത് കുഴിത്താഴത്തുനിന്നും തുടങ്ങുന്ന കൊമ്മലമുകൾ റോഡ് ആലുംചേരിത്താഴം റോഡിൽ ബന്ധിപ്പിക്കുക.

12. പടമറ്റം-കോഴിച്ചാൽ റോഡ് വീതികൂട്ടി പണിയുക.

13. കോട്ടപ്പുറം-മാമലശ്ശേരി റോഡിന്റെ എല്ലാ പണികളും പൂർത്തിയാക്കണം.

14. പൊരുത്തോളിത്താഴം തച്ചിലുകണ്ടത്തിൽത്താഴം റോഡ് പൂർത്തീകരിക്കുക.

15. നെട്ടുപ്പാടത്തുനിന്നും പടമറ്റം വഴി തച്ചിലുകണ്ടത്തിൽത്താഴത്ത് സന്ധിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്ത് നന്നാക്കണം.

16. കീഴുമുറി ലക്ഷം വീട്-മംഗലത്തുതാഴം റോഡ് വീതി കൂട്ടി നന്നാക്കണം.

17. കീഴുമുറി ലക്ഷം വീട് മൂന്നുസെന്റ് കോളനി റോഡ് വീതി കൂട്ടി നിർമ്മിക്കണം.

*വാർഡ VIII*

**പുതിയതായി ആവശ്യമുള്ള വഴികൾ**

1. കോട്ടപ്പുറം (യൂണിയൻ ഓഫീസ്) വിശ്വകർമ്മക്ഷേത്രം വരെ.
2. കിഴക്കംകര ചെറുകുന്നേൽപ്പടി കൈലോലി റോഡ്.
3. കൈലോലി ചാപ്പൽ-ചേന്നാട്ടുപടി റോഡ് മണ്ണൂരാംപടി വരെ.

**താഴെ പറയുന്ന റോഡുകൾ ടാറിട്ട് ഗതാഗതയോഗ്യമാക്കണം**

1. കുന്നിത്താഴം-പള്ളിത്താഴം റോഡ്
2. കോട്ടപ്പുറം-കാർത്തികപ്പാടം റോഡ്
3. കോട്ടപ്പുറം-കീഴുമുറി റോഡ്

**താഴെ പറയുന്ന റോഡുകളുടെ റീടാറിംഗ് നടത്തുക**

1. കാവുങ്കട-കല്ലറക്കോട് വീതി കൂട്ടി ടാറിംഗ്.
2. കാവുങ്കട-മാങ്കുത്താഴം റോഡ് വീതി കൂട്ടി ടാറിടണം.

കാവുങ്കട-കല്ലറക്കോട് റോഡിൽ കാർത്തികപ്പാടത്ത് പാലത്തിന്റെ സൈഡ് കെട്ടണം.

കാവുങ്കട, മാമലശ്ശേരി പള്ളിത്താഴം കോട്ടപ്പുറം (തച്ചിത്തല) യൂണിയൻ ഓഫീസ് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുക.

## മാർക്കറ്റ്

രാമമംഗലം പഞ്ചായത്തിലെ ഏക പൊതുവിപണനകേന്ദ്രം 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 1950 ന് മുമ്പ് ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നതാണ് ഈ ചന്ത. ഇവിടെ നിന്നുമായിരുന്നു ജനങ്ങൾ പലചരക്കു സാ

ധനങ്ങൾ മൊത്തമായി വാങ്ങി മറ്റു വാർഡു കളിൽ കൊണ്ടുപോയി വിപണനം നടത്തി യിരുന്നത്. ഈ മാർക്കറ്റിൽ പച്ചക്കറി, പഴം, മീൻ, ഇറച്ചി, മറ്റുവിഭവങ്ങൾ കൊണ്ടുവന്ന് വിറ്റഴിക്കുന്നു. സാധനങ്ങൾ രാമമംഗലത്ത് കൊണ്ടുവന്നിരുന്നത് മട്ടാഞ്ചേരിയിൽനിന്നും വള്ളങ്ങളിലാണ്.

ഈ മാർക്കറ്റിൽനിന്നും എണ്ണായിരം രൂപ യോളം വരുമാനം ലഭിക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ് വാട്ടർ സപ്ലൈ സൗകര്യമുണ്ട്. നിലവിലുള്ള മാർ ക്കറ്റ് തറ ഫ്ളോർ ചെയ്തു വൃത്തിയായി സൂക്ഷിക്കണം.

1. രാമമംഗലം ആശുപത്രി കവലയോടനു ബന്ധിച്ച് പണിയുന്ന ബസ് സ്റ്റാൻഡി നോടനുബന്ധിച്ച് മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും പണിയുക.
2. ഒന്നാം വാർഡിൽ സിവിൽ സപ്ലൈ കോർ പ്പറേഷന്റെ ഒരു സ്റ്റോർ തുറക്കണം.
3. മൂന്നാം വാർഡിൽ പാത്തിക്കൽ കേന്ദ്ര മായി ഒരു മാർക്കറ്റ് സ്ഥാപിക്കുക. ❒

## 5. കുടിവെള്ളവും പൊതു ജനാരോഗ്യവും

### കുടിവെള്ളം

കേരളത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്ന കുടിവെള്ളസ്രോതസ്സ് കിണറുകളായിരുന്നു. കാലങ്ങൾ പിന്നിട്ട പ്പോൾ കുടിവെള്ളം സംഭരണികളിൽ ശേഖ രിക്കുവാനും രാസപദാർത്ഥങ്ങൾ കലർത്തി മാലിന്യങ്ങൾ മാറ്റി പൈപ്പുകളിൽക്കൂടി ഒഴുക്കി കുടിക്കുവാനും കുളിക്കുവാനും ഉപ യോഗിക്കുവാൻ തുടങ്ങി. ഈ വിതരണ ശൃം ഖലയിൽ എവിടെയെങ്കിലും തടസ്സമുണ്ടാ യാൽ കുടിവെള്ള വിതരണം ബുദ്ധിമുട്ടി ലാവും. 1950 കളിൽ മിക്കവരും കൃഷിക്കാ രായിരുന്നതുകൊണ്ട് നെൽകൃഷിയിറക്കുന്ന തുകൊണ്ട് ഭൂമിയിലെ നീർക്കെട്ട് നിലനി ന്നിരുന്നു. നാണ്യവിളകൾക്ക് വെള്ളം കെട്ടി നിർത്തേണ്ട ആവശ്യമില്ലാത്തതിനാലും വളരെ അടുപ്പത്തിൽ കിണറുകൾ നിർമ്മി ക്കുന്നതുകൊണ്ടും മണ്ണിലെ നനവുള്ള ഭാഗം വളരെവേഗം വരൾച്ച ബാധിക്കുകയും കിണ റുകളിലേയും കുളങ്ങളിലേയും ജലനിരപ്പ് താഴ്ന്നുപോകുന്നു. കൂടാതെ, ഉപഭോഗ സംസ്ക്കാരം വളർത്തുന്ന നമ്മളിൽ ചില രെങ്കിലും വെള്ളം കോരുന്നതിലും മറ്റും വിമുഖത കാട്ടുന്നു. ഇതിന്റെ ഫലമായി നൂൽ പാമ്പും മാലിന്യങ്ങളും ചേർന്ന കുടിവെള്ളം പൈപ്പുവഴി നാം ശേഖരിക്കുന്നു. കിണറുക ളിൽനിന്നും കോരിയെടുത്ത് ഉപയോഗി ക്കുന്ന ജലം ആരോഗ്യത്തിന് വളരെ ഗുണം ചെയ്യും.

### കുടിവെള്ള പ്രശ്നങ്ങൾ

കുടിവെള്ളം ലഭ്യമാക്കുവാൻ പൊതുകി ണറുകൾ വിരളമായി മാത്രം നിലവിലുള്ള ഈ പഞ്ചായത്തു പ്രദേശത്തെ നിവാസി കൾ വേനൽക്കാലത്ത് ജലദൗർലഭ്യം കാരണം കഷ്ടത അനുഭവിക്കുന്നു. ഉയർന്ന സ്ഥലവാസികൾ തലച്ചുമടായി വളരെ അക ലെനിന്നുമാണ് കുടിനീർ എത്തിക്കുന്നത്. ഈ പഞ്ചായത്തിൽ ആകെ 45 പൊതു കിണറുകളാണുള്ളത്. ഈ കിണറുക ളൊന്നും നമുക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നതിന് പര്യാപ്തമല്ല. അഴുക്കുചാ ലുകളൊന്നും നമ്മുടെ കുടിവെള്ള സ്രോത സ്സുകളിലേക്ക് ഒഴുകിയെത്തുന്നില്ല. നമ്മുടെ പ്രധാന കുടിവെള്ള സ്രോതസ്സ് മൂവാറ്റുപുഴ യാറാണ്. മെതിപാറ ഭാഗത്തുനിന്നും പമ്പ് ചെയ്തു ശുദ്ധീകരിച്ച് ഈ പ്രദേശത്തെ കുടിനീർ ക്ഷാമം പരിഹരിക്കാം.

### സാധ്യതകൾ

***വാർഡ് I***:- ഉയർന്ന പ്രദേശങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്നു. ദൂരസ്ഥലങ്ങളിൽനിന്നും തലച്ചുമ ടായി കുടിനീർ എത്തിക്കുന്നു. പുമറ്റത്തിൽ ഭാഗത്തുനിന്നും കുന്നുംപുറം ഭാഗത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുകയും അത്യാവ ശ്യമായ സ്ഥലങ്ങളിൽ പൊതു ടാപ്പ് ഇടു കയും വേണം. അല്ലെങ്കിൽ കുഴൽക്കിണർ

സ്ഥാപിച്ച് കുടിവെള്ളം എല്ലാ ഭാഗത്തും എത്തിക്കണം.

ശിവലി പെരുവംമൂഴി മുതൽ കിഴക്കേപ്പൊതി ഭാഗം വരെ പൈപ്പ്ലൈൻ നീട്ടണം. Salvation Army ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടണം. വേളാർ കോളനി, ലക്ഷം വീടിന് വടക്കുഭാഗം കോക്കാപ്പിള്ളി പ്രദേശം എന്നിവിടങ്ങളിലേക്കും പൈപ്പ്ലൈൻ സ്ഥാപിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു കിണർ കുഴിക്കുക, പിന്നോക്ക വിഭാഗങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം ചെയ്യുക. ഫലപ്രദമായ ജലസംഭരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുക.

*വാർഡ് II* :- മലമ്പ്രദേശമായ ഈ വാർഡിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഒരു പരിധിവരെ ഈ അവസ്ഥ പരിഹരിക്കുന്നതിന് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്. കാടികുത്തിയിലുള്ള ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുക, പൈപ്പ്ലൈൻ ഇല്ലാത്ത ഇടമല താന്നിക്കുഴി, തണ്ടുപുറം ഭാഗം, വല്യാറുകരയിങ്കൽ, വടക്കേമല, കൊള്ളിക്കാട്, വെള്ളരംപാറ, കരിമ്പനാൽത്തടം, പാറേക്കാട്ടിൽ കോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ നീട്ടി സ്ഥാപിക്കണം. കൊടികുത്തി ടാങ്കിൽ നിന്നുമുള്ള ജലം മരട്ടിത്തല വിലങ്ങുപാറ ഭാഗത്തേക്ക് നേരിട്ട് വിതരണം ചെയ്യുക.

*വാർഡ് III* :- അതിരൂക്ഷമായി കുടിവെള്ളക്ഷാമം നേരിടുന്ന ഈ വാർഡിൽ ആവശ്യത്തിന് കുഴൽക്കിണർ സ്ഥാപിച്ചും താഴെ പറയുന്ന സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടിയും കുടിനീർ ക്ഷാമം പരിഹരിക്കേണ്ടതാണ്.

1. മൂട്ടമല ഹരിജൻ കോളനി - 250 മീറ്റർ.
2. പാത്തിക്കൽ മുതൽ പറയൻപതി വരെ - 500 മീറ്റർ.
3. വള്ളുക്കാട്ടിൽപ്പടി മുതൽ മേമ്മുറിഭാഗത്തേക്ക് - 300 മീറ്റർ.
4. ആറ്റുവേലിക്കുഴി മുതൽ മെതിപാറ ടാങ്കുവരെ - 400 മീറ്റർ.

ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം. ചാത്തംപ്ലാക്കു കോളനി, മെതിപാറ കോളനി എന്നിവിടങ്ങളിലുള്ള പഞ്ചായത്ത് കിണറുകൾക്ക് ആഴം കൂട്ടണം. മനയ്ക്കത്താഴം കോളനിയിലെ കുഴൽക്കിണറിന്റെ കേടുപാട് തീർക്കണം.

*വാർഡ് - IV* :- മുപ്പതോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പൂക്കോട്ടുകുടി, വെട്ടിക്കാടുഭാഗം, നടക്കര കുന്നത്തുതാഴം എന്നിവിടങ്ങളിൽ പൈപ്പ്ലൈനുകൾ നീട്ടി ആവശ്യത്തിൻ പൊതുടാപ്പുകൾ വെച്ച് കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തണം.
ശ ു ദ്ധ
ജല വിതരണം കാര്യക്ഷമമാക്കി 24 മണിക്കൂറും വെള്ളം വിതരണം ചെയ്യണം.

4-ാം വാർഡിലേയും 5-ാം വാർഡിലേയും ശുദ്ധജല വിതരണം പ്രധാനമായി PHC യുടെ സമീപമുള്ള KWA ടാങ്കിൽനിന്ന് ഈ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അപര്യാപ്തമാണ്. ഈ ടാങ്കിന്റെ ശേഷി ക്രമം തെറ്റിയുള്ള പമ്പിംഗ് പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. കിണറ്റിൽനിന്നുമാണ് ജലം ശേഖരിക്കുന്നത്. മെതിപാറ പമ്പ് സ്റ്റേഷനിൽനിന്നും ഈ ടാങ്കിലേക്ക് എത്തിച്ചാൽ ജലവിതരണം മെച്ചപ്പെടുത്തുവാൻ സാധിക്കും.

*വാർഡ് V* :- ഉള്ളേലിക്കുന്ന ലക്ഷം വീട് കോളനിയിൽ ആവശ്യത്തിന് പൊതുടാപ്പ്, ഷട്കാലഗോവിന്ദമാരാർ റോഡിൽ ലൈൻ സ്ഥാപിച്ച് പൊതുടാപ്പ് വെക്കണം. മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം പറമ്പുകളിൽ കെട്ടിനിർത്തി വേനൽക്കാലത്ത് ഉപയോഗിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യയെപ്പറ്റി ബോധവൽക്കരണം നടത്തണം. പരിസ്ഥിതിക്കും പാലത്തിനും കേടുവരാത്ത രീതിയിൽ മണൽ വാരൽ നിയന്ത്രിക്കണം.

*വാർഡ് VI* :- 2½ കി. മീ. നീളം പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് സൗകര്യപ്രദമായ രീതിയിൽ പൊതുടാപ്പുകൾ വെക്കണം.

*വാർഡ് VII* :-

1. ഉള്ളേലിക്കുന്ന് ഭാഗത്ത് വാട്ടർ ടാങ്

518

പണിത് സ്ഥിരമായി പമ്പിംഗ് ഏർപ്പെടുത്തി ജലം ശുദ്ധീകരിച്ച് വിതരണം നടത്തണം.

2. പടമറ്റത്തുനിന്നും നിലവിലുള്ള പൈപ്പുലൈൻ തച്ചിലുകണ്ടത്തിൽ താഴേക്ക് നീട്ടണം.

3. കൊമ്മലക്കുഴി മുകളിലേക്കുള്ള ലൈനിൽ 2 ടാപ്പുകളും ബാരുത്തേളിത്താഴം തച്ചിലുകണ്ടത്തിൽത്താഴം ലൈനിൽ 2 ടാപ്പുകളും കൂടുതൽ സ്ഥാപിക്കണം. എരുമലക്കോട്ടിലേക്ക് പൈപ്പുലൈൻ പുനഃസ്ഥാപിക്കണം.

*വാർഡ് VIII :-*

1. മാമലശ്ശേരി H.S. ന് സമീപമുള്ള കുമ്പളത്തുചിറ വികസിപ്പിച്ച് സൈഡ് കെട്ടുക.

2. പഞ്ചായത്തുകിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ്യമാക്കുക.

3. ഉദ്ദേശം 4 കി. മീ. നീളം പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക.

4. കക്കാട് ജലസംഭരണിയിൽനിന്നും കുടിവെള്ളം ലഭ്യമാക്കുവാൻ നടപടിയെടുക്കുക.

പഞ്ചായത്തിൽ ആകെ 165 പൊതുടാപ്പുകളുണ്ട്.

## പൊതുജനാരോഗ്യം

1950 ന് മുമ്പ് ഗ്രാമീണർ ഭൂരിഭാഗവും ദുർമന്ത്രവാദികളുടേയും അന്ധവിശ്വാസത്തിന്റേയും പിടിയിലായിരുന്നു. വെളിച്ചപ്പാടിന്റേയും മുറിവൈദ്യന്മാരുടേയും ഉപദേശങ്ങൾ സ്വീകരിച്ച് നമ്മുടെ ചുരുങ്ങിയ വിഭവങ്ങൾ ആരോഗ്യ പരിപാലനത്തിനുവേണ്ടി ചെലവിട്ടുകൊണ്ടിരുന്നു. പണ്ടുകാലത്ത് തുറന്ന സ്ഥലങ്ങളിലും വഴിയോരത്തും യാതൊരു വിമുഖതയും കൂടാതെ മലമൂത്ര വിസർജ്ജനങ്ങൾ നടത്തി പരിസരമാകെ മലീമസമാക്കിയിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടായത് ഈ രംഗത്ത് പൊതുജനങ്ങൾക്കുണ്ടായ മതിയായ ബോധവൽക്കരണമാണ്. എന്നിരുന്നാലും ഇപ്പോഴും നമ്മുടെ പ്രദേശത്ത് ആവശ്യത്തിന് പൊതു കംഫേർട്ട് സ്റ്റേഷനുകൾ ഇല്ല.

കഴിഞ്ഞ നാലു പതിറ്റാണ്ടുമുമ്പ് സ്ത്രീകളുടെ പ്രസവം നടന്നിരുന്നത് ഗ്രാമീണ വയറ്റാട്ടിമാരുടേയും മറ്റും സഹായത്തോടെ മാത്രമായിരുന്നു. അക്കാലത്ത് ശിശുമരണവും മാതാവിന് രോഗബാധയും നിത്യസംഭവം ആയിരുന്നു. ഇന്ന് പ്രസവത്തിന് നാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ആശ്രയിക്കുന്നു. അതുകൊണ്ട് രാമമംഗലം പ്രൈമറി ഹെൽത്ത് സെന്റർ പോലുള്ള ആതുരാലയങ്ങൾ നിർജ്ജീവമായിരിക്കുന്നു. 1950 മുതൽ 1980 വരെ വളരെ കൃത്യമായി ഈ ആശുപത്രികൾ പ്രവർത്തിച്ചിരുന്നു. ഒരു മേജർ ആശുപത്രിയിൽ ചെയ്യാവുന്ന എല്ലാ ആധുനിക രീതിയിലുമുള്ള ചികിത്സാരീതിയും ഈ ആശുപത്രിയിൽ നിന്നും ലഭ്യമായിരുന്നു. നിർഭാഗ്യവശാൽ സാമൂഹ്യ കാഴ്ചപ്പാടുകളിൽ വന്ന മാറ്റം ഈ മേഖലയിലും ഉണ്ടായിരിക്കുന്ന. ഈ രീതി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സാമാന്യ ജനസമൂഹത്തിന് വലിയ ആഘാതമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ രീതിക്ക് മാറ്റം അനിവാര്യമാണ്.

ഈ പഞ്ചായത്തിൽ പൊതുജനാരോഗ്യ പരിപാലനത്തിന് രാമമംഗലം പ്രൈമറി ഹെൽത്ത് സെന്ററും കീഴുമുറി ആയുർവ്വേദ ആശുപത്രിയും മാമലശ്ശേരി ഹോമിയോ, കുടുംബക്ഷേമ കേന്ദ്രവുമാണ് പൊതുരംഗത്ത് പ്രവർത്തിക്കുന്നത്. ഏതാനും സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ദരിദ്രരോഗമെന്നും സമ്പന്നരോഗമെന്നും വേർതിരിച്ചാണ് രോഗങ്ങളെ നാം കാണുന്നത്. മലമ്പനി, മന്ത്, വില്ലൻചുമ, സന്നിപാതജ്വരം തുടങ്ങിയ പഴയകാല മാരകരോഗങ്ങൾ ഇന്ന് വളരെ അപൂർവ്വമായെ കാണുന്നുള്ളു. ഇതിനുകാരണം ആവശ്യമായ പ്രതിരോധ കുത്തിവെയ്പ്പുകളും വ്യക്തിഗത ശുചിത്വത്തേയും പറ്റി ജനങ്ങൾക്കുള്ള അവബോധമായിരിക്കും. പൊതുജനാരോഗ്യം കൂടുതൽ മെച്ച

പ്പെടുത്തുവാൻ പ്രകൃതിചികിത്സാരീതികളേയും നാടൻ മരുന്നുകളേയും കുറിച്ച് വേണ്ടത്ര പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പല ചെറിയ രോഗങ്ങൾക്കുപോലും നാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ സമീപിക്കുന്നത് സ്റ്റാറ്റസ് സിംബലായി കാണുന്ന രീതിക്ക് മാറ്റം വരണം. ഔഷധ സസ്യകൃഷി വ്യാപകമാക്കണം.

പൊതുജനാരോഗ്യ കാര്യങ്ങളിൽ സുപ്രധാനമായ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരുന്ന ഒരു പ്രധാന ആതുരാലയമായിരുന്നു രാമമംഗലം പ്രൈമറി ഹെൽത്ത് സെന്റർ. ഇതിന്റെ കീഴിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സബ് സെന്റർ പ്രവർത്തിച്ചു വരുന്നു.

## സാധ്യതകൾ

*വാർഡ് I* :

1. രാമമംഗലം PHC ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
2. വാർഡിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രം PH Centre ആയി ഉയർത്തുക.
3. പൊതു കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക.
4. പൊതുജനാരോഗ്യ ബോധവൽക്കരണം നടത്തുക.
5. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സ്ഥിരമായി സംഘടിപ്പിക്കുക.
6. ആയുർവ്വേദ സസ്യകൃഷി വ്യാപകമാക്കുക.

*വാർഡ് II*

1. പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.
2. ഊരമന ഈസ്റ്റിൽ നെല്ലിക്കപറമ്പ് ഭാഗത്ത് 50 സെന്റ് സ്ഥലം ആയുർവ്വേദ ആശുപത്രിക്ക് സൗജന്യമായി ലഭ്യമാക്കും.
3. കൊടികുത്തിയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
4. പാത്തിക്കൽ ഭാഗത്ത് ഒരു PHC സ്ഥാപിക്കണം.
5. സാനിറ്റേഷൻ സൗകര്യം വർദ്ധിപ്പിക്കണം.

*വാർഡ് III*

1. ഉന്നേക്കാട് കേന്ദ്രമാക്കി ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
2. പറയൻപതി ഭാഗത്ത് മിഡ് വൈഫ് സെന്റർ സ്ഥാപിക്കണം.
3. കക്കൂസുകളില്ലാത്ത വീടുകൾക്ക് പ്രത്യേകിച്ച് കോളനികളിൽ നിർബന്ധമായും അവ നല്കണം.
4. ഉള്ളേപ്പിള്ളി പാലത്തിനടുത്ത് ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

*വാർഡ് IV*

1. ദിനംപ്രതി 600 ഓളം യാത്രക്കാർ എത്തിച്ചേരുന്ന സ്ഥലമായ 4-ാം വാർഡിലെ ആശുപത്രിക്കവല. ഇവിടെ ഒരു മൂത്രപ്പുരയുടെ അഭാവം ഗൗരവത്തോടെ കാണേണ്ടതാണ്.
2. ഒരു ഹോമിയോപ്പതി ആശുപത്രി ഈ വാർഡിൽ സ്ഥാപിക്കണം.
3. ഒരു സിവിൽ സർജനും മൂന്ന് അസ്സി. സർജന്മാരുടേയും തസ്തികയുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ ഒരാളുടെ പോലും സേവനം ലഭ്യമല്ല. ആവശ്യത്തിന് സേവനസന്നദ്ധതയുള്ള ഡോക്ടർമാരെ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.
4. ഡോക്ടർമാരുടെ താമസ സൗകര്യം ഏർപ്പാടുചെയ്യണം. ആവശ്യത്തിന് ക്വാർട്ടേഴ്സ് പണിയിക്കണം.
5. ആശുപത്രിയിലെ സാനിറ്ററി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സമയത്ത് ഏറ്റെടുത്ത്

കൃത്യമായി ചെയ്യിക്കുക, പാരാമെഡിക്കൽ തസ്തികളിലെ ഒഴിവു നികത്തുക, ആശുപത്രിയിലേക്കും അകത്തുമുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുക എന്നീ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തണം.

6. OP വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കണം.
7. PH Centre ഒരു Hospital ആയി ഉയർത്തണം.
8. Advisory Board ആണ്ടിലാണ്ടിൽ പുനഃസംഘടിപ്പിക്കുക.

*വാർഡ് V*

1. ആയുർവ്വേദ ആശുപത്രിയുടെ ബലക്ഷയം മാറ്റാൻ അടിയന്തിരമായി ശ്രദ്ധിക്കണം.
2. വൈദ്യുതീകരണവും വാട്ടർ സപ്ലൈയും ഉണ്ടാവണം.
3. പരമ്പരാഗത ചികിത്സയിലേക്ക് ജനങ്ങൾ മടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ആയുർവ്വേദ ചികിത്സയ്ക്ക് അർഹമായ പ്രോത്സാഹനം നല്കണം.
4. ആശുപത്രി വളപ്പിൽ ഔഷധ ചെടികൾ നട്ടുവളർത്തണം.
5. ആരോഗ്യ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.
6. AIDS പോലുള്ള മാരകരോഗങ്ങളെ സംബന്ധിച്ച് വ്യാപകമായ അവബോധം ഉണ്ടാക്കണം.
7. പഴകിയ ഭക്ഷ്യവസ്തുക്കളുടെ വില്പന തടയണം.
8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം.

*വാർഡ് VI*

1. അലോപ്പതി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം.
2. പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുക.
3. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് അവ വെക്കുന്നതിന് സൗകര്യം ചെയ്യുക.
4. ആരോഗ്യ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

*വാർഡ് VII*

ഹോമിയോ ആശുപത്രി സ്ഥാപിക്കണം. കൂടാതെ നെട്ടൂപ്പാടത്ത് ഒരു മിഡ്‌വൈഫ് സെന്റർ ആരംഭിക്കണം.

*വാർഡ് VIII*

1. ഹോമിയോ ഡിസ്പൻസറി കെട്ടിടം പണിത് ആശുപത്രിയായി ഉയർത്തണം.
2. ഹെൽത്ത് സെന്ററിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് മിനി ഹെൽത്ത് സെന്ററാക്കണം.
3. ആരോഗ്യ പരിപാലനത്തെക്കുറിച്ച് ചർച്ചാ ക്ലാസ്സുകൾ നടത്തണം.

അഞ്ചാം വാർഡിലെ കീഴുമുറി ലക്ഷം വീട് കോളനിയോട് ചേർന്നുള്ള തുറങ്ങടക്കുളം കെട്ടി സംരക്ഷിക്കണം. പുത്തൻകടവ് അല്ലെങ്കിൽ മാത്തിൽ കടവ് കെട്ടി കുളിക്കുവാൻ യോഗ്യമാക്കണം.

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം |
|---|---|---|
| 1993-94 | 15 | 51 |
| 1994-95 | 20 | 72 |
| 1995-96 | 14 | 63 |

❐

521

## 6. വിദ്യാഭ്യാസം

ഇന്ത്യാ രാജ്യത്തിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ ഇത്തിരി മരുപ്പച്ച കാണുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ നവീകരണത്തിനായി ധാരാളം കമ്മീഷനുകൾ ഈ രാജ്യത്ത് പ്രവർത്തിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കോത്താരി കമ്മീഷൻ വിദ്യാഭ്യാസത്തിനു കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ഊന്നി പറഞ്ഞിരുന്ന ഒരു കാര്യം രക്ഷിതാക്കൾ തൊട്ടടുത്തുള്ള ക്സ്കൂളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ സമൂഹത്തിലെ താഴ്ന്ന പടിയിലുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾ സ്ക്കൂളിലേക്ക് പടികടന്നു വരുമ്പോൾ അഭിജാത സമൂഹത്തിലെ കുട്ടികൾ സാധാരണ വിദ്യാലയത്തിൽനിന്നും പുറത്തുപോകുന്നു. സമൂഹത്തിലെ ധ്രുവീകരണ പ്രക്രിയയുടെ വിദ്യാഭ്യാസ പരമായ പ്രതിഫലനമാണിത്. ഇതിന്റെ ഫലമായി നാട്ടിലെങ്ങും അതിവേഗം ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ പൊട്ടി മുളച്ച് വളർന്നുവലുതായി. ആർഷ ഭാരത സംസ്ക്കാരത്തിന്റെ അവതാരമായി കണക്കാക്കുന്ന സ്വാമിമാരുടെ പേരിൽ നടത്തപ്പെടുന്ന അഭിജാതവർഗ്ഗ വിദ്യാലയങ്ങളിൽ ഇംഗ്ലീഷല്ലാതെ ഏതെങ്കിലും ഇന്ത്യൻ ഭാഷ ഉച്ചരിച്ചാൽ വലിയ കുറ്റമായി ഗണിക്കപ്പെടും. കേരളത്തിൽ ഇന്നുകാണുന്ന വിദ്യാഭ്യാസ പുരോഗതി സമൂഹത്തെ രണ്ടു തട്ടുകളിലാക്കി തിരിക്കുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തുടക്കം കുറിക്കുന്ന 1917 ൽ തിരുവിതാംകൂറിലെ ഭരണാധികാരികളായിരുന്നു. ഇതര സംസ്ഥാനങ്ങളിലെ അപേക്ഷിച്ച് കേരളത്തിൽ മാത്രം നിലവിൽ വന്ന് ഭൂവുടമ സമ്പ്രദായം വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടുകയുണ്ടായി. പത്ത് സെന്റ് ഭൂമി സ്വന്തമായി കിട്ടുകയും ജോലി കഴിഞ്ഞ് വിശ്രമിക്കാൻ സമയം ലഭിച്ചപ്പോൾ കർഷകത്തൊഴിലാളികൾ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങി. തിരുവിതാംകൂറിൽ വിദ്യാഭ്യാസരംഗത്ത് പൊതുവായി വളർന്നുവന്ന ഉണർവിന്റെ ഫലമായി ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രാമമംഗലം പ്രൈമറി സ്ക്കൂളും മാമലശ്ശേരി ഗവ: ഹൈസ്ക്കൂളും കാലപ്പഴക്കമുള്ളവയാണ്. രാമമംഗലം ഗ്രാമപഞ്ചായത്തിൽ ഒരു സ്വകാര്യ വിദ്യാലയവും അഞ്ച് ഗവ: വിദ്യാലയങ്ങളുമാണ് ഉള്ളത്. അതിന്റെ ഇനം തിരിച്ചുള്ള പട്ടിക കൊടുത്തിരിക്കുന്നു.

അനൗപചാരിക വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. തയ്യൽ സ്ക്കൂളും ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളും നാമമാത്രിമായി പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി കോലഞ്ചേരി, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പിറവം എന്നീ സ്ഥലങ്ങളെയാണ് നാം ആശ്രയിക്കുന്നത്. രാമമംഗലം എൽ. പി. എസ്സ്, മാമലശ്ശേരി, ഗവ: ഹൈസ്ക്കൂൾ, ഊരമന ഗവ: ഹൈസ്ക്കൂൾ എന്നിവയിൽ നഴ്സറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകാരം ഉള്ളവയിലും അംഗീകാരമില്ലാത്തവയിലും പഠനോപകരണങ്ങൾ വിരളമാണ്. പഞ്ചായത്തിൽ നാല് ബാലവാടികൾ ഉണ്ട്. രണ്ട് സർക്കാർ ഹൈസ്ക്കൂളുകളിലും കംപ്യൂട്ടർ പഠിപ്പിച്ചുവരുന്നു എന്നുള്ളത് സന്തോഷം ഉണ്ടാക്കുന്നു.

S.S.L.C. വിജയ ശതമാനത്തിൽ തീരെ താഴെ നില്ക്കുന്ന വിദ്യാലയങ്ങൾ നമുക്കില്ല. വിദ്യാലയങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല എങ്കിലും വിദ്യാർത്ഥികൾ പ്രതീക്ഷിത നിലവാരം പുലർത്തുന്നില്ല.

ഗുണനിലവാരം കുറഞ്ഞുവരുന്ന വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വ്യാപകമായ ആക്ഷേപം നിലനില്ക്കുന്നു. ഭൗതികസൗകര്യം കുറഞ്ഞ സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നല്ല നിലയിലെത്തിക്കാനുള്ള കൂട്ടായ പരിശ്രമം ആവശ്യമാണ്.

എല്ലാ വിദ്യാലയങ്ങളിലും പി. ടി. എ. പ്രവർത്തിക്കുന്നു. ഇവ നല്ല നിലവാരം പുലർത്തുന്നവയാണ്. എന്നാൽ അമ്മമാരുടെ ഫോറങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല.

കായിക കലാരംഗത്ത് നമ്മൾ പിന്നിൽ നില്ക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ അവഗണിക്കപ്പെട്ടു വരുന്നതായി കാണുന്നു. ഈ രംഗത്ത് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്തവർ ഇല്ല. ഏക സ്ഥാപനം ഷട്കാലഗോവിന്ദ മാരാർ കലാസമിതിയാണ്.

വിദ്യാഭ്യാസ മേഖലയിൽ ഇന്ന് കാണുന്ന മൂല്യശോഷണത്തിനും ഗുണനിലവാരമില്ലായ്മയ്ക്കും പരിഹാരം കാണേണ്ടതാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങിയ ഈ മേഖലയിൽ അദ്ധ്യാപകരാണ് മുൻപന്തിയിൽ നില്ക്കേണ്ടത്. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. ജനനനിരക്ക് കുറഞ്ഞുവരുന്നത് മാത്രം കാരണം പറയുന്നത് ശരിയല്ല. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ അന്വേഷിച്ചുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൃത്യമായി ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സമീപ പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിലേക്ക് നല്ല ശതമാനം വിദ്യാർത്ഥികൾ പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നില്ല. സർക്കാർ വിദ്യാലയങ്ങളിലേയും സ്വകാര്യ വിദ്യാലയങ്ങളിലേയും ഗുണനിലവാരം പുലർത്താത്ത അദ്ധ്യയനം കുട്ടികളെ മറ്റ് വിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതായി ഗ്രാമസഭകളിലെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുട്ടികളുടെ കുറവു മൂലം ഊരമന ഈസ്റ്റ് പ്രൈമറി സ്ക്കൂൾ നടത്തിക്കൊണ്ടുപോകുന്നത് ആദായകരമല്ലാത്തതിനാൽ ഏതു സമയത്തും സർക്കാരിന് നിർത്തിക്കളയാവുന്നതാണ്.

ഇവിടത്തെ സർക്കാർ വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ കുറവാണ്. എങ്കിലും തീരെ മോശമായ സ്ഥാപനങ്ങൾ നമുക്കില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കുവേണ്ടി ഗ്രാമസഭകൾ പല നിർദ്ദേശങ്ങളും ഉയർത്തുകയുണ്ടായി.

1. മാമലശ്ശേരി, ഊരമന, ഊരമന ഈസ്റ്റ് എന്നീ സർക്കാർ വിദ്യാലയങ്ങളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞ് പുതിയ കെട്ടിടങ്ങൾ പണിയുക.
2. ഊരമന ഗവ: ഹൈസ്ക്കൂളിലെ സ്റ്റേജിന്റെ പണി തീർക്കുക.
3. മാമലശ്ശേരി H. S., രാമമംഗലം എൽ. പി. എസ്., കീഴുമുറി. എൽ. പി. എസ്. എന്നിവയ്ക്ക് കഞ്ഞിപ്പുര ആവശ്യമാണ്.
4. എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കണം.
5. വിദ്യാലയങ്ങളോട് അനുബന്ധിച്ച് നഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കണം. ഇവ സർക്കാർ ഏറ്റെടുക്കുകയും ചെയ്യുക.
6. എല്ലാ സ്ക്കൂളുകളിലും T. V. അനുവദിക്കുക.
7. സർക്കാർ വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് വെക്കുക.
8. പഞ്ചായത്ത് തലത്തിൽ ടെക്നിക്കൽ സ്ക്കൂൾ ആരംഭിക്കുക.
9. ഊരമന ഗവ: ഹൈസ്ക്കൂളിനും മാമലശ്ശേരി ഗവ: ഹൈസ്ക്കൂളിനും കംപ്യൂട്ടർ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
10. ഉച്ചഭക്ഷണത്തിന്റെ ചിലവ് പഞ്ചായത്ത് വഹിക്കണം.
11. സ്ക്കൂളുകൾക്ക് ആവശ്യമായ മേശ, കസേര, ബഞ്ച്, ഡസ്ക്, ബ്ലാക്ക്ബോർഡ് എന്നിവ നല്കുക.
12. രണ്ടാം വാർഡിൽ മഞ്ഞപ്പിള്ളിക്കാട് ബാലവാടിയുടെ ചുറ്റുമതിൽ കെട്ടുക.
13. കീഴുമുറി എൽ. പി. സ്ക്കൂൾ പടിപടിയായി യു. പി. സ്ക്കൂൾ ആയും ഹൈസ്ക്കൂൾ ആയും ഉയർത്തണം.

523

സാക്ഷരത നൂറുശതമാനമായപ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണത്തെക്കുറിച്ചു ചിന്തിക്കാൻ ആരും മെനക്കെടുന്നില്ല. പത്താം ക്ലാസ്സിലെ വിജയശതമാനത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ നടക്കുന്നു. ഈ വിലയിരുത്തലുകൾ എത്രമാത്രം ശരിയായിരിക്കും. മോഡറേഷൻ എന്ന തന്ത്രം ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള വിജയശതമാനം എന്തു ഖേദകരമാകുമായിരുന്നു. പരീക്ഷക്കു വേണ്ടിമാത്രം പഠിപ്പിക്കുന്ന അദ്ധ്യാപകരും അതിനുവേണ്ടി പഠിക്കുന്ന വിദ്യാർത്ഥികളും മാർക്കുമാത്രം നോക്കിയിരിക്കുന്ന രക്ഷിതാക്കളും ചേർന്നുള്ള ഈ മത്സരക്കളിയിൽ ഇവിടെ തോറ്റുപോകുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമാണ്. ഗൈഡുപുസ്തകം വില്ക്കുന്ന പുസ്തക ശാലയിലേക്കു വഴി പറഞ്ഞുകൊടുക്കുന്നതും ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ അഡ്മിഷൻ വാങ്ങിക്കൊടുക്കുന്നതും തങ്ങളുടെ ചുമതലയായി അദ്ധ്യാപകർ വിചാരിക്കുന്ന ഒരു കാലഘട്ടം ശോചനീയമാണ്.

വിലയ്ക്കുവാങ്ങാൻ കിട്ടുന്ന ഒന്നായി ആധുനികലോകം ഇന്ന് വിദ്യാഭ്യാസത്തെ കാണുന്നു. വലിയ വിലകൊടുത്തു വാങ്ങിക്കുന്നതെന്തും നല്ലതാണെന്നുള്ള മിഥ്യാധാരണ സാധാരണ രക്ഷകർത്താക്കൾ പോലും വെച്ചുപുലർത്തുന്നു. സർക്കാർ വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കാനാവില്ലെന്ന ധാരണയും തല്പര കക്ഷികൾ കെട്ടിച്ചമക്കുന്ന കള്ള പ്രചരണമാണെന്നു കണ്ടറിയാനുള്ള വിജ്ഞാനം ഇന്ന് നമുക്ക് നഷ്ടമായിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തിനു മുടക്കുന്ന പണം വെട്ടിക്കുറക്കാതെ മറ്റ് വികസന പ്രവർത്തനങ്ങൾ നടക്കുകയില്ല എന്ന വാദം ശക്തിപ്പെട്ടു. ഈ തത്വത്തിനു പ്രോത്സാഹനം നടത്തുന്ന സർക്കാരും ഇതോടൊപ്പം നിന്നപ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാവി അപകടത്തിലായി.

ഈ അപകടത്തിൽനിന്നും സാമാന്യ ജനങ്ങളെ രക്ഷിക്കാനുള്ള ബാധ്യത ഏറ്റെടുക്കാൻ സാധിക്കുന്നതു ഇന്നത്തെ അദ്ധ്യാപക സമൂഹത്തിനാണ്.

ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു സൂചിപ്പിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിയണം. പലവിധ അന്വേഷണത്തിന്റെ ഫലമായി കൊണ്ടുവന്ന ഒന്നാണ് **'വിദ്യാഭ്യാസ കോംപ്ലക്സ്'**. പല ഭാഗത്തുനിന്നുമുള്ള നിസ്സഹകരണം മൂലം തുടക്കത്തിൽ ത്തന്നെ പരാജയപ്പെട്ട ഈ പ്രസ്ഥാനത്തിനു പുതുജീവൻ നല്കിയ പഞ്ചായത്തുകളിൽ ഇത് വിദ്യാർത്ഥി സമൂഹത്തിനു വൻ നേട്ടമുണ്ടാക്കിക്കൊടുത്തു.

ഒരു പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ സ്ക്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കാൻ സാധിക്കും. നേതൃ സ്ക്കൂളിലെ സൗകര്യങ്ങളിൽ ഇതിനായി പ്രയോജനപ്പെടുത്തണം. അദ്ധ്യാപകർ കൂടുതൽ അദ്ധ്യയന ദിവസങ്ങൾ ഇതിനായി ചെലവഴിക്കാതെ ഒരു തുറന്ന മനസ്സോടെ ആരുടേയും പ്രേരണ കൂടാതെ തങ്ങളുടെ സമൂഹത്തിന്റെ നിലനില്പിനായി ഈ പ്രസ്ഥാനത്തിനു നേതൃത്വം കൊടുക്കണം. ജനകീയ ഇടപെടലുകളിലൂടെ സർക്കാർ സംവിധാനത്തെ കാര്യക്ഷമമാക്കാനും പുതിയ വികസന മോഡൽ ഉരുത്തിരിയാനും ഇത്തരം പ്രവർത്തനങ്ങൾക്കു സാധിക്കും. അദ്ധ്യാപകർ സ്വയം നിർമ്മിത ദന്തഗോപുരങ്ങളിൽനിന്നും ഇറങ്ങിവന്ന് ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ട സാധാരണക്കാരന്റെ ദീനരോദനം കേൾക്കണം. വിദ്യാലയങ്ങളുടെ അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തലുകൾ മാത്രമായി വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ കാണരുത്. ഇത്രയും സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതായിരുന്നു എന്നുള്ള വസ്തുത വിസ്മരിക്കരുത്. ❐

## 7. ഭവനനിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ എട്ട് വാർഡുകളിലായി 4160 വീടുകൾ ഉണ്ട്. പുതുതായി പണിത വീടുകൾക്ക് സർക്കാരിൽനിന്നും ഹൗസിംഗ് സഹകരണസംഘം, ബാങ്കുകൾ, സർവ്വീസ് സഹകരണസംഘം മുതലായ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം നല്കിയിട്ടുണ്ട്.

**ഭവനനിർമ്മാണ രംഗത്ത് പ്രധാനമായി വേണ്ട കാര്യങ്ങൾ**

1. ഒരു ഹൗസിംഗ് സഹകരണസംഘം സ്ഥാപിക്കുക.
2. പഞ്ചായത്തിൽ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നല്കി വീട് നിർമ്മിച്ചുകൊടുക്കുക.
3. സ്ഥലമുള്ളവർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുക.
4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീട് സൗജന്യമായി നിർമ്മിച്ചു നല്കുക.
5. പഴക്കം ചെന്ന വീടുകൾ പുതുക്കിപ്പണിയുന്നതിനും കേടുപാട് തീർക്കുന്നതിനും ധനസഹായം ലഭ്യമാക്കുക.
6. 8-ാം വാർഡിൽ ഭവന നിർമ്മാണ തൊഴിലാളി സഹകരണസംഘം രൂപീകരിച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് സഹായം നല്കുക.

ഇപ്പോൾ പുതുതായി നിർമ്മിക്കുന്ന വീടുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ, കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഇത് ദുർവ്യയം വർദ്ധിപ്പിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളും തൊഴിലാളികളും പൊതുവെ കുറവാണ്. വിദഗ്ധ തൊഴിലാളിക്ക് 150-175 രൂപയും പുരുഷന് 100-120 രപയും സ്ത്രീക്ക് 80-100 രൂപയുമാണ് ഇപ്പോഴുള്ള ദിവസവേതനം. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തൊഴിലാളികളുടെ അഭാവം, വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, വിദഗ്ധരുടെ അഭാവം, ധനകാര്യസ്ഥാപനങ്ങളുടെ നടപടി ക്രമങ്ങളിലെ നൂലാമാലകൾ, പരിസ്ഥിതി പ്രശ്നം, സ്വന്തമായി ഭൂമിയില്ലായ്മ ഇവയാണ് പ്രധാനമായും ഭവനരഹിതർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇവ എത്രയും വേഗം പരിഹരിക്കുന്നതിന് മുകളിൽ പറഞ്ഞ കാര്യങ്ങൾ ചെയ്യണം.

### കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 594 | 12 | 126 | 435 | 21 | — |
| II | 597 | 6 | 45 | 506 | 32 | 8 |
| III | 869 | 10 | 162 | 663 | 34 | — |
| IV | 625 | 15 | 149 | 455 | 6 | — |
| V | 818 | 10 | 98 | 672 | 38 | — |
| VI | 441 | 12 | 83 | 328 | 18 | — |
| VII | 568 | 9 | 65 | 477 | 17 | — |
| VIII | 485 | 11 | 51 | 408 | 15 | — |
| | **4997** | **85** | **779** | **3944** | **181** | **8** |

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| | 4561 | 4615 | 4849 | 4902 | 4997 |

525

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം 18 പേർക്ക് വാർദ്ധക്യകാല പെൻഷൻ, 98 പേർക്ക് തൊഴിലില്ലായ്മ വേതനം 127 പേർക്ക് കർഷക തൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്നു. ഈ പഞ്ചായത്തിൽ 154 വികലാംഗർ ഉണ്ട്. ട്രൈസം പരിശീലനം ലഭിച്ചവർ ഈ പഞ്ചായത്തിലില്ല. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം വളരെ കുറച്ച് കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളു. അതിനുകാരണം അനർഹർ IRDP ലിസ്റ്റിൽ ഉൾപ്പെട്ടതാകാം.

## പ്രധാന പ്രശ്നങ്ങൾ

1. അംഗൻവാടി, ബാലവാടി, മഹിളാസമാജം ഇവ ഇല്ലാത്ത വാർഡിലും പ്രദേശത്തും അടിയന്തിരമായി തുടങ്ങുവാൻ നടപടികൾ കൈക്കൊള്ളുക.
2. സ്വന്തമായി കെട്ടിടമില്ലാത്തവർക്ക് കെട്ടിടവും ഉപകരണങ്ങളും നല്കി പ്രവർത്തനം സജീവമാക്കുവാൻ നടപടികൾ കൈക്കൊള്ളുക.
3. അർഹതയുണ്ടായിട്ടും പെൻഷൻ ലഭിക്കാത്തവർക്ക് ഉടനടി ലഭിക്കുവാൻ നടപടിയുണ്ടാകണം.
4. DWCRA, ICDP എന്നീ പദ്ധതികളുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.
5. ക്ഷയരോഗികൾക്കും ക്യാൻസർ രോഗികൾക്കും ചികിത്സാ സൗകര്യവും സാമ്പത്തിക സഹായവും ചെയ്യുക.
6. പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഒരു വൃദ്ധമന്ദിരം പണിയുക.
7. മൂന്നാം വാർഡിൽ ഉന്നേക്കാട് കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റിഹാളും പോസ്റ്റാഫീസും ആരംഭിക്കുക.
8. ആവശ്യമായ പ്രദേശങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുക. (പഞ്ചായത്തിൽ ആകെ 35 എണ്ണം)
9. ബ്ലോക്കിൽനിന്ന് അനുവദിക്കുന്ന 'ഫീഡിംഗ്' സമ്പ്രദായം ഹരിജൻ കോളനികളിലെ ബാലവാടികളിൽ ലഭ്യമാക്കുക. (കീഴുമുറി ഹരിജൻ കോളനി)
10. ആറാം വാർഡിൽ ബാലവാടി, കമ്മ്യൂണിറ്റിഹാൾ എന്നിവ അത്യാവശ്യമാണ്.
11. ഏഴാം വാർഡിൽ ഉള്ളേലിക്കുന്നിലും ഏരുമലക്കോട്ടിലും ഓരോ ബാലവാടിയും, ഉള്ളേലിക്കുന്നിൽ ഒരു Letter Box ഉം Public Telephone സൗകര്യവും സ്ഥാപിക്കുക.
12. Arts Sports ക്ലബ്ബുകൾക്ക് ധനസഹായം ലഭ്യമാക്കുക.
13. മെതിപാറ പമ്പുഹൗസ് മുതൽ മാളികക്കടവുവരെ പുഴത്തീരം കെട്ടി പാർക്കും സത്രങ്ങളും നിർമ്മിക്കണം.

IRDP ലിസ്റ്റ് പ്രകാരമുള്ള എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കുക. ഗുണഭോക്താക്കളെ പെൻഷനുവേണ്ടി കണ്ടെത്തുന്നതിന് ഗ്രാമസഭകളും ജനകീയ സംവിധാനവും ഉപയോഗപ്പെടുത്തുക. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. പോഷകാഹാര വിതരണം ഊർജ്ജിതമാക്കുക, ട്രൈസം പരിശീലനം വ്യാപിപ്പിക്കുക ഇവയാണ് സാമൂഹ്യക്ഷേമ സാധ്യതകൾ.

1. രാമമംഗലം പഞ്ചായത്തിൽ റവന്യൂ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കണം.
2. രാമമംഗലം പോലീസ് സ്റ്റേഷന്റെ ഒരു ഔട്ട്പോസ്റ്റ് ഊരമനയിൽ സ്ഥാപിക്കണം.
3. രാമമംഗലം സർവ്വീസ് സഹകരണസംഘത്തിന്റെ ബ്രാഞ്ച് ഊരമന, ഉന്നേക്കാട്, മാമലശ്ശേരി എന്നീ ഭാഗങ്ങളിൽ സ്ഥാപിക്കണം.
4. ഊരമന ഈസ്റ്റ് കേന്ദ്രീകരിച്ച് ഒരു പോസ്റ്റാഫീസ് ആവശ്യമുണ്ട്.
5. എറണാകുളത്തുനിന്നും രാമമംഗലത്തേക്കു വരുന്ന എഴുത്തുകൾ നേരിട്ട് എത്തിച്ച് കാലതാമസം ഒഴിവാക്കുക.

6. രാമമംഗലം ടെലഫോൺ എക്സ്ചേഞ്ചിൽനിന്നും എറണാകുളത്തേക്ക് നേരിട്ട് ഡയൽ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.
7. പഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്കൂളും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും അനുവദിക്കുക.
8. S.B.T. യുടെ ഒരു ശാഖ സ്ഥാപിക്കുക.
9. K.S.R.T.C. യുടെ ഒരു ഷെഡ്യൂൾ ആരംഭിക്കുക. ❐

## IRDP സർവ്വേ പ്രകാരം - ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 153 | 4 | 11 | 3 | 8 | 145 |
| II | 193 | 18 | 31 | 16 | 15 | 178 |
| III | 192 | 22 | 29 | 21 | 12 | 180 |
| IV | 172 | 2 | 22 | 2 | 20 | 152 |
| V | 80 | 10 | 19 | 8 | 10 | 70 |
| VI | 175 | 8 | 20 | 8 | 14 | 161 |
| VII | 157 | 4 | 25 | 4 | 12 | 135 |
| VIII | 198 | 10 | 27 | 10 | 15 | 183 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| I | 2 | 2 | 97 |
| II | 8 | 8 | 116 |
| III | 20 | 20 | 130 |
| IV | 11 | 11 | 89 |
| V | 4 | 4 | 95 |
| VI | 6 | 6 | 85 |
| VII | 8 | 8 | 91 |
| VIII | 4 | 4 | 81 |
| ആകെ | 63 | 63 | 784 |

521

## പുറംപോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| റോഡ് | | 6.15.989 | — |
| ഇടവഴി | | 4.61.924 | — |
| തോട്/പുഴ | | 261.55.122 | — |
| കുളം | എണ്ണം | — | 45 |
| | വിസ്തീർണ്ണം | 5.94.193 | — |
| മറ്റുള്ളവ | | 29.61.611 | — |
| **ആകെ** | | **307.88.839** | **45** |

## സ്ഥാവരസ്വത്തുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം (സെന്റ്) |
|---|---|---|---|
| 1. | പഞ്ചായത്ത് ആഫീസ് കെട്ടിടം | രാമമംഗലം | 3 |
| 2. | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | രാമമംഗലം | 30 |
| 3. | സർക്കാർ ആയുർവേദ ആശുപത്രി | രാമമംഗലം | 25 |
| 4. | പഞ്ചായത്ത് മാർക്കറ്റ് | രാമമംഗലം | 30 |
| **ആകെ** | | | **88 സെന്റ്** |

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 60 | 1 | 1 | — | 59 |
| II | 73 | 2 | 1 | 1 | 71 |
| III | 78 | 4 | 3 | 1 | 74 |
| IV | 54 | 1 | 1 | — | 53 |
| V | 70 | 1 | 1 | — | 69 |
| VI | 64 | 2 | 1 | 1 | 62 |
| VII | 71 | 2 | 1 | 1 | 69 |
| VIII | 73 | 2 | 1 | 1 | 71 |
| **ആകെ** | **543** | **15** | **10** | **5** | **528** |

## 8. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ വിഭാഗത്തിന്റെ സാമൂഹ്യപദവിയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ മാറ്റം ഉണ്ടായിട്ടുണ്ട്. പണ്ട് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളോ അനാചാരങ്ങളോ ഇന്ന് കാണാനില്ല. സാമൂഹികമായ ഉച്ചനീചത്വങ്ങളോ വിലക്കുകളോ ഇന്നിവർ അനുഭവിക്കുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവാഹം മറ്റ് മതപരമായ ചടങ്ങുകൾ എന്നിവയിൽ മറ്റുള്ളവർ ധാരാളമായി പങ്കെടുത്തുവരുന്നുണ്ട്.

പുലയ സമുദായത്തിന്റെ കുലദേവതകളെ കുടിയിരുത്തിയിട്ടുള്ള 4-ാം വാർഡിലെ നടക്കാവ് ക്ഷേത്ര സമുച്ചയം പ്രാധാന്യമർഹിക്കുന്നു. എല്ലാ വർഷവും പത്താമുദയത്തോടനുബന്ധിച്ച് ഇവിടെ നടക്കുന്ന ആഘോഷങ്ങളിൽ സമീപ പ്രദേശങ്ങളിൽനിന്നുള്ള അനേകം ഭക്തജനങ്ങൾ പങ്കെടുക്കുന്നു.

ഈ പഞ്ചായത്തിലെ 8 വാർഡുകളിലായി 16 പട്ടികജാതി കോളനികൾ ഇപ്പോൾ നിലവിലുണ്ട്. അവ അമ്മോലിക്കൽ, ചാത്തംപ്ലാക്കിൽ, കൊടികുത്തി, പറയൻപതി, മെതിപാറ, മുട്ടമല, മനയ്ക്കത്താഴം, കീഴുമുറി, പൊന്നുംകുഴി, കീഴുമുറി ലക്ഷം വീട്, കീഴുമുറി കോളനി (രാമമംഗലം പള്ളിക്കു സമീപം), മാമലശ്ശേരി പട്ടികജാതി കോളനി, ഉള്ളേലിക്കുന്ന്, ശിവലി പട്ടികജാതി കോളനി, അപ്പക്കോട്ടേൽ പട്ടികജാതി കോളനി, കീഴുമുറി മൂന്ന് സെന്റ് കോളനി എന്നിവയാണ്. ഇവയിൽ മിക്കവാറും എല്ലാ കോളനികളിലേക്കും വാഹന ഗതാഗത യോഗ്യമായ റോഡുകൾ നിലവിലുണ്ട്. ഈ കോളനികളിലെ വീടുകളിൽ ഭൂരിഭാഗവും വൈദ്യുതീകരിച്ചവയാണ്. കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പൈപ്പുവെള്ളവും പൊതുകിണറുകളും ഉണ്ടെങ്കിലും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നിലനില്ക്കുന്നു. സാക്ഷരതയുടെ കാര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പിന്നോക്കാവസ്ഥ തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും ഉയർന്ന ഉദ്യോഗം വഹിക്കുന്നവരുമുണ്ട്. കോളനികളുടെ ശരാശരി 2 കി. മീ. ചുറ്റളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളായ കോളനികളുടെ ഇന്നത്തെ സ്ഥിതി പലകാര്യങ്ങൾ കൊണ്ടും ശോചനീയമാണ്. ഇവയിൽ പ്രഥമവും പ്രധാനവുമായത് കുടിവെള്ള പ്രശ്നമാണ്. എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുന്നതിന് താഴെ ചേർക്കുന്ന പരിപാടികൾ സമയബന്ധിതമായി തയ്യാറാക്കി നടപ്പിലാക്കണം.

1. എല്ലാ കോളനികളിലേക്കും മുൻഗണന നിശ്ചയിച്ച് കൂടുതൽ നീളത്തിൽ പൈപ്പുലൈൻ സ്ഥാപിക്കണം. ഇതിനായി പഞ്ചായത്തിന് സ്വന്തമായി ഒരു കേന്ദ്ര ശുദ്ധജല വിതരണ പദ്ധതി തന്നെ ആവശ്യമാണ്.
2. കോളനികളിൽ നിലവിലുള്ള പൊതുകിണറുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുക.
3. കൂടുതൽ സ്ഥലങ്ങളിൽ കിണറുകളും കുഴൽക്കിണറുകളും കുഴിക്കുക.

കോളനികളിലെ മറ്റൊരു പ്രധാന പ്രശ്നം പാർപ്പിടത്തിന്റേയും കക്കൂസിന്റേതുമാണ്. ഇതിനായി,.,

1. വീടില്ലാത്തവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങിച്ചുനല്കി വീടുവെക്കുന്നതിന് സാമ്പത്തിക സഹായം നല്കണം.
2. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യണം.
3. കക്കൂസില്ലാത്ത ഒട്ടനവധി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. അവർക്ക് നിർബന്ധമായും കക്കൂസ് നിർമ്മിച്ചുനല്കുവാൻ പദ്ധതി തയ്യാറാക്കണം. ഇത് പരിസരമലിനീകരണം വഴിയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗുണകരമാകും.

വൈദ്യുതിയാണ് വേറൊരു അത്യാവശ്യ ഘടകം. ഇനിയും വൈദ്യുതി ലഭിക്കാത്ത

കോളനികളിലേയും അല്ലാത്തതുമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളും വൈദ്യുതീകരിക്കണം. ഇത് പഞ്ചായത്ത് ഏറ്റെടുത്ത് സൗജന്യമായി ത്തന്നെ നടപ്പിലാക്കണം.

കോളനികളിലുള്ള ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും കൂടുതൽ ശ്മശാനങ്ങൾ സ്ഥാപിക്കുകയും വേണം.

കോളനികളിലേക്ക് ഇപ്പോഴുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് ഈ റോഡുകൾ ഗതാഗതയോഗ്യമാക്കണം.

ഇവ കൂടാതെ ഈ വിഭാഗത്തിന്റെ ക്ഷേമം ലക്ഷ്യമാക്കി താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പ്രാധാന്യം നല്കി നടപ്പാക്കണം.

1. ഓരോ കോളനികളും കേന്ദ്രീകരിച്ച് അംഗനവാടികളും ആരോഗ്യ പ്രവർത്തന കേന്ദ്രങ്ങളും സ്ഥാപിക്കണം. പൊതുജനാരോഗ്യം, സാമൂഹ്യക്ഷേമ പരിപാടികൾ എന്നിവയെക്കുറിച്ച് ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം.
2. ഓരോ കോളനികളിലും കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കണം. ഇവയോടനുബന്ധിച്ച് വായനശാലകളും ടെലിവിഷൻ കിയോസ്കുകളും സ്ഥാപിക്കണം.
3. പൊതുപ്രവർത്തനങ്ങളിൽ ഈ വിഭാഗത്തെ കൂടുതൽ പങ്കാളികളാക്കുന്നതിന് സാംസ്കാരിക സംഘടനകൾ രൂപീകരിക്കുകയും ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, പാട്ടുകൾ ഇവ പുതിയ തലമുറയ്ക്ക് പകർന്നു നല്കുവാൻ ഈ സംഘടനകൾ വഴിയൊരുക്കണം.
4. വിദ്യാഭ്യാസ മേഖലയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കണം. അയ്യങ്കാളി എഡ്യുക്കേഷൻ സൊസൈറ്റി പോലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നല്കണം. സാക്ഷരതാ നിലവാരം ഉയർത്തുകയും സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം. ഓരോ കുട്ടിയും സ്ക്കൂളിലെത്തുന്നുവെന്നും വിദ്യാഭ്യാസം തുടരുന്നുവെന്നും ഉറപ്പുവരുത്തണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ സാമ്പത്തിക സഹായം നല്കണം.
5. 1, 2, 3 വാർഡുകളെ കേന്ദ്രീകരിച്ച് പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികൾക്കും പങ്കാളിത്തം നല്കി ഒരു ഈറ്റ--ചൂരൽ തൊഴിലാളി സഹകരണസംഘം സ്ഥാപിക്കണം.
6. 7-ാം വാർഡിലെ മൂന്നുസെന്റ് കോളനിയിൽ മണ്ണൊലിപ്പു നിവാരണ പദ്ധതി നടപ്പാക്കുക.
7. 8-ാം വാർഡിൽ അപ്പക്കൊട്ടയിൽ കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുക.
8. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കണം. കൃഷിവകുപ്പ് മുഖേന ലഭിച്ചുവരുന്ന വിത്ത്, വളം, കീടനാശിനികൾ, പണിയായുധങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിലുള്ള അപാകതകൾ പരിഹരിക്കുകയും ഇവയുടെ ദുർവിനിയോഗം തടയുകയും വേണം.

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോമുഖമായ വികസനവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും മുൻഗണനാടിസ്ഥാനത്തിൽ തന്നെ നടപ്പാക്കുന്നതിൽ പഞ്ചായത്ത് സജീവ ശ്രദ്ധ പതിപ്പിക്കണം.

| | | |
|---|---|---|
| പട്ടികജാതി ജനസംഖ്യ | — | 1915 |
| പട്ടികവർഗ്ഗ ജനസംഖ്യ | — | 14 |

❐

5-30

## 9. വനിത

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഏറെ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. ത്രിതല പഞ്ചായത്ത് സമിതികളിലെ അംഗങ്ങളിൽ 1/3 ഭാഗം ഇന്ന് വനിതകളാണെന്നുള്ളത് നമുക്ക് അഭിമാനത്തിന് വക നല്കുന്നു. പൊതുരംഗത്തേക്ക് കടന്നുവരുവാൻ മടിച്ച് അടുക്കളയിൽ ഒതുങ്ങിക്കൂടിയിരുന്ന വനിതകൾ ഇന്ന് നമ്മുടെ ഗ്രാമഭരണത്തിന്റെ സാരഥികളായി തീർന്നിരിക്കുന്നുവെന്നത് ഏറെ വിപ്ലവകരമായ ഒരു മാറ്റമാണ്. ഭരണകാര്യങ്ങളിൽ നമ്മുടെ വനിതകൾ കാണിച്ചുകൊണ്ടിരിക്കുന്ന നൈപുണ്യം ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിന്റെ ജനസംഖ്യ എടുത്തു പരിശോധിച്ചാൽ പുരുഷന്മാരാണ് മുൻപന്തിയിൽ. സ്ത്രീകൾ പൊതുവെ ഗൃഹഭരണവും കാർഷിക വൃത്തിയുമായി കഴിയുന്നവരാണ്. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, അദ്ധ്യാപനം, മറ്റ് സർക്കാർ ജോലികൾ എന്നിവയിൽ വ്യാപൃതരായിട്ടുള്ളവരും കുറവല്ല. എന്നാൽ കർഷക തൊഴിലാളികളും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദിവസക്കൂലിക്കാരുമാണ് അധികവും. പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ തകർച്ചയും മാന്ദ്യവും സ്ത്രീകൾ ഈ മേഖലയിലേക്ക് കടന്നുവരുവാൻ വിഘാതമായിട്ടുണ്ട്. സ്ത്രീകളെ അപേക്ഷിച്ച് തൊഴിൽ ചെയ്യുന്ന പുരുഷന്മാരാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലുള്ളത്.

പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം എടുത്തുപറയത്തക്കതായിട്ടില്ല. സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന ഏതാനും മഹിളാ സമാജങ്ങളേ പഞ്ചായത്തിൽ നിലവിലുള്ളൂ. അവയിൽ പലതിന്റേയും പ്രവർത്തനം നിലച്ചമട്ടിലാണ്. മഹിളാ സമാജങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറയുന്നുവെന്നത് ഒരു പോരായ്മ തന്നെയാണ്. DWCRA പോലുള്ള സർക്കാർ സഹായത്തോടെയുള്ള സംരംഭങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനവും മെച്ചപ്പെട്ടതല്ല.

പഞ്ചായത്തിലുള്ള 3 ഹൈസ്ക്കൂളുകളിലെയും 3 പ്രൈമറി സ്ക്കൂളുകളിലേയും താരതമ്യ പഠനത്തിൽനിന്നും ആൺപെൺ അനുപാതത്തിൽ ആൺകുട്ടികളാണ് കൂടുതലുള്ളത്.

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകൾ പിന്നോക്കമാണ്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആത്മവിശ്വാസത്തോടെ കടന്നുവരുന്നതിന് ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സ്ത്രീകളുടെ ഇടയിലുണ്ടായേ തീരൂ. സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യമുള്ളതും പ്രയോജനകരവുമായ സർക്കാർ പദ്ധതികൾ കൂടുതലായി ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കണം.

പഞ്ചായത്തിൽ ഈ മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച ബഹുജനങ്ങളുടെ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കി സഹകരണാടിസ്ഥാനത്തിൽ സ്ത്രീകളുടെ മേൽനോട്ടത്തിൽ ഒരു ഡയറി സ്ഥാപിക്കുക. ഇതിനാവശ്യമായ സ്ഥലമെടുപ്പ് പഞ്ചായത്ത് നടത്തി, സ്ഥലം സംഘത്തിന് കൈമാറണം. ഇതോടനുബന്ധിച്ച് പാൽ സംസ്ക്കരണവും പാലുൽപ്പന്ന നിർമ്മാണ യൂണിറ്റും തുടങ്ങുന്നത് ലാഭകരമായിരിക്കും.
2. ഒരു വനിതാ വ്യവാസയ പാർക്കുതന്നെ സ്ഥാപിച്ച് നമ്മുടെ നാട്ടിൽ സുലഭമായ റബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ, പഴം, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ സംസ്ക്കരണത്തിനായി യൂണിറ്റുകൾ, ഇല

ക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റുകൾ എന്നിവ തുടങ്ങുവാൻ നടപടിയെടുക്കണം.

3. കാർഷിക മേഖലയിലെ പുരയിട കൃഷി വ്യാപന പരിപാടിയിൽ സ്ത്രീകൾക്ക് പ്രാമുഖ്യം നല്കി ഔഷധ സസ്യങ്ങൾ, പച്ചക്കറി, കൂൺ, ഓർക്കിഡുകൾ, കുറ്റിമുല്ല എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം.

ഓരോ വാർഡിലും സജീവമായി പ്രവർത്തിക്കുന്ന ഓരോ മഹിളാ സമാജങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. ഇവരായിരിക്കണം മേൽപ്പറഞ്ഞ സംരംഭങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത്. മഹിളാ സമാജങ്ങൾ വഴി ആരോഗ്യ വിദ്യാഭ്യാസത്തിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ കൂടെക്കൂടെ സംഘടിപ്പിക്കണം. കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. ഒരു ഗ്രാമത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുവാൻ സംഘടിതരായ സ്ത്രീകളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കുമെന്നതിൽ സംശയമില്ല. ❒

## 10. സംസ്കാരം

ഉന്നതമായ സാംസ്കാരിക പാരമ്പര്യത്താൽ അനുഗ്രഹീതമാണ് രാമമംഗലം പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം. ഹിന്ദു-ക്രിസ്ത്യൻ മത സൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകയായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ പരസ്പര സൗഹാർദ്ദം മാതൃകാപരമാണ്. ഒട്ടനവധി പ്രഗത്ഭ വ്യക്തികളുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്ത് അവർക്ക് ഉചിതമായ സ്മാരകങ്ങൾ ഇല്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. സോപാന സംഗീത ചക്രവർത്തിയായ ഷട്കാലഗോവിന്ദ മാരാർക്ക് ഒരു സ്മാരകസമിതി ഉണ്ടെങ്കിലും പല കാരണങ്ങളാലും സമിതിക്ക് പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നുണ്ട്.

1. രാമമംഗലത്തെ എല്ലാ വാർഡുകളിലും പബ്ലിക് ലൈബ്രറികൾ ആവശ്യമാണ്. ഇപ്പോൾ ലൈബ്രറികൾ ഉള്ള സ്ഥലങ്ങളിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ലൈബ്രറിയോടനുബന്ധിച്ച് റീഡിംഗ് റൂമും ടെലിവിഷൻ സൗകര്യവും ഏർപ്പെടുത്തണം. പുതിയ പുസ്തകങ്ങൾ വാങ്ങുകയും പഴയ പുസ്തകങ്ങൾ കേടുകൂടാതെയും ഇനം തിരിച്ചും സൂക്ഷിക്കണം. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ സഞ്ചരിക്കുന്ന വായനശാല സ്ഥാപിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണം.
2. സാംസ്കാരിക സംഘടനകളിൽ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളവരെക്കൊണ്ട് ക്ലാസ്സുകളും സെമിനാറുകളും നടത്തുവാൻ വേണ്ട സഹായങ്ങൾ ചെയ്യുക.
3. കൊടികുത്തി മലയിലെ ഗുഹ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിച്ച് വിനോദ സഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുക.
4. ഷട്കാലഗോവിന്ദ മാരാർ സ്മാരക കലാ സമിതിക്ക് പഞ്ചായത്ത് ഗ്രാന്റ് അനുവദിക്കണം. ഷട്കാലഗോവിന്ദ മാരാർ റോഡിന് 'നെയിം ബോർഡ്' സ്ഥാപിക്കണം. ഷട്കാലഗോവിന്ദ മാരാർ സ്മാരക കലാ സമിതിയിൽ ക്ഷേത്രകലകളും നാടൻ കലകളും അഭ്യസിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുത്ത് പ്രവർത്തിക്കണം.
5. കീഴുമുറി മഹാത്മാഗാന്ധി സ്റ്റേഡിയം ഗ്രൗണ്ട് ശരിയായ രീതിയിൽ സംരക്ഷിക്കണം. എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം. പ്രധാന കേന്ദ്രങ്ങളിലും റീഡിംഗ് റൂമും ടെലിവിഷൻ സൗകര്യവും ഏർപ്പെടുത്തണം. ❒

## 11. സഹകരണ മേഖല

സഹകരണ മേഖലയ്ക്ക് യാതൊരുവിധ വികസനവുമില്ലാതെ പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് രാമമംഗലം ഗ്രാമപഞ്ചായത്ത്. ഇപ്പോഴിവിടെ 8 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 5 എണ്ണം സാമാന്യം നല്ല നിലയിലും ബാക്കി രണ്ടെണ്ണം പ്രവർത്തനം ആരംഭിക്കുവാൻ തുടങ്ങിയിട്ടുള്ളതുമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്നവയുടേയും അല്ലാത്തവയുടേയും പേരുവിവരം ക്രമമനുസരിച്ച് താഴെ ചേർക്കുന്നു.

1. രാമമംഗലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 2156, വാർഡ് നം. IV.
2. ക്ഷീരോൽപ്പാദക സഹകരണസംഘം രാമമംഗലം, വാർഡ് നം. IV & I.
3. റബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി (R.P.S.) കീഴുമുറി, വാർഡ് നം. VII.
4. കളിമൺ സഹകരണസംഘം ഊരമന, വാർഡ് നം. I.
5. ഹരിജൻ വിവിധോദ്ദേശ സഹകരണസംഘങ്ങൾ ഊരമന & രാമമംഗലം, വാർഡ് നം. III.
6. ക്ഷീരോൽപ്പാദക സഹകരണസംഘം മാമലശ്ശേരി, വാർഡ് നം. VI.

ഇവയിൽ **രാമമംഗലം സർവ്വീസ് സഹകരണസംഘം** ക്രെഡിറ്റ് സൊസൈറ്റി എന്ന നിലയിൽ സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 20-1-1124 ൽ (1949) സ്ഥാപിതമായ ടി സംഘത്തിൽ 3684 (മൂവായിരത്തി അറുന്നൂറ്റി എൺപത്തി നാല്) അംഗങ്ങൾ ഉണ്ട്. ഈ സംഘത്തിന്റെ അംഗീകൃത മൂലധനം 25 ലക്ഷം രൂപയാണ്. 65 ലക്ഷം സ്ഥിര നിക്ഷേപവും 18 ലക്ഷം ഹ്രസ്വകാല നിക്ഷേപവും ഈ സംഘത്തിൽ ലഭ്യമായിട്ടുണ്ട്. ചിട്ടികൾ നടത്തുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന നടപടി തുടർന്നുകൊണ്ടിരിക്കണം. കൃഷിയാവശ്യങ്ങൾക്കുള്ള വളം, കീടനാശിനി എന്നിവയും ഗ്രാമീണർക്ക് ആവശ്യമായ ടെക്സ്റ്റൈൽസ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയുടേയും വില്പന സംഘം മുഖേന നടത്തുന്നുണ്ട്. കുറച്ചുകൂടി ശ്രമിച്ചാൽ കോടിക്കണക്കിനു രൂപയുടെ നിക്ഷേപവും നിക്ഷേപകരെ ഉൾപ്പെടുത്തുവാനും സംഘത്തിനു കഴിയും. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ഹ്രസ്വകാല വായ്പകൾ മുതലായവ ഈ സംഘത്തിൽനിന്നും ജനങ്ങൾക്ക് നല്കിപ്പോരുന്നു.

പഞ്ചായത്തിൽ 8 വാർഡുകളുള്ളതിൽ IV, I, VI എന്നീ വാർഡുകളിൽ ഓരോ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണുള്ളത്. പാൽ ശേഖരിക്കുകയും വില്ക്കുകയും മാത്രമാണ് ഈ സംഘങ്ങളിൽ ചെയ്യുന്നത്. ശ്രമിച്ചാൽ പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും വിറ്റഴിക്കുവാനും കഴിയുന്ന ഒരു ഗ്രാമപഞ്ചായത്താണ് ഇത്. തീറ്റിപ്പുൽ കൃഷി വ്യാപകമാക്കുകയും സമീകൃതാഹാരം വില കുറച്ചു ലഭിക്കുവാനും നല്ലയിനം പശുക്കളെ ലഭിക്കുവാനും കഴിഞ്ഞാൽ വളരെ വിപുലമായ തോതിൽ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതും മറ്റു വാർഡുകളിലും സംഘങ്ങൾ തുടങ്ങുവാൻ പറ്റുന്ന സാഹചര്യം ഉളവാക്കുവാൻ കഴിയുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്താണ് രാമമംഗലം.

മറ്റൊന്ന് ഈ പഞ്ചായത്തിൽ 1-ാം വാർഡിൽ പ്രവർത്തിക്കുന്ന കളിമൺ സൊസൈറ്റിയാണ്. കളിമൺ പാത്രങ്ങളുടെ നിർമ്മാണത്തിനും വേണ്ടത്ര കളിമൺ ധാരാളമായി ലഭിക്കുന്ന പ്രദേശം ടി പഞ്ചായത്തിലെ 1-ാം വാർഡിലുണ്ട്. ധാരാളം തൊഴിലാളികൾ അടങ്ങുന്ന ഒരു കോളനിയും ഈ വാർഡിൽ ഉണ്ട്. ആയതിനാൽ ധാരാളം കളിമൺ ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുവാനും സംഘത്തിനു കഴിയുന്നു. സാമ്പത്തിക സഹായം ലഭ്യമായാൽ വളരെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ ടി സംഘത്തിനു കഴിയും.

വേറൊന്ന് ഈ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്ന റബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയാണ്. ഇത് പഞ്ചായത്തിൽ VII-ാം വാർഡിൽ പ്രവർത്തിക്കുന്നു. ഒരുവിധം നല്ല രീതിയിൽ പ്രവർത്തിക്കുന്നു പഞ്ചായത്തിലെ ഏക സൊസൈറ്റിയാണിത്. റബർ കർഷകർക്ക് വളം, കീടനാശിനികൾ, അത്യുൽപ്പാദനശേഷിയുള്ള റബർ തൈകൾ എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നു. ടി പഞ്ചായത്തിൽ 50% ആളുകളും റബർ കർഷകരാണ്. മറ്റ് വാർഡുകളിലും ഇത്തരം സൊസൈറ്റിക്ക് പ്രവർത്തിക്കാൻ സാഹചര്യം ഉള്ള ഒരു പഞ്ചായത്താണ് രാമമംഗലം.

III-ാം വാർഡിൽ ഊരമനയിലും രാമമംഗലത്തും പ്രവർത്തനം ആരംഭിച്ചിരിക്കുന്ന രണ്ട് ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘങ്ങളാണ് ഇതിലുള്ളത്. ഈ രണ്ട് സഹകരണസംഘങ്ങളിൽ രാമമംഗലത്തു പണി തീർന്ന സഹകരണസംഘത്തിൽ പ്രവർത്തനത്തിനുള്ള മെഷീനറികൾ (പ്രസ്സിനുള്ളത്) സ്ഥാപിച്ചുകഴിഞ്ഞു. ഊരമനയിൽ കെട്ടിടനിർമ്മാണം തീർക്കുകയും പ്രവർത്തനത്തിനുള്ള നീക്കങ്ങൾ നടത്തിവരികയാണ്.

ടി പഞ്ചായത്തിലെ VIII-ാം വാർഡിൽ ഉണ്ടായിരുന്നതും ഇപ്പോൾ പ്രവർത്തന രഹിതമായിരിക്കുന്നതുമായ മറ്റൊരു സഹകരണസംഘം കൂടിയുണ്ട്, ഈറ്റ, ചൂരൽ വ്യവസായ സഹകരണസംഘം. സാമ്പത്തിക തകർച്ച മൂലം ടി സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം നടപ്പിലായാൽ ഇനിയും നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ വൻ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയും. ഇനിയും നടപ്പിലാക്കാൻ കഴിയുന്നതും കൂടുതൽ ലാഭകരമാക്കാവുന്നതുമായ സഹകരണസംഘങ്ങൾ തുടങ്ങുവാൻ നമുക്ക് കഴിയണം.

വാർഡുതിരിച്ച് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ ഇപ്രകാരമാണ്.

I-ാം വാർഡിൽ കേരസമിതി, മിൽമ, കളിമൺ വ്യവസായം തുടങ്ങിയ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും കേരസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. മിൽമയുടെ പ്രവർത്തനം പരിശോധിച്ചാൽ പാലുൽപ്പാദനത്തിനുള്ള ചെലവ് തട്ടിച്ചുനോക്കുമ്പോൾ പാലിന് തൃപ്തികരമായ വില കിട്ടുന്നില്ല. പാലുൽപ്പന്നങ്ങൾ തുടങ്ങുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക. അതുവഴി ക്ഷീരോൽപ്പാദന സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്. അസംസ്കൃത സാധനങ്ങൾ ലഭ്യമാണെങ്കിലും പരമ്പരാഗതമായ രീതിയിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമൂലം സാമ്പത്തിക ഭദ്രത കുറയുന്നു. ആവശ്യമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നല്കുക. 1, 2, 3 വാർഡുകളെ ഉൾക്കൊള്ളിച്ച് നെല്ലുൽപ്പാദക സംഘത്തിന്റേയും കാർഷിക സഹകരണ സംഘത്തിന്റേയും ആവശ്യകത നിലവിലുണ്ട്.

II-ാം വാർഡിനെ സംബന്ധിച്ചും സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.

1. Khadi-Village Industries Co-operative Society സ്ഥാപിക്കുക.
2. ക്ഷീരോൽപ്പാദക സഹകരണസംഘം സ്ഥാപിക്കുക.
3. രാമമംഗലം Co-operative Society യുടെ കീഴിൽ വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. K.V. IND 96E ന് Working Capital ലഭ്യമാക്കുക.

രാമമംഗലം ഗ്രാമപഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസംഘവും ഇല്ലാത്ത വാർഡുകളിൽ ഒന്നാണ് മൂന്നാം വാർഡ്.

I. Khadi-Village Industries, Co-operative

Society ഇവ ഈ വാർഡിൽ സ്ഥാപി ക്കുക.

II. പഞ്ചായത്തിലെ ഏറ്റവും വലുപ്പം കൂടിയ വാർഡ് എന്ന നിലയ്ക്കും വികസന കാര്യത്തിൽ വളരെ പിന്നോക്കം നില്ക്കുന്നത് എന്ന നിലയിലും ക്ഷീരോൽപ്പാദക സഹകരണസംഘം ടി വാർഡിൽ ആറ്റുവേലിക്കുഴി കേന്ദ്രമാക്കി സ്ഥാപിക്കുക.

III. സർവ്വീസ് സഹകരണസംഘത്തിന്റെ ഒരു സ്റ്റോർ റൂം ഉന്നേക്കാട് കേന്ദ്രമാക്കി തുറന്നു പ്രവർത്തിക്കുക.

IV. നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ കോട്ടപ്പുറം, മെതിപാറ, ഉന്നേക്കാട് എന്നിവിടങ്ങളിൽ തുറക്കുക.

V. ഇപ്പോൾ സർവ്വീസ് സഹകരണസംഘം രാമമംഗലത്തിന്റെ പരിധിയിൽപ്പെടുന്നുവെങ്കിലും ടി സംഘം IV-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ദൂരക്കൂടുതൽ മൂലം ഈ സംഘത്തിന്റെ ഒരു ശാഖ ഊരമന ഭാഗത്ത് ഉന്നേക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുക.

VI. R.P.S, പാടശേഖര കമ്മറ്റി, കേരവികസന സമിതി മുതലായവയുടെ ശാഖകളും III-ാം വാർഡിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങളിൽ ആരംഭിക്കുക.

പഞ്ചായത്തിൽ V-ാം വാർഡിലും സഹകരണസംഘങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

1. സർവ്വീസ് സഹകരണസംഘത്തിന്റെ സഹായം ഈ വാർഡിൽ ലഭിക്കത്തക്ക വിധത്തിൽ സംഘത്തിന്റെ ഡിപ്പോകൾ തുടങ്ങണം.
2. ക്ഷീര കൃഷിക്കാരുടെ പുരോഗതിക്കുവേണ്ടി ക്ഷീര സഹകരണസംഘം സ്ഥാപിക്കുകയും സബ്സിഡി നിരക്കിൽ സംഘം വഴി കന്നുകാലിത്തീറ്റകൾ വിതരണം ചെയ്യുകയും വേണം.
3. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹികവും സാംസ്ക്കാരികവുമായ പുരോഗതിക്ക് സഹായിക്കത്തക്ക വിധത്തിൽ പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി സംഘടിപ്പിക്കണം.

ആറാം വാർഡിലും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു എന്നുപറയാവുന്ന ഒരു പാൽ സൊസൈറ്റി മാത്രമാണുള്ളത്. റബർ മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങിയാൽ വളരെ വിജയ സാധ്യതയുള്ള വാർഡാണ് ഗ്രാമപഞ്ചായത്തിലെ VI-ാം വാർഡ്. ടി സൊസൈറ്റി തുടങ്ങണം. രാമമംഗലം Service Co-operative Society യുടെ കീഴിൽ ഒരു വളം ഡിപ്പോ ആരംഭിക്കണം. ബാങ്കിംഗ് സൗകര്യമില്ല. തുടങ്ങിയാൽ നന്നായിരുന്നേനെ.

7-ാം വാർഡിനെ സംബന്ധിച്ചും സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.

വാർഡിൽ ഒരു ക്ഷീരോൽപ്പാദക സഹകരണസംഘവും കൂടാതെ റബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റും സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം.

എട്ടാം വാർഡിൽ ഈറ്റ, ചൂരൽ വ്യവസായങ്ങൾ സഹകരണ മേഖലയിൽ ഉണ്ടായിരുന്നത് പ്രവർത്തന രഹിതമാണ്. അത് പുനഃരാരംഭിക്കാൻ ശ്രമിക്കണം. പല സംഘങ്ങളിലേയും അംഗങ്ങളാണ് ഈ വാർഡിലുള്ളത് എന്നിരുന്നാലും കുടിൽ വ്യവസായങ്ങളും ഖാദി വ്യവസായവും സഹകരണ അടിസ്ഥാനത്തിൽ നടത്തേണ്ടിയിരിക്കുന്നു. ❐

# സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I 1) സ്ഥാപനത്തിന്റെ പേര് : രാമമംഗലം സർവീസ് കോ--ഓപ്പറേറ്റീവ് സൊസൈറ്റി (ലിമിറ്റഡ് നമ്പർ 2156)

2) പ്രവർത്തന പരിധി : രാമമംഗലം ഗ്രാമപഞ്ചായത്ത്

3) ക്രെഡിറ്റ്/-നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം : 20.1.1124 ME

5) ആകെ അംഗങ്ങൾ : 3683

6) ഒരു ഓഹരിയുടെ വില : 10 രൂപ

7) അംഗീകൃത ഓഹരി മൂലധനം : 25 ലക്ഷം രൂപ

8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : 7,84,820 രൂപ

9) സർക്കാർ ഓഹരിയുണ്ടോ? : ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക : 1,00,000 രൂപ

11) പരമാവധി കടം എടുക്കാവുന്ന തുക : 2,74,71,409 രൂപ

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം : 65,12,366 രൂപ

b) ഹ്രസ്വകാലം : 18,29,008.44 രൂപ

III നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

| | ഇനം | തുക (രൂപ) |
|---|---|---|
| 1. | S.T | 9,55,395 |
| 2. | MT | 50,225 |
| 3. | IRDP | 1,58,897 |
| 4. | L.T | 3,02,223 |

b) മറ്റ് വായ്പകൾ

| | ഇനം | തുക (രൂപ) |
|---|---|---|
| 1. | | |
| 2. | M.T. | 1,08,771.00 |
| 3. | LT | 2,19,492.05 |
| 3. | Housing | 10,26,539.85 |
| 4. | O.L. | 40,99,834.00 |
| 5. | G.L. | 5,92,420.00 |

c) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| Second Loan | 1,53,034 രൂപ |

IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1 എറണാകുളം D.C.B. | S.T | 8,94,985.00 |
| 2 " | M.T | 2,47,830.00 |
| 3 " | ഹൗസിംഗ് ലോൺ | 10,11,899.00 |
| 4 " | മറ്റുള്ളവ | 9,12,447.00 |
| 5 N.C.D.C | ഗോഡൗൺ ലോൺ | 24,000.00 |

IV) നല്കിയ വായ്പകൾ കാലവധി കഴിഞ്ഞത് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1 S.T | 8,94,985.00 |
| 2 M.T | 2,47,830.00 |
| 3 L.T | 10,11,899.00 |
| 4 H.L | 9,12,447.00 |
| 5 O.L | 24,000.00 |

### VI സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments Charges : Rs. 2,10,827.55

2) Contingennies : Rs. 11,8,672.37

### വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1) Sale of manure and pesticides

2) Sale of Textiles and Stationary items

3) Chitty Business

## 12. വിഭവസമാഹരണം

രാമമംഗലം ഗ്രാമപഞ്ചായത്തിലെ ധനാഗമ മാർഗ്ഗങ്ങൾ വളരെ പരിമിതമായിരുന്നു. മൂവാറ്റുപുഴയാറിലെ മണൽ ലേലത്തിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന്റെ പ്രധാന വിഭവമാണ്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നിവയും സർക്കാരിൽനിന്നുള്ള സഹായധനങ്ങളും പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളാണ്. (ബന്ധപ്പെട്ട പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.)

പഞ്ചായത്തിന്റെ മേല്പടി വരുമാനങ്ങൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ട് ജനസംഖ്യാനുപാതത്തിലാണ് അനുവദിക്കുന്നത്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം സർക്കാരിൽനിന്നും ലഭിക്കുന്ന സഹായം വർദ്ധിച്ചുവരുന്നുണ്ട്. പഞ്ചായത്ത് വരവിന്റെ 25% സ്ഥാപന ചെലവുകളാണ്. പൊതുമരാമത്ത് പണികൾ കരാർ അടിസ്ഥാനത്തിലും നോമിനി അടിസ്ഥാനത്തിലും പഞ്ചായത്ത് നേരിട്ടുമാണ് നടത്തുന്നത്. പണം മുഖ്യമായും ചെലവാക്കുന്നത് റോഡുകൾക്കുവേണ്ടിയാണ്. പ്രത്യേക ഉൽപ്പാദന മേഖലയിൽ സമീപ കാലത്ത് പഞ്ചായത്ത് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽനിന്ന് വായ്പ എടുത്ത് പണികഴിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽനിന്ന് കിട്ടുന്ന വരുമാനം വായ്പ തിരിച്ചടക്കുന്നതിന് മതിയാകുന്നുണ്ട്. (പഞ്ചായത്തിന്റെ വരവിനങ്ങളും ചെലവിനങ്ങളും പട്ടികയായി ചേർത്തിരിക്കുന്നു).

പഞ്ചായത്തിൽ പ്രധാനമായും മൂന്ന് ധനകാര്യ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ രാമമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാത്രമെ നിക്ഷേപത്തുകയുടെ സിംഹഭാഗവും ഇവിടെ വായ്പയായി നല്കുന്നുള്ളു. വാണിജ്യ ബാങ്കുകളായ കാനറാ ബാങ്കും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും നിക്ഷേപം ഇവിടെനിന്ന് സ്വീകരിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുകയാണ്. ഇത് സംബന്ധിച്ച് പട്ടിക താഴെ ക്കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഡെപ്പോസിറ്റ് രൂപ | വായ്പകൾ | | ലാഭം/ നഷ്ടം |
|---|---|---|---|---|
| | രൂപ | കാർഷികം രൂപ | മറ്റുള്ളവ രൂപ | |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഊരമന | 2,10,65,000 | 31,54,000 | 51,60,000 | 10,28,000 ലാഭം |
| കാനറാ ബാങ്ക്, രാമമംഗലം | 7,85,00,000 | 12,00,00,00 | 1,00,00,000 | 13,50,000 ലാഭം |
| സർവ്വീസ് സഹകരണ സംഘം, രാമമംഗലം | 65,12,366 (സ്ഥിരം) 1,82,90,000 (ഹ്രസ്വം) | 14,66,740 | 62,00,090 | 2,35,000 നഷ്ടം |

കാലാകാലങ്ങളിൽ ബാങ്കുകളിൽ നിക്ഷേപം കൂടുന്നു. എന്നാൽ അതിനനുസരിച്ച് വായ്പകൾ വർദ്ധിക്കുന്നില്ല. മേൽപ്പറഞ്ഞ മൂന്ന് ധനകാര്യ സ്ഥാപനങ്ങളെ കൂടാതെ അനവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ നിന്ന് സാധാരണക്കാർ സ്വർണ്ണം പണയം വെച്ച് അമിതപലിശയ്ക്ക് പണം കടം എടുക്കുന്നു. വാണിജ്യ ബാങ്കുകൾ വായ്പാനയം ഉദാരമാക്കിയാൽ സാധാരണക്കാർ 'ബ്ലേഡ് ബാങ്കാ'യ സ്വകാര്യ പണമിടപാടുകാരെ ഒഴിവാക്കും. കാനറാ ബാങ്കിന്റെ വായ്പാ പരിധിയായ 120 ലക്ഷം രൂപ കവിഞ്ഞതിന് നബാഡിന്റെ പ്രശംസ അവർക്ക് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ വായ്പാ അനുപാതം 40 ശതമാനത്തോളമാണ്. പഞ്ചായത്തിലേത് ഇതിനേക്കാൾ താഴ്ന്ന അനുപാതമാണ്. അതിനാൽ വാണിജ്യ ബാങ്കുകളിൽനിന്ന് കൂടുതൽ വിഭവസമാഹരണം പഞ്ചായത്ത് വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തണം.

ഗൾഫ് പോലുള്ള മറ്റ് വിദേശരാജ്യത്ത് നമ്മുടെ പഞ്ചായത്തിൽനിന്ന് ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്, ഭൂരിഭാഗവും നല്ല സാമ്പത്തിക നിലയിലുള്ളവരാണ്. ഗൾഫ് വരുമാനത്തിന്റെ പ്രതിഫലനങ്ങൾ കെട്ടിട നിർമ്മാണ മഖലയിലാണ് കൂടുതൽ ദൃശ്യമായിരിക്കുന്നത്. ഇവരുടെ പണം നമ്മൾ കാർഷിക മേഖലയിലും വ്യവസായ മേഖലയിലും മുടക്കുവാൻ ഗൾഫ് ജോലിക്കാരെ പ്രേരിപ്പിക്കണം. അവരുമായി പഞ്ചായത്ത് നേരിട്ട് ബന്ധപ്പെട്ട് അവരുടെ സംഭാവനകൾ നമ്മുടെ പുരോഗതിക്ക് വിനിയോഗിക്കണം.

ക്ലബ്, പി.ടി.എ പോലുള്ള സ്ഥാപനങ്ങളുടെയും യുവജനങ്ങളുടെയും പ്രവർത്തനം നാം വിനിയോഗിക്കണം. അങ്ങനെ മനുഷ്യ വിഭവശേഷിയും മറ്റ് വിഭവങ്ങളും കൂട്ടിയിണക്കി വിഭവ സമാഹരണം മൂലം നമ്മൾ ഉയരേണ്ടത് മനുഷ്യ സമൂഹത്തിന് അത്യാവശ്യമാണ്.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | രൂപ<br>പിരിച്ചത് | ബാക്കി | എഴുതിത്തള്ളിയത് |
|---|---|---|---|---|
| കെട്ടിട നികുതി | 1,09,683 | 93,584 | 15,847 | 252 |
| സർവീസ് ചാർജ് | 5,433 | 4,560 | 873 | — |
| തൊഴിൽ നികുതി | 1,05,850 | 98,425 | 5,710 | 2,715 |
| വിനോദ നികുതി | 8,244 | 8,244 | — | — |
| അഡി. വിനോദ നികുതി | 5,452 | 5,452 | — | — |
| പ്രദർശന നികുതി | 1,330 | 1,330 | — | — |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 333 | 333 | — | — |
| ചന്തവരവ് | 7,675 | 7,675 | — | — |
| ലാന്റ്സെസ്സ് | 6,495 | 6,495 | — | — |
| ലൈസൻസ് ഫീസ് | 1,094 | 1,094 | — | — |
| വസ്തു കൈമാറ്റ നികുതി 75% | 1,02,777 | 1,02,777 | — | — |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 1,19,605 | 1,19,605 | — | — |
| ഡെപ്പോസിറ്റ് | 1,19,605 | 1,19,605 | — | — |
| മറ്റുള്ളവ | 4,09,757 | 4,09,757 | — | — |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 4,46,621 |
| പൊതുമരാമത്ത് | 7,70,225 |
| വിദ്യാഭ്യാസം | 13,797 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 21,650 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 45,379 |
| മറ്റുള്ളവ | 23,320 |
| ആകെ | 13,20,992 |

## പൊതു സാമ്പത്തിക നില

| ഇനം | പൊതുകണക്ക് (രൂപ) | മൂലധന കണക്ക് (രൂപ) | കടം സംബന്ധിച്ച കണക്ക് (രൂപ) |
|---|---|---|---|
| വരവ് | 18,13,881.95 | 2,76,700 | 1,32,086 |
| ചെലവ് | 13,20,993.50 | 2,00,124 | 1,36,504 |

## പൊതുമരാമത്തു പണി സംബന്ധിച്ച വിവരങ്ങൾ

| | | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | ഗ്രാന്റ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
| റോഡ് | 5,64,858 | 2,08,941 | 2,72,498 | 4,81,439 |
| തോട് | 7,000 | 3,655 | — | 3,655 |
| കെട്ടിടം | 19,417 | — | 20,347 | 20,347 |
| മറ്റുള്ളവ | 2,75,000 | — | 2,64,784.5 | 2,64,784.5 |
| **ആകെ** | **8,66,275** | **2,12,596** | **5,57,625.5** | **7,70,225.5** |

## ലേലവരുമാനം സംബന്ധിച്ച് വിവരങ്ങൾ

| ചന്ത രൂപ | സ്റ്റാൾ രൂപ | ഷോപ്പിംഗ് കോംപ്ലക്സ് രൂപ | മണൽ രൂപ | ആകെ രൂപ |
|---|---|---|---|---|
| **7,250** | **1,200** | **28,788** | **10,87,500** | **11,24,738** |

## ഗ്രാന്റ് വിവരങ്ങൾ

| | VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25% രൂപ | അടിസ്ഥാന നികുതി 75% രൂപ | Spl.Grand രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് | ആകെ രൂപ |
|---|---|---|---|---|---|---|---|---|---|
| | 15,941 | 1,852 | 9,456 | 10,000 | 13,701 | 47,982 | | 77,000 | 1,75,932 |
| | | 4,300 | | 15,000 | 31,759 | | | 1,88,000 | 2,59,059 |
| | | | | 50,000 | 20,655 | | | | 70,655 |
| | | | | 50,00 | 16,260 | | | | 66,260 |
| **ആകെ** | **15,941** | **6,152** | **9,456** | **1,25,000** | **82,375** | **47,982** | | **2,65,000** | **5,51,906** |

539

## പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച് തുക (1995-96)

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | — | 5,158 | 5,158 |
| ആരോഗ്യം | — | 3,173 | 3,173 |
| കൃഷി | 1,46,888 | — | 1,46,888 |
| പി.ഡബ്ല്യു.ഡി. | — | — | — |
| പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം | — | 35,500 | 35,500 |
| മറ്റുള്ളവ | — | 21,294 | 21,294 |
| ആകെ | 1,46,888 | 65,165 | 2,12,053 |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് രൂപ |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | |
| I | 2 | 2 | 14 | — | 18 | 196 |
| II | 1 | — | 3 | — | 4 | 92 |
| III | 3 | — | 12 | — | 15 | 152 |
| IV | 2 | 2 | 9 | — | 13 | 107 |
| V | 10 | 2 | 25 | 3 | 40 | 406 |
| VI | — | — | 8 | 8 | — | 74 |
| VII | — | — | 8 | — | 8 | 74 |
| VIII | — | — | 6 | — | 6 | 40 |
| ആകെ | 18 | 6 | 85 | 3 | 112 | 1,164 |

കേന്ദ്രീകൃത വികസന സംസ്ക്കാരം ഇവിടെ മണ്ണടിയുന്നു. വികേന്ദ്രീകൃത വികസന സംസ്ക്കാരം ഉടലെടുക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന ഗ്രാമസഭികളിൽ ഏതാണ്ട് ആയിരത്തോളം ജനങ്ങൾ പങ്കെടുത്തു. വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ ഒരു സന്ദർഭം ഇതിനുമുമ്പ് രാമമംഗലം ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ മുൻഗണനാ ക്രമത്തിൽ ചൂണ്ടിക്കാണിച്ച വികസന പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വമാണ് ഈ വികസന സെമിനാറിലുള്ളത്.

കൃഷിക്ക് പ്രാധാന്യമുള്ള പഞ്ചായത്ത് എന്ന നിലയിൽ കൃഷിയും അനുബന്ധ വിഷയങ്ങൾക്കും മുൻതൂക്കം നല്കി സ്കീമുകൾ നടപ്പിലാക്കുവാൻ ഈ മഹത്തായ പദ്ധതിയിൽ എല്ലാവരും പങ്കാളികളാകണമെന്നും പദ്ധതി രൂപീകരണ ചർച്ചയിൽ സജീവമായി പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. ❑

# വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   a) ഗാർഹികം 2268
   b) വ്യാപാരം 203
   c) വ്യാവസായികം 60
   d) കാർഷികം 262

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം
   a) Ordinary 305
   b) OTP 2
   c) OYEC 38

   അവസാനം നല്കിയ കണക്ഷന്റെ അപേക്ഷാ തിയതി
   Ordinary - 11-9-1996
   OTP - 31-8-1996
   OYEC W/P - 13-9-96
   O.H. - 1-1-96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   a) ബൾബ് 25 W-56, 40 W-134, 60 W-17, 100 W-39
   b) ട്യൂബ് 31
   c) മെർക്കുറി വേപ്പർഇല്ല
   d) സോഡിയം വേപ്പർഇല്ല

4. തൻ വർഷത്തെ കണക്ഷൻ
   a) ഓർഡിനറി 24
   b) OTP 14
   c) OYEC 76

5. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.
   1. മാമലശ്ശേരി 100 KVA
   2. ലിഫ്റ്റ് ഇറിഗേഷൻ 250 KVA
   3. കീഴുമുറി 160 KVA
   4. കീഴുമുറി ലിഫ്റ്റ് ഇറിഗേഷൻ 250 KVA
   5. കീഴുമുറി കോളനി 63 KVA
   6. കല്ലുംപുറം 50 KVA
   7. പുതുമനക്കടവ് 100 KVA
   8. രാമമംഗലം 100 KVA
   9. പോലീസ് സ്റ്റേഷൻ 160 KVA
   10. ക്രഷർ 100 KVA
   11. ശിവലി 100 KVA
   12. ആശുപത്രിപ്പടി 100 KVA
   13. കോട്ടപ്പുറം 100 KVA
   14. നെട്ടൂർപ്പാടം 160 KVA
   15. നടുക്കര 100 KVA
   16. മെതിപാറ No. 1 - 166 KVA
   17. മെതിപാറ No. 2 - 160 KVA
   18. മെതിപാറ No. 3 - 100 KVA
   19. മെതിപാറ ഇറിഗേഷൻ 500 KVA (H.T.)
   20. മെതിപാറ ഇറിഗേഷൻ 330 KVA (H.T.)
   21. പാത്തിക്കൽ 100 KVA

6. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന രൂപ : 3502/-

വിദ്യാലയങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി/എൽപി പ്രീ പ്രൈമറി | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | ആൺ | പെൺ | ആകെ | | | |
| 1. ഗവ. ഹൈസ്കൂൾ, ഊരമന | H.S, U.P, L.P, Pre-Primary | 245 | 223 | 468 | 23 | 10 | 12 | 22 | 3 ഏക്കർ | 1 ഏക്കർ 25 സെന്റ് | — |
| 2. ഗവ. L.P.S. ഊരമന | L.P | 39 | 29 | 68 | 4 | 2 | 2 | 4 | 1 ഏക്കർ | 30 സെന്റ് | 25 |
| 3. H.S രാമമംഗലം | H.S, UP | 170 | 140 | 310 | 20 | 9 | 11 | 20 | 6 ഏക്കർ | 1½ ഏക്കർ | ഇല്ല |
| 4. ഗവ. L.P സ്ക്കൂൾ, രാമമംഗലം | L.P, Pre-Primary | 117 | 95 | 212 | 8 | 5 | 3 | 8 | 1ഏക്കർ 18 1/4-സെന്റ് | 60 സെന്റ് | 12 സെന്റ് |
| 5. ഗവ. L.P സ്ക്കൂൾ, കീഴുമുറി | L.P | 57 | 49 | 106 | 4 | 1 | 3 | 4 | 42 സെന്റ് | ഇല്ല | — |
| 6. ഗവ. H.S മാമലശ്ശേരി | H.S, U.P, L.P, Pre-Primary | 310 | 285 | 595 | 27 | 10 | 17 | 27 | 3 ഏക്കർ | ഏക്കർ | 50 സെന്റ് |



പ്രിന്റിംഗ് : പുലരി ഓഫ് സെറ്റ് പ്രിന്റേഴ്സ്, ഫോൺ 0484-779249

541

542

# അധികാരം ജനങ്ങളിലേക്ക്

## *ഒൻപതാം പദ്ധതി ജനകീയ പദ്ധതി*

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- വികസന സെമിനാറുകൾ, ചർച്ചകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

543

# സമഗ്ര ഗ്രാമ വികസനം

*സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം*
*ഗ്രാമ വികസനത്തിന് വിഭവം ആവശ്യം*
*വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല*

ഗ്രാമവികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക.

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക.

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക.

PULARI OFFSET PRINTERS. PH : 0484-779429